മംഗളോദയം.

൧൦൯൮

പുസ്തകം ൬ } വൃശ്ചികമാസം. { ലക്കം ൧

മംഗളോദയം.

ഫംവ്യൻ

പുസ്തകം 6 } വൃശ്ചികമാസം. { ലക്കം 1

മംഗളം.

ഉത്സാഹത്തോടുകൂടിപ്പലതൊഴിലുകളും ചെയ്തു ലോകോപകാരം
സത്സാമർത്ഥ്യത്തൊടെല്ലാവരുമിഹ വരുത്തേണമേറ്റം ജനങ്ങൾ.
സ്വാതന്ത്ര്യം ദോഷമെന്യേ തടിമടിയിടരാവരൊന്നായ്മരങ്ങാതമൈത്രീ
സത്സംപ്രാരാബ്ധ്യമുള്ളവർക്കിപ്പുതിയതുനിയമാക്കണം ലോകനാഥൻ

ര. ര.

പ്രസ്താവന.

മംഗളോദയം പറയത്തക്ക ബാലാരിഷ്ടങ്ങളൊന്നും പിടിപെടാതെ അഞ്ചാമത്തെ വയസ്സു പൂർത്തിയാക്കിയിരിക്കുന്നു. ഈ കഴിഞ്ഞ ബാലദശയിൽ അറിവു കൂടാതെ കഴിഞ്ഞതിൽ കൃതാർത്ഥതയും മംഗളോദയത്തെ ലാളിച്ചു സ്നേഹിച്ച ബന്ധുക്കളോടു കൃതജ്ഞതയും ഒപ്പമാണ് ഞങ്ങൾക്കു തോന്നുന്നത്. 'ലാലയേൽപഞ്ചവർഷാണി' എന്ന പ്രകൃതം വിട്ടു 'ദാസവൽ' എന്ന സ്ഥിതിയിൽ എത്തിക്കഴിഞ്ഞിട്ടുണ്ടെന്നു ഞങ്ങളെ ഓർമ്മപ്പെടുത്തുകയാണോ എന്നു തോന്നുമാറ് ചില ബന്ധുക്കൾ സ്നേഹശകാരം തുടങ്ങിയിട്ടുണ്ടുതാനും. ഭാഷാസാഹിത്യലോകത്തിൽ യഥാശക്തി എന്തു ദാസ്യവേലയും ചെയ്യാൻ മംഗളോദയത്തിന് അശേഷം മടിയില്ല. ഈ ചെയ്യുന്ന വേല തൃപ്തികരമായി വരുന്നില്ലെങ്കിൽ ഒട്ടും ശ്രമിക്കായ്കകൊണ്ടാണെന്നുള്ള ആക്ഷേപത്തിനിട കൊടുക്കാതെ കഴിച്ചാൽ കൊള്ളാമെന്നു മോഹവും ഉത്സാഹവും നന്നായുണ്ട്. മോഹവും ഉത്സാഹവും കൂടിയാൽ കാര്യസാദ്ധ്യമാകുന്നതാണെങ്കിൽ മംഗളോദയത്തിന്റെ ആകൃതിയിലും പ്രകൃതിയിലും ചില ഭേദഗതികൾ ഇപ്പോൾതന്നെ കാണേണ്ടതായിരുന്നു. അങ്ങിനെ കാണാത്തതിനുള്ള കാരണം:—

വിപ്രഃസ്സ്വീൻനാശമേഷ്യാൻകഥയകി?
സ്സ്വാലങ്കാരണാംശേണ
കൈവല്യതാഭിജ്ഞകോദാത്തിവാസനാം
പ്രാതഃ ഗൃഹീതപാണിശി
കോവിദാൻ ദീപോദ്ദീപിതവക്ത്രാംഭോജാവിധൌ
സമ്പ്രാപ്ത വിദ്വജ്ജനാഃ
കസ്മാൽജീവസി ഹേ സഖേ! വിശ്വ
മിന്ദ്രായേനജീവാത്മ്യഹം.

എന്നു പണ്ടൊരാൾ പറഞ്ഞ പോലെതന്നെ പറവാൻ ഞങ്ങൾ ഒരുങ്ങിയില്ലെങ്കിലും കേരളത്തിലുള്ള ഞങ്ങളുടെ സഹജീവികൾക്കു പലെ പ്രതിബന്ധങ്ങളായി തീർന്നിട്ടുള്ള ചില ദുരഭിപ്രായങ്ങൾ ഞങ്ങളേയും ബാധിക്കാതിരുന്നിട്ടില്ലെന്നു സമ്മതിക്കാതെ നിവൃത്തിയില്ല. സമാധാനകാലം കഴിഞ്ഞു നല്ല ദശയിൽ കടപ്പാൻ കാലതാമസമില്ലെന്നും ഇപ്പോഴുള്ള ദുരഭിപ്രായങ്ങൾക്കു ചില പരിഹാരങ്ങൾ ചെയ്വാൻ മതിയെന്നും കണ്ടുവെച്ചിട്ടുണ്ട്. അതിനു ചില വഴികളും നോക്കീട്ടില്ലെന്നില്ല. ഇതിന്റെയൊക്കെ ഫലം അനുഭവത്തിൽ അറിയുക എന്നല്ലാതെ ഉദ്ഘോഷിച്ചു പറവാൻ ഒരുങ്ങുന്നില്ല.

ഉന്നതിക്കായിക്കൊണ്ടു
പ്രയത്നം ചെയ്തീടേണം
ഉന്നതിവരുമപ്പൊന്നെ
ദൈവവും തുണെച്ചീടും.

എന്ന മഹദ്വാക്യത്തെയാണ് മംഗളോദയപ്രവർത്തകന്മാർ ആടിസ്ഥാനമായി സ്വീകരിച്ചിട്ടുള്ളത്. ഇതിലധികമായി ഒരു പ്രസ്താവന ഈ ലക്കത്തിൽ ഞങ്ങൾക്കു പറവാനില്ല. പറയേണ്ടതായ ആവശ്യം ഉണ്ടെന്നു തോന്നുന്നില്ല.

മസ്തിഷ്കശാസ്ത്രം

ജീവകാന്തശക്തിയും.

(ഇ. ആർ. മേനോൻ.)

നമ്മുടെ ശരീരത്തിലുള്ള ഓരോ അവയവങ്ങളുടെ സ്ഥാപനസമ്പ്രദായത്തിലും, ഇതുകളിൽനിന്നു വേർപെട്ടു നില്ക്കുന്ന മനശ്ശക്തിയിലും, എന്തോ, ഒരു മഹത്തായ ശക്തി അന്തർഭവിച്ചിട്ടുണ്ടെന്നു, ആലോചിച്ചാൽ അറിയാവുന്നതാണ്. പുരാതനകാലം മുതൽ ക്രമിച്ചുവരുന്നതായ ഓരോ പരീക്ഷകളുടേയും ഫലങ്ങളായി, ഇവകൾക്കുള്ള ഓരോ പുഷ്ടശക്തികളെക്കുറിച്ചു നാം ദിവസേന കേട്ടു വരുന്നുണ്ടല്ലോ. അന്ധവിശ്വാസങ്ങളിൽ പ്രതിപത്തിയും നിഷ്ഠയുമുള്ളവരെ ഇപ്പോഴും ധാരാളം കാണുന്നുണ്ട്. അന്ധവിശ്വാസമെന്നത് ആലോചനക്ക് പാറിയ ഒരു അനാത്മവാക്കാകുന്നു. അതിനടിസ്ഥാനപ്പെട്ടിട്ടുള്ള വാക്കുകളും പ്രവൃത്തികളും അവക്ക് മാത്രമേ ബാധകമാകയുള്ളൂ. അങ്ങിനെയാൽ കാണപ്പെടുന്ന സംഗതികളെ, പ്രകൃതിശാസ്ത്രത്തോടു യോജിപ്പിച്ചു കാര്യകാരണങ്ങളോടുകൂടി അവകളുടെ തത്വം മനസ്സിലാക്കുവാൻ ശ്രമിയി

ല്ലാതെ വരുന്ന സന്ദർഭങ്ങളിൽ, താൻ സകലലോകർക്കുമുള്ളവരിലൊരു ഏകനായകനാണെന്നുള്ള നാട്യത്തോടും, എതിരില്ലാത്ത ആത്മാഭിമാനത്തോടുംകൂടി, അത്ഭുതകരങ്ങളായ പല നിർമ്മാണകഥകളുണ്ടാക്കി ജനങ്ങളുടെ ഇടയിൽ വ്യാപരിപ്പിച്ചു, സാധുക്കളെ അജ്ഞാനാന്ധകാരത്തിലേക്കു വീണ്ടും വീണ്ടും താഴ്ത്തുന്നതിനു കച്ചകെട്ടിപ്പുറപ്പെട്ടിരിക്കുന്ന പലരുടെ മനസ്സിലുള്ള വികടസരസ്വതിയുടെ വിളയാട്ടാധിക്യംകൊണ്ടാണ്, മിഥ്യാമതങ്ങളുടെ പ്രാബല്യം ഇപ്പോഴും ജനങ്ങളുടെ ഇടയിൽനിന്നു വിട്ടൊഴിയാത്തത്. ഓരോ മനുഷ്യനും ചില പ്രത്യേകസ്വഭാവങ്ങളുണ്ട്. കണ്ണുനിറം, ശബ്ദം, പ്രവൃത്തി, ഉടുപ്പ്, ജീവനം, ഇവകളെക്കൊണ്ടും, ആകൃതിയിലും പ്രകൃതിയിലും ചില്ലറയായി ഉണ്ടാകുന്നതായ മറ്റനേക സംഗതികളെക്കൊണ്ടും, മനുഷ്യരെത്തമ്മിൽ തിരിച്ചറിയാം. ഇങ്ങിനെ ഓരോ മനുഷ്യനും, ബാഹ്യനേത്രങ്ങളിൽ പെടുന്നതും പെടാത്തതുമായ പല പ്രത്യേകതകളുണ്ടെങ്കിലും, ഓരോരുത്തനിലും അന്തർവ്യാപ്തമായിരിക്കുന്ന ഒരു പ്രത്യേക ശക്തിയുടെ ഇടവിടാതെയുള്ള ഒഴുക്കുകൊണ്ടാണ്, അന്യന്മാർക്ക് അവനെ മറ്റുള്ളവരിൽനിന്നു തിരിച്ചറിവാൻ സാധിക്കുന്നത്. ഈ ശക്തിയാണ് ഒരുത്തനെ മറ്റുള്ളവർക്ക് ചൂണ്ടിക്കാണിക്കുന്നത്.

'സംസർഗ്ഗജാ ദോഷഗുണാ ഭവന്തി'. സംസർഗ്ഗംകൊണ്ടാണ് ഗുണമൊ ദോഷമൊ ഉണ്ടാകുന്നത്. പനിനീർപുഷ്പം നമുക്ക് സുഗന്ധത്തെ തരുന്നു. ചീഞ്ഞതായ ഒരു സാധനം നമുക്ക് ദുർഗ്ഗന്ധത്തെ അനുഭവപ്പെടുത്തുന്നു. സുഗന്ധമൊ ദുർഗ്ഗന്ധമൊ ഉള്ളതായ സാധനങ്ങൾ, അതുകളുടെ ഗുണദോഷശക്തിയെ, നമ്മുടെ നാസാരന്ധ്രങ്ങളിൽ പ്രവേശിപ്പിക്കുന്നു; എന്നിട്ടും നമുക്ക് ആ വക ഗന്ധത്തെ കാണ്മാൻ സാധിക്കുന്നില്ല. ഇതുപോലെ തന്നെയാണ്, ജീവികളിലും അദൃശ്യമായ ഒരു ശക്തി പ്രവഹിക്കുന്നുണ്ടെന്നു തെളിയിച്ചു സ്ഥാപിച്ചിട്ടുള്ളത്. സംസർഗ്ഗമാണ് ഗുണദോഷങ്ങളെ ഉണ്ടാക്കുന്നതെന്നു പറഞ്ഞിട്ടുള്ളതും ഇതിനെ അടിസ്ഥാനപ്പെടുത്തിയാണ്. 'അവനാരാണ്' എന്ന ചിന്തയാക്കിയത്'; എന്നു സാധാരണയായി പറയാറുണ്ടല്ലോ. ഗന്ധമെന്നപോലെയാണ് ഇതും സംഭവിക്കുന്നത്. അന്യരിൽ അടങ്ങിയിരിക്കുന്ന ദുസ്സ്വഭാവത്തിന്റെ അദൃശ്യമായ ഒരു ശക്തി, അടുത്തു ചെല്ലുന്നവരുടെ ദേഹത്തിലെ, തലച്ചോറിലെ പ്രവേശിച്ചു, അവരെയും ദുർമ്മാർഗ്ഗത്തിൽ പ്രേരിപ്പിക്കുന്നു. ഇപ്രകാരമാണ് ഗുണവാന്മാരിൽ നിന്നു ഗുണവും സിദ്ധിക്കുന്നത്. ഇങ്ങിനെ, ജീവികൾ തമ്മിൽ ശക്തിപ്പകർച്ചയുണ്ടെന്നു മനസ്സിലാക്കിയിരുന്നതുകൊണ്ടാണ്, ദുഷ്ടസമ്പർക്കം ത്യജിക്കണമെന്നും, സജ്ജനസംസർഗ്ഗം ആചരിക്കണമെന്നും, നമ്മുടെ പൂർവ്വികന്മാർ സന്മാർഗ്ഗശാസ്ത്രങ്ങളിൽ ഘോഷിച്ചിരിക്കുന്നത്. അദൃശ്യമായ ഈ ശക്തിയെയാണ്, ജീവകാന്തശക്തി (ജീവികളിലുള്ള വിദ്യുച്ഛക്തി) എന്നു പറയുന്നത്. ഈ ശക്തി എല്ലാ ജീവികളിലും, ഏറെക്കുറെ, ഉള്ളതാകുന്നു. ഈ ശക്തി, മനസ്സിന്റേതാണ്; ദേഹത്തിന്റേതല്ല. മനസ്സിന്റെ ശക്തിയെ അന്യോന്യം പകരുന്നതിനുള്ള ഒരു മദ്ധ്യവർത്തി മാത്രമാണ്, ദേഹം;

അല്ലാതെ ശക്തിസ്ഥാനമല്ല. ഇതിനു ക ളുടെ ദൃഷ്ടാന്തം പറയാം.

സൌന്ദര്യവതിയായ ഒരു തരുണി, അനവധി ജനങ്ങളെ ആകർഷിക്കുന്നു. അവളുടെ സൌന്ദര്യകാലാവധി വരെ ഈ ആകർഷണശക്തിയും നിലനിൽക്കുന്നു. ഈ തരുണി, അവളുടെ സൌന്ദര്യപൂർത്തിയോടുകൂടി, മരിച്ചുപോയതായി വിചാരിക്കുക. മരണശേഷം അവൾ ആരെയെങ്കിലും ആകർഷിക്കുന്നുണ്ടോ? ഇല്ല; എങ്കിലും, സൌന്ദര്യത്തിനു കുറവു വന്നിട്ടില്ലതാനും. എന്തുകൊണ്ടാണ്, ഇവളുടെ സൌന്ദര്യം ഇപ്പോൾ ആരെയും ആകർഷിക്കാത്തത്? അവളിൽ പ്രകാശിച്ചിരുന്ന അദൃശ്യമായ ഒരു ശക്തി ഇപ്പോൾ ഇല്ലാതായിരിക്കുന്നു. അതുകാരണം, പണ്ട് ഇവളുടെ ആകർഷണത്തിൽ പെട്ടിരുന്നവർ ഇപ്പോൾ പിന്നോക്കം മാറുന്നു. എന്നു മാത്രമല്ല, കഴിയുന്ന വേഗത്തിൽ ആ ശരീരത്തെ ദൃഷ്ടിയിൽ നിന്നു മാറ്റുവാനും ശ്രമിക്കുന്നു. ഈ ആകർഷണശക്തിക്കാണ് ജീവകാന്തശക്തിയെന്നു പറയുന്നത്. എന്നാൽ, ഇതേശക്തി തന്നെ, ഒരു വികൃതരൂപത്താൽ മൂടപ്പെട്ടിരുന്നാൽ, ഈ ആകർഷണമുണ്ടാകുന്നതല്ല. ഇപ്രകാരം, മനഃശക്തിയുടെ വൈശിഷ്ട്യത്തെ, അവയവങ്ങൾ മൂലം, പുറത്തുവരുത്തുന്നു. ചിലർ, തങ്ങളുടെ വചോവിലാസവൈശിഷ്ട്യത്താൽ ജനസംഘത്തെ ആപാദചിത്തവൃത്തികളാക്കിത്തീർക്കുന്നു. ചിലർ, തങ്ങളുടെ സാരഗർഭങ്ങളായ ഉപദേശങ്ങളാലും, മറ്റു ചിലർ, സാത്വികഗുണപ്രകടനത്താലും, സുമുഖത്വവും, ജനങ്ങളെ വശീകരിക്കുന്നു. ഇനിയും ചിലർ, തങ്ങളുടെ കാപട്യത്താലും, മഹത്തായ വാഗ്ദാനങ്ങളാലും വശ്യംചെയ്യുന്നു. ഈ സംഗതികളിലും, ഇപ്രകാരമുള്ള മറ്റനേക സന്ദർഭങ്ങളിലും, ജീവകാന്തശക്തിയുടെ അദൃശ്യമായ വിളയാട്ടം പ്രത്യക്ഷപ്പെടുന്നുണ്ട്; ഈ ശക്തിയുടെ ഉത്ഭവസ്ഥാനം തലച്ചോറാകുന്നു. ഇതിനെ ഉദാഹരണസഹിതം തെളിയിച്ച്, വിവരമായ അറിവുണ്ടാക്കുന്നതിനാണ് ഇപ്പോൾ പലരും ശ്രമിച്ചുവരുന്നത്. ഇവ തമ്മിലുള്ള സംബന്ധത്തെ സംക്ഷിപ്തമായിട്ടെങ്കിലും പ്രതിപാദിക്കുന്നതിനാണ് ഞാനും ഇപ്പോൾ ഉദ്യമിക്കുന്നത്.

തലയുടെ ഒരു ചെറിയ—എങ്കിലും പ്രാധാന്യമേറിയ— ഭാഗമായ 'മസ്തിഷ്കം' അല്ലെങ്കിൽ 'തലച്ചോർ' അനേകം ഞരമ്പുകളെ (Nerve Cells) കൊണ്ടുണ്ടാക്കപ്പെട്ടിട്ടുള്ളതാകുന്നു. ഇവകൾ, മനോവിചാരത്തിന്റെയും, ഉണർച്ചയുടെയും ആസ്ഥാനവുമാകുന്നു. ഈ ഞരമ്പുകളുടെ യോജിപ്പിനെയും, സ്ഥാനഭേദങ്ങളെയും, ഇപ്പോൾ, ഒരു പ്രത്യേകശാസ്ത്രമായി പഠിച്ചുവരുന്നുണ്ട്. നവീനതത്വശാസ്ത്രപ്രകാരം ഇവകളെ പ്രകൃതിക്കനുസാരമായി സൃഷ്ടിക്കുകയും ചെയ്യാം. എങ്കിലും, ഇവകൾക്കും മനസ്സിനും തമ്മിൽ സംബന്ധമുണ്ടെന്നു പറയുന്നതല്ലാതെ, ഏതു വിധത്തിലാണ് സംബന്ധിക്കപ്പെട്ടിട്ടുള്ളതെന്നും, ദേഹവും മനസ്സുമാകുന്ന മറകളുടെ പിൻഭാഗത്തു ഇളക്കിക്കൊണ്ടിരിക്കുന്ന ജീവകാന്തശക്തിയുടെ പ്രസരണസമ്പ്രദായവും, ഭാവവ്യത്യാസവും ഏതുപ്രകാരത്തിലെന്നു ഒരു തീർച്ചയായ നിയമത്തെ, ഇതുവരെ ആരും ധൈര്യമായി പറഞ്ഞിട്ടില്ല. മസ്തിഷ്കശാസ്ത്രജ്ഞന്മാരിൽ പലരും, ഞരമ്പവസി

ഗൂഢവും, ഉത്സാഹകരവും, രസകരവുമായ ഈ വിഷയത്തെക്കുറിച്ചു പ്രതിപാദിക്കുന്നതായ പല പുസ്തകങ്ങളും എഴുതീട്ടുണ്ടെങ്കിലും, ഞരമ്പുകളുടെ സ്ഥാനഭേദങ്ങളേയും, അവകളിൽ ഓരോന്നിന്റെയും പ്രവൃത്തിവിശേഷങ്ങളേയും പററി പ്രസ്തുതപുസ്തകങ്ങളിൽ പറഞ്ഞിരിക്കുന്നതു മുഴുവനും വിശ്വസിക്കത്തക്കതല്ലെന്നും, യുക്തിഭംഗങ്ങളുണ്ടെന്നും മാത്രമാണ് ഇപ്പോൾ, പ്രധാനം പറയുന്നത്. മനുഷ്യന്റെ ഈ ശക്തിയെ ന്യായമായവിധം വർദ്ധിപ്പിക്കുന്നതുകൊണ്ടല്ലാതെ, ഇതുകളുടെ മാഹാത്മ്യത്തെയോ, സാക്ഷിതപരത്തെയോ, പൂർണ്ണമായി അറിയുവാൻ സാധിക്കുകയില്ല. ഒരു മനുഷ്യൻ മൌഢ്യമായിരിക്കുന്നു. സന്തോഷവാനും, സുഖവാനും ആയിരിക്കുന്ന ഒരാൾ ഇയാളുടെ സമീപത്തിൽ ചെന്ന്, അല്പസമയംകൊണ്ടു, മൌഢ്യവാനെയും, സന്തോഷഭരിതനാക്കിത്തീർക്കുന്നു. ഇതെങ്ങിനെ? മൌഢ്യോൽപാദനസ്ഥാനമായ ഞരമ്പുകളെ ബന്ധിച്ചു, സന്തോഷസ്ഥാനത്തെ സുഖവാൻ തുറന്നുവിടുന്നു. സുഖവാനിൽ നിന്നു അദൃശ്യമായ ഒരു ശക്തി മൌഢ്യനിൽ പ്രവേശിച്ചു, മൌഢ്യസ്ഥാനാധിപനായ ഞരമ്പിനെ, തന്റെ അധികശക്തികൊണ്ട് അമർച്ചചെയ്യുകയോ, തീരെ ഇല്ലാതാക്കുകയോ ചെയ്യുന്നു. ഇതിനുശേഷം, തന്റെ സന്തോഷകലവറയായ ഞരമ്പുകളിൽ നിന്നുള്ള ശക്തി, മൌഢ്യന്റെ സന്തോഷസ്ഥാനങ്ങളിൽ പ്രവേശിപ്പിക്കുന്നു. എന്നാൽ, എന്തുകൊണ്ടു, സന്തോഷവാന് മൌഢ്യത വരുവാൻ പാടില്ല? എന്നൊരു ചോദ്യം, പലരും പുറപ്പെട്ടേക്കാം. അതിനുത്തരം പറകയാണെങ്കിൽ, മൌഢ്യം ഒരുവന്റെ സകല നാഡികളെയും ക്ഷീണിപ്പിച്ചു മനസ്സിന്റെ ശക്തിയെ കുറക്കുന്നു, എന്നു മാത്രമാണ് പറയേണ്ടത്.

മനുഷ്യഹൃദയത്തിനുണ്ടാകുന്ന ഭാവവ്യത്യാസങ്ങളുടെ മൂലസ്ഥാനവും, ശേഖരിപ്പുസ്ഥലവുമായ, ഞരമ്പുകളിൽ, അതാതിനുള്ള പ്രത്യേകസ്ഥലങ്ങളെയും, അവകളിൽ ഓരോന്നിന്റെയും ജോലികളെയും തിരിച്ചറിയുന്നതായ ശാസ്ത്രം, വളരെ ഗംഭീരമുള്ളതും, മനുഷ്യലോകത്തിന്റെ ശ്രേയോഭിവൃദ്ധികളെ, ഉൽകൃഷ്ടസ്ഥിതിയിൽ നിറുത്തുവാൻ ഒരു പ്രധാന കാരണമായി ഭവിക്കുന്നതും ആകുന്നു, സംശയമില്ല. ഈ ശാസ്ത്രപഠനം, കായികമായും, മാനസികമായും, സകലർക്കും, ഒരു പരിപൂർണ്ണത നൽകുകയും ചെയ്യും. വിവേകജ്ഞാനമുള്ളവർക്കെല്ലാം ജീവകാന്തശക്തിയെക്കുറിച്ചുള്ള മതിയായ അറിവു സിദ്ധിക്കുവാൻ അഭിലാഷമുണ്ടാകുന്നതാണെന്നു മാത്രമല്ല, അതിന്റെ സൂക്ഷ്മതത്വം മനസ്സിലാക്കി, ന്യായമായും മാനമായും അതിനെ വർദ്ധിപ്പിച്ച് ഉപയോഗപ്പെടുത്തുന്നതുകൊണ്ട്, ഉടമസ്ഥന്മാരെ അനുഗ്രഹീതന്മാരാക്കിത്തീർക്കയും ചെയ്യും. മസ്മിഷ്ടശാസ്ത്രവും, ജീവകാന്തശക്തിയും പ്രാണസ്നേഹിതന്മാരാണ്. മസ്മിഷ്ടത്തിലെ ഞരമ്പുകളിൽകൂടിയും നമ്മുടെ ഓരോ അവയവങ്ങളിൽകൂടിയും, ഈ കാന്തശക്തി ഇടവിടാതെ പ്രവഹിച്ചുകൊണ്ടാണിരിക്കുന്നത്. ഇവകൾ സന്താപത്തെയും സന്തോഷത്തെയുമുണ്ടാക്കുന്നു. ഇതിന്റെ ആകർഷണവും, ഉപേക്ഷിക്കലുമാകുന്നു, നമ്മുടെ ജയവും തോൽവിയും. നമുക്കു ജ്ഞാനാനുഭവം വരുന്ന സമ

ർങ്ങളിൽ, നാം ഉപേക്ഷിക്കപ്പെടുന്നു. ഇതുപോലെതന്നെ, ആപത്തിലേയ്ക്കും നാശത്തിലേയ്ക്കും ചിലപ്പോൾ നമ്മെ ആകർഷിക്കയും ചെയ്യുന്നു. വശിപ്പിക്കാതിരിയ്ക്കുന്ന ഈ ശക്തി, നമ്മെ ഏതെങ്കിലും ഒരു വഴിയ്ക്കു മാത്രമെ നയിപ്പിയ്ക്കയുള്ളൂ. ആ വഴി, ചിലപ്പോൾ ഗുണകരമായും, ചിലപ്പോൾ, ദോഷമായും പരിണമിച്ചേയ്ക്കും. വശിപ്പിച്ചാൽ, നമുക്ക ഗുണദോഷത്തെ തിരിച്ചറിഞ്ഞ്, തക്ക സമയങ്ങളിൽ, അപകടം പറ്റാതെ മാറുവാൻ സാധിക്കയും ചെയ്യും.

ഞെരമ്പുകളിൽക്കൂടി പലവഴിയ്ക്കും പ്രവഹിയ്ക്കുന്ന ഈ ശക്തികളെ ഒന്നായി കൂട്ടിച്ചേർത്തു പറയുമ്പോൾ, അതു മനഃശക്തിയായിരിയ്ക്കും. ഭടന്മാരുടെ മദ്ധ്യേ നിൽക്കുന്ന സേനാനായകനെപ്പോലെ, കായികശക്തികളുടെ മറവിൽ, അതുകളെ ഭരിച്ചുകൊണ്ടിരിയ്ക്കുന്ന മനഃശക്തിയുടെ നേതൃത്വം വഹിയ്ക്കുന്നതായി വേറൊരു ശക്തികൂടിയുണ്ട്. ഈ അദൃശ്യശക്തിയായ പ്രധാന സേനാനായകനെയാണ് അഹം, ego, or self എന്നു വിളിച്ചു വരുന്നത്. മനുഷ്യരെ കൊണ്ടാടുന്നതായ ഈ ഞെരമ്പുകളുടെ പ്രത്യേകശക്തികളെയും, അവകളുടെ സ്വഭാവവൈകല്യങ്ങളെയും, കുറിച്ച് അറിവു സിദ്ധിയ്ക്കുവാൻ സാധിയ്ക്കുന്നതാണെങ്കിലും, വിഷയം ഗൌരവമുള്ളതാകയാൽ, അതിലേയ്ക്കുള്ള പ്രയത്നവും, ഗൌരവത്തോടെ ചെയ്യേണ്ടിവരും. എന്നാൽ, പ്രയത്നഫലം ജനസാമാന്യത്തിന്നുത്തമമെന്നുള്ള കാര്യത്തിൽ, രണ്ടുപക്ഷമില്ലതാനും. ഏകാഗ്രചിത്താവസ്ഥയാണല്ലൊ യോഗീശ്വരന്മാരും അനുഷ്ഠിച്ചിരുന്നത്.

തലച്ചോറിൽ പല ഭാഗങ്ങളുണ്ടെന്നും, ഈ ഓരോ ഭാഗവും കാന്തശക്തിയാൽ പ്രസരിപ്പിയ്ക്കാവുന്നതാണെന്നും, ഇവകളിൽ ഓരോന്നിൻ്റെയും ചലനം, അതിൽ അടങ്ങിക്കിടക്കുന്ന ഭാവത്തെ പുറത്തു പുറപ്പെടുവിയ്ക്കുന്നതാണെന്നും, നവീനശാസ്ത്രജ്ഞന്മാർ കണ്ടുപിടിച്ചിരിയ്ക്കുന്നു. പുറത്തു പ്രകാശിപ്പിയ്ക്കേണ്ടതായ ഭാവം ഒളിഞ്ഞിരിയ്ക്കുന്ന ഭാഗത്തു കൈവിരൽ വെയ്ക്കുന്നതുകൊണ്ടു, ആ ഭാഗത്തിന്നു ചലനം വരുത്താവുന്നതാകുന്നു. പക്ഷെ, ജീവകാന്തശക്തി പ്രയോഗിയ്ക്കുന്ന ആൾ, വളരെ മനഃശക്തിയുള്ളവനും, എളുപ്പത്തിൽ തൻ്റെ മനസ്സിനെ ഏകാഗ്രചിത്താവസ്ഥയിൽ കൊണ്ടുവരുവാൻ സാധിയ്ക്കുന്നവനുമായിരിയ്ക്കണം. ആരിൽ ശക്തി പ്രയോഗിയ്ക്കുവാൻ വിചാരിയ്ക്കുന്നുവൊ, ആ ആൾ, പ്രയോഗിയ്ക്കുന്നവനെക്കാൾ മനഃശക്തി അധികരിച്ചിട്ടുള്ളവനാണെങ്കിൽ, മറ്റവൻ്റെ പ്രയത്നങ്ങളെല്ലാം നിഷ്ഫലമായിത്തീരുന്നതാണ്. ഇതുതന്നെയാണല്ലൊ ദേഹബലത്തിൻ്റെയും സ്ഥിതി. കായബലം ധാരാളമുള്ളവനു ക്ഷീണിച്ചിരിയ്ക്കുന്ന ഒരുത്തനെ എളുപ്പത്തിൽ തോല്പിച്ചു കീഴടക്കാം. ഇരുവരും സമബലവാന്മാരാണെങ്കിൽ അവർ, തമ്മിലുള്ള മൽപ്രയോഗങ്ങളുടെ ഫലവും സമത്വത്തിൽ കലാശിയ്ക്കും. അതിന്നുപകരം, ബലഹീനൻ, ബലവാനെ ആക്രമിച്ചുചെല്ലാൻ ഒരുങ്ങിയാൽ അതിൻ്റെ ഫലം അപജയമാണെന്നു നമുക്കെല്ലാവർക്കും അറിയാവുന്നതല്ലെ. നമ്മുടെ പൂർവ്വികന്മാരായിരിയ്ക്കുന്ന ഋഷികളുടെയും മറ്റും മനഃശക്തി, ശൌര്യവീര്യപരാക്രമികളായിരുന്ന മഹാരാജാക്കന്മാരെയുംകൂടി കീഴടക്കിയിരുന്നു. എന്നു മാത്രമല്ല, ഇവരുടെ ശക്തി, സൈന്യങ്ങ

ളെ, വിറപ്പിയ്ക്കുകയും, നാമാവശേഷമാക്കിത്തീൎക്കയും ചെയ്തിട്ടുണ്ട്. ഇതിലെയ്ക്കുള്ള ദൃഷ്ടാന്തത്തിന്, അധികം കാലം പിന്നോക്കം പോകേണമെന്നില്ല. സ്വാമിരാമകൃഷ്ണപരമഹംസർ, സ്വാമിവിവേകാനന്ദൻ, ഗണപതിസ്വാമികൾ, ഇവരെല്ലാം അടുത്തകാലങ്ങളിൽ ജീവിച്ചിരുന്നവരാണ്. പാശ്ചാത്യന്മാരുടെ ഇടയിൽ അന്വേഷിച്ചാലും ചിലരില്ലെന്നില്ല. നെപ്പോളിയൻ, നെൽസൺ, വെല്ലിങ്ടൺ, ഗ്ലാഡ്സ്റ്റൺ, മുതലായവർ അസാമാന്യമനഃശക്തിയുള്ളവരായിരുന്നു. ഇല്ലെങ്കിൽ, അവർ സാധിച്ചിരിയ്ക്കുന്ന അത്ഭുതകൎമ്മങ്ങളിൽ ഒന്നെങ്കിലും അവൎക്ക് ചെയ്വാൻ സാധിയ്ക്കുന്നതല്ലായിരുന്നു. മനഃശക്തിയുടെ ഫലമാണ് ഏകാഗ്രചിത്താവസ്ഥ. ഏകദേശം രണ്ടും ഒന്നാണെന്നുതന്നെ പറയാം. സ്വല്പവ്യത്യാസമേയുള്ളൂ. ഇതു സാധിയ്ക്കുന്നതിന് ഒന്നാമതായി വേണ്ടതു നിശ്ചയമാകുന്നു. ഒരു കാൎയ്യം പ്രവൃത്തിയ്ക്കുവാനാരംഭിയ്ക്കുമ്പോൾ, അതു നാം പ്രവൎത്തിയ്ക്കുന്നതെന്തിന്? ആ പ്രവൃത്തി ചെയ്യേണ്ടതു നമ്മുടെ മുറയാണോ? എന്നീ രണ്ടു ചോദ്യങ്ങൾ മനസ്സിനോടു ചോദിക്കണം. പ്രവൃത്തിയ്ക്ക് അധൎമ്മമായ ഉദ്ദേശമില്ലെങ്കിലും, അതു നമ്മുടെ മുറയാണെന്നു തെളിഞ്ഞുകഴിഞ്ഞാൽ, നമ്മുടെ മനസ്സു മുഴുവൻ ആ പ്രവൃത്തിയിൽ ചെലുത്തണം. കാൎയ്യം ഗൌരവമായാലും നിസ്സാരമായാലും വേണ്ടില്ല. നാം ചെയ്യുന്ന സകല പ്രവൃത്തികളിലും നമ്മുടെ മനസ്സുകൂടെ വേണം. 'വൎത്തമാനം പറഞ്ഞ് ഉണ്ടതറിഞ്ഞില്ല'. 'മനോരാജ്യം കൊണ്ടു വഴിനടന്നതറിഞ്ഞില്ല'. 'ഉറക്കത്തിന്റെ ശക്തികൊണ്ടു സംസാരിച്ചതൊന്നും മനസ്സിലായില്ല'. എന്നിത്യാദി സാധാരണ കേട്ടുവരുന്ന കാൎയ്യങ്ങളാണ്. കാലിന്മേൽ ഒരു മുള്ളുകൊണ്ടത് എടുത്തുകളയുന്ന സമയം ഇക്കൂട്ടരുടെ മനസ്സിനെ ഇവർ വല്ലിടത്തെയ്ക്കും പറഞ്ഞയയ്ക്കുമോ? ഇല്ല. ദേഹത്തിലുള്ള വ്രണം വല്ല പരുക്കുകൾക്കും ശുശ്രൂഷ ചെയ്യേണ്ടുന്ന സമയം ഇവരുടെ മനസ്സിനെ തെണ്ടിനടക്കാനയയ്ക്കുമോ? ഇല്ല. ഇതാണ് തെറ്റ്. ചിലതിൽ മനസ്സുവയ്ക്കുകയും ചിലതിൽ മനസ്സു വിടുകയുമരുത്. പ്രവൃത്തികളുടെ സാരവും നിസ്സാരതയുമല്ല വിചാരിക്കേണ്ടത്. താൻ ഒരു പ്രവൃത്തി ചെയ്യുന്നുണ്ടെങ്കിൽ, അതിൽ തന്റെ മനസ്സു മുഴുവൻ വേണം. ഇതാകുന്നു മനഃശക്തി കിട്ടുവാനുള്ള ഒന്നാമത്തെ വഴി. ഇതുതന്നെയാണ് പലരെയും മഹാന്മാരാക്കിത്തീൎത്തിട്ടുള്ളത്.

What ever you do, do it with your might; and, do not do any thing by halves.

ഏകാഗ്രചിത്താവസ്ഥയെപ്പറ്റിയും, അതു സാധിയ്ക്കുന്നതിനുള്ള മാൎഗ്ഗങ്ങളെക്കുറിച്ചും, അതിന്റെ ഗുണങ്ങളെക്കുറിച്ചും, മറ്റും ഇനിയും പ്രതിപാദിച്ചതുതന്നെ പ്രകൃതവിരുദ്ധമായതുകൊണ്ടും, ഇതുകളെപ്പറ്റി വളരെ പറയുവാനുള്ളതുകൊണ്ടും, അത്, ഇനിയൊരവസരത്തിലേയ്ക്കു നീട്ടിവയ്ക്കാതെ നിവൃത്തിയില്ല.

തലച്ചോറിൽ ഓരോ ഭാഗങ്ങളിലും ഓരോ ഭാവങ്ങളടങ്ങിയിരിയ്ക്കുന്നെന്നും, മനഃശക്തിയുള്ള ഒരു മസ്തിഷ്കശാസ്ത്രജ്ഞനു അവയെ പുറത്തുവരുത്തുവാൻ സാധിയ്ക്കുമെന്നും, പറഞ്ഞുവെച്ചുവല്ലൊ. താഴെ പറയുന്ന ഭാവങ്ങളടങ്ങിയിരിയ്ക്കുന്ന ഭാഗങ്ങ

ളെ ചലിപ്പിയ്ക്കുവാനുള്ളതാണ്; പക്ഷെ, കാന്തശക്തി പ്രയോഗിയ്ക്കുന്നവന്റെ മനശ്ശക്തിയുടെ ആധിക്യംപോലെയായിരിയ്ക്കും, ഭാവങ്ങളുടെ പുറത്തെയ്ക്കുള്ള പ്രവാഹശക്തിയും. ഹാസ്യരസം, മനോധൎമ്മം, കാൎയ്യകാരണങ്ങളെന്നും, എണ്ണം, മാഹാത്മ്യബുദ്ധി, താരതമ്യപ്രകൃതി, ലക്ഷണാകാംക്ഷ, വൎണ്ണവ്യത്യാസങ്ങളെന്നും, സൂക്ഷ്മവിവേകങ്ങളെന്നും, സഹാദിമാനം, പൂൎണ്ണസമ്മതം, കീഴ്വഴക്കം, ഭക്തിബഹുമാനം, ന്യായബുദ്ധി, ഭാവിജ്ഞാനേച്ഛ, സന്താനാസക്തി, സന്തോഷപ്രദാനശക്തി (സുശീലത), എന്നീ ഭാവസ്ഥാനങ്ങളെ ചലിപ്പിച്ച്, ആ വിചാരങ്ങളെ ഉത്തേജനാലുണ്ടാക്കാം. ഈവക ഭാവങ്ങളുടങ്ങിയിരിക്കുന്ന തലച്ചോറുകളുടെ സ്ഥാനനിശ്ചയത്തിന്റെ സൂക്ഷ്മതപോലെയും, തന്നിലുള്ള കാന്തശക്തി പ്രവാഹം അന്യനിൽ പ്രവേശിപ്പിക്കുവാനുള്ള ശക്തിയുടെ ആധിക്യംപോലെയുമിരിക്കും ചലന പ്രയോഗത്തിന്റെ പൂൎണ്ണാപൂൎണ്ണഫലം. മെസ്മരിസം, ഹിപ്പ്നോട്ടിസം, എന്നിവകളെപ്പറ്റി പലരും കേട്ടിട്ടുണ്ടായിരിക്കും. ഈ വക പലതിൽ പലരും ഉദ്യമിച്ചിട്ടുമുണ്ടായിരിക്കും. പക്ഷെ, പ്രകൃതിയിൽ മുഴുവനും വ്യാപിച്ചിരിക്കുന്നതും, ഇതു കൂടാതെ യാതൊരു ചരാചരങ്ങൾക്കും, ഒരു നിമിഷംപോലുമുള്ള ശ്വാസം അസാദ്ധ്യമാക്കിത്തീൎക്കുന്നതുമായ, ഈ കാന്തശക്തിയുടെ മാഹാത്മ്യപ്രവൃത്തികളെപ്പറ്റിയുള്ള ഒരു സൂക്ഷ്മജ്ഞാനമുള്ളവർ, വളരെ ചുരുക്കം പേർ മാത്രമെയുണ്ടായിരിക്കയുള്ളുവെന്ന കാൎയ്യത്തിൽ അഭിപ്രായവ്യത്യാസം വരുവാൻ തരമില്ല. ഈ സാമാന്യങ്ങളുടെ ഇടയിലുള്ള സാധാരണധാരണപോലെ തന്നെ, എളുപ്പത്തിൽ പഠിച്ചറിയാവുന്നതോ, പരിചയിക്കാവുന്നതോ ആയ കാൎയ്യമല്ല ഇതെങ്കിലും, മറ്റില്ലത്തെ ഒരു ശാസ്ത്രമായി വിചാരിച്ചു, മറ്റു ശാസ്ത്രങ്ങളെപ്പോലെ തന്നെ ഗുരുമുഖത്തിൽ നിന്നും കേട്ട്, അതിനിപുണതയോടെ അഭ്യസിക്കത്തക്ക യോഗ്യത ഇതിനുണ്ടെന്നു മാത്രമല്ല, ഇതു ജീവിതത്തിന്റെ നാനാവശ്യമാണെന്നും കൂടി സധൈൎയ്യം പറയാം. ഏകാഗ്രചിത്താവസ്ഥയെ ലഭിക്കുവാൻ എളുപ്പവഴിയും സാധിക്കുന്നതാണെന്നും, ആ അവസ്ഥ, നമ്മെ ലൗകികവിഷയത്തിലും, ആത്മീകവിഷയത്തിലും, ഉത്തമനിലയിൽ ജീവിതത്തെ നയിക്കുവാൻ സഹായിക്കുന്നതാണെന്നും, അതിനാൽ അതിലേക്കായി ലോകം പരിശ്രമിക്കേണ്ടതാണെന്നും കൂടി ഈ അവസരത്തിൽ പറഞ്ഞുകൊള്ളുന്നു.

ഒരു ശ്മശാനപുഷ്പം

ഉല്ലാസത്തോടുനാമിന്നാകണമിയിൽവാ-
ഴേണ്ടസൌഭാഗ്യമതു
ജില്ലാജില്ലാൎക്കുമാശിച്ചിടുവതിനായതാ-
ണെന്തീയസൌരഭ്യമില്ല.

ചൊല്ലുന്നാളുംനിനവിലെന്നുംമധുമധുരമതി-
ല്ലാതതല്പ്പവീമാത്രം-
ലെല്ലാംകൊണ്ടുംനിനക്കയിസകലജനാ-
രാഗ്യമസൗമനസ്യം.

ഏതന്നാമാഹാത്മ്യമേറ്റാലനിതരസുമസാ-
ധാരണ്യത്തെ പ്രാപിച്ചു
ച്ചോതത്തെക്കൊന്നതല്ലെങ്കിലുമതുഴുന്നതാ-
സാധുവാമാഹമത്രെ
പൃതശ്രീപൂണ്ട പൂക്കൾക്കിടയിലൊരു ചിത
സ്ഥാനമില്ലെങ്കിലുംവാൻ
പ്രേതക്കാട്ടിൽ ജനിക്കുന്നതിനുള്ളിതെന്തേ-
താണുനീ പണ്ടു ചെയ്തോ?
ശ്രീമത്പ്രാപാരമേരുന്നാഗരിയിലധിവാ-
സത്തിനാകില്ലെങ്കിലും (ഗ്രാ
ഗ്രാമത്തിൽ പൂവനത്താവല്ലോ ആ വയൽനില-
ജന്മമുണ്ടായിന്നാൽ
ഈമട്ടാകില്ല ഹാ! നിൻ കഥ, സുമചിതസൌ-
ഭാഗ്യസൌരഭ്യസാര-
ന്യൂനമെത്രയ്ക്കും സ്മൃതിക്കും കവർ കനക ചരി-
ത്രത്തിലൊന്നായിരിക്കാം.
കഷ്ടം! സാകൂതമാലോകനമതിനായി നീ
പാത്രമായില്ല, സർവ്വാൽ-
കൃഷ്ടം നിന്നാസവം നാഗരികനൊരളിയാ-
ലന്വമെത്തില നേടാൻ
ഇഷ്ടംപോലൊന്നു കേളീവനപവനസുഖം
നേടുവാൻ കൂടിയില്ലി-
ന്നൂഷ്ടാനിസ്സാരമല്ലിന്നിതിനിനിമഹ്വമേ-
സ്ഥാനമെന്നോർത്തിടാം.
വാടിപ്പോകുന്നനേരത്തയി! ജലധരതുല്യം
കൈകളോഹരന്തെതാട്ടാ-
വാടിക്കൂട്ടത്തെ നീക്കുന്നതിനൊരു കൊടുവാ
ളേന്തിനാകില്ലതന്നു (തിര-
കോടിക്കൊത്തോരുന്നിനപ്പെട്ടിയെടുത്തുപ
ക്ഷിക്കുവാനിപ്പോളെല്ലാം
കൂടിക്കാണുന്നതിന്നിപ്രകൃതിയുടെ രൂപാ
ലോകമെന്നൊന്നുമാത്രം.
ഉത്തുംഗങ്ങൾതൻ നിസ്തുല നയനയുഗം
ത്രപാനസൌഭാഗ്യപൂർത്തി-
ഭൂതത്തിൻ ഗന്ധമേറ്റുന്നനിലനായകാ-
യുള്ള സൌരഭ്യപുഷ്ടം

മാതംഗത്തിൻ മദത്തിൽ കൊതിയെഴുമടവീ-
മത്തഭൃംഗങ്ങൾ സാര-
സ്യം തന്നെ തേടുന്നതിന്നലകിലവരോ!
കഷ്ടമോ കൊള്ളുമെന്നോ?
കാറിപ്പീടും ചുഴൽക്കാറ്റടിയുടെ കൊടുവേ-
ഗത്തിലോ പ്രേതധൂമം
ചിന്നിക്കാട്ടിലെല്ലാം ചുഴലുമതുവിലോ
തന്നെ നിൻ പ്രാണഹാനി;
നിന്നിക്കഷ്ടത്തെ നോക്കിസ്സുകതണമൊരുവ
ചിക്കുവാനായ് ശ്മശാനം
തന്നിൽ ഞാനുള്ളതാം ശവമിക്കഴുവോ
കാകനോ കോ ചരിയം.
ചി, ഞ്ഞീക്കിച്ചീടുവാൻ തന്നെടയവർനൊക
ണ്ടിടവെ, തപ്പുരിതം
വെണ്ണീറാകുന്നതിന്നായ് ചുടലയിലണയു-
ന്നോരഹോ! ദീനദീനം (ദീ-)
കണ്ണീർവാർത്തിടവെ, നിന്നുടെ നിലയെന്നി-
ങ്ങി, പൃകൃതത്താൻ മെപ്പോ-,
മണ്ണീടാതെ പൊഴിക്കും ചുടുചുടെയധികം
കണ്ണുനീർതുള്ളിക്കൂട്ടി.
ആരുതന്ത്രീവിലാസം തഴുകിയ പാവിഴം
കൊണ്ടുപൂത്തതെന്തായിന്നാൽ
സാരസ്യശ്ചാതുര്യകതാമണിയുടെ ശകലം
കൊണ്ടിതാംകൂടിനേയും (ചുടൽ
മേസപ്രഖ്യാനിഷ്ഠിച്ചകൈതാൻ തവശിരസി
കാട്ടിൽവാഴുന്നതിന്നി-
ന്നേരത്തെയ്യോ! വരച്ചേ! ചരുതുമിഹത്യു-
കാവതോ ദൈവയോഗം.
ആരാമത്തിൽ ജനിക്കുന്നതിനമിതജനാ-
നന്ദസന്ദായിയായി-
ത്തീരാനാനാർമാർത്തന്നണിമുടിയിലല-
ങ്കാരമായ് വാഴുവാനും
പാരാതിപ്പോൾ നിനക്കേറിട്ടുമൊരുവരം-
ഉണ്ടമരിഞ്ഞാലുമെന്പോ-
ടാരാധിക്കും ശിഷ്ടൻ തൻ കഴൽ, ഫലമുള്ളോ
ഹന്ത! ജന്മാന്തരത്തിൽ.

മഞ്ജുർക്കരുണാകരമേനോൻ.

മണ്ണ് – ഒരു ഭക്ഷ്യം

ഒരു ദീർഘകാലത്തെ ദേശാടനവും കഴിഞ്ഞു മടങ്ങിയെത്തിയ ഭർത്താവിനോടു, ധനശാസ്ത്രത്തിൽ നിപുണയായ ഭാര്യ "കുട്ടിയെ പുല്ലുകൊടുത്തു ശീലിപ്പിച്ചാണ് ഞാൻ വളർത്തിയിരിക്കുന്നത്" എന്നു പറഞ്ഞപ്പോൾ "മണ്ണു കൊടുത്തു ശീലിപ്പിക്കായിരുന്നില്ലേ?" എന്നു അയാൾ മറുവടിപറഞ്ഞതു, തനിക്കു ധനശാസ്ത്രത്തിൽ അവളെക്കാൾ പാണ്ഡിത്യമുണ്ടെന്നു് അറിയിക്കാനല്ലാതെ, മണ്ണു തിന്നാൻ കൊള്ളുന്ന ഒരു പദാർത്ഥമാണെന്ന അയാൾക്കു ബോദ്ധ്യമുള്ളതിനാലാണെന്ന് ആരും വിശ്വസിപ്പാൻ കാരണമില്ല. എന്തുകൊണ്ടെന്നാൽ മണ്ണു തിന്നുകയെന്നതു് ഇവിടങ്ങളിൽ ആരും ചെയ്യാറില്ലെന്നല്ല, കുട്ടികളോ മററോ അറിയാതെ തിന്നപോയാൽ അവരെ ശിക്ഷിച്ചുവരുന്നതുമാണല്ലോ. ഉണ്ണി ഉണ്ണുന്നാലൊഴും മുതൽക്കു ആചരിച്ചുവരുന്നതല്ലെന്നുള്ളതിലേക്കു 'കണ്ണൻതാൻ മണ്ണുഭുജിച്ചു പോലും—ദണ്ഡം പിടിച്ചീടുമവന്നു നൂനം' എന്നു് ജ്യേഷ്ഠത്തി പറഞ്ഞതു കേട്ടപാതി കേൾക്കാത്തപാതി അത്യന്തം കുപിതയായി കണ്ണന്റെ വായ് പരിശോധിപ്പാൻ ചെന്ന യശോദ നമുക്കു ഒരു ദൃഷ്ടാന്തം കാണിച്ചുതരുന്നുമുണ്ടു്. അങ്ങിനെയിരിക്കെ, ഭക്ഷണത്തിനു മണ്ണു് ഉപയോഗപ്പെടുത്താമെന്നു കേൾക്കുമ്പോൾ അതു നമ്മളിൽ മിക്കവർക്കും ഒരു പുതുമയായേക്കാം; ഉപയോഗപ്പെടുത്തി വരുന്നുണ്ടെന്നറിയുമ്പോൾ നമ്മളിൽ ആശ്ചര്യം ജനിക്കുവാനും മതി. ആ സ്ഥിതിക്കു ജനങ്ങൾ ഭക്ഷണത്തിനു മണ്ണുപയോഗിച്ചുവരുന്നതിനെപ്പററി ഒരു ഇംഗ്ലീഷ്പത്രത്തിൽ ഈയിടെ പ്രസിദ്ധപ്പെടുത്തിക്കണ്ട ഒരു ഉപന്യാസത്തിന്റെ സാരം ഇവിടെ കൊടുക്കുന്നതു് അസ്ഥാനത്തിലാവാൻ വഴിയില്ല. അതിൽ ഇങ്ങിനെ പറഞ്ഞിരിക്കുന്നു:—

"മണ്ണോ കളിമണ്ണോ ഭക്ഷണമായി ഉപയോഗിക്കുന്നതു ഒരു വർഗ്ഗക്കാരുടെയോ ഒരുജാതിക്കാരുടെയോ ഇടയിൽ മാത്രമല്ല, ഭൂമിയിൽ പലരുടെയും ഇടയിൽ കണ്ടുവരുന്ന ഒരു സമ്പ്രദായമാണ്. വടക്കെ അമേരിക്കയിലും തെക്കെ അമേരിക്കയിലും പലവകക്കാരും മണ്ണുഭക്ഷണമായുപയോഗിച്ചുവരുന്നുണ്ട്. അവിടത്തെ പാണി ഇന്ത്യക്കാർ(Pawnee Indians) ഒരുവക മഞ്ഞനിറത്തിലുള്ള കളിമണ്ണാണ് ഉപയോഗിക്കുന്നതു്. അവരതു ചെറിയ ഗുളികകളായുരുട്ടി, വെയിലത്തുവെച്ചുണക്കി, തിയ്യിൽ ചുടുകയോ വറുത്തോ, വെള്ളം ചേർത്തു പതംവരുത്തി ഭക്ഷിക്കും. ഭക്ഷിക്കുന്നതു അധികവും മത്സ്യം കൂട്ടിയാണ്. അതുകൊണ്ടു ഭോജനത്തിന്നു കുറെ എരിപ്പുണ്ട്. മെക്സിക്കോ നദീതീരങ്ങളിലുള്ള ഇന്ത്യക്കാരും ക്ഷാമകാലത്തു മണ്ണു ഭക്ഷിച്ചുവരാറുള്ളതാകുന്നു. നദീതീരങ്ങളിലുള്ള പൊത്തുകൾ കിളച്ചു അതിൽ നിന്നാണ് അവരതിലേക്കു കളിമണ്ണെടുക്കുക. ക്ഷാമമില്ലാത്തകാലങ്ങളിലും മണ്ണ് ഒരു ഭക്ഷ്യപദാർത്ഥംപോലെ അവർ മുറുക്കുവാൻ ഉപയോഗപ്പെടുത്തും. അപ്പാച്ചീസ്(Apaches) എന്നവർഗ്ഗക്കാർ അപ്പമുണ്ടാക്കുന്നതിന്നുള്ള മാവിൽ ചളിപൊടിച്ചു ചേർത്തുവരുന്നുമാണ്.

"തെക്കെ അമേരിക്കയിൽ ബൊളീവി

യ രാജ്യത്തെ ഉയൎന്ന പ്രദേശങ്ങളിലുള്ള ഇന്ത്യാക്കാർ ഏതാണ്ടു വെളുത്തനിറത്തിലുള്ള ഒരുവക ഘനംകുറഞ്ഞ കളിമണ്ണു ഭക്ഷിച്ചുവരുന്നുണ്ടു. ഇതു ഏട്ടത്തപ്പടി തന്നെയും, ചിലപ്പോൾ പല ആകൃതിയിലുള്ള അപ്പങ്ങളായുണ്ടാക്കിയും ഭക്ഷിക്കും. ഇത്തരം അപ്പങ്ങൾ അങ്ങാടിയിൽ വില്പാനുണ്ടാവും. ഇതുകൂടാതെ അവർ കളിമണ്ണുകൊണ്ടു് ഒരുവക കറിയുണ്ടാക്കുകയും അതു് ഉരുളക്കിഴങ്ങുകൂട്ടി കഴിക്കുകയും ചെയ്യുന്നുണ്ടു്.

"ആഫ്രിക്കയിൽ ഗിനി എന്ന രാജ്യത്തിലും പടിഞ്ഞാറെ ആഫ്രിക്കയിലും നിവസിക്കുന്ന കാപ്പിരികളുടെയിടയിലും കളിമണ്ണു ഭക്ഷണം സാധാരണയാണ്. തെക്കെ ആഫ്രിക്കയിലെ കാപ്പിരികൾ ഭക്ഷണത്തിനുള്ള കളിമണ്ണുകളൊന്നു നദീതീരങ്ങളിൽ കാണപ്പെടുന്ന ചാണക്കല്ലുകളുടെ അടികളിൽ നിന്നാകുന്നു. കാവിമണ്ണു കലൎന്നിട്ടുള്ള ചളികൊണ്ടു ജാപ്പാദ്വീപിലുള്ള നിവാസികളും ഭക്ഷണം തയ്യാറാക്കിവരുന്നുണ്ടു്. ഇതുകൊണ്ടുള്ള അപ്പം അങ്ങാടികളിൽ വിററുവരുന്നുണ്ടു്.

'വടക്കെ ജാപ്പാനിലെ ആദിമനിവാസികൾ ചോററിലും, ഭക്ഷണത്തിനുപയോഗപ്പെടുത്തിവരുന്ന എല്ലാക്കറികളിലും കളിമണ്ണു ചേൎത്തു വരുന്നതാണ്. പേൎഷ്യ രാജ്യത്തു ചിലർ ഒരു തരം കളിമണ്ണു് ഒരു സുഖോപഭോഗസാധനമായി കരുതിവരുന്നുമുണ്ടു്. ഹിമവാൻ പൎവ്വതത്തിന്റെ ചെറുമലകളിൽ പാൎക്കുന്ന ചിലർ ഒരു വക പച്ചനിറമുള്ള കളിമണ്ണു ദഹിക്കുവാൻ ഉപയോഗിച്ചുവരുന്നുണ്ടും, അതിനു തൊണ്ടവീക്കം മുതലായ കണ്ഠരോഗങ്ങളെ നശിപ്പിക്കാൻ ശക്തിയുണ്ടെന്നു നിനച്ചുവരുന്നതുമാകുന്നു.

"ഫിൻലണ്ടി (Finland) ലും സ്വീഡനിൽ ചിലേടങ്ങളിലും കളിമണ്ണും, യൂറാൽ (Ural) പൎവ്വതങ്ങളിൽ താമസിക്കുന്നവർ ചുണ്ണാമ്പുകല്ലും അപ്പമുണ്ടാക്കുവാനുള്ള മാവിൽ ചേൎത്തുവരാറുണ്ടു്. സൎവ്വിനിയ, സിരിയ, എന്നീരാജ്യങ്ങളിൽ മറു ഭക്ഷണസാധനങ്ങളൊന്നിച്ചു കളിമണ്ണുകൊണ്ടുള്ള അപ്പങ്ങളും വില്പാൻ വെച്ചിരിക്കുന്നതായിക്കാണാം."

നോക്കുക, ജനങ്ങളുടെ വൃത്തിയുടെ വൈഭവം! ഭൂദേവിയെ ഭക്ഷിക്കുന്നതു് പാപകരമാണെന്നു ശഠിക്കുന്ന അന്ധവിശ്വാസികളെപ്പോലെ ഈ കൂട്ടരെ ശപിക്കാനോ രോഗവശ്യന്മാരാണെന്നു സിദ്ധാന്തിക്കുന്ന ഭിഷഗ്വരന്മാരെപ്പോലെ ഉപദേശിപ്പാൻ ചെല്ലാനോ ഞാൻ ഒരുക്കമില്ല. എങ്കിലും അവരുടെ ഈ പ്രവൃത്തി 'പൊൻമുട്ട ഇടുന്ന പാത്തയെ കൊല്ലുന്നപോലെ'യാണെന്നു് എനിക്കു തോന്നാതിരിക്കുന്നില്ല. ഗതാനുഗതികത്വത്തിനുള്ള വാസനാ ജന്മസിദ്ധമായിട്ടുള്ള ബാക്കി ജനങ്ങളും ഇവരെ അനുകരിച്ചു ഭക്ഷണത്തിനു പുറപ്പെട്ടുവരാതെ ഒന്ന എനിക്കു പ്രാൎത്ഥനയുള്ളൂ. എന്തുകൊണ്ടെന്നാൽ, ഇഹലോകത്തിലുള്ള ജനസമൂഹമെല്ലാം അവരുടെ ഭക്ഷണം മണ്ണായി നിയമിക്കുകയും ദിവസം പ്രതിയതു് ഒരു പലം വീതം ഭക്ഷിപ്പാൻ തുടങ്ങുകയും ചെയ്താൽ അല്പകാലത്തിനുള്ളിൽ—വസ്തുക്കൾ അക്ഷയ്യമാണെന്നുള്ള ന്യായം ഇരിക്കട്ടെ—നമ്മുടെ ഭൂമിദേവിയുടെ സ്ഥിതി എന്തു വിധം കലാശിക്കും?

കെ. പി. കെ.

വ്യായാമവും

അതിന്റെ ഫലങ്ങളും

വ്യായാമാധിക്യഫലങ്ങൾ

വ്യായാമം അധികമായാൽ ശരീരത്തിന്നു കേടാകുന്നു. അധികം ക്ഷീണിച്ചു എന്നു തോന്നുകയും, അല്പനേരം വിശ്രമിച്ചിട്ടും ആ ക്ഷീണം തീരാതെ വരികയും ചെയ്യുന്നതാകുന്നു അധികമായതിന്റെ അടയാളം. വ്യായാമം അധികമായാൽ മാംസങ്ങൾ ക്രമേണ ക്ഷയിക്കുകയും ശരീരത്തിലെ സാമാന്യമായ പോഷണത്തിന്നടവു തട്ടുകയും ചെയ്യും. അത്രതന്നെയുമല്ലാ അതുകൊണ്ടു ദീപനക്ഷയം പറ്റുകയും, അതുമൂലം ദുഷ്ടപദാർത്ഥങ്ങൾ ശരീരത്തിൽപിടിക്കാതെ വരികയും, മാറാരോഗങ്ങൾ പിടിപ്പാനുള്ള എളുപ്പം വർദ്ധിക്കുകയും ചെയ്യും. വ്യായാമാധിക്യത്താലുള്ള ക്ഷീണം സാംക്രാമികരോഗങ്ങൾ പിടിപ്പാൻ ഒരു മുഖ്യകാരണവും വലുതുമാണെന്നു കണ്ടിരിക്കുന്നു.

അഭ്യാസം.

മനുഷ്യരുടെ ശരീരപ്രകൃതിക്കും കായബലത്തിന്നും യാതൊരു ഐകരൂപ്യവുമില്ലാത്തതിനാൽ ഒരാൾ ഇത്ര വ്യായാമം എടുക്കേണമെന്നു പരക്കെ പറയുന്നതായ ഒരു നിയമം ക്ലിപ്തപ്പെടുത്തുവാൻ തരമില്ലാ. ഒരാൾക്ക് അധികവ്യായാമമായിട്ടുള്ളതു മറ്റൊരാൾക്കു പോരാതെയോ, ദോഷരഹിതമായോ വരാം. ക്രമനിഷ്ഠയോടുകൂടിയും, ക്രമേണ വർദ്ധിപ്പിച്ചുകൊണ്ടും ചെയ്തുവരുന്ന വ്യായാമംകൊണ്ടു ദേഹാദ്ധ്വാനത്തിലുള്ള സഹനശക്തിയെ തുലോം വർദ്ധിപ്പിക്കും. ഇങ്ങിനെ തങ്ങളുടെ മാംസങ്ങളെ അഭ്യസിപ്പിച്ചാൽ അവയ്ക്കു് ഉറപ്പും മാർദ്ദവവും ഉണ്ടാകുന്നതിന്നു പുറമെ അവകൾ സ്വാധീനവുമായിത്തീരും; നാഡി സാവധാനമായി മിടിക്കുകയും, അതേ അദ്ധ്വാനം തന്നെ വലിയ ദീർഘനിശ്വാസം കൂടാതെ ചെയ്യാൻ സാധിക്കുകയും ചെയ്യും. പരിചയമില്ലാത്ത ആളുകൾ വ്യായാമം ചെയ്യുമ്പോൾ നാഡി ക്രമം തെറ്റി മിടിക്കുകയും, തഴക്കമുള്ളവർ ചെയ്യുമ്പോൾ ഒരു മിടിപ്പിഴയ്ക്കുകയും ചെയ്തു എന്നു വരാം. വ്യായാമം ചെയ്തു പരിചയമുള്ളവരിലും, ഇല്ലാത്തവരിലും നാഡിമിടിപ്പിന്നു ഏകമായ ഭേദങ്ങൾ വരും. വ്യായാമാനന്തരം പരിചയമുള്ളവരിൽ മറ്റവരിൽ ഉള്ളതിനേക്കാൾ വേഗത്തിൽ നാഡിമിടിപ്പു പൂർവ്വസ്ഥിതിയെ പ്രാപിക്കും.

വ്യായാമരൂപം.— മാംസങ്ങൾ അസാധാരണമായും ദൃഢതരമായും പോഷിക്കേണമെന്നുദ്ദേശിക്കുന്നില്ലാത്തവർ കഠിനതരമായ കായികാഭ്യാസങ്ങൾ ചെയ്യേണമെന്നില്ലാ. ശരീരസുഖം നിലനിറുത്തുവാൻ മാത്രമായി ഉദ്ദേശിക്കുന്ന സാധാരണന്മാർക്കു ക്രമമായും, മിതമായും ഒരു ദിവസത്തിൽ 15 മിനിട്ടുനേരം ദേഹായാസം ചെയ്താൽ ധാരാളം മതിയാകുന്നതാണ്. ചില സംഗതികളിൽ ആവശ്യമാണെങ്കിലും, വ്യായാമത്തിന് ഒരു പ്രത്യേകമായ യന്ത്രങ്ങൾ ഒന്നും ആവശ്യമില്ല. വ്യായാമം ദേഹത്തിലെ എല്ലാ മാംസങ്ങൾക്കും വ്യാപാരം അല്ലെങ്കിൽ ആയാസം ഉണ്ടാകത്തക്കനിലയിലുള്ളതായിരിക്കണം. ക്ഷീണിച്ചിരിക്കുന്നതും, പുഷ്ടികുറഞ്ഞതും ആയ മാംസങ്ങളുടെ കാര്യത്തിൽ പ്രത്യേകം ദൃഷ്ടിവെക്കുകയും വേണം. മനസ്സ് അതിങ്കൽതന്നെ സമർപ്പിച്ചു ഓരോരോ ചലനങ്ങളും എത്രത്തോളം ശ്രദ്ധയോടുകൂടി ചെയ്യുമോ അത്രത്തോളം ഗുണഫലങ്ങളും ഉണ്ടാകും. കുറച്ചുദിവസം കഴിയുമ്പോൾ ഒരേ വ്യാപാരംതന്നെ ദിനംതോറും ചെയ്യുന്നതിൽനിന്നു അഭ്യാസികൾക്കു പലപ്പോഴും മുഷി

ച്ചിൽ തോന്നുകയും അതിലുള്ള ശ്രദ്ധയും താല്പര്യവും കുറഞ്ഞു കുറഞ്ഞു വരികയും ചെയ്യുകാണുന്നതു സാധാരണയാണല്ലോ. ആ വക സംഗതികളിൽ വ്യായാമത്തിന്റെ ഫലം തൃപ്തികരമായി ഭവിക്കുന്നില്ല. രണ്ടോ മൂന്നോ ആളുകൾ കൂടി വ്യായാമം ചെയ്യുകയും അഭ്യാസങ്ങളുടെ കൂട്ടുകളുടെ മാറുകയും ചെയ്താൽ ഒരേ തരം തന്നെ നിത്യം ചെയ്യുന്നതിൽ നിന്നുള്ള മുഷിച്ചിൽ തോന്നുവാൻ വഴി കൊടുക്കാതെ കഴിയാവുന്നതാകുന്നു.

ദേഹത്തിലെ എല്ലാ ഭാഗങ്ങൾക്കും ഒരു അഭ്യാസംകൊണ്ടു ഒരേ സമയത്തിൽ തന്നെ ആയാസം കൊടുക്കുന്നതായ വ്യായാമം നന്ന ചുരുക്കമാകുന്നു. അതിനോടു ഏതാണ്ടടുക്കുന്നതായി വല്ലതും ഉണ്ടെങ്കിൽ അതു നീന്തൽ ആകുന്നു. ഇതു ഒരു വിശേഷതരമായ ശരീരായാസമാണ്. ഈ ആയാസം അധികനേരം ചെയ്യരുതു. ഇതു ദേഹത്തെ ക്ഷണത്തിൽ തളർത്തുന്നതാകുന്നു. കാലത്തോ വൈകുന്നേരമോ രണ്ടു നാഴിക നടക്കുക, കുതിരസ്സവാരി ചെയ്യുക, ചവിട്ടുവണ്ടി ഓടിക്കുക മുതലായ വിശ്രമവ്യായാമങ്ങൾക്ക് ഓരോന്നിനനുസരിച്ച് പ്രത്യേകതരം ഫലങ്ങളും ഉപയോഗങ്ങളും ഉണ്ട്. ഇതുകൂടാതെ ദേഹത്തിലെ എല്ലാ ഭാഗങ്ങൾക്കും അല്ലെങ്കിൽ മാംസങ്ങൾക്കും ആയാസം കിട്ടത്തക്ക വല്ല അഭ്യാസങ്ങൾകൂടി ചെയ്യുന്നതിനു പതിവായി അല്പസമയം വിനിയോഗിച്ചാൽ വളരെക്കൂടുതൽ ഫലങ്ങൾ സിദ്ധിപ്പാനുണ്ട്.

പലവിധമായ പന്തുകളി, ഡംബെൽസ്സ് (Dumb-bell exercises) ഓട്ടം, ചാട്ടം എന്നിങ്ങനെ വ്യായാമരൂപങ്ങൾ അനേകമുണ്ട്. ഇവയിൽ ഓരോന്നിനും ഓരോ ഗുണങ്ങളുമുണ്ട്. ഇങ്ങിനെ പലവിധമായ വ്യായാമരൂപങ്ങളുടെയും ഒരു പട്ടിക ഇവിടെ കൊടുക്കേണ്ട ആവശ്യമില്ലാത്തതിനാൽ അവയെ പ്രത്യേകം പ്രത്യേകം എടുത്തു പറയുന്നില്ല.

ചില വ്യായാമങ്ങളിൽ നിന്നു പലവിധമായ ആപത്തുകൾ നേരിടുവാൻ എളുപ്പമുണ്ട്. അതിനെയുള്ള അനുഭവങ്ങൾ അല്പം മാത്രമാകയാൽ നമ്മുടെ ഓർമ്മയിൽപ്പെടുന്നതുമാണ്. അവ പ്രധാനമായി ഫുട്ബാൾ, ക്രിക്കെറ്റ് (foot ball cricket) എന്നിവകളിൽ നിന്നാണെന്നാണ് കേട്ടിട്ടുള്ളത്. അതുകൊണ്ട് ആ വക വ്യായാമങ്ങളിൽ അല്പമൊന്നു സൂക്ഷിക്കണം. കണ്ണുകാലും കെടിയുക, പല്ലുപോക, എല്ലു തകരുക മുതലായ അപായങ്ങൾ സാധാരണങ്ങളാണല്ലോ. ചിലപ്പോൾ എത്ര സൂക്ഷിച്ചാലും ഇത്തരത്തിനു സംഭവിക്കുന്നതാണ്. മത്സരാവസരങ്ങളിൽ ഏതു ഫലത്തെ പ്രതീക്ഷിച്ചുകൊണ്ടിരിക്കുന്നുവോ ആ ഫലപ്രാപ്തിയിൽ തന്നെ ബദ്ധശ്രദ്ധരായിരിക്കുന്ന കളിക്കൂട്ടുകാർ തങ്ങളുടെ ആരോഗ്യത്തെപ്പറ്റിയും ചിലപ്പോൾ ജീവനെ വിസ്മൃതന്മാരായി പ്രവൃത്തിക്കുന്നതു മനുഷ്യസ്വഭാവമാണല്ലോ. അതുകൊണ്ടാണ് ഇത്തരം അപായങ്ങൾ ചിലപ്പോൾ അനിവാര്യങ്ങളാണെന്നു പറയുന്നത്.

ബാലന്മാർക്കും വൃദ്ധന്മാർക്കും ദേഹായാസം വേണ്ടെന്നു പറയുന്നതു സാധാരണയും തെറ്റായും ഉള്ള ഒരു ധാരണയാകുന്നു. കഠിനമായ കായികാഭ്യാസം ഈ രണ്ടു കൂട്ടർക്കും ദോഷാവഹമാണെന്നു സമ്മതിക്കാതെ നിവൃത്തിയില്ലാ എങ്കിലും ശരീരസ്ഥിതിക്കനുസരിച്ചും ലഘുവായ ആയാസം കൊണ്ടു യാതൊരു ദോഷവും നേരിടുന്നതല്ലാ. നേരെ മറിച്ചു അതുകൊണ്ടു വളരെ ഗുണങ്ങൾ എല്ലാം സിദ്ധിപ്പാനുണ്ടുതാനും.

വ്യായാമത്തിനുള്ള സമയവും, സ്ഥലവും. കാലത്തെ സമയങ്ങളാണ് വ്യായാമത്തിനുത്തമം. കാലത്തു സമയമില്ലാത്തവർക്ക് പകലോ, രാത്രിയിലോ ഏതെങ്കിലും സൗകര്യമുള്ള സമയത്തു വ്യായാമം ചെയ്യാം. പക്ഷേ കാലത്തല്ലെങ്കിൽ പിന്നെ നല്ലതു വൈകുന്നേരമാണ്. വ്യായാമസമയത്തു വയററിൽ ഭക്ഷണം നിറ

ഞെട്ടിരിക്കുകയൊ, തീരെ ഇല്ലാതിരിക്കുകയൊ ആണു. അതുകൊണ്ടാണ് കാലത്തല്ലെങ്കിൽ ഈ ദോഷം കൂടാത്ത സമയം പിന്നെ വൈകുന്നേരമാണെന്നു പറഞ്ഞതു. ഇതു കഴിയുന്നതും ധാരാളം വായുസഞ്ചാരമുള്ള തുറസ്സായ സ്ഥലത്തു വെച്ചു ചെയ്യണം. വല്ല മുറിക്കകത്തു വെച്ചാണ് ചെയ്യുന്നത് എങ്കിൽ അതിന്റെ വാതിലുകളും, ജനേലകളും എല്ലാം തുറന്നിടണം. ശീതവാതപ്രചാരമുള്ള വർഷകാലങ്ങളിൽ പുറത്തിറങ്ങി വ്യായാമം ചെയ്യുമ്പോൾ ജലദോഷവും മററും ബാധിപ്പാതിരിപ്പാൻ തക്കതായി വസ്ത്രങ്ങൾ കൊണ്ടോ കുപ്പായങ്ങൾ കൊണ്ടോ ദേഹത്തെ രക്ഷിക്കണം.

വ്യായാമവും ശരീരസ്വഭാവും. എല്ലാവർക്കും പററുന്നതായ ഒരു വ്യായാമനിയമം ഉണ്ടാക്കുവാൻ സാധിക്കുന്നതല്ലെന്നു മുമ്പു പറഞ്ഞിട്ടുണ്ടല്ലോ. ഓരോരുത്തർക്കും യോജിക്കുന്നതിന്നതാണെന്ന് അവരുടെ ശരീരസ്ഥിതിക്കനുസരിച്ച് അവരവർ തന്നെയാണ് തീർച്ചപ്പെടുത്തേണ്ടതു. ഒരു ബലമുള്ള ആൾക്കു വേണ്ടുന്ന വ്യായാമത്തിൽ കുറച്ചേ ബലഹീനന്നു വേണ്ടു. വലിയ ദേഹാദ്ധ്വാനം ചെയ്തു ഉപജീവനം കഴിക്കുന്ന തൊഴിൽക്കാർ വ്യായാമത്തിന്നായി പ്രത്യേകം ഒരു സമയം കളയേണമെന്നില്ല. ശരീരം ഒരു പോഷകസ്ഥിതിയിലും ആരോഗ്യസ്ഥിതിയിലും വെക്കുന്നതിന്നു വ്യായാമം മുഖ്യമായ ഒരു ഉപകരണമാണെന്നു മേൽപറഞ്ഞ സംഗതികളിൽ നിന്നും പ്രത്യക്ഷമാണല്ലോ.

വ്യായാമം രോഗനിവാരണത്തിന്നുള്ള ഒരു മാർഗ്ഗമായി ഭവിക്കുന്നതു. വ്യായാമം മനുഷ്യശരീരത്തെ ആക്രമിക്കുന്ന സകല രോഗങ്ങൾക്കും ഫലിക്കുന്നതായ ഒരു സിദ്ധൌഷധമായി ഗണിക്കപ്പെടുവാൻ പാടില്ലെങ്കിലും, അതുകൊണ്ടു പ്രത്യക്ഷത്തിൽ സുഖപ്പെടുത്താവുന്ന ശരീരസ്ഥിതികൾ പലതും ഉണ്ടു. ക്രമമായി വ്യായാമം ചെയ്യുന്ന ഒരാൾക്ക തന്റെ സാമാന്യമായ ശരീരപോഷണസ്ഥിതി അഭിവൃദ്ധികരിക്കുകയും, രോഗോല്പാദകങ്ങളായ ക്രിമികളുടെ ആക്രമണത്തെ എതിർത്തു നില്പാൻ ശക്തിയുണ്ടാവുകയും ചെയ്യുന്നു. മുഖ്യതാഴ്വും നാഡിസ്സുഷിരവുമുള്ള മാംസങ്ങൾക്ക് ആയാസം കൊടുക്കുന്ന അഭ്യാസങ്ങൾകൊണ്ടു ദീപനക്ഷയം മാറുന്നതും, ശോധനക്കുറവ് ഇല്ലാതാകുന്നതുമാകുന്നു. പരിണാമശക്തിസംബന്ധമായ ദീനങ്ങൾ (metabolic diseases) ചിലപ്പോൾ വ്യായാമംകൊണ്ടു ഭേദപ്പെടാവുന്നതെത്രെ. ചില ഞരമ്പുരോഗങ്ങൾക്കു വ്യായാമവും, ആരോഗ്യശാസ്ത്രവിധിക്കനുസരിച്ച താമസവും ഒരു മുഖ്യമായ ചികിത്സയാകുന്നു. അധികമായ മനോവ്യാപാരത്തിൽ നിന്നും, മനഃക്ഷോഭത്തിൽനിന്നുമുണ്ടാകുന്ന നാഡീരോഗങ്ങൾക്കു തുറസ്സായിട്ടുള്ള സ്ഥലങ്ങളിൽ വെച്ചു ചെയ്യുന്ന വ്യായാമം ഒരു നല്ല മരുന്നാകുന്നു. ക്ഷയരോഗത്തിന്റെ ലക്ഷണമുള്ളവർക്ക് ശ്വാസകോശത്തിന്റെ ശക്തിപൂർണ്ണമായി ഉപയോഗിച്ചു വായുസഞ്ചാരമുള്ള സ്ഥലത്തുവെച്ചു ചെയ്യുന്ന വ്യായാമം ഇപ്പോൾ നമ്മുടെ അറിവിൽ പെട്ടേടത്തോളമുള്ള നിരോധന ചികിത്സാമാർഗ്ഗങ്ങളിൽ വെച്ചു ഏററവും വിലയേറിയ ഒന്നാണെന്നുള്ളതിലേക്കു യാതൊരു വാദവുമില്ല. തുറസ്സായ സ്ഥലങ്ങളിലിരുന്നു പതിവായി ശ്വാസോച്ഛ്വാസം ചെയ്തു ശീലിക്കുന്നതായാൽ ആരംഭദശയിലുള്ള ക്ഷയരോഗിയുടെ ദീനം മാറുന്നതാണെന്നു കൂടി ബലമായി വാദിക്കുന്നുണ്ട്.

നാഹീം (nauheim), ഹെസ്സി (hesse), നാസാൻ (nassan) എന്നീ സ്ഥലങ്ങളിൽ ഹൃദയസംബന്ധമായ ദീനങ്ങൾ കൂടി ക്ലിപ്തമായ വ്യായാമംകൊണ്ടു ഇപ്പോൾ ചികിത്സിച്ചു ഭേദപ്പെടുത്തി വരുന്നതായി പറയുന്നു. ("Head and heart) ചെണ്ടു ഹൃദയസംബന്ധമായ രോഗങ്ങൾക്ക തീരെ ദേഹമനങ്ങാതെ ഇരുന്നു വിശ്രമമെടുക്കേണമെന്നായിരുന്നുവല്ലോ നിയ

സ്ഥാ. പരിശുദ്ധരക്തനാഡികളുടെ ഛാ രത്തെ ചുരുക്കാതെ പോലെയുള്ളായ രക്തസിരകളെ,അല്ലെങ്കിൽ ദുഷ്ടരക്തനാഡികളേയും (viens) മാറ്റും ഞെക്കി അവയിലെ രസം ഇറുപ്പിക്കുക മുതലായ പ്രവൃത്തികളാൽ രക്തം ശരീരത്തിൽ എങ്ങും വ്യാപിപ്പിക്കുന്നതിനു വ്യായാമം എത്രമാത്രം സഹായിക്കുന്നുണ്ടെന്നുള്ളതു നമ്മുടെ ശരീരശാസ്ത്രത്തെക്കുറിച്ചുള്ള ഇപ്പോഴത്തെ പരിഷ്കൃതജ്ഞാനം വളരെ ഭംഗിയായി വെളിപ്പെടുത്തിയിട്ടുണ്ട്. സ്വാതന്ത്ര്യമായി അല്പമൊന്ന് ആനങ്ങിയാൽ വേണ്ടതിൻവണ്ണം ശ്വാസം വിടുവാൻ കഴിയാത്ത അസാദ്ധ്യമായ അനേകം ഹൃദയരോഗങ്ങൾക്കു കൂടി വളരെ സൌഖ്യമായ ചികിത്സയും, സാധാരണമായ പെരുമാറ്റങ്ങളും ഇപ്പോൾ വളരെ ഉപകാരപ്രദമാണെന്നു കണ്ടിരിക്കുന്നു. ഇത്രത്തോളം കഠിനമല്ലാത്ത ചലനങ്ങളിൽ ഇതിലും അല്പം കൂടുതലായി ദേഹാഭ്യാസങ്ങൾ ചെയ്യുവരുന്നുണ്ട്. ഇതിൽ പല വിധമായ ചലനങ്ങളും അടങ്ങിയിട്ടുണ്ട്. പക്ഷെ അവയെ ആ ചലനം ചെയ്യുന്ന സമയത്തിൽ പരിശുശ്രൂഷകന്മാരൊ തന്നത്താനേയോ അല്പാല്പമായി നിയന്ത്രണം ചെയ്യുവരുന്നു. ചലനങ്ങൾ ഒന്നിൽ അധികം തുടരെത്തുടരെ ചെയ്യരുതു. ഈ വക അഭ്യാസങ്ങൾ ചെയ്യുമ്പോൾ രോഗിയുടെ സ്ഥിതിയെ പ്രത്യേകിച്ചു സൂക്ഷിക്കണം. ശ്വാസം മുട്ടു, ചുണ്ടിന്മേലോ കവിൾത്തടത്തിലോ നീലിമയുക, നാസാരന്ധ്രങ്ങൾ വിടരുക, വായയുടെ കോണു ചുളുക, നെറ്റി ചുളുക്കുക, കോട്ടുവായിടുക മുതലായി ശ്വാസോച്ഛ്വാസത്തിനോ, രക്തസഞ്ചാരത്തിനോ തടസ്ഥം നേരിട്ടതായ വല്ല ലക്ഷണങ്ങളും കണ്ടാൽ, അഭ്യാസം നിർത്തുകയും വിശ്രമമെടുക്കയും വേണം. അഭ്യാസം ചെയ്യുമ്പോൾ രോഗി ക്രമമായി ശ്വാസോച്ഛ്വാസം ചെയ്യണം. ആ സമയത്തിൽ ധരിക്കുന്ന വസ്ത്രങ്ങൾ ഘനം കുറഞ്ഞിരിക്കണം. ദേഹത്തിൽ ഒട്ടും മുറുകിയിരിക്കുകയുമരുതു. ദേഹത്തിൽ കൊഴുപ്പധികമായി സ്ഥൂലിച്ച ശരീരമുള്ളവർ ഒരു കുന്നിൻ്റെ മുകളിലേക്കു പ്രതിദിനം അല്പാല്പം മുഴം അധികമധികമായി നടന്നു ശീലിച്ചു വരുന്നതു വളരെ നല്ലതാകുന്നു.

കോയാത്തു കൊച്ചുണ്ണിമേനോൻ.

വള്ളോർകവിത

കുട്ടിലെകിളി.

(തുടർച്ച)

എല്ലാക്കുശ്രമമെത്തുന്നവിദ്ദ്വയിപ്പോൾ
അല്ലാതൊന്നുൽകടിയങ്ങൾകരിക്കപ്പെടും
എല്ലാംതൊഴിലമയ്യിൽപ്രമാദമില്ലാ
തില്ലാതമധുപകലത്തിലിനമെന്നം. 48

മാമരങ്ങൾ,പട്ടിപ്പച്ചമക്കടങ്ങളിവിധം
കിളജനനാംസ്വസ്തിയ്ക്കധീനമായവർ
ഹാ!മനസ്സുരുപമന്നു,കഷ്ടം!ദിവ്യരൂപ

(വാൽ

ധീമതാ മില്ലയെങ്കിലെന്തിതിൻപ്രയോ

(ജനം. 49

റോട്ടിൽകൂടിനടത്തണം,പൂലയരും
ഹിന്ദുക്കളും വരേണം
കെട്ടിൽതാഴ്ന്നവരെത്രയിക്കിലോരാന്നാൾ
രണ്ടുകൂട്ടില്ലാതെപോം
പാട്ടിൽചേർത്തു പാടേണമേകകടിയാ
രെല്ലാം സുഖിക്കുന്നതാൽ
താട്ടിപ്പൂട്ടിലകം കളിക്കുവിലയാ
മീട്ടം കിടാതെ ന്നപോൽ. 50

നാട്ടുവള്ളുവരെച്ചിട്ടംവിധം
കേട്ടുവോകിരണനാഥുള്ളലോകരേ!

ക്കൂട്ടകർ പുലയർ മഹീന്ദ്രവംശ്യരാ-
ണൊരു പാത്രവരൊടേവരാതിടാം. 51

കേണിടാതെ സരസീരുഹാനനാം
താണിടാതെ പുലയൻ വരുംവരു
പ്രാണിമദ്ധ്യമതിലൊതുക്കിച്ചിടും.
പാണിപല്ലവങ്ങളും തൊഴുതൊഴു 52

രാമണീയകഗുണങ്ങൾ തിങ്ങിടും
രാമവർമ്മധരണീധരവംശജൻ
ഈ മഹാപുലയസംഘമാദ്ധിയെ
സോമകോമളയശസ്സിനാൽ പാറ്റിടും 53

കാടകത്തിലെഴുന്നേതൊരുപോലെയി
നാടകത്തിവരെ വഴിയേ നടന്നിടാം
മാടമ്പിപദമായിധേയമി-
നാടകത്തിലമരുന്നവരുമവർ. 54

നിർജ്ജിതാമരവരർ സ്വധീനതാ
നർജ്ജിടാതെ നരപാലസേവകർ
ഊർജ്ജിതം ജലവുമത്രവരുവ-
ർജ്ജിതം ധനവുമല്ലതേകിടും. 55

ശ്രീലസിദ്ധിവിലസൽ നരാലകാ-
ലാലയത്തിലകന്നതമ്പുരാൻ
മാലകറ്റുമവിടുന്നഹോ! സൽ-
പാലനൈകരതനാണനിത്യവും. 56

കരുണതൂകുമഹനീയനാമകൻ
റൊരുതുപ്പുകലയന്നമേനവൻ
മാതൃവള്ളിപസമാജവല്ലിവാ-
ഴട്ടെതെഴുധാരയിൽ നനച്ചു വരുത്തിടും 57

ഇപ്പുരങ്ങളിലെഴിഗംഭൂടിമാ-
ക്കുപ്പുകാം കുപ്പടവ പാത്തിടും മഹാൻ
അപ്പുമേനവനുമൂരുമഹോ പി-
ന്നപ്പുറം കിമപി വന്നതുണ്ടുവോ? 58

പലവിധുധരമിവിധത്തിലോമൽ
പുലയസഭാപരിപാലനാൽ കരോകം
പുലരുകൾ നില്ക്കുമന്നവർ-
കലുപഭ്രതിമീനമ്പലമാ ഗൂമിച്ചുപോകം. 59

ധാതാവാമിച്ചിപീലിക്കാവധി
ജാലാന്തരേഷ നിധം
വാതാകാരമെന്നിട്ടുനാസകല
ഭൂതപ്രഭ്രമപ്രദ!
ഭൂതാത്മകമശേഷമാറിയധുനാ
വശ്ശ്വാർകൾ തിങ്ങുമീഭഗ-
നാതാരേ! കരുണാവലോകനലവം
കൊണ്ടിമ്മൊ! പാലിക്കണേ! 60

ശുഭം.

കെ. പി. കറുപ്പൻ.

ആ ത്മ ഹ ത്യ

ആത്മഹത്യ എന്നതു മനുഷ്യലോകത്തിൽ മാത്രം കാണപ്പെടുന്ന ഒരു വിശേഷസംഭവമാകുന്നു. പെട്ടെന്നുണ്ടാകുന്ന മനോവികാരങ്ങളെ നിയമനം ചെയ്യുന്നതിന്നു മനസ്സിന്നു പ്രകൃത്യാ ഉള്ള ശക്തി ഇല്ലാതാകുമ്പോളല്ലാതെ ആത്മഹത്യ സാദ്ധ്യപ്പെടുന്നതല്ല. പക്ഷിമൃഗാദികൾ ജീവിതയുദ്ധത്തെപ്പററി യാതൊരു വിധത്തിലും ആലോചിക്കാത്തതുകൊണ്ടും അവസ്ഥ അറിയുന്നതിനുള്ള ശക്തി ഇല്ലാത്തതിനാലും സ്വേച്ഛപോലെ ജീവിതസമ്പ്രദായങ്ങൾ ഒരുക്കുന്നതിന്നു അവസ്ഥ തീരെ സാധിക്കുന്നില്ല. ഇങ്ങിനെയുള്ള സംഗതികൾ ഒരുക്കുന്നതിന്നുള്ള ശക്തിയും, തന്നിമിത്തം ആത്മഹത്യക്കുള്ള പ്രാപ്തിയും മനുഷ്യബുദ്ധിയുടെ വളർച്ചയെ അനുസരിച്ചിരിക്കുന്നു. ഈ വളർച്ചക്കനുസാരമായാണ് മനുഷ്യലോകത്തിൽ മാത്രം കാണപ്പെടുന്ന സ്വബോധമില്ലായ്മയും (ചിത്തഭ്രമം) സംഭവിക്കുന്നത്. ചിത്തഭ്രമവും ആത്മഹത്യയും തമ്മിൽ വളരെ ചേർച്ചയുണ്ട്. മനഃശക്തിയെ അധികരിപ്പിക്കുന്നതായ ഒരു ബുദ്ധിശക്തി മൃഗങ്ങൾക്കില്ലാത്തതുകൊണ്ട് ആത്മഹത്യ മുതലായ വിശേഷസംഭവ

ങ്ങൾ അവയുടെ ഇടയിൽ കാണപ്പെടുന്നില്ല.

ബുദ്ധിശക്തിയുടെ വളൎച്ചയോടുകൂടിയാണ് ആത്മഹത്യ സാദ്ധ്യപ്പെടുന്നത്. പരിഷ്കാരം വൎദ്ധിക്കുന്നതോടുകൂടി ആത്മഹത്യയുടെ സംഖ്യയും വൎദ്ധിക്കുന്നു. ഏററവും പരിഷ്കാരം സിദ്ധിച്ചിട്ടുള്ള രാജ്യങ്ങളിലും സമുദായങ്ങളിലും ആകുന്നു ആത്മഹത്യ ധാരാളം കാണപ്പെടുന്നത്. ആത്മഹത്യയെപ്പററി എച്ച്. മോർസല്ലി (H. Morselli) എന്ന പണ്ഡിതൻ എഴുതിട്ടുള്ള പുസ്തകത്തിൽ ചേൎത്തു കാണുന്ന പരിശോധനാ കണക്കിൽ (statistics) നിന്ന് പത്തൊമ്പതാം നൂററാണ്ടിൽ യൂറോപ്പിലെ എല്ലാ രാജ്യത്തും ആത്മഹത്യക്കേസ്സുകളുടെ സംഖ്യ ക്രമേണയായി കൂടി വന്നിട്ടുണ്ടെന്നു കാണാം.

പരിഷ്കൃതരാജ്യങ്ങളിലാണ് ഇതു അധികം ഉണ്ടാകുന്നത് എന്നു മാത്രമല്ല അവിടെത്തന്നെയും ഈ കൃത്യം അധികം സംഭവിക്കുന്നത് ഉയൎന്നതരം വിദ്യാഭ്യാസം സിദ്ധിച്ചിട്ടുള്ളവരുടെ സമുദായത്തിലാണ്. 'മോർസല്ലി' ഇതിലേയ്ക്കു ശരിയായ തെളിവുകൾ ഹാജരാക്കീട്ടുണ്ട്. എത്രയും പ്രാഥമികമായ വിധത്തിലാണ് ഒരു സമുദായം ജീവിക്കുന്നത്, എത്രയും അപരിഷ്കൃതന്മാരാണ് ആ സമുദായത്തിലെ അംഗങ്ങൾ, അത്രയും കുറവായിട്ടേ ആ സമുദായത്തിൽ ആത്മഹത്യയും ഉണ്ടാകുന്നുള്ളു. സമുദായം, അഭ്യുന്നതിയെ പ്രാപിക്കയും, സാമുദായികവാസം കൂടി കൂടി ബുദ്ധിമുട്ടുള്ളതായിവരികയും ചെയ്യുമ്പോൾ ആത്മഹത്യയുടെ സംഖ്യയും ക്രമേണ കൂടി കൂടി വരുന്നു. വിദ്യാഭ്യാസത്തിന്റെ ഒരു ദോഷമാണ് ഇത് എന്ന് ആരും ശഠിക്കയില്ല. പ്രാഥമികവും തന്നിമിത്തം പ്രകൃത്യാനുസാരവും ആയ രീതിയിൽനിന്നു ജീവിതസമ്പ്രദായം വളരെ വ്യത്യാസപ്പെട്ടുവരികയും അകാലമായും അത്യധികമായുമുള്ള മാനസിക പരിശ്രമങ്ങൾ കൂടി കൂടി വരികയും അതിനനുസാരമായ കായികപരിശ്രമങ്ങൾ ഇല്ലാതിരിക്കയും, അളവററ ആഗ്രഹത്തോടും അപരിമിതമായ ഉത്സാഹത്തോടുംകൂടി പണത്തിനും ബഹുമാനത്തിനുംവേണ്ടി മനുഷ്യർ ചെയ്യുന്ന അസാമാന്യപരിശ്രമങ്ങൾ വൎദ്ധിച്ചുവരികയും, അതോടുകൂടി അപ്രതീക്ഷിതങ്ങളായ നാശങ്ങളും ഇച്ഛാഭംഗങ്ങളും സംഭവിക്കുമ്പോൾ അവയെ നിവാരണം ചെയ്കയോ നിയന്ത്രണം ചെയ്കയോ ചെയ്യുന്നതിനു മനസ്സിനു ശക്തി ഇല്ലാതെ വരികയും, ചെയ്യുമ്പോൾ മനശ്ശക്തിയെ അധികരിച്ച ബുദ്ധിശക്തിക്ക് ക്ഷീണമുണ്ടാകുന്നതിൽ എന്താണ് അത്ഭുതപ്പെടുവാനുള്ളത്. ഈ ഘട്ടങ്ങളിൽ മനുഷ്യർ ആത്മഹത്യയിൽ ശരണം പ്രാപിക്കുന്നതു വളരെ പരിതാപകരംതന്നെ എങ്കിലും അത്ഭുതജനകമാണെന്നു തോന്നുന്നില്ല. മേല്പറയപ്പെട്ട സംഗതികൾ പരിഷ്കൃതജനങ്ങളുടെ ബാഹുല്യമുള്ള തലസ്ഥാന പട്ടണങ്ങളിൽ അധികം ശക്തിയോടെ കാണപ്പെടുന്നു; ആ സ്ഥലങ്ങളിൽതന്നെ, ഈ സംഗതികൾ അധികം ബാധിക്കുന്ന കൂട്ടരുടെ ഇടയിൽ, ആത്മഹത്യയും അധികരിച്ചു കാണുന്നു.

നീതിശാസ്ത്രകാരന്മാർ ആത്മഹത്യയെപ്പററി പറവാനുള്ളത് എന്താണെന്ന് ഇനി ആലോചിച്ചു നോക്കാം. ഭയത്തോടുകൂടിയ ഒരു വെറുപ്പാണ് 'മരണ'മെന്നു കേൾക്കുമ്പോൾ നമുക്ക് ആദ്യമായുണ്ടാകുന്ന സ്വാഭാവികവികാരം. കല്പിച്ചുകൂട്ടി ഒരുത്ത

ൻ മരൊരാജത്തെ ഹതിപ്പെടുത്തി എന്നു കേൾക്കുമ്പോൾ നമുക്കു കലശലായ ഭയവും അസഹനീയമായ വെറുപ്പും തോന്നുന്നു. ആത്മഹത്യ എന്നു കേൾക്കുമ്പോൾ തന്നെ അത് അപ്രകൃതവും ഭയങ്കരവും ആയ ഒരു നീചകൃത്യമെന്നു ഉടനെ തോന്നുന്നു. ആത്മഹത്യ ചെയ്യുന്നവന്റെ മൃതശരീരം പള്ളിക്കകത്തുള്ള ശവപ്പറമ്പിൽ അടക്കംചെയ്യരുതെന്നു വിധിച്ചിട്ടുള്ള ക്രിസ്ത്യാനികളുടെ നടപടിയും, തന്നെത്താൻ ഹിംസിച്ചവന്റെ പ്രേതത്തിനു മുക്തിയില്ലാതെ അത് അന്യർക്കു ദ്രോഹംചെയ്തുകൊണ്ട് അലഞ്ഞുനടക്കുമെന്നു നമ്മുടെ ഇടയിലുള്ള വിശ്വാസവും, ആത്മഹത്യയെപ്പറ്റി നമുക്കു പൊതുവിൽ തോന്നിയിരിക്കുന്ന വെറുപ്പിനു മതിയായ ലക്ഷ്യങ്ങളാകുന്നു. പുരാതന യവനന്മാരുടെ ഇടയിലും ആത്മഹത്യ നിന്ദ്യമെന്നു വിധിക്കപ്പെട്ടിരുന്നു. പ്രകൃതിനിയമങ്ങൾക്ക് അനാവശ്യമായി വിഘ്നം വരുത്തുന്നു എന്നുള്ള ന്യായത്തിന്മേൽ ആത്മഹത്യ ചെയ്യുന്നവനു ബഹുമാനപുരസ്സരം സാധാരണ ചെയ്യപ്പെട്ടുവരുന്ന ശവദാഹക്രിയ വിധിക്കപ്പെട്ടിരുന്നില്ല.

പക്ഷേ, ഈ വിഷയത്തിൽ തത്വജ്ഞാനികളുടെ മതം മുൻപ്രസ്താവിച്ചതിൽനിന്നു പണ്ടുപണ്ടേ വിപരീതമായിട്ടാകുന്നു. യവനതത്വജ്ഞാനികളിൽ പല വമ്പന്മാരും ആത്മഹത്യയെ നീതീകരിച്ചിട്ടുണ്ട്. ശരിയായ വിലയും കൂലിയും ഇല്ലെന്നു തെളിയുകയോ, ദുസ്സഹമെന്നു തോന്നുകയോ ചെയ്താൽ ജീവിതഭാരം താഴെ വെക്കുക എന്നതു മനുഷ്യർക്കു പ്രത്യേകമുള്ള ഒരു അവകാശവും അധികാരവും ആണെന്നാണ് അവരുടെ വാദം. രാജ്യഭരണവിഷയത്തിലും സാഹിത്യകളരിയിലും മാന്യസ്ഥാനം വഹിച്ചിരുന്ന പലരും ഈ അവകാശം ന്യായമെന്നു സമ്മതിച്ച്, ആദരപുരസ്സരം അംഗീകരിച്ച്, പൂർണ്ണമനസ്സോടെ അപ്രകാരം പ്രവർത്തിച്ചിട്ടും ഉണ്ട്. ഉല്പതിഷ്ണുക്കളായ ആധുനികതത്വജ്ഞാനികളുടെയും പോക്ക് ആകപ്പാടെ ഈ വഴിക്കുതന്നെ അല്ലയോ എന്നു സംശയിക്കുന്നു. ആത്മഹത്യയെപ്പറ്റി താൻ എഴുതീട്ടുള്ള പ്രബന്ധത്തിൽ ഹ്യൂം (Hume) എന്ന വിശ്വവിശ്രുതനായ പണ്ഡിതൻ അത് എപ്പോഴെല്ലാം നീതീകരിക്കപ്പെടാമെന്നു കാണിച്ചിട്ടുണ്ട്. 'മനുഷ്യജീവനെ യഥേഷ്ടം ഇല്ലായ്മചെയ്യുന്നതിനുള്ള അധികാരം ദൈവത്തിനു മാത്രമേ ഉള്ളൂ എന്നോ, ആത്മഹത്യചെയ്യുന്നതു ദൈവത്തിന്റെ അധികാരത്തിരുത്തികളെ അതിലംഘിക്കുന്നതാണെന്നോ, പറയുന്നതിൽ വല്ല വാസ്തവവുമുണ്ടെങ്കിൽ, തന്നെത്താൻ ഹതിപ്പെടുത്തുന്നതു മാത്രമല്ല, ആത്മരക്ഷയ്ക്കുചെയ്യുന്ന പരിശ്രമങ്ങളുംകൂടി ദൈവേച്ഛയ്ക്കു വിരോധമായിട്ടുള്ളവയും, തന്നിമിത്തം ഇഹത്തിലും പരത്തിലും ഒരുപോലെ ശിക്ഷാർഹങ്ങളും ആയിരിക്കണം. തന്റെ തലയിൽ വീഴുവാൻ പോകുന്ന ഒരു മരത്തിന്റെ ചുവട്ടിൽനിന്നു ജീവനിൽ കൊതിയോടുകൂടി മാറിപ്പോകുന്നതും ഞരമ്പുകളിൽകൂടി അശ്രാന്തം ഒഴുകിക്കൊണ്ടിരിക്കുന്ന രക്തത്തിൽനിന്ന് അല്പം ഒരു കത്തികൊണ്ട് കുത്തി പുറത്തുകളയുന്നതുപോലെതന്നെ ശിക്ഷാർഹമായിരിക്കേണ്ടതാകുന്നു.'

അതുകൊണ്ട്, ഹ്യൂം പറയുന്നതു ആത്മഹത്യചെയ്യുന്നതു പാപകരമാണെങ്കിൽ ആത്മരക്ഷയ്ക്കു ശ്രമിക്കുന്നതും പാപമാണെന്നാണ്. പക്ഷേ, ആത്മരക്ഷയ്ക്കു മനുഷ്യൻ ശ്രമിക്കുന്നത് അവന്റെ സ്വാഭാവി

കമായും ആകസ്മികമായും ഉള്ള ഒരു മനോവികാരത്താലാണെന്നും, ആ വികാരം തന്നെ ഒരു പ്രകൃതിനിയമമായതുകൊണ്ട് അതു പാപകരമായിക്കൂടാ എന്നും വാദിക്കാം. എന്നാൽ ആത്മഹത്യക്കാരനും അതിനു ശരിയായ ഉത്തരം പറവാനുണ്ട്. തനിക്കു് ഇപ്രകാരം ഒരു മനോവികാരം ഉണ്ടായിരുന്നു എങ്കിൽ കൂടി തീൎച്ചയായും ഇപ്പോൾ ഇല്ലെന്നും, അതിനാൽ ആത്മരക്ഷയ്ക്കു പകരം ആത്മഹത്യയാകുന്നു തന്നിൽ സ്വാഭാവിക ശക്തിയായിത്തീൎന്നിരിക്കുന്നതു് എന്നും, തന്നിമിത്തം തന്നെത്താൻ ഹതിപ്പെടുത്തുന്നതു തന്റെ കാൎയ്യത്തിൽ എതുവിധവും പ്രകൃതിനിയമവിരോധമാകുവാൻ വഴിയില്ലെന്നും അവൻ പറയുന്നു. ആകയാൽ ആത്മഹത്യ ഒരിക്കലും ദൈവേച്ഛയ്ക്കു വിരോധമാകയില്ലെന്നാണ് ഹ്യൂം വാദിക്കുന്നത്.

ആത്മഹത്യ പ്രായേണ സമുദായസ്നേഹത്തിനും, ആത്മസ്നേഹത്തിനും തന്നെയും വിരോധമല്ലെന്നാണ് അദ്ദേഹത്തിന്റെ അഭിപ്രായം. അന്യൎക്കു യാതൊരുവിധത്തിലും യാതൊരു ഗുണവും ചെയ്യുന്നതിനു പ്രാപ്തനല്ലാത്തവനും, തന്റെ ജീവിതം അന്യൎക്കു മാത്രമല്ല തനിക്കുതന്നെയും ഒരു വെറും ഭാരം മാത്രമായിത്തീൎന്നിട്ടുള്ളവനും, ജീവിതസുഖങ്ങൾ ഒന്നും തനിക്കു് ഇനിമേലിൽ അനുഭാവ്യങ്ങളല്ലെന്നും നേരെമറിച്ചു ജീവിതയുദ്ധത്തിൽ മരണവേദനയ്ക്കും പരാജയത്തിനും മാത്രമല്ലാതെ താൻ പാത്രവാനല്ലെന്നും അനുഭവത്താൽ തെളിയിച്ചിട്ടുള്ളവനും, തന്റെ മരണത്താൽ തനിക്കും തന്റെ സമുദായത്തിനും നന്മയല്ലാതെ അശേഷം ദോഷം ഉണ്ടാകകയില്ലെന്നു തീൎച്ചയുള്ളവനും, ആയ ഒരു മനുഷ്യൻ ജീവിതദുഃഖം ആത്മഹത്യകൊണ്ട് അവസാനിപ്പിക്കുന്നതെങ്കിൽ അതു് ഒരിക്കലും തെറ്റാകയില്ലെന്ന് അദ്ദേഹം വിവരമായി വിസ്തരിക്കുന്നു. നേരെമറിച്ച്, ഈ പ്രകാരമുള്ള ആത്മഹത്യ ഉചിതവും സമുദായത്തിനു ഗുണകരവും, സമുദായത്തിൽ 'ഇത്തിക്കണ്ണി'കളായും വിഷബീജങ്ങളായും മാത്രം കഴിച്ചുകൂട്ടുന്ന ഇതരന്മാൎക്കു് അനുകരണീയമായ ഒരു മാതൃകയും ആകുന്നു. ഒരു മാതൃകാരാജ്യത്തെയും സമുദായത്തെയും വിവരിച്ചുംകൊണ്ടു സർ തോമസ് മൂർ (Sir Thomas Moor) എഴുതിട്ടുള്ള 'യുട്ടോപ്പിയാ' (Utopia) എന്ന പുസ്തകത്തിൽ, മാറാത്ത രോഗത്തിൽ കിടന്നു കഷ്ടപ്പെടുന്ന രോഗികളെ ആത്മഹത്യയ്ക്കു പ്രോത്സാഹിപ്പിക്കുന്നതു നല്ലതാണെന്നു പ്രസ്താവിച്ചിട്ടുണ്ട്. ജീവിതഭാരം ദുസ്സഹമെന്നു തോന്നിയാൽ താഴെ വെച്ചൊഴിയുന്നതിനു, വിശേഷബുദ്ധിയും ആലോചനയും ഉള്ള മനുഷ്യൎക്കുകൂടി സമുദായനിയമപ്രകാരം സ്വാതന്ത്ര്യമില്ലാത്തതു കഷ്ടമാണെന്നു കാൎലൈൽ (Carlyle) ഒരിക്കൽ പ്രസ്താവിച്ചിട്ടുണ്ട്.

ആത്മത്രാണനം ഒരിക്കലും മുടക്കപ്പെടുവാൻ വയ്യാത്ത ഒരു വിശിഷ്ടകൃത്യവും ആത്മഹത്യ എല്ലായ്പോഴും പ്രകൃതിനിയമവിരോധവും പാപവും ആണെന്നു പറയുവാൻ കാരണം കാണുന്നില്ല. 1756 മുതൽ 1763 വരെ യൂറോപ്പു മുഴുവനും ഉണ്ടായിരുന്ന സപ്തവൎഷകലഹകാലത്തിൽ (Seven years war) ഒരു പ്രധാന ഭാഗക്കാരനും, പ്രഷ്യാചക്രവൎത്തിയും, ധീരനായ യോദ്ധാവും ആയിരുന്ന ഫ്രെഡറിക് (Frederic The Great) എന്ന മഹാനായവൻ ആ യുദ്ധകാലം മുഴുവനും, ആത്മഹത്യ വേണ്ടി

വന്നാൽ ചെയ്യുന്നതിനുള്ള മൂൎഖതയാലോ ടുകൂടി ഒരു കുപ്പിയിൽ അല്പം വിഷം എല്ലാ സമയത്തും കൈവശം വെച്ചുകൊണ്ടിരുന്നു എന്നു കേട്ടിട്ടുണ്ട്. താൻ എപ്പോഴെങ്കിലും ശത്രുപക്ഷക്കാരാൽ തടവുകാരനാക്കപ്പെട്ടാൽ തന്നെ വീണ്ടെടുക്കുന്നതിനു തന്റെ രാജ്യത്തിനു അതുവരെ ഉണ്ടായ സകല ലാഭങ്ങളും വിട്ടുകൊടുക്കുന്നതിനു തന്റെ പ്രജകൾ മടിക്കില്ലെന്നും അപ്പോൾ അതുവരെ ചെയ്ത സകലപരിശ്രമങ്ങളും നിഷ്ഫലങ്ങളാകുമെന്നും, ഒന്ന്, ആ നാശംകൂടാതെ കഴിക്കുന്നതിലേയ്ക്കു തടവുകാരനാക്കപ്പെട്ട ഉടനെ ആത്മഹത്യചെയ്യുന്നതിനു ആ രാജകേസരി സന്നദ്ധനായിരുന്നു. തന്റെ രാജ്യത്തുനിന്നു നാടുകടത്തപ്പെട്ടവനും, അടുത്ത നാട്ടുകാരാൽ ഉപദ്രവിക്കപ്പെട്ടവനും ആയ തെമിസ്റ്റോക്ലീസ് (Themistocles) എന്ന അഥേനാ(Athens) രാജ്യത്തിലെ പൌരൻതന്നെ സ്വീകരിച്ചു രക്ഷിച്ച പേൎഷ്യാചക്രവൎത്തിയോടു പ്രവൃത്തിച്ചത് എന്താണ്? പേൎഷ്യാക്കാർ അഥേനാരാജ്യക്കാരോടു യുദ്ധം വേണമെന്നും അതിലേയ്ക്കു വേണ്ട സകല ഗൂഢതത്വങ്ങളും അറിയിച്ചുകൊടുക്കണമെന്നും ചക്രവൎത്തി അദ്ദേഹത്തോട് ആവശ്യപ്പെട്ടപ്പോൾ, ഉപകാരസ്മരണയും സ്വരാജ്യസ്നേഹവും ഒരുപോലെ ഉണ്ടായിരുന്ന ആ ഉത്തമപൌരൻ വിഷാശനംകൊണ്ടു രണ്ടു പക്ഷക്കാരെയും ദുഷിപ്പിക്കാതെയും തന്റെ മനസ്സാക്ഷിയെ കലപ്പെടുത്താതെയും കഴിച്ചു. അദ്ദേഹത്തെ ഇക്കാൎയ്യത്തിൽ ആർ കുറ്റം പറയും? അദ്ദേഹത്തിന്റെ ആത്മഹത്യ പാപകരമെന്ന് എങ്ങിനെ വിധിക്കും? ഇത്തരം സന്ദൎഭങ്ങളില്ലാതെയും തന്റെ ജീവിതത്തിൽ തനിക്കുതന്നെ വെറുപ്പും നിരാശയും തോന്നിയതുകൊണ്ടുമാത്രം ആത്മഹത്യചെയ്യുന്ന ഒരുവന്റെ നിവൃത്തിയും, തീരെ കുറകരവും ഒരിക്കലും ക്ഷന്തവ്യമല്ലാത്തതും ആണെന്നു പറയുവാൻ എനിക്കു ധൈൎയ്യമില്ല. എന്തോ തനിക്കു നേരിട്ട ചില തോൽമകളും, ഇച്ഛാഭംഗങ്ങളും, നഷ്ടങ്ങളും സഹിക്കുന്നതിനു പ്രാപ്തനല്ലാതെ, കേവലം ഒരു ഭീരുവിനെപ്പോലെ തന്റെ കുഡുംബങ്ങളെ ദാരിദ്ര്യത്തിലും അനാഥാവസ്ഥയിലും നിൎദ്ദാക്ഷിണ്യം വിട്ടുകൊണ്ട് ആത്മഹത്യചെയ്യുന്ന ഒരുവനെ നാം നിഷ്കാരുണ്യം കുറ്റപ്പെടുത്തണം. എന്നാൽ മാറാത്ത ചില രോഗങ്ങളാൽ വലരെ കഷ്ടപ്പെടുന്നവരും, താൻ തനിക്കും മറ്റുള്ളവൎക്കും ഒരുപോലെ വെറും ഭാരം മാത്രമായിത്തീൎന്നിട്ടുണ്ടെന്നും തന്റെ നാശം രണ്ടുകൂട്ടൎക്കും ഒരുപോലെ ഗുണാഭിവൃദ്ധിക്കു കാരണമാകുമെന്നും പൂൎണ്ണബോദ്ധ്യം വന്നിട്ടുള്ളവനും ആയ ഒരുവൻ ആത്മഹത്യചെയ്യുന്നതിനു മുതിൎന്നാൽ ആ കേസ്സു വിചാരണചെയ്യുന്ന നിഷ്പക്ഷപാതിയായ ജഡ്ജി നിഷ്കാരുണ്യം പ്രവൃത്തിക്കുമത്. ക്ഷമയോടും ധീരതയോടുംകൂടി കഷ്ടപ്പാടുകൾ സകലതും സഹിക്കുന്നവൻ വളരെ ബുദ്ധിമാനായവൻ എന്നതു നിൎവ്വിവാദം തന്നെ. സങ്കടത്തോടും അരിഷ്ടകളോടും മല്ലിടുന്ന ഒരു ധീരനേയും ധൈൎയ്യവാനായ ഒരു യോദ്ധാവിനെയും നാം ഒരുപോലെ ബഹുമാനിക്കുന്നു. എന്നാൽ നിശ്ചലമായ ധീരത കാണിക്കുന്നതു ഒരുത്തന്റെ മുറയല്ല. അതില്ലാത്തവൻ കൃത്യനിൎവ്വഹണത്തിൽ ശുഷ്കയില്ലാത്തവനുമല്ല. ധീരനായിരിക്കുന്നതു വളരെ വിശിഷ്ടവും വിശേഷവും തന്നെ. പക്ഷേ ധീരനല്ലാതിരിക്കുന്നതു സാധാരണവും ക്ഷന്തവ്യവും ആകുന്നു. ഒരുത്തൻ ധീരതയോടും ക്ഷമ

യോടും കൂടി ഒരു ഭാഗം വായിക്കുന്നു. മറ്റൊരുത്തൻ എടുത്തുവെച്ച് അക്ഷമനായി, നിസ്സഹായനായി, സാധൈര്യവാനായി വീഴുന്നു. ആ ദുഃഖിതനെ നാം അഭിനന്ദിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്നു. പക്ഷേ, മറ്റവനെ നാം പുച്ഛിക്കുകയോ കുറ്റപ്പെടുത്തുകയോ ചെയ്യുന്നില്ല. ഒന്നാമത്തവൻ നമ്മുടെ ബഹുമാനത്തിനും മറ്റൊരുത്തൻ നമ്മുടെ സന്താപത്തിനും പാത്രമാകുന്നു. ആത്മഹത്യ എങ്ങിനെ ആയാലും ആത്മഹത്യതന്നെ. അതുകൊണ്ടു അത് എപ്പോഴും പാപംതന്നെ എന്നുപറയുന്നവരോടു കൂടി ഞാൻ യോജിക്കുന്നില്ല. കണ്ണടച്ചു അപ്രകാരം വിധിക്കുന്നതു സൂക്ഷ്മാവലോകനവിശേഷതയില്ലാത്തതുകൊണ്ടാണെന്നാണ് എന്റെ വിശ്വാസം.

ആത്മഹത്യ ഭീരുത്വത്തിന്റെ ഫലമാണെന്ന സാധാരണ പറഞ്ഞുവരുന്നുണ്ട്. ഭീരുത്വത്താൽ ഉണ്ടായ ആത്മഹത്യാകേസ്സുകളും ധാരാളം ഉണ്ട്. ധീരതയോടുകൂടി തടസ്ഥങ്ങളോടുമല്ലിട്ടു, ക്ഷമയോടുകൂടി ഫലപ്രാപ്തിയ്ക്കു കാത്തിരിക്കുന്നതിനു ശക്തിയില്ലാത്ത ഒരുവന് എന്തെങ്കിലും ഒരു ദോഷം നേരിടുന്നു; അയാൾക്കു മുമ്പുണ്ടായിരുന്ന മനസ്സുകതികൂടി ഇപ്പോൾ ഇല്ലാതാകുകയും 'മരണംകൊണ്ട'ല്ലാതെ യാതൊരു മോചനമാർഗ്ഗവുമില്ലെന്നു എങ്ങിനെയോ ഒരു വിശ്വാസം വരികയും ചെയ്യുന്നു; അവസാനം അയാൾ ആത്മഹത്യയിൽ ശരണം പ്രാപിക്കുന്നു. ധീരനും ക്ഷമാബലമുള്ളവനും ആയ മറ്റൊരുത്തൻ ഇതേ സന്ദർഭത്തിൽതന്നെ സകലപ്രതിബന്ധങ്ങളോടും പോരാടുകയും ഒരു പുതിയ ജീവിതം വളരെ ആശയോടും സമാധാനത്തോടും കൂടി തുടങ്ങുകയും ചെയ്യുന്നു. തന്റെ പുള്ളികളുടെ പണം മുഴുവൻ അനാവശ്യമായി ചിലവുചെയ്തു പാപ്പരായി വെടിവെച്ചുമരിക്കുന്ന ഉണ്ടികക്കാരൻ ഭീരുവും അയാളുടെ കൃത്യം തീർച്ചയായും വളരെ നീചവും ആകുന്നു. എന്നാൽ "തെമിസ്റ്റോക്ലീസ്സി"നെപ്പോലെ അഗാധമായി ആലോചിച്ചു, ആവശ്യമെന്നുറച്ചു മാനത്തെയും സ്വാതന്ത്ര്യത്തെയും രക്ഷിക്കുന്നതിനുവേണ്ടി ആത്മഹത്യ ചെയ്യുന്നവനെ ഭീരുവെന്നു പറയുവാനും അയാളുടെ കൃത്യം നീചമെന്നു തിട്ടപ്പെടുത്തുവാനും വളരെ സൂക്ഷിക്കണം. സങ്കടത്തിൽനിന്നും സന്താപത്തിൽനിന്നും വിമുക്തനാകുന്നതിന് ആത്മഹത്യചെയ്യുന്നവന്റെ ഉദ്ദേശം അവനു സാധിക്കുന്നുണ്ടോ എന്നുള്ള ചോദ്യത്തിന് ഉത്തരം പറയണമെങ്കിൽ, ആത്മാവ്, മരണാനന്തരമുള്ള ജീവി, മുതലായ പലവിഷയങ്ങളെപ്പറ്റിയും പ്രസ്താവിക്കേണ്ടിവരുന്നതുകൊണ്ടും അതിലേക്ക് തല്ക്കാലം ഒരുക്കമില്ലാത്തതിനാലും ആ ചോദ്യം ഇവിടെ എടുക്കുന്നില്ല.

കാര്യസ്ഥിതി ഇങ്ങിനെ ഒക്കെ ആണെങ്കിലും ആത്മഹത്യചെയ്യുന്നത് ഏറക്കുറെ തെറ്റുതന്നെയാണ്. സാധാരണ ഒരുവൻ ആത്മഹത്യചെയ്യുമ്പോൾ താൻ തന്നെ തന്റെ ജീവിതത്തെ കുറ്റപ്പെടുത്തുകയും മിക്കവാറും ദോഷസമ്പൂർണ്ണമെന്നു വിധിക്കയും ചെയ്യുന്നു എന്നാണ് മനസ്സിലാക്കേണ്ടത്. പരമ്പരയായി അനുസരിച്ചുപോരുന്ന സദാചാരനിയമങ്ങളെ നിരാകരിക്കുന്നതിനു നിവൃത്തിയില്ലാതെ ഉടനടി ചാടിയും മറ്റും ആത്മഹത്യചെയ്യുന്ന കേസ്സുകൾ വേറെ ഒരുതരത്തിൽ തന്നെപെടുന്നു. ഈ വക ആത്മഹത്യകൾ മിക്കതും മനസ്സില്ലാതെയും, നിവൃത്തിയില്ലാത്തതിനാലും പരപ്രേരണയാലും മാത്രം ഉണ്ടാ

ഷിട്ടുള്ളവയും ഉണ്ടാകുന്നതാണെന്നു ഞാൻ വിശ്വസിക്കുന്നു. അപ്പോൾ ഈ വക കേസ്സുകൾ ആത്മഹത്യക്കേസ്സുകൾക്കുപകരം കലപാതകക്കേസ്സുകൾ ആയിത്തീരുകയും ചെയ്യുന്നു. പലപ്പോഴും ആത്മഹത്യ നീചമായ ഒരു ജീവിതത്തിന്റെ നീചമായ ഒരു അന്ത്യമാകുന്നു. ചിലപ്പോൾ അതു വിശിഷ്ടമായ ജീവിതത്തിന്റെ നീചമായ അന്ത്യമായും വരാം. അപൂർവ്വം ചിലപ്പോൾ ആത്മഹത്യ വിശിഷ്ടമായ ഒരു ജീവിതത്തിന്റെ വിശിഷ്ടമായ ഒരു അന്ത്യവും ആകാറുണ്ട്. അധികഭാഗവും അത് നീചമായ ഒരു ജീവന്റെ നീചമായ അവസാനം തന്നെ ആകുന്നു.

ആത്മഹത്യയുടെ ഒരു കണക്കെടുത്തു പരിശോധിക്കുന്നതായാൽ അതിനുള്ള കാരണങ്ങളെപ്പറ്റിയും അല്പം ചിലതെല്ലാം ധരിക്കുന്നതിനു സാധിക്കുന്നതാണ്. നൂറിനുമുപ്പത്തഞ്ചുവീതം കേസ്സുകളിൽ ആത്മഹത്യക്കുകാരണം ചിത്തഭ്രമമാകുന്നു. അസഹ്യമായ ദേഹപീഡ, ജീവിതത്തിലുള്ള നിരാശ, മദ്യപാനം മുതലായ ദുശ്ശീലങ്ങൾ, കുഡുംബവഴക്കിൽനിന്നും മറ്റും ഉണ്ടാകുന്ന മനോവ്യസനം, അപമാനം ശിക്ഷ മുതലായവയാണ് പിന്നീട് ഗണനീയങ്ങളായികാണപ്പെടുന്നത്. 'കാമനിരാശ' ഉണ്ടാകുന്ന വഴക്കുകൾ മൂന്നാമതായിവരുന്നു. സാധാരണയായി മനസ്സ്, ശരീരം, സമ്പത്ത്, സമുദായബന്ധം, ഈവക സംഗതികളിൽ ഒന്നിൽ അധികം ഇനത്തിൽ, പലപ്പോഴും എല്ലാറ്റിലും, വൈകല്യം വന്നിട്ടുള്ളവരാണ് ആത്മഹത്യ ചെയ്യുന്നത്. മദ്യപാനംമുതലായ ദുശ്ശീലങ്ങൾ ആത്മഹത്യയെക്കാൾ അധികം കലപാതകത്തിന്നാണ് കാരണമുണ്ടാക്കുന്നതെങ്കിലും, മദ്യപാനികളായ മാതാപിതാക്കന്മാരിൽ കാണപ്പെടുന്ന നീചസ്വഭാവങ്ങൾ സന്താനങ്ങളിൽകൂടി പകൎന്നുകാണുന്നതു സാധാരണയാകുന്നു. മദ്യപാനം ഒരു മനുഷ്യന്റെ മാനസികവും ദൈഹികവും ആയ ശക്തികളെ നശിപ്പിക്കുന്നു. അതു തലച്ചോറിനെ അലങ്കോലപ്പെടുത്തുകയും ശരീരപീഡയും ജീവിതത്തോടു ഒരു വെറുപ്പും ഉണ്ടാക്കുകയും ചെയ്യുന്നു. അതു സമ്പത്തിനു ശത്രുവും, ഭവനസുഖത്തിനു കോടാലിയും, അടിപിടി, കലപാതകം മുതലായ കേസ്സുകൾക്ക് കാരണവും ആകുന്നു. അതു പലപ്പോഴും വ്യസനത്തിന്നും അപമാനത്തിന്നും ദേഹനാശത്തിന്നും വഴിയാകുന്നു. മദ്യപാനം സകലമനുഷ്യരും ഉപേക്ഷിക്കേണ്ടതാകുന്നു.

അധികം ആത്മഹത്യക്കേസ്സുകൾ ഉണ്ടാകുന്ന സമുദായത്തിന്നും രാജ്യത്തിന്നും എന്തെങ്കിലും കാതലായ ഒരു തകരാറുണ്ടെന്നു തീൎച്ചതന്നെ. എങ്കിലും ഈ ഒരു ഒറ്റ സംഗതിമാത്രം അടിസ്ഥാനപ്പെടുത്തി രാജ്യങ്ങളേയും സമുദായങ്ങളേയും സാരങ്ങളും നിസ്സാരങ്ങളും ആയി തരംതിരിക്കുന്നത് ഉചിതമായിരിക്കയില്ല.

ആത്മഹത്യ കാതരമായിക്കഴിച്ച ഒരു ജീവിതത്തിന്ന് തെളിവാകുന്നു. അത് അനാദരണീയമായ തെളിവല്ലെന്നു തീൎച്ചതന്നെ. ആത്മഹത്യ ഒരു പുതിയജീവിതത്തിന്റെ തുടക്കമാകുന്നു. പക്ഷെ, ആ പുതിയജീവിതം തുടങ്ങുന്നതിനു നിവൃത്തിയില്ലാതെ താൻ മരിക്കുന്നു എന്ന് ആത്മഹത്യക്കാരൻ വെളിപ്പെടുത്തുന്നു. എങ്കിലും, താൻതന്നെ ബാഹ്യമായ പ്രേരണയില്ലാതെ മരിക്കുന്നതുകൊണ്ട്, തന്റെ ഭൂതത്തെ പറ്റി തനിക്കുതന്നെ വ്യസനവും പുച്ഛവും ഉണ്ടെന്നും, നിവൃത്തിയുണ്ടായിരുന്നു എങ്കിൽ

താൻ ജീവിച്ചിരുന്ന ഒരു പുതിയ ജീവിതം തുടങ്ങുമായിരുന്നു എന്നും, അതിന്നു തീരെ അപ്രാപ്യനായതുകൊണ്ടുമാത്രം ഈ നീചകൃത്യം ചെയ്യുന്നു എന്നും, ഈ പ്രവൃത്തിയിൽനിന്നു വിശദമാകുന്നുണ്ട്. അയാളുടെ മനസ്സു തീരെ ഗുണശൂന്യമായിട്ടില്ലെന്നു തീർച്ചതന്നെ. അപ്രകാരമായിരുന്നെങ്കിൽ ഈ വ്യസനത്തിന്നും പശ്ചാത്താപത്തിന്നും എടയില്ലല്ലൊ. തങ്ങളിൽതന്നെ കാണപ്പെടുന്ന നാശകരങ്ങളായ നികൃഷ്ടവികാരങ്ങളെ നിഗ്രഹിക്കുന്നതിന്നു നിവൃത്തിയില്ലാത്തവരും, തങ്ങളുടെ ചുറ്റുമുള്ളവരിൽ കാണപ്പെടുന്ന അസഹനീയങ്ങളായ സ്വഭാവചാപല്യങ്ങളോടു മല്ലിടുന്നതിന്ന് ശേഷിയില്ലാത്തവരും, അവയിൽ ഏതെങ്കിലും ഒന്നിൽ പോലും വീണുപോകുന്നതു ദോഷകരമാണെന്നു ബോധമുണ്ടെങ്കിലും, ജീവനോടുകൂടി ഇരുന്നാൽ അപ്രകാരം വീഴാതിരിക്കുമെന്നുള്ളതിന്ന് അവശ്യം വേണ്ടുന്നതായ മനശ്ശക്തി ഇല്ലെന്നു അറിവുള്ളവരും ആയ സാധുക്കളാണ് അധികവും ആത്മഹത്യ ചെയ്യുന്നത്. തീരെ നികൃഷ്ടന്മാരും, കഠിനന്മാരും, ദുശ്ശീലങ്ങൾക്കുമാത്രം പാത്രവാന്മാരും ഗുണാംശം തീരെ ഇല്ലാത്തവരും ആയ ദുഷ്ടന്മാർ ആത്മഹത്യ ചെയ്യുന്നതല്ല. അതുകൊണ്ട് ആത്മഹത്യയാൽ ജീവിതനാശം വരുത്തുന്ന സാധുക്കളോടുകൂടി നാം സഹതപിക്കുകയും അപ്രകാരമുള്ള സാധുജനം ഇല്ലായ്മ ചെയ്യുന്നതിന്നു വേണ്ടി ശ്രമിക്കുകയും ആകുന്നു അവശ്യം ആവശ്യമായിട്ടുള്ളത്.

പുത്തേഴത്തു രാമമേനോൻ

കൈലാസയാത്രാപ്രബന്ധം

പൃഥ്വാണപ്രൌഢവിഖ്യാതകിരണാരൽ
കാലകോലാഹലേസ്സിൻ
പ്രാരേഭകാന്താകചാന്തപ്രണയസമുചിത
കല്പമിദ കാല്പ്പകാണ്ഡ
ആയാസംപൂണ്ടു കാറ്റും വെയിലുമുടലിലേ
ററാനാചാരമെന്ന്യാ
കായക്ലേശം നിതാന്തം കലയസി ഫലമെ
ന്തെന്നു ചിന്തിച്ചതില്ലാം.
നാലല്ലോകേൾപുരുഷാർത്ഥംഗതിതന്നെതാം
മോക്ഷമാസ്ഥാംപോരാക്ഷം (ധ-
ചാരെവച്ചേയ്ക്കുന്നമോകൈരവന്യപതികൾ
മാത്ഥലമെയ്യപ്രയാസം
കാലംമൂന്നാമതിന്നിങ്ങുചിതമിതുമന-
സ്സംഗനാശനരോഗം

ശീലിക്കാനിന്നുമോഹിച്ചതികിലുപഗതാ
കാപിദിവ്യാംഗനാതാൻ.
ഉദ്യത്താർദ്ധ്വായംവാസവവസ്ത്രചലത
ങ്ങിങ്ങിനാനാകവേശ്യാ
സ്സർവ്വൃദ്ധാം ചിത്തസമ്മോഹനമജവിഹിതം
ധന്യമസ്യാദ്ഭുതശ്രീനാം
ഉദ്യത്സൌന്ദര്യലക്ഷ്മ്യാഹ്വതമതിരബലാ
താസ്വഹംമാലിധാനാ
നിർവ്യാജാകൃതമകാമമനാപരവശാ
സർവ്വസന്താപംപ്രപന്നാ. (കാം
എന്നാലിതാപരിഗ്രഹാണെങ്ങനാംഭുവധ-
നിന്നാണെക്കൂത്തുമെന്തെന്നമഥിനാലോകേ
നന്ദാനിന്നിന്നാടൊരുമിച്ചുരമിച്ചുനിന്നാൽ
മുന്നാംപുത്രവരസമ്പത്തിന്നപോലെ.

അനന്തമൂർത്തിതിങ്കൾ—
        വാക്കുള്ള ഫണാസകൃതാ
ക്കണ്ണകചന്ദ്രസമാധാ—
        വശ്യാനാനിഷ്ഠിതാക്കേ
മനസിവിഗതമൃത്യു
        ശ്രോതൃഭേദേനാ[illegible]
ജനായതിവരസ്മരേ—
        സ്സുകതിമുദ്രാവികാരം.
മുദ്ധാപിരൈനയണനത്തുപല്ലവത ചാ
        പാണിദേശയോനാസ രസം
പ്രത്യംഗകതാപുംഗവസ്യസ്മപി
        ചെന്നുംതലോടിടിനാൻ
ചിത്രം ചിത്രമുരോരോമപ്പുതന്ത.
        നെപ്രാമപ്രായമാ—
ണ്ടെത്തും ചിത്തവികാരമേപ്പുറവെ—
        നമനായിതത്രാന്തരേ.
ശകതിംഭുജ്ലി സ്സുമാധേതിശേഷമഹതിം
        കരഭഗർക്കൊണ്ടുരം
വിത്രസ്യാശാപശംകാതരളിതമതിപിൻ—
        വാങ്ങിനിന്നാകലാംഗി
സഖ്രീചീഭിസ്സ്യൂർത്തിസ്സ്യഹതൊഴുതുപുറ—
        പ്പെട്ടുപാർപ്പെന്നാതാ
ഭർത്താരംഭേവരാജംവിരവൊടുതിരവു—
        ളളത്തിലാറ്റിവിശേഷം.
അനന്തരംഭീവിചക്രസാർവ്വഭൗമരാം
മനംതെളിഞ്ഞതാനിമിഷം വിചിന്തയൻ
ഖണ്ണാതകക്ഷരദേവനിസ്യമാക്തി—
സ്സപനന്ദനാഗ്രജവരമനമാപ്പവാൻ
വ്യാപ്തതന്ത്രവിളക്കിനിളുനിറയ—
        സ്ലാകംമഹോമണ്ഡലി
ദീപ്പ്രായാംപ്രസരാപ്പുരോളവിഖ്വ—
        ദ്യോതമാസമാധേസ്യദാ
നേത്രം ചേവൃത്താന്തനാക്ഷമെല്ലവിൽകണ്ടാ—
        നാകസ്ഥമേൽക്കമേ—

ലാത്മാകാന്തപെരിശ്രമേണകമപി
        പ്രാപ്പുംജരൽഭ്രാവമണം.
മോദാദിന്ദ്രസ്മഗ്രമഹിമപെരിയവേ—
        ത്രാസനംകൈക്കവെടിഞ്ഞ—
ങ്ങാസിനംസഭ്യേധ്വലകേവലമണിനായ—
        വാഴ്ത്തുംബാഷ്പ്പശാലി (നാ
കോദാവേശംവിഘ്നണപർകമപിഭാതങ്ങൾ
        തപ്പൂർമയംപത്രലേഖം
നാഥമാതപസ്യരാണാംനിജതനായകരെ
        ഹാഹാതാസ്യിത്യപാരീൽ.
അടനന്തരംമേല്പ്പൂമലേവള്ളതമരിയസ—
        ന്ദ്രാന്തികമ്പാനകമ്പാ—
പിന്താസന്താനവദ്ധാനിതമതിസഹസ
        പത്രലേഖംകരാത്ര്യം
വന്ദിപ്പാരാജ്ഞാനിചുല്ലപടവിമു
        കതിംഭിന്നോരാധേനോ
ധൻദ്യാനാംമൗലിതസ്ലിൻവിലിഖിതമപി—
        വാചയാമാസധീമാൻ. (ലം
(ഗദ്യം) സ്വസ്തിശ്രീമദകളങ്കപൃതവം
ശവികതാമണിപ്രകാണ്ഡായ കാണ്ഡകോദ
ണ്ഡമണ്ഡിതളജദണ്ഡായ കമമഹാരാജാ
യ രാജരാജവിജയകന്ദാകതനാഗ്രഹവിശ്വ
സംപതയേ ജംഭദേഹപിനന്ദനായ കാന്താ
രോസസംഹൃതപാ ബാഹുകൃതസ്യഥരംമ
സംവിഭാഗീ പൂരോഹിതോ ധൌമ്യോ വി
ജ്ഞാപയതേ ചൈത്രാടവീസീമനിശ്രാവ
ണമാസി ബാഹുലപക്ഷപഞ്ചമീനിശിപ്രവ
ത്തമാനായാം ഭേരിഘടികായാം വേദി
യോഗഹിനസതപ നധിഷ്ഠിതസത്താമാ
ത്രാന്ധ്യധിഷ്ഠിതാദിംശേത്തുമസ്സഹജാൻ പാ
ഞ്ചാലീമപിമദ്രാനൈഷീ കദ്ദനായകേത
നസ്സലോനാഗത്യ ഭീഷണജയഘോഷണാദ
ഖരിതഹരിന്മയോനാഗപ്പുരിംപ്രത്യാസസ
ർ മയാപ്പനരഭ്രവേത്തിനാപ്യത്താന്തമുപല
ഭ്യതരൈത്രവത രിതമാഗത്യ ദുഃഖാതിഭാര

പരമശോനാമൃതാനാംതേഷാമേഷാം ഭഗവതി കീർത്തിയാം നിവൃത്തിപ്രാഹിതശേഷകൃത്യാദി ക്ഷേണാലക്ഷ്മീവല്ലഭേവേദേഷ്വിതും ഭഗവ തിം പ്രതി കമപിതാപസം സന്ദിശ്യക്ഷിപ്ര മേവ മൽപിതൃഗൃഹേ പാത്രലേഖഃ പ്രേഷി തഃ തദവശ്യമഹാദേവേന താരിതമാഗ നമല്യം പാലനീയാഹിനിരാലംബനാഃ ക ലത്രവഃ പ്രതിവിമ്പ്രായഃ ഗ്രാഹ്യതാം പ മൂലാലംബിതാ ശേഷകൃത്യവ്രതചര്യേതി ശ്രു താദേവപ്രമാണം.

മാതാപിത്രുദേവനാദ്യന്തകപേഷിദ്രവ്യാർ
താൻകൊടുത്തോരലേഖം
ഖാദിതപ്പെട്ടകല്ലതരേ സമാ-
ന്നാമധിനാരരാതമ)
ആയതനംപ്പെട്ടെന്നിരാമ്ണീചീനകല-
യോദികർരാപണത്താനന്-
സ്ത്രോത്രംവീരാസമാദേഷമാദിനിഗം-
ഭിതപാചാകിടിടി.
ക്രിയാംപാഴ്ത്തിട്ടുർധ്വംധനാനിനുമ്പിശാ
[illegible]കൊണ്ടുവെവി.
പ്രിയ [illegible] സംകൽമഷമികിൽതടയതനുവിനാ-
[illegible]വരനാഭസാരൊന്നാം
ഘനം [illegible] ഭൃത്യനാസൗമ്യം ചരിതമിതുതു-
മഗ്രിമജാകൃത്യാമഹത്യാ (ലോ-
നിത്യം [illegible] താന്തികപ്രസൃതമജ നവിധ-
ന്തരായംചൊരാൻ,

ഒന്നാകെ [illegible] ക്കന്നാദ്യപ്പിസ്വരവരമതിമർ
മ [illegible] കുളൂരാതുലോകം
മന്ദിരം [illegible] കുലോത്താലോകവാനമിയലാ-
[illegible] ല്ലവാർത്താൾവിട്ടും
ഇന്നാക് [illegible] കാലശക്ത്യാപുനരുസഹസാ
[illegible] വിച്ചിടിലെന്നം
അന്നാതാ [illegible] വീണുകൊമ്പൊവാനലമലമതി
[illegible] ണോതവാടികല്ലാം. (നാ-

സർവ്വപ്രഭക്ഷ്മീസഹാരയേമസതിവതാലോ
നാല്ലാമനാമൃതോത്താ-
ലിക്കർമ്മംകോം തഥാപിപ്രഗ്ഭതമയഗിരം
വിശേഷസിച്ചിനതനൊ
നിശ്ശേഷലോകങ്ങളിലതിലതില-
ഭാതന്താൻ ഭ്രാതൃവ്രജാ-
നക്ഷീണാൻകുട്ടിയുംകൊണ്ടകിനൊടുവര
നരദേവഗാലമസ്തോൻ.
ഇതാണവിവ്യന്യശ്രേയാവിരവിനൊടഥവാ
ഭാവനാദശതിയേകൊ-
ണ്ടൊന്നിപ്പാവാപ്പ്യൂ മന്ത്രതമനിവിമല
സ്യാമൂപലെവിശേഷല്ലാം (തപ-
സ്സാദിപ്പോദൃഗ്രയോഗംഗിരിഷിലൂടലൊടുക്കു
ടെക്കനംഗസുമാകം.
ബ്രഹ്മാത്മാകല്പയമർപ്പിതുവെികൾവാ
തമാപ്പിന്നാപ്രസാദം.
ഇതമപോതതിന്നാസ്വതന്ത്യദാനിം
പൊട്ടനമപഷ്ഠ്യജന്മമഹാതമാ
അദ്ധ്യാസ്യർഭസനാഗരതമാദേഹം
പ്രത്യസ്മകസ്യാമേതാപഹോളും.
ശോകാന്ധനാംതദാനിം നമസിദിപ്പിതോദാ
പ്രസൃതേഹാനിനാദേ
വേഗാൽപായോതമായധമണിസ്വരവച്ചു
ഷർക്രുവർത്തിസൂതാന്നാം
ഇത്കർമ്മേ പരസ്സാല സാഹസമിതിസഹ-
ചൊന്നാണത്താതമപത്യാ (സാ
സാകംഹേഷാശ്രുവർഷീനിജസുതമഥഗാ-
ഢംപിടിപ്പാലിലംഗം.
എന്നീവത്സ! ശത്രുൻജ്ഞാഹിഷിവലോകേ
ഭൈ്ളപ്രസാദാപ്പിതമിവണ്ണം
സംബോധ്യതസ്യാപമിദമേകണ്ണ്
ജംബാമ്പമബോദ്ധമന്ത്രസാരം
ദൂരേന്യായവ്യസമുത്തിവിയോടനമ്മുമ-
നഹീനതദേവരാജ

ജൈത്രശ്രീകൾക്കു സിദ്ധികരണമൊരു സമം
കല്പയന്നാൽ ഉതാത്മാ
പ്രേത്യസ്മിൻ പാപനാശേ പരം വിധിയില-
ഗ്ന്യാപതേർന്നു കീലേ (പ-
സാദപ്രീതിക്കൈലാസയാത്രാംകലിതജ ചി-
ത്തൊണ്ടിവനു കിരീടി. (കി-

കൈലാസയാത്രാപ്രഥമാകിതാത്മാ-
ജ്ഞാനിയമന്ത്യാദിവിധാദിധേതി
ശ്രദ്ധായതാംസ്തുതിപ്പുഷ്പീന്ദ്രസൂനോ-
ഭേഷാചരിത്രസ്തുതിമാലാ.

സമാപ്തം.

മംഗളോദയം

വരിസംഖ്യ തപാൽ കൂലി അടക്കം

ഒരു കൊല്ലത്തേക്കു മുൻകൂർ 2—8—0   ആറുമാസത്തേക്കു മുൻകൂർ 1—6—0
ഒരു പ്രതിക്ക് മുൻകൂർ 0—4—0   വി. പി. കമ്മീഷൻ പുറമെ.

☞ വരിസംഖ്യ ബാക്കിവെച്ചിട്ടുള്ളവർ, അവരവർ അടയ്ക്കേണ്ടുന്ന സംഖ്യ ഉടനെ തീർത്തു രശീതി വാങ്ങേണ്ടതാണ്

സ്ഥിരപരസ്യങ്ങൾ

പരസ്യക്കൂലി എപ്പോഴും മുൻകൂറ്

വരി ഒന്നിന് മാസത്തിൽ 8-ണ പ്രകാരം എല്ലാ പരസ്യവും സ്വീകരിക്കുന്നതാണ്

മംഗളോദയം കമ്പനിയിൽ വില്പാനുള്ള ചില പുതിയ പുസ്തകങ്ങൾ.

കഥകൾ—

വിക്രമാദിത്യൻ കഥ	ക.	0-12
മദനകാമരാജൻ കഥ	ക.	0-01
സരസ കഥ	ക.	0—4
കഥാസരിത്സാഗരം	ക.	3—8

ജ്യോതിഷം

ഹോര 1-ാം ഭാഗം	ക.	3—8
ഹോര 2-ാം ഭാഗം	ക.	2—0
മുഹൂർത്തപദവി	ക.	1—4

നാഗരാക്ഷരം

അഷ്ടാംഗസംഗ്രഹം 1	ക.	5—0
വിടരാജവിജയം	ക.	0—6

അഭിജ്ഞാനശാകുന്തളം

വ്യാഖ്യാനം	ക	1	8
വാക്യതത്ത്വം	ക	0	6
കോകിലസന്ദേശം	ക	0	4
ശുകസന്ദേശം	ക	)	4

ഗ്രന്ഥാക്ഷരം

[illegible]	ക	1	0
ഭാരതം	ക	5	0
രഘുവംശം	ക	4	0
ഭാരതചമ്പു	ക	0	12
ഭോജചമ്പു	ക	0	12
ത്രിപുരാരി	ക	0	6

पिकसन्देशे

(द्वितीयसर्गः)

लोलाक्षीणां सदनशिखरोत्संगगानां मुखानि
स्वर्गात् पश्यन्निव किल विधुः पञ्चबाणावलीढः ।
प्राप्तोभूमिं लुठति नियतं स्वानु बिम्बापदेशान्
सन्माणिक्यप्रघटितशिलाकुट्टिमेषु प्रलब्धः ॥ ८ ॥

यस्मिन्नित्यं मधुरवचनैः पञ्जरान्तश्शुकाना
केकारावैः भवनशिखिनां सारसानां निनादैः ।
शिञ्जच्छिञ्जच्चरणसुदृशां नूपुरक्वाणजालै-
र्व्यर्थेवास्ते ह्युषसि रचिताऽव्यक्त मांगल्यगीतिः ॥ ९ ॥

रोलंबाळीं चिकुरनिकुरे पद्मशोभां च वक्त्रे
श्वासे वातानधरमृदुले पल्लवं कन्धरायाम् ।
कंबुं कोकं स्तनकलशयोरूरुयुग्मेचनाळं
बाहुद्वय्यां किल बिसलतां पद्मिनीयंति बालाः ॥ १० ॥

भ्रूवल्लीभ्यां धनुरलकजैर्ज्यांसुमास्त्राण्युपाङ्गै-
रम्यालापैः परभृतकुलं श्रोणिभारेण यानम् ।
वापीं नाभ्या कुसुमधनुषि प्लुष्टदेहे शिवेन
स्वान्यस्यैता नगरवनिता यत्र नूनं ह्रहार्षुः ॥ १० ॥

यस्मिन् साक्षाद्विजितकमलेभ्योऽङ्गनानां मुखेभ्यो-
रूपेभेदं प्रियसहचरस्याप्यनुद्वीक्ष्य बाला ।
रोहिण्येनं निजपतिममीभ्यो विशिष्येव बोद्धुं
मध्ये चिह्नं किमपि विदधे वक्षसश्शीतरश्मेः ॥ ११ ॥

यस्मिन् वीथीरनुविचरतां कामिनां कामदानां
कामस्यापि प्रकृतितरला वीक्ष्य शारीरकान्तीः ।
जाताशङ्कैर्विधिहरिशिवैरप्यहो यत्प्रियास्वां
आधीयन्ते स्वतनुषु सतीनां धुरि श्लाघनीयाः ॥ १२ ॥

यत्स्त्रीणां लुलितलुलितैराननैर्निर्जितानि
प्रायः पद्मान्यतिशिशिरिते कण्ठदघ्ने तटाके ।
इष्टावाप्त्यै प्रतिदिनमहो संतपंते तपांसि
न्याय्यं लोके परपरिभवं कोऽहि मानी क्षमेत ॥ १३ ॥

रात्रौ यत्र प्रियसहचरेणान्वितो मुग्धलोकः
शय्योत्थायं स्खलितगमनः प्रातरुत्थाय वेगात् ।
प्रागुद्बुद्धान् गृहगुरुजनान् वीक्ष्यसंजातलज्जः
शय्यागेहान्नसरति बहिर्नापि चास्ते गृहान्तः ॥ १४ ॥

यस्मिन् कश्चिन् शयनसदनेष्वागतेषु प्रियेषु
स्वैरालापान् प्रणयमधुरान् संप्रवृत्तेषु बालाः ।
नो भाषन्ते श्रवणविषयं नापि तूष्णीं भवन्ति
स्पन्दत्स्वेदोत्पुलकितकुचास्संलिखन्त्येव भूमिम् ॥ १५ ॥

इष्टान् कामान् बहु वितरितुं यत्र सेवानताना-
मास्ते विष्णुः करिपतिपुरीनाथ इत्यूढकीर्तिः ।
शंकाक्रान्ता चपलहृदयं वीक्ष्य यं गोपवेषे
वक्षोभागे नियतनिलया वर्तते वास्यलक्ष्मीः ॥ १६ ॥

तत्र स्वच्छस्फटिकनिकरः श्लक्ष्णमाणिक्यवेदि-
द्वय्याजुष्टं मरतकमयप्रौढसोपानमार्गम् ।
सौधे तुङ्गप्रचुरकनकाश्लिष्टभित्तिप्रगल्भं
यद्वेश्माग्रे करिपतिपुरे लक्ष्यते तत्प्रियायाः ॥ १७ ॥

क्रमशः — को. र. रंगाचार्यः

അദ്ധ്യായം ൨

1. നാട്ടുമലയന്മാർ.

2. കൊങ്ങമലയന്മാർ.

മൂലവൃത്തം.

മലയന്മാർ കൊച്ചിക്കാടുകളിൽ നിവസിച്ചുവരുന്ന മറ്റൊരു കാട്ടുജാതിയാണ്. അവർ 1. നാട്ടുമലയന്മാർ 2. കൊങ്ങമലയന്മാർ അല്ലെങ്കിൽ മലസർ എന്നു രണ്ടു തരക്കാരായിട്ടുണ്ട്. ഇതിൽ നാട്ടുമലയന്മാർ പഴയ കാട്ടിലെ ആദ്യനിവാസികളും കൊങ്ങമലയന്മാർ കോയമ്പത്തൂർ മലകളിൽ നിന്നും പുറപ്പെട്ട് ഇവിടത്തെ കാടുകളിൽവന്നു താമസിപ്പാൻ തുടങ്ങിയവരുമാണ്. ഈ രണ്ടു കാട്ടുജാതികളുടെയും ആചാരനടവടിസമ്പ്രദായങ്ങളിൽ വലിയ വ്യത്യാസമുണ്ട്. മലയന്മാർ എന്ന പദത്തിന്റെ അർത്ഥം 'മലയിൽ പാർക്കുന്നവർ' എന്നാണ്. ഈ പേർ 'മലകയറുക' (മല+കയറുക) അല്ലെങ്കിൽ 'മലയേറുക' (മല+ഏറുക) എന്ന പദങ്ങളിൽനിന്നുണ്ടായിയെന്നാണ് പ്രത്യക്ഷത്തിൽ തോന്നുക. എന്നാൽ അതു തീരെ ശരിയാണെന്നു വിചാരിപ്പാൻ വയ്യ. മേൽജാതിക്കാർ ഇവരെപ്പററി ഉറപ്പായും പറഞ്ഞുവരുന്നത് ഇവരും കാടന്മാരും ഒരു വംശക്കാർ തന്നെയാണെന്നും, മലയന്മാർ പശ്ചിമഘട്ടത്തിന്റെ പടിഞ്ഞാറെ ഭാഗത്തു മലയാളത്തിനടുത്തും കാടന്മാർ കിഴക്കെ ഭാഗത്തു കോയമ്പത്തൂരിനടുത്തും പാർക്കുന്നു എന്ന വ്യത്യാസം മാത്രമെയുള്ളു എന്നുമാണ്. സ്വഭാവംകൊണ്ട് അടിമപ്രകൃതികളായ പുലയന്മാരിൽ നിന്നും ഇവർ തീരെ വ്യത്യാസപ്പെട്ടവരാണ്. നാട്ടിലെ ഹിന്ദുക്കളിൽനിന്നും ഭൂമിയിൽ പൊക്കത്തിൽ പാർത്തുവരുന്നപോലെ തന്നെ സാമുദായികനിലയിൽ താഴ്ന്നിരിക്കുന്നവരെങ്കിലും, ഇവർ ഹിന്ദുക്കളുടെ സ്വഭാവവും ആദികനിവാസികളുടെ സ്വഭാവവും ഒന്നിൽ നിന്നും കലർന്നു കിട്ടിട്ടുണ്ട്. ഇവർ 'കാട്ടുനീചന്മാർ' എന്നു വിളിക്കപ്പെട്ടുവരികയും കൊച്ചിരാജ്യത്തിലെ മച്ചാട്ട പാലപ്പിള്ളി പാറവട്ടാനി എന്ന മലകളിൽ കാണപ്പെട്ടുവരികയും ചെയ്യുന്നു. ഇവർ തമിഴും മലയാളവും കൂടികലർന്ന ഒരു വക പ്രത്യേക ഭാഷയാണ് സംസാരിക്കുന്നത്. അവർ തമ്മിൽ സംസാരിക്കുമ്പോൾ നാട്ടിലുള്ളവർക്കു യാതൊന്നും മനസ്സിലാവില്ല. കാരണം അവരുടെ ദുർഘടവും അസ്പഷ്ടവുമായ ഉച്ചാരണത്താൽ പുറപ്പെടുന്ന അപശബ്ദം മാത്രമാണ്. ഭാഷ എന്ന ഏകമാർഗ്ഗത്താൽ മാത്രമല്ല ഒരുവന്റെ മനോഗതം മറ്റൊരുവനെ മനസ്സിലാക്കുന്നത്. അവർ ഭാഷയിൽ വലിയ സ്വാധീനവുമില്ല. ഭാഷ കൊണ്ടു തീരാത്തതു കയ്യും കലാശവും കാട്ടിയാണ് പൂർത്തിപ്പെടുത്തുക. ഒരു ഉദ്യോഗസ്ഥനോ അല്ലെങ്കിൽ മേൽജാതിക്കാരിൽ ആരെങ്കിലുമൊ ചെന്ന് എന്തെങ്കിലും ചോദിച്ചാൽ, നിഷേധമറുപടി പറയുന്നതുകൊണ്ടു ദേഷ്യപ്പെട്ടെങ്കിലോ എന്നു കരുതി, സാധാരണയായി തലയും കുലുക്കികൊണ്ടു 'ഉവ്വ്' 'ആതെ' എന്നു മാത്രം മറുപടി പറയും. തലചെരക്കി കണ്ണിനെ കുലുക്കിയാൽ അതു നിഷേധം സൂചിപ്പിക്കുന്നു.

1. നാട്ടുമലയന്മാർ.

ഉല്പത്തിയും ഐതിഹ്യവും.

നാട്ടുമലയന്മാരോട് അവരുടെ ഉൽപത്തിയെപ്പററി ചോദിച്ചപ്പോൾ, അവർ വനത്തിൽ തപസ്സുചെയ്തിരുന്ന അർജ്ജുനന്നു പാശുപതാസ്ത്രം കൊടുക്കുന്നതിലേക്കു

കിരാതനും കിരാതിയുമായിരുന്ന ശിവന്റെയും പാർവ്വതിയുടെയും വംശജന്മാരാണെന്നാണ് മറുവടി പറഞ്ഞത്. ശ്രീരാമന്റെ വനവാസകാലത്തു ലക്ഷ്മണനാൽ മൂക്കും മുലയും ഛേദിക്കപ്പെട്ട ശൂർപ്പണഖയുടെ സന്താനങ്ങളാണ് സ്ത്രീകൾ എന്നും ചിലർ വിശ്വസിച്ചുവരുന്നു. ഈ കഥ പാലപ്പിള്ളി മലയിലെ ചില മലയന്മാർ പറഞ്ഞതാണ്. അവർ വളരെക്കാലം മുമ്പു നായന്മാരായിരുന്നുവെന്നും, ചില പെണ്ണുങ്ങൾ കീഴ്ജാതിക്കാരായി സംസർഗ്ഗം ചെയ്ത നിമിത്തം ഭ്രഷ്ട് കല്പിച്ചു കാട്ടിലേക്കു ഓടിക്കപ്പെടുകയാൽ അവരിൽനിന്നും ഉണ്ടായ സന്താനങ്ങളാണെന്നും അവരിൽ ചിലർ പറയുന്നു. അവരുടെ കല്യാണം ശവസംസ്കാരം മുതലായ ക്രിയകളുടെ സമ്പ്രദായം നായന്മാരുടേതുപോലെയാണ്. അവർ മലനായന്മാരെന്നു തന്നത്താൻ വിളിച്ചുവരികയും ചെയ്യുന്നു. ഈ പറഞ്ഞ ഉൽപത്തികളുടെ വാസ്തവം എന്തിനെയായിരുന്നാലും അവർ കാട്ടിലെ ആദ്യനിവാസികളാണെന്ന് ഈ കഥകൾ സൂചിപ്പിക്കുന്നുണ്ട്.

വാസസ്ഥലം. മുളകൊണ്ടു പണിതും എലകൊണ്ടു മേൽപ്പുര മേഞ്ഞും ഉണ്ടാക്കപ്പെടുന്ന കാടന്മാരുടെ മാടങ്ങളെപ്പോലെ ബലഹീനമായവതന്നെയാണ് മലയന്മാരുടെ മാടങ്ങളും. എന്നാൽ മൃഗങ്ങളുടെ ശല്യത്തിൽനിന്നും രക്ഷപ്പെട്ട് കഴിഞ്ഞുപോരുന്നതിലേക്കു ചില കാടുകളിലെ മാടങ്ങൾ ഒരു പ്രത്യേകരീതിയിൽ പണിചെയ്യപ്പെട്ടിരിക്കും. അവിടെ ഇല്ലിപ്പട്ടിലുകൾ ഏതാണ്ട് മദ്ധ്യത്തിൽ വെച്ചു നിരപ്പായി വെട്ടി അതിന്റെ മുകളിലാണ് മാടങ്ങൾ കെട്ടിയുണ്ടാക്കുന്നത്. നിരപ്പിൽ വെട്ടിയ ഈ മുളങ്കുറ്റികളുടെ മീതെ പലക നിരത്തി, അതിന്റെ മീതെ ചുള്ളികൊണ്ടു തിണ്ണയുണ്ടാക്കി, നാലുപുറവും പലകകൾ പഴുതില്ലാതെ അടുത്തടുത്തു വെച്ചു ചുമരുകളും ഉണ്ടാക്കി, വാതിലുകളും വെച്ചു മേൽപ്പുര കെട്ടുന്നു. ഇതിലേക്കു കയറിപ്പോകുവാനും ഇറങ്ങിവരുവാനുമുള്ള മാർഗ്ഗം പട്ടിലിന്റെ പുറത്തുള്ള മുളകളിൽ ഒന്നിൽ ചെറുകമ്പുകൾ ആണികളാക്കി ഉണ്ടാക്കുന്ന ഒരു ഏണിയാണ്. മാടത്തിൽ ബലമുള്ള വില്ലുകളും ഇരിമ്പുകൊണ്ടു പരന്നു കൂർത്തുമുള്ള മുനകളോടുകൂടിയ അമ്പുകളും സദാ ശേഖരിക്കപ്പെട്ടിരിക്കും. ഏതെങ്കിലും ദുഷ്ടമൃഗങ്ങൾ ശല്യത്തിനെത്തിയാൽ പ്രയോഗിക്കുന്നതിലേക്കായി അമ്പുകളിൽ ചിലവ പഴുക്കുവാൻ തിയ്യിലും ഇട്ടിരിക്കും. തെൻഇന്ത്യയിലെ കാട്ടുനിവാസികളുടെ ഗൃഹങ്ങൾ വൃക്ഷങ്ങളുടെ മുകളിൽ പണിചെയ്യപ്പെട്ടിരിക്കുമെന്നാണ് പറയുക. തങ്ങളുടെ സഹവാസികളായ കാട്ടുമൃഗങ്ങളുടെ ഉപദ്രവത്തിൽനിന്നും ഒഴിഞ്ഞിരിക്കുന്നതിനായി കൊച്ചിയിലെ കാട്ടുവാസികളും പലപ്പോഴും അവരുടെ കുടിലുകൾ വൃക്ഷങ്ങളുടെ മുകളിൽ കെട്ടിയുണ്ടാക്കുന്നതുകൊണ്ട് അവർ ഈ പറഞ്ഞതിനു വ്യത്യസ്തരല്ല.

മലയന്മാർ സ്ഥിരതയില്ലാതെ ദിക്കുമാറി താമസിക്കുന്ന സ്വഭാവക്കാരാണ്. അവർ പലപ്പോഴും ആൾക്കൂട്ടത്തിനിടയിൽ കാരെ ആവശ്യങ്ങൾക്കായി പോകേണ്ടിവരും. എന്നാലും അവിടെ സ്ഥിരമായി താമസിക്കുവാൻ അവരെ യാതൊന്നും പ്രോത്സാഹിപ്പിക്കുകയില്ല. പലപ്പോഴും അവരുടെ അരയിൽ ഒരു കത്തിയും കയ്യിൽ ഒരു വടിയോ കന്തമോ ചിലപ്പോൾ ഗ

ങ്ങാവും വില്ലുമൊ ഉണ്ടായിരിയ്ക്കും. ചുമലിൽ തൂക്കിയിടുന്ന ഒരു കൊട്ടയിൽ ചില്ലറ ചില പാത്രങ്ങളുമുണ്ടായിരിയ്ക്കും. കൂടെ നായ്ക്കളും ചെറിയ കുട്ടികളെയും മാടത്തിലെ മററു സാമഗ്രികളെയും ചുമന്നുകൊണ്ടു പെണ്ണുങ്ങളും നടക്കും. അവർ ഇഷ്ടവും സൌകര്യവും അനുസരിച്ചു സ്ഥലംതോറും സഞ്ചരിയ്ക്കുക പതിവാണ്. എന്നാൽ അടുത്തകാലങ്ങളിലായി കാട്ടിൽ തന്നെ ചില പ്രദേശങ്ങളിൽ സ്ഥിരമായി കെട്ടിയുണ്ടാക്കിയ മാടങ്ങളിൽ പാൎത്തുവരുവാൻ തുടങ്ങീട്ടില്ലെന്നില്ല.

അവരുടെ ഗോത്രങ്ങൾ പരിഷകളായിത്തിരിഞ്ഞു പാൎത്തുവരുന്നവരാണല്ലൊ; ഈ വിധം സംഘങ്ങൾക്കു ചേരുന്ന പേരുകളെപ്പററി അവർ കാരണം അറിയുന്നില്ല. ഓരോ പരിഷയ്ക്കും ഓരോ മൂപ്പനുണ്ട്. ഗവൎമ്മെണ്ടുമലകളിൽ പാൎക്കുന്ന പരിഷകളെല്ലാം മഹാരാജാവിനാടിമപ്പെട്ടവരും അവരുടെ ക്ഷേമത്തിങ്കൽ അവിടേയ്ക്കു വലിയ താല്പൎയ്യവുമാണ്. എന്നാൽ ചിററൂർ കാടുകളിൽ പാൎക്കുന്നവർ അവിടത്തെ വസ്തു ഉടമസ്ഥന്മാരെയാണ് സേവിയ്ക്കുന്നത്. അവർ സ്വേച്ഛയും ചഞ്ചലസ്വഭാവവും അനുസരിച്ച് ഒരു സ്വാമിയുടെ കീഴിൽനിന്നും മറെറാരു സ്വാമിയുടെ കീഴിലേയ്ക്കു മാറിക്കളയും. നാട്ടുമലയപ്പരിഷകളുടെ പേരുകളിൽ ചിലവ താഴെ പറയുംവിധമാണ്:—

1. കടുത്തുകാർ
2. തോണിക്കാർ
3. പൊക്കൻകാർ
4. എളനാട്ടുകാർ
5. അയംപൊക്കാർ.
6. നെല്ലുക്കാർ
7. ചക്കൻകാർ
8. കൂടക്കാർ
9. കന്നിക്കാർ

ഇതിൽചിലവ അവർ അധിവസിയ്ക്കുന്ന കാട്ടുപ്രദേശങ്ങളുടെ പേരുതന്നെയാണെന്നാണ് അന്വേഷണത്തിൽ അറിയുന്നത്. ചിലതു പണ്ടു പ്രമാണികളായിരുന്ന പൂൎവ്വികന്മാരുടെ പേരുകളുമാണ്. ഈ സംഗതിയിൽ ഈ പൂൎവ്വസ്ഥാപകന്മാരോടുള്ള ബന്ധത്തെ അവരുടെ പ്രതിമകൾ മാടങ്ങളിൽ സ്ഥാപിച്ചും ആപൽകാലങ്ങളിൽ അവരെ പൂജിച്ചും നിലനിൎത്തിക്കൊണ്ടു പോരുന്നുണ്ട്. ഒരു യുവാവു കല്യാണം കഴിപ്പാൻ പോകുന്നതിനു മുമ്പായി ഈ പ്രതിമയെ പൂജിച്ചു പ്രീതിപ്പെടുത്തുക പതിവാണ്.

കല്യാണ സമ്പ്രദായം.

പെൺകുട്ടികളെ 10 വയസ്സു തികഞ്ഞതിനു ശേഷം കല്യാണം കഴിയ്ക്കും. ഭൎത്താവിനെ തിരഞ്ഞെടുക്കുന്ന കാൎയ്യത്തിൽ സ്ത്രീയുടെ അഭിപ്രായം നോക്കാറില്ല. അതിനുള്ള അവകാശം മാതാപിതാക്കളിലിരിയ്ക്കുന്നതും ഭാൎയ്യാഭൎത്താക്കന്മാരാകുവാൻപോകുന്നവർ തമ്മിൽ കണ്ടു സംസാരിച്ചു വിവാഹകാൎയ്യം തീൎച്ചയാക്കുന്ന സമ്പ്രദായം നടപ്പില്ലാത്തതുമാകുന്നു. ഒരു പുരുഷനു കല്യാണം കഴിയ്ക്കേണ്ടതായി വരുമ്പോൾ അവന്റെ അപ്പനമ്മമാർ ഒരു പെണ്ണിനെ നോക്കിക്കണ്ടുപിടിച്ചു അവളുടെ അപ്പനമ്മമാരോടാലോചിയ്ക്കുകയും അവർ സമ്മതിയ്ക്കുന്ന പക്ഷം പുരുഷന്റെ അമ്മ മഞ്ഞളിൽ മുക്കിയ ഒരു ചരടു സ്ത്രീയുടെ കഴുത്തിൽ കെട്ടിയ്ക്കുകയും ചെയ്യും. ഇത് അവളെ ഒരുവനു തീൎച്ചയാക്കിയിരിയ്ക്കുന്നുവെന്നും മററാൎക്കും അവകാശപ്പെടുവാൻ പാടില്ലെന്നും കാണിപ്പാനുള്ള ഒരു സൂചനമാണ്. അനന്തരം ഒരു നല്ല ദിവസം നോക്കി വരൻ തന്റെ കൂട്ടുകാരൊന്നിച്ചു വധുവിന്റെ മാടത്തിലേയ്ക്കു ചെല്ലുകയും, അവിടെ സദ്യ കഴിച്ചുവേണ്ടുംവിധം സൽക്കരിയ്ക്കപ്പെടുകയും ചെയ്തതിനു ശേഷം വരൻ വധുവിനു കല്യാണപ്പുടവ കൊടുത്തിട്ട് അവളെയും അ

ളുടെ മാതാപിതാക്കന്മാരെയും മിത്രങ്ങളെയും കൂട്ടിക്കൊണ്ടു സ്വന്തം മടത്തിലേയ്ക്കു മടങ്ങും. അവിടെയും ഒരു സദ്യ കഴിയ്ക്കും. അതു കഴിഞ്ഞാൽ വധുവിന്റെ മാതാപിതാക്കന്മാർ അവരെ അവിടെ ഏല്പിച്ചുകൊടുത്തു മിത്രങ്ങളൊന്നിച്ചു മടങ്ങിപ്പോകും. ഈ രണ്ടു സദ്യയും ഒരു കല്യാണകർമ്മത്തിൽ അവശ്യം ആവശ്യമാണ്. മറ്റു തൊഴിൽ നടക്കുമ്പോളൊഴികെ ദാമ്പത്യം വേണമെന്നു പറ്റുവാൻ പാടില്ല. അവർ തെറ്റി നടന്നാൽ പതിയിലുള്ളവർ എല്ലാവരും കൂടി അവളെ അടിച്ചു പുറത്താക്കി മടക്കി അയയ്ക്കുകയും, പിന്നെ മടിച്ചാലും സ്വീകരിയ്ക്കുകയുമില്ല. എന്നാൽ മറ്റുവല്ലവർക്കും വേണമെങ്കിൽ അവളെ സ്വീകരിപ്പാൻ വിരോധവുമില്ല. കല്യാണത്തിനു മുമ്പിൽ സ്ത്രീ തിരണ്ടുപോയാൽ ഉടൻ കല്പിയ്ക്കപ്പെടുന്നതും അവളെ പിന്നെ ആരും ഭാര്യയായി സ്വീകരിയ്ക്കുന്നതല്ലാത്തതുമാകുന്നു. ഒരുത്തന്നു രണ്ടു ഭാര്യമാരുണ്ടാവാം. എന്നാൽ ഒരുത്തിയ്ക്കു രണ്ടു ഭർത്താക്കന്മാർ പാടില്ല. ഭർത്താവിന്റെ മൃത്യുശേഷം സൂചകമായി മറ്റു പ്രത്യേകവസ്ത്രം ധരിയ്ക്കുക പതിവില്ല. അവൾക്ക് അവന്റെ അനുജനും ആ പതിയിൽ പെട്ടവനുമായ ആരെയും അവന്റെ മരണശേഷം കല്യാണം കഴിപ്പാൻ വിരോധവുമില്ല.

ഗർഭവും പ്രസവവും

ഒരു ഗർഭിണിയ്ക്കു യാതൊരു കർമ്മവും ചെയ്യാറില്ല. അവളുടെ പ്രസവത്തിന് ഒരു പ്രത്യേകമാടം കെട്ടിയുണ്ടാക്കി അതിലോ മറ്റെതെങ്കിലും വയസ്സായ ഒരു സ്ത്രീയോ പ്രസവം കഴിപ്പിയ്ക്കും. 15 ദിവസത്തെ പേറുപുലയുണ്ട്. ഇക്കാലത്ത് അവൾ പ്രത്യേകം ചില പഥ്യങ്ങളിലും നോട്ടങ്ങളിലും കഴിഞ്ഞുവരും. ഭക്ഷണം ചാമക്കഞ്ഞിയാണ്. പുല കഴിഞ്ഞതിന്നു ശേഷമേ അവൾ കുടുംബത്തിൽ മറ്റുള്ളവരായി കൂടിക്കഴിക്കുള്ളൂ. 28-ാംപക്കമോ മൂന്നാംമാസത്തിലോ അരഞ്ഞാണ് കെട്ടി പേരിടുന്നതു. അപ്പേരിനു തന്നെ ചോറു കൊടുക്കലും കഴിയും. ആണുങ്ങൾക്കു സാധാരണയായി ഇട്ടുവരുന്ന പേരുകൾ മാതൻ, അയ്യപ്പൻ, വേലായുധൻ, കേളുണ്ണി എന്നും പെണ്ണുങ്ങൾക്കു കോച്ചി, മാതി, ലക്ഷ്മി എന്നുമാണ്. ഇതുകൾ മേൽക്കാലങ്ങളിൽ നാട്ടിൽ നിന്നും പണിയ്ക്കു ചെല്ലുന്ന മേൽജാതിക്കാരുടെ പേരുകൾ കേട്ട് അവലംബിച്ചിട്ടുള്ളതാണെന്നാണ് തോന്നുന്നത്.

അവകാശവും ഭരണസമ്പ്രദായവും

നാട്ടുമലയരുടെയിടയിൽ മൂപ്പന്റെ സ്വത്തുക്കൾക്കു അവന്റെ മരുമക്കൾ അവകാശികളാകുന്നു. അതെങ്കിലും തന്റെ ഭാര്യയ്ക്കും കുട്ടികൾക്കും വല്ലതും കൊടുത്താൽ കൊള്ളാമെന്നുണ്ടെങ്കിൽ അതു അനന്തരവന്മാരുടെ സമ്മതത്തോടുകൂടിയേ പാടുള്ളൂ. ഇവർ മഹാ ദരിദ്രന്മാരും മറ്റുള്ളവർക്കവകാശപ്പെടുവാൻ അധികമൊന്നും ഉണ്ടാവാത്തവരുമാണ്. എന്നാലും അനന്തരവന്മാരുടെ സമ്മതം ചോദിയ്ക്കണമെന്നും അവർ അനുവദിയ്ക്കണമെന്നുള്ളതും അവർക്കു വലിയ അഭിമാനമാണ്. ഇവരുടെ മൂപ്പന്മാർ മാടങ്ങൾക്കധിപന്മാരും അവരുടെ മൂപ്പനാണ് ഇവരെക്കൊണ്ടു ഗവൺമെണ്ടിലേയ്ക്കു വേണ്ടി കാട്ടിലെ കൂലിപ്പണി ശരിയായി നടത്തിയ്ക്കുന്നത്. എല്ലാ കർമ്മങ്ങൾക്കും അവൻ മേലാളായുണ്ടായിരിയ്ക്കും. അവൻ പഴമക്കാരായി ആലോചിച്ച് എല്ലാതർക്കങ്ങളും തീർത്തുവെയ്ക്കുകയും കുറ്റക്കാർക്ക് പിഴയോ മറ്റോ കല്പിയ്ക്കുകയും ചെയ്യും. ഗോത്രത്തിലെ തലവനു 'പണിയ്ക്കർ' എന്ന ഒരു സ്ഥാനമുണ്ട്. അവൻ ബാക്കിയുള്ളവരെ കൂട്ടി ഗവൺമെണ്ടിലേയ്ക്കു ആനപിടുത്തത്തിൽ സഹായിയ്ക്കും. അതിന്നു 4 ക.യും തെരുപ്പിക്കുള്ള നെല്ലും മുമ്പു കൊടുത്തുവന്നിരുന്നു. എന്നാൽ അടുത്തകാലത്തുവെച്ച് ആ സമ്പ്രദായം നിർത്തൽ ചെയ്തു ഗവൺമെണ്ടിലേയ്ക്കു ആവശ്യം വരുമ്പോൾ മാത്രം അവർ ഉദ്യോഗിയ്ക്കപ്പെട്ടുവരുന്നു. അതിന്നു അവർക്കു ശരിയായ കൂ

മംഗളോദയം.

ഫറവൃൻ

പുസ്തകം 6 } ധനുമാസം { ലക്കം 3

മംഗളം.

ധവളസല്പുകഴാൽ വിളങ്ങിടും
ധവളസല്പുരമേനിയിലമ്മേ!
കവലയേശമേനാംകവയും മിഴി-
കവലയേ! വലയശപരി! കൈതൊഴാം.

കണ്ടൂർ നാരായണമേനോൻ.

രാജവൈരാഗ്യം

ക്ഷേമാധികൃന്നിലക്ഷ്മാതടിയിലവിരതം
ചേർത്തുസൽകീർത്തിപ്പൂരം
സീമാതീതം ലഭിച്ചുന്നതനിലയിലെഴും
'രാമവർമ്മാ'ഭിധാനൻ
ശ്രീമാടക്ഷോണിപാലൻ ക്ഷിതിതലമനുഭോ-
ക്ഷിച്ചിടുന്നിട്ടശോഭം
സാമാന്യം പോര ലോകാത്ഭുതമസകൃതമാം
സംഭ്രമം സജ്ജനാനാം ൧

ഈ രാമവർമ്മനൃപനാട്ടുമവാംവിശോഗാ-
ലീരാറുമാസകലമപ്രമദായ്‌വെച്ചും
നേരാറ്റുസന്തവിരതാൽവനമെന്നപോലെ
പാരാതിതോഷ്ഠപലഭം വ്യസനിച്ചിടുന്നു.

നാൽക്കാരമെന്ന കണക്കിലിക്ഷിതിവരൻ
സദ്വ്യസനായുള്ളിലെ-
ദുഃഖാഗ്നിൽ മിഴിനീർ കരിച്ചു തസമ
കീടം സ്വകർമ്മത്തിനാൽ
ആക്കാണിസ്ഥപപാതിവാഗവിശേഷം
സന്താപമേകാന്തമെ-
ന്നോക്കാതിപ്പോളെളാളുമില്ലലകിടം
താനിൽ പരം നിന്നുമേ.

ജീവനായകനാമി-
ന്ദീവരധരാധരൻ വിരഹത്തെ!
ആവിലമായമൊടൊത്തിഹ-
കൈവിരൽവെച്ചുന്ന ദുഃഖിലവിലമനു

പാരവിമല വിദ്യാദീധിതിയ്ക്കാതനെങ്ങും
ധരണിയിലുള്ളവാകം രാമവർമ്മക്ഷിതീന്ദ്രൻ
തന്നിന്ദുലകവിദ്യാമൈത്രയും കണ്ടുകെന്നോ-
ന്നമുഖിലരമിച്ചേന്ദ്രാഭ്യാസമാറ്റാതിരിക്കുന്നു.
ചേരാമസ്ഥിൽ ഒപ്പധനാക്കി ചിതമ്പ്രസനഗണനം
ചേക്കീമാടങ്ങളിലവർ
ചാതുശ്രീരാമവർമ്മാഭിധനൃപക വെടി-
ഞ്ഞതിലാതങ്കമോടെ!
രൂപം രാജ്യത്തിനില്ലാതവനിയിലണയും
ഡ്ഡ്വത്താകുന്നകാരെ-
ത്തീരം വിട്ടപ്പരൊറ്റമനസ്സകലമിതര പി-
ലകിപ്രകാരം വിചാരം!!
[illegible]ലാ തോവും ചികിത്സാലയമതിലുമൊരേ-
ചേർന്നാഹാരമന്നും
ലഭിച്ചില്ലാതെ പാകേസ്തുപാവിവരവിവർ
രാജ്യഭാരം വെടിഞ്ഞാൽ
നാനാപ്രകാരം വരമതിലരതി
ലീലമാനോന്മുത്രി
[illegible]ം തേടുന്ന മനസ്സിൽ പ്രജകൾമുഴുവനും
സാന്ദ്രം സംഭ്രമത്താൽ!
[illegible]ണിച്ചാർ ഗതാഗതാദികരണം
നൽകാൻ തീരാതിരി-
[illegible]ണിത്തുല്യനാപ്പ മാറ്റുവതാർ
തൻ നാട്ടുപോയിട്ടുകിൽ
[illegible]ണിപ്പാനിടയാവതാം സകലമാ-
കത്തിനുമൊന്നില്ലിയം
[illegible]ണിക്കം കള്ളവൊന്നിതോ കത്തിമ-
ഞ്ഞിടുന്ന പാടു [illegible]!!
[illegible]ല്ലാ നാട്ടിൽനിന്നിട്ടയില്ലാ മുമ്പടനോ
പോകവാർ നാൽക്കുന്നില്ലായ്.
[illegible]ദ്രവ്യം ചെയ്യുന്നിതെന്നാനസഹാ-
യില്ലമിക്കുമ്പതീന്ദ്രർ
[illegible]ഭാരം വെടിഞ്ഞാൽ കൂട്ടി പല
[illegible]ം വന്നാധിപ്പമെന്നും
[illegible]ൽ ചിന്തിച്ചുകൊണ്ടിങ്ങ നാകലമി-
[illegible]ലമാമാലച്ചിലം!

തുലാവിദീനാം നിജമണ്ഡലം സൽ-
കലാലയൻ രാജവരൻ വെടിഞ്ഞാൽ
കലാവിലാസം ഫതമാ കമെന്നീ-
വിലാപമെല്ലാടവുമന്നിരാനീം.
ഐശ്വര്യം കൈക്കലാർശിലാദിയാകിയ കലാ
വിദ്യകൾക്കേശേഷസ്ഥാനം
പാരം ചേർത്തതിരാഗ്യമോടമരമീ
ശ്രീമാടങ്ങളിലേബർ
ഭാരം കൂടിയ രാജ്യഭാരമുപേ
ക്ഷിക്കാതിരിപ്പാൻ സദാ-
നേരം കൈകൾകൂപ്പിക്കൊണ്ടുമവരുന്നം
ചെയ്യുന്ന ചേവനം.
[illegible]സ്വാമാരതടെ [illegible]വും കസ്തൂതിയും
സ്ത്രീവിത്ത ചാപല്യവും
ദേവന്മാരുടെ നാമനോടിയാ-
മിന്ന് ഉപേക്ഷിപ്പുവും
എവം രോഷവിഹീനനീന്ദ്രപതിയ്ക്കാ
ചക്രംവിടാമെന്നിതി-
ദൈവം താൻ ഇനാഗമനാപ്പിഥ ഭജി
ച്ചീടുന്ന നാട്ടാകെയും.
ഈ രാമവർമ്മനൃപനുള്ളിൽ വിട്ടം ബുദ്ധയാ-
ഭാരാതനിവിട്ടുമരവ്യമനജരാജ്യത്തിൽ
താരാധിപർപ്രവിട്ടപ്പൊഴുതല്ലുപേക്ഷം
ചേരാതമോകവലഹ വിലസുന്ന [illegible] ന്നോ?
സുരവരസമനാമീ ഭൂവരൻ [illegible] തന്നെ
തങ്കരൊടുവിട്ടു വനേ[illegible] കൈലാഷമെ ന്നോ?
നാരായണ[illegible]ചി
നാകലമതി[illegible]പ്പെട്ടിടുന്നു. (ഭരത
ഖണ്ഡാമനത്ത മഹേന്ദ്രന്മാരുപമോ
ണെന്നിത്ര രാജ്യം പരം
കൊണ്ടാടുന്ന മഹാരാജന്മാർ, മുമ്പീ
രാജർഷിവര്യന്മാരോ
വേണ്ടാമെന്നോതി മൃതിവന്നു ഭൂമം
താനെന്നതിരുത്തലും
പൂണ്ടാൻ കൈക്കുമാരിനാരായണനം
ചെയ്യുന്ന ചോദ്യമാ.

ഇക്കാലമീനൃവരറിൽ പ്രജകൾക്കശേഷ-
മുൾക്കാമ്പിലുണ്ടധികമായനുരാഗമോർത്താ
ലിപ്പോലമീനൃപതിനാടുവിടുന്നതോർത്തു (ൽ
നില്പാതെ ചിത്രമഖിലർക്കുമിളച്ചിടുന്നു.
വീടുന്നു കടുമിഴെ സമ്പ്രതി ദിനം
തോറും മഹത്താം ധനം
കൂടുന്നു കശലങ്ങൾ മനില്പുമാ
യീടുന്നു മേന്മേൽ സദാ
പാടുന്നു നൃപകീർത്തിപ്പൂരമഖില
നാരിപ്പൊ,ളിമന്നവൻ
നാടും നല്പദവും വിടുന്നു, മനുജ
ർക്കാശ്ചര്യമാശ്ചര്യമം.
വിക്രമകലശമീനൃപനിന്ത്യാ-
ചക്രവർത്തിനപ്രമാനിതനിപ്പോൾ
ആക്രമംവെടിവിടുന്നനിജക്ഷ്മാ-
ചക്രമെന്തിതവിലാസ്തതമൂലം.
സ്വധർമ്മം പാർക്കുമ്പോൾ ഇദമവനു
ഭുവിനെർമ്മരണം
സ്വധർമ്മത്തിൽത്യാഗം മുനിജനനിഷി
ദ്ധം ദ്വയമഹോ
ബുധന്മാർ വാഴ്ത്തുന്നി നരപതി ധരി
ത്രീരക്ഷണമി-
വിധം വിട്ടീടാനൊന്നിതു നാട്ടുജനാ
ശ്ചര്യജനകം.
ഉൽമേവനമസ്തു തീക്ഷ്മി-
ദ്വയമേറും നൃപനിപ്പോളെന്തഹോ
സ്വാമിക്ഷിതിരക്ഷണം വിടാൻ-
പ്രിയമല്ലതുതമെന്നസജ്ജനം.
ലോകങ്ങളെത്ത്യജിച്ചപ്പോടയിൽനരവര
ന്മാരുകൾ നാടുവാഴ്വാൻ
മോഹംമൂലം, ക്ഷിതിപ്രകൃതിയിതിതിഹാ
സങ്ങൾ ചൊല്ലുന്നവല്ലാ
ഹാഹന്ത! സ്വാമിമണ്ഡലമതിരുതം
ന്തെത്ത്യജിക്കുന്നപോലി-
ട്ടോഹന്താണ്ണെന്നെ,ന്തുതമിതുനവമാ
ണെന്നരമ്പുന്ന ലോകം.

പ്രായാധിക്യമിതുമൂലം വെടിയുവാൻ
സമ്മൂലമെന്നാകിലോ-
ന്യായാലായതു ഹന്ത തെരുവഴിക
ണ്ടീടുന്ന പിന്നൊപ്പിലർ
കയ്യാശക്തിയതൊന്നു, മാറ്റു പരാ
ത്മാവാനസംസ്കൃതി,ര-
ണ്ടായാലും മുമ്മൊന്നിതിന്നുചിതമാ
ണെന്നായവർക്കാശയം. (ശ്ലോ-
സ്മൃതിമതിശാലഹീനർ വൃദ്ധനോരോന്നുചൊ
ല്ലതിൽപരമതിയായിടുന്നകേട്ടെന്നനൂനം
ക്ഷിതിതലമരണ്യത്തിൽക്കേട്ടപോന്നൾസമ്യ
ക്ഷതിയണെന്നമതത്യാൽകൃച്ചമംഗത്തമല്ലോ.
ഭയമഹാതാലമാത്മകർ തുടങ്ങും-
ക്രിയകളെല്ലാംതനന്നാം ഫലേച്ഛവാകും
നിയതംജരന്നതോക്കിലോനിഷ്
ക്രിയമായ വധ്യരായ പാത്രമല്ലോ.
ഭോഗ്യം നശ്വരമല്പശോകവുമിഹ
ർത്തിപ്പെടു സദ്ധ്യതേവ-
രാഗ്യം തന്നെയപ്രം സുഖമയം
കില്ലേതുമില്ലേതതിൽ
രാഗം കൂടിയ പൂർവ്വഭൂപതികൾ തൻ
നാടിട്ടോട്ടുകം യഥാ-
യോഗ്യം നന്ദുവിവൃത്തി ചൊല്ലുവതുകൾ-
ണാദിപ്രസിദ്ധം പരം. (ശ്ര
അതിശ്ശുഭകരിയാകും വിദ്യതാൻ ഭോഗിമാ
ക്ഷിതിയഥ നവമാവേ വൃദ്ധമാവേ വിരക്തി
പതിവിതു ഇവി ഭൂർദ്ധ്വസ്ഥാവരനാകുന്നി.
ക്ഷിതിപനിലതുനന്നായിന്നുകാണുന്നു ഭാഗ്യാ (ൽ
ജരാമൃതിവ്യാധിഭയാദിയെല്ലാം-
നിരാകരിക്കുന്നൊരുസൗഖ്യമേകും
പരാത്മബോധത്തെവരുത്തുമാത്മ-
വിരാഗവിത്തം വിലയറ്റതല്ലേ.
എന്നാണെന്നോ വിരതി വരണന്നതന്നാന
ന്നാട്ടുമധാമവനായീടും വിടണം
എന്നാണത്താമമറിവുറ്റർതൻ സദ്ഗുരു
നന്നായീവിരതിയെ വാഴ്ത്തിടുന്നതല്ലോ.

ധീരാചാര്യർക്കും വരുവാൻ പ്രയാസം
വൈരാഗ്യമെന്നുള്ള പുണ്യമെന്യേ
ഈരാറുവയസ്സിങ്കൽ ക്ഷിതിപാലിവർക്കു-
ണ്ടായോരതിപ്പോഴുളവായ്‌വന്നു.
കടുത്ത സാധനാക്രമത്താൽ
പടുതയേറും യതിസാധകന്മാർ
കൊടുത്ത സമ്പത്തു ഭാഗ്യാലനായാസം
മടുത്തുപോയീടാതെ ഗ്രഹിപ്പോർ?
അനവരതമുപാസിക്കുന്ന 'പൂർണ്ണത്രയീശൻ'
'ഭഗവാൻ' പതിതൊട്ടുള്ളീശപാദന്നാക്കിലാറിം
മനസി പരമുദിക്കും പ്രസാദത്തിനാലോ
ഇവിടെയവിരാഗം തേടിനാർ മാടഭൂപർ.
മാനംകൂടിച്ചേരുമാറു-
ള്ളാനന്ദാനുഭൂതിയാമൈക്യാ
ദാനം ചെയ്തിടും പുണ്യാൽ
മാനസാനന്ദം വിരക്തന്നായ്‌ത്തീർന്നു.
ആലോചിക്കലിലാത്മരക്ഷിതമുന്നാ
ശ്രീപൂർണ്ണത്രയീശൻ
താലോലിക്കുന്നതെന്നുറ്റിണിമാടഭൂ-
പാലൻ വിരാഗനായി

മാലോകർക്കത്ഭുതപ്രകാരമിത്തര
മൂലരങ്ങൾ മാടഭൂ-
പാലോത്തംസങ്ങളായിട്ടുള്ളവരിൽ
ചേതന ചിത്തേ വരും.
നിത്യാനിത്യവിവേകവും ദൃഢമുള്ള
ശ്രീശശാങ്കസത്കീർത്തിയും
സത്യാത്മജ്ഞാനസത്ഗുണങ്ങളുമഹോ
സംശുദ്ധയാം ബുദ്ധിയും
വ്യത്യാസം കലരാതെ ചേർന്നമരുമീ
ഭൂപന്റെ ഭാഗ്യം വെടി-
ഞ്ഞിത്ഥം ജ്ഞാനമയാത്മബോധമണവാൻ
ലോകന്നാഥാ കേളുമം.
രാജാ തത് 'രാജവൈരാഗ്യ'-
മാതങ്കരഹിതമാവം
കവിൽകവലയോതമിം
പ്രാപ്യകാലേ ശുഭാവഹം.

ശുഭം

കൊടുങ്ങല്ലൂർ,
ചെറിയ കൊച്ചുണ്ണിത്തമ്പുരാൻ.

പത്രാധിപക്കുറിപ്പുകൾ

പ്രസിദ്ധ ബങ്കാളികവിയായ രവീന്ദ്രനാഥടാഗോറിന്റെ കവിതകൾ ഇംഗ്ലീഷ് വിദ്വാന്മാർ ബഹുമാനിച്ചുവരുന്ന സംഗതി ആ സംഭവത്തിൽനിന്നു കവിതയും ശബ്ദാലങ്കാരവും തമ്മിലുള്ള സംബന്ധം അറിയുന്നതാണ്. രവീന്ദ്രനാഥൻ ബങ്കാളിഭാഷയിലാണ് കവിതയെഴുതീട്ടുള്ളത്. ഇംഗ്ലീഷുകാർ അത് ആ ഭാഷയിൽ വായിച്ചിട്ടില്ല. അവർ വായിച്ചത് ഇംഗ്ലീഷിലേക്കുള്ള പരിഭാഷയാണ്. ഇംഗ്ലീഷിൽ പരിഭാഷ ചെയ്തതു വായിച്ചവരൊക്കെ അതിലെ യഥാർത്ഥകവിതാരസം ആസ്വദിച്ചിരിക്കുന്നു എന്നുള്ളതാലോചിച്ചാൽ, കവിതയുടെ ജീവൻ ശബ്ദാലങ്കാരത്തെ ആശ്രയിച്ചു നില്ക്കുന്നതല്ലെന്നു തീർച്ചയാക്കാം. കവിതയ്ക്കു ശബ്ദാലങ്കാരം, മനുഷ്യനു വേഷം വസ്ത്രാദ്യാഭരണങ്ങളെപ്പോലെ മാത്രമേ ആയിരിക്കുന്നുള്ളൂ. ബങ്കാളിവസ്ത്രമല്ല, മലയാളിവസ്ത്രമല്ല, ഇംഗ്ലീഷുവസ്ത്രമല്ല, ഏതു വസ്ത്രം ധരിച്ചാലും, മനുഷ്യന്റെ യഥാർത്ഥഗുണത്തിനു ഭേദം വരുന്നതല്ല. വസ്ത്രംകൊണ്ടു കാട്ടുന്ന ഭംഗിപോലെ ശബ്ദംകൊണ്ടു കേൾപ്പിക്കുന്ന

സുഖമുണ്ടാകും. ആത്മാവിന് ഉണർവും സന്തോഷവും നൽകുന്നതാണ് കവിത. അത് അന്യരെ ധരിപ്പിപ്പാനാണ് ഭാഷയിലാക്കി രചിക്കുന്നത്. അതുകൊണ്ടുതന്നെ അന്യർ മനസ്സിലാകത്തക്ക, എളുപ്പത്തിൽ, മനസ്സിലാകത്തക്ക ഭാഷയിലാണ് കവിത എഴുതേണ്ടതെന്നു വരുന്നു.

* * * *

കവികൾ പ്രകൃതിലോകത്തെ നോക്കി അതിന്റെ ഭംഗിയെയും അത്ഭുതത്തെയും മനസ്സിലാക്കാനും അതിനെ സ്നേഹിപ്പാനും പഠിക്കുന്നു. രവീന്ദ്രനാഥടാഗോർ ഒരിക്കൽ ഒരു സ്നേഹിതന് ഇങ്ങിനെ എഴുതിയിരുന്നതായി കാണുന്നു:— "ഞാൻ ചെറുപ്പത്തിൽ നയിച്ചിരുന്നതു വളരെ ഏകാന്തമായ ഒരു ജീവിതമായിരുന്നു. എന്റെ അച്ഛനെ ഞാൻ ദുർല്ലഭമായിട്ടേ കാണാറുള്ളൂ. എന്നാൽ അദ്ദേഹത്തിന്റെ സാന്നിദ്ധ്യം ഞങ്ങളുടെ ഗൃഹത്തിൽ എങ്ങും വ്യാപിച്ചിരുന്നു. എന്റെ ജീവദശയിൽ അത് അപ്രത്യക്ഷമായ ഒരു അധികാരം നടത്തിയിരുന്നു. ഞാൻ, ഭൃത്യന്മാരുടെ രക്ഷയിൻകീഴിൽ ഒരു തടവുകാരനെപ്പോലെയായിരുന്നു നിർത്തപ്പെട്ടിരുന്നത്. നിത്യം ഒരു ജനാലിന്നടുക്കെ ഇരുന്നു വെളിയിൽ നടക്കുന്നതൊക്കെ നോക്കി മനസ്സിൽ ചിത്രീകരിക്കുകയായിരുന്നു എന്റെ ജോലി. വളരെ ചെറുപ്പത്തിൽതന്നെ ഞാൻ പ്രകൃതിലോകത്തെ ഏറ്റവുമധികം സ്നേഹിച്ചു. ആകാശത്തിൽ മേഘങ്ങൾ ഒന്നിനൊന്ന് ഉയർന്നുവരുന്നതു കാണുമ്പോൾ ഞാൻ അത്യന്തം സന്തോഷാകുലനായിത്തീരും. അത്ര ചെറുപ്പത്തിൽതന്നെ, ഞാൻ, ഒരു സ്നേഹത്താലും സാഹചര്യത്താലും ചുറ്റപ്പെട്ടതായി തോന്നി— എത്ര തീക്ഷ്ണവും ഗാഢവുമായ സ്നേഹം!— അതിന് എന്താണ് പേർ വിളിക്കേണ്ടതെന്ന് ഞാൻ അറിഞ്ഞിരുന്നില്ല. എനിക്കു പ്രകൃതിലോകത്തോട് അത്ര ഗാഢമായ സ്നേഹമുണ്ടായിരുന്നു. അത് ഇന്നവിധത്തിലായിരുന്നുവെന്നു വർണ്ണിപ്പാൻ അസാദ്ധ്യം. പ്രകൃതിലോകം എന്നോട് അത്യന്തം കാരുണ്യമുള്ള ഒരു സഹചാരിയായിരുന്നു. അതിൽ നാനാനവനവഭംഗി പ്രത്യക്ഷപ്പെട്ടുകൊണ്ടേ ഇരുന്നു".

* * * * *

രവീന്ദ്രനാഥന്റെ പ്രസിദ്ധിക്കു സംഗതിയായ കാര്യങ്ങൾ വെറും താല്ക്കാലികസംഭവങ്ങളാണെന്നു വിചാരിക്കുന്നത്. "ഇന്ത്യയിലെ ഗ്രാമങ്ങൾ, നദികൾ, അവിടെ കുടിലിലും കൊട്ടാരത്തിലും ഉള്ള സ്ത്രീപുരുഷന്മാരുടെ ജീവിതങ്ങൾ, സങ്കടസന്തോഷങ്ങൾ, ശിശിരഋതുവിൽ സായാഹ്നകാലം കാണുന്ന മേഘപടലങ്ങൾ, സന്ധ്യയിലെ കനകം, മഞ്ഞിന്റെ ഇന്ത്യയുടെ ഭംഗിയത്രെ" എന്നിവയൊക്കെ രവീന്ദ്രനാഥനിൽ ഇന്നു ലോകമൊക്കെ കാണുന്ന വൈശിഷ്ട്യം ഉണ്ടാകാൻ സഹായിച്ചിട്ടുണ്ടെന്നു ഒരു വിദ്വാൻ പറയുന്നു. വളരെക്കാലം ഈവക ഭംഗികളെല്ലാം അണിയറയിൽ കഴിഞ്ഞതിനുശേഷം ഇതാ രവീന്ദ്രനാഥകവി ലോകരംഗത്തു പ്രവേശിച്ചിരിക്കുന്നു. യഥാർത്ഥകവികൾക്കു ഒളിച്ചിരിപ്പാൻ സാധിക്കയില്ല. അവർ ലോകപ്രസിദ്ധരാകാതിരിപ്പാൻ നിവൃത്തിയുണ്ടാകയില്ല.

* * * * *

ഇന്ത്യയിലെ സ്കൂളുകളിൽ പ്രകൃതിശാസ്ത്രം പഠിക്കുന്നതിലുള്ള സൗകര്യക്കുറവിനെ അറിഞ്ഞ് ശരത് ചന്ദ്രമിത്രൻ അവർകൾ വളരെ പരിതപിക്കുന്നു. യൂറോപ്പിലും അമേരിക്കയിലും ചെറിയ കുട്ടികൾക്ക് പ്രകൃതിശാസ്ത്രം പഠിപ്പിക്കേണ്ടതിനുള്ള സൗകര്യങ്ങളും വിദ്യാഭ്യാസാധിപന്മാർ ഉണ്ടാക്കിക്കൊടുക്കുന്നുണ്ട്. ഇവിടെ

സസ്യശാസ്ത്രം ഐച്ഛികവിഷയമായി പഠിച്ചു ജയിച്ചവരെ ഒഴിച്ചു പറയുന്നതായാൽ ബി. എ. ബിരുദം ലഭിച്ചവർക്കുകൂടി, ഒരു പുഷ്പത്തിന്റെ പല ഭാഗങ്ങളുടെയും പേരുകൾ പറവാൻ കഴികയില്ല. അവയ്ക്കു് അറിഞ്ഞുകൂടാ. അറിവാൻ അവർ ശ്രമിക്കുന്നില്ല. അറിവാനുള്ള ആഗ്രഹവും വാസനയും ഇല്ല. അതു ചെറുപ്പത്തിലുള്ള വിദ്യാഭ്യാസത്തിന്റെ കുറവാണ്. എലിമെണ്ടറി സ്കൂളുകളിൽ കാഴ്ചത്തോട്ടങ്ങൾ ഉണ്ടാക്കാൻ ആവശ്യമുള്ള ദ്രവ്യസഹായം ചെയ്യാൻ മദിരാശി ഗവൺമെണ്ട് തീർച്ചയാക്കുകയും അതിനു കഴിഞ്ഞകൊല്ലം 10,000ക. നീക്കിവെച്ചിരുന്നുവല്ലോ. ചില സ്കൂളുകളിൽ തോട്ടങ്ങൾ ഏർപ്പെടുത്തുകയും ചെയ്തു. പക്ഷെ, ഇൻസ്പെക്ടർ വന്നു പരിശോധന നടത്തുമ്പോൾ കാഴ്ചക്കു കാണിപ്പാനല്ലാതെ ഈ തോട്ടങ്ങളെക്കൊണ്ടു വിശേഷവിധിയായ പ്രയോജനം മിക്ക സ്കൂളിലും ഉണ്ടെന്നു പറവാൻ ന്യായം കാണുന്നില്ല. സസ്യങ്ങളെപ്പററിയും ചെടികളെപ്പററിയും വൃക്ഷങ്ങളെപ്പററിയും വിശേഷവിധിയായ ജ്ഞാനങ്ങളൊന്നും സിദ്ധിക്കാത്ത ഗുരുനാഥന്മാരാണ് ഈ വക സ്കൂളുകളിൽ പഠിപ്പിക്കുന്നതു്. ഒരു ചെടിയോ വൃക്ഷമോ, ഏതുതരം മണ്ണിലാണ് വളരുക, അതിൽ ഓരോന്നിനുമുള്ള പ്രത്യേകതകളെന്ത്, എപ്പോഴാണ് പൂക്കുക, കായ്കളെ തരുന്ന സമ്പ്രദായമെന്താണ്, ചെടികൾക്ക് എന്തൊക്കെ തരം രോഗങ്ങൾ പിടിക്കും, അവയ്ക്കു് ചികിത്സ എന്താണ്; ഇതൊക്കെ അറിയുന്ന ഗുരുനാഥന്മാർ ഇല്ലാത്ത സ്കൂളുകളിൽ വെറും തോട്ടംകൊണ്ടു് എന്താണു് പ്രയോജനം. ഇവയെ വിവരിക്കുന്ന പുസ്തകങ്ങൾ മലയാളഭാഷയിൽ ഇല്ല. ശിക്ഷാക്രമപാഠശാലയിലെ ഗുരുക്കടെയുള്ള അദ്ധ്യേതാക്കളെ "തത്തമ്മേ പൂച്ച പൂച്ച" എന്നപോലെ ചിലതൊക്കെ പഠിപ്പിക്കും. പുഷ്പങ്ങളുടെ പ്രത്യേകഭാഗങ്ങൾക്ക് ഇംഗ്ലീഷുഭാഷയിലുള്ള പേരുകൾക്ക് ഓരോരുത്തർ സരസ്വതീകടാക്ഷംപോലെ ഓരോ പേരുകൾ കൊടുക്കയാണ് ചെയ്യുന്നത്. "ബഹിസ്സുമനാഛദം," "അന്തസ്സുമനാഛദം" എന്നും മറ്റും ചില പേരുകൾ ഇതിനിടെ ഒരു ശിക്ഷാക്രമപാഠശാലയിലെ വിദ്യാർത്ഥിയുടെ ഒരു നോട്ടുപുസ്തകത്തിൽ ഞങ്ങൾക്കു കാണ്മാൻ സംഗതിയായിരുന്നു. തെച്ചി, ഇതൾ, അല്ലി, മുതലായ പേരുകളൊന്നും ഇവർ സ്വീകരിച്ചുകാണാത്തതു് അവ വളരെ സാധാരണയായതുകൊണ്ടാ മറ്റോ ആയിരിക്കണം. അവയെല്ലാമെ സംസ്കൃതപദങ്ങൾ സൃഷ്ടിക്കയാണ് ചെയ്യുന്നത്. ഗുരുക്കന്മാർ, കുട്ടികളെ, കടല്പുറം, പുഴവക്ക്, തോട്ടങ്ങൾ, തൊടികൾ, പാടങ്ങൾ, മുതലായ സ്ഥലങ്ങളിൽ കുട്ടിക്കൊണ്ടുപോയി അവിടങ്ങളിലെ ഓരോ വിശേഷവിധികൾ പറഞ്ഞുകൊടുക്കുന്ന സമ്പ്രദായം തന്നെ ഇല്ല. ഇവയൊന്നും അറിഞ്ഞുകൂടാത്ത ഗുരുക്കന്മാരായിരിക്കും അധികമെന്നുള്ളതിനു സംശയമില്ല. അവരെ അതിന് കുറപ്പെടുത്താനുമില്ല. ഓരോ ദിക്കിലുള്ള സ്കൂളുകളിൽ സംബന്ധിച്ചുകൊണ്ട് ഈ വക പാഠങ്ങൾ പഠിപ്പിക്കുവാൻ യോഗ്യന്മാരായ ചിലരെ എട്ടോ പത്തോ സ്കൂളിനു പൊതുവിലായി നിയമിക്കുന്നതു് നന്നായിരിക്കുമെന്നു തോന്നുന്നു. ഈ സംഗതികൾ വിദ്യാഭ്യാസഡിപ്പാർട്ടുമെണ്ട് ആലോചിക്കേണ്ടതാണ്.

* * * *

സാങ്കേതികശബ്ദങ്ങളുടെ പരിഭാഷകൾ ഉണ്ടാക്കേണ്ടതിന്ന് ആലോചനകൾ

വൃത്തിയൊന്നും ആരംഭിച്ചുകാണുന്നില്ല. ഇതിന്നു കൊച്ചി അപ്പൻതമ്പുരാൻ തിരുമനസ്സുകൊണ്ടോ, ഏ. ആർ. രാജരാജവർമ്മ കോയിത്തമ്പുരാൻ അവർകളോ ഉടനെ ശ്രമിയ്ക്കുമെന്നു വിശ്വസിയ്ക്കുന്നു. ഒന്നാമത്, നാനാ ശാസ്ത്രങ്ങളിൽ നൈപുണ്യമുള്ള നാനാ വിദ്വാന്മാരെക്കൊണ്ട് ആ വക ശാസ്ത്രങ്ങളിലുള്ള സാങ്കേതികശബ്ദങ്ങൾ തിരഞ്ഞെടുക്കാൻ ശട്ടംകെട്ടണം. ഇതിന്ന് അധികം പ്രയാസമുണ്ടാകുമെന്നു തോന്നുന്നില്ല. അങ്ങിനെ തിരഞ്ഞെടുത്തുകഴിഞ്ഞതിന്നശേഷം അവയിൽ ഓരോന്നിന്റെ പരിഭാഷയുണ്ടാക്കി അതെല്ലാം വല്ല മാസികകളിലും പരസ്യം ചെയ്കയും അവയെപ്പററി അഭിപ്രായം ആവശ്യപ്പെടുകയും ചെയ്യാവുന്നതാകുന്നു. ഇതിനെ ചെയ്യാനുള്ള കാലം വളരെ അതിക്രമിച്ചിരിയ്ക്കുന്നു. അത് ഏതെങ്കിലും ഒരാൾ കാര്യമായി ആരംഭിയ്ക്കുതന്നെ വേണം. വല്ല സഭയും വിളിച്ചുവരുത്തി അതിൽ വാദപ്രതിവാദങ്ങളും മററും നടത്തി ഒരു കമ്മിററിയെ ഏർപ്പെടുത്തി കാര്യം നടത്താമെന്നുവെച്ചാൽ സാധിച്ചെന്നു വരുന്നതല്ല. അത് അനുഭവം കൊണ്ടു നമുക്കറിയാവുന്നതാണ്.

പശുക്കളുടെ അകിടും

അതിന്റെ രോഗവും.

ജീവികളിൽ പ്രസവിയ്ക്കുന്നവയൊക്കെ കുഞ്ഞുങ്ങളെ മുലകൊടുത്തു വളർത്തുന്നവയാണ്. ചില വ്യത്യാസങ്ങളുണ്ട്. അവുസ്ത്രേലിയായിലെ 'ഡക്‌ബിൽ', 'ആന്റ് ഈററർ' മുതലായ വർഗ്ഗങ്ങൾ ചിലവ മുട്ടയിട്ടു കുഞ്ഞുങ്ങളെ വിരിയ്ക്കുകയും, അതിൽ പിന്നെ അവയെ മുലകൊടുത്തു വളർത്തുകയും ചെയ്യുന്നു. മുട്ടയിട്ടു വിരിയ്ക്കാതെ, കുഞ്ഞുങ്ങളെ ജീവനോടുകൂടിത്തന്നെ പ്രസവിയ്ക്കുന്നവരിൽ, ആ വക കുഞ്ഞുങ്ങൾ വയററിലിരിയ്ക്കുമ്പോൾ, ഗർഭപാത്രത്തിലെ 'മറുക്കു' എന്നു പറയുന്ന സാധനം വഴിയായിട്ടാണ് പോഷിപ്പിയ്ക്കപ്പെടുന്നത്. പ്രസവിച്ചു കഴിഞ്ഞാൽ അവയ്ക്കു മുലപ്പാൽ വേണം.

മുലപ്പാൽ രക്തത്തിൽനിന്ന് ഉണ്ടാക്കപ്പെടുന്ന ഒരു പോഷകസാധനമാണ്, വിയർപ്പ്, കണ്ണുനീർ, കൊഴുപ്പ്, മുതലായവ രക്തത്തിൽനിന്ന് ഉണ്ടാക്കപ്പെടുന്ന സാധനങ്ങളാണല്ലോ. ഇവയൊക്കെ രക്തത്തിൽനിന്നു വേർപെടുത്തുന്നത് ഒരു വക മാംസഗ്രന്ഥികൾ മാർഗ്ഗമായിട്ടാണ്. രക്തത്തിൽനിന്നു മുലപ്പാൽ ഉണ്ടാക്കുന്നതു ചില മാംസഗ്രന്ഥികളാണ്. ഉദരത്തോടു സമീപിച്ച സ്ഥലത്താണ് മുലപ്പാലുണ്ടാക്കുന്ന മാംസഗ്രന്ഥികൾ സാധാരണ ഉണ്ടാകുന്നത്. കുഞ്ഞുങ്ങൾക്കു മുലകുടിക്കാൻ ഏററവും സൗകര്യമുള്ള സ്ഥലം അതാണ്. മാംസഭോജികളായ, നരി, നായ മുതലായവയിലും പന്നി മുതലായവയിലും നെഞ്ഞിന്മേലും വയറിന്മേലും രണ്ടുവരികളായിട്ടായിരിയ്ക്കും ഈ മാംസഗ്രന്ഥികളുടെ ഇരിപ്പ്. കുളമ്പുള്ള മൃഗങ്ങൾക്ക് അതു കാലുകളുടെ മദ്ധ്യത്തിൽ നാഭിപ്രദേശത്തായിരിയ്ക്കും. തിമിംഗലം മുതലായവയ്ക്കും ആ സ്ഥാനത്തുതന്നെയാണ്. ആന, കടവാതിൽ, കരടി, കുരങ്ങുകൾ

ണാം. ഇത് അവർക്ക് വളരെ രുചികരവും പ്രിയവുമായുള്ള ഭക്ഷണസാധനമാകുന്നു. വല്ലപ്പോഴും ഒരു രാത്രി അവരുടെ കൂട്ടത്തിൽ കഴിച്ചു കൂട്ടേണ്ടതായി വരുന്നവരായ മേൽജാതിക്കാർക്ക് അവർ ഈ ഭക്ഷണപദാർത്ഥം ഭോജ്യം ചെയ്യാറുണ്ട്. അവർ ഇതും കഴിച്ച് ധാരാളം വെള്ളവും കുടിക്കും. മാൻ കാട്ടുപോത്ത് കോലാട് ഇതുകളേയും പുലി തിന്ന് ഉപേക്ഷിച്ചു പോകുന്ന മാംസങ്ങളേയും അവർ ഭക്ഷിക്ക പതിവാണ്. എന്നാൽ പട്ടി ചെന്നായ അഥവാ പുലി ഇതുകളുടെ മാംസം ഒരിക്കലും ഭക്ഷിക്കുകയില്ല.

സാമുദായിക നില

തമിഴ് മലയന്മാരേക്കാൾ നാട്ടുമലയന്മാർക്ക് സമുദായനിലയിൽ ശ്രേഷ്ഠതയുണ്ടെന്നാണ് അവരുടെ വാദം. അവർ ഇവരുടെ അടുത്തു വന്നാൽ ഇവർ അശുദ്ധരാകുന്നതുകൊണ്ട് ഇത്ര അകലം കണ്ടേ നടക്കുവാൻ പാടുള്ളു എന്ന നിശ്ചയമുണ്ട്. ഇവർ തമ്മിൽ അന്യോന്യസംബന്ധമോ തൊട്ടൂണോ പാടില്ല. നാട്ടുമലയന്മാർക്ക് ബ്രാഹ്മണരുടേയും നായന്മാരുടേയും ഈഴവന്മാരുടേയും ഭക്ഷണം കഴിപ്പാൻ വിരോധമില്ല. എന്നാൽ പുലയന്മാരുടേയും പറയന്മാരുടേയും മറ്റു കീഴ്ജാതിക്കാരുടേയും ഭക്ഷണം അവർ കഴിക്കുന്നതല്ല.

ആകൃതിപ്രകൃതികളും വസ്ത്രധാരണങ്ങളും

നാട്ടുമലയന്മാരുടെ നിറം കറുപ്പും ഇരുനിറവുമാണ്. ശരീരം കുറിയതും മുഖം താടിക്കലേക്കു കൂമ്പി ത്രികോണാകൃതിയിലുമാണ്. അവർക്ക് ദേഹശക്തിയും, ദേഹസുഖവും വലിയ സഹനശക്തിയുമുണ്ട്. അവർ സൌമ്യന്മാരും, പഴക്കമുള്ളവരും, വിശ്വാസയോഗ്യന്മാരും, സന്തുഷ്ടന്മാരും, പഴയ (കാട്ടു) സമ്പ്രദായങ്ങളെ തെറ്റിനടക്കുന്നതിൽ വിമുഖന്മാരുമാണ്. സാധാരണയായി അവർ അരയിൽ ഒരു തുണി മാത്രമേ ചുറ്റുന്നുള്ളു. എന്നാൽ പാലപ്പിള്ളിമലയിൽ ഒരിക്കൽ കണ്ട 20 പേരിൽ പത്തോ പന്ത്രണ്ടോ പേർ 4 നീളം 2½ വീതിയിലുള്ള ഒരു മുണ്ടു ചുററി ഫ്ലാനൽ ഷർട്ടിട്ട് അതിന്മേൽ ചുമലിൽ രണ്ടാം മുണ്ടു ധരിച്ചിട്ടുണ്ടായിരുന്നു. ഇതു ഈ അപരിഷ്കൃതന്മാരായ കാട്ടുജാതികളുടെയിടയിൽ ആധുനിക വിദ്യാഭ്യാസം കടന്നു കൂടുന്നുണ്ടെന്നുള്ളതിന്റെ ഒരു ദൃഷ്ടാന്തമാകുന്നു. ചിലരുടെ അരക്കച്ചയിൽ കത്തി തിരുകീട്ടും ചിലരുടെ ചുമലിൽ മരത്തായയുള്ള മഴുവും ഉണ്ടായിരുന്നു. കറുത്തതും മെഴുക്കു തൊട്ട് മിനുക്കിയതുമായ മുടി നിറുകയിൽ വകഞ്ഞ് പിന്നിൽ കെട്ടിവെച്ചിരിക്കുന്നു. ചിലരുടെ കാതിൽ കടുക്കനുമുണ്ട്. ഹരിശ്ചന്ദ്രൻ എന്ന പേരായ തലവന്റെ കഴുത്തിൽ വെള്ളികൊണ്ടുള്ള ഒരു വള ധരിച്ചിട്ടുണ്ട്. ഇതു മറ്റുള്ളവരേക്കാൾ അവനുള്ള കൂടുതൽ യോഗ്യതയുടെ അടയാളമായി മഹാരാജാവു തിരുമനസ്സിൽനിന്നും കല്പിച്ചു കൊടുത്തിട്ടുള്ളതാണ്. വയസ്സു അമ്പതിൽ കൂടിയവനെങ്കിലും നരച്ചിട്ടില്ല. പെണ്ണുങ്ങളും കുറിയശരീരിണികളും കറുത്ത നിറക്കാരും ചിലർ ഇരുനിറക്കാരുമാണ്. അവർക്ക് ചീകിമിനുക്കി വെച്ചിട്ടുള്ള നീണ്ട തലമുടിയുണ്ട്. എല്ലാവരുടേയും കാതുകുത്തി വലിയ ഇല്ലക്കട്ടയോ ഓലച്ചുരുളോ ഇടത്തക്കവിധം അതു ധാരാളം വളർത്തിട്ടുണ്ട്. തലവന്റെ മകൾ കക്കതോടയാണ് ധരിച്ചിരുന്നത്. ചിലർ മൂക്കുത്തിയും ഇട്ടിരുന്നു. കഴുത്തിൽ ചിപ്പിയും പളുങ്കും മുത്തുംകൊണ്ടുണ്ടാക്കിയ പണ്ടങ്ങളും കയ്യിൽ പിച്ചളയും ഇരിമ്പും കൊണ്ടുള്ള വളകളും മോതിരങ്ങളും കാലിന്മേൽ മററു പാദസരങ്ങളും മെട്ടികളും ധരിച്ചിരുന്നു. നാലോ അഞ്ചോ വാര നീളമുള്ള ഒരു തുണി രണ്ടാക്കി മടക്കി മുലകൾ മീതെ വച്ചു

ങ്ങളെല്ലാം മലയാളത്തിലാണല്ലോ കഴിയുന്നത്.

മറ്റു കാട്ടുവാസികളെപ്പോലെതന്നെ യാണ് ഇവരുടേയും മുഖ്യ തൊഴിൽ കാട്ടിലെ

തൊഴിൽ ഉല്പന്നങ്ങളെ ശേഖരിക്കുകയാണ്. കാടന്മാരെപ്പോലെതന്നെ ഇവരും മലവക ഡിപ്പാർട്ടുമെന്റിന്റെ അധികാരത്തിൻകീഴിലും ആവശ്യപ്പെട്ടപ്പോൾ വേണ്ടുന്നത്ര ചെയ്തു കൊടുപ്പാൻ ബാധ്യസ്ഥന്മാരുമാകുന്നു. അതിന്നുപകരമായി അവർക്ക് പ്രയത്നം ചെയ്യാൻ കയ്യാലിയായി ഭൂമികളും കാണിക്കുമറ്റങ്ങളും; കടിച്ചു പണിയുവാൻ മുളയും, ഈറ്റ, എന്നല്ല കാട്ടിലെ പ്രഭുകൾക്ക് അനുവദിക്കപ്പെട്ടിട്ടുള്ള മറ്റു പല സഹായങ്ങളും നൽകിവരുന്നുമാകുന്നു. കാട്ടിലെ ചില്ലറ ഉല്പന്നങ്ങൾ ശേഖരിക്കുന്നതിലേക്കായി ഒരു പതിയെ ചുറ്റുമുള്ള പ്രദേശങ്ങൾ ആ പതിയിലുള്ള എല്ലാവരും തമ്മിൽ തമ്മിൽ വീതിച്ചെടുക്കുകയാണ്. ഇങ്ങിനെ എടുക്കുന്നതിൻ ശേഷം ഓരോ ഭാഗത്തിൽ മറ്റാരും മുൻചോദിക്കാത്ത പിശാചുബാധയാൽ ഒരിക്കലും പ്രവേശിക്കുകയില്ല. മലയന്മാർ നാട്ടിൽ പിന്തുടരുവാൻ യോഗ്യന്മാരും, മുയൽ മാൻ മുതലായ മൃഗങ്ങളെ കണിവെച്ചുപിടിക്കുവാൻ സമർത്ഥന്മാരുമാണ്. വേനൽക്കാലത്തു തോട്ടിലെ വെള്ളം ചിറകെട്ടി നിർത്തി എന്നിട്ടു ഒരു ഇലയോ വേരോ അതിൽ കലക്കി അവർ മത്സ്യങ്ങളെ ബോധംകെടുത്തി പിടിക്കും. അടുത്ത കാലത്തു ചിലർ അവരുടെ മാടത്തിന്റെ ചുറ്റുമുള്ള സ്ഥലങ്ങൾ വെട്ടിത്തെളിയിച്ചു കൃഷി ചെയ്യാൻ തുടങ്ങീട്ടുണ്ട്. ചിലർക്ക് ചില്ലറ ചില കൃഷി ആയുധങ്ങൾക്ക് പുറമെ പൂട്ടുന്നതിലേക്കുള്ള കാളകളും കന്നുകളുമുണ്ട്.

കാടന്മാരെപ്പോലെ മലച്ചികളും ഴോരകൊണ്ട് പലതരം പായകളും നെയ്യും. ഇല്ലികൊണ്ട് നാരുണ്ടാക്കി അടുത്തടുത്തു ക്രമത്തിൽ പാകിവെച്ച് അവർതന്നെയുണ്ടാക്കുന്ന ഒരു തരം ചരട് ഒരു വക ഇരിമ്പു സൂചിയിൽ കോർത്താണ് പായയുണ്ടാക്കുന്നത്. പായയുടെ വക്കുകൾ മടക്കിവെച്ച് തുന്നിയുണ്ടായിരിക്കയില്ല. പലതരമാണെങ്കിലും അവയുടെ ആവശ്യത്തിന്നനുസരിച്ചുള്ള വിധം അതിന്ന് മാറ്റമില്ലാത്തതുമല്ല.

മലവേട്ടുവർ പണിയില്ലാതിരിക്കുന്ന കാലങ്ങളിൽ അധികവും അവർ ഓരോ കാട്ടുകിഴങ്ങുകളാണ് ഭക്ഷി

ഭക്ഷണം ക്കുന്നത്. പണിയില്ലാത്തപ്പോൾ ചാമ, കോറ, കമ്പ് ഇതുകളെക്കൊണ്ടുണ്ടാക്കിയ കഞ്ഞിയാണ് കഴിക്കുക. ഇതു കാലത്തു വെച്ചു വൈകുന്നേരം വരെയായി കഴിക്കും. ഇതാതെ കഞ്ഞിയും ഉപ്പിട്ടു വേവിച്ച കിഴങ്ങുമാണ് വൈകുന്നേരത്തെ ഭക്ഷണം. വേലകഴിഞ്ഞാൽ നെല്ല് അരി ഉപ്പ് മുതലായി കങ്കാണിമാർ കൊടുക്കുന്ന സാധനങ്ങളെക്കൊണ്ടും മറ്റു കാലങ്ങളിൽ കാട്ടിലെ കിഴങ്ങുകളെക്കൊണ്ടു തന്നെയും അവർ ദിവസവൃത്തി കഴിച്ചുവരുന്നു. മുളനെല്ലുകൊണ്ട് അവർ ഒരു വക സ്വാദുള്ള ഭക്ഷണം തയ്യാറാക്കുന്നുണ്ട്. ഒരടി നീളവും നാലോ അഞ്ചോ അംഗുലം ഉൾവിസ്താരവുമുള്ള ഒരു മുളങ്കഷണത്തിൽ മുളനരി നിറച്ച് മീതെ തേനും ഒഴിച്ച് വായു കടക്കാത്ത വിധം നന്നായി വാഴക്കൂട്ടിയതിന്നശേഷം കഷണം മണ്ണു കുഴച്ച് പൊതിഞ്ഞ് കത്തിയെരിയുന്ന തീയിലിട്ടു ചുടും. നല്ലവണ്ണം വെന്തശേഷം മുളപൊട്ടി വിള്ളുകയും തൽക്ഷണം പുറത്തേക്ക് എടുക്കപ്പെടുകയും ചെയ്യും. അപ്പോൾ അതിനുള്ളിൽ മാറ്റവും മധുരവുമുള്ള ആ ഭക്ഷണസാധനം ഒരു കുഴലിന്റെ ആകൃതിയിൽ ഇരിക്കുന്നത് കാ

ത്. എല്ലാവക്കും അനവധി പിശാചുക്കൾ അധീനത്തിലുള്ളതിനാൽ ഒരുവൻ മറൊരുവനെ ഉപദ്രവിച്ചാൽ അവന്റേയും അവന്റെ സമീപസ്ഥന്മാരുടെയും അധീനത്തിലുള്ള പിശാചുക്കൾ മൂലം അവൻ ചെയ്ത ദ്രോഹത്തിനു ദേഹോപദ്രവവും ചിലപ്പോൾ ജീവനാശം തന്നെയും ശിക്ഷകൊടുക്കുന്നതാണെന്നും കൂടി അവർ വിശ്വസിച്ചിരിക്കുന്നു. അതുകൊണ്ട് ഏതെങ്കിലും ഒരു കാടൻ ഒരു മരത്തിന്മേൽ ഒരു തേൻകൂട് കണ്ടെത്തിയാൽ, അത് ആരെങ്കിലും കണ്ട് അടയാളം വെച്ചുപോയിട്ടുണ്ടൊ എന്ന് ആ മരത്തിന്റെ തൊലി പരിശോധിച്ചു നോക്കിയതിനു ശേഷമെ അവൻ അതെടുപ്പാൻ ശ്രമിക്കയുള്ളൂ. അടയാളം കണ്ടാൽ അതുണ്ടാക്കിയവന്റെ അറിവും സമ്മതവും കൂടാതെ യാതൊരു കാരണത്താലും അതു തൊടുവാൻകൂടി അവനു മനസ്സു വരാറില്ല. ഈ പിശാചുക്കൾക്കു വെളുത്ത ജാതിക്കാരുടെ (വെള്ളക്കാരുടെ) മേൽ അധികാരമുണ്ടെന്നു അവർ വിശ്വസിക്കുന്നില്ല. ദീനം പിടിക്കുന്നതു ദൈവങ്ങളെ പ്രസാദിപ്പിപ്പാൻ ഉപേക്ഷ ചെയ്യുന്നതിനാൽ അവർ കൊടുക്കുന്ന ശിക്ഷയാണെന്നാണ് അവരുടെ വിശ്വാസം. അതിനാൽ ദീനക്കാരെ ചികിത്സിക്കയല്ല, ദീനം ഭേദപ്പെടുവാൻ ദൈവത്തെ പ്രാർത്ഥിക്കയാണ് അവർ ചെയ്യുന്നത്.

മുകുന്ദപുരം താലൂക്കിലെ ഊണുനാട്ടു മലകളിൽ ഒരു ജീർണ്ണിച്ച അമ്പലം കാണാനുണ്ട്. ഈ അമ്പലത്തിൽവെച്ചു വേദാഭ്യസനം നടത്തിവന്നിരുന്നുവെന്നും അനവധി ബ്രാഹ്മണർക്ക് ഊണും കൊടുത്തുവന്നിരുന്നുവെന്നും 'ഊണുനാട്' എന്ന പദം സൂചിപ്പിക്കുന്നു. വിശേഷിച്ച് 'അമ്പലപ്പാ ജീരകം' എന്ന് ഒരു അറയിൽ കൊത്തിയിരിക്കുന്നതു കാണാനുണ്ട്. സാമാന്യം വലിയ ഒരു സദ്യക്കുകൂടി വളരെ കുറച്ചു ജീരകം മാത്രം മതിയാവുന്ന സ്ഥിതിക്ക് എത്ര വലിയ സദ്യയാണ് അവിടെ കഴിച്ചിരുന്നതെന്നും എത്ര അസംഖ്യം ബ്രാഹ്മണർക്കാണ് ഊണു കൊടുത്തുവന്നിരുന്നതെന്നും ഇതിൽനിന്നു നമുക്ക് ഏതാണ്ട് മനസ്സിലാക്കാം. ഏഴികോട്ടിൽ ഏറ്റവും വിശേഷമായി പണിചെയ്യപ്പെട്ടിരിക്കുന്ന ഒരു ഗണപതിയുടെ ബിംബം സ്വസ്ഥാനത്തിൽ അതിമനോഹരമായ ഒരു പീഠത്തിന്മേൽ യാതൊരു അംഗഭംഗവും കൂടാതെ ഇപ്പോഴും ഇരിക്കുന്നുണ്ട്. അതിനു സമീപം വേറെയും ചില ബിംബങ്ങളുമുണ്ട്. സമീപത്തുള്ള കിണറുകളും അതുകളുടെ അസ്ഥിവാരങ്ങളും ഇപ്പോഴും കാണാം. കൂടാതെ പറത്തിപ്പാറ, ചക്കിപ്പറമ്പ് എന്ന സ്ഥലങ്ങളിൽ അനവധി മുനിയറകളുമുണ്ട്. മുനിയറയുടെ മൂന്നു ഭാഗം ഓരോ കല്ലുകൊണ്ടുള്ള ചുവരുകളായിരിക്കും. മേൽഭാഗത്തിന്ന ഒരാൾക്കു കുനിഞ്ഞിരുന്നു കിടന്നുപോയിരിക്കുവാൻ തക്കവണ്ണം ഒരു മേൽ പൊക്കമുണ്ടായിരിക്കയുള്ളു. ഒന്നു കിളച്ചു നോക്കിയപ്പോൾ അതിൽനിന്ന ഒരു മൺചട്ടിയും ഉറക്കയും കിട്ടിയെന്ന കേൾക്കുന്നു. പാറക്കടവിൽനിന്ന രണ്ടു നാഴിക കിഴക്കു പറത്തിപ്പാറയിൽ പുരാതനകാലത്തുള്ള മൂന്നു മുനിയറകളുണ്ട്. ഈ പ്രദേശങ്ങളിൽ അനവധി നമ്പൂരി ഇല്ലങ്ങളും ഉരുവിട്ടകളും ഉണ്ടായിരുന്നുവെന്നും അതുകൾ ഒരു മൂന്നൂറു കൊല്ലങ്ങൾക്കപ്പുറം ഇല്ലാതെയായി എന്നും വിശ്വസിക്കപ്പെട്ടിരിക്കുന്നു. കാണം വട്ടെഴുത്തിലും കോലെഴുത്തിലുമുള്ള അനവധി ലേഖകൾ ഇപ്പോൾ അവിടെ കണ്ടുവരുന്നുണ്ട്. ആ കാലത്തിനെ ശേഷമി

ലിയും കൊടുക്കം അവരുടെയിടയിൽ യാതൊരു നിയമവുമില്ല. നിയമം ഏർപ്പെടുത്തുവാൻ കാരണമുണ്ടായിട്ടുമില്ല. വല്ല തൎക്കങ്ങളും കലഹങ്ങളും തന്നത്താൻ തീൎക്കുവാൻ കഴിയാതെ വരുന്ന സന്ദൎഭങ്ങളിൽ അതുകൾ മലവക ഡിപ്പാൎട്ടുമെണ്ടു ഉദ്യോഗസ്ഥന്മാർ തീൎച്ചപ്പെടുത്തുന്നതും അവരുടെ തീൎപ്പ് അവർ സന്തോഷത്തോടെ കൈക്കൊള്ളുന്നതുമാകുന്നു. അവൎക്കു മന്ത്രവാദം, ആഭിചാരം മുതലായ നീചപ്രവൃത്തികളിൽ വലിയ വിശ്വാസവും ശകുനങ്ങളെപ്പറ്റി നിരൎത്ഥകമായ അഭിപ്രായങ്ങളുമാണ്. യാത്ര പുറപ്പെടുമ്പോൾ പല്ലി ശബ്ദിക്കുകയോ ആളോ പൂച്ചയോ അഭിമുഖമായി വരികയോ ചെയ്താൽ അതുകൾ ദുർല്ലക്ഷണമെന്നു കരുതി അവർ യാത്ര വേണ്ടെന്നു വെച്ചുകളയും.

മലയന്മാർ വീരഭദ്രനെയും ഭദ്രകാളിയെയും ആരാധിച്ചുവരുന്നു. വൃക്ഷച്ചുവട്ടിലൊ ചെറിയ കുടിലോ വെച്ചിരിക്കുന്ന കല്ലുകളെയാണ് ഈ മൂൎത്തികളെന്നു സങ്കല്പിക്കുന്നത്. മണ്ഡലകാലത്തു പതിയിലെ ഏറ്റവും മൂത്തയാൾ റോമനെന കുളിച്ചു ഈറനായി വന്ന് ഒരു വിളക്കുകൊളുത്തിവെച്ചു വീരഭദ്രപൂജ കഴിക്കും. അക്കാലത്തു നായാട്ടിനു പോകുകയോ മാംസം ഭക്ഷിക്കുകയോ ചെയ്കില്ല. ഒടുവിലത്തെ ദിവസം ആടു കോഴി മുതലായവ ബലികൊടുത്തു പതിയിലുള്ള എല്ലാവരും സദ്യ കഴിച്ചു മണ്ഡലം അവസാനിപ്പിക്കും.

...ല്ലൻ അവരാരാധിക്കുന്ന മറ്റൊരു ദേവതയാണ്. കൊല്ലത്തിലൊരിക്കൽ, മീനമാസത്തിൽ, മേൽപറഞ്ഞ വിധം ബലി അതിന്നും കൊടുത്തുവരുന്നുണ്ട്. ഇതിനു ഉപേക്ഷ ചെയ്താൽ അത് പുലികളെയും ആനകളെയും അയച്ച് തങ്ങളെയും മാടുകളെയും നശിപ്പിച്ചു കളയുമെന്നാണ് അവരുടെ വിശ്വാസം.

ഇമ്മാതിരി തന്നെ ഭദ്രകാളിയെയും പൂജിച്ചു വരുന്നുണ്ട്. മലയന്മാരുടെ വിശേഷദിവസങ്ങൾ മകര കൎക്കടക സംക്രാന്തികളും വിഷു ഓണം മണ്ഡലം ഇതുകളുമാകുന്നു. ദൈവങ്ങളെപ്പറ്റി അഭിപ്രായമെന്തെന്നു ചോദിച്ചാൽ അവർ മനുഷ്യരെപ്പോലെയാണെന്നും എന്നാൽ അദൃശ്യന്മാരും സൎവ്വശക്തന്മാരുമാണെന്നും മറുപടി പറയും. ഓരോ ദൈവത്തിന്നും വെവ്വേറെ ഇലയിൽ നിവേദ്യം വെക്കുവാൻ അവർ പ്രത്യേകം ശ്രദ്ധവെക്കുന്നുണ്ട്. അല്ലാത്തതായാൽ ദൈവങ്ങൾ തമ്മിൽ വഴക്കിന്നും തല്ലിന്നും തങ്ങൾക്കു ദോഷത്തിന്നും സംഗതിയാണെന്നും അവർ വിശ്വസിച്ചുവരുന്നു. ഈ വിശ്വാസം നാട്ടിലെ എല്ലാ താഴ്ന്നജാതിക്കാരുടെ ഇടയിലുമുണ്ട്. മലയന്മാർ സ്ഥാപിക്കുന്ന കല്ലുകളോ രൂപങ്ങളോ കേവലം ആ ദൈവങ്ങളുടെ പ്രതിമകളോ ഛായകളോ ആണെന്നു മാത്രമല്ല അവർ വിശ്വസിച്ചുവരുന്നത്; ആ ദൈവങ്ങൾതന്നെ അതുകളിൽ വസിക്കുന്നുണ്ടെന്നും അല്ലെങ്കിൽ അതുകൾ ദൈവങ്ങൾ തന്നെയാണെന്നും അവരെക്കൊണ്ടു ഗുണദോഷങ്ങൾ ചെയ്വാൻ സാദ്ധ്യമാണെന്നുമാണ് അവരുടെ ഉറപ്പായ ധാരണ. അവർ അതുകളെ ഭയഭക്തിപുരസ്സരം കരുതിവരികയും അതുകളുടെ പ്രീതി ബലികളാൽ മാത്രം ലഭ്യമാണെന്നു വിശ്വസിച്ചുവരികയും ചെയ്യുന്നു. പിശാചുക്കളുണ്ടെന്നാണ് അവരുടെ ദൃഢമായ വിശ്വാസം. പിശാചുക്കൾക്ക് മനുഷ്യരോട് അധികം അടുപ്പമുണ്ടെന്നും അവർ ക്ഷുദ്രങ്ങളാണെന്നുമാണ് വെച്ചിരിക്കുന്ന

൨൰൧. മ. രാ. രാ. അരീക്കരകത്തു കരുണാകരൻനായർ അവർകൾ
കത്തനൂർ അംശം, ദേശം കത്തനൂർ
പോസ്റ്റ് പാലക്കാട്.

൨൰൨. ,, മരുതൂർ കരുണാകരമേനോൻ ,,
സംസ്കൃതമുൻഷി ഹൈസ്കൂൾ പൊന്നാനി.

൨൰൩. ,, പി. നാരായണൻ നായർ ,,
മലയാളം മുൻഷി ഹൈസ്കൂൾ പൊന്നാനി.

൨൰൪. ,, സി. കെ. കേരളവർമ്മതമ്പാൻ ,,
മംഗളോദയം കമ്പനി തൃശ്ശിവപേരൂർ.

൨൰൫. ,, തോരണത്തു പരമേശ്വരമേനോൻ ,,
മലയാളം പണ്ഡിതർ തൃശ്ശിവപേരൂർ.

ടി. കെ. കൃഷ്ണമേനോൻ
ബി. എ. എം. ആർ. എ. എസ്. സിക്രട്ടരി.

സമാജത്തിലേയ്ക്കു നാളിതുവരെ പരിസംഖ്യ അടച്ചവരുടെ പേരും വിവരവും.

1.	അപ്പൻ തമ്പുരാൻ തിരുമനസ്സുകൊണ്ട്		ക. 1—0—0
3.	ടി. കെ. കൃഷ്ണമേനോൻ ബി. എ.	അവർകൾ	ക. 1—0—0
4.	കെ. ഗോവിന്ദൻനമ്പ്യാർ ബി. എ. ബി. എൽ.	,,	ക. 2—0—0
7.	സി. കുഞ്ഞിരാമമേനോൻ	,,	ക. 1—0—0
13.	കെ. പി. പീറ്റർ	,,	ക. 1—0—0
14.	എ. കുഞ്ഞപ്പിഷാരോടി	,,	ക. 3—0—0
16.	എ. നീലകണ്ഠശർമ്മ	,,	ക. 1—0—0
17.	കെ. വാസുദേവൻ മൂസ്സത്	,,	ക. 1—0—0
20.	വി. രാമുമേനോൻ	,,	ക. 2—0—0
30.	സി. ഗോവിന്ദൻ എളേടം	,,	ക. 3—0—0
43.	പി. കെ. നാരായണനമ്പീശൻ	,,	ക. 1—0—0
45.	കരൂർ ദാമോദരൻനമ്പൂതിരിപ്പാട്	,,	ക. 1—0—0
50.	വി. കേളപ്പൻനായർ	,,	ക. 1—0—0
51.	ആർ. ഗോവിന്ദമേനോൻ	,,	ക. 3—0—0
60.	കെ. കേശവൻനായർ	,,	ക. 1—0—0
61.	സി. കൃഷ്ണൻകർത്താവ്	,,	ക. 1—0—0
73.	എ. ഗോപാലമേനോൻ	,,	ക. 1—0—0
64.	കെ. രാമൻനമ്പ്യാർ	,,	ക. 1—0—0
		ആകെ	ക. 26—0—0

കെ. ഗോവിന്ദൻനമ്പ്യാർ ബി. എ. ബി. എൽ.
ഖജാൻജി.

൱൭. ൧ ൨൦– ൩൦– ൲ എ. പി. നായർ അവർകൾ

മാനപ്രദായിനി ഗ്രന്ഥശാലാ സിക്രട്ടറി നെയ്യാററിങ്കര

൱൮. ,, തിരുവിതാംകൂർ.

൱൯. ബ്രാഹ്മശ്രീ കെ. എസ്. രാമൻമേനോൻ ,,

തിരുവനന്തപുരം.

൧൧൦. ,, സി. എൻ. രാമശാസ്ത്രി എം. എ. ,,

മലയാളം ട്യൂട്ടർ കാളേജ് തിരുവനന്തപുരം.

൧൧൧. ,, പി. നാരായണൻനമ്പൂതിരി ശീമവെള്ളി ഇല്ലം

൧൧൨. ൨൦– ൩൦– ൲ ദാക്ഷിണാത്യബ്രാഹ്മണസഭാസിക്രട്ടറി കേപ്രാൽ

തിരുവല്ല.

൧൧൩. ,, പി. എസ്. വിഷ്ണുനമ്പൂതിരി ,,

കലാമന്ദിരം മാന്നാർ.

൧൧൪. ,, [illegible]. ജി. അച്യുതൻപിള്ള ,,

വലിയചാല തിരുവനന്തപുരം.

൧൧൫. ,, കണ്ണൂർ നാരായണമേനോൻ ബി. എ. ,,

പെൻഷ്യൻ തഹശീൽദാർ, മജിസ്ട്രേട്ട് തൃശ്ശിവപേരൂർ.

കെ. വി. കണ്ണൻ ,,

൧൧൬. ,, ബ്രണ്ണൻ കാളേജ് തലശ്ശേരി.

ആർ. ഈശ്വരപിള്ള ബി. എ. ,,

൧൧൭. ,, [illegible]ന്ന, സ്കൂൾ ഇൻസ്പെക്ടർ, കേരളതാരകാ പത്രാധിപർ

എൽ. എ. എ. ശ്രീവിലാസം പറവൂർ.

ചിറ്റൂർ പി. അച്യുതമേനോൻ ,,

ഹജൂർകച്ചേരി എറണാകുളം.

൧൧൮. ,, ഡാക്ടർ സി. രാമുണ്ണിമേനോൻ ,,

[illegible]., എൽ. ആർ. സി. പി. എം. ആർ. സി. എസ്സ്.

ഡിസ്ട്രിക്ട് സർജിയൻ, തൃശ്ശിവപേരൂർ.

൧൧൯. ഇ. രാമമേനോൻ ,,

,, പ്രാചീനതാരകാ പത്രാധിപർ.

എൽത്തുരുത്ത്, തൃശ്ശിവപേരൂർ.

൧൨൦. കപ്പക്കാട്ട നാരായണമേനോൻ ,,

,, മലയാളം മുൻഷി സർക്കാർസ്കൂൾ തൃപ്പൂണിത്തുറ.

കെ. പി. കറുപ്പൻ ,,

സംസ്കൃതമുൻഷി സർക്കാർ ബാലികാപാഠശാലാ

എറണാകുളം.

കൊച്ചിസാഹിത്യസമാജം.

---

൮൭ കർക്കിടകത്തിലെ 'മംഗളോദയ'ത്തിൽ പ്രസിദ്ധപ്പെടുത്തിട്ടുള്ള ചില സാമാജികന്മാരുടെ പേർ വിവരത്തിൽ തെറ്റുകൾ വന്നിട്ടുണ്ട്. അവയെ ശരിപ്പെടുത്തി താഴെ ചേർക്കുന്നു.

മ. രാ. രാ. അവർകൾ

൬൮. ,, കെ. രാമൻമേനോൻ ബി. എ. ബി. എൽ. ,,
വക്കീൽ തൃശ്ശിവപേരൂർ.

൭൪. ,, പാറാട്ടുൽ കൃഷ്ണമേനോൻ ബി. എ. ,,
വക്കീൽ എറണാകുളം.

൯൩. ,, കെ. പി. നാരായണമേനോൻ ബി. എ. ബി. എൽ. ,,
വക്കീൽ എറണാകുളം.

൯൮. ,, കെ. ശങ്കരമേനോൻ എം. എ. എൽ. ടി. ,,
കോളേജ് എറണാകുളം.

൯൯. ,, പി. രാമൻമേനോൻ ബി. എ. ,,
ഹജൂർ കച്ചേരി എറണാകുളം.

കർക്കിടകം മാസികയിൽ ൱ വരെ പേർ ചേർത്തിട്ടുണ്ട് അതിന്നുശേഷം ചേർന്നിട്ടുള്ള പുതിയ സാമാജികന്മാരുടെ പേർ താഴെ കൊടുക്കുന്നു.

൱൧. മ. രാ. രാ. ചാത്തൻകോത കൃഷ്ണൻകർത്താവ് അവർകൾ
പുന്നക്കാട്.

൱൨. ,, കണ്ണന്ത്ര കുഞ്ഞുണ്ണിനായർ ബി. എ. ബി. എൽ. ,,
ഹൈക്കോർട്ടുവക്കീൽ തൃശ്ശിവപേരൂർ.

൱൩. ,, ഇ. ഗോപാലമേനോൻ ,,
സർക്കാർ സ്കൂൾ വടക്കാഞ്ചേരി.

൱൪. ,, കെ. രാമൻ നമ്പിയാർ ,,
ചാലക്കുടി.

൱൫. ,, കല്ലാറ്റുകൽ കുട്ടപ്പമേനോൻ ,,
തൃപ്പൂണിത്തുറ.

൱൬. ,, ഇ. നാരായണമേനോൻ ,,
ഇളമനമഠം തൃപ്പൂണിത്തുറ.

ത്തിയാകുന്ന വേണ്ടതെന്നത്രെയാണ് അഭിപ്രായപ്പെടുന്നത്. നമ്മുടെ ഈ ഭൂമിയിൽ രാജാവും സൽപ്രജകളും ദുഷ്പ്രജകളുമെല്ലാം അവരുടെ കാര്യവ്യാപാരങ്ങൾ നടക്കുന്നതും നമുക്ക് ദൃഷ്ടിഗോചരമായിട്ടുള്ളതല്ലോ. അതുപോലെ മനസ്സാകുന്ന ഭൂമിയിൽ മനസ്സാക്ഷിയാകുന്ന രാജാവും ഈശ്വരഭക്തി, സച്ചിന്ത, പിതൃഭക്തി, സത്യം, ഗുരുഭക്തി, പ്രാണിസ്നേഹം, മാതൃഭക്തി, ദയ, ധർമ്മതല്പരത മുതലായ സൽഗുണങ്ങളും, രാഗാദികളായ രാജദ്രോഹികളും അധിവസിക്കുന്നുണ്ട്. പല പ്രവൃത്തികൾ നടത്തുന്നുമുണ്ട്. ദുഷ്പ്രജകളിൽനിന്ന രാജാവിന്ന പല അസഹ്യതകളും സംഭവിക്കുന്നതുപോലെ അന്തഃകരണമാകുന്ന രാജാവിന്നും ദുഷ്പ്രജകളിൽനിന്ന പലപ്പോഴും പല കഷ്ടതകളുണ്ടാവാമെന്ന് ഊഹിക്കാവുന്നതാണ്.

ഒരു രാജ്യത്തിലുള്ള ദുഷ്ടജനങ്ങളുടെ ദുഷ്കർമ്മങ്ങളെ നിരോധിക്കുവാനും അധികാരവും രാജ്യകാര്യവിധായകന്മാരായ സചിവന്മാരുള്ളതല്ലോ. അതുപോലെ ബുദ്ധിയാകുന്ന അമാത്യന്റെ മന്ത്രശക്തികൊണ്ടു കാമക്രോധാദി വൈരികളെ പരിബന്ധിച്ചു മനസ്സാക്ഷിയാകുന്ന രാജാവിനെയും സദ്ഗുണങ്ങളെയും രക്ഷിപ്പാൻ ആത്മസംയമനമില്ലാതെ മറ്റൊന്നിനും ശക്യമാകുന്നതല്ല.

മനുഷ്യർ സാധാരണമായി പ്രതാപൈശ്വര്യാധികാരാദ്യവസ്ഥകളിൽ വ്യാമോഹമുള്ളവരായി കാണുന്നസ്ഥിതിക്കും കർമ്മാലോചിക്കുന്നതായാലും അസംബന്ധമായി കാണുന്ന ഒരു സംഗതി പ്രത്യക്ഷമായി വരുന്നതായാൽ അതിനെ തടുത്തുനിർത്തിപ്പാൻ തരമില്ലല്ലോ. അവർ ആത്മനിയന്ത്രണവിഷയത്തിന്ന ദൃഷ്ടാന്തമായി സംഭവിച്ച ഒരു സംഗതി താഴെ പ്രസ്താവിക്കട്ടെ. ഇതാ, മാതൃമാതിപക്ഷപാതികനും നിയമപക്ഷബുദ്ധിമാനും പണ്ഡിതമണ്ഡലമണ്ഡനനുമായ രാമവർമ്മമഹാരാജാവു തിരുമനസ്സുകൊണ്ട്, അവിടത്തെ ഭക്തന്മാരായ പ്രജകൾക്ക് സീമാതീതമായ ഗുണഗണങ്ങളും പല ദൃഷ്ടാന്തപരിഷ്കാരങ്ങളും നിയമങ്ങളും ഉണ്ടാക്കിക്കൊടുത്തു, ഗോധരയെ രാജ്യശ്രീയുടെ നികേതനമായ മന്ദസ്മിതമാക്കിവെച്ചു; തിരുമനസ്സിലെ 61 തിരുവയസ്സു തികഞ്ഞ ഈ വത്സരത്തിൽ 18 കൊല്ലത്തെ രാജ്യഭരണംകൊണ്ടു തൃപ്തിപ്പെട്ടു തിരുമേനിയുടെ രാജ്യപരിപാലനഭാരകർത്തൃത്വം ഏറ്റവും രാജാവു തിരുമനസ്സിനെ ഭരമേല്പിച്ചിട്ട് പരഗതിമാർഗ്ഗകാംക്ഷയോടുകൂടി പരിപാലനമാർഗ്ഗത്തിൽ നിന്ന വിരമിക്കണമെന്ന് ആലോചിച്ചു തീർച്ചപ്പെടുത്തിയതു തിരുമനസ്സിലെ ആത്മസംയമനശക്തിയെ വിളിച്ചറിയിക്കുന്നതല്ലോ. സംഗ്രഹബുദ്ധിയും പ്രജാവാത്സല്യവുമുള്ള അവിടത്തെ ഈ ഉചിതകൃത്യം ഇതരരാജാക്കന്മാർക്കും പ്രജകൾക്കും (അവരവരുടെ സന്താനസ്ഥിതം) അനുകരിപ്പാൻ ഒരു നല്ല മാതൃകയായി പരിണമിച്ചിരിക്കുന്നതിനാൽ അവിടുത്തെ തിരുമേനി സുഖസമ്പൂർണ്ണം ഭൂമിയിലാചന്ദ്രതാരം സൂര്യനെപ്പോലെ വിളങ്ങുമാറാകട്ടെ.

‘ആത്മോദ്ദേശ്യകൃതജ്ഞതാമകയറിയും
കർത്തൃത്വമാനത്തിലെ—
ന്നാത്മാവുള്ളവരെക്കെല്ലുവഴിയെ
നോക്കസ്സുകൃത്യങ്ങളിൽ
ആത്മാവായിട്ടാത്മസംയമനമാർ
ന്നേടുന്നതെല്ലാവ്യനാ—
ണാത്മജ്ഞാനധനത്തിന്നവനാം
സച്ചിന്മയാനുഗ്രഹം.’

തോരണത്തു പരമേശ്വരമേനോൻ.

യി നിന്ന സജ്ജനങ്ങളുടെ സ്തുതിക്കു പാത്രങ്ങളായിരിക്കുന്നത് അവരുടെ സ്വധാരണശക്തികൊണ്ടാണെന്നല്ലേ വിചാരിക്കേണ്ടത്? അത്യുഗ്രപരാക്രമികളായ ഹൈദർ ഹാലി, ടിപ്പു മുതലായവരെ സൽപാത്രങ്ങളെന്നാരെങ്കിലും പുകഴ്ത്തുന്നുണ്ടോ? അവരുടെ അഭിധാനശ്രവണത്തിൽ ഭീതിപ്പെടാത്തവരോ വെറുപ്പു തോന്നാത്തവരോ അവരുടെ ദുഷ്കൃത്യങ്ങളിൽ പരിതപിക്കാത്തവരോ ലോകത്തിൽ ദുർല്ലഭമല്ലേ?

മനസ്സിന്റെ ദാർഢ്യം, അഭിമാനം, കൃത്യവൈരാഗ്യമിത്യാദികളുണ്ടായാൽ മാത്രമേ മനുഷ്യർ രാഗാദികളെ കീഴടക്കി ജയിക്കുവാൻ സാധിക്കയുള്ളൂ. ഇതിന്ന കായബലമോ ജ്ഞാനാധിക്യമോ മാത്രമുണ്ടായാൽ പോരാ. ബുദ്ധിക്ക ശാസ്ത്രാദികളെക്കൊണ്ടു അല്പാല്പമായി ശക്തി നൽകി ചിരാൽ പരിചയിപ്പിച്ചു സ്വാധീനപ്പെടുത്തേണ്ടതാണ്. സ്വധാരണത്തിന്ന അനുകൂലമായും പ്രതികൂലമായും നില്ക്കുന്നത് ചിത്തമൊന്നയാണ്. സന്മാർഗ്ഗങ്ങളിൽ ആലോചന ചെയ്യുന്നവരുടെ അന്തരംഗത്തിൽ തഥിക്കുക, അന്യന്മാരുടെ ദോഷപ്രസംഗങ്ങളാൽ ഇടവരുത്തുന്ന ദുർവിചാരമുണ്ടാകുന്നതല്ല. ഒരുപക്ഷേ ഉണ്ടായാൽ തന്നെയും അതു വേരൂന്നി നില്ക്കുന്നതുമില്ല. സൽഗ്രന്ഥകർത്താക്കന്മാരും, വിദ്യുച്ഛക്തിയുടെ പ്രയോഗങ്ങളാലും മറ്റും പല നൂതനസൂത്രങ്ങളെ കണ്ടുപിടിച്ചിട്ടുള്ള ബുധിശാലികളും ലോകത്തിൽ പലരുമുണ്ടായിരുന്നതുമുള്ളതും നാമറിയുന്നില്ലേ? അവരെല്ലാവരും ആത്മസംയമികളായിരുന്നു എന്നു കാണുന്നില്ലല്ലോ. ആധുനികപരിഷ്കാരങ്ങളെക്കൊണ്ടു പരോപകാരാർത്ഥം പല വിശേഷവിദ്യകളെ കണ്ടുപിടിച്ചിട്ടുള്ളവർ കൂടി ഇതു അത്ര സുസാദ്ധ്യമല്ലെന്നു കാണുന്ന സ്ഥിതിക്ക് ആത്മനിയന്ത്രണശക്തി വളരെ കാലംകൊണ്ടേയുണ്ടാകയുള്ളൂവെന്ന് തെളിയുന്നില്ലേ?

എന്നാൽ അവരവരെ പരിശോധിച്ചറിവാൻ കഴിഞ്ഞാലല്ലാതെ സ്വധാരണത്തിനോ അന്യധാരണത്തിനോ ശക്തിയുണ്ടാകുന്നതല്ല. സ്വസംസ്കാരത്തോടുകൂടാത്ത ജീവിതം യാതൊരുത്തനും സുഖകരമായി വരുന്നതല്ല. ഒരുത്തൻ മറ്റൊരു ദ്രോഹം ചെയ്യുമ്പോൾ അവന്റെ സ്വാതന്ത്ര്യം അപഹരിക്കയല്ലേ? നാമെല്ലാവരും അന്യന്മാരെ ഉപദ്രവിക്കുന്നവരായിരിക്കാനല്ല ഈശ്വരൻ നമ്മെ സൃഷ്ടിച്ചിട്ടുള്ളത്. മറ്റൊരുവന്റെ ഭാര്യയെയോ മക്കളെയോ പുത്രമിത്രാദികളെയോ ദ്രോഹിക്കാതെ കഴിയുന്നതാണെന്നോ? സ്വധാരണശക്തി കുറയുന്നതുകൊണ്ടല്ലേ ദുരാചാരമായ അത്യാപൽകരമായ വ്യസനത്തിന്നും മറ്റും മനുഷ്യർ കൂടെക്കൂടെ സംഗതിവരുന്നത്. അമിതമായ ധനപ്രീതി, ഈർഷ്യ, അന്യദാരാഭിലാഷണം, ക്രോധം ഇവ തുടങ്ങിയുള്ള ഏതെങ്കിലും ഒന്നുകൊണ്ടുതന്നെ ഒരു മനുഷ്യന്റെ നാശം സംഭവിക്കാവുന്നതാകയാൽ അവയെ പരിഹരിച്ചില്ലെങ്കിൽ ആത്മരക്ഷ ചെയ്യുവാനാകും കഴിയുന്നതല്ല. 'ശാസ്ത്രം പഠിച്ചതുകൊണ്ടു മതിയല്ല; ശാസ്ത്രോക്തമാചരിക്കാതെ ഫലം വരാ', എന്ന പ്രമാണവചനസാരമറിയാതെ അനവധി ഗ്രന്ഥങ്ങൾ വായിച്ചു വിദ്വാനെന്ന പേരെടുത്തിട്ടു ഫലമില്ലെന്നും, 'പുസ്തകപ്പേച്ചു വെറും ചിലവിന്ന കൊള്ളാം', എന്നല്ലാതെ കായികപരിശ്രമം മിതമായിരിക്കണമെന്നും പറയേണ്ടിയിരിക്കുന്നു. എന്നാൽ ശരീരപരിഷ്കാരമാവശ്യമില്ലെന്ന ഞാൻ വാദിക്കുന്നില്ല. മാനസികസംസ്കരണമാണ് ഏറ്റവും ശ്രേഷ്ഠമെന്നും അതോടുകൂടിയ കായികവ്യാ

ആത്മസംയമനം

മനസ്സിനെ ഇന്ദ്രിയങ്ങളുടെ അധീനത്തിൽ പെടുത്താതെ സദ്വിഷയങ്ങളിൽ പ്രവേശിപ്പിച്ചു അതിൽനിന്നു തെറ്റിപ്പോകാതെ കീഴടക്കി നിലയിൽ നിറുത്തുന്നതിനാണ് 'ആത്മസംയമന'മെന്നോ 'ആത്മനിയന്ത്രണ'മെന്നോ പറയപ്പെടുന്നത്. 'ആത്മ'പദത്തിനു പല അർത്ഥങ്ങളെ നിരൂപിച്ചുകാണുന്നുണ്ടെങ്കിലും ഇവിടെ മനസ്സ് എന്നർത്ഥം നിർദ്ദേശിച്ചിട്ടുള്ളതാണ്. 'സം', സമ്യക്കാകുംവണ്ണം (വഴിപോലെ) അടക്കൽ എന്നാകുന്നു താല്പര്യം. 'യമ്' എന്ന ധാതുവിൽനിന്നാണ് 'യമനം' എന്ന പദമുണ്ടായത്. പ്രകൃതിയുടെ അന്ത്യത്തിലെ 'ന' അക്ഷരം നിരർത്ഥപ്രയോഗമായിരിക്കുന്നതാണ്. അവനവൻ അവനവനെ അറിഞ്ഞില്ലെങ്കിൽ ആത്മനിയന്ത്രണത്തിനു കഴിയുന്നതല്ല. അവരവരുടെ ഗുണങ്ങളെ വിവേചിച്ചറിഞ്ഞു സ്വീകാര്യമായവ അംഗീകരിക്കയും ത്യാജ്യങ്ങളായവ വർജ്ജിക്കയും ചെയ്യുവാൻ കഴിഞ്ഞാൽ അവനവന് അവനവനെ നിയന്ത്രിക്കാമെന്നു വിചാരിക്കാവുന്നതാണ്. ആത്മനിയന്ത്രണശക്തിയാൽ കീഴടക്കി ഭരിക്കേണ്ടതായ പല സംഗതികളുമുണ്ട്. അവയിൽ ചിലവ താഴെ പ്രസ്താവിക്കുന്നത് അനാവശ്യമായി വരുന്നതല്ലല്ലോ.

ഇന്ദ്രിയാദികളുടെ ഉല്പത്തിസ്ഥാനം ഹൃദയമാകുന്നു. അവ മനുഷ്യഹൃദയത്തിനു സംഘർഷങ്ങളും അവരെ അധോഗതിയിൽ തള്ളിവിടുന്നവയുമാകുന്നു. ഇന്ദ്രിയങ്ങളുടെ ശല്യത്തിൽനിന്നു മനസ്സിനെ ഉയർത്തുവാൻ കഴിയുന്നവനെ മാത്രമേ മനഃസംയമനശീലമുള്ളവനെന്നു പറയാൻ പാടുള്ളൂ. അധർമ്മങ്ങളുടെ അപരിഹാര്യങ്ങളായ ദുഷ്ഫലങ്ങളും സദാചാരസൽകൃത്യങ്ങളുടെ അപരിമിതമായ സൽഫലങ്ങളും തിരിച്ചറിവാൻ മനുഷ്യർ അശക്തന്മാരായി ഭവിക്കുന്നതു ആത്മസംയമനശക്തിയില്ലായ്മയാലാണ്. പണ്ടു പണ്ഡിതസദസ്സിലും ആയോധനസങ്കേതസ്ഥാനത്തിലും വെച്ചു കോവിദന്മാരും പോർചേവകന്മാരും അവരവരുടെ ശാസ്ത്രപുരാണശസ്ത്രാസ്ത്രാഭ്യാസബലവും നൈപുണ്യവും പ്രകടിപ്പിച്ചു യഥാശക്തി മാനലക്ഷ്മിയെ വെന്നു ജയപതാകകൾ നാട്ടീട്ടുണ്ടെന്നു ഗ്രന്ഥപാരായണത്താലും, ഇപ്പോൾ മനസ്സിനെയുള്ള യോഗ്യതയെന്നു സ്വാനുഭവംകൊണ്ടും നമുക്കറിയാവുന്നതല്ലേ. എന്നാൽ സ്വയംഭരണത്തിൽ വിജയം പ്രാപിച്ചവരുടെ സംഖ്യ വിരൽമടക്കി എണ്ണുവാൻ പുറപ്പെട്ടാൽ ആദ്യം മടക്കിയ ആ വിരൽ മാത്രം പരിഗണിച്ചു പര്യവസാനിപ്പിക്കേണ്ടതായി വരുമോയെന്നു സംശയിക്കേണ്ടിയിരിക്കുന്നു. ടിപ്പു മുതലായ മഹാശക്തന്മാരായ രാജാക്കന്മാർ പ്രബലന്മാരായ ഇതരരാജാക്കന്മാരെയും അവരുടെ സേനാവീരന്മാരെയും അനായാസേന പിടിച്ചടക്കി രാജ്യങ്ങൾ കൈവശപ്പെടുത്തുവാൻ കഴിഞ്ഞിട്ടും, കാമക്രോധാദിവൈരികളെ അധീനപ്പെടുത്തുവാൻ സാധിച്ചിട്ടുണ്ടോ? ഹരിശ്ചന്ദ്രരാജാവും, വൈദേഹിയും, വിദുരരും മറ്റും അനവധി കഷ്ടാരിഷ്ടങ്ങളനുഭവിച്ചിട്ടും, മനസ്സിനു ചാപല്യംകൂടാതെ മോഹാദികളെ നിയന്ത്രണം ചെയ്തു സത്യം, ചാരിത്ര്യം മുതലായ സൽധർമ്മങ്ങളെ പാലിച്ചതിനാൽ അവർ ഇന്നും ഭൂമിയിൽ സ്മാരകസ്തംഭങ്ങളാ

ഭക്ഷമഹാമുനി തന്നെന്നവിപ്രൻവിളയുംപോലെ ദിഗ്ദിഗന്തവിപാടനം തേജോരാശിജ്വലവർപ്പൂർഷ്യസമേതസ്സ്വസ്ഥത്തിൽ വന്നതുകണ്ടിട്ടംബുജയോനിയു മരന്നമൊഴിഞ്ഞുള്ളവരുകളും മുനിമന്നവരോടാ തൽക്കാലസമുചിതമധിത മുഖികളുമുഖിമഴുന്നീറ്റുവരോടേ സൽകൃതിചെയ്തുതുടർന്നാസനവിശേഷമാപ്രണിപതുവിധിയാ തന്നൊടൊന്നു വിഷ്ണുഭഗീരഥിസമുപാസീനനത്രനിഷണ്ണു ത്രിഭുവനനായകമാഗമവചസാമാദിമമലം വാഗ്മനസാംഗോചരമിവലയനതാൽ വന്ദ്യമനിന്ദ്യംസിദ്ധിതപ്രാഭവസാരം ഭൂതനാഥമഹിതിശനന്ദനാകിപ്രകടിതഭാവാദ്ഭുതകാരം വളരെ ബിളിച്ചുവിജയപരമാനന്ദസമുദ്രേ ഭഗവാനിവന് ഭവമോഹമോചനവനീഷം ബാലിച്ചുചെയ്യുന്നവധീവേ.

വിശേഷാത്തിന്നാസ്സമസ്താശ്രുനതമമഗിരാ
മതനമ്രപ്രേമധനികൊണ്ടേ-
ല്ലേച്ചോരാൻനിന്നചൊല്ലുന്നുമഹിതസ-
ഹമൂർത്തകൊണ്ടുതന്നെ (൩)

നിഃശ്രീകോലോകപാലപ്പരിഷകളിലസൌ
ഭ്രുതപാലിമാനി
നിശ്ശേഷംകൈകൊണ്ടതാൻ ധർമ്മനചെ-
സതസമാചാരമെല്ലാം. (൩൦)

കൃതപാണിഗ്രഹംമാമകമഹിതസൌ
ശിഷ്യതാംപൂണ്ടിരിക്കു
ദുഷ്ടാത്മാധിക്കരിക്കുന്നിതുസദസിത്തുണി
കൃത്യഞ്ചപ്രകാമം
പ്രത്യുതാനാദിവാദാദികമൊരുസമുദാ-
ചാരമാസ്ഥാനമാം
പ്രത്യക്ഷീകൃത്യനമ്മോടുകൃതസമുചിതം
നൈവവാഗ്മംഗികാരം.

ഏവന്ന്വോന്നുസ്രുതമാദ്യേചുടലകളിലുടാ-
നേശഭൂതസമാട്ടം
ചൊല്ലുന്നപ്പേരാനന്നാൻജ്വലിതനവയവ-
സജ്ജനാചാരബോധം (൩)

ധന്യാംപുത്രീമനിഷ്ഠന്നപിബതപിലയോ
ടിക്കിവന്നാംകൊടുത്തേ
നമ്മേന്നാഭൂഗൽശ്രുതിവാചാനിഗമഗിരമഹോ
ശൂദ്രനാതൈന്നപോലെ.

ദുർവൃത്തന്മാരിൽമുമ്പുണ്ടിവനചുടലയെ-
ന്നീടുമെല്ലാഞ്ഞാനും
സർവ്വാംഗേചോരത്തുവിപ്പരിചിതനവമായ്
വാസമപ്രേതഭൂതൈ

ദൃഷ്ടാനാംനന്നൊരാന്ത്യജാതിസമസ്താ
കൽമ്പണ്ഡാളുതൈനാം
നിഷ്പ്പന്നോലെവ്വമന്ത്രമാനിതമാനം
മമേതിന്നാക്ഷയോന്നും.

ഉന്മേഷമാർന്നപ്പിപ്പാഥ [illegible]
സ്നേഹരിവാളിപ്പൂതംകം
കൊണ്ടാടുമാറുപിശാചപ്രമഥഭൂതമാ
വിശപാഷണ്ഡസംഘം
ഉന്മേഷമാറുസ്യപാത്രം [illegible]
ധിക്കൃമുണ്ടിത്രിലോകാം
മെല്ലന്നീരുതേച്ചുരൈക്കുന്നതിനവപട്ടം
കണ്ണൻപാടുകേനിതേ.

ഇപ്പാർമേൽനിത്യകഷ്ടമ്പാലമേലിവൻ
ധിക്കരിച്ചോരുകോപ്പി-
നാൽപ്പെട്ടുവിൽചെന്നുകോപമാണു [illegible]
പ്പൂതമാംശാസ്ത്രഹേ
അപ്പാടെല്ലാംനകല്പ്പമനവക [illegible]
കണ്ണോങ്കണ്ടോങ്ങ് മാർ
കല്പിച്ചാലില്ലചേതംപുനരതി [illegible]
സ്രാവതംസംതിനോതും. (൩൨)

—൦൦൦—

ന്. ദാമോദരൻനായർ അങ്ങിനെ എഴുതിയത്?

ഇപ്രകാരമതൊക്കെ ഉണ്ടായിരുന്നു. ഈ വിവരം പറയുമ്പോഴും പറഞ്ഞു കഴിഞ്ഞപ്പോഴും മേനോൻ നന്നാ ചിരിച്ചു. മാലതി അമ്മ ഒരിക്കലും ഇതിലധികം വിഡ്ഢിയായിരുന്നില്ല. മേലാൽ തന്റെ ഭർത്താവിനെ ഒരു കാര്യത്തിലും സംശയിക്കയില്ലെന്ന ആ സ്ത്രീ ശപഥവും ചെയ്തു. അന്നുമുതൽ മേനോൻ സത്യമല്ലാതെ പറയാതെയും ആയി.

മൂർക്കോത്തു കുമാരൻ.

ദക്ഷയാഗം

ഒരു ഭാഷാപ്രബന്ധം.

[illegible] പരമകോമളനാതനം
[illegible] കാന്തനാം
[illegible] തിങ്കളുള്ളിതാം
[illegible] സൂപ്പൂമാലികാം
[illegible] സ്വയംവരമഹോ-
[illegible] വിളങ്ങീടുകി-
[illegible] രമഹോ ശമിയിതേ!
[illegible] ദയാകരമഹോ.
[illegible] ൻപലാപികമാർചിമോ-
[illegible] ചെയ്തീടിനാലും
[illegible] ല്ലാംതിരുമനസ്സിലൊരു-
[illegible] ൽകുമല്ലോ
[illegible] ചരണ്ണാരവൃന്ദതികളുടെ-
[illegible] യോഗേന
[illegible] മെയാനിഷതമഹീ-
[illegible] കിയിനാകീ.
[illegible] ഗേകനാകമയമഹാ-
[illegible] മണ്ഡം
[illegible] ബഹളപരിമളാ-
[illegible] താളു
[illegible] വിലക്ഷതരമെയമടിയി
[illegible] ങ്ങളൊരുന്നാ- (ഗാ-
[illegible] ന്നുപുരരിപുഭഗവാൻ
[illegible] ന്നുധാമാ.

ത്തുറകൊണ്ടു ബാലകളുൾപുളകിതമാ-
യത്തണ്ണിപ്പൊങ്ങുന്നം
തകാന്തപ്പൂണ്ടനുരാഗകോമളമുഖകമലം
പാർത്തുകൊണ്ടുമുകന്നം
നാണിന്നാരമാകാൽപരിഭ്രമച്ചെതമാ-
യനിത്തരാനലോറ്റം
പ്രശോഭമപൂണ്ടിരുന്നിപ്രമദജലനിധിയോ
വിശപ്പാമഹാമിരുന്ന.

(ഗദ്യം) തസ്മിൻകാലേ വിശപ്പുള്ളോരാഗണങ്ങളെത്രയുമതിയോടു സത്രമഹോത്സവമാരംഭിച്ചു ബഹുലമുനിശേഖരമണ്ഡലമോരോ ദിക്കുകളിൽനിന്നു അങ്ങു പുറപ്പെട്ടവിടെ ച്ചെന്നടന്നു മഹാശാലാ മധികവിശാലാമഴകിയകം പ്രകാസനാലംകരിച്ച ഭാസന്നുതികളൊക്കെ നിറകെ തെളിവിലിരുന്നു. കമലഭവരുദ്രാദ്യമരകദംബവു മവരവരെ പോന്നവിടെനിറന്തു കിന്നരചാരണഗന്ധർവാദികൾ വന്നു നിരന്നിതു തത്രസമായാം. അപ്സരകളുംചിത്രസംഖ്യൂതൊരുമിച്ചുടനേകമിടെപ്പാടെവന്നു. മേളക്കൊണ്ടുക പരിമളതരളം ഭൂസുരഗണവുംവന്നപരന്നു. പുരരിപുഭഗവാനാളുതന്റെപ്രിയതമരാഫലമാറിമാരിപോലെനാഴിനാളി. തൽക്ഷണമംബുജസംഭവജന്മാ ദക്ഷിണകർമ്മാതുല്യശൈലശാലി

ള്ളാറും മേനോനെ കളിവു പറവാനും സംഗതിയില്ലാതെ കഴിഞ്ഞു. ഒരു ഞായറാഴ്ചയാണ്. ഒരുവൻ മേനോനെ കാണ്മാൻ വീട്ടിൽ ചെന്ന അവസരത്തിന് ഒരു എഴുത്തുണ്ട്. മേനോൻ കളിസ്ഥലയാണ്. എഴുത്തു മേനോന്റെ കയ്യിൽ തന്നെ കൊടുക്കണം. മറ്റാരുടെ കയ്യിലും കൊടുക്കയില്ല. മേനോൻ വന്ന കത്തു വാങ്ങി വായിച്ചു. ചുരുട്ടി കയ്യിൽ പിടിച്ച് അവനോട് പൊയ്ക്കൊൾവാൻ പറഞ്ഞു. സാധാരണ വല്ല കത്തും വന്നാൽ മേനോൻ അതു വായിച്ചു മേശപ്പുറത്തോ മറ്റോ ഇടുകയാണ് ചെയ്യാറ്. ഈ കത്തു രഹസ്യമായിക്കൊണ്ടു പോയി തന്റെ കുപ്പായക്കീശയിൽ ഒളിപ്പിക്കുന്നത് ഭാര്യ കണ്ടു സംശയമായി. മേനോൻ ഉറങ്ങാനിരുന്ന തരത്തിൽ കത്തെടുത്തു വായിച്ചു. കത്ത് ഇതായിരുന്നു.

സ്നേഹിതരെ,

ഞാൻ ഇന്നലെ മിസ്റ്റർ ഘോഷിന്റെ വീട്ടിൽ പോയി. ലില്ലിയെ അവിടെ കണ്ടു. തരക്കേടില്ല. ഞാൻ ഇന്നലെ രാത്രി തന്നെ ഒന്നിച്ചുകൂട്ടി. എന്റെ വീട്ടിലുണ്ട്. അങ്ങോട്ടു കൂട്ടാൻ പാടില്ലല്ലോ എന്നു വിചാരിച്ച് ഇവിടെ തന്നെ പാർപ്പിക്കുന്നു. നിങ്ങളുടെ ഭാര്യയുടെ സ്ഥിതി ആലോചിച്ചാണ് അങ്ങോട്ടു കൂട്ടാത്തത് എന്നു വിശേഷിച്ചു പറയേണ്ടതില്ലല്ലോ. ഇന്നു നിങ്ങൾ ഒരു ദിക്കിൽ പോകാനുണ്ട്. രാത്രി എഴുമണിക്കു വന്നാൽ നിങ്ങൾക്കു തന്നെ കാണാം.

എന്ന സ്നേഹിതൻ

ഒട്ടു ജാനകി അമ്മയ്ക്കു മനസ്സിലായില്ല. കത്തു വായിച്ച ഉടനെ ആ സ്ത്രീ തന്റെ മുറിയിൽ പോയി വാതിലടച്ചു കിടന്നു കരഞ്ഞു തുടങ്ങി. മേനോൻ ഊണു കഴിച്ചു ഭാര്യയെ വിളിച്ചു. എങ്ങും കാണാനില്ല. മുറി അടച്ചു കണ്ടപ്പോൾ വാതിലിന്മേൽ മുട്ടി വിളിച്ചു. ഉത്തരമില്ല. ഈ വിധം പെട്ടെന്നു ഇങ്ങിനെ വരാൻ സംഗതിയെന്താണെന്നു പലതും ആലോചിച്ചു നോക്കി. ഒരു കാരണവും കണ്ടില്ല. ഒടുവിൽ വളരെ മുഷിമുട്ടിച്ചപ്പോൾ ജാനകിഅമ്മ വാതിൽ തുറന്നു. കരഞ്ഞു കരഞ്ഞു കണ്ണുരണ്ടും ചുകന്നു വീങ്ങിയിരിക്കുന്നു. വിക്കി വിക്കി ഇങ്ങിനെ പറഞ്ഞു.

'ഞാൻ എന്റെ വീട്ടിലേക്കു പോകയാണ്. നിങ്ങൾ എന്നെ സ്നേഹിക്കുന്നുണ്ടെന്നായിരുന്നു ഞാൻ വിചാരിച്ചത്. നിങ്ങൾ എന്നെയല്ല സ്നേഹിക്കുന്നത്'.

മേ— നിനക്ക് ഇങ്ങിനെ തോന്നാൻ സംഗതിയെന്താണ്?

ജാ— നിങ്ങൾ അറിയാത്തവരെപ്പോലെ പറയുന്നുവല്ലോ. എനിക്ക് ഇപ്പോൾ പോകണം. നിങ്ങൾക്ക് കണ്ടപ്പൻ സ്ത്രീകളോടെല്ലാം സ്നേഹം. നിങ്ങൾ ഇനി ലില്ലിയെത്തന്നെ സംബന്ധം ചെയ്തോളൂ. ഞാൻ പോണു.

ഇതു കേട്ടപ്പോൾ മേനോൻ പൊട്ടിച്ചിരിച്ചു. അടക്കാൻ കഴിയാതെ വളരെ നേരം ചിരികേട്ടപ്പോൾ ജാനകിഅമ്മ പരിഭ്രമിച്ചു. ഒടുവിൽ മേനോൻ ഇങ്ങിനെ പറഞ്ഞു.

'നീ ആ കത്തു വായിച്ചുവല്ലോ? ലില്ലി ഒരു സ്ത്രീയല്ല ഒരു നായക്കുട്ടിയാണ്. മുൻസിപ്പിന് നല്ലൊരു നായക്കുട്ടിയെ വേണമെന്നു പറഞ്ഞിരുന്നു. ഞാൻ ദാമോദരൻനായരോടു പറഞ്ഞേല്പിച്ചു. നിന്റെ അമ്മയെ ഭ്രാന്തൻനായ കടിച്ചതു മുതൽ നിനക്കു നായ്ക്കളെ കണ്ടുകൂടാ. അതുകൊണ്ടു അതിനെ വീട്ടിൽ കൊണ്ടുവരരുതെന്നും ഞാൻ പറഞ്ഞിരുന്നു. ആക

ട്ടിയന്നല്ലേ എന്നു പറഞ്ഞാൽ മതിയായിരുന്നു. പക്ഷെ പഠിപ്പുള്ള സ്ത്രീകളല്ലെ? സ്ത്രീകളുടെ പാട്ടു കേൾക്കാൻ ജാനകി അമ്മയുടെ ഒന്നാമത്തെ പോകണോ, നല്ലകഥ! അന്നു ചെന്ന ഉടനെ ഭാര്യ യാതൊന്നും മിണ്ടാതെ കിടപ്പറയിൽ കമഴ്ന്നു കിടക്കുന്നതു കണ്ടു. മേനോൻ അടുത്തു ചെന്നിട്ട്,

'എന്താ, ഞാൻ താമസിച്ചതുകൊണ്ടു കോപിച്ചിരിക്കയാണ് ഇല്ലേ? നീ എന്തൊരു വിഡ്ഢിയാണ്? ഇന്നലെ സബ്ജ് പരിശോധന നടത്തിയപ്പോൾ റിക്കാർഡിൽ കുറെ തെറ്റുകൾ കണ്ടിരുന്നു. അതെറ്റുകളൊക്കെ ഇന്നുതന്നെ ശരിപ്പെടുത്തിക്കൊടുക്കണമെന്നു മുൻസിപ്പ് പറഞ്ഞു. തെറ്റുകളൊക്കെ വിളക്കുകൊളുത്തിച്ചു പരിശോധിക്കേണ്ടി വന്നു' എന്നു പറഞ്ഞു.

ഇതു കേട്ടപ്പോൾ ജാനകിയമ്മ കിടന്നേടത്തു നിന്നു ചാടി എഴുന്നേറ്റു ഇങ്ങിനെ പറഞ്ഞു:

'നിങ്ങളെന്തിനാണ് ഇങ്ങിനെ വെറുതെ പച്ചക്കള്ളം പറയുന്നു?'

മേനോൻ—ഞാൻ നിന്നോടു വല്ല കള്ളവും പറയാറുണ്ടോ?

ജാനകി—നിങ്ങൾ ഇതുവരെ പറഞ്ഞ കഥകളിൽ കൂട്ടിവെച്ച കള്ളമാണിത്.

മേ—ജാനകി! നീയെന്താ പറഞ്ഞത്.

ജാ—ഞാൻ പറഞ്ഞതോ? മറ്റൊന്നുമല്ല ആറുമണിയായിട്ടും നിങ്ങൾ വരാഞ്ഞപ്പോൾ ഞാൻ കിട്ടനെ കച്ചേരിയിൽ അയച്ചു. കച്ചേരി പൂട്ടിയിരിക്കുന്നു. വിളക്കുവെച്ചിട്ട് ഒരു തിരിപോലുമില്ല. എന്താണ് നിങ്ങൾ കള്ളം പറയുന്നത്? എന്നെ വഞ്ചിച്ചിട്ട് എന്താണ് കാര്യം? സ്ത്രീകളെ വഞ്ചിക്കുവാൻ പുരുഷന്മാർ വേണ്ടത്ര സമർത്ഥന്മാരാണെന്നോ വിചാരിച്ചത്?

ജാനകിഅമ്മ ഒടുവിലെ രണ്ടുമൂന്നു വാചകങ്ങൾ പറഞ്ഞതു മേനോൻ കേട്ടിരുന്നില്ല. അയാൾ ഒരു ഉപായം ആലോചിക്കുകയായിരുന്നു. ഭാര്യ പറഞ്ഞുകഴിഞ്ഞ ഉടനെ മേനോൻ, 'കിട്ടനാണോ നിന്നോടു പറഞ്ഞത്? കിട്ടാ, കിട്ടാ'. കിട്ടൻ വന്നു. അവനോടു മേനോൻ,

'നീ ഇന്ന് എഴുമണിക്കു സാറിന്റെ കച്ചേരിയിൽ പോയിരുന്നുവോ?'

കിട്ടൻ—ഇല്ല;

മേനോൻ—എന്താ ജാനകി, നീയല്ലേ പറഞ്ഞതു കിട്ടൻ കച്ചേരിയിൽ പോയിരുന്നുവെന്ന്?

ജാനകി—കിട്ടാ നീയല്ലേ പറഞ്ഞത് നീ കച്ചേരിയിൽ ചെന്നു നോക്കിയെന്ന്?

കിട്ടൻ—ഞാൻ എമാനൻ പണി ചെയ്യുന്ന കച്ചേരിയിലാണ് പോയത്. അവിടെ പോകാനല്ലേ അമ്മ പറഞ്ഞത്?

മേ—ഓ. അങ്ങിനെയോ, ഡിസ്ട്രിക്ട് സബ്ജ് തെറ്റു കണ്ടുപിടിച്ചാൽ അതു സ്വന്തം കച്ചേരിയിൽ നിന്നാണ് ചെയ്തു ശരിയാക്കേണ്ടത് അല്ലേ? നീ പൊയ്ക്കോ കിട്ടാ?

ജാനകിഅമ്മ വിഡ്ഢിയായി. അന്നു പിന്നെ ഭക്ഷണം കഴിച്ചതും മുഖം വീർപ്പിച്ചതും മേനോനായിരുന്നു. ഇങ്ങിനെ പല സംഭവങ്ങളും ഉണ്ടായതിൽ മേനോന്റെ കളവുതന്നെ ജയം പ്രാപിച്ചു. ഒരു ദിവസം വൈകുന്നേരം മേനോൻ കച്ചേരി വിട്ടിട്ടു വരുമ്പോൾ കൂടെ ഒരു ഗുമസ്തൻ സ്ത്രീയും പുരുഷനും കൂടി ഉണ്ടായിരുന്നുവെന്നു കിട്ടൻ ചെന്നു പറഞ്ഞതു കേട്ട ജാനകിഅമ്മ കോപിച്ചു. അതു കച്ചേരിയിലെ ഹെഡ്ക്ലാർക്കും അയാളുടെ ഭാര്യയും ആയിരുന്നുവെന്നു മേനോൻ പറഞ്ഞപ്പോൾ തന്റെ ഭാര്യയുടെ കോപം ശമിച്ചു.

രണ്ടുമൂന്നു മാസം ഭാര്യയും സംശയി

സമയങ്ങളും അവസരങ്ങളും ഉണ്ട്. മററു യാതൊരാളെയും ഒരു വിധത്തിലും സംബന്ധിക്കാത്തതും തന്നെ മാത്രം സംബന്ധിക്കുന്നതുമായ സംഗതികളെ തുറന്നു പറയുന്നതുകൊണ്ടു ദോഷമില്ല. നമ്മുടെ മനസ്സിലുള്ള കാര്യങ്ങളൊക്കെ അശേഷം മറച്ചുവെക്കാതെ പറയുന്നതായാൽ നാം അനേകം ശത്രുക്കളെ ഉണ്ടാക്കും. എന്നാൽ മേനോന്റെ ഭാര്യയുടെ അഭിപ്രായം അങ്ങിനെയല്ലായിരുന്നു. കളവൊക്കെ കളവുതന്നെയാണെന്നും സത്യം സത്യമാണെന്നും ആയിരുന്നു ജാനകി അമ്മയുടെ അഭിപ്രായം.

കല്യാണം കഴിച്ചാൽ പിന്നെ പുരുഷന്മാർ അവരവരുടെ വീട്ടിലടങ്ങണം, എന്നാണ് ജാനകി അമ്മയുടെ ന്യായം. പകൽ മുഴുവൻ പുരുഷന്മാർ പ്രവൃത്തിക്കായി വെളിക്കു പോകും. സ്ത്രീകൾ ഗൃഹകാര്യം നോക്കി നടക്കും. സന്ധ്യ കഴിഞ്ഞാൽ പിന്നെ ഒരുപോലെ സരസസല്ലാപാദികളെക്കൊണ്ടു വിനോദിക്കേണ്ട കാലമായി. ഭാര്യ, ഭർത്താവിന്റെ സഹവാസത്തിലല്ലാതെ രസിക്കുന്നതു ഭർത്താവിന് ഇഷ്ടമാകുമോ? ഇല്ല. രസിക്കുകയുമില്ല. അതുപോലെ തന്നെ ഭർത്താവു, ഭാര്യയുടെ സഹവാസത്തിലല്ലാതെ രസിക്കുന്നതു ഭാര്യക്കും ഇഷ്ടമാകയില്ലെന്നു പറയുന്നതിൽ എന്താണ് തെററ്. ഇതൊക്കെ വളരെ ശരിയാണെന്നും ന്യായമാണെന്നും മേനോൻ തലകുലുക്കി സമ്മതിക്കും. പുരുഷന്മാർ എന്തൊക്കെ കാര്യങ്ങളിൽ ഏർപ്പെടേണ്ടതുണ്ടായിരിക്കും?

ഒരുദിവസം മേനോൻ ആപ്പീസ്സു പിരിഞ്ഞു വരുന്നവഴിക്കു ചില സ്നേഹിതന്മാരെ കണ്ടു. തഞ്ചാവൂരിൽ നിന്ന് ഒരു ഭാഗവതർ വന്നിട്ടുണ്ട്. ശ്രുതിപ്പെട്ട ഭാഗവതരാണ്. ടൌൺഹാളിൽ വെച്ച് ആറുമണിക്കു പാട്ടുണ്ട്. അല്പം വെറുതെ കേട്ടുപോകാം. സ്നേഹിതന്മാർ ക്ഷണിക്കയാൽ മേനോൻ അവരുടെ കൂടെ പോയി. ഒരു പാട്ടുകേട്ടു കഴിഞ്ഞതിൽ മടങ്ങാമെന്നു വിചാരിച്ചാണ് പോയത്. അവിടെ ചെന്നപ്പോൾ പാട്ടുപാടുന്നതു രണ്ടു സ്ത്രീകളാണെന്നു കണ്ടു. പാട്ട് അതിവിശേഷമായിരുന്നു. പാട്ടുകാരത്തികൾ സുന്ദരികളുമാണ്. സമയംപോയതറിയാത്തതിൽ പിന്നെ ആരു സാധുവെ കാത്തുപ്പെട്ടതാണല്ലോ? വീട്ടിൽ മടങ്ങിയെത്താൻ എട്ടുമണിയായിപ്പോയിരുന്നു. ഭാര്യ മുഖംവീർപ്പിച്ചിരിക്കുന്നു. ചെന്നു കയറിയ ഉടനെ തന്നെ മേനോൻ ഭാര്യയുടെ അടുക്കൽ പോയി.

ജാനകിഅമ്മ—എന്താ നിങ്ങൾ ഇത്ര താമസിച്ചതു.

മേനോൻ—എന്താണ് ചെയ്ക. ഇന്നു സാധു പരിശോധനയുണ്ടായിരുന്നു. ഏഴു മണിയായിരുന്നു കച്ചേരി പിരിയാൻ.

ജാന—നേരുതന്നെയാണിത്?

മേ—എന്താ ജാനകി ഞാൻ നിന്നോടു വല്ലപ്പോഴും കളവു പറയാറുണ്ടോ? ഹേ! നീ എന്നെ വെറുതെ സംശയിക്കുന്നതു വല്ലോ?

ജാനകിഅമ്മ മനസ്സു തെളിഞ്ഞു ഭർത്താവു പറയുന്നതു നേരു തന്നെയാണെന്നു വിശ്വസിച്ചു. നാട്ടുമ്പുറത്തെ സംസർഗ്ഗമുള്ള കാര്യമായ് ഓരോന്നു വിചാരിച്ചു പശ്ചാത്തപിച്ചു. പിറ്റേദിവസം മേലധികാരിയുടെ വീട്ടിലായിരുന്നു സദ്യ. മേനോനെ ക്ഷണിച്ചിരുന്നു. കാപ്പി കഴിച്ചിട്ടു വഴിക്കു തന്നെ അവിടെ പോകേണ്ടിവന്നു. അന്നും മടങ്ങിവരാൻ എട്ടുമണിയായി. മുൻസിപ്പിന്റെ വീട്ടിൽ സദിരുണ്ടാ

യും ചെയ്യും. അപ്പോൾ പാൽ തനിയെ ഒലിച്ചുപോകും. ഇതിനും ഇംഗ്ലീഷു വൈദ്യന്മാരുടെ സഹായം ആവശ്യപ്പെടണം.

(6) അകിട് വീക്കം — ഇതിനു പല സംഗതികളും ഉണ്ടായേക്കാം. ആദ്യമായി പാലുണ്ടാകുന്നതുകൊണ്ടുതന്നെ ചില പശുക്കൾക്ക് അകിടുവീക്കമുണ്ടാകും. ആ സംഗതിയിൽ അതു പ്രസവിച്ച ഉടനെ ശമിക്കും. കുളമ്പുരോഗം, വായുരോഗം, വസൂരി എന്നീ രോഗം നിമിത്തവും അകിട് വീങ്ങും. കുട്ടി കടിച്ചുപോകയും നഖനിമിത്തം കറവ് അസാധ്യമായി വരികയും ചെയ്താലും ഈ രോഗം ഉണ്ടാകും. കറക്കുമ്പോഴോ, കുടിക്കുമ്പോഴോ, ഉള്ള ചില മുറിവുകൊണ്ടോ മറ്റോ ഉണ്ടായെന്നും വരാം. പാൽ മുഴുവൻ കറന്നെടുക്കാതെയും, സമയത്തിനു കറക്കാതെയും ഇരുന്നാലാണ് ഇതു സാധാരണ ഉണ്ടാകുന്നത്. പശുക്കളെ ശീതത്തിൽ നനവിലോ കെട്ടുന്നത് ഇതിന്നൊരു കാരണമാകാം. ഈ രോഗംകൊണ്ടു പശുവിന്റെ ജീവഹാനി ഉള്ള പക്ഷ സംഗതിയുണ്ടായില്ലെങ്കിലും പാൽ കറന്നുപോകുന്നതും ദോഷപ്പെട്ടുവാനും കാരണമായിത്തീരുന്നു. അകിടിനു വീക്കമുണ്ടായാൽ ഉടനെ നല്ല വൈദ്യനെ കാണിക്കണം.

അവനും ഭാര്യയും

അഥവാ

കളവും സംശയവും

അവൾ അവനെ സർവ്വകാര്യത്തിലും [illegible]ശയിച്ചു. ചതിയാണ്. രാത്രി അല്പം [illegible]മസിച്ചു വന്നെങ്കിൽ സംശയമായി. വ[illegible] സ്ത്രീകളെയും വീട്ടിൽ വെച്ചുവി[illegible] ഇരുന്നിട്ടു പോയെങ്കിൽ സംശയി[illegible] [illegible]ചാരിക്കുന്നതായാൽ അവന് അങ്ങ[illegible] തിരിഞ്ഞുനോക്കിക്കൂടെന്ന പാടില്ല[illegible]ല്ലോ. വളരെ സ്നേഹമുള്ള [illegible]കളെ കല്യാണം കഴിച്ചാൽ ഇതാണ് [illegible]ടാകുന്ന അവൻ സാധാരണ പറയാ[illegible]. [illegible]ണ്ടാകുന്നതാൽ അവൾ മനസ്സമാധാ[illegible] [illegible]ന്നാൽ ആ സാധുവിന്റെ കഥ [illegible] അസാധാരണമായിരുന്നു. മറ്റാ[illegible] മറ്റുള്ളവരെ സംശയിക്കുകയും അവ[illegible] പ്രവൃത്തികളെ സൂക്ഷിക്കുകയും ചെയ്യു[illegible]ന്നതാണ് സാധാരണയുള്ള അവളുടെ [illegible]പോ. ഇതു നേരെ മറിച്ചായിരുന്നു. അതുകൊണ്ടു ഗോപാലമേനോനെ സ്നേഹിതന്മാർ പരിഹസിക്കയും പലരും അയാളോട് അനുതാപിക്കയും ചെയ്തു. അവൾ സംശയിക്കുന്നതനുസരിച്ചു മേനോൻ കളവു പറവാൻ നിർബ്ബന്ധിതനായി. പലപ്പോഴും പല കളവുകളും കൂട്ടിക്കെട്ടി പറയേണ്ടതായി വന്നു. കളവു രണ്ടുവിധമുണ്ടെന്നാണ് മേനോന്റെ അഭിപ്രായം. അവയ്ക്ക് ഇംഗ്ലീഷുകാർ വെളുത്ത കളവെന്നും കറുത്ത കളവെന്നും പേർ വിളിച്ചിരിക്കുന്നു. ആർക്കും യാതൊരു വിധത്തിലും ദോഷം വരുത്താതെ പറയുന്ന കളവാണ് വെളുത്ത കളവ്. വെളുത്ത കളവു പറയാതെ ലോകം നടക്കില്ലെന്നും അയാൾ വിശ്വസിച്ചു. അനാവശ്യമായി സത്യം പറഞ്ഞുകൂടാത്ത

ങ്ങളെല്ലാം ഉണ്ട്. അതുകൊണ്ടു പ്രസവിച്ച ഉടനെ കുട്ടികളുടെ ആമാശയത്തിലും അന്ത്രങ്ങളിലും ഉള്ള കേടുകളൊക്കെ പുറത്തുകളവാൻ ഈ പാൽ സഹായിക്കുന്നു.

പശുക്കളുടെ ക്ഷീരഗ്രന്ഥികൾ എണ്ണത്തിൽ നാലുണ്ട്. അവ പാൽഭാഗങ്ങളുള്ള ഈ തരമെല്ലാം തമ്മിൽ തൊടാതെയാണെങ്കിലും വളരെ അടുത്തു സ്ഥിതി ചെയ്യുന്നു. ചില പശുക്കൾക്ക ദുർല്ലഭമായി, ഒന്നോ രണ്ടോ ഗ്രന്ഥികൾ ഉണ്ടായിരിക്കും. അവയിൽനിന്നു പാലു കിട്ടുകയും ചെയ്യും. മുമ്പിലുള്ള രണ്ടു മുലകൾ പിമ്പിലുള്ളവയേക്കാൾ വലിയവയും നീളമുള്ളവയും ആയിരിക്കുമെന്നുമാത്രമല്ല അവയിൽ അധികം പാൽ ഉണ്ടായിരിക്കയും ചെയ്യും. മുലയുടെ ദ്വാരത്തിന്റെ നേരെ മീതെ, ഒരു മോതിരക്കെട്ട് ഉണ്ടാകുമെന്നും പാൽ ഇടസ്ഥമില്ലാതെ ഒഴുകുന്നതിനെ തടസ്ഥം ചെയ്യുകയാണ് അതിന്റെ ജോലിയെന്നും പറഞ്ഞുവല്ലോ. ഈ മോതിരക്കെട്ടിന്റെ നേരെ മീതെ ഒരു ദ്വാരമുണ്ടാക്കിയാൽ അതിൽക്കൂടി പാൽ ചെല്ലുന്നതു കാണാം. അതുകൊണ്ടു മോതിരക്കെട്ടിനു മീതെ വല്ല സംഗതിവശാലും ആഴമുള്ള മുറിവുണ്ടായാൽ അതിൽക്കൂടി പാൽ ഒഴുകിപ്പോകുമെന്നു ധരിക്കണം.

പശുക്കൾ ആടുകൾ മുതലായവയുടെ മുലക്കു പല രോഗങ്ങളും ഉണ്ടാകുന്നതാണ്. അവയിൽ മുഖ്യമായതു താഴെ വിവരിക്കുന്നു.

(1) മുലയ്ക്കു ദ്വാരമില്ലായ്ക—അകിടിനു പുഷ്ടിയും മാറ്റവും ഉണ്ടെങ്കിലും ഒന്നോ രണ്ടോ മുലയിൽക്കൂടി പാൽ വരുന്നില്ലെന്നു ചിലപ്പോൾ കാണും. അതിനു കാരണം മുലയുടെ കണ്ണ് അടഞ്ഞുപോയതാണ്; അഥവാ, കണ്ണു തുറക്കാത്തതുകൊണ്ടാണ്. മുലക്കണ്ണു തുറക്കാൻ [illegible] വൈദ്യന്മാരുടെ കൈവശം ഒരുവിധം സൂചിയുണ്ട്. അത് ഉപയോഗിച്ചു കണ്ണു തുറക്കാവുന്നതാണ്.

(2) മോതിരക്കെട്ടുകൾ ചുരുങ്ങൽ—ചിലപ്പോൾ മുലക്കണ്ണു ശരിയായിട്ടുണ്ടെങ്കിലും കറക്കുമ്പോൾ പാൽ വരുന്നില്ലെന്നു കാണും. അതിനു കാരണം മേൽവിവരിച്ച മോതിരക്കെട്ടുകൾ ചുരുങ്ങിപ്പോകയും ആവശ്യമുള്ളപ്പോൾ വിസ്താരം വെയ്ക്കാതിരിക്കയും ചെയ്യുന്നതുകൊണ്ടാണ്. ഇതിന്റെ ചികിത്സ വളരെ പ്രയാസമുള്ളതും അപകടമായതുമാണ്. ചിലപ്പോൾ ഇംഗ്ലീഷുവൈദ്യന്മാർ ശസ്ത്രക്രിയ ചെയ്യും. എന്നാലും വിചാരിച്ച ഫലം ഉണ്ടായില്ലെന്നുവരാം. ചെറിയ കുഴലുകളോ, മുനയില്ലാത്ത സൂചികളോ കടത്തി ക്രമേണ ദ്വാരം വലുതാക്കുകയാണ് ഇതിനു സാധാരണ ചികിത്സ.

(3) കല്ലടപ്പ്—ചിലപ്പോൾ പാൽ ഒഴുകുന്ന കുഴൽ ഒന്നു ചില സംഗതിവശാൽ അടഞ്ഞുപോകും. അതു വൈദ്യന്മാരെ കാണിച്ചുതന്നെ ചികിത്സിക്കേണ്ടതാകുന്നു.

(4) വ്രണം—ചില പശുക്കളുടെ മുലയുടെ മേലെ തൊലി വളരെ മാർദ്ദവം ഉള്ളതായിരിക്കും. അതു കുട്ടികൾ കടിക്കുമ്പോൾ മുറികയും അതുക്രമേണ വ്രണപ്പെടുകയും ചെയ്യും. ഇത് അധികമായെങ്കിൽ കുട്ടിയെ തിരിച്ചുകെട്ടി [illegible] കൊടുക്കയും പാൽ [illegible] കൈകൊണ്ടു കറന്നെടുത്തു [illegible] വ്രണത്തിനു ചികിത്സിക്കയും വേണം.

(5) മോതിരക്കെട്ടിന്റെ [illegible]—പാൽ കറന്നെടുക്കാതെയോ കുട്ടി കുടിക്കാതെയോ മുലയിൽ അധികം നിറഞ്ഞാൽ അതു ഒലിച്ചുപോകാൻ തുടങ്ങും [illegible]


ദൃങ്ങളിലൊന്നും ആരംഭിച്ചുകാണുന്നില്ല. ഇതിന്നു കൊച്ചി അപ്പൻതമ്പുരാൻ തിരുമനസ്സുകൊണ്ടോ, എ. ആർ. രാജരാജവൎമ്മ കോയിത്തമ്പുരാൻ അവർകളോ ഉടനെ ശ്രമിയ്ക്കുമെന്നു വിശ്വസിയ്ക്കുന്നു. ഒന്നാമതു്, നാനാ ശാസ്ത്രങ്ങളിൽ നൈപുണ്യമുള്ള നാനാ വിദ്വാന്മാരെക്കൊണ്ടു് ആ വക ശാസ്ത്രങ്ങളിലുള്ള സാങ്കേതികശബ്ദങ്ങൾ തിരഞ്ഞെടുക്കാൻ ശട്ടംകെട്ടണം. ഇതിന്നു് അധികം പ്രയാസമുണ്ടാകുമെന്നു തോന്നുന്നില്ല. അവയെ തിരഞ്ഞെടുത്തുകഴിഞ്ഞതിന്നുശേഷം അവയിൽ ഓരോന്നിന്റെ പരിഭാഷയുണ്ടാക്കി അതൊക്കെ വല്ല മാസികകളിലും പരസ്യം ചെയ്യുകയും അവയെപ്പറ്റി അഭിപ്രായം ആവശ്യപ്പെടുകയും ചെയ്യാവുന്നതാകുന്നു. ഇതിന്നു ചെയ്യാനുള്ള കാലം വളരെ അതിക്രമിച്ചിരിയ്ക്കുന്നു. അതു് ഏതെങ്കിലും ഒരാൾ കയ്യേറ്റു് ആരംഭിയ്ക്കുതന്നെ വേണം. വല്ല സഭയും വിളിച്ചു വരുത്തി അതിൽ വാദപ്രതിവാദങ്ങളും മറ്റും നടത്തി ഒരു കമ്മിറ്റിയെ ഏൎപ്പെടുത്തി കാൎയ്യം നടത്താമെന്നുവെച്ചാൽ സാധിച്ചേയ്ക്കുന്ന വകയല്ല. അതു് അനുഭവംകൊണ്ടു നമുക്കറിയാവുന്നതാണ്.

പശുക്കളുടെ അകിടും

അതിന്റെ രോഗവും.

ജീവികളിൽ പ്രസവിയ്ക്കുന്നവയൊക്കെ കുഞ്ഞുങ്ങളെ മുലകൊടുത്തു വളൎത്തുന്നവയാണ്. ചില വ്യത്യാസങ്ങളുണ്ട്. ആസ്ത്രേലിയായിലെ 'ഡക്ബിൽ', 'ആൻറ് ഈറ്റർ' മുതലായ ദുൎല്ലഭം ചിലവ മുട്ടയിട്ടു കുഞ്ഞുങ്ങളെ വിരിയ്ക്കുകയും, അതിൽ പിന്നെ അവയെ മുലകൊടുത്തു വളൎത്തുകയും ചെയ്യുന്നു. മുട്ടയിട്ടു വിരിയ്ക്കാതെ, കുഞ്ഞുങ്ങളെ ജീവനോടുകൂടിത്തന്നെ പ്രസവിയ്ക്കുന്നവയിൽ, ആ വക കുഞ്ഞുങ്ങൾ വയററിലിരിയ്ക്കുമ്പോൾ, ഗൎഭപാത്രത്തിലെ 'മറുകള്ളി' എന്നു പറയുന്ന സാധനം വഴിയായിട്ടാണ് പോഷിയ്ക്കപ്പെടുന്നത്. പ്രസവിച്ചു കഴിഞ്ഞാൽ അവയ്ക്കു മുലപ്പാൽ വേണം.

മുലപ്പാൽ രക്തത്തിൽനിന്ന് ഉണ്ടാക്കപ്പെടുന്ന ഒരു പോഷകസാധനമാണ്, വിയൎപ്പ്, കണ്ണീർ, കൊഴുപ്പ്, മുതലായവ രക്തത്തിൽനിന്ന് ഉണ്ടാക്കപ്പെടുന്ന സാധനങ്ങളാണല്ലോ. ഇവയൊക്കെ രക്തത്തിൽനിന്നു വേർപെടുത്തുന്നതു് ദേഹമാംസഗ്രന്ഥികൾ മാൎഗ്ഗമായിട്ടാണ്. രക്തത്തിൽനിന്നു മുലപ്പാൽ ഉണ്ടാക്കുന്നതു് ചില മാംസഗ്രന്ഥികളാണ്. ഉദരത്തോടു സമീപിച്ച സ്ഥലത്താണ് മുലപ്പാലുണ്ടാക്കുന്ന മാംസഗ്രന്ഥികൾ സാധാരണ ഉണ്ടാകുന്നത്. കുഞ്ഞുങ്ങൾക്കു മുലകുടിക്കാൻ എളുപ്പമുള്ള നെഞ്ചകത്തുള്ള സ്ഥലത്താണ്. മാംസഭോജികളായ, നരി, നായ മുതലായവയിലും പന്നി മുതലായവയിലും നെഞ്ചിലും വയറ്റിലും രണ്ടു വരികളായിട്ടായിരിയ്ക്കും ഈ മാംസഗ്രന്ഥികളുടെ ഇരിപ്പ്. കുളമ്പുള്ള മൃഗങ്ങൾക്ക് അതു കാലുകളുടെ മദ്ധ്യത്തിൽ വയറ്റിന്റെ പിൻപ്രദേശത്തായിരിയ്ക്കും. തിമിംഗലം മുതലായവയ്ക്കും അതു സ്ഥാനത്തുതന്നെയാണ്. ആന, കടവാതിൽ, കരടി, മനുഷ്യൻ



മംഗളോദയം

ഫാല്‍ഗുൻ

പുസ്തകം 6 | മകരമാസം | ലക്കം 8

മംഗളം

ശൃംഗാരോജ്ജ്വലവേഷമർത്തനപരം ഗംഗാധരം കാന്തനാ-
യംഗീകൃത്യ വരിപ്പതിന്നലട്ടിതാം കൈക്കൊണ്ടപുഷ്പമാലികാം
ഭംഗ്യാ തുംഗതമേ സ്വയംവരമഹാരംഗേ വിളങ്ങീടുമി-
ന്നിക്കാലം മനസാ മഹേശദയിതേ! നിത്യം നിഷേവാമഹേ.

കൊച്ചിരാജ്യചരിത്രം.

([illegible])

ഉദ്ദേശം ആയിരത്തഞ്ഞൂറോളം പുറങ്ങളിൽ രണ്ടുഭാഗങ്ങളായി അച്ചടിക്കപ്പെട്ടിട്ടുള്ള ഈ ചരിത്രഗ്രന്ഥത്തിന്റെ നിർമ്മാതാവായ കോഴിക്കോടത്തെ വക്കീൽ കെ. പി. പത്മനാഭമേനോൻ ബി. എ. ബി. എൽ. എം. ആർ. എ. എസ്സിനെ കേട്ടറിവില്ലാത്ത കേരളീയഭാഷാഭിമാനികൾ ആരും ഉണ്ടായിരിക്കുവില്ല. കല്ഹണന്റെ 'രാജതരംഗിണി' ഒഴിച്ചു പ്രാചീനസംസ്കൃതസാഹിത്യത്തിൽ പറയത്തക്കവണ്ണമുള്ള ചരിത്രഗ്രന്ഥങ്ങൾ യാതൊന്നും ഇല്ല. ബാണന്റെ 'ഹർഷചരിത'ത്തിലും ബില്ഹണന്റെ 'വിക്രമാങ്കദേവചരിത'ത്തിലും നിന്നു നമുക്കു ചരിത്രവിഷയത്തിൽ യാതൊരു വിശേഷജ്ഞാനവും സിദ്ധിക്കുന്നില്ല. അബുൽഫാസൽ, ഫെറിഷ്ടാ മുതലായ ഇന്ത്യയിലെ ചരിത്രകാരന്മാർ എല്ലാം മുഹമ്മദീയരായിരുന്നു. ഹിന്ദുക്കൾക്കു ചരിത്രനിർമ്മാണത്തിൽ വാസനയും ഔത്സുക്യവുമില്ലെന്നു് അപവാദം സമീപകാലംവരെ നിലനിന്നുപോരികയും ചെയ്തു.

ഇന്ത്യയിൽ ഇംഗ്ലീഷ് വിദ്യാഭ്യാസത്തിനുണ്ടായ പ്രചുരപ്രചാരത്തോടുകൂടിയാണ് ഈ സ്ഥിതിക്കു് ഒരു മാറ്റം സംഭവി

ച്ചത്. ജേംസ്മിൽ, എൽഫിൻസ്റ്റൺ മുതലായ പാശ്ചാത്യപണ്ഡിതന്മാർ ഇൻഡ്യാചരിത്രത്തെ ആസ്പദമാക്കി പല വിശിഷ്ടഗ്രന്ഥങ്ങളും എഴുതിയതു കണ്ടപ്പോൾ മറ്റുള്ളവർക്കും ആ മാർഗ്ഗത്തിൽ സഞ്ചരിപ്പാൻ അഭിരുചി തോന്നിത്തുടങ്ങി. അവരെ അനുകരിച്ചു തിരുവിതാംകൂർ സംസ്ഥാനത്തിന് ആദ്യകാലം മുതൽക്കുള്ള ഒരു ചരിത്രം എഴുതിയതു പത്മനാഭമേനോന്റെ അച്ഛൻ പരേതനായ ശങ്കുണ്ണിമേനോനായിരുന്നു. അപൂർണ്ണമായ ആ ചരിത്രപുസ്തകം തന്നെയാണ് ഇന്നും തദ്വിഷയത്തിൽ പ്രമാണഗ്രന്ഥമായി നിൽക്കുന്നത്. സുന്ദരംപിള്ള, വെങ്കയ്യാ, കൃഷ്ണശാസ്ത്രി, ഗണേശപിള്ള, ഗോപീനാഥറാവു മുതലായ പുരാണവൃത്ത പരിശോധകന്മാരുടെ പരിശ്രമത്തിന്റെ ഫലമായി നമുക്കു സിദ്ധിച്ചിട്ടുള്ള അറിവു വളരെയുണ്ട്. അതെല്ലാം കൂട്ടിച്ചേർത്തും അത്യന്തവിശ്വാസനീയങ്ങളല്ലാത്ത ഐതിഹ്യങ്ങളെ തള്ളിയും മൂലങ്കഷമായ ഒരു തിരുവിതാംകൂർ ചരിത്രം എഴുതാനുള്ള കാലം സമീപിച്ചിരിക്കുന്നു. എന്നിരുന്നാലും ശങ്കുണ്ണിമേനോന്റെ പ്രയത്നത്തെ കേരളീയർ ഒരു കാലത്തും വിസ്മരിക്കാവുന്നതല്ല. 'യഥാബീജസ്തഥാങ്കുരഃ' എന്നുള്ളതുപോലെ ചരിത്രഗ്രന്ഥവാസന പത്മനാഭമേനോനു ജന്മസിദ്ധമാണെന്നു ഞാൻ ഇനി പ്രത്യേകിച്ചു പറയേണ്ടതില്ലല്ലോ. ഉദ്ദേശം ഇരുപത്തഞ്ചുകൊല്ലങ്ങൾക്കുമുമ്പുതന്നെ അദ്ദേഹം കേരളചരിത്രവിഷയകങ്ങളായ ഉപന്യാസങ്ങൾ എഴുതി എറണാകുളം കാളേജിലിറ്ററേറി യൂണിയൻ മുതലായ സമാജങ്ങളുടെ ആഭിമുഖ്യത്തിൽ വായിച്ചിട്ടുള്ളത് എനിക്കറിയാം. കൊച്ചിയിൽ സീ. വി. സുബ്രഹ്മണ്യയ്യർ നടത്തിക്കൊണ്ടിരുന്ന 'മലബാർ ക്വാർട്ടർലി റിവ്യൂ' എന്ന പത്രഗ്രന്ഥത്തിലും അദ്ദേഹത്തിന്റെ ചരിത്രവിഷയകങ്ങളായ അനേകം ഉപന്യാസങ്ങൾ പ്രസിദ്ധീകരിക്കപ്പെട്ടിട്ടുണ്ട്. പത്മനാഭമേനോൻ അന്നും ഇന്നും എന്നും കേരളീയചരിത്രപഠനത്തിൽ പരമോൽസുകനായിട്ടല്ലാതെ കാണപ്പെട്ടിട്ടില്ല. അങ്ങിനെ വാസനകൊണ്ടും അഭ്യാസംകൊണ്ടും എല്ലാപ്രകാരത്തിലും യോഗ്യത സിദ്ധിച്ചിട്ടുള്ള ഒരു പണ്ഡിതന്റെ കൃതിയാണ് 'കൊച്ചിരാജ്യചരിത്രം' എന്നുള്ളതിന് അതിലെ ഓരോ വാക്യവും ദൃഷ്ടാന്തമാണ്.

കേരളചരിത്രത്തെ മൂലങ്കഷമായി പ്രതിപാദിക്കുന്ന ഗ്രന്ഥങ്ങൾ ഒന്നുംതന്നെയില്ല. 'കേരളോല്പത്തി' 'കേരളമാഹാത്മ്യം' ഇവയെ ചരിത്രഗ്രന്ഥങ്ങളെന്നുതന്നെ പറയാൻപാടുണ്ടെന്നു തോന്നുന്നില്ല. പിന്നെ പ്രധാനമായി ഗണിക്കപ്പെടേണ്ടതു ശങ്കുണ്ണിമേനോന്റെ 'തിരുവിതാംകൂർ ചരിത്രം' നാഗമയ്യരുടെ 'തിരുവിതാംകൂർ സ്റ്റേറ്റുമാന്വൽ' സി. പി. അച്യുതമേനോന്റെ 'കൊച്ചി സ്റ്റേറ്റുമാന്വൽ' ലോഗൻസായ്പിന്റെ 'മലബാർ മാന്വൽ' ഇവയെയാണ്. ഇവറ്റിൽ ഓരോന്നിനും ഓരോ വിധത്തിലുള്ള അപൂർണ്ണതയുമുണ്ട്. എന്നാൽ പത്മനാഭമേനോന്റെ 'കൊച്ചിരാജ്യചരിത്രം' അത്യന്തം യുക്തിയുക്തമായും സവിസ്തരമായും സർവതോമുഖമായും ഇരിക്കുന്നു. ഈ പുസ്തകനിർമ്മാണത്തിനുവേണ്ടി ഗ്രന്ഥകർത്താവു വായിച്ചിട്ടുള്ള പുസ്തകങ്ങൾക്കു കണക്കില്ല. സംസ്കൃതം, മലയാളം, തമിഴ്, ഇംഗ്ലീഷ് ഈ ഭാഷകളിൽ എന്നതൽക്കാലംവരെ അച്ചടിക്കപ്പെട്ടിട്ടുള്ള പുസ്തകങ്ങൾ ഒക്കെയും നോക്കി പത്മനാഭമേനോൻ തനിക്കു ആവശ്യമുള്ള നോട്ടുകൾ കുറിച്ചെടുത്തിട്ടുണ്ട്. ഇത് എത്രമാത്രം ശ്രമസാദ്ധ്യമായ ഒരു പ്രവൃത്തിയാണെന്നു പറയേണ്ടതില്ലല്ലോ. 'കൊച്ചിരാജ്യചരിത്രം' എന്നാണ്

പുസ്തകത്തിന്റെ പേരെങ്കിലും ഇതു വായിച്ചാൽ ബ്രിട്ടീഷ് മലബാറിന്റെയും തിരുവിതാംകൂറിന്റെയും ചരിത്രവും ഏറെക്കുറെ മനസ്സിലാക്കാവുന്നതാണ്. വിശേഷിച്ച് ഒന്നാംഭാഗത്തിൽ കേരളത്തിന്റെ പൂർവ്വചരിത്രം, പുരാതനരാജ്യഭരണസമ്പ്രദായം, നായർ ഭടന്മാരും ചില പുരാതന നടപ്പുകളും, നായന്മാരുടെ യുദ്ധരീതിയും അവരുടെ ആയുധങ്ങളും, ചേരവും കേരളവും, പൂർവ്വകാലത്തെ ജനസമുദായസ്ഥിതി, ജാതിമതാചാരങ്ങൾ, ക്ഷേത്രങ്ങളുടെയും ദേവസ്വങ്ങളുടെയും ഉൽപത്തിയും അവയുടെ ഭരണസമ്പ്രദായവും, പോർട്ടുഗീസ്സ കാലത്തിലെ ജനസമുദായാവസ്ഥ, വസ്തു അനുഭവവും കൃഷിസമ്പ്രദായവും, ഭാഷയും സാഹിത്യവും എന്നീ വിഷയങ്ങളെ വിവരിക്കുന്ന അദ്ധ്യായങ്ങളും, രണ്ടാം ഭാഗത്തിൽ 15 മുതൽ 18 വരെയും 23-ം 24-ം അദ്ധ്യായങ്ങളും കേരളത്തെ പരക്കെ സംബന്ധിക്കുന്നവയാണ്.

നിഷ്പക്ഷത, സൂക്ഷ്മദൃഷ്ടി, ഇവ ഒരു ചരിത്രകാരന് അത്യന്താപേക്ഷിതങ്ങളായ ഗുണങ്ങളാകുന്നു. ഇവ രണ്ടും പത്മനാഭമേനോന് പൂർണ്ണമായിട്ടുണ്ടെന്നുള്ളതു ഈ പുസ്തകത്തിലെ ഏതുഭാഗം വായിച്ചുനോക്കിയാലും കാണാവുന്നതാണ്. കേരളത്തെപ്പറ്റി പല ഗ്രന്ഥവരികളിലും, കവിതകളിലും, പദ്യഗ്രന്ഥങ്ങളിലും, വിദേശീയദേശസഞ്ചാരപുസ്തകങ്ങളിലും ഛിന്നഭിന്നമായി കിടന്നിരുന്ന ചരിത്രശകലങ്ങളെ ഇത്രയും ഏകാംഗമായും, ത്യാജ്യഗ്രാഹ്യവിവേചനപൂർവ്വമായും ക്രോഡീകരിക്കുന്നതിന് മേനോനെക്കൊണ്ടല്ലാതെ മറ്റാരെക്കൊണ്ടും കഴിയുന്നതല്ലെന്നുള്ളതും തീർച്ചയാണ്. മേലാൽ തിരുവിതാംകൂർ, കൊച്ചി, മലബാർ ഈ രാജ്യങ്ങളിലുള്ള താമ്രശാസനങ്ങളും ശിലാലിഖിതങ്ങളും പൂർണ്ണമായി പ്രസിദ്ധീകരിക്കപ്പെടുമ്പോൾ പോർട്ടുഗീസ്സുകാരുടെ ആവിർഭാവം വരെയുള്ള ചരിത്രത്തിൽ ചില ഭാഗങ്ങൾ ഭേദപ്പെടുത്തേണ്ടതായി വരികയില്ലയോ എന്ന് എനിക്കു സംശയമുണ്ട്. ഭാസ്കരരവിവർമ്മന്റെയും സ്ഥാണുരവിഗുപ്തന്റെയും കാലങ്ങളെ കുറെക്കൂടി സൂക്ഷ്മമായി പര്യാലോചന ചെയ്യേണ്ടതായിരുന്നു. തിരുവിതാംകൂർ രാജാക്കന്മാർ 'പുരളീശൻ' എന്ന നാമധേയം ഒരു കാലത്തും ഉണ്ടായിരുന്നതായി തോന്നുന്നില്ല. അതു കോട്ടയത്തു രാജാക്കന്മാർക്കുള്ള ഒരു പേരാണ്. ഈ വിധത്തിൽ ചിലതെല്ലാം എടുത്തു കാണിക്കാമെങ്കിലും ഇത്ര മഹത്തായ ഒരു ഗ്രന്ഥം മലയാളഭാഷയിൽ ഇതുവരെ പ്രസിദ്ധീകരിക്കപ്പെട്ടിട്ടില്ലെന്നു പറയുന്നതിന് എനിക്കു ധൈര്യമുണ്ട്. ഇതു 'കരിണീചിമരണസ്മൃതെ' എന്ന മട്ടിലുള്ള ഒരു പ്രസിദ്ധീകരണമാണ്. ഈ 'തനയൻ' 'സകലമഹീപാലലാളിതൻ' ആയിത്തീരുന്നതിനും സർവ്വഥാ യോഗ്യനാണ്. അതിനാൽ പത്മനാഭമേനോന്റെ ഈ അതിവിശിഷ്ടമായ ഗ്രന്ഥത്തെ കേരളീയർ ഉചിതമായ വിധത്തിൽ ആദരിക്കയും അതിന്റെ നിർമ്മാതാവിന്റെ ഏതദ്വിഷയകമായ ഭഗീരഥപ്രയത്നത്തെ അഭിനന്ദിക്കയും ചെയ്യുമെന്നു ഞാൻ ആശംസിക്കുന്നു. പത്മനാഭമേനോൻ ഈ പുസ്തകത്തെ ഇംഗ്ലീഷിൽ എഴുതാത്തത് അദ്ദേഹത്തിനു മാതൃഭാഷയോടുള്ള പ്രതിപത്തിക്ക് ഒരു ഉത്തമനിദർശനമായിരിക്കുന്നു. ഈ പണ്ഡിതൻതന്നെ തന്റെ അച്ഛന്റെ തിരുവിതാംകൂർ ചരിത്രത്തിനേയും ഒന്നടച്ചു വായിച്ചു പ്രസിദ്ധപ്പെടുത്തുന്നത് എല്ലാംകൊണ്ടും ഉചിതമായിരിക്കും.

ഈ 'കൊച്ചിരാജ്യചരിത്ര'ത്തിന്റെ നിർമ്മാതാവായ പത്മനാഭമേനോനും ഇദ്ദേഹത്തിന്റെ ജ്യേഷ്ഠനായ പരേതനായ ഹൈക്കോർട്ടു ജഡ്ജി കെ. പി. ശങ്കരമേനോൻ ബി. ഏ. ബി. എൽ. എഫ്. എം. യു. വും ബാല്യം മുതൽക്കുതന്നെ എനിക്കു നല്ലപോലെ പരിചിതന്മാരും എന്റെ വാത്സല്യപാത്രങ്ങളും ആയിരിക്കയും നാടുനീങ്ങിയ രേവതി തിരുനാൾ, മകയിരം തിരുനാൾ, അശ്വതി തിരുനാൾ ഈ കൊച്ചുതമ്പുരാക്കന്മാരെ ഞാൻ ഇംഗ്ലീഷ് പഠിപ്പിച്ചുകൊണ്ടിരുന്ന കാലത്ത് ആ തമ്പുരാക്കന്മാരുമായി സഹവാസത്തിന് എല്ലാംകൊണ്ടും യോഗ്യന്മാരെന്നു കരുതി ഞാൻ ഈ രണ്ടുപേരെയും കൂടെക്കൂടെ കൊച്ചുതമ്പുരാക്കന്മാരുടെ വിദ്യാപരിശ്രമങ്ങളിൽ ചേർക്കുകയും ചെയ്തിട്ടുണ്ടായിരുന്നു. അക്കാലത്തുതന്നെ മട്രിക്കുലേഷൻ പരീക്ഷയിൽ മാത്രം ജയിച്ചിട്ടുണ്ടായിരുന്ന ഈ യുവാക്കന്മാരുടെ ബുദ്ധിശക്തിയെ ഞാൻ നല്ലവണ്ണം പരീക്ഷിച്ചിട്ടുണ്ടായിരുന്നു. ജ്യേഷ്ഠനായ ശങ്കരമേനോൻ തന്റെ ബുദ്ധിശക്തിയെ വാസ്തവത്തിൽ അധികമായി പ്രകടനം ചെയ്തിരുന്നതുകൊണ്ടു നേരിട്ടു കണ്ടു സംസാരിക്കുന്നവർക്കു കുറെ അധികം സമർത്ഥനെന്നുള്ള ബോധത്തെ ജനിപ്പിച്ചുകൊണ്ടിരുന്നു. എന്നാൽ അനുജനായ പത്മനാഭമേനോൻ വളരെ കരുതലോടുകൂടി മിതമായി സംസാരിക്കുന്ന ശീലത്തോടുകൂടിയ സാരഗ്രാഹിയായ ഒരു യുവാവായിരുന്നു. എനിക്കു് അന്നുതന്നെ പത്മനാഭമേനോന്റെ കുശാഗ്രബുദ്ധിത്വത്തെ കുറിച്ചു ബഹുമാനമുണ്ടായിരുന്നു. അതിൽ പിന്നീടു പത്മനാഭമേനോനെ കണ്ടു സംസാരിക്കാൻ വളരെ കാലം കഴിഞ്ഞേ എനിക്കു സംഗതിയുണ്ടായുള്ളു. ചരിത്രവിഷയകമായി നാനാവിധ ഗവേഷണങ്ങൾ ചെയ്ത് അനേകം തത്വങ്ങളെ കണ്ടുപിടിച്ചിട്ടുള്ള ഈ ഗഭീരാശയനായ ഗ്രന്ഥകർത്താവ് ഇനിയും അനേകഗ്രന്ഥങ്ങളെ നിർമ്മിച്ചു കേരളീയർക്കു നൂതനങ്ങളായ അറിവുകളെ സമ്പാദിച്ചുകൊടുത്തു് ഏറിയൊരുകാലം മനോദേഹസുഖത്തോടുകൂടി ജീവിച്ചിരിക്കുന്നതിനു ശ്രീപരമനാഥൻ സംഗതിവരുത്തട്ടെ എന്നുള്ള പ്രാർത്ഥനയോടുകൂടി ഈ മുഖവുരയെ ഞാൻ ഇവിടെ അവസാനിപ്പിക്കുന്നു.

ചോളമാഹാത്മ്യം

പൌരസ്ത്യരാജ്യങ്ങളിലെ താളിയോലഗ്രന്ഥങ്ങളും മററു 'കൈപ്പട' ഗ്രന്ഥങ്ങളും ശേഖരിച്ചുവെച്ചിട്ടുള്ള ശാലയിൽ ഇതിനിടെ വി. രംഗാചാരി (എം. ഏ. എൽ. ടി) അവർകൾ കണ്ടെത്തി പരിശോധിച്ച ഗ്രന്ഥങ്ങളിൽ ഒന്നാണ് "ചോളമാഹാത്മ്യം". ഈ ഗ്രന്ഥത്തിൽ 64 ഭാഗങ്ങളുള്ളവയിൽ ആദ്യത്തെ 53 ഭാഗങ്ങളിൽ ചോളമാഹാത്മ്യവും, ശേഷം 11 ഭാഗങ്ങളിൽ ചോളരാജവംശത്തെ സംബന്ധിച്ചതന്നെ വിവരിക്കുന്ന 'ചോളദേശപൂർവ്വിക ചരിത്ര'വും ആണ് ഉള്ളത്. ഇതു കർന്നൽ മെക്കൻസി എന്ന ശ്രുതിപ്പെട്ട വിദ്വാന്റെ കീഴിൽ ഒരു ഉദ്യോഗസ്ഥനായിരുന്ന ബോ

നായിക്കർ എന്ന ഒരു ഇന്ത്യൻ ക്രിസ്ത്യൻ തെലുങ്കു ഭാഷയിൽ പകർത്തി എഴുതിയ ഒരു ഗ്രന്ഥമാണെന്നു കാണുന്നു. ഇതിൽ പല അസംബന്ധങ്ങളും പൂർവ്വാപരവിരുദ്ധങ്ങളായ സംഗതികളും അടങ്ങിയിരിക്കുന്നതിനാൽ മുഴുവനും യഥാർത്ഥചരിത്രമായി സ്വീകരിക്കുവാൻ പാടില്ലെന്നാണ് താചാരി അവർകളുടെ അഭിപ്രായമെങ്കിലും ഇതിൽനിന്നു പലതും അറിവാനുണ്ടെന്നും അറിയുന്നതു രസകരമായിരിക്കുമെന്നും സമ്മതിക്കേണ്ടിയിരിക്കുന്നു. ചോളരാജാക്കന്മാരെപ്പറ്റിയുള്ള പല ഐതിഹ്യങ്ങളും ഇതിൽ അടങ്ങീട്ടുണ്ട്. അതുകൊണ്ട് അതിൽ പറഞ്ഞിട്ടുള്ള സംഗതികളുടെ ഒരു സംക്ഷിപ്തവിവരം 'മംഗളോദയം' വായനക്കാർക്ക് രസകരമാകാതിരിക്കയില്ലെന്നു വിശ്വസിക്കുന്നു.

ലോകത്തിലെ ഉത്ഭവത്തെക്കുറിച്ചുള്ള വിവരങ്ങളെപ്പറ്റി ഉമാദേവി ചോദിച്ചതിന് ഉത്തരമായി വിവരിക്കുന്നതായി ഒരു കർത്താ നിർമ്മിക്കപ്പെട്ടിട്ടുള്ള 'ഭവിഷ്യോത്തരപുരാണം' എന്ന പുരാണത്തിന്റെ ഒരു ഭാഗമാണ് ഈ ഗ്രന്ഥമെന്ന് അതിന്റെ ആദ്യംതന്നെ പ്രസ്താവിച്ചിരിക്കുന്നു. ഇതിൽ പ്രളയത്തിനുശേഷമുള്ള കഥകൾ തുടങ്ങി വിവരിച്ചിട്ടുണ്ട്. പരമേശസൃഷ്ടന്മാരും പിന്നീട്ടുണ്ടായിരുന്ന കല്പാന്തവൃഷ്ടിയും ഭൂമിയിൽ പ്രളയം ഉണ്ടാക്കി അതിനെ നശിപ്പിച്ചശേഷം കർത്താ, ബ്രഹ്മാ വിഷ്ണു മഹേശ്വരന്മാരെയും അവർമൂലം ഭൂമിയെയും അതിലെ ചരാചരവസ്തുക്കളെയും സൂര്യചന്ദ്രനക്ഷത്രാദികളെയും സൃഷ്ടിച്ചു. അതിൽ പിന്നെ ഭാരതവർഷവും അതിലെ മുഖ്യനദികൾ മുതലായവയും നിർമ്മിക്കപ്പെട്ടു. പ്രളയകാലത്തു നശിച്ചുപോയിരുന്ന ശിവക്ഷേത്രങ്ങളെയും വിഷ്ണുക്ഷേത്രങ്ങളെയും, പിന്നെ മന്നായ മൂന്നുയുഗങ്ങളുമായിട്ട്, സൂര്യവംശരാജാക്കന്മാരും ചന്ദ്രവംശരാജാക്കന്മാരും പുത്രന്മാരായി ഉണ്ടാക്കി. ഈ രാജാക്കന്മാർ ശിവനും വിഘ്നേശ്വരനും സുബ്രഹ്മണ്യനും മറ്റും വേണ്ടി ഗോപുരങ്ങൾ പ്രാകാരങ്ങൾ മണ്ഡപങ്ങൾ എന്നിവ നിർമ്മിച്ചു. കൈലാസത്തിൽ ശിവഭൃത്യന്മാരായിരുന്നവർ മനുഷ്യരൂപം കൈക്കൊണ്ട് ഈ ക്ഷേത്രനിർമ്മാണങ്ങൾക്കായി വളരെ യത്നിച്ചിരുന്നു. ഇങ്ങിനെയുള്ള കർമ്മങ്ങൾ കലിയുഗത്തിൽ നന്ദരാജാവിന്റെ കാലത്തോളം വിഘ്നംകൂടാതെ നടന്നുപോന്നു. ആ കാലത്ത്, ഒരു ബ്രാഹ്മണന് ഒരു ശൂദ്രസ്ത്രീയിൽ ചേരൻ, വിക്രമൻ, പാണ്ഡ്യൻ, ചോളൻ എന്നിങ്ങിനെ നാലു പുത്രന്മാർ ഉണ്ടായി. ഇവരൊക്കെ വിഭൂതിയും രുദ്രാക്ഷവും ധരിച്ചു ശിവലിംഗം പൂജിച്ചുപോന്ന ശിവഭക്തന്മാരായിരുന്നു. ചേരനും അവന്റെ സന്തതികളും ഗംഗയിൽ 64 ഏണിപ്പടകൾ ഉണ്ടാക്കുകയും വേറെയും അനേകം തീർത്ഥങ്ങളിൽ അതുപോലുള്ള കാര്യങ്ങൾ ചെയ്യുകയും ചെയ്തു. വിശ്വനാഥക്ഷേത്രം ഉണ്ടാക്കിയതും അവരായിരുന്നു. അതിനു പുറമേ, കേദാരം, പ്രയാഗ്, വൈദ്യനാഥം, പ്രഭാസം, ഗോകർണ്ണം, ത്ര്യംബകം, മുതലായ 42 ക്ഷേത്രങ്ങൾ അവർ ഉണ്ടാക്കി. അവർ 22 തലമുറ രാജ്യം ഭരിച്ചു. ആ കാലത്തു മേൽപ്പറഞ്ഞ പുണ്യകർമ്മങ്ങൾക്കു പുറമേ, ബ്രാഹ്മണർക്കായി അനേകം അഗ്രഹാരങ്ങളും ഊട്ടുപുരകളും, റോഡുകളും, തണ്ണീർപന്തലുകളും മറ്റും ഏർപ്പെടുത്തിക്കൊടുത്തിരുന്നു.

നന്ദിപർവ്വതത്തിനു ദക്ഷിണഭാഗത്തു വിക്രമരാജാവ്, ഭോജരാജാവ്, മുകുന്ദരാജാവ് മുതലായവർ വന്നു. അവർ പൊന്നയാർ മുതലായ നദികളുടെ കരകളിൽ

* ഉമാമഹേശ്വരസംവാദം.

ശ്രീശൈലം, കാളഹസ്തി, തിരുപ്പതി മുതലായ അനേകം ക്ഷേത്രങ്ങൾ നിർമ്മിച്ചു. തെക്കെ വൈഗായി, താമ്രപർണ്ണി, എന്നീ നദികളുടെ കരയിൽ പാണ്ഡ്യരാജാക്കന്മാരുടെ 50 തലമുറകൾ രാജ്യഭാരം ചെയ്തു. അവർ നിമിത്തമാണ് മധുര, തിരുനെൽവേലി, കന്യാകുമാരി, ജനാർദ്ദനം, ശുചീന്ദ്രം, ഉഷഃപുരി, തൊടാപ്പി മുതലായ ക്ഷേത്രങ്ങളും അനേകം അഗ്രഹാരങ്ങളും ചിറകളും, ഊട്ടുപുരകളും ഉണ്ടായത്. ഈ സന്ദർഭത്തിൽ ഉമാദേവിയോടു കൃത്തിവാസസ്സ് ഇങ്ങിനെ പറഞ്ഞു:—'ആ അവസരത്തിലാണ് നീ മലയധ്വജപാണ്ഡ്യന്റെ മകളായും ഞാൻ സുന്ദരേശനായും ജനിച്ചിരുന്നത്. അപ്പോഴായിരുന്നു ഞാൻ 64 അത്ഭുതകർമ്മങ്ങൾ ചെയ്തിരുന്നത്. മാണിക്കവാസഗർ, ജ്ഞാനസംബന്ധർ, സുന്ദരർ എന്നിവരൊക്കെ ദേവഗീതങ്ങൾ പാടി എന്നെ ആരാധിച്ചതും അപ്പോഴായിരുന്നു'.

ഇതിനുശേഷം ചോളരാജാക്കന്മാരെപ്പറ്റി പറയുന്നു. ചോളരാജാക്കന്മാർ ശിവഭൃത്യന്മാർതന്നെ ഭൂമിയിൽ ജനിച്ചവരാണെന്നു പറഞ്ഞിരിക്കുന്നു. ഐശ്വര്യപരാക്രമങ്ങളെക്കൊണ്ടു വിശ്രുതന്മാരായിരുന്ന ആ രാജാക്കന്മാർ മഹാപ്രസിദ്ധന്മാരായ ശിവഭക്തന്മാരായിരുന്നു. അവർ വിഭൂതിയും രുദ്രാക്ഷവും ധരിക്കുകയും ബ്രാഹ്മണരെ പൂജിക്കുകയും ചെയ്തു. സ്വയംഭൂവിന്റെ ലിംഗങ്ങൾ ഉണ്ടായിരുന്ന ദിക്കുകളിലൊക്കെ അവർ അതിവിശേഷമായ ഗോപുരങ്ങളോടും പ്രാകാരങ്ങളോടും മണ്ഡപങ്ങളോടുംകൂടിയ ക്ഷേത്രങ്ങളെ നിർമ്മിച്ചു. അവർ പ്രജകളെ സ്വന്തം പുത്രരെപ്പോലെ കാത്തുരക്ഷിക്കയും നാലിലൊന്നു കരം പിരിക്കയും ചെയ്തു. കതടന്മാർ, ഭക്തന്മാർ, മല്ലർ മുതലായവരോട് അത്യന്തം കാരുണ്യമുള്ളവരായി ദിനരാത്രം അവർക്ക് അന്നവും വസ്ത്രങ്ങളും ദാനം ചെയ്തുപോന്നു. അവർ ഗോദാനം മുതലായ പതിനാറു വിശിഷ്ടദാനങ്ങൾ പതിനാറു പ്രാവശ്യമായി ബ്രാഹ്മണർക്കു ചെയ്തു. അവരുടെ കീഴിൽ രാജ്യത്തു ക്ഷേമവും സമാധാനവും ഉണ്ടായിരുന്നു. അക്കാലം കള്ളവും വ്യാജവും രാജ്യത്തുണ്ടായിരുന്നില്ല. ഇങ്ങിനെ അവർ കലിയുഗത്തിന്റെ ആരംഭം മുതൽ 1000 കൊല്ലം രാജ്യഭാരം ചെയ്തു.

ഇങ്ങിനെ പറഞ്ഞതിനുശേഷം ചോളരാജാക്കന്മാരിൽ ഓരോരുത്തരുടെ ചരിത്രമാണ് ഈ ഗ്രന്ഥത്തിൽ കാണുന്നത്.

P. N. ഈ ലേഖനം മേലാൽ തുടർന്നു ചോളരാജാക്കന്മാരിൽ ഓരോരുത്തരുടെയും ചരിത്രം ഈ ലേഖകന്റെ പേനത്തുമ്പിൽനിന്നു കാണ്മാൻ ഞങ്ങൾ ആഗ്രഹിക്കുന്നു.

കുട

കുടകൾ നാം ഇപ്പോൾ ഉപയോഗിച്ചുവരുന്ന രീതിയിൽ ആദ്യമായിക്കണ്ടുപിടിച്ചു ലണ്ടൻ പട്ടണത്തിൽ നടപ്പാക്കിയത് 1750-ൽ ജോനാസ്ഹാൻവെ എന്ന ഒരു മഹാനാണ്. എന്നാൽ ഇതിനു വളരെ മുമ്പുതന്നെ അക്കാലത്തെ പരിഷ്കൃതലോകങ്ങളെന്നു പരിഗണിച്ചുവന്നിരുന്ന അനേക രാജ്യക്കാർ കുട ഉപയോഗിച്ചുവ

ന്നിരുന്ന എന്നതിലേയ്ക്കു പല ലക്ഷ്യങ്ങളും ലണ്ടനിലെ 'ബ്രിട്ടീഷ് മ്യൂസിയ'ത്തിൽ ഇന്നും കാണാവുന്നതാണ്. അക്കാലത്തു കട ഒരു രാജചിഹ്നമായിക്കരുതി രാജാക്കന്മാർ മാത്രമേ അതു ഉപയോഗിച്ചു വന്നിരുന്നുള്ളു. എന്നാൽ ഇവരെക്കാൾ വളരെ മുമ്പായിത്തന്നെ ഈജിപ്റ്റുകാർ, ഗ്രീക്കുകാർ, റോമാക്കാർ മുതലായവർ കട ഉപയോഗിച്ചു വന്നിരുന്നതായി കാണുന്നുണ്ട്. പക്ഷെ റോമാരാജ്യത്തിന്റെ അധോഗതിയോടുകൂടി യൂറോപ്പു ഖണ്ഡത്തിൽ പുരാതന കാലത്തു കടകളെപ്പറ്റിയുണ്ടായിരുന്ന മാഹാത്മ്യം അസ്തമിച്ചു പോയി എന്നു പറയാം. ഏഷ്യാഖണ്ഡത്തിൽ കടകൊണ്ടുള്ള ഉപയോഗങ്ങൾ വളരെയുണ്ട്. ഇവിടെ ഇതു ഒരു രാജകീയചിഹ്നമായിട്ടു മാത്രമല്ല ഉപയോഗിച്ചുവരുന്നത്. ഏഷ്യയിൽ ചില സ്ഥലങ്ങളിൽ കട ഈശ്വരാംശമായി പരിഗണിച്ചിരിക്കുന്നു. ചൈനാ, സയാം, ജപ്പാൻ, സിലോൺ മുതലായ ബുദ്ധമതരാജ്യങ്ങളിലുള്ള ക്ഷേത്രങ്ങൾ കടകളുടെ രൂപാന്തരങ്ങൾ മാത്രമാണ്.

ചീനത്തെ രാജകീയഛത്രങ്ങൾ നീളമുള്ള തടികളിൽ അനേകവിധത്തിലുള്ള മേൽപ്പുരകളോടുകൂടിയവയാകുന്നു. ഓരോ സ്ഥാനവലിപ്പമനുസരിച്ചു കടയുടെ മേൽപ്പുരകളുംകൂടിയിരിക്കും. പണ്ടു ചൈനയിലെ ക്ഷേത്രഗോപുരങ്ങൾ പട്ടുകടകൾ മാത്രമായിരുന്നു. എന്നാൽ ഈ മാതിരി കടകൾ ക്ഷണേന നശിച്ചുപോകുവാൻ എളുപ്പമുള്ളവയായിരുന്നതിനാൽ കാലാന്തരത്തിൽ അവയെ കടയുടെ ആകൃതിയിൽ കല്ലുകൊണ്ടു കെട്ടിത്തുടങ്ങി. ചീനത്തു രാജത്വത്തിനും ഈശ്വരത്വത്തിനും തമ്മിൽ വളരെ സംബന്ധമുണ്ട്. ചക്രവർത്തിയെ ദൈവപുത്രനായിട്ടാണ് ഗണിച്ചുവരുന്നത്. അതുകൊണ്ടു രാജ്യകാര്യനടവടികളിലും കടക്കു വളരെ പ്രാധാന്യം നൽകിയിരിക്കുന്നു. ചൈനയിൽ പട്ടാഭിഷേകദിവസം നടക്കുന്ന പ്രധാന ചടങ്ങുകളിൽ ഒന്നു രാജകീയഛത്രങ്ങളുടെ ഒരു പട്ടണപ്രവേശനമാകുന്നു. ഈ കടകൾ വഹിച്ചുകൊണ്ടുപോകുന്നതു പ്രഭുക്കന്മാരും ഉയർന്നതരം ഉദ്യോഗസ്ഥന്മാരുമായിരിക്കും. ഇങ്ങിനെ കൊണ്ടുപോകുന്ന കടകളുടെ എണ്ണം ചിലപ്പോൾ 200-ൽ കവിയുന്നതാണ്. ഈ മാതിരി രാജകീയഛത്രങ്ങൾ സയാം രാജ്യത്തുമുണ്ട്. ചൈനരാജാവിന്റെ വെൺകൊറ്റക്കടകൾ കാഴ്ചക്കു മനോഹരങ്ങളാകുന്നു. ഇവ വിവിധവർണ്ണങ്ങളിലുള്ള പട്ടുകൾകൊണ്ടു നിർമ്മിക്കപ്പെടുന്നവയാകുന്നു. ഓരോ കടയിലും രാജ്യചിഹ്നമായ പെരും പാമ്പിന്റെ അടയാളം ഉണ്ടായിരിക്കും. ഓരോ ക്ഷേത്രത്തിലും ബലിപീഠത്തിനു ചുറ്റുമായി പീതാംബരംകൊണ്ടുണ്ടാക്കിയ 12 കടകളിൽ കുറയാതെ സൂക്ഷിച്ചുവരുന്നുണ്ട്. 'പരേതന്മാരുടെ' ഉപ്പിക്കായിട്ടു അവരുടെ ശവകുടീരങ്ങൾക്കകത്തോ പുറത്തോ അവരുടെ കടകളും സൂക്ഷിച്ചുവരും. എന്നാൽ ഇങ്ങിനെ സൂക്ഷിച്ചുവരുന്ന കടകൾ വെറും കടലാസ്സുകൊണ്ടുണ്ടാക്കപ്പെട്ടവയാണ്. ഒരാൾ മരിക്കുമ്പോൾ സ്ഥാനവലിപ്പമനുസരിച്ചു കടകളും ശ്മശാനംവരെ കൊണ്ടുപോകുന്ന ഒരു പതിവുണ്ട്. പ്രഭുക്കന്മാർ മരിക്കുമ്പോൾ കൊണ്ടുപോകുന്ന കടകൾ പച്ചയോ വെള്ളയോ ആയ പട്ടുകൊണ്ടുണ്ടാക്കിയവയായിരിക്കും. ഈ കടകളിൽ ചീനരുടെ രാജ്യചിഹ്നം പ്രത്യേകമായും ഉണ്ടായിരിക്കുമത്രെ. ഇങ്ങിനെയുള്ള അവസരങ്ങളിൽ സാധാരണക്കാർ കടലാസ്സും ചില്ലറ ഉദ്യോഗസ്ഥന്മാർ തുണിയുംകൊണ്ടുണ്ടാക്കിയ കടകളാണ് ഉപ

യോഗിക്കുന്നത്. ഇയ്യിടെ നടന്ന ചൈനാവിപ്ലവത്തിനുശേഷം പ്രസിഡണ്ട് രാജ്യമാകെ കഴിഞ്ഞാണ്ടിൽപോലും രാജകീയമഹത്വങ്ങളോടുകൂടിയ ഒരു പട്ടണപ്രവേശം ഉണ്ടായിരുന്നു.

ബർമ്മയിൽ കുടയെപ്പററിയുള്ള ബഹുമതി ചൈനയിൽ ഉള്ളതിനേക്കാൾ കൂടുതലാണ്. '24 കുടകളുടെ നാഥൻ' എന്നായിരുന്നു ബർമ്മാരാജാവിനെ വിളിച്ചുവന്നിരുന്നത്. ബർമ്മയും ചൈനയും തമ്മിൽ 1769-ാമാണ്ടു ഡിസംബർമാസത്തിൽ ഒരു ഉടമ്പടി ഉണ്ടായിട്ടുണ്ട്.

അതിൽ "സൂര്യവംശജനും മഹത്വധാരികളായ അനേകം പ്രഭുക്കന്മാരുടെ നേതാവുമായ ബർമ്മാരാജാവും സ്വർണ്ണഗോപുരങ്ങളുടെ ഉടമസ്ഥനും മഹത്വധാരികളായ അസംഖ്യം പ്രഭുക്കന്മാരുടെ രക്ഷകർത്താവുമായ ചൈനാചക്രവർത്തിയും തമ്മിലുണ്ടായ ഉടമ്പടിയാവിതു" എന്നാണ് തുടങ്ങുന്നത്. ബർമ്മയിലെ ഉദ്യോഗസ്ഥന്മാർ സ്ഥാനവലിപ്പമനുസരിച്ചു ഓരോ കുടയുണ്ടായിരിക്കും. എന്നാൽ ഈ മാതിരി കുടകൾക്ക് ഒരു മേൽപുര മാത്രമെ ഉണ്ടായിരിക്കുകയുള്ളു. ഒന്നിലധികം മേൽപുരയുള്ള കുടകൾ രാജകുടുംബക്കാർ മാത്രമേ ഉപയോഗിക്കുവാൻ പാടുള്ളു.

സയാം രാജ്യക്കാരും ഒരു കുടയെ മാത്രമാണ് ബഹുമാനിച്ചിരിക്കുന്നത്. ആ കുടയുടെ കൈവശക്കാരനത്രെ സയാം രാജ്യാവകാശി. സയാം രാജ്യഭണ്ഡാരം അമൂല്യങ്ങളായ അസംഖ്യം കുടകളെക്കൊണ്ടു നിറഞ്ഞിരിക്കുന്നു. എല്ലാ രാജകീയവിളംബരങ്ങളിലും രാജ്യാവകാശചിഹ്നമായ ഛത്രത്തിന്റെ മുദ്രയുണ്ടായിരിക്കും. രാജത്വത്തെ സൂചിപ്പിക്കുന്നതും, രാജാവിനും രാജ്യാവകാശികൾക്കും മാത്രമെ കാണ്മാൻ പാടുള്ളു എന്ന നിർബ്ബന്ധമുള്ളതും വിലമതിക്കുവാൻ പാടില്ലാത്തതും, രാജസൗധത്തിൽ ഭദ്രമായി സൂക്ഷിച്ചുവരുന്നതുമായ രാജകീയഛത്രത്തെ നമ്മുടെ ചക്രവർത്തി വെയിൽസ്സിലെ രാജകുമാരനായിരുന്ന കാലത്തു സയാം രാജ്യത്തെ സന്ദർശിച്ചപ്പോൾ തൃക്കൺപാർക്കുന്നതിനു സയാം രാജാവു സന്തോഷം അനുമതി നൽകുകയുണ്ടായി. സയാമിലും മംഗോളിയായിലും ശവസംസ്കാരസമയത്തു കുട ഒരു ക്രിയാംഗമായി വിധിച്ചാചരിച്ചുവരുന്നു. മൃതശരീരം കുടയോടു ഏതാണ്ടു സാമ്യമുള്ള ഒരു വള്ളത്തിൽ വെച്ചു നദിയിൽകൂടി ഒഴുക്കുകയാണ് ഈ രാജ്യങ്ങളിൽ പണ്ടുപണ്ടേ നടന്നുവരാറുള്ളത്. പുരാതനങ്ങളായ രാജ്യങ്ങളിൽ ഇപ്പോൾ മാത്രമെ മതസംബന്ധമായും മറ്റും കുടയെ ആദരിക്കുന്നുള്ളു. എങ്കിലും ഇപ്പാഴ്സീകൾ എവിടെപ്പോയാലും കുടയുടെ ആവശ്യം വിട്ടുമാറുന്നതല്ല. ജപ്പാനിലെ വിശേഷകാഴ്ചകളിൽ ഒന്നു ഛത്രനിർമ്മാതാക്കളുടെ വ്യാപാരസ്ഥലങ്ങളാകുന്നു. ഇൻഡ്യയിൽ ഇന്നും കുട ഒരു പൂജ്യപദാർത്ഥമായിട്ടാണ് പരിഗണിച്ചുവരുന്നത്. 'ഏകഛത്രാധിപത്യം' ഇൻഡ്യയിൽ പണ്ടുപണ്ടേ നടന്നുവന്നിരുന്നതാണ്. കാശിയിൽ ഗംഗാനദീതീരത്തു പിത്തള, ചെമ്പു മുതലായ ലോഹങ്ങൾകൊണ്ടുണ്ടാക്കിയ കുടകൾ കുഴിച്ചുനിറുത്തിയിരിക്കുന്നതു കാണാം. അവിടെ താമസിക്കുന്ന സന്യാസിമാർ ഈ കുടകളുടെ തണലിലിരുന്നാണ് തപസ്സും മറ്റും ചെയ്യുന്നത്. ബെരാർ സംസ്ഥാനത്തുള്ള മലംപ്രദേശങ്ങളിൽ നിവസിക്കുന്ന 'സന്താൾസ്' എന്ന കാട്ടുജാതിക്കാർ കുടയ്ക്കു ഈശ്വരത്വം കല്പിച്ചു അതിനെ ആരാധിച്ചുവരാറുണ്ട്. ഇൻഡ്യൻ രാജചിഹ്നങ്ങളിൽ

ഉന്ന കുടയാകുന്നു. വിശ്വാമിത്രമഹർഷി, ഹരിശ്ചന്ദ്രമഹാരാജാവിനെ വഞ്ചിക്കുന്നതിനയച്ച ദാസിമാർ രാജാവിനോടാവശ്യപ്പെട്ട സാധനങ്ങളിൽ ഒന്നു അദ്ദേഹത്തിന്റെ വെൺകൊറ്റക്കുടയായിരുന്നു. മുഗൾചക്രവർത്തികളുടെ കാലത്തു യൂറോപ്യന്മാർ കുടകൾ പിടിച്ചുകൊണ്ടു ഡൽഹിപ്പട്ടണത്തിൽ പ്രവേശിച്ചുകൂടാതെന്നു പ്രത്യേകം നിഷ്കർഷയുണ്ടായിരുന്നു. ഇതിന്റെ കാരണം ഇക്കൂട്ടർ രാജത്വം ബലാൽ കരസ്ഥമാക്കുമെന്നു ഭയപ്പെട്ടിട്ടായിരുന്നുപോലും! നമ്മുടെ ഇപ്പോഴത്തെ ചക്രവർത്തിതിരുമനസ്സുകൊണ്ടു വെയിത്സിലെ രാജകുമാരനായിരുന്ന കാലത്തു ഇൻഡ്യയെ സന്ദർശിച്ചപ്പോഴും ഭാരതചക്രവർത്തിയായിട്ടു ഡൽഹിയിൽവെച്ചു പട്ടാഭിഷേകം കഴിച്ചപ്പോഴും കുട ഒരു രാജചിഹ്നമായി ഉപയോഗിക്കയുണ്ടായി.

ആഫ്രിക്കായിൽ അനേക സ്ഥലങ്ങളിലും അബിസ്സീനിയയിലും കുട ഒരു രാജചിഹ്നമായിട്ടാണ് ഉപയോഗിച്ചുവരുന്നത്. 1868-ൽ കാലധർമ്മം പ്രാപിച്ച തിയോഡോർ എന്ന അബിസ്സീനിയരാജാവിന്റെ പ്രേതമഞ്ചം ശ്മശാനസ്ഥലത്തേക്കു കൊണ്ടുപോയപ്പോൾ ഒരു ചുവന്ന പട്ടുകുട ശവപ്പെട്ടിക്കു മുകൾവശം നിവർത്തിപ്പിടിച്ചിരുന്നതായി പറഞ്ഞിരിക്കുന്നു. അഷാൻറിയിലെ രാജാവിന്റെ രാജത്വത്തെ സൂചിപ്പിക്കുന്ന ഒരു കുടയുണ്ട്. സയാമിലെപോലെ ഇവിടെയും കുടയുടെ കൈവശക്കാരനാകുന്നു രാജാവ്. ഒരു രാജാവിന്റെ പക്കൽനിന്നും ഈ കുട കൈവിട്ടുപോയാൽ പ്രജകൾ അയാളെ നിഷേധിച്ചു കൈവശക്കാരനെ രാജാവായി സ്വീകരിക്കുന്നു. മൊറോക്കോവിൽ സുൽത്താനു മാത്രമേ കുട ഉപയോഗിക്കുവാൻ പാടുള്ളുവത്രേ. എന്നാൽ നയിജർ ജില്ലയിലുള്ള പ്രഭുക്കന്മാർ കുട ഉപയോഗപ്പെടുത്താമെന്നു ഒരു ഉത്തരവുണ്ട്. അപരിഷ്കൃതഖണ്ഡമായ ആഫ്രിക്കയിൽ മൊറോക്കൊ, അബിസ്സീനിയ, എന്നീ രാജ്യങ്ങളൊഴികെയുള്ള രാജ്യങ്ങളിലെ കുടകൾക്കും ബുദ്ധമതത്തിനു പ്രചാരമുള്ള രാജ്യങ്ങളിലെ കുടകൾക്കും തമ്മിൽ വളരെ വ്യത്യാസമുണ്ട്. ആഫ്രിക്കയിൽ കുടയുടെ നാലുവശത്തും മനുഷ്യരുടെ പല്ല്, തലയോട്, എല്ല്, പളുങ്ക് മുതലായവ കെട്ടിത്തൂക്കുന്നു.

ലണ്ടൻ പട്ടണത്തിൽ ആദ്യമായി കുട നടപ്പാക്കിയത് 1750-ാം വർഷത്തിലാണെന്നു ഈ ലേഖനത്തിന്റെ ആദ്യത്തിൽ പറഞ്ഞിട്ടുണ്ടല്ലൊ. ജോനാസ് ഹാൻവേ എന്ന മഹാന്റെ പൂരണ ദേശസേവാഫലമായിട്ടാണ് കുട കണ്ടുപിടിച്ച് ആദ്യമായി നടപ്പാക്കിയത്. ഇദ്ദേഹം സഹനശക്തിയും ധൈര്യവുമുള്ള ഒരാളായിരുന്നു. നല്ല കാര്യങ്ങൾ നടപ്പിൽ വരുത്തുവാൻ ഇറങ്ങുന്നവർക്ക് വിപരീതകക്ഷികൾ ഉണ്ടാകുന്നതു ലോകസ്വഭാവമാണല്ലൊ. ഇപ്രകാരം ഹാൻവേക്കും വിപരീത കക്ഷിക്കാർ ഉണ്ടായിരുന്നു. എന്നാൽ ഇദ്ദേഹത്തിന്റെ ശ്രമം എത്രത്തോളം സഫലീകരിച്ചു എന്നുള്ളത് ഇക്കാലത്തു നല്ല മഴയുള്ള ഒരു ദിവസം ഒരു പട്ടണവീഥിയിൽ നോക്കിയാൽ നിഷ്പ്രയാസം ബോദ്ധ്യപ്പെടുന്നതാണ്. പ്രഭുക്കൾ 16-ാം നൂറ്റാണ്ടുവരെ കുടയെപ്പറ്റി ഒന്നുംതന്നെ അറിഞ്ഞിരുന്നില്ല. എന്നാൽ 16-ാം ശതാബ്ദത്തിന്റെ പൂർവ്വഭാഗത്തിൽ കുടകൾ വാടകയ്ക്കു കൊടുക്കുന്നതിനു പാരീസ്സ് പട്ടണത്തിൽ ഒരു കമ്പനി ഏർപ്പെടുത്തി ഒരു ഫാർതിങ്ങ് അതായത് മൂന്നു പൈസാ കൊടുത്താൽ കമ്പനി വക ആപ്പീസ്സിൽനിന്നും ഈ പട്ടണത്തിലെ ഒരു പ്രസിദ്ധ പാലമായ (Port New

Bridge) കടക്കുന്നതുവരെ ഒരു കുട കൊടുത്തു വന്നിരുന്നു. എന്നാൽ ഇങ്ങനെ കൊടുക്കുന്ന കുട കമ്പനി വക മറുകരയ്ക്കുള്ള ആപ്പീസ്സിൽ തിരികെ ഏല്പിച്ചു രശീതി മേടിക്കണമെന്നു നിശ്ചയമുണ്ട്.

ഹാൻവെ എന്ന മഹാൻ 1750-ൽ ലണ്ടൻ പട്ടണത്തിലെ വീഥികളിൽകൂടി ആദ്യമായി ഒരു കുടയും നിവർത്തിപ്പിടിച്ചു കൊണ്ടു നടന്നതിനുശേഷമാണ് ഇത്രയും ഉപകാരപ്രദമായ ഒരു വസ്തു ഉപയോഗപ്പെടുത്തിയാൽ കൊള്ളാമെന്നു പലർക്കും ആഗ്രഹം ജനിച്ചത്. കുടയുംകൊണ്ടു അക്കാലത്തു ലണ്ടൻ പട്ടണത്തിലോ സമീപപ്രദേശങ്ങളിലോ ഇറങ്ങുന്നവനെ 'ഫ്രഞ്ചുകാരൻ' എന്നു വിളിച്ചു പരിഹസിക്കുക പതിവായിരുന്നു. കുട തങ്ങളുടെ ആദായത്തിന് ഉപദ്രവകാരിയാണെന്നു വിചാരിച്ച് അതിനെ അധികമായി വെറുത്തതു വണ്ടിക്കാരായിരുന്നു. ഇക്കൂട്ടർ ഹാൻവെയെയും പിൻഗാമികളേയും കഠിനമായ ഭേദ്യം ചെയ്തുവന്നു റുകൂടി ചെയ്തിട്ടുണ്ട്. റീഡിങ്ങിൽ കുടയുള്ളതായ് ഒരു പ്രതിമ (Statue) മാത്രമേ നില്പുള്ളു എന്നാലും പ്രസ്താവയോഗ്യമാണ്. ഇതു പ്രസിദ്ധ ബിസ്കറ്റു വ്യാപാരിയായിരുന്ന മിസ്റ്റർ ജോർജ് പാൽമർ എന്നാളുടേതാകുന്നു. ഇദ്ദേഹം തലയിൽ ഒന്നും ധരിക്കാതെ കുടയും തൊപ്പിയും കയ്യിലേന്തിക്കൊണ്ടു നിൽക്കുന്നതായിട്ടാണ് ഈ പ്രതിമ.

കെ. സി. കേശവൻ,
കൊല്ലം-പരവൂർ.

P.N. പുരാണ കാലങ്ങളിൽതന്നെ കുടകൾ ഭാരതവർഷത്തിൽ നടപ്പുള്ളതായിട്ട് നമുക്കറിവുണ്ട്. എന്നാൽ ആയവ രാജാക്കന്മാർക്കും ശ്രീമാന്മാർക്കും എന്നു നല്ല പ്രചാരമില്ല. രാജാക്കന്മാർക്കും ശ്രീമാന്മാർക്കും മാത്രമേ പ്രതിപാദ്യവിഷയമായി വിചാരിച്ചിരുന്നുള്ളു എന്നു തോന്നുന്നു.

പത്രാധിപർ

പത്രാധിപക്കുറിപ്പുകൾ

ആയുർവ്വേദം കേരളത്തിൽ ഒരു ആയുർവ്വേദവിദ്യാലയവും വൈദ്യശാലകളും ഏർപ്പെടുത്താൻ വേണ്ടി ചില നിശ്ചയങ്ങൾ ചെയ്വാൻ ഇതിനിടെ കോഴിക്കോട്ടുവെച്ചു കൂടിയ സഭ പല സംഗതികളെക്കൊണ്ടും മഹാജനങ്ങളുടെ ഗൌരവമായ ആലോചനയ്ക്കു വിഷയമാകേണ്ടുന്നതൊന്നാണ്. മദിരാശി നിയമനിർമ്മാണസഭയിൽവെച്ച് ഉടനെ പാസ്സാവാനിരിക്കുന്ന 'വൈദ്യനിയമം' ആയുർവ്വേദസമ്പ്രദായത്തിൽ ചികിത്സ ചെയ്യുന്നവരെ സംബന്ധിക്കുന്നതല്ലെന്നിരുന്നാലും, കാലക്രമേണ അവരെക്കൂടി സംബന്ധപ്പെടുത്തിക്കൊണ്ട് ആ നിയമത്തിൽ ചില ഭേദഗതികൾ ഉണ്ടാവാൻ സംഗതിയുണ്ടെന്നാണ് വിശ്വസിക്കേണ്ടത്. ഇംഗ്ലീഷു മരുന്നുകളെപ്പറ്റി വിശേഷവിധിയായ ജ്ഞാനമൊന്നും ഇല്ലാത്തവർ, ആ വക മരുന്നുകൾ ഉപയോഗിച്ചു ചെയ്യുന്ന ചികിത്സകൊണ്ട് ഉണ്ടാകുന്ന അനർത്ഥങ്ങളിൽനിന്ന് അവശേഷം കുറയാത്ത ആപത്തുകൾ നമ്മുടെ നാട്ടുവൈദ്യന്മാരെക്കൊണ്ടും ഉണ്ടാകുന്നുണ്ടെന്നുള്ളതു നിശ്ചയമാണ്. ഇംഗ്ലീഷ് വൈദ്യത്തിന്റെ

അഭിവൃദ്ധി എന്തുതന്നെയായാലും നാട്ടുകാരിൽ നൂറിൽ തൊണ്ണൂറു പേർക്കും ഇക്കാലത്തുകൂടി നാട്ടുവൈദ്യന്മാരിൽ ഉള്ള വിശ്വാസം ഇംഗ്ലീഷുവൈദ്യത്തിലില്ല. ആയുർവൈദ്യത്തിൽ സാമാന്യമായ ജ്ഞാനമെങ്കിലും സിദ്ധിച്ചു കഴിഞ്ഞശേഷം വൈദ്യന്മാരായിത്തീർന്ന യോഗ്യന്മാർ കേരളത്തിൽ എത്രയുണ്ടെന്ന് എല്ലാവർക്കും അറിയാം. നാട്ടുവൈദ്യന്മാരെന്നു പറയപ്പെടുന്നവരിൽ മഹാലേഖകന്മാരും വൈദ്യവിഷയത്തിലുള്ള ജ്ഞാനത്തിന്, വെറും പാരമ്പര്യത്തെയോ, യോഗ്യന്മാരായി പേരു കേട്ടിരുന്ന വൈദ്യന്മാരുടെ മരുന്നു പൊടിക്കാരായി കുറെ കാലം ജോലിനോക്കിയിരുന്ന പരിചയത്തെയോ അടിസ്ഥാനമാക്കീട്ടുള്ളവരാണ്. കേവലം അപരിഷ്കൃതരും അജ്ഞന്മാരുമായ സാധുക്കളുടെ പണത്തെയും ജീവനെയും ഇക്കൂട്ടർ അപഹരിക്കുന്നതിന് കൈയും കണക്കുമില്ല. അങ്ങിനെയാണ്, പാശ്ചാത്യരീതിയിലുള്ള ശസ്ത്രക്രിയകൾ അത്യന്തം ചാതുര്യത്തോടുകൂടി ചെയ്യാൻ പഠിച്ചു പരിചയിച്ച വൈദ്യകണ്ഠന്മാർ വിള്ളൽക്കത്തി, എക്സ്‌റെ, മുതലായ നൂതനവിദ്യകൾ പ്രയോഗിച്ചു രോഗം മാറ്റുകയും മസ്തിഷ്കത്തെ ഛേദിച്ചു തലച്ചോറിനുള്ള കേടുകൾ നീക്കപ്പെടുത്തി രോഗിയെ സുഖപ്പെടുത്തുകയും ചെയ്യുന്ന വിസ്മയജനകങ്ങളായ ചികിത്സകളും ശസ്ത്രക്രിയകളും നടത്തുന്നതിന് അടുത്തുതന്നെ ചൂരലേറയെയും ഗുരുകാരണവന്മാരെയും സ്മരിച്ചുകൊണ്ട് വലിയമ്മാമൻ പണ്ടു ചാർത്തിയ ഓലയിലെ മരുന്നുകൾ ഉപയോഗിച്ചു ചില കഷായങ്ങളും പൊടികളും ഉണ്ടാക്കി രോഗിക്കുകൊടുത്തു അവർക്ക് സമാധാനമായ പുറകത്തിൽ ഒരു മന്ത്രവാദംകൂടി കഴിച്ചു രോഗം ഭേദമാക്കാൻ ഉദ്യമിക്കുന്നവരെയും അവരിൽ സർവ്വാത്മനാ വിശ്വസിക്കുന്നവരെയും കാണ്മാൻ സംഗതിയാകുന്നത്. ശരിയായ വിദ്യാഭ്യാസംകൊണ്ട് മനസ്സിന് പക്വതയും പരിഷ്കാരവും സിദ്ധിച്ചിട്ടുള്ളവർ ഇങ്ങിനെയുള്ള കാര്യങ്ങൾ അധികകാലം കണ്ടു സഹിക്കയില്ല. ഇംഗ്ലീഷ് വൈദ്യത്തിന്റെ ഗുണവും അതിനു സിദ്ധിച്ച അഭിവൃദ്ധിയും എന്തുതന്നെ ആയാലും, ആയുർവ്വേദത്തിനു അനേകം ശതവർഷം മുമ്പുതന്നെ ലഭിച്ചിരിക്കുന്ന പ്രസിദ്ധിയും പ്രതിഷ്ഠയും ഇന്നും കുറവു വന്നിട്ടില്ല. അതിൽനിന്ന് ആംഗ്ലേയന്മാർ ഇനിയും വളരെ പഠിപ്പാനുണ്ട്. അവരുടെ വിദ്യ വളർന്നുവരുന്നതേയുള്ളു. ആരംഭത്തിൽ വളരുന്നവയാണ്. ആയുർവ്വേദം പൂർണ്ണവളർച്ച അടഞ്ഞു കഴിഞ്ഞ ഒരു വിദ്യയാണ്. ഇന്ത്യക്കാരുടെ അലസതകൊണ്ടും ദുരാലോചനക്കുറവുകൊണ്ടും, അതിനെ വേണ്ടപോലെ പരിരക്ഷിച്ചുകൊണ്ടുവന്നില്ലെന്നേ ഉള്ളൂ. ആയുർവ്വേദത്തെ സംരക്ഷിക്കാൻ കേരളത്തിലെ രാജാക്കന്മാർക്കും പ്രജകൾക്കും ഇപ്പോഴെങ്കിലും തോന്നിയതു വലിയ പുണ്യം.

* * *

മദിരാശി ഗവർമ്മെണ്ട് ഉണ്ടാക്കാൻ പോകുന്ന വൈദ്യനിയമത്തിൽ നാട്ടുവൈദ്യന്മാരെ ഒഴിവാക്കാനുള്ള മുഖ്യസംഗതി ആയുർവ്വേദത്തിലും യുനാനിവൈദ്യത്തിലും പാണ്ഡിത്യം സിദ്ധിച്ചിട്ടുള്ളവരെ തിരിച്ചറിവാൻ സഹായിക്കുന്ന മാനദണ്ഡം ഇല്ലാത്തതാണ്. അവയിലും ശരിയായ പരീക്ഷകൾ ഉണ്ടാകയും അവയിൽ ജയിക്കുന്നവർക്ക് സ്ഥാനമാനങ്ങൾ നല്കുന്ന ഏർപ്പാടുകൾ ഉണ്ടാകയും ചെയ്തു കഴിഞ്ഞാൽ യോഗ്യവൈദ്യന്മാരെയും ലേവനെയും പൌരസ്ത്യ വാസുദേവനെയും തിരിച്ചറിയാറാവും. അപ്പോൾ അവരെല്ലാം ഈ നിയമത്തിൽ ഉൾപ്പെടുത്താവുന്നതാണ്. അവരെ ഉൾപ്പെടുത്തേണ്ടതാണെന്നാണ് ഞങ്ങളുടെ താഴ്മയോടുകൂടിയതെങ്കിലും ദൃഢമായ അഭിപ്രായം. അതിലേക്കുള്ള ഒരു പദ്ധതിയാണ് ആയുർവ്വേദവിദ്യാശാലയുടെ ഏർപ്പാടെന്നു വിശ്വസിക്കേണ്ടിയിരിക്കുന്നു. ഈ ഏർപ്പാടിൽ കൊച്ചിരാജ്യവും സാമൂതിരി രാജവംശവും യോജിച്ചു പ്രവൃത്തിക്കാൻ നിശ്ചയിച്ചുകാണുന്നത് ഉദ്ദിഷ്ടകാര്യസിദ്ധിക്കു വളരെ സഹായിക്കുന്നതും കേരളത്തിന്റെ നവീന ചരിത്രത്തിലെ മു

ഭ്യമായ ഒരു അദ്ധ്യായത്തിന്റെ ആരംഭമായിത്തീരുന്നതുമാകുന്നു. ഇങ്ങിനെയുള്ള വല്ല ഏൎപ്പാടിലും ഈ വിധം ഒരു യോജിപ്പു കാണുന്നതായി ഓൎമ്മതോന്നുന്നില്ല. സ്ഥാനമാനങ്ങൾക്കായി മുമ്പെ കാലം തമ്മിൽ കലഹിച്ചു അനേകം ജനങ്ങളെ കുത്തിയും വെട്ടിയും കൊന്നു കാലം കഴിച്ചു രണ്ടു സ്വരൂപങ്ങൾ കേരളത്തിന്റെ ഒട്ടാകെയുള്ള ക്ഷേമത്തിന്നു അനുകൂലിക്കുന്ന കാൎയ്യത്തിൽ യോജിച്ചു പ്രവൃത്തിക്കാൻ സംഗതിവരുത്തിയ ബ്രിട്ടീഷ് കൊടിക്കൂറയെ ഞങ്ങൾ ഭക്തിപൂൎവ്വം അഭിവന്ദനം ചെയ്യുന്നു.

* * *

ഇത്ര മഹനീയമായ ഒരു ഏൎപ്പാടിലേക്കു ഉദ്യമിച്ചവരെ പ്രോത്സാഹികളാക്കേണ്ടുന്ന ആവശ്യം ഞങ്ങൾക്കില്ല. അതുകൊണ്ട് ഇനി പറവാൻപോകുന്നതിനെ ആരും തെറ്റിദ്ധരിക്കരുത്. ഇങ്ങിനെയുള്ള സൽക്കൎമ്മങ്ങളുടെ നാന്ദി പണ്ടും പലരും ചൊല്ലിവെച്ചിരുന്നു. നാന്ദി ചൊല്ലിയാലല്ലാതെ, തിരശ്ശീല പൊന്താതെതന്നെ സൎവ്വം ഇള്ളൂരംഗം വരുത്തിയതിന്നു ദൃഷ്ടാന്തങ്ങളുണ്ട്. ചുരുക്കം ചിലർ പ്രസ്താവന ഒരു വിധം കഴിച്ചുകൂട്ടിയിരുന്നു എന്നു പറയാം. കഥാരംഗത്തിലേക്കു പദം വെച്ചവരും ഇല്ലെന്നില്ല. ഭരതവാക്യം ചൊല്ലിയവൻ പോയിട്ട്, ഏകദേശം ഭാഗമെങ്കിലും അഭിനയിച്ചിരുന്നവർ ഇല്ലെന്നുതന്നെ പറയാം. ഈ ഏൎപ്പാടിൽ സൂത്രധാരന്മാരായ തിരുമേനികളോടു ഞങ്ങൾക്കുള്ള അകൈതവമായ ഭക്തിബഹുമാനങ്ങളെ പുരസ്കരിച്ചുകൊണ്ട്, അതിന്റെ വിജയത്തിന്നും അഭ്യുദയത്തിന്നും ഹേതുഭൂതന്മാരായി അവരെയാണ്, ഇന്നും മേലാലും ഉള്ള തലമുറകൾ കരുതുകയെന്നു വിനയപുരസ്സരം ഓൎമ്മപ്പെടുത്തിക്കൊള്ളുന്നു. ഇക്കാൎയ്യത്തിൽ തിരുവിതാംകൂർ മഹാരാജാവ് തിരുമനസ്സുകൊണ്ടു കൂടി സഹായിയായിത്തീരാതിരുന്നില്ല. തിരുവിതാംകൂറും കൊച്ചിയും ബ്രിട്ടീഷ്മലബാറും കൂടി യോജിച്ചു പ്രവൃത്തിക്കുന്ന ഈ കാൎയ്യത്തിൽ മദിരാശിഗവൎമ്മെണ്ടും വേണ്ടുന്ന സഹായം ചെയ്യുമെന്നാണ് വിശ്വസിക്കേണ്ടത്. മദിരാശി, ബൊമ്പായി, കൽക്കത്ത എന്നിവിടങ്ങളിൽ ഇംഗ്ലീഷുവൈദ്യം പഠിപ്പിക്കുന്നുള്ള ശാലകളോടു തുല്യമായ ഒരു ശാലയാണ് കേരളത്തിൽ ആവശ്യം. ആസ്പത്രികൾ പല ദിക്കിലുമാവാം. വിദ്യാശാല ഒന്നു മതിയാകും. അതു ഉപായത്തിലൊന്നും ആയാൽ മതിയാകുന്നതുമല്ല. ശസ്ത്രക്രിയകൾ കൂടി പഠിപ്പിക്കാനുള്ള ഒരു വൈദ്യവിദ്യാശാലയും അതിന്നു തൊട്ടുകൊണ്ടു പച്ചമരുന്നുകൾ 'നട്ടുനനച്ചുണ്ടാക്കുന്ന ഒരു തോട്ടവും ഏൎപ്പെടുത്താൻ നാലൊ അഞ്ചൊ ലക്ഷം ഉറുപ്പിക ചിലവിടേണ്ടിവരുമെന്നാണ് തോന്നുന്നത്. മഹാരാജാക്കന്മാരും രാജാക്കന്മാരും പ്രഭുക്കന്മാരും ജന്മികളും ഒത്തൊരുമിച്ചു ശ്രമിച്ചാൽ ഈ സംഖ്യക്ക് അശേഷം പ്രയാസമുണ്ടാകുന്നതല്ലെന്നാണ് ഞങ്ങളുടെ വിശ്വാസം.

* * * * *

കേരളത്തിൽ പല ഏൎപ്പാടുകളും ആരംഭിക്കുന്നതിന് ഒരു നിൎവ്വാഹകസംഘത്തെ ഏൎപ്പെടുത്തുന്ന സമ്പ്രദായമുണ്ട്. ഈ നിൎവ്വാഹകസംഘങ്ങളിൽ ഞങ്ങൾക്ക് അശേഷം വിശ്വാസമില്ലെന്നു പറയാതെ നിൎവ്വാഹമില്ല. ഒരു സമാജം അതിലെ ഉത്സാഹിയായ ഒരു മനുഷ്യന്റെ നിഴൽ നീണ്ടുകൊണ്ടുണ്ടാകുന്ന ഏൎപ്പാടാണെന്ന് ഇംഗ്ലീഷിൽ ഒരു ചൊല്ലുണ്ട്. ഒരൊറ്റ മനുഷ്യന്റെ ഉത്സാഹത്തിലാണ് ഒരു സമാജത്തിന്റെയോ സഭയുടെയോ അഭിവൃദ്ധി സ്ഥിതിചെയ്യുന്നത്. ആൾ ഏറെക്കൂടിയാൽ പാമ്പും ചാകയില്ല. പലരും ചെയ്യേണ്ടുന്ന പ്രവൃത്തി ചെയ്യുവാൻ ആരും ഉണ്ടാകയില്ല. ഈ കാൎയ്യംകൂടി വൈദ്യവിദ്യാശാലയുടെ പ്രവൎത്തകന്മാരുടെ ആലോചനക്കു വിഷയമാകുമെന്നു വിശ്വസിക്കുന്നു.

* * * *

സാഹിത്യം

മലയാളഭാഷയിലുള്ള പാഠപുസ്തകങ്ങളുടെ കാൎയ്യത്തിൽ സാഹിത്യസമാജം വേണ്ടതു പ്രവൃത്തിക്കുന്നുണ്ടെന്നു വിശ്വസിക്കുന്നു.

പുതിയപുസ്തകങ്ങൾ ഉണ്ടാകുന്നതിനുമുമ്പു ഇപ്പോൾ ഉള്ള പുസ്തകങ്ങളെ ക്രമപ്പെടുത്തി വ്യവസ്ഥചെയ്തുകൊണ്ടുള്ള ഒരു പട്ടിക പരസ്യം ചെയ്യുന്നതു നന്നായിരിക്കുമെന്നു തോന്നുന്നു. ചെറിയ ക്ലാസുകളിൽതുടങ്ങി ക്രമപ്രകാരം പഠിപ്പിക്കാൻ തക്കതായ ഗദ്യപാഠങ്ങൾ, പദ്യപാഠങ്ങൾ, എന്നിവയുടെയും, നിർബ്ബന്ധവിഷയമായിപഠിപ്പിക്കാവുന്ന പാഠങ്ങൾക്കുപുറമെ കുട്ടികൾക്ക വായിക്കാൻ കാരോ തരത്തിലേക്കു പററിയതായ മററു പുസ്തകങ്ങളുടെയും പേരുകളും അവയുടെ ചുരുങ്ങിയ വിവരണങ്ങളും അറിയുന്നതു പല ഉപാദ്ധ്യായന്മാർക്കും പ്രയോജനകരമായിരിക്കും. അവയിൽ സർവ്വകലാശാലക്കാരോ "ടെക്സ്റ്റ്ബുക്ക് കമ്മിററി"ക്കാരോ സ്വീകരിച്ചവ ഇന്നവയാണെന്നു് അറിഞ്ഞുകഴിഞ്ഞാൽ അവയെ പാഠപുസ്തകങ്ങളായി അംഗീകരിക്കാവുന്നതും ശേഷമുള്ളവയെ സ്വീകരിക്കാൻ ശിപാർശചെയ്യാവുന്നതും ആണല്ലോ. ഇതിന്നായി കേരളപുസ്തകശാലാ ഉടമസ്ഥന്മാർ സഹായിച്ചാൽമതി. സാഹിത്യസമാജക്കാർ നിശ്ചയിക്കുന്ന വല്ലവർക്കും ഈ വക പുസ്തകങ്ങളുടെ ഓരോ പ്രതി അയച്ചുകൊടുത്താൽ അദ്ദേഹം അവയെ വായിച്ചു തരംതിരിച്ചു് ഒരു പട്ടിക തയ്യാറാക്കി പരസ്യംചെയ്യാൻ ഏർപ്പാടുകൾ ചെയ്യണം. കുട്ടികളുടെ ആവശ്യത്തിലേക്കായി കഴിഞ്ഞുപോയ മിസ്റ്റർ റെയ്നി എഴുതിയ പുസ്തകങ്ങളിൽ ചിലതു സൌഭാഗ്യവതി ടി. സി. കല്യാണിയമ്മ പരിഭാഷചെയ്തിരുന്നവയെപ്പററിയും വലിയ കോയിത്തമ്പുരാൻ തിരുമനസ്സിലെ പ്രസാധകത്വത്തിൽ പരസ്യംചെയ്യപ്പെട്ട പദ്യപാഠാവലികളെപ്പററിയും മററുമായ വിവരങ്ങളും കേൾക്കാത്ത അനേകം സ്കൂൾ മാസ്റ്റർമാരുണ്ട്. ഈവക പുസ്തകങ്ങൾ ചെറിയ ക്ലാസ്സുകളിലേക്കു വളരെ പററിയവയാണെന്നാണു് ഞങ്ങളുടെ അഭിപ്രായം. അതുകൊണ്ടു് അവയുടേയും മററും ഒരു ലിസ്റ്റ് ഉടനെ പരസ്യംചെയ്യണമെന്നു ഞങ്ങൾ ആഗ്രഹിക്കുന്നു. സമാജപ്രതിനിധിയായ മംഗളോദയമാസികയിൽ മേൽപറഞ്ഞ ലിസ്റ്റ് പ്രസിദ്ധംചെയ്യാവുന്നതാണല്ലോ.

* * * * *

അച്ചടിപ്പിശാച്

നമ്മുടെ വസ്തുവിന്യാസക്രമത്തെപ്പററി ചിന്തിക്കുന്നതിനുമുമ്പു പുസ്തകങ്ങളെയും, പത്രഗ്രന്ഥങ്ങളെയും വിശേഷിച്ചു വൃത്താന്തപത്രഗ്രന്ഥങ്ങളെയും ബാധിച്ചിരിക്കുന്ന പിശാചിനെ — അച്ചടിപ്പിശാചിനെ — ഉച്ചാടനംചെയ്യാനുള്ള ശ്രമം ചെയ്യേണ്ടതു് അത്യാവശ്യമാണെന്നു തോന്നുന്നു. മലയാളത്തിൽ അക്ഷരപ്പിശകുകൂടാതെ യാതൊന്നും പരസ്യംചെയ്തുകൂടെന്നു വന്നിരിക്കുന്നു. അച്ചടിത്തെററുകളെ അത്ര "ഗൌനിക്കേണ്ടതില്ല" എന്നുള്ള അഭിപ്രായം ബലപ്പെട്ടുകാണുന്നതിനെന്നു മാത്രമല്ല ഗ്രന്ഥകാരന്മാർക്കും ലേഖകന്മാർക്കും അച്ചടിപ്പിശകു വലിയതായ സഹായിയായിട്ടും തീർന്നിരിക്കുന്നു. എന്തു തെററുണ്ടായാലും അതു് അച്ചടിപ്പിശാചുക്കളുടെ തലയിലാക്കാനാണു് എല്ലാവരും ശ്രമിക്കുന്നതു്. അച്ചടിപ്പിശകു സർവ്വസാധാരണമായിത്തീർന്നിട്ടുള്ളതിന്റെ ഫലമാണിതു്. വൃത്താന്തപത്രങ്ങൾ വേഗത്തിലും ധൃതിയിലും അച്ചടിച്ചു വിടേണ്ടവയാകയാൽ ഒരു കോളത്തിൽ പത്തും ഇരുപതും തെററുകൾ ഉണ്ടായാൽകൂടി ക്ഷന്തവ്യമാണെന്നു ചിലർ വാദിക്കുന്നു. എന്നാൽ ഇംഗ്ലീഷുഭാഷയിലുള്ള "മദ്രാസ് മെയിൽ" മുതലായ ദിനപത്രങ്ങൾപോലും അച്ചടിപ്പിശകുകൂടാതെ പരസ്യംചെയ്യപ്പെടുന്ന സ്ഥിതിക്കു നമ്മുടെ പ്രതിവാരപത്രങ്ങൾക്കും പ്രത്യർദ്ധവാരപത്രങ്ങൾക്കും എന്തുകൊണ്ടു് ഈ പിശാചിന്റെ ബാധകൂടാതെ കഴിച്ചുകൂടാ. അച്ചടിക്കപ്പെട്ടവയൊക്കെ ശരിയായിരിക്കണമെന്നു വിശ്വസിക്കാൻ പഠിച്ചിട്ടുള്ള കുട്ടികളുടെ കൈയിൽ കൊടുക്കാനും അവരെക്കൊണ്ടു വായിപ്പിക്കാനും പാടില്ലാത്തവിധം ആപൽക്കരമായ വിധത്തിലുള്ള അക്ഷരപ്പിശകുകൾ ഇല്ലാത്ത പത്രങ്ങൾ ചുരുക്കമാണെന്നു പറയേണ്ടിവന്നതിൽ ഞങ്ങൾ വ്യസനിക്കയും ലജ്ജിക്കയും

ചെയ്യുന്നു. അച്ചുക്കൂടക്കാരാണ് ഇതിൽ ശ്രദ്ധിക്കേണ്ടതു്. മലയാളത്തിലും സംസ്കൃതത്തിലും ഇംഗ്ലീഷിലും നല്ല പാണ്ഡിത്യം സിദ്ധിച്ച യോഗ്യന്മാരെ നല്ല ശമ്പളംകൊടുത്തു പ്രൂഫ് വായനക്കാരായി നിശ്ചയിപ്പാൻ അച്ചുക്കൂടക്കാർ ശ്രമിക്കേണ്ടതാണ്. ലേഖകന്മാരുടെയും ഗ്രന്ഥകർത്താക്കളുടെയും പ്രമാദം കൊണ്ടോ, അശ്രദ്ധകൊണ്ടോ വരാവുന്ന തെറ്റുകൾപോലും തിരുത്തി ശരിപ്പെടുത്താൻ യോഗ്യരായിരിക്കണം പ്രൂഫ്‌വായനക്കാർ. പിന്നീടു കണ്ടുപിടിക്കുന്ന ഓരോ അബദ്ധപ്പിഴക്കു് ക്ലിപ്തപ്പടി വീതം പ്രൂഫ്‌വായനക്കാരെ പിഴ കല്പിക്കുന്ന സമ്പ്രദായം ചില ഇംഗ്ലീഷ് അച്ചുക്കൂടങ്ങളിൽ ഉണ്ടെന്നു് അറിയുന്നു. അതിനെ വല്ലതും ഏർപ്പെടുത്തുന്നതും നന്നായിരിക്കും.

ബീറാംജി മലബാറി

E. R. Menon

'ഉത്സാഹിലക്ഷ്മീകാര്യം' എന്ന പ്രമാണമനുസരിച്ചു പ്രവർത്തിക്കുന്ന ഏതുവനും, ജയവും യശസ്സും, കരസ്ഥമാക്കുവാൻ പ്രയാസമില്ലെന്നുള്ള ലോകവ്യവഹാരം ആർക്കും പുത്തരിയായിരിക്കയില്ലല്ലൊ. സ്ഥിരോത്സാഹം, ക്ഷമ, എന്നീ ഗുണങ്ങൾ, ഉദ്ദിഷ്ടകാര്യസാദ്ധ്യത്തിന്നു എല്ലാവരേയും—പ്രത്യേകിച്ചു, വിദ്യാർത്ഥികളെ—സഹായിക്കുന്നവകളാണെന്നു, നമുക്കു ദിവസേന കണ്ടുകേട്ടും അനുഭവപ്പെടുന്നതാണ്. ജീവിതരംഗത്തിൽ ഒരുത്തനു നേരിടാവുന്ന സകല പ്രതിബന്ധങ്ങളെയും, പ്രത്യൂഹങ്ങളെയും, നിശ്ശേഷം നിരാകരിച്ചു, പുഷ്ടിപൂർണ്ണദുർഗ്ഗമമായിരിക്കുന്ന കാലപഥത്തിൽ കൂടി അവനെ സഞ്ചരിപ്പിച്ചു് അവസാനത്തിൽ സന്തുഷ്ടമാനസനാക്കിത്തീർക്കുമെന്നുള്ളതിനെ, ഇന്ത്യൻ വിദ്യാർത്ഥികൾക്കു ദൃഷ്ടാന്തപ്പെടുത്തിക്കൊടുക്കുന്നതായ, 'ബീറാംജി മലബാറി' എന്ന പാർസിമഹാന്റെ ജീവചരിത്രസംഗ്രഹത്തെ ഇവിടെ ചേർക്കുന്നതു് അനുചിതമായിരിക്കയില്ലെന്നു വിശ്വസിക്കുന്നു.

ബറോഡാ സാമ്രാജ്യത്തിൻകീഴിൽ ഇരുപതുറുപ്പിക വീതം പ്രതിമാസം ശമ്പളം പറ്റിക്കൊണ്ടിരുന്ന ഒരു സാധുഗുമസ്ഥന്റെ ഏകസന്താനമായ ഇദ്ദേഹം, 1853-ൽ ആദ്യമായി ഭൂസ്പർശം കഴിച്ചു. ബീറാംജിയുടെ ആറാംവയസ്സിൽ, പിതാവു കാലഗതി പ്രാപിച്ചു. പിതാവിന്റെ ദാരിദ്ര്യം നിമിത്തവും, അകാലവിയോഗം ഹേതുവാലും, ഉപജീവനമാർഗ്ഗം നിരോധിക്കപ്പെട്ടു. മാതാവ്, സ്വബാലന്റെ ക്ഷേമാർത്ഥം വീണ്ടും കല്യാണം കഴിപ്പാൻ നിർബ്ബന്ധിതയായിത്തീർന്നു. ഇതിന്നു ശേഷം, മറ്റു ചില ബാലന്മാരൊന്നിച്ചു, ബീറാംജിയും, ഗ്രാമപള്ളിക്കൂടത്തിലേക്കയയ്ക്കപ്പെട്ടു. പക്ഷെ, അദ്ധ്യാപകൻ ഒരു വിദ്വാനല്ലായിരുന്നതുകൊണ്ടു്; അദ്ദേഹത്തോടൊന്നിച്ചു ചില വേദവാക്യങ്ങൾ ഉച്ചരിപ്പാനല്ലാതെ, വേറെയാതൊരു വിശേഷവിധിയായ അറിവുകളും സമ്പാദിക്കുവാൻ ബാലന്മാർക്കു തരം വന്നില്ല. എന്നുതന്നെയല്ല, അദ്ധ്യാപകനും അദ്ധ്യേതാക്കൾക്കും ദുർഗ്രാഹ്യങ്ങളായ അർത്ഥത്തോടുകൂടിയ വേദവാക്യങ്ങൾ, ഉ

ച്ചിരിക്കുന്നതിൽ, വല്ല തെറ്റും സംഭവിക്കുന്നതായാൽ, ഗുരുവിന്റെ കയ്യിൽ നിന്നു രക്ഷപ്പെടുവാനായതിനാലോ, കഴിയാതായതായി ചേർന്നിരിക്കുന്ന ഒരു വലിയ ചൂരലും ബാലന്മാരുടെ പുറവും തമ്മിൽ അതികഠമായ സമാഗമം തുടങ്ങുകയും ചെയ്യും. ഇപ്രകാരം, ദിവിധപ്രകാരേണയും അദ്ധ്യാപകൻ ശിക്ഷിച്ചാൽ, കുട്ടികളുടെ പിന്നെത്തെ ജോലി വൃത്തിയാക്കുകയാണ്. ഇതായിരുന്നു അദ്ധ്യാപകവൃത്തിയുടെ പ്രതിഫലം.

ഈ വിധത്തിൽ രണ്ടുവർഷം കഴിച്ചുകൂട്ടിയതിനു ശേഷം, സ്വതവേ എഴുത്തുവായനം വായിപ്പാനും ശീലിക്കുന്നതിനായി, ബീറാംജിയെ വേറൊരു സ്കൂളിലേക്കയച്ചു. പുതിയ ഗുരുനാഥൻ ഒരു ബ്രാഹ്മണനായിരുന്നു. അപ്പപ്പോഴായി വിദ്യാർത്ഥികൾ കൊണ്ടുവന്നിരുന്ന ധാന്യങ്ങളും പുഷ്പങ്ങളുമല്ലാതെ വേറെയാതൊരു പ്രതിഫലവും ഇദ്ദേഹം അവരിൽ നിന്നു സ്വീകരിച്ചിരുന്നില്ല—ആശിച്ചിരുന്നുമില്ല. ഇതിനു കൂടി ത്രാണിയില്ലാതിരുന്നവർ, ഇദ്ദേഹത്തിന്റെ കുടുംബശുശ്രൂഷയിൽ പങ്കെടുപ്പാൻ സന്നദ്ധരായിരുന്നു. ചിലർ അദ്ദേഹത്തിനു ഭക്ഷണം പാകം ചെയ്തുകൊടുക്കും—മറ്റൊരുത്തൻ വിറകു തയ്യാറാക്കും—വേറൊരുത്തൻ വെള്ളം കൊണ്ടുവരും— ശേഷിച്ചതുള്ളി മുതലായതുകൾ ശേഷമുള്ളവർ—ഇപ്രകാരം, പ്രാചീനവിദ്യാഭ്യാസസമ്പ്രദായത്തോട് ഏറെക്കുറെ യോജിപ്പിച്ചായിരുന്നു ഇദ്ദേഹം നടത്തിവന്നിരുന്നത്. ഭവനത്തിന്റെ ഒരു ഭാഗമായിരുന്നു പള്ളിക്കൂടവും. ബെഞ്ച്, മേശ, സ്ലേറ്റ്, പെൻസിൽ, പുസ്തകങ്ങൾ മുതലായ പരിഷ്കൃതവിദ്യാഭ്യാസോപകരണങ്ങളെല്ലാം ഇദ്ദേഹത്തോടു പരിചയപ്പെട്ടിരുന്നില്ല. ഓരോ കുട്ടിയേയും ഭൂമി തന്നെയാണ് താങ്ങിയിരുന്നത്. ഓരോരുത്തരുടെയും മുമ്പിൽ മണ്ണ് നിരത്തി വെച്ചിരുന്ന ഓരോ പലകക്കഷണങ്ങളുള്ളതിൽ ചെറിയ മരത്തുണ്ടുകളുടെ സഹായത്താലാണ് എഴുതിയിരുന്നത്.

ഇവിടെ നിന്നു, ബീറാംജിയെ 'സൂറത്തി'ലേക്കയച്ചു. ഈ പുതിയ അദ്ധ്യാപകൻ ക്രൂരനായിരുന്നു. നിസ്സാരമായ സംഗതികളിൽ, കൂടി ഇദ്ദേഹം കുട്ടികളെ, നിർദ്ദയമായി ശിക്ഷിച്ചിരുന്നു. ശിക്ഷാസമയത്തുള്ള പ്രാണവേദനയോടുകൂടിയ ദീനവിലാപങ്ങൾ, അന്യന്മാർക്ക് അസഹനീയമായി തോന്നാതിരിപ്പാൻ വേണ്ടി, മറ്റു കുട്ടികളോട് ഉറക്കെ ഉച്ചത്തിൽ വായിക്കുവാൻ കല്പിക്കുക, ഇദ്ദേഹത്തിന്റെ ഒരു പതിവായിരുന്നു. നമ്മുടെ ബീറാംജി, സാധുബാലൻ!, അത്യന്തം വളരെ സങ്കടപ്പെട്ടുവെങ്കിലും എത്രതന്നെയായാലും—എത്ര മേൽ ശുഷ്കാന്തിയോടുകൂടി പാഠങ്ങളെല്ലാം പഠിച്ചുവെന്നാലും—ഗുരുനാഥൻ തൃപ്തിപ്പെടുകയില്ല. കഷ്ടം തന്നെ! തന്റെ അമ്മയുടെ സമീപത്തിൽ നിന്നു മാത്രമായിരുന്നു ബീറാംജിക്കു സന്തോഷവും സമാധാനവും ലഭിച്ചിരുന്നത്. വീട്ടിൽ ചെന്നാൽ, പലപ്പോഴും, ഈ ബാലൻ കരഞ്ഞുകൊണ്ടു അമ്മയുടെ മടിയിൽ കിടന്നുറങ്ങാറുണ്ട്. പള്ളിക്കൂടത്തിലെ കഥകളെല്ലാം അവർ വ്യസനത്തോടുകൂടി കേൾക്കുകയും, സമാധാനസഹിതം സഹിച്ചിരിപ്പാൻ അവനെ പ്രോത്സാഹിപ്പിക്കുകയും ചെയ്തു വന്നിരുന്നു. ദൈവഭയം, സത്യം പറയുക, സഹനസ്വഭാവശീലം, മുതലായ ഗുണങ്ങൾ, മാതൃസ്നേഹത്തോടുകൂടി ബോധിപ്പിച്ചു ബീറാംജിയിൽ നട്ടുവളർത്തി. അല്ലയോ ബീറമ്മേ! പിതൃവിയോഗത്തെപ്പറ്റി നിന്റെ ഹൃദയം നടുങ്ങുന്നതിനുള്ള! ഉപാദ്ധ്യായന്റെ ക്രൂ

ശാസനകളാൽ നീ സങ്കടപ്പെടുന്നവനായിരുന്നു! പക്ഷെ, നിനക്ക അനുഭവിപ്പാൻ കിട്ടിയിരിക്കുന്ന ആ മാതൃസ്നേഹസുഖത്തെ ഓൎക്കുമ്പോൾ ഇതെല്ലാം എത്ര നിസ്സാരം!! സന്താനങ്ങളുടെ ഹൃദയത്തിലുള്ള രഹസ്യവൎത്തമാനങ്ങളെക്കൂടി ഗ്രഹിച്ച്, അവയ്ക്കു വേണ്ടുന്ന പരിഹാരങ്ങൾ ചെയ്യുവാൻ സദാ സന്നദ്ധയായിരിക്കുന്ന ഒരു സ്നേഹമുള്ള മാതാവിന്റെ മുഖകമലത്തെ ദർശിക്കുന്ന മാത്രയിൽ നശിച്ചുപോകാത്ത വ്യസനം ഏതാണ്! മക്കളെ പുനൎജ്ജീവിപ്പിക്കുവാനുള്ള അമൃതുകണങ്ങളാണല്ലൊ മാതൃവാക്യങ്ങൾ! സൂൎയ്യരശ്മി കുളിൎപ്പിക്കുന്നതുപോലെ, സ്നേഹവാത്സല്യപരിപൂൎണ്ണങ്ങളായിരിക്കുന്ന നയനങ്ങളിൽ നിന്നുള്ള ഒരു നോട്ടം, ജീവകാലം മുഴുവൻ നമുക്ക് അനുഭവിക്കുവാനിടയുള്ള സകല സങ്കടസമൂഹങ്ങളെയും, മനസ്സിൽ നിന്നകറ്റിപ്പായിക്കുന്നു. അസഹനീയമായ പ്രാണവേദനയോടുകൂടി അവസാനമരണനായി കിടക്കുന്ന പുത്രന്റെ ദേഹത്തിൽ, സ്നേഹവ്യസനങ്ങളോടുകൂടിയ മാതാവിന്റെ കരസ്പൎശമുണ്ടാകുമ്പോൾ അവൻ അനുഭവിക്കുന്ന ആ സുഖം, കഴിഞ്ഞുപോയതും, അനുഭവിക്കുന്നതും, അനുഭവിപ്പാൻ പോകുന്നതുമായ സകല മരണവേദനയെയും ക്ഷണത്തിൽ വിസ്മരിപ്പിക്കുന്നു! മക്കളുടെ അമൃതകുംഭമാണ് മാതാവ്!! പിതൃവിയോഗം സഹിക്കാം! മാതൃവിയോഗം അസഹനീയംതന്നെ! ഹാ! സ്നേഹമുള്ള മാതാവേ! ഭവതിയോടുകൂടിയുള്ള ജീവിതമാണ് "സ്വൎഗ്ഗവാസം"! മാതൃവിയോഗത്തിനുശേഷമുള്ള കാലമാണ് നരകം! ഭാഗ്യഹീനനായ ബീറാംജി! എത്രപേർ നിന്നെ അസൂയയോടുകൂടി നോക്കുന്നു! ഹാ! ദൈവമേ! മാതൃവിയോഗദുഃഖം അനുഭവപ്പെടുത്തരുതേ!!

ബീറാംജിയുടെ അദ്ധ്യാപകൻ ക്രൂരമാനസനായിരുന്നെങ്കിലും, പാൎസി ഭാഷയിൽ അസാമാന്യവൈദഗ്ദ്ധ്യം നേടിയവനായിരുന്നു. അതുകാരണം, ബീറാംജിയുടെ വിദ്യാഭ്യാസം പൂൎണ്ണതയോടുകൂടിയതായി ഭവിച്ചു. ഈ കുട്ടി, ജനനാൽതന്നെ അതിബുദ്ധിശക്തിയുള്ളവനും, വിദ്യാഭ്യാസസമ്പാദനത്തിൽ മോഹമുള്ളവനുമായിരുന്നു. ഈ സന്ദൎഭത്തിലാണ്, ബീറാംജിയുടെ ജീവിതത്തിന്നു കഠിനമായ ഒരു മാറ്റം സംഭവിച്ചത്.

പന്ത്രണ്ടുവയസ്സായപ്പോൾ, മാതാവും പിതാവിനെ അനുഗമിച്ചു. എന്തുചെയ്യാം! "അലംഘനീയാ കൎമ്മശാസനാജ്ഞാ" ഈ സംഭവം അവനെ അത്യധികം പരിതപിപ്പിച്ചു. പ്രിയപ്പെട്ട പിതൃവിയോഗം—ലോകൈകസൎവ്വസ്വമായിരുന്ന മാതൃവിരഹം—ബാല്യദശ—അപാരവും അനന്തവുമായ ശോകഭാരം—അപൂൎണ്ണ വിദ്യാഭ്യാസം—ദാരിദ്ര്യം—ഇത്രയും പോരേ! ഇതിലധികമായിട്ടെന്താണുള്ളത്! എങ്കിലും അന്യന്മാൎക്ക് അസഹനീയങ്ങളായ പ്രസ്തുത സംഭവങ്ങളെല്ലാം, ഈ ബാലന്റെ മനോഗുണത്തെയും മനശ്ശക്തിയേയും വൎദ്ധിപ്പിക്കുകയാണ് ചെയ്തത്. ഈ വക പ്രതിബന്ധങ്ങളിൽ അടിഞ്ഞുകിടക്കാതെ, സഹിഷ്ണുതാസാഹസികതകൊണ്ടുയൎന്ന ഒരു മാന്യപദവിയിൽ എത്തുവാനിടയായതുകൊണ്ടാണ്, ഇദ്ദേഹത്തിന്റെ ജീവചരിത്രം ഒരു മാതൃകാസ്ഥാനത്തിനൎഹിക്കുന്നത്.

മാതാവിന്റെ മരണശേഷം, ദരിദ്രനായ തന്റെ രണ്ടാമത്തെ അച്ഛന്റെ അപ്രാപ്തിനിമിത്തം, അതിന്നു താൻതന്നെ ഉപജീവനമാൎഗ്ഗം തിരയേണ്ടിവന്നു. കുറച്ചുനാൾ, കുട്ടികളെ വിദ്യാഭ്യാസം ചെയ്യിച്ചു നിത്യവൃത്തി കഴിച്ചുവന്നു. ഒടുവിൽ, ഇം

ബാലന്റെ ദയനീയാവസ്ഥയെയും, ഉത്സാഹശീലത്തെയും പററി കേട്ട് അനുകമ്പ തോന്നിയ ഒരു പാതിരി, സൂററിലുള്ള ഒരു ഇംഗ്ലീഷ് മിഷ്യൻസ്കൂളിൽ ഈ കുട്ടിയെ ധർമ്മമായി പഠിപ്പിക്കുവാൻ വേണ്ടുന്ന ഏർപ്പാടുകളെല്ലാം ചെയ്തുകൊടുത്തു. ഇതിനുശേഷം, പന്ത്രണ്ടു വയസ്സുമാത്രം പ്രായമായ ഈ ബാലൻ രാവിലെ എഴുമണിമുതൽ ഒമ്പതുമണിവരെയും, വൈകുന്നേരം ആറുമണിമുതൽ എട്ടുമണിവരെയും അദ്ധ്യാപകവൃത്തിയിലേർപ്പെട്ടും, പകൽസമയം ഒമ്പതുമണിമുതൽ നാലുമണിവരെയും അദ്ധ്യേതാവായിട്ടും കാലയാപനം ചെയ്തുവന്നു. ഇതിനിടക്കു കിട്ടുന്ന സ്വല്പസമയം അശനാപാനാദിദിനകൃത്യങ്ങളിലും വിനിയോഗിച്ചുപോന്നു. ഇതുകാരണം, പലപ്പോഴും രാത്രിമുഴുവൻ ഇംഗ്ലീഷ് പഠനത്തിനുപയോഗിക്കേണ്ടിവന്നു. ബീറാംജിയെപ്പോലെ അതിപ്രയത്നം ചെയ്തതായ ഒരു വിദ്യാർത്ഥി, അവന്റെ തരത്തിൽ അതുവരെ ഉണ്ടായിട്ടില്ല. മേലാലുണ്ടാകയുമില്ല.

ഇംഗ്ലീഷ് മിഷ്യൻ സ്കൂളിലെ വിദ്യാഭ്യാസപൂർത്തിയോടുകൂടി, ഏകദേശം പതിനഞ്ചു വയസ്സ് പ്രായമായ ഈ പാർസിബാലൻ, ബൊംബായിൽ പോയി കോളേജ് വിദ്യാഭ്യാസം സിദ്ധിക്കുന്നമെന്നുറച്ചു. ജീവിതകാലത്തിലെ ഇതരഘട്ടങ്ങളിലെന്നപോലെ, അവിടെയും ജയലക്ഷ്മി അയാളെ അനുഗമിച്ചു. തന്റെ പരിശ്രമഫലമായ ചുരുക്കസമ്പാദ്യത്തിൽനിന്നു, സ്വല്പമായ ഒരു സംഖ്യ ബീറാം ശേഖരിച്ചിട്ടുണ്ടായിരുന്നു. ഇതിന്നും പുറമെ, ആദ്യം പ്രസ്താവിച്ചിരുന്ന ദീനാനുകമ്പിയായ 'പാതിരി', ആവശ്യംപോലെ സഹായിച്ചുകൊള്ളാമെന്ന് ഏറ്റം ചെയ്തിട്ടുമുണ്ടായിരുന്നു. പക്ഷെ, ദൈവകാരുണ്യത്താൽ; ഇതൊന്നും വേണ്ടിവന്നില്ല. ഈ കുട്ടിയുടെ, വിദ്യാഭ്യാസത്തിനോടുള്ള, അതിരററ വാത്സല്യം കണ്ടു മനസ്സു മറിഞ്ഞ ഒരു പുസ്തകശ്രേഷ്ഠർ, ബീറാമിന്റെ കയ്യിൽ ഇരുപതുരൂപ്പിക നിക്ഷേപിച്ച്, 'എന്റെ കുട്ടി! നീ വ്യസനിക്കരുത്; ഇത് കയ്യിലിരിക്കട്ടെ; സത്യം പ്രകാശിക്കുന്നതായ നിന്റെ മുഖം ഈ സംഗതിക്ക് മതിയായ ലക്ഷ്യമായിരിക്കും' എന്നു പറഞ്ഞയച്ചു. ബീറാമിന്നു ഇതൊരു നിധി കിട്ടിയതുപോലെയായിരുന്നെങ്കിലും, കാലക്രമേണ, ഒരു പൈസപോലും കുറയാതെ, അദ്ദേഹം ഈ കടം വീട്ടി.

ഈ സമയം മുതൽ, വായനക്കാരെ! നിങ്ങൾ ഈ മനുഷ്യനെ, മലബാറി എന്നു വിളിക്കണം. ബീറാംജിയെന്നു വിളിക്കരുത്. ബൊംബായിൽ ചെന്ന ഉടനെതന്നെ, ഇയ്യാളുടെ പരിശ്രമശീലതക്കു ഒരു ലക്ഷ്യവും കിട്ടാതിരുന്നില്ല. 'പാർസി പ്രൊപ്രൈറ്റർ സ്കൂളി'ലെ ഒരദ്ധ്യാപകനായിട്ടാണ് ആദ്യം നിയമിക്കപ്പെട്ടത്. ഇരുപതുരൂപ്പിക മാസപ്പടിയോടുകൂടിയ ഈ ഉദ്യോഗത്തിൽവെച്ചുതന്നെ, ഉദ്യോഗത്തിന്റെ ശമ്പളം, ക്രമേണ, അറുപതുരൂപ്പികയായി ഉയൎന്നു. ഇപ്പോൾ തന്റെ കഷ്ടപ്പാടുകളെല്ലാം തീൎന്നുവെന്നു അദ്ദേഹത്തിന്നുതന്നെ തോന്നി. കോളേജ് വിദ്യാഭ്യാസം പൂർത്തിയാകുന്നതിന്നു മുമ്പുതന്നെ, മാസംപ്രതി ഒരു നൂററമ്പതുരൂപ്പികയോളം, അദ്ധ്യാപകവൃത്തിയിൽനിന്നും സമ്പാദിപ്പാൻ ഈ ഭാഗ്യവാൻ സാധിച്ചു. ഈ സമയംകൊണ്ടു, മലബാറി, ഇംഗ്ലീഷ് ഭാഷയിൽ അസാമാന്യമായ പാണ്ഡിത്യം സമ്പാദിച്ചു. എന്നുമാത്രമല്ല, ഏതൽഫലമായി, ഒരു പദ്യസംഗ്രഹഗ്രന്ഥം പ്രസ്തുത ഭാഷയിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു. ഈ പദ്യഗ്രന്ഥം, 'ടെനിസൺപ്രഭു' മുതലായ ആംഗ്ലേയക-

വി കണ്വന്മാരുടെ പ്രേമഭാജനമായും, ശ്ലാഘനീയപാത്രമായും ഭവിക്കുകയും ചെയ്തു.

മലബാറിക്ക് സ്വജീവിതകാലം പ്രാപ്തമായി. ഗ്രന്ഥനിർമ്മാണ പരിശ്രമത്താൽ വളരെ ധനികനായിത്തീരുകയും ചെയ്തു. ഇദ്ദേഹം വളരെ പുസ്തകങ്ങൾ എഴുതീട്ടുണ്ട്. ഇവകളിലെല്ലാം ഒന്നാം സ്ഥാനം അർഹിക്കുന്നത്, 'ഗുജരാത്തും, ഗുജരാത്തികളും' (Guzarat and the Guzaratics) എന്ന ഗ്രന്ഥമാണ്. ഈ മഹാപുരുഷൻ, പല വർത്തമാനപത്രങ്ങളുടേയും ലേഖകനായിരുന്നു എന്നു മാത്രമല്ല, പ്രസിദ്ധപ്പെട്ടതും, പാശ്ചാത്യ ഇന്ത്യയിലെ ഏകപത്രവുമായ് 'ഇന്ത്യൻസ്പെക്ടേറ്റർ'(Indian Spectator), എന്ന പത്രത്തിന്റെ അധിപത്യം ഉടമസ്ഥനുമായിരുന്നു. ജീവിതനാടകമണ്ഡലത്തിൽ ഉച്ചസ്ഥാനാധിപത്യം വഹിച്ചു, നിഷ്കളങ്കതേജസ്സോടെ പ്രകാശിച്ചുകൊണ്ടിരിക്കുന്ന ഈ ചന്ദ്രന്റെ, ധവളരശ്മി പ്രവാഹത്തിൽ കുളിച്ചു നിൽക്കുന്ന ബീറാംജി മലബാറി, ആ സന്ദർഭത്തിൽ പോലും, ലൗകികവിഷയങ്ങളിൽനിന്നു മനസ്സിനെ വേർപെടുത്തി, തന്റെ അനന്യസാധാരണമായ ശക്തിയേയും വിദ്യാഭ്യാസഫലത്തേയും അനാഥകളായ വിധവകളുടേയും സാധുക്കളുടേയും ഉന്നമനത്തിനായി, വിനിയോഗിച്ച കൃതാത്മത പൂണ്ടുവെന്നുള്ള സംഗതി, ആരുടെ ഹൃദയത്തിലാണ് സ്നേഹം, ഭക്തി, ബഹുമാനാദികളെ ഉത്ഭവിപ്പിക്കാത്തത്!! 'ഈശ്വർ ചന്ദ്രവിദ്യാസാഗർ' എന്ന മഹാത്മാവിനെപ്പോലെതന്നെ, ഇദ്ദേഹവും, വിധവകളുടെ പുനർവിവാഹത്തെ സഹായിച്ചും, ശൈശവവിവാഹത്തെ നിരോധിച്ചും, ജീവിതം നയിച്ചു. വിധവകളുടെ വിവാഹനിരോധം—ശൈശവവിവാഹാനുകൂലം— എന്നീ രണ്ടു ശാപങ്ങൾക്കും ഒരു മോക്ഷം വരുത്തിക്കൊടുക്കുന്നതിനായിരുന്നു അദ്ദേഹം പരിശ്രമിച്ചത്. ഇന്ത്യാരാജ്യത്തെ പരിഷ്കരിക്കുവാൻ ശ്രമിച്ചിരുന്ന, മഹാമനസ്കന്മാരായ സ്വദേശാഭിമാനികളുടെ സംഘത്തിൽ ഒന്നാമനായി, ഇദ്ദേഹത്തെ ഇന്നും, ഇന്ത്യ വിചാരിച്ചുവരുന്നുണ്ട്. എന്നെന്നും വിചാരിക്കുകയും ചെയ്യും.

മാറിപ്പോയ തോൽപ്പെട്ടി

ബോമ്പായിൽനിന്നു മംഗലാപുരം വഴിക്കു മടങ്ങിയാൽ വഴിച്ചെലവിന് അരരൂപ ലാഭമുണ്ടാകുമെങ്കിലും പ്ലേഗുപാസ്പ്പോർട്ടും മറ്റും വിടാത്ത ആ കർണ്ണാടകനഗരിയിൽ കപ്പലിറങ്ങിയാലുള്ള ബുദ്ധിമുട്ട് ഇന്ന വിധമാണെന്നു പറഞ്ഞറിയിക്കുവാൻ പ്രയാസം. മംഗലാപുരം അഴി, പ്രസിദ്ധപ്പെട്ടതാണല്ലോ. ബോട്ടിൽ അഴി കടക്കുമ്പോൾ ഉണ്ടാകുന്ന ഭയം ആലോചിച്ചാൽ ഒരിക്കൽ അതിലെ സഞ്ചരിച്ചവർ മറ്റൊരിക്കൽ ആ വഴിക്കു പോകുന്നതിനു മുമ്പ് ഒരു പത്തു പ്രാവശ്യം ജാതക പരിശോധനയും ഈശ്വരപരീക്ഷയും കഴിക്കാതിരിക്കയില്ല. ഭീരുക്കൾ യഥാർത്ഥമരണത്തിനു മുമ്പിൽ അനേക പ്രാവശ്യം മരിക്കുമെന്നും ധീരന്മാർ മരണം ഒരിക്കൽ മാത്രമേ അനുഭവിക്കുന്നുള്ളു എന്നും പറഞ്ഞ കവി ആ പദ്യബന്ധം എഴുതുമ്പോൾ മനസ്സിൽ കരുതിയ ധീരനെ

ന്നു മംഗലാപുരം അഴിയിൽകൂടി നല്ല കാററും കോളും ഉള്ള ഒരു ദിവസം ഒരു ബോട്ടിൽ ഇരുത്തി കടത്തികൊണ്ടു പോയി നോക്കണം. ധൈര്യം! ഭ്രാന്തല്ലെ, ഉപ്പുവെള്ളം കുടിച്ചു മരിയ്ക്കുമെന്നു കാണുമ്പോൾ പേടിയ്ക്കാതെ ആരാണുള്ളത്? വിഘ്നേശ്വരനേയും ഗുരുകാരണവന്മാരെയും പരദേവതയേയും ധ്യാനിച്ചുകൊണ്ട് ഒരു വിധം മംഗലാപുരത്തു ചെന്നിറങ്ങി. പാലത്തിന്മേൽതന്നെ, മലയാളികൾ വളരെ ഉണ്ട്. അതിൽ ഒരാൾ, വിശേഷിച്ചും വളരെ ലൌകികവും ഔദാര്യവും ഉള്ള മനുഷ്യനാണെന്നു കണ്ടു. പിറേറ ദിവസം പുലർച്ചയാണ് മെയിൽവണ്ടി പുറപ്പെടുന്നത്. രാത്രി അവന്റെ വീട്ടിൽ കഴിക്കാമെന്നു ക്ഷണിച്ചു. അദ്ദേഹത്തിന്റെ കാരുണ്യംകൊണ്ടു പാസ്സ്പോർട്ടു വേഗം കിട്ടി; എന്റെ സാമാനങ്ങളും ഉടനെ എടുത്തു കൊൾവാൻ അനുവാദം സിദ്ധിച്ചു. ഒരു തോൽപ്പെട്ടിയും ഒരു ടിൻപെട്ടിയും ഒരു മെത്തയും ചില ചില്ലറസ്സാമാനങ്ങളും മാത്രമെ ഉള്ളു. അവയൊക്കെ എടുപ്പിച്ചു ഞാൻ അദ്ദേഹത്തിന്റെ വീട്ടിൽ പോയി കിടന്നു. പുലച്ചെ മെയിൽവണ്ടിയ്ക്കു പുറപ്പെട്ടു. പത്തു മണിക്കു വീട്ടിലെത്തി. സ്വന്തം വീട്ടിലെ ഊണിനും കറിയ്ക്കുമുള്ള രുചി വേറെതന്നെയാണ്. പുറമെ പോയി നാലു കറിയും സദ്യയും എന്നല്ല, ഇംഗ്ലീഷു സമ്പ്രദായത്തിലുള്ള പലവിധ വിഭവങ്ങളോടുകൂടിയുള്ള ‘തിന്നം’ മററും എത്രതന്നെ കഴിച്ചാലും അവനവന്റെ വീട്ടിലെ ചാറിനും ചോറിനും ഉള്ള രുചി കിട്ടുന്നതല്ല. വെച്ചുവിളമ്പിത്തരുന്നതു കൈപ്പുണ്യവിശേഷവും ഉണ്ടല്ലൊ. കുളിയും ഊണും കഴിഞ്ഞശേഷം താക്കോൽ എടുത്തു മാധ്വയുടെ കൈവശം കൊടുത്തു തോൽപ്പെട്ടി തുറന്നു, അതിൽ കുട്ടികൾക്കു കൊണ്ടു വന്ന ചില കളിസ്സാമാനങ്ങൾ വെച്ചിരുന്നവ എടുത്തു അവർക്കു കൊടുപ്പാൻ പറഞ്ഞു. മാധ്വ പെട്ടി തുറന്നു നോക്കിയശേഷം, ‘നിങ്ങൾ എന്തൊക്കെയാണ് ഇതിൽ കുത്തിനിറച്ചിരിയ്ക്കുന്നത്. ഈ മുഷിഞ്ഞു നാറിയ ‘കളസവും’ മററും എവിടുന്നു കിട്ടി?’ എന്നു ചോദിച്ചു.

“മുഷിഞ്ഞു നാറിയ ‘കളസ’മോ? നീ എന്തൊക്കെയാണ് പറയുന്നത്. അതിലുണ്ടോ ‘കളസം’?”

‘മാറില്ലാതെയാ’ഇതെന്താ ഒരു കീറിപ്പാറിയ നിൽപ്പാറൊ?

ഞാൻ ചെന്നു നോക്കിയപ്പോൾ കാര്യം യഥാർത്ഥംതന്നെ. ഉടനെ ഞാൻ ‘അയ്യോ പെട്ടി മാറിപ്പോയല്ലൊ. ഇതെന്റെ പെട്ടിയല്ല’ എന്നു പറഞ്ഞു. ഇതു കേട്ടപ്പോൾ മാധ്വയ്ക്കുള്ള സങ്കടം എന്റെ പെട്ടി മാറിയതിലും, അതിലെ സാമാനങ്ങൾ പൊയ്പ്പോയതിലും അല്ല, ആരാന്റെ നാറുന്ന കളസവും കീറിയ പെട്ടിയും കൈകൊണ്ടു തൊട്ടതിലായിരുന്നു. അവൾ കൈ കഴുകാൻ സോപ്പും വെള്ളവും അന്വേഷിച്ചു നടക്കുന്നതിനിടയ്ക്ക് ഞാൻ മരത്തിൽനിന്നു വീണ അണ്ണാനെപ്പോലെ പരിഭ്രമിച്ചു നിന്നു. പെട്ടി എന്റെ പെട്ടിപോലെതന്നെ ഇരിയ്ക്കുന്നു. അതിന്റെ നേരെ സഹോദരൻ; ഒരു ഭേദവും ഇല്ല. തല്ക്കാലം അതിന്നു പററിയതുതന്നെ. എന്റെ പെട്ടിയിൽ വില പിടിച്ച ചില സാധനങ്ങൾ ഉണ്ടായിരുന്നു. ബോമ്പായിലെ ഒരു ഉദ്യോഗസ്ഥൻ മദിരാശിയിലെ ഒരു വലിയ ഉദ്യോഗസ്ഥന്നു ഒരു ശിപാർശിക്കത്തും എന്റെ ചില സർട്ടിഫിക്കേററുകളും നല്ല ചില പുസ്തകങ്ങളും കുറെ ഉടുപ്പുകളും കുട്ടികളുടെ കുറെ കളിസ്സാമാനങ്ങളും പുതിയ രണ്ടു കോട്ടും ഉണ്ടായിരുന്നു. ഇവ

ള്ളപ്രകാരം, എന്റെ ഡയറിയും ഉണ്ട്. ഇനി എന്താണ് നിവൃത്തി? ഈ പെട്ടിയുടെ ഉടമസ്ഥനായിരിക്കണം എന്റെ പെട്ടി കൊണ്ടുപോയത്. ഏതോ ഒരു "ചട്ടക്കാര"ന്റെതാവാനാണ് സംഗതി. ഗോവയിൽനിന്നു ഒരു ചെറുപ്പക്കാരൻ കപ്പലിൽവന്നു കയറിയതായി ഓർമ്മയുണ്ട്. അവനും മംഗലാപുരത്താണ് ഇറങ്ങിയത്. അവിടത്തെ ചുങ്കത്തുവെച്ചായിരിക്കണം പെട്ടി മാറിപ്പോയത്. ഞാൻ ഉടനെ മംഗലാപുരത്തുള്ള പുറിയ സ്റ്റേഷന് ഒരു കമ്പി അയച്ചു. ചുങ്കത്തുള്ള പെട്ടികളൊക്കെ നീക്കംചെയ്തുകൊണ്ടു പോയിരിക്കുന്നുവെന്നു ഉടനെ മറുപടിയും കിട്ടി. ഏതായാലും ഈ പെട്ടിയുടെ ഉടമസ്ഥന്റെ പേര് എന്തായിരിക്കുമെന്ന് അറിവാൻ വല്ല ലക്ഷ്യവും ഇതിനകത്തുണ്ടോ എന്നു പരിശോധിച്ചു നോക്കാമെന്നുവെച്ചു. അതിൽ ഒരു പുസ്തകമേ ഉള്ളു. അതു "റെയിനോൾഡ്" എന്ന വിദ്വാൻ എഴുതിയ "മേരിപ്രൈസ്" എന്ന നോവലാണ്. അതു തുറന്നു നോക്കിയപ്പോൾ അതിന്മേൽ പേരില്ല. അതിൽ ഒരു കത്തുകണ്ടു. കത്ത് ആരംഭിച്ചത് ഇംഗ്ലീഷിലാണ്. ഒരു ഭാര്യ ഭർത്താവിന് എഴുതുന്ന ശൃംഗാര രീതിയിലാണ് ആരംഭം. ഇംഗ്ലീഷിലാണ് അവസാനിച്ചതും. പേര് "മേരി ബ്രിട്ടോ" എന്നും ഇംഗ്ലീഷിൽ എഴുതിട്ടുണ്ട്. കത്തിലെ വാചകങ്ങളൊക്കെ കന്നടഭാഷയിലാണ്. അത് എനിക്കറിയുന്ന വല്ല ഭാഷയിൽ ആയിരുന്നാൽപോലും ഞാനതു വായിക്കയില്ലായിരുന്നു. എനിക്ക് ആ പേർ അറിയേണ്ടിയിരുന്ന ആവശ്യമേ ഉണ്ടായിരുന്നുള്ളൂ. ഏതായാലും "മേരിബ്രിട്ടോ"വിന്റെ ഭർത്താവായിരിക്കും എന്റെ പെട്ടി എടുത്തതെന്നും ആ മനുഷ്യന്റെ പെട്ടിയാണ് എന്റെ കൈവശമുള്ളതെന്നും തീർച്ചയാക്കി അവർക്ക് ഒരു കത്തയയ്ക്കാമെന്നു തീർച്ചപ്പെടുത്തി. മംഗലാപുരത്ത് ബ്രിട്ടോ എന്നു പേരുള്ളവർ നൂറാള്, ആയിരമുണ്ട്. ആരെ ഏതായാലുമൊന്നു ശ്രമിച്ചുനോക്കാമെന്നുറച്ചു. പെട്ടി മാറിപ്പോയ സംഗതിയെയും മറ്റും കാണിച്ചു ഒരു കത്തെഴുതി, അതിൽ ഈ കന്നടക്കത്തും അടക്കംചെയ്തു. മിസ്സിസ്സ് മേരിബ്രിട്ടോ, മംഗലാപുരം എന്നു മേൽവിലാസവും എഴുതി തപ്പാലിൽ കൊണ്ടിട്ടു. എന്റെ പെട്ടി തുറന്നുനോക്കിയാൽ അതിൽനിന്നു എന്റെ മേൽവിലാസം അറിവാൻ യാതൊരു പ്രയാസവും ഉണ്ടാകാതിരുന്ന സ്ഥിതിക്ക്, മിസ്റ്റർ ബ്രിട്ടോ മര്യാദസ്ഥനും സത്യവാനും ആണെങ്കിലോ, അഥവാ തന്റെ പെട്ടി മടക്കി കിട്ടേണമെന്ന് ഉൽകണ്ഠയുള്ളവനാണെങ്കിലോ എനിക്ക് ഉടനെ കത്തയയ്ക്കുമെന്നുള്ളതിനു സംശയമില്ല. എല്ലാ സംഗതികളും കാണിച്ചു ഞാൻ വിവരമായ ഒരു കത്ത് മംഗലാപുരത്തെ സ്റ്റേഷനിലും അയച്ചു. ശിപാർശിക്കത്തും ഡയറിയും പോയതായ വ്യസനം എനിക്ക്; കമ്മിസ്സാറാനും കിട്ടാത്ത സങ്കടം കുട്ടികൾക്ക്; ആ പഴയ കുപ്പായത്തിലും പെട്ടിയിലും ഗൃഹിണിന്റെ വിഷമതകൾ ഉണ്ടായേക്കുമോ എന്ന പരിഭ്രമം ഭാര്യയ്ക്ക്. ഇങ്ങിനെ രണ്ടുദിവസം കഴിച്ചശേഷം ഒരു കത്തുകിട്ടി. മിസ്സിസ്സ് ബ്രിട്ടോവിന്റെ കത്താണ്.

"തെമ്മാടിയും ധിക്കാരിയും ആയ ഒരുവനെയും അവന്റെ പെട്ടിയെയും പററി അറിവാൻ നിങ്ങൾ ശ്രമിച്ച കത്തു കിട്ടി. അവനെപ്പററി മേലാലെങ്കിലും എനിക്കു യാതൊന്നും എഴുതാതിരിക്കാൻ അപേക്ഷിക്കുന്നു."

ഇതാണ് കത്ത്. ഇത്രയേ വാചകങ്ങളുള്ളൂ. ഇതെന്തൊരുകഥയാണീശ്വര! ആകപ്പാടെ എന്റെ പെട്ടി കൊണ്ടുപോയ

വിരൻ അത്ര മടക്കിത്തരുന്ന മാതിരിക്കാരനാണെന്നു തോന്നുന്നില്ലല്ലോ. ഞാൻ മംഗലാപുരത്തേയ്ക്കു പോകാനുറച്ചു. പിറ്റെ ദിവസം ആ നാശംപിടിച്ച പെട്ടിയും എടുത്തു മംഗലാപുരത്തേയ്ക്കു യാത്രയായി.

നേരെ എന്റെ സ്നേഹിതന്റെ വീട്ടിൽ ചെന്നു. എന്നെ കണ്ട ഉടനെ അദ്ദേഹം,

“നിങ്ങളെന്താ ചെയ്യുന്നത്? നിങ്ങൾ എന്തിന് ആ കത്തു മിസ്സിസ്സ് ബ്രിട്ടോവിന്നയച്ചുകൊടുത്തു? ആ പെണ്ണിന്നു എത്ര തല്ലു കൊണ്ടു’.

‘ഏതു പെണ്ണിന്ന്’?

‘മിസ്സ് ബ്രിട്ടോവിന്ന്’.

‘എനിക്കൊന്നും മനസ്സിലായില്ല. മുഴുവൻ വിവരം കേൾക്കട്ടെ’.

സ്നേഹിതൻ ഇതു കേട്ടപ്പോൾ ഇങ്ങിനെ പറഞ്ഞു.

‘മിസ്റ്റർ ബ്രിട്ടോ, ഇവിടെ സാമാന്യം യോഗ്യനാണ്. അയാളുടെ മകൾ ഒരു ചെറുപ്പക്കാരനുമായി സ്നേഹമായി. അയാൾ ആളൊരു തെമ്മാടിയാണ്. മിസ്റ്റർ ബ്രിട്ടോവിന്റെ മകൾ മേരി മഹാ സാധുക്കുട്ടിയാണ്. ആ വികൃതി, എങ്ങിനെയോ ആ സാധുവിന്റെ സ്നേഹം സമ്പാദിച്ച് അവളെ കല്യാണം കഴിക്കാമെന്നു വാഗ്ദത്തം ചെയ്യിച്ചു. ക്രിസ്ത്യാനികളെ വിവാഹനിയമംകൊണ്ട് ഒരിക്കൽ അങ്ങിനെ വാഗ്ദത്തം ചെയ്തുപോയാൽ നിർബ്ബന്ധമായി വിവാഹം കഴിപ്പിപ്പാൻ പുരുഷനൊ സ്ത്രീക്കൊ അവകാശമുണ്ടത്രെ. ആ പെൺകുട്ടി അവന്നയച്ച ചില കത്തുകൾ അവന്റെ കൈവശമുണ്ട്. അവൾ അവന്നയച്ച ഒരു കത്താണ് നിങ്ങൾ അവളുടെ അമ്മയ്ക്ക് അയച്ചുകൊടുത്തത്.’

കഷ്ടം! ഇതൊക്കെയുണ്ടോ ഞാൻ അറിഞ്ഞിട്ട്. ഞാൻ ഉത്തമവിശ്വാസത്തിൽ ചെയ്തതാണ്. അതുകൊണ്ട് ഈ അനർത്ഥമൊക്കെ ഉണ്ടാകുമെന്ന് ആരാൻ വിചാരിച്ചതാണോ? ഏതായാലും വന്നതു വന്നു. ഇനി എന്റെ പെട്ടി കിട്ടാനെന്താണ് വഴി? ആ ചെറുപ്പക്കാരൻ വികൃതിയുടെ പേർ ഡിമെല്ലോ എന്നാണെന്നും അവൻ മംഗലാപുരത്തു വന്നിറങ്ങി രണ്ടു ദിവസം കഴിഞ്ഞശേഷം എവിടെയോ പോയിരിക്കയാണെന്നും മനസ്സിലായി. എന്നു മേരിയെ കാണുകതന്നെ. അവളോടു അവന്റെ മേൽവിലാസം അന്വേഷിച്ചു മനസ്സിലാക്കണം. മേരി സാധാരണ ചവിട്ടുവണ്ടിയിൽ കയറി സവാരിചെയ്യാറുണ്ടെന്നു മനസ്സിലായി. പിറ്റെ ദിവസം രാവിലെ ഞാൻ ഒരു ചവിട്ടുവണ്ടി വാടകയ്ക്കു വാങ്ങി മേരിയുടെ വീട് അന്വേഷിച്ചുപോയി. വളരെ നേരം വീട്ടിന്റെ മുൻഭാഗത്തു കാത്തുനിന്നു. കുറെ കഴിഞ്ഞപ്പോൾ ഒരു പെൺകുട്ടി സൈക്കിളിൽ കയറി വീട്ടിന്റെ ഗെയിറ്റു കടന്നുവരുന്നതു കണ്ടു. ഞാനും പിന്നാലെ കൂടി. ജനസഞ്ചാരം കുറഞ്ഞ ഒരു ദിക്കിലെത്തിയപ്പോൾ അവളുടെ അടുത്തുചെന്നു. ഒന്നും മറച്ചുവെയ്ക്കാതെ വിവരമെല്ലാം പറഞ്ഞു. തന്റെ അമ്മയ്ക്കു കത്ത് അയച്ചുകൊടുത്തതു അറിയാതെ വന്ന അബദ്ധമാണെന്നറിഞ്ഞപ്പോൾ അവൾ എന്റെ തെറ്റു ക്ഷമിച്ചു. ഡിമെല്ലോവിന്റെ മേൽവിലാസം പറഞ്ഞുതന്നു. അതു മദിരാശിയിൽ ജോർജ്ജ് ടൌണിൽ ഒരു തെരുവിലാണ്. അവൾ ചെറുപ്പകാലത്തിലെ ചാപല്യം നിമിത്തം ഡിമെല്ലോവിനെ കല്യാണം കഴിയ്ക്കാൻ വാഗ്ദത്തം ചെയ്തുപോയിട്ടുണ്ടെങ്കിലും അതിൽനിന്നു മോചിക്കപ്പെടുവാൻ ആഗ്രഹിക്കുന്നുണ്ടെന്നും അതിന്നു യാതൊരു നിവൃ

ത്തിയും ഇല്ലാത്തതിൽ വ്യസനിയ്ക്കുന്നതെന്നും എന്നോട്ട ഇന്നപ്രകാരത്തിലല്ലെങ്കിലും എന്നെ മനസ്സിലാക്കി. ഞാൻ വന്ദനം പറഞ്ഞു പിരിഞ്ഞു. പിരിയുമ്പോൾ 'നിങ്ങളെ ഈ കാര്യത്തിൽ സഹായിപ്പാൻ ഞാൻ കഴിയുംപോലെ ശ്രമിയ്ക്കാം' എന്നും പറഞ്ഞു.

അനന്തരമേ ഞാൻ നാട്ടിലേയ്ക്കും പിറ്റെദിവസം അവിടുന്നു മദിരാശിയിലേയ്ക്കും പുറപ്പെട്ടു. വഴിയ്ക്കൽവെച്ചു ഞാൻ ക്രിസ്ത്യാനികളുടെ വിവാഹനിയമത്തെയും നമ്മുക്കുണ്ടാവാൻ പോകുന്ന നിയമത്തെയും, നിയമനിർമ്മാണസഭയെയും ബഹുമാനപ്പെട്ട മെമ്പർമാരെയും പററി പലതും ആലോചിച്ചു മദിരാശിയിൽ എത്തി. അന്നു തന്നെ ഡിമെല്ലോവിന്റെ വീട്ടിൽ ചെന്നു. മദിരാശിയിൽ വൃത്തികെട്ട ചെറിയ തെരുവുകളിൽ ഒന്നിൽ സാധുക്കളായ ചട്ടക്കാർ താമസിയ്ക്കുന്ന ചില വീടുകളുടെ മദ്ധ്യത്തിൽ ഉള്ള ഒരു വീട്ടിന്റെ നമ്പറാണ് മേരി പറഞ്ഞുതന്നത്, എന്നു കണ്ടു. ഞാൻ ചെന്നു വാതിലിന്നു മുട്ടിയപ്പോൾ ഒരാൾ വന്നു വാതിൽ തുറന്നു. അതു ഡിമെല്ലോ തന്നെ. എനിയ്ക്കു ഉടനെ മനസ്സിലായി. എന്റെ പുതിയ കോട്ടാണ് മൂപ്പർ ധരിച്ചിരിയ്ക്കുന്നത്. അതുകൊണ്ട് എന്റെ പെട്ടിയും അവന്റെ കൈവശമുണ്ടെന്ന് ഉറപ്പായി. എന്നെ കണ്ട ഉടനെതന്നെ അവന്റെ മുഖസ്വഭാവം ഒന്നു മാറിയതായി തോന്നി. വളരെ ഗൌരവത്തിൽ എന്നോട് — 'നിങ്ങൾ ആരാണ്?' എന്നു ചോദിച്ചു.

'എന്റെ പേർ ഗോവിന്ദമേനോൻ എന്നാണ്. നിങ്ങൾ ആ പേർ കണ്ടിരിയ്ക്കാൻ സംഗതിയുണ്ട്. ആ പെട്ടിയിൽ ചില കടലാസ്സുകൾ ഉള്ളതിൽ ആ പേരുണ്ടല്ലൊ.

ഡി.— ഓഹോ. നിങ്ങളാണോ ഗോവിന്ദമേനോൻ. ഇരിയ്ക്കിൻ. കുടിയ്ക്കാൻ വല്ലതും വേണോ. നല്ല ബീയറുണ്ട്. ഇംഗ്ലീഷ് ബീയറാണ്.

ഞാൻ— എനിയ്ക്കൊന്നും വേണ്ട. പെട്ടി കിട്ടിയാൽ മതി. എന്റെ കോട്ടല്ലെ നിങ്ങൾ ഇട്ടിരിയ്ക്കുന്നത്? ആ കോട്ട് നിങ്ങൾ എടുത്തോളൂ. മറ്റു സാമാനങ്ങളൊക്കെ മടക്കിത്തരണം. അതിൽ 50 ക. യുടെ ഒരു നോട്ടുണ്ടായിരുന്നു.

ഡി — അതൊക്കെ പോയി. എന്തോ ചില സാമാനങ്ങൾ ബാക്കിയുണ്ട്. ബാക്കിയുള്ളത് എടുക്കാം.

ഞാൻ— കാണട്ടെ. എന്തൊക്കെയാണുള്ളതെന്നു നോക്കട്ടെ.

ഡിമെല്ലോ പെട്ടി എടുത്തുകൊണ്ടുവന്നു. എന്റെ ശിപാർശ്ശക്കത്തും മറ്റു ചില കടലാസ്സുകളും ഡയറിയും ഉണ്ട്. മറ്റൊന്നും കാണാനില്ല. ആകട്ടെ ഭാഗ്യം. എന്തായാലും ഇവനെ വെറുതെ വിടാൻ പാടില്ലെന്നു വിചാരിച്ച് ഇങ്ങിനെ ചോദിച്ചു.

'മറ്റേ കെട്ടുണ്ടായിരുന്നതു എവിടെ?'

"അതും പോയി."

'നിങ്ങൾ ഇത്ര മര്യാദയില്ലാത്തവനാണോ. എന്റെ പേരും മേൽവിലാസവും അറിഞ്ഞാൽ നിങ്ങൾ ഉടനെ എനിയ്ക്കു എഴുതേണ്ടിയിരുന്നില്ലെ?'

'നിങ്ങൾ എന്തറിഞ്ഞു സാർ. ഞാൻ പാപ്പരായിരിയ്ക്കുന്നു. എന്റെ കൈവശം ഇനി ഒരു അഞ്ചുറുപ്പികയല്ലാതെ മറ്റു യാതൊന്നുമില്ല. എന്നോട്ട ദയയുണ്ടായിട്ട് എന്നെ ഉപദ്രവിയ്ക്കാതെ പെട്ടിയും അതിൽ

ബാക്കിയുള്ള സാമാനങ്ങളും എടുത്തു കൊണ്ടു പോയാൽ കൊള്ളാം'.

ഇതു കേട്ടപ്പോൾ പരമാൎത്ഥത്തിൽ എനിക്കു് ആ മനുഷ്യനോടു ദയതോന്നി. എങ്കിലും എന്റെ കാൎയ്യം നിവൃത്തിക്കാതെ മടങ്ങുന്നതു ബുദ്ധിയല്ലെന്നു വിചാരിച്ചു. ആ സാധുപെൺകുട്ടിയെ കല്യാണം കഴിക്കുന്നതു് ഈ മഹാപാപിയോ? ഞാൻ ഇങ്ങിനെ പറഞ്ഞു.

'നിങ്ങളെ ഞാൻ ഇപ്പോൾ പോലീസ്സിൽ ഏല്പിക്കും. നിങ്ങൾ ഒരിക്കലും ഒരു മൎയ്യാദക്കാരനല്ല.' ഇതു കേട്ടപ്പോൾ ആ പാപി വളരെ സങ്കടപ്പെട്ടു പലതും പറഞ്ഞു. ഒടുവിൽ ഞാൻ ഇങ്ങിനെ പറഞ്ഞു.

'നിങ്ങളെ വിടണമെങ്കിൽ ഒരു കാൎയ്യം ചെയ്യണം. നിങ്ങൾ മേരിയെ അവളുടെ വാഗ്ദത്തത്തിൽ നിന്നു മോചിപ്പിച്ചതായി ഞാൻ പറയുന്ന വാചകത്തിൽ ഇപ്പോൾ ഒരു കത്തെഴുതിത്തരണം. അവളുടെ കത്തുകളൊക്കെ മടക്കിത്തരണം'.

അധികം പ്രയാസമില്ലാതെ ഇതിന്നു അയാൾ സമ്മതിച്ചു. ഞാൻ പറഞ്ഞുകൊടുത്തു. അയാൾ എഴുതി.

'ഞാൻ നിന്നെ പറഞ്ഞു കബളിപ്പിച്ചു എന്നെ വിവാഹം കഴിക്കാമെന്നു വാഗ്ദത്തം ചെയ്യിച്ചതിനെപ്പററി ഞാൻ വ്യസനിക്കുന്നു. ഞാൻ മറെറാരു സ്ത്രീയെ കല്യാണം കഴിക്കാൻ തീൎച്ചയാക്കീട്ടുള്ളതിനാൽ നിന്നെ നിന്റെ വാഗ്ദത്തത്തിൽ നിന്നു കഴിവാക്കിയിരിക്കുന്നു. നിന്റെ കത്തുകളൊക്കെ ഇതുസഹിതം മടക്കി അയക്കുന്നു.'

കത്ത് എഴുതിയ ശേഷം ആ പരമവിഡ്ഢി എന്നോടു 'ഞാൻ ലൂസിയെ സ്നേഹിക്കുന്നതു നിങ്ങളെങ്ങിനെ അറിഞ്ഞു. അതു മേരി അറിയുമോ? അവളെ കല്യാണം കഴിക്കാൻ ഞാൻ ഉറച്ചിട്ടില്ല'.

മറെറാരു സ്ത്രീയെ കല്യാണം കഴിക്കാൻ തീൎച്ചയാക്കിയിരിക്കുന്നുവെന്നു ഞാൻ അയാളെക്കൊണ്ടു എഴുതിച്ചതു കത്തിന്റെ ബലത്തെ ആലോചിച്ചു മാത്രമായിരുന്നുവെങ്കിലും അതിൽ അല്പം സത്യമുണ്ടെന്നറിഞ്ഞു ഞാൻ സന്തോഷിച്ചു. ഇങ്ങിനെ മറുപടി പറഞ്ഞു

'അതൊക്കെ അറിവാൻ പ്രയാസമാണെന്നാണോ വിചാരിക്കുന്നതു്'?

ഇങ്ങിനെ പറഞ്ഞു. മററു കത്തുകളൊക്കെ വാങ്ങി ഈ കത്തിൽ അടക്കം ചെയ്തു പൂട്ടി മേൽ വിലാസം എഴുതി വാങ്ങി, ഒരു കൂലിക്കാരനെ വിളിച്ചു എന്റെ പെട്ടിയും എടുപ്പിച്ചു ഞാൻ പോയി. കത്തു ഞാൻ റജിസ്റ്റർ ചെയ്തയച്ചു. ഞാൻ നാട്ടിലെത്തിയ ശേഷം മിസ്സിസ്സ് ബ്രൗൺ എനിക്കു വളരെ വന്ദനം പറഞ്ഞുകൊണ്ടു് ഒരു കത്തെഴുതി. ഞാൻ വിവരമൊക്കെ എന്റെ സ്നേഹിതന്നു് എഴുതിയിരുന്നതിൽ നിന്നാണു് അവൻ അറിഞ്ഞതു്. കുറെ ദിവസം കഴിഞ്ഞപ്പോൾ എനിക്കു പൊടിപൂരമായ ഒരു സൽക്കാരവും ഉണ്ടായി.

മൂർക്കോത്തു കുമാരൻ.

ഹരിണാക്ഷി

([illegible])

ധനികന്മാരായ വ്യാപാരികളാൽ അധിവസിക്കപ്പെട്ടതായി (വളരെ കാലങ്ങൾക്കു മുമ്പു) വടക്കെ ഇന്ത്യയിൽ 'താമലുക്ക്' എന്നൊരു നഗരമുണ്ടായിരുന്നു. ബംഗാൾ ഉൾക്കടലിന്റെ വക്കത്തുണ്ടായിരുന്ന ആ പട്ടണത്തിലെ തെരുവുകളിൽ നിന്നു കടലിൽ തിരമാലകൾ അടിക്കുന്ന ശബ്ദം വിശദമായി കേൾക്കാമായിരുന്നു. കടൽവക്കിന് ഏറ്റവും സമീപിച്ചു 'ധനദാസൻ' എന്ന ഒരു ലക്ഷപ്രഭു താമസിച്ചിരുന്നു. ആ ഭവനത്തിന്റെ ഉന്നതമായ സൌധത്തിൽ നിന്നു സുന്ദരിയായ ഒരു ബാലിക പല അവസരങ്ങളിലും തനിച്ചും മറ്റു ചിലപ്പോൾ കോമളനായ ഒരു ബാലകനോടുകൂടിയും സമുദ്രത്തിലെ തിരമാലകൾ എണ്ണുന്നതിന്നു ശ്രമിച്ചുംകൊണ്ടും മറ്റും മനസ്സിണങ്ങി കളിക്കാറുണ്ടായിരുന്നു. ആ വലിയ മാളികയുടെ ഒരു ഭാഗത്തു കടലിൽ നിന്നു അധികം ദൂരെ അല്ലാതെ മോഹനതരമായ ഒരു പൂങ്കാവുണ്ടായിരുന്നു. ഒരു ദിവസം സന്ധ്യക്ക് അസ്തമന സൂര്യന്റെ രശ്മിപ്രകരങ്ങളെക്കൊണ്ടു മനോഹരമായ ആ ഉദ്യാനത്തിൽ അത്യന്തം കൃതാർത്ഥയോടുകൂടി വരുന്ന കടൽക്കാറ്റ് ഏറ്റുംകൊണ്ട് അന്യോന്യം ഒന്നും സംസാരിക്കാതെയും മുഖത്തോടുമുഖം നോക്കാതെയും, പ്രകൃതിയുടെ പ്രശാന്ത രമണീയാവസ്ഥയെ കണ്ടാസ്വദിച്ചുംകൊണ്ടെന്നപോലെ, സുന്ദരനായ ഒരു യുവാവും കോമളഗാത്രിയായ ഒരു തരുണിയും ഇരിക്കുന്നുണ്ടു. അവർ സഹോദരീസഹോദരന്മാരല്ലെങ്കിൽ, ദമ്പതിമാരായിരിക്കേണമെന്നു ദ്രഷ്ടാവിന്നു ഉദ്ദേശമുണ്ടാകുന്ന അവരുടെ അംഗസൗന്ദര്യംകൊണ്ടും കാന്തികലാപംകൊണ്ടും അന്യോന്യമുള്ള അനുരൂപതകൊണ്ടും അവരെ ഒന്നിച്ചു കാണുന്ന ഏതൊരാൾക്കും തോന്നിപ്പോകും. വിശ്രുതനും ധനികനും ആയിരുന്ന 'ധനദാസൻ' എന്ന കച്ചവടക്കാരന്റെ ഏകസന്താനമായ 'ഹരിണാക്ഷി' ആയിരുന്നു അവിടെ തനിച്ചു ആ യുവാവുമായിരുന്നുകൊണ്ടിരുന്നതു.

ഹിന്ദുബാലികകളെ സാധാരണയായി കല്യാണംകഴിച്ചുകൊടുക്കുന്ന പ്രായം 'ഹരിണാക്ഷി' കഴിഞ്ഞിരിക്കുന്നു. പക്ഷെ അവളുടെ പേരിലുള്ള വികൃതിയല്ല ഈ കാലവിളംബത്തിന്നു കാരണം. അവളുടെ പതിനൊന്നാമത്തെ വയസ്സു മുതൽ, അവൾ വളരെ കാലമായി സ്നേഹിച്ചു വരുന്ന പുരുഷനെ തന്നെ ഭർത്താവായി ലഭിക്കുന്നതിന്നു ഭാഗ്യമുണ്ടാകേണമെന്ന് അവൾ നിത്യവും 'സാഗരദേവത'യോടു പ്രാർത്ഥിക്കാറുണ്ടായിരുന്നു. എങ്കിലും ഇതുവരെ അവൾക്ക് അതു സാധിച്ചിട്ടില്ല. വിവാഹത്തിന്നുള്ള പ്രായം അധികം അതിക്രമിച്ചിട്ടുള്ള ഈ യുവതി തനിച്ചു ഒരു യുവാവുമായി സംസാരിച്ചു നില്ക്കുന്നതു ഹിന്ദുബാലികകളുടെ സമ്പ്രദായത്തിന്നു ചേരാത്തതും പലവിധത്തിലും ദൂഷ്യത്തിന്ന് ഇടവരുത്തുന്നതും അല്ലേ എന്നു സംശയിപ്പാൻ വഴിയുണ്ട്. പക്ഷെ ആ യുവാവ് ആരാ-

ണ്ടെന്നും ഇപ്രകാരം കാണുവാനുണ്ടായ കാരണമെന്താണെന്നും അറിയുമ്പോൾ ഇങ്ങിനെ ഒരു സംശയത്തിനു തീരെ അടിസ്ഥാനമില്ലെന്നു തെളിവാകും. 'ഫലിണാക്ഷി'ക്കു നാലു വയസ്സായിരുന്ന കാലത്ത് ഈ യുവാവ് എട്ടുവയസ്സു പ്രായമുള്ള ഒരു കുട്ടിയായിരുന്നു. അവന്റെ അച്ഛനായ 'ശുചിവ്രതൻ' 'ധനദാസന്റെ' അയൽവക്കക്കാരനും ഉറ്റ സ്നേഹിതനും ആയിരുന്നു. ഈ രണ്ടു കുട്ടികളും ബാല്യം മുതൽ ഒന്നിച്ചുതന്നെ കളിച്ചുവളർന്നുവന്നു. ശുചിവ്രതന്റെ വീട്ടിൽ ഫലിണാക്ഷിക്കും ധനദാസന്റെ വീട്ടിൽ ഈ ബാലനും പൂർണ്ണസ്വാതന്ത്ര്യമുണ്ടായിരുന്നതുകൊണ്ട് ഈ കുട്ടികൾ സമയംമുഴുവനും ഒന്നിച്ചുതന്നെ കഴിച്ചുകൂട്ടി. അവരുടെ കുട്ടിക്കളികളും ബാലചാപല്യങ്ങളും കണ്ടുംകേട്ടും അവരുടെ അച്ഛനമ്മമാർ വളരെ സന്തോഷിച്ചിരുന്നു. നമ്മുടെ കഥ ഇടതുടങ്ങുന്ന കാലത്തു 'ഫലിണാക്ഷി'ക്കു പതിനാറു വയസ്സു തികഞ്ഞിരുന്നു. ധനദാസന്റെ പുത്രിയായി സകല സുഖവും അനുഭവിച്ചുംകൊണ്ടു വളർന്നുവന്ന ഫലിണാക്ഷിയിൽ യൗവനം വരുത്തിക്കൂട്ടിയ കൌതുകകരങ്ങളായിരുന്ന മാറ്റങ്ങൾ പറഞ്ഞറിയിപ്പാൻ പ്രയാസം. അവളുടെ രൂപലാവണ്യത്താൽ ആ പ്രദേശത്തിലെ യുവാക്കന്മാരെല്ലാം അപഹൃതചിത്തന്മാരാക്കി ചെയ്യപ്പെട്ടു എന്നു പറഞ്ഞാൽ കഴിഞ്ഞുവല്ലോ. അവളുടെ കൂടെ ഒന്നിച്ചു വളർന്നുവന്ന ആ യുവാവിന്ന് ഈ കാലത്ത് ഇരുപതു വയസ്സായിരിക്കുന്നു. വൈശ്യയുവാക്കന്മാരാണെങ്കിലും ഹിന്ദുനിയമപ്രകാരം അന്യോന്യം സൈരസല്ലാപം ചെയ്യുന്നതിന്നു വിരോധമുണ്ടെങ്കിലും ആ സ്ത്രീപുരുഷന്മാർ അവരുടെ ബാല്യകാലത്തെ സ്നേഹം ഇപ്പോഴും അശേഷം കുറച്ചിട്ടുണ്ടായിരുന്നില്ല. ഈ സ്നേഹം നിലനിന്ന് അനുരാഗമായിത്തീർന്നിട്ടും അതു ഫലപ്രദമാകുന്നതിന്നു വലിയ പ്രതിബന്ധമായി ഒരു സംഗതിയുണ്ടായിരുന്നു. അവരെ ഭാര്യാഭർത്താക്കന്മാരാക്കേണമെന്നുള്ള സ്വാഭാവികമായ ആഗ്രഹം അവരുടെ അച്ഛനമ്മമാർക്കും ഉണ്ടാകാതിരുന്നില്ല. വിവാഹം തീർച്ചയാക്കി, അതിനുള്ള ശുഭമുഹൂർത്തം കൂടി അവർ നിശ്ചയിച്ചിട്ടുണ്ടായിരുന്നു. എന്നാൽ ആ മംഗളകർമ്മം നടത്തുവാൻ നിശ്ചയിച്ചിരുന്ന ദിവസത്തിന്നു കുറെ ദിവസങ്ങൾക്കുമുമ്പു 'ധനദാസൻ' തന്റെ മകളെ 'ശുചിവ്രതന്റെ' പുത്രന് കഴിച്ചും വിവാഹം ചെയ്തുകൊടുക്കയില്ലെന്നു തീർച്ചപ്പെടുത്തി. ഇതു പെട്ടെന്ന് ഇവരുടെ മുൻനിശ്ചയം മാറുന്നതിന്നുണ്ടായ കാരണമെന്തായിരുന്നു എന്ന് ആരും അറിഞ്ഞില്ല. വ്യസനകരമായ ഈ നിശ്ചയം ആ സ്ത്രീപുരുഷന്മാരും അവരുടെ അന്യോന്യമുള്ള യോജിപ്പും ഇണക്കവും കണ്ടു സന്തോഷിച്ചിരുന്ന നാട്ടുകാരും എത്രമാത്രം നിരാശയ്ക്കും ഇച്ഛാഭംഗത്തിനും ഇടയായിത്തീർന്നതിന്നു കയ്യും കണക്കുമില്ല. വളരെ അനുസരണയും താഴ്മയും ഉണ്ടായിരുന്ന 'ഫലിണാക്ഷി' തന്റെ ദുഃഖം പുറത്തു കാണിക്കാതെ താതശാസനയ്ക്കു കീഴടങ്ങി. അതിൽപിന്നെ അവൾ അവളുടെ കാമുകനെ കാണുവാൻ ശ്രമിക്കയോ കണ്ടാൽ തന്നെ എന്തെങ്കിലും സംസാരിക്കയോ പതിവില്ല. അവളുടെ കാമുകനായിരുന്ന 'പുരന്ദരൻ' അവളെ കണ്ടു സംസാരിക്കുന്നതിന്നു വളരെ ശ്രമിക്കാറുണ്ടെങ്കിലും ഇതിന്നു മുമ്പു സാധിച്ചിട്ടുണ്ടായിരുന്നില്ല. അധികം താഴ്മയോടുകൂടി വളരെ അപേക്ഷിച്ചതുകൊണ്ടും, തന്നോടു ചില സങ്കടങ്ങളായ വർത്തമാനങ്ങൾ പറയുവാനുണ്ടെ

ന്ന് അറിയിച്ചതുകൊണ്ടും മാത്രം ഈ അവസരത്തിൽതന്നെ കാണുന്നതിന് അവൾ 'പുരന്ദരനെ' മനസ്സില്ലാമനസ്സോടുകൂടി സമ്മതം കൊടുത്തു. 'ഹരിണാക്ഷി' തോട്ടത്തിൽ പ്രവേശിച്ചപ്പോൾ 'പുരന്ദരൻ' അവിടെ വഴിക്കവേണ്ടി കാത്തുനില്ക്കുന്നുണ്ടായിരുന്നു. അവനെ കണ്ടപ്പോൾ വിവിധങ്ങളായ വികാരങ്ങളാൽ ഹരിണാക്ഷിയുടെ മുഖം വിളറിയെങ്കിലും തന്റെ മനോവികാരങ്ങളെല്ലാം മാച്ചുവെച്ചുകൊണ്ട് അവൾ വേഗം നടന്ന 'പുരന്ദര'ന്റെ അടുക്കലെത്തി, ഒരു ഭാഗത്തേക്ക് അല്പം മാറിനിന്നു നിലത്തു നോക്കിക്കൊണ്ടു, തന്നെത്താൻ പറയുന്നപോലെ അവനോടു ഇപ്രകാരം ചോദിച്ചു."

'നിങ്ങൾ എന്തിനാണെനിക്ക് ആളെ അയച്ചത്? നാം പണ്ടത്തെപ്പോലെ ഇപ്പോഴും ചെറിയ കുട്ടികൾ അല്ലെന്നും അന്നത്തെപ്പോലെ തടസ്ഥംകൂടാതെ നമുക്ക് കണ്ടുസംസാരിപ്പാൻ ഇപ്പോൾ പാടില്ലെന്നും എന്നെപ്പോലെ നിങ്ങൾക്കും അറിയാമെന്ന ഞാൻ വിശ്വസിക്കുന്നു. ഇനി മേലിൽ എനിക്ക് ആളെ അയച്ചാൽ ഞാൻ തീർച്ചയായും വരുന്നതല്ല".

യൌവനയുക്തയും, രൂപവതിയും, വിവാഹം കഴിയാത്തവളുമായ ആ ബാലിക വളരെ ഗൌരവത്തോടുകൂടി താൻ ഒരു ചെറിയ പെൺകുട്ടിയല്ലെന്ന പറഞ്ഞ് ഉള്ളിൽ ഒതുക്കിയാൽ ഒതുങ്ങാത്ത ഒരു ചെറിയ പുഞ്ചിരിയോടുകൂടി പിന്നോക്കം തിരിഞ്ഞു നിന്നതു കാണേണ്ട കാഴ്ചയായിരുന്നു. പണ്ട് അവളുടെ സരസമായ ചേഷ്ടകളും ഫലിതോക്തികളും കണ്ടും കേട്ടും രസിച്ചിരുന്നതിന്നു മനോവേദനയോടുകൂടി നില്ക്കുന്ന 'പുരന്ദരനു' അല്ലാതെ അതും ഇല്ലാതായിപ്പോയതു വളരെ കഷ്ടമായി. പുരന്ദരൻ ഒന്നും മിണ്ടാതെ ഒരു ദീൎഘശ്വാസം വിട്ട്, അടുത്തുണ്ടായിരുന്ന ഒരു ലതയിൽനിന്ന് ഒരു പുഷ്പം പറിച്ചു മനോരാജ്യത്താൽ അറിയാതെ അതിന്റെ ഇതളുകൾ ഓരോന്നായി നുള്ളിക്കളഞ്ഞുകൊണ്ടു നിന്നു. അല്പം കഴിഞ്ഞു വളരെ വ്യസനത്തോടുകൂടി ഗദ്ഗദാക്ഷരത്തിൽ ഇങ്ങിനെ പറഞ്ഞു.

'എനിക്കു ഇനി മേലിൽ ഹരിണാക്ഷിയുടെ അടുക്കലേക്കു ആളെ അയക്കേണ്ടിവരികയില്ല. ഞാൻ ഈ രാജ്യംവിട്ട് ഒരു ദൂരദേശത്തേക്കു പോകയാണ്. പോകുന്നതിന്നുമുമ്പു കണ്ടു യാത്ര പറയുവാൻ വന്നതാണ്.

ഹരിണാക്ഷി—'ദൂരദേശത്തേക്കോ! നിങ്ങൾ എവിടേക്കാണ് പോകുന്നതു?'

പുരന്ദരൻ—'ഞാൻ കപ്പൽ കയറി ലങ്കാരാജ്യത്തേക്കു പോകുന്നു.

ഹരി—ലങ്കയിലേക്കോ! ഹരി! എന്തിനാണ്? എന്തിനാണ് ലങ്കാരാജ്യത്തേക്കു പോകുന്നതു.

പുരന്ദരൻ—ഞാൻ എന്തിനാണ് പോകുന്നതെന്നോ? ശരി. ഞങ്ങളെല്ലാം കച്ചവടക്കാരല്ലെ. കപ്പൽകച്ചവടമല്ലെ ഞങ്ങളുടെ പ്രവൃത്തി.

ഇത്രയും പറഞ്ഞപ്പോഴേക്കും ധീരോദാത്തനായിരുന്ന ആ യുവാവിന്റെ കണ്ണിൽ വെള്ളം നിറഞ്ഞു. ഹരിണാക്ഷിയാകട്ടെ താൻ ഒന്നും കേട്ടിട്ടില്ലെന്ന നടിച്ചു. അവൾ ഒരക്ഷരംപോലും മിണ്ടിയില്ല. അവൾ ആ തോട്ടത്തിലെ ഓരോ മനോഹരകാഴ്ചകൾ നോക്കിക്കൊണ്ടുനിന്നു. അവളുടെ അനുരാഗം നിറഞ്ഞു തുളുമ്പുന്ന വിശിഷ്ടനേത്രങ്ങൾ സമുദ്രത്തിലെ തിരമാലകളെയും അവയിൽ ചന്ദ്രരശ്മി തട്ടുമ്പോളുണ്ടാകുന്ന കൌതുകത്തെയും കണ്ടാനന്ദിച്ചു. തണുത്ത കാറ്റു വീശുന്നുണ്ടായിരുന്നു. സമുദ്രക്കരയിൽ തിരകളടിച്ചിട്ടുണ്ടായ വെളുത്ത പത കാററത്തു ചിന്നിച്ചിതറിക്കൊണ്ടിരുന്നു. നീലപ്പട്ടിൽ പതിച്ച വജ്രക്കല്ലുകൾപോലെ തിരകളുടെ ഇടയിൽ വെളുത്ത നുരകൾ ധാരാളം കാണപ്പെട്ടു. അന്യൂനമായിട്ടു കൊണ്ടു വെളുത്ത കടൽക്കാക്കകൾ കൂട്ടം കൂട്ടമായി അവിടെ പറക്കുന്നുണ്ടായിരുന്നു. 'ഹരിണാക്ഷി' ഈ കാഴ്ചകൾ എല്ലാം കണ്ടുനില്ക്കുന്നതായി കാണപ്പെട്ടു. സമുദ്രത്തി

ൽ വളരെ ദൂരെ ഒരു കപ്പൽ പോകുന്നതായി അവൾക്കു തോന്നി. കുറച്ചു വളരെ ചെറുതായ ഒരു പക്ഷി ആ കപ്പലിനെ പിന്തുടരുന്നുണ്ടെന്ന് അവൾ വിചാരിച്ചു. ദീർഘശ്വാസം വിട്ടുംകൊണ്ടു കീഴ്പോട്ടു നോക്കി. അവളുടെ അടുത്തു കാല്ക്കൽ ഒരു പുഷ്പം വാടിവീണു കിടക്കുന്നുണ്ടായിരുന്നു. അവൾ അതു കണ്ടു ഞെട്ടി. വളരെ പരിഭ്രമത്തോടുകൂടി ഒടുവിൽ ഇപ്രകാരം ചോദിച്ചു. 'എന്തിനാണ് നിങ്ങൾ പോകുന്നത്. ഇതിനു മുമ്പെല്ലാം നിങ്ങളുടെ അച്ഛനല്ലേ കച്ചവടാവശ്യങ്ങൾക്കു പോയ്ക്കൊണ്ടിരുന്നത്.'

പുരന്ദരൻ— 'എന്റെ അച്ഛനു വളരെ വയസ്സായി. എന്തെങ്കിലും കാര്യസംബന്ധമായി പ്രവൃത്തിക്കുന്നതിനുള്ള പ്രായം എനിക്കും ആയി. ഇനിയും അച്ഛനെ ബുദ്ധിമുട്ടിക്കുന്നത് ഉചിതമല്ലെന്ന് എനിക്കു തോന്നുകയാൽ ഇത്തവണ അച്ഛനു പകരം ഞാൻ തന്നെ പോകുവാൻ നിശ്ചയിക്കയും അച്ഛൻ എന്റെ അപേക്ഷ അനുസരിക്കയും ചെയ്തു. അതുകൊണ്ടു ഞാൻ ഉടനെ ഈ രാജ്യം വിട്ടു പുറപ്പെടുന്നു. ഹരിണാക്ഷി ചിരംജീവിയും ഭാഗ്യവതിയും ആയി ഭവിക്കട്ടെ.'

ഇതുകേട്ട ഹരിണാക്ഷി അടുത്തുണ്ടായിരുന്ന വള്ളിക്കുടിലിന്റെ ഒരു തൂണിന്മേൽ പിന്നോട്ടു ചാരി. പശ്ചിമചന്ദ്രനെ വെല്ലുന്ന അവളുടെ നെറ്റിത്തടത്തിൽ വിയർപ്പുതുള്ളികൾ നിറഞ്ഞു. അവളുടെ അധരങ്ങൾ ഇടഞ്ഞു. നാസാപുടങ്ങൾ വിറച്ചു. അവളുടെ കണ്ണുകളിൽനിന്ന് അനർഗ്ഗളമായി കണ്ണുനീർ ഒഴുകി. പുരന്ദരൻ പരിഭ്രമിച്ചു പിന്നാക്കം മാറി. അവനും നാലുപുറവും നോക്കി; തോട്ടമോ, കടൽവക്കോ, തിരമാലകളോ, ചന്ദ്രനോ, ആകാശമോ അവനു സമാധാനം കൊടുത്തില്ല. അവൻ അറിയാതെതന്നെ അവന്റെ നേത്രങ്ങളിൽനിന്നു കണ്ണുനീർ ധാരാ പ്രവഹിച്ചു. തന്റെ മനസ്സിന്റെ ബലഹീനതകണ്ടുണ്ടായ കോപത്തോടുകൂടിയെന്നപോലെ, അവൻ നയനങ്ങൾ തുടച്ച് ഇങ്ങിനെ പറഞ്ഞു.

'ഇതു പറയുവാനാണ് ഞാൻ വന്നത്. നിങ്ങളുടെ അച്ഛൻ നമ്മുടെ വിവാഹനിശ്ചയം എന്നു ഉദ്ബോധപ്പെടുത്തിയോ, അന്നുതന്നെ ഞാൻ ഈ രാജ്യം വിട്ടുപോകുവാൻ തീർച്ചപ്പെടുത്തി. ഞാൻ ഇനി— ഇല്ല— ഞാൻ ഇനി മടങ്ങിവരില്ലെന്നാണ് എന്റെ വിചാരം. ഹരിണാക്ഷിയെ മറക്കുവാൻ എന്റെ മനസ്സിനു സാധിക്കാതിരിക്കുന്ന കാലംവരെ ഞാൻ മടങ്ങുകയില്ല നിശ്ചയംതന്നെ. എന്നെങ്കിലും എനിക്കു ഹരിണാക്ഷിയെ മറക്കുവാൻ സാധിച്ചാൽ അന്നു ഞാൻ മടങ്ങിവരാം. എനിക്ക് ഇതിലധികമൊന്നും പറയുവാനില്ല. പറഞ്ഞാൽ തന്നെ ഹരിണാക്ഷിക്കു മുഴുവൻ മനസ്സിലാകുവാനും സാധിക്കയില്ല. എങ്കിലും ഒരു കാര്യം തീർച്ചതന്നെ. ഈ ലോകത്തെക്കാളും, അതിലുള്ള സകലവിധമായ സമ്പത്തിനെക്കാളും, എന്റെ കണ്ണേ! എനിക്ക് എന്നെന്നേക്കും വലിയതും വിലയേറിയതും നീ തന്നെ ആകുന്നു.'

ഇത്രയും പറഞ്ഞ് ഹരിണാക്ഷിയുടെ മുഖത്തു നോക്കുന്നതിനു ശക്തിയില്ലാതെ 'പുരന്ദരൻ' പിന്മാറി മേല്പോട്ടും നോക്കി ഉലാത്തിത്തുടങ്ങി. അവന്റെ കയ്യിലുണ്ടായിരുന്ന പുഷ്പത്തിന്റെ ഇതളുകളിൽ കൈവിരലുകൾ അവനറിയാതെ തന്നെ പ്രവൃത്തിച്ചുകൊണ്ടിരുന്നു. മനസ്സിനെ അല്പം സമാധാനപ്പെടുത്തുവാൻ സാധിച്ചപ്പോൾ പുരന്ദരൻ തിരികെ വന്നു. വ്യസനാക്രാന്തയായ ഹരിണാക്ഷിയെ അവൻ ഉദാരാനുരാഗത്തോടുകൂടി നോക്കിക്കൊണ്ടു താഴെ പറയുംവിധം സാന്ത്വനവാക്കുകൾ പറഞ്ഞു. 'ഹരിണാക്ഷി! നീ എന്നെ ഹൃദയപൂർവ്വം സ്നേഹിക്കുന്നുണ്ടെന്ന് എനിക്കു നല്ലവണ്ണം അറിയാം. എങ്കിലും കാലതാമസംകൂടാതെ നീ മറ്റൊരു പുരുഷന്റെ ഭാര്യയായിത്തീരും. അതുകൊണ്ടു നീ എന്നെ കഴിയുന്നതും വേഗത്തിൽ മറക്കുവാൻ ശ്രമിക്കണം. നാം തമ്മിൽ ഇനി കണ്ടു

ട്ടുവാൻ സംഗതിവരുത്തേണമെന്ന ദൈവത്തോട് പ്രാർത്ഥിക്കുക.'

ഇത്രയും പറഞ്ഞു 'പുരന്ദരൻ' ധൃതിപ്പെട്ടുപോയി. ഹരിണാക്ഷി തനിച്ച് അവിടെ ഇരുന്നു കുറച്ചുനേരം കരഞ്ഞു. ഒടുവിൽ ദുഃഖങ്ങടക്കി അവൾ തന്നെത്താൻ ഇപ്രകാരം പറഞ്ഞു 'ഞാൻ ഇന്നുതന്നെ മരിച്ചെങ്കിൽ പുരന്ദരനു ഈ രാജ്യം വിടേണ്ടിവരുമോ? എന്തുകൊണ്ട് എനിക്ക് ഈ വള്ളികളിൽ ഒന്നിന്റെ സഹായത്തോടുകൂടി തൂങ്ങിമരിച്ചുകൂടാ. അല്ലെങ്കിൽ ഈ കാണുന്ന സമുദ്രം എന്നെ അംഗീകരിക്കയില്ലെ?' ഒരു നേരം മനോരാജ്യത്താൽ മിണ്ടാതിരുന്നശേഷം വീണ്ടും പുഞ്ചിരിച്ചും ഇങ്ങിനെ ഉറച്ചു. 'ഞാൻ മരിച്ചാൽ പിന്നെ, എനിക്കു പുരന്ദരൻ ലങ്കയിലേക്കു പോയാലെന്തു, പോയില്ലെങ്കിലെന്തു? എന്റെ മരണം എനിക്കല്ലാതെ അദ്ദേഹത്തിനു സ്വൈരമുണ്ടാക്കുന്നില്ല.

ഈ വക ആലോചനകളിൽ നിമഗ്നയായ ഹരിണാക്ഷി അവിടെ തനിച്ചിരുന്നു വളരെ നേരം പിന്നെയും കരഞ്ഞു. നേരം ഇരുട്ടായിത്തുടങ്ങി. ശാന്തത എല്ലാദിക്കിലും പരന്നു. തിരമാലകളുടെ ശബ്ദമല്ലാതെ യാതൊന്നും കേൾക്കാനില്ലാതായി. ആലോചനകളിൽ നിന്നു വിരമിച്ചു ഹരിണാക്ഷി തല പൊന്തിച്ചു നോക്കിയപ്പോൾ നേരം അസമയമായിരിക്കുന്നു. പരിഭ്രമിച്ചു മുഖം തുടച്ചു. ഒരു പുഷ്പത്തെ ഞെരുക്കിക്കൊണ്ട് അവൾ വീട്ടിലേക്കു തിരിച്ചു. വേഗം അത്താഴം കഴിച്ചു എന്നു വരുത്തി അവളുടെ ശയനമുറിയിൽ പ്രവേശിച്ചു. വാതിലടയ്ക്കുകയും ചെയ്തു. അവൾ ഉറങ്ങിയോ ഇല്ലയോ എന്ന് അവൾക്ക തന്നെ നിശ്ചയമില്ല.

II

ഹരിണാക്ഷീപുരന്ദരന്മാരുടെ വിവാഹനിശ്ചയത്തെ പെട്ടന്നു ദുർബ്ബലപ്പെടുത്തുവാനുണ്ടായ കാരണങ്ങൾ ആർക്കും നിശ്ചയമുണ്ടായിരുന്നില്ല. അദ്ദേഹത്തിന്റെ ഏറ്റവും അടുത്ത സ്നേഹിതന്മാരോടുകൂടി ധനദാസൻ അതിനെപ്പറ്റി പറഞ്ഞിട്ടുണ്ടായിരുന്നില്ല. അതിനെക്കുറിച്ചു തന്നോട് ആരുതന്നെ ചോദിച്ചാലും 'ഞാൻ ചെയ്യുന്നതെന്താണെന്ന് എനിക്കു നല്ലവണ്ണം അറിയാം' എന്നുമാത്രം സമാധാനം പറഞ്ഞുപോന്നു. വളരെ ആളുകൾ ഇതിനുശേഷം ഹരിണാക്ഷിയെ വിവാഹം ചെയ്യുന്നതിന്ന് ആവശ്യപ്പെട്ടു. എങ്കിലും ധനദാസൻ ആരെയും അംഗീകരിച്ചില്ല. തന്നിമിത്തം നാട്ടുകാരുടെ അത്ഭുതം അത്യധികം വർദ്ധിച്ചു. ഹരിണാക്ഷിയുടെ വിവാഹത്തെക്കുറിച്ചു സംസാരിക്കുന്നതിനുകൂടി ധനദാസൻ ഇഷ്ടപ്പെട്ടില്ല. ധനദാസന്റെ ഭാര്യ, മകളുടെ പ്രായാധിക്യത്തേയും അവളെ കല്യാണം കഴിച്ചുകൊടുക്കുന്നതിന്ന് അവളുടെ അച്ഛൻ ആലോചിക്കാത്തതിനേയും ഓർത്തു വളരെ വ്യസനിക്കയും ധനദാസന്റെ അടുക്കൽ പലവിധത്തിലും അപേക്ഷകളും ചെയ്തു എങ്കിലും, ധനദാസനു യാതൊരു വിധത്തിലും ഇളക്കം ഉണ്ടായില്ല. ഭാര്യയുടെ ആവലാധികൾ സഹിക്കവയ്യാതെ ആകുമ്പോൾ 'നമ്മുടെ കുലത്തിലെ പുരോഹിതൻ വരട്ടെ. അദ്ദേഹം ഇയ്യിടെ വരും. വന്നാൽ നമുക്ക് അദ്ദേഹത്തോടുകൂടി ആലോചിച്ചു വേണ്ടകാര്യം നടത്താം' എന്നു സമാധാനം പറയും.

പുരന്ദരൻ ലങ്കയിലേക്കു പുറപ്പെട്ടുപോയി. വിശേഷസംഭവങ്ങൾ കൂടാതെ രണ്ടു സംവത്സരങ്ങൾ കഴിഞ്ഞു. എന്നിട്ടും പുരന്ദരൻ മടങ്ങിവന്നില്ല. ഹരിണാക്ഷിയുടെ വിവാഹവും കഴിഞ്ഞില്ല. ഹരിണാക്ഷി അവളുടെ മനോഭാവം വളരെ പ്രയാസപ്പെട്ടു ഗോപനം ചെയ്തുപോന്നു. അവൾക്കു പതിനെട്ടുവയസ്സു തികഞ്ഞെങ്കിലും അവളുടെ വിവാഹത്തെപ്പറ്റി ആരെങ്കിലും സംസാരിക്കുന്നതു കേട്ടാൽ അവളുടെ മനസ്സിൽ ഉണ്ടാകുന്ന വിചാരങ്ങൾ എല്ലാം പുരന്ദരനെപ്പറ്റി ആയിരിക്കും. പുതുതായി വികസിച്ചു നില്ക്കുന്ന ചെന്താമരപ്പൂപോലെ പ്രസന്നവും കോമളവും ആയ അവളുടെ മുഖവും, കളിയാട്ടം സുഷമയോടും വളർന്ന കാണികളിൽ കൌതുകം ജനിപ്പിക്കുന്ന അവളുടെ അംഗ

ടിയും, മട്ടുവരെ നീണ്ടു തടിച്ചുതണ്ട അവന്റെ കൈകളും, വിരിഞ്ഞ മാറിടവും അവൾ ഒരിക്കലും മറന്നിരുന്നില്ല. അച്ഛന്റെ ശാസനപ്രകാരം അവർക്ക് മറൊരുത്തനോ കല്യാണം കഴിച്ചുകൊടുക്കയെന്ന് അവൾക്ക് അറിയാമായിരുന്നു എങ്കിലും അവളുടെ അച്ഛന്റെ ജാഗ്രത അവളിൽ സന്തോഷത്തോടുകൂടിയ അത്ഭുതത്തെ ജനിപ്പിച്ചു. അവളുടെ പ്രായത്തിൽ കല്യാണം കഴിയാത്ത ബാലികകൾ ആ പ്രദേശത്തെങ്ങുംതന്നെ ഉണ്ടായിരുന്നില്ല. മുഴുവൻ സംഗതികളും നടത്തിയില്ലെങ്കിലും വിവാഹത്തിന്റെ ആദ്യനിശ്ചയങ്ങൾകൂടി ഇതുവരെ നടത്താഞ്ഞതു കാലദേശാവസ്ഥകൾക്ക് ചേരാത്തതായിരുന്നു. എന്തുകൊണ്ടാണ് 'ധനദാസൻ' ഈ ആലോചനകൾ ഒന്നും ഉപേക്ഷിക്കുന്നത്?

ഇങ്ങിനെ ഇരിക്കുമ്പോൾ ഒരു ദിവസം ഒരു വിശേഷസംഭവം ഉണ്ടായി. ധനദാസന്റെ അടുക്കൽ വിശേഷവിചിത്രവേലകളോടുകൂടിയ ഒരു "ചീനപ്പെട്ടി" (Chinese Box) ഉണ്ടായിരുന്നു. അതു കുറെ വലിയതായിരുന്നതുകൊണ്ടു ധനദാസന്റെ ഭാര്യ അവരുടെ ആഭരണങ്ങൾ എല്ലാം ആ പെട്ടിയിൽ സൂക്ഷിച്ചുപോന്നു. തനിക്കു കുറെ പുതിയ ആഭരണങ്ങൾ തന്റെ ഭർത്താവിൽനിന്നു സമ്മാനമായി കിട്ടിയപ്പോൾ ധനദാസന്റെ ഭാര്യ ഈ പെട്ടി അതിലുണ്ടായിരുന്ന ആഭരണങ്ങളോടുകൂടി ഹരിണാക്ഷിക്കു സമ്മാനിച്ചു. ഹരിണാക്ഷി ആ പെട്ടി തുറന്ന് ആഭരണങ്ങൾ എടുത്തു പൊടി തട്ടുമ്പോൾ ഒരു കടലാസ്സുകഷണം അതിൽ കിടന്നിരുന്നതു ദൈവഗത്യാ അവൾ കണ്ടെത്തി. ഹരിണാക്ഷിക്ക് എഴുത്തും വായനയും നല്ലപോലെ അറിയാമായിരുന്നു. ആ കടലാസ്സെടുത്തുനോക്കിയപ്പോൾ ആദ്യംതന്നെ കണ്ടതു 'ഹരിണാക്ഷി' എന്ന് അതിൽ ഒരു ഭാഗത്ത് എഴുതിയിരിക്കുന്നതാണ്. അവൾ വളരെ അത്ഭുതത്തോടും ജിജ്ഞാസയോടുംകൂടി അതെടുത്തു വായിച്ചു. പക്ഷെ ഒന്നും മനസ്സിലാക്കുവാൻ സാധിച്ചില്ല. ആരുടെ എഴുത്തെന്നോ, എപ്പോൾ, ആർക്ക്, എന്തിന് എഴുതിയെന്നോ മനസ്സിലായില്ല. ഒരു എഴുത്തിന്റെ ഒരു ഭാഗംമാത്രമായിരുന്നു ആ കഷണം. ബാക്കി ഭാഗങ്ങൾ കാണ്മാനുണ്ടായിരുന്നില്ല. എങ്കിലും അതിൽ ഉണ്ടായിരുന്ന അക്ഷരങ്ങൾകൂട്ടി അത്യന്തം ശ്രമത്തോടുകൂടി വായിച്ചു. ഏകദേശം ഇപ്രകാരമായിരുന്നു അതിൽ എഴുതിയിരുന്നത്.

"ഗ്രഹങ്ങളുടെ സ്ഥിതിയിൽനിന്ന്
....
ഹരിണാക്ഷിയെപ്പോലുള്ള ഒരു സൗന്ദര്യവി
ഗ്രഹ..
വാഹം നാശകരമാകുന്നു........................
.................അന്യോന്യം കാണാതിരുന്നാൽ
....
അവർക്ക് സാധിക്കുന്ന......................"

ഇത്രയും വായിച്ചു. ബാക്കി ഭാഗങ്ങൾ കാണ്മാനില്ല. എന്തെന്നില്ലാത്ത ഒരു ഭയം ഹരിണാക്ഷിയെ ബാധിച്ചു. ആരോടും ഒന്നും പറയാതെ ആ കടലാസ്സെടുത്ത് ഒളിച്ചു സൂക്ഷിച്ചുവെച്ചു. കാര്യം മുഴുവൻ മനസ്സിലാകാതെയും, മനസ്സിലാകുന്നതിനു ശ്രമിക്കുന്നത് ആപൽക്കരമെന്നു ശങ്കിച്ചും, തനിക്കു നേരിടുവാൻ പോകുന്ന വല്ല ആപത്തിനെയും കുറിച്ചായിരിക്കണം അതിൽ പ്രസ്താവിച്ചിരിക്കുന്നതെന്നു സംശയിച്ചും മനസ്സമാധാനമില്ലാതെ, തന്റെ മനസ്സിനെത്തന്നെ ഉത്തമസാക്ഷിയായി നിശ്ചയിച്ച് ആരോടും ഒരിക്കലും തന്റെ മനോഗതികൾ ഇന്ന വഴിക്കെന്നു പറയാതെ സൌഭാഗ്യവതിയായ ഹരിണാക്ഷി പിതൃഗൃഹത്തിൽ പാർത്തുവന്നു.

III

കൊല്ലം ഒന്നുകൂടി കഴിഞ്ഞു. പുരന്ദരൻ ഇനിയും മടങ്ങി എത്തീട്ടില്ല. ഹരിണാക്ഷിയുടെ മനസ്സിൽ പുരന്ദരന്റെ സ്വരൂപം ഇപ്പോഴും പുതുതായിത്തന്നെ ഇരിക്കുന്നു. തന്നെ പുരന്ദരൻ മറന്നിട്ടില്ലെന്നും അവൾ അറിഞ്ഞു. മറന്നിരുന്നു എങ്കിൽ ഉടനെ മടങ്ങി എത്തുമായിരുന്നു. മൂന്നാം കൊല്ലം ഇങ്ങിനെ കഴിഞ്ഞു. ധനദാസൻ

കുഡുംബസഹിതം 'കാശി'ക്കു പോകുവാൻ തീർച്ചപ്പെടുത്തി. കുഡുംബത്തോടുകൂടി 'വാരാണസി'യിൽ എത്തുന്നതിനു കുലഗുരുവിൻറ അടുക്കൽനിന്ന് അറിവു കിട്ടിയതുകൊണ്ടാണ് പുറപ്പെട്ടത്. കാശിയിൽ വെച്ചു ഹരിണാക്ഷിയുടെ വിവാഹം നടത്തുവാൻ പോകുന്നു എന്നു കേട്ടുതുടങ്ങി. തൻറ കുമാരിയായ ഹരിണാക്ഷിക്ക് ഉചിതനായ ഒരു വരനെ കണ്ടുപിടിച്ചിട്ടുണ്ടെന്നും പുണ്യസ്ഥലമായ കാശിയിൽവെച്ചു മകളുടെ വിവാഹം നടത്തുവാൻ പോകുന്നു എന്നും 'ധനദാസൻ'തന്നെ പറഞ്ഞുതുടങ്ങി.

ധനദാസൻ കുഡുംബത്തോടുകൂടി സുഖമായി കാശിയിൽ എത്തി. അവിടെ വെച്ചു തൻറ കുലഗുരുവായ 'ആനന്ദസ്വാമി' ധനദാസനെ സന്ദർശിച്ചു. ഹരിണാക്ഷിയുടെ വിവാഹദിവസവും മുഹൂർത്തവും തീർച്ചപ്പെടുത്തി. എല്ലാം ശാസ്ത്രവിധികൾ പോലെതന്നെ നടത്തേണമെന്നു നിശ്ചയിച്ചു. പരസ്യമായ ക്ഷണങ്ങളും വിളംബരങ്ങളും ഒന്നും ഉണ്ടായിരുന്നില്ല. അടുത്ത ബന്ധുക്കളും കുഡുംബക്കാരുമല്ലാതെ ഈ വിവാഹത്തെക്കുറിച്ച് ആരും അറിഞ്ഞിരുന്നില്ല. വിവാഹത്തിന് അവരല്ലാതെ ആരും സന്നിഹിതരായിരുന്നതും ഇല്ല. അവശ്യാവശ്യകങ്ങളായ മതസംബന്ധകർമ്മങ്ങളല്ലാതെ യാതൊരാഘോഷവും കല്യാണത്തിനുണ്ടായിരുന്നില്ല.

വിവാഹദിവസം നേരം സന്ധ്യയായി. രാത്രി ഒമ്പതുമണിക്കായിരുന്നു മുഹൂർത്തം. ആ സമയംവരെ കല്യാണവീട്ടിൽ, പുറമെ ആരുംതന്നെ ഉണ്ടായിരുന്നില്ല. അയൽവക്കക്കാരെക്കൂടി കല്യാണത്തിനു ക്ഷണിച്ചിരുന്നില്ല. വരൻ ആരാണെന്നോ എവിടുന്നു വരുമെന്നോ ധനദാസനല്ലാതെ ആർക്കും അപ്പോഴും അറിവുണ്ടായിരുന്നില്ല. എങ്കിലും ആനന്ദസ്വാമിയിൽ ഭക്തന്മാരായിരുന്ന ദൃഢവിശ്വാസത്താൽ വരാൻ പോകുന്ന വരൻ ഉത്തമകുലജാതനും യോഗ്യനും അനുരൂപനും ആയിരിക്കുമെന്ന് എല്ലാവരും ദൃഢമായി വിശ്വസിച്ചു. ഇത്ര ആയിട്ടും വരൻറ പേർ പറയാത്തത് എന്താണെന്നു പലരും സംശയിച്ചു എങ്കിലും ആനന്ദസ്വാമിയെപ്പോലെ ദിവ്യന്മാരായവരുടെ ഉദ്ദേശങ്ങൾ ദിവ്യങ്ങളും മനുഷ്യബുദ്ധിക്ക് അഗോചരങ്ങളും ആയിരിക്കുമെന്നു സർവ്വരും സമാധാനിച്ചു ദൈവത്തെ പുകഴ്ത്തി. വിവാഹകർമ്മങ്ങൾ നിർവ്വഹിക്കേണ്ടുന്നതിനുവേണ്ടുന്ന പുരോഹിതനേയും മറ്റും ഏർപ്പാടു ചെയ്തു. എല്ലാം ഒരുങ്ങിയപ്പോൾ 'ആനന്ദസ്വാമി' പിൻമാറി അകലെ ഒരു ഒഴിഞ്ഞ മുറിയിൽ പോയി സ്വസ്ഥമായിരുന്നു. ധനദാസൻ പുറത്തു 'വര'നെ കാത്തു നില്ക്കുകയായിരുന്നു. കല്യാണവേഷം ചമഞ്ഞു കന്യയായി ഹരിണാക്ഷി തനിച്ച് അവളുടെ മുറിയിലും ഇരുന്നു. അവൾ മനസ്സിൽ ഇങ്ങിനെ ആലോചിച്ചു. 'ഇത് ഒരു അസാധാരണമായ വിവാഹംതന്നെ. എങ്കിലും എനിക്കു പുരുഷനെ കിട്ടുകയില്ലെങ്കിൽ പിന്നെ ആരെ കിട്ടിയാലെന്താണ്? ഞാൻ എൻറ മനസ്സുകൊണ്ടു വരിച്ചിരിക്കുന്ന ആ പുരുഷനെ എനിക്കു ലഭിക്കയില്ലെന്നു തീർച്ചയായില്ലേ!' ഇതിനിടക്കു ധനദാസൻ അവളുടെ മുറിയിലേക്കു കടന്നു വന്നു, മകളെ വിളിച്ചു. കല്യാണമുറിയിലേക്കു കടക്കുന്നതിനു കുറെ മുമ്പ് അവളുടെ കണ്ണുകൾ രണ്ടും ധനദാസൻ ഒരു കട്ടിയുള്ള തുണികൊണ്ടു വരിഞ്ഞുകെട്ടി. 'ഇതെന്തിനാണച്ഛാ!' എന്നു ചോദിച്ച മകളോട് 'കുലഗുരുവിൻറ ഉത്തരവ്' ഇങ്ങിനെ ആണ്. ഞാൻ പറയുന്നപോലെ നീ ചെയ്യുകൊൾക. കല്യാണമന്ത്രം ചൊല്ലിത്തരുന്നതു ഭക്തിയോടെ മനസ്സുകൊണ്ടു ചൊല്ലിക്കൊൾക! ഒച്ച പുറത്തു കേൾക്കരുത്' എന്നുമാത്രം അച്ഛൻ മറുപടി പറഞ്ഞു. അനുസരണയോടെ മൗനം ദീക്ഷിച്ചു മകളോടുകൂടി ധനദാസൻ കല്യാണമണ്ഡപത്തിൽ പ്രവേശിച്ചു.

ഹരിണാക്ഷിയുടെ കണ്ണു കെട്ടിയിരുന്നില്ലെങ്കിൽ അവളുടെ ഭർത്താവാകുവാൻ പോകുന്ന ആ പുരുഷൻറയും കണ്ണു കെട്ടിയിരുന്നു എന്ന് അവൾ മനസ്സിലാക്കുമായിരുന്നു. വധൂവരന്മാരും, ആനന്ദസ്വാമി

ഷ്യം, ഒരു പുരോഹിതനും, ധനദാസനും അല്ലാതെ ആരും അവിടെ ഉണ്ടായിരുന്നില്ല. വധൂവരന്മാരുടെ, കണ്ണു കെട്ടിയിരുന്നതുകൊണ്ട്, വിവാഹമന്ത്രോച്ചാരണത്തിനു ശേഷം അവർ അന്യോന്യം കാണേണ്ടതെന്നുള്ള ശാസ്ത്രനിശ്ചയം അവിടെ അനുഷ്ഠിച്ചില്ല. ക്രിയകൾ ശേഷം കഴിഞ്ഞവാറെ ആനന്ദസ്വാമി ദമ്പതികളോടു ഇപ്രകാരം പറഞ്ഞു.

"അന്യോന്യം കണ്ടിട്ടില്ലെങ്കിലും നിങ്ങൾ ഭാര്യാഭർത്താക്കന്മാരായി. വിവാഹകാലം അതിക്രമിച്ചതുകൊണ്ടു വധുവിനുണ്ടായേക്കാവുന്ന ദോഷവും മലിനതയും ഇല്ലായ്മ ചെയ്യുന്നതിനാണ് ഈ ക്രിയ ഇത്രയും ബദ്ധപ്പെട്ടു നടത്തിയത്. നിങ്ങൾ രണ്ടു പേരും ഇനി ഈ ലോകത്തിൽവെച്ചു കണ്ടുമുട്ടുമൊ ഇല്ലയോ എന്നു തീർച്ച പറയുവാൻ എന്നാൽ സാധ്യമല്ല. പക്ഷെ അങ്ങിനെ നിങ്ങൾ ഭാഗ്യവശാൽ കണ്ടു മുട്ടിയാൽ നിങ്ങൾക്ക് അന്യോന്യം ഭാര്യാഭർത്താക്കന്മാരെന്നു തിരിച്ചറിവാൻ ഈ സ്ഥിതിയ്ക്ക് സാധിക്കയും ഇല്ല. അതുകൊണ്ട് ഇനി മേലിൽ അന്യോന്യം അറിയുന്നതിന് ഒരു സൂത്രം ഞാൻ നിങ്ങൾക്ക് ഉപദേശിക്കാം. എന്റെ കയ്യിൽ രണ്ടു മുദ്രമോതിരങ്ങൾ ഉണ്ട്. അവ രണ്ടും നവരത്നഖചിതങ്ങളാകുന്നു. ഓരോ മോതിരത്തിന്റെയും അകത്തു ഭാഗത്തു ഓരോ മയിലിന്റെ രൂപം ഉണ്ട്. ഞാൻ നിങ്ങൾക്കു രണ്ടു പേർക്കും ആ മോതിരങ്ങളിൽ ഓരോന്നു തരാം. ഈ ഭൂമിയിൽ ഇതുപോലെ വേറെ ഒരു മോതിരം ഇല്ല തന്നെ. ഇതുപോലെ ഒരു മോതിരം വേറെ ഉണ്ടാക്കുന്നതിനും ആരാലും സാധ്യമല്ല. ഇതു രണ്ടും ഞാൻതന്നെ എന്റെ സ്വന്തം കൈകൊണ്ടു പണി തീർത്തതാകുന്നു. ഇതുപോലെ ഒരു മോതിരം നീ ഒരു പുരുഷന്റെ കയ്യിൽ കണ്ടാൽ, ഹേ! വധൂരത്നമേ! ആ പുരുഷൻ നിന്റെ ഭർത്താവാണെന്ന് അറിഞ്ഞുകൊള്ളുക. അതുപോലെതന്നെ ഈ മോതിരം യാതൊരു സ്ത്രീയുടെ കയ്യിൽ കാണുന്നുവൊ ആ സ്ത്രീ നിന്റെ ഭാര്യയാണെന്ന്, അല്ലയോ യുവാവേ! നീയും ധരിച്ചുകൊള്ളണം. നിങ്ങൾ രണ്ടു പേരും ഈ മോതിരങ്ങൾ പൊയ്പോകാതെ നല്ല പോലെ സൂക്ഷിക്കണം. ആർക്കും ഒരിക്കലും കൊടുക്കാതെയും, പട്ടിണി കിടന്നു കണ്ണു മിഴിച്ചാൽകൂടി വിറ്റുകളയാതെയും നിങ്ങൾ ഈ അംഗുലീയങ്ങൾ സൂക്ഷിക്കണം. വിശേഷിച്ച് ഇന്നു മുതൽ— ഈ സമയം മുതൽ, അഞ്ചുവർഷം പൂർണ്ണമായി തികയുന്ന ആ ശുഭസമയംവരെ നിങ്ങൾ രണ്ടാളും ഈ മോതിരങ്ങൾ ഒരിക്കലും ധരിക്കയും അരുത്. ഇതെന്റെ പ്രത്യേക കല്പനയാണ്. ഒരിക്കലും തെറ്റിക്കരുത്. ഇന്ന് മേടമാസം അഞ്ചാം തിയ്യതിയാണ്. സമയം രാത്രി മണി പതിനൊന്ന് ഓർമ്മയിരിക്കട്ടെ. അഞ്ചു കൊല്ലം തികയുന്ന ഈ ദിവസം ഈ സമയംവരെ നിങ്ങൾ ഈ മോതിരം ധരിക്കരുത്. ഇതു തെറ്റി നടന്നാൽ വന്നേക്കാവുന്ന ആപത്തുകൾ ഭയങ്കരങ്ങളും അനിവാര്യങ്ങളും നാശകരങ്ങളും ആയിരിക്കും!"

ഇത്രയും പറഞ്ഞ് 'ആനന്ദസ്വാമി' പുറത്തേക്കുപോയി. ധനദാസൻ മകളുടെ കണ്ണു കെട്ടഴിച്ചു. മുറിയിൽ തന്റെ അച്ഛനും ഒരു പുരോഹിതനും അല്ലാതെ ആരും ഉണ്ടായിരുന്നില്ല. അവളെ അറിയാതെ വിവാഹം ചെയ്ത അവളുടെ ഭർത്താവു പൊയ്ക്കഴിഞ്ഞിരിക്കുന്നു. പരിഭ്രമവും ഭയവും അത്ഭുതവും നിറഞ്ഞ ഹൃദയത്തോടെ അവൾ ഏകാകിനിയായി വിവാഹദിവസം രാത്രി പന്ത്രണ്ടു മണിക്കു ശയനമുറിയിൽ പ്രവേശിച്ചു!

IV.

പുത്രീവിവാഹം കഴിഞ്ഞു ധനദാസനും കുടുംബവും സ്വരാജ്യത്തേക്കു തിരിച്ചു. അതിദീർഘമെന്നു തോന്നിയ നാലു സംവത്സരങ്ങൾ സാവധാനത്തിൽ കഴിഞ്ഞുകൂടി. പുത്രന്റെ വർത്തമാനങ്ങൾ ഒന്നും ഇല്ല. അവൻ വന്നാലും വന്നില്ലെങ്കിലും ഹരിണാക്ഷിക്ക് ഇനി എന്താണ്? അവളുടെ വിവാഹം കഴിഞ്ഞു. അവൾ ആരുടെയോ ഒരാളുടെ ഭാര്യയും ആയി.

ഏഴ് സംവത്സരങ്ങളായി വിട്ടു പോയിരിക്കുന്ന തന്റെ ബാല്യത്തിലെ സ്നേഹി

തന്നെ ഓൎത്ത് ഹരിണാക്ഷി അത്യന്തം വ്യസനിച്ചു "എന്നെ മറക്കുവാൻ സാധിയ്ക്കാത്തതുകൊണ്ടാണ് ഇത്രയും കാലം മടങ്ങി വരാതെ പുരുഷൻ അവിടെ താമസിയ്ക്കുന്നത് എന്നു ഞാൻ എങ്ങിനെ വിശ്വസിയ്ക്കും. അദ്ദേഹം ജീവിച്ചിരിയ്ക്കുന്നുവൊ, ഇല്ലയൊ, ആൎക്കറിയാം: ഞാൻ ഇപ്പോൾ മറ്റൊരുത്തന്റെ ഭാൎയ്യയുംകൂടി ആയി. എന്നിട്ടു ഇനി അദ്ദേഹം വന്നാൽകൂടി എന്നെ കാണുവാൻ സാധിയ്ക്കയില്ല. സാധിച്ചാലും അപ്രകാരം ചെയ്യുവാനും വയ്യല്ലൊ. എങ്കിലും, എന്റെ മനസ്സു! നിന്റെ സ്നേഹിതൻ ജീവിച്ചിരിയ്ക്കുന്നു എന്നു വിശ്വസിയ്ക്കയും അദ്ദേഹത്തിന് ആയുരാരോഗ്യഭാഗ്യങ്ങളുണ്ടാകുന്നതിന്നു സൎവ്വേശ്വരനെ പ്രാൎത്ഥിയ്ക്കയും ചെയ്യു". എവം വിധങ്ങളായ ആലോചനകളോടുകൂടി ഹരിണാക്ഷി കാലം കഴിച്ചുകൂട്ടിവന്നു.

ഇക്കാലത്തു ധനദാസൻ വയസ്സനും രോഗക്കാരനും ആയി. അദ്ദേഹത്തിന്റെ രോഗം ക്രമേണ വൎദ്ധിച്ച് ഒടുവിൽ കാലഗതിക്കിരയാകുകയും ചെയ്തു. പതിവ്രതയായിരുന്ന ഹരിണാക്ഷിയുടെ അമ്മ ഭൎത്താവിന്റെ ചിതയിൽ ചാടി മരിച്ചു. അടുത്ത ബന്ധുക്കൾ ആരും ഇല്ലാതിരുന്ന ഹരിണാക്ഷി എകാകിനിയായിത്തീൎന്നു. തന്നെ തനിച്ചുവിട്ടുംകൊണ്ട് ഇഹലോകം വെടിയുകയെന്നു കരുതിക്കൊണ്ട് ഹരിണാക്ഷി അമ്മയോടപേക്ഷിച്ചപ്പോൾ അവൾ ഇങ്ങിനെ ഉത്തരം പറഞ്ഞു. "നിനക്കു "വ്യസനിപ്പാൻ അവകാശം വഴിയില്ല. എതുവിധത്തിലയാലും ആരെയായാലും നിന്റെ വിവാഹം കഴിഞ്ഞിരിയ്ക്കുന്നു. നിശ്ചിതകാലം കഴിഞ്ഞാൽ നിന്റെ ഭൎത്താവുമായി സുഖിച്ചിരിയ്ക്കുന്നതിന്നു ദൈവം നിനക്കു സംഗതിവരുത്തും. പിന്നെ നീ ഒരു ചെറിയ കുട്ടിയല്ലല്ലൊ. വിശേഷിച്ചു നിന്റെ അച്ഛൻ അനവധി ദ്രവ്യം സമ്പാദിച്ചിട്ടുണ്ട്. നിനക്കു സുഖമായി കാലക്ഷേപം കഴിക്കാം. അതിന്നെല്ലാം അച്ഛൻ വഴിവെച്ചിട്ടുണ്ട്. ഭൎത്താവൊന്നിച്ചു മരിയ്ക്കുന്നത് എന്റെ ധൎമ്മമാണ്. നിനക്കെല്ലാം ശുഭമായി ഭവിയ്ക്കും."

കഷ്ടം! ഹരിണാക്ഷിയുടെ അമ്മയുടെ വിശ്വാസങ്ങൾ മുഴുവൻ ശരിയായിരുന്നില്ല. ധനദാസന്റെ മരണശേഷം അന്വേഷണങ്ങൾ നടത്തിയപ്പോഴാണ് അദ്ദേഹത്തിന്നു വളരെ കടമുണ്ടായിരുന്ന കാൎയ്യം പുറത്തുവന്നത്. വസ്തുവകകളെല്ലാം കടക്കാർ കൈക്കേറി. ഹരിണാക്ഷിയ്ക്ക് അവളുടെ വീടും, വീട്ടുസാമാനങ്ങളും, അവളുടെ ദേഹത്തിൽ ഉണ്ടായിരുന്ന ആഭരണങ്ങളും മാത്രം ലഭിച്ചു. യോഗ്യന്മാരും കാൎയ്യസ്ഥന്മാരും ആയ പലരുടേയും സ്ഥിതി ഇപ്രകാരമാകുന്നു. ജീവിച്ചിരിയ്ക്കുന്ന കാലത്തൊക്കെയും അവർ പ്രഭുക്കന്മാരെപ്പോലെ കഴിയും. പുറം ഇടച്ചുതിളക്കി ആളുകളെ ഭ്രമിപ്പിക്കും. അവരുടെ മരണശേഷം മാത്രമെ ചെമ്പു പുറത്താകയുള്ളു. കുടുംബങ്ങൾ കഷ്ടപ്പെടുകയും ചെയ്യും! വളരെ കാലമായി ധനദാസന്റെ കച്ചവടത്തിന്ന് അഭിവൃദ്ധി ഉണ്ടായിരുന്നില്ല. കടവും വൎദ്ധിച്ചുകൊണ്ടിരുന്നു. പക്ഷെ ധനദാസൻ ആ വൎത്തമാനം ആരേയും അറിയിച്ചിരുന്നില്ല. കാലംകൊണ്ട് എല്ലാം ശരിപ്പെടുത്താമെന്ന് അദ്ദേഹം പൂൎണ്ണമായി വിശ്വസിച്ചു. ഒടുവിൽ ആശ നശിച്ചു. ആധിയും വ്യാധിയും ഒരുപോലെ വൎദ്ധിച്ചു. മരണശേഷം എല്ലാം കടക്കാർ പങ്കുവെച്ചെടുക്കുകയും ചെയ്തു.

കടക്കാർ ഓരോരുത്തരായി ചിലരൊടും വന്നു തുടങ്ങി. ഹരിണാക്ഷിയെ കടക്കാർ നിൎദ്ദാക്ഷിണ്യം പിടികൂടി. ഒടുവിൽ അവൾക്കു വീടുകൂടി വിട്ടൊഴിയേണ്ടിവന്നു. വീട്ടുസാമാനങ്ങളും ആഭരണങ്ങളുംകൂടി പണയത്തിലായി. ദരിദ്രയായി, അനാഥസ്ഥിതിയിൽ ഹരിണാക്ഷി അലഞ്ഞു നടക്കേണ്ടിവന്നു. അച്ഛന്റെ പേരിന്നു കളങ്കം തട്ടരുതെന്നു വിചാരിച്ചാണ് ഹരിണാക്ഷി ഇത്രയെല്ലാം കഷ്ടപ്പാടുകൾ സഹിച്ചത്. പട്ടണത്തിന്ന് പുറത്തു ഒരു ചെറിയ കുടിലിൽ ഹരിണാക്ഷിയും ദാരിദ്ര്യവും താമസം തുടങ്ങി. ആനന്ദസ്വാമിയുടെ ഉപദേശമല്ലാതെ മറ്റു യാതൊന്നും സഹായമില്ലെന്നു വിചാരിച്ച് ആ സാധ്വീ ദിവസം കഴിച്ചുകൂട്ടി. എന്നാൽ ആനന്ദസ്വാമിയാകട്ടെ ദീൎഘ

യാത്രയ്ക്കായി എത്രയോ ദൂരദേശങ്ങളിൽ പോയിരുന്നു. അതുകൊണ്ട് അവർക്ക് അവരുടെ ഹിതത്തിൽനിന്നു എന്തെങ്കിലും സഹായം ലഭിക്കുന്നതിനു സാധിച്ചില്ല. "മാളികമുകളേറിയമന്നന്റെ തോളിൽമാറാപ്പുകേറ്റുന്നതും ഭവാൻ" ഇപ്രകാരം സർവ്വരാലും ഉപേക്ഷിക്കപ്പെട്ടു, ഒടുക്കം, ഒരുത്തരും സഹായമില്ലാതെ കഷ്ടപ്പെട്ടു സ്വന്തം പ്രയത്നത്താൽ ജീവനെ രക്ഷിച്ചുകൊണ്ട് അതിനികൃഷ്ടമായ കുടിലിൽ ജീവകാലം വഹിച്ചുവന്നു.

(തുടരും)

പുസ്തകവിമർശനങ്ങൾ

ഒരു സാമാജികന്റെ അഭിപ്രായം.

ഉത്തരരാമചരിതം ഖണ്ഡകാവ്യം

രസാത്മകമായ വാക്യം യാതൊന്നോ, അതു (ശ്ലോകമായാലും, ഗാഥയായാലും, ഗദ്യമായാലും ശരി) കാവ്യമെന്ന പേരിനെ അർഹിക്കുന്നു എന്നാണല്ലോ, സാഹിത്യരസികന്മാരുടെ സിദ്ധാന്തം. ഇതു ധരിച്ചിട്ടുള്ള പണ്ഡിതന്മാർപോലും, 'കാവ്യമെന്നു കേട്ടാൽ, എന്തുകൊണ്ടെന്നറിഞ്ഞില്ല, ശ്ലോകരൂപമായ കവനമാണെന്നു കരുതിപ്പോകുന്നു; ഈ സ്ഥിതിക്കു, കിളിപ്പാട്ടു രീതിയിലുള്ളതും, എന്നാൽ സർഗ്ഗങ്ങളിൽ ഓരോ ഖണ്ഡകത്തോടുകൂടിയതുമായ ഒരെഴുതിയ കൃതിയെ 'കാവ്യ'മെന്നു വിളിപ്പാൻ, സാധാരണന്മാർക്ക്, കുറെക്കാലത്തേയ്ക്കെങ്കിലും ശങ്കയുണ്ടാകാതിരിക്കയില്ല. ഇക്കൂട്ടരോട്; ഉപായത്തിൽ ഒരു സമാധാനം പറവാൻ ഞങ്ങൾക്കു തോന്നുന്നുണ്ട്. ലോകത്തിൽ, ഒരു പദാർത്ഥം മറ്റൊരു പദാർത്ഥത്തിന്റെ സങ്കലനം നിമിത്തം വേറെയൊന്നായിത്തീരുന്നതു നമുക്കു നിത്യാനുഭവമുള്ളതല്ലേ? മോരു പകർന്നാൽ (ഉറ വീഴ്ത്തിയാൽ) പാൽ തയിരാകുമെങ്കിൽ, ഖണ്ഡകം ചേർത്താൽ കിളിപ്പാട്ട് എന്തുകൊണ്ടു കാവ്യമായ്ക്കൂടാ? ഇതു പറഞ്ഞാൽ, തന്റെ ഓട്ടൻതുള്ളലിനെ കാവ്യമെന്നു പ്രസിദ്ധമാക്കാൻ ആഗ്രഹിക്കുന്ന ഒരു വിദ്വാൻ '(പണ്ടേതോ കരഞ്ഞിപ്പോലെ) എന്തു ചേർത്താലാണ് തുള്ളൽ കാവ്യമാവുക? സാറേ!' എന്നു ഞങ്ങളോടു ചോദ്യം തുടങ്ങിയെന്നു വരാം; ഇവക ചോദ്യങ്ങൾക്കു ശരിയായ മറുപടി കൊടുപ്പാൻ തക്കവണ്ണം 'രസതന്ത്ര'ജ്ഞാനം ഞങ്ങൾക്കില്ലതാനും!

ഈ പുസ്തകത്തിലെ പ്രമേയം ഇന്നതാണെന്ന്, ഇതിന്റെ പേർകൊണ്ടു തന്നെ അറിയാവുന്നതാണല്ലോ. എന്നാൽ

'സത്യവ്രതന്മാരിലഗ്രേസരനായ ശ്രീരാമ-
നത്യുഗ്രനായ ദശാസ്യനെക്കൊന്നുടൻ
[illegible] കൊണ്ടുപോരുന്നോരു കല്യാണ
[illegible] ദിവ്യ[illegible]'

എന്നിങ്ങനെയാണ്, ഗ്രന്ഥത്തിന്റെ പ്രാരംഭം എന്നൊരു വിശേഷമില്ലാതെയില്ല.

വാല്മീകിരാമായണത്തിലെ ഉത്തരകാണ്ഡത്തിന്റെ കിളിപ്പാട്ടു തർജ്ജമ (അതു കാവ്യമാകുന്നെങ്കിൽ, ഖണ്ഡകം ചേർക്കാതെയാണെന്നു വായനക്കാർ മനസ്സിലാക്കിക്കൊള്ളേണ്ട( )) വായിച്ചിട്ടില്ലാത്തവർക്ക് ആറ്റൂർ കൃഷ്ണപിഷാരോടി അവർകളുടെ കവിതാരീതി അറിയാൻ സാധിപ്പാനേ ഇടയുള്ളൂ; എന്നാലും, ഗ്രന്ഥകാരന്റെ 'ഈ ചെറിയ കൃതിയിൽ പല ഭാഗങ്ങളും വാല്മീകി, വ്യാസൻ, കാളിദാസൻ മുതലായ മഹാകവികളുടെ ആശയങ്ങൾ മലയാളഭാഷയിൽ പറഞ്ഞിരിക്കുക മാത്രമാകയാൽ, ഇതിനെപ്പറ്റി അധികമൊന്നും എഴുതുവാൻ ഞങ്ങൾ വിചാരിക്കുന്നില്ല. ഈ ഭാഷാകാവ്യത്തിൽ ശ്രദ്ധവെച്ചു നോക്കുന്നതായാൽ കാണുന്ന അനവധി ദോഷങ്ങളെ നിങ്ങൾ വിസ്മരിച്ച്, മിസ്റ്റർ പിഷാരോടി മഹാകവികളുടെ ആശയങ്ങൾ ഭാഷപ്പെടുത്തി

യിരിക്കുന്നതിന്റെ സമ്പ്രദായം അറിവാൻ സ്ഥാലീപുലാകന്യായേന ഒരൊററ ഘട്ടം മാത്രം വായനക്കാരുടെ മുമ്പിൽ സമർപ്പിച്ചുകൊള്ളാം.

'സന്താപംസീതാപരിത്യാഗകഥിതമ
സമ്പ്രത്തനാംതന്റെതമ്പിക്കുവിധേയ
കേകിയാൽരാജ്യാഭിഷേകംനിഷേധിച്ചോ-
രത്യുത്തമമാംതപസ്വിയാത്തമാംഗവും
നിത്യംപാതിവ്രത്യനിഷ്ഠയാലേറയും
ധന്യമായുള്ളൊരുജാനകീപാദവും
അന്യോന്യപാവനമായ്ത്തീർന്നലോകൈക-
ധന്യമായ് ചന്ദ്രനെപ്പോലെയായ്വൂതേ'

എന്നിവകളും

'ലങ്കാധിപപ്രണതിഭംഗുരവ്രതം ത-
ദാമ്പത്യയുഗം ചരണയോർജ്ജനകാത്മജായാഃ
ജ്യേഷ്ഠാനുവൃത്തിജടിലം ച ശിരോസ്യ സാധോ
രന്യോന്യപാവനമഭൂദുഭയം സമേത്യ.'

എന്ന ശ്ലോകത്തെ അനുസരിച്ച് എഴുതപ്പെട്ടവയാണ്. ചിഷാരോടി അവർകളുടെ മതത്തിന്റെ അത്യുത്തമമായ ഉത്തമാംഗം, (ആരുടെ ഏതാണോ ഉള്ള) കൈകേയിയാൽ രാജ്യാഭിഷേകം നിഷേധിക്കുക മാത്രമേ ചെയ്തുള്ളു; മഹാകവിയുടെ മതത്തിന്റെ ശിരസ്സോ, ജ്യേഷ്ഠാനുവൃത്തി നിമിത്തം ജടിലവും കൂടിയായിരുന്നു! ജാനകീപാദത്തിന്റെ 'നിത്യം പാതിവ്രത്യനിഷ്ഠയാലേറയും ധന്യമായുള്ളൊരു' എന്ന വിശേഷണത്തിൽ 'ലങ്കാധിപപ്രണതിഭംഗുരവ്രതം' എന്നതിന്റെ ആശയം എത്രത്തോളം ഉൾക്കൊള്ളുന്നുണ്ട് എന്നും, സീതയുടെ കാലിന്റെ പാതിവ്രത്യനിഷ്ഠയാലുള്ള പൊട്ടിപ്പോട്ടപ്പെട്ട ചിലി കെട്ടഴിച്ചതിനു ശേഷം, വായനക്കാർ വിചിന്തനം ചെയ്യണമെന്നു വിശേഷിക്കുന്നു. മുൻപ്രസ്താവിച്ച ഉത്തരരാമായണത്തിൽ ഒരേടത്തു, ദുർജ്ജനത്തെ ഓർക്കൽ എന്നർത്ഥത്തിലുള്ള 'ജാതിസ്മരതാ' എന്ന പ്രസിദ്ധപദത്തെ 'ജാതിയും സൌന്ദര്യവും' എന്നു പരിഭാഷപ്പെടുത്തിക്കാണുന്നു. ഈ കവിയുടെ കവിത്വം ഒന്ന്യാ ഉശേഷപ്പെട്ടതാണ് എന്നതിനെ ന്യൂനീഭവിപ്പിച്ചിട്ടില്ലാത്തതായ ഒരു ഭാഗവും ഈ കൃതിയിൽ കാണുന്നതല്ല.

ഈ പുസ്തകം ഗ്രന്ഥകർത്താവിന്റെ 'ഉദ്ദേശപ്രകാരം ഉത്തരരാമചരിതം കാവ്യത്തിന്റെ ഒന്നാംഭാഗം മാത്രമാണ്. ഭാഷാസാഹിത്യരസികന്മാർ ഈ മാതിരിയുള്ള പ്രസ്ഥാനം എത്രത്തോളം പിടിക്കുമെന്നറിഞ്ഞിട്ടുവേണം, ശേഷം ഭാഗം പ്രസിദ്ധപ്പെടുത്താൻ എന്നാണ് നിശ്ചയിച്ചിരിക്കുന്നതത്രേ. 'ഈ മാതിരിയുള്ള പ്രസ്ഥാനം' എന്നതിനു പ്രാചീനകവികളുടെ ഉല്ലേഖം കൊണ്ടു ചമച്ച കിളിപ്പാട്ടും, ദണ്ഡകവും ഒരു പുസ്തകത്തിൽ എഴുതി കാവ്യമെന്നു വ്യവഹരിക്കുക എന്നായിരിക്കുന്നതല്ലേ, പ്രകൃതത്തിൽ അർത്ഥം. ഇങ്ങിനെയാണെങ്കിൽ, അവശേഷത്തിന്റെ പ്രസിദ്ധീകരണത്തിൽ, സഹൃദയാഭിപ്രായം അറിവാനായി കാലതാമസം വരുത്തുന്നതെന്തിനാണ്? കിളിപ്പാട്ടും ദണ്ഡകവും ഭാഷാസാഹിത്യരസികന്മാർക്ക് അപരിചിതമോ അപ്രിയമോ അല്ല; 'വാക്യം രസാത്മകം കാവ്യം' എന്ന പ്രമാണം അവർ നിഷേധിക്കുന്നുമില്ല!

എന്തായാലും, സഹൃദയാഭിപ്രായത്തെ പ്രതീക്ഷിച്ചുകൊണ്ടു വിശ്രമിക്കുന്ന പ്രസ്തുതഗ്രന്ഥകാരനോടു ഞങ്ങൾക്കു ചെറുതായ ഒരപേക്ഷയുണ്ട്. വാല്മീകി, വ്യാസൻ, കാളിദാസൻ മുതലായവരുടെ ആശയങ്ങളെ, നല്ല വാസനക്കാരായ കവികളുടെ പ്രശംസനീയമായ പ്രയത്നം നിമിത്തം, പ്രായേണ സമഗ്രമായും, ഭംഗിയുള്ളതായും അനുസരിച്ച് ആവിഷ്കരിക്കുന്ന മലയാളഭാഷ ഇപ്പോഴും ഇത്തരം വികൃതമായ ഒരു കൃതിയെ ആവശ്യപ്പെടുന്നുണ്ടോ എന്ന്, അദ്ദേഹം ദയവുചെയ്ത് ഒന്നാലോചിച്ചാൽ കൊള്ളാം!

ഇതു സാഹിത്യസമാജത്തിന്റെ സാമാന്യമായ അഭിപ്രായമല്ല. ഈ വിഷയത്തെപ്പറ്റി വല്ല വാദപ്രതിവാദവും നടക്കുവാൻ ഭാവമുണ്ടെങ്കിൽ, സമാജപ്രതിനിധിയായ മംഗളോദയം മാസികയുടെ അനന്തരാഭിപ്രായം അതിനു ശേഷം പ്രസിദ്ധപ്പെടുത്തുന്നതാണ്. (പത്രാധിപർ.)

ഒരു പുതിയ പുസ്തകം

അടുത്തു കഴിഞ്ഞ മൂന്നു ലക്കങ്ങളിലായി 'കൊച്ചിയി'ലെ മനുഷ്യവൎഗ്ഗങ്ങളും ജാതികളും, എന്ന തലവാചകത്തിൻകീഴിൽ കാടന്മാരെപ്പററിയും മലയന്മാരെപ്പററിയും ഒരു വിവരണം കൊടുത്തിരുന്നതു വായനക്കാരെല്ലാവരും വായിച്ചിരിക്കുമല്ലൊ. കൊച്ചിരാജ്യത്തിൽ ഇപ്പോൾ അധിവസിച്ചുവരുന്ന വിവിധമതസ്ഥന്മാരായ എല്ലാ ജാതിക്കാരുടെയും ഉല്പത്തി, ആചാരനടവടി, തൊഴിൽ മുതലായുള്ള കാൎയ്യങ്ങളിൽ സൂക്ഷ്മാന്വേഷണം ചെയ്തു ഒരു ഗ്രന്ഥം നിൎമ്മിക്കുന്നതിലേക്കു കുറച്ചുകൊല്ലങ്ങൾക്കു മുമ്പ് ഗവൎമ്മേണ്ടിൽ നിന്നു മിസ്റ്റർ എൽ. കെ. അനന്തകൃഷ്ണയ്യരെ നിയമിക്കുകയും, അദ്ദേഹം മേല്പറഞ്ഞ തലവാചകത്തിൽ രണ്ടു വാല്യങ്ങൾ ഇംഗ്ലീഷിൽ പ്രസിദ്ധപ്പെടുത്തുകയും ചെയ്തിട്ടുള്ള വിവരം വായനക്കാൎക്കു അറിവുണ്ടായിരിക്കുമല്ലൊ. അദ്ദേഹത്തിന്റെ ഏഴെട്ടു കൊല്ലത്തെ അശ്രാന്തപരിശ്രമത്തിന്റെ ഫലമായുണ്ടായിട്ടുള്ളതും ഇന്ത്യയിലെന്നല്ല ഇംഗ്ലണ്ടു മുതലായ അന്യരാജ്യങ്ങളിൽ കൂടി പ്രചരിച്ചുവരുന്ന പത്രങ്ങളിലും മാസികകളിലും ഒരുത്തമകൃതിയെന്നു പ്രബലമായി അഭിപ്രായപ്പെട്ടിട്ടുള്ളതുമായ ഈ ഗ്രന്ഥത്തിന്റെ തൎജ്ജമയ്ക്കുള്ള അവകാശം മഹാമഹിമശ്രീ അപ്പൻതമ്പുരാൻ തിരുമനസ്സിലേക്കു സിദ്ധിച്ചിട്ടുണ്ടെന്നും തൎജ്ജമയ്ക്കുള്ള ഭാരം ഞങ്ങളുടെ പത്രബന്ധുക്കളിൽ ഒരാൾ ഏററിരിക്കുന്നതും പ്രസ്തുതഭാഗത്തിലെ വിവരണങ്ങൾ അതിലെ ആദ്യഭാഗത്തിന്റെ ഒരു തൎജ്ജമയുമാകുന്നു. ഈ വക ചരിത്രഗ്രന്ഥങ്ങളുടെ തൎജ്ജമകൾ മലയാളഭാഷാഗ്രന്ഥപാരായണക്കാർ എത്രവിധം കൈക്കൊള്ളുമെന്നറിയുന്നതിലേക്കാണ് ഞങ്ങൾ അതിന്റെ ആദ്യഭാഗത്തെ ഈ മാസികയിൽ പ്രസിദ്ധപ്പെടുത്തി നോക്കിയത്. അതിൽവെച്ചു ജനസമുദായത്തിന്റെ അഭിപ്രായമറിവാൻ കഴിയുകയും, തന്മൂലം ഞങ്ങളുടെ അപേക്ഷപ്രകാരം തിരുമനസ്സിൽനിന്നും, ഈ മാസിക വലിപ്പത്തിൽ ഉദ്ദേശം 750 ഭാഗത്തോളം ഉണ്ടാവുന്ന, ആ മഹാപ്രബന്ധത്തെ ഇതിൽ ഖണ്ഡം ഖണ്ഡമായി പ്രസിദ്ധപ്പെടുത്തുവാൻ സദയം കല്പിച്ചനുവദിക്കുകയും ചെയ്തിട്ടുണ്ടെന്നുള്ള വിവരം മാന്യവായനക്കാരെ ഇതിനാൽ സസന്തോഷത്തോടെ അറിയിച്ചുകൊള്ളുന്നു.

അങ്ങിനെ ചെയ്യുന്നതിൽ ഈ മഹാകൃതിയെ, ഒടുവിൽ വേറെയെടുത്തു ബൈന്റു ചെയ്യിക്കാൻ സൌകൎയ്യമായവിധം, ഓരോ ലക്കത്തിന്റെയും ഒടുവിൽ പ്രത്യേകം വഴിക്കുവഴി ഭാഗംനമ്പ്ര് കൊടുത്ത്, കഴിഞ്ഞ വൃശ്ചികം ലക്കം മുതൽക്ക പ്രസിദ്ധീകരണം ചെയ്തിട്ടുള്ളതാണ്. അതിനുമുമ്പു കഴിഞ്ഞുപോയ 22 ഭാഗങ്ങൾ മുഖവുര, മുഖചിത്രം, വിഷയവിവരം മുതലായവയുകളോടുകൂടി വഴിയെ എല്ലാവൎക്കും അയച്ചുകൊടുക്കുന്നതുമാണ്. മൂലത്തിലുള്ള ഛായാപടങ്ങൾ ഈ തൎജ്ജമയിൽ ചേൎപ്പാൻ ഏൎപ്പാടുചെയ്തു വരുന്നതുമുണ്ട്.

ഇംഗ്ലീഷിലെ രണ്ടു വാല്യത്തിനുംകൂടി 16 ക. യോളം വിലയുള്ളതും, വലിപ്പംകൊണ്ടും ഉപയോഗംകൊണ്ടും മികച്ച ഗ്രന്ഥങ്ങളെയും കടത്തിവെക്കുന്നതുമായ ഈ വിശിഷ്ടകൃതി തൎജ്ജമചെയ്തതിനെ 'മംഗളോദയം' വായനക്കാൎക്കായിക്കൊണ്ടു തിരുമനസ്സിൽനിന്നും കല്പിച്ചുകൊടുത്തിരിക്കുന്ന ഈ മഹൽപ്രദാനത്തെ അവരെന്നല്ല ഇംഗ്ലീഷു ഭാഷാപരിജ്ഞാനമില്ലാത്ത എല്ലാ ഭാഷാഭിമാനികളും ഒരു അനുഗ്രഹമായി കരുതുമെന്നും, കൂടുതൽ വരിക്കാരെ ചേൎത്തും മററും അവർ മാസികയെ സഹായിക്കുമെന്നും ഞങ്ങൾ പൂൎണ്ണമായി വിശ്വസിക്കുകയും ചെയ്യുന്നു.

കൊച്ചിസാഹിത്യസമാജം

1089 ധനു 25-ാം-നു കൊച്ചിസാഹിത്യസമാജം വക നിർവ്വാഹകസംഘം കൂടിയതിൽ ഉണ്ടായ നിശ്ചയങ്ങൾ.

ഹാജർ

1. അപ്പൻതമ്പുരാൻ തിരുമനസ്സുകൊണ്ട്
2. ടി. കെ. കൃഷ്ണമേനോൻ ബി. ഏ.
3. കെ. ഗോവിന്ദൻ നമ്പ്യാർ ബി. ഏ; ബി. എൽ.
4. സി. കുഞ്ഞിരാമമേനോൻ.

നിശ്ചയങ്ങൾ.

1. തീപ്പെട്ട കുഞ്ഞിക്കുട്ടൻതമ്പുരാൻ തിരുമനസ്സിലെ സ്മാരകമായി സമാജത്തിൽനിന്നും പ്രവൎത്തിക്കേണ്ടതു, കേരളഭാഷാഭിവൃദ്ധിക്കായി പരിശ്രമിച്ചിട്ടുള്ളവരിൽ മരിച്ചുപോയവരുടെ ജീവചരിത്രം, ഇംഗ്ലീഷിൽ— Men of letters —സാഹിത്യകാരന്മാർ എന്ന പുസ്തകങ്ങളുടെ രീതിയിൽ, ഒരു പുസ്തകാവലിയായി പ്രസിദ്ധം ചെയ്യുകയാകുന്നു.

2. ജീവചരിത്രങ്ങൾ സമാജം വകയായി പ്രസിദ്ധം ചെയ്തു, അതിൽനിന്നുണ്ടാകുന്ന ആദായത്തിൽനിന്നും പകുതിയിൽ കുറയാത്തതായ ഒരു സംഖ്യ ഗ്രന്ഥകൎത്താക്കന്മാൎക്കു കൊടുക്കേണ്ടതാണ്. എന്നാൽ പകൎപ്പവകാശം സമാജത്തിലേയ്ക്കിരിക്കുന്നതാകുന്നു.

3. മംഗളോദയം മാസിക സംബന്ധിച്ച്, കമ്പനിക്കാരുമായി ചെയ്യുവാൻ ആലോചിച്ചുവെച്ചിരുന്ന കരാറ് അവർ സമ്മതിച്ചതിൽ നന്ദിപറഞ്ഞുകൊള്ളുന്നു.

4. എഴുത്തുകുത്തുകൾ നടത്തുവാൻ പത്രാധിപൎക്കു സഹായമായി ഒരാളെ നിയമിക്കാവുന്നതാണ്. സാഹിത്യസംബന്ധമായി പത്രാധിപരെ സഹായിക്കുവാൻ കമ്മിറ്റിക്കാർ ബാദ്ധ്യസ്ഥന്മാരാകുന്നു.

5. സാധാരണയായി മാസികയുടെ ഓരോ ലക്കങ്ങളിലും താഴെ പറയുന്ന വിഷയങ്ങൾ ഉണ്ടായിരിക്കണം:—

1. സാഹിത്യസാമാന്യസ്വരൂപത്തെ കാട്ടിയുള്ള ലേഖനങ്ങൾ.
2. പുസ്തകപരിശോധന.
3. ചരിത്രവിഷയങ്ങൾ (ജീവചരിത്രങ്ങളുൾപ്പടെ)
4. ശാസ്ത്രവിഷയങ്ങൾ.
5. കഥ.
6. സാമുദായികവിഷയങ്ങൾ.
7. വ്യവസായവിഷയങ്ങൾ.
. സാഹിത്യശകലങ്ങൾ.
9. പദ്യം.
10. സംസ്കൃതം.

6. സമാജസിദ്ധാന്തങ്ങൾക്കനുസരിച്ചു ലേഖനങ്ങളിൽ വേണ്ടപ്പെട്ട ഭേദഗതികൾ ചെയ്യുവാനുള്ള അധികാരം കമ്മിറ്റിക്കാരിലിരിക്കുന്നതാണ്.

7. സിക്രട്ടറിയെ സഹായിക്കുവാൻ മിസ്റ്റർ സി. കുഞ്ഞിരാമമേനോനവരെ അസിസ്റ്റാന്റായി നിയമിച്ചിരിക്കുന്നു.

അപ്പൻതമ്പുരാൻ (അദ്ധ്യക്ഷൻ)

സാഹിത്യസമാജത്തിൽ മകരമാസത്തിൽ ചേൎന്ന പുതിയ സമാജികന്മാർ.

86 / 6—6—89 മ. രാ. രാ. കോയിക്കൽ രാമവൎമ്മ അവർകൾ, സ്കൂൾമാസ്റ്റർ തൃപ്പൂണിത്തുറ

87 / 6—6—89 ,, വള്ളത്തോൾ നാരായണമേനോൻ അവർകൾ, മംഗലം തിരൂര്

88 / 8—6—89 ,, നാലപ്പാട്ട് നാരായണമേനോൻ അവർകൾ, [illegible].

89 / 8—6—89 ,, കെ. കണ്ണുവാൎയ്യർ അവർകൾ, സൎക്കാർ ഹൈസ്കൂൾ തൃശ്ശിവപേരൂർ

90 / 29—6—89 ,, കെ. രാമകൃഷ്ണപിള്ള ബി. എ. അവർകൾ, വടക്കന്തറ പാലക്കാട്

സാമാജികന്മാർ അറിവാൻ.

സ്കൂൾ ടെക്സ്റ്റ്ബുക്കുകളെ സംബന്ധിക്കുന്ന താഴെ പറയുന്ന വിഷയങ്ങളെപ്പററി ഉപന്യാസങ്ങൾ അതാതു ആളുകൾ സൌകൎയ്യംപോലെ എഴുതുകയോ എഴുതിക്കുകയോ ചെയ്ത് സമാജത്തിന്റെ അഭിപ്രായമനുസരിച്ചു വരുന്ന മീനം ലക്കത്തിൽ പ്രസിദ്ധം ചെയ്യത്തക്കവണ്ണം കുംഭം 80-ാംനു-കകം 'മംഗളോദയം' പത്രാധിപൎക്കു എത്തിച്ചുകൊടുപ്പാനപേക്ഷ.

അദ്ധ്യക്ഷൻ അപ്പൻതമ്പുരാൻ.

വടക്കെ മലയാളം.

വിഷയത്തിനു വൈചിത്ര്യം വേണം. } മൂൎക്കോത്തു കുമാരൻ.

തെക്കെമലയാളം.

ഗദ്യപദ്യങ്ങൾ കഴിയുന്നേടത്തോളം ഇടകലൎന്നിരിക്കണം. } പുന്നശ്ശേരി നമ്പി നീലകണ്ഠശൎമ്മ.

തിരുവിതാംകൂർ.

വ്യാകരണം, ഭാഷാരീതി മുതലായ സാഹിത്യശാസ്ത്രാംശങ്ങളുടെ ജ്ഞാനം ഉണ്ടാകുവാനുള്ള യോഗ്യത ഉണ്ടായിരിക്കണം.	ആർ. ഈശ്വരപിള്ള.

കൊച്ചി.

വിഷയത്തിനും, വാചകത്തിനും വാക്കിനും ഉള്ള കാഠിന്യം അതാതു കിടാങ്ങൾക്കനുസരിച്ചിരിക്കണം.	പി. എസ്സ്. അനന്തനാരായണശാസ്ത്രികൾ.
വിഷയശുദ്ധി, വാചകശുദ്ധി, പദശുദ്ധി, ഔചിത്യം, എന്നീ ഗുണങ്ങൾ ഉണ്ടായിരിക്കണം.	അപ്പൻതമ്പുരാൻ.

ചില നല്ല പുസ്തകങ്ങൾ.

സാരദേവി എന്ന സിവിൽ നടവടിനിയമം പുസ്തകം	ക. 2-0-0
മലയാളത്തിലെ ഭാണികൾ (എഴുത്തുകാർ ഒന്നാംക്രമം)	0-12-0
ജോർജ്ജ് പട്ടാഭിഷേകം. അനവധി ഛായാപടങ്ങളോടുകൂടി	1-4-0
ദമയന്തീനാടകം. താമരക്കുളം ഭാഗവതർ എഴുതിയതു	0-12-0
വിരുതൻശങ്കു. വക്കീൽ കാരാട്ട് അച്യുതമേനവൻ എഴുതിയ രസകരമായ ഒരു നോവൽ	ക 1-0-0
കൊച്ചി വലിയതമ്പുരാൻ തിരുമനസ്സിലെ ജീവചരിത്രം. നാലണ വിലചിടിച്ച ഛായാപടത്തോടുകൂടി	0-10-0
ഇന്ദുലേഖ	ക 1-8-0
അപ്പൻതമ്പുരാൻ തിരുമനസ്സിലെ കൃതികൾ 1-ാം ഭാഗം	ക 0-7-0
വിഷവൃക്ഷം. ശ്രീമതി ടി. സി. കല്യാണിഅമ്മ എഴുതിയ ഒരു രസകരമായ നോവൽ	ക 1-0-0
വെണ്മണി നമ്പൂരിപ്പാട്ടിലെ കൃതികൾ 3-ാംഭാഗം	1-0-0
പ്രവേശിക. തത്വശാസ്ത്രത്തിലേക്കുള്ള പ്രവേശനം	0-8-0
ജ്ഞാനയോഗം. വിവേകാനന്ദസ്വാമിയുടെ പ്രസംഗം	ക 0-12-0

श्रीबाणेश्वरः ।

उत्साहः किन्नु धृत्वा मनुजतनुमुदेत्येव लोकोपकृत्यै
धत्ते मूर्तिं नु लोकाभ्युदय उरुदयं सज्जनैः प्रार्थ्यमानः ।
चित्सारस्यं तदुच्चैर्वहति किमु शरीरित्वमित्येव बुद्धिं
नित्यं मर्त्येषु तन्वन्निह जयति कुमारेश्वरः कश्चिदीड्यः ॥ १ ॥

1

ഉത്സാഹം താനയേന്നിട്ടൊരു നരനിലകൈക്കൊണ്ടിരിപ്പൂ ജനാവനം
സത്സാരം കൊണ്ടുലോകാഭ്യുദയമുദയം മൂർത്തിയാർന്നതിയെന്നും.
ചിത്സാരസ്യം കടന്നിട്ടുടലൊടുടലൊന്നാവുമെന്നും ജനത്തിൽ
ഉത്സാഹിനാം വിമർശം വിതറുമൊരു കുമാരേശനിങ്ങുല്ലസിപ്പൂ.

सोऽयं मान्देशितुस्सम्प्रति महितमतेर्भागिनेयोऽनुरूपः
श्रीबाणाख्यं चिराय क्षतशुभविभवं हन्त सत्क्षेत्ररत्नम् ।
विष्णोर्व्यालोक्य विश्वमथितकुशलधीर्विस्तृतैर्यत्नभेदै-
रुद्धृत्यैनद्व्यतानीत्सुकृतिजनमनस्सम्मदं निर्मलाशयः ॥ २ ॥

2

കൊച്ചി ക്ഷോണീശനിന്നാരെയൊരു മരുമകനിത്തമ്പുരാനിങ്ങിടത്ത-
ണ്ണാഞ്ചിന്നം സൽഗുണൌഘത്തികവൊടു തിരുവാണേശ്വരം ഭദ്രമേറ്റം.
വിച്ഛിന്നം വൈഭവംവിട്ടഹഹ വികലമായ്ത്തീർന്ന സൽക്ഷേത്രമിങ്ങി-
ച്ചിന്നോത്സാഹശക്തിപ്രസരമൊടു സമുദ്ധാരണം ചെയ്തുവല്ലോ.

निर्व्याजां भागिनेयस्थिरशुभरतिमालोक्य सोऽपि क्षितीशो
धर्मानुष्ठाननिष्ठाहितमतिरतनोत्साधु साहाय्यमस्मिन् ।
लोकक्षेमोदयोपाहितविविधविशालोद्यमेषूद्यताशे-
ष्वादत्ते नानुकूल्यं जगति सपदि कः, किं पुनर्वैश्रवर्यैः ॥ ३ ॥

൪

നിൎമ്മായം ഭാഗിനേയസ്ഥിരസുഖമുചികണ്ടുഴിവാഴുന്ന ധീരൻ
ധൎമ്മാത്മാവാക്കിതീശാൻതിരുവടിയുമിതിൽചെയ്തു സാഹായ്യമേനം.
ശൎമ്മാവാപ്തിക്ക പാരിൽ പരിചൊടു പതിവായ്വൃദ്ധ്യമം കൊൾകിലാക്കം
നിൎമ്മാതസ്യൂം ഇണക്കം സുകൃതികളുടനൊന്നുള്ളതിന്നുള്ളതാണോ.

भूगोलाकाशदिक्पालकवसुगणिते वत्सरे मासि वार्षे
भूपालेनाद्य विष्णूत्सव इह महितः पूरितोऽभूच्चतुर्थे ।
भूतानामाधिहन्ता स च भुवनपतिर्नव्यमाभूष्य गेहं
भूलोकैर्वन्दिताङ्घ्रिर्नवकलशमहेज्यो विजेजीयतेऽस्मिन् ॥ ४ ॥

൫

എണ്പത്തെട്ടാകമാണ്ടിനൊടു ചിങ്ങവുമാദികന്നാലാംദിനത്തിൽ
സമ്പത്തിൽ സജ്ജമവരിച്ചീടുന്നുപതിമുറജ്ജത്സവം പൂൎണ്ണമാക്കി
അമ്പത്തിൻ താഴുവോൎക്കുള്ളഴലുകളുഴറ സ്വാമി നവ്യം പുരം ചേ-
ൎന്നിമ്പത്തിൽ സ്വൈരമിപ്പോൾ പുതുകലശമഹോദ്ധ്യാൻ വിളങ്ങുന്ന പൂജ്യൻ.

अत्यन्तोल्लास्यदेशे सकलसुमहितस्सोऽयमीशो वितन्वन्
सर्वेषां धीविकासं भुवि सुलभनया दृश्यते भाग्ययोगात् ।
भूवाय्वग्न्यन्तरिक्षाम्बुभिरविरतमेतान् विचित्रान् पदार्थान्
यो वा निर्मापयत्यक्षतकरुणकटाक्षेक्षमक्षीणदाक्ष्यः ॥ ५ ॥

൬

അത്യന്തോല്ലാസദേശത്തഖിലമഹിതനീയപ്പുമാൻ ധീവികാസം
ചെയ്യും തേജസ്സോടാക്കം സുലഭനിലയിലിന്നുല്ലസിക്കുന്നു ഭാഗ്യം
തിയ്യംതെസ്സന്തരിക്ഷം പവനനവനിയെന്നാദി ഭൂതങ്ങളേകൊ-
ണ്ടിട്ടുള്ളോരോപദാൎത്ഥം പരിചൊടു പണിയിക്കുന്നതാരേവനേകൻ.

भूमीन्द्रोऽप्यागतोऽस्यां भुवि भविकशताधानदीक्षैकदक्षं
भूमीलक्ष्मीशमेनं नवविभवपुरावासमासाद्य तुष्यन् ।
निर्वाणश्रीनिदाने निखिलजननिषेवार्हसद्वैभवाढ्ये
कुर्वाणस्तत्पदान्ते प्रणतिमभिववर्षाद्भुतस्वर्णवर्षम् ॥ ६ ॥

6

ഭൂമീന്ദ്രൻ താനമിനീഴവി ശ്രീകമണഞ്ഞൂന്നാ സൽസ്വാമിയാമീ
ഭൂമീലക്ഷ്മീശപരൻതൻ സന്നിധിയിലെഴുന്നള്ളി സേവിച്ചുകൊണ്ടാം
നാമിക്കാണുന്നതാം പ്രാകൃതജനനിലയിൽ തന്നെ നിർവാണസമ്പൽ
കാമീഡ്യം ഭൂപ്പദംചേർന്നിനിവമരിവഷിച്ചു സൽസ്വപ്നവശാ

कुञ्चिकाबिल्यनर्घं किमपि नवयशस्तन्वती दिक्ष्वगण्यैः
पुण्याचारैर्विशुद्धा क्षितिभृदवरजा सापि राज्ञी सहर्षम् ।
श्रुत्वैतदेववृत्तं सपदि पदमिदं प्राप्य सद्रव्यवर्षै-
रप्याराध्यास्य लेभे सुकृतिभिरभितः प्रार्थ्यमानं प्रसादम् ॥ ७ ॥

7

ചാരിത്രം ശുദ്ധമേന്തിച്ചപലത കരളിൽ തെല്ലുമേല്ക്കാതെ നിത്യം
പാരിഷ്ഠം പുണ്യമാം നൽപ്പുകളിന്റെ പെരുമാക്കുന്നതാകാവന്ന രാജ്ഞീ.
പാരിൽപ്പേർകൊണ്ടൊരിദ്ദേവനെ വിസ്തൃതമാസം വന്നു ദർശിച്ചു വിത്തം
വാരിഷ്ഠമത്ര്യാ സമർപ്പിച്ചുവിടതമകൈക്കൊണ്ടു ദിവ്യപ്രസാദം.

लक्ष्मीस्सा यस्य वश्या पतिरिह यदधीनः प्रजानां विशेषाद्
दुष्टान् यो भाययत्यप्यविरतमुचितप्रक्रमैर्यत्नभेदैः ।
यत्सेवार्थं यतन्ते जगति सुकृतिनस्सर्वदा निर्विशङ्कं
श्रीवाणेशस्य साक्षाज्जयति हि जगदानन्दकन्दायिताङ्घ्रिः ॥ ८ ॥

8

ശ്രീയാരെക്കാവശ്യയോരാം പ്രജയുടെ പതിയിന്നാർക്കധീനൻ വിശേഷാൽ
ഭീയാളിക്കുന്നതാരോ കസ്സ്രതിനിരതരാം ദുഷ്ടരിൽ സ്വൈപക്ഷമെന്നും.
ആയാസപ്പെട്ടമാരെസ്സുകൃതികളധികം സേവചെയ്യുന്നു സച്ചി-
ത്തായാതമായന്നാമത്തിരുവടി തിരുവാണത്തെഴുന്നെള്ളാ.

भावक्लेशाच्चिरार्त्ति पदध्रुवमुपगम्यैव यस्यात्र सन्तो
वाञ्छन्त्याप्तुं सुखं यो वितरति सुधियामुत्तमं सत्तमार्च्यः ।
भूयस्यालक्ष्यते यन्मनसि खलु गवां लालने प्रीतिरुद्य-
द्बोधात्मा सोऽयमेव प्रभुरतुलगुणस्साधुसेव्यो गतिर्नः ॥ ९ ॥

9

സംസാരത്തിൻകരയെത്തുന്തിരുജനാമയത്തിൽ ചെന്നു ചേരുന്നു ശോക-
ധ്വംസാ യോഗത്തിനേവർക്കുഴിയജനനിരക്കേകവോൻ ലോകവന്ദ്യൻ.

സംസാരം സപ്തസംഗോക്തികളിലെവനിശം കൂടിനില്ക്കുന്ന സാക്ഷാൽ
കംസാരി ദേവകി സേവോചിതമിഹ വിലസും സ്വാമി താനാശ്രയം മേ.

आस्तां दूरेऽन्यदेवार्चनमिह सुलभं कल्यगोपालपादं
हित्वान्यन्नाद्रिये किञ्चन, सुकरमनेकेश्वराराधनं किम् ।
प्रत्यूहार्त्तिं विनैव प्रदिशति परमानन्दसन्दोहमेष
प्रत्यक्षात्मा हि लोकेश्वर इह भजतामित्यतस्सुस्थिरोहम् ॥ १० ॥

इति श्रीपादभक्तः
एम्. कुञ्ञपारशवः ।

10

പോട്ടെ മറ്റുള്ള ദേവാർച്ചനമിഹ വിലസും കല്യഗോപാലപാദം
വിട്ടെങ്ങും ഞാൻ ഭജിക്കില്ലിനി വിഷമമനേകേശ്വരാരാധനം മേ.
മുട്ടേവന്നും വരാതിന്നിഹ വടി പരമാനന്ദസന്ദോഹമേകാ-
നൊട്ടേറെദ്ദക്ഷനെന്നുള്ളതു ദൃഢമുള്ളം തൽപ്രസാദപ്രഭാവം.

എന്ന് ശ്രീപാദഭക്തൻ
എം. കുഞ്ഞൻവാരിയർ

॥ पिकसन्देशानुमोदनम् ॥

—:o:—

पिकसन्देशमधिकृत्य कोडुंगलूर् कोच्चुण्णिक्षितिपालस्य
आशयविशेषः ।

सामोदानामिह सुमनसां वादमुल्लासहेतो-
र्नश्यज्जाड्यात् पिकललितवाङ्नर्तकीनृत्तरंगात् ।
नानोत्तुङ्गागमगुणकरादत्र जातप्रकाशं
काव्योद्यानं बहुरसमयं कस्य न स्यात् सुखाय ॥

इति कोडुंगलूर्
कोच्चुण्णिक्षितिपालः ।

ത്തിൽ ചുറ്റുന്നതാണ് അവരുടെ പ്രധാനമായ ഉടുപ്പ്. ചിലർ ഒരു മേൽമുണ്ടും ധരിച്ചുവരുന്നുണ്ട്. തോടാജാതിക്കാരുടെ ഉടുപ്പിന്റെ രീതിയും ഇതുതന്നെയാണ്. പക്ഷെ അവരുടെ തുണിക്ക് അല്പം കട്ടിയും വീതിയും കൂടുമെന്നേയുള്ളു. ചില മലച്ചികൾ നായർസ്ത്രീകളെപ്പോലെ തന്നെ സുന്ദരികളാണ്. ഒരു അപരിചിതൻ ഇവരെ ആദ്യമായിക്കണ്ടാൽ കാട്ടുജാതിയിൽ പെട്ടവരാണെന്നു വിശ്വസിക്കുവാൻ പ്രയാസമാണ്. ദുർല്ലഭമെ വിശ്വസിക്കയുള്ളു.

II കൊങ്ങമലയന്മാർ

കുലോല്പത്തി

കൊച്ചിരാജ്യത്തിൽ ചേർന്ന ചിറ്റൂർ താലൂക്കിൽ പാർത്തുവരുന്ന കൊങ്ങ (തമിഴ) മലയന്മാർ കാട്ടുവാസികളിൽ പെട്ട ഒരു ഉപഗോത്രക്കാരാകുന്നു. അവർ കോയമ്പത്തൂർ ജില്ലയിലെ മലകളിൽ നിന്നും വന്നു കുടിയേറിപ്പാർക്കുന്നവരെന്നു നിനയ്ക്കപ്പെട്ടുവരുന്നു. അവർക്ക് അവരുടെ ഉല്പത്തിയെപ്പറ്റി ഇതിഹാസമൊന്നും പറവാനില്ല. അവർ വടക്കൻ ആർക്കാട്, സേലം ഈ ജില്ലകളിലെ കാട്ടുജാതിക്കാരോട് ചേർന്നവരാണെന്നു തോന്നുന്നുണ്ടെങ്കിലും വിശ്വസിപ്പാൻ അധികവും സംഗതി കാണുന്നതു വളരെക്കാലം മുമ്പു നാട്ടിൽനിന്നും കാട്ടിലേക്ക് ഓടിക്കപ്പെട്ട പൂർവ്വികന്മാരുടെ വംശജന്മാരായിരിക്കാമെന്നാണ്. അവർ തമിഴ് സംസാരിച്ചു വരുന്നു.

കല്യാണസമ്പ്രദായം

ഒരു കൊങ്ങമലയനു സ്വഗോത്രത്തിൽ നിന്നും ഭാര്യയെ ഉണ്ടാക്കുവാൻ പാടില്ല. എന്നാൽ അമ്മയുടെ ഗോത്രത്തിൽ നിന്നു വിരോധമില്ല. ജ്യേഷ്ഠാനുജന്മാരുടെ മക്കളും ജ്യേഷ്ഠത്തിയനുജത്തിമക്കളും തമ്മിലും കല്യാണം വിരോധിക്കപ്പെട്ടിട്ടില്ല. ഒരുവനു തന്റെ മകനെ എന്തെങ്കിലും പെണ്ണിനെക്കൊണ്ടു കല്യാണം ചെയ്യിക്കണമെന്നുണ്ടായാൽ, കുട്ടികൾ വളരെ ചെറുപ്പമായിരിക്കുമ്പോൾതന്നെ, അവൻ അവളുടെ മാതാപിതാക്കന്മാരോടു ചോദിക്കയും അവർ അവളെ ആദ്യം ചോദിച്ചവനു കൊടുക്കയും ചെയ്യും. കല്യാണത്തിനു മുമ്പു ചെക്കൻ മരിച്ചുപോയെങ്കിൽ പിന്നെ പെണ്ണിനു ഭർത്താവിനെ കിട്ടാൻ വളരെ ബുദ്ധിമുട്ടേണ്ടിവരും. കല്യാണദിവസം ചെക്കന്റെ അച്ഛൻ എല്ലാ ബന്ധുക്കൾക്കും ഒരു സദ്യ കഴിക്കണം. പെണ്ണിനു ഒരു പുടവ വാങ്ങുവാൻ ഒരുപണവും അതിഥികളെ സല്ക്കരിപ്പാൻ ഒരു പണത്തിനു മദ്യവും കൊടുക്കണം. എന്നാൽ പെണ്ണിനെ ചെക്കനു കൊടുക്കും. കല്യാണം സാധുവായി ഗണിക്കപ്പെടുകയും ചെയ്യും. ഇതാണ് ഇവരുടെയിടയിലെ സാധാരണ കല്യാണരീതി. ചിലേടങ്ങളിൽ താഴെ പറയുന്ന രീതിയും നടപ്പുണ്ട്. വധൂപണം 8 കയാണ്. അതു കല്യാണകാര്യം ഏർപ്പാടു ചെയ്യുമ്പോൾ അവളുടെ അച്ഛനു കൊടുക്കും. പിന്നെ ഒരു നല്ലദിവസം നിശ്ചയിച്ച് വരൻ തന്റെ മാതാപിതാക്കന്മാരോടും ബന്ധുമിത്രങ്ങളോടുംകൂടി വധുവിന്റെ മാടത്തിലേക്കു പോകും. അവർ നല്ലപോലെ സല്ക്കരിക്കണം. അതു കഴിഞ്ഞാൽ വരൻ വധുവിനു കല്യാണപ്പുടവ കൊടുത്തിട്ട് അവളുടെ കഴുത്തിൽ ഒരു മഞ്ഞച്ചരടിന്മേൽ പിച്ചളമോതിരം കോർത്തു കെട്ടിക്കും. അതു കഴിഞ്ഞാൽ ഒരു സദ്യ പതിവുണ്ട്. അതോടുകൂടി കല്യാണകർമ്മം കലാശിക്കയും വധുവിനെ അപ്പോൾ തന്നെ വരൻ കൂട്ടിക്കൊണ്ടു പോകയും ചെയ്യും. കല്യാണശേഷം വധൂവരന്മാർ പ്രത്യേകം

കെട്ടിയുണ്ടാക്കുന്ന മാടത്തിൽ താമസമാക്കി സ്വപ്രയത്നത്താലാണ് ദിവസവൃത്തി കഴിക്കുന്നത്. കുടുംബത്തിലെ പ്രായംചെന്ന മക്കളെല്ലാം ഈ വിധം വേറെ പോയി താമസമാക്കി വരുന്നുവെങ്കിലും മാതാപിതാക്കന്മാർ സ്വപ്രയത്നത്താൽ കഴിഞ്ഞുകൂടുന്നതിന്നു സാധിക്കാതാവുമ്പോൾ അവർ സഹായിച്ചുകൊടുക്കാതിരിക്കില്ല.

പെണ്ണുങ്ങൾക്കു പ്രസവാശൌചം പ്രത്യേകചിട്ടകളൊന്നും പതിവില്ല. കുട്ടിക്കു പേരിടൽ സാധാരണയായി മൂന്നാംമാസത്തിലാണ്. അതിലേക്കു പ്രത്യേകം ദിവസം നോക്കുന്ന പതിവുമില്ല. ഏതെങ്കിലും ഒരു ദിവസം അച്ഛനും അമ്മയും കുളികഴിച്ചു പുതിയ ഉടുപ്പുകൾ ധരിച്ചു കുട്ടിയെ ഒരു മുറത്തിൽ കിടത്തി ഒന്നുപോലെ അടുത്തടുത്തിരിക്കും. അപ്പോൾ കൂട്ടത്തിലുള്ള ഒരു വൃദ്ധൻ(വെളിച്ചപ്പാട്)കുട്ടിക്കു ഒരു പേരു കൊടുക്കും. ഇതിന്നു അവനു ഒന്നുരണ്ടു നാളികേരവും കുറെ പഴവും നാലണയും അവകാശമുണ്ട്. സാധാരണയായി ആണുങ്ങൾക്കിടുന്നതു മല്ലൻമൂപ്പൻ, കറുപ്പൻമൂപ്പൻ, തമ്മാൻ ചടയൻ, വെള്ളി, പിടാരി, കരമല്ലമൂപ്പൻ എന്നും, പെണ്ണുങ്ങൾക്കു കാളി, അരശി, മല്ലി, കാതി, മായാൾ, ചെട്ടിച്ചി, നായിതി എന്നും പേരുകളാണ്. ഇതുകൾ അവർ ആരാധിക്കുന്ന ഭൂതങ്ങളുടെയും പേരുകളാകുന്നു.

അവകാശവും ദായക്രമസമ്പ്രദായവും

ഒരു കൊങ്ങമലയന്റെ സ്വത്തിന്നു അവന്റെ മകനാണ് അവകാശി. ഇരുപതോ മുപ്പതോ മാടങ്ങൾ ഉള്ള ഓരോ പതിക്കും 'മൂപ്പൻ' എന്നു വിളിക്കപ്പെടുന്ന ഓരോ തലവർ ഈ കൂട്ടരുണ്ട്. മൂപ്പന്റെ ജോലി മുതലാളിമാരുടെ ഭൂമിയിൽ ഓരോരുത്തർക്കുള്ള വേല നിശ്ചയിച്ചുകൊടുക്കുകയാണ്. അവൻ എല്ലാ ആവലാതികളും കേട്ടു നിവൃത്തി ചെയ്യുകയും, എല്ലാ തർക്കങ്ങളും തീർച്ചപ്പെടുത്തുകയും, കല്യാണം മരണം മുതലായ ക്രിയകളിൽ ആധ്യക്ഷ്യം വഹിക്കുകയും, എന്നല്ല അവരുടെ യോഗക്ഷേമത്തിന്നു വേണ്ട സകലവും ചെയ്യുകയും വേണം. അവൻ മുതലാളിയുടെ ഒരു കാര്യസ്ഥന്റെ കീഴിലാണ്. കൊച്ചിശ്ശീമയിലെ വടക്കൻദിക്കുകളിൽ ഈ കാര്യസ്ഥൻ ഒരു തമിഴ്ബ്രാഹ്മണനോ നായരോ ആയിരിക്കും. ഇയാൾ മൂപ്പന്റെയും അവന്റെ കീഴിലുള്ളവരുടെയും നടവടികൾക്കു ഉടമസ്ഥന്റെ അടുക്കൽ ഉത്തരവാദം പറയണം. ആരെങ്കിലും ഉടമസ്ഥന്റെ വസ്തുക്കളിൽ നിന്നു ഓടിപ്പോയാൽ ഇയാളും മൂപ്പനും അവനെ പിടിച്ചുകൊണ്ടുവരുവാൻ ബാദ്ധ്യതപ്പെട്ടിരിക്കും. കളവു വ്യഭിചാരം മുതലായതിനെ സംബന്ധിച്ചുള്ള കേസ്സുകൾ ഇവർ രണ്ടുപേരും കൂടി ആലോചിച്ചു തീർച്ചപ്പെടുത്തേണ്ടതും, ഗൌരവമായ കേസ്സുകളിലെ ശിക്ഷ മുതലാളിയോടാലോചിച്ചു കൊടുക്കേണ്ടതുമാണ്.

മതം

കൊങ്ങമലയന്മാർ ആനിമിസ്റ്റുകളാണ്. എന്നാൽ നാട്ടിലെ കീഴ്ജാതിക്കാരായുള്ള സമ്പർക്കത്താലും, അവരുടെ ഉത്സവാഘോഷാദികളിലെ സമുപസ്ഥിതിയാലും സാവധാനം ശ്രേഷ്ഠമായ ആരാധനാക്രമങ്ങൾ അനുകരിക്കുവാൻ തുടങ്ങിവരുന്നുണ്ട്. ചിറ്റൂരും കൊല്ലങ്കോട്ടും മലകളിൽ അന്വേഷണം നടത്തിയതിൽ അവരുടെ താഴെ പറയുന്ന ദൈവങ്ങളുടെ പേരുകളും ആരാധനാസമ്പ്രദായവും അറിവായിരിക്കുന്നു.

1. കരമലമൂപ്പൻ. 4. മനക്കാടത്ത
2. മല്ലമ്പാറയണ്ണൻ 5. പളിയമ്മ
3. നായിതിഅമ്മാൾ 6. കാളി.

ഇതിൽ ആദ്യത്തെയും മൂന്നാമത്തെ

യും ദൈവങ്ങളുടെ പേര് അവർ അധിവസിക്കുന്നതായി വിശ്വസിക്കപ്പെട്ടിരിക്കുന്ന പാറകളുടെ പേരുകളിൽ നിന്നും ഉണ്ടായതാണെന്നു വെളിവാകുന്നു. ഇതുകൾ കലദൈവങ്ങളായിട്ടാണ് നിനക്കപ്പെട്ടിരിക്കുന്നത്. മററു നാലുപേരുകളും കാളിയുടെ പേരുകളാണ്. അതുകൾക്കു വേറെ വിഗ്രഹമില്ല. ചളികൊണ്ടു ചുമരുവെച്ച് മേൽപുരമേഞ്ഞിട്ടുള്ള കുടിലിന്നകത്തു, ചിലപതികളിൽ വൃക്ഷച്ചുവട്ടിലും കരു കല്ലുകളോ കൽക്കുടമോ വെച്ചു അതുകൊണ്ടാണ് ഈ ദൈവതയെ സങ്കല്പിച്ചിരിക്കുന്നത്. മലയന്മാരിൽ ആരെങ്കിലുമൊരുവൻ പൂജാരിവൃത്തി നടത്തുകയും അവൻ വെളിച്ചപ്പാട് തുള്ളി കല്പിക്കുകയും ആ കല്പനകൾ ദൈവകല്പനപോലെ സ്വീകരിക്കപ്പെട്ടു വരികയും ചെയ്യുന്നു. കൊല്ലങ്കോട്ട മലയന്മാർ ഭഗവതിയെയും നാഗസ്വാമിയെയും മുനിയപ്പനെയും കൂടെ ആരാധിക്കുന്നുണ്ട്. ഒരു വൃക്ഷച്ചുവട്ടിൽ സ്ഥാപിക്കുന്ന വിരൂപമായ കല്ലുകൊണ്ടാണ് ഭഗവതിയെ സങ്കല്പിക്കുന്നത്. കുംഭമാസത്തിലെ മൂപ്പെട്ടുവെള്ളിയാഴ്ച ദിവസം നടക്കൽ 62 നാളികേരം പൊട്ടിക്കും. പൂജ ആരംഭിക്കുന്നതിന്നു ഒരു ദിവസം മുമ്പു മുതൽക്കു പതിയിലുള്ള എല്ലാവരും നടക്കൽ കൂടി നൊയമ്പിരുന്നു പാട്ടുപാടിയും കളിച്ചും ഭോജ്യപാകവും കഴിച്ചുകൂട്ടുകയും ഉത്സവദിവസം കാലത്ത് എല്ലാവരും കളിച്ചു ഭക്തിവിശ്വാസങ്ങളോടുകൂടി നടക്കൽ ചെന്നിട്ടു ആട്, മഞ്ഞച്ചോറ്, നാളികേരം, പഴം ഇതുകൾ നിവേദ്യമായി വെച്ചു പൂജിക്കുകയും ചെയ്യും. നാഗസ്വാമി എന്ന ദൈവം സുബ്രഹ്മണ്യനാണ്. ഇത് അവർക്ക് മേൽജാതിക്കാരുടെ അടുക്കൽ നിന്നും കിട്ടിയതാണ്. പാൽ, പഴം, നാളികേരം, ഇതുകളെക്കൊണ്ടാണ് ഈ ദൈവത്തെ പൂജിക്കുന്നത്. മുനിയപ്പൻ ഒരു പൈശാചികദൈവമാണ് ഇത് ആട്, കോഴി, ചോറ് ഈവക സാധനങ്ങളെക്കൊണ്ടുള്ള പൂജകളാൽ മാത്രമേ തൃപ്തിപ്പെടുകയുള്ളൂ.

ശവസംസ്കാരം

ഒരു മലയൻ ചത്താൽ ആ വിവരം അവന്റെ മകനോ മരുമകനോ മുതലാളന്റെ അടുക്കൽ ചെന്നറിയിക്കുകയും അയാൾ നാലൊ എട്ടോ അണ കൊടുക്കുകയും പതിവാണ്. ഇതുകൊണ്ടു കള്ളു വാങ്ങി അവിടെ കൂടിയ മലയന്മാർ എല്ലാവരും കുടിച്ചു മരിച്ചവന്റെ ബഹുമാനസൂചകമായി ചുററുംകൂടി നിന്ന് നിൎത്തം വെക്കുകയും കുറെ കഴിഞ്ഞാൽ വിലപിക്കാൻ തുടങ്ങുകയും മററു പതികളിലുള്ളവർ വരുന്നവരെ ശവത്തെ അവിടെത്തന്നെ കിടത്തുകയും ചെയ്യും. അവർ വന്നാൽ എല്ലാവരുംകൂടി പിന്നെയും നൃത്തം വെയ്ക്കും. ഒന്നോ രണ്ടോ മണിക്കൂറു കഴിഞ്ഞാൽ അവരിൽ ചിലർകൂടി ഒരു മുളമഞ്ചത്തിന്മേൽ ശവം എടുത്തു കൊണ്ടുപോയിട്ടു ഒരേടത്ത് ഒരു കുഴികുത്തി ശവം അതിൽ വെച്ച് കുഴി മണ്ണും കല്ലും ഇട്ടു തൂർക്കുകയും ബാക്കിയുള്ളവരെല്ലാം ഏതാനും വഴി അനുയാത്ര ചെയ്യുതിന്നുശേഷം തിരികെ പോരും. മലയന്മാർ 3 ദിവസം പുല ആചരിക്കും. നാലാം ദിവസം കാലത്ത് ബന്ധുമിത്രങ്ങൾക്കു ഒരു സദ്യ കഴിക്കുകയും എല്ലാവൎക്കും കള്ളു ധാരാളമായി കൊടുക്കുകയും ചെയ്യും. അവർ ശ്രാദ്ധം ഊട്ടുക പതിവില്ല. എന്നാൽ, മററുള്ളവർ സദ്യ കഴിച്ച് ഉണ്ണുന്നാ കൊടുക്കുന്നതിന്നു പകരമായി, കൊല്ലത്തിൽ ഏതെങ്കിലും ഒരു നല്ല ദിവസം ചത്തവന്റെ പ്രേതത്തിന്നു പൂജകഴിക്ക പതിവാണ്.

ചിററൂരും പാലയാറും ദേശങ്ങളിൽ കു

ഷി ചെയ്യുന്നതിലേക്കും മരം മുറിക്കുന്നതിലേക്കും കൊണ്ട് മലയന്മാരെ കൂലിക്കു നിൎത്തിവരാറുണ്ട്. അവർ മുതലാളിമാരുടെ ഭൂമികളിൽ ചാമ കോര മുതലായ ധാന്യങ്ങൾ നട്ടുണ്ടാക്കി പാട്ടം വകയ്ക്ക് ഒരു ഭാഗം കൊടുത്ത് ബാക്കി സ്വന്തം ആവശ്യത്തിലേക്ക് എടുത്തുംവരാറുണ്ട്. മുതലാളിമാരുടെ ദാനത്തിലും ചൊല്ലടിയിലുമാണ് കഴിഞ്ഞുവരുന്നത് എങ്കിലും കളവ് ഭവനഭേദനം തട്ടിപ്പറി ഇതുകൾക്ക അവർ വാസനയുള്ളവരും അതുകൾ പരിശീലിച്ചുവരുന്നവരുമാണ്. സൂക്ഷ്മം പറകയാണെങ്കിൽ ഇവർ കാട്ടുജാതിക്കാരിൽ ചേൎന്നവരല്ലത്രെ.

തൊഴിൽ

ശരീരത്തിന്റെ വളൎച്ചകൊണ്ട് മലയന്മാർ നാട്ടുമലയന്മാരോളം തന്നെ പൊക്കമുള്ളവരും കാടന്മാരെക്കാൾ പൊക്കംകൂടിയവരുമാണ്. നിറംകൊണ്ട് എല്ലാവരും കറുപ്പുതന്നെ. കാടന്മാരെപ്പോലെതന്നെ പരന്ന മൂക്കുകൾക്കും തടിച്ച ചുണ്ടുകൾക്കും താല്പര്യക്കാരുമാണ്. നെറിയും തലയുടെ ആകൃതിയുള്ള ആകൃതിയും വളരെ വിശേഷമായ ഒന്നല്ല. അരയിൽ ഒരു വേഷ്ടിയുടുത്ത് അതിന്റെ മുൻവശത്തുള്ള തല കാലുകളുടെ ഇടയിൽ കൂടിയെടുത്ത് പിന്നിൽ കുത്തുന്നതാണ് അവരുടെ ഉടുപ്പ്. ഇതിനും പുറമെ മേൽമുണ്ടും ഉണ്ടായിരിക്കും. ചിലർ ഒരു കമ്പിളിമടക്കി ചുമലിലും ഇട്ടിരിക്കും. എല്ലാവരും മലിനവസ്ത്രങ്ങൾ ധരിക്കുന്നവരും ആഴ്ചയിൽ ഒരിക്കൽപോലും കുളിക്കാത്ത വൃത്തിഹീനന്മാരുമാകുന്നു. മലമ്പനിയുള്ള പ്രദേശങ്ങളിൽ പാൎപ്പവരാകയാൽ സദാ പനി ഉണ്ടായിക്കൊണ്ടിരിക്കകൊണ്ട് അവർ കായബലമുള്ളവരല്ല. പെണ്ണുങ്ങൾ മെലിഞ്ഞവരും കറുത്തവരുമാണ്. അവർ പിച്ചളകൊണ്ടും പനയോലകൊണ്ടുമുള്ള ചുരുളുകൾ കാതിലും പിച്ചളകൊണ്ടുള്ള ആഭരണങ്ങൾ കഴുത്തിലും ഓടുകൊണ്ടുള്ള മെട്ടികൾ കാലിന്റെ വിരലുകളിലും ധരിക്കുന്നു. തലമുടി എണ്ണ പുരട്ടി ചീകിയിരിക്കാറില്ല. എണ്ണതേച്ചു കുളിക്കുമ്പോൾ മെഴുക്കിളക്കുവാൻ ചളിയോ ചാണകമോ ആണ് തേക്കുന്നത്. വസ്ത്രധാരണം ഒരു മാതിരി കാടത്തികളുടേതുപോലെതന്നെയാണ്. എന്നാൽ അവർ കാട്ടിലുള്ള മറ്റു സഹോദരികളെപ്പോലെ മുഖത്തു *പ്രസന്നതയുള്ളവരല്ല. ദീനക്കാരും ദാരിദ്ര്യവതികളുമാണ്.

ആകൃതി സ്വഭാവം ജീവിതരീതിയും

മംഗളോദയം

ഫാവ്യൻ

പുസ്തകം 6 } കുംഭമാസം { ലക്കം 6

മംഗളം.

വെള്ളം, വെണ്ണീർ, വൃഷം, വൻകരിവരകരിതോലാ, ശ്ശശിത്താധിപാൎത്തൊ-
ട്ടുള്ളോരീനൽക്കൃഷിക്കോപ്പുകളധികമധീനത്തിലുണ്ടായിരിക്കെ
പള്ളിപ്പിച്ചയ്ക്കുഴന്നാളളയ്ക്കുപുരരിപോ! കാട്ടുവെട്ടിത്തെളിച്ചാ-
വെള്ളിക്കുന്നിൽ കൃഷിചെയ്യുക, പണിവതിനെങ്ങുതാൻ സാദ്ധ്യം സഖേദം.

ഇന്ത്യയും ഈജിപ്തും (മിസ്രരാജ്യം)

ഒരവതാരിക

'മിസ്റ്റർ ഗാന്ധിയും അദ്ദേഹത്തിന്റെ അനുഗാമികളുംകൂടി തെക്കെ ആഫ്രിക്കയിലെ ബൂവർ ഗവൎമ്മെണ്ടിന്റെ ന്യായരഹിതങ്ങളായ പ്രവൃത്തികളോടു വെറും മനസ്സുകൊണ്ടുമാത്രം ഈ വിധം മല്ലിട്ടുനിന്നു, പരിഷ്കൃതലോകത്തെ മുഴുവനും അത്ഭുതപരതന്ത്രന്മാരാക്കി, ഇന്ത്യയുടെ വിശിഷ്ടനാമം സർവ്വരാലും ബഹുമാനപുരസ്സരം ഉച്ചരിപ്പിച്ചുകൊണ്ടിരിക്കുന്ന ഇക്കാലത്തും, അനാവധി കാലത്തെ അസ്വാതന്ത്ര്യംമൂലം മലയാളികളിൽ സഹജമായിത്തീൎന്നിട്ടുള്ള ആലസ്യം അല്പമൊന്നു നീങ്ങി തങ്ങളും മനുഷ്യസമുദായത്തിൽ ഉൾപ്പെട്ടവരാണ്, മാതൃദേശീയരാണ്, എന്നൊരു ബോധം അവൎക്കുണ്ടായിട്ടില്ലെങ്കിൽ ഈ പരശുരാമക്ഷേത്രത്തിന്റെ ഗതി ഇനി എന്തായിരിക്കും?' എന്നാണ് സ്വരാജ്യസ്നേഹമുള്ള മലയാളികളുടെ ഉള്ളിൽ ഇപ്പോൾ പ്രബല

മായി നടന്നുവരുന്ന ഒരു പ്രധാന ചോദ്യം. തലയിൽ ചവുട്ടുന്ന കാലുകളെ തലോടിക്കൊടുക്കുന്നതാണ് പൌരുഷം എന്നുള്ള പാഠവിശേഷത്തെ അനവധി ശതാബ്ദങ്ങളായി ഉരുവിട്ടുപഠിച്ചുവരുന്ന കേരളീയർക്ക് ഇപ്പോഴെങ്കിലും ഇങ്ങിനെയൊരു വിചാരം ഉണ്ടായിത്തീർന്നാൽ അതു നല്ലതുതന്നെയാകുന്നു. അതിനാൽ ഇനിയത്തെ ലോകചരിത്രകാരൻ ഇപ്പോൾ തെക്കെ ആഫ്രിക്കയിൽ നടന്നുവരുന്ന സംഭവത്തിന് എത്രതന്നെ പ്രാധാന്യം കൊടുക്കുന്നതായാലും ഇല്ലെങ്കിലും ശരി, മാതൃഭൂമിയെ സ്നേഹിക്കുന്ന ഭാരതീയസന്താനങ്ങൾക്കെല്ലാം എന്നെന്നും കാലത്തും 'ഗാന്ധി'യെക്കുറിച്ചുള്ള സ്മരണ വിജയസാധകമായി മനസ്സിൽ നിലനിന്നുപോരുമെന്നുള്ളതു നിശ്ചിതമാകുന്നു. ഇങ്ങിനെ ആലോചിക്കുമ്പോൾ നമ്മുടെ സർവ്വകലാശാലകളിൽനിന്നു ചരിത്രവിഷയത്തിൽ പാണ്ഡിത്യം നേടി പുറത്തേക്കു കടക്കുന്ന ബുദ്ധിമാന്മാരായ യുവാക്കന്മാർക്ക് അവർ ഉരുവിട്ടുതള്ളിയ പുസ്തകകോടികൾക്കിടയിൽ ഒരൊറ്റ ഗാന്ധിയെ ഇതുവരെ കണ്ടെത്തുവാൻ സാധിക്കാത്തതുകൊണ്ടല്ലേ ഇത്രയും ആത്മാഭിമാനമില്ലാത്ത 'പ്രമാണി'കൾ മലയാളരാജ്യത്തിൽ നിറയപ്പെട്ടുപോയത് എന്നുള്ള സന്ദേഹം തോന്നുന്നു. വിശ്വവന്ദ്യന്മാരായ ഒരു വസിഷ്ഠനേയും ഒരു വാത്മീകിയേയും ഒരു ശ്രീരാമനേയും മറ്റു അത്തരത്തിലുള്ള പലരേയും പെറ്റു വളർത്തുന്നതിന്നു ശക്തിയുണ്ടായിരുന്ന പ്രാചീന ഇന്ത്യക്ക് ഒരു ഗാന്ധിയെക്കൂടി ജനിപ്പിക്കുന്നതിന്നു സാധിക്കാതെ പോയെന്നുള്ളത് ഉണ്ടാകാവുന്നതാണോ? 'അങ്ങിനെയാവില്ല' എന്ന് ആരോ ഉള്ളിൽനിന്നു പറയുന്നതിനെ കേൾക്കുന്നതിന്നുകൂടി നമ്മുടെ പ്രസിദ്ധ പണ്ഡിതന്മാരായ ചരിത്രകാരന്മാർ ഇതേവരെ അനുവദിച്ചിരുന്നില്ല. എന്നാൽ ഉത്സാഹശീലന്മാരായ ഇപ്പോഴത്തെ ചില മാന്യന്മാരുടെ പരിശ്രമഫലമായി, ഭാഗ്യവശാൽ, ഇയ്യിടെയായി നമ്മുടെ അഭിമാനം തീരെ തെറ്റിപ്പോയിട്ടില്ലെന്നു വിചാരിപ്പാൻ മാർഗ്ഗമുണ്ടായിട്ടുണ്ടെന്നാണ് ഈ ചെറിയ ഉപന്യാസത്തിൽ എനിക്കു കാണിപ്പാനുള്ളത്. കണ്ടവർ എഴുതിയ ചരിത്രപുസ്തകങ്ങളെ ഉരുവിട്ടു ജീവനില്ലാതായിത്തീരുന്ന നമ്മുടെ ചെറുപ്പക്കാരായ വിദ്യാർത്ഥികൾക്ക് ആത്മാഭിമാനപ്രദമായ പ്രാചീന ഇന്ത്യയുടെ വാസ്തവചരിത്രം മാതൃഭാഷയിൽത്തന്നെ വായിച്ചുപഠിക്കുന്നതിന്നുവേണ്ട സഹായം പുതിയ 'സാഹിത്യസമാജ'ത്തിൽനിന്നുണ്ടാവാൻ വഴിയുണ്ടെന്നുള്ളത് ഇവിടെ ഞാൻ നന്ദിപൂർവ്വം സ്മരിച്ചുകൊള്ളുന്നു.

ഇനി പ്രസ്തുതവിഷയത്തിൽ പ്രവേശിക്കുന്നതിന്നു മുമ്പായി നമ്മുടെ ഇടയിൽ ചിലർക്കുണ്ടെന്നു കാണുന്ന ഒരു തെറ്റിദ്ധാരണയെക്കുറിച്ചു രണ്ടുവാക്കു പറയേണ്ടിയിരിക്കുന്നു. വിദേശീയരാൽ എഴുതപ്പെട്ട ചരിത്രപുസ്തകങ്ങളെ വേദഗ്രന്ഥങ്ങൾപോലെ പഠിച്ചുകഴിഞ്ഞു സർവ്വജ്ഞന്മാരായതിന്നുശേഷം, മാതൃഭൂമിയുടെ പ്രാചീനകാലത്തെ ഉൽകൃഷ്ടപദവിയെപ്പറ്റി മറ്റു ചിലർ പറഞ്ഞുകേൾക്കുന്നതൊക്കെ വെറും മിത്ഥ്യാപ്രലാപമാണെന്നു തീർച്ചപ്പെടുത്തി, കഴിഞ്ഞ കാലങ്ങളെപ്പറ്റി ആലോചിക്കുന്നതുതന്നെ നമുക്ക് അപമാനഹേതുകവും തന്മൂലം ശക്തിനാശകവുമാണെന്നു ശേഷമുള്ളവരോടു ചില മഹാന്മാർ ഉപദേശിക്കുന്നു. മറ്റു ചിലർ, അങ്ങിനെയല്ല, പുരാതനകാലങ്ങളിൽ ഇന്ത്യാരാജ്യം എത്രയെങ്കിലും ഹീനനിലയിൽ നിന്നിരുന്നു എന്നു

സമ്മതിച്ചാലും ഇടക്കാലങ്ങളിൽവെച്ച് അതിന്റെ സർവ്വതോമുഖമായ അധഃപതനം ഇന്ത്യയും ചുവട്ടിൽ എത്തിപ്പോയിട്ടുള്ള സ്ഥിതിക്ക് ആ വക 'പഴമയും പറഞ്ഞു പടിക്കൽ ഇരുന്നതു'കൊണ്ടു കാര്യമെന്താണെന്നു നമ്മുടെ വളരെ കാര്യമായി ചോദിക്കുന്നു. ഈ രണ്ടുകൂട്ടരുടേയും മനോഗതികൾ തമ്മിൽ ഗണ്യമായ ഒട്ടപ്പം കാണാനുണ്ടെന്നുള്ളതു മനുഷ്യർക്ക് ആലോചിച്ചാൽ അറിയാവുന്നതാണല്ലോ. അവരുടെ അഭിപ്രായം രണ്ടും രണ്ടായ ദിക്കിൽനിന്നു പുറപ്പെട്ടവയുമാണ്. ഈ രണ്ടു കൂട്ടരേയും അനുകരിക്കുവാൻ ബദ്ധപ്പെടുന്നവർ സ്വാമി വിവേകാനന്ദർ ഒരിടത്തു പറഞ്ഞിട്ടുള്ളതായ താഴെ കാണുന്ന ഭാഗം മനസ്സിരുത്തി വായിച്ചാൽ കൊള്ളാമെന്ന് അപേക്ഷയുണ്ട്. 'കഴിഞ്ഞ കാലങ്ങളിലേക്കു നോക്കുന്നതു വെറുതെയാണെന്നും അതു നമ്മെ അധഃപതിപ്പിക്കുക മാത്രമേ ചെയ്യൂ എന്നും ഞാൻ പലപ്പോഴും കേട്ടിട്ടുണ്ട്. അതു വാസ്തവമല്ല. ഭൂതത്തിൽനിന്നാണ് ഭാവിയുടെ ജനനം. അതിനാൽ, നിങ്ങൾക്ക് എത്രകണ്ടു സാധിക്കുമോ അത്രകണ്ട്, പിന്നിലേക്കു നോക്കുവിൻ! എന്നിട്ടു മുന്നോട്ടു കണ്ണു തുറക്കുവിൻ!, മുമ്പോട്ടു നേരെ നടക്കുവിൻ; അങ്ങിനെ ഈ ഇന്ത്യയെ മുമ്പൊരിക്കലും ഉണ്ടായിട്ടില്ലാത്ത വിധം അത്രയും പ്രകാശമാനവും, ഉൽകൃഷ്ടവും, ഉന്നതവും ആക്കിത്തീർക്കുവിൻ! നമ്മുടെ പൂർവ്വികന്മാർ മഹാന്മാരായിരുന്നു. അതു ഒന്നാമതായി നാം ഓർമ്മവെയ്ക്കണം. നാമൊക്കെ എവിടെനിന്നുണ്ടായി, നമ്മുടെ സിരാചക്രത്തിൽക്കൂടി ഗതാഗതം ചെയ്യുന്ന രക്തം എങ്ങിനെയുള്ളതാണ്, അതു നമ്മൾ അറിഞ്ഞിരിക്കണം. ആ രക്ത വിശേഷത്തിലും, അതിന്റെ പൂർവ്വകാലങ്ങളിലും, നമുക്ക് വിശ്വാസമുണ്ടായിരിക്കണം. ആ വിശ്വാസത്തിൽനിന്നു, പ്രാചീനകാലത്തെ ഉൽകൃഷ്ടസ്ഥിതിയെക്കുറിച്ചുള്ള ആ ഉദ്ബോധനയിൽനിന്നും, മുമ്പുണ്ടായിട്ടുള്ളതിലും എത്രയോ മഹത്തരമായ ഒരിന്ത്യാരാജ്യത്തെ നമുക്കുണ്ടാക്കണം. നാശവും അധഃപതനവും ഉണ്ടായിട്ടുള്ള കാലമുണ്ട്. ഞാനതു കാര്യമാക്കുന്നില്ല. ആ വക കാലങ്ങളെക്കൊണ്ട് ആവശ്യമുണ്ട്. ഒരു വമ്പിച്ച വൃക്ഷം ചന്തമുള്ള പഴുത്ത കായയെ ജനിപ്പിക്കുന്നു. അതു നിലത്തു കൊഴിയുന്നു, അതു നശിച്ചു മണ്ണടിച്ചുപോകുന്നു; ആ മണ്ണിൽനിന്നു പിന്നത്തെ മരം പുറപ്പെടുന്നു, പക്ഷേ, അതു മുമ്പിലത്തേതിലും ശക്തിയുള്ള മരമായിത്തീരുന്നു. അതിനാൽ ഈ കഴിഞ്ഞ ഇന്ത്യയുടെ നാശകാലത്തിൽനിന്നാണ് വരുവാൻപോകുന്ന ഇന്ത്യയുടെ ജനനം.' സ്വാമികളുടെ ഈ ഉപദേശത്തെ മുൻനിർത്തിക്കൊണ്ട് ഇന്ത്യയുടെ പണ്ടത്തെ മഹിമയെപ്പററി നമുക്ക് പര്യാലോചിക്കുക.

കപ്പൽ കയറിക്കൂടാ, അടുക്കളവിട്ടു പുറത്തു കടന്നുകൂടാ, അവരെ തൊട്ടുകൂടാ, ഇവരെ തൊട്ടുകൂടാ എന്നുവെച്ചു ഭയപ്പെടുന്നതിനാണ് ഇപ്പോൾ ആളുകൾ ശ്രമിക്കുന്നതെങ്കിലും നമ്മുടെ പുരാതനഗ്രന്ഥമായ ഋഗ്വേദത്തിന്റെ കാലത്ത് അന്നുള്ളവർ, 'ശൂരരായ കപ്പിത്താന്മാരേ! വരുവിൻ! ഞങ്ങളോടുകൂടിയിരിപ്പിൻ! സുദാസന്റെ കുതിരയെ അഴിച്ചുവിട്ട് അദ്ദേഹത്തിനുവേണ്ടി സമ്പത്തുകളെ സമ്പാദിക്കുവിൻ! കിഴക്കും പടിഞ്ഞാറും വടക്കുമുള്ള ശത്രുക്കളെ അവിടുന്നു വധിക്കട്ടെ' എന്നിങ്ങനെ ഘോഷിച്ചുകൊണ്ടു നിർഭയന്മാരും ഉത്സാഹശീലന്മാരുമായി ലോകത്തിന്റെ നാനാഭാഗങ്ങളിലും തങ്ങളുടെ സാമ്രാജ്യക്കൊടി നാ

ഷ്ടിച്ചുപ്പിയ്ക്കുന്നതിന്നായിരുന്നു നോക്കിയിരുന്നത്. അതിൽ, ആ ഋഗ്വേദത്തിൽ, തന്നെ മറ്റൊരു ഭാഗത്തു വസിഷ്ഠനും വരുണനുംകൂടി കപ്പൽ യാത്ര ചെയ്തിട്ടുള്ളതായി പറഞ്ഞിരിയ്ക്കുന്നു. ഒന്നാം മണ്ഡലത്തിൽ 116-ാം സൂക്തത്തിൽ "തുഗ്രൻ" എന്നുപേരായ, രാജാവ്, അദ്ദേഹത്തെ പലപ്പോഴും ബുദ്ധിമുട്ടിച്ചുവന്ന ചില ശത്രുജനങ്ങൾ താമസിച്ചിരുന്ന ഒരു ദ്വീപിനെ പിടിച്ചടക്കുവാൻ "ഭുജ്യു" എന്നു പേരായ തന്റെ മകന്റെ കീഴിൽ ഒരു വലിയ സൈന്യത്തെ കപ്പൽമാർഗ്ഗമായി പറഞ്ഞയച്ചു എന്നും ആ സമുദ്രമദ്ധ്യത്തിൽ വെച്ചു മുങ്ങിപ്പോയി എന്നും എന്നാൽ ആ കപ്പലിലുണ്ടായിരുന്നവരെയെല്ലാം അശ്വികൾ അവരുടെ കപ്പലിൽക്കയറ്റി രക്ഷപ്പെടുത്തി എന്നും പറയുന്നു. സ്മൃതികർത്താക്കളിൽ പ്രധാനിയായ മനു, "സമുദ്രയായി വണിചതെളികാകൂടകാരകഃ" എന്നിങ്ങിനെ സമുദ്രയായിയെ കരെ നീചസ്ഥിതിയിലുള്ളവരോടു കൂട്ടിച്ചേർത്തിരുന്നുവെങ്കിലും സമുദ്രയാനത്തിന്നുള്ള കൂലി ഇന്നിന്നവിധമായിരിയ്ക്കണമെന്നു നിയമപ്പെടുത്തുന്നുണ്ട്. കപ്പൽവഴി കച്ചവടം ചെയ്തുവരുന്ന വണിക്കുകൾക്കു ധനസഹായം ചെയ്യേണ്ടതിന്നുള്ള നിയമം ഇന്നതെന്നു യാജ്ഞവല്ക്യസംഹിത പറയുന്നു. രാമായണം,* മഹാഭാരതം, വരാഹപുരാണം, പത്മപുരാണം, കഥാസരിൽസാഗരം, ദശകുമാരചരിതം, എന്നല്ല പല ബൗദ്ധഗ്രന്ഥങ്ങളിലും, സമുദ്രയാനം ചെയ്തു ചെല്ലേണ്ടവയായി ഇന്ത്യ വിട്ടു എത്രയോ ദൂരത്തു കിടക്കുന്ന രാജ്യങ്ങളിൽ പണ്ടത്തെ കാലങ്ങളിൽ ഹിന്തുക്കൾ പ്രവേശിച്ചിരുന്നതായി അവിടവിടെ പറയുന്നുണ്ട്. ടാസിറ്റസ് (Tacitus),* ആറിയൻ (Arrian) പ്ലൈനി (Pliny) ഫാഹിയൻ (Fahian) മുതലായ പല വിദേശീയരും പ്രാചീന ഹിന്തുക്കൾ അവരുടെ സ്വന്തം കപ്പലുകളിൽ സമുദ്രയാത്ര ചെയ്തിരുന്നതായി നമുക്കു പറഞ്ഞുതരുന്നു. ബർമ്മ, സയാം, ഇന്ത്യൻ ആർക്കിപ്പെലഗോ, കാംബോഡിയ, ബോർണ്യോ, ഫോർമോസ, ചൈന, ജപ്പാൻ, ഗ്രീസ്സ്, റോം, അർമീനിയ, ടർക്കിസ്ഥാൻ എന്നിങ്ങിനെ ലോകത്തിന്റെ നാനാഭാഗങ്ങളും വ്യാപിച്ചതായിരുന്നു പ്രാചീനകാലത്തെ ഭാരതസാമ്രാജ്യമെന്ന് ഇപ്പോൾ പല പാശ്ചാത്യപണ്ഡിതന്മാരും സമ്മതിച്ചു കഴിഞ്ഞിരിയ്ക്കുന്നു.* ഹിന്തുക്കളുടെയും മതവിശ്വാസങ്ങളുടെയും സാമുദായികാചാരങ്ങളുടെയും അവശിഷ്ടങ്ങൾ പല ദൂരരാജ്യങ്ങളിലും മറഞ്ഞുകിടപ്പുള്ളതായും കേൾക്കുന്നു. ഇങ്ങിനെ, നാലുപുറവും കണ്ണുമിഴിച്ചു നോക്കുന്നവർക്ക്, നമ്മളെപ്പോലെ കുഴിമടിയന്മാരല്ലായിരുന്നു, നമ്മുടെ പൂർവ്വികന്മാരെന്നും ഉൽക്കർഷേച്ഛുക്കളായ അവർ സമുദ്രലംഘനം പാപകരമായി വിശ്വസിച്ചിരുന്നില്ലെന്നും കാണിയ്ക്കുന്ന ചില വിശ്വാസനീയങ്ങളായ തെളിവുകളും കാണാവുന്നതാകുന്നു. ഇത്രയും പറയേണ്ടിവന്നത്, ഇക്കാലപ്പോലെ അത്യധികം ദൂര

* വാനരസേനയെ സീതാന്വേഷണത്തിന്നയയ്ക്കുമ്പോൾ സുഗ്രീവൻ, 'ദ്വീപുകളെയും പർവ്വതങ്ങളെയും' മറ്റും വിവരിച്ചിരിയ്ക്കുന്നതിനെ പറഞ്ഞുകാണുന്നു

'യത്നവന്തോ യവദ്വീപം സപ്തരാജ്യോപശോഭിതം
സുവർണ്ണരൂപ്യകം ദ്വീപം സുവർണ്ണാകരമണ്ഡിതം'

എന്നിങ്ങിനെ മറ്റോരോ രാജ്യങ്ങളെ വെച്ചു സൂചിപ്പിയ്ക്കുന്നതെല്ലാം. 'യവ'വും 'സുവർണ്ണരൂപ്യക'വും ഇപ്പോഴത്തെ ജാവയും സുമാത്രയും തന്നെയല്ലേ? ഇങ്ങിനെ മേൽപ്പറഞ്ഞ മറ്റോരോ പുസ്തകങ്ങളിൽ പല രാജ്യങ്ങളെയും പറ്റി പറയുന്നതു കാണാവുന്നതാകുന്നു.

* ഇംഗ്ലീഷുകാരിൽ ഉള്ളവർ മുമ്പു മഹാഭാരതത്തിന്റെ മഹത്വവും ...യുടെ ... ഉള്ള ... വിശേഷതകളെ ആരാധിച്ചിരുന്നവരത്രെ. ബാരൺഹംബോൾട്ടിന്റെ (Baron Hambold) അഭിപ്രായത്തിൽ അതു ഹിന്തുക്കളുടെ വിദ്യാഭ്യാസം ഇംഗ്ലീഷുകാർ കണ്ടുപഠിച്ചതാകുന്നു. ഇങ്ങിനെ പല പാശ്ചാത്യപണ്ഡിതന്മാരുടെയും അഭിപ്രായം ഇവിടെ ഉദ്ധരിയ്ക്കാവുന്നതാണ്.

ണ്ടു കിടക്കുന്ന ഒരു രാജ്യത്തിൽ വൈദികകാലത്തെ ഹിന്തുക്കൾ കടന്നുചെന്നിരുന്നതായി പറയുമ്പോൾ ജാതിഭ്രഷ്ടുള്ള ഒരു കാര്യം അവർ ചെയ്തിട്ടില്ലെന്നും ഇതെല്ലാം വെറും നുണയാണെന്നും ചിലർ വേഗത്തിൽ വിധി കല്പിക്കുന്നതിനു വഴിയുണ്ടെന്നു സംശയിച്ചുമാത്രമാകുന്നു. ഇവക മിത്ഥ്യാബോധങ്ങളാണ് നമ്മുടെ കണ്ണുകളെ തുറന്നുനോക്കുവാൻ അയയ്ക്കാത്തത്. അതൊന്നു മാറുവാൻ ശ്രമിക്കുക; അങ്ങിനെ ചെയ്യുന്നതുകൊണ്ട് ദോഷമൊന്നും വരാനില്ല നിശ്ചയം.

ഇത്രയും ഒരവതാരികപോലെ പറഞ്ഞുവെച്ച് ഇനി വരുന്ന ലക്കംമുതൽ ഇന്ത്യയും ഈജിപ്തും തമ്മിലുള്ള അടുപ്പത്തെപ്പററി കഴിയുന്നതും വ്യക്തമായി വിവരിപ്പാൻ ശ്രമിക്കാം.

നാലപ്പാട്ട് നാരായണമേനോൻ.

ഹരിണാക്ഷി.

(തുടർച്ച)

V

ഹരിണാക്ഷി യൌവനയുക്തയായ, ഒരു സുന്ദരിയായിരുന്നതിനാൽ അവൾ തന്നെ ഒരു കുടിലിൽ രാത്രി കഴിക്കുന്നതു യുക്തമല്ലല്ലോ. അതുകൊണ്ടു വല്ല ആപത്തും നേരിട്ടേക്കാമെന്നു മാത്രമല്ല, ദുഷ്കീർത്തിക്കുംകൂടി ഇടവരികയും ചെയ്യും. അവരുടെ കുടിലിന്നടുത്തു "അമല" എന്ന ഒരു പാൽക്കാരത്തി താമസിച്ചിരുന്നു. മൂന്നു കുട്ടികളോടുകൂടിയ ഒരു വിധവയായിരുന്നു ഈ സ്ത്രീ. വിശിഷ്യ അവൾ വളരെ സത്സ്വഭാവിയും ആയിരുന്നു. അതുകാരണം തന്നെ ഹരിണാക്ഷി അവളുടെ ഇഷ്ടം സമ്പാദിച്ചു. രാത്രികാലങ്ങൾ അവരൊന്നിച്ച് ആ വീട്ടിൽ കഴിച്ചുകൂട്ടിവന്നു.

ഒരു ദിവസം 'അമല' പുറത്തു പോയി മടങ്ങി എത്തിയപ്പോൾ ഹരിണാക്ഷിയോടു ഇങ്ങിനെ പറഞ്ഞു. "നീ ഒരു വിശേഷവർത്തമാനം കേട്ടുവോ? പുരന്ദരൻ എന്നൊരാൾ രാജ്യംവിട്ടു പോയിരുന്നു. എട്ടു കൊല്ലത്തിനുശേഷം അവൻ ഇപ്പോൾ മടങ്ങി എത്തിയിരിക്കുന്നുവത്രെ". ഈ വർത്തമാനം കേട്ടപ്പോൾ ഹരിണാക്ഷിക്കുണ്ടായ വികാരങ്ങൾ അനിർവ്വചനീയങ്ങളായിരുന്നു. തന്റെ കണ്ണിൽ വെള്ളം നിറഞ്ഞതു് 'അമല' കാണേണ്ടെന്നു വിചാരിച്ച് അവൾ മുഖംതിരിച്ചു. തന്റെ അവസാനത്തെ ആശകൂടി നശിച്ചു എന്നു ഹരിണാക്ഷിക്കു തോന്നി. പുരന്ദരൻ തന്നെ മറന്നിരിക്കുന്നു എന്ന് അവൾ ഉറപ്പിച്ചു. അല്ലെങ്കിൽ അവൻ മടങ്ങിവരുമോ? ഭഗവാ മറന്നാൽത്തന്നെ എന്താണ്? ഹരിണാക്ഷി മറ്റൊരുത്തന്റെ ഭാര്യയല്ലേ? എങ്കിലും തന്റെ മനസ്സിൽ എന്നും കെടാതെ തെളിഞ്ഞു കത്തിക്കൊണ്ടിരുന്ന ആ വിളക്കുകൂടി ദുഷ്കാലകൊടുങ്കാറ്റടിയേറ്റ് കെട്ടുപോയല്ലോ എന്ന് അവൾ വ്യസനിച്ചു. അല്പം കഴിഞ്ഞ് അവൾ ഇങ്ങിനെ വിചാരിച്ചു "അദ്ദേഹം ഒരു സമയം എന്നെ മറന്നിരിക്കയില്ല. എ

ത്ര കാലമായി വീട്ടിൽനിന്നുപോയിട്ട്? വിശേഷിച്ച് അദ്ദേഹത്തിൻെറ അച്ഛനും ഇവിടെ മരിച്ചിരിക്കുന്നു. അദ്ദേഹം മടങ്ങിവരേണ്ടത് എത്രയും ആവശ്യമായിരിക്കുന്നു." പിന്നെയും വിചാരിച്ചു "ഞാൻ വളരെ നീചയാണ്. ഒരു കുലടയാണ്. വിവാഹം ചെയ്തു കഴിഞ്ഞ ഞാൻ എന്തിനു പുരന്ദരനെപ്പററി വിചാരിക്കുന്നു. അതുതന്നെ നീചത്വവും നിന്ദ്യവും അല്ലേ"

അമല:—എന്താ! നീ പുരന്ദരനെ അറിയില്ലേ. ആ സുചിന്ദ്രൻെറ മകൻ പുരന്ദരൻ. അയ്യോ, നീ അറിയില്ലായിരിക്കും.

ഹരിണാക്ഷി:—ഉവ്വ് ഞാൻ കുറേശ്ശ ഓർക്കുന്നുണ്ട്.

അമല:—അതേ. അവൻ മടങ്ങി വന്നിരിക്കുന്നു. വലിയ പണക്കാരനായിട്ടാണത്രെ എത്തിയിരിക്കുന്നത്. വളരെ കപ്പലുകൾ നിറച്ചു ദ്രവ്യം ഉണ്ടെന്നു കേട്ടു. ഇത്ര സമ്പത്തു ഈ രാജ്യത്ത് ആരും കണ്ടിട്ടുംകൂടി ഇല്ലെന്നാണ് ജനങ്ങൾ സംസാരിക്കുന്നത്.

എന്തോ അസൂയയോട എതാണ്ടടുപ്പമുള്ള ഒരു വികാരം ഹരിണാക്ഷിയെ ബാധിച്ചു. അവൾ ഇപ്പോൾ എത്ര ദരിദ്രയാണ്. പഴയ നിശ്ചയപ്രകാരമാണെങ്കിൽ പുരന്ദരൻെറ ഈ അളവററ സ്വത്തിനെല്ലാം അധികാരി അവളായിരുന്നേനെ. ദാരിദ്ര്യം ദുസ്സഹംതന്നെ. പ്രത്യേകിച്ചു ധനികനു വരുന്ന ദാരിദ്ര്യം ഏററവും ദുസ്സഹംതന്നെ. തൻെറ തല്ക്കാലാവസ്ഥയും പുരന്ദരനെ വിവാഹം ചെയ്തിരുന്നാൽ അനുഭവിക്കുമായിരുന്ന സുഖസ്ഥിതിയും കൂടി താരതമ്യപ്പെടുത്തി നോക്കിയപ്പോൾ ഹരിണാക്ഷിയുടെ മനസ്സു തകർന്നുപോയി. ഈ സ്ത്രീകൾ സാധുക്കളെയാണല്ലോ. കുറെ നേരം അവൾ ചിന്താമഗ്നയായിരുന്നു. പിന്നെ സംഭാഷണവിഷയം മറെറാന്നാക്കിത്തിരിച്ചു. അന്നുരാത്രി കിടക്കുവാൻ പോകുന്നതിനുമുമ്പു ഹരിണാക്ഷി പെട്ടന്ന് അമലയോടു ഇങ്ങിനെ ചോദിച്ചു. 'അല്ലാ അമലേ! പുരന്ദരൻെറ വിവാഹം കഴിഞ്ഞുവോ. ഭാര്യയുംകൂടി വന്നിട്ടുണ്ടോ?'. അമലയുടെ ഉത്തരം അവളെ കുറെ സമാധാനപ്പെടുത്തി. 'ഇല്ല. അദ്ദേഹം വിവാഹം കഴിച്ചിട്ടില്ല' എന്നാണ് അവൾ പറഞ്ഞത്. ഹരിണാക്ഷിക്കു വല്ലാത്ത ഒരു സന്തോഷമുണ്ടായി. അവൾക്കു കുറെക്കൂടി ചോദ്യങ്ങൾ ചോദിക്കണമെന്നുണ്ടായിരുന്നു. അവൾക്ക് അന്നുരാത്രി ഉറക്കം വന്നില്ല. സന്തോഷകരങ്ങളും ഭയങ്കരങ്ങളും ആയ പലവിധ സ്വപ്നങ്ങളാൽ അവൾക്കു സുഖനിദ്ര സാധിച്ചില്ല. പ്രഭാതത്തിനു കുറച്ചുമുമ്പ് അവൾ ക്ഷീണിച്ചുതളർന്ന് അല്പം ഉറങ്ങി. സാധു! ഭൂതത്തിൽനിന്ന് എത്ര വ്യത്യാസപ്പെട്ടതാണ് വർത്തമാനം. വർത്തമാനവും ഭാവിയും തമ്മിൽ ഇതുപോലെ തന്നെ വ്യത്യാസപ്പെട്ടിരിക്കുന്നു. മൂന്നു കാലത്തെയും യോജിപ്പിക്കുന്ന ആ ശക്തി ഏതാണ്. അല്ലയോ! ദിവ്യവും അദൃശ്യവും അവർണ്ണനീയവും ആയ ആ ശക്തി എന്തുതന്നെ ആയിരുന്നാലും അതിനെ ലോകം എന്തെല്ലാം വിധത്തിലെല്ലാം വ്യാഖ്യാനിച്ചാലും നാമകരണം ചെയ്താലും ഹാ! അതിൻെറ ശക്തി എല്ലാവരിലും പ്രവർത്തിക്കുന്നുണ്ട്. എല്ലാം അതിനധീനം തന്നെ.

VI

കുറെ ദിവസങ്ങൾ കഴിഞ്ഞു. ഒരു നാൾ സന്ധ്യക്ക് 'അമല' പുറത്തുനിന്നു വന്നപ്പോൾ അവളുടെ മുഖത്തു നിരുപദ്രവ

കർമ്മാരന്മാരിലും അപകടകരമായ ഒരു പുഞ്ചിരിയുണ്ടായിരുന്നു. അവൾ ഫരിണാക്ഷിയോട് ഇങ്ങിനെ പറഞ്ഞു. 'അല്ലേ ഫരിണീ! നിന്റെ സ്വഭാവം കുറെശ്ശെ എനിക്കു മനസ്സിലായിത്തുടങ്ങി. നിന്റെ സദാചാരത്തെപ്പററി ഇപ്പോൾ എന്റെ അഭിപ്രായം എന്താണെന്നാണ് നീ വിചാരിക്കുന്നത്'.

ഫരിണാക്ഷി—എന്താ ഞാൻ ഇയ്യിടെ ഒന്നു വിശേഷമായി ചെയ്തത്?

അമല—നീ എന്തേ എന്നോടു ഇതുവരെ അതൊന്നും പറയാഞ്ഞത്?

ഫരി—എന്തു പറയാഞ്ഞതു. എന്താ ഉണ്ടായതു പറയുവാൻ.

അമല—പുരന്ദരനും നീയുംതമ്മിൽ വലിയ കൂട്ടുകെട്ടാണെന്ന്.-എന്താ കള്ളി ഞാനും അറിയില്ലെന്നോ!

ഫരിണാക്ഷിയുടെ മുഖം നാണംകൊണ്ടു തിരിഞ്ഞു എങ്കിലും കുശലമായ കോപത്താൽ അനുകപ്പോടെ ഒന്നു ചിരിച്ചു.

ഫരി—അവർ എന്റെ കുട്ടിക്കാലത്തു ഞങ്ങളുടെ അയൽവക്കക്കാരായിരുന്നു. അല്ലാതെ ഒന്നും ഇല്ല.

അമല—വെറും അയൽവക്കം അല്ല ആട്ടെ! ഇങ്ങോട്ടു നോക്ക്! ഞാൻ എന്താണ് കൊണ്ടുവന്നിരിക്കുന്നത്. ഇതാ! നോക്ക്!.

ഇപ്രകാരം പറഞ്ഞുംകൊണ്ട് 'അമല' ഒരു ചെറിയ പെട്ടിതുറന്നു നവരത്നഖചിതമായ ഒരു വലിയ മാല എടുത്തു ഫരിണാക്ഷിയെ കാണിച്ചു. അവൾ വിസ്മയിച്ചു. അതിന്റെ കാന്തികന്ദളത്താൽ അവളുടെ കണ്ണുകൾ മഞ്ഞളിച്ചുപോയി. ധനദാസന്റെ പുത്രി നല്ല കല്ല്യാണാട്ടുകാരിയുംകൂടി ആയിരുന്നു. അവൾ പരിഭ്രമിച്ച് ഇപ്രകാരം ചോദിച്ചു. 'ഇത് ഒരു മഹാരാജാവിന്റെ സമ്മാനമായിരിക്കണം. നിനക്ക് ഇത് എവിടെ നിന്നുകിട്ടി.' അമല 'പുരന്ദരൻ നിനക്കായിട്ടു തന്നയച്ചതാണ്. നീ എന്റെ കൂടെ താമസിക്കുന്നു എന്ന് അവൻ എങ്ങിനെയോ അറിഞ്ഞു.

ഫരിണാക്ഷി കുറച്ചുനേരം ആലോചനയിൽ മുഴുകിനിന്നു. ആ മാല വാങ്ങിച്ചാൽ അവളുടെ സകല ആശകളും തീരുമെന്ന് അവൾക്കറിയാമായിരുന്നു. ഒരു ലക്ഷപ്രഭുവിന്റെ ഏകസന്താനമായി ജീവിച്ചിരുന്ന ഫരിണാക്ഷി ഇപ്പോൾ അത്യഗാധമായ ദാരിദ്ര്യത്തിൽ വീണു തലതല്ലുന്നു! അവളുടെ ആശ വർദ്ധിച്ചു. എങ്കിലും ഒരു ദീർഘശ്വാസം വിട്ടുകൊണ്ട് 'അമലേ! ഇതു മടക്കിക്കൊടുത്തേക്ക്! എനിക്കു വേണ്ടെന്നു പറഞ്ഞേക്ക്!' എന്ന് അമലയോടു പറഞ്ഞു. 'നിനക്കെന്തായിപ്പോയി, തലതിരിഞ്ഞോ! പുത്തിപോയോ! അതോ ഞാൻ പറഞ്ഞതിൽ വിശ്വാസമില്ലേ!' എന്ന് ആശ്ചര്യത്തോടും ദേഷ്യത്തോടുംകൂടി അമല ചോദിച്ചു. ഫരിണാക്ഷി സാവധാനത്തിൽ 'ഇല്ല അമലേ! നീ പറഞ്ഞത് എനിക്കു വിശ്വാസമാണ്. എന്റെ ബുദ്ധിക്കു ന്യൂനതയും ഇതുവരെ ഒന്നും വന്നിട്ടില്ല. എങ്കിലും എനിക്ക് ഈ സമ്മാനം ആവശ്യമില്ല' എന്ന് ഉത്തരം പറഞ്ഞു.

അമല അവളോടു വളരെ നേരം തർക്കിച്ചു. പക്ഷേ എല്ലാം വൃഥാവിലായതേയുള്ളു. ഫരിണാക്ഷി മാല തീരെ ഉപേക്ഷിച്ചു. ഒടുവിൽ അമല ആ മാല ആ രാജ്യത്തെ രാജാവായ 'മാധവദേവ'നു വിറ്റു കിട്ടിയ പണവുംകൊണ്ടു വീട്ടിലേക്കു കടന്നു. ഈ വർത്തമാനം അവൾ ആരെയും അറിയിച്ചതുമില്ല.

കുറെ ദിവസങ്ങൾ പിന്നെയും കഴിഞ്ഞു. ഒരു ദിവസം പ്രഭാതത്തിൽ പുരന്ദ

ഷ സുയ്യൻ രാജ്യത്തിന്റെ ഗുണത്തിനുവേണ്ടി നദികളുടെ സംഗമസ്ഥലം അവിടെനിന്നു മാററി വേറെ ഒരു സ്ഥലത്താക്കിത്തീൎത്തു. വളരെ നീളമുള്ള ഒരു അണയിട്ടു മഹാപത്മമെന്ന തടാകത്തിലെ വെള്ളം കെട്ടിനിൎത്തി കൃഷി ചെയ്യത്തക്കതായ അനേകം ഭൂമികൾക്ക് ഉപയോഗമുള്ളതാക്കിത്തീൎത്തു. ഇപ്രകാരം ആ പ്രദേശങ്ങളിൽ വളരെ ഗ്രാമങ്ങൾ ഉണ്ടാവാനിടയായിത്തീൎന്നു. മുമ്പു ജലപ്രവാഹംകൊണ്ടു മുങ്ങിക്കിടന്നിരുന്നതാണ് പ്രദേശങ്ങളെല്ലാം. സുയ്യന്റെ മേൽ വിവരിച്ച പ്രവൃത്തികൾകൊണ്ടു കൃഷി ചെയ്യത്തക്കവയും ധാന്യസമൃദ്ധിയുള്ളവയും ആയിത്തീൎന്നു. വളരെ പണ്ടത്തുള്ള ഉഗ്രസർപ്പതുല്യങ്ങളായ അനേകശാഖാനദികളെ തന്റെ ശാസനയ്ക്ക് അധീനമാക്കി സുയ്യൻ അനേകം പുഴത്തോടുകൾ തീൎപ്പിച്ച് അവയിൽകൂടി എല്ലാനഗരങ്ങളിലേയ്ക്കും ഗ്രാമങ്ങളിലേയ്ക്കും പുഴവെള്ളം കൊണ്ടുവന്നു. അതുനിമിത്തം ഗ്രാമജനങ്ങൾക്കു വെള്ളം കിട്ടാൻ മഴയുടെ ആശ്രയം വേണ്ടിവന്നില്ല. ഏതൊരു ഗ്രാമത്തിൽ എപ്പോഴെങ്കിലും ജലദുർഭിക്ഷം ഉണ്ടാവുകയോ അല്ലെങ്കിൽ വയലുകൾക്കു വെള്ളം ആവശ്യമായി വരികയോ ചെയ്താൽ അപ്പോഴെല്ലാം പുഴത്തോടുകളിൽകൂടി വെള്ളം വിട്ടു ജനങ്ങൾക്കു ജലസമൃദ്ധിയുണ്ടാക്കിക്കൊടുത്തു. ഇപ്രകാരം തന്റെ ജീവിതം മുഴുവനും സ്വദേശസേവയ്ക്കായിക്കൊണ്ട് ഉഴിഞ്ഞുവെച്ച സുയ്യൻ കാശ്മീരവാസികളായ ജനങ്ങളുടെ ഏററവും പ്രീതിഭാജനമായി ഭവിച്ചു. സുയ്യന്റെ സേവാബലംകൊണ്ടും ത്യാഗശക്തികൊണ്ടും കാശ്മീരരാജ്യം ധനധാന്യസമൃദ്ധിയുള്ളതായിത്തീൎന്നു. ദുർഭിക്ഷം യാത്രപറഞ്ഞ് ആ രാജ്യംവിട്ടു ദൂരെപ്പോയി. സുഭിക്ഷം ആ രാജ്യത്തിൽ വന്നു സ്ഥിരമായി കുടികൊണ്ടു. പുതിയതായ അനേകം ഗ്രാമങ്ങൾ ധാന്യസമൃദ്ധിയുള്ള വയലുകളുടെ മദ്ധ്യത്തിൽ ശോഭിച്ചുതുടങ്ങി. ഒരു പറ നെല്ല് ഒന്നര ഉറുപ്പിക വിലയ്ക്കു കിട്ടാൻ കഴിഞ്ഞതുകൊണ്ടു കാശ്മീരത്തിലെ ജനങ്ങൾക്ക് അതിയായ ആനന്ദം ഉണ്ടായി.

വിതസ്താനദി മഹാപത്മതടാകത്തിൽനിന്നു പുറത്തേയ്ക്കു ഒഴുകുന്ന സ്ഥലത്തിന്നടുത്തായി മനോഹരമായ ഒരു നഗരം പണിചെയ്യിച്ചു തന്റെ പോററമ്മയായ പാച്ചിയുടെ പേര് എന്നെന്നേയ്ക്കും നിലനിൎത്തുവാൻവേണ്ടി സുയ്യൻ ആ പട്ടണത്തിനു "സുയ്യാനഗരം" എന്ന പേരുകൊടുത്തു. അതിനുംപുറമെ പോററമ്മയുടെ നേരെ തനിക്കുള്ള ബഹുമാനസൂചകമായി "സുയ്യകുണ്ഡലം" എന്നപേരായി ഒരു ഗ്രാമം നിൎമ്മിച്ച് അതിനെ ബ്രാഹ്മണൎക്കു ദാനംചെയ്യുകയും "സുയ്യാസേതു" എന്നപേരായി വിശേഷമായ ഒരു അണ കെട്ടിക്കുകയും ചെയ്തു.

കാശ്മീരവാസിജനങ്ങളെല്ലാം സുയ്യന്റെ നാമധേയത്തെ ഈശ്വരന്റെ നാമമെന്നപോലെ ഭക്തിവിനയപൂൎവ്വം ഉച്ചരിക്കാൻ തുടങ്ങി. ജനങ്ങൾ സുയ്യനെ തങ്ങളുടെ സ്വന്തകുടുംബക്കാരിൽ ഒരുവനെപ്പോലെ കരുതിപ്പോന്നു. രാജാവിന്റെ അനുഗ്രഹംകൊണ്ടു സുയ്യന്റെ ദാരിദ്ര്യം ദൂരെപ്പോയി എങ്കിലും തന്റെ സ്വത്തു മുഴുവനും സ്വദേശഗുണത്തിനുവേണ്ടി ഉപയോഗിച്ചതല്ലാതെ അവൻ ഒരിക്കലും തന്റെ സുഖവിലാസങ്ങൾക്കുവേണ്ടി ചിലവാക്കിയില്ല.

ധനം, മാനം, യോഗ്യത, മുതലായ ഗുണങ്ങൾകൊണ്ടു സുയ്യൻ കാശ്മീരത്തിൽ ഒരു പ്രധാനപുരുഷനായി വന്നു എങ്കിലും

ന്റെ ഒരു വേലക്കാരി ഹരിണാക്ഷിയുടെ അടുക്കൽ വന്നു ഇപ്രകാരം പറഞ്ഞു. 'നിങ്ങൾ ഇവിടെ ഈ കുടിലിൽ ഇത്രയം ദീനാവസ്ഥയിൽ താമസിക്കുന്നതു കണ്ടു് എന്റെ എജമാനൻ വളരെ വ്യസനിക്കുന്നു. നിങ്ങൾ അദ്ദേഹത്തിന്റെ ബാല്യത്തിലെ ചങ്ങാതിയല്ലേ. നിങ്ങളുടെ അച്ഛന്റെ വീടു് അദ്ദേഹത്തിനു സ്വന്തം വീടുപോലെ ആയിരുന്നു. നിങ്ങളെ അദ്ദേഹത്തിന്റെ വീട്ടിലേക്കു ക്ഷണിക്കുവാൻ തല്ക്കാലം എന്തായാലും നിവൃത്തിയില്ലല്ലോ. അതുകൊണ്ടു നിങ്ങളുടെ അച്ഛന്റെ വീടു കടക്കാരിൽനിന്നു വീണ്ടെടുത്തു. മനസ്സുള്ളപക്ഷം, നിങ്ങൾക്കു് തരേണ്ടതാണെന്നു് അദ്ദേഹം വിചാരിക്കുന്നു. അതു സ്വീകരിക്കണമെന്നു് അദ്ദേഹം അപേക്ഷിക്കുകയും ചെയ്യുന്നു.' ഹരിണാക്ഷിക്കു ദാരിദ്ര്യം സാരമുണ്ടായിരുന്നില്ല. അവളുടെ മനസ്സു് അതുകൊണ്ടു് അശേഷം ഇടിഞ്ഞിരുന്നില്ല. പക്ഷെ തന്റെ കുട്ടിക്കാലത്തു കളിച്ചുവളൎന്ന ആ ഭവനംകൂടി ഇപ്പോൾ ഇല്ലാതായല്ലോ എന്നായിരുന്നു അവളുടെ വലിയ ദുഃഖം. അതു അവൾക്കു് എപ്പോഴും ദുസ്സഹമായിരുന്നു. തന്റെ കുട്ടിക്കാലം താൻ സുഖമായി കഴിച്ചതും തന്റെ അച്ഛനമ്മമാർ അവരുടെ അവസാനകാലങ്ങൾ നയിച്ചതുമായ ആ ഭവനത്തിൽ കിടന്നു മരിക്കുന്നതിനുകൂടി സാധിക്കാതെവരുമോ എന്നായിരുന്നു അവളുടെ വലിയപേടി. ആ വീടിനെക്കുറിച്ചു വിചാരിച്ചാൽ മതി, ഹരിണാക്ഷി കരഞ്ഞുതുടങ്ങും.

ആ സ്ഥിതിക്കു് ഇങ്ങിനെ ഒരു അപേക്ഷ കിട്ടിയപ്പോൾ അവൾക്കു സന്തോഷത്താൽ കണ്ണുനീർ താനെ പുറപ്പെട്ടു. അവൾ ആ വേലക്കാരിയോടു വളരെ നന്ദിപറഞ്ഞു. 'ഈ സമ്മാനം സ്വീകരിക്കുന്നതു് ഉചിതമല്ലെന്നു് എനിക്കറിയാം. എങ്കിലും എനിക്കു എന്റെ പഴയ വീടിനോടുള്ള സ്നേഹം നശിക്കുന്നില്ല. അതിനാൽ അദ്ദേഹത്തിന്റെ ഈ ദാനം ഞാൻ സ്വീകരിച്ചിരിക്കുന്നു. നിന്റെ എജമാനൻ ചിരഞ്ജീവിയും ഭാഗ്യവാനുമായി ഭവിക്കട്ടെ' എന്നു് അവൾ ആ വേലക്കാരിയോടു താഴ്മയോടെ സംസാരിച്ചു. വേലക്കാരി യാത്ര പറഞ്ഞുപോയി. അമല ഇതെല്ലാം കേട്ടുകൊണ്ടുനിന്നിരുന്നു. അവൾ അമലയോടു് 'എനിക്കുതന്നെ ആ വീട്ടിൽ താമസിക്കുവാൻ സാധിക്കയില്ല. അതുകൊണ്ടു് അമലകൂടി എന്റെ ഒന്നിച്ചുവരണം' എന്നു് അപേക്ഷിച്ചു. അമല അതിനു സമ്മതിക്കുകയും ചെയ്തു. പിറേറന്നു് അവരെല്ലാവരും ഹരിണാക്ഷിയുടെ പഴയ വീട്ടിലേക്കു മാറിപ്പാൎത്തു. എങ്കിലും, അനാവശ്യമായി പുരന്ദരന്റെ ഭവനത്തിൽ പോകരുതെന്നും അവിടുന്നു ഒന്നും വാങ്ങിക്കരുതെന്നും ഹരിണാക്ഷി അമലയോടു പ്രത്യേകം പറഞ്ഞേല്പിച്ചു.

പഴയ ഭവനത്തിൽ താമസം തുടങ്ങിയതിനുശേഷം ഹരിണാക്ഷിക്കു നില മനസ്സിലാകാതെ ഒരു സംഗതിയുണ്ടായിരുന്നു. അതു് അമലയുടെ പണത്തിനുള്ള പ്രയാസമില്ലായ്മതന്നെ. ഒരു ദിവസം അമല ഹരിണാക്ഷിയോടു് ഇപ്രകാരം പറഞ്ഞു. 'അല്ലയോ ഹരിണീ! നീ ഇനി അശേഷം വ്യസനിക്കേണ്ടാ. പണമില്ലെന്നു വിചാരിച്ചു നീ വിഷാദിക്കേണ്ടാ. നീ ഇനി കൂലിവേലക്കും മററും പോകുകയും വേണ്ടാ. എനിക്കു രാജാവിന്റെ കൊട്ടാരത്തിൽ ഒരു ജോലിയുണ്ടു്. ധാരാളം സമ്പാദ്യവും ഉണ്ടു്. ഇവിടത്തെ കാൎയ്യങ്ങളെല്ലാം ഞാൻ നടത്തിക്കൊള്ളാം. എങ്കിലും നീ എന്നും എന്റെ എജമാനത്തിയായിത്തന്നെ ഇരി

ട്ടുണ്ടു്. ഹരിണാക്ഷിക്കു് ഇതിന്റെ സാരം മുഴുവൻ മനസ്സിലായില്ല. പക്ഷേ കാര്യമാണെങ്കിൽ അമലയുടെ വാക്കിൽ ധാരാളം കാണുന്നുണ്ടു്. ഹരിണാക്ഷിക്കു പലവിധത്തിലുള്ള ദുശ്ശങ്കകൾ തോന്നിത്തുടങ്ങി. എങ്കിലും ഒന്നും തെളിഞ്ഞില്ല. എല്ലാം സംഗതിപോലെ വരട്ടെ എന്നു വിചാരിച്ചു സമാധാനിച്ചു ഹരിണാക്ഷിയും സ്വസ്ഥയായിരുന്നു.

VII

ഹരിണാക്ഷിയുടെ വിവാഹം കഴിഞ്ഞിട്ടു കൊല്ലം ഒന്നു കഴിഞ്ഞു. ഒന്നാം കൊല്ലം തികയുന്ന മേടമാസം ഒന്നാം തിയ്യതി ആയി. ഒരു ദിവസം വൈകുന്നേരം അവൾ ഇതിനെപ്പറ്റി ഗാഢമായി ആലോചിച്ചുംകൊണ്ടും ഇനി വരാൻ പോകുന്ന സംഭവങ്ങളെപ്പറ്റി അറിയുവാൻ പരിശ്രമിച്ചുകൊണ്ടും വിചാരമഗ്നയായി ഇരിക്കുകയായിരുന്നു. നേരം സന്ധ്യയായി. പക്ഷികൾ തങ്ങളുടെ കൂടുകൾ തേടിത്തുടങ്ങി. അന്ധകാരം പതുക്കെ പരന്നു തുടങ്ങി. നിശ്ശബ്ദത ദിക്കെങ്ങും വ്യാപിച്ചു. അമല വീട്ടിലേക്കു മടങ്ങി എത്തീട്ടില്ല. വിചാരമഗ്നയായ ഹരിണാക്ഷിയിൽനിന്നു് അവൾ അറിയാതെതന്നെ അവളുടെ വിചാരങ്ങൾ വാക്കുകളായി പുറപ്പെട്ടുതുടങ്ങി. 'കലശത്തിന്റെ കല്പനപ്രകാരം നാളെ എനിക്കു വിവാഹമോതിരം ധരിക്കാം. എങ്കിലും ഞാൻ അതു ധരിക്കണോ? എന്താണു് ആവശ്യം? എന്തു ഗുണമാണു് എനിക്കു കിട്ടുവാനിരിക്കുന്നതു്? എന്റെ ഭർത്താവിനെ അതുകൊണ്ടു കാണുവാൻ സാധിക്കുമായിരിക്കുമോ! പക്ഷേ എനിക്കു് എന്തുവേണം അദ്ദേഹത്തെ കണ്ടിട്ടു്? എന്തിനാണു് എന്റെ മനസ്സിൽ എപ്പോഴും മറ്റൊരാളുടെ സ്വരൂപം കളിയാടുന്നതു്! അല്ലയോ! ചപലമായ മനസ്സേ! നിന്റെ ധിക്കാരം ദുസ്സഹം തന്നെ. ആ മായ വേഗത്തിൽ മാച്ചുകളയുക. അല്ലെങ്കിൽ ഞാൻ മഹാപാതകി ആയിത്തീരും'. ഇത്രയും ആയപ്പോൾ അമല പരിഭ്രമത്തോടും ഭയത്തോടുംകൂടി ഓടി അകത്തെത്തി.

അമല — ഇതു നല്ല രസംതന്നെ. എനിക്കിതിന്റെ അർത്ഥം മനസ്സിലാകുന്നില്ല. ഇനി എന്തെല്ലാമാണാവോ സംഭവിക്കുവാൻ പോകുന്നതു്.

ഹരിണാക്ഷി — ഉം; എന്താ സംഗതി.

അമല — കണ്ടില്ലേ അനാവധി ദാസന്മാരോടും ദാസിമാരോടുംകൂടി നിന്നെ രാജമന്ദിരത്തിലേക്കു കൊണ്ടുപോകുന്നതിനു മഹാരാജാവ് ഒരു പല്ലക്കയച്ചിരിക്കുന്നതു്.

ഹരിണാക്ഷി — അമലേ: വിഡ്ഢി! നിനക്കു ഭ്രാന്താണോ! എന്നെ രാജമന്ദിരത്തിലേക്കു കൊണ്ടുപോകയോ! നല്ലകഥ! എന്തു കാര്യത്തിനാണു് ഈ പാപിയായ പിച്ചക്കാരത്തിയെ പല്ലക്കിൽ കൊണ്ടുപോകുന്നതു്!

ഇത്രയും പറഞ്ഞപ്പോഴേക്കും രാജാവിന്റെ ദാസികളിൽ ഒരുവൾ ഹരിണാക്ഷിയുടെ സമീപത്തെത്തി. അവൾ ഇപ്രകാരം പറഞ്ഞു. 'മാധവദേവമഹാരാജാവു ദീർഘായുഷ്മാനായി ഭവിക്കട്ടെ. ഹരിണാക്ഷിയെ തൽക്ഷണം രാജസന്നിധിയിൽ പ്രവേശിപ്പിക്കേണമെന്നു് ആ തിരുമേനി കല്പനയായിരിക്കുന്നു. പല്ലക്കും ആളുകളും തയ്യാറുണ്ടു്. വേഗം പുറപ്പെടുകതന്നെ'. ഹരിണാക്ഷി വല്ലാതെ പരിഭ്രമിച്ചു് അല്പനേരം സ്തംഭിച്ചുനിന്നുപോയി. രാജകല്പനക്കെതിരില്ലെന്നു് അവൾക്കു് അറിയാം. അവൾ ഉടനെ പുറപ്പെട്ടു. പ്രത്യേകിച്ചു മാധവദേവരാജാവ് സത്യസന്ധനും

ധൎമ്മിഷ്ഠനും സദാചാരനിഷ്ഠയോടുകൂടിയവനും ദയാലുവും ആണെന്ന് അവൾ ധരിച്ചിരുന്നു. അതുകൊണ്ട് അശേഷം ഭയപ്പെടാതെ തന്നെ അവൾ പുറപ്പെട്ടു. രാജാവ് സദ്വൃത്തനായിരുന്നു എന്നുമാത്രമല്ല, അനാഥകളായ അബലകളെ പ്രത്യേകവാത്സല്യത്തോടുകൂടി പരിപാലിക്കുന്നതിനു സദാജാഗരൂകനും ആയിരുന്നു. "അമ്മേ! നീ കൂടി പോരണം. ഞാൻ രാജസന്നിധിയിൽ എത്തി എന്റെ നിഷ്കളങ്കമായ രാജഭക്തിയും സത്യനിഷ്ഠയും പ്രദൎശിപ്പിക്കുന്നതിനു തീൎച്ചപ്പെടുത്തി. അതോടുകൂടി എന്റെ ഭയവും തീൎന്നു."

അമല ഒന്നിച്ചു ഹരിണാക്ഷി പല്ലക്കിൽ കയറി രാജമന്ദിരത്തിലേക്കു പുറപ്പെട്ടു. വളരെ ആഡംബരത്തോടുകൂടിയാണ് അവളെ രാജഭൃത്യന്മാർ കൊണ്ടുപോയത്. ഒരു ഭടൻ അവൾ എത്തിയ വിവരം രാജാവിനെ ധരിപ്പിച്ചു. ദാസികൾ അവളെ രാജസന്നിധിയിൽ പ്രവേശിപ്പിച്ചു. എന്തിനാണ് തന്നെ വരുത്തിയതെന്നു അശേഷം അറിയാതെ ഹരിണാക്ഷി പരിഭ്രമിച്ചു. എങ്കിലും യാതൊരു ദുരുദ്ദേശത്തോടുംകൂടിയല്ലെന്ന് അവൾക്ക് നല്ല ഉറപ്പുണ്ടായിരുന്നു. വിശേഷിച്ചു അവൾ അവിടെ കണ്ടതും കേട്ടതും അനുഭവിച്ചതുമെല്ലാം അവളിൽ അത്ഭുതകരമായ ഒരു സന്തോഷത്തെ അല്ലാതെ ഉൽക്കണ്ഠയോടുകൂടിയ ഭയത്തെ ഉല്പാദിപ്പിക്കത്തക്കവയായിരുന്നില്ല.

VIII

മാധവദേവരാജാവിന്റെ പ്രശാന്തഗാംഭീൎയ്യഭാവം ഹരിണാക്ഷിയെ അത്യധികം ആകൎഷിച്ചു. അരോഗദൃഢഗാത്രനായിരുന്ന അദ്ദേഹത്തിന്റെ വിശാലമായ നെറ്റിത്തടം താൻ ഒരു ബുദ്ധിശാലിയാണെന്നും, ഉയൎന്നു ഉരുണ്ട കണ്ണുകൾ താനൊരു ധീരനായ യോദ്ധാവാണെന്നും തെളിയിച്ചു. അന്തഃപുരവാസിയായ ഒരു ഹിന്ദുയുവതിക്ക് ഇപ്രകാരമുള്ള പുരുഷകേസരികളെ കാണുവാൻപോലും സാധിക്കുന്നതല്ല. തന്റെ അന്തഃപുരത്തിൽകൂടി ഇത്രയും രൂപലാവണ്യമുള്ള തരുണീമണികൾ ഇല്ലെന്ന് അവളെ കണ്ട ക്ഷണത്തിൽ രാജാവിനും ബോദ്ധ്യംവന്നു. ഗൌരവം അശേഷം വിടാതെ രാജാവു ഹരിണാക്ഷിയെ സൂക്ഷിച്ചുനോക്കി ഇപ്രകാരം ചോദ്യം ചെയ്തു.

രാജാവ്:—നീയാണോ ഹരിണാക്ഷി?

ഹരിണാക്ഷി:—അടിയൻ അവിടുത്തെ ദുഷ്പ്രജയായ ദാസി ഹരിണാക്ഷി ആണ്.

രാജാ:—ഞാൻ നിന്നെ വരുത്തിയത് എന്തിനാണെന്ന് അറിയാമോ? നീ നിന്റെ വിവാഹം നടന്ന ആ രാത്രി മറന്നുവോ.

ഹരി—തിരുമേനി! അടിയൻ മറന്നില്ല.

രാജാ—അന്നുരാത്രി ആനന്ദസാമി നിനക്കു തന്ന ആ മോതിരം ഇപ്പോഴും കൈവശം ഇല്ലേ?

ഹരി—തിരുമേനി! അത് അടിയന്റെ പക്കൽ ഉണ്ട്. പക്ഷെ അതെല്ലാം എത്രയും ഗോപ്യമായി നടന്ന സംഗതികൾ ആണല്ലോ. തിരുമേനിക്കു ആ കാൎയ്യം എങ്ങിനെ ബോധിപ്പാൻ ഇടയായെന്ന് അടിയൻ അറിയുന്നില്ല.

രാജാ—ആ മോതിരം എവിടെ ഇവിടെ തരു.

ഹരി—അത് അടിയൻ വീട്ടിൽ വെച്ചിരിക്കയാണ്. അതൊക്കെയും തികയുന്നതിന് ഇനിയും ഒന്നുരണ്ടു മണിക്കൂർ കൂടി കഴിയണം അതിനുമുമ്പ് അടിയ

ന്ന് അതു ധരിക്കുവാൻ അർഹതയില്ല.

രാജാ—ആട്ടെ കൊള്ളാം. ആനന്ദസ്വാമി നിന്റെ ഭർത്താവിനു കൊടുത്ത മോതിരം കണ്ടാൽ നിനക്ക് തിരിച്ചറിയാമോ?

ഹരി—രണ്ടു മോതിരങ്ങളും എല്ലാംകൊണ്ടും ഒരുപോലെ ആയിരുന്നു. അതുകൊണ്ട് അടിയന്ന് എളുപ്പത്തിൽ തിരിച്ചറിവാൻ സാധിക്കുന്നതാണ്.

രാജാ—ഇതാ നോക്ക്! ഇതാണോ ആ മോതിരം?

ഹരി—മഹാരാജാവേ! തീർച്ചയായും ഇത് എന്റെ ഭർത്താവിന്റെ മോതിരമാണ്. ഇതു തിരുമേനിക്ക് എങ്ങിനെ കിട്ടി എന്ന് അടിയന്നു മനസ്സിലാകുന്നില്ല. ഈ മോതിരം കണ്ടതുകൊണ്ട് അടിയൻ ഒരു വിധവയാണെന്ന് അനുമാനിക്കേണ്ടിവരുന്നു. അടിയന്റെ ഭർത്താവിന്റെ മരണാനന്തരം ഈ മോതിരം നാട്ടാചാരപ്രകാരം (ഉടമസ്ഥർ ഇല്ലാത്ത മുതൽ പണ്ടാരവക) തിരുമേനിയുടെ കൈവശം വന്നതാണെന്ന് അടിയൻ വിശ്വസിക്കുന്നു. ജീവനോടെ ഉണ്ടെങ്കിൽ അടിയന്റെ ഭർത്താവ് ഈ മോതിരം കൈവിടുവാൻ വഴിയില്ല തീർച്ചതന്നെ.

രാജാ—(ചിരിച്ചുകൊണ്ട്) അല്ലയോ സ്ത്രീരത്നമേ! എന്റെ വാക്ക് വിശ്വസിച്ചാലും നീ ഒരു വിധവയല്ല.

ഹരി—എന്നാൽ അടിയന്റെ ഭർത്താവ് അടിയനെക്കാൾ വലിയ ദാരിദ്ര്യത്തിൽ പെട്ടു വലയുന്നവനായിരിക്കണം. നിവൃത്തിയില്ലാത്ത ഘട്ടത്തിൽ അദ്ദേഹം അത് വിററിരിക്കണം. കഷ്ടം!

രാജാ—നേരെ മറിച്ച് നിന്റെ ഭർത്താവു വലിയ ധനവാനാകുന്നു.

ഹരി—എന്നാൽ തിരുമേനിക്ക് ഈ മോതിരം കിട്ടിയത് ഒന്നുകിൽ ശക്തി ഉപയോഗിച്ചിട്ടോ, അല്ലെങ്കിൽ ചതിപ്രയോഗംകൊണ്ടോ ആയിരിക്കണം.

രാജാ—(അൽഭുതത്തോടുകൂടി) നീ അശേഷം കഥയില്ലാത്ത ഒരു സ്ത്രീയാണെന്നതിനു സംശയമില്ല. മാധവദേവരാജാവു കള്ളനും ചതിയനും ആണെന്ന് ഇതുവരെ ആരും പറഞ്ഞിട്ടില്ല.

ഹരി—ക്ഷമിക്കണം. എന്നാൽ ആ മോതിരം എങ്ങിനെ തിരുമേനിക്കു ലഭിച്ചു.

രാജാ—ആനന്ദസ്വാമി നിന്റെ വിവാഹദിവസം രാത്രി എന്റെ കൈവിരലിൽ ചേർത്ത മോതിരമാണിത്.

ഹരി—(നാണിച്ചു തല താഴ്ത്തിക്കൊണ്ട്) അല്ലയോ മഹാരാജാവേ! അവിടത്തെ ദാസിയുടെ അപരാധങ്ങൾ പൊറുത്തരുളേണമേ! അവിടന്ന് അരുളിച്ചെയ്ത പോലെ അടിയൻ കഥയില്ലാത്ത ഒരു പെണ്ണാകുന്നു. അറിവില്ലായ്മയാൽ ചെയ്ത അപരാധങ്ങൾ തിരുവുള്ളം തെളിഞ്ഞു ക്ഷമകല്പിക്കേണമേ?

താൻ മാധവദേവരാജാവിന്റെ മഹിഷിയാണെന്നു കേട്ടഹരിണാക്ഷി അത്ഭുതപരവശയായി. എങ്കിലും അതുകൊണ്ട് അവൾക്ക് അശേഷം അഹങ്കാരമോ സന്തോഷമോ ഉണ്ടായില്ല. നേരെ മറിച്ച് അതു കേട്ടപ്പോൾ അവളുടെ മനസ്സിടിഞ്ഞു കുറെ നേരം അന്ധയായി നിന്നു. അവളുടെ മനസ്സു പലവിധമായ ചിന്തകളാൽ ഇളകപ്പെട്ടു. "ഇത്രകാലവും ഞാൻ പുരന്ദരനിൽനിന്നു വേർപ്പെട്ടിരുന്നു എങ്കിലും ഇതുവരെയും ഞാൻ ആരെയും വിവാഹം ചെയ്തിട്ടുണ്ടായിരുന്നില്ല. അന്യോന്യാനുരാഗമില്ലാതുള്ള ദമ്പതികളുടെ ശോചനീയാവസ്ഥ എന്തെന്ന് ഇപ്പോൾ എനിക്കു കഷ്ടമേ! അറിയേണ്ടിവന്നു. വിശേഷിച്ച് എന്റെ മനസ്സിനെ ഞാൻ മനസ്സുകൊണ്ടു വരിച്ചിട്ടുള്ള എന്റെ ഭർത്താവു പുരന്ദരൻ ആകുന്നു. ഞാൻ എങ്ങിനെ മറെറാരുത്തനെ സ്വീകരിക്കും. ഞാൻ ഏതു വിധം മറെറാരുത്തന്റെ ഭാര്യയായിതീർന്ന് അവന്റെ വൈമനസ്യത്തിനു കോടാലിയായി കഴിയും?" ഇപ്രകാരം ഹരിണാക്ഷി പലതും ആലോചിച്ചുംകൊണ്ടു നില്ക്കുമ്പോൾ രാജാവ് അവളെ നോക്കി ഇപ്രകാരം പറഞ്ഞു.

രാജാ—ഹരിണാക്ഷീ! നീ എന്റെ ഭാൎയ്യയാകണം. നിന്നെ സ്വീകരിക്കുന്നതിന്നു മുമ്പ് എനിക്കു നിന്നോടു ചില ചോദ്യങ്ങൾ ചോദിപ്പാനുണ്ട്. നീ ഭയപ്പെടാതെ അവയ്ക്കെല്ലാം ഉത്തരം പറയണം. നീ വടക്കുകൂടി കൊടുക്കാതെ എന്തു കാരണത്തിന്മേലാണ് പുരന്ദരന്റെ വീട്ടിൽ താമസിക്കുന്നത്? നിന്റെ ഇഷ്ടയായ അമല എന്തിനാണ് എപ്പോഴും പുരന്ദരന്റെ വീട്ടിൽ പോയ്ക്കൊണ്ടിരിക്കുന്നത്.

ഹരിണാക്ഷി ലജ്ജിച്ചു മുഖം താഴ്ത്തി. ഉണങ്ങിയ പനിനീർപ്പൂപോലെ അവളുടെ മുഖം വിളറി. അധോമുഖിയായി ഉത്തരം പറയുന്നതിന്നു ശക്തിയില്ലാതെ കുറെ നേരം നിശ്ചേഷ്ടയായി നിന്നു. "ഇദ്ദേഹത്തിന്നു അറിവാൻ പാടില്ലാത്തതു് ഒന്നും ഇല്ലല്ലോ ദൈവമേ" എന്നു് അവൾ മനസ്സിൽ ആലോചിച്ചു.

രാജാ—ഇതിലും ഗൌരവമേറിയ സംഗതി ഇനിയും ഉണ്ട്. ചോദിക്കാം. വിവാഹം കഴിഞ്ഞു യൌവനയുക്തയായ നീ എങ്ങിനെ ആണ്, എന്തിനാണ്, പുരന്ദരനിൽനിന്നു വളരെ വിലപിടിച്ച ഒരു രത്നമാല സമ്മാനമായി സ്വീകരിച്ചത്.

ഇത്തവണ ഹരിണാക്ഷിക്കു ശ്വാസം നേരെ വീണു. അവൾ തല ഉയർത്തി ധൈൎയ്യം അവലംബിച്ച് ഇപ്രകാരം മറുവടി പറഞ്ഞു.

ഹരി—തിരുമേനി സൎവ്വജ്ഞനല്ലെന്നു അടിയനു ഇപ്പോൾ ബോദ്ധ്യമായി. അടിയൻ മാല സ്വീകരിക്കാതെ തിരിച്ചയക്കുകയാണ് ചെയ്തതു്.

രാജാ—അങ്ങിനെ അല്ല. നീ അതു് എനിക്കു വില്ക്കുകയാണുണ്ടായതു്. ഇതാണ് ആ മാല. അല്ലേ! സൂക്ഷിച്ചു നോക്കൂ!

ഹരി—(പരിഭ്രമത്തോടും ഭയത്തോടുംകൂടി) തിരുമേനീ! അടിയനാണോ ഈ മാല തിരുമേനിക്കു വിറ്റതു്?

രാജാ—അല്ല. നിന്റെ ദാസിയും, ദൂതിയും ആയ അമലയാണ് വിറ്റതു്. ഞാൻ അവൾക്കു് ആളെ അയയ്ക്കട്ടെ?

ഹരി—(തന്നെ വളരെ സഹായിച്ച അമലയെ കഷ്ടപ്പെടുത്തുന്നതു പാപമെന്നു കരുതിക്കൊണ്ട്) വേണ്ട. അടിയൻ കുറ്റം സമ്മതിക്കുന്നു. അടിയന്റെ ആവശ്യവും ഉപദേശവുംപ്രകാരമാണ് അവൾ ആ മാല വിറ്റതു്. അടിയൻ കുറ്റക്കാരത്തിതന്നെ.

ഈ ഉത്തരം കേട്ടു രാജാവു് വളരെ അത്ഭുതപ്പെട്ടു.

രാജാ—സ്ത്രീകളുടെ മനോഗതികൾ അറിയുന്നതിന്നു വളരെ പ്രയാസംതന്നെ. വിവാഹം കഴിഞ്ഞ നീ എങ്ങിനെയാണ് ആ സമ്മാനം സ്വീകരിച്ചതു്. ഇനിയും ആ ചോദ്യത്തിന്നു നീ ഉത്തരം പറഞ്ഞിട്ടില്ല

ഹരി—അദ്ദേഹത്തിന്ന് എന്റെ നേരെ തോന്നിയിട്ടുള്ള അകൈതവവും അഗാധവും ആയ ഭ്രാത്രനുരാഗത്തിന്റെ ഒരു ചെറിയ സൂചകമായി ഞാൻ ആ ദാനം മനസ്സോടെ സ്വീകരിച്ചു

രാജാവിന്റെ അത്ഭുതം പതിന്മടങ്ങു വൎദ്ധിച്ചു.

രാജാ—എന്താ നീ പറഞ്ഞതു്? എന്തുമാതിരി അനുരാഗത്തെപ്പററിയാണ് നീ ഘോഷിക്കുന്നതു്?

ഹരി—അല്ലയോ മഹാരാജാവേ! അടിയൻ നിസ്സാരയും നീചയും ആയ ഒരു സ്ത്രീയാകുന്നു. അടിയൻ തിരുമേനിയുടെ ഭാൎയ്യയാകുന്നതിന് അൎഹതയില്ല. അടിയൻ എന്നും അവിടത്തെ ദാസിയും അടിമയും ആകുന്നു. വിടകൊള്ളുന്നതിന്ന് അടിയനെ ദയവായി അനുവാദം തരണം. തിരുമേനി അടിയനെ വിവാഹം ചെയ്ത കാൎയ്യം മറന്നുകളയണം. അങ്ങിനെ ഒരു സംഭവം ഉണ്ടായിട്ടില്ലെന്നു തിരുമേനി എല്ലാ വിധത്തിലും മനസ്സിനെ സമാധാനപ്പെടുത്തണം'.

ഹരിണാക്ഷി രാജാവിനെ തൊഴുതു രാജസന്നിധിയിൽനിന്നു പോക

വാൻ ആരംഭിച്ചു. അതു കണ്ടു, രാജാവിന്റെ, അതുവരെ വിവിധവികാരങ്ങളാൽ വികൃതമായിരുന്ന, മുഖം ഒരു ഇളം പുഞ്ചിരിയാൽ പരിശോഭിതമായി. സഹിക്കവയ്യാതെ രാജാവു പൊട്ടിച്ചിരിച്ചു. ചിരികേട്ട ഹരിണാക്ഷി പിന്തിരിഞ്ഞു നോക്കി. അപ്പോൾ രാജാവ് അവളെ നോക്കി മൃദുസ്വരത്തിൽ സ്നേഹഭാവത്തോടെ ഇപ്രകാരം പറഞ്ഞു.

രാജാവു—ഹരിണാക്ഷി! ഭവതി എന്നെ നിശ്ശേഷമായും തോല്പിച്ചിരിക്കുന്നു. നാം ഇരുവരും നമ്മുടെ ബുദ്ധിസാമർത്ഥ്യത്തെ അന്യോന്യം പരീക്ഷിച്ചു. നീ എന്നെ തോല്പിക്കുകയും ചെയ്തു. ഇങ്ങോട്ടു നോക്കു. പോകുവാൻ വരട്ടെ. ക്ഷമിക്കു. നീ ഒരിക്കലും നീചയും നികൃഷ്ടയും അല്ല. ഞാൻ നിന്റെ ശത്രുവും അല്ല. ഹരിണാക്ഷി! പോകുവാൻ വരട്ടെ.

ഹരിണാക്ഷി—മഹാരാജാവേ! അങ്ങിനെ ആണെങ്കിൽ ഈ ചെപ്പടിക്കളികളുടെ അർത്ഥമെന്തെന്നു തിരുമേനിയുടെ അടിമയായ അടിയനെ വെളിപ്പെടുത്തിത്തരുവാനപേക്ഷിക്കുന്നു. അടിയൻ ഒരു സാധു സ്ത്രീ ആകുന്നു. ധീരനായ ഒരു രാജപുംഗവൻ അദ്ദേഹത്തിന്റെ അടിമയായ ഒരു സാധുസ്ത്രീയുടെ ബുദ്ധിഹീനതയും പരിഭ്രമവും കണ്ട് ആനന്ദിക്കുവാൻ ഇച്ഛപ്പെടുന്നുവെന്ന് അടിയൻ വിശ്വസിക്കേണമോ?

രാജാവ്—എന്നെപ്പോലുള്ള ചില രാജാക്കന്മാർക്ക് ഇപ്രകാരമുള്ള മായാപ്രയോഗങ്ങൾ ചില അവസരങ്ങളിൽ രസപ്രദങ്ങളും ഉപകാരപ്രദങ്ങളും ആയിരിക്കും. അതു പോകട്ടെ. വേറെ ഒന്നു ചോദിക്കട്ടെ. ഏകദേശം ആറു സംവത്സരങ്ങൾക്കു മുമ്പു നീ നിന്റെ ആഭരണപ്പെട്ടിയിൽ ഒരു കടലാസ്സു കഷ്ണം കണ്ടില്ലേ. അതു ഇപ്പോഴും നീ സൂക്ഷിച്ചുവെച്ചിട്ടുണ്ടോ.

ഹരിണാക്ഷി—മഹാരാജാവേ! അങ്ങുന്ന് സർവ്വജ്ഞാനി തന്നെ. എന്റെ പക്കൽ ആ കടലാസ്സ് ഇപ്പോഴും ഉണ്ട്.

രാജാവ്—ശരി. വളരെ നന്നായി. പല്ലക്ക് പടിക്കൽ തയ്യാറുണ്ട്. വീട്ടിൽപോയി ആ കടലാസ്സും മോതിരവും എടുത്തുകൊണ്ടു വരിക. അതിനുശേഷം ഞാൻ എല്ലാം വിശദമാക്കിത്തരാം.

IX

ഹരിണാക്ഷി രാജശാസനം അനുസരിച്ചു പല്ലക്കിൽ കയറി സ്വഗൃഹത്തിലെത്തി. അവൾ ഭദ്രമായി സൂക്ഷിച്ചിരുന്ന അംഗുലീയവും കടലാസ്സു തുണ്ടും ചെപ്പിൽനിന്നെടുത്തു. സമയം കളയാതെ ഇതിന്റെ എല്ലാം ആന്തരമായ അർത്ഥം എന്താണെന്നറിയുന്നതിനുള്ള ഉൽക്കണ്ഠയോടെ ഹരിണാക്ഷി തിരിച്ചു രാജഗൃഹത്തിൽ എത്തി. ആ കടലാസ്സു കഷ്ണം അവൾ സവിനയം രാജഹസ്തത്തിൽ അർപ്പിച്ചു. രാജാവു ആ കടലാസ്സു വളരെ സൂക്ഷ്മതയോടെ പരിശോധിച്ചു. അതിനുശേഷം വേറെ ഒരു കഷ്ണം കടലാസ്സോടുകൂടി ആദ്യത്തെ തുണ്ടു ഹരിണാക്ഷിക്കു രാജാവു തിരിച്ചു കൊടുത്തു. രണ്ടു കഷ്ണങ്ങളും കൂട്ടിച്ചേർത്തു വെച്ചു വായിക്കുന്നതിന് അദ്ദേഹം അവളോട് ആവശ്യപ്പെട്ടു. അപ്രകാരം ചെയ്തപ്പോൾ രണ്ടും വളരെ ചേർന്നു കാണപ്പെട്ടു. ഭയത്തോടും അത്ഭുതത്തോടുംകൂടി അവൾ ഇപ്രകാരം വായിച്ചു.

('ഗ്രഹങ്ങളുടെ സ്ഥിതിയിൽനിന്നു) നിങ്ങളുടെ ആലോചനകൾ ആപൽകരങ്ങൾ എന്നു ഞാൻ അറിയുന്നു. (ഹരിണാക്ഷിയെപ്പോലുള്ള ഒരു സൽഗുണവിഗ്രഹ)ത്തെ അധികകാലത്തേക്ക് ഒരു വിധവയാക്കുന്നതു നന്നല്ല. അവളുടെ (വിവാഹം നാശകരമാകുന്നു). ഗ്രഹസ്ഥിതികൊണ്ട് അവൾ നന്നെ ചെറുപ്പത്തിൽതന്നെ ഒരു വിധവയാകും. എങ്കിലും രണ്ടുകൊല്ലത്തേക്കു ഭാര്യാഭർത്താക്കന്മാർ (അന്യോന്യം കാണാതിരുന്നാൽ) ഈ കഷ്ടത്തിൽനിന്ന് ഒഴിയുന്നതിന് (അവർക്കു സാധിക്കുന്ന) ഒരു വഴി ഞാൻ ഉപദേശിക്കാം'.

ഹരിണാക്ഷി വായനനിർത്തിയപ്പോൾ രാജാവ് അവളോട് 'ഈ കടലാസ്സു നി

ന്റെ അച്ഛന് ആനന്ദസ്വാമി കൊടുത്തതാണ്' എന്നു പറഞ്ഞു.

ഹരിണാക്ഷി—എന്ന് എനിക്കിപ്പോഴും മനസ്സിലായി. വിവാഹസമയത്തു ഞങ്ങളുടെ കണ്ണുകൾ കെട്ടിയിരുന്നത് എന്തിനാണെന്നു എനിക്കു ഇതിൽനിന്ന് അറിയാറായി. വിവാഹം വളരെ ഗോപ്യമായും സാധാരണങ്ങളായ അടയാളങ്ങൾകൂടി ഇല്ലാതെയും നടത്തിയതിന്റെ കാര്യവും അതുകൊണ്ടാണ്. ഈ രഹസ്യം ധരിക്കുമെന്നു ഞങ്ങൾക്ക് ആവശ്യപ്പെട്ടതിന്റെ കാരണവും ഇപ്പോഴും സ്പഷ്ടമായി. ഇത്രയും എനിക്കു അറിയുവാൻ സാധിച്ചുവെങ്കിലും ബാക്കിയെല്ലാം വലിയ കടങ്കഥയായിത്തന്നെ ഇരിക്കുന്നു.

രാജാവ്—'ആനന്ദസ്വാമിയിൽനിന്ന് ഈ എഴുത്തു കിട്ടിയ ഉടനെ നിന്റെ അച്ഛൻ പുത്രനെക്കൊണ്ടു നിന്നെ വിവാഹം ചെയ്യിക്കുവാൻ തീർച്ചയാക്കിയതു ആരും അറിയാതെ ഭേദപ്പെടുത്തിയതുകൂടി സ്പഷ്ടമായില്ല. അതുകേട്ടു വ്യസനാക്രാന്തനായി പുത്രൻ നാടുവിട്ടുപോയതും ശരിയാണ്. ഇതിനിടയ്ക്കു ആനന്ദസ്വാമി നിനക്ക് അനുരൂപനായ ഒരു വരനെ അന്വേഷിച്ചു നടക്കയും ഒടുവിൽ ഒരുവനെ കണ്ടെത്തുകയും ചെയ്തു. അവന്റെ ജാതകം നോക്കിയപ്പോൾ അവന് ഇരുപതിരണ്ടാമത്തെ വയസ്സിൽ ഒരു വലിയ ഗ്രഹപ്പിഴയുണ്ടെന്നും അതുകഴിഞ്ഞു ജീവിച്ചാൽ അവൻ ദീർഘായുഷ്മാനായി ഭവിക്കുമെന്നും കാണപ്പെട്ടു. ആനന്ദസ്വാമിയുടെ ജ്യോതിഷ്യജ്ഞതയാൽ ഇത്രയെല്ലാം അറിവാൻ സാധിച്ചതാണ്. എന്നാൽ അതിനു മുമ്പുതന്നെ വിവാഹം കഴിഞ്ഞ് അഞ്ചു സംവത്സരങ്ങൾക്കിടക്ക് അവന് മരിക്കത്തക്ക ഒരു ആപത്തു നേരിടുമെന്ന് ആനന്ദസ്വാമി ഗണിച്ചറിഞ്ഞു. ഈ അഞ്ചുകൊല്ലം കഴിഞ്ഞാൽ അവൻ ആയുരാരോഗ്യസമ്പൽസമൃദ്ധനാകയും ചെയ്യും.

'അതുകൊണ്ടു വരന് ഇരുപതിരുന്നു വയസ്സുള്ളപ്പോൾ വിവാഹം നടത്തണമെന്നു തീർച്ചപ്പെടുത്തി. പക്ഷേ അതിനിടയ്ക്കുള്ള കാലം ഭർത്താവും നിന്നെ വിവാഹം കഴിച്ചതെന്നറിഞ്ഞാൽ നീ വല്ല ചാപല്യവും പ്രവൃത്തിക്കുമോ എന്നും കഥയില്ലാതെ മറ്റു വല്ലവരേയും വിവാഹം ചെയ്യുമോ എന്നും വളരെ ഭയമുണ്ടായിരുന്നു. അതുകൂടാതെ കഴിക്കുന്നതിനു നിന്നെ ഒളിപ്പിക്കുന്നതിലേക്കായിരുന്നു ആ ചീനിയ കടലാസ്സു കൂട്ടം നിന്റെ പണപ്പെട്ടിയിൽ ഇട്ടിരുന്നത്. ആ അഞ്ചുകൊല്ലം കഴിയുന്നതിനു മുമ്പു നീ നിന്റെ ഭർത്താവിനെ കാണാതെ കഴിക്കുന്നതിന് എടുത്തിരുന്ന ഉപായങ്ങൾ എന്തെല്ലാമെന്നു നിനക്കുതന്നെ അറിയാമല്ലോ. അതിലേയ്ക്കായിട്ടുതന്നെയായിരുന്നു നിങ്ങളുടെ കണ്ണുകെട്ടി അന്യോന്യം കാണാതെ വിവാഹം കഴിപ്പിച്ചതും.

'എങ്കിലും കുറെ മാസങ്ങൾക്കു മുമ്പ്, മുൻകൂട്ടി കാണാതിരുന്ന ചില വ്യസനകരങ്ങളായ സംഭവങ്ങളാൽ ഈ ഏർപ്പാടുകൾക്കെല്ലാം അല്പം ഇളക്കം തട്ടി. നിന്റെ അച്ഛന്റെ പെട്ടന്നുണ്ടായ മരണവും അതു സംബന്ധിച്ചുണ്ടായ കുഴപ്പങ്ങളും നിനക്ക് അനുഭവിക്കേണ്ടിവന്ന ദാരിദ്ര്യവും മുൻകൂട്ടിക്കണ്ടിരുന്നില്ല. ഈ സംഭവങ്ങൾക്കു ശേഷം ഒരു ദിവസം ആനന്ദസ്വാമി എന്റെ അടുക്കൽ വന്നു നിന്റെ സകല വർത്തമാനങ്ങളും നിന്റെ വിവാഹത്തിന്റെ അതിരഹസ്യമായ അനുസന്ധാനവും എന്നെ ധരിപ്പിച്ചു. നിന്നെ രക്ഷിക്കുന്നതിനുള്ള ഭാരം ആദ്യം എന്നെ ഏല്പിക്കുകയും നിനക്കുവേണ്ടിവരുന്ന ചിലവിനെല്ലാം താൻ ഉത്തരവാദിയാണെന്ന് എന്നെ അറിയിക്കയും ചെയ്തു. പിന്നെ എന്നെ ഒന്നുകൂടി അദ്ദേഹം ഏല്പിച്ചിരുന്നു. നിന്റെ ഭർത്താവ് ഈ പട്ടണത്തിൽതന്നെ വസിക്കുന്ന ഒരുവനാണെന്നും, നീയും അവനും കൂടി കാലാവധിക്കു മുമ്പു കാണാതെ കഴിക്കേണ്ടുന്നതിനു വേണ്ട ഏർപ്പാടുകൾ ചെയ്യിക്കണമെന്നുമായിരുന്നു ഏല്പിച്ചിരുന്ന

ത്. നിന്റെ ഭർത്താവ് ആരാണെന്ന് എനിക്കറിയാം. കാലം വരുന്നതുവരെ നിന്റെ ചിലവിന്നു വേണ്ടുന്ന ധനം ഞാൻ അദ്ദേഹത്തെ കൊടുത്ത് ഏല്പിച്ചിട്ടുള്ളതാണ്. ബാല്യത്തിൽ ഞാനാണ് നിന്നെക്കുവേണ്ടി നിന്റെ അച്ഛന്റെ വീട്ടിൽ വിലക്കുവാങ്ങിയതും. നിന്നെ അതിലേക്ക് അയച്ചതും. ഞാനാണ് നിന്റെ അടുക്കലേക്ക് ആ ഭ്രാന്തനെ അയച്ചതും. നിന്റെ സത്യനിഷ്ഠയെ പരീക്ഷിക്കുന്നതിനാണ് ഞാൻ അപ്രകാരം പ്രവൃത്തിച്ചത്.

ഹരിണാക്ഷി— തിരുമേനിക്ക് എന്നോട്, ഇത്ര സ്നേഹം എങ്ങിനെ കിട്ടി. എന്തിനാണ് ഇത്ര കാണിച്ചു തിരുമേനി എന്റെ നാഥനെ എനിക്കന്യനാക്കണമെന്നു പറഞ്ഞ് എന്നെ നാണിപ്പിച്ചതും വേദനപ്പെടുത്തിയതും. എന്തിനാണ് ഞാൻ പുരുഷന്റെ വീട്ടിലും അധീനത്തിലും ആണ് താമസിക്കുന്നതെന്ന് എന്നെ കേവലം തെറ്റിദ്ധരിപ്പിച്ചത്?

ഭട്ടാ— ആ ഗന്ധസ്ഥലത്തിൽനിന്ന് എനിക്ക് ഈ അറിവുകൾ കിട്ടിയ ദിവസം തുടങ്ങി നിന്റെ നടവടിയും സ്വഭാവവും പരീക്ഷിക്കുന്നതിനും സൂക്ഷിക്കുന്നതിനും ഞാൻ ആളുകളെ ഏല്പിച്ചു വെച്ചിട്ടുണ്ടായിരുന്നു. അപ്പോഴാണ് ഞാൻ അവരെക്കൊണ്ട് നിന്നെ പരീക്ഷിപ്പാൻ ഉദ്യമിച്ചത്. ഇന്ന് ആ അഞ്ചു സംവത്സരം തികയുന്ന മുഹൂർത്തമാണെന്നറിഞ്ഞ ഞാൻ നിന്റെ ഭർത്താവിനെ ആളെ അയച്ചു വരുത്തുകയും അവനോട് ഇന്ന് രാത്രി അവന്റെ ഭാര്യയെ കണ്ടുകിട്ടുമെന്ന പറയുകയും ചെയ്തു. ഞാൻ അവനോട് ഇപ്രകാരം പറഞ്ഞപ്പോൾ അവൻ എന്നോട് മറുപടി പറഞ്ഞത് ഇങ്ങിനെ ആണ്. "സ്വാമിൻ ക്ഷമിക്കണം. എനിക്ക് അവളെ കാണുന്നതിന്ന് അശേഷം ആഗ്രഹം ഇല്ല. ഞങ്ങൾ കണ്ടാലും പിരിഞ്ഞിരിക്കുന്നതാണ് ഞങ്ങൾക്ക് ഇരുവർക്കും അധികം നല്ലത്." എങ്കിലും ഞാൻ അധികാരത്തോടുകൂടി സംസാരിച്ചപ്പോൾ അവൻ കീഴടങ്ങി. ഒടുവിൽ അവൻ എന്നോട് ഇങ്ങിനെ പറഞ്ഞു. "അവളുടെ ഇതുവരെ ഉള്ള ജീവിതത്തെക്കുറിച്ചും സദാചാരത്തെക്കുറിച്ചും തിരുമേനിക്കുള്ളതായ എനിക്ക് ഒന്നും നിശ്ചയമില്ല. മാന്യനും യോഗ്യനുമായ ഒരു പൌരന്റെ മാർവ്വിടകത്തിന് അവൾ കേറിക്കളഞ്ഞോ എന്ന നിശ്ചയിക്കുന്നതും തിരുമേനിതന്നെ. എന്റെ സ്ഥിതിക്ക് പറ്റിയ ഒരു ഉത്തമസ്ത്രീയെ നിശ്ചയിച്ച ഒരു ഗുരുനാഥനോടുകൂടി കൂടിപ്പിക്കുന്നതിന്ന സന്ന്യാസവും മാന്യവും ആയ തിരുമേനി ഒരുങ്ങും ഒരുങ്ങാതെല്ലെന്നതു പൂർവ്വവിചാരത്തിന്മേലാണ് ഞാൻ കീഴടങ്ങുന്നത്." അവനോട് ഈ ജോലിയും ചെയ്യുന്നതും അനുകൂലം നിന്റെ സത്യനിഷ്ഠ പരീക്ഷിക്കുവാൻ ഞാൻ ഉദ്ദേശിക്കയും ചെയ്തു. ഞാൻ കഴിഞ്ഞ പരീക്ഷകളിലെല്ലാം നീ ഒരു പതിയോടുകൂടി ജയിച്ചിരിക്കുന്നു എന്നുകൂടി പറയുന്നതിന് എന്നെ നീ അനുവദിക്കണം.

ഹരി— തിരുമേനി അടിയനെ എങ്ങിനെ ആണ് എപ്പോഴാണ് പരീക്ഷിച്ചതെന്ന് അടിയന് ഇനിയും ദുർവ്വാസ മനസ്സിലായിട്ടില്ല.

നേരം പ്രഭാതമായി. തിരുനക്കരക്കാവിലെ ക്ഷേത്രത്തിൽ ആ പ്രദേശമാകെ ദീപൻ വെളിച്ചംപോലെ കാണപ്പെട്ടു. ആളുകളെല്ലാം നിറഞ്ഞുതുടങ്ങിയ ക്ഷേത്രവളത്തിൽ വെളുപ്പിന് ഒരു ബഹളമായി. പല വിധത്തിലുള്ള വാദ്യഘോഷങ്ങളും നാലുപാടും കേട്ടുതുടങ്ങി. ആർപ്പുവിളിയും ജയഘോഷവും എല്ലാവരും ഭക്തിപൂർവ്വം ഉച്ചത്തിൽ കേൾക്കപ്പെട്ടു. സംഗീതവിശാരദന്മാരായ ഗായകന്മാരുടെ ഗീതമാധുര്യത്താൽ ശ്രോതാക്കൾ ആനന്ദചിത്തരായി ഭവിച്ചു. ഹരിണാക്ഷിക്ക് ഇതെല്ലാം കേട്ട് വല്ലാത്ത പരിഭ്രമമുണ്ടായി. എങ്കിലും ഇതുവരെ അനുഭവിച്ച കഷ്ടതകളെക്കാൾ വലുതായി ഇനി ഒന്നും വരാനില്ലെന്നോർത്ത് അവൾ ധൈര്യപ്പെട്ടു.

രാജാ — ഇതാ പതിനൊന്നു മണി അടിച്ചു. നിന്റെ ഭർത്താവ് ഇവിടെ എത്തിയിരിക്കുന്നു അവനെ കാണ്മാനുള്ള ഔത്സുക്യത്താൽ സമീപിച്ചിരിക്കുന്നു. ഇതിലെ അകത്തു പ്രവേശിച്ചാലും.

ഇതിനിടയ്ക്കു ഹരിണാക്ഷി നിന്നിരുന്ന വിശാലമായ മുറിയുടെ പിൻവശത്തുള്ള ഒരു വാതൽ തുറക്കപ്പെട്ടു വിശേഷമായി അലങ്കരിച്ചിരുന്ന ആ മുറിയിൽ കോമളനായ ഒരു യുവാവ് നിന്നിരുന്നു. "ഹരിണാക്ഷി! ഇതാ നിന്റെ ഭർത്താവ്. സാദരം വരിച്ചാലും" എന്ന് അടുത്തുനിന്നിരുന്ന രാജാവു ഹരിണാക്ഷിയോടു പറഞ്ഞു.

ഹരിണാക്ഷി തല ഉയർത്തിനോക്കി. ഹാ! അവൾ ആരെ ആണ് കണ്ടത്! എന്ത്! സ്വപ്നം കാണുകയായിരിക്കുമോ! ബാല്യത്തിൽ താനൊന്നിച്ചു കളിച്ചുവളർന്നവനും, താൻ നിമിത്തം നാടുവിട്ടുപോയവനും, താൻ ഹൃദയത്തിൽ കുടിവെച്ചിട്ടുണ്ടായിരുന്നവനും ആയ ആ പുരന്ദരനെ അല്ലേ അവൾ മുമ്പിൽ കാണുന്നത്. അതേ! അല്ലാതെ ആരെയാണ്! ഹരിണാക്ഷിയപ്പോൾ തന്നെ പുരന്ദരനും സന്തോഷസാഗരത്തിൽ നിമഗ്നനായി. ഇതെല്ലാം എന്തോ മായയായിരിക്കുന്നുവെന്നു സംശയിച്ചു നിന്നുപോയി. അന്യോന്യം നോക്കുന്നതിനോ സംസാരിക്കുന്നതിനോ അവർക്കു ശക്തിയുണ്ടായില്ല. അങ്ങിനെ കുറച്ചുനേരം രണ്ടുപേരും നിന്നു.

രാജാ — പുരന്ദരാ! ഹരിണാക്ഷി നിന്റെ ഹൃദയപൂർവമുള്ള സ്വച്ഛപ്രേമത്തിനും ബഹുമാനത്തിനും സർവ്വഥാ അർഹയാണ്. ഈ കാലത്തിനിടയ്ക്കുണ്ടായ കഷ്ടതകൾക്കിടയ്ക്കായിരിക്കിലും അവൾക്കു നിന്റെ പേരിലുള്ള സ്നേഹം അല്പമെങ്കിലും കുറഞ്ഞിട്ടില്ല. അവളുടെ സകല നടവടികളും സൂക്ഷ്മമായി അന്വേഷിച്ചറിഞ്ഞിട്ടുള്ള എനിക്ക്, അവളുടെ മനസ്സിൽ നിനക്കല്ലാതെ ഇതുവരെ യാതൊരാൾക്കും അല്പനേരത്തേക്കുപോലും സ്ഥലം കിട്ടീട്ടില്ലെന്നു സധൈര്യം പറയാം. നിന്റെ ആവശ്യപ്രകാരം ഞാൻ അനാവശ്യമായി ഒട്ടധികം അവളെ പരീക്ഷിച്ചു ബുദ്ധിമുട്ടിച്ചു. രാജപദവിയാകട്ടെ, അളവറ്റ ദ്രവ്യസമ്പത്തിയാകട്ടെ അവളെ ആകർഷിച്ചില്ല. അവൾ എന്റെ ഭാര്യയാണെന്നും അവളിൽ എനിക്കു മോഹശങ്കയുണ്ടെന്നും ഞാൻ അവളോടു തുറന്നുപറഞ്ഞു. ഞാൻ പറഞ്ഞ അപവാദത്തിൽ അവൾക്കു നീരസം തോന്നി. സ്ത്രീകൾക്കു സഹജമായ താഴ്മയോടുകൂടി ക്ഷമായാചനം ചെയ്തുകൊണ്ടു അവളെ ദയയോടെ അംഗീകരിക്കേണമെന്ന് എന്റെ പാദങ്ങളിൽ വീണ് അപേക്ഷിച്ചു കരഞ്ഞില്ല. അങ്ങിനെ അവൾ ചെയ്തിരുന്നെങ്കിൽ നിന്നെ അവൾ മറന്നിരിക്കുന്നു എന്നും നിന്നിൽ അവൾക്കു ദൃഢപ്രേമമുണ്ടായിരുന്നില്ലെന്നും എനിക്കു ശങ്കിക്കാമായിരുന്നു. "ഞാൻ നീചയും കുലടയും ആകുന്നു. രാജമഹിഷി ആകുന്നതിന്ന് അർഹയല്ല. എന്നെ ഉപേക്ഷിച്ചേക്കൂ." "എന്നാണ് അവൾ എന്നോടു സമാധാനം പറഞ്ഞത്. ഹരിണാക്ഷി! നിന്നെ ഞാൻ ഭക്തിസ്നേഹബഹുമാനങ്ങളോടുകൂടി അഭിനന്ദിക്കുന്നു. അമലയെ ദോഷപ്പെടുത്തുവാൻ കഴികയില്ലെന്നു വിചാരിച്ചു ആ ഇല്ലാത്ത കുറ്റം കൂടി സ്വീകരിച്ച നിന്റെ വിശാലമനസ്ഥതയെ ഞാൻ നമസ്കരിക്കുന്നു. അനുരാഗത്താൽ ബന്ധിക്കപ്പെടാത്ത വിവാഹത്തെക്കാൾ അധികം നല്ലതു കന്യാത്വവും ദാരിദ്ര്യവും ആണെന്ന് ഉറപ്പായി ധരിച്ചിരിക്കുന്ന നിന്റെ നിശ്ചഞ്ചലമായ ദൃഢപ്രേമത്തെ ഞാൻ അഭിനന്ദിക്കുന്നു. എന്റെ പൊന്നുകുട്ടി! നിനക്കും നിന്റെ ഭർത്താവിന്നും ആയുരാരോഗ്യസമ്പൽസമൃദ്ധിയുണ്ടാകുന്നതിന്നു സർവ്വേശ്വരൻ കടാക്ഷിക്കുമാറാകട്ടെ."

ലങ്കാരാജ്യത്തു കച്ചവടാർത്ഥം താമസിച്ചിരുന്ന പുരന്ദരൻ കാശിയിൽ എത്തി. തന്നെ വിവാഹം ചെയ്യുന്നതിനെ ആണെന്നും ആ വർത്തമാനം ഇത്ര ഗോപ്യമായി സൂക്ഷിച്ചതിനെയെന്നും അടക്കി

ഥാൽ അടങ്ങാത്ത ദ്വിജന്മാരോടുകൂടി ആശ്ചര്യത്തോടെന്നപോലെ ഹരിനാക്ഷി അ രാജാവിനോടു് ഈ അവസരത്തിൽതന്നെ ചോദിക്കാതിരുന്നില്ല. അതിന്ന രാജാവ്, "അത് ആനന്ദസ്വാമിയും പുരന്ദരന്റെ അച്ഛനും തമ്മിൽ ആലോചിച്ചു നടത്തിയതാണെന്നും പുരന്ദരനെ കാശിയിലേയ്ക്കു കൊണ്ടുപോയത് എന്തിനാണെന്നും മറ്റും അവന് അറിവില്ലെന്നും, പോക.വഴിക്കു സ്വദേശത്തിങ്കലേക്കാണെന്നുകൊണ്ടാണ് ആ വർത്തമാനം നാട്ടുകാർ ലേശംപോലും അറിയാഞ്ഞതെന്നും മറ്റും സവിസ്തരം ഹരിനാക്ഷിയെ പറഞ്ഞു മനസ്സിലാക്കി.

പുരന്ദരൻ ഭക്തിപുരസ്സരം രാജാവിനെ നമസ്കരിച്ച് ഇപ്രകാരം പറഞ്ഞു. "എന്റെ മനസ്സിന്ന അപരിമിതമായ സന്തോഷവും എന്റെ ആശ്ചര്യവൃത്തിയും വരുത്തിയതിന്ന്, എന്നെപ്പോലെ ഭാഗ്യവാനായ ഒരു പൌരൻ ഈ രാജ്യത്തില്ലെന്ന പറയുവാൻ എന്നെ അർഹനാക്കിത്തീർത്ത മഹാരാജാവേ! സകല ലോകനിയന്താവായ ജഗദീശ്വരൻ തിരുമേനിക്കു സർവ്വസുഖസംപ്രാപ്തിയും ഉണ്ടാക്കട്ടെ. ഈ ചുരുക്കുകളിൽ ഇനിയുള്ള കാലത്തോളം അടിയൻ അവിടത്തെ തൃപ്പാദഭക്തനും അവിടുന്ന് അടിയന്റെയും ഈ നില്ക്കുന്ന സാധുവായ ഹരിനാക്ഷിയുടെയും രക്ഷിതാവും ആകുന്നു.

പുത്തേഴത്തു രാമൻമേനോൻ.

ശുഭം.

മഹാനായ
സൂര്യന്റെ സ്വദേശസ്നേഹം

അവന്തിവർമ്മരാജാവ് കാശ്മീരരാജ്യം വാണിരുന്ന കാലത്ത് വെള്ളപ്പൊക്കം നിമിത്തം പല പ്രദേശങ്ങളിലും ദുർഭിക്ഷം ബാധിച്ചിരുന്നു. വെള്ളപ്പൊക്കമുള്ള കാലങ്ങളിൽ സിന്ധുനദിയിലെയും വിതസ്താനദിയിലെയും വെള്ളം അവയുടെ ഇരുകരകളും കവിഞ്ഞൊഴുകി അടുത്തുള്ള പ്രദേശങ്ങളെ മുക്കി അവയ്ക്കു നാശംവരുത്തിയിരുന്നു. ഇങ്ങിനെ കൊല്ലംതോറുമുണ്ടാവുന്ന ജലപ്രവാഹം നിമിത്തം കാശ്മീരദേശത്ത് ധാന്യങ്ങൾക്ക് കണക്കില്ലാതെ വിലകൂടി വന്നതുകൊണ്ട് അനേകം ജനങ്ങൾക്ക് ഭക്ഷണപദാർത്ഥങ്ങൾ കിട്ടാതെ അകാലമരണത്തിന്ന ഇടയായിത്തീർന്നു. ദുർഭിക്ഷം ബാധിച്ചിരുന്ന പ്രദേശങ്ങളിൽ ഒരു പറ നെല്ലിന്ന നാല്പത് ഉറുപ്പികവരെ വിലയുണ്ടായിരുന്നു. പ്രജകളുടെ ദീനപ്രലാപംകൊണ്ട് ശബ്ദമയമായിരുന്ന കാശ്മീരരാജ്യം നരകതുല്യമായിത്തീർന്നു. ഈ കഠോരമായ ക്ഷാമകാലത്ത് സ്വദേശസ്നേഹിയും സ്വാർത്ഥപരിത്യാഗിയും സദാ സ്വദേശസമുദ്ധാരകനും ആയ ഏതോ മഹാപുരുഷന്റെ ഭാഗ്യംകൊണ്ടും പ്രയത്നംകൊണ്ടും ദുർഭിക്ഷമുള്ള പ്രദേശങ്ങളിൽകൂടി ഒരു പറ നെല്ല് എട്ട് ഉറുപ്പിക വിലയിൽ കവിയാതെ വില്ക്കാനിടയായിത്തീർന്നുവോ, ആ ധന്യപുരുഷന്റെ ജീവചരിത്രത്തിന്റെ ചുരുക്കവിവരണമാണ്. ഈ പ്രബന്ധത്തിന്റെ വിഷയം.

പൊതുവഴി അടിച്ചു കോരി ഉപജീവനം കഴിച്ചിരുന്ന സൂര്യ എന്ന പേരായ ഒരു പറച്ചിയുടെ മുലകുടിച്ച് വളൎന്നവനും വളരെ താണജാതിയിൽ ജനിച്ചവനും ആ

യ ആ മഹാപുരുഷന്റെ നാമധേയത്തിന് സ്വർഗ്ഗവാസികളായ ദേവന്മാരുടെ യശസ്സിനോളം മലിനമാക്കിത്തീർക്കാനുള്ള ശക്തി ഉണ്ടായി. ഈ മഹാപുരുഷന് പറച്ചിയുടെ സമ്പർക്കംകൊണ്ടുണ്ടായ മാലിന്യം നീക്കാൻവേണ്ടി അയാൾ ഒരു ശൂദ്രസ്ത്രീയുടെ മുലകുടിച്ചു വളൎന്നു വന്നതാണെന്നു ഉരക്കിത്തീർക്കാൻ കാശ്മീരകവികൾ വളരെ പണിപ്പെട്ടിട്ടുണ്ടെങ്കിലും അയാൾ തന്റെ പോററമ്മയായ പറച്ചിയെ പെററമ്മയെപ്പോലെയുള്ള ഭക്തിബഹുമാനങ്ങളോടുകൂടി ആദരിച്ചുവരികയും അവളുടെ പേരിനെത്തന്നെ താനും ധരിക്കുകയും ചെയ്തു. തന്നെ പോററി വളൎത്തിയ പറച്ചിയുടെമേൽ അയാൾക്കുണ്ടായ സ്നേഹാതിശയം നിമിത്തം മഹാന്മാരുമായി പരിചയിക്കാൻ സംഗതി വന്നപ്പോൾ താൻ സൂയ്യ എന്ന പറച്ചിയുടെ മകനാണെന്നു പറവാൻ അയാൾക്കു ലേശം കുണ്ഠിതം ഉണ്ടായില്ല. നീചനായ പറയനും നിന്ദ്യനല്ലെന്നുള്ള സംഗതിക്കു 'സൂയ്യൻ' ഒരുത്തമ ദൃഷ്ടാന്തമാണ്. ഈശ്വരഭക്തികൊണ്ടും ത്യാഗശക്തികൊണ്ടും പറയനും ദേവതുല്യനായിത്തീരുമെന്ന് കാശ്മീരചരിത്രത്തിൽനിന്നു നമുക്കു ഗ്രഹിപ്പാൻ കഴിയുന്നു. കേരളനാട്ടിൽവെച്ചു അത്യുത്തമനായ നന്ദൻ പറയകുലത്തിൽ ജനിച്ചവനാണല്ലോ? നിഷാദനായ ഗുഹൻ ജഗദീശ്വരനായ ശ്രീരാമചന്ദ്രന്റെ ഇഷ്ടവയസ്യനായിരുന്നില്ലേ? ചണ്ഡാളൻ ഒരിക്കലും നിന്ദ്യനല്ല. തപശ്ശക്തിയുടെയും ത്യാഗബലത്തിന്റെയും മഹത്തായ തേജസ്സ് ആരുടെ ഹൃദയത്തിൽ പ്രകാശിക്കുന്നുവൊ അവന് ബ്രഹ്മതേജസ്സിനോളം ഉൽകൃഷ്ടമാക്കിത്തീർക്കാൻ കഴിയുന്നതാണെന്നു നാം എല്ലാവരും നല്ലവണ്ണം ഗ്രഹിക്കേണ്ടതാണ്. മനുഷ്യരുടെ ജാതിവിഭാഗങ്ങളെ തിരിച്ചറിയാനുള്ള ഉരകല്ല് കൎമ്മം മാത്രമാണ്. ബ്രാഹ്മണനായി ജനിച്ചവരെല്ലാം ബ്രാഹ്മണരാവുന്നതല്ല. 'നയോനിർനാപി സംസ്കാരോ നശ്രുതംന ചസന്തതിഃ കാരണാനി ദ്വിജത്വസ്യ വൃത്തമേവതുകാരണം' എന്നാണ് ഋഷിവൎയ്യന്മാർ പറയുന്നത്.

പറച്ചിയുടെ പോററുമകനായ 'സൂയ്യ'ന്നു ചെറുപ്പത്തിൽ ഉയൎന്ന തരത്തിലുള്ള വിദ്യാഭ്യാസമൊന്നും ലഭിപ്പാൻ കഴിഞ്ഞില്ല. സ്വല്പമായ വിദ്യാഭ്യാസം ചെയ്തതിന്റെശേഷം അവൻ ഒരു ഗ്രാമസ്ഥന്റെ കുട്ടികളെ പഠിപ്പിക്കുന്ന ജോലിയിൽ ഏൎപ്പെട്ടു. അവൻ പറച്ചിയുടെ പുത്രനായിരുന്നു എങ്കിലും ഗ്രാമസ്ഥന്മാരിൽ യാതൊരാളും അവനെ ദുഷിച്ചില്ല. ആ നല്ലബുദ്ധിമാനായ അവൻ കഴിയുന്ന സഹായം ചെയ്തു. പരോപകാരിയും ആത്മത്യാഗിയും സ്വദേശസ്നേഹത്തിനുവേണ്ടി തന്റെ മനസ്സും പ്രാണനും ദേഹവും ഒരുപോലെ അൎപ്പണം ചെയ്തവനും ആയ സൂയ്യൻ കാശ്മീരപണ്ഡിതന്മാരുടെ ഏറെവും പ്രീതിക്കു പാത്രമായിത്തീൎന്നു. പിന്നെ ക്രമത്തിൽ അവന്റെ സ്വദേശഭക്തിയും സ്വദേശസ്നേഹവും വൎദ്ധിച്ചുവന്നപ്പോൾ സൂയ്യന്റെ നാമധേയം പരക്കെയുള്ള ജനങ്ങൾക്ക ശ്രുതിമധുരമായി ഭവിച്ചു. കൎമ്മശൂരനായ സൂയ്യന്റെ ബുദ്ധിമാഹാത്മ്യത്തെ കുറിച്ചു രാജസദസ്സിൽ കേൾപ്പാനിടയായി. പിന്നെ പണ്ഡിതന്മാരുടെ സഹായത്താൽ അവന് രാജസദസ്സിൽ ഒരു സ്ഥാനവും കിട്ടി. രാജസദസ്സിലുള്ള പണ്ഡിതന്മാർ അവന്റെ ബുദ്ധികൂൎമ്മതയും സ്വാൎത്ഥത്യാഗവും സ്വദേശഭക്തിയും കണ്ടു മോഹിതന്മാരായി സൂയ്യന്റെ നാലു പുറവുംകൂടി അവന്റെ മുഖത്തിൽനിന്നു പുറപ്പെടുന്ന ഉത്തമങ്ങളായ വാക്യങ്ങളെ ശ്രദ്ധവെച്ചു് കേൾക്കാൻ തുടങ്ങി.

സൂയ്യൻ കാശ്മീരത്തിലുള്ള സകല പ്രദേശങ്ങളിലും സഞ്ചരിക്കുകയും അവിടെയുള്ള ജനങ്ങളുടെ സ്ഥിതിയെപ്പററി സൂക്ഷ്മമായ അറിവു സമ്പാദിക്കുകയും ചെയ്തിട്ടുണ്ടായിരുന്നു. അവൻ പല പ്രാവശ്യം നടന്നു കാണാത്തതായ ഗ്രാമങ്ങളോ, നദികളോ, തോടുകളോ, കൃഷിസ്ഥലങ്ങളോ, വയലുകളോ കാശ്മീരദേശത്തിൽ ഉണ്ടായിരുന്നില്ല. സൂയ്യനോളം ദേശസഞ്ചാരം ചെയ്തപ്പററി ചരിത്രകാരന്മാർ ഒന്നും പ്രസ്താവിച്ചു കാണുന്നില്ല.

ഒരിക്കൽ അവന്തിവർമ്മരാജാവിന്റെ

സദസ്സിൽ കാശ്മീരരാജ്യത്തിന്റെ കഷ്ടസ്ഥിതിയെപ്പററി ആലോചന ചെയ്യുപ്പോൾ ദുർഭിക്ഷത്തിന്റെ മൂലകാരണം ജലപ്രവാഹം ആണെന്നു തീർച്ചപ്പെടുത്തി. വെള്ളപ്പൊക്കത്തെ ഇല്ലാതെ ചെയ്തു കാശ്മീരരാജ്യം സസ്യസമൃദ്ധിയുള്ളതാക്കി തീർക്കുവാനുള്ള ഉപായത്തെ ആലോചിച്ചുകൊണ്ടിരിക്കുമ്പോൾ സുയ്യൻ പറഞ്ഞു. 'വെള്ളപ്പൊക്കത്തെ നിർത്തൽ ചെയ്യുവാനുള്ള ഉപായം എനിക്കു അറിയാം. പക്ഷെ ഞാൻ പണമില്ലാത്തവനാണ്. ദരിദ്രന് ഈ കാര്യം സാധിക്കുവാൻ കഴിയുന്നതല്ല' സുയ്യന് ഭ്രാന്താണെന്നു പറഞ്ഞ് സഭ്യന്മാർ അവനെ പരിഹസിച്ചു. എങ്കിലും സുയ്യൻ അവരുടെ പരിഹാസത്തെ ഗണ്യമാക്കാതെ ദിവസംപ്രതി പല പ്രാവശ്യം മേൽപറഞ്ഞ വാക്കുകളെ അവരുടെ സമക്ഷത്തിൽ പറഞ്ഞു.

വല്ല വിധത്തിലും തന്റെ ഉദ്ദേശം മഹാരാജാവിന്റെ തിരുമനസ്സറിയിക്കണമെന്ന് വിചാരിച്ചാണ് സുയ്യൻ മേൽപറഞ്ഞ വാക്കുകളെ ദിവസേന സഭയിൽവെച്ചു ഉച്ചരിച്ചിരുന്നത്. എങ്കിലുമൊടുവിൽ സഭാശകന്മാരും ആയ സുയ്യന്റെ വാക്കുകൾ ദൈവാനുഗ്രഹത്താൽ മഹാരാജാവു കേൾക്കാനിടയായി. അദ്ദേഹം സുയ്യനെ വിളിച്ചുവരുത്തി. 'ജലപ്രവാഹത്തെപ്പററി നിന്നെന്താണ് പറയുന്ന'തെന്നു അവനോടു ചോദിച്ചു. തന്റെ ജീവിതോദ്ദേശ്യം ഫലിക്കുവാനുള്ള കാലം അടുത്തു വന്നു എന്നു നിശ്ചയിച്ചു സുയ്യൻ മറുപടി പറഞ്ഞു. 'ജലപ്രവാഹം നിർത്താനുള്ള ഉപായം എനിക്കറിയാം. എന്നാൽ കാശില്ലാത്ത എന്നെപ്പോലെയുള്ള ദരിദ്രന്മാരാൽ ഈ കാര്യം സാദ്ധ്യമാവുന്നതല്ല. എന്റെ മനോരഥസിദ്ധിക്കു ഞാൻ ഒരു വഴിയും കണ്ടില്ല.' സുയ്യനു ഭ്രാന്തു പിടിച്ചിരിക്കുന്നു എന്ന് സഭ്യന്മാർ മഹാരാജാവിനെ അറിയിച്ചു എങ്കിലും അദ്ദേഹം അവരുടെ വാക്കിനെ ഗണ്യമാക്കാതെ സുയ്യന് അഭയം കൊടുത്തു അവന്റെ ബുദ്ധിസാമർത്ഥ്യത്തെ പരീക്ഷിച്ചറിവാൻവേണ്ടി ഇതിനെ പറഞ്ഞു. 'എന്റെ ഭണ്ഡാരം നിനക്കായി തുറന്നിരിക്കുന്നു. അതു നിന്റെ ഇഷ്ടംപോലെ ചിലവു ചെയ്യാം.' കോശാദ്ധ്യക്ഷൻ ഭണ്ഡാരത്തിലെ ദ്രവ്യമെല്ലാം സുയ്യനെ ഏല്പിച്ചു കൊടുത്തു. ഇത്ര അനവധി ദ്രവ്യം കിട്ടീട്ടും ആ ദരിദ്രനായ യുവാവിനു ലേശം ഗർവ്വ് ഉണ്ടായില്ല. അവൻ അതിൽനിന്നു ഒരു പൈസപോലും തന്റെ സ്വന്തം സുഖത്തിനുവേണ്ടി എടുത്തില്ല. പരോപകാരതല്പരനായ സുയ്യൻ ആ ധനമെല്ലാം മററുള്ളവരുടെ നന്മക്കായി ഉഴിഞ്ഞുവെച്ചു. വെള്ളപ്പൊക്കത്തിനുള്ള കാരണം [illegible] അവൻ ശരിയായി മനസ്സിലാക്കിവെച്ചിരുന്നതുകൊണ്ട് അവൻ ആ ധനമെല്ലാം ചാക്കുകളിലാക്കി തോണികളിൽ കയററി വിതസ്താനദിയിൽകൂടി യാത്ര ചെയ്തു വെള്ളപ്പൊക്കംകൊണ്ട് നാശം പ്രാപിച്ചിരുന്ന നന്ദകഗ്രാമത്തിൽ എത്തി. ഭിക്ഷപിടിക്കുന്നവരായ ഗ്രാമജനങ്ങൾ കണ്ടു നിൽക്കെ അവൻ ഒരു ചാക്കു സ്വർണ്ണനാണ്യങ്ങൾ ആ പുഴയിൽ ചൊരിഞ്ഞു. അതിനുശേഷം [illegible] എന്നു പേരായ സ്ഥലത്തു ചെന്നു. അവിടെ പുഴയുടെ ചാല് വളരെ ദൂരം കല്ലുകൾകൊണ്ടു ഇടുങ്ങി കിടന്നിരുന്നു. പുഴയിൽ കഴുത്തറ്റം വെള്ളം ഉണ്ടായിരുന്നു. അവിടെയും അവൻ ഒരു ചാക്കിലുള്ള സ്വർണ്ണനാണ്യങ്ങൾ മുഴുവനും ചൊരിഞ്ഞു. ഈ രണ്ടു ദിക്കിലുമുള്ള നദീഗർഭം വിതസ്തയുടെ ഒഴുക്കിൽകൂടി വന്നിരുന്ന കല്ലുകൾകൊണ്ടു നിറയപ്പെട്ടിരുന്നു. നദീഗർഭം കല്ലുകൾ വന്നു നിറഞ്ഞതുകൊണ്ട് വിതസ്തയുടെ വെള്ളമെല്ലാം ഇരുകരകളിൽകൂടി കവിഞ്ഞൊഴുകി താണ പ്രദേശങ്ങളിൽകൂടി ഒലിച്ചുകൊണ്ടിരുന്നു. സുയ്യന്റെ ഈ അസാധാരണ പ്രവൃത്തിയുടെ ഉദ്ദേശം മനസ്സിലാക്കാൻ സഭ്യന്മാർക്കു കഴിഞ്ഞില്ല. ഇതു മുഴുത്ത ഭ്രാന്തിന്റെ ലക്ഷണമാണെന്നു തീർച്ചപ്പെടുത്തി. അവർ ഈ വിവരമെല്ലാം മഹാരാജാവിനെ അറിയിച്ചു. അദ്ദേഹം സുയ്യന്റെ ഈ പ്രവൃത്തിയുടെ ഫലം എന്താണെന്നു അറിയുന്നതുവരെ കാത്തിരിക്കയെന്നു നിശ്ചയിച്ച് സഭ്യന്മാരുടെ വാക്കുകളെ അലക്ഷ്യമാക്കി ധൈര്യം അവലംബിച്ചുകൊണ്ടിരുന്നതേയുള്ളു.

ദുർഭിക്ഷംകൊണ്ടു വലഞ്ഞവരും പണത്തിനെ ആഗ്രഹിക്കുന്നവരും ആയ ഗ്രാമജനങ്ങൾ ഉറുമ്പുകൾ കൂടുന്നതുപോലെ കൂട്ടംകൂട്ടമായിച്ചെന്നു സസ്യധാന്യങ്ങൾ കൃഷിയാക്കാൻ വേണ്ടി മേല്പാട്ടെ രണ്ടു ദിക്കുകളിലുമുള്ള നദീഗർഭത്തിൽ ചാടി അവിടെയുള്ള കല്ലുകൾ എല്ലാം പെറുക്കി എടുത്തു പുഴവക്കുകളിൽ കൂട്ടി സസ്യധാന്യങ്ങൾ തിരഞ്ഞെടുക്കാൻ അതിയായ പരിശ്രമം ചെയ്തു. സാധാരണയായി പത്തു കൊല്ലം പണി എടുത്താൽകൂടി തീരുമെന്നു വിചാരിപ്പാൻ കഴിയാത്തതായ കാൎയ്യം ഒരു മാസംകൊണ്ടു നിൎവ്വഹിക്കപ്പെട്ടു. നദീഗർഭത്തിലുണ്ടായിരുന്ന കല്ലുകളെല്ലാം എടുത്തുകളഞ്ഞപ്പോൾ നദിയിലെ വെള്ളം തിട്ടപ്രദേശം വിട്ടു പണ്ടത്തെപ്പോലെ നദീഗർഭത്തിൽകൂടെ വളരെ ഊക്കോടുകൂടി ഒഴുകിത്തുടങ്ങി. ഒഴുക്കിന്റെ ഊക്കുകൊണ്ടു ബാക്കിയുണ്ടായിരുന്ന ചെറിയചെറിയ കല്ലുകൾ എല്ലാം വളരെ ദൂരം നീങ്ങിപ്പോയി. നദീഗർഭം വളരെ ആഴമുള്ളതായിത്തീൎന്നു. വെള്ളപ്പൊക്കംകൊണ്ടു കൊല്ലംതോറും നാശം പ്രാപിച്ചിരുന്ന നന്ദകം യക്ഷദരം മുതലായ അനേകം ഗ്രാമങ്ങൾ ഈ വിധത്തിൽ അതിൽനിന്നു രക്ഷപ്പെട്ടു സസ്യസമൃദ്ധിയും ധാന്യസമൃദ്ധിയും ഉള്ളവയായിത്തീൎന്നു. ശൂരന്മാരുടെ കൎമ്മങ്ങളെ സുപ്രസിദ്ധമാക്കിത്തീൎക്കുന്നതു് അവരുടെ പ്രവൃത്തി തന്നെയാണ്. സുയ്യന്റെ പ്രവൃത്തികൾ ഫലിച്ചുതുടങ്ങിയപ്പോൾ അവൻ ആരതിതി അനുസരിച്ചു വളരെ ആലോചന ചെയ്തു് ഓരോ പ്രവൃത്തികൾ ചെയ്തു വളരെ അറിവു സമ്പാദിച്ചു. നിത്യവും പുതിയതായ ഓരോ പ്രവൃത്തികളിൽ ഏൎപ്പെട്ടതുകൊണ്ടു് അവന്റെ ബുദ്ധിക്കു് അസാധാരണമായ കുശലത ഉണ്ടായി. എത്രയോ പ്രശംസിക്കത്തക്ക ഒരു ശൂദ്രയുവാവിന്നു വളരെ നിപുണനായ ഒരു ശില്പിയുടെ കീൎത്തി സമ്പാദിപ്പാനുള്ള സാമൎത്ഥ്യം ഉണ്ടായി. യശസ്സു തന്റെ സ്വന്തം രൂപം ധരിച്ചു പാൎപ്പിയുടെ പ്രോത്സാഹകന്റെ കഴുത്തിൽ കീൎത്തിമാല ഇട്ടു. സുയ്യൻ ഭ്രാന്തനാണെന്നു പറഞ്ഞിരുന്ന സഭ്യന്മാർ മൂകഭാവം അവലംബിച്ചു. മഹാരാജാവു സന്തോഷഭരിതനായി കൎമ്മകുശലനായ സുയ്യനെ വഴിപോലെ ബഹുമാനിച്ചു.

ദുർഭിക്ഷപീഡിതന്മാരായ ജനങ്ങൾക്കു സുയ്യൻ വളരെ പണം കൊടുത്തു. അവർ അതുകൊണ്ടു സ്വരാജ്യത്തിന്നു സമൃദ്ധിയും ക്ഷേമവും വരുത്തുവാനുള്ള യത്നങ്ങൾ ചെയ്തുതുടങ്ങി. വിതസ്തയുടെ പല ശാഖാനദികളിലും കല്ലുകൾ വന്നു നിറഞ്ഞിരുന്നതെല്ലാം കോരി എടുപ്പിച്ചു. വിതസ്തയിലെ വെള്ളം പല കൈവഴികളിൽകൂടി ഒഴുകി വരുന്നതുകൊണ്ടു് അതിന്റെ ഒഴുക്കിന്നു വേഗത ഉണ്ടായിരുന്നില്ല. സുയ്യൻ തന്റെ ബുദ്ധിബലംകൊണ്ടും ജനങ്ങളുടെ സഹായംകൊണ്ടും വിതസ്തയുടെ ഒരു ഭാഗത്തു കല്ലുകൾകൊണ്ടു് അണകെട്ടി വെള്ളം പലദിക്കിലുമായി ഒഴുകിയിരുന്നതിനെ തടഞ്ഞു നദിയിൽ പല ദിക്കിലും നിറഞ്ഞിരുന്ന കല്ലുകൾ നീക്കിച്ചു. അതിന്നുശേഷം വെള്ളം പൂൎവ്വസ്ഥാനത്തിൽ കൂടി വിട്ടു. ഈ വിധത്തിൽതന്നെ സിന്ധുനദിയിലും പ്രവൃത്തി എടുപ്പിച്ചു. വെള്ളപ്പൊക്കംകൊണ്ടു് ഏതു സ്ഥലങ്ങളിലെല്ലാം നാശം സംഭവിക്കാൻ വഴിയുണ്ടായിരുന്നുവോ അവിടങ്ങളിലെല്ലാം പുതുതായ പുഴച്ചാലുകൾ താഴ്പിച്ചു.

വിതസ്തയും സിന്ധുവുംകൂടിച്ചേരുന്ന സ്ഥലം മുമ്പു് വൈന്യസ്വാമിയുടെ ഭവനത്തിന്നു സമീപത്തായിരുന്നു. ബുദ്ധിമാനാ

അവൻ തന്റെ പോററമ്മയായ ചണ്ഡാലിയെ ഒരിക്കലും മറന്നില്ല. അവന്റെ മനസ്സിൽ ലേശം ഗർവ്വമോ അഹങ്കാരമോ ഉണ്ടായിരുന്നില്ല. ജീവാവസാനംവരെ സ്വദേശസേവയാകുന്ന വ്രതം മുടങ്ങാതെ അനുഷ്ഠിച്ച് ഒടുവിൽ മാതാവായ ജന്മഭൂമിയുടെ മടിയിൽ കിടന്ന സൂതൻ ദീർഘനിദ്രയെ പ്രാപിക്കുകയും ചെയ്തു. കാശ്മീരപണ്ഡിതന്മാർ ഇപ്പോഴും കർമ്മശൂരനായ സൂതന്റെ കീർത്തിയെ താഴെ പറയുംപ്രകാരം ഘോഷിച്ചുവരുന്നുണ്ട്.

"രാജ്യവാസികൾക്കുവേണ്ടി കാര്യപനം ബലരാമനുംകൂടി ചെയ്വാൻ കഴിയാത്ത ഉപകാരങ്ങൾ കർമ്മശൂരനായ സൂതന് അനായാസേന ചെയ്യാൻ സാധിച്ചു. പ്രളയജലത്തിൽ നിന്ന ഭൂമിദേവിയുടെ ഉദ്ധാരണം, യോഗ്യനായ ബ്രാഹ്മണന്നു ഭൂദാനം, സമുദ്രത്തിൽ സേതുബന്ധനം, കാളിയമർദ്ദനം, എന്നീ കാര്യങ്ങൾ നിർവ്വഹിക്കുവാൻ വിഷ്ണുഭഗവാന്നു നാല് അവതാരങ്ങൾകൊണ്ടു മാത്രമേ സാധിച്ചിട്ടുള്ളു. എന്നാൽ കർമ്മവീരനായ സൂതനു ത്യാഗശക്തികൊണ്ടും സേവാബലംകൊണ്ടും ഒരു ജന്മത്തിൽതന്നെ ഈ കാര്യങ്ങളെല്ലാം നിറവേററാൻ സാധിച്ചു."

കെ. കുഞ്ഞുണ്ണിനായർ ബി. എ., ബി. എൽ.

പരോപകാരം.

"സന്ദേഹംവേണ്ട പരോപകാരത്തിനാകാത്തതെന്തിൽ
കിംദേഹംകൊണ്ടൊരുഫലമിഹപ്രാണിനാംക്ഷോണിതന്നിൽ"

'ഉപകാരം' എന്ന പദം 'ചെയ്യുക' എന്നർത്ഥമായ 'കൃ' ധാതുവിൽ നിന്നുത്ഭവിച്ചിട്ടുള്ളതാണ്. 'ഉപ' എന്ന ഉപസർഗ്ഗപദം തനിയേ നില്ക്കുമ്പോൾ ഒരു വിശേഷാർത്ഥം ജനിപ്പിക്കുന്നില്ലെങ്കിലും 'കൃ' ധാതുവിനോടു ചേർന്നപ്പോൾ 'ഉപകാരം' എന്ന പദത്തിനു 'പ്രതിഫലേച്ഛകൂടാതെ അന്യനെ സഹായിക്കുക' എന്നർത്ഥം വിവക്ഷയുണ്ടാവാൻ അതു സഹായമായി നില്ക്കുന്നു. ഓരോ സമയങ്ങളിൽ ഓരോവിധത്തിൽ ഉണ്ടാകുന്ന കഷ്ടങ്ങളാൽ കലുഷഹൃദയന്മാരായുള്ളവരുടെ കരളിന് ആശ്വാസമുണ്ടാക്കുവാൻ തക്കവസരങ്ങളിൽ വാക്ക്, കർമ്മം ഇവ രണ്ടിലൊന്നിനാലോ ഈ രണ്ടുംകൊണ്ടോ യഥോചിതം പ്രതിഫലകാംക്ഷകൂടാതെ യഥാശക്തി സഹായിക്കുന്നതിനാകുന്നു പരോപകാരമെന്നു പറയുന്നത്.

"പരോപകാരാർത്ഥമിദംശരീരം," എന്നുള്ളതുകൊണ്ടു നമ്മുടെ സകല പ്രവൃത്തികളും അന്യോപകാരപ്രദങ്ങളായിരിക്കണമെന്നാണല്ലോ ഉപദേശിക്കുന്നത്. എന്നാൽ കരുണാകുലന്മാരുടെ മനസ്സുകളിലല്ലാതെ പരോപകാരഫലദ്രുമമങ്കുരിക്കുന്നതുമല്ല. ഈശ്വരനു നമ്മളോട് അപാരമായ ദയയുണ്ടെന്നും, നമ്മുടെ സത്പ്രവൃത്തികളിലും ദുഷ്കർമ്മങ്ങളിലും അദ്ദേഹത്തിന്റെ ശക്തിയും വിരക്തിയുമെന്നപോലെയുണ്ടാകുന്നതെന്നും, നമ്മുടെ ചിന്തയ്ക്കു കിനാവിലുംകൂടി വിഷയീഭവിക്കാത്ത ചില ആകസ്മികസംഭവങ്ങളിൽനിന്നു പ്രത്യക്ഷപ്പെടുന്നതിനാലും, നിഖിലജീവജാലങ്ങളു

ദൈവസൃഷ്ടിയാകകൊണ്ടും, അദ്ദേഹത്തിന്റെ സജീവസൃഷ്ടികൾക്കെല്ലാം സന്തോഷസന്താപ സുഖാസുഖാവശ്യങ്ങളൊന്നുപോലെ സംഭവിച്ചുവരുന്ന മൂലവും നാമെല്ലാവരും അന്യോന്യോപകാരികളും പരസ്പരാപേക്ഷയുള്ളവരുമായിരിക്കണമെന്നാണ് ഈശ്വരോദ്ദേശ്യമെന്നു വെളിപ്പെടുന്നുണ്ടല്ലോ.

സാരനും നിസ്സാരനും പരോപകൃതി ചെയ്വാൻ കഴിയുന്നതും അവർ അവരുടെ ശക്തിക്കു തക്കപോലെ ചെയ്യേണ്ടതുമാണ്. ഒരുവൻ ചെയ്ത സോപകാരകർമ്മത്തെ അറിഞ്ഞിട്ടും വിസ്മരിക്കാതെയും പ്രതിക്രിയ ചെയ്യുന്നതിനാണല്ലോ പ്രത്യുപകാരമെന്നു പറയുന്നത്. ഇതും ഈ രണ്ടു കൂട്ടർക്കും ചെയ്വാൻ കഴിയുന്നതും ആവശ്യകവുമാണ്. ഉപകാരത്തിന്റെയും പ്രത്യുപകാരത്തിന്റെയും മൂല്യനിർണ്ണയം ചെയ്യുകയെന്നതു വളരെ പ്രയാസമാണ്. സംഭവസന്ദർഭങ്ങളുടെ താരതമ്യത്തിനനുസരിച്ചേ അവയുടെ വില അനുമാനിപ്പാൻ തരമുള്ളൂ. ഇല്ലയാൽ തൊണ്ട വരണ്ടു തളർന്ന ജലപാനേച്ഛുക്കൾക്കു തദവസരത്തിൽ പത്തു ഉറുപ്പികയോ നല്ല മധുരപലഹാരങ്ങളോ കൊടുത്താൽ അതു സന്ദർഭോചിതോപകാരമാകുന്നതല്ല. ദാഹശമനത്തിനു ജലംതന്നെ കൊടുത്തേ മതിയാവൂ. ഇതുപോലെ എല്ലാ കാര്യങ്ങളിലും ഉപകാരത്തിന്റെ വിലയും ആവശ്യവും ഫലപ്രാപ്തിയും പര്യാലോചിച്ചു പരിഗണിക്കേണ്ടതാണ്. നിസ്സാരനെക്കൊണ്ടുള്ള ഉപകാരം ഉന്നതാവസ്ഥയിലിരിക്കുന്നവനും ആവശ്യകവും സുപ്രിയവുമായിത്തീരുന്നതാണ്. ശോഭിച്ച പല്ലക്കും വഹിച്ചുകൊണ്ടു നടക്കുന്നതിന് അശക്തികളായ ചിലരുടെ സഹായമില്ലാതിരുന്നാൽ ഒരു മഹാരാജാവുതന്നെയാകട്ടെ, ഇക്കാൽ നടയായി ബുദ്ധിമുട്ടേണ്ടി വരുന്നതല്ലേ. പണം കൊടുത്തിട്ടാണ് അവർ ചുമക്കുന്നതെങ്കിലും, ഇതുകൂടാതെ ഇതരജോലികൾ പണസമ്പാദ്യത്തിനു ലോകത്തിലസംഖ്യമുണ്ടായിരിക്കെ പ്രസന്നമനസ്സോടെ ഇതിനായി അവർ വരുന്നില്ല. പണം കിട്ടുന്നു ലോകോപകാരവും ചുമക്കുന്നത് അരചനുപകാരവുമായില്ലേ. ഇതുകൊണ്ടുപകാരം ഇന്നവരിൽനിന്ന് ഇന്നവർക്ക് സിദ്ധിക്കുമെന്നു നിർണ്ണയിപ്പാൻ ശക്യമല്ലെന്നു തെളിയുന്നുണ്ടല്ലോ.

പണ്ടുള്ള മഹാന്മാരായ ബുദ്ധിശാലികൾ തീവണ്ടി, കമ്പിത്തപ്പാൽ, നെയ്ത്തുയന്ത്രം അച്ചടിയന്ത്രം മുതലായവ അപരിമിതാദ്ധ്വാനത്താലും അത്യന്തപരിശ്രമംകൊണ്ടും കണ്ടുപിടിച്ചിട്ടില്ലായിരുന്നെങ്കിൽ ഇന്നു നമുക്കവയിൽനിന്നു ലഭിക്കുന്ന ഗുണങ്ങൾ എങ്ങിനെ കിട്ടും. പൌരാണികർ സൽഗ്രന്ഥനിർമ്മാണം ചെയ്യാതെ കണ്ട് സ്വാർത്ഥപ്രതിപത്തിയോടെ അവരുടെ കാലം കഴിച്ചിരുന്നെങ്കിൽ ഇന്നു നമുക്കു പുസ്തകങ്ങൾ വായിപ്പാനും അറിവു സമ്പാദിപ്പാനും കഴിയുമായിരുന്നോ? ഈ മഹാന്മാരുടെ പരോപകാരസൽകൃത്യം നിമിത്തം അവരുടെ മാംസശരീരം നശിച്ചെങ്കിലും, യശശ്ശരീരം ഇന്നും ക്ഷയിക്കാതെ പ്രകാശിച്ചുകൊണ്ടിരുന്ന സൽപാത്രങ്ങളുടെ സ്തുതിക്കു വിഷയമായി തീർന്നിട്ടുള്ളത് നമുക്കനുഭവസിദ്ധമല്ലോ. മേഘം മഴയും, വൃക്ഷങ്ങൾ ഫലങ്ങളും നൽകുന്നതുപോലെ സൽപുരുഷൻ ഉദ്യതനാകാതെ സഹജമായി തരുന്നു. ഈ വിധമാകുന്നു പരോപകാരികളുടെ സ്വഭാവം. അവരുടെ ശരീരം അഴകില്ലാത്തതോ ആഭരണാലങ്കാരത്തോടു കൂടാത്തതോ ആയിരുന്നാൽകൂടിയും സജ്ജനങ്ങളുടെ ലോകത്തിൽ കൂരിരുളിൽ ദീപമെന്ന

പോലെ പ്രകാശിക്കുന്നു. കഠോരതുല്യനും ദുസ്സഹനും സൽഗുണങ്ങളാകുന്ന ധനമില്ലാത്തവനുമായ അപകാരിയുടെ ശരീരം മംഗിയില്ലാത്ത നിർഗ്ഗന്ധകുസുമംപോലെ ഗണിക്കേണ്ടതാണ്.

ലോകത്തിൽ സകല ചരാചരങ്ങളും പരസ്പരാശ്രയം കൂടാതെ വർത്തിക്കുന്നതായി കാണുന്നില്ല. പരസ്പരാശ്രയം അവസ്ഥയ്ക്കും അന്യോന്യോപകാരത്തിനും അർത്ഥത്തിലും വ്യാപാരത്തിലും ഐകരൂപ്യമുണ്ടെന്നുള്ളത് ഈ അവസരത്തിൽ പ്രസ്താവിക്കുന്നതു അനാവശ്യമായി വരുന്നതല്ലല്ലോ. ചെടികൾ മണ്ണിൽനിന്നും, കൃമികൾ ചെടിയിൽനിന്നും അവയുടെ ഭക്ഷണദ്രവ്യങ്ങളെ ഉൾക്കൊള്ളുന്നു. 'ഒന്നു ചീഞ്ഞതു് മറ്റൊന്നിനു വളം' എന്നു പഴയോർ പറഞ്ഞിട്ടുള്ളതുപോലെ ഇലകളും ലതകളും മറ്റും വൃക്ഷങ്ങളുടെ പോഷണദ്രവ്യമായും, വൃക്ഷങ്ങളുടേയും മറ്റും ഫലങ്ങൾ ജീവികളുടെ ഭോജ്യങ്ങളായും മറ്റും ഉപയോഗപ്പെടുന്നു. ഈശ്വരന്റെ സകല സൃഷ്ടികൾക്കും പ്രത്യക്ഷാ പരസ്പരാശ്രയത്വമുണ്ടെന്നുള്ളത് ഇതിൽനിന്നു തെളിയുന്നതല്ലോ.

'പ്രഥമവയസി ദത്തം തോയമല്പം സ്മരന്തഃ
ശിരസി നിഹിതഭാരാ നാളികേരാ നരാണാം
സലിലമമൃതകല്പം ദദ്യുരാജീവനാന്തം
നഹി കൃതമുപകാരം സാധവോ വിസ്മരന്തി'

എന്നു് ഒരു മഹാകവി പറഞ്ഞിട്ടുള്ളതു് നമ്മുടെ അനുഭവത്തിനു് ഗോചരമായിരിക്കുന്നതുകൊണ്ടു അതിനെപ്പറ്റി വിസ്തരിക്കേണ്ടുന്ന ആവശ്യമുണ്ടെന്നു തോന്നുന്നില്ല. ഇങ്ങിനെ പ്രകൃതിവിലാസങ്ങളിൽ ഓരോന്നിന്റേയും വ്യാപാരങ്ങളെ എടുത്തു പരിശോധിക്കുന്നതായാൽ ഈശ്വരന്റെ സൃഷ്ടിയുടെ പ്രധാനോദ്ദേശ്യം സകല ചരാചരങ്ങളും പരസ്പരോപകാരികളായിരിക്കേണമെന്നാണെന്നു സന്ദേഹംകൂടാതെ ഊഹിക്കാവുന്നതാണ്.

പരൻ [illegible] ഉപകാരം ചെയ്യുന്നതു് 'പരോപകാരഃ [illegible] വർണ്ണം,' എന്നപോലെ വെയ്ക്കുന്നതാണെന്നുള്ളതിനാൽ അപകാരം ചെയ്യേണ്ടുന്നാവശ്യമില്ലെന്നു തോന്നുകിലും വിചാരിക്കുന്നതാണെങ്കിൽ അതു അബദ്ധമാണ്. പ്രതിഫലേച്ഛയില്ലാതെ അന്യർക്കു ആപത്സമാഗമത്തിൽ സഹായിക്കുന്നതാണ് ഉപകാരമെന്നുള്ളതുകൊണ്ട് ഈ ലോകത്തിൽ രോഗദാരിദ്ര്യാദികളുടെ പീഡകൾക്കു താഴെ വസിക്കുന്നവരെ നാമെല്ലാവരും സേവകരായിരിക്കേണം. അവരിൽനിന്നു ഇങ്ങനെ ഗുണകാംക്ഷ നമ്മുടെ ധർമ്മമല്ല. എന്നാൽ അവരോടു സഹവസിക്കയോ സല്ലപിക്കയോ ചെയ്യേണമെന്നില്ല. അപരിചിതരായ യാതൊരുത്തനേയും യഥാശക്തി സഹായിക്കേണമെന്നാണ് സജ്ജനമതം. സത്തുക്കളുടെ സ്ഥിതിയെ സംബന്ധിച്ച് "പരോപകാരായ ചരന്തി സന്തഃ", എന്നാണ് പ്രമാണവചനമുള്ളത്. അവർ പോയ വഴിയിൽ കൂടെയല്ലേ നമ്മളും നടക്കേണ്ടതു്. സർവ്വേശ്വരഭജനത്തിലും സജ്ജനാശ്രയവും തമ്മിൽ വ്യത്യാസമില്ലെന്നു ശാസ്ത്രങ്ങൾ ഘോഷിക്കുന്നതിനാൽ നാമെല്ലാം അന്യോന്യം ഉപകാരികളായിരിക്കേണമെന്നു പ്രത്യേകിച്ചു വിളിച്ചുപറയേണ്ടതുണ്ടോ? പരോപകാരികളുടെ നിർവ്വാണാനന്തരവും അതിനുമുമ്പും അവരുടെ ഉപകാരകർമ്മഫലമാകുന്ന മരന്ദം കഠിനഹൃദയന്മാരുടെ കഠിനകർമ്മക്കൊടുങ്കാറ്റിന്റെ ശക്തിയാലു പൊട്ടിവീഴാതെയും ഉലയാതെയും [illegible] തളിർത്തുപൂത്ത് ആ സുഗന്ധപുഷ്പങ്ങളിൽ തട്ടി പൊങ്ങുന്ന പരിമളക്കാറ്റ് ഇഹത്തിലും പരത്തിലും നാനാദിക്കുകളിലും ഭൂതലങ്ങളിലും പ്രചരിച്ചു സജ്ജനഹൃദയാഹ്ലാദമുണ്ടാക്കുന്നു. സർവ്വസാക്ഷിയായ ജഗദീശ്വരനും ഇവരുടെ ഈ സ്വഭാവത്തിൽ പങ്കുകൊള്ളുന്നു. അതിനാൽ നമ്മളെല്ലാവരും ഈ സ്വഭാവം സമ്പാദിപ്പാൻ സംഗതി വരുന്നതിനു സദാ ഹൃദയപൂർവ്വം ശ്രമിക്കേണ്ടതാകുന്നു.

തോരണത്തു പരമേശ്വരമേനോൻ.

അബലകൾ, സബലകൾ.

ഗോവിന്ദമേനവന് തന്റെ ഭാൎയ്യ രാധാമ്മയെ വളരെ സംശയമാണ്. ഈ ഗോവിന്ദമേനവൻ ഒരു വക്കീലാണ്. ചെറുപ്പത്തിലേയുള്ള സ്നേഹംമൂലം ആയാൾ രാധാമ്മയെ വിവാഹം ചെയ്തിട്ടുള്ളതാണ്. ഭാൎയ്യക്കു തന്നോട് അനുരാഗമില്ലെന്ന് അന്നുതന്നെ ആയാൾ സംശയിച്ചിരുന്നു. മറ്റൊരു ചെറിയ കാരണങ്ങളാൽ ഈ സംശയം ക്രമേണ അദ്ദേഹത്തിനു വൎദ്ധിച്ചുവരുന്നുണ്ട്. ഭൎത്താവിനു തന്നെപ്പററി സംശയമുണ്ടെന്നുള്ള സംഗതി രാധാമ്മ ഗൂഢമായി ഊഹിക്കാതെയുമിരിക്കുന്നില്ല. വൈകുന്നേരം മണി 6 കഴിഞ്ഞാൽ ഭാൎയ്യക്കു ശയനമുറിയിൽനിന്നു പുറത്തു പോവാൻ വയ്യാ. പോയാൽ ആയാൾ സംശയിച്ചുതുടങ്ങും. ശകാരിക്കുക അപ്പോഴാണ്. താൻ ഒരു ഗ്രാഡ്യുവേറ്റല്ലേ. ആ സ്ഥിതിക്കു ഭാൎയ്യയെ ശകാരിക്കുന്നതു യുക്തമല്ല. എന്ന് അഭിമാനക്കാതലായ മേനവൻ സദാ വിചാരിക്കാറുണ്ട്. ഇയ്യാളുടെ അഭിമാനക്കൂടുതലുകൊണ്ടു ചില അവസരങ്ങളിൽ ഇയ്യാൾ ഇളിഭ്യനാകാറുണ്ട്. അത് ഇനിയൊരവസരത്തിൽ വായനക്കാരെ മനസ്സിലാക്കാനേ തരമുള്ളു. നിങ്ങൾ ഇവിടെ ഓൎമ്മയിൽനിന്നുവിടരുത്. സ്ത്രീകളെ ശാസിച്ചുവളൎത്താതിരുന്നാൽ അവർ ചീത്തയായിപ്പോകുമെന്ന് ഇയ്യാൾക്കു നല്ല നിശ്ചയമുണ്ടായിരുന്നു.

ഒരുദിവസം വൈകുന്നേരം ഇയ്യാൾ കച്ചേരിയിൽനിന്നു ഗൃഹത്തിൽ വന്നു. കൂട്ടത്തിൽ സ്നേഹിതനായ കൃഷ്ണപിള്ള വക്കീലുമുണ്ടായിരുന്നു. ഇരുവരും ഒരുമിച്ചാണ് വ്യാപരിക്കുന്നത്. ഭൎത്താവ് കച്ചേരിയിൽനിന്നു വന്നയുടനെ രാധാമ്മ വേണ്ട പരിചരണങ്ങളെല്ലാം ചെയ്തു. അദ്ദേഹത്തിനോടൊരുമിച്ചുണ്ടായിരുന്ന സ്നേഹിതനേയും യഥായോഗ്യം ആദരിച്ചു. അനന്തരം ഇരുവൎക്കും ചായ കൊണ്ടുവരുന്നതിനായി രാധാമ്മ അപ്പുറത്തേക്കു പോയി. ഭാൎയ്യ പോയ ഉടനെ ഗോവിന്ദമേനവൻ തന്റെ സ്നേഹിതനോടു ഇങ്ങിനെ പറഞ്ഞു.

“സ്നേഹിതാ! രാധയെക്കുറിച്ച് എനിക്കു ചില സംശയങ്ങളെല്ലാമുണ്ട്. അവളുടെ പ്രവൃത്തികളെല്ലാം വളരെ ചീത്തയാണ്. വ്യഭിചാരം ഏതൊരുജാതിക്കും നന്നായിരിക്കയില്ല”

കൃഷ്ണ—ഛെയ്! അങ്ങിനെ സംഭവിക്കയില്ലെന്നാണ് എനിക്കു തോന്നുന്നത്. എനിക്കു നിങ്ങളുടെ ഭാൎയ്യയെക്കുറിച്ചു നല്ല അഭിപ്രായമാണുള്ളത്. നിങ്ങൾ എന്തുതന്നെ പറഞ്ഞാലും ഞാൻ വിശ്വസിക്കയില്ല. നിങ്ങൾ തെറ്റിദ്ധരിച്ചിരിക്കയാണ്. എനിക്കു സംശയമില്ല.

ഗോവി—ഞാൻ നിത്യസഹവാസിയാണ്. നിങ്ങളെക്കാൾ അവളുടെ സ്വഭാവനിൎണ്ണയം ചെയ്യുന്നതിനു ഞാനാണ് ശക്തൻ. എനിക്കു പല ലക്ഷ്യങ്ങളും കിട്ടിയിട്ടുണ്ട്. അവൾക്ക് ആരോ ചില ജാരന്മാരുണ്ടെന്നുള്ളതിനു വാദമില്ല.

കൃഷ്ണ—സ്നേഹിതൻ വിഡ്ഢിത്തം പറയാതിരിക്കൂ. അങ്ങിനെ ഒരുകാലത്തും സംഭവിക്കയില്ല. ശിവ! ശിവ! ഇത്ര സൽഗുണങ്ങളോടുകൂടി പെൺകുട്ടികളെ കാണുന്ന

ക്ക് അപൂർവ്വം. നിങ്ങൾ അവരെ അന്യ
ഥാ ശങ്കിയ്ക്കാതിരിയ്ക്കണേ!

ഗോപി— ലക്ഷ്യം കാണിച്ചാൽ വിശ്വസി ക്കുമോ?

കൃഷ്ണ— വിശ്വസിയ്ക്കാം. ദൃഢമായി വിശ്വസിയ്ക്കാം. ഇതു കുറെ പ്രയാസമാണ്. സ്നേഹമുള്ളവരെപ്പററി അവിശ്വാസം തോന്നാതിരിക്കുന്നതു നന്ന. അതിനെക്കുറവരെ തെളിയ്ക്കും പരീക്ഷിയ്ക്കുപോലും ചെയ്യുന്നത്. വൃഥാ ക്ലേശത്തിന്ന യോഗവും.

ഗോപി— ഇതാ ഈ കത്തുനോക്കണം. ഇതു മതിയല്ലേ ലക്ഷ്യമല്ലേ? ഇതിലധികം എന്തുവേണം.

എന്നുപറഞ്ഞു മേനവൻ തന്റെ പോക്കററിൽനിന്നും ഒരു കത്തെടുത്തു കൃഷ്ണപിള്ളയുടെ പക്കൽ കൊടുത്തു. അദ്ദേഹം കത്തു ഇന്ന് ഇങ്ങിനെ വായിച്ചു.

ശിവപുരം
6-2-45

ശ്രീ.

പ്രിയേ! പരസ്പരമുള്ള വർത്തമാനങ്ങൾ ഗ്രഹിച്ചിട്ട് കാലം വളരെയായി. കത്തുകൾ കൊണ്ടെങ്കിലും ഭവതിയുടെ ക്ഷേമം അറിയാൻ ആശിച്ചിരിയ്ക്കുന്ന എന്നെ ഭവതി സമാശ്വസിപ്പിക്കാതിരിയ്ക്കുന്നതു സങ്കടകരമാണ്. ഗോപാലൻനായർക്കു നിങ്ങളെ ഒന്നു കാണണമെന്നു വലിയ ആശയുണ്ട്. ജോലിത്തിരക്കുകൊണ്ട് വന്നു കാണുന്നതിന്ന സംഗതിയാവാത്തതിൽ അദ്ദേഹം വ്യസനിയ്ക്കുന്നതായി നിങ്ങളെ അറിയിക്കുന്നതിന്ന് എന്നോടു പറഞ്ഞിരിയ്ക്കുന്നു. വിവരങ്ങൾക്ക് ഉടൻ മറുപടി അയച്ചു തരണം.

എന്ന് നിങ്ങളുടെ സ്വന്തം (ഒപ്പ്)

കൃഷ്ണപിള്ള കത്തു വായിച്ചു കഴിഞ്ഞതിന്നശേഷം ഇങ്ങിനെ പറഞ്ഞു. "ഇതിൽ നിങ്ങളുടെ ഊഹത്തിന്നനുസരണമായ യാതൊരു ലക്ഷ്യങ്ങളും കാണുന്നില്ല."

ഗോ— ഈ കത്തെഴുതിയിരിക്കുന്ന ആളും ഗോപാലൻനായരും രാധയുമായി ഒരു ബന്ധവുമില്ലേ?

കൃഷ്ണ— എഴുത്തെഴുതിയിരിയ്ക്കുന്ന ആൾ ഒരു സ്ത്രീയാണെന്നു വിചാരിയ്ക്കുന്നതോ? ഗോപാലൻനായർ ആ സ്ത്രീയുടെ സംബന്ധക്കാരൻ ആരെങ്കിലും ആയിരിക്കണം.

ഗോ— ഒപ്പു സൂക്ഷിച്ചു നോക്കൂ. പേരെന്താണെന്നറിയട്ടെ.

കൃഷ്ണ— ഒപ്പുകൊണ്ട് ആളറിയുന്നതിന്ന നിവൃത്തിയില്ല. അപ്പോഴേയ്ക്കും രാധ ചായയുംകൊണ്ട് അവിടെ പ്രവേശിച്ചു. ഉടനെ കത്ത് രാധയെക്കാണിക്കാതെ മേനവൻ പോക്കററിലാക്കി. ചായ കുടിച്ചു കഴിഞ്ഞതിന്നശേഷം കൃഷ്ണപിള്ള യാത്ര പറഞ്ഞുപോയി. മേനവനും കളിക്കുന്നതിന്നായിപ്പുറപ്പെട്ടു. മേനവൻ തന്റെ സ്നേഹിതനെക്കാണിച്ച കത്ത് രാധയുടെ മേൽവിലാസത്തിൽ വന്നതാണെന്ന് വായനക്കാർ ധരിച്ചിരിക്കുമല്ലോ. രാധയെ മേനവൻ വിവാഹം ചെയ്തിട്ട് സംവത്സരം അധികമായില്ല. അവളുടെ പ്രായം 18 വയസ്സ്, നല്ലസുന്ദരി, അവളുടെ സൌന്ദര്യലഹരിയിൽ ലയിക്കാത്തവർ അപൂർവ്വം. ഇവൾക്കു നന്നെ ബാല്യത്തിലെ വീടു വിട്ടുപോയ ഒരു സോദരൻ ഉണ്ട്. രാധാമ്മ ഇതുവരെ ആയാളെ കണ്ടിട്ടില്ല. മേനവൻ ഈ വിവരം അറിഞ്ഞിട്ടില്ലെന്നുതന്നെ പറയാം. ഒരവസരത്തിൽ രാധ പറഞ്ഞുവോ എന്നൊരു സംശയമുണ്ട്.. ദിവസ

ങ്ങൾ ഏതാനും കഴിഞ്ഞു. മേനവനു സംശയം ഒന്നിനൊന്നു വർദ്ധിച്ചുതന്നെ വന്നു. ഒരു ദിവസം രാധ ഒരെഴുത്തെഴുതി മേൽവിലാസംവെച്ച് ഭൃത്യനെ വിളിച്ച് അവനെ ഏല്പിച്ചയക്കുന്നതു മേനവൻ കണ്ടു. അന്നു മുതൽ മേനവനു സംശയം കലശലായി. ഭൃത്യനെ വിളിച്ച് വിവരം ചോദിക്കുന്നത് ഹീനമാണെന്നു ആത്മാഭിമാനിയായ മേനവൻ വിചാരിച്ചു. ഒരു ദിവസം മേനവൻ തന്റെ സ്നേഹിതനോടിങ്ങിനെ പറഞ്ഞു. "ഇന്നാൾ ഞാൻ പറഞ്ഞത് നിങ്ങൾ വിശ്വസിച്ചില്ലല്ലോ. ഇപ്പോൾ വിശ്വസിക്കത്തക്കതായ ലക്ഷ്യം ഉണ്ട്. ഈ എഴുത്തു നോക്കുക" മിസ്റ്റർ പിള്ള എഴുത്തുവാങ്ങി ഇങ്ങിനെ വായിച്ചു സ്നേഹിതൻ,

ശ്രീ.

അയച്ച കത്തു കിട്ടി. വിവരങ്ങൾ ഗ്രഹിച്ചു. നിങ്ങളുടെ ഭർത്താവ് 20-ാംനു- തിരുവനന്തപുരത്തു പോകുന്നതായിട്ടു തീർച്ചപ്പെടുത്തിയെങ്കിൽ അന്നു ദിവസം വൈകുന്നേരം ഞാനവിടെ വന്നുകൊള്ളാം. അനേക നാളായി ആഗ്രഹിച്ചിരിക്കുന്ന ഒരു വസ്തു ലഭിക്കുന്നതിനുള്ള ഈ അവസരത്തെ വ്യർത്ഥമാക്കണമെന്നു ഞാൻ വിചാരിക്കുന്നില്ല. ദൈവത്തെ ഹൃദയപൂർവം പ്രാർത്ഥിക്കുക. ശേഷം കാഴ്ചയിൽ.

എന്ന് നിങ്ങളുടെ സ്വന്തം (ഒപ്പ്)

ഗോവിന്ദൻ—ഈ ലക്ഷ്യം ധാരാളം മതിയാകുന്നില്ല

കൃഷ്ണൻ—ധാരാളം മതി. ഇനി വിശ്വസിക്കാതിരിപ്പാൻ നിവൃത്തിയില്ല

സ്ത്രീകൾ ചപലകളല്ലേ. അവരെക്കുറിച്ചുള്ള ഊഹം തെറ്റാനും സാദ്ധ്യമാണ്.

മേന—അവനെ നമുക്കു കണ്ടുപിടിക്കണം. 20-ാംനു- ഞാൻ തിരുവനന്തപുരത്തേയ്ക്കു പോകുന്നില്ലെന്നുവെക്കാം. നേരത്തെ യാത്രയായി വീട്ടിൽനിന്നും ഇറങ്ങിക്കൊള്ളാം. രാത്രിയായതിനുശേഷം നമുക്കവിടെപ്പോയി ഒളിച്ചിരിക്കണം. കള്ളൻ വരുമ്പോൾ പിടിക്കാം.

കൃഷ്ണൻ—അങ്ങിനെതന്നെ. ഞാനും വരാം.

സ്നേഹിതന്മാർ രണ്ടുപേരും പിരിഞ്ഞു. രാധയുടെ മേൽവിലാസത്തിൽ വരുന്ന കത്തുകൾ മിക്കവാറും മേനവൻ അഞ്ചലാപ്പീസ്സിൽനിന്നു തന്നെ വാങ്ങിക്കാറുണ്ട്. അല്ലാത്തുള്ളവ അവൾ ഒളിച്ചുവെച്ചിരിക്കുന്ന സ്ഥലത്തു നിന്നു ഗ്രഹിക്കയും ചെയ്യും. ഈ വിവരങ്ങളെല്ലാം രാധ അന്നന്നു അറിയുന്നതുമുണ്ട്.

ദിവസങ്ങൾ മൂന്നുനാലു കഴിഞ്ഞു. മേനവൻ മുമ്പു പറഞ്ഞിരുന്നതുപോലെ തിരുവനന്തപുരത്തേയ്ക്കു പോകുന്നു എന്നു യാത്ര പറഞ്ഞ് ഗൃഹത്തിൽനിന്നും ഇറങ്ങി. 20-ാംനു- നേരം അസ്തമിച്ചു. ഇരുട്ടു കഠിനമായിരുന്നുവെങ്കിലും നാട്ടുവെളിച്ചം ധാരാളമുണ്ടായിരുന്നു. അർദ്ധരാത്രിയായപ്പോൾ മേനവൻ രാധകിടക്കുന്ന മുറിയുടെ കതകിൽ തട്ടിവിളിച്ചു. സ്വല്പം കഴിഞ്ഞപ്പോൾ രണ്ടു വശത്തേയ്ക്കും ഉള്ള വാതിലുകൾ തുറന്നു. മേനവൻ മുറിക്കകത്തു പ്രവേശിച്ചു. തൽക്ഷണം മറുഭാഗത്തുള്ള വാതിലിൽക്കൂടി, ഒരു പുരുഷൻ പുറത്തേയ്ക്കു ചാടി. അയാൾ ദേഹത്തിൽ ഒരു ഷർട്ടു ധരിച്ചിരുന്നു. തലയിൽ അറ്റു നീളമുള്ള ഒരു കവണി പരിഷ്കാരരീതിയിൽ ചുററിയിരുന്നു. കണങ്കാലോളം താഴ്ത്തി ഒരു മൽമൽമുണ്ടും ധരിച്ചിരുന്നു. മേനവൻ മുറിയിൽ നോക്കിയപ്പോൾ രാധ ലജ്ജിതയായി മുറിയുടെ ഒരു മൂലയിൽ നിന്നിരുന്നു. മേനവൻ വാതിലിൽകൂടി ചാടിയ പുരുഷന്റെ പിന്നാലെ എ

ന്നി. തെരുപോലും വൃക്ഷലതാദികളുടെ ഇടയിൽകൂടി പാഞ്ഞു. മേനവൻ ക്ഷീണിച്ചുവെങ്കിലും ഈശേഷം വകവെയ്ക്കാതെ പിന്നാലെ തന്നെ പാഞ്ഞെത്തി. സ്വല്പം കഴിഞ്ഞപ്പോൾ മുമ്പിൽ പായുന്ന ആളിൻെറ കേശഭാരത്തിൽ മേനവൻ പിടികൂടി കുന്തളഭാരം അഴിഞ്ഞു നിലത്തു പതിച്ചു. ഉടനെ മേനവൻ തൻെറ പ്രതിയോഗിയുടെ ദേഹം അടച്ചൊരു പിടുത്തം. അപ്പോൾ അന്ന രാധാമ്മ പുളകിതഗാത്രയായി കിടുകിടെ ചിരിക്കുന്നു. മേനവൻ മുഖത്തു സൂക്ഷിച്ചുനോക്കി. അപ്പോൾ പുരുഷവേഷം ധരിച്ചിരിക്കുന്നതു തൻെറ ഭാര്യയാണെന്നു മനസ്സിലായി. അയാൾ ഇളിഭ്യനായി. എന്നാലെന്തരം പുരുഷവേഷം? മേനവൻ സംശയിക്കുന്നതെങ്ങിനെ? മേനവൻ മുറിയിൽ വന്നുനോക്കി. അപ്പോൾ അവിടത്തെ വേലക്കാരി അമ്മു ഒരു കോണിൽ ലജ്ജിച്ചുനില്ക്കുന്നത് അയാൾ കണ്ടു. രാധാമ്മയുടെ മേൽവിലാസത്തിൽ വന്ന ആദ്യത്തെ കത്ത് അവരുടെ ഒരു സഖി അയച്ചതായിരുന്നു. ആ കത്തിൽ പ്രസ്താവിച്ചിരുന്ന ഗോപാലൻനായർ അവരുടെ സോദരനായിരുന്നു. രണ്ടാമത്തെ കത്തു ഭർത്താവിൻെറ തെറ്റിദ്ധാരണയെ വർദ്ധിപ്പിക്കുന്നതിനുവേണ്ടി അവൾ തന്നെ തൻെറ മേൽവിലാസത്തിൽ എഴുതി ഭൃത്യനെക്കൊണ്ട് അഞ്ചലിൽ ഇടുവിച്ചതായിരുന്നു. കാര്യങ്ങളെല്ലാം അവൾ മുൻകൂട്ടി നിശ്ചയിച്ചിരുന്നതിനാൽ ഈ വിധം പര്യവസാനിച്ചതാണ്. അന്നുമുതൽ സ്നേഹമുള്ളവരെ വിശ്വസിക്കണമെന്നു മേനവൻ ഉറച്ചു. അയാളുടെ ശങ്കയും അസ്തമിച്ചു.

പി. ആർ. ശങ്കുപ്പിള്ള.

കൊച്ചിസാഹിത്യസമാജം.

1089 കുംഭത്തിൽ ചേൎന്ന പുതിയ സാമാജികന്മാർ.

	മ. രാ. രാ.		അവർകൾ.
91	,,	തേലപ്പുറത്തു നാരായണനമ്പി കോട്ടക്കൽ.	,,
92	,,	എ. ആർ. ശാസ്ത്രി പോലീസ്സ് ആപ്പീസ്സ് തലവാഡി ബെഞ്ച്.	,,
93	,,	കെ. സി. മാനവിക്രമരാജാ ഡി. സി. കോട്ടക്കൽ.	,,
94	ശ്രീമതി	തരവത്ത് അമ്മാളുഅമ്മ വടക്കന്തറ — പാലക്കാട്.	,,
95	മ. രാ. രാ.	കെ. രാമക്കുറുപ്പ് ബി. ഏ; ബി. എൽ. ഹൈക്കോർട്ടുവക്കീൽ തിരുവനന്തപുരം.	,,

96 മ- രാ- രാ- സി. എസ്സ്. സുബ്രഹ്മണ്യൻപോററി അവർകൾ
വെള്ളിമന— പടനായകുളങ്ങര— കരുനാഗപ്പള്ളി.

97 ,, പി. രാമൻനമ്പൂതിരി ,,
c/o. 3rd Prince of Cochin തൃപ്പൂണിത്തുറ.

98 ,, കെ. പരമേശ്വരക്കുറുപ്പ് ബി. എ. ,,
റവന്യൂ ഇൻസ്പെക്ടർ, തൃശ്ശിവപേരൂർ.

99 ,, വി. കെ. രാമമേനോൻ ,,
റിട്ടയർഡ് സെററിൽമെണ്ട് പേഷ്കാർ, തൃശ്ശിവപേരൂർ.

100 ,, എ. ആർ. രാജരാജവൎമ്മ തമ്പുരാൻ എം. എ. ,,
പ്രൊഫസ്സർ കോളേജ് തിരുവനന്തപുരം

101 ,, എം. ഉദയവൎമ്മ തമ്പുരാൻ ബി. എ. ,,
കാവലിക്കരരാജാ— മാവേലിക്കര.

102 ,, പന്തളത്തു കേരളവൎമ്മതമ്പുരാൻ ,,
പന്തളം (തിരുവിതാംകൂർ).

103 ,, പുന്നത്തൂർ ഗോദശങ്കര ഏളയരാജാ ,,
കോട്ടപ്പടി— ചാവക്കാട്.

104 ,, കോയിപ്പിള്ളിൽ പരമേശ്വരക്കുറുപ്പ് ,,
കൊടുങ്ങല്ലൂർ

അറിയിപ്പ്.

സാമാജികന്മാരിൽ പലരും ഈ മാസത്തിൽ പണം അടച്ചിട്ടുണ്ട്. അവരുടെ പേരും വിവരവും അടുത്ത ലക്കത്തിൽ പ്രസിദ്ധം ചെയ്യുന്നതാണ്. പണം അടയ്ക്കുവാൻ ഉപേക്ഷചെയ്ത സാമാജികന്മാർ അവരവർ അടയ്ക്കേണ്ട സംഖ്യ മിഥുനം 15-ാംനു-ക്കുമുമ്പായി ഖജാൻജിയുടെ മേൽവിലാസത്തിൽ തൃശ്ശിവപേരൂർക്ക് അയപ്പാൻ അപേക്ഷിക്കുന്നു.

എന്നു

തൃശ്ശിവപേരൂർ
25—7—89

കെ. ഗോവിന്ദൻനമ്പ്യാർ
ബി. എ. ബി. എൽ.
ഖജാൻജി.

രണ്ടാമത്തെ സേതുബന്ധം.

രാക്ഷസരാജാവായ രാവണൻ കട്ടുകൊണ്ടുപോയ തന്റെ പട്ടമഹിഷിയെ വീണ്ടെടുക്കുന്നതിന്നായി അയോദ്ധ്യാധിപനും അവതാരമൂർത്തിയും അത്ഭുതപരാക്രമിയും ആയ ശ്രീരാമൻ ലങ്കയെ ആക്രമിപ്പാൻ പുറപ്പെടുകയും ദക്ഷിണ ഇന്ത്യയുടെ തെക്കെ അറ്റത്തെത്തിയപ്പോൾ, സമുദ്രം തന്റെ വഴി മുടക്കിക്കിടക്കുന്നതു കാണുകയും ചെയ്തു. തങ്ങളുടെ ന്യായമായ ഉദ്ദേശസാദ്ധ്യങ്ങൾക്കു നേരിടുന്ന പ്രതിബന്ധങ്ങൾ എത്രതന്നെയായാലും അവകളെ ലേശംപോലും കൂസാതെയും ആ ഉദ്യമങ്ങളിൽനിന്നു പിന്മാറാതെയും സ്ഥിരചിത്തതയോടെ പ്രതിബന്ധങ്ങളെ ലഘുതരങ്ങളാക്കിച്ചെയ്തു മുന്നോട്ടുതന്നെ പൊയ്ക്കൊണ്ടിരിക്കുന്നതാണല്ലോ ഉത്തമപുരുഷന്മാരുടെ ലക്ഷണം. വിശാലമായ സമുദ്രം തന്റെ ഗതി തടഞ്ഞുകിടക്കുന്നതു കണ്ട ഉടനെ ശ്രീരാമൻ തന്റെ ശില്പകാര്യമന്ത്രിയായ 'നളനെ' വിളിച്ചു സമുദ്രം ലംഘിച്ച് ഒരു പാലം കെട്ടുവാൻ ആജ്ഞാപിച്ചു. കല്പനാനുസരിച്ചു ചീഫ് എഞ്ചിനീയരായ 'ഹനുമാനു' നളൻ ഉത്തരവുകൊടുക്കുകയും, ഉത്തരവിൻപടി, തന്റെ കീഴിലുണ്ടായിരുന്ന വാനരസേനയുടെ സഹായത്താൽ അഞ്ചുദിവസംകൊണ്ടു പാലം പണിതീർക്കയും, ആ പാലത്തിന്മേൽകൂടി ശ്രീരാമൻ ഇന്ത്യയിൽനിന്നു ഇപ്പോഴത്തെ 'സിലോൺ' ആയ പണ്ടത്തെ ലങ്കയിലേക്കു കടന്നു തന്റെ ഉദ്ദേശം നിറവേറ്റുകയും ചെയ്തു. ശ്രീരാമപ്രതിഷ്ഠയായ രാമേശ്വരത്തെ ഒരു പ്രധാനപ്പെട്ട പുണ്യസ്ഥലമായി ഹിന്തുക്കൾ ഗണിച്ചുവരുന്നതുതന്നെ ഈ സംഭവത്തിന്റെ ഒരു സ്ഥിരഫലമായി വിചാരിക്കേണ്ടതാണ്.

ഈ സംഭവങ്ങൾ കഴിഞ്ഞ് അനേകം നൂറ്റാണ്ടുകൾക്കുശേഷം വേറൊരു ജാതിക്കാർ അതേ സ്ഥലത്തുതന്നെ എത്തുകയും, മുൻകാരണങ്ങളെക്കാൾ കുറെക്കൂടി പ്രബലങ്ങളായ കാരണങ്ങളാൽ ലങ്കയെ ആക്രമിക്കുന്നതിന്നു സമുദ്രലംഘനം ചെയ്യുവാൻ ഒരു പാലം കെട്ടേണമെന്നുള്ള ആഗ്രഹം അവരിൽ ജനിക്കുകയും ചെയ്തു. പ്രകൃതിയുടെ ചപലത്വത്താലും മനുഷ്യരുടെ അജാഗ്രതകൊണ്ടും ഹനുമാന്റെയും വാനരസേനയുടെയും പ്രയത്നങ്ങൾ നാമാവശേഷങ്ങളായിരുന്നതുകൊണ്ടു, ഈ പുതിയ ആക്രമികളെയും സമുദ്രം മയപ്പെടുത്താതിരുന്നില്ല. അവരും ചീഫ് എഞ്ചിനീയർക്ക് കല്പനകൊടുത്തു. പക്ഷെ, ഇദ്ദേഹത്തിന്നു ഹനുമാനെപ്പോലെ കാട്ടുജാതികളുടെ സഹായം കിട്ടുവാൻ അസാദ്ധ്യമായിരുന്നതിനാൽ, വ്യവസായവിഷയത്തിൽ പരിശ്രമിച്ചുവരുന്ന തന്റെ സ്വരാജ്യക്കാരുടെ ആലോചനാഫലമായി സിദ്ധിച്ചിട്ടുള്ള ചില പുതിയ ജാതികളെ —— യന്ത്രങ്ങൾ——സഹായത്തിന്നായി വിളിക്കുകയും അവരുടെയും അനേകായിരം കൂലിക്കാരുടെയും പ്രയത്നത്താൽ ഇന്ത്യയെയും ലങ്കയെയും ഒരു തീവണ്ടിപ്പാതമൂലം രണ്ടാമതും കൂട്ടിഘടിപ്പിക്കുകയും ചെയ്തു. ഈ രണ്ടും ഇപ്പോൾ തീവണ്ടിവഴിയും കപ്പൽവഴിയും കൂടിട്ടാണ് കൂട്ടിച്ചേർത്തിരിക്കുന്നത്. ഇക്കഴിഞ്ഞ ഫെബ്രുവരി 24-ാംനു- "താലിമന്നാർ" എന്ന സ്ഥലത്തുവെച്ച് എസ്സ്. ഐ. ആർ. കമ്പനിക്കാരുടെ ക്ഷണം സ്വീകരിച്ചുവന്നിരുന്ന അനവധി മാന്യന്മാർ കൂടിയ സന്ദർഭത്തിൽ, ബഹുമാനപ്പെട്ട മദ്രാസ്സ് ഗവർണ്ണർ അവർകളാൽ ഈ പാതയുടെ ഉൽഘാടനാഘോഷക്രിയ മംഗളമായി നടത്തപ്പെടുകയും ചെയ്തു. പക്ഷെ സമുദ്രലംഘനത്തിന്നു ശ്രീരാമനെ പ്രേരിപ്പിച്ച കാരണങ്ങളല്ലാ ഇവരെ ഉത്സാഹിപ്പിച്ചതെന്നു മാത്രമേയുള്ളു.

"ആദംപാലം" വഴി ഇന്ത്യയെയും സിലോണിനെയും ഒരു തീവണ്ടിപ്പാതമൂലം

കൂട്ടിഘടിപ്പിക്കുന്നതിനുള്ള ആലോചന മുപ്പതെട്ടു വഷങ്ങൾക്കുമുമ്പു തുടങ്ങിയിട്ടുള്ളതാണ്. ശ്രീരാമർ ഈ പ്രകാരം ഒരു കാര്യം പ്രവർത്തിച്ചിട്ടുള്ളതുകൊണ്ടു, ഇതു് ഒരു നൂതനമായ ആലോചനയാണെന്നു പറയുവാൻ പാടില്ല. രാമായണത്തിൽ അധികം പാസുള്ളവർണ്ണനങ്ങളും, ഇങ്ങനെയൊരുകാര്യം സാധിക്കാവുന്നതാണെന്നു് അതിന്റെ ഗ്രന്ഥകർത്താവു പറഞ്ഞിട്ടുള്ളതിനെ വിശ്വസിക്കാതിരിപ്പാൻ നിവൃത്തിയില്ല. ആ സ്ഥിതിക്കു ഇതിനു പുതുമ കല്പിക്കുവാൻ അവകാശമില്ല. എന്നുമാത്രമല്ല ഇപ്പോൾ അനുഭവപ്പെടുന്ന അത്ഭുതങ്ങളെല്ലാം നമ്മുടെ പൂർവ്വികന്മാർ ആലോചിച്ചുവെച്ചിരുന്നവകളാണെന്നു് ഇതൊരു ദൃഷ്ടാന്തമായും വിചാരിക്കാം. ഈ സംഗതി പാശ്ചാത്യന്മാർ സമ്മതിക്കുന്നതല്ലതാനും. ഈ പാതയെപ്പററിയുള്ള ആലോചന 1876-ൽ ആണു് ആദ്യമായി തുടങ്ങിയതെങ്കിലും. 1894 വരെ യാതൊരു തീരുമാനവും ഉണ്ടാകാതെയാണിരുന്നതു. 1894-ൽ മിസ്റ്റർ എഫ്. ജെ. വാർണിങ് എന്നൊരാൾ സിലോൺ ഗവർമ്മെണ്ടിന്റെ ആവശ്യപ്രകാരം സർവ്വേ ചെയ്തു് ഒരു കണക്കുണ്ടാക്കിയതിൽനിന്നു ഇതിലേക്കു് 259 ലക്ഷം ഉറുപ്പിക ചിലവു വേണ്ടിവരുമെന്നു കാണുകയുണ്ടായി. അടുത്ത കൊല്ലത്തിൽ ഇന്ത്യാഗവർമ്മെണ്ടിന്റെ ആവശ്യപ്രകാരം മിസ്റ്റർ ജി. ജെ. ഷാബോൾഡ് സർവ്വേചെയ്തു കണക്കെടുത്തതിൽനിന്നു ആദ്യത്തേതിൽ പത്തുലക്ഷം ഉറുപ്പിക കുറവായിട്ടാണു് കണ്ടതു്. എന്നാൽ ഈ ചിലവു ന്യായമായി കിട്ടാവുന്ന ആദായത്തിനേക്കാൾ കൂടുതലാണെന്നു വിചാരിച്ചു്, ഈ ഉദ്യമം തല്ക്കാലം നിർത്തിവെക്കുകയാണുണ്ടായതു്. 1899-ൽ മധുരയിൽനിന്നു രാമേശ്വരത്തേക്കു് ഒരു തീവണ്ടിപ്പാത ഏർപ്പെടുത്തുന്ന കാര്യത്തെപ്പററി ആലോചന നടക്കുകയും, ആ സന്ദർഭത്തിൽ "കണ്ടഗൽമുനമ്പ്" ഒരു തുറമുഖമാക്കണമെന്നു് അഭിപ്രായപ്പെടുകയും ചെയ്തു. ഇതിനെപ്പററി പല വാദപ്രതിവാദങ്ങളും നടന്നുകൊണ്ടിരിക്കുന്നതിനിടക്കു്, 1906-ൽ കമ്പനിയുടെ ഇന്ത്യൻ ഏജന്റും, ഇപ്പോൾ മാനേജിങ്ങ് ഡയറക്ടരുമായ മിസ്റ്റർ എൻ. പ്രീസ്റ്റ്ലി പഴയ ആലോചനയെ വീണ്ടും ആരംഭിച്ചു. പക്ഷെ പാലത്തിനു ചെയ്യുന്ന ചിലവു് ന്യായപ്പെടുമെന്നു കാണുന്നതുവരെ കപ്പൽമാർഗ്ഗമായി ഗതാഗതസൗകര്യമുണ്ടാക്കണമെന്നായിരുന്നു ഇദ്ദേഹം അഭിപ്രായപ്പെട്ടതു്. ഈ അഭിപ്രായത്തെ അപ്പോഴത്തെ സിലോൺ ഗവർണ്ണരും അദ്ദേഹത്തിന്റെ പിൻഗാമിയും പിന്താങ്ങുകയും ചെയ്തു. അടുത്ത കൊല്ലത്തിൽ കമ്പനിയുടെ സ്ഥിരാധ്യക്ഷൻ സിലോണിൽ സന്ദർശിച്ചിരുന്ന സമയം രാജ്യനിവാസികളുടെ ഒരു ഡെപ്യൂട്ടേഷൻ സ്വീകരിക്കയും അവരുടെ ആഗ്രഹപ്രകാരം തീവണ്ടിതന്നെ നടപ്പാക്കുവാൻ വേണ്ട ശ്രമം അദ്ദേഹം ഇംഗ്ലണ്ടിൽ കടന്ന് എത്തിയ സമയം ചെയ്യുകയും അതിൻഫലമായി, 'മന്നാർ' ദ്വീപിന്റെ അറ്റത്തുള്ള 'തലൈമന്നാർ' എന്ന സ്ഥലം വരെ സിലോൺ ഗവർമ്മെണ്ടുകാർ അവരുടെ തീവണ്ടിപ്പാത എത്തിക്കയും തലൈമന്നാർ മുനമ്പിന്റെ ഇരുഭാഗത്തും ജെട്ടികൾ നിർമ്മിക്കയും ചെയ്യുന്നെങ്കിൽ ശേഷം പണികൾ ഇന്ത്യാഗവർമ്മെണ്ട് നിർവഹിക്കാമെന്നു സമ്മതിക്കയുംചെയ്തു. അതിനു ശേഷം, ഇന്ത്യാഗവർമ്മെണ്ട് പ്രവർത്തിക്കേണ്ടതെന്താണെന്നു തീരുമാനിക്കുവാൻ മദ്രാസ് ഗവർണ്ണർമുതലായ പലരും ചേർന്നു് ഒരു സഭകൂടുകയും, അതിൽവെച്ചു്, "പാക്ക്" കടലിടുക്കിൻ മീതെ ഒരു പാലംകെട്ടുന്നതിനും "പാമ്പൻ" എന്ന കടലിൽ ഉയർത്താവുന്നതും താഴ്ത്താവുന്നതുമായ ഒരു പാലംകെട്ടുന്നതിനും "ധനുഷ്കോടി"ക്കും "തലൈമന്നാറി"നും മദ്ധ്യേയുള്ള സമുദ്രത്തിൽ ആവിക്കപ്പൽ ഏർപ്പെടുത്തുന്നതിനും തീർച്ചയാക്കുകയുംചെയ്തു. ഇപ്രകാരം കുറെഭാഗം തീവണ്ടിയും കുറെഭാഗം കപ്പലുമായിട്ടാണു് ഈ പാത ഇണക്കപ്പെട്ടിരിക്കുന്നതു. സിലോൺ ഭാഗത്തുനിന്നും രാമേശ്വരം ഭാഗത്തുനിന്നും കടലിലേക്കു് കെട്ടിയിരിക്കുന്ന പാലങ്ങൾക്കു മദ്ധ്യേയുള്ള കടലിനു് ഇരുപതിന്റെ മയ

ഷ്സ്റ്റ് ഉണ്ടാകുന്നു. ഇവിടെയാണ് ആ വിക്കപ്പലിന്റെ ഉപയോഗം. “കർസൺ, എൽജിൻ, ഹാർഡിഞ്ജ്” എന്നുള്ള കപ്പലുകളാണ് ഇവിടെ ഉപയോഗപ്പെടുത്തിവരുന്നതു. ഈ കാര്യത്തിൽ ഇന്ത്യാഗവർമ്മേണ്ടിന് എഴുപതുലക്ഷം ഉറുപ്പികയും സിലോൺഗവർമ്മേണ്ടിന് നാല്പതുലക്ഷം ഉറുപ്പികയും കൂടി ആകെ 111 ലക്ഷം ഉറുപ്പിക മാത്രമേ ചിലവുവന്നിട്ടുള്ളു.

ധനുഷ്കോടിയിലെ ഇരിമ്പുപാലത്തിന്റെ വലിപ്പം താഴെ കൊടുക്കുന്ന കണക്കുകൊണ്ട് വായനക്കാർക്ക് അറിയാവുന്നതാണ്. ഈ ഇരിമ്പുപാലത്തിന് 6776. അടി നീളവുമുണ്ട്. അതിൽ ആകെ 145. കമാനവും ഉണ്ട്. കമാനങ്ങളുടെ ഉള്ളളവു ഓരോന്നിന് 40 അടി വീതമാകുന്നു. ബാക്കി രണ്ടു കമാനങ്ങളുള്ളതിൽ ഒന്നിന് 48. അടിയും മറ്റേതിന് 44. അടിയുമുണ്ട്. ഇതിന്നുപുറമേ, ഇതിന്നുള്ളിൽ കൂടി കപ്പലുകൾക്ക് കടന്നുപോകേണ്ടതിന്നായി മേല്പോട്ടു ഉന്ന വെക്കത്തകവിധത്തിൽ 289. അടിനീളമുള്ള ഒരു ഗേറ്റുപാലവും പ്രത്യേകമായി ഒരു കപ്പൽച്ചാലുമുണ്ട്. ഇതിൽകൂടി 200. അടി വണ്ണമുള്ളതും 14. അടി വെള്ളത്തിലേക്കു താണു നില്ക്കുന്നതുമായ കപ്പലുകൾക്ക് നിഷ്പ്രയാസം ഗതാഗതം ചെയ്യാവുന്നതാണ്. ഈ പാലം ഒന്നാമത്തെ സേതുബന്ധത്തിന് നേരെയാണിരിക്കുന്നതു. ഈ പാലത്തിന്നുപയോഗിച്ചിട്ടുള്ള ഇരിമ്പുതൂണുകൾ ഓരോന്നിന്നു 710 അടിനീളവും ഉള്ളതാകുന്നു. ഈ പണികൾക്കെല്ലാം കൂടി ആകെ രണ്ടായിരം ടൺതൂക്കം ഇരിമ്പുപണിത്തരങ്ങളും, 20,700 ക്യൂബിക്ക്ഫീറ്റ് തേക്കുമരവും ഉപയോഗിച്ചിട്ടുണ്ട്. രണ്ടായിരം കൂലിക്കാർ വീതം ദിവസംപ്രതി വേലയെടുത്തിട്ടുണ്ടെന്നാകുന്നു.

മേൽപറഞ്ഞിരുന്ന കപ്പലുകളിൽ ഓരോന്നിന്നും അമ്പതിനായിരം പവൻ വീതം വിലയായിട്ടുണ്ട്. കപ്പലുകൾ ഓരോന്നിന്നും 250 അടിനീളവും 38 അടി വീതിയും ഉണ്ട്. ഓരോകപ്പലുകളിലും 50 ഒന്നാംക്ലാസ്സുകാരെയും 500 മൂന്നാംക്ലാസ്സുകാരെയും, 180 ടൺ തൂക്കം സാമാനങ്ങളും 110 കന്നുകാലികളേയും കയറ്റിക്കൊണ്ടുപോകാവുന്നതാണ്. മണിക്കൂറിൽ ഇരുപതേകാൽ നാഴികദൂരം വീതം യാത്ര ചെയ്യുകയും ചെയ്യും.

ശ്രീരാമന്നു കല്ലും മരവുമാണ് വേണ്ടിവന്നതു. ഇപ്പോഴും ഇരിമ്പും മരവുമാണ് ഉപയോഗിച്ചിരിക്കുന്നതു. നളനും ഹനൂമാനും അഞ്ചാറുദിവസംകൊണ്ടു ചെയ്തപണി ഇപ്പോൾ മൂന്നുകൊല്ലംകൊണ്ടാണ് കഴിഞ്ഞതു. ഇതിൽ അത്ഭുതപ്പെടുവാനില്ല. എന്തുകൊണ്ടെന്നാൽ, വാനരസേനയ്ക്കു എണ്ണമുണ്ടായിരുന്നില്ല. എന്നുതന്നെയല്ല, നട്ടപ്പിനാവും ചുഴലിക്കാറ്റും അവരെ ഉപദ്രവിച്ചിരുന്നില്ല. ഇവരുടെകഥ അങ്ങിനെ അല്ലായിരുന്നു. അതിന്നും പുറമെ, ശ്രീരാമന്റെ സേതുബന്ധം സീതയെ വീണ്ടെടുക്കുവാൻ മാത്രമായിരുന്നു. അതിന്നശേഷം, ആ പാലം നിലനിന്നാലും ഇടിഞ്ഞുപൊളിഞ്ഞു പോയാലും അദ്ദേഹത്തിന്നു വിരോധമുണ്ടായിരുന്നില്ല. പക്ഷെ, ഇവിടെയോ? എന്നെന്നും സുസ്ഥിരമായിരിക്കണമെന്നാണ് ആഗ്രഹം. ഇടിഞ്ഞുവീണുപോയാൽ ധനനാശവും ആൾനാശവും നിശ്ചയം പോരെങ്കിൽ പരിഹാസവും. അതുകൊണ്ടാണ് അധികസമയം വിനിയോഗിച്ച് മനസ്സിരുത്തി പണിതീർക്കേണ്ടിവന്നതു. ഏതുവിധത്തിലും കമ്പനിക്കാരുടെ ഈ പ്രവൃത്തി, അവർക്ക് അഭിമാനഹേതുകവും, ജനങ്ങൾക്ക് ഉപകാരപ്രദവും ആയിത്തീർന്നിട്ടുണ്ടെന്നു പറയുന്നതിൽ ഒരുപക്ഷമുണ്ടെന്നു തോന്നുന്നില്ല. ഈ ഏർപ്പാടുകൊണ്ടു കച്ചവടത്തിന്നും കൈത്തൊഴിലുകൾക്കും കിട്ടാവുന്ന അഭിവൃദ്ധി എത്രമാത്രമാണെന്ന് പ്രത്യേകിച്ച് പറയേണ്ടതില്ലല്ലോ. വഴിയാത്രക്കാർക്കുള്ള സൌകര്യവും കുറച്ചൊന്നുമല്ല. ഈ പാത ഇറക്കുവാൻ വന്നിരുന്ന മദ്രാസ് ഗവർണ്ണർ അവർകൾക്ക്, വിലപിടിച്ചതും, വിശേഷപ്പെട്ടതുമായ ഒരു “കസ്സൂറ്” കമ്പിനിക്കാർ സമ്മാനംകൊടുത്തതും ഈ അവസരത്തിൽ സ്മരണീയം തന്നെ.

ഇ. ആർ. മേനോൻ

അദ്ധ്യായം 3.

ഏറവാലന്മാരും, നായാടികളും, ഉള്ളാടന്മാരും.

ഏറവാലന്മാർ.

ഉത്പത്തിയും ഐതിഹ്യവും

'വില്ലുവേടന്മാർ' എന്നുകൂടി വിളിക്കപ്പെടുന്നു. ഏറവാലന്മാർ ചിറ്റൂർതാലൂക്കിലെ മലകളിൽ പാർത്തുവരുന്ന ഒരു വക സാധുക്കളായ കാട്ടുജാതിയാകുന്നു. അവരിൽ ചിലർ മലയാളം സംസാരിക്കുന്നുണ്ടെങ്കിലും അവരുടെ ഭാഷ തമിഴാണ്. അവർക്ക് സ്ഥാനമാനങ്ങൾ ഒന്നുമില്ല. എന്നാൽ മൂപ്പന്മാരെ മൂത്താന്മാരെന്നും പാട്ടാന്മാരെന്നും സംബോധനത്തിൽ പറഞ്ഞുവരാറുണ്ട്. അവരുടെ ഉല്പത്തിയെപ്പറ്റി അവർക്ക് യാതൊരു വിവരവുമില്ല. മറ്റുകാട്ടുജാതിക്കാരെപ്പോലെ ഇവരും ബഹിഷ്കൃതന്മാരും ഭീതന്മാരും തന്നെ. മഹാ ദരിദ്രന്മാരുമാണ്. എന്നാൽ അവർ ആശ്രയിച്ചുവരുന്ന മുതലാളിമാരുടെ പരിഷ്കാരംകൊണ്ട് അവരുടെ സ്ഥിതിക്ക് അല്പം ഭേദമുണ്ടായിട്ടുണ്ട്. ഇവരും പതികളിലാണ് കാട്ടിൽ പാർത്തുവരുന്നത്. കുടിലുകൾ മലയന്മാരുടേതുപോലെയുമാകുന്നു. എന്നാൽ മലയന്മാരെപ്പോലെയോ കാടന്മാരെപ്പോലെയോ ഇവർ ഭിക്ഷമാറി പാർക്കുവാൻ നോക്കുന്നവരല്ല.

ഉടുപ്പും ആഭരണങ്ങളും

ഏറവാലപ്പെണ്ണുങ്ങളും ആണുങ്ങളും മലയന്മാർ പുലയന്മാർ മുതലായ കീഴ്ജാതിക്കാരെക്കാൾ നല്ലപോലെ വസ്ത്രധാരണം ചെയ്യുന്നുണ്ട്. ആണുങ്ങൾ വക്കുള്ള കരയും മൂന്നുവാര നീളവുമുള്ള വേഷ്ടികൾ അരയിൽ ചുറ്റി ഒരു തല നാട്ടിയിട്ട് മറ്റേ തല കാലിന്റെ ഇടയിൽ കൂടിയെടുത്തു പിന്നിൽ കുത്തിവെക്കും. അവർക്ക് ചുമൽമുണ്ടും ഉണ്ടായിരിക്കും. ചിലപ്പോളതു ചുമലിൽ നാട്ടിയിടാനും മതി, ചിലപ്പോൾ തലക്കെട്ടിന്മേൽ കെട്ടാനും മതി. തലമുടി പെണ്ണുങ്ങളെപ്പോലെ വളർത്തി നീട്ടും. എന്നാൽ വകയില്ലാത്തതിനാൽ എണ്ണതേച്ചു മിനുക്കാറില്ല. അവർ മേൽമീശ വളർത്തുകയും, തങ്ങളെ വളരെ പേടിയുള്ള മലയന്മാരിൽനിന്നും തിരിച്ചറിവാൻ, കഴുത്തിൽ ഒരു സ്ഫടികക്കല്ലുമാലയും ചിലർ കയ്യിൽ പിച്ചളമോതിരവും ധരിക്കുകയും ചെയ്യും. പെണ്ണുങ്ങളുടെ വസ്ത്രധാരണം കാടത്തികളുടേയും കൊങ്ങമലച്ചികളുടേയും പോലെയാകുന്നു. അവരുടെ കാതിലെയുള്ള ആഭരണം പനയോലച്ചുരുളാണ്. ഇതു സാമാന്യം വലിയതു കൊള്ളത്തക്കവണ്ണം കാതു കുത്തിവളർത്തുകയും ചെയ്യും. ഇവർ ആഴ്ചയിലൊരിക്കൽ തേച്ചുകുളിക്കുമത്രെ.

കല്യാണസമ്പ്രദായം

ഭാര്യയെ തന്നത്താൻ പുലർത്താറാകുന്നതുവരെ ഒരു യുവാവിനെ കല്യാണം ചെയ്യാനനുവദിക്കുന്നതല്ല. ഇതു മേൽജാതിക്കാർക്കു കണ്ടുപഠിപ്പാൻ മതിയായതാണ്. ഒരു ഏറവാലനു തന്റെ മകനെ കല്യാണം ചെയ്യിക്കണമെന്നു തോന്നിയാൽ അവനും

അവരുടെ അളിയനും മററു ചില ബന്ധുക്കളുംകൂടി പെണ്ണിന്റെ മാതാപിതാക്കന്മാരെ ചെന്നുകണ്ട് കാൎയ്യം സംസാരിച്ചു തീൎച്ചപ്പെടുത്തി കല്യാണത്തിനുള്ള ദിവസം നിശ്ചയിക്കും. അപ്പോൾ വധുവിന്റെ മാതാപിതാക്കന്മാർ കല്യാണത്തിന്റെ പ്രാരംഭമായി ഒരു സദ്യയും കഴിക്കും. അനന്തരം വധൂവരന്മാരുടെ മാതാപിതാക്കൾ മുതലാളന്മാരെ ചെന്നുകണ്ട് കുറെ വെററില അടയ്ക്ക പുകയിലയും കാഴ്ചവെച്ച് വിവരം അറിയിക്കയും, അവർ കല്യാണത്തിന്റെ ഏതാനും ചിലവിലേയ്ക്കു കുറെ നെല്ലു കൊടുക്കയും ചെയ്യും. കല്യാണം നടത്തുന്നതു തിങ്കളാഴ്ചയാണ്. കല്യാണം നിശ്ചയിച്ച തിങ്കളാഴ്ചയുടെ മുമ്പിലെ ഏതെങ്കിലുമൊരു തിങ്കളാഴ്ച വരന്റെ സഹോദരി ചില ബന്ധുമിത്രങ്ങളോടുകൂടി വധുവിന്റെ വീട്ടിൽചെന്ന് അവൾക്ക് ഒരു പിച്ചളമോതിരവും അവളുടെ പിതാവിന്നു വധൂപ്പണം വക ഒരുറുപ്പികയും കൊടുക്കുക പതിവുണ്ട്. പിന്നീടു കല്യാണം നിശ്ചയിച്ച തിങ്കളാഴ്ച അവരും വേറെ ചിലരും ഒരു പുതിയ പുടവ കൊണ്ടുപോയി വധുവിനെ ഉടുപ്പിക്കും. അപ്പോഴും മുമ്പെത്തെപ്പോലെ ഒരു സദ്യയുണ്ട്. അതും കഴിഞ്ഞാൽ വധുവിനെയും കൂട്ടി വരന്റെ മാടത്തിലേയ്ക്കു പോകയും അവിടെവെച്ചു അവരും എല്ലാവരും സദ്യ കഴിക്കുകയും ചെയ്യും. പിന്നത്തെ തിങ്കളാഴ്ച വധൂവരന്മാരൊന്നിച്ചു വധുവിന്റെ ഗൃഹത്തിൽപോയി ഒരാഴ്ചവട്ടം താമസിച്ചിട്ടു തിരിച്ചുപോരും. അപ്പോഴെ കല്യാണത്തിന്റെ എല്ലാ അംഗങ്ങളും അവസാനിക്കയുള്ളു. എല്ലാററിനുംകൂടി 30 ക. യോളം ചിലവുമുണ്ട്. ചിററൂർ താലൂക്കിലെ ഈഴവന്മാരെപ്പോലെതന്നെ ഇവൎക്കും താലികെട്ടുക എന്ന ക്രിയയില്ല. കല്യാണസമയം വരന്നു യാതൊരു സമ്മാനവുമില്ല. അതു കൎക്കടകസംക്രാന്തിയാണ് കൊടുത്തുവരാറ്. അന്ന് അവരെ ശ്വശുരൻ ക്ഷണിച്ചുവരുത്തി സദ്യകഴിച്ചു ഉണ്ണനാവും, സമ്മാനമായി ഒരു വേഷ്ടിയും, തലപ്പാവും കൊടുക്കും. അതിന്നശേഷം മാദ്ധ്യാരത്താക്കന്മാർ വേറെ മാടത്തിൽ താമസമാക്കി സ്വപ്രയത്നത്താൽ ഉപജീവനം കഴിക്കുകയാണ്.

സ്ത്രീ ഋതുവാകുന്നതിന്നുമുമ്പാണ കല്യാണം ചെയ്യപ്പെട്ടതെങ്കിൽ ഋതുവാകുന്നതുവരെ അവൾ മാതാപിതാക്കന്മാരുടെ ഗൃഹത്തിൽ താമസിക്കയും അതിന്നശേഷം മാത്രം ഭൎത്തൃഗൃഹത്തിലേയ്ക്കു പോകയുമാണ് പതിവ്. സ്ത്രീ തിരളുമ്പോൾ പ്രധാന മാടത്തിന്റെ ഒരു ഫൎല്ലോങ്ങ് ദൂരെയായി 'പുട്ടചാല'* കെട്ടിയുണ്ടാക്കി അവളെ അതിൽ പാൎപ്പിക്കും. സാധാരണയായി അവൾ ഏഴുദിവസം ഇവിടെ താമസിക്കണം. ആ സമയം അല്പം ചില സഖികളെ മാത്രമെ കാണാൻ അനുവദിക്കയുള്ളു. ഭക്ഷണം കൊടുക്കുന്നതു കുറെ ദൂരത്തായി കൊണ്ടുവെച്ച് അവൾ എടുത്തുകൊണ്ടു പോകയാണ്. അശുദ്ധം ഒന്നു പ്രായംചെന്നവരാരും അടുത്തുചെല്ലുകയില്ല. ഏഴാംദിവസം കാലത്തു കുളിച്ചാൽ അവൾ ശുദ്ധമായി. പിന്നെ മററുള്ളവരൊന്നിച്ചുകൂടികഴിയാം. കുളിദിവസം ബന്ധുമിത്രങ്ങൾക്കു സദ്യകഴിച്ച് ആഘോഷിക്കും. പിന്നീടുള്ള തീണ്ടാരികൾ അവർ 3 ദിവസം മാത്രം വൎജ്ജിക്കുന്നുള്ളു. നാലാംദിവസം കുളിച്ചാൽ സ്ത്രീ ശുദ്ധമാവുന്നുമാകുന്നു. തിരളുന്നതിന്നുമുമ്പായി കല്യാണം കഴിഞ്ഞിരുന്നാൽ തിരണ്ടുകല്യാണച്ചിലവിലേയ്ക്കു ഭൎത്താവു വല്ലതും കൊടു

* പുട്ടചാലം = പ്രത്യേകമാടം.

ക്കം. തെറ്റിനടക്കുന്ന ഒരു പെണ്ണിനു പൂർവ്വകാലത്തു കൊലയായിരുന്നു ശിക്ഷ. എന്നാലിപ്പോൾ അവളെ ജാതിയിൽനിന്നും പുറത്താക്കിക്കളക മാത്രമേ ചെയ്യുന്നുള്ളു. ശിക്ഷയുടെ കാഠിന്യംകൊണ്ടായിരിക്കാം, ഈ വക ദൃഷ്ടാന്തങ്ങൾ വളരെ ദുർല്ലഭമായിട്ടു ഉണ്ടാവുന്നുള്ളു

ഗർഭിണിക്കു 5-ാംമാസത്തിലോ ഏഴാം മാസത്തിലോ ബ്രാഹ്മണരുടെ ഇടയിലുള്ള പുംസവനവും സീമന്തവുംപോലെയോ, അല്ലെങ്കിൽ മറ്റുജാതിക്കാരുടെ ഇടയിലുള്ള പുളികുടിപോലെയോ യാതൊരു ക്രിയയും ചെയ്യാറില്ല. ഒരു ഗർഭിണിയെ വല്ല പട്ടിയോ പൂച്ചയോ കാട്ടുമൃഗങ്ങളോ പേടിപ്പെടുത്തുമ്പോൾ എന്നുന്നതായി സ്വപ്നം കണ്ടാൽ അവളെ ദേവത ബാധിച്ചിട്ടുണ്ടെന്നു വിശ്വസിച്ചുവരുന്നു. അങ്ങിനെ കണ്ടാൽ സ്വജാതിയിൽനിന്നോ മറ്റു ജാതിയിൽനിന്നോ ഒരു മാന്ത്രികനെ വരുത്തും. അവർ അരിപ്പൊടി മഞ്ഞൾപ്പൊടി കരി ഇതുകൾകൊണ്ട് ഒരു കളമെഴുതി അതിന്റെ മുമ്പിൽ അവളെ ഇരുത്തികൊട്ടുകയും പാടുകയും ചില മന്ത്രങ്ങൾ ജപിക്കയും ചെയ്തു കുന്തുരുക്കം കത്തിച്ചു ധൂപമു കാട്ടി കൈകൊട്ടിയുഴിയും. അപ്പോൾ അവൾ വിറയ്ക്കയും ദേവത തുള്ളുകയും ചെയ്താൽ ദേവതയ്ക്കു ചോറ്, അവില്, പഴം, നാളികേരം, കോഴി, ഇതുകൾകൊണ്ടു പൂജ കഴിക്കും. ഇതുകൊണ്ടു പ്രസാദിച്ചാൽ ദേവത ഒന്നുകിൽ അപ്പോൾതന്നെ ഒഴിഞ്ഞുപോകും, അല്ലെങ്കിൽ ഒഴിഞ്ഞുപോകുന്ന സമയം കല്പനയാവും. സ്ത്രീ ഇളകാതെ സ്വസ്ഥമായിരുന്നാൽ ദേവതാബാധയില്ലെന്നാണ് അനുമാനം. ദേവത ഉപദ്രവം ഉണ്ടാകാതിരിപ്പാൻ പലപ്പോഴും സ്ത്രീകളുടെ കഴുത്തിൽ മാലയിൽ യന്ത്രമെഴുതിതെറുത്തു കെട്ടിക്കുക പതിവാണ്.

എറവാലന്മാരുടെ ഗർഭവും പ്രസവവും സംബന്ധിച്ചുള്ള സമ്പ്രദായം മലയന്മാരുടേതുപോലെതന്നെ. പക്ഷേ ഇവർക്കു പുല ഏഴ് ദിവസം മാത്രമെയുള്ളു. എന്നാൽ 8-ാംദിവസം സ്ത്രീ കുളിച്ചാൽ അവളെ ഒരു പ്രത്യേകമാടത്തിൽ 5 മാസം വരെ പാർപ്പിക്കുന്നതും ആ കാലം മുഴുവൻ അവൾ പുലപോലെ ആചരിച്ചുവരുന്നതുമാണ്. അവളുടെ ഇക്കാലത്തെ ഭക്ഷണം ഉപസ്കരഹീനമാകുന്നു. മാംസം തീരെ പാടില്ല. പ്രസവരക്ഷയ്ക്കു കരുവളകം ചുക്കം പനഞ്ചക്കരയുംകൂടി കള്ളിൽ കലക്കിയുണ്ടാക്കുന്ന ഒരു മരുന്നു മാത്രം. ഈ അഞ്ചു മാസം കഴിഞ്ഞാൽ അവൾ കുളിച്ചു ശുദ്ധയാവും. അന്നു പ്രധാന മാടത്തിലേയ്ക്കു താമസം മാറുകയും സദ്യയും മറ്റും കഴിച്ച് ആഘോഷിക്കുകയും ചെയ്യും.

കുട്ടിക്കു, ഒരു വയസ്സു തികഞ്ഞതിനുശേഷം, അധികകാലം ജീവിച്ചിരിപ്പാൻ ശരീരസൌഖ്യമുണ്ടെന്നു ബോദ്ധ്യപ്പെട്ടപ്പോഴെ, പേരിടുകയുള്ളു. ആൺകുട്ടിക്കു മുത്തച്ഛന്റെയും പെൺകുട്ടിക്കു മുത്തശ്ശിയുടെയും പേരാണ് ഇടുക. ആണുങ്ങൾക്ക സാധാരണയായി ഇട്ടുവരുന്ന പേരുകൾ കണ്ണൻ, ഒട്ടകൻ, കോരണൻ, കിച്ചാമൻ, ആട്ടുകാരൻ എന്നും പെണ്ണുങ്ങൾക്ക കണ്ണി, കേയി, ഒട്ടക, മാമായി എന്നുമാണ്. ഇതിലെ ഹിന്ദുദൈവങ്ങളുടെ പേരുകൾ ഉപയോഗിപ്പാൻ തുടങ്ങീട്ട വളരെ കാലമായിട്ടില്ല. അതുകൾ, മേൽജാതിക്കാരായി പലപ്പോഴും കൂട്ടുകെട്ടിന്ന് അവസരമുണ്ടാകകൊണ്ട്, അവരിൽനിന്നും കിട്ടീട്ടുള്ളതുമാകുന്നു.

വിധവാവിവാഹവിഷയത്തിൽ ഇവ

പ്രായംചെന്ന ജനങ്ങൾ മേൽജാതിക്കാർക്ക് പഠിപ്പാൻ ഒരു വിലയേറിയ പാഠം കാണിച്ചുതരുന്നുണ്ട്. അവരുടെയിടയിൽ വിധവയ്ക്കു കല്യാണം കഴിക്കാം. എന്നാൽ അത് ഒരു ഭർത്താവിനെ മാത്രമെ പാടുള്ളു. ഇതിന്നു 'മുണ്ടുകെട്ടുക' എന്നുപറയും. ഇവർക്കും പൂർവ്വവിവാഹത്തിൽ സന്താനങ്ങളുണ്ടായിരുന്നാൽ അവരെ പരിത്യജിച്ചുകൂടാതെ നോക്കുമെന്നു പുരുഷൻ ആ ഗോത്രക്കാരുടെ മുമ്പാകെ പ്രതിജ്ഞചെയ്യണം. പുനർവിവാഹത്തിന്നു ഒരു പിച്ചള മോതിരവും പുടവയും കൊടുക്കുക ആവശ്യമാണ്. എന്നാൽ വലിയ ആഘോഷമൊന്നും ഉണ്ടാവില്ല.

ഒരു പുരുഷന്നു ഭാര്യയെ ബോധിച്ചില്ലെങ്കിൽ അവളെ ഉപേക്ഷിയ്ക്കും. അവർക്കു പിന്നെ ഒരു ഭാര്യയെ മാത്രമെ സ്വീകരിപ്പാൻ പാടുള്ളു. എന്നാൽ ഇവർക്ക് ഉപേക്ഷണങ്ങൾ വളരെ ചുരുക്കമാണ്. മക്കത്തായവും മരുമക്കത്തായവും തീരെ നടപ്പില്ല. ഒരുവന്റെ സ്വത്തിന്നു മകനാകുന്നു അവകാശി. അവർക്കു സമുദായയോഗമില്ല. അവരുടെയിടയിൽ വഴക്കുകൾ അപൂർവ്വമായിട്ടേ ഉണ്ടാവുന്നുള്ളു.

മതം

മതകാര്യത്തിൽ എരവാലന്മാരും ആനിമിസ്റ്റുകൾ തന്നെ. കാടുകളും മലകളും തങ്ങൾക്കു ദ്രോഹം ചെയ്യുന്ന ഭൂതപ്രേത പിശാചുക്കളെക്കൊണ്ടു നിറഞ്ഞതാണെന്നു അവർ വിശ്വസിച്ചുവരുന്നു. ഈ ഭൂതങ്ങളിൽ ചിലവ വൃക്ഷങ്ങളിൽ നിവസിക്കുന്നവയെന്നും, അവ കാട്ടുമൃഗങ്ങളെ കൊല്ലുന്നവയെന്നും, മറ്റുചിലവ പാറകളിലോ വൃക്ഷങ്ങളിലോ കൊടുമുടികളിലോ നിവസിക്കുന്നവയെന്നും, അവക്കു ചില പ്രത്യേക കുടുംബങ്ങളുടേയോ ജാതികളുടെയോ മേൽ അധികാരമുണ്ടെന്നും അവർ വിശ്വസിച്ചിരിക്കുന്നു. ഈ ഭൂതങ്ങൾക്കു വഴിപാടുകളും ബലികളും കഴിക്കുന്നതു പ്രത്യക്ഷത്തിൽ കഴിക്കുന്നവർക്കു ഗുണം സിദ്ധിക്കണമെന്നുള്ള ഉദ്ദേശംകൊണ്ടല്ല; അവയുടെ വിശപ്പു ശമിപ്പിക്കണമെന്നുള്ള ഉദ്ദേശംകൊണ്ടാണ്. എല്ലാ ദുർവൃത്തികളും അധിക്ഷേപകരമായി വരികയാൽ ഈ ഭൂതങ്ങളെ സംബന്ധിച്ച് അവർ ദോഷകരമായി യാതൊന്നും മനസാ വാചാ കർമ്മണാ ചെയ്യുന്നതല്ല.

കാളി, മുനി, (സപ്ത)കന്യകമാർ, കറുപ്പരായൻ ഇവരാണ് എരവാലന്മാരുടെ ദൈവങ്ങൾ. അവർ കാട്ടിൽ പോകുന്നകാലത്ത് തങ്ങളേയും കന്നുകാലികളേയും രക്ഷിക്കുന്നതിലേക്കു കാളിയേയും, കന്നുകളെ രക്ഷിക്കുന്നതിലേക്കും വിളവു നന്നാകുവാനായി മുനിയേയും ആരാധിക്കുന്നു. കന്യകമാരും കറുപ്പരായനും തങ്ങളെ കാക്കുവാനുള്ള കുടുംബദൈവങ്ങളാകുന്നു. അവരുടെ പ്രീതിക്ക് ചോറും പഴവും നാളികേരവും അവിലുംകൊണ്ട് പൂജകഴിക്കും. കാളിയേയും മുനിയേയും കാട്ടിലും മറ്റുള്ളവരെ വീട്ടിലും വെച്ചു പൂജിച്ചുവരുന്നു. ഉഴുവാനും വിതക്കുവാനും കൊയ്യുവാനും തുടങ്ങുമ്പോൾ കാളിക്കും മുനിക്കും മേൽപറഞ്ഞ വഴിപാടുകൾ വെച്ചു പൂജ കഴിക്കും. കാരണം, അവരാണ് ദുഷ്ടമൃഗങ്ങളുടെ നാശത്തിൽനിന്നും വിളവു രക്ഷിച്ചുകൊടുക്കുന്നതു. ചില ദിവസങ്ങൾ ചില പ്രത്യേകകാര്യങ്ങൾക്കു അധികം ഗുണമുള്ളതായി കരുതിവരുന്നുണ്ട്. കല്യാണം ചില ഋതുകൾക്ക് തിങ്കളാഴ്ചകളും, മാടം കെട്ടുവാൻ ബുധനാഴ്ചകളും, കൊയ്യുവാൻ വെള്ളിയാഴ്ചകളും അധികം നല്ല ദിവസങ്ങളാണെത്രെ. വീടുകൾ പണിയുന്നതിനും പാർപ്പുതുടങ്ങുന്നതിനുമുമ്പായും അവർ അവരുടെ ദൈവങ്ങളെ പൂജിക്കുക പതിവാണ്.

മംഗളോദയം

൧൦൯൪

പുസ്തകം 6 | മീനമാസം | ലക്കം 8

മംഗളം.

തണ്ണാർമാതിൻ മുലക്കുങ്കുമസമിശ്രകം ചാരിയോരന്തരാത്മ
വണ്ണത്താനാക്കുമാരാതിനമണമിളകംപാസ്യമാലാമിരാമം
കൊണ്ടാടിത്താപസന്താരഹരണനിരയും സച്ചിദാനന്ദരൂപം
കണ്ടാവൂ ഞാൻ കളായദ്യുതികളർപണിയുന്നോരു കാന്തിപ്രവാഹം.

ഒരു പ്രാചീന കവി.

മലയാള നിഘണ്ടു.

മലയാളഭാഷക്കു "തരംപോലെ" ഒരു നിഘണ്ടുവില്ലെന്നു സമ്മതിക്കാത്ത സാഹിത്യകാരന്മാർ കേരളത്തിൽ ഇപ്പോഴില്ലെന്നു തീർച്ചയായും പറയാം. ഈ ഒരു ന്യൂനത ഉള്ളതാലാണ് നമ്മുടെ ഭാഷ ചെളിയിൽപെട്ട് ഉഴലുന്നത്. കൊച്ചിസ്സീമയിലുള്ളവർ ഒരു നിഘണ്ടു വേണമെന്നുള്ള ആഗ്രഹത്തോടെ പരിശ്രമിച്ചതിന്റെ ഫലമായി കൊച്ചി ഗവർമ്മെണ്ട് 5000 ക. ഭാഷാപരിഷ്കരണക്കമ്മറ്റിയെ ഏല്പിച്ചിരിക്കുന്നു. ഇനിയും കഴിയുന്ന സഹായങ്ങൾ ചെയ്യാമെന്ന് ആ ഗവർമ്മെണ്ട് സമ്മതിച്ചിട്ടുണ്ട്. തിരുവിതാംകൂർ ഗവർമ്മെണ്ട് ഭാഷാപരിഷ്കരണമാർഗ്ഗങ്ങൾ ആരാഞ്ഞറിയാൻ ഏർപ്പെടുത്തിയ കമ്മറ്റിയും നിഘണ്ടുവിന്റെ ആവശ്യകതയെ സമ്മതിക്കയും തിരുവിതാംകൂർ ഗവർമ്മെണ്ടും കൊച്ചി ഗവർമ്മെണ്ടും ഈ വിഷയത്തിൽ യോജിച്ച് പ്രവർത്തിക്കേണ്ടതാണെന്ന അഭിപ്രായപ്പെടുകയും ചെയ്തിരിക്കുന്നു. മലയാളജില്ലക്കാരുടെ പ്രാതിനിധ്യമുള്ള മദിരാശി ഗവർമ്മെണ്ട് ഈ കൊല്ലത്തെ ആയവ്യയക്കണക്കിൽ 10,000

ഉദ്ദേശിക്ക ഒരു മലയാളനിഘണ്ടു ഉണ്ടാക്കുന്നതിലേക്കു വ്യയം ചെയ്യുവാൻ കരുതിട്ടുണ്ട്. മദിരാശി ഗവൺമെന്റും ഇവരോടു യോജിച്ചു പ്രവർത്തിക്കുമെന്നു വിശ്വസിക്കാം. നിഘണ്ടുവിന്റെ കാര്യം കേരളത്തിലെ മൂന്നു ഗവൺമെന്റുകളെ സംബന്ധിച്ചേടത്തോളം ഇങ്ങനെയാണ് ഇപ്പോൾ കിടക്കുന്നത്.

എന്നാൽ ഏതുതരം നിഘണ്ടുവാണ് ഉണ്ടാക്കേണ്ടത്? എന്തെല്ലാം വിവരങ്ങൾ ഈ നിഘണ്ടുവിൽ ചേർപ്പിക്കണം? എന്നതുടങ്ങി പല കാര്യങ്ങളും ആലോചിച്ചു തീർച്ചപ്പെടുത്തേണ്ടതുണ്ട്. നിഘണ്ടുവിന്റെ ആവശ്യം സ്ഥാപിച്ചതല്ലാതെ എങ്ങിനെയാണ് നിഘണ്ടു ഉണ്ടാക്കേണ്ടതെന്നു പ്രത്യേകമായി ആലോചിച്ച് ഒരു അഭിപ്രായം ആരും പറഞ്ഞതായി കാണുന്നില്ല. അടുത്ത കാലത്തിനുള്ളിൽ ഈ വിഷയത്തിൽ എന്തെങ്കിലും ചിലതു പ്രവർത്തിച്ചുതുടങ്ങുന്നതാകയാൽ കുറെ മുൻകൂട്ടിത്തന്നെ ഈ വിഷയത്തെപ്പറ്റി പൊതുജനങ്ങൾക്കുള്ള അഭിപ്രായം അറിയേണ്ടത് ആവശ്യമാണ്. ഈ വിഷയത്തിൽ എനിക്കുള്ള അഭിപ്രായം ഇവിടെ എഴുതിക്കൊള്ളുന്നു.

നിഘണ്ടുവിനെ (1) മലയാളനിഘണ്ടു (2) ഇംഗ്ലീഷ്-മലയാളനിഘണ്ടു (3) മലയാള-ഇംഗ്ലീഷ്നിഘണ്ടു എന്നിങ്ങിനെ മൂന്നായി ഭാഗിക്കാം. കഴിഞ്ഞ ഒരു ഭാഷാപോഷണിസഭായോഗത്തിൽ ഒരു ഇംഗ്ലീഷ്നിഘണ്ടു തർജ്ജമ ചെയ്യണമെന്നു പലർക്കും അഭിപ്രായമുണ്ടായതായി കേട്ടിട്ടുണ്ട്. എന്നാൽ ആ അഭിപ്രായമല്ല എനിക്കുള്ളത്. ഒന്നാമതായി നമുക്കു വേണ്ടത് ഒരു മലയാളനിഘണ്ടുവാണ്. മലയാളഭാഷയിൽ ഇപ്പോൾ നടപ്പുള്ളതും, നശിച്ചതും, നശിക്കാൻപോകുന്നതുമായ എല്ലാ വാക്കുകളേയും ശേഖരിച്ച് ഒരു മലയാള—മലയാള നിഘണ്ടുവാണ് ഒന്നാമതായി ഉണ്ടാക്കേണ്ടത്. ഈ നിഘണ്ടു ഉണ്ടായിക്കഴിഞ്ഞാൽ മറ്റുള്ള നിഘണ്ടുക്കൾ നിഷ്പ്രയാസം ഉണ്ടാക്കാവുന്നതാണ്. സാങ്കേതികശബ്ദങ്ങൾ കടം വാങ്ങുവാനും നിർമ്മിക്കുവാനും മറ്റും ശ്രമിക്കുന്നതു നമ്മുടെ ഭാഷയുടെ മുതൽ എത്രയുണ്ടെന്നു തീർച്ചപ്പെടുത്തിയതിന്നുശേഷം മതിയാകുന്നതാണ്.

എന്നാൽ എങ്ങിനെയാണ് മലയാളഭാഷയിലുള്ള വാക്കുകൾ മുഴുവൻ ശേഖരിക്കേണ്ടത്? എന്നാണ് പിന്നെ ആലോചിപ്പാനുള്ളത്. മലയാളഭാഷയിൽ ഉപയോഗമുള്ളതെങ്കിലും അല്ലെങ്കിലും വളരെ വാക്കുകൾ നശിച്ചുപോയിട്ടുണ്ടെന്നുള്ളതിന്നു സംശയമില്ല. ഇപ്പോൾ നിലവിലുള്ള നിഘണ്ടുക്കളിൽ എത്രയോ ആയിരം വാക്കുകൾ ചേർക്കാതെയുണ്ടെന്നുള്ളതും തീർച്ചയാണ്. അതുകൊണ്ടു വാക്കുകൾ ശേഖരിപ്പാനുള്ള ശ്രമം ഏതാണ്ട് ഒരു കാനേഷുമാരി കണക്കു ഉണ്ടാക്കുന്നപോലെയായാൽ നന്നാവുമെന്നാണ് തോന്നുന്നത്. നിഘണ്ടുവിൽ അടങ്ങേണ്ടതായ വാക്കുകൾ ഒക്കെ,

മനുഷ്യവർഗ്ഗം,
മൃഗവർഗ്ഗം,
തൊഴിലുകൾ,
വൈദ്യം,
ജ്യോതിഷം, എന്നിങ്ങിനെ ഓരോ പ്രത്യേകവകുപ്പുകളാക്കി തിരിച്ച് അവയിൽ ഓരോ വകുപ്പിന്നും അതാതുവിഷയങ്ങളിൽ പാണ്ഡിത്യമുള്ളവരെ ഏല്പിക്കുകയാണ് വേണ്ടത്. ഇവരെ സെക്ഷൻസൂപ്പർമാർ എന്നു പറയാം. ഏകദേശം ഇരുപതോളം വകുപ്പുകൾ ഉണ്ടാകുന്നതാകയാൽ അത്രതന്നെ സെക്ഷൻസൂപ്പർമാരും

വേണ്ടിവരും ഇവരുടെ പ്രവൃത്തിയെപ്പററി വഴിയെ പ്രസ്താവിക്കാം. ഈ ഓരോ വകുപ്പുകളെയും പിന്നീട് അവാന്തരവകുപ്പുകളാക്കി ഭാഗിക്കേണ്ടിവരും. അതായത്, 'തൊഴിലുകൾ' എന്ന വകുപ്പിനെ,

ആശാരിപ്പണി,
കല്പണി,
കരുവാൻപണി,
ചിത്രമെഴുത്ത്, എന്നു തുടങ്ങി

പല ഉപഭാഗങ്ങളാക്കി തിരിക്കേണ്ടിവരും. ഈ ഓരോ ഉപഭാഗങ്ങളും അതാതു സെക്ഷൻ ആപ്പീസർമാർ അവരുടെ കീഴിൽ പത്തോ പതിനഞ്ചോ എന്യൂമറേററർമാരെ നിശ്ചയിച്ച് അവരെ ഭാരമായി ഏല്പിച്ചുകൊടുക്കണം. എന്യൂമറേററർമാരെ തിരഞ്ഞെടുത്തു നിശ്ചയിക്കുന്ന ഭാരവുംകൂടി സെക്ഷൻആപ്പീസർമാർ ഏറെറടുക്കുകയാണ് നല്ലത്. കാരണം, ഓരോപ്രധാനവകുപ്പുകളും അതാതിൽ പ്രത്യേകപാണ്ഡിത്യമുള്ളവരെ ഏല്പിക്കേണ്ടതാണെന്നു പറഞ്ഞിട്ടുണ്ടല്ലൊ. അതുകൊണ്ടു, ആ വിഷയത്തിൽ തങ്ങളെ സഹായിപ്പാൻ ഇന്നിന്നവരൊക്കെ മതിയാകുമെന്നു തീർച്ചപ്പെടുത്താനുള്ള അധികാരം അവർക്കു കൊടുക്കുകയാണല്ലൊ നല്ലത്. ഈ എന്യൂമറേററർമാർ ഏകദേശം മുന്നൂറുപേരോളം വേണ്ടിവന്നേക്കാം. എന്യൂമറേററർമാർ അവരവരുടെ വിഷയങ്ങളെ തരംപോലെ ഭാഗിച്ച്, ഓരോന്നിലുമുള്ള വാക്കുകൾ വെവ്വേറെ തരംതിരിച്ച്, അതാതിന്റെ അർത്ഥത്തോടും, ആ വക വാക്കുകൾ വല്ല സാഹിത്യഗ്രന്ഥങ്ങളിലും ഉപയോഗിച്ചിട്ടുണ്ടെങ്കിൽ ആ പ്രയോഗങ്ങൾ ചൂണ്ടിക്കാണിച്ചും, വാക്കുകളുടെ ഉത്ഭവത്തെപ്പററി വല്ല ചരിത്രവും നിശ്ചയമുണ്ടെങ്കിൽ അതുകൾ ചേർത്തും ഓരോ ലിസ്റ്റ് എഴുതി അതാതു സെക്ഷൻ ആപ്പീസർമാർക്ക് അയക്കണം. അവർ ഈ ഓരോ ലിസ്ററും ശ്രദ്ധയോടെ പരിശോധിച്ചു വേണ്ടപ്പെട്ട ഭേദഗതികൾ ചെയ്തു ഹെഡ്ആപ്പീസിലേക്ക് അയക്കണം. ഉപഭാഗങ്ങളെ വിഭാഗിക്കുന്നതിലും എന്യൂമറേററർമാർ എല്ലാം മനസ്സിരുത്തേണ്ടതുണ്ട്. അതായത്, ആശാരിപ്പണിയെപ്പററി പറയുമ്പോൾ പണിആയുധങ്ങൾ, പണിസാമഗ്രികൾ, പണിചെയ്തുണ്ടാക്കുന്ന സാധനങ്ങൾ എന്നിങ്ങനെ എന്തെങ്കിലും ചില നിയമത്തെ അടിസ്ഥാനപ്പെടുത്തി ലിസ്റ്റ് തയ്യാറാക്കണം. ഒരു വാതിൽ ആശാരി പണിചെയ്തുണ്ടാക്കിയതാണല്ലൊ. ആ വാതിലിന്റെ ഓരോ ഭാഗത്തിനും വെവ്വേറെ പേരുണ്ട്. ആ പേരുകളൊക്കെ പ്രത്യേകം പറയണം.

ഇപ്രകാരം വാക്കുകൾ ഒക്കെ ശേഖരിച്ചുകഴിഞ്ഞാൽ ലിസ്ററുകൾ പരിശോധനചെയ്തു ഹെഡ്ആപ്പീസിലേക്കു അയക്കണമെന്നു പറഞ്ഞുവല്ലൊ. ഈ ഹെഡാപ്പീസ്സ് കേരളത്തിന്റെ നാനാഭാഗത്തുമുള്ള വിദ്വാന്മാർക്കെല്ലാവർക്കും എളുപ്പത്തിൽ എത്തിച്ചേരാവുന്ന ഒരിടത്തായിരിക്കണം. ഈ ഹെഡാപ്പീസ്സിന്റെ മേലധികാരം പ്രമാണപ്പെട്ട പത്തുപേർ അടങ്ങിയ ഒരു കമ്മററിക്കായിരിക്കണം. നിഘണ്ടുവെ വകുപ്പായി തിരിക്കുക; ആ വകുപ്പുകളുടെ ഉപഭാഗങ്ങൾ നിർണ്ണയിക്കുക, സെക്ഷൻ ആപ്പീസർമാരെയും, എന്യൂമറേററർമാരെയും നടപടിനിയമം ഉണ്ടാക്കുക മുതലായി നിഘണ്ടുവിന്റെ കാര്യത്തിൽ തീർപ്പായ അഭിപ്രായം പറവാനുള്ള എല്ലാ അധികാരവും ഈ കമ്മററിക്കായിരിക്കുന്നതാകുന്നു. കമ്മററിക്കാരുടെ കീഴിൽ, ഒരു ആപ്പീസ്മാനേജരും, നാലു ഗുമസ്തന്മാരും, രണ്ടു ശിപായികളും ഉണ്ടായിരിക്കണം. ഓരോ ദിക്കിൽനിന്നും വന്നുചേരുന്ന ലിസ്ററുകൾ, കേര

ത്തിൽ ഓരോ ഭാഗത്തേക്കും അയച്ചു ശേഖ്യാമകൾ ചേർത്തും മാറ്റം ലിസ്റ്റ് ശരിപ്പെടുത്തി അകാരാദിയായി വെക്കുക, ഇപ്പോൾ നിലവിലുള്ള മലയാളം, തമിഴ് മുതലായ നിഘണ്ടുക്കൾ പരിശോധിച്ചു ലിസ്റ്റ് പ്രകാരമുള്ള വാക്കുകളിൽ ഏതെങ്കിലും വന്നിട്ടുണ്ടോ എന്നു പരിശോധിക്കുക, കമ്മറ്റിക്കാരുടെ കല്പനകളെ നടത്തുക, ഒടുവിൽ നിഘണ്ടു അച്ചടിച്ചു പുറത്താക്കുന്നതുവരെയുള്ള സകല പണികളും നടത്തുക, ഇതുകളാണ് ആപ്പീസുകാരുടെ ജോലി.

ഇങ്ങനെ ക്രമമായി പണിചെയ്താൽ, രണ്ടോ മൂന്നോ കൊല്ലത്തിനുള്ളിൽ നിഘണ്ടുവിന്റെ പണി പൂർത്തിയാക്കാം. ഇങ്ങനെ തയ്യാറാക്കുന്ന നിഘണ്ടു സർവ്വസമ്മതമായിരിക്കുമെന്നു മാത്രമല്ല, മലയാളഭാഷയുടെ ഗണിക്കത്തക്ക ഒരു സ്വത്തായിത്തീരുകയും ചെയ്യുന്നതാണ്. ഭാഷക്കു ഐകരൂപ്യം വരുത്തേണമെങ്കിലും ഇങ്ങനെ ഒരു നിഘണ്ടു പുറത്തായാലല്ലാതെ സാധിക്കുന്നതല്ല.

ഇനി ആലോചിപ്പാനുള്ളത് ഇങ്ങിനെയൊക്കെ പ്രവർത്തിക്കുന്നവരുടെ പ്രതിഫലത്തിന്റെ കാര്യമാണ്. ഇതിനെ സംബന്ധിച്ച് ഏതാണ്ടൊരു കണക്ക് ഉണ്ടാക്കീട്ടുള്ളതു താഴെ ചേർത്തുകൊള്ളുന്നു.

	ക ണ പ
1 കമ്മറ്റിമെമ്പർമാർക്ക് അവർ ഹാജരാവുന്ന ഓരോ മീററിങ്ങിന്നും 25-ക പ്രകാരം പ്രതിഫലം കണക്കാക്കി കൊല്ലത്തിൽ കലമേനി പന്ത്രണ്ടു മീററിങ്ങുപ്രകാരം മൂന്നുകൊല്ലത്തിൽ മുപ്പത്താറു മീററിങ്ങിന്	9000—0—0
2. ആപ്പീസുമാനേജർക്കും 4 ഗുമസ്തന്മാർക്കും, 2 ശിപായികൾക്കും മാസപ്പടി ആപ്പീസ് കണ്ടിജെൻസുംകൂടി മാസത്തിൽ 250 ക പ്രകാരം	9000 - 0 - 0
3. ഇരുപതു സെക്ഷൻ ആപ്പീസർമാർക്ക് ഓരോരുത്തർക്കും ആകെ 150-ക പ്രകാരം	3000 - 0 -0
4. മുന്നൂറ് എഡിററർമാർക്ക് ഓരോരുത്തർക്കും കലമേനി 50-ക പ്രകാരം	15000. 0. 0
(ഇവർ തയ്യാറാക്കുന്ന വാക്കുകൾ ഓരോന്നിന്നും 2-ണ മുതൽ 4-ണ വരെ പ്രതിഫലം നിശ്ചയിച്ചാലും ഇതിൽ കൂടുതലായ സംഖ്യ വേണ്ടി വരുന്നതല്ല)	
5. മൂന്ന് വാല്യമായി നിഘണ്ടു അച്ചടിച്ചു പുറത്താക്കുവാനും മററും കൂടി സർ	14000- 0- 0
ആകെ	ക 50,000- 0- 0

ഈ കണക്കുപ്രകാരം ഏകദേശം 50000 ക. വേണ്ടിവരുമെന്ന് ഊഹിക്കാം. ഏകദേശം 50000 ത്തിൽ കുറയാത്ത വാക്കുകൾ ഉണ്ടെന്നിരിക്കട്ടെ. എന്നാൽ വാക്കൊന്നിന് ഒരോ ഉറുപ്പികയേ ചെലവാക്കേണ്ടിവരികയുള്ളൂ. നിഘണ്ടുവിൽ ഇടക്കിടെ അതാതു വാക്കുകളെ വെളിവാക്കുവാൻ ചിത്രങ്ങളും കൂടെകൊടുക്കുന്നതായാൽ വളരെ ഉത്തമമായി. നിഘണ്ടു ആകപ്പാടെ റോയൽ നാലു മടിപ്പത്തിൽ 6000 പേജുവരുമെന്ന് കണക്കാക്കിയാൽ മൂന്നോ നാലോ വാല്യമാക്കേണ്ടിവരും. എല്ലാവാല്യത്തിന്നും കൂടി വില 15ക-യിൽ അധികമാക്കരുത്. എന്നാൽ ആദ്യത്തെ പതിപ്പ് 3000 കോപ്പിക്ക് ഏകദേശം വില്പന ചെലവു കഴിച്ചു 40,000ക. മുതലാക്കാം. ഈ സംഖ്യ എന്തു ചെയ്യേണമെന്ന് ആലോചിക്കുകയാണെങ്കിൽ അതിനെപ്പററിയും ഞാൻ ആലോചിക്കാതിരുന്നിട്ടില്ല.

കേരളഭാഷാ പോഷണത്തിന്നായി ശ്രമിക്കുന്നവർ പൊതുവായി ഒരു സംഘത്തു വേണ്ടതാണെന്ന് അഭിപ്രായം പലർക്കു

ണ്ടെന്ന് എനിക്ക് അറിയാം. എല്ലാകേരളീയരും ഉത്സാഹിച്ച് കൊച്ചി സാഹിത്യസമാജത്തെ കേരള സാഹിത്യസമാജമാക്കി നിബന്ധിച്ചാലും ഈ സമാജം വകയായി പ്രസിദ്ധപ്പെടുത്തുന്ന മാസപുസ്തകങ്ങൾ വിററും ഒരു മുതൽ സമ്പാദിക്കേണ്ടത് അത്യാവശ്യമാണ്. ഈ സംഘത്തിൽ നിന്നുള്ള ആദായം കൊണ്ടു കേരളത്തിൽ എങ്ങും ഉപസമാജങ്ങൾ സ്ഥാപിച്ച് അവയ്ക്കു സഹായധനം കൊടുത്തും മററുമായി കേരളഭാഷാവിഷയത്തിലെങ്കിലും മൂന്നു ഗവർമ്മെണ്ടിന്റെ കീഴിലുമിരിക്കുന്ന കേരളീയർ തമ്മിൽ ഐകമത്യമുണ്ടെന്നു തെളിയിക്കുക. ഇതാണ് സ്വരാജ്യസ്നേഹം. ഭാഷകൊണ്ടു നാം തമ്മിൽ ഉള്ള ബന്ധം വലുതായ ഒരു ബന്ധമാണ്. സാഹിത്യവിഷയത്തിൽ പരിശ്രമിക്കുന്നവർക്ക് ഐകമത്യത്തിന് എന്താണ് വകയുള്ളത് എന്നു ചോദിക്കുന്ന കേരളീയർ വളരെയുണ്ട്. ഇതാ! ആ ഉദ്ദേശത്തെ നിറവേററുവാൻ തക്കവണ്ണം മൂലധനമുണ്ടാക്കുവാൻ ഒരു വഴികാണുന്നു. ഇതിനെ കേരളീയർ യോജിച്ചാൽ ബ്രിട്ടീഷും, കൊച്ചിയും തിരുവിതാംകൂറും ഗവർമ്മെണ്ടുകൾ സഹായധനം തന്നു സമാജത്തെ സഹായിക്കാതിരിക്കയില്ല. ഈ നിബന്ധവുണ്ടാക്കുന്ന കാര്യത്തിൽ പരിശ്രമിക്കുന്നതായ 350 ൽപരം കേരളീയർ സാമാജികന്മാരായിരുന്നാൽ സമാജത്തിന്നു നല്ല ശക്തിയുമായി. കന്യാകുമാരിമുതൽ ചന്ദ്രഗിരിപ്പുഴവരെയുള്ള കേരളീയർ കൂടെ ഈ ഉദ്യമത്തിൽ പങ്കുകൊള്ളേണ്ടതാണ്. ഈ ലേഖനം ഇനിയും നീട്ടണമെന്ന് ഞാൻ വിചാരിക്കുന്നില്ല. പറയേണ്ടതോളം തന്നെ ഈ വിഷയത്തിൽ എനിക്കുള്ള അഭിപ്രായം വ്യക്തമായിട്ടുണ്ടെന്നു തോന്നുന്നുമില്ല. പക്ഷേ മഹാജനസമക്ഷം ഈ അഭിപ്രായത്തെ കൊണ്ടുവരാൻ വിഷയഗൌരവം എന്നെ ധൈര്യപ്പെടുത്തുന്നു എന്നു കൊണ്ടു മാത്രം ഇത്രയും എഴുതിയതാണ്. ഈ വിഷയത്തിൽ കേരളത്തിലുള്ള സാഹിത്യരസികന്മാരുടെ അഭിപ്രായം എന്താണെന്ന് അറിവാനുള്ള ഉൽക്കണ്ഠയോടെ ഈ ലേഖനം സജ്ജനസമക്ഷം സമർപ്പിച്ചു കൊള്ളുന്നു.

സി. കുഞ്ഞിരാമൻമേനോൻ

പുസ്തകാഭിപ്രായം

“ബാലാങ്കലേഖ.”

“കൊച്ചിവലിയതമ്പുരാൻ തിരുമനസ്സിലെ ഷഷ്ട്യബ്ദപൂർത്തി സംബന്ധമായി റാവുസാഹിബ്, ടി. നമ്പെരുമാൾ ചെട്ടി അവർകൾ ഏർപ്പെടുത്തിയ കവിതാപരീക്ഷയ്ക്കായിക്കൊണ്ട് എറണാകുളത്തു സർക്കാർ ബാലികാപാഠശാലയിൽ സംസ്കൃതമുൻഷി കെ. പി. കറുപ്പൻ ഉണ്ടാക്കിയതും സി. അച്യുതമേനോൻ അവർകൾ പരിശോധിച്ച് പ്രഥമസ്ഥാനത്തിന് അർഹതയുള്ളതാണെന്നു തീർച്ചയാക്കിയതും ടി. കെ. കൃഷ്ണമേനോൻ അവ

ർക്കുടെ മുഖവുരയോടു കൂടി പ്രസിദ്ധപ്പെടുത്തിയതുമായ" 'ബാലാകലേശം' എന്ന 'നാടക' കൃതിയെ 'കൊച്ചി സാഹിത്യ സമാജം' വകയായി സ്വീകരിപ്പാൻ വേണ്ടുന്ന യോഗ്യത അതിനുണ്ടോ എന്നു പരിശോധിച്ചു തീർച്ചപ്പെടുത്തുന്നതിനായി നിയോഗിച്ചിരിക്കുന്ന പ്രത്യേകസഭയിലെ ഒരംഗം എന്ന നിലയിൽ എന്റെ സ്വന്തം അഭിപ്രായം ചുവടെ ചേർക്കുന്നു:—

ഈ വിഷയത്തെപ്പറ്റി ആലോചിക്കേണ്ടതായ സംഗതികൾ: ഒന്നാമതായി, ഈ കൃതിക്കു നാടകം എന്ന അഭിധാനം ലഭിപ്പാൻ അർഹതയുണ്ടോ; രണ്ടാമത്, ഇതിനു നാടകജാതിയിൽ പെടുവാൻ ആവശ്യമായ ലക്ഷണങ്ങൾ ഇല്ലെന്നിരുന്നാൽ പിന്നെ 'കൊച്ചിസാഹിത്യസമാജ'ത്തിന്റെ അധികാരത്തിൻ കീഴിലുള്ളതായ സാഹിത്യലോകത്തിൽ ഏതെങ്കിലുമൊരു പദം അനുവദിച്ചു കൂടുന്നതാണോ; മൂന്നാമത്, ഇതിലെ വർണ്ണനകൾ വാസ്തവത്തെ അധിഷ്ഠാനപ്പെടുത്തിയവയോ വാസ്തവികങ്ങളോ ആണോ; നാലാമതു; ഇതിനു കാവ്യസാമാന്യമായുള്ള ഗുണദോഷങ്ങൾ എന്തൊക്കെയാണ്; അഞ്ചാമത്, നിർദ്ദിഷ്ടമായ കാര്യോദ്ദേശം ഇതിനാൽ സാധിക്കപ്പെടുന്നുണ്ടോ; ആറാമത്, ഈ കൃതിക്കു അനുകൂലമായവാദങ്ങൾ എന്ത്; പ്രതികൂലമായ ആക്ഷേപങ്ങൾ എന്ത്;—ഇങ്ങിനെ ഓരോന്നാണ്.

ഇപ്പറഞ്ഞ ചോദ്യങ്ങളെ ചർച്ചചെയ്യുംമുമ്പ്, ഈ കൃതിയിലെ കഥയെത്തന്നെ സംഗ്രഹിക്കേണ്ടിയിരിക്കുന്നു. കൊച്ചിവലിയ തമ്പുരാൻ തിരുമനസ്സിലെ രാജ്യഭരണത്താലുണ്ടായിട്ടുള്ള ഗുണങ്ങളെ വർണ്ണിക്കയാണ് നിർദ്ദിഷ്ടമായ ഉദ്ദേശം. എന്നാൽ, തിരുമനസ്സിലെ ഭരണ ചരിത്രത്തെ അപ്രസ്തുതമാക്കിവെച്ചുംകൊണ്ടാണ് കഥയെ ബന്ധിച്ചിരിക്കുന്നതു. ശ്ലേഷം, സമാസോക്തി മുതലായ അലങ്കാരപ്രയോഗങ്ങളെക്കൊണ്ടാകുന്നു ഇതിനെ നിർവ്വഹിക്കുന്നതു. പ്രസ്തുതമായ വിഷയം കലേശൻ എന്ന നായകനേയും ബാല എന്ന നായികയേയും സംബന്ധിച്ചുള്ളതാകുന്നു. ഋഷിനാഗവാടിയിൽ ഗോപാലവിലാസത്തിന്റെ ഒരു വരാന്തയിൽ ബാല ഒരു ചാരുകസാലയിൽ കിടക്കുന്നതായിട്ടും, തോഴി, സുനീതി, അടുക്കൽ ഒരു പീഠത്തിൽ വീശിക്കൊണ്ടിരിക്കുന്നതായിട്ടുമാണ് ഒന്നാമങ്കം ആരംഭിക്കുന്നതു. ബാല ഒരു രോഗിണിയാണ്; അവളുടെ ആലസ്യം കണ്ടാലൊക്കെ ശമിച്ചു എന്നല്ലാതെ തീരെ ശമിച്ചു എന്നു പറയാറായിട്ടില്ലാത്ത അവസ്ഥയിലാണ് അവൾ രണ്ടാമങ്കത്തിൽ പ്രവേശിക്കുന്നതു. അവളുടെ ഭർത്താവായ കലേശൻ "കേരളത്തിൽ മൂടുവരുമ്പോൾ ശ്രീഗുപ്തന്മാരായ പ്രഭുക്കൾ സ്വതന്ത്രം പ്രാപിക്കുന്ന അചലപുരത്തുപോയി സുഖവാസം ചെയ്യുകയാണ്. "കലേശന്റെ മഹിഷീപദത്തിനു" ബലം ആഗ്രഹിച്ചിരുന്ന ഭാഗ്യങ്ങളേയും, പണ്ട് "മാനധനന്മാരും ശക്തന്മാരുമായ" പിതാക്കളുടെ പരിലാളനയിൽ" ബാല "അധികം പ്രശോഭിച്ചിരുന്ന ഒരു കാലത്ത്" അനുഭവിച്ച കഷ്ടങ്ങളേയും, അവളെ ഉദ്ദേശിച്ചു ചില ശത്രുക്കൾ നടത്തിയ കലഹങ്ങളേയും, ആ കലഹങ്ങളിൽ അവളുടെ "പാതിമെല്ലാം" അവൾക്കുവേണ്ടി സഹിച്ച സങ്കടങ്ങളേയും, അവളുടെ "ധാർമ്മിക'ത്തിൽ" ചില "കൽപ്പനകൾ അന്യാധീനങ്ങ"ളായിപ്പോയതിനേയും, പിന്നെ കലേശന്റെ മഹിഷീപദം പ്രവേശിച്ച ശേഷം അവളുടെ ചികിത്സയ്ക്കായി നിയമിക്ക

പ്പെട്ട "ആചാര്യർ" "ക്ഷാമാവിഷ്ടയായിരുന്നു" അവളെ ശുശ്രൂഷചെയ്തതിനെയും, "അനാഥകന്യകയും സ്വതന്ത്രയുമായ" കലേശാശ്രിതന്മാർ അവളെ പരിചരിച്ചതിനെയും, "ശാസ്ത്രവിഹിതമായ 'ക' വാഹനംകൊണ്ടു" അവളെ 'ധാതുപുഷ്ടി' യുള്ള നല്ലൊരു 'മഹിനി' യാക്കാൻ കലേശനു തന്നെ കഴിവുണ്ടെങ്കിലും "ജനാപവാദത്തിനു വൈദ്യന്മാരെ ക്ഷണിക്കുന്ന" തിനെയും തൽക്കാലം കലേശൻറെ വിവാഹത്തെയും കുറിച്ചു തോഴിയുമായി സംഭാഷണം ചെയ്തു കഴിഞ്ഞു; രണ്ടാളും ഉദ്യാനത്തിൽ പ്രവേശിക്കുന്നു. അപ്പോഴേക്കും, കലേശൻ രഥാരൂഢനായി ഉദ്യാനത്തിലെത്തുന്നതായ ശബ്ദം അവർ കേൾക്കയും, തോഴി പിരിഞ്ഞു പോകയും ചെയ്യുന്നു. കലേശൻ ഉദ്യാനത്തിൽ പ്രവേശിച്ചു നോക്കുന്ന സമയം "ബാലാ സുശീലാ, ഗന്ധഭിത്തി വ്യായാമത്തോടു ...ശയിക്കുന്നു"; കലേശനെ അരികിൽ കണ്ട് അവൾ എഴുനേൽക്കയും, പിന്നെ വിരഹവ്യഥയെ മാറ്റുകയും, നായികാനായകന്മാർ തമ്മിൽ സല്ലപിക്കയും ചെയ്യുന്നു. ബാലയുടെ കാര്യം അന്വേഷിപ്പാൻ വൈദ്യനായ 'ആചാര്യ'ന്റെ പകരം "രാജ്യതന്ത്രനിപുണനും സാവധാനമതിയും" ആയ "'ദിവാകരൻ' എന്ന നവീനകാര്യദർശി" യെ നിശ്ചയം ചെയ്തിരിക്കുന്നതിനെയും, "ഇപ്പോൾ ന്യായാസനങ്ങളൊക്കെ നൂതനവിധികളാൽ പ്രശോഭിക്കുന്ന" തിനെയും, "പ്രധാനന്യായശാലയോടുകൂടി നേത്രാനന്ദപ്രദമായും പ്രകാശിക്കുന്ന സൌധനിരകളിൽ" ഒരു "പാട്ട"ത്തിനും കരാറിനും 'കസ്സർ.' യെക്കൊണ്ടു ധനം നേടുന്നതിനും," ഇനിയൊരു "നോട്ടക്കാരായി 'മാണിക്യം'" ശോഭിക്കുന്നതിനും കൂട്ടക്കാരെ നമ്മളിതിനെയും കുറിച്ചു സംസാരിച്ചശേഷം, ഉദ്യാനത്തിലെ സപാദശിഖിരശികയിലുകളേയും അവതമ്മിലുള്ള ചേഷ്ടയേയും, മരോൺ കയിൽ "പൊന്മകോകിലത്തെ പ്രതീക്ഷിച്ചുംകൊണ്ടിരിക്കുന്നു"തിനെയും പററി സംഭാഷണംചെയ്തു സായങ്കാലത്തിൽ,

"ധാരാളമുപ്രമയാറിട്ടുന്നാളി ...കാന്തൻ-
(കലേശാദയ-
ശ്രീരാജിപ്പൂവതിനു 'പശ്ചിമദിശ' യ്ക്കണ്ണു-
(നു". ...

എന്നു കണ്ട്, അവർ "കളികഴിഞ്ഞു നമുക്കു പ്രാസാദത്തിൽക്കൂടാം" എന്നു പറഞ്ഞു പിരിയുന്നു. ഇതിനെയാണ് ഒന്നാമങ്കം.

രണ്ടാമങ്കത്തിൽ രംഗം "ശിവപുരത്തിലെ ഒരു തീവണ്ടിസ്റ്റേഷൻ" ആണ്. അവിടെ, തൃഷ്ണാശവാഹിയായുള്ള വണ്ടി പുറപ്പെട്ടിരിക്കുന്നു. സമയം പ്രഭാതമാണ്. അപ്പോൾ കൃഷ്ണമേനോൻ എന്നുപേരായ ഒരു സാമാന്യജനപ്രതിനിധിപ്രമാണി

"ഭൃംഗിത്തുലുമ്പാംനള്ളിനിയുടെ വരെ
തൂവെള്ളിക്കൊളുത്ത
സ്വർഗ്ഗശ്രീകളിളക്കുന്നുതലതകംകൊണ്ടു
നിൽക്കുന്നനേരം
....കേളി നീ
ളെ ലീലതാം
നിദ്രാഭംഗപ്രസംഗംമൊഴികളണാപുളകം
പൂണ്ടുകാണിച്ചിടുന്നു"

എന്നു പ്രഭാതവർണ്ണനം ചെയ്തുകൊണ്ടു പ്രവേശിക്കുന്നു. "ഇന്നു പ്രഭാതത്തിൽ വെച്ചു സായംകാലമനായി കല്പിച്ചുകൊടുക്കപ്പെട്ട ബഹുമാനപദവികളോടുകൂടി കലേശന്" അന്നത്തെ 'ഉച്ചവണ്ടിക്ക്' ആഗമനം ഒന്നിച്ചു വരുന്നതിനെ പ്രതീക്ഷിച്ചുംകൊണ്ടാണ് കൃഷ്ണമേനോൻ പ്രഭാതത്തിൽ

ന്ന സ്റ്റേഷനിലെത്തിയിരിക്കുന്നതു്. ചുറ്റിനടന്ന് അകലെ സൂക്ഷിച്ചുനോക്കുമ്പോൾ, "പേരില്ലാമനസ്സിലെ ഇപ്പുർനമ്പൂരിപ്പാടും" കൂട്ടരും വണ്ടി കയറാൻ വരുന്നതു കാണുന്നു. ഈ നമ്പൂരിപ്പാടു 'ക്രിസ്തിക്കാരനാണ്' കാലത്തിനൊത്ത കോലം കെട്ടുന്നവരുടെ വിരോധിയുമാണ്. അകായിലുള്ളവർ തീവണ്ടിയാത്ര അനുഭവിക്കാത്തവരുടെ കൂട്ടത്തിൽ പ്രമാണിയുമാണ്. 'ഇദ്ദേഹം വണ്ടികയറുക ഇദംപ്രഥമമാണ്'. തന്റെ ഭൃത്യന്മാരോടു തനിക്കു 'അയിത്തക്കാരും മറ്റും' ഇല്ലാത്ത ഒരു മുറി 'ഇഞ്ചുവെട്ടപ്പാക്കിയിടണ'മെന്നു തീവണ്ടിക്കാരുമായി വ്യവസ്ഥ ചെയ്യാൻ കല്പിക്കുന്നു. ഭൃത്യർ ഒരോട്ടപ്പോയി ഗാർഡിനോടും സ്റ്റേഷൻമാസ്റ്ററോടും കാര്യം കേൾപ്പിക്കുകയും, അവരുടെ അധിക്ഷേപവചനം സഹിക്കയും ചെയ്യുന്നു. പിന്നെ നമ്പൂരിതന്നെ ടിക്കറ്റുമുറിയുടെ അടുക്കൽ ചെന്നു കൈ കൊട്ടിക്കൊണ്ടു 'ഹേ ഹോ! ഹേഹേ! എടോ ഹേഷ്!' എന്നു വിളിക്കുന്നു; തന്നെ ടിക്കറ്റ്ക്ലാർക്ക് അറിഞ്ഞിട്ടില്ലെന്നു വിചാരിച്ചു, "നമ്പൂരി, മറ്റു കാൽ ഇരുമ്പഴിയിലും ഒന്നു ഒരു ബെഞ്ചിന്മേലും ചവിട്ടി ഉയർന്നുനിന്നു പൂണൂൽ ടെ കയ്യിലെടുത്തു താലാട്ടിക്കൊണ്ടു ക്ലാർക്കിന്റെ മുഖത്തു നോക്കുന്നു". ക്ലാർക്കായ ടിക്കറ്റുവിലയെപ്പറ്റി തർക്കിക്കുന്നു. 'ഇനി ഒക്കൂ ശീട്ടുതരാൻ തോന്നുന്നത് ഇക്ഷ്വാട്ടിവരെ.' എന്ന ക്ലാർക്ക് നമ്പൂരിയുടെ മട്ടുനെ അപഹസിച്ചുംകൊണ്ടു മറുപടി പറയുന്നു. തീവണ്ടി തള്ളിപ്പോവുന്നു. നമ്പൂരി വണ്ടിയെ കൈകൊട്ടി വിളിക്കുന്നു. പിന്നെ അടുത്ത വണ്ടി വരുന്നതുവരെ സ്റ്റേഷനിൽ ഇരിക്കാമെന്നു സമാധാനപ്പെട്ടു ബെഞ്ചിൽ ഇരിക്കാൻ ചെല്ലുമ്പോൾ കൃഷ്ണമേനോനെ കാണുന്നു. അവർ തമ്മിൽ കുശലപ്രശ്നം ചെയ്യുന്നു. നമ്പൂരി, ഇക്ഷ്വാട്ടിയുടെ മകനെ ഒരായിരം ക്ലാസ്സുവരെ പഠിപ്പിക്കുവാൻ നിശ്ചയിച്ചിരിക്കുന്നതിനെയും കലേശന്റെ ഭരണത്തെയും പറ്റി മേനോനോടു സംസാരിക്കുന്നു. കലേശന്റെ ഭരണത്തെപ്പറ്റി നമ്പൂരിക്കു നല്ല ബോദ്ധ്യമായിട്ടില്ലെന്ന് അദ്ദേഹവും അതിനെതിരായി മേനോനും വാദിക്കുന്നു. തീവണ്ടിയെപ്പാട്ടിനെക്കുറിച്ചു വാദപ്രതിവാദം ചെയ്യുന്നതിനിടക്കു, നടാടെ തീവണ്ടി കയറുവാൻ വന്നിരിക്കുന്ന ആ നമ്പൂരി, തീവണ്ടിയെപ്പാട്ടിനെപ്പറ്റി പദ്യരൂപത്തിൽ, ആക്ഷേപമായ വർണ്ണന ചെയ്യുന്നു. പിന്നെ ഓരോരോ സംഗതികളിൽ കലേശനു വിരോധമായ അഭിപ്രായം വെച്ചുകൊണ്ടിരിക്കുന്ന ആ നമ്പൂരി, മേനോന്റെ ഓരോ എതിർവാദവും കേൾക്കുമ്പോൾതന്നെ തന്റെ അഭിപ്രായം തെറ്റാണെന്നു സമ്മതിക്കുകയും, തനിക്കു കലേശന്റെ ഭരണത്തെക്കുറിച്ചു അടുത്ത പരിചയമുണ്ടെന്നും ബോദ്ധ്യമായതാണ് തോന്നിട്ടുള്ളതെന്നും വിശദമാക്കുകയും ചെയ്യുന്നു. ഇങ്ങിനെയുള്ള സംഭാഷണം കഴിയുമ്പോഴേക്കും, അടുത്ത വണ്ടി എത്തുന്നു. അവരൊക്കെ വണ്ടികയറിപ്പോകയും, ഒന്നാമങ്കം അവസാനിക്കുകയും ചെയ്യുന്നു.

"സവിശേഷം അലങ്കരിക്കപ്പെട്ടിട്ടുള്ള അഭിനവപ്രാസാദത്തിന്റെ വരാന്തയിൽ കനാലക്കാരൻ ഒരു വൃത്താന്തപത്രം വായിച്ചിരിക്കുന്നു. മുൻവശത്തെ വഴിയിൽ ഒരു വടിയും കുത്തി ജന്മാചാരത്തിലെ കാരണോർ പ്രവേശിക്കുന്നു"— ഇങ്ങിനെയാണ് രണ്ടാമങ്കം ആരംഭിക്കുന്നത്. കാരണോരുടെ കൂട്ടുകാരായ പൊളിപ്പറമ്പനും, തേനുക്കോടനും, ഷാമച്ചെട്ടിയും പ്രവേശിച്ചു കാരണോ

ത്തമായി ഓരോരോ സമാചാരങ്ങൾ പറകയും, അതിനിടയിൽ പുതിയ ആചാരങ്ങളെയും കാലപരിഷ്കാരത്തെയും നിന്ദിക്കുകയും ചെയ്തു നില്ക്കുമ്പോൾ, കാരണവരുടെ ഭാര്യ അവിടെ വന്നു കാരണവരോടു വഴക്കു കൂട്ടുന്നു; ആ സന്ദർഭത്തിൽ കൊച്ചാപ്പു എന്ന പുലയനും കണ്ടപ്പുറി എന്ന ഈഴവനും അവരുടെ അടുക്കലേക്കു് ആ വഴിയായി വരുന്നതു കണ്ട്, പുലയൻ നിമിത്തം അശുദ്ധമായി എന്ന കാരണത്താൽ കാരണവരുംകൂട്ടരും അവനെ തല്ലുന്നു. ആ അടികലശൽ കേട്ടുകൊണ്ടിരിക്കുന്ന കന്നലക്കോൻ തന്റെ ശിപായിയെ അയച്ച് അക്രമികളെ പിടിപ്പിച്ചു തന്റെ മുമ്പിൽ വരുത്തുന്നു. കൊച്ചാപ്പുവും അക്കൂട്ടത്തിൽ അവിടെ ചെല്ലുന്നു. അടികലശലിനുള്ള കാരണം ചോദിച്ചറികയും, 'ജീവപര്യന്തം ശിക്ഷിക്കപ്പെട്ടു ജെയിലിൽനിന്നു ചാടിപ്പോയ അക്രമികളും രാജദ്രോഹികളുമായ അനാചാരം, അസത്യം, ചൗര്യം, ക്ഷാമം' എന്ന ലോകോപദ്രവകാരികളായ ആ കൂട്ടരുടെ സമസ്യഷ്ടി പ്രിയമില്ലായ്മയെപ്പറ്റിയും മറ്റും കന്നലക്കോൻ അവരെ ശാസിക്കയും അവരോടു 'ശങ്കരാചാര്യസ്വാമികളുടെ മനീഷാപഞ്ചകം വായിച്ചിട്ടുണ്ടോ' എന്നു ചോദിക്കയും, അതിന് 'ഇല്ല' എന്ന് അവരുടെ മറുപടി കേൾക്കുമ്പോഴേക്കും പുലയൻ ആ പഞ്ചകത്തെ കമ്മിയാക്കിപ്പാടുകയും ചെയ്യുന്നു. കന്നലക്കോൻ പിന്നെ ആരാച്ചാരെ വരുത്തി, പൊളിപ്പറമ്പനെയും തൊനക്കോടനെയും തൂക്കിലിട്ടു കൊല്ലുവാനും, കാരണവരെ അപരിഷ്കൃതമായി കിടക്കുന്ന ഉൾനാട്ടിലേക്കും, ക്ഷാമനെ ആണ്ടമാൻ ദ്വീപിലേക്കും കടത്തിവിടുവാനും ആജ്ഞാപിക്കുകയും; ആ അക്രമികൾക്കു മ ഇക്കംവന്നതിൽ ആശംസിക്കുകയും ചെയ്യുന്നു.

ആ സന്ദർഭത്തിൽ, കലേശൻ തന്റെ ജന്മർക്ഷം പ്രമാണിച്ചു പ്രജകൾ ചെയ്യുവാൻ പോകുന്ന മംഗളപ്രാർത്ഥനയെ കേൾക്കുവാനായി എഴുന്നള്ളുന്നു. തിരുമനി എഴുന്നള്ളിയ വിവരം ബാലാറാണിയെ അറിയിപ്പാനും, റാണിയോട് അവിടത്തോളം വരുന്നതിനു പറവാനും കന്നലക്കോൻ കരാളെ അയച്ചു റാണിയെ വരുത്തിയതിന്റെ ശേഷം, ബാലാകലേശന്മാർ തമ്മിൽ സ്വൈരസല്ലാപം ചെയ്തുകൊള്ളട്ടെ എന്നു നിശ്ചയിച്ചു കന്നലക്കോൻ യോഗംകൂടേണ്ടതിനു വേണ്ടുന്ന ശട്ടം കെട്ടുവാനായി പോകുന്നു. നായികാനായകന്മാർ തമ്മിലുള്ള സല്ലാപത്തിൽ, മകളായ സുയശസ്സിന്റെയും പ്രതാപന്റെയും മഹിമകളെപ്പറ്റി പറകയും ആ കുട്ടികൾ വന്ന് അച്ഛനെ പുകഴ്ത്തുകയും കപ്പൽ വരുത്തിക്കൊടുപ്പാൻ ആവശ്യപ്പെടുകയും ചെയ്തുകൊണ്ടിരിക്കുന്നതിനിടയിൽ കന്നലക്കോനാദികൾ പ്രവേശിച്ചു മംഗളപത്രം സമർപ്പിക്കുന്നു; നായികാസമാജം വകയായും ഒരു മംഗളപത്രം അർപ്പിക്കുന്നു. കലേശൻ തന്റെ 'പ്രേമഭാജനങ്ങളായ പ്രജകളെ' സംബോധനം ചെയ്തുകൊണ്ടു മറുവടി അരുളുകയും ചെയ്യുന്നു. ഇതിനെ മൂന്നാമങ്കവും, അതോടുകൂടി നാടകവും അവസാനിക്കുന്നു.

മേൽപറഞ്ഞപ്രകാരമാണ് കഥയുടെ ചുരുക്കം. ഇത് ഇത്ര നീട്ടിപ്പറയേണ്ടിവന്നതു, മേലിൽ കഥാബന്ധത്തിന്റെ ഗുണദോഷങ്ങളെ നിരൂപണം ചെയ്യുമ്പോൾ പുറപ്പെടുവിക്കുന്ന അഭിപ്രായങ്ങളെ വിശദവും സുഗ്രഹവുമാക്കുവാനായിട്ടാകുന്നു.

'ബാലാകലേശം' ഒരു നാടകമാണോ? ഈ ചോദ്യത്തിനുള്ള ഉത്തരം നാടകലക്ഷണചർച്ചയെ ആശ്രയിക്കുന്നു. മല

യാളത്തിൽ നാടകങ്ങളുടെ ആവിർഭാവം സംസ്കൃതത്തിൽ നിന്നാകുന്നു എന്നു പ്രസിദ്ധമത്രെ. 'നാടകം' എന്ന അഭിധാനം തന്നെ ഇതിന്ന് ഒരു തെളിവാകുന്നുവല്ലൊ. സംസ്കൃതനാടകങ്ങളുടെ ലക്ഷണങ്ങൾ 'ബാലാകലേശ'ത്തിനുണ്ടോ? ഈ ലക്ഷണങ്ങളെന്തെന്ന് ഇവിടെ വിസ്തരിക്കേണ്ടതില്ലെന്നു വിചാരിക്കുന്നു. എന്നാലും 'ബാലാകലേശ'ത്തിനു ഈ ലക്ഷണങ്ങൾ മുഴുവനുമോ എതാനുമോ ഉണ്ടോ എന്നുള്ള അന്വേഷണത്തിൽ, നാടകലക്ഷണസംബന്ധമായ ചില സംഗതികളെ ആലോചിക്കേണ്ടിയുമിരിക്കുന്നു. ഈ കൃതി രസാശ്രയമായ ദൃശ്യകാവ്യംതന്നെയോ? ഇതിനു എന്തെങ്കിലും ഒരു 'വസ്തു' ഉണ്ടോ? വസ്തുനിർദ്ദേശത്തിൽ ബീജ, ബിന്ദു, പതാകാ, പ്രകരീ, കാര്യങ്ങൾ എന്ന അർത്ഥപ്രകൃതികൾ യോജിച്ചിട്ടുണ്ടോ? ആരംഭ, യത്ന, പ്രാപ്ത്യാശാ, നിയതാപ്തി, ഫലാഗമങ്ങൾ എന്ന അഞ്ചു സന്ധികളും യോജിച്ചിട്ടുണ്ടോ? കഥ, പ്രഖ്യാതമോ, ഉല്പാദ്യമോ, മിശ്രമോ ആണോ? വിഷ്കംഭചൂളികാങ്കാസ്യാങ്കാവതാരപ്രവേശകങ്ങൾ എന്ന സൂച്യങ്ങൾ ഇതിൽ ഘടിപ്പിച്ചിട്ടുണ്ടോ? പ്രകാശം, സ്വഗതം, ജനാന്തികം, അപവാരിതകം, ആകാശഭാഷിതം എന്നിവകളും ഉണ്ടോ? ഇതിലെ നായകന്റെ ലക്ഷണങ്ങളെന്തു? നേതാവു ധീരോദാത്തനോ, ധീരലളിതനോ, ധീരശാന്തനോ, ധീരോദ്ധതനോ? ദക്ഷിണനോ, ശഠനോ, ധൃഷ്ടനോ, അനുകൂലനോ? നായിക, സ്വീയയോ, അന്യയോ, സാമാന്യയോ? അംഗിയായ രസം എതാണ്? ശൃംഗാരമോ, വീരമോ, കരുണമോ? ഇങ്ങിനെ ഓരോരോ സംഗതികളെ പര്യാലോചിച്ചേടത്തോളം, 'ബാലാകലേശ'ത്തിൽ ഈ വക ലക്ഷണങ്ങൾ പലതും ഇല്ലെന്നു പറകവേണ്ടിയിരിക്കുന്നു. ഇതിലെ കഥാവസ്തുതന്നെ ലോകാവസ്ഥയെ അനുകരിക്കുന്നില്ല. ഒരു നായകൻ തന്റെ ഭാര്യയുടെ രോഗത്തിനു ശമനം വരുത്തുവാൻ ഉദ്ദേശിക്കുന്നതായിട്ടാണ് കഥാരംഭത്തിൽ സൂചിപ്പിച്ചിരിക്കുന്നത്. എന്നാൽ ഈ ആരംഭത്തെ തന്നെയാണോ പിന്നെയുള്ള അങ്കങ്ങളിൽ തുടരുന്നത്? അല്ലെന്നു സ്പഷ്ടം. രോഗശമനത്തിനു യത്നം ചെയ്യുവെന്നാകട്ടെ, ആ യത്നം ഇടയ്ക്കു തടയപ്പെട്ടു എന്നാകട്ടെ, വീണ്ടും അതിന്ന് അഭിവൃദ്ധി ഉണ്ടായി എന്നാകട്ടെ, ഒടുവിൽ ഫലസിദ്ധി ലഭിച്ചു എന്നാകട്ടെ, യാതൊന്നും ഇതിൽ ബന്ധിച്ചുകാണുന്നില്ല. വാസ്തവത്തിൽ, ആദ്യന്തം ഒരവിച്ഛിന്നമായ ഒരു കഥാവസ്തു ഇതിനുള്ളിലൂടെ കടന്നുപോകുന്നതായി കാണുന്നില്ല. ചില പാത്രങ്ങൾ തമ്മിൽ ഓരോരോ വിഷയത്തെക്കുറിച്ച് ഓരോരോ അവസരത്തിൽ ചെയ്യുന്ന സംഭാഷണങ്ങളെ എല്ലാം കൂട്ടിക്കെട്ടി, ഇടയ്ക്കിടെ ഓരോ വിരാമം വരുത്തി അങ്കവിഭാഗം ചെയ്തിട്ടുള്ളതല്ലാതെ, ഈ കൃതിയിൽ നിർദ്ദിഷ്ടമായ ഒരുദ്ദേശം സാധിപ്പാൻവേണ്ടി കഥാപാത്രങ്ങൾ ഐക്യത്തോടുകൂടി പ്രവർത്തിക്കുന്നു എന്ന കഥാഘടനം ചെയ്തിട്ടില്ല. ഇതിലെ ഒന്നാമങ്കത്തിൽ നായകന്റെ കഥാപ്രസംഗം ചെയ്യുന്ന കുഞ്ഞുമേനോന്റെയും നമ്പൂരിയുടെയും സംഭാഷണം കേവലം ഒരു പ്രവേശകത്തിന്റെ നിലയിൽ ഉള്ളതല്ലാതെ, ഒരങ്കമെന്ന വിഭാഗത്തെ അർഹിക്കുന്നതല്ല. മൂന്നങ്കങ്ങളും തമ്മിൽ, നായകനെ സംബന്ധിച്ച കഥാപ്രസംഗം കലർന്നവയാണെന്നുള്ള ബന്ധമൊഴികെ, പിമ്പുപിമ്പുള്ളവ മുമ്പുമുമ്പുള്ള

വഴിയിൽനിന്ന കാര്യകാരണനിയമപ്രകാരം സംഭവിക്കുന്നവയായിരിക്കുന്നില്ല. വാസ്തവത്തിൽ, കഥാബീജംതന്നെ ഇതിനെന്നു പറഞ്ഞുകൂടുന്നതല്ല. നായകനായി കല്പിക്കപ്പെട്ടിരിക്കുന്ന കലേശൻ തന്നെയും നായകലക്ഷണങ്ങളെ പ്രദർശിപ്പിക്കുന്നില്ല. നായകൻ ഒരു നിർദ്ദിഷ്ടമായ ഉദ്ദേശത്തെ സാധിപ്പാൻവേണ്ടി പ്രവർത്തിക്കുന്നതായി കാണുന്നില്ല. കലേശന്റെയും ബാലയുടെയും ചരിതവർണ്ണനം ചെയ്യുന്ന സംഭാഷണങ്ങൾ നായകന്റെയോ നായികയുടെയോ ജീവിതവൃത്തിയുടെ പ്രകടനമാവുന്നതുമല്ല. ഇങ്ങിനെ നോക്കിയാൽ, സംസ്കൃതനാടകശാസ്ത്രപ്രകാരം 'ബാലാകലേശ'ത്തെ നാടകമായി ഗണിപ്പാൻ പാടുള്ളതല്ലെന്ന നിശ്ചയമാകും.

എന്നാലിനി ഇതിന്ന മറ്റെതെങ്കിലുമൊരുമാതിരി നാടകത്തിന്റെ വർഗ്ഗത്തിൽ ചേർന്നിരിപ്പാൻ കഴികയില്ലയോ? മലയാളത്തിൽ നാടകങ്ങളുടെ ആവിർഭാവം ആദ്യമായി സംസ്കൃതത്തിൽ നിന്നാണെന്ന മുമ്പു പറഞ്ഞുവല്ലോ. എന്നാൽ, സംസ്കൃതത്തിൽനിന്ന നാടകങ്ങൾ വന്ന ചേരും മുമ്പു, നാട്യകലയും നാട്യപ്രബന്ധങ്ങളും മലയാളത്തിൽ ഇല്ലായിരുന്നു എന്ന ഞാൻ പറയുന്നില്ല. കൂത്തുകൾ, കഥകളി മുതലായ ചില നാട്യങ്ങൾ ഉണ്ടായിട്ടുണ്ടെങ്കിലും, അവ, പരമാർത്ഥത്തിൽ സംസ്കൃതത്തിലെ 'നാടക'ശബ്ദത്താൽ വിവക്ഷിക്കപ്പെടുന്ന അർത്ഥത്തിലുൾപ്പെട്ടവയല്ല. സംസ്കൃതത്തെ കഴിച്ചാൽ പിന്നെ, പാശ്ചാത്യഭാഷകളിൽനിന്നും തമിഴിൽ നിന്നുമാണ് മലയാളനാടകങ്ങൾ ചിലത് ആവിർഭവിച്ചിട്ടുള്ളത്. എന്നാൽ ഇവയ്ക്കും, ലക്ഷണങ്ങളിൽ മുഖ്യമായവ എറെക്കുറെ സമാനമാണെന്ന സൂക്ഷ്മമാലോചിച്ചാൽ ഗ്രഹിക്കാവുന്നതാണ്. പാശ്ചാത്യനാടകങ്ങൾക്ക അവശ്യം ആവശ്യകമെന്ന നിശ്ചയിക്കപ്പെട്ടിരിക്കുന്ന കാലൈക്യം, ദേശൈക്യം, വ്യാപാരൈക്യം എന്ന മൂന്നുവക ഐക്യവും 'ബാലാകലേശ'ത്തിന്നുണ്ടോ എന്ന നോക്കാം. രംഗങ്ങൾ കൊച്ചിസംസ്ഥാനത്തിന്നുള്ളിൽ തന്നെയുള്ളവയാണെന്ന് അർത്ഥമാക്കിയാൽ ദേശൈക്യം ഉണ്ടെന്ന സമ്മതിക്കാം. എന്നാൽ മറ്റു രണ്ടൈക്യങ്ങളോ? ഒന്നാമങ്കത്തിൽ, 'ബാല' അനേകശതാബ്ദം മുമ്പുള്ള ലന്തക്കാർ, പോർത്തുഗീസുകാർ മുതലായവരുടെ ആക്രമങ്ങളെപ്പറ്റിയാണ് തോഴിയോട സംഭാഷണം നടത്തിത്തുടങ്ങുന്നത്; പണ്ടേക്കാലം മുതൽക്ക് ഇന്നേവരെയുള്ള കഥകളൊക്കെ ഒന്നായി കൂട്ടിക്കെട്ടിയിരിക്കുന്നു. മൂന്നാമങ്കത്തിലോ, ഭാവികാലത്തിൽ ഉണ്ടായിക്കാണ്മാൻ ആഗ്രഹിക്കുന്നതായ ചില സമുദായപരിഷ്കാരങ്ങളെയും സംഘടിപ്പിച്ചിരിക്കുന്നു. ഈ അവസ്ഥയ്ക്കു കാലൈക്യം ഇല്ലെന്ന നിശ്ചയംതന്നെ. പിന്നെ, വ്യാപാരൈക്യം: നായകൻകൂടിയും നിർദ്ദിഷ്ടമായ ഉദ്ദേശത്തെ മുൻനിർത്തിക്കൊണ്ടു വ്യാപരിക്കുന്നില്ല. മറ്റുള്ള കഥാപാത്രങ്ങളും അങ്ങിനെയൊരു ഉദ്ദേശപ്രാപ്തിക്ക് ഉപകാരികളായോ സഹകാരികളായോ വ്യാപരിക്കേണ്ടുന്ന ആവശ്യകതയും അവകാശവും ആ കാരണത്താൽ തന്നെ നിരസിക്കപ്പെട്ടിരിക്കുന്നു. ഇങ്ങിനെ വ്യാപാരൈക്യവും ഈ കൃതിയിലില്ല. ഇനി, തമിഴ്നാടകങ്ങളുടെ തോതുവെച്ചു നോക്കുന്നതാണെങ്കിൽ ആ നാടകകർത്താക്കന്മാരും മതശാസ്ത്രത്തെ അനാദരിച്ചിട്ടില്ലെന്ന തെളിയുന്നതാണ്. ആ നാടകങ്ങളിലും, നിർദ്ദിഷ്ടമായ

ഉദ്ദേശത്തെ പ്രാപിപ്പാനായിക്കൊണ്ടുള്ള കഥാപാത്രങ്ങളുടെ വാങ്മനഃകായവ്യാപാരങ്ങളെ ലോകാവസ്ഥ അനുസരിച്ചു തന്നെയാണ് ഘടിപ്പിച്ചുകാണുന്നത്.

ഇങ്ങിനെ, മലയാളത്തിൽ പ്രസിദ്ധങ്ങളായ നാടകമാതൃകകളിൽ ഒന്നിനെയും, 'ബാലാകലേശം' അനുകരിച്ചിട്ടില്ലെന്നു തെളിയുന്ന സ്ഥിതിക്കു് ഇതിനു 'നാടകം' എന്ന പേർ യോജിക്കയില്ലെന്നു പറഞ്ഞതു കഴിഞ്ഞു.

'ബാലാകലേശം', നാടകം എന്ന അഭിധാനത്തെ അർഹിക്കുവാൻ തക്കവണ്ണം നാടകലക്ഷണങ്ങളെല്ലാം തികഞ്ഞിട്ടുള്ള കൃതി അല്ലെന്നിരിക്കയാൽ, നാടകം എന്ന നിലയിൽ സ്വീകരിക്കപ്പെടുവാൻ അവകാശമില്ലെന്നിരിക്കിൽ പിന്നെ, 'കൊച്ചി സാഹിത്യസമാജ'ത്തിന്റെ അധികാരത്തിൻ കീഴിലുള്ള സാഹിത്യലോകത്തിൽ എന്തെങ്കിലും ഒരു പദം അതിന് അനുവദിച്ചുകൂടുന്നതാണോ? ഈശ്വരസൃഷ്ടിയിൽ പെട്ടതായ ഒരു ജീവി മനുഷ്യജാതിയുടെ ലക്ഷണങ്ങളെല്ലാം തികഞ്ഞതല്ലെന്നിരിക്കട്ടെ; അതു നിമിത്തം ആ ജീവിയെ മനുഷ്യവർഗ്ഗത്തിൽ സ്വീകരിച്ചുകൂടുന്നതല്ലെന്നിരിക്കട്ടെ. എന്നാലും, അതിനു മനുഷ്യന്റെ കൈകളും, കഴുതയുടെ കാലുകളും, കരടിയുടെ തലയും, ആനയുടെ തുമ്പിക്കൈയും, സർപ്പത്തിന്റെ പല്ലും — ഇങ്ങിനെ ഓരോരോ അവയവങ്ങൾ ഓരോരോ ജന്തുക്കളുടേതായിരുന്നാൽ, അതു പ്രകൃതിയുടെ വികൃതിയാണെങ്കിലുംകൂടി, അതിനു ജന്തുലോകത്തിൽ പ്രത്യേകമായൊരു സ്ഥാനം അനുവദിക്കാവുന്നതാണല്ലോ. അതിന്നവണ്ണം, നാടകലക്ഷണങ്ങൾ തികയാത്ത കാരണത്താൽ നാടകജാതിയിൽനിന്നു ഭ്രഷ്ടായിത്തീരുന്ന ഒരു കവിസൃഷ്ടിയെ സാഹിത്യലോകത്തിൽ പെട്ടതായ പ്രകൃതിയുടെ ഒരു വികൃതിയെന്നു ഗണിച്ചു പ്രത്യേകമായൊരു സ്ഥാനം കല്പിക്കാം. 'ബാലാകലേശ'വും അങ്ങിനെ വിശേഷമായൊരു പദത്തെ അർഹിക്കുന്നു എന്നു സമ്മതിക്കാം. അതു നാടകമാവാൻ വേണ്ടി സൃഷ്ടിച്ചതായ ഒരു ഗദ്യപദ്യമിശ്രകൃതിയാണെന്നു കാണുന്നതുകൊണ്ട്, അതിനു സാഹിത്യലോകത്തിൽ ഒരു പ്രത്യേകസ്ഥാനം ലഭിപ്പാൻ അവകാശമുണ്ടെന്നിരിക്കട്ടെ. എന്നാൽ, ഈ അവകാശവാദം, 'കൊച്ചി സാഹിത്യസമാജ'ത്തിന്റെ അധികാരത്തിൻകീഴിൽ ഉള്ളതായ സാഹിത്യക്ഷേത്രത്തിൽ ഒരു പ്രതിഷ്ഠ ലഭിക്കുന്നതിനു വേണ്ടുന്ന വിശേഷാവകാശത്തെ അനുവദിച്ചുകൊടുക്കുന്നതിലേക്കു സാധുവാകുമോ, എന്നാണ് ആലോചിപ്പാനുള്ളത്. അതിലേക്കു്, ഈ കൃതിയിലെ പ്രതിപാദ്യവിഷയങ്ങളുടെ ഗുണദോഷങ്ങളെപ്പറ്റി നിരൂപണം ചെയ്യേണ്ടതാവശ്യമാകുന്നു. കൊച്ചി വലിയതമ്പുരാൻ തിരുമനസ്സിലെ രാജ്യഭരണമഹിമയെ വിഷയീകരിച്ചിട്ടാണ് ഈ കൃതിയെ രചിച്ചിരിക്കുന്നതെന്നു പറഞ്ഞതുകൊണ്ടുമാത്രം, ഈ കൃതി ഗുണവിശിഷ്ടമാണെന്ന് അനുമാനിക്കുവാൻ ന്യായമില്ല. കഥാനായകന്റെ ചരിത്രത്തെ എങ്ങിനെയാണ് വർണ്ണിച്ചിരിക്കുന്നത്; ആ വർണ്ണനകളാൽ നായകന്റെ സ്വഭാവപ്രദർശനം ചെയ്യുന്നതെങ്ങിനെയാണ്; ആ വർണ്ണനകൾക്കിടയിൽ ഓരോരോ ഉപവിഷയങ്ങളെപ്പറ്റി പ്രാസംഗികമായി ചെയ്തിരിക്കുന്ന പ്രസ്താവങ്ങൾ ഏതുപ്രകാരത്തിലുള്ളവയാണ്; ഇത്യാദി പല സംഗതികളെ നിർണ്ണയിച്ചശേഷമേ ഈ കൃതിയുടെ ത്യാജ്യതയോ ഗ്രാഹ്യതയോ തീർച്ചപ്പെടുത്തിക്കൂടു. ഒന്നാമതായി, കഥാനായകനായി സങ്കല്പിക്കപ്പെട്ടിരിക്കുന്ന കലേശനെപ്പറ്റി വർണ്ണിച്ചിട്ടുള്ളതു നോക്കാം. നായികയായ ബാലയുടെ ആലസ്യപ്രസ്താവനയോടുകൂടിയാണ് ഒന്നാമങ്കം ആരംഭിക്കുന്നത്. തന്റെ മഹിഷിയെ ചികിത്സിപ്പാൻ വൈ

ത്തന്നെ നിശ്ചയിച്ചുംവെച്ചു നായകൻ സ്വവാസത്തിനായി അകലെയുള്ള അചലപുരത്തേക്കു പോയിരിക്കുന്നു. ഇതു, നായകന്റെ ഉന്നതോൽകർഷത്തിനു ഹാനികരമായ വർണ്ണനമാണെന്നു പറയാതെ കഴികയില്ല; നായികയിൽ നായകനുള്ള പ്രേമം ആത്മാർത്ഥമല്ലെന്നും, സ്വാർത്ഥത്തെക്കരുതികൊണ്ടു നായികയുടെ ആപൽദശയിൽക്കൂടിയും അവളെ പിരിഞ്ഞുപോവാൻ മടിക്കുന്ന ആളല്ല നായകനെന്നും സ്വഭാവദൂഷണം സംഭവിക്കുന്നു. ഇനിയും, നായകനെക്കുറിച്ചു സ്തുതി ചെയ്യുന്ന വർണ്ണനം നോക്കുക. (9-ാംഭാഗം)

'ആലോചനാലോചനക്കമ്പികൾവലയനിര
ന്നുള്ളതാമനുരാഗ-
ച്ചെഞ്ചായപ്പൂച്ചണിഞ്ഞുംതെളിയുമൊരുക
ശോഭക്കൂട്ടിനുള്ളിൽ (ലേ-
സഞ്ചാരംചെയ്തുമോമൽച്ചെറുകിളിമകളും
ബാലികേ, ഭാഗ്യചൂത-
ത്തണലാളുംകോകിലംപോൽവസിപ്പുതസു
ഖാദിമാരോഗ്യമേന്തും'. (വ

ഈ പദ്യത്തിന്റെ വ്യംഗ്യമായ അർത്ഥമെന്താണ്? കവേശന്റെ ആശയമാകുന്ന കൂട്ടിനുള്ളിലാണ് ബാലയാകുന്ന കിളിയുടെ ഇപ്പോഴത്തെ വാസം; ആ കൂട് എങ്ങിനെയുള്ളതാണ്? ആലോചനയാകുന്ന കമ്പികളാൽ ചുറ്റപ്പെട്ടതാകുന്നു. അതു മാത്രമോ? അനുരാഗമാകുന്ന ചെഞ്ചായം കൊണ്ടു പൂശിട്ടുള്ളതാണ്. ഇതിന്റെ അർത്ഥമോ? പുറമെ കാണുന്ന അനുരാഗം വെറും പൂച്ചാണ്; കമ്പികൾ അനുരാഗങ്ങളല്ല; അകത്ത് ആലോചനയാണുള്ളത്; ഈ ആലോചനയെ അനുരാഗപ്പൂച്ചുകൊണ്ടു മറച്ചുവെച്ചിരിക്കുന്നു. ഇങ്ങിനെയുള്ള കൂട്ടിനുള്ളിൽ സഞ്ചരിക്കുന്ന കിളിക്കു പുതസുഖം എപ്രകാരം സാദ്ധ്യമാവും? കൂട്ടിലടയ്ക്കപ്പെട്ടതായ കോകിലം എങ്ങിനെയാണോ ചൂതത്തണലത്തിരിക്കുമ്പോൾ സ്വച്ഛന്ദമായ് ആരോഗ്യത്തെ പ്രാപിക്കുന്നു, അതിനെന്നും, ബാലയാകുന്ന കിളിയും ഭാഗ്യമാകുന്ന വൃക്ഷത്തിന്റെ തണലത്തു കയറുമ്പോൾ പുതസുഖം ലഭിക്കും. എന്നാൽ, കിളിക്കൂട്ടിനുള്ളിൽ തന്നെയാണോ ഈ സ്വച്ഛന്ദം? സാധാരണ പക്ഷിക്കൂട്ടിനകത്തു വൃക്ഷങ്ങൾ ഉണ്ടാവാറില്ലല്ലോ. കൂട്ടിനു പുറമെ പോയാലേ, വൃക്ഷശിഖരത്തെ പ്രാപിക്കാൻ കഴിയൂ. അതായിതു, കലേശാശയക്കൂട്ടിൽനിന്നു പുറത്തുചാടി ഭാഗ്യവൃക്ഷത്തണലത്തു കയറുമ്പോഴേ ബാലയാകുന്ന കിളിക്കു സുഖം ലഭിക്കൂ എന്ന് അർത്ഥം വരുന്നു. ഈ വർണ്ണന നായകനു പ്രശംസയായിരിക്കുന്നില്ലെന്നു സ്പഷ്ടമല്ലോ. ഇനിയും നോക്കുക 15-ാംഭാഗത്തിൽ, 21-ാം ശ്ലോകംകൊണ്ടു, നായകൻ തന്റെ ഭൃത്യന്മാരെ പാട്ടത്തിനായും, കസ്തൂരിക്കച്ചവടത്തിനായും മാണിക്യനോട്ടത്തിനായും ഏല്പിച്ചുകൊടുക്കുന്നതിൽ തല്പരനായ ഒരു മധ്യമപാത്രമാണെന്ന് അർത്ഥം വ്യഞ്ജിക്കുന്നു. അതേ ഭാഗത്തു തന്നെ, നായികഉദ്യാനത്തിലെ കുയിലുകളെപ്പറ്റി നായകനുമായി സംഭാഷണം ചെയ്യുമ്പോൾ, നായകൻ അവിടെ വളർത്തുന്നതായ കോകിലങ്ങളിൽ ഒരു ആൺകുയിൽ 'പെൺകോകിലത്തെ പ്രതിഷ്ഠിച്ചുകൊണ്ടി'രിക്കുന്നതായി വർണ്ണിച്ചിരിക്കുന്നു. അപ്രസ്തുതത്തിൽ ആൺകോകിലങ്ങൾ കൊച്ചി സംസ്ഥാനത്തിലെ ഉദ്യോഗസ്ഥന്മാരാണെന്ന് അർത്ഥമാകുമ്പോൾ, അവരിലൊരാൾ 'പെൺകോകില'ത്തെ പ്രതിഷ്ഠിച്ചുകൊണ്ടിരിക്കുന്നു എന്നു പറയുന്നതിന്റെ വ്യംഗ്യം കഥാനായകന്റെ ഭരണമഹിമയെ

ബാധിച്ചിട്ടില്ലയോ എന്നു സംശയിക്കേണ്ടിവരുന്നു. ഇനി, 17-ാം ഭാഗത്തുള്ള 26-ാം പദ്യം നോക്കുക.

'ധാരാളപ്രശ്രയമറിട്ടന്നു നളിനീ-
കാന്തന്‍ കലേശോദയ-
ശ്രീരാജിച്ചുവരുന്നു 'പശ്ചിമഗിരി'-
ശ്ശൃംഗത്തുന്നകൗതുഹലാൽ'.

എന്ന ശ്ലോകംകൊണ്ട്, അപ്രസ്തുതത്തിൽ, 'നളിനീകാന്തന്‍' ആയ രവിയാല്‍, 'കലേശന്‍' ആയ കഥാനായകന്റെ ശോഭാമഹിമയ്ക്ക് ആശ്രയമാകുന്നു എന്നു പറയുമ്പോഴും, നായകന്റെ മാഹാത്മ്യത്തിന് അപവാദമായ്ത്തീരുകയില്ലയോ എന്നും ശങ്കിക്കേണ്ടിവരുന്നു. എന്തെന്നാല്‍, ചന്ദ്രന്റെ ശോഭ സൂര്യനില്‍നിന്നു ലഭിച്ചതാണെന്നു പ്രസിദ്ധം. ഇനി 42-ാംഭാഗം നോക്കുക. 'അനാചാരം, അസത്യം, ചൌര്യം, കാമം എന്ന ലോകോപദ്രവകാരികളായ നാലു ദുർദ്ദേവതകൾ മനുഷ്യാകൃതിയെ അവലംബിച്ച് കലേശന്റെ രാജ്യത്തു ചുററുന്നു. ഇവർ ജീവപര്യന്തം ശിക്ഷിക്കപ്പെട്ടു ജെയിലിൽനിന്നു ചാടിപ്പോന്ന അക്രമികളും രാജദ്രോഹികളുമാണ്.' എന്ന പ്രസ്താവനകൊണ്ട്, കലേശന്റെ നാട്ടില്‍ അക്രമികളെ ബന്ധനത്തിൽ വയ്ക്കുന്നതിനുള്ള നിയമങ്ങൾക്ക് എന്തോ ഉലച്ചല്‍ തട്ടീട്ടുണ്ടെന്നും, ജെല്‍ ചാടിപ്പോയ അക്രമികൾ നിർബാധമായി രാജപാതകളില്‍ സഞ്ചരിക്കാമെന്നും അർത്ഥമാവുന്നതാകയാല്‍, ഇതും നായകന്റെ മേന്മകീർത്തിയെ അപചയിക്കുന്നതായിത്തീരുന്നു. എന്നല്ല, ഈ അക്രമികൾ ഒരു പുലയനെ തല്ലിയതിന് അവരെ 'കന്നപ്പക്കോന്‍' എന്ന ഉദ്യോഗസ്ഥന്‍ തന്റെ ശിപായിയെക്കൊണ്ടു പിടിപ്പിച്ച്, ആരാച്ചാരെ വരുത്തി, അക്രമികളില്‍ രണ്ടാളെ തൂക്കിക്കൊല്ലുവാനും, രണ്ടാളെ നാടുകടത്തുവാനും കല്പിക്കുന്നു. ഈ ശിക്ഷ അടികലശലിനാണെന്നും; കാരാക്കാരെ നീതിനിയമപ്രകാരം വിചാരണചെയ്കയോ മററോ ചെയ്യുന്നില്ലെന്നും ഉള്ള സംഗതികൾ ഓർത്താൽ, കലേശന്റെ രാജ്യത്തു നീതിനടത്തുന്നതു പരിഷ്കൃതനിയമങ്ങൾക്കു ചേർച്ചയായ വിധത്തിലല്ലെന്നു തോന്നുന്നതാണ്. ഇതും നായകന്റെ മഹത്വത്തിന് അപകർഷകമായിത്തീരുന്നു. 50-ാംഭാഗത്തു, കലേശന്റെ പുത്രനായ സ്വയശസ്സു ചെയ്യുന്ന ചന്ദ്രോപാലംഭത്തിനിടയില്‍ പിതാവിനെ പ്രശംസിക്കുന്നതു കേട്ടിട്ടും പിതാവ് ആ മുഖസ്തുതിയെ തടയാതെ, ചിരിച്ചുംകൊണ്ടു സ്വയശസ്സിനെ ചുംബിക്കുന്നതും നായകഗുണൌദാര്യത്തിനു അപകർഷകമായിരിക്കുന്നു. ഈ കൃതി ആദ്യന്തം ശ്ലേഷോക്തികളെക്കൊണ്ടു ഗ്രഥിക്കപ്പെട്ടിരിക്കയാല്‍, അപ്രസ്തുതത്തില്‍ നായകനായ വലിയതമ്പുരാൻ തിരുമനസ്സിലെ ഉത്തമഗുണങ്ങളെ മലിനമാക്കിക്കാണിക്കുന്നതായുള്ള മേല്പടി വർണ്ണനകൾ തന്നെ ഈ കൃതിയെ ത്യാജ്യകോടിയില്‍ ചേർക്കുന്നതിനു കാരണമായിരിക്കുന്നുണ്ട്. ഇതിലുമധികമായി, മററെന്തുതന്നെ വേണം? 15-ം 16-ം ഭാഗങ്ങളില്‍ ഉദ്യാനകോകിലങ്ങളെ വർണ്ണിക്കുക വഴിയായി അപ്രസ്തുതത്തില്‍ സ്വദേശി- പരദേശി- സർക്കാരുദ്യോഗസ്ഥന്മാരെ സൂചിപ്പിച്ചു ചെയ്തിരിക്കുന്ന പ്രസ്താവങ്ങൾ ജാതിസ്പർദ്ധാനലനെ ഉജ്ജ്വലിപ്പിക്കുമെന്നു ശങ്കിക്കേണ്ടതായുമിരിക്കുന്നു. പിന്നെയും, ഒന്നാമത്തില്‍, ഒരു നമ്പൂരിപ്പാടിനെ പ്രവേശിപ്പിച്ച് അദ്ദേഹത്തെ അപഹാസ്യനാക്കിക്കാണിച്ചു പലേ

പ്രകാരത്തിൽ ആവിഷ്കരണം ചെയ്തിരിക്കുന്നു. ഈ വർണ്ണനയുടെ യാഥാത്ഥ്യത്തെയോ അയഥാത്ഥതയെയോ പററി ഈ സന്ദർഭത്തിൽ ഒന്നും പറയുന്നില്ല. എന്നാൽ, ഇതു യഥാത്ഥമായിരുന്നാൽകൂടിയും, വലിയതമ്പുരാൻ തിരുമനസ്സിലെ ഒരപകീർത്തിയെ അപവദിക്കുന്നതായിത്തീരുമെന്നു ശങ്കിക്കേണ്ടിവരുന്നു. എന്തെന്നാൽ: അവിടത്തെ മരണത്താൽ, രാജ്യത്തിലുള്ള പ്രജകളിൽ പ്രധാനമായൊരു വർഗ്ഗക്കാർ ഇനിയും അന്ധകാരത്തിൽനിന്ന് ഉത്ഥാനം ചെയ്തിട്ടില്ലെന്നു പറയുന്നതു; നിശ്ചയമായും പ്രശംസയല്ല എന്നു പറയാതെ തീരൂ. ഒരു നമ്പൂതിരിപ്പാടിനെ മലയാളബ്രാഹ്മണസമുദായത്തിന്റെ മൂർദ്ധാഭിഷിക്തോദാഹരണമായിട്ടാണ് കവി സങ്കല്പിച്ചിരിക്കുന്നതെങ്കിൽ, അദ്ദേഹത്തിൽ ആരോപിച്ചിട്ടുള്ള വിഡ്ഢിത്തങ്ങളെപ്പററി ദേഷ്യപ്പെടുവാൻ ആ സമുദായത്തിനു ന്യായമായ കാരണമുണ്ട്. ഇതുകൊണ്ടും, 'ബാലാകലേശ'ത്തിൽ പ്രതിപാദിച്ചിട്ടുള്ള വിഷയങ്ങൾ പലതും ഗർഹ്യമായിട്ടുള്ളവയാണെന്നും, അതിനാൽ, 'കൊച്ചിസാഹിത്യസമാജ'ത്തിന്റെ അധികാരത്തിൻകീഴിൽ പെട്ടതായ സാഹിത്യക്ഷേത്രത്തിനുള്ളിൽ ഇതിന് ഒരു സ്ഥാനം അനുവദിച്ചുകൂടുന്നതല്ലെന്നും അഭിപ്രായപ്പെടേണ്ടിയിരിക്കുന്നു.

നാടകം എന്ന പേരിന് അർഹതയില്ലെങ്കിലും, 'കൊച്ചിസാഹിത്യസമാജ'ത്തിന്റെ അധികാരത്തിൻകീഴിൽ പെട്ടതായ സാഹിത്യലോകത്തിൽ ഒരു സ്ഥാനം കൊടുപ്പാൻ പാടില്ലാത്തപ്രകാരം വിഷയത്തിനു ദൂഷ്യം കാണുന്നുണ്ടെങ്കിലും, ഈ കൃതിയെ മററ് ഏതാനുമൊരു ഗുണഭാഗം വിചാരിച്ചു സ്വീകാര്യമായിക്കരുതാമോ എന്നാണ് ഇനി ആലോചിക്കേണ്ടത്. ഇതിലേയ്ക്ക്, ഈ കൃതിയിലെ വർണ്ണനകൾ വാസ്തവത്തെ ആധാരമാക്കിയവയോ വാസ്തവികങ്ങളോ ആണോ എന്നു നോക്കേണ്ടിയിരിക്കുന്നു. മുഴുവനും വാസ്തവാധിഷ്ഠിതമോ വാസ്തവികമോ എന്ന് ആരായുന്നതിനു പകരം എവിടെയെങ്കിലും തദ്വിപരീതമായിട്ടുണ്ടോ എന്നു കണ്ടുപിടിച്ചാലും മതിയാവുമല്ലോ. ഒന്നാമങ്കത്തിൽ, ബാലയും തോഴി സുനീതിയും തമ്മിൽ സംഭാഷണം ചെയ്യുമ്പോൾ, കലേശനെപ്പററി നല്ലവണ്ണം അറിവുള്ളവളാണ് താൻ എന്നു തോഴിയുടെ പ്രാരംഭവാക്കുകൾ തെളിയിക്കുന്നുണ്ട്: അതില്ലെങ്കിലുംകൂടി ബാലയുടെ തോഴിക്കു ബാലയുടെ ഭത്താവിനെപ്പററി എല്ലാവരെക്കാളും എല്ലാ വാത്തകളും അറിവുണ്ടായിരിക്കുമെന്നു ന്യായമായി സങ്കല്പിക്കാം. എന്നാൽ, കഥ കഴിയുമ്പോഴേയ്ക്കും (9-ാം ഭാഗത്തു) ബാല ഭത്തൃവിരഹത്തെക്കുറിച്ചു പറയുന്നതു കേട്ടു, തോഴി, ചോദിക്കുന്നതായിതു:— 'ഇപ്പോൾ ആ മഹാനുഭാവനാൽ ഏതു നാടകം അലങ്കരിക്കപ്പെടുന്നു' എന്ന്. ഇതിനു, അചലപുരത്തെപ്പററി തോഴിക്കു സ്മരണ ഉണ്ടാക്കുകയാണ് നായികയുടെ മറുപടി. തോഴിയുടെ ചോദ്യം ലോകസ്വഭാവത്തിനു ചേരുന്നില്ലെന്നു സ്പഷ്ടമാകുന്നു. കലേശൻ അചലപുരത്തേയ്ക്കു പോയിട്ടുള്ള വിവരം ആ നിമിഷംവരെയും തോഴി അറിഞ്ഞിട്ടില്ലെന്നു വരുന്നതു തീരെ അവാസ്തവികവും അസ്വാഭാവികവും ആണെന്നു നിശ്ചയം. വിശേഷിച്ചും, അപ്രസ്തുതത്തെ ചിന്തിക്കുമ്പോൾ തമ്പുരാൻ തിരുമനസ്സിലെ എഴുന്നള്ളത്തിനെപ്പററി നാട്ടിലുള്ളവർ, പ്രത്യേകിച്ചും അവിടത്തെ കൊട്ടാരത്തിലുള്ളവർ അറിവില്ലെന്നു ഊഹിപ്പാൻപോലും പ്രയാസമാ

യിരിക്കുന്നു. അതങ്ങിനെയിരിക്കട്ടെ. നായികയും തോഴിയും തമ്മിൽ ഏതാനും ചില വാക്കുകൾകൂടെ സംസാരിക്കുന്നതിനിടയിൽ, കലേശന്റെ ഘോഷഘോഷം കേൾക്കുന്നു; കലേശൻ അവരിരുന്ന ഉദ്യാനത്തിലേക്കു വരുന്നു. അല്പം മുമ്പു അചലപുരത്തെ അലങ്കരിക്കുന്നു എന്നു വർണ്ണിക്കപ്പെട്ട നായകൻ, നായിക കണ്ണടച്ചു തുറക്കുന്നതിനിടയിൽ അചലപുരത്തുനിന്നു നായികയുടെ അരികിലെത്തുന്നതും, അങ്ങിനെ കടന്നുവരുന്നതിനെന്ന വിവരം മുൻകൂട്ടി നായികയെ അറിയിക്കാതിരിക്കുന്നതും വാസ്തവികമായിരിക്കുന്നില്ല. വിശേഷിച്ചും, കലേശൻ അചലപുരത്തിലാണെന്നു അല്പം മുമ്പു മനസ്സിലാക്കിയ സ്ഥിതിക്ക്, 'ഘോഷഘോഷം! ഘോഷഘോഷം'—എന്ന ശബ്ദം കേട്ട ക്ഷണത്തിൽതന്നെ പരിഭ്രമിച്ചു; 'ഇതെന്താ, കലേശന്റെ ഘോഷഗമനഘോഷമോ?' എന്നു നായികയോടു ചോദിക്കുന്നതിൽ അടങ്ങിയ കലേശാഗമനബോധം ആ സന്ദർഭത്തെ അപേക്ഷിച്ചേടത്തോളം പൂർവ്വാപരവിരുദ്ധമായിരിക്കുന്നു. ആ ചോദ്യത്തെ തുടന്ന് 'അതുതന്നെ, സംശയമില്ല' എന്നു നായിക മറുപടി പറയുന്നത്, കലേശന്റെ ആഗമനത്തെ പ്രത്യക്ഷമായി കാണും മുമ്പാണെന്നുള്ളതാകയാൽ, നായികയുടെ പൂർവ്വക്ഷണത്തിലുള്ള ഭർത്തൃവിരഹവ്യാമോഹവും മനസ്സന്താപവും മനസ്സസ്ഥതകളെ ഉല്ലംഘിക്കുന്നു എന്നു നിശ്ചയംതന്നെ.

ഇനി, ഒന്നാമങ്കത്തിലെ നമ്പൂരി മുതലായ കഥാപാത്രങ്ങളുടെ കഥകൾ നോക്കുക. ആദ്യമായി, പുതിയ പരിഷ്കാരത്തിനു ദൃഷ്ടാന്തഭൂതനും സാമാന്യജനപ്രതിനിധിയും ആയ കൃഷ്ണമേനോൻ ഉച്ചവണ്ടിക്കു കലേശൻ വരുന്നതിനെ പ്രതീക്ഷിച്ചുംകൊണ്ടു പ്രഭാതത്തിൽതന്നെ സ്റ്റേഷനിൽ ചെന്നിരിക്കുന്നു. വേറെ പണിയൊന്നുമില്ലാത്തതു കാലക്ഷേപം ചെയ്യുന്ന ഒരു പട്ടരുമാണെങ്കിലല്ലാതെ, കൃഷ്ണമേനോൻ: പുലച്ചേ തീവണ്ടി സ്റ്റേഷനിൽ കാത്തുകിടക്കുവാൻ സംഗതിയില്ലല്ലൊ. എന്നാൽ, ആ കഥാപാത്രത്തിന്റെ മറ്റുള്ള വർണ്ണനകൾകൊണ്ട് അങ്ങിനെ ഊഹിപ്പാനും തരമില്ല. അതിനാൽ, ഉച്ചവണ്ടിയെ പ്രതീക്ഷിച്ചുകൊണ്ടു പുലച്ചേ മുതല്ക്കേ സ്റ്റേഷനിലിരിക്കുക എന്നതു് വാസ്തവാനുരോധമായി തോന്നുന്നില്ല. കൃഷ്ണമേനോൻ രാജഭക്തനും രാജാവിനെപ്പറ്റി അന്യന്മാർക്കുള്ള അബദ്ധധാരണകളെ നീക്കം ചെയ്വാൻ ജാഗരൂകനും ആണെന്നു വർണ്ണിക്കപ്പെട്ടിട്ടുള്ളതിനാലായിരിക്കാം, നമ്പൂരിപ്പാടിനോടു വാദിപ്പാനായി ആ കഥാപാത്രത്തെ കവി ഇങ്ങിനെ വക്കീൽവേഷം കെട്ടിച്ചു ആടിച്ചിരിക്കുന്നത്. അതെന്തായാലും, വിഡ്ഢിയായി വർണ്ണിക്കപ്പെട്ടിരിക്കുന്ന നമ്പൂരിപ്പാടിന്റെ വിഡ്ഢിത്തം, വാസ്തവത്തിലുള്ളതായിരുന്നാൽകൂടിയും, മേനോന്റെ വകതർക്കങ്ങൾ എത്രയോ ഭേദമാണ്. എന്തെന്നാൽ: നമ്പൂരിപ്പാട് വിദ്യാഭ്യാസപരിഷ്കാരത്താൽ അസ്പൃഷ്ടനാണെന്നല്ലൊ കവി വർണ്ണിച്ചിരിക്കുന്നതു്; മേനോൻ നേരെ മറിച്ചും. പഠിപ്പില്ലാത്തയാൾ കാണിച്ചുപോവുന്ന വിഡ്ഢിത്തം സമാധേയവും, നേരെ മറിച്ചുള്ളതു് പരിഹാസ്യവും ആകുന്നു. എന്നാൽ, നമ്പൂരിപ്പാടിനു കവി വർണ്ണിച്ചിരിക്കുന്ന മാതിരി വിഡ്ഢിത്തം ഇക്കാലത്തു സംഭവിക്കുമോ എന്നാലോചിക്കേണ്ടതായിട്ടുണ്ട്. കൊച്ചിയിൽ തീവണ്ടി ഏർപ്പെട്ടതിന്റെ പത്തു കൊല്ലത്തിനു മേലായിരിക്കുന്നു: ഒന്നാമങ്കത്തിലെ കഥാകാലം ജോർജ്ജ് അഞ്ചാമൻ തിരുമനസ്സിലെ ഡില്ലീദർബാർ കഴിഞ്ഞിരിക്കുന്നി

അവസരമാണ്; ദിവാൻ മിസ്റ്റർ എ. ആർ. ബാനർജിയുടെ ഭരണകാലമാണെന്നും. ഇക്കാലത്തിനിടയ്ക്ക് ഒരു നമ്പൂരിപ്പാട് തീവണ്ടിയെപ്പറ്റി അറിഞ്ഞിട്ടില്ലെന്നു വരിക തീരെ അസംഗതം തന്നെയാണ്. വാസ്തവത്തിൽ നമ്പൂരിപ്പാട് അറിവില്ലാത്ത ആളല്ലെന്നു കവിതന്നെ കഥ കഴിയുമ്പോൾ വർണ്ണിച്ചിട്ടുണ്ട്. സ്റ്റേഷനിലെ വടക്കെ കെട്ടിൽ നില്ക്കുന്നവർ തീവണ്ടിക്കാരാണെന്നു നമ്പൂരിപ്പാട്ടിന്നു നല്ലവണ്ണം അറിവുണ്ട്; അദ്ദേഹം, തീവണ്ടിയെപ്പറ്റി ധാരാളം പരിചയമുള്ള ആളെന്നവിധത്തിൽ, 'വാവല്ലാതുള്ള വെള്ളംകടി' ഇത്യാദി പദ്യംകൊണ്ടു തീവണ്ടിയെ വർണ്ണിക്കുന്നു. അദ്ദേഹത്തിന്നു 'ട്രാംവേ'യെപ്പറ്റിയും നിശ്ചയമുണ്ട്. ഈ രണ്ടേർപ്പാടുകൾക്കും പിമ്പിൽ വന്നതായ മോട്ടോർവണ്ടിയേർപ്പാടിനെപ്പറ്റിയും അദ്ദേഹം അറിഞ്ഞിരിക്കുന്നു. ഇങ്ങിനെയൊക്കെ നോക്കിയാൽ, അദ്ദേഹം ആധുനികപരിഷ്കാരങ്ങളെപ്പറ്റി അറിവുള്ള ആളാണെന്നും, വെറും ഭോഷനല്ലെന്നും വെളിപ്പെടുന്നു. ആ സ്ഥിതിക്ക്, അദ്ദേഹത്തെ ഒരു 'കാട്ടുമനുഷ്യൻ' എന്ന നിലയിൽ കവി വർണ്ണിച്ചതും, തീവണ്ടിസ്റ്റേഷനിൽ വിഡ്ഢിവേഷം കെട്ടിച്ചതും വാസ്തവത്തിന്നു യോജിക്കുന്നില്ല. എന്നല്ല, അദ്ദേഹം കലേശന്റെ ഭരണത്തെപ്പറ്റി നിന്ദയുള്ള ആളാണെന്നു കവി വർണ്ണിക്കുന്നതുതന്നെയും, പിന്നീടുള്ള സംഭാഷണത്തിൽ അദ്ദേഹം പ്രദർശിപ്പിക്കുന്നതായ പരിചയത്തെ ആലോചിക്കുമ്പോൾ, തീരെ അനുചിതമെന്നു വെളിവാകുന്നു. 'ഫിഷറി' വകുപ്പിന്റെ നാമമാത്രശ്രവണത്തിൽ തന്നെ അദ്ദേഹം ആ ഇംഗ്ലീഷ്പദത്തിന്റെ അർത്ഥമെന്തെന്നും, ആ വകുപ്പിന്റെ ഉദ്ദേശമെന്തെന്നും വിശദമാക്കിപ്പറയുന്നതോർത്താൽ, രാജ്യഭരണത്തിലെ പുതിയ പരിഷ്കാരവ്യവസ്ഥകളെപ്പോലും ശരിയായി ഗ്രഹിച്ചിരിക്കുന്ന അദ്ദേഹത്തിന്നു നാട്ടിൽ പഴമ പരിചയപ്പെട്ടിട്ടുള്ള തീവണ്ടിയേർപ്പാടിനെക്കുറിച്ചും വിദ്യാഭ്യാസവ്യവസ്ഥകളെക്കുറിച്ചും അറിവില്ലെന്നു പറയുന്നതു തീരെ അസംഗതം എന്നു ഗ്രഹിക്കാം. ഇങ്ങിനെ ഇനിയും പല അസാംഗത്യങ്ങളും ഈ അങ്കത്തിൽ കാണുന്നുണ്ട്. ഒരു നമ്പൂരിപ്പാടിനെ രംഗത്തിൽ പ്രവേശിപ്പിച്ച്, അന്തസ്സാരവിഹീനന്മാരായുള്ളവരെക്കൊണ്ട് അദ്ദേഹത്തെയും അദ്ദേഹത്തിന്റെ ഭാര്യയെയും മറ്റുള്ളവരെയും അധിക്ഷേപം ചെയ്യിച്ചു, ബാലജനങ്ങളുടെ ദൃഷ്ടിയിൽ അദ്ദേഹത്തെ നിന്ദ്യനാക്കിക്കാണിക്കേണമെന്നോ കവിക്കു ഉദ്ദേശമുള്ളത് എന്നും, ഈ ഉദ്ദേശനിർവ്വഹണത്തിൽ കവിക്കു നമ്പൂരിപ്പാടിന്റെ സ്വഭാവസ്വരൂപണത്തെ പൂർവ്വാപരവിരോധംകൂടാതെ സാധിപ്പാൻ വേണ്ടുന്ന സങ്കല്പശക്തി ഇല്ലെന്നും ഈ അങ്കത്താൽ തെളിയുന്നു. ഉച്ചവണ്ടിക്കു കലേശൻ തിരുമേനി എഴുന്നള്ളുമെന്നു പ്രതീക്ഷിച്ചുംകൊണ്ടു പുലച്ചെക്കു സ്റ്റേഷനിൽ വന്നിരിക്കുന്ന കുഞ്ഞുമേനോൻ, ഉച്ചവണ്ടി വന്നശേഷവും, കലേശനെക്കുറിച്ചു പൂർവ്വക്ഷണത്തിൽക്കൂടിയും നമ്പൂരിപ്പാട്ടുമായി സംഭാഷണം ചെയ്തുകൊണ്ടിരുന്നിട്ടുപോലും, ആ വണ്ടിക്കു കലേശാഗമനം ഉണ്ടായോ ഇല്ലയോ എന്ന് ഒരക്ഷരവും പറയാതെ പിരിഞ്ഞുപോവുന്നതു മനുഷ്യസ്വഭാവത്തിന്നു യോജിക്കുന്നതല്ല, നിശ്ചയം.

മൂന്നാമങ്കത്തിൽ, പ്രകൃതികളായ കാർന്നോരും കൂട്ടവും ഉത്തമപാത്രങ്ങളുടെ മട്ടിൽ അലങ്കാരങ്ങൾ പ്രയോഗിച്ചു സംസ്കൃത

ബാഹുലമായ ഭാഷയിലാണ് സംഭാഷണം ചെയ്യുന്നത്. ഈ അസ്വാഭാവികതയോ ഇരിക്കട്ടെ. കാരണോര് സംഭാഷണമദ്ധ്യേ പൊളിപ്പറമ്പനോട് ചോദിക്കുന്നു: 'നമ്മുടെ മാളുവെ പൊളിപ്പറമ്പൻ കണ്ടിട്ടില്ലേ?—എന്ന്. ഇതിന്, 'കടങ്കംതമാശയോനക്കാളിയമ്മയല്ലേ?......... ഒത്ത നടുവിലുള്ള പല്ലു പറിഞ്ഞുപോയെങ്കിലും ....മഹാലക്ഷ്മിതന്നെ'— എന്ന മറുപടി ലോകസ്വഭാവത്തിന് അനുസരിക്കുന്നില്ല. അക്രമികളുടെയും അനാചാരക്കാരുടെയും ഇടയിലും പരിചയക്കാർ തമ്മിൽ മാന്യജനങ്ങളെക്കുറിച്ച് ഇങ്ങിനെ സംസാരിക്കുക മര്യാദയല്ല; ഇതുമാത്രമോ? ആ കാളിയമ്മ കാരണോരെ തേടി തെരുവീഥിയിൽ വരുന്ന സന്ദർഭത്തിൽ, കാരണോരോട് പൊളിപ്പറമ്പൻ ആ സ്ത്രീയെപ്പറ്റി പറയുന്ന,

'മച്ചിത്തംകവരാൻവരച്ചകവിയും......'

ഇത്യാദിവാക്കുകളും, പ്രകൃത്യാതന്നെ സ്ത്രീവിഷയസ്പർദ്ധയോടുകൂടിയ മനുഷ്യവർഗ്ഗത്തിന്റെ ഏതൊരു സമുദായത്തിലും സംഭാവ്യമല്ല. അതും പോകട്ടെ. കാരണോർ മുതലായവർ ജേലിൽനിന്ന ചാടിപ്പോയ അക്രമികളാണെങ്കിൽ, അവർ പച്ചപ്പകലിൽ 'പുരസ്യവീഥി'കളിൽ നിർബാധമായും നിർഭയമായും സഞ്ചരിക്കുകയും സംഘംകൂടി വർത്തമാനം പറകയും ചെയ്യുമെന്ന വിചാരിപ്പാൻ, കഥാകാരനെ സംബന്ധിച്ചുള്ള മനഃശാസ്ത്രം അനുവദിക്കുന്നില്ല. അതിലും വിശേഷിച്ച്, അവർ തങ്ങളെ ശിക്ഷിപ്പാൻ അധികാരമുള്ള ഒരു സർക്കാരുദ്യോഗസ്ഥന്റെ—കനാലക്കോന്റെ— ഇരിപ്പിടത്തിന്റെ സമീപത്തുനിന്ന് അങ്ങിനെ സ്വൈരസല്ലാപം ചെയ്യുന്നതു തീരെ അസംഗതമായിരിക്കുന്നു. അതുമിരിക്കട്ടെ. കനാലക്കോൻ ശിപായിയെക്കൊണ്ടു പിടിപ്പിച്ചു മുമ്പിൽ വരുത്തിയ മേല്പടി അക്രമികളോട്; 'ആകട്ടെ, ആചാര്യസ്വാമികളുടെ മനീഷാപഞ്ചകം നിങ്ങൾ വായിച്ചിട്ടുണ്ടോ?— എന്ന വേദാന്തകഥാപ്രസംഗം ചെയ്യുന്നത് ഒരു പുതുമതന്നെയാണ്. അവിടെ നില്ക്കുന്നവർ അക്രമികളും പഠിപ്പില്ലാത്തവരുമാണെന്ന കനാലക്കോന് അറിവുണ്ട്. അവർ മറ്റുള്ള വക അറിവുകളും നേടിയതിന്നശേഷമല്ലേ മനീഷാപഞ്ചകം വായിപ്പാൻ സംഗതിയോ ഔചിത്യമോ ഉണ്ടാവുക? ഈ നിലയിൽ അവരോട് മനീഷാപഞ്ചകകഥാപ്രസംഗം ചെയ്യുന്ന കനാലക്കോൻ ലോകസ്വഭാവത്തെ അനുസരിക്കുന്നതെന്നു പറവാൻ മാർഗ്ഗമില്ല. ആ ചോദ്യത്തിന്, പുലയനായ കൊച്ചാലു, വലിയ കേറിച്ചൂന്ന്' ഉത്തരം പറയുന്നതും സ്വാഭാവികമല്ല; അവൻ ആ പഞ്ചകത്തെ കമ്മിയാക്കിപ്പാടുന്നത് അതിലുമധികം അസ്വാഭാവികവും, കവിയുടെ പണ്ഡിതമാനിത്വം ഒരു ലക്ഷ്യമായിരിക്കുന്നതൊഴികെ, ഒരു പ്രകാരത്തിലും സന്ദർഭത്തിന് ഉചിതമല്ലാത്തതും ആകുന്നു. മനീഷാപഞ്ചകം കമ്മിയിൽ ഇന്ത്യാചക്രവർത്തിയുടെയും കൊച്ചിതമ്പുരാൻ തിരുമനസ്സിലെയും മരണചരിതങ്ങളെ പ്രസംഗിക്കുന്നതിന്റെ അനൗചിത്യത്തെപ്പറ്റി ഇവിടെ വിശേഷിച്ചു പറയേണ്ടുന്ന ആവശ്യമില്ല. കാരണോരുടെയും കൂട്ടരുടെയും അടികലശൽക്കാരത്തിന് അവരെ മുറപ്രകാരം വിചാരണചെയ്യാതെ ശിക്ഷിക്കുന്നതു രാജ്യനിയമങ്ങൾക്ക് യോജിക്കുന്നില്ലെന്നു മുമ്പു പറഞ്ഞുവല്ലോ. കൊച്ചിരാജ്യത്തു നീതിനിയമവ്യവസ്ഥ അങ്ങിനെയല്ലാത്ത സ്ഥിതിക്ക് ആ വർണ്ണന തീരെ അപഹാസ്യമാകുന്നു. വിശേഷിച്ചും, കൊച്ചിയിൽനിന്ന് മ

ത്ത കുറ്റക്കാരനെ ആണ്ടമാൻ ദ്വീപിലെയ്ക്കു നാടുകടത്തുവാൻ നിയമം ചമയ്ക്കപ്പെട്ടിട്ടില്ല. പക്ഷെ, അനാചാരാദികളുടെ ഉന്മൂലനം ഭാവികാലത്തെ സംഭവങ്ങളായി സംഭാഷണം ചെയ്തിട്ടുള്ളതാണെന്നും ഇപ്പോഴത്തെ നിയമങ്ങൾ ആ സംഗതിയെ ബാധിക്കുന്നില്ലെന്നും സമാധാനം പറയുന്നതാണെങ്കിൽ; വിചാരണചെയ്യാതെ ശിക്ഷ കല്പിക്കുവാനും തന്റെ അതിർത്തിയിൽ ഉൾപ്പെട്ടതല്ലാത്ത ആണ്ടമാനിലെയ്ക്കു നാടുകടത്തുവാനും കൊച്ചിക്കു സ്വേച്ഛാധികാരം ലഭിക്കും എന്ന പ്രതീക്ഷിക്കുന്നതിന്, ഭാരതസാമ്രാജ്യത്തിന്റെ ഇപ്പോഴത്തെ നിലനോക്കിയാൽ, അവകാശമേയില്ല എന്ന് ആക്ഷേപം ചെയ്യേണ്ടതായിരിക്കുന്നു.

'ബാലാകലേശം' ഇതിനെ ലോകസ്വഭാവത്തിനും വാസ്തവത്തിനും വിരുദ്ധമായ വർണ്ണനകൾ കലർന്നതായിരുന്നാലും, കേവലം ഒരു കാവ്യമെന്ന നിലയിൽ സ്വീകരിക്കപ്പെടുവാൻ തക്കവണ്ണം കാവ്യസാമാന്യമായ ഗുണദോഷങ്ങളുടെ ഏറ്റത്തുക്കം എങ്ങിനെയെന്നു നോക്കാം. ആകെ 56. 'പൃഷ്ഠ'ങ്ങൾ ഉള്ളതിൽ അയ്മ്പതിലധികം പദ്യങ്ങളും ശേഷം ഗദ്യങ്ങളുമാണ് അടക്കിയിരിക്കുന്നത്. ഇവയിൽ ഒരു 'പൃഷ്ഠ'മെങ്കിലും ദോഷരഹിതമായി കണ്ടിട്ടില്ലെന്നു പറയാതെ കഴികയില്ല. ഗുണങ്ങളും ഇല്ലെന്നു പറയുന്നില്ല. ശ്ലേഷം, സമാസോക്തി മുതലായ അലങ്കാരങ്ങൾ പലേ പദ്യങ്ങളിലും, ഗദ്യങ്ങളിൽക്കൂടിയും പ്രയോഗിച്ചു കാണുന്നുണ്ട്. ശബ്ദഭംഗിയും ദീക്ഷിച്ചിട്ടുണ്ട്. എന്നാൽ, പദ്യങ്ങൾ ചൊല്ലികേൾക്കുമ്പോൾ മധുരമായി തോന്നുമെന്നിരുന്നാലും, ചില പദസമൂഹങ്ങൾക്ക് അർത്ഥചമൽക്കാരം ഉണ്ടെന്നിരുന്നാലും, ആകെക്കൂടി നോക്കിയാൽ, പദ്യങ്ങൾ എന്നല്ല ഗദ്യങ്ങളും പദാർത്ഥദോഷഭൂഷിതങ്ങളാണെന്ന പറയാതെ കഴിയൂ. വളരെ പ്രകടമായ ദൂഷ്യഭാഗങ്ങൾ ചിലതു മാത്രം ഇവിടെ എടുത്തു കാണിക്കാം.

1-ാം പുറത്തു 1-ാം പദ്യത്തിൽ "സാമാദിനൂത്ത വിശേഷണത്തെ", അവാചകം, "സമാധാലങ്കാര"ത്തിൽ 'സൽ', നിരർത്ഥം, 2-ാം പദ്യത്തിൽ, "കുവലയാധീശശിഷ്ൻ" അപ്രകൃതത്തിൽ അനുചിതാർത്ഥം.

2-ാം പുറത്തു, 'അന്ദ്രേ! ഇക്കൊട്ടുവരാം'- എന്ന വാക്യത്തിൽ അനേകനായക പ്രകാരമായ ക്രിയാപ്രയോഗം അനുചിതം. 3-ാം പദ്യത്തിൽ, 'തണ്ടാരമ്പപ്രതാപകൊടിയുടെ വിളയസമ്പൂർണ്ണമേ', സന്ദിഗ്ദ്ധാർത്ഥം; ഈ രൂപകം പരസ്പരം ചേർച്ചയില്ലാത്ത ഘടകങ്ങളെ ചേർത്തുണ്ടാക്കിയതുമാകുന്നു. 'ഇനങ്ങ്' അവാചകം. പെറ്റുള്ളിന്നതും ബുധകമലകലം'-എന്നകഴിഞ്ഞു 'സമികൾ' എന്ന മാത്രം ആവർത്തിച്ചതിൽ അർത്ഥത്തിനു ന്യൂനത. "പോക്കേ", ഗ്രാമ്യം. 4 ാം പദ്യത്തിന്റെ പൂർവാർദ്ധാന്ത്യത്തിൽ "നിസ്തുഷപാതാലയേൻ" അന്യഥാ സിദ്ധമാകയാൽ അപുഷ്ടം.

3-ാം പുറത്തു്, യോജിച്ച ഇതിൽ— എന്നതിനെ 'യോജിച്ചതിൽ' എന്ന സന്ധിചെയ്തിരിക്കുന്നതു വ്യാകരണവിരുദ്ധം. 5-ാം പദ്യത്തിൽ, "ചന്ദ്രിനങ്ങളിൽ പല്ലകാട്ടുക" അവാചകത്തിലും നേയാർത്ഥത്തിലും പെടുന്നു; "കൂത്തടിച്ചിടുന്ന", അനുചിതാർത്ഥം. 6 ാം ശ്ലോകത്തിൽ, 'ഉണർന്നു', വിരുദ്ധബുദ്ധിപ്രദം; 'താമരാധര്', വിസന്ധി 'സാമജാക്ഷിണി', അവാചകം.

4-ാംപുറത്തു, 1-ാംശ്ലോകത്തിൽ, "കടു മാഹിയിൽ" എന്നേടത്തു ദുഷ്പ്രതീതി; "മാരൻ" അപുഷ്ടം; "ശീലാഢ്യ", ആചാര

ഭാഷയിൽ ആശ്രിതജനം ഉപയോഗിക്കുന്നതല്ലാതെ; പ്രഭുജനം തന്നത്താൻ ഉപയോഗിക്കാറില്ലാത്തതിനാൽ പ്രസിദ്ധിഹതം. “സ്വാമിയുടെ അഭ്യുദയത്തിൽ ശിഷ്യന്മാർക്കുണ്ടാകുന്ന ആഹ്ലാദം വസന്തത്താൽ ഗമത്തിൽ വണ്ടുകൾക്കുണ്ടാകുന്നതിലും അധികം”—എന്ന വാക്യം സാകാംക്ഷം, എന്നു മാത്രമല്ല, സാദൃശ്യത്തെ പ്രതിപാദിക്കുന്നതിനാൽ ശിഷ്യന്മാർ ധനാപഹാരത്തിനു തരം നോക്കി നില്ക്കുന്നവരെന്നുള്ള അനുചിതാർത്ഥവും ജനിക്കും.

5-ാംപുറത്തു, “കണ്ണാടിനാർത്തളിർക്കേനിയെന്ന മൂർദ്ധാവു”.......എന്നേടത്തു നിർഹേതു. 2-ാംശ്ലോകത്തിലും 3-ാംശ്ലോകത്തിലും പറയുന്ന കാര്യങ്ങൾക്കു തമ്മിൽ ചേർച്ചയില്ല. ഈ ശ്ലോകത്തിൽ, “പിതാവ്” എന്ന്”—ഇവ അവാചകം. പിന്നെ, വർണ്ണന വാസ്തവികവുമല്ല! ചേല ചുററി, കേശം വിതറി, കുപ്പായമിട്ടു എന്നുപറയുമ്പോൾ, മുടി, കുപ്പായത്തിനുള്ളിലാകുന്ന കചത്തിന്മേൽ കേശം വിതറുക, സാധാരണയല്ല. മുൻ ശ്ലോകത്തിൽ നായിക കന്യകയെന്നും; ഈ ശ്ലോകത്തിൽ അതേ ദശയെപ്പററി വർണ്ണിക്കുമ്പോൾ യുവതിയാണെന്നും പൂർവ്വാപരവിരുദ്ധമായ വിധം പറഞ്ഞിരിക്കുന്നു.

6-ാംപുറത്തു, 4-ാംശ്ലോകത്തിൽ, ‘നേത്രാരമൻ കാന്തരെല്ലാം’—എന്നു പറയുന്നേടത്തെ ‘കാന്തർ’ മുൻവാക്യങ്ങളിൽ, ‘സ്വാമികൾ’ എന്നും ‘പിതാക്കൾ’ എന്നും വർണ്ണിക്കപ്പെട്ടവരാണെന്നു കാണുന്നതും, നായികയുടെ ഭർത്താവ് കലേശൻ ആണെന്നു പിന്നാലെ വർണ്ണിക്കുന്നതും തമ്മിൽ യോജിക്കുന്നില്ല. നായികയുടെ ഗുണത്തെ മലിനമാക്കുകയും ചെയ്യുന്നു. 5-ാം പദ്യത്തിൽ, ‘മീനാപാംഗി’, നേയാർത്ഥം. ‘വടവൃക്ഷപംക്തി’ അല്പപ്രദേശമാണെങ്കിൽ അതു ‘കപ്പാത്തിൽ ഉൾപ്പെടുമെന്നു തോന്നുന്നില്ല.

7-ാം പുറത്തു, 6-ാം ശ്ലോകത്തിൽ, “കടണ്ണു കാൽ അപ്പിക്കുക” അപ്രസിദ്ധം. ‘അപ്പിക്കുക’ അവാചകം. 9-ാം ശ്ലോകത്തിൽ, “താതനെക്കൊണ്ടു വിളങ്ങുമുള്ളാധി”—എന്നേടത്തു ശ്രുതിദുഷ്ടി. “ഉള്ളാധി” എന്നതു ഉള്ളിലെ ആധി എന്നർത്ഥമാക്കിയാൽ, ‘ഉള്ളു’ നിസ്സാരമായിത്തീരുന്നതുകൊണ്ടു അപുഷ്ടം. വിസന്ധി.

8-ാം പുറത്തു്, “അനേകതാരാർ” എന്ന ബാലയുടെ വാക്കു്, അനുചിതാർത്ഥം. ശുശ്രൂഷിച്ചതായിരുന്നപ്പോൾ ശസ്ത്രക്രിയ ചെയ്തു എന്നുള്ള വൈദ്യശാസ്ത്രത്തെ സംബന്ധിച്ചിട്ടുള്ളതും അപ്രസിദ്ധം. “ശ്ലേശമേറ്റിച്ചു”, അവാചകം.

9-ാം പുറത്തു, “കരവാളിനാൽ കൊണ്ടു മേനിയിൽ ‘ധാതുപുഷ്ടി’യുള്ള നാല്ലായ ‘മേളിനി’യാകാൻ”—എന്നേടത്തു് ച്യുതിലം. പ്രകൃതത്തിൽ തന്നെയും, കരം ചുരത്തുന്നതുകൊണ്ടു ദുഃഖ ധാതുപുഷ്ടി ഉണ്ടാവുക അസംഗതമാകുന്നു. ധാതുപുഷ്ടി പ്രകൃത്യാ ഉണ്ടാവുന്നതും, കരമർദ്ദനം ശാസ്ത്രവിധിപ്രകാരം ചെയ്യുന്നതുമാകുന്നുവല്ലോ. 13-ാം ശ്ലോകം വിരോധാഭാസപ്രഷ്ടം; സ്തുതിക്കു പകരം നിന്ദാർത്ഥം വ്യഞ്ജിക്കുന്നു.

10-ാം പുറത്തു്, മഴവില്ലിനെ വാളാക്കി രൂപണം ചെയ്തതു് അസംഭാവ്യമാകുന്നു.

11-ാം പുറത്തു, 12-ാം ശ്ലോകത്തിൽ, “പതിയുടെ ശോഭാതിശയോക്തം” എന്നതിലെ ശോഭപദം കളമ്പ് എന്ന അർത്ഥം ഉദ്ദേശിച്ചു പ്രയോഗിച്ചതാണെങ്കിൽ, അസമർത്ഥം. ‘ശോഭം’ ആണ് കളമ്പ്. ‘ശോ

ഷം' അശ്ലീലാത്മകമായ പദമാകുന്നു; അതിനാൽ അശ്ലീലദോഷസ്പൃഷ്ടം. ഫ്ര൩-ാം ശ്ലോകത്തിൽ, 'ഉല്ലസിക്കുന്നു+ഉടൽ'—എന്നതിനെ 'ഉല്ലസിക്കുന്നുടൽ' എന്നു സന്ധി ചെയ്തതു് അർത്ഥവിരോധകം. അർത്ഥത്തിനു അവിരോധത്തോടുകൂടിയാണ്;—(വിരോധമില്ലാതെയാണ്)— പേരെച്ചം ലോപിക്കമാറുള്ളത്, എന്നു വ്യാകരണവിധി. അതേ പദ്യത്തിൽ, ബാലയുടെ മനോധർമ്മമാകുന്ന കല്യാണി കൊങ്കത്തടത്തിൽ ചാർത്തുന്ന തങ്കപ്പതക്കത്തിലെ തിരുമണിയാണ് കലേശൻ, എന്നു വർണ്ണനകൊണ്ടു പതക്കമേതാണെന്നു ക്ലിഷ്ടാഭാസ വരുന്നു. നായികാഗുണത്തിനു വിരോധമായ അർത്ഥവും ദ്യോതിക്കുന്നു.

12-ാം പുറത്ത്, കലേശന്റെ ആഗമനത്തെ അറിഞ്ഞിട്ടുകൂടി, ബാല, ഭർത്താവിനെ എതിരേല്പാൻ പോരാതെ കിടക്കുന്നതു സ്ത്രീധർമ്മവിരുദ്ധമാകുന്നു.

13-ാം പുറത്ത് "ആചാര്യന്റെ സ്ഥാനം ദിവാകരൻ എന്ന നവീനകാര്യദർശിയാൽ അലങ്കരിക്കപ്പെടുന്നോ?"—എന്ന വാക്യത്തിൽ, ദ്രവ്യ വൈദഗ്ദ്ധ്യമായി വർണ്ണിക്കപ്പെട്ട ആചാര്യനു പകരം തൽസ്ഥാനത്തു വരുന്ന ആൾ കാര്യദർശി ആണെന്നു വർണ്ണിക്കുന്നത് അസംബന്ധമായിരിക്കുന്നു.

14-ാം പുറത്ത്, "ധർമ്മക്ഷമാതൽപരന്മാരുടെ ചരമഗതി"യിൽ അമംഗളം തോന്നുന്നതിനാൽ അശ്ലീലദോഷം. 20-ാം പദ്യത്തിൽ 'കാകൽ' നിരർത്ഥം. ആ ഭാഗത്തുള്ള 'ന്യായാസനം' ഇടങ്ങിയ പ്രസംഗമെല്ലാം പ്രകൃതത്തിൽ യോജിക്കാത്തതും, അപ്രകൃതത്തെ പ്രകൃതമാക്കിക്കൊണ്ടും പ്രയോഗിക്കപ്പെട്ടവയാകുന്നു.

17-ാം പുറത്ത്, 24-ാം ശ്ലോകത്തിൽ, "കേരത്തെ" എന്ന ഉചിതസന്ധി വ്യാകരണവിരുദ്ധം. അതേ പദ്യത്തിൽ, 'ജളൻ' അനുചിതാർത്ഥം; ജളത്വം ഉള്ളവൻ നാണിക്കാറില്ലല്ലോ.

18-ാം പുറത്ത്, 'രമണീയകത്വം' വ്യാകരണവിരുദ്ധം. 27-ാം ശ്ലോകം അശ്ലീലദുഷ്ടം. വിശേഷിച്ചും, ഒരു ഉത്തമപാത്രമായ കൃഷ്ണമേനോൻ പ്രഭാതത്തെ സംഭോഗശൃംഗാരത്തിൽ വർണ്ണനം ചെയ്യുന്നത് ആ കഥാപാത്രത്തിന്റെ ഗുണത്തിനു ഹാനികരമാകുന്നു.

22-ാം പുറത്ത്, 'അടിയൻ ഒന്നു നനഞ്ഞിട്ടു വിടകൊള്ളാം..........' ഇത്യാദി പ്രസംഗം അശ്ലീലം.

27-ാം പുറത്തുള്ള 29-ാം ശ്ലോകവും അശ്ലീലദുഷ്ടം. 'ഹിന്ദുബ്രാഹ്മണർ' അപുഷ്ടം.

31-ാം പുറത്തു, 'ബാലയുടെ' തലസ്ഥാനത്തു കമ്പിർമ പിടിപ്പിക്കുവാൻ വേണ്ടി ശുദ്ധജലായനയന്ത്രം പ്രതിഷ്ഠിക്കുക'—എന്നതിനു പ്രകൃതത്തിൽ പ്രസക്തിയില്ല; അപ്രകൃതത്തിലെ അർത്ഥയോജനയുള്ളൂ. മനുഷ്യരുടെ തലയിൽ ജലയന്ത്രം പ്രതിഷ്ഠിക്കുന്നത് ഒരു പുതുമതന്നെയാകുന്നു.

34-ാം പുറം തുടങ്ങി അനാചാരത്തിലെ കാരണവരുടെയും മറ്റും സംഭാഷണത്തിൽ തന്മയത്വം ഇല്ല. 37-ലെ 34-ാം പദ്യത്തിൽ, 'അനാവൃഷ്ടിയാലെയ്യു'യിൽ വർണ്ണ്യാവർണ്ണ്യങ്ങൾക്കു തമ്മിൽ വൈരൂപ്യമാറാം നിമിത്തം ഉപമാലങ്കാരം ദുഷ്ടമായിരിക്കുന്നു.

49-ാം പുറത്തു, 40-ം 41-ം പദ്യങ്ങൾ അശ്ലീലദുഷ്ടം.

കാവ്യസാമാന്യമായ ദോഷങ്ങൾ ഇ

നിയും എത്രയോ ഏറെ ഇതിലുണ്ട്. അവയൊക്കെ എടുത്തു് കാണിച്ച് ഇപ്പോൾതന്നെ ദീൎഘമായിപ്പോയിരിക്കുന്ന ഈ ഉപന്യാസത്തെ അധികം നീട്ടുവാൻ വിചാരിക്കുന്നില്ല. ഗുണങ്ങളെക്കാട്ടിൽ എത്രയോ വലുതെ ദോഷങ്ങൾ ഈ കൃതിയിൽ ഉണ്ടെന്ന മാത്രം ചുരുക്കിപ്പറയുന്നു. ആകയാൽ, ഈ കൃതി കാവ്യത്വത്തിലും ന്യൂനമായും, അതുകൊണ്ടു തന്നെ ഉത്തമകൃതികളുടെ കൂട്ടത്തിൽ സ്വീകരിക്കപ്പെടുവാൻ യോഗ്യതയില്ലാത്തതായുമിരിക്കുന്നു എന്നു ഞാൻ അഭിപ്രായപ്പെടുന്നു.

ഇനി, ഈ കൃതി, നിൎദ്ദിഷ്ടമായ കാവ്യോദ്ദേശത്തെ സാധിക്കുന്നുവോ എന്നാണാലോചിപ്പാനുള്ളതു. കാവ്യത്തിന്റെ ഒരു ഉദ്ദേശം സഹൃദയന്മാരുടെ ഹൃദയത്തിൽ രസം ജനിപ്പിക്കുകയാണല്ലൊ. ഇതിലെ പാത്രസൃഷ്ടിയിലും ഗദ്യപദ്യരചനയിലും വൎണ്ണനകളിലും മററും നീരസത്തിനു ഹേതുവായി പലതുമുണ്ടെന്നു മുമ്പു പറഞ്ഞിട്ടുണ്ടു. വിശേഷിച്ചും, വലിയ തമ്പുരാൻ തിരുമനസ്സിലെ ഭരണമാഹാത്മ്യത്തെ കീൎത്തിക്കേണമെന്നുള്ള നിൎദ്ദിഷ്ടമായ ഉദ്ദേശത്തിനു വിരോധമായ വിധത്തിലാണ് ഇതിലെ വൎണ്ണനകൾ പലതും, എന്ന വസ്തുതയും മറന്നുകളയാവുന്നതല്ല.

ഈ കൃതിക്കു, മാന്യന്മാരായ ചില വിദ്വജ്ജനങ്ങളിൽനിന്ന് പ്രശംസ ലഭിച്ചിട്ടുണ്ടെന്ന് ഒരു അനുകൂലവാദം ചെയ്യാനുണ്ടെന്നു സമ്മതിക്കാം. എന്നാൽ, ആ വക പ്രശംസകൾ 'കൊച്ചിസാഹിത്യസമാജ'ത്തിന്റെ ആവശ്യത്തിന്നായി ചെയ്തിട്ടുള്ളവയല്ലെന്നും, കേവലം ഔപചാരികമാണെന്നും ഓൎത്താൽ, അവയെ ഈ വിചാരണയിൽ സ്വീകാൎയ്യമായി ഗണിച്ചുകൂടുന്നതല്ല. ഇതുകൂടി നോക്കുമ്പോൾ, ദോഷങ്ങൾ എണ്ണത്തിലും വൎണ്ണത്തിലും ഏറിയിരിക്കയാൽ, 'ബാലാകലേശം' കൊച്ചി സാഹിത്യസമാജം വകയായി അംഗീകരിക്കപ്പെടുവാൻ യോഗ്യതയുള്ളതല്ല എന്നു തെളിയുന്നതുകൊണ്ടു ഈ കൃതിയെ ത്യാജ്യകോടിയിൽ ചേൎക്കേണ്ടതാകുന്നു എന്നു ഞാൻ അഭിപ്രായപ്പെടുന്നു.

കെ. രാമകൃഷ്ണപിള്ള.

ഇന്ത്യയും ഈജിപ്തും.

II.

'ആഫ്രിക്ക' എന്ന ഭൂഖണ്ഡത്തിന്റെ വടക്കു കിഴക്കെ അററത്ത് ഏകദേശം നാലുലക്ഷം ചതുരശ്രനാഴിക വിസ്താരത്തിൽ കിടക്കുന്ന ഒരു വലിയ രാജ്യമാണ് ഈജിപ്ത്. അതിൽക്കൂടി ഒഴുകിപ്പോകുന്ന 'നൈൽ' (Nile) നദി കൊല്ലംതോറും കൊണ്ടുവന്നു തള്ളുന്ന ചളിക്കട്ടകൾ സംഭരിച്ചുണ്ടായതാണ് ആ രാജ്യം എന്നു വെച്ച് അതിനു 'നൈലിന്റെ സമ്മാനം' എന്നൊരു വിശേഷപ്പേരുകൂടി വിളിച്ചുവരുന്നു. ആ നദിയുടെ സഹായംകൊണ്ടാണ് അവിടെ കൃഷി ചെയ്തുവരുന്നത്. ഇത്രയും വലിയ

* ഈ ഉപന്യാസങ്ങൾ എഴുതുവാൻ എന്നെ ബാബു അവിനാശചന്ദ്രദാസന്റെ ചില ലേഖനങ്ങളാണ് മുഖ്യമായി സഹായിച്ചിട്ടുള്ളത്.

രാജ്യത്ത് ഇപ്പോൾ കൃഷിയ്ക്കുപയോഗപ്പെട്ടിട്ടുള്ള സ്ഥലം ഏകദേശം 1500 ച. നാ. വിസ്താരമേയുള്ളു. വെള്ളത്തിനുള്ള ദാരിദ്ര്യം അവിടെ അത്ര അധികമാണ്. എത്രയോ അപൂർവമായിട്ടേ മഴ പെയ്യാറുള്ളു. നൈൽനദി വിട്ട് അകന്നിട്ടുള്ള പ്രദേശങ്ങൾ മുഴുവനും ചുട്ടു വരണ്ടുകിടക്കുന്ന വെറും മരുഭൂമികൾ തന്നെ. പക്ഷേ, അതിനു പകരം നദിയ്ക്കു തൊട്ടുകിടക്കുന്ന സ്ഥലങ്ങളെല്ലാം എത്രയും ഫലവത്തുക്കളുമാകുന്നു. ഭൂമിശാസ്ത്രജ്ഞന്മാരല്ലാത്ത വായനക്കാർ ഈജിപ്തിനെക്കുറിച്ച് ഇങ്ങിനെ ഒരു സംക്ഷിപ്ത വിവരമെങ്കിലും ഇവിടെ ധരിപ്പിയ്ക്കുന്നതു തീരെ നിഷ്പ്രയോജനമല്ല.

ഈജിപ്ത് രാജ്യത്തിന്റെ ആദിമചരിത്രം ക്രിസ്ത്വബ്ദത്തിനു ഏകദേശം 4400 കൊല്ലങ്ങൾക്കു മുമ്പു തൊട്ടാരംഭിയ്ക്കുന്നു. അന്നു മുതൽ അത് ഏകച്ഛത്രാധിപത്യത്തിൻകീഴിൽ ഭരിയ്ക്കപ്പെട്ടുവന്നു. എന്നാൽ അതിനു മുമ്പുതന്നെ ലോകോത്തരമായ ഒരു പരിഷ്കൃതരീതി അവിടത്തെ സകല കാര്യങ്ങളിലും വ്യാപിച്ചിട്ടുണ്ടായിരുന്നു. ചരിത്രകാരന്മാരുടെ ലോകചരിത്രം (Historians' History of the world) എന്ന ചരിത്രഗ്രന്ഥപരമ്പരയിൽ ഈജിപ്തിനെപ്പറ്റി എഴുതിയിട്ടുള്ള പ്രസിദ്ധ പണ്ഡിതൻ ഡോക്ടർ അഡോൾഫ് എർമൻ (Dr. Adolph Erman) ആ രാജ്യത്തിലെ ആദിമപരിഷ്കാരത്തെപ്പറ്റി ഒരു സന്ദർഭത്തിൽ ഇങ്ങിനെ പ്രസ്താവിച്ചു കാണുന്നു:—'പഴയ കാലങ്ങളിൽ തന്നെ ഈജിപ്ത് പരിഷ്കാരസോപാനത്തിൽ ഏറ്റവും ഉയർന്ന ഒരു പടിയിൽ കയറിയിരിയ്ക്കുന്നു. ഏകാധിനായ രാജ്യഭരണം, സർവശാസ്ത്രങ്ങളിലും ഉൽകൃഷ്ടതമമായ നൈപുണ്യം ക്രമത്തിൽ പരിഷ്കരിയ്ക്കപ്പെട്ടുവരുന്ന ഉത്തമമായ ധർമ്മശാസ്ത്രം, കലാവിദ്യകളുടെ സർവതോമുഖമായ അഭിവൃദ്ധി ഇതാണ് അവിടത്തെ പുരാതന സ്മാരകങ്ങളെ പരിശോധിയ്ക്കുമ്പോൾ തെളിയുന്നത്. അന്യരാജ്യക്കാരെല്ലാം വെറും പ്രാകൃതാവസ്ഥയിൽ തന്നെ പാറിക്കിടന്നു ഗാഢമായി ഉറങ്ങിക്കൊണ്ടിരുന്ന ഒരു കാലത്ത് മനുഷ്യജാതിയ്ക്ക് ആദ്യമായുണ്ടായ ഒരുൽഗമനശക്തി നാം അവിടെ പ്രകാശിച്ചു കാണുന്നു. * * * കഴിഞ്ഞ കാലങ്ങളിലെന്നപോലെ തന്നെ ഇനി മേലിലും ഈജിപ്തിന്റെ പുരാതന മഹിമകൾക്കുള്ള അവശിഷ്ടങ്ങൾ ജനങ്ങൾ എത്രയും ഉൽകണ്ഠാപൂർണ്ണനേത്രങ്ങളോടുകൂടി നോക്കിക്കാണും. അവരവരുടെ വംശസ്ഥാപകന്മാർ അന്നുള്ള സകല സമ്പത്തിന്റേയും ഒരു പ്രധാനഭാഗം മുമ്പു സമ്പാദിച്ചുവെച്ചുവരും. ആ ഒരു പൂർവികനെ പിന്നെ വളരെക്കാലം കഴിഞ്ഞു ജനിയ്ക്കുന്ന ഒരാളുടെ സന്താനങ്ങൾ എത്ര നന്ദിയോടും ഭക്തിയോടുംകൂടിയാണെന്നു അനുസ്മരിയ്ക്കുക, അതേവിധമുള്ള ഒരു മനോവൃത്തിയാണ് ഇനിയുണ്ടാകുന്നവർക്കു ഈജിപ്തിന്റെ നേർക്കുണ്ടായിക്കൊണ്ടിരിയ്ക്കുക. ഇപ്പോൾ നമ്മുടെ മനഃശക്തി കൊണ്ടുണ്ടാക്കിയവയാണെന്നു വിചാരിയ്ക്കപ്പെടുന്ന നമുക്കുള്ള പല അറിവുകൾക്കും ശക്തികൾക്കും നാം ഈജിപ്തിനോടു കടപ്പെട്ടിരിയ്ക്കുന്നു എന്നുള്ളതിൽ സംശയിയ്ക്കാനില്ല'. ഇത്രയും മഹത്തരമായ ഒരു പരിഷ്കാരവിശേഷം, ഇപ്പോഴും പല സ്ഥലങ്ങളിൽ ശുദ്ധകാടന്മാർ താമസിച്ചുവരുന്നതായി കാണുന്ന ആഫ്രിക്കാരാജ്യത്തിന്റെ ഒരു മൂലയ്ക്ക്, ഏകദേശം എഴുപതെൺപതു നൂറ്റാണ്ടുകൾക്കു മുമ്പ് ഇങ്ങിനെ വ്യാപിച്ചുവരണമെങ്കിൽ അത് അവിടെ മറ്റേതൊരു രാജ്യക്കാരുടെ സമ്പർക്കം ഉണ്ടായതുകൊണ്ടായിരിയ്ക്കണം? ഇതാണ് നമുക്കാലോചിയ്ക്കാനുള്ളത്.

ചരിത്രാരംഭത്തിനുമുമ്പ് ഈ ദിക്കിലുണ്ടായിരുന്ന ആദിമനിവാസികൾ, "വടക്കു കിഴക്കെ ആഫ്രിക്കയിൽ ഉള്ളവരായ

വെളുത്തനിറത്തോടു കൂടിയ ഒരു കൂട്ടക്കാരും ഏഷ്യയിൽനിന്നു വന്നു കുടിയേറിപ്പാൎത്തവരെന്നു വിചാരിക്കപ്പെടുന്ന മറെറാരുകൂട്ടം വിദേശീയരും തമ്മിൽകൂടി ചേൎന്നുണ്ടായ ഒരു മിശ്രജാതിക്കാരായിരുന്നു" എന്നു പറയുന്നുണ്ട്. ഈ "വിദേശീയ" രെപ്പററി ഡോക്ടർ എൎമൻ പറയുന്നത് ഇതാണ്:- ഇവർ ചെങ്കടലിന്റെ (Red sea) തെക്കെഭാഗത്തുനിന്നു വന്നിട്ടുള്ളവരാണെന്നതിന്നു സംശയമില്ല. ഈജിപ്തിലെ പുരാതനകാലത്തെ ഐതിഹ്യങ്ങൾ നോക്കിയാൽ ഇവർ ദേവന്മാരും അൎദ്ധദേവന്മാരും ആയിരുന്നു. അവയിൽ ഇവരുടെരാജ്യത്തിന്നു പറയുന്ന പേര് "പണ്ട്രാജ്യം" (Land of Punt) എന്നാകുന്നു. ഈ കൂട്ടർ കലാവിദ്യകളിൽ വളരെ നിപുണന്മാരായിരുന്നു. ഈജിപ്തിൽ പിന്നീട് പരമകാഷ്ഠയെ പ്രാപിച്ചുകണ്ട പല പരിഷ്കാരങ്ങളും ആദ്യമായി ഉത്ഭവിച്ചിട്ടുള്ളത് അവരിൽ നിന്നാണ്. അവർ അവിടെയുള്ള പുരാതന നിവാസികളെ എളുപ്പത്തിൽ പിടിച്ചടക്കി. അന്ന് ഈജിപ്ത് പല സ്വതന്ത്രരാജാക്കന്മാരുടെയും കീഴിലായിരുന്നു. പ്രധാനമായി ഗണിക്കാനുള്ളത് ഈജിപ്തിൽ മേൽഭാഗത്തിന്റെ അധിപന്മാരും കീഴ്ഭാഗത്തിന്റെ അധിപന്മാരും ആയ രണ്ടുരാജവംശക്കാരെയാകുന്നു. ഇവരിൽ ആദ്യംപറഞ്ഞവരെ "വെളുത്തകിരീടമുള്ള രാജാക്കന്മാർ" എന്നും രണ്ടാമത്തവരെ "ചുകന്ന കിരീടമുള്ളരാജാക്കന്മാർ" എന്നും പറഞ്ഞു വന്നിരുന്നു. മേനസ് രാജാവ് ഈ രണ്ടുകൂട്ടങ്ങളെയും ഒന്നാക്കി ഈജിപ്ത്‌രാജവംശം സ്ഥാപിച്ചു. അന്നുമുതൽ ചരിത്രവും ആരംഭിച്ചു.

മേൽപറഞ്ഞ "പണ്ട്‌രാജ്യം" എതാണെന്നാണ് നോക്കേണ്ടത്. അദ്ദേഹം തന്നെ പറയുന്നു:— "ഈജിപ്തിലെ പുരാതനനിവാസികളെപ്പററി രണ്ടുവിധം വാദിക്കുന്നവരുണ്ട്. അവർ ഏഷ്യയിൽ നിന്നുവന്നവരാണെന്ന് ഒരു കൂട്ടരും, അല്ലാ കിഴക്കെ ആഫ്രിക്കയിൽ നൈൽനദിയുടെ മുകൾഭാഗത്തുകിടക്കുന്ന എതിയോപ്പിയ (Ethipia)യിൽനിന്നു വന്നവരാണെന്നു മറെറാകൂട്ടരും വാദിക്കുന്നു. ഇവരുടെ വാദത്തിൽ ഏതുകൂട്ടക്കാർ പറയുന്നതാണ് ശരിയെന്നുള്ളത് ഇന്നേവരെ നല്ലപോലെ തീൎച്ചപ്പെട്ടിട്ടില്ല. ആദ്യംപറഞ്ഞവരിൽ പ്രധാനിയാണ് ഹീരെൻ (Heeren). അദ്ദേഹം ഈജിപ്തുകാരുടേയും ഇന്ത്യക്കാരുടേയും തലയോടുകൾ തമ്മിൽ സാമ്യമുണ്ടെന്നും അതുകൊണ്ട് ഈജിപ്തുകാർ ഇന്ത്യക്കാരാണെന്നും പറയുന്നു. എങ്കിലും ആധുനികചരിത്രകാരന്മാരിൽ അധികംപേരും അതുവിശ്വസിക്കുന്നില്ല. 'ഡോക്ടർ രണ്ടാമത്തെ വാദക്കാരിൽപ്പെട്ട ആളാണെന്നു പറഞ്ഞിട്ടുണ്ടല്ലോ. അദ്ദേഹത്തിന്റെ ന്യായം ഇതാണ്: 'പണ്ട്‌രാജ്യം' എന്നുപറയുന്നത്, ഈജിപ്തിലെ പുരാതന നിവാസികളിൽനിന്നു കിട്ടിയ ഐതിഹ്യങ്ങൾ നോക്കുമ്പോൾ അവിടെനിന്നു വളരെ ദൂരത്ത്, സമുദ്രത്തോടുതൊട്ട്; കുന്നുകൾ കൊണ്ടും വയലുകൾകൊണ്ടും നിറയപ്പെട്ടതായി, കരിമരം തുടങ്ങിയ വിലപിടിച്ച മരങ്ങൾ, ചന്ദനം, വിലയേറിയ ലോഹങ്ങൾ, രത്നങ്ങൾ ഇവ കൊണ്ട് നല്ല ധനസമൃദ്ധിയോടുകൂടിയതായി, ചെമ്പുലി, പുള്ളിപ്പുലി, വാൽനീളമുള്ള കുരങ്ങൾ എന്നീകാട്ടുമൃഗങ്ങളും ധാരാളമുള്ളതായ ഒരു വലിയ രാജ്യമാകുന്നു. അവിടെ അത്ഭുതകരങ്ങളായ ചിറകുകളോടുകൂടിയ പറവകൾ പല അത്ഭുതവൃക്ഷങ്ങളുടെ, പ്രത്യേകിച്ചും ചന്ദനം തന്നെ ഇവയുടെ കൊമ്പുകളിന്മേൽ പാറു കളിക്കുന്നു." ഈജിപ്തുകാർ വിചാരിച്ചിരുന്ന രാജ്യം ഈ വിവരണങ്ങളെക്കൊണ്ട് ഇപ്പോഴത്തെ സോമാലിലാണ്ടാണെന്നു തെളിയുന്നുണ്ടല്ലോ.

അദ്ദേഹം പിന്നെയും പറയുന്നു. പഴയ ഐതിഹ്യങ്ങളിൽ അതു ദേവന്മാരുടെ ആദിമനിവാസസ്ഥലമാണെന്നു പറയപ്പെട്ടിരിക്കുന്നു. അവിടത്തെ ഒരു ദിവ്യനാണ് "ബെസ്" എന്ന ആരാധനമൂർത്തി. ഇതിനെ ഈജിപ്റ്റിലെന്നല്ല അറേബ്യയിലും ഏഷ്യയിലെ പല സ്ഥലങ്ങളിലും ഗ്രീസിൽകൂടിയും പ്രചാരമുണ്ടായിരുന്നതായി കാണുന്നു. ആ ദിവ്യൻ ലോകത്തിൽ മുഴുവനും ഉൽകൃഷ്ടതരമായ സദാചാരവും, സമാധാനവും, സന്തോഷവും കയ്യയച്ച് ദാനംചെയ്തുകൊണ്ട് സഞ്ചരിച്ചിരുന്നു. ബെസ് എന്ന ആ ദൈവത്തെ ആരാധിച്ചുവന്ന പണ്ട് രാജ്യത്തെ ഈജിപ്തുകാർ "പുണ്യഭൂമി"യായി കരുതിവന്നു.

മേൽകൊടുത്തിട്ടുള്ള വിവരണങ്ങളെക്കൊണ്ട് ആ രാജ്യം സോമാലിലാണ്ടാണെന്നോ ഇന്ത്യയാണെന്നോ തെളിയുന്നതെന്നു നോക്കുക. ഒന്നാമതായി സോമാലിലാണ്ടിനെ ഒരു പുണ്യസ്ഥലമായിട്ടോ ദേവന്മാരുടെ ആദിമനിവാസഭൂമിയായിട്ടോ ഈജിപ്തുകാർ വിചാരിച്ചുപോകാവുന്നതാണെന്നു സംശയിപ്പാൻ തന്നെ അവിടത്തെ പൂർവ്വചരിത്രം നമ്മെ സഹായിക്കുന്നില്ല. നേരെ മറിച്ച്, ഇന്ത്യാരാജ്യമോ അവതാരപുരുഷന്മാരുടെ അത്ഭുതചരിത്രങ്ങളെക്കൊണ്ടു നിറയപ്പെട്ടിരിക്കുന്നു. ഇവിടെ പല പ്രാവശ്യവും വന്നു ജനിക്കാത്ത ദൈവങ്ങളോ ദേവകളോ ഇല്ല. ഭൂഖണ്ഡത്തിൽ "പുണ്യഭൂമി" എന്ന നാമത്തെ അർഹിക്കുന്നതായ വല്ല രാജ്യവുമുണ്ടെങ്കിൽ അത് ഇന്ത്യയാണെന്നു ഒരു മഹാൻ പറഞ്ഞിരിക്കുന്നു. ഇത്രയും ദിവ്യത്വത്തിലേയ്ക്ക് കയറിനില്ക്കുന്ന മറ്റൊരു രാജ്യവും ഭൂമിയിലില്ലതന്നെ. "ഹിന്ദുക്കളുടെ പരിഷ്കാരം ഈജിപ്തുകാരുടേതിനേക്കാൾ പഴക്കം കാണേണ്ടതാണെ"ന്നു മക്കെൻസി പിടിക്കുന്നതിനെ അനുഗ്രഹിക്കുമ്പോളല്ലാതെ സോമാലിലാണ്ടിനു ഇത്രവലിയ ഒരു പദവി എവിടെനിന്നുകിട്ടി? എന്നുള്ള ചോദ്യം ഏതുപ്രകാരത്തിൽ സമാധാനം പറയപ്പെടാവുന്ന ഒന്നാണെന്നു തോന്നുകയില്ല.

രാജ്യസമ്പത്തിനെപ്പറ്റി പറയുന്ന ഭാഗവും ഇന്ത്യയ്ക്ക് അത്യധികം യോജിക്കുന്നു. ഇന്ത്യയുടെ പടിഞ്ഞാറുഭാഗം ഈജിപ്റ്റിനോട് വളരെ അടുത്തുകിടക്കുന്നു. അതു അറബിക്കടലിന്റെ വക്കത്താണല്ലോ. തേക്കും, ചന്ദനമരവും നമ്മുടെ മലയാളത്തിൽ സുലഭമായി വളരുന്നുണ്ട്. ഇവിടെ പുള്ളിപ്പുലി, വാൽനീളമുള്ള കുരങ്ങൻ എന്നീ മൃഗങ്ങളെ സംബന്ധിച്ചും വലിയ ക്ഷാമമൊന്നുമില്ല. അതുകൊണ്ട് ഈജിപ്തുകാരുടെ "പണ്ട് രാജ്യം" ഇന്ത്യയാവുന്നതിനു വിരോധമില്ല.

മേയർ പറയുന്ന "ബെസ്" എന്ന ആരാധനമൂർത്തിയും ഹിന്ദുക്കളുടെ "വിഷ്ണു"വായിരിക്കാനേ നിവൃത്തിയുള്ളൂ. പേരിനുള്ള സാമ്യം നില്ക്കട്ടെ; രണ്ടു ദൈവങ്ങളുടെയും വിവരണങ്ങൾ തമ്മിലും വലിയ യോജിപ്പും തോന്നുന്നുണ്ട്. നമ്മുടെ വിഷ്ണുവും "ലോകത്തിൽ മുഴുവനും ഉൽകൃഷ്ടതരമായ സദാചാരവും സമാധാനവും സന്തോഷവും കയ്യയച്ചു ദാനംചെയ്യുന്ന" കാരുണ്യസമുദ്രമാണല്ലോ. പിന്നെ ബെസ് എന്ന ദിവ്യത്തിന് ഈജിപ്റ്റിലെന്നല്ല, അറേബ്യയിലും ഏഷ്യയിലെ പല സ്ഥലങ്ങളിലും ഗ്രീസിൽകൂടിയും പ്രചാരമുണ്ടായിരുന്നതിലും അത്ഭുതപ്പെടാനില്ല. പ്രാചീന ഹിന്ദുക്കൾ ഭൂഖണ്ഡത്തിന്റെ നാനാഭാഗങ്ങളിലും ആ കാലത്ത് സാമ്രാജ്യസ്ഥാപനം ചെയ്തിട്ടുണ്ടെന്നു മുമ്പു കാണിപ്പാൻ ശ്രമിച്ചിട്ടുണ്ടല്ലോ. അതി-

നാൽ ബോസ് എന്നു പറയുന്നത് നമ്മുടെ വിഷ്ണുവാകുന്നതിനു ന്യായമുണ്ട്.

'പണ്ട്' എന്ന പേരു തന്നെ നമ്മുടെ വാദത്തെ സഹായിക്കുന്നുണ്ടൊ എന്നു സംശയം തോന്നുന്നു. പണ്ട് എന്നു പറയുന്നത് പാംച് (അഞ്ച്) എന്ന സംസ്കൃതശബ്ദത്തെ വൈകൃതപ്പെടുത്തിയതല്ലയോ? ഗ്രീക്കുകാർ ഇന്ത്യയെ പഞ്ച ആപ്, പഞ്ചാപ് എന്ന വാക്കിനെ മുൻ നിൎത്തി പഞ്ചിയോ (Pancheo) എന്നു വിളിച്ചിരുന്നുവല്ലൊ.

ഈജിപ്ത് എന്നുള്ള പേരിന്റെയും ഉല്പത്തി സംസ്കൃതഭാഷയിൽ നിന്നാവാം. 'ഹോമർ' എന്ന യവനകവിശേഖരന്റെ കൃതികളിൽ ഐഗുപ്റ്റോസ് (Aiguptos) എന്ന പേർ ഉപയോഗിച്ചു കാണുന്നു. ഈജിപ്ത് ചരിത്രകാരന്മാർ ആ വാക്കിനെപ്പറ്റി മൌനമവലംബിക്കുന്നു. നൈൽ എന്ന പേരിന്റെ ആഗമനത്തെപ്പറ്റി 'എൻസൈക്ലോപീഡിയബ്രിട്ടാനിക്' (Encyclopeedia Britanic) എന്ന ഗ്രന്ഥചയത്തിൽ ഇങ്ങിനെ പറയുന്നു:— 'നൈലിന് 'ഹപി' എന്നായിരുന്നു ആദ്യത്തെ പേര്. അതിന് 'ഗുപ്തം' എന്ന് പക്ഷെ അൎത്ഥം വിചാരിക്കാം. ഗ്രീക്കുകാരുടേയും റോമർകാരുടേയും ഇടയിലുണ്ടായിരുന്ന 'നീലോസ്' എന്ന പേരിന് ഈജിപ്തുകാരുടെ 'ഹപി'യുമായി യാതൊരു സംബന്ധവുമില്ല. ഷിക്കർ (Shichor) സൂചിപ്പിച്ചിട്ടുള്ളതുപോലെ ആ പേര്, നൈൽ നദിക്ക്, അതിന്റെ വെള്ളത്തിന്റെ നിറത്തിൽനിന്നുണ്ടായതായിരിക്കും, സംസ്കൃതത്തിൽ 'നീല' എന്നതിന് 'നീലചകം' എന്നോടുത്തും മറ്റും കാണുന്നവിധം കറുപ്പ് എന്നു തന്നെ അൎത്ഥമുണ്ടല്ലൊ". ഹപി എന്ന വാക്ക സംസ്കൃതത്തിലെ 'അപ്' ലോപിച്ചുണ്ടായതോ, 'ഗുപ്ത' എന്നതിന്റെ തന്നെ രൂപാന്തരമോ ആയിരിക്കും. അപ്പോൾ നൈലിന്റെ സമീപസ്ഥമായ ഈജിപ്തിന് ആ നദിയുടെ പേർ തന്നെ വന്നുള്ളവർ 'കൊടുത്തിരിക്കാം' എന്നു വിചാരിപ്പാൻ ന്യായമുണ്ട്. ഈജിപ്ത് എന്ന വാക്ക് 'ആഗുപ്ത' എന്ന സംസ്കൃതവാക്കിന്റെ ഒരു രൂപാന്തരമായി വന്നുകൂടെന്ന്, അപ്പോൾ, എങ്ങിനെ ശഠിക്കും.

ഹീരോഗ്ലിഫിക്സ് (Hieroglyphics) എന്നു പറയുന്ന ഈജിപ്തിലെ 'ചിത്രലിപി'കളിൽ ഈജിപ്തിന് 'കമിത്' എന്നുകൂടി പേരുണ്ട്. അതിനു മുൻപറഞ്ഞ എൻസൈക്ലോപീഡിയ എന്ന പുസ്തകത്തിൽ 'കറുത്തത്' എന്നൎത്ഥമുള്ളതായി പറയുന്നു. 'ഈജിപ്തിലെ ഭൂമിക്കുള്ള കറുപ്പുനിറത്തെ അടിസ്ഥാനപ്പെടുത്തിയിട്ടായിരിക്കാം അതിന് അങ്ങിനെയൊരു പേരുണ്ടായത്. എന്നാൽ ഈജിപ്തിൽ കൃഷിക്കുപയോഗപ്പെട്ടിട്ടുള്ള പ്രദേശങ്ങൾക്കു മാത്രമേ ആ പേർ സാധാരണയായി പറഞ്ഞുവരാറുള്ളൂ. ആ പ്രദേശങ്ങളിലാണു താനും ഭൂമിക്കു കറുപ്പുനിറം. അവിടമെല്ലാം നൈൽ നദിയുടെ ചളിക്കൂട്ടുകൾ തിങ്ങി തിങ്ങി വന്നുകൂടിയിട്ടു വളരെ പശിമയുള്ളതും ഫലവത്തായതും ആകുന്നു. അതിനാൽ ഈജിപ്തുകാരുടെ 'കമിത്' എന്ന വാക്ക സംസ്കൃതത്തിലെ 'കാമിതം' (കാമിക്കപ്പെട്ടത്) എന്ന ശബ്ദം ലോപിച്ചുണ്ടായതായും വരാവുന്നതാകുന്നു. അല്ലെങ്കിൽ അതിനു 'കം' (വെള്ളം) 'ഇതം' (കൂട്ടിച്ചേൎത്തത്) വെള്ളത്തോടുകൂടിയത്,— മറ്റു പ്രദേശങ്ങളിലുള്ള മരുസ്ഥലങ്ങളെപ്പോലെയുള്ളതല്ലാത്തത്— എന്ന അൎത്ഥവും വിചാരിക്കാവുന്നതാകുന്നു, കമിത് എന്നതിന്റെ ചുരുക്കമായിട്ടെന്നപോലെ 'കെം' എന്നുകൂടി വിളിക്കാറുണ്ടു

ല്ലൊ. ആ വാക്കും 'കു (ഭൂമി) എന്ന സംസ്കൃതശബ്ദത്തിൽ നിന്നുണ്ടായതായിരിക്കാം. അപ്പോൾ 'കമിത്' എന്നതിനു കു (ചീത്ത കറുത്ത) ഭൂമി (മണ്ണ്) എന്നിതിനെ 'കറുത്ത മണ്ണോടുകൂടിയത്' എന്ന അൎത്ഥം കൂടി വിചാരിക്കാവുന്നതാണ്. പാശ്ചാത്യപണ്ഡിതന്മാരാൽ എഴുതപ്പെട്ട ഈ ഗ്രന്ഥപരമ്പരയിൽ പറയുന്ന വിധം സംസ്കൃതശബ്ദങ്ങളിൽനിന്നാണ് ഈ വക പേരുകൾ ഉത്ഭവിച്ചിട്ടുള്ളതെങ്കിൽ സംസ്കൃതഭാഷ സംസാരിച്ചിരുന്ന പ്രാചീനഹിന്ദുക്കൾ ഈജിപ്തിൽ വാസം ചെയ്തിരുന്നു എന്നു ഊഹിക്കുന്നതിനു ന്യായമില്ലയോ?

ഈജിപ്തിലെ പുരാതനനിവാസികൾ, അവിടുള്ളവരും മറ്റു രാജ്യക്കാരും കൂടിച്ചേർന്നുണ്ടായ ഒരു മിശ്രജാതിക്കാരായിരുന്നു എന്നു മുമ്പു പറഞ്ഞുവല്ലൊ. ഇപ്പോഴും നാം ഈജിപ്തിനെ മിശ്ര (മിസ്ര) രാജ്യം എന്നു വിളിക്കുന്നു. ആ ആദ്യരാജ്യക്കാർ 'ആമെൻ', 'ഫാസ്', 'ഫതർ' എന്നിവരുടെ നേതൃത്വത്തിൻകീഴിൽ നൈൽനദിയുടെ തീരപ്രദേശങ്ങളിൽ വന്നു കുടിയേറിപ്പാൎത്തു. ഡയാക്കർ പറയുന്ന ഈ മൂന്നു നേതാക്കന്മാർ—'പണ്ട്' രാജ്യത്തിൽനിന്നു വന്നവരെല്ലാം ദിവ്യന്മാർ, ദേവകൾ, ആയിരുന്നു എന്നു വിചാരിക്കുന്ന സ്ഥിതിക്ക് അവരിൽ വെച്ച് ഉൽകൃഷ്ടന്മാരായ ഈശ്വരന്മാർ—ബ്രഹ്മാ, വിഷ്ണു, ശിവൻ എന്നീ നമ്മുടെ ത്രിമൂൎത്തികൾ തന്നെയല്ലയോ? ആമെൻ എന്ന വാക്ക് 'ഓം' എന്ന ബ്രഹ്മസംജ്ഞയിൽ നിന്നുണ്ടായതായിരിക്കാം. ഫാസ് എന്ന വാക്ക് ഹരി എന്നതിൽനിന്നും ഫതർ എന്നത് 'ഹോതൃ' എന്നതിൽ നിന്നും ഉണ്ടായതായും വിചാരിക്കാവുന്നതാകുന്നു. ഈ മൂന്നു മൂൎത്തികളുടെ കീഴിലായല്ലാതെ യാതൊരു മതാചാരങ്ങളും ഇല്ലെന്നുള്ള നമ്മുടെ വിശ്വാസത്തെ മുൻനിൎത്തിക്കൊണ്ട് ഇവിടെനിന്ന് ആദ്യമായി ഈജിപ്തിൽ ചെന്ന 'ദേവന്മാരെ' അവർ ആ ത്രിമൂൎത്തികളുടെ നേതൃത്വത്തിൻകീഴിൽ നില്ക്കുന്നവർ എന്നു പറഞ്ഞു വന്നിരിക്കണം.

ആദ്യകാലങ്ങളിൽ 'ചുകന്ന കിരീടത്തോടുകൂടിയവർ' എന്നും 'വെളുത്ത കിരീടത്തോടുകൂടിയവർ' എന്നും രണ്ടു രാജവംശങ്ങൾ ഉണ്ടായിരുന്നതായി പറയുന്നുണ്ടല്ലൊ. അവരിൽ ആദ്യം പറഞ്ഞവർ സൂൎയ്യവംശക്കാരും പിന്നെ പറഞ്ഞവർ ചന്ദ്രവംശക്കാരും ആയിരിക്കാം. പിന്നീട മെനസ് രാജാവു രണ്ടു വംശവുംകൂടി ഒന്നാക്കി. 'യവനപണ്ഡിതന്മാരുടെ അഭിപ്രായത്തിൽ ഈജിപ്തിലെ ആദ്യത്തെ രാജാവിനു മെനസ്, മെനു എന്ന പേരായിരുന്നു' എന്നു പറയുന്നുണ്ട്. ഒന്നാമത്തെ രാജാവു 'മനു' ആയിരുന്നു എന്നു ഹിന്തുക്കളും വിശ്വസിക്കുന്നു. അതിനാൽ ഈജിപ്ത് പിടിച്ചടക്കിയ പ്രാചീനഹിന്ദുക്കൾ തങ്ങളുടെ രാജാവിന്, ഇവിടത്തെ സമ്പ്രദായപ്രകാരം, മനു, അല്ലെങ്കിൽ മെനസ് എന്നു പേരിട്ടതായിരിക്കണം എന്നും വിചാരിക്കേണ്ടിയിരിക്കുന്നു.

ഇത്രയും പറഞ്ഞതുകൊണ്ട് ഈജിപ്ത് ആദ്യമായി പിടിച്ചടക്കി ഇത്രയും അത്ഭുതകരമായ ഒരു പരിഷ്കൃതസമ്പ്രദായത്തെ അവിടെ ആദ്യമായി നടപ്പാക്കിയവർ നമ്മുടെ പൂൎവ്വികന്മാരായ ഹിന്ദുക്കൾ തന്നെയായിരുന്നെന്ന് ഒരു വിധം തെളിഞ്ഞിരിക്കുന്നു. എന്തായാലും പേരുകളെക്കൊണ്ടും മറ്റുമുള്ള അനുമാനങ്ങളെ ഇവിടെ നിൎത്തി ഇനി നമുക്കു കുറച്ചുകൂടി ഉള്ളിലേക്കു കടന്നു പരിശോധിച്ചുനോക്കാം.

നാലപ്പാട്ട് നാരായണമേനോൻ.

മലബാറിലെ ജിപ്സികൾ.

മലബാറിൽ ധാരാളമായി കണ്ടുവരുന്ന 'കാക്കാലന്മാരെ'യാണ് 'ജിപ്സികൾ' എന്നു വിളിച്ചുവരുന്നത്. ഇവർ ദക്ഷിണ ഇന്ത്യയിലും ഉത്തര ഇന്ത്യയിലുമുള്ള എല്ലാ പട്ടണങ്ങളിലും ഗ്രാമങ്ങളിലും കണ്ടുവരുന്നതായ 'കറവ' ജാതിയിൽ പെട്ടതാകുന്നു. ഇവർ ഇന്ത്യയുടെ എല്ലാ ഭാഗങ്ങളിലും സഞ്ചരിച്ചിട്ടുള്ളവരാണെന്നു മാത്രമല്ല, യൂറോപ്പിലെ ജിപ്സികളുടെ ചാർച്ചക്കാരാണെന്നു ഇവരിൽ പലരും വിശ്വസിച്ചുപോരുന്നുമുണ്ട്. കാലപ്പഴക്കത്താലും ദേശാവസ്ഥയുടെ ഭേദഗതികൊണ്ടും, തിരുവിതാംകൂറിലെ കാക്കാലന്മാർ തങ്ങളുടെ പൂർവ്വസ്ഥിതിയെക്കുറിച്ചുള്ള ഐതിഹ്യത്തെ മിക്കവാറും വിസ്മരിച്ചു, തിരുവിതാംകൂർ സംസ്ഥാനത്തിന്റെ എല്ലാ ഭാഗങ്ങളിലും കൊച്ചിരാജ്യത്തിന്റെ ഏതാനും മൂലകളിലും സഞ്ചരിക്കുന്നതുകൊണ്ടു മാത്രം തങ്ങളുടെ ജീവിതോദ്ദേശ്യം പൂർണ്ണമാകുന്നതാണെന്ന് അവർ ഇപ്പോൾ വിചാരിച്ചുവരുന്നു. 'കാലത്തിനൊത്ത കോലം' എന്ന പ്രമാണത്തിന് ഈ കൂട്ടരുടെ ഇടയിൽ പ്രവേശനമാർഗ്ഗം ലഭിച്ചിട്ടില്ല. ഭേദപ്രയത്നംകൊണ്ടു കാലക്ഷേപം ചെയ്യുന്നതായ ഇക്കാലത്ത് ഇവരെ മാത്രം അതു ബാധിച്ചിട്ടില്ല. ലക്ഷ്മീദേവി പ്രസാദിച്ചാലും കോപിച്ചാലും ഇവർക്കു കൂസലില്ല. ഇവർ പൂർവ്വാചാരത്തെ അനുസരിച്ചല്ലാതെ പ്രവർത്തിക്കയില്ല. നിത്യാടനം ഉപദ്രവകരമാണെന്ന് എത്രതന്നെ പ്രസംഗിച്ചാലും അവരുടെ തലയിൽ കേറുകയില്ല. ആരംഭംമുതൽക്കുകൂടി പൂർവ്വാചാരത്തെ കണ്ണടച്ചു പിന്തുടരുന്നതായ വേറൊരു സംഘത്തെ ഇക്കാലത്ത് മറ്റെങ്ങും കാണുകയില്ല. പക്ഷേ, പൂർവ്വാചാരസ്ഥിതിയില്ലാതെ, ലോകപരിഷ്കാരത്തിന്റെ അനിവാര്യമായ ഒഴുക്കത്തിൽ പെട്ട് ഇവരും മറഞ്ഞുപോകുന്നുവെങ്കിൽ ഇവരുടെ പൂർവ്വചരിത്രത്തെപ്പറ്റിയോ, ചില പ്രത്യേക സമ്പ്രദായങ്ങളെക്കുറിച്ചോ വിവരമായ അറിവു നമുക്കു കിട്ടുവാനുള്ള മാർഗ്ഗം അടഞ്ഞുപോകുമായിരുന്നു.

'കാക്കാലൻ' എന്ന വാക്കിന്റെ ഉൽപ്പത്തിക്രമമായ തെളിവു കണ്ടുപിടിക്കുവാൻ യാതൊരു വഴിയും ഇപ്പോൾ കാണുന്നില്ല. അവർക്കുതന്നെയും സൂക്ഷ്മം വിവരമില്ല. ഈ വാക്ക് 'കാക്കാലക്കാരവൻ' എന്നോ, 'കാക്കക്കുറവൻ' എന്നോ ഉള്ള വാക്കിന്റെ ചുരുക്കമെന്നോ രൂപാന്തരമെന്നോ ആണ് അവരുടെ ഇടയിൽ സാധാരണയായുള്ള ധാരണ. പരദേശക്കുറവന്മാരെ മലയാളത്തിൽ കാക്കാലന്മാർ എന്നു വിളിച്ചുവരുവാനുള്ള കാരണമെന്തായിരിക്കാം? കാക്കകളുടെ ഉപ്പിട്ടും ഭക്ഷിക്കുക, കാകമാംസം ഭക്ഷ്യമായി ഉപയോഗിക്കുക മുതലായവകൊണ്ടായിരിക്കണം ഇവർക്ക് ഈ പേർ സിദ്ധിച്ചത്. മലയാളം കാക്കപ്പാട്ടിൽ 'കാക്കതിന്നും കഴുവൻതിന്നും എന്നുകൂടെയുണ്ട്' എന്ന പാഠത്തെ ശരിക്കുന്നതു അടിസ്ഥാനമില്ലാതെ ആയിരിക്കയില്ലല്ലോ. എങ്ങനെയായാലും, മലയാളത്തിൽ ഇവർക്ക് ഈ പേർ സിദ്ധിച്ചു. ഇവരുടെ കൂട്ടിൽ നിന്നല്ലെന്നും, ഇവരുടെ ചില പ്രത്യേക സ്വ-

ദൈവങ്ങളും ആചാരങ്ങളും കണ്ടറിഞ്ഞ നാട്ടുകാരിൽ ചിലരുടെ മനോധർമ്മപ്രയോഗമാണെന്നും തെളിയുന്നുണ്ടു. പ്രവൃത്തി, സ്വഭാവം, ആചാരം മുതലായവകളുടെ ഭേദഗതിമൂലം ചില പരിഹാസനാമങ്ങൾ കൊടുക്കുന്ന സമ്പ്രദായം ലോകത്തിലെല്ലാം നടപ്പുള്ളതാണല്ലൊ.

ഹിന്തുക്കളുടെ ഇടയിലുള്ള താഴ്ന്ന ജാതിക്കാരിൽ പലരും, ബ്രാഹ്മണൻ, ക്ഷത്രിയൻ, വൈശ്യൻ, ശൂദ്രർ എന്നീ നാലു വർണ്ണങ്ങളെ തങ്ങളിൽ ഓരോന്നിന്റെയും മൂലസ്ഥാനമാക്കി, അതിനെ അടിസ്ഥാനപ്പെടുത്തുന്നതായ ചില ഇതിഹാസങ്ങളും നിർമ്മിച്ചു് അഭിമാനികളായി തെളിഞ്ഞത് ഇന്ത്യാരാജ്യം മുഴുവനും സംഭവിച്ചതാണെന്നു പലർക്കും അറിയാവുന്നതാണ്. ബ്രാഹ്മണനെ മൂലമാക്കി, ഏതെങ്കിലും പ്രകാരമുള്ള ഒരു ബന്ധമെങ്കിലും ഇവർ തമ്മിലുണ്ടെന്നു കാണിക്കുന്നത് ഏറ്റവും അഭിമാനഹേതുകമായി വിചാരിക്കുന്നവർ ഇപ്പോഴും ധാരാളമുണ്ട്. വിദ്യാഭ്യാസപ്രചാരം, ഈ വക ഭേദമനങ്ങളെ ഉന്മൂലനം ചെയ്യത്തക്കവിധം ശക്തിമത്തായി തീർന്നിട്ടില്ല. കോട്ടാർ എന്ന സ്ഥലത്തുള്ള "ചെട്ടികൾ" എന്നു വിളിച്ചുവരുന്ന ഒരു ജാതിക്കാർ അവരുടെ പൂർവ്വികന്മാരായ സൌരാഷ്ട്രന്മാരോടുള്ള ചാർച്ചയെ തീരെ വിസ്മരിച്ചു ദക്ഷിണ ഇന്ത്യയിലെ ബ്രാഹ്മണർ നിരാക്ഷേപമായി അനുഭവിച്ചുപോന്നിരുന്ന ബഹുമാനസൂചകമായ 'അയ്യർ' എന്ന സ്ഥാനത്തെ ബലാൽക്കാരമായി പറ്റിക്കൊണ്ടുവരുന്നുണ്ട്. ആ ദിക്കിൽതന്നെ, അന്ധമായ ജാത്യാഭിമാനബാധ പിടിച്ച ചില ചക്കാന്മാർ ധനസംബന്ധമായ ചില വഴിപാടുകൾ മൂലം ഒരു ബ്രാഹ്മണഗുരുവിനെ ആകർഷിച്ചു കൊണ്ടുവരികയും, അദ്ദേഹം ഇവരെ ദ്വിജത്വസൂചകമായ സൂത്രം ധരിപ്പിച്ചു, മന്ത്രോപദേശം ചെയ്യുകയും ചില പൂജാക്രമങ്ങളും ഉപാസനാവിധികളും ദാനം ചെയ്യുകയും ചെയ്തിരിക്കുന്നു. ഇതിനുംപുറമെ, ഒല്ലാമന്മാർകൂടാതെ തങ്ങൾതന്നെ ബ്രാഹ്മണക്രിയകളും ആചാരങ്ങളും അനുഷ്ഠിച്ചുപോരുന്നതായ അന്യമതക്കാർ വേറെയും ധാരാളമുണ്ട്.

ഈ തരത്തിലുള്ള അഭിമാനപ്രേരണയാൽതന്നെയായിരിക്കണം, കാക്കാലന്മാരും അവരുടെ പൂർവ്വികന്മാർക്കു തങ്ങളേക്കാൾ ബുദ്ധിമതിയും, ചരിത്രത്തിൻ പുരാണപ്രസിദ്ധിയും സിദ്ധിക്കത്തക്കവിധത്തിൽ ചില ഐതിഹ്യങ്ങളെല്ലാം നിർമ്മിച്ചു കേവലം വെച്ചു സൂക്ഷിച്ചുവരുന്നതു്. ലോകജീവിതത്തിൽ ഓരോരുത്തന്റെയും ഗുണദോഷവിവേചനം ചെയ്തു ശിഷ്ടന്മാരെ രക്ഷിക്കുന്നതിനും ദുഷ്ടന്മാരെ ശിക്ഷിക്കുന്നതിനുമായി ശ്രീപരമേശ്വരനും പാർവ്വതിയുംകൂടി ഭിക്ഷുവേഷം ധരിച്ചു "ഭിക്ഷാംദേഹി"കളായി ഭൂമിയിൽ സഞ്ചരിക്കുക പതിവുണ്ടെന്നും മറ്റും പുരാണങ്ങളിൽ പറഞ്ഞിട്ടുള്ള പലരും വായിച്ചിട്ടുണ്ടായിരിക്കുമല്ലോ. കാക്കാലന്മാർ 'മധുര'രാജ്യത്തിലുണ്ടായിരുന്ന ഒരു ബ്രാഹ്മണന്റെ പിൻവാഴ്ചക്കാരാണെന്നും, ശ്രീപരമേശ്വരന്റെ ശാപംകൊണ്ടു കാക്കാലന്മാരായി തീർന്നതാണെന്നുമാണ് ഒരു ഐതിഹ്യമുള്ളതു്. പാർവ്വതീസമേതനായി പരമശിവൻ ഭൈക്ഷവേഷം ഭിക്ഷുവായി ഈ ബ്രാഹ്മണഗൃഹത്തിൽ ചെന്നസമയം, ആ വീട്ടുകാർ അതിഥിസൽക്കാരത്തിൽ വിമുഖന്മാരായും ദുരാഗ്രഹികളായും കാണപ്പെട്ടതിനാൽ ഭഗവാൻ കോപിച്ചു, ജാതിഭ്രംശം സംഭവിക്കുമെന്നു

ന്നും, ഭിക്ഷാടനംകൊണ്ടു മാത്രം ഉപജീവനം കഴിക്കണമെന്നും ശപിക്കയുണ്ടായി. ഈ ഉഗ്രശാപത്താൽ തങ്ങളുടെ ഇഹലോകസൌഖ്യങ്ങളെല്ലാം നശിച്ചപ്പോൾ, ഇവർ ശാപമോക്ഷത്തിനപേക്ഷിച്ചു. എല്ലാ ശാപത്തിനും മോചനവുമുണ്ടല്ലോ. മുൻകോപിയാണെങ്കിലും കരുണാനിധിയായ പരമേശ്വരന് ഇവരുടെ ദയനീയാവസ്ഥയിൽ അനുകമ്പ തോന്നുകയാൽ, അവരെ ചില വിദ്യകൾ പഠിപ്പിയ്ക്കാമെന്നും, അവകൾ ഇവരുടെ കൈവിട്ടുപോയ സ്ഥിതിയെ വീണ്ടും കൊണ്ടുവരുന്നതിൽ സഹായിയ്ക്കയില്ലെങ്കിലും, മേലാൽ പട്ടിണി കിടക്കാതിരിയ്ക്കുന്നതിനുള്ള മാർഗ്ഗം കാണിച്ചുകൊടുക്കുന്നതായിരിക്കുമെന്നും ശാപമോക്ഷം കൊടുക്കുകയും ചെയ്തു. ഇവരിൽ പുരുഷന്മാർ സർപ്പങ്ങളെ പിടിച്ചു മെരുക്കി കളിപ്പിക്കുന്ന, വിദ്യയും, സ്ത്രീകൾക്കു കൈനോക്കി ഭൂതവർത്തമാനഭവിഷ്യത്തുകൾ പറയുവാനുള്ള ശക്തിയും, കുട്ടികൾക്കു മുലവിദ്യയും (ചെപ്പടിവിദ്യ) ദാനം ചെയ്തു. ഈ ഐതിഹ്യത്തിൽ വാസ്തവം എത്രത്തോളമുണ്ടെന്നു നമുക്കു നിശ്ചയിപ്പാൻ സാധിക്കുന്നതല്ലെങ്കിലും, ശ്രീപരമേശ്വരൻ ശാപമോക്ഷമായിക്കൊടുത്തുവെന്നു പറയുന്ന മേൽപറഞ്ഞ മൂന്നു വിദ്യകളിലും ഈ വകക്കാർക്കു സാമർത്ഥ്യവും പരിചയവുമുണ്ടെന്നു സമ്മതിക്കാതെ തരമില്ല. ഇതിനു ശേഷം ഇവർ ദേശസഞ്ചാരം തുടങ്ങുകയും ചെയ്തു. ഇങ്ങിനെ സഞ്ചരിച്ചുകൊണ്ടിരിക്കുന്ന സന്ദർഭത്തിൽ ഒരു ദിവസം ഇവർ ഒരു ഈഴവന്റെ വീട്ടിൽ ചെന്നു. ഇവർ ചെല്ലുന്നതുകണ്ട് അവിടെ മദ്യപാനം ചെയ്തുകൊണ്ടിരുന്ന ഒരുവൻ അത്ര മുഴുവനാക്കാതെ ഒളിച്ചുവെക്കയും, ശേഷിച്ചുണ്ടായിരുന്ന ഭക്ഷണസാധനങ്ങളെ കാക്കകൾ വന്നു ഉടനടി വയറിലാക്കുന്നതുകണ്ടു, വിശപ്പുകൊണ്ടു പരവശന്മാരായിരുന്ന കുട്ടികൾ മറ്റൊന്നും നോക്കാതെ, ചാടിച്ചെന്നു കാക്കകളെ പിടിച്ചു പാത്രത്തിലുണ്ടായിരുന്നതു ഭക്ഷിക്കുകയും ചെയ്തു. ഇങ്ങനെ കുട്ടികൾ കവർകൊള്ളിച്ചും അനുഭവിച്ച കാരണമാണ് ഈ വർഗ്ഗക്കാർക്കു ‘കാക്കക്കുറവന്മാർ’ എന്ന പേർ വന്നതെന്നാണ് പറയുന്നത്. ‘കാക്കാലൻ’ എന്ന പേരിനുള്ള കാരണം ഇതാണെന്നു തീരുമാനം പറയത്തക്കവിധം ലക്ഷ്യങ്ങളൊന്നുമില്ലാത്തതുകൊണ്ടു, ഇങ്ങനെയൊരു ഐതിഹ്യമുണ്ടെന്നു മാത്രമേ ഇവിടെ പറയുന്നുള്ളു.

കാക്കാലന്മാരുടെ ഉത്ഭവത്തെ സൂചിപ്പിക്കുന്നതായ ഒരു കഥകൂടി പറയുന്നുണ്ട്. സർപ്പമാതാവായ ‘കദ്രു’വിന്റെ ശത്രുവും സഹോദരിയുമായ ‘വിനത’യുടെ ഒന്നാമത്തെ പുത്രനാണല്ലോ പക്ഷിരാജാവായ ഗരുഡൻ. കദ്രുവിന്റെ കള്ളച്ചതി നിമിത്തം വിനത കദ്രുവിന് അടിമയായിത്തീരുകയും അമ്മയെ അടിമസ്ഥാനത്തിൽനിന്നു ഗരുഡൻ വീണ്ടെടുക്കുകയും ചെയ്തു. വിനതയുടെ സ്വാതന്ത്ര്യത്തിനു പ്രതിഫലമായി ദേവലോകത്തുനിന്ന് ‘അമൃത്’ കൊണ്ടുവന്നുകൊടുക്കണമെന്നാണ് കദ്രുവും മക്കളും ആവശ്യപ്പെട്ടതു ചുറ്റും കാവല്ക്കാരെ ഏർപ്പെടുത്തി അതിനിഷ്കർഷയോടെ സൂക്ഷിച്ചുവെച്ചിരിക്കുന്ന അമൃതകുംഭം കൊണ്ടുവരുന്ന സംഗതി അപകടമായിട്ടുള്ളതാണെങ്കിലും, തന്റെ മാതാവിനെ സ്വതന്ത്രയാക്കി വിടുന്നതിന്നു വേണ്ടി മാതൃസ്നേഹം ഗരുഡനെ പ്രോത്സാഹിപ്പിച്ചു. പക്ഷെ യാത്ര പുറപ്പെടുന്നതിനുമുമ്പു തന്റെ വിശപ്പടക്കുവാനുള്ള മാർഗ്ഗം വല്ലതു

ണ്ടോ എന്നറിയേണമെന്നാഗ്രഹിച്ചു വിവരം അമ്മയോടു ചോദിച്ചപ്പോൾ, പാലാഴിക്കരയിൽ 'നിഷധന്മാർ' എന്ന ഒരു കൂട്ടം ദുഷ്ടന്മാർ വസിക്കുന്നുണ്ടെന്നും അവരെ ഭക്ഷിച്ചു വിശപ്പടക്കാമെന്നും വിനത മറുവടി പറഞ്ഞു. ആ കൂട്ടത്തിൽ ബ്രാഹ്മണനല്ലവരെ മാത്രം ഉപദ്രവിച്ചുപോകയെന്ന പ്രത്യേകം ശാസിക്കയും ചെയ്തു. ബ്രാഹ്മണർ വയറ്റിൽ പ്രവേശിച്ചാൽ തിരിച്ചറിവാനുള്ളതിന് ഒരു സൂത്രവും പറഞ്ഞുകൊടുത്തു. അമ്മയുടെ ഉപദേശമനുസരിച്ചു ഗരുഡൻ പാലാഴിക്കരയിലെത്തി നിഷധന്മാരെയെല്ലാം ഒന്നായി അകത്താക്കി. ഉടൻതന്നെ ഗരുഡന്റെ തൊണ്ട എരിഞ്ഞുതുടങ്ങി. മാതാവു പറഞ്ഞ ലക്ഷണം അനുഭവമാക്കി കണ്ടപ്പോൾ, ബ്രാഹ്മണൻ തന്റെ വയറ്റിനകത്തു പ്രവേശിച്ചിട്ടുണ്ടെന്ന നിശ്ചയിച്ച്, അദ്ദേഹത്തോടു പുറത്തുപോകണമെന്നപേക്ഷിച്ചു. ബ്രാഹ്മണന്റെ കൂടെ അദ്ദേഹത്തിന്റെ ഭാര്യയായ ഒരു നിഷധസ്ത്രീയും ഉണ്ടായിരുന്നു. ഭാര്യയെ കൂടാതെ ബ്രാഹ്മണൻ പുറത്തുപോകയില്ല. ഗരുഡന്റെ തൊണ്ടയിലുള്ള ദണ്ഡം അസഹനീയമായിത്തുടങ്ങി. ഒടുവിൽ രണ്ടുപേരും പുറത്തു പോകുവാൻ അവൻ അനുവാദം കൊടുത്തു. ഇതുകേട്ട ബ്രാഹ്മണനും ഭാര്യയും പുറത്തേക്കു പോരികയും ചെയ്തു. ഇവർ ഒരു പക്ഷിയുടെ വദനത്തിൽനിന്ന തള്ളി പുറത്തേക്കിടപ്പെട്ടവരാകയാൽ ഇവരെയും ഇവരുടെ സന്താനങ്ങളെയും അന്നുമുതൽ 'കാക്കാലന്മാർ' എന്നു വിളിച്ചുതുടങ്ങിയെന്നും പറയുന്നുണ്ട്. 'കാക്കർ' എന്നാൽ 'പുറത്തേക്കു തള്ളപ്പെട്ടവർ' എന്നാണത്രെ അർത്ഥം. ഈ രണ്ടു ഐതിഹ്യങ്ങളെയുമാണ് തങ്ങളുടെ പൂർവ്വചരിത്രമായി ഈ കൂട്ടർ പറഞ്ഞുവരുന്നത്.

ഇ. ആർ. മേനോൻ:

പാഠപുസ്തകങ്ങൾ.

I

അദ്ധ്യാപകർക്ക് വ്യാകരണം, ഭാഷാരീതി മുതലായ സാഹിത്യ ശാസ്ത്രങ്ങളുടെ ജ്ഞാനം ഉണ്ടാകുവാനുള്ള യോഗ്യതയുണ്ടായിരിക്കണം.

വിദ്യാലയങ്ങളിലെ പാഠപുസ്തകങ്ങൾ നിശ്ചയിക്കുന്ന വിഷയത്തിൽ ഭാരവാഹികൾ വല്ല തത്വവും ആലോചിക്കുന്നുണ്ടോ എന്നറിവാൻ പ്രയാസമാണ്. ഇപ്പോൾ അദ്ധ്യേതാക്കളുടെ മുമ്പിൽ സമർപ്പിക്കപ്പെട്ടിരിക്കുന്ന ഗ്രന്ഥങ്ങളെ സൂക്ഷ്മപൂർവ്വം പരിശോധിക്കുന്നതായാൽ പരിശോധകൻ അല്പം കുഴങ്ങിപ്പോകുമെന്നാണ് തോന്നുന്നത്. ഗ്രന്ഥകർത്താക്കന്മാരുടെ പേരിനെയോ അഥവാ ഗ്രന്ഥത്തിലെ കഥാസംവാദത്തെയോ അതുമല്ല ഭാഷാരീതിയെയോ എന്തിനെയാണ് അടിസ്ഥാനപ്പെടുത്തിയിരിക്കുന്നതെന്ന തിട്ടപ്പെടുത്തുവാൻ എളുപ്പം സാധിക്കുന്നതല്ല. ഇതിന്ന പലകാരണങ്ങളും ഉണ്ടായിരിക്കാം. ഉദ്ദിഷ്ടഗുണങ്ങളോടുകൂടിയ പുസ്തകങ്ങൾ കിട്ടാൻ പ്രയാ

സമൃദ്ധമായ കാരണം ഗ്രന്ഥകർത്താക്കന്മാരുടെ ബലവത്തായ അപേക്ഷനിമിത്തമോ അവ പലതും വഹിക്കുന്ന സാക്ഷ്യപത്രങ്ങളുടെ വശീകരണശക്തികൊണ്ടോ ആകപ്പാടെ നന്നെന്നു വിചാരിച്ചിട്ടോ പലപ്പോഴും ഗ്രന്ഥങ്ങളെ പാഠപുസ്തകങ്ങളായി സ്വീകരിച്ചുവെന്നുവന്നേക്കാം. എന്നാൽ ഇപ്രകാരമുള്ള നിശ്ചയം പലപ്പോഴും അസ്ഥാനത്തിൽ ആയിരിക്കാനാണ് എളുപ്പമെന്ന് അനുഭവംകൊണ്ടു നമുക്കു ഏറെക്കുറെ അറിയാവുന്നതാണല്ലോ. നല്ല പുസ്തകങ്ങൾ തീരെ തിരഞ്ഞെടുക്കപ്പെടുന്നില്ലെന്നല്ല ഞങ്ങൾ പറയുന്നത്. ഇടക്കിടെ അതിനെയും സംഭവിച്ചേക്കാം. എന്നാൽ ഈ വിഷയത്തിൽ ഒരു സ്ഥിരതത്വം അവലംബിക്കേണ്ടതു അത്യാവശ്യമാണെന്നാണ് അഭിപ്രായപ്പെടുന്നത്. മലയാളപാഠപുസ്തകങ്ങളെപ്പറ്റിയാണ് ഞങ്ങൾ ഇവിടെ അല്പം പറയണമെന്നു വിചാരിക്കുന്നത്. വിദ്യാർത്ഥികൾക്കു ഭാഷാജ്ഞാനം ഉണ്ടാക്കുകയാണല്ലോ ഭാഷാപാഠപുസ്തകത്തിന്റെ മുഖ്യമായ ഉദ്ദേശ്യം. ശരിയായ ഭാഷാജ്ഞാനം ഉണ്ടാകുന്നതിനു, വ്യാകരണം, ഭാഷാരീതി, ശൈലി, രസാലങ്കാരങ്ങൾ മുതലായവയെക്കുറിച്ച് ഏറെക്കുറെ ജ്ഞാനം അത്യാവശ്യമായിട്ടുള്ളതാണ്. ഭാഷയെ നാം പ്രധാനമായി സംസാരിക്കുന്നതിലും എഴുതുന്നതിലും ആണല്ലോ ഉപയോഗിക്കുന്നത്. ഇവ രണ്ടിന്റെയും ഉദ്ദേശ്യം അന്യന്മാരെ ബോധിപ്പിക്കുന്നതിനോ, പ്രേരിപ്പിക്കുന്നതിനോ, രസിപ്പിക്കുന്നതിനോ ആണല്ലോ. ഈ മൂന്നു ഉദ്ദേശ്യങ്ങളും ഫലവത്തായിത്തീരണമെങ്കിൽ നാം ചില നിയമങ്ങളെ അനുസരിക്കേണ്ടിയിരിക്കുന്നു. വ്യാകരണം പ്രത്യേകമായി പഠിപ്പിക്കുന്ന സമ്പ്രദായം അത്ര നല്ലതാണെന്നു ഇപ്പോൾ വിചാരിച്ചുവരുന്നില്ല. ഭാഷാപാഠം പഠിപ്പിക്കുന്നതിനോടുകൂടി വ്യാകരണനിയമങ്ങൾ ഗ്രഹിപ്പിക്കുകയാണ് വേണ്ടതെന്നാണ് പലരുടേയും മതം. ഒരു നല്ല പദ്യകൃതിയോ ഗദ്യകൃതിയോ വായിച്ചുനോക്കിയാൽ അത്യാവശ്യം വേണ്ടുന്ന വ്യാകരണനിയമങ്ങൾ ഭാഷാരീതികൾ മുതലായവ ഏറെക്കുറെ പ്രതിബിംബിച്ചു കാണാം. ഭാഷ ആദ്യവും വ്യാകരണം പിന്നെയും ഉത്ഭവിച്ചിട്ടുള്ളതാണല്ലോ. നാം പറയുക സംസാരിക്കുന്നതിനും ഒരു ഐകരൂപ്യം ആവശ്യമാണ്. അല്ലാത്തപക്ഷം അന്യോന്യം മനസ്സിലാകാതെ കുഴപ്പത്തിനിടയായേക്കാം. പദങ്ങളുടെ സ്ഥാനങ്ങൾക്കും പരസ്പരസംബന്ധത്തിനും ഒരു സ്ഥിരമായ വ്യവസ്ഥ ഇല്ലാതെ ഇരുന്നാൽ നമ്മുടെ സംഭാഷണം പലപ്പോഴും അന്യോന്യം ദുർഗ്രാഹ്യമായിത്തീരും. ഈ വക ദോഷങ്ങളുടെ പരിഹാരാർത്ഥമാണ് വ്യാകരണനിയമങ്ങൾ ഏർപ്പെടുത്തപ്പെട്ടിട്ടുള്ളത്. ഇതുകൂടാതെ നമുക്കു പലപ്പോഴും അന്യന്മാരെ ഉപദേശിക്കുകയും പ്രേരിപ്പിക്കുകയും പ്രവർത്തിപ്പിക്കുകയും ചെയ്യേണ്ടതായും വരുന്നു. ഇതിനു കേവലം വ്യാകരണനിയമം മാത്രം അനുസരിച്ചു സംസാരിച്ചാൽ മതിയാകുന്നില്ല. നാം സംസാരിക്കുന്ന രീതിയിൽകൂടി ചില മാറ്റങ്ങൾ ചെയ്യേണ്ടിയിരിക്കുന്നു. പലപ്പോഴും ശ്രോതാക്കളെ യുക്തികൊണ്ടു ബോദ്ധ്യപ്പെടുത്തുകയും, അവരിൽ സന്ദർഭോചിതങ്ങളായ വികാരങ്ങളെ ജനിപ്പിക്കുകയും, അവയെ ബലപ്പെടുത്തുകയും തന്മൂലം പ്രവൃത്തിക്ക് ഉത്സാഹിപ്പിക്കുകയോ തടുക്കുകയോ ചെയ്യേണ്ടിയും ഇരിക്കുന്നു. ഇവയൊക്കെയും നാം ഉപയോഗിക്കുന്ന ഭാഷാരീതിയുടെ ഭേദംകൊണ്ടു മാത്രമേ സാധിക്കയു

ളി. രാഷ്ട്ര് അഥവാ, സാഹിത്യത്തിന് ഒരു അസാധാരണമായ ശക്തിയുണ്ട്. 'തൂവൽ, ഖഡ്ഗത്തെക്കാൾ ശക്തിമത്താണെ'ന്നു പറഞ്ഞിരിക്കുന്നു. ഇതു നാം അവലംബിക്കുന്ന ഭാഷാരീതി, അലങ്കാരപ്രയോഗം മുതലായവകൊണ്ടാണ് ഉണ്ടാകുന്നത്. ഈ രഹസ്യം അറിഞ്ഞിട്ടുള്ളവരെയാണ് നാം വാഗ്മികൾ എന്നും കവികൾ എന്നും പറയുന്നത്. യാതൊരു വസ്തുവിന്റെയും യഥാർത്ഥശക്തിയേയും, സ്വഭാവത്തേയും, ഉപയോഗത്തേയും, അറിയാതെ കൈവശം വെച്ചുകൊണ്ടിരിക്കുന്നതു കുരങ്ങിന്റെ കയ്യിൽ പൂമാല കിട്ടിയതുപോലെയാകുന്നു. അപ്രകാരമല്ലാത്ത കൈവശത്തിന് ഒരാൾക്ക് ഒട്ടും തന്നെ അർഹതയില്ലെന്നുവേണം പറവാൻ. ഭാഷയുടെ കാര്യവും ഇതുപോലെതന്നെയാണ്. നാം ഒരു ഭാഷയിലെ പദങ്ങളെല്ലാം സമ്പാദിച്ചു കൈവശപ്പെടുത്തിയതുകൊണ്ട് കാര്യം ആകയില്ല. പദങ്ങളും രത്നങ്ങളും ഈ അംശത്തിൽ തുല്യങ്ങളാണ്. അവയ്ക്കു ശോഭിക്കണമെങ്കിൽ തക്കതായ സ്ഥാനത്തിൽ പതിച്ചാലേ സാധിക്കയുള്ളു. പദങ്ങളെ സ്ഥാനത്തിലും അസ്ഥാനത്തിലും കൊണ്ടു ഘടിപ്പിച്ചു പുസ്തകം നിർമ്മിക്കുന്ന ഗ്രന്ഥകർത്താക്കന്മാർ ഇപ്പോൾ ചുരുക്കമല്ല. വ്യാകരണം ഒരു ദിക്കിൽ, ഭാഷാരീതി മറ്റൊരു ദിക്കിൽ, അലങ്കാരം അസ്ഥാനത്തിൽ ഇങ്ങിനെയും അത്യാവശ്യം വേണ്ടതായ സ്പഷ്ടത, അർത്ഥപുഷ്ടി, ശുദ്ധി മുതലായവ ഒരു ദിക്കിലും ഇല്ലാതെയും, പലപ്പോഴും കാണപ്പെടുന്നു. ഇപ്രകാരമുള്ള പുസ്തകങ്ങൾ പദ്യമായിരുന്നാലും ഗദ്യമായിരുന്നാലും വിദ്യാർത്ഥികളുടെ മുമ്പിൽ സമർപ്പിക്കുന്നതു സൂക്ഷിച്ചു വേണ്ടതാകുന്നു. ഭാഷാജ്ഞാനത്തിനു വേണ്ടി ടെക്സ്റ്റായി നിശ്ചയിക്കപ്പെടുന്ന പുസ്തകങ്ങൾ സർവ്വപ്രകാരേണ മാതൃകകളായിത്തന്നെ ഇരിക്കേണ്ടതാണെന്നുള്ളതിനു സംശയമില്ല. ഘനമുള്ള സംസ്കൃതപദങ്ങളും, അതിദീർഘങ്ങളായ വാചകങ്ങളും, വ്യാകരണശങ്കയുണ്ടാകാവുന്ന പ്രയോഗങ്ങളും, അസ്പഷ്ടത, ശക്തിഹീനത മുതലായവ കൂടിച്ചേർന്നിരിക്കുന്ന ഭാഷാരീതിയും അടങ്ങീട്ടുള്ള പുസ്തകങ്ങൾ ഭാഷാവിഷയത്തിൽ ടെക്സ്റ്റാക്കുന്നത് ഒന്നുകൊണ്ടും യുക്തമാണെന്നു തോന്നുന്നില്ല. ഭാഷാരീതി മുതലായവയെ ഉദാഹരിക്കുന്നതിനു ശക്തിയുള്ളവയായി മഹാന്മാരുടെ കൃതികളിൽനിന്നും തിരഞ്ഞെടുക്കപ്പെടുന്ന ഭാഗങ്ങളാണ് ഉത്തമങ്ങളായ ഭാഷാപാഠപുസ്തകങ്ങൾ എന്നു പറയേണ്ടിയിരിക്കുന്നു. ഭാഷയെ ഉപയോഗിക്കേണ്ടിവരുന്ന സന്ദർഭങ്ങളിലെല്ലാം തൃപ്തികരമാകുംവണ്ണം നമ്മുടെ അന്തർഗ്ഗതങ്ങളെ വെളിപ്പെടുത്തുന്നതിനുള്ള ശക്തിയാണ് 'ഭാഷാജ്ഞാനം' എന്നു പറയപ്പെടുന്നത്. പ്രകൃതി മറ്റെല്ലാററിനുമെന്നപോലെ ഭാഷയ്ക്കും വേണ്ടതാണ്. ഗ്രന്ഥനിർമ്മിതിയിൽ ആദ്യമായി പ്രവേശിച്ചിരിക്കുന്നവരുടെ കൃതികൾ ഉയർന്ന ക്ലാസ്സുകളിൽ പാഠപുസ്തകമായി നിശ്ചയിച്ചിരിക്കുന്നത് ഒരുവിധത്തിലും നന്നല്ല. ജോലി ശീലിച്ചുകൊണ്ടിരിക്കുന്നവരുടെ അടുക്കൽനിന്നും ജോലി പഠിക്കുന്നതായാൽ അതൊരിക്കലും തൃപ്തികരമായിരിക്കയില്ലല്ലോ. ഭാഷ അന്തർഗ്ഗതങ്ങളുടെ ഛായയാണല്ലോ. അതുകൊണ്ടു ഒരുവന്റെ ഭാഷാരീതി ശുദ്ധമല്ലെങ്കിൽ അന്തർഗ്ഗതങ്ങൾ ശരിയായി അതിൽ പ്രതിബിംബിക്കയില്ല. ഭാഷാരീതിക്കു വേണ്ട ഗുണങ്ങൾ പലതുമുണ്ട്. അവയെ ഇവിടെ എടുത്തു പറയേണ്ട ആവശ്യ

മില്ലെന്നു വിചാരിക്കുന്നു. ഇവയൊക്കെയും ഉത്തമകൃതികളിൽ ഏറക്കുറെ പ്രകാശിച്ചു കാണുന്നതാണ്. നാം സംസാരിക്കുന്നതും എഴുതുന്നതും നമ്മുടെ അന്തർഗ്ഗതങ്ങളെ അന്യന്മാരെ മനസ്സിലാക്കുന്നതിനാണെന്നു പറയേണ്ടുവല്ലോ. അതുകൊണ്ടു നമ്മുടെ ഭാഷാരീതി ഈ ഉദ്ദേശ്യം സിദ്ധിക്കുന്നതായിരിക്കേണ്ടതാവശ്യമാണ്. എന്നാൽ ചില ഗ്രന്ഥകർത്താക്കന്മാർ എഴുതുന്നതു നോക്കിയാൽ അവരുടെ അന്തർഗ്ഗതം അന്യന്മാർ മനസ്സിലാക്കരുതെന്നുള്ള കരുതലോടുകൂടിയാണെന്നും തോന്നിപ്പോകും. ഇതു വിദ്വാന്മാരുടെ ഒരു ലക്ഷണമാണെന്നുകൂടി പലരും വിചാരിച്ചുവരുന്നുണ്ട്. അർത്ഥകാഠിന്യവും ശബ്ദകാഠിന്യവുമൊക്കെ സ്വാരസ്യമാണെന്നു വിചാരിക്കുന്നത് അബദ്ധമാണ്. നമ്മുടെ മലയാള ഗ്രന്ഥകർത്താക്കന്മാരിലും ചിലർ ഇക്കൂട്ടത്തിൽ ഉൾപ്പെടാതിരിക്കുന്നില്ല. ഇവരുടെ ഗ്രന്ഥങ്ങൾ ടെക്സ്റ്റാക്കി വരുന്നത് എത്രമാത്രം യുക്തമായിരിക്കുമെന്ന് അറിഞ്ഞുകൂടാ. സ്വഭാഷ മലയാളമല്ലാത്തവർ ആ ഭാഷയെ വല്ല മുൻഷിമാരിൽനിന്നും പഠിച്ചിട്ടു ടെക്സ്റ്റ് പുസ്തകങ്ങൾ നിർമ്മിക്കുവാൻ തുനിയുന്നുണ്ട്. സ്വഭാഷാഭിമാനികൾക്ക് ഇവരുടെ ഭാഷാരീതി ഛർദ്ദിപ്പിക്കുന്നതിനുള്ള ഔഷധംപോലെയാണ് രുചിക്കുന്നത്. ഈ വക പുസ്തകങ്ങൾ ടെക്സ്റ്റാക്കി സ്വീകരിച്ചു മലയാളഭാഷയെ ദുഷിപ്പിക്കുന്നതു വളരെ പോരായ്മയാണെന്നു പറയാതിരിപ്പാൻ നിവൃത്തിയില്ല. മലയാളഭാഷയുടെ (എന്നല്ലാ എല്ലാ ഭാഷയുടെയും) മർമ്മങ്ങളും, പ്രത്യേകസ്വഭാവങ്ങളും, ഭാഷാരീതിയും, ആ ഭാഷയിൽ ജനിച്ചു വളർന്നവർക്കല്ലാതെ മനസ്സിലാകാൻ പ്രയാസമാണ്. ഉൽകൃഷ്ടവിഷയങ്ങളെക്കുറിച്ചു പ്രതിപാദിക്കുന്ന പുസ്തകങ്ങളിൽ പലപ്പോഴും നീചപദങ്ങളും മറ്റും പ്രയോഗിച്ചുകാണുന്നുണ്ട്*. എല്ലാ ഭാഷകളിലും സംസാരിക്കുന്നതിനു ഉപയോഗിക്കുന്ന ഭാഷയും സാഹിത്യത്തിനുപയോഗിക്കുന്ന ഭാഷയും തമ്മിൽ അല്പം വ്യത്യാസമുണ്ടല്ലൊ. ഈ വ്യത്യാസത്തെ ഗ്രഹിക്കാതെ പെരുമാറുന്നതും ഒരു വിധം ഭാഷാദൂഷണം തന്നെയാണ്. നമ്മുടെ ഭാഷാസ്വത്തിന്റെ പിൻതുടർച്ചാവകാശം ഇപ്പോൾ വിദ്യാർത്ഥികളായിരിക്കുന്നവർക്കാണല്ലോ. അതുകൊണ്ടു നാം അവരെ ഏല്പിക്കുന്ന സ്വത്ത് ഒരു വിധം ശുദ്ധവും ഉൽകൃഷ്ടവും ആയിരിക്കേണ്ടതാണ്. ഈ കാരണത്താൽ ടെക്സ്റ്റ് പുസ്തകങ്ങൾ നിശ്ചയിക്കുന്നവർ ഒരു ഗൌരവമേറിയ ചുമതലയാണ് ഉള്ളത്. ഇവരാണ് നമ്മുടെ ഭാഷയുടെ ശുദ്ധിയെ നിലനിർത്തുന്നതിനു ബാദ്ധ്യസ്ഥന്മാരായിരിക്കുന്നത്. ഭാഷ കഴിച്ചുള്ള വിഷയങ്ങളിലുള്ള പാഠപുസ്തകങ്ങളിലെ ഭാഷാരീതിയെക്കുറിച്ചും പ്രത്യേകം ശ്രദ്ധിക്കേണ്ടതായിട്ടിരിക്കുന്നു. വിദ്യാർത്ഥികൾ അവയിലെ വിഷയങ്ങൾ ഗ്രഹിക്കുന്നതോടുകൂടി ഭാഷാരീതിയെയും ഏറക്കുറെ ഗ്രഹിക്കുന്നു. ഇവിടെ ഭാഷാരീതി തിരുത്താനോ, വ്യാകരണനിയമങ്ങളുടെ ലംഘനങ്ങളെ ചൂണ്ടിക്കാണിക്കുന്നതിനോ, ഭാഷാരീതിയുടെ ഭംഗിയെയോ അഭംഗിയെയോ പറ്റി പ്രസ്താവിക്കുന്നതിനോ, സൌകര്യമില്ലാത്തതിനാൽ വിദ്യാർത്ഥികൾ അവയെ അവരുടെ സ്വന്തമാക്കുന്നു. ശരിയായ ഭാഷാരീതിയെ അവലംബിക്കാതെ ഭാഷയെ പെരുമാറുന്നവർക്കു വേറൊരു വലിയ ദോഷംകൂടി സംഭവിക്കുന്നുണ്ട്. അവരുടെ ആലോചനാശക്തിക്കു ഒരു മാതിരി അസ്ഥിരത്വവും അവ്യക്തതയും വന്നുകൂടാ

നിടയുണ്ട്. മനസ്സിന്റെ സ്വഭാവം, ഭാഷയേയും; ഭാഷയുടെ സ്വഭാവം, മനസ്സിനേയും, ബാധിച്ചുകൊണ്ടാണിരിക്കുന്നത്. ഈ കാരണം നോക്കിയാലും ഭാഷാപാഠപുസ്തകങ്ങൾ തിരഞ്ഞെടുക്കുന്ന കാൎയ്യത്തിൽ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണെന്നു കാണപ്പെടും. വ്യാകരണം, തെറ്റില്ലാതെ കൊടുക്കുന്ന വിധത്തിലും, ഭാഷാരീതി, ഏറ്റവും ഉത്തമമായ വിധത്തിലും, അലങ്കാരം, അസാധാരണമായവിധത്തിലും, അന്തൎഗ്ഗതങ്ങളെ വെളിപ്പെടുത്തുന്നതിനു നമ്മെ സഹായിക്കുന്നതിനാൽ ഇവ മൂന്നിനേയും സംബന്ധിച്ചുള്ള നിയമങ്ങൾക്കു ദൃഷ്ടാന്തങ്ങൾ നൽകുന്ന കൃതികൾ വേണം പാഠപുസ്തകങ്ങളായി നിശ്ചയിക്കുന്നതിന്. അലങ്കാരങ്ങൾ പ്രായേണ നമ്മെ രസിപ്പിക്കുന്നതിനുള്ള ഉപായങ്ങളാണെങ്കിലും അവ പലപ്പോഴും മറ്റു വിഷയത്തിലും നമ്മെ സഹായിക്കുന്നു. ഭാഷയ്ക്കു മൃദുത്വം, സ്പഷ്ടത, ശക്തി മുതലായ ഗുണങ്ങളെ ഇവ നൽകുന്നു. പദ്യങ്ങളിലാണ് ഇവ അധികം ഉപയോഗിക്കപ്പെടുന്നതെങ്കിലും ഗദ്യങ്ങളിലും ഇവയുടെ ഉപയോഗം പലപ്പോഴും അവശ്യമായും ഫലപ്രദമായും തീരുന്നു. ഇവയെ അസ്ഥാനത്തിൽ കൊണ്ടു പ്രയോഗിക്കാതിരുന്നാൽ അവ അൎത്ഥഗ്രഹണത്തിനു വലിയ സഹായങ്ങളായിത്തീരുന്നതാണ്. ഭാഷയ്ക്കു അസാധാരണശക്തി നൽകുന്നതിനായിട്ടു സാധാരണ ഭാഷാരീതിയിൽനിന്നുള്ള വ്യതിചലനമാണ് അലങ്കാരമെന്നു പറയപ്പെടുന്നത്. വാഗ്മികൾക്കും കവികൾക്കും അവരവരുടെ ഉദ്ദേശ്യസിദ്ധിക്ക് ഇത് ഏറ്റവും ആവശ്യമായിട്ടുള്ളതാണ്. നാം സാധാരണ സംഭാഷണങ്ങളിലും പലപ്പോഴും ഇവയെ പ്രയോഗിക്കുന്നുണ്ട്. ലവണം ഉപദംശങ്ങളെ എന്നപോലെ അലങ്കാരം സംഭാഷണത്തെയും ആസ്വാദ്യമാക്കിത്തീർക്കുന്നു. എന്നാൽ മഹാന്മാരുടെ കൃതികൾ വായിച്ചു പഴക്കം വന്നതിനുമേലല്ലാതെ ഇവയെ പ്രയോഗിക്കുന്നതിനു പുറപ്പെടുന്നതു യുക്തമല്ല. അതിനാൽ വിശിഷ്ടഗ്രന്ഥങ്ങൾ ധാരാളമായി വായിച്ചു ശീലിക്കേണ്ടതത്യാവശ്യമാണ്. വിശിഷ്ടന്മാരായ സാഹിത്യകാരന്മാർ വെട്ടിത്തെളിച്ചിട്ടുള്ള വഴിയെ അവലംബിക്കുന്നത് എല്ലാംകൊണ്ടും ഉത്തമമായിട്ടുള്ളതാണല്ലോ. മലയാളഭാഷയിൽ നല്ല ഗ്രന്ഥങ്ങൾ ഇല്ലാതില്ല. തിരഞ്ഞെടുക്കുന്ന വിഷയത്തിൽ കുറച്ചുകൂടി നിഷ്കർഷ കാണിച്ചാൽ നന്നായിരിക്കുമെന്നു തോന്നുന്നു. സാഹിത്യസമാജത്തിന്റെ ശ്രദ്ധ ഈ വിഷയത്തിൽ പതിഞ്ഞുകണ്ടതു സന്തോഷാവഹംതന്നെ. ഭാഷാപോഷിണിസഭയും, ടെക്സ്റ്റുബുക്കു കമ്മിറ്റിക്കാരും, സാഹിത്യസമാജവും യോജിച്ചു പ്രവൃത്തിക്കുന്നതായാൽ യാതൊരാക്ഷേപത്തിനും വഴിയുണ്ടാകാൻ തരമില്ല.

ആർ. ഈശ്വരപിള്ള, ബി. എ.

II

വിഷയശുദ്ധി; വൈചിത്ര്യം.

മലയാളപാഠപുസ്തകങ്ങളുടെ ഗുണദോഷങ്ങൾ ആലോചിച്ച് ഇപ്പോൾ നടപ്പുള്ള പാഠപുസ്തകങ്ങളെ കഴിയുന്നതും അടിസ്ഥാനപ്പെടുത്തി വിമർശനങ്ങൾ എഴുതുവാൻ കൊച്ചി സാഹിത്യസമാജത്തിൽനിന്നും അധികാരപ്പെടുത്തിട്ടുള്ളവരിൽ ഒരുവനായ എനിക്കു 'വിഷയശുദ്ധി', 'വാചകശുദ്ധി', 'പദശുദ്ധി', 'വൈചിത്ര്യം' എന്നീ ഗുണങ്ങളുണ്ടായിരിക്കണമെന്നു പറഞ്ഞിട്ടുള്ള ഒരു വിഷയമാണ് തന്നിട്ടുള്ളത്. നാലു മുഖത്തോടുകൂടിയ ഈ വിഷയത്തിൽനിന്നു വാചകശുദ്ധി, പദശുദ്ധി എന്നീ മുഖങ്ങൾ കെ. രാമകൃഷ്ണപിള്ള അവർകൾ എനിക്കുവേണ്ടി ഏറ്റിരിക്കുന്നതിനാൽ വൈചിത്ര്യവും വിഷയശുദ്ധിയും മാത്ര

കേ ഈ ലേഖനത്തിനു വിഷയമായി സ്വീകരിച്ചിട്ടുള്ളൂ. മൂലവിഷയത്തിന്റെ ഈ രണ്ടു ശാഖകളും ഒരുപോലെ അടുത്തുനില്ക്കുന്നതുകൊണ്ട്, അവയെ കൂട്ടിപ്പിണച്ച് ആലോചിക്കുന്നതു വിഷയവ്യക്തിക്കു ബാധകമായിത്തീരുന്നതല്ല.

'ഔചിത്യ'മെന്നാൽ 'വകതിരിവ്' എന്നു അർത്ഥമുള്ളൂ. വകതിരിവുകേടുകൊണ്ട് ഉണ്ടാവുന്ന ദോഷം കവിക്കല്ലും ദോഷമല്ലാതായിത്തീരുന്നതല്ലെങ്കിലും, അതു കവികളും അറിയാതെ മുകളിലോ മൂലയിലോ ഇതുകൊണ്ടു ചെയ്യുന്ന വകതിരിവുകേട് അത്ര പായത്തക്ക ഉപദ്രവത്തെ ചെയ്യുന്നതല്ല. അവനവനെത്തന്നെ അതു ബാധകമായിത്തീരുകയുള്ളൂ. അതുപോലെ, വായിച്ചു തള്ളുന്ന ദിനപത്രങ്ങളിലും, എഴുതിക്കൂട്ടുന്ന ചില മാസികകളിലും, അടിച്ചുവിടുന്ന പല പുസ്തകങ്ങളിലും ഉപഹാസം അസഹ്യമായ അനൌചിത്യം വന്നുകൂടുന്നതു സഹിക്കാവുന്നതാണ്. അതിനെ ആരും വകവെക്കുന്നതല്ലെന്നൊരു സമാധാനം ഉണ്ട്. എന്നാൽ നിരപരാധികളായ വിദ്യാർത്ഥികളെ താവഴിയായും ലോകത്തിനും കൊള്ളരുതാത്തതായവിധത്തിൽ ആക്കിത്തീർക്കുന്ന പാഠപുസ്തകങ്ങളെ അവർക്കു കലക്കികുടിക്കുവാൻ ഏല്പിച്ചു, നാട്ടിനും, നാട്ടുകാർക്കും, സാഹിത്യത്തിനും, സാഹിത്യലോകത്തിനും അനാശാസ്യമായ അപായത്തിനെ വരുത്തിക്കൂട്ടി, ഭാഷാദേവിയെ മലിനപ്പെടുത്തുന്നതാണ് സഹിക്കുവാൻ പാടില്ലാത്തതായ സങ്കടമായിട്ടുള്ളത്. ഈ മാലിന്യത്തിനു പല കാരണങ്ങളുമുള്ളതിൽ പ്രധാനമായ ഒന്നാണ് ഔചിത്യമില്ലായ്ക.

'അനൌചിത്യം' എന്ന ദോഷം വാക്കിലും, വാചകത്തിലും, അർത്ഥത്തിലും, ആശയത്തിലും, ആയി പാഠപുസ്തകങ്ങളിൽ കടന്നുകൂടുന്നതുകൊണ്ടു, ബാലന്മാരായ വിദ്യാർത്ഥികളുടെ വാക്കും, പ്രവൃത്തിയും, മനസ്സും, ബുദ്ധിയും, ദുഷ്ടമായിത്തീരുന്നതാണ്.

പദത്തിലുള്ള അനൌചിത്യം:— തീൻ, താ, തിന്ന്, പറ, മീൻ, നാക്ക്, മണ്ണ്, പിടിയിൻ, പാടിൻ മുതലായവ ശുദ്ധപദങ്ങളല്ല. ഈ പദങ്ങൾ എല്ലാവരും ഉപയോഗിക്കുന്നതല്ല. സാഹിത്യലോകത്തിൽ സാമാന്യേന ഉപയോഗിക്കാവുന്നവയുമല്ല. ഇവയെ 'കന്നപദങ്ങളാ'യിട്ടാണ് ഉൽകൃഷ്ടന്മാർ ഗണിച്ചുവരുന്നതു. 'തീറ' എന്നതിനെ 'തിറ'യാക്കുന്നതായാൽ തന്നെ, 'സായ്വിന്റെ തിറ' എന്ന് ഉപയോഗിക്കാറുണ്ടെങ്കിലും, അതു ഭക്ഷണസാധനം എന്നർത്ഥത്തിൽ ഉപയോഗിക്കുമ്പോൾ സാധാരണ ജന്തുക്കളെ ഉദ്ദേശിച്ചു മാത്രമേ സാധുവായിട്ടു വിചാരിച്ചുകൂടു. തരിക, തിന്നുക അല്ലെങ്കിൽ ഭക്ഷിക്കുക, പറയുക, മണ്ണു, നാവു, മലു, പിടിപ്പിൻ, പാടുവിൻ ഇവയാണ് മേൽ പറഞ്ഞ പദങ്ങൾക്ക് എതിരായുള്ള ശുദ്ധപദങ്ങൾ. ചീത്ത വാക്കുകൾ ഗ്രഹിക്കുവാനാണ് ബാലന്മാർക്കു സ്വഭാവേന വാസന. ചീത്ത പറഞ്ഞുകൊടുത്തു നല്ലതല്ലെന്നു പഠിപ്പിക്കുന്നതിനേക്കാൾ, നല്ലതു മാത്രം പറഞ്ഞുകൊടുക്കുന്നതാണല്ലോ അധികം നന്നായിരിക്കുക. അതുകൊണ്ട് ഈ വക കന്നപദങ്ങൾ അക്ഷരജ്ഞാനമുണ്ടാവാനാകട്ടെ മറ്റൊ ആവശ്യത്തിനാവട്ടെ പാഠപുസ്തകങ്ങളിൽ ഉപയോഗിച്ചുകൂടാ.

വാചകങ്ങളിലുള്ള വകതിരിവുകേട്: അവന്നു ശാപനാശം കിട്ടി, വേടൻ വെടിവെച്ചു ചത്ത നരി, പോത്തിൻ്റെത്താൽ നന്നു തട്ടിതന്നെ, മുള്ളുകൊള്ളത്തി ഉടപ്പുകീറി, അവൻ പതംവലിക്കുന്ന ചണ്ണുവാകുന്നു. ഈ വക പ്രയോഗങ്ങൾ ഒന്നാമതു സാധുവല്ല. രണ്ടാമതു വിചാരിച്ചു അർത്ഥം മനസ്സിലാക്കുവാനും പ്രയാസമുണ്ട്. അവന്നു ശാപഫലം കിട്ടി, വേടന്റെ വെടികൊണ്ടു ചത്തനരി അല്ലെങ്കിൽ വേടൻ വെടിവെച്ചു കൊന്ന നരി, പോത്തിന്റെ കൊമ്പുകൊണ്ടു തട്ടിച്ചുള്ളതു ഒന്ന്, മുള്ളുകൊണ്ട് ഉടപ്പുകീറി, പതം വലിക്കുന്നവൻ ചണ്ണുവാകുന്നു, എന്നോ മറ്റോ ആക്കിയാൽ, മാറ്റമാകയുള്ളൂ ഈ പ്രയോഗങ്ങളിലുള്ള ദോഷത്തിലും ഉചിതപദങ്ങളുടെയും വ്യാകരണശുദ്ധിയുടെയും അഭാവമാകുന്നു.

(തുടരും.)

അപ്പൻ തമ്പുരാൻ.

വിശറി.

[illegible]

ായശൌര്യമെഴുമാശുഗവിക്രമത്തെ(ൽ
രാതെ ചഞ്ചുവിലസ്സംവ്യജനാംനിനച്ചാ-
ാര ചാപവര ചക്രസമാനമല്ലോ. 16
തപമാനഗഗനത്തെവെടിഞ്ഞുപിന്നെ
പ്രധാനതരളതരതായവാതം
തപമെന്നിയെ ചമച്ചതംചുഴറി-
ധ-ജനൻ്റകരമെസമമേകുമല്ലോ. 17
ങ്കലന്‌ ചിറകാകിയതെന്നുതാല-
ങ്ങളേറ്റുമുരഗാന്തകനേപ്രമോദാൽ (ഴ്ം
താപമെന്നിയെജഗത്തു കഠാകാത്തുവാ-
ന്താരമരമാക്കനിചവാഹനമാകിടുന്നു. 18
ന്തംവെടിഞ്ഞുടൽതടിച്ചുവിളങ്ങുമേക-
ൻഗജാസ്യനതിതാപമശംഹരിപ്പാൻ
ന്തശ്ശുഭാവിതതമാംഗിജകൃന്തതാല-
ന്തഭൂമംസ്നാതമാനമിളക്കിടുന്നു. 19
ടുമതൽനിജതാപമൊൽത്തനിജ-
വിധംകണ്ടതിമങ്ങിടുമഗ്നിതന്നെ
ണീമവാരിയിൽമഹാജനമെന്നു വാതം
ന്നിടുവാൻവിശേിക്കൊണ്ടിഹവിശിടുന്നു.
യാശയങ്ങൾപ്രതി:പരമന്നതന്നെ
രാതിരിപ്പതിനകാമമിയന്നിദാനീം
വിഹീനമഴകേറിയതാലപ്യന്ത-
യാരവിന്ദലമാലകളേറ്റിടുന്നു. 21
ായുധോത്സവപതാകകളായിട്ടിളകും
ബാലവാണികളുമന്നമമന്ത്രിമാരും
ബാലതകണ്ടൊഴിയുമാറുകളിച്ചിടുന്നു
ബാലമരങ്ങൾപ്പപകന്നുയഗാന്തികത്തി- (ൽ.
ന്താപമുലംസുഖരസ്യകാര്യ-
ചിന്താദികൈവിട്ടഴപ്പംജനനാനാം

സന്താപമെന്നതുമുലാലതാല-
വൃന്താനിലൻഹന്തികളഞ്ഞിടുന്നു. 23
ഞാസംഗമൂത് കൃഷ്ണസമാനതമാളേ
പ്രസംഗമിത്താളുകഠിനെ ചയ്തിടുമ്പോൾ
തസംഭിക്കാട്ടുകണ്ടുകൂട്ടുന്നതാപ-
മസംശയംതീർത്തിളകംചുഴറി. 24
ഗാനങ്ങൾകൈവിട്ടതിതാപമൂല-
മാനാവമെന്യേമതവും നാണാം
മാനംവെടിഞ്ഞീടിനാച്ചൂടൊപ്പ്പാൻ
നൂനംചുഴറിക്കമിടുക്കളുടം. 25
വിനോദമെല്ലാമതിതാപമൂലം
വിനോദനാതെ ചാത്രമശേഷലോകം
മനോജ്ഞലാനിലനേകകോട്ടകം
മനോജ്ഞമാംമചാരിചലിച്ചിടാത്തിൽ. 26
ഖഗപ്രധാനോത്തമകറുവാനായ്
ജഗത്തിലിപ്പോൾത്സഹുതാലവൃന്തം
നഗങ്ങളേറ്റുന്നതലിച്ചുകത്താൽ
ഖഗങ്ങൾപോക്കിലുമകൈതവത്താൽ. 27
നാട്ടാകെവെള്ളമതിഭ്രപ്പമൊഴിച്ചുലം
ചൂടാലെവറ്റുകിടുന്നളകാന്തരമ്മേ
ഈടാർന്നുചൂടുകളുമന്നചുഴറിതന്റെ
വീടാക്കിടുന്നുപമുത്തമജലാലം. 28
ഒട്ടംധനങ്ങളിയലാത്തവനാജവത്തിൽ
കിട്ടംചുഴറിപരിതാപമശംഹരിപ്പാൻ
വെട്ടുന്നകറിമടൽപാളകൾ താലപത്രം
തൊട്ടുള്ളവസ്തുവിവകൊണ്ടുമിതാശ്രതിക്കാം.
വല്ലാതെകണ്ടുവളരുംപരിതാപഭാര-
മില്ലാതെയാക്കുവതിനിങ്ങിനെമങ്ങിടാതെ
ഫുല്ലാവതംനിജവശത്തിൽവരുത്തിടുന്ന
ചൊല്ലാർന്നിടുംവ്യജനമിന്നുജയിച്ചിടുന്നു. 30

കൊടുങ്ങല്ലൂർ ചെറിയ കൊച്ചുണ്ണിത്തമ്പുരാൻ.

എറവാലന്മാർ ശവം കഴിച്ചിടുകയും അഞ്ചുദിവസം പുല ആചരിക്കുകയും ചെയ്യുന്നു. ആറാം ദിവസം കാലത്തു പ്രധാന ബലിക്കാരൻ (അതായതു മരിച്ചവന്റെ മകനോ അനന്തരവനോ) ക്ഷൌരം ചെയ്തു കുളി കഴിച്ചു പിതൃപ്രീത്യർത്ഥം ചോറും പഴവും കോഴിയും മദ്യം ബലികൊടുക്കുകയും പിന്നീടു ആണ്ടിലൊരിക്കൽ കൊയ്ത്തുകാലത്തു എല്ലാവരും സദ്യകഴിച്ചു പിരികയും ചെയ്യുന്നു. മരിച്ചവന്നു മകനില്ലെങ്കിൽ സഹോദരന്മാരാണ് ശേഷക്രിയ ചെയ്യുന്നത്. കുട്ടികളുടെ മരണത്തിനും അഞ്ചുദിവസത്തെ പുല ആചരിക്കാറുണ്ട്. മരിച്ചവരുടെ പ്രീതിക്ക് വഴിപാടുകൾ ചെയ്യുവാറുമുണ്ട്.

തൊഴിൽ

എറവാലന്മാരുടെ മുഖ്യ തൊഴിൽ കൃഷിയാണ്. അവർ പറമ്പുകൾ ഉഴുത് ചാമ, ചോളം, തുവര, എള്ള് മുതലായവ കൃഷിചെയ്യും. ഉഴവും വിതയും മേടം എടവം മാസങ്ങളിലും, കൊയ്ത്തു തുലാം വൃശ്ചികം മാസങ്ങളിലുമാണ് ആരംഭിക്കുന്നത്. അവർ ഈ കാലങ്ങളിൽ കൃഷിയിൽ തന്നെയാണ് മിക്കവാറും ഏർപ്പെടുക. മറ്റുള്ള മാസങ്ങളിലെ മുഖ്യ തൊഴിൽ തോട്ടം നോക്കുകയും വേലികെട്ടുകയും പുര മേയുകയുമാണ്. അവർ സമർത്ഥന്മാരായ നായാട്ടുകാരാകുന്നു. കാട്ടിലെ നിത്യവാസത്താലും പരിചയത്താലും അവർക്ക് മൃഗങ്ങളുള്ളേടം മണത്തറിയുവാൻ കഴിയുന്നതാണ്. അതിനാൽ വഴിപോക്കർക്ക് അപകടങ്ങളുള്ളേടം പറഞ്ഞുകൊടുപ്പാനും നായാട്ടുകാർക്ക് വഴികാട്ടികൊടുപ്പാനും അവർ വലിയ സഹായമായിത്തീരുന്നുണ്ട്. നായാട്ടിന്നു പത്തോ പതിനഞ്ചോ പേർ സംഘം ചേർന്ന്, കത്തിയും അമ്പും വില്ലും ധരിച്ചുപോയി, കാടുതെളിച്ചു മൃഗങ്ങളെ വലയിൽ ചാടിച്ച് അവിടെ വെച്ച് അടിച്ചോ വില്ലുകൊണ്ട് എയ്തോ കൊന്നു വീഴ്ത്തി, എല്ലാവരുംകൂടി സമമായി ഭാഗിച്ചെടുക്കും. മുയൽ, മുള്ളൻ, പന്നി, ഇവയെയാണ് അധികമായി നായാട്ടുകഴിക്കാറ്. പറക്കുന്ന പക്ഷിയെക്കൂടി എയ്തുവീഴ്ത്തുവാൻ അവർക്ക് ഉന്നവും വിൽപ്രയോഗത്തിൽ സാമർത്ഥ്യവുമുണ്ട്.

ഭക്ഷണം

എറവാലന്മാരുടെ മുഖ്യ ആഹാരം ചാമക്കഞ്ഞിയും ചോളക്കഞ്ഞിയുമാകുന്നു. അവർ ഇത് ഉപ്പും മുളകും പുളിയും കൂട്ടി ചാലിച്ചുകഴിക്കും. കാലത്തേയ്ക്കുള്ള കഞ്ഞി തലേന്നാൾ രാത്രി തന്നെ പാകം ചെയ്യും. മദ്യത്തിന്നും ഇഷ്ടരാണ്. അതിലെല്ലാ ചിലപ്പോൾ അവർ കാക്കുന്ന തോട്ടങ്ങളിൽനിന്നും തട്ടിക്കൊണ്ടുപോകുന്ന കാട്ടുസാധനങ്ങളും പരിപ്പു മുതിര ഇവകളും കൂട്ടിയുണ്ടാക്കിയ കറിയുമുണ്ടാവും. ആടു, കോഴി, പന്നി, മുയൽ, കാട, പ്രാവ് ഇവകളുടെയും ഉപ്പൂൻ തവളയുടെയും മാംസം അവർ ഭക്ഷിക്കും. ബ്രാഹ്മണരുടെയും നായന്മാരുടെയും കമ്മാളന്മാരുടെയും ഈഴവന്മാരുടെയും ഭക്ഷണവും കഴിക്കും. എന്നാൽ മണ്ണാന്മാർ, പാണന്മാർ, പറയന്മാർ, ചെറുമന്മാർ ഇവർ വെച്ച യാതൊന്നും ഭക്ഷിക്കയില്ല. അവർ ബ്രാഹ്മണരെക്കാളും നായന്മാരെക്കാളും താണവരാണെന്നു സമ്മതിക്കുകയും അവരെ അശുദ്ധപ്പെടുത്താതിരിപ്പാൻ ദൂരം മാറി സഞ്ചരിക്കുകയും ചെയ്യും.

സാമൂഹ്യസ്ഥിതി

എറവാലന്മാർ സ്വാതന്ത്ര്യമുള്ള ചെറുയോഗങ്ങളുമായി പാർത്തുവരുന്നില്ല. മിക്കവരും അതാതു കുടുംബക്കാരുടെ ജന്മികൾ കീഴ്പ്പെ

ത്ത്, കൂലിവേല ചെയ്തു, ദിവസം മൂന്നണ്ണു നെല്ലു കൂലി വാങ്ങിയാണ് കഴിച്ചുവരാറ്. ജാതികളുടെ അനുഭവങ്ങളിൽ കതിരുത്സവത്തിനു കാരകൊണ്ടു ചെല്ലുമ്പോൾ ജാതി ആണുങ്ങൾക്ക് ഇരണ്ടു വേഷ്ടിയും പെണ്ണുങ്ങൾക്ക് ഓരോ പുടവയും ഓണത്തിനും വിഷുവിനും 8-നാഴി നെല്ലും ഒന്നു നാളികേരവും കാച്ചു വെളിച്ചെണ്ണയും നല്ലെണ്ണയും കൊടുക്കും. പിന്നെ കല്യാണത്തിനും ശേഷക്രിയയ്ക്കും നെല്ല്, ഉപ്പ്, മുളക് മുതലായവയും കൊടുക്കും. ചില സമയം 20 കൊല്ലത്തിന് ഒരു കൊല്ലം മുഴുവൻ പണിയാൻ ഏറവാലന്മാർ തയ്യാറാണ്. ചിലർ അവരുടെ സ്ഥിതിയെ നന്നാക്കുവാനായി മുതലാളന്മാരോടു പണം കടം വാങ്ങി കന്നിനെയും മറ്റും മേടിച്ച് അവരുടെ വക കാടുകളിൽ ഒരു ഭാഗം വെട്ടി തെളിയിച്ചു കൃഷിചെയ്തു സമ്പാദിക്കാറുണ്ട്. ഈ ഉദ്യമത്തിൽ തോൽമ പറ്റുന്ന പക്ഷം അവർ മുതലാളുന്ന തങ്ങളോ വേറെ ആളുകൾക്കില്ലുമോ ദേഹം പണയപ്പെടുത്തി കൂലികൂടാതെ വേലയെടുത്തു കടംവീട്ടിക്കളയുന്നതാണ്. എന്നാൽ പെണ്ണുങ്ങൾ ഒരിക്കലും ഈ വിധം ബന്ധനസ്ഥരായിക ഴിയാറില്ല. അവർ സ്വതന്ത്രകളായ കൂലിവേലക്കാരാണ്. ഏറവാലന്മാർ വിശ്വസ്ഥന്മാരും സത്യസന്ധന്മാരുമാണെന്നും കൊച്ചിരാജ്യത്തിലെ വടക്കൻ ദിക്കുകളിലുള്ള പുലയന്മാരെപ്പോലെ മുതലാളന്മാരെവിട്ട് ഓടിക്കളകയില്ലെന്നും അവരുടെ മുതലാളന്മാർ അഭിപ്രായപ്പെട്ടിരിക്കുന്നു.

II നായാടികൾ.

പേർ. പുലയൻ നായാടി ഉള്ളാട

ഇവർ നാട്ടിലെ ചണ്ഡാ

വംശോല്പത്തി ലരിൽ (നാട്ടുഭാഷയി

ൽ) ചെറുമരാണെന്നും

അവരുടെ സമുദായികനിലയ്ക്ക് ഈ പരത്തെ ക്രമംപോലെ ശ്രേഷ്ഠത കല്പിച്ചിരിക്കുന്നതാണെന്നും ‘ജാതിനിർണ്ണയം’ എന്ന ഗ്രന്ഥത്തിൽ പ്രസ്താവിച്ചിരിക്കുന്നു. ഇതിൽനിന്നും നായാടികൾക്ക് ഉള്ളാടന്മാരെക്കാൾ ശ്രേഷ്ഠത കൂടുമെന്നാണ് കാണുന്നത്. എന്നാൽ ഉള്ളാടന്മാർ അതു സമ്മതിക്കുന്നില്ല. അവർ പറയുന്നത് അവർക്കു ശ്രേഷ്ഠത കൂടുമെന്നാണ്. നായാടികൾ കൊച്ചിരാജ്യത്തിലെ വടക്കൻപ്രദേശങ്ങളിലും തെക്കൻ മലയാളത്തിലെ നാട്ടുപ്രദേശങ്ങളിലും നിവസിച്ചുവരുന്നു. അവരുടെ കുടിലുകൾ ഉള്ളാടന്മാരുടേതുപോലെയാണ്. പേരിന്റെ അർത്ഥം സൂചിപ്പിക്കുംപോലെ നായാടികൾ സമർത്ഥന്മാരായ നായാട്ടുകാരാകുന്നു. അവർ മലയാളമാണ് സംസാരിക്കുന്നത്. എന്നാൽ പരിചയമില്ലാത്തവർക്ക് എളുപ്പത്തിൽ മനസ്സിലാക്കുവാൻ കഴിയാത്തവിധം വാക്കുകൾ അത്ര മോശമായിട്ടു ഉച്ചരിക്കയുള്ളൂ. അവർക്ക് ‘ക’ എന്നതിന്റെ ദീർഘോച്ചാരണത്തിൽ വലിയ ഇഷ്ടമാണ്.

കല്യാണസമ്പ്രദായം. കല്യാണം സ്വഗോത്രത്തിൽ നിന്നു മാത്രമേ കഴിയൂ പതിവുള്ളൂ. അതു സാധാരണയായി സ്ത്രീ ഋതുവായതിനുശേഷവും അപൂർവ്വമായി അതിനു മുമ്പും ചെയ്തുവരുന്നു. കല്യാണം തീർച്ചപ്പെടുത്തുന്നതു ഭാര്യാഭർത്താക്കന്മാരാകുവാൻ പോകുന്നവർ കണ്ടു സംസാരിച്ചിട്ടല്ല. അവരുടെ മാതാപിതാക്കന്മാരാണ്.

ഒരുവനു കല്യാണം ചെയ്യേണമെന്നു വരുമ്പോൾ അവന്റെ മാതാപിതാക്കന്മാർ ഒരു സ്ത്രീയെ നോക്കികണ്ടു പിടിച്ച് അവളുടെ മാതാപിതാക്കന്മാരോട് ആലോചിക്കും. അവന്റെ നടവടിയെപ്പറ്റി ബോദ്ധ്യമായാൽ അവർ സമ്മതിക്കുകയും ചെ

ണ്ടും. വധൂപ്പണം ഒരു ഉറുപ്പികയേ ഉള്ളൂ. കല്യാണദിവസം വരൻ അരയിൽ വൃത്തിയായ ഒരു വസ്ത്രവും തലയിൽ പാളകൊണ്ട് ഒരു തൊപ്പിയും ധരിച്ചു മാതാപിതാക്കന്മാരോടും സഹോദരികളോടും ബന്ധുമിത്രങ്ങളോടുംകൂടി വധുവിന്നുകൊടുപ്പാൻ ഒരു പൂത്താലിയും ഒരു കച്ചയും കൊണ്ടു വധുവിൻെറ കുടിലിലേയ്ക്കു ചെല്ലും. അപ്പോൾ അവൾ കുളികഴിച്ചു പുതിയ കല്യാണഉടുപ്പുകൾ ധരിക്കും. ഇവർ താലികെട്ടുന്ന സമ്പ്രദായമില്ല. വിവാഹകാൎയ്യം ചെറുതായ ഒരു സദ്യ പതിവുണ്ട്. ഇതിലേയ്ക്കുള്ള വക രണ്ടുമൂന്നു മാസമായി കൂലിപ്പണി ചെയ്തും മേൽജാതിക്കാരുടെ അടുക്കൽ പിച്ചതെണ്ടിയും സമ്പാദിക്കാൻ കഴിയുന്നതല്ലോ അറിയോ ആണ്. കന്നികൾ കല്യാണദിവസം മുതൽക്കുതന്നെ ഭാൎയ്യാഭൎത്താക്കന്മാരായി കഴിവാൻ തുടങ്ങും. പിറ്റെ ദിവസം രാവിലെതന്നെ വധുവിനെയും കൂട്ടിക്കൊണ്ടു വരൻ സ്വഗൃഹത്തിലേയ്ക്കുപോകും. അപ്പോൾ സാധാരണയായി വധുവിൻെറ ആളുകളാരും ഒരുമിച്ചുണ്ടായിരിക്കയില്ല. പോകുന്നസമയം വധു സങ്കടപ്പെടുവാനൊ കരയുവാനൊ തുടങ്ങിയാൽ, ഭൎത്താവിൻെറ ഗൃഹത്തിൽ ഉണ്ണുവാനും ഉടുക്കുവാനും ധാരാളം കിട്ടുമെന്നും ഒന്നിനും ബുദ്ധിമുട്ടു നേരിടുന്നതല്ലെന്നും മറ്റും പറഞ്ഞു മാതാപിതാക്കന്മാർ അവളെ ആശ്വസിപ്പിച്ചയയ്ക്കും. ഇവിടെ കഴിഞ്ഞതുപോലെ ഒരു സദ്യ അവിടെയും ഉണ്ടാവും. ഒരാഴ്ച കഴിയുമ്പോൾ ദമ്പതിമാർ വധുവിൻെറ ഗൃഹത്തിലേയ്ക്കു ക്ഷണിക്കപ്പെടുകയും കുറച്ചുദിവസം അവിടെ താമസിച്ചതിന്നുശേഷം അവർ മടങ്ങുകയും ചെയ്യും.

വിധവകൾക്കു പുനൎവ്വിവാഹം ചെയ്യാം. എന്നാൽ വിധിയാംവണ്ണമുള്ള കൎമ്മങ്ങളൊന്നും പാടില്ലെന്നേയുള്ളൂ. മരിച്ചവൻെറ വിധവയെ സാധാരണയായി അവൻെറ സഹോദരന്മാർ കല്യാണം ചെയ്യുക പതിവില്ല. ബഹുഭൎത്തൃത്വവും ബഹുഭാൎയ്യാത്വവും നടപ്പില്ല.

ഭൎത്താവിന്നു ഭാൎയ്യയുടെ നടവടി രസിക്കാതായാൽ അവൻ അവളെ അവളുടെ കുടിലിൽ കൊണ്ടുപോയാക്കി വധൂപ്പണം കൊടുത്തിട്ടുള്ളതിൽ പകുതി തിരിച്ചുവാങ്ങി മടങ്ങിപ്പോരും. ഭാൎയ്യക്കു ഭൎത്താവൊന്നിച്ചു കഴിവാൻ പ്രയാസമായിത്തോന്നുമ്പോൾ അവൾ സ്വഗൃഹത്തിലേക്കു മടങ്ങിപ്പോയി വധൂപ്പണം സംഖ്യ തിരിയെ കൊടുക്കയും ചെയ്യും. അവൾക്കു പിന്നെ കല്യാണം ചെയ്യാൻ വിരോധമില്ല. ഭൎത്തൃഗൃഹത്തിൽ നിന്നു ഒഴിഞ്ഞുപോകുമ്പോൾ പ്രായംചെന്ന മക്കളെല്ലാം അച്ഛൻെറ ഗൃഹത്തിൽതന്നെ നില്ക്കുകയും അല്ലാത്തവർ അമ്മയോടൊന്നിച്ചുപോകയുമാണ്. കുട്ടികൾക്കു അമ്മയെ കാണാൻ ആവശ്യമായാൽ എവിടെക്കു പോയി രണ്ടുദിവസം അവളൊന്നിച്ചു താമസിക്കാം. വ്യഭിചാരം മഹാ വിരോധമായിട്ടും വ്യഭിചാരികളെ കാട്ടുമൃഗങ്ങളും ഭൂതങ്ങളും ആക്രമിക്കുമെന്നും ഇവർ കരുതിവരുന്നതുകൊണ്ടു ഇവരുടെയിടയിൽ പാതിവ്രത്യം ഒരുമാതിരി നടന്നുവരുന്നുണ്ടെന്നുവേണം പറയാൻ.

ഗൎഭവും പ്രസവവും.

ഒരു സ്ത്രീ ഗൎഭം ആറാംമാസത്തിൽ കരടിൻെറയോ മലയണ്ണാൻെറയോ മാംസത്തിന്ന് ആഗ്രഹം കാണിക്കും. അവൾക്കു വല്ല ഭൂതങ്ങളുടെയും ബാധയുണ്ടെങ്കിൽ അതു ഒഴിക്കുവാൻ ഏഴാംമാസത്തിൽ ഉഴിഞ്ഞുകളയുന്ന ഒരു പതിവുണ്ട്. ഗൎഭ

സ്രാവവും മററു ദീനങ്ങളും ഈ ഭൂതങ്ങളുടെ ബാധകൊണ്ടുണ്ടാവുന്നതാണെന്നാണ് അവരുടെ വിശ്വാസം. അതിനാൽ അവരെ പരിഹരിപ്പാൻ സ്ത്രീയുടെ കഴുത്തിൽ കാട്ടുദൈവങ്ങളേയും പൂൎവ്വികന്മാരുടെ പ്രേതങ്ങളേയും ചരടു ജപിച്ച് കെട്ടിക്കുക പതിവാണ്. പ്രസവത്തിന്നു സ്ത്രീയെ ഒരു പ്രത്യേകമാടത്തിൽ പാൎപ്പിക്കയും പ്രസവം കഴിയുന്നവരെ അവളുടെ മാതാവൊ ശ്വശ്രുവൊ സഹോദരിയൊ ഇവരും ചില ബന്ധുമിത്രങ്ങളും കാത്തിരിക്കുകയും ചെയ്യും. പ്രസവാനന്തരം സ്ത്രീ ചോറുമാത്രമെ ഉണ്ണുകയുള്ളു. പിന്നീട് ഏഴുമാസക്കാലം അവൾ വേലക്കൊന്നും പോവുന്നതുമല്ല. പെററ പുല 10 ദിവസമാണ്. ആ സമയം അവളെ ഭൎത്താവിന്നു കാണ്മാൻ പാടില്ലാത്തതുമാകുന്നു. കുട്ടിക്കു 28-ാംനാൾ പേരിടുന്നു. ആൺകുട്ടിക്കു മുത്തപ്പന്റെയും പെൺകുട്ടിക്കു മുത്തമ്മയുടേയും പേരാണ് ഇടുവാറ്. സാധാരണയായി ആണുങ്ങളെ വിളിച്ചുവരുന്ന പേരുകൾ ചാത്തൻ, കറപ്പൻ, അയ്യപ്പൻ, ചക്കൻ എന്നും പെണ്ണുങ്ങളെ കാളി, നീലി, കുറുമ്പ, മണി എന്നുമാണ്.

നായാടികളുടെ മുതലവകാശക്രമം മക്കത്തായമാണ്. എന്നാൽ കുടിലും ചില ചെമ്പുപാത്രങ്ങളും മാത്രമെ മുതലുകളായി സാധാരണയുണ്ടായിരിക്കയുള്ളു.

ഭാവികാരവും ഫലസംബന്ധമാനവും. ഇവർ എന്തെങ്കിലും കഷ്ടത്തിലൊ ദീനത്തിലൊ അകപ്പെട്ടാൽ ഉടൻ ഒരു ഗണിതക്കാരനെ വരുത്തി ആലോചിക്കും.

കുറ്റവാദം. ഗണിതക്കാരൻ ഒരു പറയനായിരിക്കും. ദേവതയുപദ്രവമുണ്ടെന്നു കണ്ടാൽ അതു ഒഴിക്കാനുള്ള മന്ത്രവാദിയും ഇവൻ തന്നെ. സംഗതികളുടെ സ്വഭാവവും സത്യാവസ്ഥയും ഇവൻ എങ്ങിനെയെങ്കിലും സൂത്രത്തിൽ മനസ്സിലാക്കും. എന്നിട്ട് ഒരു പിടി നെല്ല് വാരിവെച്ച് നാനാലൊ മുമ്മൂന്നൊ ഈരണ്ടൊ ആയിത്തിരിച്ചു കിട്ടുന്ന സംഖ്യയിൽനിന്നും ചിലതെല്ലാം കണക്കുകൂട്ടിയതായിരിക്കും പ്രസ്താവിക്കുക. അതു ഈ ബുദ്ധിമുട്ടുകളൊന്നുംകൂടാതെതന്നെ അവനെക്കൊണ്ടു പറവാൻ കഴിയാത്തതൊ, അല്ലെങ്കിൽ അവന്റെ സഹായംകൂടാതെതന്നെ ശാന്തമായ ധ്യാനത്താൽ അവരിൽ ഉളവാകാത്തതൊ ആയ യാതൊന്നുമായിരിക്കില്ല. എന്തുകൊണ്ടെന്നാൽ സാധാരണ പീഡകൾക്ക് അവർ സങ്കല്പിക്കുന്ന കാരണം ഒന്നെങ്കിൽ ചിലതില്ലാത്തതിട്ട് വേണ്ടസമയം ദൈവങ്ങൾക്ക് ബലി കൊടുക്കാഞ്ഞിട്ടാണോ അല്ലെങ്കിൽ ഉണ്ടായിട്ട് കൊടുക്കാൻ വിട്ടുപോകയാലോ അവരിൽ ഉൽഭൂതമായ കോപമാകുന്നു എന്നാണ്. സ്ത്രീകൾക്ക് ദേവതയിളക്കമുണ്ടാവുമ്പോഴും ഇവനെത്തന്നെ ആളയച്ചുവരുത്തി അവന്നു ഒരു ചാക്കും കുറെ കള്ളും കൊടുക്കും. അവൻ ചാക്കിട്ടിയേയും മററു ദൈവങ്ങളേയും സങ്കല്പിച്ച് ചിലതെല്ലാം മന്ത്രിച്ചതിന്നു ശേഷം ചരട് അവളുടെ കഴുത്തിലൊ കയ്യ് അവളുടെ വയററിലൊ സ്ഥാപിക്കുകയുംചെയ്യും. നായാടികൾ പാമ്പുകടി ഏല്ക്കാതിരിക്കാൻ കാലിന്റെ വിരലിന്മേൽ ഒരു പിച്ചളമോതിരം ധരിച്ചുവരാറുണ്ട്. ഇതു പലപ്പോഴും ഫലപ്രദമായി കാണപ്പെടുന്നുണ്ടത്രെ. മടകളിൽനിന്നും എലിയെ പിടിക്കുമ്പോൾ കടി പററാതിരിക്കാൻ ഇവർ പാമ്പിന്റെ ആകൃതിയിൽ ഒരു വള പ്രകോഷ്ഠത്തിൽ ധരിക്കുകയും പതിവാണ്.

നായാടികൾ ആനിമിസ്റ്റുകളാ

മംഗളോദയം

ഫാഗ്വൻ

പുസ്തകം 6	മേടമാസം.	ലക്കം 6

മംഗളം.

ത്തൂവെള്ളച്ചാമ്പലഃ സ്വർക്കണ്ണവകലീകലിതാഃ പൂട്ടടെക്കൊല്ലുവുതുമ്പ-
പ്പൂവെള്ളംപോന്ന്യതീമാന്മപെഃ പട്ടതാമൊട്ടങ്കൊള്ളുവാൻ കൊളുക്കൂടം
ശ്രീവള്ളിപ്പൂണർമണാളൻ സേനാപതിയഗജാകൊള്ളുന്നതാള്ളിയൊന്നി-
പ്പൂവെച്ചിഷേനിലിളമതെള്ളിപൊടുവിലസ്യാസാംബന്താലംബനാതമം.

എയിത്തുനക്ഷത്രം.

ഇതിന്ന ഉൽക്കാ എന്നും കൊള്ളിമിൻ എന്നും പേരുകളുണ്ട്. ഇതിന്റെ പോക്കിനെ ചിലർ വേടന്റെ എയിത്ത് എന്ന വിളിക്കുന്നു. ഇതിനെ കണ്ടിട്ടില്ലാത്തവർ ദുർല്ലഭം. ഫൊസ്ഫൊറസ് എന്ന സാധനം അരച്ചു വെച്ചിട്ടുള്ള തീക്കൊൽ ഒരു ചുമരിന്മേൽ ഉരച്ചാൽ ആ വര വീണെടത്തു അല്പനേരത്തേക്ക് ഒരു വെളിച്ചം കാണുമല്ലൊ. രാത്രികാലത്ത് ആകാശത്തിൽ ചിലപ്പോൾ കാണപ്പെടുന്ന എയിത്തുനക്ഷത്രങ്ങളുടെ കാഴ്ച ഏകദേശം ഇതുപോലെയാണ്. വലിപ്പത്തിൽ വ്യത്യാസമുണ്ടെന്നേയുള്ളു. ഈ എയിത്തു പകൽ സമയത്തും സംഭവിക്കുന്നുണ്ട്. സൂര്യന്റെ പ്രകാശം നിമിത്തം നമുക്ക് അപ്പോൾ അതിനെ കണ്ടുകൂടാ.

എയിത്തുനക്ഷത്രങ്ങൾ വാസ്തവത്തിൽ നക്ഷത്രങ്ങളല്ല. നക്ഷത്രങ്ങൾ അത്യന്തം ദൂരത്തിൽ നില്ക്കുന്നു. അവയ്ക്കു സ്വീയമായ പ്രകാശമുണ്ട്. അവ തമ്മിലുള്ള അ

കലങ്ങൾക്കു മാററമില്ല. അവ സൂൎയ്യനെ ആശ്രയിക്കുന്നില്ലെന്നും പരക്കെ ഓരോ സൂൎയ്യന്മാർതന്നെയെന്നും വിശ്വസിക്കപ്പെടുന്നു. എയിഞ്ഞുനക്ഷത്രങ്ങൾക്കു ഭൂമി മുതലായ ഗ്രഹങ്ങളെപ്പോലെതന്നെ തനതു പ്രകാശമില്ല. ഗ്രഹങ്ങൾ സൂൎയ്യനെ ചുററും വൃത്താകാരത്തിൽതിരിയുന്നു. എന്നാൽ ഉൽക്കകളുടെ സൂൎയ്യനെ ചുററുമുള്ള പരിവൎത്തനം അണ്ഡാകൃതിയിലാകുന്നു.

ഉൽക്കകളുടെ സംഖ്യയ്ക്കു കണക്കില്ല. അവ പല വലിപ്പമുള്ളവയാണെങ്കിലും സാധാരണയായി തമ്മിൽ ഏതാനും മയിലുകൾ മാത്രമുള്ളവയായി, ഒരു കൂട്ടമായി, മുൻപറഞ്ഞ വിധം സൂൎയ്യനെ ആശ്രയിച്ചു ആകാശത്തിൽ ഓടിക്കൊണ്ടിരിക്കുന്നു. അവയുടെ വലിപ്പം പലവിധമാകുന്നു. ചിലതു പത്തോ ഏതാനും റാത്തലുകൾ മാത്രം ഭാരമുള്ളവയായിരിക്കും. ചിലതു ചരലുകളെപ്പോലെയോ മണൽത്തരികളെപ്പോലെയോ ചെറിയവയും മററു ചിലതു് അനേകടൺ (൨൨൪൦ റാത്തൽ) ഭാരമുള്ളവയുമായിക്കാണപ്പെടുന്നു.

സൂൎയ്യനിൽനിന്നു അകലുന്തോറും അവയുടെ ഗതിയ്ക്കുള്ള വേഗം കുറഞ്ഞു ഒരു മിനിട്ടിൽ ൩൦ മയിലുകൾവരെ മന്ദമാകുന്നു. എങ്കിലും അതിനോടടുത്തു വരുന്തോറും വേഗം കൂടുകയും ഒടുവിൽ ധരാകക്ഷ്യയാകുന്ന പഥത്തിലെത്തുമ്പോൾ അവ ഒരു മിനിട്ടിൽ ൧൫൦൦ മൈലുകൾ വീതം പായുന്നു. ഭൂമിയോ എന്നാൽ, ഉൽക്കകൾ വരുന്ന ഗതിക്കെതിരായി ഒരു മിനിട്ടിൽ ൧൧൦൦ മൈലുകൾ വീതം ഓടുന്നുണ്ടു്. അതിനാൽ ഉൽക്കകൾ ഭൂമിയുടെ വായുമണ്ഡലത്തിൽ എത്തപ്പെട്ടാൽ അവയുടെ ഓട്ടത്തിനു മിനിട്ടൊന്നിനു ൨൬൦൦ മൈലുകൾ വേഗമുണ്ടാകുന്നു. ഇത്ര അചിന്ത്യമായ ശീഘ്രതയോടുകൂടെ പാഞ്ഞുവരുന്ന ഈ മൂൎത്തികൾ നമ്മുടെ ഭൂമിയിന്മേൽ വന്നടിച്ചാലത്തെ കഥ എന്താണു്? എന്നാൽ ഈ ആപത്തു് ഒരിക്കലും സംഭവിക്കുവാൻ പാടില്ലാത്തതായാണിരിക്കുന്നതു്. വായുവിന്റെ തടവില്ലാത്ത അനന്തമായ നഭോമണ്ഡലത്തിൽ ഈ ഉൽക്കകൾക്കു എത്രയെങ്കിലും വേഗത്തിൽ സ്വൈരമായി നിൎബ്ബാധമായി ഓടിക്കൊണ്ടിരിപ്പാൻ കഴിയും. എങ്കിലും നമ്മുടെ ഭൂമി യാതൊന്നുകൊണ്ടു പൊതിയപ്പെട്ടിരിക്കുന്നുവോ ആ വായുമണ്ഡലത്തിലേക്കു ഉൽക്കകൾ കടന്നാൽ അവയുടെ ശീഘ്രതയുടെ ആധിക്യം നിമിത്തം അവയും വായുവുമായി മുട്ടി ഉരഞ്ഞു നിശ്ശേഷമായ ആവിയായി അലിഞ്ഞുപോകുന്നു. വായുവിൽ അകപ്പെടുന്നതു് അവയുടെ നാശകാരണമായിത്തീരുന്നു. ഇങ്ങനെ വെളുത്ത തേജസ്സ് ആവിയായിപ്പോകുന്ന കാഴ്ചയാണു് നാം എയിഞ്ഞുനക്ഷത്രമെന്ന പേരോടുകൂടി ഭൂമിയിൽ കാണുന്നതു്.

ഇത്ര നേരിയതായ വായുവിന്മേൽ കട്ടിയായ ഒരു സാധനം ഉരഞ്ഞതാൽ അതു് ആവിയായിത്തീരുമോ എന്നു പലൎക്കും സംശയം തോന്നിയേക്കാം. ഒരു തോക്കിൽ ഒരു ഇരിമ്പുണ്ടയിട്ടു വെടിവെച്ചാൽ ആ ഉണ്ട പഴുത്തു ചുവന്ന നിറമുള്ളതാകുന്നതു നാം കാണുന്നുണ്ടല്ലോ. ഇതു സംഭവിക്കുന്നതു വെടിമരുന്നിന്റെ ചൂടുകൊണ്ടല്ല. ഉണ്ട വെടിമരുന്നുകൊണ്ടു കൂടി തീ കൊടുത്താൽ പഴുത്തു നിറം മാറുന്നതല്ല. അതു വായുവിന്മേൽ മുട്ടിയുരയുന്നതുകൊണ്ടാകുന്നു പഴുക്കുന്നതു്. എന്നാൽ ഉൽക്കകളുടെ വേഗം തോക്കിന്റെ ഉണ്ടയുടേതിനെക്കാൾ ഏകദേശം നൂറുമടങ്ങു് അധികമാണു്. ഉരച്ചിൽകൊണ്ടു ചൂടു വൎദ്ധിക്കുന്നതിന്റെ ക്രമം അതിന്റെ വൎഗ്ഗം അല്ലെങ്കിൽ ഗുണിതത്തെ

അനുസരിച്ചിരിക്കും. ഒരു സാധനം ഒരു മിനിട്ടിൽ ഒരു മൈൽ വേഗത്തിൽ മറെറാന്നിന്മേൽ തട്ടി ഉരയുമ്പോൾ അതിന്നു എത്രത്തോളം ചൂടുണ്ടാകുന്നു എന്നിരിക്കട്ടെ. ഈ വേഗം നാലു മൈലുകളായാൽ ജനിയ്ക്കുന്ന ചൂട് നാലുമടങ്ങല്ല; പിന്നെയോ, നാലുപ്രാവശ്യം നാലു, അല്ലെങ്കിൽ പതിനാറുമടങ്ങായിരിക്കും. ഈ കണക്കിനു ഒരു തോക്കിൻ്റെ ഉണ്ട വായുവിന്മേൽ ഉരഞ്ഞു ജനിപ്പിക്കുന്നതിന്നേക്കാൾ ഒരു ഉൽക്കാ പതിനായിരം മടങ്ങു ചൂടുണ്ടാക്കും. ഏതു സാധനവും ചൂടുപിടിച്ചു പഴുക്കുംതോറും പഴുത്തുരുകി ആവിയായിത്തീരുകയേയുള്ളൂ. ഉൽക്കകൾ ഇപ്രകാരം പെട്ടെന്നു അത്യുഗ്രമായ ഉഷ്ണമേറ്റു ആവിയായിത്തീരുന്നതിനെയാണ് നാം എരിയുന്നനക്ഷത്രമെന്നു പറയുന്നത്.

ഉൽക്കകൾ സൂൎയ്യനെ ചുററും അണ്ഡാകാരമായ അതിൻ്റെ പഥത്തിൽകൂടി ഒരിക്കൽ ചുററുന്നതിന്നു അനേകശതകോടി മൈലുകൾ ഓടുന്നു. ഇങ്ങിനെ ഒരിക്കൽ ചുററുന്നതിന്നു അവയ്ക്കു ഏകദേശം ൩൩ സംവത്സരങ്ങൾ വേണം. ഭൂമിക്കടുക്കുമ്പോൾ അവയെ ഉൾപ്രവേശിപ്പിക്കുന്നും വായുമണ്ഡലത്തിൽപ്പെട്ടു കെട്ടുപോകാത്ത വിധത്തിൽ എരിയുന്നനക്ഷത്രങ്ങളാകുമ്പോൾ നമ്മുടെ വെറുംകണ്ണുകൾകൊണ്ടും കാണ്മാൻ കഴിയും. മറ്റു കാലങ്ങളിൽ അവ തീരെ അദൃശ്യങ്ങളായി ഒരു സുനിശ്ചിതമായ പന്ഥാവിൽക്കൂടി നഭസ്സിൽ ചലിച്ചുകൊണ്ടിരിക്കും.

വർഷത്തിൽ ഒരിക്കൽ— നവമ്പർ ൧൨-ം ൧൩-ം തിയ്യതികൾക്കിടയിൽ (വൃശ്ചികം ആദ്യം) ഭൂമി ഈ ഉൽക്കകളുടെ മാർഗ്ഗത്തെ മുറിച്ചുകടന്നുപോകും. ഇതിന്നു ഏതാനും മണിക്കൂറുകളേ വേണ്ടു. അപ്പോൾ അവയുടെ സാധാരണയായ കൂട്ടത്തിൽനിന്നും അകന്നോടുന്ന പലതും ഭൂമിയുടെ വായുമണ്ഡലത്തിൽപ്പെട്ടു പ്രകാശമയമായ ഭസ്മമായി നശിച്ചുപോകുന്നു. ഈ സംഗതിയാലാണ് നാം എരിയുന്നനക്ഷത്രങ്ങളെ പതിവായിട്ടു വൃശ്ചികമാസത്തിൽ കാണുന്നത്. ഈ സന്ദർഭങ്ങളിൽ ഉൽക്കാഗണം മറെറാരേടത്തായിരിക്കാം. അവയുടെയും ഭൂമിയുടെയും ഗതിവേഗങ്ങൾ ഭേദവിധമാകയാലും അവ ഒരിക്കൽ സൂൎയ്യനെ ചുററും ഓടിത്തീരുന്നതിന് ഏകദേശം ൩൩ സംവത്സരങ്ങൾ വേണ്ടിവരുന്നതിനാലും ആ കാലത്തിനിടയിൽ പതിവായി ഭൂമി അവയുടെ അതിവിശാലമായ മണ്ഡലത്തിൻ്റെ ഉള്ളിൽകൂടി ഒരിക്കൽ കടന്നുപോകും. ആ സമയത്ത് അനേകം ഉൽക്കകൾ എരിയുന്നനക്ഷത്രങ്ങളായി നശിച്ചുപോകുന്നു. ഈ കാഴ്ചകളെ അതാതു സമയങ്ങളിൽ കണ്ടിട്ടു ഇതിൻ്റെ വിവരങ്ങളെ ജ്യോതിശ്ശാസ്ത്രജ്ഞന്മാർ രേഖപ്പെടുത്തിവെച്ചിട്ടുണ്ട്.

എന്നാൽ ഇങ്ങനെ മുപ്പത്തിമൂന്നു വർഷങ്ങൾ കഴിയുന്ന അവധികളിലൊക്കെ ഏതാനും ഉൽക്കകൾ നശിച്ചുപോകുന്നതായാൽ അവയുടെ ആകെയുള്ള എണ്ണം ക്രമേണ കുറഞ്ഞുപോകേണ്ടതല്ലേ എന്നും ഒരിക്കൽ അവ നാമാവശേഷമാകയില്ലേ എന്നും ചിലർ ചോദിച്ചേക്കാം. അതേ എന്നുതന്നെയാണ് ഇതിന്നു ശാസ്ത്രജ്ഞന്മാർ ഉത്തരം പറയുന്നത്. എങ്കിലും അവയുടെ സംഖ്യക്ക് അളവില്ലാത്തതിനാലും ഭൂമി അവയെ നശിപ്പിക്കുന്നത് അവയുടെ എണ്ണത്തോടു ഒത്തുനോക്കിയാൽ വളരെ മന്ദമായിട്ടാകയാലും മുൻ സൂചിപ്പിച്ച അവസാനം വരുവാൻ എത്ര യുഗങ്ങൾ പിടിക്കുമെന്നു നിശ്ചയിച്ചുകൂടാ.

ആകാശത്തിൽനിന്നും പല കല്ലുകളായി ഭൂമിയിലേയ്ക്കു വീണു പലേടത്തും കിടക്കുന്നതായി നമുക്കറിവുള്ള കല്ലുകളും ഈ എരിഞ്ഞുനക്ഷത്രങ്ങളോ അവയുടെ അംശങ്ങളോ ആയിരിക്കുമോ എന്നു ചിലർ ചോദിച്ചേക്കാം. അല്ല, അവയുടെ ഉത്ഭവവും വിധവും വേറെയാണെന്നാകുന്നു ജ്യോതിർവിത്തുകളുടെ വിധി. ഈ വിഷയത്തെക്കുറിച്ചു മറ്റൊരിക്കൽ പറയാം.

സി. അന്തപ്പായി ബി. ഏ.

മലയാളം അകാരാദി.

മലയാളഭാഷയിൽ നവീനമായി ഒരു നിഘണ്ടുവുണ്ടാക്കേണ്ടതു പരമാവശ്യമാണെന്നും അതിന്റെ നിർമ്മാണത്തിനു പ്രധാനമായി ആലോചിക്കേണ്ടുന്ന സംഗതികളിന്നിന്നവയാണെന്നും മററും പ്രസ്താവിച്ചു സി. കുഞ്ഞിരാമൻമേനോൻ അവർകൾ കഴിഞ്ഞ ലക്കത്തിൽ എഴുതിയിരുന്ന ഒരു ലേഖനം ഞാൻ വായിക്കുകയുണ്ടായി. ഇപ്പോൾ കണ്ടുവരുന്ന മലയാളം അകാരാദികളിൽ ഒന്നാമത്തേതിൽ പദങ്ങൾ നന്നാ ചുരുക്കവും ഉള്ളവ തന്നെ സംസ്കൃതപദങ്ങളുമാണ്. എന്നാൽ അർത്ഥകാഠിന്യമുള്ള സംസ്കൃതപദങ്ങൾ അവയിൽ കാണുക തന്നെ പ്രയാസം. മലയാളഭാഷയിൽ ഉപയോഗിച്ചുവരുന്ന അർത്ഥഗൌരവമുള്ള പദങ്ങളോ തീരെ ഇല്ലെന്നു തന്നെ പറയേണ്ടിയിരിക്കുന്നു. അതിനാൽ നമ്മുടെ ഭാഷയ്ക്കു നല്ല ഒരു നിഘണ്ടുവിന്റെ ആവിർഭാവം ഒരു നിധിലാഭസദൃശമായി തീരുമെന്നുള്ളതിലേയ്ക്കു രണ്ടു പക്ഷമുണ്ടാകുന്നതല്ല. പക്ഷെ മലയാളം ഒരു സമ്മിശ്രഭാഷയാകയാലും മററും പ്രസ്തുത അകാരാദിയുടെ രചനാകാർയ്യത്തിൽ ചില സംഗതികളും കൂടി ശ്രദ്ധവെയ്ക്കേണ്ടതുണ്ടെന്നാണ് തോന്നുന്നത്. മനുഷ്യർക്കുള്ളതുപോലെ ഭാഷയ്ക്കും പരിഷ്കാരോന്നതികളുണ്ടെന്നു പ്രചീന നവീന ഗ്രന്ഥങ്ങൾ നമ്മളെ ഉപദേശിക്കുന്നുണ്ടല്ലൊ. കലിവർഷം 2500 മുതൽ കൊല്ലവർഷാരംഭം വരെ പഴയ മലയാളകാലവും, അതു മുതൽ 600 കൊല്ലം വരെ മദ്ധ്യകാലവുമാണ്. കൊല്ലവർഷം 600 മാണ്ടു മുതലാണ് നവീന മലയാളകാലം ആരംഭിക്കുന്നത്. കേരളത്തിന്റെ തെക്കും വടക്കും മദ്ധ്യഭാഗത്തുമുള്ള മലയാളഭാഷ എഴുത്തിലും സംസാരത്തിലും ആദിമുതല്ക്കേ വ്യത്യാസപ്പെട്ടാണ് കണ്ടുവരുന്നത്. എന്നു മാത്രമല്ല, മേല്പറഞ്ഞ മൂന്നു കാലങ്ങളിലും നമ്മുടെ മാതൃഭാഷ മൂന്നു സ്ഥിതിയിലാണ് പ്രശോഭിച്ചിരുന്നതും ശോഭിക്കുന്നതും എന്ന് ആ കാലങ്ങളിലെ ഗ്രന്ഥങ്ങൾ മൂലം നമുക്കു ഇന്നും അറിവാൻ കഴിയുന്നതാണ്. മലയാളരാജ്യത്തിന്റെ ഈ മൂന്നു ഭാഗങ്ങളിലും കാലങ്ങളിലും ഗ്രന്ഥങ്ങൾ ധാരാളമുണ്ടായിട്ടുണ്ട്. പക്ഷെ ഒരു ദിക്കിലെ ഭാഷ മറെറാരിടത്തോ ഒരു കാലത്തെതു വേറൊരു കാലത്തോ ജനങ്ങൾക്കു പരസ്പരം മുഴുവനും അറിവാൻ ശക്യമാകുന്നില്ല. ഓരോ പ്രദേശങ്ങളിൽ അതാതു കാലങ്ങളിൽ നടപ്പു

ള്ള പദങ്ങളാണ് ആ ദിക്കുകളിലുള്ള ഗ്രന്ഥകാരന്മാർ അവരുടെ രചനയിൽ ഉപയോഗിക്കുന്നത്. കേരളരാജ്യത്തിന്റെ ദക്ഷിണഭാഗങ്ങളിലുള്ള ഭാഷ തമിഴിന്റെയും വടക്കെഭാഗങ്ങളിൽ കൎണ്ണാടകത്തിന്റെയും മദ്ധ്യഭാഗങ്ങളിൽ സംസ്കൃതത്തിന്റെയും സംസൎഗ്ഗത്താലാണ് പൂൎണ്ണദശയെ പ്രാപിച്ചിട്ടുള്ളത്. പഴയ മലയാളത്തിലുള്ള ഗ്രന്ഥങ്ങൾ ഇപ്പോഴും ചുരുക്കമായിട്ടു കാണുന്നുള്ളുവെങ്കിലും മദ്ധ്യകാലങ്ങളിലെവ സുലഭമാണ്. ആ വക ഗ്രന്ഥങ്ങളിലെ മിക്ക പദങ്ങളുടെ അൎത്ഥവും അറിവാൻ പ്രയാസമായിട്ടാണിരിക്കുന്നത്. 2700-ാം കലിവൎഷത്തിനു മുമ്പുതന്നെ ദ്രാവിഡഭാഷകളും മലയാളത്തെ സഹായിച്ചുവരാൻ ഇടയായിട്ടുണ്ടെന്നു ചരിത്രങ്ങളിൽനിന്നറിയുന്നുണ്ട്. അതിൽ കേരളഭാഷയ്ക്കു തമിഴിനോടാണ് അധികം അടുപ്പമുള്ളതായി കാണുന്നത്. ഒടുവിൽ സംസ്കൃതത്തിൽനിന്നും പല അക്ഷരങ്ങളും പദങ്ങളും കടംവാങ്ങീട്ടുണ്ട്. കാലദേശാദിഭേദങ്ങളാൽ മലയാളഭാഷയ്ക്കു വന്നിട്ടുള്ള വ്യത്യാസങ്ങൾ രൂപവ്യത്യാസങ്ങളിലും പരിണാമങ്ങളിലും അക്ഷരലോപങ്ങളിലും ഭിന്നവാക്കുകളിലും പദങ്ങളിലുള്ള ഭിന്നങ്ങളായ അൎത്ഥങ്ങളിലുമാണ് കണ്ടുവരുന്നത്. ചില ദിക്കിൽ 'നെഞ്ച്' എന്നതിനു പകരം നെഞ്ഞ്; 'പചണി, ചാകണി'; 'മുളഞ്ഞിൽ, ചക്കയരക്ക്;' 'വാഴപ്പിണ്ടി, വാഴത്തട' എന്നിതിന്റെ വാമൊഴികളിലും വരമൊഴികളിലും പ്രയോഗിച്ചുകാണുന്നുണ്ട്. ഇവയ്ക്കു പ്രകൃതിയിൽ ഭേദമില്ലെങ്കിലും അൎത്ഥത്തിൽ ദേശവ്യത്യാസത്താൽ ഭേദമുള്ളതായി കാണുന്നുണ്ട്. ചില ദിക്കിൽ 'പോയി' എന്നൎത്ഥത്തിൽ 'കിഴിഞ്ഞു (കിഴിഞ്ഞു)' എന്നുപയോഗിക്കുന്നതിനു പകരം മറ്റു ചില ദിക്കുകളിൽ 'ഒഴിഞ്ഞു (കീറി)' എന്നുപയോഗിച്ചുവരുന്നതു സാധാരണയാണല്ലോ. പ്രാകൃതഭാഷകളിൽനിന്നും പല പദങ്ങളും മലയാളത്തിൽ വന്നിട്ടുണ്ട്. ഇതു മഹാകവി കാളിദാസൻ മുതലായ ചില പ്രധാന കവികളുടെ നാടകാദികളിൽനിന്നു തന്നെ തെളിയുന്നുണ്ട്. ഇതുകൂടാതെ അറബി, പൎഷ്യൻ, ഹിന്തുസ്ഥാനി, പോൎത്തുഗീസ്സു മുതലായ ചില ഭാഷകളിലുള്ള അനവധി പദങ്ങളും മലയാളഭാഷയെ സഹായിക്കുന്നുണ്ട്. അറബിയിൽനിന്നു അസ്സൽ, ഒസ്യത്ത്, കത്തു, കച്ചീട്ട്, തകരാർ, മാപ്പ്, മുതൽ, മുക്തിയാർ, ജാമ്യം, വക്കീൽ; ഹിന്തുസ്ഥാനിയിൽനിന്നു അമ്പാരി, തപ്പാൽ, ചിലവ്, ചേല, റാന്ത, ഇക്കടി, ഹുണ്ടി; പൎഷ്യൻ ഭാഷയിൽനിന്ന് ഉറുമാൽ, കമാൻ, കാൎന്നവർ, ശാലി, ജമീന്ദാർ, ദസ്തു, അന്താവസ്റ്റ്; പോൎത്തുഗീസ്സിൽനിന്നു ലേലം, കുശിനി, കോപ്പ, വാര, വിജാഗിരി, പീഞ്ഞാണം മുതലായ അസംഖ്യം പദങ്ങൾ ഇതിനെ മലയാളത്തിൽ വന്നു മലയാളപദങ്ങളായി തീൎന്നിട്ടുണ്ട്. ഈ സംഗതികളെല്ലാം ആലോചിക്കുന്നതായാൽ മലയാളത്തിൽ ഒരു നിഘണ്ടു ചെയ്യുവാനാരംഭിക്കുന്നതിനു മുമ്പു മലയാളഭാഷയുടെ ആദികാലം മുതൽ കേരളത്തിന്റെ നാനാഭാഗങ്ങളിലുമുണ്ടായിട്ടുള്ള സൽഗ്രന്ഥങ്ങളെ ശേഖരിച്ച് അവയിൽ അടങ്ങിട്ടുള്ള അൎത്ഥഗാംഭീൎയ്യമുള്ള പദങ്ങളെ എടുക്കുകയോ അല്ലെങ്കിൽ ആ ഭാരം അതാതിടങ്ങളിലുള്ള വിദ്വജ്ജനങ്ങളെ ഏല്പിക്കുകയോ ചെയ്യുന്നതു കൂടാതെ വേദശാസ്ത്രപുരാണേതിഹാസാദികളിൽ ഉള്ള അൎത്ഥശക്തി കൂടിയ പദങ്ങളും സംഗ്രഹിക്കുകയും അമരകോശം ഒരു ആദൎശമായി പിടിക്കുകയുമാണ് വേണ്ടത്. വ്യാകരണനിയമസാ

ന്ധത്തെപ്പററി ആലോചിക്കുന്നതായാൽ മലയാളത്തിനു തമിഴിനോടാണ് അധികം ചേർച്ചയുള്ളതായി കാണുന്നത്. ഈ സംഗതിയാലും, അതാതു ഭാഷക്കു മാത്രം അതിലുള്ള വ്യാകരണഗ്രന്ഥങ്ങൾ ചേരുന്നതുകൊണ്ടും മലയാളഭാഷ ഒരു സമ്മിശ്രഭാഷയാകുകിലും, അതാതു പദങ്ങളുടെ അടുക്കു നാമം, ക്രിയ, അവ്യയം ഇത്യാദിയിൽ ഇന്നതെന്നു തിരിച്ചറിവാനുള്ള അടയാളങ്ങളും ചേർന്നു നന്നായിരിക്കും. മലയാളസംബന്ധത്തിലുള്ള പണ്ഡിതന്മാരിൽ പലരുടേയും അഭിപ്രായങ്ങൾ കാണ്മാൻ കാംക്ഷിച്ചും പ്രാർത്ഥിച്ചും പ്രതീക്ഷിച്ചുംകൊണ്ടു തൽക്കാലം ഈ ലേഖനം ഇവിടെ അവസാനിപ്പിച്ചുകൊള്ളുന്നു.

തോരണത്തു പരമേശ്വരമേനോൻ.

ഞാനും മഹാത്മാവും

ഞാൻ എൽ. ടി. ബിരുദം സമ്പാദിച്ചിട്ടിപ്പോൾ നാലു കൊല്ലങ്ങളായിരിക്കുന്നു. 1909 ഡിസംബർ മാസത്തിലാണ് പരീക്ഷയുടെ ആദ്യഭാഗം ജയിച്ചത്. അതിന്റെ പ്രായോഗികഭാഗ പരീക്ഷക്കായി ഉടനെതന്നെ ഞാൻ മദിരാശിക്കു പുറപ്പെട്ടു. അവിടെ എഗ്മോർ സ്റ്റേഷനിൽ തീവണ്ടിയിറങ്ങിനു എന്റെ താമസം എവിടെയാക്കിക്കണമെന്നു [illegible] പണദൌർലഭ്യം നല്ലോണം ഉണ്ടായിരുന്നതുകൊണ്ടാണ് ഈ സംഗതി ആലോചനാവിഷയമാക്കേണ്ടിവന്നത്. അങ്ങിനെ നിൽക്കുമ്പോൾ അവിടെ ചുവരിൽ പതിച്ചിരുന്ന ഒരു നോട്ടീസ്സ് കണ്ടു വായിപ്പാൻ ഇടയായി. മിൻറ് സ്ട്രീറ്റിൽ 'എമ്പ്രസ്സ് ഹോട്ടൽ' എന്ന നാമധേയത്തോടുകൂടി പുതുതായ ഒരു സ്ഥാപനം ഉണ്ടെന്നും അവിടെ ചെന്നാൽ ചുരുങ്ങിയ നിരക്കിന് സുഖമായ ഭക്ഷണവും താമസിക്കുവാൻ ഒരു മുറിയും കിട്ടുമെന്നുമായിരുന്നു ഈ പരസ്യത്തിന്റെ സാരം. ഇതുതന്നെ കൊള്ളുവാനെന്നു കരുതി അങ്ങോട്ടു യാത്രതിരിച്ചു. അവിടെ ചെന്നു ഹോട്ടൽ കണ്ടുപിടിച്ചു. നായിഡു വർഗ്ഗത്തിലുള്ള രണ്ടു സഹോദരന്മാരുടെ വകയായ ആ ഹോട്ടൽ കെട്ടിടത്തിന്റെ മൂന്നു നിലകളിലുമായി എട്ടു പത്തു പേർ താമസിക്കുന്നുണ്ടായിരുന്നു. മൂന്നാമത്തെ നിലയിലുള്ള ഒരു മുറിയിൽ എനിക്കും സ്ഥാനം കിട്ടി. എന്റെ സാമാനങ്ങൾ ആ മുറിയിൽ സൂക്ഷിച്ചിട്ടു പോയി കുളിച്ചുവന്നു ഭക്ഷണത്തിനു ആരംഭിച്ചു. എന്റെ സമീപത്തായി മറെറാരു മേശമേൽ ഭക്ഷണസാധനങ്ങൾ നിരത്തിവെച്ചു രണ്ടു പേർ ഉദരപൂരണം ചെയ്തുകൊണ്ടിരുന്നു. അവരെപ്പററി ഞാൻ യാതൊന്നും ശ്രദ്ധിക്കാതെ എന്റെ ജോലി തീർത്തു അകത്തു വന്നു വിശ്രമിച്ചു. അന്നുച്ചക്കും വൈകുന്നേരവും ഞാൻ ഭക്ഷണത്തിനു ചെന്നപ്പോൾ രാവിലത്തെപ്പോലെ ഈ അന്യന്മാർ ഇരുപേരെയും പഴയപടി അവിടെ കണ്ടു. ഇവരിൽ ഒരാൾ ദീർഘകായനും സ്ഥൂലനും ആയിരുന്നു. എന്നാൽ മറെറയാൾ തിരെ

മെലിഞ്ഞു നീളം കുറഞ്ഞു കണ്ണുകുഴിഞ്ഞു വളരെ കാലമായി രോഗബാധിതനായി കിടന്നിരുന്ന ഒരാളെപ്പോലെ തോന്നപ്പെട്ടു. പക്ഷെ അയാൾ വിലപിടിച്ച വസ്ത്രങ്ങളും രത്നഖചിതങ്ങളായ അംഗുലീയങ്ങളും ധരിച്ച് സ്വർണ്ണഘടികാരവും ചങ്ങലയും മറ്റും ഉള്ളവനായിരുന്നു. അടുത്ത ദിവസം രാവിലെ ഞാൻ കുളികഴിഞ്ഞ് അല്പം ഓട്ട്മീൽ കഴിപ്പാനായി ഭക്ഷണമുറിയിൽ എത്തി. അവിടെ തലേദിവസം ഞാൻ ഉപയോഗിച്ചിരുന്ന മേശ ഒഴിവില്ലായിരുന്നതു കണ്ടു ഞാൻ അല്പം പരുങ്ങാതെ ഇരുന്നില്ല. എന്റെ ഈ വിഷമസ്ഥിതി കണ്ടു അനുകമ്പ തോന്നിയിട്ടെന്നവണ്ണം അവിടെ ഭക്ഷണം കഴിച്ചുകൊണ്ടിരുന്നവരുടെ കൂട്ടത്തിൽ ഉണ്ടായിരുന്ന ആ ദീർഘകായൻ എന്നെ വിളിച്ചു അയാളും സ്നേഹിതനും ഭക്ഷണം കഴിഞ്ഞിരിക്കകൊണ്ട് ആ മേശ ഉപയോഗപ്പെടുത്താൻ വിരോധം ഇല്ലെന്നു മര്യാദയോടുകൂടി എന്നോടു പറഞ്ഞു. ഒരു മന്ദഹാസംകൊണ്ടു ഞാൻ ആ മനുഷ്യന് നന്ദി പറഞ്ഞിട്ടു ആ ഒഴിവു വന്ന മേശയുടെ സമീപത്തുള്ള ഒരു കസേരയിൽ ഇരുന്നു. ഹോട്ടലിലെ പരിചാരകൻ കൊണ്ടുവന്ന ഓട്ട്മീൽ ഞാൻ കഴിച്ചുകൊണ്ടിരിക്കുമ്പോൾ ആ ദീർഘകായൻ ഇങ്ങിനെ സംഭാഷണം ആരംഭിച്ചു. 'രണ്ടു ദിവസമായി നാം തമ്മിൽ കാണുന്നുവല്ലോ. ഇനി നമുക്കു പരസ്പരം പരിചയമാകരുതോ? നിങ്ങളുടെ പേരെന്താണ്?'.

ഞാൻ— 'എന്റെ പേർ തോമാസ് എന്നാണ്.'

ദീർഘകായൻ— 'എന്നാൽ മിസ്റ്റർ തോമസ് (അദ്ദേഹത്തിന്റെ സ്നേഹിതനായ ആ പടച്ച മനുഷ്യനെ ചൂണ്ടികാണിച്ചിട്ട്) ഞാൻ നിങ്ങൾക്ക മിസ്റ്റർ ചൌട്രിയെ— മിസ്റ്റർ എ. കെ. ചൌട്രി ആഫ് ബാറിപ്പിയെ— പരിചയപ്പെടുത്തുന്നു. നിങ്ങൾ അദ്ദേഹത്തെ കേട്ടിരിക്കും. മിസ്റ്റർ ചൌട്രി! ഞാൻ നിങ്ങൾക്ക മിസ്റ്റർ തോമസിനെയും പരിചയപ്പെടുത്തുന്നു. കൂടുതൽ വിവരം ഒന്നും എനിക്കു അറിഞ്ഞുകൂട.

മിസ്റ്റർ ചൌട്രിയും ഞാനും സ്വാഗതം പറഞ്ഞു. അയാൾ കൈനീട്ടി. അതിനെ ഞാൻ എന്റെ കൈകൊണ്ട് പിടിച്ചപ്പോൾ ഒരു നനഞ്ഞതുപോലെ ശൈത്യം തോന്നിയിരുന്നു. വേഗത്തിൽ ഞാൻ കൈവിട്ടുകളഞ്ഞു. ബാറിപ്പിയിൽ ചൂതുകളികൊണ്ട് വളരെ ധനം ആർജ്ജിച്ചിരുന്ന ഒരു ചൌട്രിയെപ്പറ്റി ഞാൻ വർത്തമാനപത്രങ്ങളിൽ വായിച്ചിട്ടുണ്ട്. അയാളുടെ പുത്രനായിരിക്കുമൊ ഈ മനുഷ്യൻ എന്നു ഞാൻ സംശയിച്ചു. ഏതായാലും ഈ യാളുടെ ആകൃതിവിശേഷം ആദ്യം സന്തോഷം ഉണ്ടാക്കത്തക്കതല്ലെന്നു ഞാൻ തീർച്ചയാക്കി.

'താനാരാണെന്നു ഇതുവരെ പറയാത്ത തെറ്റിനെ ക്ഷമിക്കണമെന്നപേക്ഷ. ഇതാ എന്റെ കാർഡ്. നിങ്ങളോടു പരിചയപ്പെട്ടതിൽ എനിക്കു വളരെ ചാരിതാർത്ഥ്യം ഉണ്ട്!' എന്നിങ്ങനെ ദീർഘകായൻ എന്നോടു പറഞ്ഞുകൊണ്ട് വളരെ കമനീയമായി അച്ചടിച്ചിട്ടുള്ള ഒരു കാർഡ് എന്റെ കൈവശം തന്നു.

വി. ഗോവിന്ദഗുപ്ത,
മഹാത്മാ,
48 ബിഡൻ സ്ക്വയർ,
കല്ക്കട്ട
ആഫീസ് സമയം 10—12 മണിവരെ

എന്നിങ്ങനെയായിരുന്നു കാർഡിലെ

വാചകങ്ങൾ. മഹാത്മാ, തിയോസഫി മുതലായവയെക്കുറിച്ചു ഞാൻ കേട്ടിട്ടുണ്ട്. മിസ്സിസ്സ് ബെസന്റിന്റെ പ്രസംഗങ്ങൾ ഞാൻ മദ്രാസ്സ് വെസ്റ്റ്മിൻസ്റ്റർ പത്രത്തിലേയ്ക്കു റിപ്പോർട്ടു ചെയ്തിട്ടുമുണ്ട്. എന്നാൽ ഇതെല്ലാം പാവങ്ങളെ വലയ്ക്കാനുള്ള ഉപായങ്ങൾ എന്നു തള്ളി അവയെപ്പററി ഞാൻ യാതൊരു അന്വേഷണവും ഇതുവരെ ചെയ്തിട്ടില്ലായിരുന്നു. എന്തായാലും ഈ പുതിയ സ്നേഹിതന്മാരോട് കുറെക്കൂടി സംസാരിപ്പാനൊരു കൌതുകം നിമിത്തം മഹാത്മാ എന്നാലെന്താണ് എന്നു ഞാൻ ചോദിച്ചു.

ഉടനെ ആ ദീർഘകായനായ ഗുപ്താ ഇങ്ങനെ പ്രസംഗിച്ചുതുടങ്ങി. "ഈ തിയോസഫിക്കാരായ മഹന്മാർ പറയുന്നതു നിങ്ങൾ കേട്ടിട്ടില്ല; മഹാത്മാവാകുന്നതിനുവേണ്ടി വളരെ കാര്യങ്ങളും ചെയ്തു ആയുസ്സിന്റെ ഒരു പ്രധാന അംശം വിനിയോഗിച്ചു കഴിഞ്ഞാലും അങ്ങിനെ സമ്പാദിച്ച ആ അറിവു പിന്നീട് ഉപയോഗിച്ചുകൊള്ളണമെന്നാണ് അവരുടെ വാദം. എനിക്കു അത്ര സമ്മതം ഇല്ല. ഞാൻ മഹാത്മാവാകുന്നതിന് ആഗ്രഹിച്ച് ഏഴു കൊല്ലം ടിബാററിൽ ചെന്നു രാപ്പകൽ മുഷിഞ്ഞു പഠിച്ചു. എന്റെ ഡിഗ്രി കിട്ടിയപ്പോൾ തുടങ്ങി ആ അറിവ് ഉപയോഗിച്ചു പണം സമ്പാദിപ്പാനും ഞാൻ ആരംഭിച്ചു."

"അപ്പോൾ— നിങ്ങൾ ടിബാററിൽ പോയിട്ടുണ്ട്, ഇല്ലേ?" എന്നു ഞാൻ വീണ്ടും ചോദിച്ചു. ഗുപ്താ—"ഞാൻ ടിബാററിൽ പോയിട്ടുണ്ടെന്നു മാത്രമല്ല അവിടെ താമസിച്ച് ഏഴു കൊല്ലക്കാലം അവിടത്തെ മഹാ സർവ്വകലാശാലയിൽ അഭ്യസിക്കുകയും ചെയ്തിട്ടുണ്ട്. ഒടുക്കത്തിൽ ഞാൻ 1-ാം ക്ലാസ്സിൽ വിജയം നേടി. നക്ഷത്രവിദ്യ മുതലായതുകളെ ഞാൻ ഒന്നു സംവത്സരം അഭ്യസിച്ചു. അതിലുള്ള എന്റെ പാടവം കണ്ടു സന്തോഷിച്ചു അവർ എനിക്കു പണ്ഡിതസ്ഥാനം നല്കാൻ ഉത്സാഹിച്ചു എങ്കിലും ഞാൻ അതിനു വഴിപ്പെട്ടില്ല. കല്ക്കത്തായിൽ ഞാൻ തിരിച്ചെത്തി. എന്റെ പുതിയ വിദ്യകൾ പ്രയോഗിപ്പാൻ ആരംഭിച്ചു. അങ്ങിനെയിരിക്കുമ്പോഴാണ് പൊലീസ്സിന് എന്റെ സഹായം വേണമെന്നു ആവശ്യപ്പെട്ടത്. ഉടനെതന്നെ എന്റെ ആഫീസ്സ് പൂട്ടിയിട്ടു അദ്ദേഹവും ഒരുമിച്ചു യാത്ര ചെയ്തു ഇവിടെ എത്തിച്ചേർന്നിരിക്കുകയാണ്."

'നിങ്ങൾ കള്ളം പറയുന്നതാണോ?' എന്നു ഞാൻ മിസ്റ്റർ ചൌധരിയോടു ചോദിച്ചു. 'ഞാൻ അതിൽ ഒരു ഭാഗം മാത്രം ഇപ്പോൾ പഠിക്കുന്നു. എന്റെ തൊഴിലിൽ അതു ഉപയോഗപ്പെടുത്താമെന്നു ഞാൻ വിചാരിക്കുന്നു' എന്നായിരുന്നു ആയാളുടെ ഉത്തരം.

മിസ്റ്റർ ഗുപ്താ വീണ്ടും സംഭാഷണം തുടങ്ങി. ആയാളുടെ സൂക്ഷ്മശരീരം സ്ഥൂലശരീരത്തിൽനിന്നു വേർപ്പിരിക്കുവാനാണ് പഠിക്കുന്നത്.

ഞാൻ—'സൂക്ഷ്മശരീരം എന്നാലെന്താണെന്നു എനിക്കു മനസ്സിലായില്ല'.

ഗുപ്താ— 'അതെളുപ്പത്തിൽ മനസ്സിലാക്കാം. നിങ്ങൾക്കു പുറമെ കാണാവുന്നതായ ഒരു ശരീരം ഇല്ലേ? അതാണ് സ്ഥൂലശരീരം. അതിനുള്ളിൽ ആകൃതിക്കു യാതൊരു വ്യത്യാസവും കൂടാതെ മറെറാരു ശരീരം ഉണ്ട്. അതിനെയാണ് ഞങ്ങൾ സൂക്ഷ്മശരീരം എന്നു പറയുന്നത്. പക്ഷെ അതു പ്രാപഞ്ചിക ശക്തികൾക്കധീനമല്ലെന്നൊരു വ്യത്യാസം മാത്രമെയുള്ളു. നിങ്ങൾ ഒരു സോ

ഹായിൽ കിടന്നിട്ട നിങ്ങളുടെ സ്ഥൂലശരീരത്തെ നിശ്ചേഷ്ടമായി അവിടെത്തന്നെ വെച്ചുകൊണ്ട് സൂക്ഷ്മശരീരത്തെ എത്ര അകലത്തെങ്കിലും അയയ്ക്കാം. അവിടെ നടക്കുന്ന കാര്യങ്ങളെല്ലാം കണ്ടുകൊണ്ട് ഒരു നിമിഷത്തിനുള്ളിൽ തിരിച്ചുവന്നു സ്ഥൂലശരീരത്തിൽ പ്രവേശിച്ചുകൊള്ളുകയും ചെയ്യാം. ടിബറ്റിലെ പണ്ഡിതന്മാർ ലാസ്സയിൽ ഒരിക്കൽ അവരുടെ സൂക്ഷ്മശരീരത്തെ ലണ്ടനിൽ അയച്ച് അവിടെ ഒരു ക്ലാസ്സെടുത്തു പഠിപ്പിച്ചുവരുന്നു. മഹാത്മാവാകുന്നതിനു ടിബറ്റിൽ പോയി പഠിക്കുകയാണുത്തമം.'

ഞാൻ—'മിസ്റ്റർ ചൊറിസ്സ്' അദ്ദേഹത്തിന്റെ സൂക്ഷ്മശരീരത്തെ സ്ഥൂലശരീരത്തിൽനിന്നും വേർപെടുത്തി ദൂരദിക്കുകളിൽ അയയ്ക്കുവാൻ സാധിക്കുമോ?'

ഗുപ്താ—'ഉവ്വ്. ആ ശക്തി മുഴുവനായി ഉണ്ടായിട്ടില്ല. ഞാൻകൂടി ഉണ്ടെങ്കിൽ അധികം അകലമില്ലാത്ത ഇടങ്ങളിൽ പോയി വേഗം തിരിച്ചുവരുവാൻ കഴിയും.'

ഞാൻ—'എന്റെ സൂക്ഷ്മശരീരം എനിക്ക് ആഗ്രഹം ഉള്ളേടത്തെല്ലാം കൊണ്ടുപോകുവാൻ നിങ്ങൾക്കു കഴിയുമോ?'

ഗുപ്താ—'ഹാഹാ! ലോകത്ത് ഇതിനെക്കാൾ എളുപ്പമായി മറ്റൊന്നില്ല. നാളെ രണ്ടുമണിക്കു നിങ്ങൾ എന്റെ ആപ്പീസ്സിൽ വരുമെങ്കിൽ ഒരു നിമിഷംകൊണ്ടു നിങ്ങളുടെ സൂക്ഷ്മശരീരത്തെ നിങ്ങൾക്കു ഇഷ്ടമുള്ള സ്ഥലത്ത് അയച്ചുതരാം.'

ഞാൻ—'വലിയ ഉപകാരം. എനിക്കാപത്തൊന്നും ഉണ്ടാകയില്ലല്ലോ.'

ഗുപ്താ—'ഒരാപത്തും ഇല്ല. ചിലവുമൊന്നില്ല.'

ഞാൻ—'നാളെ രണ്ടുമണിക്കു ഞാൻ നിങ്ങളുടെ ആപ്പീസ്സിൽ വരാം. എന്നെ ബോധംകെടുത്തുമോ. എനിക്കു വേദനയെന്നും ഉണ്ടാകുമോ.'

ഗുപ്താ—'ഏയ്. ഒരു വേദനയും ഉണ്ടാകയില്ല. നിങ്ങളെ ഞാൻ കസേരയിൽ ഇരുത്തി ഹിപ്നോട്ടൈസ് ചെയ്യും. വായുവിൽ വിദ്യുച്ഛക്തി അധികം ഇല്ലെങ്കിൽ ഒരാപത്തും കൂടാതെ എവിടെയും പോകാം.'

ഞാൻ—'വിദ്യുച്ഛക്തികൊണ്ടെന്തു ദോഷമാണുണ്ടാകാവുന്നത്!'

ഗുപ്താ—'അതു മറ്റൊന്നുമല്ല. വിദ്യുച്ഛക്തി രണ്ടു തരമുണ്ടെന്നു നിങ്ങൾ പഠിച്ചിട്ടുണ്ടല്ലോ. അവയിൽ വായുവിലുള്ള സാധാരണ വിദ്യുച്ഛക്തിയും (PositiveElectricity) സൂക്ഷ്മശരീരത്തിലുള്ള വിപരീതശക്തിയും (Negative Electricity) ആകുന്നു. അതുകൊണ്ടു നിങ്ങൾ സൂക്ഷ്മശരീരത്തിൽക്കൂടി യാത്ര ചെയ്യുമ്പോൾ ഒരിടിവാളുണ്ടാകുന്നപക്ഷം പരസ്പരവിരുദ്ധങ്ങളായ ഈ ശക്തികൾ രണ്ടുംകൂടി യോജിക്കുന്നതിന് ഇടയാകുകയും അതു നിമിത്തം ദേഹം നശിച്ചുപോകുകയും ചെയ്യും. എന്നാൽ ഇടിവാളുണ്ടാകുമെന്നു സംശയം തോന്നുമ്പോൾ ഉടനെ നിങ്ങൾക്ക് ഓടി തിരിച്ചുവന്ന് നിങ്ങളുടെ സ്ഥൂലശരീരത്തിൽ പ്രവേശിച്ചിരുന്നു കൊള്ളാവുന്നതും ആണ്.'

ഇതെല്ലാം കേട്ട് ആശ്ചര്യപരതന്ത്രനായി തീർന്ന ഞാൻ പാടേ തയാറാകണമായിരുന്നതുകൊണ്ട് എഞ്ചിനീറ് എന്റെ

മുറിയിലേയ്ക്കു പോയി. ദിവസംതോറും ഡംബെൽസെട്ടും ദിനചര്യകളെ സൂക്ഷിച്ചും മററും ഞാനെന്റെ ശരീരം വളരെ നന്നാക്കിയിരുന്നു. അങ്ങിനെ ചെറുപ്പംകൊണ്ടു കൊഴുത്തിരുന്ന എന്റെ ശരീരത്തെ ചോദ്രി പലപ്പോഴും അത്യാഗ്രഹത്തോടുകൂടി ഉററുനോക്കുന്നതു ഞാൻ കണ്ടിരുന്നു. എന്നാൽ ഇത്ര കൃശനും രോഗിയുമായ ആയാളെ കണ്ടു് എനിയ്ക്കു് അത്യധികം ദൈന്യമാണു് തോന്നിയിരുന്നതു്. 'മഹാത്മാ'വായ മിസ്റ്റർ ഗുപ്ത കൂടി എന്നോടൊന്നിച്ചു് എന്റെ മുറിയുടെ വാതുക്കൽവരെ അനുയാത്രയായിവന്നു. അടുത്തദിവസം ഞാൻ ആപ്പീസ്സിൽ ചെല്ലാമെന്നു് ഒന്നുകൂടി പറഞ്ഞിട്ടു് ഞങ്ങൾ തമ്മിൽ പിരിഞ്ഞു. എനിയ്ക്കു ഭാഷയിലും ഇൻഡ്യാചരിത്രത്തിലും ഓരോ പാഠം മെട്രിക്കലേഷൻ ക്ലാസ്സിൽ പഠിപ്പിച്ചു കാണിച്ചു കൊടുക്കേണ്ടതുണ്ടായിരുന്നു. അതിലേയ്ക്കായി പാഠങ്ങൾ തിരഞ്ഞെടുത്തു് എന്റെ മാന്യസുഹൃത്തായ മിസ്റ്റർ ചെറിയാൻ ഉപദേശിച്ചിരുന്നതുപോലെ; എന്റെ മുറി അടച്ചിട്ടശേഷം മുമ്പിൽ ഒരു ക്ലാസ്സുള്ളതായി ചിന്തിച്ചു പഠിപ്പിച്ചു പരിചയിച്ചുകൊണ്ടിരുന്നു. ഇടയ്ക്കിടെ മഹാത്മാവിന്റെ സ്മരണയും ഉണ്ടാകാതെ ഇരുന്നില്ല. അദ്ദേഹം പറഞ്ഞതു പച്ചവെടിയാണെന്നു എനിയ്ക്കറിയാം. എങ്കിലും ചെറുപ്പത്തിന്റെ തള്ളൽ കൊണ്ടായിരുന്നു ഞാനന്നു് ഇതൊന്നു പരീക്ഷിക്കാമെന്നു നിശ്ചയിച്ചതു്. പ്രായം അല്പം കൂടുതലുണ്ടായിരുന്നു എങ്കിൽ ഇതിനു ഞാൻ അശേഷം തുടങ്ങുകയില്ലായിരുന്നു. എന്നാലും പിറേറദിവസം രണ്ടു മണിക്കു ഞാൻ അയാളുടെ ആപ്പീസ്സിൽ എത്തി. അവിടെ ആപ്പീസ്സൊന്നും ഞാൻ കണ്ടില്ലാ. എങ്കിലും ഒരു ഭൃത്യൻ വന്നു 'ഗുപ്താ എന്നവാൾ അകെ ഇരിയ്ക്കിറതു്' എന്നു പറഞ്ഞു. ഞാൻ മച്ചികയിൽ കയറിച്ചെന്നു വാതില്ക്കൽ മുട്ടിയപ്പോൾ മഹാത്മാ തന്നെ വന്നു വാതിൽ തുറന്നു.

'നിങ്ങളെ കണ്ടതു വളരെ സന്തോഷം. ഞാൻ ഈ സ്ഥലം വിടാൻ നിശ്ചയിച്ചിരിക്കുന്നതുകൊണ്ടാണു് മേലങ്കിയും മററും ഇല്ലാത്തതു്. അതെല്ലാം കെട്ടിച്ചുണ്ടു. അതാ, ആ കസേരയിൽ ഇരിയ്ക്കണം' എന്നു പറഞ്ഞു. ഞാൻ ഉടനെ ഒരു കസേരയിൽ ഇരുന്നു. അവിടെ മറെറാന്നിൽ ചോദ്രി ഇരിയ്ക്കുന്നതു കണ്ടു. അയാൾ ഒരു വൈദ്യന്റെ ശസ്ത്രക്രിയാശാലയിൽ ഇരിയ്ക്കുന്നതുപോലെ സാമാന്യം വേദനയോടുകൂടി ഇരിയ്ക്കുന്നു എന്നു് എനിയ്ക്കു തോന്നി. 'ഇതാ നമ്മുടെ സ്നേഹിതൻ മിസ്റ്റർ തോമസ്. അദ്ദേഹം നിങ്ങളും ഒരുമിച്ചു സൂക്ഷ്മശരീരത്തിൽ (Astral body) ഒരു യാത്ര ചെയ്യാൻ ഇച്ഛിച്ചാണു് വന്നിരിക്കുന്നതു്' എന്നു ഗുപ്താ ചോദ്രിയെ നോക്കി പറഞ്ഞു. മിസ്റ്റർ ചോദ്രി ഉടനേ കയ്യെടുത്തു് എനിയ്ക്കു സലാം തന്നു. ഗുപ്താ വീണ്ടും പറഞ്ഞുതുടങ്ങി. 'മിസ്റ്റർ തോമസ് നിങ്ങൾ കുറേനേരത്തെയ്ക്കു നിങ്ങളുടെ സൂക്ഷ്മശരീരത്തെ സ്ഥൂലദേഹത്തിൽ നിന്നകറെറണ്ടിയിരിക്കുന്നു. അതു നിങ്ങൾക്കുവേണ്ടി ഞാൻ സാധിപ്പിച്ചുകൊള്ളാം. വേണ്ടതൊ അപകടം യാതൊന്നും ഉണ്ടാകയില്ലെന്നു ഞാൻ ഉറപ്പു പറയുന്നു. നിങ്ങൾ ആഗ്രഹിക്കുമ്പോൾ ഉടനെ തിരിച്ചുവന്നു പ്രകൃതദേഹത്തിൽ പ്രവേശിച്ചുകൊള്ളുകയും ചെയ്യാം. ഭയപ്പെടാൻ സംഗതി ഒന്നും ഇല്ലാ. അഥവാ ഭയം വല്ലതും ഉണ്ടെങ്കിൽ ഇപ്പോൾ വേണ്ടെന്നു വെയ്ക്കണം.'

ഞാൻ—'എനിക്കു ഭയമൊന്നും ഇല്ല. സൂക്ഷ്മശരീരം എന്നിങ്ങനെ ഒന്ന് ഉണ്ടെന്നും മറ്റും എനിക്ക് അശേഷം വിശ്വാസം ഇല്ലെന്നേയുള്ളൂ. പിന്നെ നിങ്ങൾ പറയുന്നതിൽ എത്രത്തോളം വാസ്തവം ഉണ്ടെന്നറിവാൻ വേണ്ടി മാത്രം ഞാൻ ഇങ്ങനെ നിശ്ചയിച്ചതാണ്.'

ഗുപ്താ—'കൊള്ളാം. വളരെ നല്ലത്. നിങ്ങൾ മിസ്റ്റർ ചൌറ്റിയുടെ സമീപം ആ കസേരയിൽ ഇരിക്കണം. ദൃഷ്ടികൾ എന്റെ കണ്ണുകളിൽ തന്നെ നിശ്ചലമായി പതിപ്പിച്ചുകൊള്ളുകയും വേണം. മിസ്റ്റർ ചൌറ്റി! നിങ്ങൾ മിസ്റ്റർ തോമസ്സും ഒരുമിച്ചു പോകേണ്ടിയിരിക്കുന്നു. എന്നെ സൂക്ഷിച്ചു നോക്കിക്കൊള്ളുക.'

മിസ്റ്റർ ചൌറ്റിയും ഞാനും ഈ പറഞ്ഞതുപോലെയെല്ലാം ചെയ്തു. ഞാൻ വലിയ സ്കൂൾ തിരുവനന്തപുരത്തു പ്രൊഫസർ എൻ എന്നായ പാഴ്‌സിവൽ ഹിപ്നോട്ടിസം മുതലായ വിദ്യകൾ കാണിച്ചപ്പോൾ അയാളുടെ സഹായത്തിനായി എന്നെക്കൂടി പിടിച്ചുകൊണ്ടുപോക പതിവായിരുന്നു. അക്കാലത്ത് അയാൾ വളരെ പ്രയത്നിച്ചിട്ടും എന്നെ ഹിപ്നോട്ടൈസ് ചെയ്യാൻ സാധിച്ചിട്ടില്ലായിരുന്നതുകൊണ്ട് എനിക്കിപ്പോൾ ഭയമൊന്നും ഉണ്ടായില്ല. എങ്കിലും എനിക്കിപ്പോൾ പെട്ടെന്ന് ഉറക്കം വരുന്നതുപോലെ തോന്നി. മിസ്റ്റർ ചൌറ്റിയുടെ ചുറ്റും പുക പോലെ എന്തോ കാണുകയും ക്രമേണ അതു അയാളുടെ പ്രതിരൂപംപോലെ ആയി അതിൽ തന്നെ ലയിക്കുകയും ചെയ്തതായി കാണപ്പെട്ടു. ഇത്രയും കഴിഞ്ഞപ്പോൾ ഞാൻ പെട്ടെന്ന് ഉണർന്നു ബോധം കെട്ടു. ഞാൻ നടക്കുന്നതായി എനിക്കു തോന്നി. അതാ! എന്താശ്ചര്യം! ഇത്ര ക്ഷണത്തിൽ ഒരു സൂക്ഷ്മശരീരം പുറത്തുവരുമെന്നു ഞാൻ വിചാരിച്ചില്ല'— എന്നിങ്ങനെ മഹാത്മാവു പറയുന്നതു ഞാൻ കേട്ടു.

'വളരെ ഭാരക്കുറവായിരിക്കുന്നു.' എന്നു ഞാൻ പറഞ്ഞു. 'ആ വിചാരം വേഗം മാറിപ്പോകും. നടക്കുമ്പോൾ പാദങ്ങളെ സാവധാനത്തിൽ ഊന്നിവയ്ക്കണം. പറന്നുപോകുന്നതുപോലെ വഴിയിൽക്കൂടി നടന്നാൽ ഇതെന്താണെന്നറിവാൻവേണ്ടി ജനങ്ങൾ ലഹളകൂട്ടും. മിസ്റ്റർ ചൌറ്റി! നിങ്ങൾ തയ്യാറായെങ്കിൽ നമുക്ക് ഒന്നു നടക്കാൻ പോകാം.' എന്നു ഗുപ്താ പ്രസ്താവിച്ചു. 'നമ്മുടെ പ്രകൃതശരീരം ഇവിടെത്തന്നെ വച്ചേച്ചു പോകയോ?' എന്നു ഞാൻ ചോദിച്ചു. 'ഒരു തരക്കേടും ഇല്ല. ഞാൻ പൂട്ടിക്കൊള്ളാം' എന്നു ഗുപ്താ ഉത്തരം പറഞ്ഞു. 'അനേകംപേർ ഇങ്ങനെ പോകുന്നവരാകുമ്പോൾ മാത്രമേ അവരവരുടെ ശരീരം കണ്ടറിവാൻവേണ്ടി ഓരോ അടയാളം വയ്ക്കുക പതിവുള്ളൂ. എന്നാൽ ഇപ്പോൾ രണ്ടുപേർ മാത്രം ഉള്ളതുകൊണ്ട് അതാവശ്യം ഇല്ലല്ലോ' എന്നു ഗുപ്താ ഉപന്യസിച്ചശേഷം ഞങ്ങളുടെ സംഭാഷണം നിറുത്തി. എല്ലാവരുംകൂടി താഴത്തെ നിലയിൽ ഇറങ്ങി ഞങ്ങൾ നടന്നുതുടങ്ങി. പാദങ്ങൾ നിലത്തു സ്പർശിക്കുന്നില്ല. എന്റെ പ്രകൃതശരീരവുമായി ആകൃതിയിൽ യാതൊരു വ്യത്യാസവും ഇല്ലാതിരിക്കയും ഭാരം വളരെ കുറഞ്ഞിരിക്കയും ചെയ്യുന്നതുകൊണ്ട് ആകാശത്തേക്ക് ഒന്നു പറന്നുകളിച്ചാലോ എന്നു കൗതുകം തോന്നി. എന്റെ സ്വന്തവസ്ത്രങ്ങൾ, വാച്ച്, ഫൌണ്ടൻപേന മുതലായവയെല്ലാം ഉണ്ടു്. 'ആ വിളക്കുമരം കാണുന്നോ'

എന്നു മഹാത്മാ ഇതിനിടെ എന്നോട് ചോദിച്ചു. 'ഇപ്പോൾ ഇവിടെ വേറെ ആരും ഇല്ല. ആ വിളക്കുമരം അവിടെ ഇല്ലാതിരുന്നാൽ എങ്ങിനെ പോകുമൊ അതുപോലെ അതിനുള്ളിൽ കൂടി കടന്നു പോകണം." എന്ന് അദ്ദേഹം എന്നോട് പറഞ്ഞു. ഞാൻ അപ്രകാരം ചെയ്തു. "നിങ്ങളുടെ ആസ്ട്രൽസാധി യാതൊരു വസ്തുക്കളുംകൊണ്ടു ഉണ്ടാക്കപ്പെട്ടിട്ടുള്ളതല്ലെന്ന് ഇപ്പോൾ നിങ്ങൾക്കു മനസ്സിലായോ" എന്ന് എന്നോട് വീണ്ടും ചോദിച്ചു. നാം എവിടേയ്ക്കാണ് പോകേണ്ടത്? ഇതു നിങ്ങളുടെ ആദ്യത്തെ പ്രയോഗമാകകൊണ്ട് അധികം ദൂരെ പോകുന്നതു യുക്തമല്ല. നമുക്കു മൂർമക്കാവരെ പോയി തിരിച്ചുപോരാം" എന്നു മിസ്റ്റർ ഗ്രൂപ്പ പറഞ്ഞുംകൊണ്ടു ഞങ്ങൾ പാലംകടന്നു മൂർമക്കാറിന്റെ പടിയ്ക്കൽ എത്തി. അപ്പോൾ ഒരു വലിയ ശബ്ദംകേട്ടു. 'അത് ഇടിയാണെന്നു തോന്നുന്നു. ഞാൻ യന്ത്രം നോക്കട്ടെ' എന്നുപറഞ്ഞു മിസ്റ്റർ ഗ്രൂപ്പ തന്റെ കൈവശം ഉണ്ടായിരുന്ന ഒരു ചെറിയ യന്ത്രം എടുത്തു നോക്കി. വായുമണ്ഡലം മുഴുവൻ വിദ്യുച്ഛക്തികൊണ്ട് നിറഞ്ഞിരിക്കുന്നു. നമുക്കു വേഗം തിരിച്ചുപോകണം. അല്ലെങ്കിൽ ആപത്തുണ്ടാകും. മിസ്റ്റർ ചൊറ്റി! നിങ്ങൾ മുമ്പേപോയി വാതിൽ തുറക്കണം. ഞാനും മിസ്റ്റർതോമസ്സും പിന്നാലെവരാം എന്നു ഗ്രൂപ്പ പറഞ്ഞതുകേട്ടു ചൊറ്റി വേഗം പോയി. ഞങ്ങൾ അവിടെ ചെന്നപ്പോൾ ചൊറ്റിയുടെ സ്ഥൂലശരീരം അയാൾ ഇട്ടേച്ചുപോയ കസേരയിൽ തന്നെ കിടക്കുന്നു. ചൊറ്റി എന്റെ ശരീരത്തിൽ പ്രവേശിച്ചിരിക്കുന്നു. ഞാനിതുകണ്ടു വല്ലാതെ അമ്പരന്നുപോയി. അയാൾ ഒരു വിജയം നേടിയതുപോലെ സന്തോഷത്തോടുകൂടെ അടുത്തു വന്നു.

'മിസ്റ്റർ ചൊറ്റിയുടെ ശരീരത്തിൽ ഈ നിമിഷം പ്രവേശിച്ചുകൊള്ളണം. അല്ലെങ്കിൽ ഇടിവാൾകൊണ്ട് ആപത്തുണ്ടായാൽ ഞാൻ ഉത്തരവാദി ആകയില്ല. ജീവൻ വേണമെങ്കിൽ പറയുന്നതു കേൾക്ക്' എന്നിങ്ങിനെ ഗ്രൂപ്പ ഭയപ്പെടുത്തിക്കൊണ്ടു വിളിച്ചു പറഞ്ഞു. 'ആ വൃത്തികെട്ടതു എനിക്കുവേണ്ട. എന്റെ ശരീരം എനിക്കു തന്നെ ഒഴിച്ചുതരണം അല്ലെങ്കിൽ ——' എന്നിങ്ങിനെ ഞാൻ പറഞ്ഞ് അവസാനിക്കായപ്പോൾ 'അല്ലെങ്കിൽ— എന്താണെന്നു ചെയ്യും. ചൊറ്റി തെറ്റായി നിങ്ങളുടെ ശരീരത്തിൽ പ്രവേശിച്ചു. നിങ്ങൾക്ക് ആസ്ട്രൽ ദേഹത്തിൽ ഇരിപ്പാൻ പാടില്ല. അതുകൊണ്ടു ചൊറ്റിയുടെ ശരീരത്തിൽ പ്രവേശിച്ചു ഇടി തീരുന്നതുവരെ ഇരിക്കണം. അതുകഴിഞ്ഞു നമുക്കു നിവൃത്തിയുണ്ടാക്കാം.' എന്നു മിസ്റ്റർ ഗ്രൂപ്പ തടുത്തുംകൊണ്ടു പറഞ്ഞു. ഗത്യന്തരം ഇല്ലാതെ ഞാൻ വിഷണ്ണനായി. ചൊറ്റിയുടെ ആ ഇടുങ്ങിയ വൃത്തികെട്ടശരീരത്തിൽ മനസ്സുകേടോടുകൂടി ഞാൻ എന്റെ പുഷ്ടമായ മാംസപേശികളും വിരിഞ്ഞ നെഞ്ചും എല്ലാം ഞെക്കിപ്പിഴിഞ്ഞു പ്രവേശിച്ചു. ചൊറ്റിയെ ഏറ്റവും അധികം ശകാരിച്ചു. എന്തുഫലം. അയാൾ ഒന്നും മിണ്ടാതെ ഗ്രൂപ്പയുടെ സമീപത്തു ചെന്നുനിന്നു. അവർ എന്നോട് ഇപ്രകാരം പറഞ്ഞുതുടങ്ങി. 'മിസ്റ്റർ തോമസ്! ഞങ്ങളുടെ കാര്യം സാധിച്ചു. മിസ്റ്റർ ചൊറ്റിക്കു ഒരു നല്ല ശരീരം വേണമെന്നുണ്ടായിരുന്നു. ഞങ്ങളുടെ ഉദ്ദേശം ഫലപ്രാപ്തമായി. വഴക്കുണ്ടാക്കാതെ ഇരിക്കുമെങ്കിൽ നിങ്ങൾക്കു ധാരാളം പണം തരാം. അഥവാ വല്ല വഴക്കും ഉണ്ടാക്കിയാൽ നിങ്ങളുടെ ഈ കഥ ആരുംതന്നെ വിശ്വസിക്കില്ല. പക്ഷെ ഭ്രാന്താശുപത്രിയിൽ സ്ഥലം

പിടിക്കേണ്ടതായി വന്നാലുംകൂടി ചെയ്യും. എന്നിട്ടും മിസ്റ്റർ ചൌധ്റിയും ഉടനെ ഒരു സ്ഥലത്തേക്കു പോകേണ്ടതായുണ്ട്. ഞാനും ഇതാ പോകുന്നു.'

ഞാൻ എന്തു ചെയ്യും. അവരെ പ്രതിരോധിച്ചാലോ എന്ന് ആദ്യം വിചാരിച്ചു. എന്റെ ഇപ്പോഴത്തെ ചെറിയ ശരീരത്തിനു യാതൊരു ബലവും ഇല്ല. ഞാൻ ആകപ്പാടെ കുഴങ്ങി. കഷ്ടം. ദൈവമേ! എന്റെ അവസ്ഥ ഇങ്ങിനെ ആയല്ലോ. ഞാൻ എന്തു ചെയ്യട്ടെ. പോലീസ്സുകാരോടു കൊടുത്താലോ. അവർ ഈ കഥ വിശ്വസിക്കുമോ. എന്തായാലും ഒന്നാലോചിക്കാം എന്നു കരുതി ഞാനിരുന്ന ഫ്ളൈയർ ബൈസ്റ്റാർ തപാലാഫീസിന്റെ വരാന്തയിൽ ചെന്നിരിപ്പായി. എന്റെ കാര്യങ്ങളും എല്ലാം ഈ ചെറുതായി പോയതുകണ്ടു ഞാൻ വളരെ ദുഃഖിച്ചു. ഇതിനിടെ യാദൃച്ഛികമായി എന്റെ ഒരു കൈ ഉടുപ്പിന്റെ കീശയിൽ ഇട്ടപ്പോൾ അതിൽ ഒരു ഭാരമുള്ള മടിശ്ശീല കിടക്കുന്നതു കണ്ടു. ഉപാഹിരം രൂപായ്ക്കു പവനും നോട്ടുകളും അതിൽ ഉണ്ടായിരുന്നു. മറ്റൊരു കീശ പരിശോധിച്ചപ്പോൾ അതിൽ മദ്രാസ് ബാങ്കിന്റെ ഒരു ചെറിയ ഒരു ലക്ഷം രൂപായ്ക്കു ഡ്രാഫ്റ്റും അതിലും കണ്ടെത്തി. ആശ്വാസമായി. ചൌധ്റിയുടെ പണമെല്ലാം എന്റെ കൈവശമായിപ്പോയതുകൊണ്ടു അയാൾ തിരിച്ചുവരുമെന്നു ഞാൻ തീർച്ചയാക്കി. അയാൾ തിരിച്ചുവരുമ്പോൾ എന്റെ ശരീരംതന്നെ ആവശ്യപ്പെടാം. അതിനനുകൂലിക്കാത്തപക്ഷം പണമൊന്നും കൊടുക്കാതെ അതെല്ലാം എന്റെസ്വാധീനത്തിലാക്കി ആയാളുടെ നാട്ടിൽ ചെന്നു വസ്തുവകകളും കൈവശപ്പെടുത്തി സുഖമായി പാർക്കാം. എന്നെല്ലാം ചിന്തിച്ചുകൊണ്ടു ഒരു വണ്ടി പിടിച്ചു അതിൽ കയറ് ബാങ്കിലേക്കുപോയി. അവിടെ ചെന്നു കാഷ്യറെ കണ്ടു 'ഈ ഡ്രാഫ്റ്റുമാറണം. ഒരു ലക്ഷവും റൊക്കം വേണംതാനും. വാതം പിടിപെട്ടു വലത്തുകൈ അവശതയിലിരിക്കുകൊണ്ടു ഇടത്തുകൈ ഉപയോഗിച്ചു എഴുതുന്നതിൽ വിരോധം ഇല്ലല്ലോ' എന്നു ഞാൻ ചോദിച്ചതിനു 'മിസ്റ്റർ ചൌധ്റിയുടെ ഏതു കൈകൊണ്ടുള്ള ഒപ്പും ഇവിടെ സമ്മതംതന്നെ' എന്നു വിശ്വാസയോടെ ആ ഉദ്യോഗസ്ഥൻ മറുപടി പറഞ്ഞു. ആ പ്രകാരം ഞാൻ ചെയ്തുകഴിഞ്ഞു. കാഷ്യർ പണം എണ്ണിത്തന്നുകൊണ്ടിരിക്കുമ്പോൾ ചൌധ്റിയും മറ്റും അവിടെവന്നു. ചൌധ്റി എന്റെ ശരീരത്തിൽ പ്രവേശിച്ചപ്പോൾ ആയാൾ കരുതലില്ലാതെയിരുന്നതുകൊണ്ടു വന്നുപോയ പിശക് ആയാൾക്കു മനസ്സിലായി. ഞാൻ പണം വാങ്ങിച്ചുകൊള്ളുമെന്നു ഭയപ്പെട്ടു അതിനിട വരാതെയിരിപ്പാൻ വേണ്ട ശട്ടം കെട്ടുകൾ ചെയ്യാനായിട്ടാണ് അവർ വന്നത്.

'ആ മനുഷ്യനു പണം കൊടുക്കരുത്. അവൻ മഹാ കള്ളനാണ്' എന്നു ചൌധ്റി വിളിച്ചുകൂകി. ഞാൻ അതു കേട്ടതായിപോലും നടിച്ചില്ല. അയാൾ ഒരു ഭ്രാന്തനാണെന്നു നിശ്ചയിച്ചു 'വേഗം ഈ ബാങ്കിൽനിന്നു പുറത്തുപോകാത്തപക്ഷം തന്നെ പോലീസ്സിൽ ഏല്പിക്കും.' എന്ന് ആ ഉദ്യോഗസ്ഥൻ ശാസിച്ചതുകേട്ടു മനോകഷ്ടിതത്തോടുകൂടി അവർ ഇറങ്ങിപ്പോയി. ഞാൻ പണവും വാങ്ങി തെരുവിലേക്കു കടന്നു ചെന്നപ്പോൾ ഒരു പോലീസ് അവിടെ എന്നെ കാത്തുനില്ക്കുന്നു. ചൌധ്റി ഒട്ടത്തുവന്നു 'എടാ! താൻ ഒരു വലിയ കള്ളനാണ്' എന്ന് എന്നോടു പറഞ്ഞു. 'താനോ! കൊതിയനും കള്ളനല്ലേ? എന്റെ കൊ

ഴുത്തു തടിച്ചു ശരീരം കുറയ്ക്കാൻ ലഭിയ്ക്കാതെ പോയതാണല്ലോ ഇതും. വല്ലവരും പ്രയത്നിച്ചാൽ അതിന്റെ ഫലം അനുഭവിപ്പാൻ തുടങ്ങിനടക്കുന്ന ഇത്തരം വനന്മാരെ പുരുഷന്മാരെന്നു പറയുന്നവരെപ്പോലും നാട്ടിൽനിന്നു ആട്ടിയോടിയ്ക്കണം. തന്റെ കൃശവും വിരൂപവും ആയ ഈ ദേഹം എന്നെ 'കെട്ടി ഏല്പിച്ച്' സ്ഥിതിയ്ക്ക് എനിയ്ക്കു കിട്ടിയ പണവും ഞാൻതന്നെ എടുക്കും' എന്നു ഹാസ്യമായി ഞാൻ പറഞ്ഞു.

'മിസ്റ്റർ ചൌരി! ഞാൻ പറയുന്നതു കേൾക്കണം. അയാളോടു വഴക്കടിയ്ക്കണമെന്നില്ല. മിസ്റ്റർ തോമസ് ഒരു യോഗ്യനാണ്. നാം ബലമില്ലാത്ത കാര്യം പറഞ്ഞാൽ അദ്ദേഹം സമ്മതിയ്ക്കും. എന്തായാലും വഴക്കുകൊണ്ടു വലിയ ഗുണമൊന്നും ഉണ്ടാകയില്ലാ.' എന്നിങ്ങനെ ശാന്തമായ ഗ്രബ്ബ് വളരെ ആലോചനയോടുകൂടി പറയുന്നതുകേട്ട ഞാൻ ചിരിച്ചുപോയി.

'കാര്യം പറയുന്നതായാലതു കേൾപ്പാൻ ഞാനും തയ്യാറാണ്. അല്ലാതെ ഭസിയ്ക്കുകയും ഭയപ്പെടുത്തുകയും ഒന്നും എന്നോട് എടുക്കേണ്ട. അതൊക്കെയുണ്ടായിരിക്കട്ടെ. ഞാൻ കാര്യംകളുത്തുകാരനാണെന്നു ഓർമ്മവേണം. എനിയ്ക്കു ധാരാളം പണം കിട്ടിയേ തീരൂ. എന്നോടു ചെയ്ത ഈ ചതിവിന് എനിയ്ക്കു തക്കതായ ലാഭം ഉണ്ടാകാതെ ഞാൻ സമ്മതിയ്ക്കുന്നതല്ല' എന്നു ഞാൻ വാദം തുടർന്നു.

'അതുതന്നെ! അതാണ് ഞാനും പറയുന്നത്. മിസ്റ്റർ തോമസ് ബുദ്ധിമാനാണ്' എന്നു ഗ്രബ്ബ് പറഞ്ഞു.

'ഞാൻ മൌണ്ടുറോഡിലേയ്ക്കു പോകയാണ്. ധനസ്വാമിയുടെ ഹോട്ടലിൽ ഭക്ഷണവും കഴിഞ്ഞ് അവിടെ ഇരിയ്ക്കാം. ഒരു മണിക്കൂറിനകം അവിടെ വന്നാൽ നിങ്ങൾക്ക് എന്നെ കാണാം. മിസ്റ്റർ ചൌരി! നിങ്ങൾ മനസ്സുകൊണ്ട് ഒന്നും ആയാസപ്പെടരുത്. നിങ്ങൾ ധരിച്ചിരിയ്ക്കുന്ന എന്റെ ദേഹം എത്രഭാഗ്യമുള്ളതാണ്. ഓർമ്മയിരിയ്ക്കട്ടെ. മനസ്സിന് അല്പം വല്ല ക്ഷോഭവും ഉണ്ടായാൽ വന്നുകൂടാവുന്ന ആപത്തു ചില്ലറയൊന്നുമല്ലാ' എന്നു പറഞ്ഞുകൊണ്ടു ഞാൻ എണീറ്റു മൌണ്ട്റോഡിലേയ്ക്കു പോയി. അവിടെ ചെന്നു ഹോട്ടലിൽ കയറി അഞ്ചുറുപാസ്സ് ഒരു ഡിന്നർ ശട്ടംകെട്ടി. ചൌരിയ്ക്ക് അജീർണ്ണരോഗം ഉണ്ടെന്ന് ഞാൻ അറിഞ്ഞിരുന്നു. അതുകൊണ്ടു മൂക്കുപിടിച്ചു തിന്നാൽ ഉണ്ടാകുന്ന സുഖക്കേടോടുകൂടി അയാൾക്കു ശരീരം കൊടുത്തേക്കാമല്ലോ എന്നാണ് ഞാൻ ആലോചിച്ചത്. ഞാൻ ഭക്ഷണം കഴിച്ചുകൊണ്ടിരിക്കുമ്പോൾ ചൌരിയും ഗ്രബ്ബും വന്നുകയറി. ഒടുക്കത്തിന് ഒരു ഗ്ലാസ് വീഞ്ഞു കുടിയ്ക്കുവാൻ ഞാൻ അവരെ ക്ഷണിച്ചു. മിസ്റ്റർ ഗ്രബ്ബ് ഉടനെ അതു സമ്മതിച്ചു. എന്നാൽ ചൌരിയാകട്ടെ കുറെ അകലെ ഇരുന്നുകൊണ്ടു കോപത്തോടുകൂടി എന്നെ നോക്കി. കുറെ വീഞ്ഞുകുടിപ്പാനായി ഞാൻ ഗ്ലാസ് കയ്യിൽ എടുത്തപ്പോൾ 'അയ്യോ! വീഞ്ഞു കുടിയ്ക്കരുതേ. എന്റെ വയറിനു കഠിനമായ വിഷപാനമാണ്' എന്നു ചൌരി നിലവിളിച്ചു. 'തന്റെ വയറിനുള്ള ഗുണദോഷങ്ങൾ ഞാനാണോ ആലോചിക്കേണ്ടത്. എനിയ്ക്കു ബോധിച്ചതെല്ലാം ഞാൻ കഴിയ്ക്കും' എന്നായിരുന്നു എന്റെ സമാധാനം.

ഉടനെ ചൌരി സാവധാനമായി പറഞ്ഞു. 'എനിയ്ക്കു എന്റെ ശരീരം തിരിച്ചു കിട്ടണം ഞാൻ അതിനാണ് വന്നിരിയ്ക്കു

ന്നത്. എന്തു കരാറിന്നാൽ നമുക്കു സാധിക്കാമെന്നു പറയുകയേ വേണ്ടൂ. ഞാൻ ഒരുലക്ഷം രൂപായുടെ നോട്ട് ഇന്ന ബാങ്കിൽനിന്നും വാങ്ങീട്ടുള്ളത് എന്റെ കീശയിൽ കിടപ്പുണ്ട്. അതെനിക്കു തരണം. ഇന്നത്തെ ഡിന്നറിന്റെ ചിലവും നിങ്ങൾ വഹിക്കുന്നു."

ചൌറി—"ഒരിക്കലും പാടില്ല. നിങ്ങൾ പറയുന്നത് എന്തക്രമമാണെന്നു ആലോചിക്കുക."

ഞാൻ—"നിങ്ങൾ എന്തെങ്കിലും പുലമ്പിക്കൊള്ളണം". ഞാൻ പറവാനുള്ളതു പറഞ്ഞുകഴിഞ്ഞു. നിങ്ങളുടെ ഇഷ്ടം പോലെ അതിനെ സമ്മതിക്കുകയോ നിഷേധിക്കുകയോ ആവാം. ഞാൻ ധരിച്ചിരിക്കുന്ന നിങ്ങളുടെ ദേഹം വിരൂപമായതാണെങ്കിലും ഇനി എനിക്കു എൽക്കിലും മറവുപോകാതെ ബുദ്ധിമുട്ട തിന്നു അമ്പതുലക്ഷം രൂപായുടെ മുതലാളിയായി സുഖിച്ചിരിക്കാമല്ലോ എന്നൊരു സന്തോഷം എനിക്കുണ്ട്. "ഞാൻ അമ്പതിനായിരം രൂപായുടെ നോട്ടു തന്നുകളയാം. അതിൽ കൂടുതൽ തരുന്നതു കാര്യം പ്രയാസംതന്നെ". എന്നിങ്ങിനെ സമ്മതിച്ചശേഷം പരിഭ്രമത്തോടുകൂടി "അയ്യോ! ഒരു വീഞ്ഞു കടിച്ചൂറിയിരിക്കുന്നു. ഇതു എന്റെ ശരീരത്തിന്നു ഹാനികരമാകുന്നു. എന്താണ് നിങ്ങൾ തിന്നുന്നത്. ഉണക്കിയ പന്നിയിറച്ചിയോ. അയ്യയ്യോ! ഇന്നു എനിക്കു ദഹനക്ഷയം ഉണ്ടാകും" എന്നു ചൌറി നിലവിളിച്ചു. ഒട്ടും കുലുങ്ങാതെ ഞാൻ വീണ്ടും പറഞ്ഞു— "ഒരു ലക്ഷം എന്നു ഞാൻ ആദ്യംതന്നെ പറഞ്ഞിട്ടുണ്ടല്ലോ. പത്തുമിനിട്ടുകൂടി ഞാൻ ഇവിടെ ഇരിക്കും. അതിനിടക്കു കാര്യം നടക്കാത്തപക്ഷം ഞാൻ എന്റെ പാട്ടിന്നുപോകും."

ഞാൻ കുറെ ബേക്കൺ കൊത്തി എടുത്തു തിന്നുതുടങ്ങിയതിനെ ചൌറികണ്ട് അജീർണ്ണംപിടിപെട്ടവരെപ്പോലെ അയാൾ ഞെളിഞ്ഞുതുടങ്ങി. ഇതെല്ലാംകണ്ടുംകേട്ടും നിന്ന മഹാത്മാ അക്ഷമനായി സംഭാഷണം ആരംഭിച്ചു. "മിസ്റ്റർ ചൌറി! നിങ്ങളുടെ പണം തിരിച്ചുകിട്ടാത്തപക്ഷം നിങ്ങളെ ആദ്യം പഠിപ്പിച്ചതിന്നുള്ളപ്രതിഫലം എനിക്കു എങ്ങിനെ തരും. അതുകൊണ്ട് ആ മനുഷ്യൻ പറയുന്നത് കേൾക്കണം. അത്ര കൂടുതൽ പണം അയാൾ ചോദിക്കുന്നില്ല.

ചൌറിക്ക അടക്കാൻവയ്യാത്ത കോപം ജനിച്ചു. പലതും പിറുപിറുത്തുതുടങ്ങി. പത്തുമിനിട്ട് കഴിയും മുമ്പുതന്നെ എന്റെ നിബന്ധന അയാൾക്ക വഴിപ്പെട്ടു. ഒരു ഗ്ലാസ് ഷാമ്പെയിൻ കുടിക്കടിച്ചശേഷം ഞാൻ ശരീരം മാറുന്നതിന്ന തെയ്യാറായിരിക്കുന്നു എന്നു മഹാത്മാവോടു പറഞ്ഞു. അയാൾ എന്നെയും ചൌറിയെയും ഹിപ്നൊട്ടൈസ് ചെയ്തു. വേഗംതന്നെ എനിക്ക എന്റെ സ്വന്തശരീരവും കിട്ടി. ഉടനെ ഞാൻ അവരോടു ഇങ്ങിനെ പറഞ്ഞു.

"നമ്മുടെ ജോലിയെല്ലാം തീർന്നിരിക്ക കൊണ്ട് നിങ്ങൾ വേഗം ഇവിടെനിന്നും പോയ്ക്കൊള്ളണം. നിങ്ങളെപ്പോലെ ഇത്ര വലിയ വഞ്ചകന്മാരെ ഞാൻ വേറെ കണ്ടിട്ടില്ല. ഇനിമേലാൽ വല്ലവരുടേയും ശരീരം മോഷ്ടിക്കുവാൻ ആലോചന ചെയ്യുമ്പോൾ ഈ സംഗതികൂടി ഓർമ്മയിൽ വെക്കണമല്ലൊ." സംഭാഷണം തുടരുവാൻ ഭാവിച്ചപ്പോഴേക്ക എന്റെ പോക്കററിൽ ഉണ്ടായിരുന്ന ഒരുലക്ഷം രൂപായുടെ നോട്ടുകളും ചൌറിയുടെ പോക്കററിലായതിനെപ്പററി എനിക്ക സ്മരണയുണ്ടായി. കോപവും വ്യ

സനവും വല്ലാതെ വർദ്ധിച്ചു. ഞാൻ ചോട്ടിയുടെ കഴുത്തിൽ പിടികൂടി. നോട്ടുകൾ തിരിച്ചുതരുവാൻ ആവശ്യപ്പെട്ടു. തദവസരത്തിൽ മഹാത്മാവു എന്റെ തലക്കു ഒരു കിഴുക്കു തന്നതും ബോധംകെട്ടു ഞാൻ നിലത്തു വീണതും ഒന്നിച്ചു കഴിഞ്ഞു. എനിക്കു സുബോധം ഉണ്ടായപ്പോൾ ഞാൻ ആ അകത്തു തന്നെ ഒരു സോഫായിൽ കിടക്കുകയായിരുന്നു. അവിടെ നിന്നിരുന്ന ഒരു വേലക്കാരൻ എന്നോടു ഇങ്ങിനെ പറഞ്ഞു. "എജമാൻ എണീറ്റുപോകണം, ഞങ്ങൾക്കീമുറി അടയ്ക്കാൻ സമയമായി."

ഞാൻ—"എന്റെ—ആ—ഒരു—സ്നേഹിതന്മാർ—എവിടെ"

ഭൃത്യൻ—അവർ എപ്പോഴെ പോയ്ക്കഴിഞ്ഞു. എജമാൻ കുറെ ഉറങ്ങുകയായിരുന്നു. ഉപദ്രവിക്കരുതെന്നു അവർ പറഞ്ഞു.

എന്റെ തലയുടെ വേദന എത്രയെന്നു അറിഞ്ഞുകൂടാ. ഞാൻ എണീറ്റു ഒരു വണ്ടിയിൽ കയറി എന്റെ താമസസ്ഥലത്തേക്കു പോയി. അവിടെ ചെന്നു ഉറങ്ങുകയും ചെയ്തു. അടുത്ത പ്രഭാതത്തിൽ ഞാൻ ഉണർന്നു എണീറ്റുചെന്നു കുളിച്ചു ഓട്ടീസിലും കഴിച്ചു മഹാത്മാവിന്റെ ആഫീസിൽപോയി. "അവർ രണ്ടാളും ഇന്നലെ എവിടെയോ പൊയ്ക്കളഞ്ഞു" എന്നു ഭൃത്യൻ പറഞ്ഞു. അതിൽ പിന്നീടു ഇതേവരെ ആ മഹാത്മാവിനെപ്പററി ഞാൻ യാതൊന്നും കേൾക്കുകപോലും ചെയ്തിട്ടില്ല.

ഞാൻ കുറെ അധികം വിസ്കികഴിച്ചുകൊണ്ടു സോഫായിൽ കിടന്നു ഉറങ്ങിയപ്പോൾ കണ്ട സ്വപ്നമാണിതെല്ലാമെന്നു വായനക്കാർ വിചാരിക്കുമായിരിക്കും. ഞാനും പക്ഷെ അങ്ങു സമ്മതിക്കുമായിരുന്നു. എന്നാൽ, ചോട്ടിയുടെ വക ഒരു കാർഡുകേയിസും, ഞാൻ മുമ്പ് കണ്ടിട്ടില്ലാത്ത ഒരു കുപ്പും വി. ഗോവിന്ദപ്പിള്ള മേൽവിലാസമാക്കി ചോട്ടിക്കെന്നു പുറത്തെഴുതീട്ടുള്ള രണ്ടുമൂന്നെഴുത്തുകളും എന്റെ കുപ്പായക്കീശയിൽ വന്ന വഴിയേതാണെന്നു ഇനിയുണ്ടാകണം. ഇവ സ്വപ്നത്തിൽ എന്റെ കൈവശം വരാമോ? വസ്തുക്കളെ കിടക്കുന്നിടം സ്വപ്നത്താൽ ആകർഷിക്കപ്പെട്ട മറ്റൊരിടത്തേക്കു മാറ്റാമെങ്കിൽ ആ മഹാത്മാവിന്റെ പ്രവൃത്തികളെക്കാൾ അത്ഭുതകരംതന്നെ.

വി. ഐ. തോമാസ് ബി. എ. എൽ.ടി.

ഒരു കത്തു.

പ്രേമം നഗ്നലകസമേതരൊടൊത്തു പാടുന്നാളുകൾ
നാമൊരുകാലമനിട്ടമൊരിക്കൽ ധർമ്മഗേഹം
ശ്രീമാൻവേനപരനായ്ക്കുന്നായപ്പെട്ടതി
സ്സാമാന്യമെന്ന പരിണയത്തെയുറച്ചുവെ
ന്നോ?

മുന്നംമുതൽക്കഹഹ! നമ്മുടെപ്പൂപ്പികന്മാർ
തന്നംഘ്രിയാൽ പരമപാവനമായഗേഹം
ഇന്നന്യപാൾക്കലപാംസുലമാക്കിവെച്ചോ-
ന്നോന്നതരംഗമയി! താത! സഹിച്ചുമെന്നോ.

ആരെന്തുചെയ്കിലുമയി! പ്രിയതാത! നാളെ
നേരംപുലർന്നപൊഴുതങ്ങിഗംഗനന്ദന
ക്രൂരതപാംസനകനിചോലയിലാണ്ടതങ്ങു-
ന്നേരത്തുമേഘവേഗതീകരിമമൊരാൽ.

കഷ്ടമേ വനമാവാനിടയില്ലന്നമ്മാം
കിട്ടുമോ പെട്ടെന്നെ വന്നാലും പൊന്നായപ്പെട്ടെങ്ങ
ദ്ദുല്ലന്നാം കുസുമാംഗമുകിലൊട്ടും
നഷ്ടമാവാതിടുകയില്ലതു മാദൃഗാത്രം.

എന്നിൽ നീ വാസമിതമാം പ്രണയപ്രസാദ
മുന്നിച്ചിരുന്ന കാലത്തെന്നാശമായില്ല
മന്ദിരതലത്തിലധികം സുഖമായന്നെന്റെ-
തന്നിഷ്ടപുത്രികാംഗിനാമ്പുമാറിരിക്കും.

എന്നെയും പ്രണയവല്ലി പടർന്നപതൽ
തന്നെ മോഹിപ്പൊരുത്സവ പുഷ്പചിതം
എന്നിതിനാൽയി! മോഹിനിയീ വിതമെന്നെ
ത്തന്നെയും മനം ചികഴിച്ചുകഴിച്ചില്ല.

കുടിക്കരിത്തതനകാടികളെപ്പോതെ-
ക്കൊടിപ്പുതോടിലെയൊട്ടെന്നാളഹാവാക്കിയെ
ന്നോ
മേടിത്തിരത്തെരിയ പിടപ്പതിൽക്കൊട്ടുത്തു
മേടിച്ചകാഴ്കകളാകാതിരിയാകരയാൻ.

താളിൽകണ്ണമെ വെയിൽ കൊണ്ടു തളർന്ന
കൊരനർ
വെളിച്ചവേണ്ടിവിഷമിച്ചു വന്നത്തുചാരം
കേളിത്തുപാടിയുമുപേക്ഷയാൻ മനിത്തു-
ന്നാളിൽ കൽവന്നാവരപ്പു! സഖിപ്പുകുട്ടു.
ഉല്ലാസമുള്ളതു വെടിഞ്ഞുമോ "സ്നേഹതോടെ
യെല്ലാം ഹിച്ചുറ്റ് ഹ" എന്ന പോരനവാക്യം
ചൊല്ലുവതാവിരമിതിവിമന്ന്യമാ
ലെ
വല്ലാതെതൽകരളേഹാ! ഇരുപ്പിട്ടന്ന
സോമപ്രഭയോമതലമാപ്പതെല്ലോ?
പ്രേമപ്രസന്നമഖിലമത്രയും ഭാവിയും
ഭ്രാമരക്കളിൽനിന്നൊരുമയന്ധകാര
വ്യോമം കണ്ണയായവനിതൊന്നാറിത്തു.
ഭൂനാം മേഘപാണിയെടുത്തു ചിത്രമന്യാ
ധിനത്തിലീഗ്രഹബന്ധത്തെ വരത്തിടാനാൻ
തൊന്നല്ലയോ ജനകി! ഭാഗ്യപുത്രിയതെ-
ക്കാനൽ ഭ്രമം സഫലമായിവരാവതാണോ.

പാരം മനസ്സിലൊതുകാറുണ്ടതെന്നിതുപ്പ-
ന്നോരെത്തു ദീർഘകിരണം കിടാവായിടുന്നോ
ആരൂഢമാം സ്ഥിതി സംപൊരിയുന്നവാക്കിൽ
സാമാന്യതയെ വെടിഞ്ഞിതഹോ കഥാക്കാം,
ആശ്രയസമ്പാദവത വെടിഞ്ഞിതു ഞാൻ ഹ്രവി-
(വാദ

കാലം കഴിഞ്ഞുപഴിയാമെങ്ങും പോരഞ്ഞു
മാലനാഥാംമനസിചാപ്പുമാനതോ
ജാലത്തിനാലയി! കനിഞ്ഞു മാർഗ്ഗ വല്ലും.

എന്നാളുമമ്മനകിഹാ! നിർവിലസു പാതി-
ത്താനുള്ളകാരുകനിവാർന്നുമില്ലതെന്നോ
ചിന്ന-കൃതാർത്ഥതയെപ്പോതിട്ടു കൊണ്ടുവന്ന-
വെന്നുള്ളിൽ നിന്നതൃഷ്ടം! കഷ്ടമാന്നു തേടാ,
കൊണ്ടാടിയിപ്പതിന്നുമതിനാകിടത്തി.
കാന്തമയമായ് ഞാനെന്റെ പ്രിയമായിരി-
(ജ്ജം
പന്നമായിരോടിയഗ്രഹത്തിനൊന്നൊന്നിമി-
(ത്തം
തന്നോടു താനെന്തു വന്നാകുമതത്തു ലല്ലോ.
ചിന്താമണിത്തനസി ഹന്ത വരുണ്ടു കേട്ടോ
സന്താപമാന്ന് ഹൃദയത്തിനകണ്ടു കൊണ്ടോ
എന്താതു! ഭൂമിയിൽ പിരിപ്പതിലൊന്നല്ല-
തൊന്താകിലും ഇക്കലോകനിവാസമല്ലോ.

താതൻ തൻ താപമേറ്റുന്നതിന്നു ഭ്രഹത്തിൽ
സ്വാതന്ത്ര്യമന്യായമേകഴിച്ചുവരാം
ആതങ്കമെത്തുമിയലാതിനിന്നൊന്നറച്ചു
ഉത്തമ നവിട്ടുപാതാത ഉപമേളിപ്പാൻ.
ഹാ! നിസ്തുലപ്രളയമെന്നതു പോലെ വെ'ഷ-
ദേപാ'നിൽ കഴിഞ്ഞവരുതാ മഴപ്രവാ-
(ഹാൽ,
വന്നികലേശ്ശവഴിനോക്കിയക്കൂടെയ്യു-
ങ്ങാനിപ്പഹോ! പലതും ഞാനെചെയ്യുവെല്ലോ.
പാരംസ്ഥേഹിതമൊത്തു വിശേഷമായ്
വാരത്തിലും പൊണ്ണവികലിവെളിപ്പെട്ട-
(ത്തി

സാരജ്ഞന്മാരുടെസൂക്തികളുടനിന്നിങ്ങി
ന്നോരുത്തമൻകളിൽനിന്നൊഴിയുന്നതി-
(ല്ല.

ക്രൂരാലിംഗാസനസാഹിത്യപ്രാതരക്ഷിണാഗ്രി-
കാരാജ്യദുർഗ്ഗമെന്നാൽപരിരക്ഷചെയ്യാൻ
ഗ്ഗൂഢാനകനുമ് ഫലിതമെയ്ത്തുകൂടി-
സ്വാരാജ്യമാർദ്ദമധികംവിശദീകരിച്ചു.

ഈരണ്ടുധർമ്മിയലുന്നപരാപകാര-
സാമർത്ഥ്യവുംകരുണയുംകലരുംസുവാക്യ-
ക്രമംസപദേശജനാഭിഷേകംവരണത്തിൽ
പ്രേമത്തൊടെന്തഹഹ!മുന്നിൽവരാത്തി-
(ട്ടാൻ.

കോട്ടംമനസ്സിലാരുംവിധമുള്ള ജാതി-
കൂട്ടംധനാശകലഹന്നവിവാഹഭേദം
വാട്ടംവെടിഞ്ഞിവപൊതുതത്തുയജനകൾ
നോട്ടംജനത്തിനിതിലെന്തിനിയുംവരാ-
(ട്ടാൻ.

സാനന്ദമിന്നലെനിശീഥിനിയിൽകിനാവി-
(ൽ

ഗാനംസുധാമധുരമെൻചെവിയാസ്വദിച്ചു
ഞാനവ്യയപ്രണയനിർഭരയാകടാക്ഷ-
ശ്രീനൽകിടുന്നൊരിയമുഗ്ദ്ധയെയങ്ങു കണ്ടു.

കൊണ്ടാടിനാനധുരഹാസവിലാസഭംഗി
കൊണ്ടാട്ടമാർമഹിതമായ കഥാവിശേഷം
തണ്ടാർതൊഴുന്നനിജചാരുകരാഞ്ചലത്തെ
കൊണ്ടാദരത്തൊടുമാടിവിളിച്ചിരുന്നു.

ലോകപ്രശസ്തമഹിമന്നൊരു കാഴ്ച ഞാന-
ന്നേകവ്യഥംഹഹഹ! കണ്ടുനടുങ്ങിയോരാ
ഹാ! കഷ്ടമെന്നുടെ പിതാവിനൊരേവർപിരി-
(ഞ്ഞാൽ
നാകത്തിലുംനരകെഭ്രംശമിന്നിങ്ങിദിഷ്ടം.

ഭീക്ഷിച്ചുമജ്ജനം! തൽജ്ഞാനത്തിലിട്ടു
സൂക്ഷിച്ചുവെച്ച സഹിച്ചിലപത്തുമാസം

ദാക്ഷിണ്യബുദ്ധിയെഴുമാമുഖപങ്കജത്തെ
വീക്ഷിച്ചിടാതൊരുമിനിട്ടുസഹിപ്പതോ ഞാ-
(ൻ.

ഉന്നമ്രകള്ളിയൊടുസോദരസഞ്ചയത്തോ-
ടന്നാക്കിടാവിനടുമാത്രമിതോർവളർന്നു
ഖിന്നതമേടുവരുവിട്ടുസുരാലയത്തിൽ
ചെന്നങ്ങുവാണിടുകയാവിധിയോഗമ-
(ത്രേ.

കാറ്റേറ്റു നാളുകളിലാർത്തവിധത്തിലെ-
(ന്നെ
പ്പോറ്റുന്നതായകലധർമ്മമുറ്റത്തിനോയോ
തീറ്റുന്നതാപമൊഴിയുംപടിയങ്ങുമാമ-
മേറ്റുന്നപൂമനികയാൾവെടിയേണ്ടതിന്നോ-
(ൻ.

തെല്ലിപ്രകാരമതിഘോരതരസ്സഹന!
കല്ലിനുമൽകരളിനൊടുദയാവിഹീനം
സല്ലീലസ്വാന്തിയൊതദിവ്യമഹസ്സുപിന്നീ-
ടല്ലികലെന്നൊരുദയത്തിലുദിച്ചുപോന്നു.

ഇന്നുള്ളതൊന്നുമിഹശാശ്വതമല്ലതുന്ന.
തെന്നുള്ളവാസ്തവമെനിക്കുമനസ്സിലായി
എന്നാംവിനാശമിയലാത്തമഹാപദത്തിൽ
ചെന്നെല്ലസിക്കുവതിനുള്ളിലുറച്ചുധൈര്യം.

ചാടട്ടെയോപുഴയിലുണ്ടൊരു കുത്തിയെല്ലി-
ച്ചീടട്ടെയോ വിഷമശനംകഴിച്ചൊരു ഞാൻ
ഈടറ്റജീവിതമിതെങ്ങിനെ ഞാൻനശിപ്പി-
ച്ചീടട്ടെനിത്യസുഖംപദമാർന്നിടുവാൻ.

അല്ലാ! മഹാഗുണിശവാനകളുമ്പരൊത്തെ
യുല്ലാസപൂർവ്വമിനിയുംതുണിയുന്നില്ല
ചൊല്ലാർന്നമതിഹനനമഹാനിതയോടുപാരി-
ലെല്ലാംകടന്നുമപടന്ബചടിച്ചിടട്ടെ.

എന്നെക്കണ്ണകഴലുംതിരങ്ങുന്നമിന്ദ്രം-
തെന്നാണിമുള്ളപുതൃതാപമഹാദിവാകരി

എന്നെന്നകതാരിലോർത്തോർത്തു ദയാംബുജ-
(ത്തിൽ
ചെന്നെത്തിയാലുപരംവിദേഹിച്ചിടട്ടെ.
അല്പംപകൽപ്രചുരമാംപ്രണയത്തൊ-
(ടല്ലൽ
തെല്ലുംവരാതെതുണച്ചെയ്യുന്നമത്പിതാ-
(വേ!
ചൊല്ലുള്ളശാശ്വതപദസ്ഥിതിനേടുവാൻ
(ഞാൻ
ചെല്ലുന്നഹോ! യജ്ഞവേദിയെടുത്തുമാറോ.
ആരാലുമൂഴിയിലഹോ ഹൃദയംതരാതെ സത്തു
ഘോരാന്ധകാരനികരന്നിമിത്തംനിശിഥം
പാരാകവേയവലംബനമറ്റിതമൊന്നുകൂടി-
ന്നാരാൽമരണോത്സവമായാത്രപാതയിട്ടു
സ്വരസ്പദമിതാ നീമൊന്നുകൂടിയാൽമരണ
കരളിലിളയവിളങ്ങുംതാത!ഹാ!താത
(ത!
ചിരമെന്നിയിവർക്കുദിപ്പതാടപദ്മമേവാൻ
(തൻ-
വരവിനെയന്നവേലംകാണുകാത്തിരി-
(ക്കും.

സ്നേഹലതയെന്നബാലാ
സ്നേഹമെഴുംതാതനോടമെഴുതിയഹോ
മോഹനഗാത്രമഹാനോ
ദേഹംദഹമെഴ്പ്പൂമനു! കാലത്തിൽ.

മതത്തൂർ കൃഷ്ണനാകരമേനോൻ.

ദക്ഷയാഗം

ഭാഷാപ്രബന്ധം

(തുടർച്ച)

കല്യാണമാവിധപ്രകാരംത്രിപുരഹരനെന്നി-
ന്ദ്യന്ദക്ഷന്റെതാനീ
മുള്ളിൽകോപം ശാലികതവശ്ശ വിശാ-
പാവ്യമേകമകാന്തലീലം
കല്യാണ്യാ ശാർത്ഥമാണോപ്യഹഹപരിഷ്ഠാ
യജ്ഞമാഗംനിനക്കി-
ല്ലാതെപോകയെന്നമ്മുനിസദസിശപി
ച്ചതഹിതാഗാൽസപരിഗഹം.
ശ്രീനാഥികേശവനെന്നകണ്ണാരമ്മുതൻ
മാനിസസജ്ജകിലമ ഭൂഭൃതപരാപം
രോഷേണനൈശവപരിവാരജനേമഹാതമാ
പാഷണ്ഡനാംപ്രതിശാപമുടൻ ന്യൂദാനീം.
ഇതഥമെങ്ങും നശാപവൃതികരസമയ
സപ്തസാഹമാമുഖമെകാ-
ണ്ടുല്ലകതാംക്ഷോഭയുക്തിപ്രകടികട്ടുശാ
വാരത്തൻതൃലോകം
സ്തുതപാലാഷായണീംതാംപൂരഹരനെഴു-
ന്നിമെഴ്നാളിനാർപോ-
ലദിഗന്തസ്ഥസാമാക്ഷികാനിവഹമനാ-
മന്ത്രമെകലാസഗിരൗ.
വിശ്വസൃക്പതികളുംസമാപ്യവിധിനാസഹ
സ്രൃപരിവൃതസരാ
മെത്തിനോമവരന്തമെന്ത്രുയുമഗ്ര-
ചിത്രമാമിമാലപം
അത്യാദരമഗന്നിലിനസരിത്തരിതം
പെരിയസംഗമേ
കല്പിതാവളതമജനാപൂപരിതമഗ്ര്യ
ഫന്നിഭണിഭാഗ്യാർ.
ശങ്കരോപിഭഗവാന്രപാതൃജതാചലം
പ്രണയിനീംസതീ-

മംഗനാതിലകമാമവരെണ്ണീടുക
ഌണന്നസുഖസാഗരെ
മുങ്ങിനൊരളവിലസൃക്ഷേമുദിത
ക്രമങ്ങളെല്ലാമിനാരവും
തങ്ങിയില്ലമനകമ്പിലൂമ്പർകല
തന്പിതാനാകതണ്ണാംബുധൌ.

വിദേഹമകാന്തമഹരനോടന്നിശ്ശേഷലോനാ-
ളിതമാകെഴിഞ്ഞതുമുവലോകമ്പുതപ്പിധാതാ
വിശപ്രജാപതികളിൽപ്രഥിതാധിപത്യം
ഉണ്ണനാമചിത്രവിരയപേരമാളികേഷകം.

ആദ്രവമാദയമഹേശ്വരനപരുള്ള
ദേഷിവ് ധായാനദായാ
ധാതാനീടിനവാജ്ഞപേയമഖവും
ഒരഞാനു ഗ്രാമണീഃ
ധാതാതാവിബുധമ്പിവിപ്രസ്തിവരാ
നാവ്യാതൃപാരംതളി
ഞെരാരേയജ്ഞനാം ബ്രഹ്മസ്തുതിസവം
നാമപ്രകാരമോത്തമം.

ലോകസ്വാമികൾമനേചനത്തില്ലഗിരിശ
ദേപഷാലിതസപ്രതമ
നാമകകണകകാമ്പിൽവിശമരഹിത
തസ്സിൻമഹാവധംമോരേ.
വൈകണ്ഠാംപൂജനംചെയ്‌വോതത്തിനാരെ
സച്ചേപിചെയ്തീടിനാർ
നാകവാസികൾനാലെമർദ്ദനിലി-
സ്സാകംപ്രകാരമോത്സുകാഃ.

തസ്സിൻകാലേകദാചിൽകലിതമണിഗ
കാഞ്ചനാകല്പിതാമേത്യ (ഞെ
സ്വച്ഛന്ദമെന്നുമടപരിചിനോട്ടസതീ
ദേവിതാനാവസന്തി
ഗച്ഛന്തീനാമവിടമെന്നെസ്സമരിവിചവോ
ളക്ഷ്യമാനമിപ്പുള്ളോ
ലിപ്പാലാപേവിദ്‌നാമപ്രഹിതപിതൃമേധം
കൌതുകാൽദ്രാനമാപ.

നാഥാകാണേണമെസംപ്രതിപിതൃമഖം
കാണണമിന്നെനിക്കൊല്ലാർ
മിതെസംശ്രുതൃപോകനിലുകനാകവിമാ
നേഷുചെന്നാതമകാരെന്തു
മോദാൽമ്രുതഃക്രസഃഭംപ്രിയതമമവതാ
ദേനമുല്യാഘചത്തിൻ
പ്രായാസ്യല്പേഃഖകോന്മാൻമനസിമക
കൌതുകംചെല്ലുവല്ലൻ. (വിമോ

മംഗ്ലാദചെന്നാതമകാരെതിൽമുഖഗിനികളും
പോണവന്നീടുകല്ലോ
മംഗല്യാത്രസന്തനതവാചകനാകാ
കല്പശില്പിമാമ.
ചെന്നാലൊന്നിപ്പൂകാണാമവരെമുടനൊ
മന്ദ്രലോകതതാന്നിൻ
ഇംഗതാമാഗന്നതജതധപജതചിമ്മനിമി
സ്സമൃക്രനാകൃതാനാം.

ജാതാമോഗഃവിഷമനിന്നിതവടിയൊട്ടുചെ
ന്ധ്യപരെതത്രഗതാ
നാഥാതത്ര സ്വസ്വജ്യോമഹിതസദസിമൽ
പ്രീവകൾക്കുവാനോ?
എന്താസ്സമാതിമാതന്യതകചകലിധി
മസമയംപൂണ്ടെഴിനം
മിതെമിതെതഴ്ച്ചുന്നിളമനസികൃപാ
വാരിധേകൌതുകംമേ.

ആരുറുരിംചെയ്തില്ലേ പിതൃമഖകൊട്ടചെ
ല്ലേണമെല്ലാഗ്രഹ്മണാം
ഗേഹംചെല്ലാമിതെല്ലാമമിതിനൊ
ളിപ്പക്കല്യാണങ്ങളേ! (തകി
ലോകനാംനാഥകന്മം പ്രതിത്തമനാ
സ്നേഹമുണ്ടെങ്കിലോമാ (സി
മാകാംക്ഷമല്ലപൃതിപ്പതിനൊതകണാ
ക്കളെതാംതമ്പിതാരനു!

വാഞ്ഛനാകൌതുകവശാദിതി ഭാമിനീനാം
ഭാഷാന്തരാണി പ്രതിജഗാദ പിനാകധന്വാ
യോഗ്യം ത്വയോക്തമിതു വാഗ്ഭവമെങ്കിലും കേ-
ളോർക്കാവിധൌ സുദതി സങ്കടമുണ്ടനേകം.

വിശേഷാതവതാരമുണ്ടായിതേ
നമ്മെക്കുറിച്ചൊരാവും
സത്യേ വിശേഷസ്സജാതീയവചനം
മുഖ്യമായിച്ചീലയോ
മര്‍ത്ത്യതനുഗതാം മമ പ്രിയതമാം
മാനിച്ചയില്ലെന്നതേ
വൃത്തിം താരാകപി സത്യമിന്നു പറേന
ഭേദങ്ങളോതമാഗ്രണീ.

നന്നായ്‌ നാണംകെട്ടക്കം പുനരവനധികാ
ഭേഷണന്നാമെന്തൊരാ
നീയ്യൊന്നിതംബീവനാമഹേ സമയിലെ രസ്യസ-
ക്കേട്ടമെത്തിട്ടമല്ലോ
എന്നമാന്നല്ലോ നിതല്പനിനവിതു പറയാ
തസ്യുര്‍പ്പാകൊരോമനേ
മുന്നംതോരാതെത്തുള്ളിച്ചു വിലസദ് വിസ-
പ്പംഭരിച്ചിട്ടു പോന്നു.

വിശേഷമാന്യസ്വഭാഷാനിയതം ഗതീയ-
ന്ത്യന്തശത്രുജനമെന്നതിനാലുകൊണ്ടീ
സത്യാന്തരീയകടുവാക്‌പരിഭ്രതിയെക്കാൾ
മുദ്ധ ചൊല്‍പ്പതൊരു ശല്യമിവാതമല്ലോ.

ബാലേ നാമൊരുഭക്തർ പലതരമെപ്പോ-
ഴങ്ങൾ ചെയ്തിടിനാലും
ചേലനീതിട്ടുള്ള പാദവിലപപിസ-
ഹിക്കുന്നതവനാകൂട.
കേളെന്നാലാ നവോത്മതൽപരിസാളവിചെ-
ല്ലാനവാ ശീലമേചാന്നാൽ
നീലാക്ഷീമാലികേ നല്ലുമകിലപ്പിയതാ-
വല്ലതീത്തുമപ്പോള്ളാം.

ശ്രുതപാഗിരംതാം മധുരതരാംഹുധാ-
ണ്ടുമായ ദേവീനിജതേത്തകൊൽ
അത്യാകലോദാപ്പുലോചിലാക്ഷീ
വക്ത്രാംബുജം താഴ്ത്തിയങ്ങോട്ടിനാ.

ചീർത്തോരശോകയാശാ നിജപ്രിയായാ.
സീതുണ്ണിവെള്ളാമപിന്നാശാരാർപ്പിനാകി
സാധ്വീ ചതാംകരിതുരവൊടുമൊരാതുറാം
നീത്യാലിവന്ദ്യവനാൽ പ്രയമൊമവാനി.

(തുടരും)

—

വായുസംകീർണ്ണമായ പാനീയങ്ങൾ

(അവയുടെ ഉത്ഭവവും വളർച്ചയും)

—

ലെമണേഡ്, സോഡ, മുതലായ പാനീയങ്ങൾ നാം ഇക്കാലത്തു ധാരാളം കാണുകയും ഉപയോഗിക്കുകയും ചെയ്യുന്നുണ്ടല്ലോ. ദഹനക്ഷയത്തിനു സോഡാപാനീയം ഉപയോഗിക്കുവാൻ വൈദ്യന്മാർ അഭിപ്രായപ്പെടുന്നുണ്ട്. വേനൽക്കാലത്ത് ഉഷ്ണശമനത്തിന്നായി തണുപ്പുള്ളതും വായുസംകീർണ്ണവുമായ പാനീയങ്ങൾ നാം ആവശ്യപ്പെടുന്നു. പോരെങ്കിൽ സ്വസ്ഥാനത്തിന്നായി നാം വേനൽക്കാലത്ത് ചില പ്രസിദ്ധപ്പെട്ട സ്ഥലങ്ങളിലും പോയി കഴിച്ചുതാമസിക്കുന്നുമുണ്ട്. ഇപ്രകാരം വായുസംകീർണ്ണമായ പാനീയങ്ങൾക്കു പലപ്രകാരത്തിലും പ്രസിദ്ധിയും പ്രചാരവും സിദ്ധിച്ചിരി

ക്കുന്ന ഇക്കാലത്ത്, അവയുടെ ഒരു ചുരുക്കിയ ചരിത്രത്തെ ഇവിടെ പ്രസ്താവിക്കുന്നതു അനൗചിതമായിരിക്കയില്ലെന്നു വിശ്വസിക്കുന്നു.

ലോകത്തിലുള്ള എല്ലാ സ്വാഭാവിക ഉറവുകളിലെയും (Springs) വെള്ളത്തിൽ അംഗാരാമ്ലം (Carbonic acid gas) മുതലായ പലവിധ വാതകങ്ങളും പലമാതിരിയുള്ള ഉപ്പുകളും ധാരാളം കൂടിക്കലർന്നിട്ടുണ്ടെന്നുള്ള വാസ്തവസംഗതി ഏറെക്കുറെ എല്ലാവർക്കും ബോദ്ധ്യപ്പെട്ടിട്ടുള്ളതാണല്ലോ. ഭൂഗർഭത്തിലുള്ള അതിതീക്ഷ്ണമായ ചൂടുകൊണ്ടും, ഭൂമിയുടെ ഉള്ളിലുള്ള പല പദാർത്ഥങ്ങളിൽ കൂടിയും പൊങ്ങിവരുന്ന ഉറവുകൾ ഓരോ പദാർത്ഥങ്ങളിലും അന്തർഭവിച്ചിരിക്കുന്ന വൈദ്യുതശക്തിയാൽ ചൂടുപിടിക്കുന്നതുകൊണ്ടുമാകുന്നു ഇപ്രകാരം ഉപ്പുരസം ധാരാളമായി കൂടിക്കലരുവാൻ ഇടയാകുന്നത്. നാം കാണുന്നതും ഉപയോഗിക്കുന്നതുമായ പലവിധ ലോഹങ്ങളും ഭൂമിയുടെ അന്തർഭാഗത്തിൽ അവകളുടെ അപൂർണ്ണസ്ഥിതിയിൽ ഇരിക്കുന്നതിനെയാകുന്നു ഇവിടെ ഉപ്പായിട്ടു പ്രസ്താവിച്ചിരിക്കുന്നതെന്നു വായനക്കാർ പ്രത്യേകം ഓർമ്മവെയ്ക്കേണ്ടതാകുന്നു. ഇപ്രകാരം പലവിധ ലോഹങ്ങളുടെയും സമ്മിശ്രത്താൽ ഈവക ഉറവുകൾക്കു വൈദ്യസംബന്ധമായി ഒരു പ്രാധാന്യം സിദ്ധിച്ചിട്ടുണ്ട്. അതുകാരണത്താലാണ്, ചില പ്രത്യേകസ്ഥലങ്ങളിലുള്ള ഉറവുകളിലെ വെള്ളം ഉപയോഗിക്കണമെന്നു വൈദ്യന്മാർ ചികിത്സയിലിരിക്കുന്ന ദീനക്കാരോട് അഭിപ്രായപ്പെടുന്നത്. ഇപ്രകാരമുള്ള സ്ഥലങ്ങൾ, ഫ്രാൻസ്, ജർമ്മനി, ഇറ്റലി, സ്പെയിൻ മുതലായ രാജ്യങ്ങളിലുണ്ട്. ഇന്ത്യാരാജ്യത്തിൽ തിരുവണ്ണാമലി, കോർട്ടാലം വെള്ളച്ചാട്ടം മുതലായ സ്ഥലങ്ങൾക്കും നമ്മുടെ കൊച്ചിരാജ്യത്തിലുള്ള ആലുവാപ്പുഴ, ചാലക്കുടിപ്പുഴ, മുതലായ നദികൾക്കും, ഈ കാരണത്താലാണ് പ്രസിദ്ധി കിട്ടിയിരിക്കുന്നതു. എന്നാൽ, ദാരിദ്ര്യത്താലും, ദീനത്തിന്റെ ആധിക്യംകൊണ്ടും മറ്റും അകലസ്ഥലങ്ങളിൽ പോയി കുളിച്ചു താമസിക്കണമെന്നുള്ള വൈദ്യക്കാരന്റെ അഭിപ്രായം സ്വീകരിപ്പാനും നിവൃത്തിയുണ്ടാവാനും എല്ലാ ദീനക്കാർക്കും സാധിച്ചുവെന്നു വരികയില്ല. ആ സ്ഥിതിക്ക് ഈ വക സ്വാഭാവികമായ ഉറവുവെള്ളങ്ങളുടെ ഗുണങ്ങൾക്കു യാതൊരു ഭംഗവും വരാത്തവിധത്തിൽ മനുഷ്യപ്രയത്നത്താൽ അതുകളോട് സാദൃശ്യമായ വെള്ളങ്ങളുണ്ടാക്കുവാൻ സാധിക്കുമെങ്കിൽ, അന്യദേശങ്ങളിൽ പോയി താമസിക്കുന്നതിൽനിന്നുണ്ടാകാവുന്ന ബുദ്ധിമുട്ടുകളിൽനിന്നു ദീനക്കാരെ ഒഴിവാക്കി അവരെ അവരവരുടെ വീടുകളിൽതന്നെ കിടത്തി ചികിത്സിക്കുവാൻ സാധിക്കുമല്ലോ. ഈ ആലോചനയാണ് വായുസമ്മിശ്രമായ പാനീയങ്ങളുണ്ടാക്കുവാനുള്ള ഉദ്യമത്തിലേക്കു ശാസ്ത്രജ്ഞന്മാരെ പ്രേരിപ്പിച്ചത്.

അംഗാരാമ്ലവായു കണ്ടുപിടിച്ച് അതിന്റെ പ്രകൃതിയെപ്പറ്റി സൂക്ഷ്മമായി ഗ്രഹിച്ചതുകൊണ്ടാണ് പ്രസ്തുതപാനീയങ്ങൾ നിർമ്മിക്കുവാൻ സാധിച്ചതു. എന്തുകൊണ്ടെന്നാൽ, അംഗാരാമ്ലവായുവിന്റെ സമ്മിശ്രത്താലാണ് ചില പ്രത്യേക ഉറവുവെള്ളങ്ങൾക്കു ഗുണം സിദ്ധിച്ചിട്ടുള്ളതെന്ന് പതിനാറാം നൂറ്റാണ്ടിൽ തന്നെ കണ്ടുപിടിച്ചിരിക്കുന്നു. നാം ലന്തച്ചുണ്ണാമ്പ് എന്നു പറയുന്ന ചോക്കിലും കട്ടകളിലും അംഗാരാമ്ലവായു ധാരാളമുണ്ടെന്നു 'പാറസൽ സസ്സ്' എന്ന മഹാനും അദ്ദേഹത്തിന്റെ

ശിഷ്യനായ 'വാൻഹെൽമൊണ്ട്' എന്നാളും കൂടി പതിനാറാംനൂറ്റാണ്ടിന്റെ അന്ത്യത്തിൽ കണ്ടുപിടിക്കുകയുണ്ടായി. അതിനുശേഷം, കൽക്കരി കത്തിക്കുക, അനിപച്ചുതങ്ങളുടെ പൊങ്ങൽ, ശ്വാസോച്ഛ്വാസം ചെയ്യുക, വൃക്ഷങ്ങളും ചെടികളും വളരുക, മുതലായവയിൽനിന്നും ഈ വായു പുറപ്പെടുന്നുണ്ടെന്നു മനസ്സിലാക്കി, മാർബിൾകല്ലിലും ചോക്കിലും ഈ വായു ഉണ്ടെന്നു 1756-ൽ 'പ്രൊഫെസർ ബ്ളാക്ക്' എന്ന വിദ്വാൻ കണ്ടുപിടിക്കുകയും, ചോക്കിൽനിന്നു ചൂടുകൊണ്ട് ഈ വായുവിനെ പുറപ്പെടുവിക്കുകയും ചെയ്തു. പാക്ഷ 'ബ്യൂവി' എന്ന വിദ്വാൻ ദ്രാവകംകൊണ്ടു ചോക്കിനെ പല ഭാഗങ്ങളായി തിരിച്ചു വരെ എളുപ്പത്തിൽ ഈ വായു ഉണ്ടാക്കി. അംഗാരാമ്ലവായു വെള്ളത്തിൽ കൂടിച്ചേരുന്നതാണെന്നും അതിന്റെ ശക്തി ലോഹങ്ങളെക്കൂടി വെള്ളത്തിൽ അലിച്ചു ചേർക്കുവാൻ മതിയായിട്ടുള്ളതാണെന്നും, ഈ വായുവിന്റെ വെള്ളത്തിലുള്ള കൂടിച്ചേരൽ ചലനംകൊണ്ടു അധികരിക്കുന്നതാണെന്നും; 'ഡോക്ടർ പ്രീസ്റ്റ്ലി' എന്നൊരാൾ പത്തു കൊല്ലത്തിനുശേഷം ഉദാഹരണസഹിതം അനാവരണപ്പെടുത്തുകയുണ്ടായി.

ഇതെല്ലാം കണ്ടുപിടിക്കുന്നതിനു മുമ്പുതന്നെ, ചില പ്രസിദ്ധപ്പെട്ട ഉറവുകളിലെ വെള്ളത്തിനു സാമ്യമായ വെള്ളം ഉണ്ടാക്കുവാൻ ചിലർ ശ്രമിച്ചുതുടങ്ങി. എന്നാൽ ആ ശ്രമങ്ങളെല്ലാം നിഷ്ഫലമായി പരിണമിച്ചതേയുള്ളൂ. ഈ ശ്രമങ്ങളിലെല്ലാം ഒരു സാധനം മാത്രമേ ചേരാതെ വന്നുള്ളൂ. അതെന്താണെന്നു മനസ്സിലായാൽ മാത്രമേ ശ്രമം ഫലവത്താകയുള്ളൂ. 'ജാൻ' 'ഫോർവാർഡ്' എന്ന രണ്ടു ബ്രിട്ടീഷ് അപ്പോത്തിക്കിരിമാർ, അവർ കണ്ടുപിടിച്ച ഒരുതരം ഉറവുവെള്ളത്തെ പ്രസിദ്ധപ്പെടുത്തുന്നതിനു 1685-ൽ ഗവർമ്മെണ്ട് അനുമതി വാങ്ങുകയുണ്ടായി. പ്രസിദ്ധനായ 'ടിർസെക്' എന്ന സ്വതന്ത്രജ്ഞൻ, ഏതു ഉറവുവെള്ളത്തിന്റെ സാമ്യത്തിലുമുള്ള വെള്ളവും താൻ ഉണ്ടാക്കി വിൽക്കുന്നുണ്ടെന്നു 1692-ൽ പ്രസിദ്ധപ്പെടുത്തി. പക്ഷേ, ഈ വക വെള്ളങ്ങളെല്ലാം വായു കൂടിച്ചേർന്നതല്ലായിരുന്നു. 1695-ൽ സോഡാപാനീയം ഉണ്ടാക്കിത്തുടങ്ങി. എന്നാൽ അംഗാരാമ്ലവായു ചേർക്കുന്ന സമ്പ്രദായം അക്കാലത്തു കണ്ടുപിടിച്ചിട്ടില്ലായിരുന്നതുകൊണ്ട്, അതിലേയ്ക്ക് ഉപയോഗിച്ചിരുന്ന ദ്രാവകപ്പൊടികളെല്ലാം, അലിഞ്ഞുചേരാതെ അടിയിൽ ഊറലായി കിടക്കുകയാണ് ചെയ്തിരുന്നത്.

അതിൽപിന്നെ, ഡോക്ടർ പ്രീസ്റ്റ്ലിയുടെ അഭിപ്രായമനുസരിച്ച്, അംഗാരാമ്ലവായു പ്രത്യേകമായുണ്ടാക്കി, വായു ചേർക്കേണ്ടതായ വെള്ളത്തിലേക്ക് അതിനെ ഒരു കുഴൽവഴിയായി കൊണ്ടുപോയി, ചലനംകൊണ്ടു വെള്ളവും വായുവും തമ്മിൽകൂട്ടിച്ചേർപ്പാൻ ശ്രമിച്ചു. ഇവയിൽ ചില ശ്രമങ്ങൾ ഏതാണ്ടൊക്കെ ഫലിച്ചുവെങ്കിലും യന്ത്രവൈഷമ്യത്താൽ ഉദ്ദേശ്യം മുഴുവനായില്ല. 1784-ൽ "കാവാഡയാ" എന്നൊരാൾ നിർമ്മിച്ച യന്ത്രത്താലാണ് വെള്ളവും വായുവും കൂടി തൃപ്തികരമാംവണ്ണം കൂട്ടിച്ചേർക്കുവാൻ സാധിച്ചത്. ഈ യന്ത്രത്തിന്റെ സമ്പ്രദായം ചുരുക്കത്തിൽ ഇവിടെ ചേർത്തുകൊള്ളുന്നു. ഒന്നാമതായി വായു നിർമ്മിക്കുന്നതിനുള്ള പാത്രമാണുള്ളത്. അതിൽകൂടി ഒരു കുഴൽ പുറപ്പെട്ട് അടുത്തുള്ള ഒരു വലിയ പാത്രത്തിൽചെന്ന് അവസാനി

ക്കുന്നു. ഈ പാത്രത്തിലാണ് വായു ചേർക്കാനുള്ള വെള്ളം വെച്ചിരിക്കുന്നതു. ഈ പാത്രത്തിൽ നമ്മൾ തയിരു കലക്കുന്ന കടകോൽ മാതിരി ഒരു സാധനം പിടിപ്പിച്ചിട്ടുണ്ട്. ഇത് എപ്പോഴും തിരിഞ്ഞുകൊണ്ടിരിക്കുകയും ചെയ്യും. വെള്ളം വെച്ചിട്ടുള്ള പാത്രത്തിന്റെ അടിയിൽകൂടിയാണ് വായു കടക്കുവാനുള്ള കുഴൽ പോകുന്നതു. ഇപ്രകാരം വായു വെള്ളത്തിൽ പ്രവേശിക്കുമ്പോഴത്തേക്കും വെള്ളം ചലിച്ചുകൊണ്ടിരിക്കുന്നതിനാൽ ഏതാനും ഭാഗം വായു അതിൽ കുടിക്കപ്പെടും. വായു വെള്ളത്തിലേക്ക് ബലമായി തള്ളിപ്രവേശിപ്പിക്കുന്നതിനു വിക്കുകയും ചുരുങ്ങുകയും ചെയ്യുന്ന ഒരു റബ്ബർ സഞ്ചി ഇതിന്റെ ഇടയ്ക്കു വെച്ചിട്ടുണ്ട്. ഈ റബ്ബർ സഞ്ചിയുടെ സ്വാഭാവികമായ ചുരുങ്ങൽ കാരണം വായു ബലമായി വെള്ളത്തിൽ പ്രവേശിക്കുന്നു.

ഇതിനുശേഷം കാലോചിതമായ വകയായി ഓരോ യന്ത്രങ്ങൾ പൊട്ടിപ്പുറപ്പെട്ടുതുടങ്ങി. പക്ഷെ ഇവകളൊന്നും പാനീയങ്ങൾ അധികമായി ഉണ്ടാക്കുന്നതിൽ ഉപയോഗപ്പെട്ടില്ല. 1750-മുതൽ തുടങ്ങിയ യന്ത്രനിർമ്മാണങ്ങൾ അവസാനത്തിൽ തൃപ്തികരമാംവണ്ണം പരിണമിച്ചു. വായു നിർമ്മാണത്തിനു ഈയംകൊണ്ടുള്ള പാത്രം ഡോക്ടർപ്രീസ്റ്റ്ലി ഉപയോഗിച്ചു തുടങ്ങുകയും "ലവോസിയേ" എന്നൊരാൾ വെള്ളത്തിലേക്ക് വായു പമ്പിക്കയറ്റുന്നതിനുള്ള യന്ത്രംകണ്ടുപിടിക്കയും ചെയ്തു. അംഗാരാമ്ലവായു കലർന്നിരിക്കുന്ന ചോക്ക് മുതലായ സാധനങ്ങളിൽനിന്നു വായുവെ വേർപെടുത്തുമ്പോൾ അതിലുണ്ടാകാവുന്ന അഴുക്കുകളെ കഴികിക്കളഞ്ഞു ശുദ്ധിചെയ്യുന്നതിനായി "മാകപ്" എന്ന സമർത്ഥൻ വായു ശുദ്ധിചെയ്യുന്ന സമ്പ്രദായവും അതിനുള്ള യന്ത്രവും കണ്ടുപിടിച്ചു. പിന്നീട്, ആവിയന്ത്ര നിർമ്മാതാവായ "ജെയിംസ് വാട്ട്" എന്ന വിദ്വാൻ നിർമ്മിച്ച യന്ത്രവും മുമ്പുണ്ടായിരുന്ന പല ചില്ലറയന്ത്രങ്ങളും കൂടിച്ചേർത്താണ് "നിക്കൽപാം" എന്ന മഹാൻ 1797-ൽ പ്രസിദ്ധപ്പെട്ട "ജിനീവ്" യന്ത്രം ഉണ്ടാക്കിയതു. വായുസംക്ലിഷ്ടമായ പാനീയങ്ങളുടെ പൂർണ്ണശക്തി ആദ്യമായുണ്ടായ ഈ യന്ത്രത്താൽ സിദ്ധിച്ചതുകൊണ്ടാണ് ഇതിന് പ്രസിദ്ധിയും പ്രാധാന്യവും കിട്ടിയതു, ഈ തരത്തിൽ ലോകത്തിലുള്ള മറ്റെല്ലാ യന്ത്രങ്ങളുടെയും പിതൃസ്ഥാനം വഹിപ്പാനിടയായതും. ഇവിടെ കാണിച്ചിരിക്കുന്ന ഈ യന്ത്രത്തിന്റെ പടത്തിൽനിന്ന് ഇതിന്റെ ഏകദേശം സ്വഭാവം മനസ്സിലാക്കാവുന്നതാണ്. ഈ യന്ത്രനിർമ്മാണം ഈ വിഷയത്തിൽ വൈദ്യന്മാർക്കുണ്ടായിരുന്ന ശ്രദ്ധയെ ഉണർത്തുകയും, സ്വാഭാവികമായ ഉറവുവെള്ളങ്ങൾക്കു സമമായ ശക്തിയോടുകൂടി നിർമ്മിക്കുന്ന വെള്ളങ്ങൾകൊണ്ടു തങ്ങൾക്കും തങ്ങളുടെ രോഗികൾക്കും സിദ്ധിക്കാവുന്ന അപരിമിതമായ ഗുണദോഷങ്ങളെപ്പറ്റി അവർ അന്വേഷിക്കുകയും ചെയ്തു. ഈ ഘട്ടത്തിൽ, വൈദ്യസംഘത്തിൽനിന്നും ഇതിന്നു രക്ഷാധികാരികൾ ധാരാളമുണ്ടാവുകയും, തന്മൂലം ഈ വ്യവസായത്തിന് ഒരു പുതിയ ജീവൻ വീഴുകയും ചെയ്തു. 1802-ൽ മുമ്പുപ്രസ്താവിച്ച "നിക്കൽപാം", "ഫാർഫീൽഡ്" എന്നൊരാളുമായി പങ്കുചേർന്നു, ലണ്ടൻ പട്ടണത്തിൽ ബാക്കിങ്ങാംതെരുവിൽ ഒരു സ്ഥലം ഏർപ്പാടുചെയ്തു, അവിടെ ഉറവുവെള്ളങ്ങളും കുളിസ്ഥലങ്ങളും രോഗികൾക്ക് താമസിക്കുവാൻ വേണ്ടുന്ന സകലസൗകര്യങ്ങളും ഏർപ്പാടിൽ വരുത്തുകയും ചെയ്തു. ഇവിടെ

എല്ലാത്തരം വെള്ളങ്ങളും ഉണ്ടാക്കി വന്നിരുന്നു എങ്കിലും പ്രധാനപ്പെട്ടവ "സെൽട്ട്സർ" വെള്ളവും (ജർമ്മനിയിൽ "നെഡർ സെൽട്ട്സർ" എന്ന സ്ഥലത്തുകിട്ടുന്ന വെള്ളം) സോഡാ പാനീയവും ആയിരുന്നു

ഈ പ്രകാരം, ലോഹസമ്മിശ്രവും വായുസങ്കീർണ്ണവുമായ വെള്ളങ്ങളുടെ ആവശ്യം ക്രമേണ അധികരിച്ചുവരാനുതുടങ്ങിയതോടുകൂടി യന്ത്രനിർമ്മാണങ്ങളും കൂടുതലായിത്തുടങ്ങി. യോഗ്യന്മാരായ പല എഞ്ചിനിയർമാരും അവരുടെ പ്രബലശ്രദ്ധയെ യന്ത്രനിർമ്മാണത്തിലേക്ക് വിനിയോഗിച്ചുതുടങ്ങി. 1810-ൽ "ബ്രാമി" എന്നൊരു മഹാനാണ് ആദ്യമായി യന്ത്രപരിഷ്കാരം ചെയ്തതു. ഈ പരിഷ്കൃതയന്ത്രത്താൽ മണിക്കൂറിൽ ഇരുനൂറുകുപ്പികൾവീതം നിറച്ചുവന്നിരുന്നു. അതിന്നുശേഷം മണിക്കൂറിൽ മുന്നൂറുകുപ്പികൾവീതം നിറക്കാവുന്നവിധം പരിഷ്കാരംവരുത്തി. എങ്കിലും, വായുകൂടിച്ചേരുന്നതു എല്ലാകുപ്പികളിലും ഒരുപോലെയായിരുന്നില്ല. ഈ ഒരു ദോഷത്തെ ഇല്ലായ്മചെയ്യുന്നതിന് വളരെ പ്രയത്നം ചെയ്തുവെങ്കിലും ഈ യന്ത്രം ഉപയോഗിക്കുന്നകാലംവരെ ഈ ദോഷംകൂടാതെ തരമില്ലെന്നാണ് ഒടുവിൽ ബോദ്ധ്യപ്പെട്ടതു. 1819 ൽ പ്രസിദ്ധ എഞ്ചിനിയരായ "ബ്രാമ" ഒരു യന്ത്രം നിർമ്മിക്കയും അതുമുതൽ ഈ വ്യവസായം ഒരു പ്രധാനനിലയിൽ എത്തുകയും ചെയ്തു. ഈ യന്ത്രത്താൽ വായുവും വെള്ളവും കൂടി ഒന്നായിതള്ളപ്പെടുകയാണ് ചെയ്യുന്നതു. അതുകാരണം കുപ്പി നിറക്കുമ്പോൾ കുഴൽ ഒരിക്കലും ഒഴിയാതിരുന്നു. പക്ഷെ, ഈ കാര്യത്തിൽ, നിറക്കുന്ന ഓരോ കുപ്പിയിലും ദ്രാവകപ്പൊടി കലർത്തിയവെള്ളം പ്രത്യേകമായി നിറക്കേണ്ടിവന്നു. പിന്നീട് വായുചേർന്നവെള്ളം യന്ത്രംമുഖേന നിറക്കുകയാണ് ചെയ്തുവന്നിരുന്നതു. സോഡാപാനീയത്തിന് സോഡിയം ബൈകാർബൊണേറ്റും (Sodium Bicarbonate) ടാർടാറിക് ദ്രാവകവും (Tartaric acid) ആണ് ചേർത്തുവന്നതു. ലമണേഡിന് സോഡിയം ബൈകാർബൊണേറ്റും ടാർടാറിക് ദ്രാവകവും പഞ്ചസാരയും ചെറുനാരങ്ങാസത്തുമാണ് ചേർക്കേണ്ടതു.

വായുസങ്കീർണ്ണമായ പാനീയങ്ങളുണ്ടാക്കുന്നതിൽ ആദ്യമായി വേഗതയും, പിന്നീട് വേഗതയിലും കുപ്പിനിറക്കുന്നതിലും പരിഷ്കാരവും വർദ്ധിച്ചുവന്നു. ഒരിക്കൽ കൊടച്ച് അടപ്പുകളായിരുന്നു ഉപയോഗിച്ചിരുന്നതു. അതുതന്നെയും കയ്യുകൊണ്ടാണ് അടപ്പ് ഇട്ടുവന്നിരുന്നതു. പിന്നിട് യന്ത്രം മുഖേന അടപ്പ് ഇട്ടുതുടങ്ങി. ഒടുവിൽ അടപ്പ് ഇടുന്നകാര്യത്തിൽ വേഗതയും സൌകര്യവും കണ്ടുപിടിക്കുന്നതിനുള്ള ഉദ്യമത്തോടുകൂടി പരിശ്രമിച്ചതിന്റെ ഫലമായിട്ടാണ് ഇപ്പോഴത്തെ സ്ഫടിക ഉണ്ടകൾ ഉണ്ടായതു. കുപ്പിയുടെ മുഖത്തുള്ള ഇന്ത്യാറബ്ബർ വളയത്തിന്മേൽ സ്ഫടിക ഉണ്ട തിങ്ങിച്ചേരുന്ന ചേതനാകാരണം വായു ലേശംപോലും പുറത്തുപോകുന്നില്ല. കുപ്പിയുടെ അകത്തുള്ളവായുവിന്റെ ശക്തികൊണ്ടു ഈ ഉണ്ട കുപ്പിയുടെ മുഖത്തുവന്നടഞ്ഞിരിക്കയും ചെയ്യും. അതിന്നുശേഷം പ്രവൃത്തിയിൽ കുറെക്കൂടി ശുചിവരുത്തുന്നതിനായിട്ട് സ്ക്രൂസ്റ്റോപ്പർ എന്നൊരു സമ്പ്രദായം കണ്ടുപിടിച്ചു. കുപ്പിയുടെ കഴുത്തിലുള്ള ഒരു സ്ക്രൂ അമർത്തിയാൽ വായു പുറത്തേക്ക് പോകുകയും സ്ഫടിക ഉണ്ട കീഴോട്ടു വീഴുകയും ചെയ്യും. ഈ സമ്പ്രദായംകൊണ്ട് അധികം സൌകര്യം സിദ്ധിച്ചുവെന്നു മാത്രമല്ല; ഉണ്ട കീഴോട്ടു താഴെയായി തള്ളപ്പെടുമ്പോൾ സംഭവിക്കുന്ന പല ആപത്തുകളേയും തടയുന്നതിന്നും കാരണമായിത്തീരുകയും ചെയ്തു. ഈ സമ്പ്രദായം ഇവിടങ്ങളിൽ അധികമായി കാണുന്നില്ല. മദിരാശിമുതലായ വലിയ പട്ടണങ്ങളിലാണ് ഇത് സാധാരണയായി കാണപ്പെടുന്നതു. എന്നമാത്രമല്ല വളരെ വിലപിടിച്ചതും പ്രാധാന്യമേറിയതുമായ വെള്ളങ്ങൾ നിറച്ചുവരുന്ന കുപ്പികൾക്കു മാത്രമെ

ഈ സമ്പ്രദായം എടുത്തുകളഞ്ഞു. ഇപ്പോൾ ഓരോ പാനീയങ്ങൾ നിറക്കുന്നതിനും ഓരോതരം യന്ത്രമാണുപയോഗിച്ചുവരുന്നതു.

1826 മുതൽ ലമണേഡ് ഒരു പ്രധാന പാനീയമായിത്തീർന്നപ്പോൾ 'ബ്രൈട്ടൺ' എന്ന പട്ടണത്തിലെ ഒരു കച്ചവടക്കാരൻ പലവിധ പഴങ്ങളിൽനിന്നും ഓരോതരം മധുരപാനീയങ്ങളുണ്ടാക്കുവാൻ തുടങ്ങി. ഇന്ത്യാരാജ്യത്തിൽ പലഭാഗങ്ങളിലും വീടുകളിൽ ലമണേഡ് ഉണ്ടാക്കി ഉപയോഗിച്ചിരുന്നു. ഒരു പാത്രത്തിൽ വെള്ളമെടുത്തു കുറെ ചെറുനാരങ്ങനീരും പഞ്ചസാരയും ചേർത്ത് ഉപയോഗിച്ചുവന്നിരുന്നതു സാധാരണയായിരുന്നു. വേനൽകാലത്ത് ഇപ്പോഴും ഈ തരത്തിൽ പലരും ഉപയോഗിച്ചുവരുന്നുണ്ട്. കുറച്ചു കാലങ്ങളായിട്ട്, ബിയർ, വീഞ്ഞ് മുതലായവകളിലും വായു കലർത്തിത്തുടങ്ങീട്ടുണ്ട്.

ഈ വിധത്തിലുള്ള പാനീയങ്ങൾ ഉണ്ടാക്കി കച്ചവടം ചെയ്യുന്നവരുടെ മത്സരത്തിന്റെ ആധിക്യം കുപ്പികളിന്മേൽ കാണുന്ന കുറിപ്പുകളിൽനിന്ന് അറിയാവുന്നതാണ്. പലകച്ചവടക്കാരും അപ്പപ്പോഴായി പൊട്ടിപ്പുറപ്പെട്ടിട്ടുണ്ടെങ്കിലും, സാമാനത്തിന്റെ ഗുണത്തിലും വിലയിലും വ്യത്യാസംകൂടാതെ പണ്ടത്തെ സ്ഥിതിയിൽതന്നെ നിലനിർത്തിക്കൊണ്ടുപോരുവാൻ സാധിച്ചിട്ടുള്ളതു സ്വെർസർകമ്പനിക്കാർക്ക് മാത്രമാണ്. ആദ്യകാലത്തെ മത്സരക്കച്ചവടങ്ങളിൽ ഉപയോഗിച്ചിരുന്ന കുപ്പികൾ ഒഴുക്കൻ ആകൃതിയിലുള്ളവയായിരുന്നു. ഓരോ കുപ്പികളിലും ഉടമസ്ഥന്റെ പേർ എഴുതി പതിച്ചിരുന്നു. കുപ്പികൾക്ക് വിലചുരുക്കമായിരുന്ന കാലംവരെ ഈ സമ്പ്രദായം ശ്രേയസ്കരമായിരുന്നു. മത്സരം വർദ്ധിച്ചതോടുകൂടി ചില കച്ചവടക്കാർ പ്രചാരത്തിനുവേണ്ടി കുപ്പികൾക്ക് വിലചുരുക്കമായിരുന്നപ്പോൾ, ഓരോ കുപ്പികൾ വാങ്ങുന്നതിലും അവരവരുടെ കച്ചവടമുദ്ര കുത്തിച്ചേർത്തു വാങ്ങേണ്ടതായ ആവശ്യം നേരിട്ടു. മത്സരം വർദ്ധിക്കുമ്പോൾ അന്യോന്യം തോൽപ്പിക്കുവാനുള്ള വഴിനോക്കുന്നതു സാധാരണയാണല്ലോ. അവരവരുടെ കുപ്പികൾ തിരിച്ചറിയുന്നതിനും ഈ സമ്പ്രദായം ഉപയോഗപ്പെട്ടുവന്നു. ഇപ്രകാരം ക്രമേണ പരിഷ്കരിച്ച് ഇപ്പോൾ ഈ തരം വെള്ളങ്ങൾ എവിടെയും എളുപ്പത്തിലും സമൃദ്ധ്യത്തിലും കിട്ടി വരുന്നുണ്ട്.

ഈ ഉപന്യാസം ഞാൻ ഉദ്ദേശിച്ചിരുന്നപോലെ തൃപ്തികരമായില്ലെങ്കിലും, സ്വാഭാവിക ഉറവുവെള്ളങ്ങളെ അനുകരിച്ച് വൈദ്യസംബന്ധമായ ഫലങ്ങളോടുകൂടിയ വെള്ളങ്ങൾ ഉണ്ടാക്കുവാനുള്ള പരിശ്രമമാണ് വായുനിറച്ചിട്ടുള്ള പാനീയങ്ങളുടെ ഉത്ഭവസ്ഥാനമെന്ന് മനസ്സിലാക്കത്തക്കവിധം വിശദമായ ഒരു ചരിത്രം ഇവിടെ പ്രസ്താവിച്ചിട്ടുണ്ടെന്നാണ് ഞാൻ വിശ്വസിക്കുന്നതു. കച്ചവടനിലയിൽ ഇപ്പോൾ ഈ വ്യവസായം മഹാന്മാരുടെ ശ്രദ്ധയെ ആകർഷിച്ചിട്ടുള്ളതുപോലെതന്നെ, ലഹരിപാനീയങ്ങൾ ഉപയോഗിക്കുന്നതിൽ ജനങ്ങൾക്കുള്ള ആസക്തിയെ ഒതുക്കി ഇതു തീരെ ഇല്ലായ്മചെയ്യുമെന്നും ബലമായി വിശ്വസിക്കാവുന്നതാണ്. ഈ വക പാനീയങ്ങൾ ധാരാളമായി ഉപയോഗിക്കുന്നതുകൊണ്ട് ചില രോഗങ്ങൾ ഉണ്ടാകുവാനെളുപ്പമുണ്ടെന്ന് ചില ഡോക്ടർമാർ അഭിപ്രായപ്പെടുന്നുണ്ടെങ്കിലും, ഇതുകൾ സകലരോഗങ്ങളെയും ഉന്മൂലനം ചെയ്യുന്നതാണെന്നും ചിലർ അഭിപ്രായപ്പെടുന്നുണ്ട്. 'ഒരു തൊഴിലിലിരിക്കുന്ന രണ്ടുപേർ ഒരിക്കലും യോജിക്കയില്ല.' എന്നുള്ള പ്രമാണത്തെ അടിസ്ഥാനപ്പെടുത്തി സമാധാനിക്കയാണ് ഉത്തമമെന്നാണ് എനിക്കുതോന്നുന്നതു. സുഖമില്ലെന്ന് തോന്നുന്നവർ ഉപയോഗിക്കണ്ട. എങ്ങിനെയായാലും, ലഹരിപദാർത്ഥങ്ങളെപ്പോലെ ദോഷംചെയ്യുന്നതല്ലെന്ന് ഏതുവൈദ്യനും അഭിപ്രായപ്പെടാതിരിക്കയില്ല, നിശ്ചയംതന്നെ.

ഇ. ആർ. മേനോൻ.

प्रविवत्सोरामन्त्रणम्.

———— :o: ————

जननी जठरे यदा तु मामवहत् पापिनमाचदौहृदा
ततआदि गतं सुदूरतः सुखमस्या मनसस्तनोरपि ॥ १ ॥

अतिवत्सलयानया पुरा सुविनीतो गतदुष्टशीलकः ।
तरुणत्वमवापमीदृशं जनयित्र्याः सुमनोरथैः सह ॥ २ ॥

"प्रथमो मम सूनुरादराज्जरठां मां परिरक्षिता दृढम्" ।
अतिदाहयतीति वासरान् सततं बद्धमनोरथैव सा ॥ ३ ॥

अनया मयि बध्यते चिरान्महदाशाकुसुमं सुतेऽग्रजे ।
अहमप्यतितत्परोऽभवं सफलीकर्तुमिदं स्वकर्मभिः ॥ ४ ॥

अधुना विफलीकरोति तत् प्रहरन् मर्मणि दारुणो विधिः ।
यदयं मम जीवितद्रुमो घुणजग्धो बत! नङ्क्ष्यति द्रुतम् ॥ ५ ॥

अयि, मातरसौ तवात्मजो विधिना हन्त! कृतोऽतिदुष्कृती ।
अनुभूतवतीह यत्कृते भवती दुःखगणं विना फलम् ॥ ६ ॥

अयमञ्जलिरिष्टपुत्रके, सुकृतघ्नस्य तवात्मजन्मनः ।
सुतवत्सलतोचितां न ते वितरीतुं प्रभुरस्मि निष्कृतिम् ॥ ७ ॥

अयि मातृसहोदराश्चिरादतिपापेन मया स्थ वञ्चिताः ।
विफलीक्रियते मनोरथः समया यो भवताम् ॥ ८ ॥

जननीं भवतोऽपि वत्सलान् स्वकृतैर्दुश्चरितैर्भयंकरैः ।
अपरानपि हन्त ! बान्धवान् शुचमत्यन्तमलम्भयं पुरा ॥ ९ ॥

कृपयानुगृहीत उच्चकैः शिशुभावे कृतमन्तुरप्यहम् ।
"भवितोपरि साधुरेष" इत्ययि, युष्माभिरहो ! तितिक्षुभिः ॥ १० ॥

अधुना विधिना दुरात्मना क्रियते तन्निखिलं हि निष्फलम् ।
अपराधशतं मया कृतं कृपया क्षाम्यत बध्यतेऽञ्जलिः ॥ ११ ॥

जननीं सहजं च मातुला निदधे भारतया भवत्स्वहम् ।
करुणाकणिकोदियादिमौ परिपातुं भवतां हृदन्तरे ॥ १२ ॥

यस्योत्सङ्गे कलितविविधक्रीडनं वृद्धिमाप्तं
येनाध्याप्ये शिशुजनमनोदुर्ग्रहाण्यक्षराणि
यो वा दुष्टं व्यनयदपि मां वत्सलो बालभावे
पादाम्भोजे नतिततिरियं तस्य मे मातुलस्य ॥ १३ ॥

अयमग्रज, वश्यकमश्रुर्भवतः स्वीकृतवद्नुग्रहः
सहजस्तव दुर्विधेर्गतो वशमेतत् कथयत्यरुन्तुदम् ॥ १४

निजचिन्तितसूचिकां पुरा भवते माहिणवं हि पत्रिकाम् ।
कुरुतेऽद्य तथैव तां विधिः क्रियतां बुद्धिरनुग्रहाय मे ॥ १५ ॥

जननी मम शोच्यतां गता परिरक्ष्या भवतापि सादरम् ।
अनुजोऽपि शिशुर्यथापुरं क्रियतां पात्रमनुग्रहस्य ते ॥ १६ ॥

अयि, सोदर, वत्सलोऽप्यहं त्वयि, मातर्यतिभक्तिमानपि ।
जननीसहितं विहाय याम्यवशस्त्वां हतदैवपीडितः ॥ १७ ॥

कुरु सज्जनतादृते रतिं पथि, भक्तिं भज मातरि स्थिराम् ।
उपभुञ्ज्य सुखान्यगर्वितः स्मर मां चापि कदापि विश्रमे ॥ १८ ॥

परदैवतमावयोर्हि या धनमावां मनुते च या सदा ।
जननीं परिपालयस्व तां मम भारोऽपि निधीयते त्वयि ॥ १९ ॥

ददतां तव मङ्गलां मतिं करणीयेषु रतिं शुभं यशः ।
ददतामथ कल्पतां तनोरखिलं भव्यमभङ्गमीश्वरः ॥ २० ॥

द्रवति हृदयमन्तः स्यन्दते बाष्पधारा
भुवनमिदमशेषं दृश्यते शून्यमेव ।
तमसि परवशोऽयं मज्जतीवान्तरात्मा
मम निजजनवर्गे सन्निहासोरिदानीम् ॥ २१ ॥

आर्. सुधाकरनायकः ।

ണ്. അവർ മല്ലൻ, മലവാഴി, പാ
മതം.
കുട്ടി, എന്നീ ഭൂതങ്ങളുടെ ആസ്തിക്യത്തിൽ വിശ്വസിക്കുന്നു. ഈ ഭൂതങ്ങൾ അവരുടെ ക്ഷേമത്തെ കാത്തും ദുഷ്ടമൃഗങ്ങളുടെ ആക്രമത്തിൽനിന്നും അവരെ രക്ഷിച്ചുംകൊണ്ട് കാടുകളിലും മലകളിലും വസിക്കുന്നവരാണെന്നും, അവയ്ക്കു ബലി കൊടുപ്പാൻ ഉപേക്ഷയോ നിയമസാഹസമോ കാണിക്കുന്നതായാൽ സ്വപ്നത്തിൽ അടിക്കുകയോ മുക്കിത്താഴ്ത്തുകയോ ചെയ്യുന്നവിധം കാട്ടി ശിക്ഷിക്കുമെന്നും അവർ വിശ്വസിച്ചുവരുന്നു. എല്ലാ സമാപത്തികളും കഷ്ടപ്പാടുകളും അവയുടെ അനിഷ്ടത്താൽ സംഭവിക്കുന്നതാണെന്നുതന്നെയല്ല മഴ പെയ്യുന്നതിനും ഇടിവെട്ടുന്നതിനുംകൂടി അവ ഹേതുഭൂതങ്ങളാണെന്നുംകൂടി വിശ്വസിച്ചുവരുന്നുണ്ട്. നായാട്ടിൽ മൃഗങ്ങളെ കിട്ടുവാൻ അവരെ സഹായിക്കുന്നതും ദുഷ്ടമൃഗങ്ങളുടെ ആക്രമണത്തിൽനിന്നും അവരെ രക്ഷിക്കുന്നതും പാക്കുട്ടിയാണത്രെ. എന്നാൽ ഏതെങ്കിലും ആശിക്കപ്പെട്ട മൃഗത്തെ കിട്ടാതിരുന്നാൽ കൃതഘ്നതക്കും വിശ്വാസവഞ്ചനക്കും അതിനെ ശപിപ്പാൻ കൂടി അവർ മടിക്കുന്നതല്ല. ഈ ദൈവങ്ങളുടെ രൂപങ്ങളെ സങ്കല്പിച്ച് വൃക്ഷച്ചുവട്ടിൽ കെട്ടിയുണ്ടാക്കുന്ന തറകളിൽ അവർ കല്ലുകൾ പ്രതിഷ്ഠിച്ചിരിക്കും. അവരുടെ മുകളിൽ കോഴിയോ ആടോ അറുത്ത് ചോര ഒഴിക്കുകയും ചെയ്യും. ഇതുകൂടാതെ അവരുടെ പുരോഹിതൻ കൊല്ലത്തിൽ ഒരിക്കൽ, കയ്യിൽ സമ്പാദ്യമുള്ള സമയം, ചോറ് കള്ള് തവിട് ഇതുകളെക്കൊണ്ടു പൂജയും കഴിക്കും. പൂജ മറ്റുള്ളവർ കാണുമാറ് പാടില്ല. അവരെല്ലാവരും ദൂരെ പോയിനില്ക്കുന്നു. പൂജ കഴിഞ്ഞ് അവൻ കൈകൊട്ടിയാൽ എല്ലാവരും അടുത്തുചെന്ന് 'ഓ മല്ലാ, മലവാഴീ! ഓ പാക്കുട്ടീ! ഓ അപ്പാ! ഓ അമ്മേ! ഞങ്ങൾ തമ്പ്രാക്കളുടെ (മേൽജാതിക്കാരുടെ) അടുക്കൽനിന്നും പിച്ചതെണ്ടി സമ്പാദിച്ച ഈ സാധനങ്ങളെല്ലാം നിങ്ങൾക്കു തന്നിരിക്കുന്നു. അവ സ്വീകരിച്ച് ഞങ്ങളുടെ വനവാസത്തിങ്കൽ ഞങ്ങളേയും ഞങ്ങളുടെ കുട്ടികളേയും ദുഷ്ടമൃഗങ്ങളുടെ ശല്യത്തിൽനിന്നും രക്ഷിക്കേണമേ!' എന്നും മറ്റും പ്രാർത്ഥിച്ച് നിവേദ്യസാധനങ്ങൾ ഭക്ഷിച്ചതിനുശേഷം എല്ലാവരും വീടുകളിലേക്കു മടങ്ങിപ്പോകുന്നതാകുന്നു അവരുടെ പ്രാർത്ഥനാരീതി. മേൽജാതിക്കാരിൽനിന്നും അകന്നു കാട്ടുപ്രദേശങ്ങളിൽ നിവസിച്ചുവരികയാൽ ഈ സാധുജനങ്ങൾക്ക് ഹിന്ദുമതത്തിന്റെ ശ്രേഷ്ഠഭാവങ്ങളെപ്പറ്റി അറിവാനോ മനസ്സിലാക്കുവാനോ സംഗതിയുണ്ടാവുന്നില്ല. ഉണ്ടെങ്കിൽതന്നെ അത് വളരെ ദുർല്ലഭമായിരിക്കയുള്ളൂ.

നായാടികൾക്ക് ചുടലകളുണ്ട്. അവർ ശവം കുഴിച്ചിടുകയോ ദഹിപ്പിക്കുകയോ ചെയ്യുന്നു. ഒരാൾ ചത്താൽ പുല 10 ദിവസമാണ്. 11-ാംദിവസം കാച്ചു അരിയും കറെ പുല്ലും ഒരു ചിരട്ടയിൽ വെള്ളവും ഒരു മുഴുവൻ വാഴയിലയും ഒരു കത്തുന്ന തിരിയും ശേഖരിച്ച്, സംബന്ധികളെല്ലാം കൂടി അടുത്തുള്ള പുഴയിലോ മറ്റു വല്ല ജലാശയങ്ങളിലോ പോയി കുളിച്ച്, മരിച്ചവനെ സങ്കല്പിക്കുവാൻ ഒരു മൺകുടമോ അല്ലെങ്കിൽ രൂപമോ സൃഷ്ടിച്ച്, ഇലയും മറ്റു സാധനങ്ങളും അതിന്റെ മുമ്പിൽവെച്ച് മൂത്ത മകൻ ഇലയുടെ മുമ്പിൽ കിഴക്കോട്ടുതിരിഞ്ഞു നിന്ന്, 12 പ്രാവശ്യം നീരൊഴിച്ച് ക്രിയ നടത്തുകയും മറ്റുള്ളവർ ഭക്തിപുരസ്സരം തൊഴുതു നമസ്കരിക്കയും ചെയ്തിട്ട്, അരി കാക്കക്കു തിന്നാൻ ഇട്ടേച്ചു എല്ലാവരും വീട്ടിലേക്കു മടങ്ങിപ്പോകും. അവിടെ ചെല്ലുമ്പോൾ എന്നങ്ങൾ ഓരോരുത്തരുടേയും മേൽ ചാണകവെള്ളം തളിച്ച് ശുദ്ധമാക്കും. തദനന്തരം അവിടെ കൂടിയവർക്കെല്ലാം ദൃഷ്ടാന്നഭക്ഷണം കൊടുക്കും. മൂത്തവൻ ഒരു സംവത്സരം തല ചമത്തി ദീക്ഷ ആചരിക്കും. ഇക്കാലത്ത് അവൻ മാംസം കഴിക്കയില്ല. കൊല്ലാവസാനത്തിൽ ചാത്തം ഊട്ടിക്കഴിഞ്ഞാൽ ദീക്ഷ വീടും. കുടുംബക്ഷേമാദികൾ ചത്തവരുടെ ആശ്ര

ഷെത്ത അവലംബിച്ചിരിക്കുന്നതാണെന്ന് അവർ പൂർണ്ണമായി വിശ്വസിച്ചുവരികയാൽ, പിന്നീട് കർക്കടകസംക്രാന്തിക്കോ അല്ലെങ്കിൽ മററേതെങ്കിലും ശുഭകരമായ ദിവസമോ അവർക്ക് മഹാ ശുദ്ധ്യാദിയോടുകൂടി പൂജ കഴിക്കുക പതിവാണ്.

തൊഴിൽ

നായാടികൾ മിക്കവരും വേലചെയ്യാൻ വിമുഖന്മാരാണ്. തേൻ, മെഴു, മയിൽപ്പീലി, ഇഞ്ച ഇതുകൾ ശേഖരിച്ച്, സ്വല്പമായ വിലയ്ക്കു വിററതുകൊണ്ടാണ് അവർ നിത്യവൃത്തിയ്ക്കുവേണ്ട ഉപ്പ്, മുളക്, ഉണക്കമത്സ്യം, പുകയില, കള്ള് ഇതുകൾ വാങ്ങി കാലം കഴിച്ചുവരുന്നത്. അവർ മലനാർചെടികൊണ്ടും കയ്യൂൾ വൃക്ഷത്തിന്റെ തോലികൊണ്ടും ഒരുവക കയറുണ്ടാക്കുന്നുണ്ട്. ചകിരികൊണ്ടു കവണിയുണ്ടാക്കി അതുകൊണ്ടു പക്ഷികളെ എറിഞ്ഞു പിടിക്കാറുമുണ്ട്. ഓണം, വിഷു മുതലായ അടിയന്തരങ്ങൾക്ക് അവർ സമീപത്തുള്ള നമ്പൂരി ഇല്ലങ്ങളിൽ നിന്നാലും നായർവീടുകളിൽ ഇരുന്നും കയറുവീതം കൊണ്ടുപോയി കാഴ്ചവെയ്ക്കുമ്പോൾ അവർക്കു കുറെ നെല്ലും കുറച്ചു കാശും ഒരു തുണിയും കൊടുക്കും. ഉഴുക, വിതയ്ക്കുക, പുല്ലുപറിക്കുക, നടുക, കൊയ്യുക, കറ്റകളെ കാവലിരിക്കുക ഇത്യാദി കാട്ടിലെ കൃഷിവേലകൾക്കു ചിലപ്പോൾ അവർ ഉപയോഗിക്കപ്പെട്ടുവരുന്നുണ്ട്; അതിനു സ്വല്പം നെല്ലു കൂലി കിട്ടിവരുന്നുമുണ്ട്.

ഏതെങ്കിലും തരത്തിൽ വലുതായ സന്ദർഭമുണ്ടാവുമ്പോൾ അവർ അതു കൂടെ കിഴിത്തുണികൾ വഴിയിൽ കൊണ്ടുപോയി വിരിച്ച് അകലെ മാറിനിന്ന് അതിലെ കടന്നുപോകുന്നവരിൽനിന്നും ഭിക്ഷയ്ക്കു നിലവിളിക്കും. പഴയ കാലത്തെ ചില പ്രമാണികളുടെ ബുദ്ധിപൂർവ്വമായ ഏർപ്പാടിനാൽ ഓരോ നായാടിക്കും ഓരോ ദേശം നിയമിച്ചിരിക്കുന്നതും, അവിടെ അവന്നു ചില വിശേഷാധികാരങ്ങളുണ്ട്. മററു ദേശത്തുള്ള സ്വജാതീയർക്ക് അവന്റെ അധികാരത്തിന്മേൽ പ്രവേശിക്കുവാൻ പാടില്ലാത്തതുമാകുന്നു. മേൽപ്പെട്ട വീടുകളിൽ പുറന്നാൾ ശ്രാദ്ധം മുതലായ അടിയന്തരങ്ങളുണ്ടാവുമ്പോൾ നായാടിയ്ക്ക് ഒരു ഭാഗം കൂട്ടാനും ചോറുമുണ്ടാവും. വേലയൊന്നുമില്ലാത്തപ്പോൾ നായാടികൾ പുറത്തിറങ്ങി അതാതിനുള്ള ഓരോ വീടിന്റെയും അല്പം അകലെ ചെന്നുനിന്നു ഭിക്ഷയ്ക്കു നിലവിളിക്കുവാൻ തുടങ്ങും. അപ്പോൾ വീട്ടുകാർ, അവിടെ വല്ലവർക്കും ദേവതയിളക്കമോ ദൃഷ്ടിബാധയോ ഉണ്ടായിരുന്നാൽ, അതിന്റെ നിവാരണാർത്ഥം ഒരു പാത്രത്തിൽ കൈപിടി അരിയും കുറച്ച് ഉപ്പും, മുളകും പുളിയും എണ്ണയും കടുകും നാളികേരവും ഒന്നിച്ചു കാശും ഇട്ട് ബാധയുള്ളാളുടെ തലയ്ക്കു നേരെ കാട്ടി ഉഴിഞ്ഞുകൊണ്ടുപോയി പിരാകുവാൻ പറഞ്ഞുകൊടുക്കും. നായാടികളുടെ പിരാക്കിനാൽ ബാധിക്കപ്പെടുന്നതിന്നു വിപരീതമായ ഫലം സിദ്ധിക്കുന്നതാണെന്നു വിശ്വസിച്ചു വരുന്നതുകൊണ്ട് ഒരു നായാടിയോടു പിരാകുവാൻ പറഞ്ഞാൽ ഭിക്ഷ കൊടുത്തവന്നു കഷ്ടവും നാശവും ഉണ്ടാവട്ടെ എന്നു പറഞ്ഞാണ് അവൻ നിലവിളിക്കുക. ഇതിലേയ്ക്കായി അവർ ഉപയോഗിക്കുന്ന പദങ്ങൾ 'അററുപോ', 1 'മുടിഞ്ഞുപോ', 2 'അടിമൊണ്ടുപോ'3. എന്നിതുകളാണ്. ഒരുവൻ അത്യാസന്നദീനത്താൽ മരിക്കാറായി കിടക്കുമ്പോൾ ഒരു കറുത്ത കരിമ്പടത്തിന്റെ നാലുമൂലയ്ക്കലും കുറെ എള്ളും കടുകും മഞ്ഞളും നാളികേരവും ഇട്ടു കെട്ടി രോഗിയെ കാട്ടി മൂന്നു പ്രാവശ്യം ഉഴിഞ്ഞ് അതും ഒരു കുടയും ഒരു വടിയും ഒരു വെള്ളിനാണ്യവുംകൂടി നായാടിക്കു കൊടുക്കയും പതിവുണ്ട്. കഷ്ടപ്പാടുകൾ നീങ്ങുവാൻ കാലപ്രീതിക്കായി ചെയ്യുന്ന കാലദാനമെന്നാണ് ഇതിന്നു പേർ. ഇതിന്റെ ഉദ്ദേശം രോഗം നായാടിക്കു ഉഴിഞ്ഞു കൊടുത്തു. അവൻ സ്വീക

1. 2. നശിച്ചുപോകട്ടെ.
3. അടിമയായിപ്പോകട്ടെ.

ക്കുന്നവനെന്നാണ്. അവൻ ഇതും വാങ്ങി കുടിലിലേക്കു മടങ്ങീട്ട് ഏതെങ്കിലും ശനിയാഴ്ച ചെല്ലൻെറയും മലവാഴിയുടെയും പറക്കുട്ടിയുടെയും മുമ്പിൽ കൊണ്ടുവെച്ചു രോഗം അവനെ ബാധിക്കാതിരിപ്പാൻവേണ്ടി പ്രാർത്ഥിക്കും.

മാനുഷ്യകത്തിൻെറ ഈ ദുർഗ്ഗതപ്രജകൾ പകൽസമയം വേനൽക്കാലത്തു വെയിലത്തും, വർഷകാലത്തു മഴയിലും, കിടന്നു മുറവിളികൂട്ടി അലഞ്ഞുനടന്നും രാത്രിസമയം അവരുടെ മുതലാളന്മാരുടെ വിളവു കാത്തുമാണ് കാലക്ഷേപം ചെയ്തുവരുന്നത്. ഇവർ മലയാളത്തിൽ പാർക്കുന്നേടത്തോളം മററുള്ളവർക്ക് ഉപകരിക്കപ്പെടുന്നതല്ലെന്നും, ഇവരെക്കൊണ്ട് ഈ രാജ്യത്തു യാതൊന്നും ചെയ്യാൻ സാധ്യമാകുന്നതല്ലെന്നും, അതിനാൽ എല്ലാററിനേയും മറെറാരിടത്തേക്കു കടത്തി അടിമവൃത്തി കഴിക്കുവാൻ വേല ചെയ്യുന്നതിന്നു നിർബ്ബന്ധിക്കപ്പെടണമെന്നുമാണ് ബുക്കാനൻ Buchanan എന്ന സായ്‌വ് പ്രസ്താവിച്ചിരിക്കുന്നത്. ഇവർ മുൻകാലത്തു നല്ല നായാട്ടുകാരും എയ്ത്തുകാരുമായിരുന്നു. നായന്മാരുടെ മൃഗയാപര്യടനങ്ങളിൽ സഹായിച്ചും വന്നിരുന്നു. എന്നാലിപ്പോൾ നാട്ടുകാരുടെ സഹായമെന്യെ ചെയ്യാൻ തവള, മുയൽ, മാൻ മുതലായ ജന്തുക്കളെ വേട്ടയാടിപ്പിടിച്ചു തല്ലിക്കൊല്ലുകയാണ് അവരുടെ മുഖ്യമായ നായാട്ട്. അവരുടെ ആയുധങ്ങൾ കവണ്, കത്തി, മഴു, വാൾ ഇതുകളാണ്. ജന്മിക്കാടുകളിൽ പാർക്കുന്നവർക്ക് അവരിൽനിന്നും സ്വല്പമായ ഒരു കൂലി മാത്രമേ കിട്ടിവരുന്നുള്ളു. എന്നാൽ സർക്കാർവക കാടുകളിലുള്ളവർക്ക് കരാറുകാരുടെ ഭേദമായവിധം കൂലി കിട്ടിവരുന്നുണ്ട്.

ഭക്ഷണം.

നായാടികളുടെ മുഖ്യ ആഹാരം കഞ്ഞിയും ചോറുമാണ്. കാലത്തെ അത്തും കഴിച്ച് അവർ വേലക്കോ ഭിക്ഷക്കോ പുറപ്പെടും. ഉച്ചക്ക് എന്തെങ്കിലും കിട്ടുവാൻ കഴിഞ്ഞാൽ അന്ന് അത്താഴമുണ്ട്; അല്ലാത്തതാൽ രാത്രി മുഴുവൻ പട്ടിണിയാണ്. കാലത്തു വെച്ചതിൽ വല്ലതും ബാക്കിയുണ്ടായാൽ അതു പകലേ കുട്ടികൾക്കു കൊടുക്കും. ആഹാരത്തിന്നു ചിലപ്പോൾ കാന്തിരത്തിൻെറ വേര ചെറുതാക്കി നുറുക്കി ഉപ്പുകൂട്ടി വേവിച്ചു കറിയുടെ സമ്പ്രദായത്തിലുണ്ടാക്കിയ എന്തെങ്കിലും ഉണ്ടാവും. ചേന, കൂർക്ക, കൊള്ളിക്കിഴങ്ങു മുതലായ കിഴങ്ങുകളും മാങ്ങ, ചക്ക, കമ്പുള്ള മുതലായ സസ്യങ്ങളും അവർ ഉപയോഗിച്ചുവരുന്നുണ്ട്. അവർക്കു കണ്ണൻ, ആട്, മലയണ്ണാൻ, മാൻ, എലി, പ്രാവ്, കാട്, കോഴി, തെള്ളിക്കോഴി, ആമ, ചീങ്കണ്ണി ഈ വക ജന്തുക്കളുടെ മാംസം ഭക്ഷിപ്പാൻ വിരോധമില്ല. എന്നാൽ പട്ടി, കരടി, മാടുള്ള മത്സ്യം, പശു, ഗോവർഗ്ഗങ്ങൾ, പാമ്പ്, പല്ലി, കുറുക്കൻ ഇതുകളെ ഒരിക്കലും ഭക്ഷിക്കുന്നതല്ല.

സദാചാരനില.

നായാടികൾ നാട്ടിലെ ചണ്ഡാലന്മാരാണെന്നു മുമ്പു പ്രസ്താവിച്ചിട്ടുണ്ടല്ലോ. അതിനാൽ മററു ജാതിക്കാരുടെയോ അവരുടെ വാസസ്ഥലത്തിൻെറയോ സമീപം അവർക്കു സഞ്ചരിപ്പാൻ പാടില്ല. അവർ വളരെ ബുദ്ധിമുട്ടിയാണ് വഴികൾ കടന്നുപോകുന്നത്. ബ്രാഹ്മണരെ അശുദ്ധമാക്കാതിരിക്കണമെങ്കിൽ അവർ 300 അടി അകന്നു നിൽക്കണം. അതിലടുത്താൽ ബ്രാഹ്മണർ ശുദ്ധം മാറും. പിന്നെ ശുദ്ധമാകണമെങ്കിൽ കുളിച്ചു പൂണുനൂൽ മാറി പഞ്ചഗവ്യം സേവിക്കണം. അതിനാൽ എപ്പോഴെങ്കിലും ഒരു നായാടിക്കു പുറത്തിറങ്ങി സഞ്ചരിക്കേണ്ടതായിവന്നാൽ മററുള്ളവർ അറിയാതെ അടുത്തു ശുദ്ധം മാറാതിരിക്കേണ്ടതിന് അവർ ഉറക്കെ ശബ്ദമുണ്ടാക്കിയോ നിലവിളിച്ചോ നടക്കണം. നായാടികൾ എല്ലാവരിലും താണജാതിയാണ്. എങ്കിലും പുലയന്മാരും പറയന്മാരും തൊട്ടത് അവർ ഭക്ഷിക്കയില്ല. ചിലർ ക്രിസ്ത്യാനമതം സ്വീകരിച്ചു ക്രിസ്ത്യപ്രാർത്ഥനകളും പാട്ടുകളും, ചൊല്ലുന്നതിൽ വലിയ ഉത്സാഹം കാട്ടിവരുന്നുണ്ട്. മററു ചിലർ മുഹമ്മദമതക്കാരായിത്തീ

ൽ ചെന്ന അവരോടു ഭിക്ഷ വാങ്ങിയും കഴിഞ്ഞുവരുന്നുണ്ട്. ഇവരെ തൊപ്പിയിട്ട നായാടികളെന്നു വിളിച്ചുവരുന്നു.

ശരീരാകൃതി.

ചിലേടങ്ങളിൽ നായാടികൾ കുച്ചികുടുമ വെച്ചിട്ടുള്ളതായും ചിലേടങ്ങളിൽ തലമുഴുവൻ മൊട്ടയടിച്ചിട്ടുള്ളതായും കാണുന്നുണ്ട്. അവർ അരയിൽ വൃത്തികെട്ട ഒരു തുണി മുട്ടിന്നു മീതെവരെ എറക്കി ചുററിയിരിക്കും. ഒരോരുത്തർ ഒരു തുണി അപൂർവ്വമായിട്ടേ ഉണ്ടായിരിക്കുള്ളൂ. അവർ കാതുകളിൽ പിച്ചളക്കടുക്കനും, രോഗനിവാരണത്തിന്നോ ഭൂതബാധകളിൽനിന്നു രക്ഷപ്പെടുവാനോ കയ്യിൻറ മുട്ടുകളിൽ യന്ത്രവും ധരിക്കും. സ്ത്രീകൾ കറുത്തവരും മെലിഞ്ഞവരും വളർച്ചയില്ലാത്തവരുമാണ്. അവരും ഒരു വൃത്തികെട്ട കച്ച രണ്ടാക്കി മടക്കി അരയിൽ ചുററുന്നതുകൂടാതെ രണ്ടാമത് ഒരു വസ്ത്രം ധരിക്കാറില്ല. തോടയുടെ സ്ഥാനം പിടിക്കുന്ന ഒരു അടച്ച് ഇടത്തക്കവണ്ണം കാതുകൾ കുത്തിവളത്തിയിരിക്കും. കഴുത്തിൽ പളുങ്കുകൊണ്ടും മററു ജന്തുക്കളുടെ കാട്ടകൊണ്ടുമുള്ള പലവിധ വരിയുള്ള മാലയും ഇരിക്കും. ഇതുകൾ ഭർത്താവിൻറെ മരണശേഷം നീക്കംചെയ്യുന്നതല്ല. കന്യകമാർ പ്രത്യേകമായി യാതൊരു ആഭരണവും ധരിക്കുന്നില്ല. ജടതമായ കേശത്തോടും, ക്ഷീണിച്ച നോട്ടത്തോടും, കാട്ടിലെ ചില ജന്തുക്കളിൽ കാണുംവിധം ഭീതഭാവത്തോടും ഈ ജാതിക്കാരുടെ ആണുങ്ങളും പലപ്പോഴും ഭ്രമത്തായി നില്ക്കുന്നു കാണാം. അവരുടെ ആകപ്പാടെയുള്ള സ്ഥിതി ശോകകരമായ ഒന്നുതന്നെ. അതിനെ നന്നാക്കുവാൻ അവർ ശ്രമിക്കുന്നതുമില്ല. ആകപ്പാടെ നോക്കിയാൽ നായാടികൾ സത്യവാന്മാരും കളവില്ലാത്തവരുമാകുന്നു.

III. ഉള്ളാടന്മാർ.

കൊച്ചിരാജ്യത്തെ മലയാളി ഹിന്തുക്കളിലും അനിമിസ്റ്റ് ജാതിക്കാരിലും വെച്ച് ഉള്ളതിൽ കീഴ്ത്തരവരാണ് ഉള്ളാടന്മാർ. 'ഉള്ളാടൻ' എന്ന പദം 'ഉൾ കാടൻ' എന്നതിൽനിന്നു ഉണ്ടായിട്ടുള്ളതാകയാൽ അതു മേൽജാതിക്കാരെ കാണുമ്പോൾ കാട്ടിലേക്ക് ഓടിപ്പോകുന്നവർ എന്നു കാണിക്കുന്നു. ഉൾനാട്ടിൽ പാർക്കുന്നവരെന്നും ആ പദം സൂചിപ്പിക്കുന്നുണ്ട്. ഇവരെ കാട്ടുജാതികളുടെ കൂട്ടത്തിൽ പെടുത്തിയിരിക്കുന്നെങ്കിലും നാട്ടിലെ ചണ്ഡാളന്മാർ എന്നാണ് വിളിച്ചുവരുന്നത്. ഇവർ തെക്കൻ ഇന്ത്യയിലെ ആദ്യനിവാസികളിൽ പെട്ടവരും നിഗ്രിട്ടോക്കാരുടെയും ദ്രാവിഡന്മാരുടെയും മിശ്രവുമാണെന്നു ഡാക്ടർ എ-എച്ച്-കീൻ (Dr.A.H. Keane) പറഞ്ഞിരിക്കുന്നു. 1901-ലെ കാനേഷുമാരി കണക്കുപ്രകാരം 211 ആണുങ്ങളും 228 പെണ്ണുങ്ങളുംകൂടി കൊച്ചിയിൽ ആകെ 439 ഉള്ളാടന്മാർ മാത്രമേയുള്ളു. ഇവരുടെ ഭാഷ മലയാളമാണ്. എല്ലാവരും അനാചാരികളുമാണ്. ഇരിഞ്ഞാലക്കുട, പള്ളിപ്പുറം, എടക്കൊച്ചി, കമ്പളം, എഴുപുന്ന, തിരുക്കര, മാനാച്ചേരി, ചെല്ലാനം ഈ പ്രദേശങ്ങളിലാണ് ഇവരെ അധികമായി കണ്ടുവരുന്നത്. ഇവർ സഞ്ചാരശീലന്മാരല്ല. അധികവും സ്വദേശത്തു സ്ഥിരമായിത്തന്നെ പാർക്കും. ഇവരിൽ ഉള്ളാടൻ, ചെറപ്പൻ, തളിപ്പൻ, നായാടി എന്നിങ്ങിനെ നാലു ഉപവർഗ്ഗങ്ങളുമുണ്ട്. നാലു കൂട്ടം തമ്മിൽ തൊട്ടുണ്ണാ കല്യാണമോ പതിവില്ലാത്തതും, സാധാരണ ജനസമുദായത്തിൽ ഉള്ളാടന്മാരെയും നായാടികളെയും രണ്ടു പ്രത്യേകം ഗോത്രക്കാരായി കരുതിവരുന്നതുമാകുന്നു. തളിപ്പൻ ഇവരുടെ വേലക്കാരനും ശവസംസ്കാരകർമ്മങ്ങളിൽ പുരോഹിതനുമാണ്.

വാസസ്ഥലം.

ഉള്ളാടന്മാരുടെ കുടികൾ സ്ഥിതിചെയ്യപ്പെട്ടിരിക്കുന്നതു പാടങ്ങൾക്കടുത്തുള്ള കാടുകളിലോ, മേൽജാതിക്കാരുടെ വാസസ്ഥലങ്ങളിൽനിന്നും ദൂരെ അകലെ തെങ്ങിൻതോപ്പുകളിലോ ആണ്. അവരുടെ സമീപം സുറിയാനിക്രിസ്ത്യാനികൾ മാത്രമേ പാർക്കുവരുള്ളൂ. മുളങ്കാലുകളിന്മേൽ മേൽപുര കയ

മംഗളോദയം

ഫാപ്പൻ

പുസ്തകം 6 | എടവമാസം | ലക്കം 7

മംഗളം.

കുട്ടിക്കേളിയിലാമഹേന്ദ്രവിജയം സാധിച്ചസൂത്രാദരം
കിട്ടിക്കേവലശാസ്ത്രവാരിധിയെയും ലംഘിച്ചുലങ്കാരിയായ്
നാട്ടിൽ കേളിപെരുത്ത രാമചരിതം തീർത്താൻ സ്വതന്ത്രപ്രൗഢമായ്
കാട്ടിക്കേൾവിയിപുലൻ പാവനജനീ ശ്രീമാൻ ഹനുമാൻ തുണ.

—***—

ഉൽക്കകൾ.

ആകാശത്തിൽ നിന്നും ചിലപ്പോൾ ഭൂമിയിൽ വീഴുന്ന കല്ലുകൾക്കും അങ്ങനെ വീഴാത്ത എരിഞ്ഞുനക്ഷത്രങ്ങൾക്കും ഉൽക്കകൾ എന്ന പേരുണ്ട്. ഇവയിൽ ആദ്യം പറഞ്ഞ അർത്ഥമുള്ള വസ്തുക്കളെക്കുറിച്ചാണ് ഇവിടെ വ്യവഹരിക്കുവാൻ പോകുന്നത്.

എരിഞ്ഞുനക്ഷത്രങ്ങൾ ഭൂമിയിൽ വന്നു വീഴുന്നില്ലെങ്കിലും അവ എന്താണെന്നും എങ്ങനെ, എത്ര ദൂരത്തിൽ, ഓടിക്കൊണ്ടിരിക്കുന്നുവെന്നും മറ്റുമുള്ള വിവരങ്ങൾ ശാസ്ത്രജ്ഞന്മാർ നിർണ്ണയിച്ചിട്ടുണ്ട്. അത്യന്തം ദൂരസ്ഥങ്ങളാണെങ്കിലും അവ ഒരേ ക്രമത്തിൽ ചലനം ചെയ്യുന്നതുകൊണ്ടാണ് ഇതു സാധിച്ചിട്ടുള്ളത്. എന്നാൽ ആകാശത്തിൽനിന്നും ഭൂമിയിൽ പലയിടങ്ങളിലും കാലങ്ങളിലും വീഴുന്ന കല്ലുകളുടെ കാര്യത്തിൽ അങ്ങനെയൊരു നിയതതയില്ല. അതുകൊണ്ട് അവ എവിടെനിന്നു, എന്തു കാരണത്താൽ, വരുന്നുവെന്നുള്ള ചോദ്യങ്ങൾക്കുത്തരമായി ചില ഊഹങ്ങൾ, അല്ലെങ്കിൽ സങ്കല്പങ്ങൾ ചെയ്യുന്നതിനേ മനുഷ്യർ കഴിഞ്ഞിട്ടുള്ളു.

ഉൽക്കകൾ വരുന്നത് ആകാശത്തിൽ സഞ്ചരിക്കുന്ന മൂർത്തികളിലെ അഗ്നിപർവ്വത

ങ്ങളിൽ നിന്നായിരിക്കുമെന്നാണ് സാമാന്യമായ കരുതലം. ഈ അഭിപ്രായം ആദ്യം പുറപ്പെടുവിച്ചത് ഓസ്ട്രിയാദേശീയനായ ഷെർമാക്ക് എന്ന ധാതുവിദ്യാജ്ഞനാകുന്നു. അതു ശാസ്ത്രീയമായ പരീക്ഷണത്തിനു വിഷയമായിട്ടുണ്ട്. ഒരു ഗ്രഹത്തിലെ ഒരു ആഗ്നേയഗിരിയിൽ നിന്നും പൊട്ടിത്തെറിക്കുന്ന ഒരു വസ്തു കുറെ ഉയരത്തിൽ പോയതിന്റെ ശേഷം ആ ഗ്രഹത്തിലേക്കുതന്നെ വീഴുവാനെ തരമുള്ളു. ഭൂമിയിൽ നമ്മുടെ അനുഭവം അപ്രകാരമാണ്. കൊട്ടോപാക്സി എന്ന അഗ്നിപർവ്വതത്തിൽനിന്നും പുറപ്പെടുന്ന കല്ലുകൾ അത്യന്തം ഉയരത്തിൽ പോയിട്ടുള്ളതായി അറിവുണ്ടെങ്കിലും അവ വീണ്ടും ഭൂമിയിലേക്കു തന്നെ വീഴുകയേ ചെയ്തിട്ടുള്ളു. ആകർഷണമെന്ന സാർവ്വത്രികനിയമത്തെ അനുസരിച്ചാണ് അപ്രകാരം ചെയ്യുന്നത്. എങ്കിലും ഗോളാകാരമായ ഗ്രഹത്തിന്റെ വ്യാസാർദ്ധം (മദ്ധ്യരേഖയുടെ പാതി) ത്തോളം പൊക്കത്തിൽ ഒരു കല്ലു തെറിക്കുന്നപക്ഷം ആകർഷണത്തിനു ഗ്രഹത്തിന്റെ ഉപരിഭാഗത്തുവെച്ചുണ്ടായിരുന്നതിന്റെ കാൽഭാഗം ശക്തി മാത്രമെ ആ കല്ലിന്മേൽ പ്രയോഗിക്കുവാൻ കഴികയുള്ളു. പൊക്കം കൂടുന്തോറും കല്ലിനെ കീഴോട്ടു വലിക്കുന്നതിനുള്ള ഗ്രഹത്തിന്റെ ശക്തി കുറഞ്ഞുവരും. പൊക്കം വ്യാസാർദ്ധത്തിന്റെ പതിന്മടങ്ങായാൽ കല്ലിനെ തിരികെ വലിക്കുവാനുള്ള ശക്തി ആരംഭത്തിലുണ്ടായിരുന്നതിന്റെ ഒരു ശതാംശമായിപ്പോകും. കല്ലിന്റെ വേഗം ഇതിലും വളരെ കൂടുന്നപക്ഷം ഗ്രഹത്തിനു അതിനെ പിൻവലിക്കുവാൻ അസാദ്ധ്യമായിത്തീരും. കല്ലു പിന്നെ അതിലേക്കു തിരിച്ചുവരുന്നതല്ല.

എന്നാൽ ഒരിക്കലും തിരികെ വരാതിരിക്കത്തക്കവണ്ണം അത്ര വേഗത്തിലും ഉയരത്തിലും ഒരു കല്ലിനെ ആകാശത്തിലേക്കു തള്ളിവിടുവാൻ കഴിയുന്ന ശക്തിയുള്ള ഒരു അഗ്നിപർവ്വതം ഇപ്പോൾ നമ്മുടെ ഭൂമിയിലുള്ളതായി അറിവില്ല. അത്ര ശക്തിമത്തുകളായ അഗ്നിപർവ്വതങ്ങൾ മറേറതെങ്കിലും ദിവ്യമൂർത്തികളിലുണ്ടോ എന്നാണ് പിന്നെ ആലോചിക്കേണ്ടത്.

ചന്ദ്രനിലൊഴികെ മറെറാരു ദിവ്യമൂർത്തികളിലും അഗ്നിപർവ്വതങ്ങളുള്ളതായി നാം കാണുന്നില്ല. എന്നുതന്നെയല്ല ശേഷമുള്ളവയുടെ ദൂരാധിക്യം നിമിത്തം അവയെ അത്ര സൂക്ഷ്മത്തോടുകൂടെ പരിശോധിക്കുവാനും സാധിക്കുന്നില്ല. ചന്ദ്രനിലേക്ക ഭൂമിയിൽനിന്നു ഏകദേശം രണ്ടരലക്ഷം മൈലുകളേ ദൂരമുള്ളു. അതിൽ അനേകം ആഗ്നേയഗിരികൾ ഉണ്ടായിരുന്നതിന്റെ ലക്ഷണങ്ങൾ കാണുന്നുണ്ട്. അതിന്റെ വലിപ്പം ഭൂമിയുടേതിന്റെ എൺപതിലൊരംശമാകുന്നു. ഭൂമിയിൽനിന്നും ഒരു വസ്തുവിനെ പുറത്തേക്കു തള്ളിവിടുവാൻ വേണ്ടുന്നതിന്റെ ആറിലൊരംശം ശക്തിയെ അത്ര വലിപ്പമുള്ള ഒരു വസ്തുവിനെ ചന്ദ്രനിൽ നിന്നും പ്രക്ഷേപിക്കുവാൻ വേണ്ടിവരു. ഈ അവസ്ഥകൾകൊണ്ടു ചന്ദ്രനിലുള്ള ഒരു അഗ്നിപർവ്വതത്തിൽനിന്നും അതിമഹത്തായ ബലത്തോടുകൂടെ തള്ളപ്പെടുന്ന ഒരു കല്ലു ഭൂമിയിൽ വന്നു വീണു എന്നു വരാം. ചില ശാസ്ത്രജ്ഞന്മാർ ഉൽക്കകളുടെ ഉത്ഭവസ്ഥാനം ചന്ദ്രനായിരിക്കാമെന്നു മേൽപറഞ്ഞ ന്യായങ്ങളാൽ അഭിപ്രായപ്പെടുന്നുണ്ട്. എന്നാൽ അതിനു വിരോധമായി പല സംഗതികളും പറയുവാനുണ്ട്. ദൂരദർശിനിയന്ത്രംകൊണ്ടു നിരീക്ഷി

കപ്പെട്ടേടത്തോളം ചന്ദ്രനിൽ പണ്ടു അഗ്നിപർവ്വതങ്ങളുണ്ടായിരുന്നതിന്റെ ലക്ഷണങ്ങളുണ്ടെങ്കിലും ഇക്കാലങ്ങളിൽ ആ വക ജ്വാലാമുഖങ്ങളിൽനിന്നു യാതൊരു ഉൽക്ഷേപവുമില്ലാതെ അവ നിദ്രിതങ്ങളായി കിടക്കുന്നതേയുള്ളു. ഉൽക്കകൾ എല്ലാ കാലങ്ങളിലും ഭൂമിയിൽ പലേടത്തും വീഴുന്നുണ്ടുതാനും. ചന്ദ്രനിൽനിന്നു ഒരു കല്ലു ഭൂമിയിൽ വീഴുവാൻ ഏതാനും ദിവസങ്ങളിലധികം വേണ്ടിവരുന്നതല്ല. എന്നുതന്നെയല്ല കെപ്ലർ എന്ന ജ്യോതിശ്ശാസ്ത്രജ്ഞൻ സ്ഥാപിച്ചിട്ടുള്ള നിയമങ്ങളെ അനുസരിക്കുന്നതായാൽ ചന്ദ്രനിൽനിന്നു വരുന്ന ഒരു കല്ലു ഭൂമിയുടെ ആകർഷണത്തിൽ പെട്ടാൽ അതിൽ ഭൂമി കേന്ദ്രമായി ഭവിച്ചു ഭൂമിക്കു ചുററും ഭ്രമണം ചെയ്യാനെ പാടുള്ളു. അതീതയുഗങ്ങളിൽ ചന്ദ്രനിലെ ജ്വാലാമുഖങ്ങളിൽനിന്നു തെറിച്ച ഒരു കല്ലു നഭോമണ്ഡലത്തിൽ വളരെക്കാലം സഞ്ചരിച്ചതിന്റെ ശേഷം, അതിന്റെ ഗതിയെ ഭരിച്ചുപോന്ന ദിവ്യമൂർത്തികളുടെ കക്ഷകൾ നാനാഹേതുക്കളാൽ ഭേദംവന്നു, ഭൂമിയിൽ വന്നടിച്ചുവെന്നുവരാം. ഈ സംഗതികളാലൊഴികെ ഒരു വിധത്തിലും ചന്ദ്രനിൽനിന്നു ഒരു കല്ലു ഭൂമിയിൽ വന്നുവീഴുന്നതല്ല.

ഇനി ഉൽക്കകളുടെ ജനനം വല്ല ഗ്രഹങ്ങളിൽനിന്നുമാകാമോ എന്നാലോചിക്കാം. ഒന്നാമതുതന്നെ ഗ്രഹങ്ങളിൽ അഗ്നിപർവ്വതങ്ങൾ വല്ല കാലത്തും ഉണ്ടായിരുന്നുവോ എന്നും ഇപ്പോൾ ഉണ്ടോ എന്നും നിശ്ചയിപ്പാൻ അസാദ്ധ്യമായി വരുമാറ് അവ അതിദൂരത്തിലാണ് നില്ക്കുന്നത്. എങ്കിലും ആ ദിവ്യമൂർത്തികളിലെല്ലാററിലും ഉഷ്ണമുണ്ടെന്നുള്ള അറിവ് അവയിൽ അഗ്നിപർവ്വതത്തിന്റേതുപോലെ വല്ല പ്രവൃത്തിയും നടന്നുകൊണ്ടിരിക്കാമെന്നുള്ള ഊഹത്തിലേക്കു നമ്മെ നയിക്കുന്നു. വ്യാഴം, ശനി, എന്നീ അതിവിപുലങ്ങളായ ഗ്രഹങ്ങളെ നാം ആലോചിക്കേണമെന്നില്ല. വ്യാഴത്തിന്റെ മദ്ധ്യരേഖ, അല്ലെങ്കിൽ വ്യാസം, 85,000 മൈൽകളാകുന്നു. (ഭൂമിയുടേതു 7918) സൂര്യനിൽനിന്നു അതിന്റെ ദൂരം 475,692,000 മൈൽകളാകുന്നു. (ഭൂമിയുടേതു 93,000,000) അതിനു സൂര്യനെ ഒരിക്കൽ ചുററുവാൻ നമ്മുടെ 11 ആണ്ടുകളും 10½ മാസങ്ങളും വേണം. ഇതുപോലെ ശനിയെ സംബന്ധിച്ചുള്ള ഇലക്കങ്ങൾ യഥാക്രമം 70000 മൈലുകൾ, 872000000 മൈലുകൾ, 29½ ആണ്ടുകൾ, എന്നിവയാകുന്നു. ദിവ്യമൂർത്തികളുടെ വലിപ്പമനുസരിച്ച് ആകർഷണശക്തിയും വർദ്ധിക്കുന്നതാകയാൽ ആ ശക്തിയെ കവിഞ്ഞ് ഇത്ര ദൂരത്തിൽ ഒരു കല്ലിനെ തള്ളി ഭൂമിയിലെത്തിക്കുക എന്നതു വളരെ അസംഭവമാകുന്നു. എന്നുമാത്രമല്ല ഈ ഗ്രഹങ്ങളുടെ മേൽഭാഗങ്ങൾ അഗ്നിപർവ്വതങ്ങളുടെ ലക്ഷണലേശം വാസ്തവത്തിൽനിന്നു കാണിക്കുന്നില്ല. സൂര്യനെ ചുററും ഓടിക്കൊണ്ടിരിക്കുന്ന അനേകം ചെറിയ ഗ്രഹങ്ങളുണ്ട്. അവയുടെ ചെറുപ്പമനുസരിച്ചു ആകർഷണശക്തിയും കുറവായിരിക്കും. ഇരുപതു മൈലുകൾ മാത്രം വ്യാസമുള്ള ഒരു ഗ്രഹത്തിന്മേൽ വെച്ചു ഊക്കോടുകൂടി ഒരു തുകൽപ്പന്തടിച്ചു വിട്ടാൽ ആ ഗ്രഹത്തിന്റെ ആകർഷണശക്തിയുടെ അല്പതനിമിത്തം ആ പന്തു മേലിലും അതിന്മേല്ക്കു തിരിച്ചുവരുന്നതല്ല. ഈ കണക്കിനു ചെറിയ ഗ്രഹങ്ങളിലുള്ള ആഗ്നേയഗിരികൾ ഭൂമിയിലേക്കു എത്തത്തക്കവണ്ണം കല്ലുകളെ തെറിപ്പിക്കുവാ

ൻ കഴിഞ്ഞുവെന്നു വരാം. എന്നാൽ ഇതും ജ്യോതിശ്ശാസ്ത്രസംബന്ധങ്ങളായ ഗണനങ്ങൾകൊണ്ട് അത്യന്തം അസംഭവമാണെന്നു തീൎച്ചപ്പെട്ടിരിക്കുന്നു. ആ ഗണനങ്ങളെ ഇവിടെ വിവരിച്ചുപറയുവാൻ പ്രയാസമുണ്ട്. ദൃഷ്ടാന്തമായിട്ട് ആ വക ചെറിയ ഗ്രഹങ്ങളുടെ കാൎയ്യം പറയുന്നതായാൽ അവയിൽ ഒന്നാകുന്ന സിറീസ് എന്ന ഗ്രഹത്തിൽനിന്നു 50000 തവണ കല്ലുകൾ തെറിക്കുന്നപക്ഷം ഒരിക്കൽ മാത്രമേ ഒന്നു ഭൂമിയിൽ വന്നുകൊള്ളുവാൻ പാടുള്ളു. അതിവേഗതയേറുള്ള അഗ്നിപൎവ്വതങ്ങൾ അതിലുണ്ടായിരിക്കയും വേണം.

മേൽവിവരിച്ച ന്യായങ്ങളാൽ ഗ്രഹങ്ങളുടെ വലിപ്പച്ചെറുപ്പം നോക്കാതെതന്നെ, അവയിൽനിന്നാകുന്നു ഉൽക്കകൾ വരുന്നതെങ്കിൽ ആ ഗ്രഹങ്ങളിൽ അത്യുഗ്രശക്തിയുള്ള അഗ്നിപൎവ്വതങ്ങളുണ്ടായിരിക്കുന്നമെന്നു തെളിയുന്നു. എന്നാൽ വല്ല ഗ്രഹത്തിനും ഈ ലക്ഷണമുണ്ടോ എന്നു നമുക്കാലോചിക്കാം.

അപ്രകാരമുള്ള ഒരു ശക്തി ഭൂമിയിലുള്ള അഗ്നിപൎവ്വതങ്ങൾക്കിപ്പോളില്ലെന്നു സമ്മതിക്കാതെ കഴികയില്ല. എങ്കിലും ഭൌമികാഗ്നേയഗിരികൾ എല്ലാ കാലങ്ങളിലും ഇപ്പോഴത്തെപ്പോലെ ബലഹീനങ്ങളായിരുന്നുവോ? ഭൂതത്വവിചാരകമായ പ്രാചീനകാലത്തിൽ ആ വക പൎവ്വതങ്ങൾക്ക് ഇപ്പോൾ കാണുന്നതിലും വളരെ അധികം ശക്തിയുണ്ടായിരുന്നിരിക്കുന്നമെന്നു വിശ്വസിക്കുവാൻ ന്യായമില്ലെന്നില്ല. അങ്ങിനെയുള്ള ആദിമയുഗത്തിൽ തക്ക ബലത്തോടുകൂടി കല്ലുകൾ ഭൂമിയിൽനിന്നും തെറിച്ചുപൊന്തി ഭൂമിയുടെ ആകൎഷണശക്തിയെ കവിഞ്ഞുപോയി എന്നിരിക്കട്ടെ. അപ്രകാരമായിരുന്നാൽ സൂൎയ്യന്റെ ആകൎഷണം അവയെപ്പിടിക്കയും അതിന്റെ ശേഷം അവ സൂൎയ്യനെ ചുററും തിരിഞ്ഞുകൊണ്ടിരിക്കുന്നതിനു നിൎബന്ധിക്കപ്പെടുകയും ചെയ്യും. എങ്കിലും അവയിൽ ഓരോന്നു സൂൎയ്യനെ ചുററും അണ്ഡാകാരത്തിൽ ഒരിക്കൽ ഓടിയെത്തുന്നതിനിടയിൽ ധരാകക്ഷയാകുന്ന പഥത്തെ ഒരിക്കൽ മുറിച്ചു കടക്കാതെ നിവൃത്തിയില്ല. അങ്ങനെ നോക്കിയാൽ, സിറീസ് എന്ന ഒരു ചെറിയ ഗ്രഹത്തിൽനിന്നും 50000 കല്ലുകൾ തെറിച്ചാൽ അവയിൽ ഒന്നുമാത്രം ഭൂമാൎഗ്ഗത്തെത്തട്ടുന്നതായിരിക്കും, നമ്മുടെ ഈ ഗ്രഹത്തിൽനിന്നും വിട്ടുപോയ സകല കല്ലുകളും പ്രത്യേകം ആ വഴിയിൽ ഒരു പരിവൎത്തനത്തിനിടയിൽ വന്നുപെടാതെ കഴികയില്ലെന്നു വരും.

ഈ മതം യഥാൎത്ഥമാകുന്നപക്ഷം ഭാനുവിനെ അണ്ഡാകൃതിയായി മാൎഗ്ഗത്തിൽ ചുററിയോടുന്ന അനേകം ഉൽക്കകൾ നഭോമണ്ഡലത്തിലുണ്ടായിരിക്കണം. ധരണികക്ഷയെ അവ എല്ലാം ഓരോ പരിവൎത്തനത്തിൽ അവശ്യം കടന്നുപോകുന്നുമെന്നുള്ള ലക്ഷണം എല്ലാററിനും സാധാരണവുമാണ്. ചിലപ്പോൾ ഒരു ഉൽക്ക ഇപ്രകാരം കടക്കുന്ന ആ സമയത്തന്നെ ഭൂമിയും ആ സ്ഥാനത്തു വന്നുകൂടി എന്നു വരുന്നതാണ്. ഈ വിധം സംഭവിച്ചാൽ ആ ഉൽക്കയുടെ ഗതി തീൎന്നു ഭൂമിയിൽനിന്നും പക്ഷേ അനേകയുഗങ്ങൾക്കു മുമ്പിൽ വേൎപ്പെട്ടുപോയ ആ വസ്തു അതിന്റെ ചിരകാലത്തെ സഞ്ചാരം അവസാനിപ്പിച്ചു നിജജന്മഭൂവിൽ ചെന്നു ലയിക്കുന്നു.

ഒടുവിൽ പറഞ്ഞ സിദ്ധാന്തമാണ് ഉൽക്കകളുടെ ഉത്ഭവത്തെയും സ്വഭാവത്തെ

യും കുറിച്ചു ഏറ്റവും സംഭാവ്യമെന്നു ജ്യോതിശ്ശാസ്ത്രജ്ഞന്മാർ കല്പിച്ചിരിക്കുന്ന ഭൂമിയിലെ അഗ്നിപർവ്വതങ്ങളിൽനിന്നും നിർഗ്ഗമിക്കുന്ന സാധനങ്ങളിൽ ഇരുമ്പു, നിക്കൽ എന്ന ലോഹവും കാണുന്നു. ഉല്ക്കകളുടെ അംശങ്ങളിൽ അധികപക്ഷവും ചിലപ്പോൾ മുഴുവനും, ഇരുമ്പു, നിക്കലും തന്നെയെന്നു നിർണ്ണയിക്കപ്പെട്ടിട്ടുണ്ട്. ഈ വാസ്തവം മേൽപറഞ്ഞ മതത്തെ വളരെ സഹായിക്കുന്നു.

ഉല്ക്കകം ഭൂമിയുടെ പല ഭാഗങ്ങളിലും ഇടയ്ക്കിടയ്ക്കു വീഴുന്നുണ്ട്. ബ്രിട്ടീഷ് മലബാറിൽ അടുത്തകാലത്തു വീണ ഒരു ഉല്ക്കയുടെ ഒരു ശകലം ഈ എഴുത്തുകാരന്റെ പക്കലുള്ളതിൽ ഇരിമ്പിനെപ്പോലെ മിനുന്ന അയിരുകം കാണപ്പെടുന്നുണ്ട്. നിക്കൽ എന്ന ലോഹം അതിലുണ്ടോ എന്നുള്ളതു രസവിഭാഗംകൊണ്ടു നിർണ്ണയിച്ചിട്ടില്ല.

ഈ ഉപന്യാസത്തിലും, എരിയുന്ന നക്ഷത്രങ്ങളെക്കുറിച്ചു ഇതിനു മുമ്പിലെഴുതിയ ഉപന്യാസത്തിലും പരദേശീയ ജ്യോതിർവിത്തുകൾ വ്യവഹരിച്ചിട്ടുള്ളതിനെ ചുരുക്കത്തിൽ സംക്ഷേപിച്ചു പറഞ്ഞുവെന്നേയുള്ളു. ആകാശത്തിൽനിന്നും ചിലപ്പോൾ ഭൂമിയിൽ വീഴുന്ന ഉല്ക്കകളെക്കുറിച്ചുള്ള വ്യവഹാരത്തിന്റെ പരിണാമങ്ങളെ താഴെ കാണുംപ്രകാരം സമാഹരിക്കാം.

1. ആകാശത്തിലുള്ള ഏതെങ്കിലും ഭൂമികളിലെ അഗ്നിപർവ്വതങ്ങളിൽനിന്നും ഉല്ക്കകം വരണമെങ്കിൽ ദ്രുതശക്തിയുള്ള സ്ഫോടനങ്ങൾ അവയിൽ ഉണ്ടായിരിക്കണം. എന്നാൽ ചന്ദ്രനൊഴികെ അഗ്നിപർവ്വതങ്ങളെ നമുക്ക കണ്ടുകൂടാ. അതിനാൽ ഈ ഊഹത്തിനു മതിയായ ആധാരമില്ല.

2. ഉല്ക്കകം ചന്ദ്രനിൽനിന്നു വരുന്നവെന്നുള്ള മതവും അസംഭാവ്യമാകുന്നു. അതിലെ ജ്വാലാമുഖങ്ങൾ ഇപ്പോൾ തിരെ നിദ്രിതങ്ങളായികിടക്കുന്നു.

3. വ്യാഴം, ശനി മുതലായ വലിയ ഗ്രഹങ്ങൾ തങ്ങളിൽ അഗ്നിപർവ്വതങ്ങളുള്ളപ്രകാരം യാതൊരു ലക്ഷണവും കാണിക്കുന്നില്ല. അവയുടെ വലിപ്പം നോക്കിയാൽ അവയ്ക്കുള്ള ആകർഷണശക്തിയെ അതിക്രമിച്ചു ഒരു ഉല്ക്ക ഭൂമിയിൽ വന്നെത്തുവാൻ അസാദ്ധ്യമാകുന്നു.

4. ചെറിയ ഗ്രഹങ്ങളിൽനിന്നും പുറപ്പെടാവുന്ന കല്ലുകൾ സുമാർ അമ്പതിനായിരത്തിനൊന്നുവീതം മാത്രമേ ഭൂമിയിൽ വന്നു മുട്ടുവാൻ തരമുള്ളു.

5. ഭൂമിയുടെ പൂർവ്വയുഗങ്ങളിൽ അതിലെ അഗ്നിപർവ്വതങ്ങളിൽനിന്നും തെറിച്ചിട്ടുണ്ടാകാവുന്ന കല്ലുകൾ ആ ഗ്രഹത്തിന്റെ ആകർഷണത്തെ കവിഞ്ഞു ഭാനുവിനെ ചുറ്റിയോടുന്ന പക്ഷം കാലപരിവർത്തനത്തിനിടയിൽ ധാത്രീകക്ഷയെ മുറിച്ചു അവശ്യം കടക്കയും ചിലപ്പോൾ ആ സന്ധിയിൽ ഭൂമിയെത്തന്നെ വന്നു മുട്ടുകയും ചെയ്യാവുന്നതാകയാൽ ഈ സിദ്ധാന്തമാണ് ശേഷമുള്ളവയെക്കാൾ അധികം സംഭാവ്യമായിട്ടുള്ളത്. സി. അന്തപ്പായി ബി.എ.

F. N. കുറച്ചു ദിവസം മുമ്പു മലബാർ ജില്ലയിൽ കരിപ്പുറം എന്ന ദിക്കിലും അടുത്ത പ്രദേശങ്ങളിലും ആകാശത്തിൽനിന്ന് ഒരുതരം കല്ലുകൾ വീണതായി വർത്തമാനപത്രങ്ങളിൽ കണ്ടിരുന്നു. ഇതിൽ കരിപ്പുറത്തു വീണ കല്ല് ഏകദേശം ഒരു തുലാത്തിൽ അധികം തൂക്കമുണ്ടായിരുന്നുവത്രെ. ഈ കല്ലിന്റെ ഒരു കഷണം ഞങ്ങൾ ഇതിനിടെ കാണുകയുണ്ടായി. പ്രകൃതം ഏതാണ്ടു കൽക്കരിയുടെ മാതിരിയാണ്. ഈ കല്ലു കത്തിക്കൊണ്ടിരുന്നുവെന്നു തോന്നത്തക്കവണ്ണം നിറഭേദവും കാണുന്നുണ്ട്. ഭൂമിയിൽ പതിക്കുന്നതുവരെ ഈ കല്ലു തനിയെ കത്തിക്കൊണ്ടിരുന്നുവെന്നാണ് അറിയുന്നതു. [മ. പ.]

മേലിലും മരണമാലിലും ശിവ.

പൊറാനാവാതുതലിനേവരുന്നുനി-
ഞ്ഞാരാകാരണമാവാതറാതെ താം;
ഉദാരമാശയമോടുകാലത്താമെന്നിക-
ണ്ണുറമേറിതനമിച്ചിടുന്നതൊൻ.

2. സങ്കടക്കടലലകളിട്ടുകൂടി-
ച്ചുകമിട്ടുവലയുന്നവാസരം;
നികടാമകൃതകപ്പലൊന്നതാ-
നെ.കരത്തിനാവലംബമാംബികേ!

3. ദീനമൊന്നുപിടിപെട്ടതൊഴ്പെട്ട-
ധീനനായ്പതറുമെങ്കിലിടനേരം
ആനമൂലസുഖമേകുന്നതാവക-
ധ്യാനമാമമൃതപാനമെന്നിനാൽ.

4. കണ്ണിലില്ലപണമെന്നതെങ്കിലെ-
ന്നിണ്ണവർമാനസിനിനാമയാർജ്ജിൽ
തിണ്ണിൽനിന്നപൊരിയെന്നാപാലമാ
(ൻ-
കണ്ണിലെത്തുമൊരമാത്രകൊണ്ടഹോ!

5. വല്ലനാരമൊരുചാപ്രമൊഴിഞാൻ
തെല്ലലാതെ, തലകാതെ, നിർഭയം
നല്ലവണ്ണമഗഭേ! നിനക്കില-
ന്നല്ലയേകവിതയ്ക്കുതടിപ്പതും.

6. ആമയില്ലാതസഹായമെന്നക-
ണ്ണിയവാറിമവും പൊഴികെ-ഠി!
ചാമവർത്ത പരമോഴ്ക്കുമൊക്കിലെ-
പ്പോഴുതന്നെമനസ്സുവല്ലായ?

7. ശുഭവെച്ചുദയമായ്പാടിച്ചും
ശുഭമേറിയാൻപോവുകിൽ
ഭയമകതിയോടു നിന്നെയേകിലി-
ജ്ജയമേകുമെപ്പൊഴും.

8. തല്ലുമൊച്ചുവയിൽനിന്നുഷോതമി-
യല്ലമാമെയശസ്സുനിത്യവും
നില്ലതിന്നചലപുത്രി! നിൻകൃപാ-
കല്പകത്തണലണച്ചുകാക്കണം.

9. ന്യായമായൊരലിലാഷമാക്കി-
ന്നായവണ്ണമതളിടനെൻപാരെ!
നീയനന്യശരണപ്പെട്ടുനിന്റെവൻ-
മായയാണിഹകളിപ്പതൊക്കയും.

10 തൊലിയൊത്തുമവുമ്പോഴക്കുപാ-
വെലികൊണ്ടുവലയിടുകുന്നുനീ;
ചേലിയന്നനുവിധേയണെന്നുമേ
മേലിലും മരണമാലിലും ശിവ!

കോയത്തു കൊച്ചുണ്ണിമേനോൻ.

ആയുർവ്വേദം.

ലോകഗതിയനുസരിച്ച്, പരിഷ്കാരങ്ങളിൽ തലകീഴ്മറിഞ്ഞു, പ്രാചീനങ്ങളായ സകലതിനെയും നിരർത്ഥകമെന്ന നിലയിൽ നിരാകരിച്ച്, ഇല്ലത്തുനിന്നു പുറപ്പെട്ട് അമ്മാമത്തെത്താത്ത 'വിധം ഇന്നത്തെ സമ്പ്രത്തിലിരിക്കുന്ന കേരളീയരുടെ മാഹാത്മ്യമേറിയ കുലധനമായ ആയുർവ്വേദശാസ്ത്രത്തെ പുനരുദ്ധാരണം ചെയ്യുന്നതിനായി മാന്യന്മാരായ പല മഹാന്മാരും ശ്രമിച്ചുവരുന്ന ഈ സന്ദർഭത്തിൽ, അവരുടെ പരിശ്രമങ്ങളിൽ അനുകൂലിച്ചു കഴിയുംവണ്ണം സഹായം ചെയ്യുവാൻ കേരളീയരെ പ്രേരിപ്പിക്കുന്നതിനുവേണ്ടി ആയുർവ്വേദശാസ്ത്രത്തിന്റെ മാഹാത്മ്യത്തെയും ആവശ്യത്തെയും ഫലത്തെയും പററി രണ്ടു വാക്കു ഇവിടെ പറയുന്നതു് അനുചിതമായിരിക്കയില്ലെന്നു വിശ്വസിക്കുന്നു.

കേരളത്തിലെന്നപോലെ ഇന്ത്യയുടെ പല ഭാഗങ്ങളിലും ആയുർവ്വേദസംബന്ധമായി പല ഏർപ്പാടുകളും ചെയ്തുവരുന്നുണ്ടെന്നു കേൾക്കുന്നതിൽ ചാരിതാർത്ഥ്യം തോന്നുന്നു. ക്രി. പതിനെട്ടാംനൂററാണ്ടിന്റെ അവസാനം മുതൽ പാശ്ചാത്യന്മാരുടെ ഇടയിൽ സംസ്കൃതഭാഷാഭ്യസനത്തിനുള്ള അഭിരുചിയുണ്ടായതോടുകൂടി ഹിന്ദുക്കളുടെ സകലവിധമായ ശാസ്ത്രങ്ങൾക്കും പാശ്ചാത്യലോകത്തിൽ ഒരു മാന്യതയും പ്രചാരവും സിദ്ധിച്ചു. അതിൽ പിന്നീട്, ബംഗാളത്തിലെ ഏഷ്യാട്ടിക് സമുദായസ്ഥാപനത്തോടുകൂടി, പൌരാണിക ഇന്ത്യാസാമ്രാജ്യത്തിന്റെ മാഹാത്മ്യത്തെ വെളിവാക്കുന്നതിനുള്ള ശ്രമത്തിൽ പലരും ഉത്സാഹിക്കയും, ക്രമേണ ഈ ശ്രമത്തിന് ആളുകൾ കൂടിക്കൂടി വരികയും ചെയ്തുതുടങ്ങി. നിയമം, വ്യവസായം, രാജ്യഭരണതന്ത്രം, തച്ചുശാസ്ത്രം, കൊത്തുപണി, ചിത്രമെഴുത്തു, രസതന്ത്രം, നാവികശാസ്ത്രം, ശാരീരം, വൈദ്യം, ജ്യോതിഷം മുതലായി ഹിന്ദുക്കളുടെ ഓരോ ശാസ്ത്രവിഭാഗങ്ങളും പാശ്ചാത്യവിദ്യാർത്ഥികളുടെ അന്വേഷണത്തിനും ആലോചനക്കും വിഷയമായിത്തീർന്നു. ഹിന്ദുക്കളുടെ പുരാണേതിഹാസാദികളും ഇവരുടെ ദൃഷ്ടിയിൽ പെടാതിരുന്നില്ല. സർ മൊനിയർ വില്യംസ് എന്ന സുപ്രസിദ്ധനായ ശാസ്ത്രജ്ഞന്റെ കാലംവരെ, ഏതു വിഷയത്തിലും സകല രാജ്യക്കാരുടെയും മുന്നണിയിലാണ് ഹിന്ദുക്കൾ നിന്നിരുന്നതെന്നു പാശ്ചാത്യന്മാരുടെ ഇടയിൽകൂടി ഇപ്രകാരം ദൃഷ്ടാന്തസഹിതം ബോദ്ധ്യപ്പെട്ടിരിക്കുന്നു. ആവിയന്ത്രത്തിന്റെ പുറപ്പാടു മുതൽക്കു മാത്രമേ മററുള്ളവർ ഹിന്ദുക്കളെ കടന്നുപോയിട്ടുള്ളുവെന്നാണ് തെളിഞ്ഞിരിക്കുന്നതു്. ത്യാജ്യങ്ങളായ പരിഷ്കാരങ്ങളെ സ്വീകരിക്കുവാനായിക്കൊണ്ടുമാത്രം നമ്മൾ പാശ്ചാത്യന്മാരെ മാതൃകയായി വിചാരിച്ചുപോരുന്നതും നമ്മുടെ ശാസ്ത്രങ്ങളെക്കുറിച്ചും പൂർവ്വികന്മാരെക്കുറിച്ചും പാശ്ചാത്യന്മാർ നിസ്സീമമായ സ്നേഹബഹുമാനാദികളുള്ള സ്ഥിതിക്കും, പിൻവാഴ്ചക്കാരായ നാം, 'പാമ്പായാലും പഴയതു നല്ലതു' എന്ന പ്രമാണത്തെ വിസ്മരിച്ചു പൌരാണികങ്ങളായവകളെ തുച്ഛമാക്കിയിരിക്കുന്നതു, നമ്മുടെ ബുദ്ധിശക്തി കവിഞ്ഞുപോയതുകൊണ്ടായിരിക്കും. പാശ്ചാത്യന്മാരുടെ

ബുദ്ധിസ്റ്റ് അഗ്നിമാന്ദ്യം സംഭവിച്ചിട്ടുള്ളതുകൊണ്ടാണ് അവർ ഹിന്ദുശാസ്ത്രങ്ങളിൽ അഭിരുചി തോന്നാത്തതെന്നും ചിലർ പറയാതിരിക്കുന്നില്ല. അങ്ങിനെ പറയുന്നതിന്നും കാരണം മേൽപറഞ്ഞതുതന്നെയായിരിക്കാം. ഏതായാലും, കാരണങ്ങളാലോചിക്കുവാനുള്ള സ്വാതന്ത്ര്യം വായനക്കാരുടെ മനോധർമ്മത്തിന്നു വിട്ടുകൊടുത്തുകൊണ്ടു പ്രകൃതത്തിലേക്കു പ്രവേശിക്കട്ടെ.

'ആയുർവ്വേദം' എന്ന വാക്കിന്റെ അർത്ഥം ഇപ്പോഴും മനസ്സിലാക്കിവരുന്നതു 'ആയുസ്സിനെ സംബന്ധിച്ച വേദം' എന്നാണെങ്കിലും നമ്മുടെ പൂർവ്വികന്മാർ ഇതിന്നു കുറെക്കൂടി വിസ്താരമായ അർത്ഥമാണ് കല്പിച്ചിരുന്നത്. ആയുർവ്വേദം എന്നതു വൃക്ഷലതാദികളുടെയും പക്ഷിമൃഗാദികളുടെയും മനുഷ്യരുടെയും ജീവനെ സംബന്ധിക്കുന്ന ഒരു ശാസ്ത്രമാകുന്നു. 'വൃക്ഷായുർവ്വേദം', 'മൃഗായുർവ്വേദം' അല്ലെങ്കിൽ 'പാലകാപ്യം', 'അശ്വായുർവ്വേദം' അല്ലെങ്കിൽ 'ശാലിഹോത്രം', 'അഷ്ടാംഗഹൃദയം' എന്നിവകൾ പരപ്പായികിടക്കുന്ന ആയുർവ്വേദശാസ്ത്രത്തിന്റെ ഓരോ ഭാഗങ്ങളാകുന്നു. ചെടികളുടെയും ജന്തുക്കളുടെയും മനുഷ്യരുടെയും ജീവനെ സംബന്ധിക്കുന്ന സകലവിധമായ ശാസ്ത്രങ്ങളും ഇതിൽ അടങ്ങിയിരിക്കുന്നു. ദേശകാലാവസ്ഥകൾ, സൂര്യചന്ദ്രനക്ഷത്രാദിഗ്രഹങ്ങളുടെ സ്ഥിതിഭേദങ്ങൾ, ശാരീരം, ലോഹശാസ്ത്രം, പ്രകൃതിവ്യത്യാസങ്ങളുടെ സൂക്ഷ്മജ്ഞാനം, മുതലായി സാക്ഷാത്തായും അല്ലാതെയും ജീവനെ സംബന്ധിക്കുന്ന സകല ശാസ്ത്രങ്ങളും ആയുർവ്വേദശാസ്ത്രത്തിന്റെ ഓരോ വിഭാഗങ്ങളാകുന്നു. നമ്മുടെ പൂർവ്വികന്മാരുടെ നിയമമനുസരിച്ച് ആയുർവ്വേദശാസ്ത്രത്തിൽ പാണ്ഡിത്യം സമ്പാദിച്ച് ഒരു ചികിത്സകനാവണമെങ്കിൽ, മേൽപറഞ്ഞ സകല വിഭാഗങ്ങളിലുമുള്ള ജ്ഞാനം പരിപൂർണ്ണമായിരിക്കണം. അക്കാലത്തെ ഒരു ആയുർവ്വേദവൈദ്യന്നുള്ള ജ്ഞാനത്തിന്റെ കഥ വിചാരിച്ചാൽ, ഇക്കാലത്തു ജർമ്മനി, അമേരിക്ക, ഇംഗ്ലണ്ട് മുതലായ രാജ്യങ്ങളിലെ വൈദ്യസർവ്വകലാശാലകളിൽനിന്നു സിദ്ധിക്കാവുന്ന ഏറ്റവും ഉയർന്ന ബിരുദകൾ സമ്പാദിച്ചിട്ടുള്ള ഒരു ഡോക്ടരുടെ വൈദ്യസംബന്ധമായും ശരീരസംബന്ധമായും മററുമുള്ള ജ്ഞാനം എത്രയോ നിസ്സാരമാണ്! എന്നുമാത്രമല്ല, ബാഹ്യകാരണങ്ങളാൽ ശരീരത്തിന്നുണ്ടാകുന്ന രോഗങ്ങളെ ഭേദപ്പെടുത്തി വന്നിരുന്നതുകൂടാതെ, മനസ്സിന്റെ ക്ഷോഭവ്യത്യാസത്താലുണ്ടാകുന്ന രോഗങ്ങൾക്കുംകൂടി നമ്മുടെ പൂർവ്വികന്മാർ പ്രതിവിധി കണ്ടുപിടിച്ച്, ജനങ്ങളുടെ പ്രാണരക്ഷ ചെയ്തുവന്നിരുന്നു. മാനസികശാസ്ത്രവും ഇതിൽപ്പെട്ട ഒരു വിഭാഗമാണെന്നു പ്രത്യേകം പറയേണ്ടതില്ലല്ലോ. ആയുർവ്വേദം വളരെ പരപ്പായ ഒരു ശാസ്ത്രമാകുന്നു. പല ശാസ്ത്രവിഭാഗങ്ങളെയും കൂട്ടികലർത്തി ഇക്കാലത്തു നാട്ടിൽ വന്നിട്ടുള്ള പാശ്ചാത്യ വൈദ്യശാസ്ത്രത്തോടു ആയുർവ്വേദത്തെ സദൃശപ്പെടുത്തുന്നതുകൊണ്ട് അതിന്റെ വിവരണത്തിന് പകുതി ജീവൻ കിട്ടുന്നതല്ല. ഹിന്ദുക്കളെ സംബന്ധിച്ചുള്ള സകല കാര്യങ്ങളിലുമെന്നപോലെ ഇതിലും ഐഹികപാരത്രികങ്ങളായ സകലതും അടങ്ങിയിരിക്കുന്നു. സകലത്തിലും അന്തർഭവിച്ചിരിക്കുന്ന ഒന്നിനെയും ഒന്നിൽ അടങ്ങിയിരിക്കുന്ന സകലത്തിനെയുമാണല്ലോ നാം ആരാധിച്ചുവരുന്നതു. 'അനേകാധാരമപ്യേക

ലോകധാരണോപായഃ എന്ന തത്വമാണ് നമ്മെ സംബന്ധിച്ചുള്ള സകലത്തിന്റെയും അടിസ്ഥാനം. ഈ അടിസ്ഥാനത്തെ ആശ്രയിച്ചാണ് നമ്മുടെ സാഹിത്യവും നിലനില്ക്കുന്നതു. നമ്മുടെ വേദങ്ങൾ, സംഹിതകൾ, പുരാണങ്ങൾ, തന്ത്രങ്ങൾ മുതലായവയെല്ലാം ഓരോ വിഷയവിവരങ്ങളെ പ്രതിപാദിക്കുന്ന ശാസ്ത്രങ്ങളാകുന്നു. അതുപോലെതന്നെ ജീവലോകത്തെപ്പററിയുള്ള സകലവിധമായ അറിവുകളും അടങ്ങിയിരിക്കുന്ന ഒരു ശാസ്ത്രമാകുന്നു ആയുവ്വേദം.

ആയുവ്വേദത്തിൽ പ്രസ്താവിച്ചിരിക്കുന്ന പല വിഷയങ്ങൾക്കും പ്രത്യേകമായ ഓരോ ശാസ്ത്രം നമുക്കില്ലാതെയുമില്ല. മേൽ പ്രസ്താവിച്ച പ്രകാരത്തെ അടിസ്ഥാനപ്പെടുത്തി, നമ്മുടെ സാഹിത്യലോകത്തിൽ, ഒന്നിനെ പലതിലും പലതിനെയും ഒന്നിലും അടക്കീട്ടുണ്ട്. നമ്മുടെ പൂവ്വന്മാരായ കലാവിദ്യകളെ ആരാധിച്ച അവരാരെങ്കിലും ക്കുമൊന്നും ഉണ്ടാകാത്തതുകൊണ്ടോ സംസ്കൃതത്തിൽ പാണ്ഡിത്യം സമ്പാദിക്കുവാനുള്ള അഭിരുചി കേരളീയരുടെ ഇടയിൽ അധികം ഉണ്ടാകാത്തതു ഒരു വ്യസനകരമായ അവസ്ഥയൊന്നുമാണ്. പല നാട്ടുരാജ്യങ്ങളിൽ നിന്നും പുരാതനസംസ്കൃതഗ്രന്ഥങ്ങളുടെ കയ്യെഴുത്തുപകപ്പുകൾ പലതും കണ്ടുകിട്ടീട്ടുണ്ട്. ഓരോ രാജ്യത്തു നിന്നും ഈവക കണ്ടുകിട്ടീട്ടുള്ള കയ്യെഴുത്തുപകപ്പുകളുടെ ലിസ്റ്റും പ്രസിദ്ധപ്പെടുത്തീട്ടുണ്ട്. ഇപ്രകാരം പ്രസിദ്ധപ്പെടുത്തീട്ടുള്ള ലിസ്റ്റുകളിൽ കൂടി ഒന്നു കണ്ണോടിച്ചുപോയാൽ, ഹിന്തുക്കൾക്കുണ്ടായിരുന്ന സവ്വതോമുഖമായ ശാസ്ത്രവിഭാഗങ്ങളുടെ എത്രാണ്ടൊരു കണക്ക് എളുപ്പം മനസ്സിലാകുന്നതാണ്. ക്ഷേത്രഗണിതം, ബീജഗണിതം, രസതന്ത്രം, ലോഹശാസ്ത്രം, അശ്വശാസ്ത്രം, ജന്തുശാസ്ത്രം, വൃക്ഷശാസ്ത്രം, ശാരീരം മുതലായ പലവിധശാസ്ത്രങ്ങളും, നമ്മുടെ പുരാണങ്ങളിലും തന്ത്രങ്ങൾ, സംഹിതകൾ, പഞ്ചതന്ത്രം, മഹാഭാരതം, കഥാസരിത്സാഗരം മുതലായ ഗ്രന്ഥങ്ങളിലും ഏറെക്കുറെ അടങ്ങീട്ടുണ്ടെന്നു ഈ വക ഗ്രന്ഥങ്ങളിൽ ഏതെങ്കിലും വായിച്ചിട്ടുള്ളവർ സമ്മതിക്കാതെ നിവൃത്തിയില്ല. ഓരോ ശാസ്ത്രങ്ങളിലും പ്രത്യേകപാണ്ഡിത്യം സിദ്ധിച്ചിട്ടുള്ളവർ അതാതുശാസ്ത്രങ്ങളെക്കുറിച്ചു പ്രത്യേകഗ്രന്ഥങ്ങൾ എഴുതീട്ടുണ്ടെന്നു പ്രസ്തുത കയ്യെഴുത്തുപകപ്പുകളുടെ ലിസ്റ്റിൽ നിന്നും വിശദമാകുന്നുണ്ട്. 'പ്രൊഫസർ ആഫ്രെ' എന്ന മഹാൻ പ്രസിദ്ധപ്പെടുത്തിയിരിക്കുന്ന ഒരു പുസ്തകപ്പട്ടികയിൽ, കയ്യെഴുത്തുപകപ്പിലുള്ള ഇരുപതിനായിരം സംസ്കൃതഗ്രന്ഥങ്ങളുടെ പേരുകളും അവയിൽ ഓരോന്നിലും പ്രതിപാദിച്ചിരിക്കുന്ന വിഷയങ്ങളുടെ ഓരോ സംക്ഷിപ്തവിവരണവും കൊടുത്തിട്ടുണ്ട്. ഇപ്രകാരമുള്ള അന്വേഷണങ്ങളുടെ ഫലമായിട്ടാണ് പാശ്ചാത്യന്മാരുടെ ഇടയിൽ ഹിന്തുക്കളെക്കുറിച്ചു ബഹുമതിയുണ്ടായിരിക്കുന്നതു. ഈ വക ഗ്രന്ഥങ്ങൾ പ്രചാരത്തിലാവുകയും, അവയിലുള്ള വിഷയരസങ്ങളെ ആസ്വദിക്കുവാൻ തക്ക ത്രാണിയുണ്ടാവുകയും ചെയ്യുന്ന കാലത്തു മാത്രമേ കേരളീയർക്ക് അവരെക്കുറിച്ചുതന്നെ ഇപ്പോഴുള്ള പുച്ഛം ഇല്ലാതാവുകയും, ഇപ്പോഴത്തെ നാനാശാസ്ത്രമായ പല ഉത്തമങ്ങളും നിഷ്പ്രയാസം നശിക്കുകയും ചെയ്യുകയുള്ളൂ.

ഹിന്തുക്കളുടെ ഇതരശാസ്ത്രങ്ങളെപ്പോലെതന്നെ ആയുവ്വേദശാസ്ത്രവും, ഹിന്തുസ്ഥാനത്തിൽ ഓരോ കാലത്തുണ്ടായിട്ടുള്ള പണ്ഡിതന്മാരുടെ ഐകകണ്ഠ്യത്തോടുകൂടിയ പ്രയത്നത്തിന്റെ ഫലമാണ്. ആയുവ്വേദശാസ്ത്രത്തിന്റെ ചരിത്രം നോക്കിയാ

ൽ അതിന്റെ പോഷണത്തിനും വളൎച്ചക്കും വേണ്ടി ഇന്ത്യാരാജ്യത്തിന്റെ നാനാഭാഗങ്ങളിലുമുണ്ടായിട്ടുള്ള പണ്ഡിതന്മാരെല്ലാവരും പ്രയത്നം ചെയ്തിട്ടുണ്ടെന്നു കാണാവുന്നതാണു്. പഞ്ചാബിൽനിന്നു ചരകൻ, സുശ്രുതൻ, പശ്ചിമ ഇന്ത്യയിൽ വാഗ്ഭടൻ, ഗൌഡരാജ്യത്തിൽ ചക്രപാണി, മഹാരാഷ്ട്രത്തിൽ നരഹരിപണ്ഡിതർ, വിജയനഗരത്തിൽ മാധവർ, കനോജ് രാജ്യത്തിൽ മദനപാലർ, രാജപുത്താനയിൽ ശാൎങ്ഗധരൻ, മുതലായ വിശ്വവിശ്രുതന്മാർ ആയുൎവ്വേദക്കളരിയിൽ പയററീട്ടുള്ള അസംഖ്യം പേരിൽ ചിലരാകുന്നു. എന്നാൽ ഇവർ ഇവരുടെ പൂൎവ്വികന്മാർ എഴുതിവെച്ചതിനെ 'ചൎവ്വിതചൎവ്വണം' ചെയ്കയാണോ ചെയ്തിട്ടുള്ളതു്? അതല്ലതാനും. വ്യാകരണനിൎമ്മാണകാൎയ്യത്തിൽ പതഞ്ജലി, കാത്യായനൻ മുതലായവൎക്കൊപ്പം ഒട്ടും കുറഞ്ഞ പുള്ളിയല്ലായിരുന്നു 'പാണിനി' എന്നു ഒരു പാശ്ചാത്യമഹാൻ പറഞ്ഞിട്ടുള്ളതു് ഈ കാൎയ്യത്തിലും പററുന്നതായിരിക്കും.

വിധിവൈഭവത്താലും പ്രാപ്തന്മാരായ പിൻവാഴ്ചക്കാരുടെ ദൌൎല്ലഭ്യംകൊണ്ടും ആയുൎവ്വേദശാസ്ത്രത്തിന്റെ ഗതി പലപ്പോഴും പല പ്രകാരത്തിലും തടയപ്പെട്ടിട്ടുണ്ടെങ്കിലും, ഇതിന്റെ പൂൎവ്വചരിത്രം അത്യന്തം കാലദേശാവസ്ഥകളനുസരിച്ചു ജീവിതം നയിച്ചും പ്രകൃതവ്യത്യാസങ്ങളെ തങ്ങൾക്കനുകൂലമാകുംവിധം തിരിച്ചു വിനിയോഗിച്ചും പണ്ടിരുന്ന നമ്മുടെ പൂൎവ്വികന്മാർ മനഃപൂൎവ്വമായി ചെയ്തിരുന്ന പ്രയത്നത്തിന്റെ വിവരണം, നമുക്കു ആലോചനാൎഹവും ഉത്സാഹപ്രദവുമായിത്തീരുന്നതാണു്, സംശയമില്ല. പുരാതനശാസ്ത്രഗ്രന്ഥങ്ങളെ ഭൂതകാലമായ ഇരുട്ടറയിൽനിന്നു വൎത്തമാനകാലപ്രകാശത്തിൽ കൊണ്ടുവരുവാൻ പാശ്ചാത്യന്മാർ ചെയ്തിരിക്കുന്ന ഏൎപ്പാടുകളുടെ ദൃഷ്ടി ആയുൎവ്വേദവിഷയത്തിൽകൂടി പതിയുന്നതായാൽ, വൈദ്യവിഷയത്തിൽ നമ്മുടെ പൂൎവ്വികന്മാർ ചെയ്തിട്ടുള്ള അന്വേഷണപ്രയത്നങ്ങൾ ലോകോപകാരപ്രദമാകുംവിധം പുറത്തു പുറപ്പെടുകയും, അവകൾ ഇപ്പോൾ പാശ്ചാത്യരുടെയിടയിൽ സിദ്ധിച്ചിട്ടുള്ള ബഹുമതി ശതഗുണീഭവിക്കയും ചെയ്യും. 'അലഹബാദി'ലുള്ള 'പാണിനിആഫീസ്സി'ൽനിന്നു സാഹിത്യവിഷയമായും ശാസ്ത്രസംബന്ധമായുമുള്ള പുരാതനഗ്രന്ഥങ്ങളെ തിരഞ്ഞെടുക്കുന്നതിനു, കഴിഞ്ഞ ഇരുപതു കൊല്ലങ്ങളായിട്ടു് അതിനിഷ്കൎഷയോടെ വേല നടത്തിവരുന്നുണ്ടു്. ഇവിടെനിന്നും 'നാട്ടുവൈദ്യസംബന്ധമായ ചെടികൾ' എന്നപേരോടുകൂടി ഒരു വലിയ പുസ്തകം പ്രസിദ്ധപ്പെടുത്തീട്ടുണ്ടു്. ആയിരത്തി മുന്നൂറിലധികം ചെടികളുടെ ചിത്രങ്ങളോടുകൂടിയ ഈ പുസ്തകം ആയുൎവ്വേദത്തെ അടിസ്ഥാനപ്പെടുത്തി ഉണ്ടാക്കീട്ടുള്ളതാണെന്നു മാത്രമല്ല, ഇതു അനാവധി വിദ്വാന്മാരുടെ ഒന്നുരണ്ടു കൊല്ലത്തെ പ്രയത്നത്തിന്റെ ഫലവുമാണു്. പ്രസിദ്ധവിദ്വാനും ദേശാഭിമാനിയുമായ റായിബഹദൂർ ശരച്ചന്ദ്രദാസ് സി. ഐ. ഇ. അവൎകൾ വൈദ്യന്മാരെ പരിശീലിപ്പിക്കുന്ന കാൎയ്യത്തിൽ ഇപ്രകാരം പറഞ്ഞിരിക്കുന്നു.

"ഹിന്ദുവൈദ്യശാസ്ത്രത്തിന്റെ പ്രാധാന്യത്തെപ്പററി ലോകം മുഴുവൻ അറിഞ്ഞുവരുന്നുണ്ടു്. എന്നാൽ സംസ്കൃതസൎവ്വകലാശാലകളിലൊന്നും അതു വേണ്ടവിധം പഠിപ്പിക്കുന്നില്ല. ആയുൎവ്വേദശാസ്ത്രം പഠിപ്പിക്കുന്നതിനുള്ള ഒരു പ്രത്യേക ഏൎപ്പാടു് എല്ലാ സംസ്കൃതസൎവ്വകലാശാലകളിലും ഉണ്ടായിരിക്കണമെന്നാണു് എന്റെ അഭിപ്രായം. പുരാതനശാസ്ത്രജ്ഞന്മാർ, അറിവുകൊണ്ടും പരിചയംകൊണ്ടും എല്ലാ സസ്യങ്ങളുടെ

യും ഗുണങ്ങളും ഉപയോഗങ്ങളും അറിയാമായിരുന്നുവെന്നുമാത്രമല്ല, സസ്യങ്ങളെ അവർ വേർതിരിച്ചറിയുകയും ചെയ്തിരുന്നു. നാട്ടുവൈദ്യസംബന്ധമായ സസ്യങ്ങളിൽ മിക്കതും ഇപ്പോൾ പാശ്ചാത്യരാജ്യങ്ങളിൽ നട്ടുവളർത്തിവരുന്നുണ്ടു്. ഇവയെ ഒന്നിനൊന്നു തിരിച്ചറിയുവാനാണു് പ്രയാസം. എങ്കിലും, സംസ്കൃതവൈദ്യങ്ങളിൽ പറഞ്ഞിട്ടുള്ള എല്ലാ സസ്യങ്ങളെയും തിരിച്ചറിയുവാൻ സാധിക്കുന്നതായ നാട്ടുവൈദ്യന്മാർ ഇപ്പോഴും ഇല്ലാതില്ല. വൈദ്യസംബന്ധമായി ഇന്ത്യയിലുള്ള എല്ലാ സസ്യങ്ങളുടെയും ചിത്രവും സംസ്കൃതപ്പേരുകളും കൊടുത്തിട്ടുള്ള ഒരു പുസ്തകമാണു് ഇപ്പോൾ അത്യാവശ്യമായിരിക്കുന്നതു്. ഇതുകൊണ്ടു മരുന്നുകൾ തിരിച്ചറിവാൻ വളരെ എളുപ്പം കിട്ടും.

“അലഹബാദിൽവെച്ചു ഈയിടെ നടത്തിയ ഒരു പ്രദർശനത്തിൽ, ഇന്ത്യയിലുള്ള വൈദ്യസംബന്ധമായ എല്ലാ സസ്യങ്ങളുടെയും ചിത്രം— ചായം ഇട്ടതും ഇടാത്തതും— ഹാജരാക്കീട്ടുണ്ടായിരുന്നു. ഇതിനെയുള്ള ചിത്രങ്ങൾ ഒന്നായി ചേർത്തു അവയുടെ പേരുകളോടുകൂടി പുസ്തകരൂപേണ പ്രസിദ്ധപ്പെടുത്തേണ്ടതാണു്. ഇന്ത്യൻ മെഡിക്കൽ സർവ്വീസ്സിൽനിന്നും പെൻഷ്യൻവാങ്ങി വരുന്ന ലഫ്ടിനൻറു കർണ്ണൽ കെ. ആർ. കീർത്തികർ, മേജർ ബി. ഡി. വാസു, എന്നീ രണ്ടു മഹാന്മാർകൂടി മേൽ പ്രസ്താവിച്ച സമ്പ്രദായത്തിൽ ഒരു പുസ്തകം ഉണ്ടാക്കി വരുന്നുണ്ടു്. ഇതിലേയ്ക്കായി ഇന്ത്യൻ ഗവർമ്മെണ്ടു കഴിയുന്നത്ര ധനസഹായം ചെയ്യേണ്ടതാണെന്നാണു് എൻറെ അഭിപ്രായം.”

സംസ്കൃതഭാഷാപഠനോത്സുകന്മാരായ പാശ്ചാത്യന്മാർ ബഹുമാനപുരസ്സരം സമ്മതിച്ചിരിക്കുന്ന ഹിന്ദുശാസ്ത്രവ്യവസായാദി ഗ്രന്ഥങ്ങളുടെ ഉത്ഭവം പുരാതന ഇന്ത്യക്കാരിൽ നിന്നല്ലെന്നു തെളിയിക്കുവാൻ ചിലർ സാഹസപ്രയത്നം ചെയ്തുവരുന്നുണ്ടു്. രാമായണകഥയും അതിൻറെ രചനാരീതിയും വാല്മീകിയുടേതല്ലെന്നു. ‘ഹോമർ’ എന്ന പാശ്ചാത്യവിദ്വാൻറെ ഒരു ഗ്രന്ഥത്തെ സമഷ്ടിയായി ആരോ കവച്ചു ചെയ്തിട്ടുള്ളതാണെന്നും തെളിയിക്കുവാൻ ഒരു വിദ്വാൻ ശ്രമിക്കുന്നു. ഹിന്ദുക്കൾക്കു ജ്യോതിശ്ശാസ്ത്രത്തെപ്പറ്റി യാതൊരു ജ്ഞാനവുമുണ്ടായിരുന്നില്ലെന്നും, ഗ്രീക്കുകാരുടെ ഗ്രന്ഥങ്ങളെ കൊള്ള ചെയ്തതിൽനിന്നാണു് പ്രസ്തുതശാസ്ത്രജ്ഞാനം ഹിന്ദുക്കൾക്കുണ്ടായതെന്നും വേറൊരു മാന്യൻ വാദിക്കുന്നു. ഹിന്ദുക്കളുടെ ഗണിതമാർഗ്ഗം അവരുടെ സ്വന്തമല്ലെന്നാണു് ഒരു പ്രസിദ്ധപണ്ഡിതനും ഇപ്പോൾ പെൻഷ്യൻപറ്റി വരുന്നതും ഐ. സി. എസ്സ്. ബിരുദം നേടിയതുമായ ഒരു മഹാൻ പ്രസ്താവിക്കുന്നതു്. ‘നെസ്റ്റോറിയൻസ’ എന്ന ഒരു കൂട്ടം ക്രിസ്ത്യാനികൾ ‘പലസ്തീനാ’യിൽനിന്നു ഇന്ത്യയിലേക്കു ഇറക്കുമതി ചെയ്തതിനെ അനുകരിച്ചു പരിശീലിച്ചുവന്നിരിക്കുന്നതാണത്രെ ഹിന്ദുക്കളുടെ ഗണിതമാർഗ്ഗം. ഈ വകക്കെല്ലാം ഇതുമാതിരി ഒരു മൂലസ്ഥാനമാക്കി കല്പിച്ചു വാദിച്ചുപോരുന്നുണ്ടെങ്കിലും ആയുർവ്വേദത്തിനുമാത്രം ഇപ്രകാരമൊരു അടിസ്ഥാനം കല്പിക്കുവാൻ ഇതുവരെ ആർക്കും സാധിച്ചിട്ടില്ല. ആയുർവ്വേദം പാശ്ചാത്യവിദ്വാന്മാരുടെ ശ്രദ്ധയെ അധികമായാകർഷിക്കാത്തതുകൊണ്ടായിരിക്കും, ഹിന്ദുക്കളുടെ മറ്റു ശാസ്ത്രങ്ങൾക്കു കല്പിച്ചിരിക്കുന്ന അപ്പീൽവിധി ഇതിനും ബാധിക്കാതിരിക്കുന്നതു്.

വാദപ്രതിവാദത്തിനുവേണ്ടി ഇവർ പറയുന്നതെല്ലാം വാസ്തവമാണെന്നു വിചാരിക്കുക. ഹിന്ദുക്കളുടെ സകല ശാസ്ത്രവും അന്യന്മാരോടു കടം വാങ്ങീട്ടുള്ളതാ

ണെന്നു വിചാരിക്കുന്ന പക്ഷവും, കടം വാങ്ങിയ്ക്കുന്നതിന്നു തന്നെയും സ്വന്തമായ ഒരു സ്വാതന്ത്ര്യശക്തി ആവശ്യമല്ലേ? ധനമുള്ളവൎക്കല്ലാതെ പാപ്പർശീട്ടെഴുതിയിട്ടുള്ളവൎക്കു വല്ലവരും കടം കൊടുക്കുമോ? തീൎച്ചയില്ല. എന്നതുപോലെതന്നെ, ശാസ്ത്രീയമായും മററുമുള്ള ജ്ഞാനത്തിന്റെ ഏതാണ്ടൊരംശമെങ്കിലും ഇല്ലാത്ത ഹിന്തുക്കൾ അന്യന്മാരോടു ജ്ഞാനം കടം വാങ്ങുമോ? കടന്ന വിളക്കുകൊണ്ടു പയോഗമെന്തു? മൂഢന്മാർ ഗ്രന്ഥങ്ങൾകൊണ്ടു ഫലമെന്തു? ആ സ്ഥിതിയ്ക്കു ഹിന്തുക്കൾ തീരെ അജ്ഞന്മാരായിരുന്നില്ലെന്നു സമ്മതിയ്ക്കേണ്ടിവരും. അല്ലാതെ, അന്യന്മാരുടെ ശാസ്ത്രങ്ങളെ തങ്ങളുടെ സ്വന്തമെന്ന നിലയിലാക്കി ലോകസമ്മതം വരുത്തി പ്രചാരത്തിൽ കൊണ്ടുവരുവാൻ അവൎക്കെങ്ങിനെ സാധിയ്ക്കും? ഈ കാരണം മേൽപറഞ്ഞ മാന്യന്മാരുടെ വാദത്തിന്റെ പ്രബലതയെ പകുതി കുറയ്ക്കുന്നു. ഈ കാൎയ്യത്തിൽ ഇനി ഒന്നുകൂടി ആലോചിയ്ക്കുവാനുണ്ടു. ഹിന്തുക്കൾക്കു കടം കൊടുത്തിരുന്നവരിൽനിന്നു തന്നെയാണു മററുള്ളവരും കടം വാങ്ങീട്ടുള്ളതെന്നു അവർ സമ്മതിയ്ക്കുന്നുണ്ടു. എന്നാൽ അവരുടെ ധനം ക്രമേണ പരിഷ്കാരവൎദ്ധനയെ പ്രാപിച്ചുവന്നിരിയ്ക്കുന്നു. ഹിന്തുക്കളുടേതു മാത്രം എന്തുകൊണ്ടാണു ഇന്നും പൂൎവ്വസ്ഥിതിയിൽതന്നെ ഇരിക്കുന്നതു? അന്യന്മാരുടേതു സ്വന്തമാണെന്നു ലോകരെ ബോദ്ധ്യപ്പെടുത്തുവാൻ സാധിച്ച ഒരു കൂട്ടൎക്കു അതുകളെ പരിഷ്കരിയ്ക്കുവാനുള്ള ബുദ്ധിശക്തിയില്ലെന്നു വിചാരിയ്ക്കുവാൻ ന്യായമായ കാരണം യാതൊന്നും കാണുന്നില്ല. എന്നാൽ ഹിന്തുക്കളുടെ മററു ശാസ്ത്രങ്ങളിലെന്നപോലെ ആയുൎവ്വേദത്തിലും യാതൊരു പരിഷ്കാരവും ഇതുവരെ കാണാത്തതു എന്തുകൊണ്ടാണു? ഹിന്തുശാസ്ത്രങ്ങൾ പരിഷ്കരിക്കേണ്ടുന്ന ആവശ്യമില്ലാത്തതുകൊണ്ടുതന്നെ. അവകൾ ഉത്ഭവത്തിൽതന്നെ പൂൎണ്ണങ്ങളായിട്ടാണു പുറപ്പാടു. പിന്നെ പരിഷ്കരിക്കുന്നതെന്തിനു? മററുള്ളവർ പരിഷ്കരിച്ചു ദുൎദ്ദശയിൽ കൊണ്ടുവന്നിരിക്കുന്ന ശാസ്ത്രങ്ങളിൽ അടങ്ങിയിരിക്കുന്നതിലും കൂടുതൽ വിവരങ്ങൾ എല്ലാ വിഷയത്തെക്കുറിച്ചും ഹിന്തുശാസ്ത്രങ്ങളിൽ അടങ്ങിയിരിക്കുന്നു. ഈ കാരണങ്ങളാൽ മുൻവാദം അടിസ്ഥാനരഹിതമായി തീൎന്നിരിക്കുന്നുവെന്നാണു എനിക്കു തോന്നുന്നതു. ഇതിൽനിന്നു, കടം വാങ്ങിച്ചിരിക്കുന്ന കൂട്ടർ എതാണെന്നും ആരോടാണു കടം വാങ്ങിച്ചിട്ടുള്ളതെന്നും വായനക്കാർ തന്നെ തീൎച്ചയാക്കിക്കൊള്ളട്ടെ. പിൻവാദക്കാരുടെ ഉത്സാഹക്കുറവുകൊണ്ടും ശ്രദ്ധ പോരായ്കയാലും, ഹിന്തുശാസ്ത്രങ്ങൾക്കു പണ്ടുണ്ടായിരുന്ന പ്രചാരം ഇപ്പോൾ ഇല്ലെന്നല്ലാതെ, അതുകളുടെ മാന്യതയും പൂൎണ്ണതയും ഇന്നും കുറവുവന്നിട്ടില്ലെന്നുള്ളതിന്നു ഇപ്പോഴത്തെ പാശ്ചാത്യലോകം മതിയായ ദൃഷ്ടാന്തമാകുന്നതാണു. 1879-ലെ കൽക്കട്ടാറിവ്യൂ ഇങ്ങനെ പറയുന്നു:—

'ആയുൎവ്വേദശാസ്ത്രത്തെ പുനരുദ്ധാരണം ചെയ്യുവാനുള്ള ഉപകാരപ്രദമായ ശ്രമം വിദ്വാന്മാരായ ഹിന്തുക്കൾ ചെയ്യേണ്ടതാണു. ആയുൎവ്വേദസംബന്ധമായ മരുന്നുകളുടെ ഉപയോഗം വളരെ ഫലിതമുള്ളതാണെന്നു യോഗ്യരായ പാശ്ചാത്യവൈദ്യന്മാർ സമ്മതിയ്ക്കുന്നുണ്ടെന്നു മാത്രമല്ല, അവരിൽ പലരും അതിലേയ്ക്കായി ശ്രമിയ്ക്കുന്നുമുണ്ടു. എങ്കിലും ഇതരരാജ്യക്കാരെന്ന നിലയിൽ അവരുടെ ശ്രമങ്ങളെല്ലാം അപൂൎണ്ണവും വിഫലവുമായി പരിണ

കിട്ടുവാനെ തരമുള്ളു. അതുകൊണ്ട്, ഈ ഗൌരവമേറിയ ശ്രമത്തിൻ്റെ ചുമതല വഹിക്കേണ്ടത് അതിൻ്റെ ഉടമസ്ഥന്മാർ തന്നെയാണ്.'

ബംഗാളത്തിൽ 'വൈദ്യന്മാർ' എന്ന് ഒരു ജാതിക്കാരുണ്ട്. ഹിന്തുക്കളുടെ ഇടയിൽ തൊഴിലനുസരിച്ച് ജാതി തിരിച്ചിട്ടുണ്ടെന്നുള്ള സംഗതി വായനക്കാർ വിസ്മരിച്ചിട്ടില്ലല്ലോ. ഈ വൈദ്യന്മാർ ആയുർവ്വേദത്തെ പുനർജ്ജീവിപ്പിക്കുന്ന കാര്യത്തിൽ വളരെ ശ്രമം ചെയ്യുന്നുണ്ട്. 'പണ്ഡിത മധുസൂദനഗുപ്ത' എന്നൊരു വിദ്വാനാണ്, ആദ്യമായി ആയുർവ്വേദശാസ്ത്രപ്രകാരം ഒരു ശവശരീരം കീറി പരിശോധിക്കുകയുണ്ടായത്. അദ്ദേഹത്തെ അനുകരിച്ച് ഇപ്പോൾ പലരും പുറപ്പെട്ടിട്ടുണ്ട്. കൽക്കത്താ വൈദ്യകലാശാലയിൽ പഠിച്ചു വിജയം സമ്പാദിച്ചുവന്നവ 'കവിരാജ് ഗണനാഥസെൻ' എന്ന മഹാൻ ശരീരക്രിയയെപ്പറ്റി സംസ്കൃതത്തിൽ ഒരു പുസ്തകമെഴുതിവന്നത് ആയുർവ്വേദത്തിന് ഒരു വലിയ സമ്പാദ്യമായിത്തീരുന്നതാണ്.

ഇനി നാട്ടുമരുന്നുകളെക്കുറിച്ചുകൂടി രണ്ടു വാക്ക് പറഞ്ഞ്, ഇപ്പോൾ തന്നെ ദീർഘമായിരിക്കുന്ന ഈ ലേഖനത്തെ അവസാനിപ്പിക്കുവാൻ ശ്രമിക്കാം. ശരിയായ മരുന്നുകൾ ഉപയോഗിക്കുവാൻ സാധിക്കാതെ വന്നിട്ടുള്ളതുകൊണ്ടാണ് നാട്ടുവൈദ്യം ഇപ്പോൾ മൃതപ്രായമായിരിക്കുന്നത്. മരുന്നുകൾ തിരിച്ചറിയാതെ എങ്ങിനെയാണ് ശരിയായി ഉപയോഗിക്കുന്നത്? ആയുർവ്വേദ പുനരുദ്ധാരണത്തിൽ പ്രധാനമായി വേണ്ടതു, സംസ്കൃതഗ്രന്ഥങ്ങളിൽ പറഞ്ഞിട്ടുള്ള മരുന്നുകളെല്ലാം നട്ടുവളർത്തുകയാകുന്നു. ഇങ്ങിനെ നട്ടുവളർത്തുന്നതു തന്നെ ശാസ്ത്രവിധിപ്രകാരം വേണം താനും. അപ്രകാരം ചെയ്യുന്നതുകൊണ്ടുള്ള ഗുണങ്ങൾ പലതുമുണ്ട്. മരുന്നുകൾ പറിച്ചെടുത്ത ഉടൻ തന്നെ ഉപയോഗിക്കാം. ഭയംകൊണ്ടോ, ധനത്തിലുള്ള ആഗ്രഹംകൊണ്ടോ മരുന്നുകൾ കൊണ്ടുവന്നുതരുന്ന 'മരുന്നുപറിക്കാര'ടെയും കച്ചവടക്കാരുടെയും മനോധർമ്മത്തിനു ദീനക്കാരുടെ ജീവനെ ആശ്രയമാക്കിത്തീർക്കാതെ കഴിച്ചുകൂട്ടാം. ഇതിനും പുറമെ, ഒരു ദീനത്തിനു പല മരുന്നുകളും ഫലമുള്ളതായിട്ടുണ്ടെങ്കിലും, ഇവയിൽ ഒരോന്നിലും പ്രത്യേകഫലത്തെ കാണിക്കുന്നതായിരിക്കും. ആ മരുന്നുകൾ അങ്ങാടിയിൽ കിട്ടാതെ വരുന്ന സന്ദർഭങ്ങളിൽ കിട്ടിയതുകൊണ്ടു പണി നോക്കുകയാണ് പതിവ്. ഒരു തോട്ടമുണ്ടെങ്കിൽ മരുന്നുകൾ ഇഷ്ടംപോലെ തിരിഞ്ഞെടുക്കാമല്ലോ. ഇങ്ങിനെയായാൽ മിക്ക സംഗതികളിലും വൈദ്യന്മാർ അപവാദം കേൾക്കാതെ കഴിക്കുകയും ചെയ്യും. വൈദ്യശാസ്ത്രത്തിൽ പറയുന്ന മരുന്നുകളിൽ എത്രയാണ് ഇപ്പോൾ കിട്ടാതെ വരുന്നത്? ഇങ്ങിനെ വരുന്നതു മരുന്നുകളില്ലാഞ്ഞിട്ടല്ല. അവകളെ തിരിച്ചറിവാൻ കഴിയാത്തതുകൊണ്ടാണ്. ഈ ദോഷത്തെ നിരാകരിക്കുന്നതിന്നായി മലബാറിൽ പാതിരി ആപ്പീസ്സുകാർ ചെയ്തുവരുന്ന പരിശ്രമത്തെക്കുറിച്ച് ഈ ലേഖനത്തിൽതന്നെ പ്രസ്താവിച്ചിട്ടുണ്ടല്ലോ. മരുന്നുകളുടെ കാര്യത്തിലുള്ള ഈ ശോചനീയമായ അവസ്ഥ വൈദ്യവിഷയത്തിൽ പ്രയത്നിച്ചുവരുന്ന പല യോഗ്യന്മാരുടെയും ശ്രദ്ധയെ ആകർഷിച്ചിട്ടുണ്ട്. എന്നിട്ടും ഈ വിഷയത്തിൽ ഇനിയും വളരെ പ്രയത്നങ്ങൾ ചെയ്യുവാനുണ്ടു താനും. ഇന്ത്യയിലുള്ള പല സസ്യങ്ങളെയും മരുന്നുകളായി ഉപയോഗിക്കുന്നവി

ധത്തിലാക്കി അയയ്ക്കുന്നതിന്നായി ശ്രമോപ്പിലെയും മററും കയററുമതി ചെയ്യുന്നുണ്ട്. ഭാരതീയർ ഇവിടെത്തന്നെ ഉണ്ടാക്കുവാനുള്ള ഏർപ്പാടുകൾ ചെയ്യേണ്ടതാണ്. സിലോൺ, കാശ്മീരം മുതലായ രാജ്യങ്ങളിൽ ഇന്ത്യക്കാരുടെ ദൃഷ്ടിയിൽ പെടാതെ നില്ക്കുന്ന ഔഷധികൾ മരുന്നുകൾ പാശ്ചാത്യന്മാരുടെ ദൃഷ്ടിയിൽ പെട്ടിരിക്കുന്നു. ഇതു നമ്മുടെ ഉത്സാഹശീലം മതിയാവാത്തുകൊണ്ടല്ലേ?

വസ്ത്രക്ഷാമം കൂടാതെ ഔഷധക്ഷാമത്തെ ഒന്നായി ഉന്മൂലിക്കുന്ന കാര്യത്തിൽ ഇന്ത്യ ഇനിയും പലതും ചെയ്യേണ്ടതായിട്ടിരിക്കുന്നതേയുള്ളൂ. നമ്മുടെ ആരോഗ്യമേറിയ ഭൂതകാലം ഭാവിയിലെ ഉയർച്ചയ്ക്ക് ഒരു മുഖവുരയായി വിചാരിക്കാവുന്നതാണ്. പക്ഷേ, ഭാവിയിലേയ്ക്ക് എത്തുന്നതിന്നു നാം തന്നെ പ്രയത്നം ചെയ്യണം. ആ പ്രയത്നത്തിന്നു കായികമായും മാനസികമായും പലപ്രകാരത്തിലും നാം കച്ചകെട്ടി പരിശീലിക്കേണ്ടതുണ്ട്. ഈ ഉദ്ദേശസാദ്ധ്യത്തിന്നു നമ്മെ പ്രധാനമായി സഹായിക്കുന്നതു വൈദ്യശാസ്ത്രമാകുന്നു. പാലാഴിമഥനത്തിൽനിന്നുള്ള ധന്വന്തരിമൂർത്തിയുടെ ആവിർഭാവം ഈ ശാസ്ത്രത്തിന്റെ പ്രാധാന്യതയെ തെളിയിക്കുന്നുണ്ട്. ആ സ്ഥിതിക്ക്, ഈ ശാസ്ത്രത്തെ അഭിവൃദ്ധിയിൽ കൊണ്ടുവന്നു ജനോപകാരപ്രദമാക്കിത്തീർക്കുവാനുള്ള മഹത്തായ ശ്രമത്തിൽ നാമെല്ലാവരും ഒന്നായി ചേർന്ന് ഉത്സാഹികളെ സഹായിച്ചു പ്രോത്സാഹിപ്പിക്കേണ്ടതു എത്രയും ആവശ്യമായിട്ടുള്ളതും നമ്മുടെ കടമയുമാണെന്നു വീണ്ടും വീണ്ടും കേരളീയരെ ഓർമ്മപ്പെടുത്തിക്കൊള്ളുന്നു.

ഇ. ആർ. മേനോൻ.

ധീരനിശ്ചയം

---

1 പ്രത്യക്ഷമായ് വിലസുന്നാമരേന്ദ്രവാം
രാജ്യശ്രീമഹിതമാം ഭൂതലം
ത്യാജ്യമല്ലപരമേ നമസ്യധാ
ഭോജ്യവാപ്തിവെടിയുന്നതാരവാൻ.

2 പണ്ടമൊരായപവിത്രകാന്തിയു
മങ്ങതന്റെ നിർമ്മലത്തിലുത്തമം
തങ്കമൊപ്പുടയപൊട്ടുപോലെയാ
തങ്കമാറുസരസംവസിപ്പതായ്

3 താരിണങ്ങളുമകൾവിരിഞ്ഞതൻമനോ
ഹാരിമാറിടമിതല്ലയെങ്കിലും
സൌപരിണിക്കനകമായ്വെടിഞ്ഞുടൻ
ഭൂമിയെത്താടുസമോവസിപ്പതായ്

4 പുണ്യലോകമിടതിങ്ങിടുന്നാസൽ
ഗണ്യതാമഭുകയുംനമിപ്പതായ്
വസ്ത്രമാംവിബുധനാഥരൊത്തസൌ
വസ്ത്രശൈലമൊടുമേ മറതിപ്പതായ്

5 പോയകട്ടപലമന്ത്രിമാർക്കരി
പ്പേടമേണ്ടുമണിമണ്ഡപാളികൾ
ചോരമസ്ഥിമിതണാമമുഖ്യമാം
ചാരപട്ടണമലങ്കരിപ്പതായ്

6 പാരടച്ചുപുകഴ്ത്തിച്ചാർത്തിടും
പൂരമുത്സവമിഷിക്കളുമായ്
സൌപ്രമോക്ഷമതൃപ്തിഹേതുസൽ
സാരമാംശിവപുരസ്സുരിപ്പതായ്

7 സന്തതമാശതിവിധിജ്ഞസന്തതമാ
സന്തതമായപുകഴ്‌വതിനേതുവാൻ
കൃത്യമായിനേടുനിർവ്വിവാദം
സ്തുത്യമാംസരണിസാധുചരിതരായ്

8 മംഗലാകൃതിയോടിവിധംമമാ
മംഗമാംചരിതമാടത്തലം
മംഗളമാനിയേതെഴുതുക
പുംഗവർസ്സുകൃതിതന്നിശ്ചയം.

9 ശാന്തധീരമതിമാരവരിൽ
കാന്തമായുദിതനായപിന്നെവർ
സാന്തരമായതൊട്ടുകാത്തിടുന്ന
ശ്രാന്തനായ്മഹിതമാടത്തലം

10 കല്ലരാവിനയത്തോടുകിടത്തിലും
കെല്ലന്നുമതൊതന്നലിപുകഴിലും,
കല്പനാപടുതയുംസമേറ്റുള്ള
കല്പനിന്നുപതിലുന്നപലതും.

11 ന്യായശാസ്ത്രമതഭേദമാം
സ്വീയബുദ്ധിയെന്നാസമായനായ്
മായമെന്നിയെകടന്നിടുമിതാ
നായമാന്യമതിധന്യനീതിപാൻ.

12 ശുക്രനെവലവിചിന്തനിൽ പ്രതിവൻ
ചക്രവർത്തിയുദ്ധമാനപൂർവ്വകം
സത്ക്രമത്തിലുമതിവാഴ്ചിടും
സത്ക്രിയല്ലവിടുന്നപാത്രമായ്

13 മാടമഠിനിച്ചിരായവർത്തവും
പാടവത്തൊടുപഠിച്ചുതിൽഫലം
കേടകന്നമതിനുചെന്നുതാൻ
പ്രൗഢമൂർത്തിപടിവാൻതുനിഞ്ഞതോ

14 കൈക്കടമാറിയുടെമങ്കണത്തിലും
കേടണഞ്ഞമങ്ങന്മാർനിതിയാൽ
ആരുമാക്കമന്നയാതെയിമഹാൻ
മാടമ്പിയിൽവിലസുന്നസാമ്പ്രതം.

15 ആതതായമന്നയാതെമാവും
സന്തതംസുഖമണഞ്ഞിടുമ്പോൾ
ഹന്തമാതൃകകളെത്തുടിച്ചുവാ
നേനമോസ്വരഗരിമോള്ളുമ്പോൾ!

16 സ്വാധികാരമടങ്ങവെടിഞ്ഞുസൽ
സാധിതംമഹിയനെവഴിവാൻ
ആധിചേർന്നുവന്നതിനാലാൽ
ഹാധിശാന്തിജനതകളോതമായ്

17 ചേർമകനൊരുമാടൊത്തുമിന്നിടും
ശ്രീമഹസ്സുടയതരമന്നപോൽ
പ്രേമവാസ്സുടയമടേളതിയോ
തിമഹിശമണിലാലസിപ്പതേ.

18 യക്ഷരാട്ടിനടെപ്പൂമന്നാപ്പതി
നാക്ഷയശ്രീനികായകാര്യവും
തിക്ഷണമാംപടുസ്വമികരായവൻ
ത്ര്യക്ഷനമ്പുവിവതാമരാൾവമാം

19 വിത്തമുമുപായമാതനൈന്ത്യമാം
വൃത്തമകട്ടുവവുമ്പോഹനാദം
തത്തമത്തനായാധികാരമി
നിതമത്തിൽവെടിയില്ലനിശ്ചയം

20 മടമ്പിപതിവിന്തവാസ്സിനാൽ
വാടകാറ്റിയെത്തുരാജ്യതന്തമം
പാടവത്തൊടുമടിത്തിടുന്നഹാ!
പ്രൗഢധീനിലസാമ്യമെന്നുവാൻ

21 നാടാകെക്കെഴ്വികളേല്ലാതുപര
ശിവാതൊരീമന്ന്ടതെ
കേടാണെന്നോളുപോകപ്പടുന്തെ
നതാമ്ര ത്തിനസ്വാസ്യമെന്നു
മാടമ്പിവ്യാപ്തിമഴ് കന്നതിനിടയുമവാ
ഴിൽനിതെന്നാലുമിന്നാ
പ്രൗഢമാത്മാവുംപ്രജാസന്തതിയുമവ
നിയുന്നോമയേപ്പൂട്ടെമേനെൽ

പന്തളത്തു കേരളവർമ്മത്തമ്പുരാൻ

സ്ത്രീണാഞ്ച ചിത്തം.

വിവാഹംചെയ്തു ഭാൎയ്യാസമേതം സ്വഗൃഹത്തിൽ സ്ഥിതിചെയ്തു് ആതിത്ഥ്യം മുതലായ ഓരോ പുണ്യകൎമ്മങ്ങളനുഷ്ഠിച്ചുകൊണ്ടിരിക്കുന്നതാകുന്നു ഗൃഹസ്ഥാശ്രമമെന്നു പറയുന്നതു്. എന്നാൽ ലൌകികവിഷയത്തിൽ പ്രഥമഗണനീയമായ പ്രസ്തുത ആശ്രമത്തെ അവലംബിക്കുന്ന ആൾ ഗുണവതിയും അനുകൂലയും ആയ ധൎമ്മദാരങ്ങളെ സ്വീകരിക്കേണ്ടതാകുന്നു. അപ്രകാരമല്ലാതെ ഗുണരഹിതയും പ്രതികൂലയും ആയ ഗൃഹിണിയെ പരിഗ്രഹിപ്പാൻ ഇടവെടുന്ന ഗൃഹസ്ഥനു് തന്റെ ഉദ്ദേശങ്ങൾ നിറവേറുവാൻ സാധിക്കയില്ലെന്നുതന്നെയല്ല, പലപ്രകാരത്തിലുമുള്ള കഷ്ടനഷ്ടങ്ങൾക്കും മനസ്താപത്തിന്നും ഇടയാകകയും ചെയ്യും. ഇതിന്നു ദൃഷ്ടാന്തമായി ഒരു കഥ പറയാം.

അനവധി കാലങ്ങൾക്കു മുമ്പ് അവന്തിരാജ്യത്തിൽ "ആത്മാനന്ദൻ" എന്നു പ്രസിദ്ധനായ ഒരു ബ്രാഹ്മണനുണ്ടായിരുന്നു. അദ്ദേഹം വലിയ ധനവാനല്ലായിരുന്നുവെങ്കിലും, ഒരുവിധം കാലക്ഷേപം കഴിച്ചുകൂട്ടുന്നതിന്നു വേണ്ടുന്ന ദ്രവ്യസമ്പാദ്യം ഉള്ള ഒരാളായിരുന്നു. ഗൃഹസ്ഥാശ്രമികൾക്കു പ്രധാനമായ ധൎമ്മം അതിഥിസല്ക്കാരമാകുന്നു എന്നുള്ള ശാസ്ത്രസിദ്ധാന്തം ആത്മാനന്ദൻ വഴിപോലെ ഗ്രഹിച്ചിരുന്നു. അതിനാൽ അദ്ദേഹത്തിന്റെ ഗൃഹത്തിൽ സമാഗതനാകുന്ന അതിഥി ആരായിരുന്നാലും അവനെ സാക്ഷാൽ ഈശ്വരൻ തന്നെ എന്നു സങ്കല്പിച്ചു അദ്ദേഹം വളരെ ഭയ, ഭക്തി, വിശ്വാസ, സ്നേഹ, ബഹുമാനപുരസ്സരം പൂജിക്കുക പതിവായിരുന്നു. ദിവസേന ഒരു അതിഥിക്കു ഭക്ഷണം കൊടുക്കാതെ താൻ ജലപാനവുംകൂടി ചെയ്കയില്ലെന്നുള്ള നിയമം ആ ഗൃഹസ്ഥൻ ഒരു ദൃഢവ്രതമായി അനുഷ്ഠിച്ചുകൊണ്ടിരുന്നു. എന്നാൽ ദുശ്ശീലം, ദുൎബ്ബുദ്ധി, ദുരാചാരതല്പരത, ദുൎവ്വിനയം മുതലായ ദുൎഗ്ഗുണങ്ങൾക്കു ഏകസങ്കേതസ്ഥാനമായിരുന്ന ആ ഗൃഹനായികയ്ക്കു ഭൎത്താവിന്റെ അപ്രകാരമുള്ള പ്രവൃത്തി ലേശംതന്നെ രുചികരമായിരുന്നില്ല. പലപ്പോഴും തനിക്കു പട്ടിണി കിടക്കുവാൻ ഇടയാകുന്നതു നിജവല്ലഭന്റെ അതിഥിസല്ക്കാരം നിമിത്തമാകയാൽ ആയതു വല്ല വിധത്തിലും മുടക്കം ചെയ്യണമെന്നായിരുന്നു ആ കുടിലമതിയായ കുടുംബിനിയുടെ വിചാരം. തന്റെ ഉദ്ദേശം നിറവേറുന്നതിന്നു പല മാൎഗ്ഗങ്ങളും ആലോചിച്ചുകൊണ്ടിരിക്കുന്ന ആ ബ്രാഹ്മണിക്കു് ഒടുവിൽ ഒരു നല്ല അവസരം കിട്ടി.

ഒരു ദിവസം ആത്മാനന്ദനു തന്റെ നിത്യനിയമം നിറവേറുന്നതിന്നു അതിഥിയെ കിട്ടിയില്ല. ആതിഥ്യത്തിന്നു വേണ്ടുന്ന സകല സാമഗ്രികളും തെയ്യാറാക്കി മദ്ധ്യാഹ്നകാലമാകുന്നവരെ കാത്തിരുന്നു. ആരും വന്നുകണ്ടില്ല. ഒടുവിൽ നിരാശനായിട്ടു ഭാൎയ്യയെ വിളിച്ചു ഇങ്ങിനെ പറഞ്ഞു "ഇവിടെ സമീപങ്ങളിൽ എവിടെയെങ്കിലും വല്ല വഴിപോക്കരും വന്നിരിക്കുന്നുണ്ടോ എന്നു ഞാൻ പോയി അന്വേഷിച്ചുവരാം. എന്നാൽ ഞാൻ മടങ്ങിവരുന്നതിന്നു മുമ്പായി ഇവിടെ ആരെങ്കിലും വന്നാൽ അവരെ വിട്ടയക്കരുതു്. ആദരവോടുകൂടി സല്ക്കരിച്ചിരുത്തണം." ഇങ്ങിനെ ഭാൎയ്യയെ ഏല്പിച്ചുംവെച്ചു ഗൃഹസ്ഥൻ അതിഥിയെ തേടി

പുറപ്പെട്ടു. എന്നാൽ സ്വന്തം ഭാൎയ്യയുടെ ചാരിത്ര്യം അതുമാതിരി അറിഞ്ഞിരുന്നുവെങ്കിൽ ഒരിക്കലും ആ കൃത്യം അവരെ ഏല്പിക്കയില്ലായിരുന്നു. പുറമെ കാണുന്ന പുച്ഛവിദ്യ കണ്ടുഭ്രമിച്ചു സൎവ്വം സ്വവശത്തുതന്നെ എന്നുറപ്പിച്ചു വാഴുന്ന ഗൃഹപന്മാൎക്കൊക്കെ ഒടുവിൽ അതുപോലെ നിരാശയെ ഉടമസ്ഥന് ഉണ്ടാകാതിരിക്കയില്ല; നിശ്ചയം തന്നെ.

ആ ഗൃഹസ്ഥൻ പുറത്തേയ്ക്കുപോയി കുറച്ചുനേരം കഴിഞ്ഞതിന്റെ ശേഷം ഒരു വൃദ്ധബ്രാഹ്മണൻ വിശന്നു വലഞ്ഞു വിയർത്തൊലിച്ചു പടിപ്പുര കടന്നുവരുന്നതു കണ്ടപ്പോൾ ഗൃഹസ്വാമിനിക്കു വളരെ കോപമുണ്ടായി ഇപ്രകാരം വിചാരിച്ചു. "കഷ്ടം വളരെ ദുൎഘടമായി. ഇതാ വലിയ വട്ടക്കൊട്ടപോലെയുള്ള വയറും താങ്ങിക്കൊണ്ട് ഒരു കാരണവർ ഇങ്ങോട്ടുതന്നെ വലിഞ്ഞു കേറിവരുന്നു. ഇതിനെ പൂജിച്ചുകഴിഞ്ഞാൽ ബാക്കി വല്ലതും ഉണ്ടാകുമോ? എന്നല്ല ഇന്നലത്തെപ്പോലെ ഇന്നും പട്ടിണി പാൎക്കുമെന്നതു നിശ്ചയംതന്നെ. അതിനാൽ ഭൎത്താവു വരുന്നതിനു മുമ്പിൽ ഈ ദുൎദ്ദേവതയെ ഇനി ഒരിക്കലും ഇവിടെ കേറിവരാത്തവിധം ഓടിച്ചുകളയുന്നതിനു എന്തെങ്കിലും തന്ത്രമാണ് പ്രവൃത്തിക്കേണ്ടത്. എന്നിങ്ങിനെ ആലോചിച്ചുകൊണ്ടിരിക്കുന്ന ആ ബ്രാഹ്മണിക്കു ഒരു ഉപായം തോന്നി. ഉടനെ പോയി ഒരു നല്ല ഉലക്ക എടുത്തു നനച്ചു കൊണ്ടുവന്നു. അതിഥിസല്ക്കാരത്തിന് ഒരുക്കിവെച്ചിരിക്കുന്ന സാധനങ്ങളുടെ മദ്ധ്യേ ഒരു പീഠത്തിൽ പ്രതിഷ്ഠിച്ചു സമീപത്തിൽ ഒരു വിളക്കും കൊളുത്തിവെച്ചു. അപ്പോഴേയ്ക്കും അതിവൃദ്ധനായ അതിഥിബ്രാഹ്മണൻ കോലായിൽ വന്നു കയറി. അല്പം ചാരികിടന്നിരുന്ന വാതൽപഴുതിൽക്കൂടി അകായിൽ ശബ്ദംകേട്ടിരിക്കുന്ന മുസലംകണ്ടു വിസ്മിതനായി 'ഇവിടെ ആരും ഇല്ലയോ?' എന്നുച്ചത്തിൽ വിളിച്ചു ചോദിച്ചു. അപ്പോൾ ആ ഗൃഹനായിക വന്നു വാതൽ മറഞ്ഞുനിന്നു വിനയപൂൎവ്വം ഇങ്ങിനെ പറഞ്ഞു. "ഹേ! മഹാബ്രാഹ്മണാ! ദൈവം പ്രസാദിക്കട്ടെ. ഭവാൻ ഇപ്പോൾ ഇവിടെ വന്നുചേൎന്നത് ഞങ്ങളുടെ ഭാഗ്യപരിപാകം തന്നെ; സംശയമില്ല. ഭൎത്താവ് ഇപ്പോൾ വരും. വന്നാൽ ഭവാനെ വേണ്ടപോലെ പൂജിച്ചു സല്ക്കരിക്കും. അതുകൊണ്ടു കുറച്ചുനേരം ആ ഇറത്തിണ്ണയിൽ ഇരുന്നു വിശ്രമിക്കുക" അതിഥി— വളരെ സന്തോഷം. എന്നു പറഞ്ഞു പീഠത്തിൽ ഉലക്ക പ്രതിഷ്ഠിച്ചിരിക്കുന്നത് എന്തിനാകുന്നു എന്നു ചോദിച്ചു; ബ്രാഹ്മണി— ആയതു മുൻകൂട്ടി അറിവുതരുവാൻ പാടുള്ളതല്ല. ഭൎത്താവ് ഇപ്പോൾ വരും. വന്നാൽ ഉടനെ അതിന്റെ മാഹാത്മ്യം പ്രത്യക്ഷത്തിൽ അറിയാറാകും. ആ ബ്രാഹ്മണിയുടെ വാചാടോപങ്ങളെക്കൊണ്ട് എന്തോ അപകടമുണ്ടെന്നറിഞ്ഞു വൃദ്ധൻ വീണ്ടും പറഞ്ഞു. ഞാൻ പല പൂജകളും കണ്ടിട്ടും പ്രവൃത്തിച്ചിട്ടും ഉണ്ട്. എന്നാൽ മുസലപൂജ ഇതുവരെ കണ്ടിട്ടും കേട്ടിട്ടും ഇല്ല. അതുകൊണ്ട് ഇതിന്റെ തത്വമെന്തെന്നു വെളിവായി പറഞ്ഞുകേട്ടാൽ കൊള്ളാമെന്നുണ്ട്. ബ്രാഹ്മണി— ഹേ! ബ്രാഹ്മണ! ഭവാന് ഇനി ഞങ്ങളുടെ കയ്യിൽനിന്നും വഴുതിപ്പോകുവാൻ സാധിക്കയില്ല. അതുകൊണ്ടു സംശയംകൂടാതെ സത്യം പറഞ്ഞുകൊള്ളുന്നു. ഇവിടെ ദിവസേന ഓരോ അതിഥിയെ ദൈവത്തിന്നു ബലികൊടുക്കുക പതിവുണ്ട്. ഇന്നിതുവരെ അതിന്നാരെയും കിട്ടിയില്ല. അതിനാൽ ഭൎത്താവ് ആളെ അന്വേഷിച്ചുപോയിരിക്കു

ന്നു ഇപ്പോൾ വരും. വന്നാൽ ഉടനെ തന്നെ ഭവാനെ പാദപ്രക്ഷാളനാദി ക്രിയകളെക്കൊണ്ടു യഥാവിധി പൂജിച്ചിരുത്തും. അനന്തരം ആ ഉലക്ക എടുത്തു നേരെ നെറുകയിൽ ഒരൊറ്റ അടി അടിക്കും. അപ്പോൾ പൊട്ടിച്ചിതറുന്ന രക്തവും തലച്ചോറും ഭൈരവനു നിവേദിച്ചു ബലി സമാപ്തിക്കും. വിശേഷിച്ചു വൈദികവിഷയത്തിൽ ദേഹമുപേക്ഷിക്കുവാൻ സംഗതിവരുന്നതു ജന്മാന്തരസുകൃതപരിപാകമുള്ളവർക്കല്ലാതെ കേവലം നിസ്സാരന്മാരായുള്ളവർക്ക് സാധിക്കുകയില്ലെന്നുള്ള തത്വസാരം ഭവാനും അറിഞ്ഞിരിക്കുമല്ലോ. ഇപ്രകാരം കുടിലചിത്തയായ കല്യാണിനിയുടെ കപടവാക്കുകളെ കേട്ടു ഭയവിഹ്വലനായ ആ വയോധികൻ തന്റെ അന്തകനെന്നു തീർച്ചപ്പെടുത്തിയ ഗൃഹസ്ഥൻ വരുമെന്നുപറഞ്ഞ സമയത്തിനുമുമ്പായി വല്ലവിധത്തിലും പറന്നു പറ്റി രക്ഷപ്പെടണമെന്നുള്ള അത്യാഗ്രഹത്തോടുകൂടെ ആ ക്ഷണത്തിൽ പുറത്തേക്കിറങ്ങി ഓടിത്തുടങ്ങി. അപ്പോൾ ബ്രാഹ്മണി ഒരു വേള ഭർത്താവു പിൻതുടർന്നാലും പിടികിട്ടാത്തവിധം ബ്രാഹ്മണൻ പൊയ്ക്കൊള്ളട്ടെ എന്നു കരുതി ഉച്ചത്തിൽ ഇങ്ങിനെ വിളിച്ചുപറഞ്ഞു. ഹേ! വൃദ്ധബ്രാഹ്മണ! എന്തിനു വൃഥാ ഓടി വിഷമിക്കുന്നു. എന്റെ ഭർത്താവു ഭവാനെ പിന്തുടർന്ന് എത്തിപ്പിടിച്ചു ഭൈരവനു ബലി കഴിക്കാതിരിക്കയില്ല നിശ്ചയം. ഇപ്രകാരം ആ ദുഷ്ടസ്ത്രീ വിളിച്ചുപറഞ്ഞതു കേട്ടു ഭീതനായ ആ വൃദ്ധൻ പ്രാണവേദനയോടുംകൂടെ പാഞ്ഞു പോകയും ചെയ്തു.

അതിഥി പോയി കുറച്ചു കഴിഞ്ഞതിന്റെ ശേഷം ആ മാന്യൻ ഗൃഹത്തിലേക്കു മടങ്ങി എത്തി. അദ്ദേഹം സമീപങ്ങളിലെല്ലാം അന്വേഷിച്ചിട്ടും നിത്യകൃത്യനിർവ്വഹണത്തിന് ആരേയും കണ്ടുകിട്ടായ്കയാൽ അതികഠിനതയോടുകൂടി വന്ന സമയം ഗൃഹാങ്കണത്തിൽ ചില കാൽചുവടുകൾ പതിഞ്ഞുകിടക്കുന്നതു കണ്ടു സന്തോഷസമേതം ഭാര്യയെ വിളിച്ച് ഇങ്ങിനെ ചോദിച്ചു.

ബ്രാഹ്മണൻ— ഇവിടെ അതിഥികളാരെങ്കിലും വന്നുവോ?

ബ്രാഹ്മണി— ഒരു വയോധികനായ ബ്രാഹ്മണൻ വന്നു.

ഗൃഹസ്ഥൻ— അദ്ദേഹം എവിടെ.

ബ്രാ— അദ്ദേഹം ഇടഞ്ഞുപൊയ്ക്കളഞ്ഞു.

ഗൃ— അതിനെന്തു കാരണം.

ബ്രാ— ഇവിടെയുള്ള ആ നല്ല ഉലക്ക അദ്ദേഹത്തിനു വേണമെന്നാവശ്യപ്പെട്ടു. വേറിട്ടൊന്നുമില്ലാത്തതിനാൽ അതു തരുവാൻ തരമില്ലെന്നു ഞാൻ മറുവടി പറഞ്ഞു. അതുകേട്ടു ദ്വേഷ്യപ്പെട്ട് അദ്ദേഹം പിണങ്ങിപ്പോകുകയും ചെയ്തു.

ഗൃ— ഹാ കഷ്ടം! കഷ്ടം! സദനത്തിൽ സംപ്രാപ്തനായ സദ്ബ്രാഹ്മണനെ ഒരു ഉലക്കയ്ക്കു വേണ്ടി ഉപേക്ഷിച്ചുവല്ലോ? കഠിനംതന്നെ. അതുകൊണ്ടു അദ്ദേഹം എവിടേക്കാണ് പോയത്. പോയിട്ട് എത്ര നേരമായി.

ബ്രാ— പടികടന്നു നേരെ പടിഞ്ഞാട്ടാണ് പാഞ്ഞുപോയത്. പോയിട്ടു ഇപ്പോൾ ഏകദേശം ഒരു കാൽ നാഴിക കഴിഞ്ഞു കാണും.

അതു കേട്ടു ആ ഗൃഹസ്ഥൻ ഇപ്രകാരം വിചാരിച്ചു. ആ അതിഥി ആവശ്യപ്പെട്ട ഉലക്ക ഉടനെ കൊണ്ടുപോയി കൊടുത്ത് സാന്ത്വനവാക്കുകളെക്കൊണ്ടു സന്തുഷ്ടമാനസനാക്കി ഗൃഹത്തിലേക്കു കൂട്ടിക്കൊണ്ടുവന്നു നമ്മുടെ നിത്യനിയമം നിറവേറ്റാം. എന്നു തീർച്ചപ്പെടുത്തി ഉലക്കയും കയ്യിലെടുത്ത് അയാൾ അതിഥിയെ

പിൻതുടൎന്നു. കാൎയ്യ ഗൗരവം ചെന്നപ്പോൾ പ്രാണഭയം നിമിത്തം പരിഭ്രമിച്ചുപോകുന്ന ആ വൃദ്ധനെ കണ്ടു.

ഗൃ — ഹേ ബ്രാഹ്മണാ! അവിടെ നില്ക്കൂ അവിടെ നില്ക്കൂ. ഇതാ ഇതു് തൃവേണോ തന്നെതന്നെയുള്ളൂ. നമ്മുടെ നിത്യനിയമം മുടക്കിക്കളയരുതേ. എന്നിങ്ങിനെ ഉച്ചത്തിൽ വിളിച്ചുപറഞ്ഞു ഉലക്കയും ഉയൎത്തിപ്പിടിച്ചുംകൊണ്ടു പിന്നാലെ ഓടിത്തുടങ്ങി. ശബ്ദം കേട്ടു പിന്നോക്കം തിരിഞ്ഞുനോക്കിയ ആ വയോധികനു ദണ്ഡപാണിയായ സാക്ഷാൽ യമകിങ്കരൻ പ്രത്യക്ഷപ്പെട്ടതുപോലെ തോന്നി. അയ്യോ എന്നു അത്യുച്ചത്തിൽ നിലവിളിച്ചിട്ടും ശബ്ദം പുറത്തേക്കു പുറപ്പെട്ടില്ല. ഭയാധിക്യം നിമിത്തം ഏങ്ങലും വല്ലാതെ ഇടിച്ചു. സന്ധികളെല്ലാം തളൎന്നു. വൃദ്ധൻ വളരെ വിവശനായി. ഹാ! ഹാ! ദൈവമേ! രക്ഷിക്കണെ രക്ഷിക്കണെ. എന്നു ഇടത്തൊണ്ട ഇടറിക്കൊണ്ടു് ഏറ്റവും പണിപ്പെട്ടു പറഞ്ഞു. കടമുറിച്ച തടിയെന്നപോലെ ആ രാജവീഥിയിൽ പതിക്കുകയും ചെയ്തു.

ഗൃഹസ്ഥൻ അടുത്തെത്തിയപ്പോഴേക്കും ആ ബ്രാഹ്മണൻ ജീവിതസംശയനായി കിടക്കുന്നു. അദ്ദേഹത്തിന്റെ ആൎത്തസ്വരശ്രവണത്താൽ അനേകം ആളുകൾ അവിടെ കൂടുകയും ആ സാധുവിനെ മുസലധാരിയായ ആ ഗൃഹസ്ഥൻ തല്ലിക്കൊന്നതുതന്നെയെന്നു തീൎച്ചപ്പെടുത്തി വിശിഷ്ടനായ ഗൃഹസ്ഥനെ പലപ്രകാരത്തിലും ദ്രോഹിപ്പാനാരംഭിക്കയുംചെയ്തു.

ആത്മാനന്ദൻ വളരെ സാഹസങ്ങൾ പറഞ്ഞിട്ടും ഒരു നിക്കക്കള്ളി കിട്ടിയില്ല. ഒടുവിൽ ജനങ്ങളെല്ലാവരുംകൂടി ഗൃഹസ്ഥനേയും ആ വൃദ്ധന്റെ ശരീരവും രാജസന്നിധിയിൽ ഹാജരാക്കി വിവരം അറിയിച്ചു. രാജാവു പരിശോധിച്ചതിൽ ആ വൃദ്ധൻ മരിച്ചിട്ടില്ലെന്നു കണ്ടകയാൽ അദ്ദേഹത്തിന്റെ മോഹാലസ്യം തീൎക്കുവാൻ വൈദ്യന്മാരെ ഏല്പിച്ചതിന്റെശേഷം മുസലധാരിയായ ആ ഗൃഹസ്ഥനോടു ഇപ്രകാരം കല്പിച്ചു ചോദിച്ചു. ആകൃതികൊണ്ടു ബ്രാഹ്മണനെന്നും പ്രകൃതികൊണ്ടു രാക്ഷസനെന്നും തോന്നിക്കുന്ന ഭവാനാരാണ്? ഈ വൃദ്ധനെ പ്രഹരിച്ചു ഈ സ്ഥിതിയിൽ ആക്കിയതു് എന്തിനാണ്? ഗൃഹസ്ഥൻ ആ മഹാരാജാവിന്റെ വാക്കുകൾകേട്ടു ഭയഭരിതനായി നടന്ന സംഗതികളെല്ലാം സവിനയം പറഞ്ഞറിയിച്ചു. ആ അവസരത്തിൽ വൃദ്ധനായ ബ്രാഹ്മണൻ മോഹാലസ്യം തീൎന്നു എഴുന്നേല്ക്കുകയും സമീപത്തിൽ ആത്മാനന്ദനെക്കണ്ടു "അയ്യോ അന്തകൻ അന്തകൻ" എന്നു പറഞ്ഞു എഴുന്നേറ്റു ഓടുവാൻ ഭാവിക്കുകയും ചെയ്തു. രാജഭടന്മാർ പിടിച്ചുനിൎത്തിയിരുന്നില്ലെങ്കിൽ അദ്ദേഹം തിരിഞ്ഞുനോക്കിയാൽകൂടി കാണാത്തവിധം എവിടെയെങ്കിലും ഓടിപ്പോയി ഒളിക്കുമായിരുന്നു. പരിഭ്രമിക്കുന്ന ആ വൃദ്ധനോടു രാജാവു് വിവരങ്ങൾ ചോദിച്ചു. അപ്പോൾ താൻ ആത്മാനന്ദന്റെ ഗൃഹത്തിൽപോയതും അവിടെ കണ്ട വിശേഷങ്ങളും ഗൃഹനായിക പറഞ്ഞ വാക്കുകളും വിശദമായി പറഞ്ഞറിയിച്ചു. അതുകേട്ടു ആത്മാനന്ദൻ വളരെ ഭയത്തോടും വ്യസനത്തോടുംകൂടി ഇങ്ങിനെ പറഞ്ഞു. 'എന്റെ ഗൃഹിണിയും സതീരത്നവും ആയ ആ ഗേഹബാധയുടെ കപടതന്ത്രത്താൽ ഈ വിശിഷ്ടനായ അതിഥിയും ഞാനും വഞ്ചിതന്മാരായി. ഇതിന്റെ വാസ്തവസ്ഥിതികൾ അറിഞ്ഞു നിരപരാധിയും സാധുവും ആയ എന്റെ നിയമത്തിനു ഭംഗംവരാത്തവിധം മഹാരാജാവു് രക്ഷിക്കേണമെന്നു്

അപേക്ഷിച്ചുകൊള്ളുന്നു.

അതുകേട്ട് മഹാരാജാവ് ആ വൃദ്ധനായ അതിഥിയെ സമാധാനപ്പെടുത്തി താനും ചില സേവകന്മാരും ഒരുമിച്ച് ആ അതിഥിയേയും കൂട്ടിക്കൊണ്ടു ആത്മാനന്ദന്റെ അപേക്ഷപ്രകാരം അദ്ദേഹത്തിന്റെ ഗൃഹത്തിലേക്കു തിരിച്ചു. അവിടെ ചെന്നു രാജാവ് അന്വേഷണം നടത്തിയതിൽ ആ കുടിലമതിയായ കുടുംബിനിയുടെ കപടതന്ത്രം പ്രത്യക്ഷപ്പെട്ടു. മേലാലൊരിക്കലും ഇപ്രകാരമുള്ള സാഹസങ്ങൾ ചെയ്യരുതെന്നും ചെയ്താൽ കഠിനമായി ശിക്ഷിക്കുമെന്നും മറ്റും ബ്രാഹ്മണിയെ താക്കീതു ചെയ്കയും അതിഥിക്കു ഭക്ഷണം കൊടുപ്പിച്ചു ആത്മാനന്ദന്റെ നിത്യനിയമം നിറവേറുകയും ചെയ്തു. അനന്തരം രാജാവ് ആത്മാനന്ദന്റെ സൽപ്രവൃത്തികളെക്കുറിച്ച് സന്തുഷ്ടനായിട്ടു ദിവസേന അദ്ദേഹത്തിന്റെ ഗൃഹത്തിൽ എത്ര അതിഥികൾ വന്നാലും അവർക്കെല്ലാം ഭക്ഷണദാനം ചെയ്യുന്നതിനു വേണ്ടുന്നവസ്തുക്കൾ അദ്ദേഹത്തിനു കല്പിച്ചുകൊടുക്കുകയും ധർമ്മം ജയിക്കുമെന്നുള്ളപ്രകാരം ഒരിക്കലും മറിച്ചു വരികയില്ലെന്നു പ്രശംസിക്കുകയും ചെയ്തു വിശിഷ്ടനായ ആ മഹാരാജാവ് സപരിവാരം രാജധാനിയിലേക്കു എഴുന്നള്ളുകയും ചെയ്തു. തന്റെ ദുഷ്കൃത്യങ്ങളെക്കുറിച്ചു ആ ബ്രാഹ്മണി വളരെ പശ്ചാത്താപപ്പെടുകയും മേലാൽ ഒരിക്കലും ഇതിനെയുള്ള കൃത്യങ്ങൾ പ്രവൃത്തിക്കയോ വിചാരിക്കയോ ചെയ്യുന്നതല്ലെന്നു തീർച്ചപ്പെടുത്തുകയും ചെയ്തു.

അന്നുമുതൽ ശുശ്രൂഷാതല്പരയായ ആ ഗേഹിനിയുടെ അപേക്ഷപ്രകാരം ആത്മാനന്ദൻ ആ അതിഥിയെ കുറച്ചുദിവസം തന്റെ ഗൃഹത്തിൽ താമസിപ്പിച്ചു സല്ക്കരിച്ചയയ്ക്കുകയും ചെയ്തു.

കെ. കെ. ഝ.

ആഗമനോത്സവം.

ഓരായിരത്തെഴുപതിൽപ്പരമെണ്ണമെട്ടും
ചേരുന്നകൊല്ലമതിലുജ്ജ്വലിച്ചുവാഴും
നൃപേന്ദ്രമൌലിമണിയായൊരു മാടഭൂപൻ
പാരാതെ തൃശ്ശിവപുരത്തിലൊരിക്കലെത്തി.

കുലാചാരം തെറ്റാതവനിസുരവർകാത്തുത
(വും
വലാരാതിശ്ലാഘ്യപ്രതിഭലമുതമണി
(ഖരാ
തുലാമാസംപത്താംദിനമതിലെഴുന്നള്ളുവ
(തിനായ്
കലാപൂർണ്ണൻകാലേകതിരിതയുള്ളതി
(ലോത്സവം.

രിമനസ്സിലൊച്ചുള്ളതൽക്ഷണം,
തരമറിഞ്ഞുധരിച്ചജനങ്ങളും
തെരുവിലമ്പൊടുമോടിവരുത്തുവാൻ
തെരുതെരെപ്പലകോപ്പുകൾകൂട്ടിനാർ.

കലവാഴകൾനാട്ടിനാട്ടികര-
കുലയുംകോചിലകംവരെച്ചുതൂക്കി
പലവർണ്ണമിയന്നിടുംപതാകാ-
വലിയുംനിരനിരത്തിവീഥിതോറും.

ചൊൽക്കൊള്ളുംമാടഭൂപൻവരുമൊരുവഴി
പാട്ടകൊണ്ടാർച്ചുകെട്ടി- (യിൽ
പ്പൊക്കത്തിൽപന്തലിട്ടുംപുതിയചിലവി-
താനങ്ങളാൽഭംഗിചേർത്തും (താ-
ണോക്കുമ്പോൾകണ്ണുചിന്നുംമണിമയഗുളി-
ജാലവുംതൂക്കിനന്നായ് (കാ-
വെൽക്കംവെട്ടിപ്പതിച്ചുംവൃഷഗിരിനഗര-
ത്തിൻെറമട്ടൊന്നുമാററി. 5

കുരുത്തോലചീന്തിക്കുരുത്തുള്ളനാരിൽ
കുരുത്തോലമോടേനകോർത്തിട്ടതെല്ലാം
നിരത്തിൻെറമേലെവിലങ്ങത്തിലോരോ-
മരത്തിൻെറകൊമ്പോടുചേർപ്പിച്ചുകെട്ടി. 6

പൊല്പാതംസ്വപ്രധാനംമഴകിയൊടുമജി-
ന്ത്യാദ്യുപിന്നെദ്ദീപാന്തം
സൽക്കാർജ്ജോലിസ്സചേതംവിതപ്പുടയമരാം-
മാന്യന്മാരന്യരെല്ലാം
ളുപ്പുററിപ്പെട്ടനാമരെത്തരെത്തരെതേചി
കൂടിതേരിൽക്കരേറി (ൽ
സ്സൽക്കാരംചെയ്യുതിന്നായ്ധൃതിയൊടുമടി
ട്ടുത്തുവനെത്തിടുന്നു. (വി

ആലവട്ടമൊട്ടുചാമരംകുടകളണി
താരകലമന്നപൊൻ-
പതാകപട്ടകതണിഞ്ഞുനിരത്തുപുനരെ
മത്തവരവാരണം
വേലയിട്ടപലക്കൂത്തുംകളികളും
ഉടകിവഴിനീളവെ
നാലുവട്ടവുമടുത്തുകൂടിതിങ്ങിമേനി
കണ്ടുതൊഴുവാനുടൻ. 8

ചുട്ടിനാരമണിയും
പൊട്ടിപൊട്ടുന്നനല്ലകതിനാകളും
തെറ്റിലേക്കരഘോഷം
കൊട്ടിമേളിച്ചുരംഗവാദ്യങ്ങളും. 9

മാടേറപ്പിച്ചെക്രുശക്രൻമമതയൊടുമന-
സ്സോന്നലിഞ്ഞങ്ങൻെറപേരിൽ
കൂടംപ്രത്യേകമെങ്ങുംവിരവൊടുവെളിവായ്
കാട്ടിയെന്നിപ്രകാരം
പാരെനാട്ടാർക്കതൊന്നേപെടിപെടമതിമാൻ
സ്വപ്രസന്നാനനത്തിൽ
തേടുംഗാംഭീര്യമന്ദസ്മിതമതുകരണാ-
നീറിലിട്ടൊന്നുമുക്കി. 10

പട്ടുംപൈവരെത്തുപട്ടണപരി-
ഷ്ക്കാരങ്ങളെല്ലാംമുദാ
പൃഥ്വീശൻതാൻകണ്ടുകണ്ടുസമോദ്
സൈന്യംഗമിക്കുംവിധൌ
പുത്തൻപേട്ടയിലെത്തിയോരുസമയ
ത്തന്ത്യാദരാത്സത്വരം
പൃത്താർപൃഥ്വലമെത്തുചാർത്തുവിതറി
ക്കുക്ഷികൃപ്യാതിക്രം. 11

കൊച്ചിരാജ്യവലയാധിപർവലിയ-
തമ്പുരാൻസപരിവാരനാ
യ്ക്കൊച്ചിലെറിനിജരാജധാനിയതിലെത്തി
യോരുസമയത്തഹോ!
വാച്ചമോദമൊടുമുത്സിലിപാനശാല
യിൽപ്പെട്ടമൊരായിരം (ഠി
കൊച്ചുനാരകിടറിനേരിനടപൊടിപാ
പാട്ടുപലമട്ടിലായ് 12

വിശ്രുതൻതമ്പുരാനേവം
വിശ്രമിച്ചതംവിധൌ
പ്രശ്രയരേചമന്ത്രാദ്യസ്സ്വം
സശ്രമംവാണിസത്വരം. 13

നിജാൾക്കള്ളഴന്നങ്ങളാസകലവും
ചെയ്തീടുവാനെപ്പൊഴും
ചങ്ങാതിക്കുസമാനമെൻ്പ്രജകളേ!
കേൾപ്പിച്ചിട്ടില്ലുന്നതാൻ
ഭംഗിക്കൊത്തുകമഴ്ത്തിതൻെറഹൃദയാ-
നെന്നംപൊത്തഴിപർ
തിങ്ങുംപ്രീതികലർന്നചെയ്യോരപ്പരാ-
മതെത്രപ്പകഴ്ത്തിനാർ. 14

എട്ടരികത്തൊത്തപോലെന്നെട്ടത്തൊത്തെട്ടി
  ലെട്ടമണിപ്പൂട്ടമാ
തിട്ടമായസമയത്തുകൂട്ടവെടിക്കെട്ട
  പൃഷ്ടമാലിപൊട്ടിടും
തൊട്ടപ്പൊപകിരിതെന്നതൊട്ടപുകവിട്ട
  പൊട്ടിവിലസുംവെടി
ക്കെട്ടുകണ്ടുപരിതുഷ്ടിനാട്ടുള്ളിലിട്ടു
  പോരപാവെരിഷ്ടനം. 15

മാലോകർക്കുള്ളമാലൊക്കെയുമകലെയക
  റ്റീടുമീമാടളുമി (ഒരൈ
പാലോത്തംസത്തിനൊന്നുംപലപലപര
  ശേഷ്ഠുസൌഭാഗ്യം
ഈലോകംമുഴുവനുംപരവെളുതവായ
  സ്സുമ്പോരായശസ്സും
ചാലേചേർക്കട്ടെനിത്യംശിവപുരമതിൽ
  ശംഭുരാകാങ്കരാങ്കൻ. 16

പരേതനായ തെക്കാട്ട് നാരായണൻ മൂസ്സ്.

ക്ഷാന്തി

ഇത് ആത്മോദ്ദേശ്യകൃത്യങ്ങളിൽ ഒന്നാണ്. 'ക്ഷാന്തി, ക്ഷമ' എന്നീ പദങ്ങൾ ശ്രവണമാത്രയിൽ വ്യത്യസ്തങ്ങളായി തോന്നുമെങ്കിലും ഇവയുടെ അൎത്ഥവും ഉല്പത്തിസ്ഥാനവുമൊന്നുതന്നെയാണ്. ഇവയുടെ ആവിൎഭാവം 'ക്ഷമ' എന്ന മൂലാക്ഷരക്കൂട്ടത്തിൽനിന്നാകുന്നു. ആത്മോദ്ദേശ്യകൃത്യങ്ങളുടെ പഠിപ്പോ പരിചയമോ ഇല്ലാത്തവൎക്ക് ദേഹത്തിന്റെയോ ദേഹിയുടെയോ ബാഹ്യാഭ്യന്തരപോഷണവിഷയത്തിൽ യാതൊരറിവുമുണ്ടാകുന്നതല്ല. ശരീരാത്മാക്കളെക്കൊണ്ടല്ലാതെ ഐഹികപാരത്രിക ഗുണങ്ങൾ സിദ്ധിയ്ക്കുന്നില്ല. ഈ ഗുണസാദ്ധ്യത്തിന്നു ക്ഷമ സഹായിയ്ക്കുന്നതുകൊണ്ടു ജീവിതസുഖകാംക്ഷികൾ ക്ഷമാശീലന്മാരായിരിക്കേണ്ടതാണ്. അതുകൊണ്ടു ക്ഷമാഗുണം ഇവിടെ കുറച്ചൊന്നു വൎണ്ണിക്കുന്നത് അനുചിതമായിരിക്കയില്ലെന്നു വിശ്വസിയ്ക്കുന്നു.

ക്രോധാഗമത്തിൽ സാഹസമായി ഓരോന്നു പ്രവൃത്തിപ്പാൻ പ്രേരിപ്പിക്കുന്ന കാലത്തിൽ, അതു ദോഷപ്രദമാകയാൽ വൎജ്ജനീയമാണെന്നും മറ്റും മനുഷ്യരുടെ മനസ്സാക്ഷിയോടുപദേശിച്ച് ആ ഉദ്ദിഷ്ടോദ്യമപ്രാരംഭത്തിൽനിന്നു മാറുവാൻ യാതൊന്നാണ് നിൎബ്ബന്ധിക്കുന്നത്, അതിന്നാണ് ക്ഷമയെന്നു പ്രവചിക്കുന്നത്. മനുഷ്യരുടെ മനസ്സു പലവിധമായ വികാരധാന്യങ്ങളുടെ വിളനിലമാകുന്നു. നല്ല ധാന്യങ്ങൾ സമൃദ്ധിയായി വിളയുന്ന നിലം കൈവശം വെയ്ക്കേണ്ടതും ആ നിലക്ക് ക്ഷാമം വരാതിരിപ്പാൻ സൂക്ഷിക്കേണ്ടതുമാകുന്നു. ചീത്ത വിത്തുകൾ (പ്രയോജനമില്ലാത്ത) ധാരാളമായുണ്ടാകുന്ന നിലം വില്ക്കുകയോ പണം ചിലവുചെയ്തു നല്ല വിത്തു വിളയാൻ പാകത്തിലാക്കുകയോ ചെയ്യില്ലെങ്കിൽ വല്ല ഫലവുമുണ്ടോ? അതുപോലെ നല്ല കാൎയ്യങ്ങ

ങ്ങളെ സംബന്ധിച്ചുള്ള വികാരങ്ങൾക്കിരിപ്പാൻ മനസ്സിൽ ഏറിടംകൊടുക്കുകയും ദുർവ്വികാരങ്ങളെ ഹൃദയത്തിൽ അടുപ്പിക്കാതിരിക്കുകയും വേണം. ഇക്കാര്യത്തിൽ ക്ഷമക്കല്ലാതെ മറ്റൊന്നിനും ശക്തിയില്ല. മനോവികാരങ്ങൾക്ക് പ്രായേണ സുസ്ഥിരതയുള്ളതായി കാണുന്നില്ല. ഓരോ സമയങ്ങളിൽ ഓരോ കാര്യകാരണങ്ങളെക്കൊണ്ടു ഇവയുടെ പരിണാമാവസ്ഥയും മാറും പല പ്രകാരേണ പ്രകാശിപ്പിക്കുന്നതാണ്. വാസ്തവം പറയുന്നതായാൽ നാടകരംഗത്തിൽ നടന്മാരെപ്പോലെ മനോവികാരാവേശക്കാർ ഹൃദയരംഗത്തിൽ പല മട്ടിൽ അഭിനയിച്ചുവരുന്നുണ്ട്.

മനുഷ്യർക്ക് പഥ്യാപഥ്യങ്ങൾ അവരുടെ എല്ലാ വ്യാപാരങ്ങളിലുമുണ്ടാകാനിടയുള്ളതുകൊണ്ടു സന്തോഷസന്താപങ്ങളും സഹജങ്ങളാണല്ലോ. സന്താപസംഭവസംയുക്തമായ അഹിതസംഗതികളിൽ മനുഷ്യർ കോപിഷ്ഠന്മാരായിത്തീർന്നു കഠിനവാക്കുകൾ പറയുന്നതും ക്രൂരകർമ്മങ്ങൾ പ്രവൃത്തിക്കുന്നതും കേൾക്കുമ്പോഴും കാണുമ്പോഴും ആർക്കാണ് വെറുപ്പു തോന്നാത്തത്? കോപം എല്ലാവരിലും കണ്ടുവരുന്ന സ്ഥിതിക്ക് അതു കൂടപ്പിറപ്പാണോ എന്നു സംശയിക്കേണ്ടിയിരിക്കുന്നു. ക്രോധം മൂലം സാഹസങ്ങൾ പ്രവൃത്തിപ്പാൻ സംഗതിവരുന്നതുകൊണ്ടു കോപാഗമത്തിനുശേഷം തൽക്ഷണം മനസ്സിനെ മറ്റൊന്നിൽ വ്യാപരിപ്പിക്കുവാൻ ക്ഷമ അത്യാവശ്യമാണ്. തദവസരത്തിൽ അത് അവശ്യം അനുഷ്ഠേയവുമാണ്. അനർത്ഥപ്രദങ്ങളായ മനോവികാരങ്ങളിൽനിന്നു മനസ്സിനെ വിരമിപ്പിക്കുവാനും, സൽചിന്തകൾക്ക് അധിവസിപ്പാൻ ചിത്തത്തിൽ ഇടംകൊടുപ്പാനുമുള്ള ശക്തിയും സ്വാതന്ത്ര്യവും മനസ്സാക്ഷിക്കു വരുത്തിപ്പാൻ സഹായിക്കുന്നതിനു നാം അനവരതം ബുദ്ധിയെ പ്രേരിപ്പിക്കണം. ഇത് അചിരാൽ കഴിയുന്ന കാര്യമല്ല. ഉത്സാഹഭംഗമാകാതെ നിരന്തരം യത്നിച്ചാൽ മാത്രമേ അതു കാലക്രമേണ സാധിക്കയുള്ളു. അന്യായകർമ്മങ്ങളിൽ മനസ്സാക്ഷി പ്രവേശിക്കാതെ നിയന്ത്രണം ചെയ്യുന്നതിനും, ധർമ്മാചാരങ്ങളിൽ മനഃപ്രവേശമുണ്ടാക്കുന്നതിനും ക്ഷാന്തി തന്നെയാണ് കാരണമായിട്ടുള്ളത്. അനീതികളിൽ പ്രവേശിക്കുന്ന മനസ്സുള്ളവർ ക്രോധിയും, ധർമ്മമാർഗ്ഗങ്ങളിൽ മനഃപ്രവേശമുണ്ടാക്കുന്നവർ ക്ഷമാശീലനുമാകുന്നു.

അനിഷ്ടസംഭവങ്ങളിൽ അസന്തുഷ്ടിയും അസംതൃപ്തിയും, ഇഷ്ടകാര്യാഗമങ്ങളിൽ പ്രഹർഷവും മനശ്ശൈത്യവുമുണ്ടാകുന്നതും സ്വഭാവസിദ്ധമാണല്ലോ. അരുചിക്കോ അഹിതത്തിനോ കാരണഭൂതമായ വല്ല സംഗതികളുമുണ്ടാകുമ്പോൾ ഉടൻ ചില ആളുകളും കോപാകുലന്മാരായി ഉന്മത്തന്മാരെപ്പോലെ അടിസ്ഥാനമില്ലാതെയും അന്യായപ്രവർത്തകരായുമുള്ള ഓരോ നീചകർമ്മങ്ങൾ ചെയ്യുന്നതു നമ്മൾ കാണുന്നില്ലേ. ഒരു കാര്യം കേൾക്കുമ്പോഴോ വല്ലതുമൊരു സംഭവം കാണുമ്പോഴോ ആലോചന കൂടാതെ അവയെക്കുറിച്ച് അഭിപ്രായം പറയരുത്. ആലോചനകൂടാതെ ഈ വിധം പ്രവൃത്തിപ്പാൻ തോന്നുന്നത് അക്ഷമന്മാർക്കാണ്. ഇവരെ സാഹസികളെന്നേ പറവാൻ പാടുള്ളു. ഇവർക്ക് യാതൊന്നിന്റെയും ഗുണദോഷവിവേചനത്തിനു വൈദഗ്ദ്ധ്യമുണ്ടാകുന്നതല്ല.

ക്ഷമയെ മനുഷ്യരുടെ ശക്തിയായി ഗണിക്കപ്പെടുന്നു. "ക്ഷമാബലമശക്താ

നാം ശക്താനാം ഭൂഷണം ക്ഷമാ" എന്നാണല്ലോ. അശക്തന്മാൎക്കു ക്ഷാന്തി ശക്തിയും, ബലവാന്മാൎക്കു് അതു ഭൂഷണവുമാണെന്നാണു് ഈ പദ്യാൎദ്ധതാല്പൎയ്യം. ശക്തൻ അക്ഷമനാകുന്നുവെങ്കിൽ അനൎത്ഥങ്ങൾ അവനെ പിന്തുടൎന്നുകൊണ്ടിരിക്കുമെന്നുള്ളതു സുഗ്രഹണീയമാണു്. ക്ഷമാശീലരല്ലാത്തവൎക്കു യാതൊന്നിലും പ്രവേശിച്ചു സൽകീൎത്തി സമ്പാദിപ്പാനോ, സൽസ്വഭാവസംപ്രാപ്തിലാഭത്തിന്നോ സംഗതിവരുന്നതല്ല. ഹരിശ്ചന്ദ്രൻ, ചന്ദ്രമതി എന്നീ സത്യസന്ധന്മാർ അളവില്ലാത്ത കഷ്ടനഷ്ടാരിഷ്ടങ്ങൾ അനുഭവിച്ചിട്ടും ക്ഷമയെ ലേശം ലംഘിച്ചില്ലെന്നതിനാൽ പിന്നീടു് അവരുടെ ശ്രേയസ്സും മാറ്റും വൎദ്ധിച്ചതല്ലാതെ കുറവുണ്ടായില്ല. ഇന്നും അവർ നമുക്കു സ്മൎത്തവ്യന്മാരായിരിക്കുന്നില്ലേ. ഈ ലോകത്തിലുള്ള കശ്മലന്മാർ ഭൂമിദേവിക്കു് അസഹ്യങ്ങളായ അസംഖ്യം ദുഷ്കൎമ്മങ്ങളെ ചെയ്യുന്നില്ലേ. അവയെല്ലാം സഹിച്ചുകൊണ്ടല്ലേ ആ ദേവി നമ്മളെയും മററും സംസാരഭാരം വഹിച്ചുകൊണ്ടിരിക്കുന്നതു്. ഇതുമൂലമായിട്ടാകുന്നു ഭൂമിക്കു 'ക്ഷമാ' എന്ന പൎയ്യായമുണ്ടായിട്ടുള്ളതു്.

ക്ഷമക്കും ധൈൎയ്യത്തിന്നും പരസ്പരാശ്രയമുണ്ടു്. ധൈൎയ്യത്താൽ ക്ഷാന്തിയും, ക്ഷാന്തിയാൽ ധൈൎയ്യവും വൎദ്ധിക്കുന്നതാണു്. പക്ഷെ ധൈൎയ്യമൂലമുള്ള ക്ഷമാവിവൃദ്ധി വേഗത്തിലും, ക്ഷമനിമിത്തമുള്ള ധൈൎയ്യവൎദ്ധന സാവധാനത്തിലുമാണുണ്ടാകുന്നതു്. സൽഗുണങ്ങളിൽ ധൈൎയ്യമാവശ്യവും ദുൎഗ്ഗുണങ്ങളിൽ അനാവശ്യവും ആകുന്നു. അതാതുമുണ്ടെന്നു ലക്ഷിക്കേണ്ടതാണു്. പാലിക്കുന്നതിന്നായി ചില സന്ദൎഭങ്ങളിൽ ക്ഷമയെ വൎജ്ജിക്കേണ്ടിവരുന്നുണ്ടു്. ഒരു വിദ്യാൎത്ഥി ദിവസേന പഠിക്കാതെ പാഠശാലയിലേക്കു വരികയോ സ്കൂളിൽ വെച്ചു വല്ല ദുസ്സാമൎത്ഥ്യങ്ങൾ കാണിക്കയോ ചെയ്താൽ ഉപാദ്ധ്യായന്മാർ ക്ഷമാശീലരായിരുന്നാലും ആ അവസരത്തിൽ അവരുടെ സ്വഭാവം ഒന്നു മാറുന്നില്ലേ. അതു് അവിടെ ആവശ്യവുമല്ലേ. ഇതുപോലെ മററു ചില കാൎയ്യങ്ങളിലും അക്ഷമ ആവശ്യമാണു്. "ക്ഷമാ ശത്രൌ ച മിത്രേ ച യതീനാമേവ ഭൂഷണം," ശത്രുവിങ്കലും മിത്രത്തിങ്കലും സന്ന്യാസികൾക്കു മാത്രമേ ക്ഷമ ഭൂഷണമാകുന്നുള്ളു. ഇതിൽനിന്നു പ്രാപഞ്ചികൾക്കു ക്ഷമയും അക്ഷമയും ആവശ്യമുണ്ടെന്നു വരുന്നുണ്ടു്. എന്നാൽ ഇക്കാൎയ്യത്തിൽ മുൻപ്രസ്താവിച്ചതനുസരിച്ചു കാൎയ്യകാരണങ്ങളുടെ ഗതി ആലോചിക്കേണ്ടതാണു്. "തേജഃക്ഷമാ വാ നൈകാന്തം കാലജ്ഞസ്യ മഹീപതേഃ നൈകമോജഃ പ്രസാദോ വാ രസഭാവവിദഃ കവേഃ" എന്നാണു് മാഘകവി പ്രസ്താവിച്ചിട്ടുള്ളതു്.

എങ്കിലും "സ്വഭാവോ മൂൎദ്ധ്നി വൎത്തതേ," എന്നുള്ളതിനാൽ മനുഷ്യരുടെ ജീവിതം സ്വഭാവൈരുദ്ധ്യവസ്ഥകളുടെ അനവസ്ഥാനമാകകൊണ്ടു് അവസ്ഥാഭേദങ്ങളിൽ പലപ്പോഴും മനസ്സിന്നു പല വികാരങ്ങളുണ്ടാകുമെന്നും, ആ വക വികാരങ്ങൾ കൂടാതിരിപ്പാൻ ക്ഷാന്തി അത്യാവശ്യമാണെന്നും, അല്ലെങ്കിൽ ജീവസന്ധാരണഫലം മലിനപ്പെടുമെന്നും മനുഷ്യർ സദാ ഓൎമ്മവെക്കേണ്ടതാകുന്നു.

തോരണത്തു പരമേശ്വരമേനോൻ.

ദക്ഷയാഗം.

(തുടർച്ച)

അനന്തരം ശശിമൌലിപ്രമഥവീരന്മാ രെത്തുകണ്ടോ ഭയചകിതരായ് പ്രാണഭ യേന പുനരപിയാഗശാലയിൽ പ്രവിശ്യ ബല ചക്രങ്ങളിലിളകിയ ഭയഭരിതങ്ങളായ പടകൾ കണ്ടിട്ട ചരന്മാർ ഉടനെ [illegible] രണ്ടുപേരും കെട്ടിയിട്ട മന്ദം [illegible] സ്വാമി പറഞ്ഞതിനില്ലും പടിഞ്ഞാറെ ക്കോപകഷായിതന്മാരായ ഭൂതങ്ങൾ കലശാപാത്രവൃഷഭധ്വജവല്ലഭനെ തടുത്തിടുന്ന ഭാഗ്യം. ഭൂതഗണങ്ങൾ ലാനദികളിലും ശങ്കരവാഹനമണ്ഡലമിട്ട കിട്ടുമെന്നുറപ്പിച്ചു പ്രാണഭയചകിതന്മാരായ് ഭഗവ ന്മാരെല്ലാം കൂട്ടമായി ക്രോശിച്ചുകൊണ്ടു ദക്ഷ യജ്ഞത്തിലേക്കു നടന്നു. ദക്ഷയജ്ഞമു ക്കോലമെട്ടുത്തു നല്ലിലൊരു മാനകലശ തുടങ്ങി. ദക്ഷനന്ദനപാലകന്മാരെല്ലാം കൂടി ദക പികളെറിയുന്നതിന്നായി ഭൂതങ്ങളാ ണത്രെ കെട്ടചന്ദ്ര. വെൺകൊറ്റക്കുടചാച്ച് തെരുതെരെ ഭൂതക്കൂട്ടങ്ങളിത്തരമെല്ലാ മുപരി പിടിച്ചു നടന്നു കെട്ടപ്പാ. ആ വെളുത്ത നിന്നി തപ്പാട്ടും മണിവെൺ ചാമരങ്ങൾ വീശികെട്ട ന്ന താലവൃന്ദങ്ങളും വീശിച്ചാരെ ചേർന്നു നടന്നു. ദക്ഷന്മാരുടെ കാലാളുകളെ ഘോരശൃംഗങ്ങളുംഗക്കൂട്ടിപ്പടയോട്ടം വാളു കൾ തോക്കുകളോടുകൂടി കെട്ടിന വീ ണാവാണിയെവാഴ്ത്തി നിന്നിതന്നേരം. വീണാപ ണികളൊക്കെയന്നത്തെ ചിറക്കഴിച്ചുവിളിയും വിളയാടി. പൂവാളിയുമൊരുമലഹരികളുമി നേർവാളുമൊപ്പാടികെട്ടുന്ന വന്ദനമെചയ്തു വിദ്യകളിന്നാം. വന്ദികൾവന്നു പുകഴ്ത്തുട

ങ്ങി പൊന്നിൻകിണ്ടികൾ വെള്ളിക്കിണ്ടിക ൾ പൊൻകോളാമ്പികൾ കാഞ്ചനകലശം പൊൻതട്ടുകൾ പുത്തനാക്കികൾ തൊ വിളക്കുകൾ തട്ടിക്കുറവും മല്ലികമാലകൾ പൊ ൽപ്പൂത്തളികളും കളിയെന്നോർകൾ മണി മഞ്ചി സരികൾ കനകപൂമാലികൾ മരതകപല്ലകി കനകമഞ്ചലും പവിഴപ്പട്ടിളി ബാലച കോരമുത്തുമയൂരം കേളിമരാളം മറ്റുമിവ ണ്ണം പലപല ദുപ്പെട്ടോപ്പുകരങ്ങൾ ടൂത്തു ടനാകിലോരന്നം ചൂളമിതമായാം മംഗലനാ രികളുമാനേകമനു്വടിവിൽ നടന്നു ഹര ഹരശിവനെന്നുവിളിച്ചു ഹരിനാ നക്ഷത്രങ്ങൾ വരെ കെട്ടിനി പടിവാളെണ്ണുമൊപ്പരമപ്രാ ഭവമാർന്നിങ്ങിനി കനകബഹുമാന സദുപാ സീന ത്രിഭുവനീശകളിലുമുപ്പത്തും മന്യ ത്തുപചാരവാദകൾ കണ്ടാസഹിതാം മഹിതസന്തോഷവിഭാഗം ഭൂരിസമി ദ്ധവിഭൂതികൾസമിശ്രവിഭവനു പാവ നാദ്ഭുതസുഗന്ധപരിതാം ദക്ഷകന്യക കാണ്ടു നചൻമൂലമിനി സ്വച്ഛമനോഹരമങ്ങേയാമ ലപരമോലാം പ്രാപവശാലാം.

വാരാളും വിലസന്നഭപ്രണയിനിയുമന്നേ
   ത്രചൈതന്യമോടും
ധീരാത്മാസ്സസ്യാസ്സ്വഹിതയജ്ഞമാ-
   നോംഗിതംപാത്രപാദ്യം
ആത്മാനാരാധിച്ചീടിലമലഭൂമതാം
   മാതരസ്സോദരാഭ (൭
സൈന്യം തെസ്യാസ്സപസാരോപ്യകൃതചരി
   ത്രോപചാരന്മാരാൻ.

ജാലമെന്നതാനാപിമഹനായകനാ
നാമത്താലവീസ്വജനോപചാരാൻ
സാതന്ത്ര്യതാനാമിന്നഗ......ാ
...തങ്കിനീലകരജീവനാഥം

അഗ്രേ ഥ ാ ാമ ഗ്രാഗമുടനേ
കണ്ടും സദസ്യത്തപിജാൻ
ധിക്കാരേണമതിന്നാലമെത്തും-
കൊണ്ടു മേവപ്രസന്നി
ഉക്കാണായജഗത്ഗുരുവേപരശിവ
പിത്രാവിനിന്നാകൃതം
ദുർമ്മെകൊണ്ടും തലമൂടച്ചാറ് നന്ദമാ
ജജൃംഭലവിശേഷശച്ചി.

കല്പാന്തക്ഷുഭിതാംബുധിപ്രതിമയാ
നൃത്യമതിതാൻപേഷ്മാ
തത്ക്രാന്താന്പ്രകടീകൃത ഭ്രുകുടിനാ
നോത്രണ്ണസംരമ്ഭരി
അപ്പോളീശംഭരിതാൻ പ്രകോപവിവശാ
ന്തേസാത് കമ്പതിംബാധരാ
സത്യ്യന്താംപുരതോജഗാദപിതരം
നിർഭത്സ്യദക്ഷംധ്വസം.

പുഷ്പാദ്യോഗം പ്രപഞ്ചം മുഴുവനാഴകിൽനി-
ൽപ്പിച്ചു പാലിച്ചൊടുക്കും
ചിത്രാത്മാ സ്ഥാണുമന്തം പരമിനമഖിലമന്നോ-
വാക്യകർമ്മാപ്പനീയം
തത്ത്വം ദേഹം വിശേഷാൽ ത്രിജഗതി സമരെ-
പ്പാരിലുണ്ടെന്നയാഴിഞ്ഞതി-
കത്തും ദേഹപ്പതിന്നാരിഹകടിലമതേ
മറവുണ്ടെങ്കിലന്ന്യശാലീ.

ചന്ദ്രാപീഡം വിനിന്ദ്യ കൃത്രവരമിതുക-
ല്പിച്ചവാരെന്തുശല്പം
അന്നത്രൈജാമിനീ വൃദ്ധതജജനാളു-
ദ്ധാരിഷ്ഠ കേതാസിലോക
ധന്യന്മാരാരല്പരയാകൽ സ്വമഹിതതരം
മന്ത്രമന്ത്രാപ്പണംകേ-

ളുന്നിച്ചീടുംഭഗായാസ്മൃ പരമശിവം
ന്ന്യാജ്ജിതാഗ്നിക്കാ.
ബാലന്മാരെന്നറിഞ്ഞുപരമശിവവിള-
ന്താംഖിലഞ്ഞാപ്പന്മാർ
ചോപ്പുംചേണമാമോരാ ജനവശതയൊടുക-
ണ്ടീലിമിൽപ്രാതിമാനം
കേട്ടിന്നിചെയ്യുന്നാക്കലവിനിഴലെടാ
നീലകണ്ഠകളെല്ലാം
പ്രാലേയാംശുമയേകങ്ങൾമഹാഹകര-
ഞ്ഞുന്നതിനോക്കമെല്ലാ.
കെല്പ്പെരുതീരശഭമേഹതപന്തിബോധമുണ്ടോ
നിർഗ്ഗ്യമാം തവാചന്നിതുകണ്ണിനോമ
കർപ്പൂരച്ചൂർണ്ണവിലേപശോഭനതനോസൗ
ഭ്യുഷ്മത്തലവണ്ണപൂമിമറിഞ്ഞുവാരോ.
മഹിതമിഹശിവേ തിഷ്ടത്തമംനാമവാചാ
സകൃദപിഹിതമാത്രം വിശപാപം പുനീതേ
സകലഗുണമയേയപ്രാമവാതംതവനി-
നഹഹകടിലബുദ്ധിർദ്ദോഷ്യമോദക്ഷ്യ
(ശാലീ.

ഗുരോരപിസ്മൃതമീശപ്രദ്രോഹ
ജ്ജിരോചിതാദേചകണേനബിധാക്രിയാൽ
നിരാസനീമപിതേനനാംപുരാരിപോ
പുരാതനോവിധിരിതിസൂക്തിമണ്ഡലേ.
ശോകവ്യാലീനമെന്നാലുടലിതുഗിരിശ-
ദേഹിണേ നിന്ന്കൽനിന്ന-
തീകെള്ളൂന്നമിന്നായിഴവിനൊടുവിഹാ
സ്യാങ്കിഹന്ത്യംതവാഗ്രേ
മോഹംകൊണ്ടൊഹതസ്യസപര്യമുദെപ്പുടു
കതസിതാശന്യചാത്താ-
ലാരകമറ്റിച്ചാഴികെ ന്നളശിവശിവമു-
വ്യാപ്രതീകാരമെല്ലാ.
നലമലമതിനിന്ദ്യനാമ്മനാവശ്യണാമെ
മലിനമതിഗതിഹ ദ്രാഹിദേഹോൽമയോ
ഉലകിലിനിവസിച്ചാലസ്യദേവൃത്തികൊണ്ടു-
ള്ളലാഭം പൂഷമേല്ലുചൊറിനിക്കഹാ
(-ര.

ഹന്ത്യാദേവഷി /തപാളജ്ജതഗിരിവരം
തമ്പിരാനോടശേഷം
സത്യോദ്ഭാക്ഷായണീ നാംശവൃഷപൈപൃഉതചി
ശീജ്ഞനൈരാഹിതംപാർ
ത്തീട്ടുപോഷ്ഠാനാംപേരിലവ്യുണ
ത്തീടിനാളുള്ളകണ്ണും.
വിശപായീശത്താന്തളനികട്ടതരം
ഉണ്ടുഹംകേട്ടതന്തം
നിസ്സൂഷനോരരോകത്യാതലുകൾപിടിപെ
ട്ടോത്തീകൾപെ. നയചേര
ഉച്ചൈചതഥഃയതന്റയധരചികടരുപ
സ്സൂപാംജടാവിസ്സ്രാളി
സച്ചുാമട്ടുഹാസീളവിഭടത്പരി
ച്ചുതെറിത്തുകപെ. ലി.

തദനഭഗവതോ മഹേശസ്യാല്ലേടന
ല്ലോജപലദാഹനി ചിംഗസ്സുരസൂർജ്ജോ ഒ
പ്പേരലെ കട്ടതികനൽകട്ട ചിന്തിച്ചു ചി
ന്തിച്ചുപാരംമിഴിച്ചോത്തരന്നത്രഥീഷണോ
ത്മാ നിറമ്പിള്ളിതെല്ലകീറികടിച്ചുടസാ
വെച്ചുപോലെവിളങ്ങുന്ന ഭസ്മാമഹസ്സേന
സന്ദിപിതാശരുഖേദിശ്ച പിനാരത്ഥ
ഹാസഹസ്രേണ ചംക്രാന്തി ചൽതരം ക

ന്തരംമണിത്തട്ടപാരല്ലോല്യമിത്യാദി നാനായു
ധശ്രേണികാകേരാമരാളശജ്വാഗ്നി ച
ത്താംബരേണാഗ്നി പതഗത്താളുംതാളി
നനാമുട്ടത്തത്തിന്മേൽ നിറന്നേവുമശി
വിഷമുണ്ടെൻ കൊണ്ട ബൈതന്മാലകാഞ്ചി
കലാപോ ഥലഭയലഭശ്ശനാച്ചിലമ്പിനി
നാദം പുലമ്പിടമാറുകതോമൃതപാദപ
യോദിഗ്ഗന്തിരണ ദേവേന്ദ്രനിലാഗ്രവ
ള്ളുന്നനുയ സ്വർണ്ണാംബരധോരശാരിത്യാസം
ഫലങ്ങളേകി വിച്ചഗ്രതോവനാപേ. ലോളഗ
ൽസമ്പൂർത്തികൊള്ളുമീന്നത കാലാരിതൻ
പൈതൽപോലെ തരാദ്ധ്വനക്ഷലീലപാലി
മഹാലൈരവോ വീരതസ്ത്രമായബഭ്യാ
ജലി: ദേവദേവസ്സമോ വെങ്കരവെൽകൈ
ണ്ണപോലിന്ദ്രഗോനന കൎത്തവ്യമേനാലിത
ങ്ങനെണ്ണാനതെത്തുത്തോതമകോപേനാ
ഭജ്ഞനംസരയജ്ജംസേത്യാത്ത്ഥിലഭക്ഷിപി പെ
ട്ടെന്നില്ലാശയാ നിഗ്രഹിച്ചിട്ടുകെപ്പുതമ
സ്സുൽപെടനാം മർശോഭാനഗ്രയായിവി
ക്കൊനീവണ്ണം മഹേശാജ്ഞതകൈക്കൊണ്ടു
തന്മേലിനാകാണിനേരംപൊറുക്കേണമെ
ൻതമ്പിരാനേ! ഇടയം.

കൊച്ചി സാഹിത്യസമാജം

നോട്ടീസ്

ഒരു മലയാളനിഘണ്ടു ഉണ്ടാക്കേണ്ടുന്ന കാൎയ്യത്തെപ്പറ്റി ആലോചിച്ച് ബ്രിട്ടീഷ് ഗവൎമ്മേണ്ടിലേക്കും, കൊച്ചി ഭാഷാസംസ്കരണകമ്മറ്റിക്കും എഴുതി അയക്കുന്നതിനും, 'റ'—'ന'—മുതലായ മലയാള അക്ഷരങ്ങളുടെ കാൎയ്യത്തിൽ ഒരു വ്യവസ്ഥ വരുത്തുന്നതിനും, സമാജപ്രതിനിധിയാക്കി ഏറ്റെടുത്തിട്ടുള്ള 'മംഗളോദയം' മാസികയുടെ നടത്തിപ്പിനെ സംബന്ധിച്ച് ചില സംഗതികൾ ആലോചിച്ച് തീൎച്ചയാക്കുന്നതിനും ആയി, കൊച്ചി സാഹിത്യസമാജം വക ഒരു യോഗം 1089 എടവം 31-ാംനു- ഞായറാഴ്ച വൈകുന്നേരം 4 മണിക്ക് ശേഷം 'മംഗളോദയം' ആപ്പീസ്സിൽവെച്ചു കൂടുന്നതാകുന്നു.

അപ്പൻ തമ്പുരാൻ,
അദ്ധ്യക്ഷൻ.

പുരയും നാലുഭാഗവും മെടഞ്ഞ ഓലകൊണ്ടു മറച്ചും, മുളകൊണ്ടും അതിന്റെ തലപ്പു ഇലകൊണ്ടും പതിൽവെച്ചുമാണ് ഉള്ളാടക്കുടികൾ നിർമ്മിക്കപ്പെടുന്നത്. കുടിയിന്റെ തിണ്ണ മെഴുകുകയോ കല്ലിട്ടിടിച്ച് ഉറപ്പിക്കുകയോ പതിവില്ല. ചുററുമുള്ള മറവും കുടിത്തറയും ഒരുപോലെയിരിക്കും. കുറെ മെടഞ്ഞ ഓലകളും അവർതന്നെ നെയ്തുണ്ടാക്കുന്ന ചില പനക്കൂർപ്പായകളും മാത്രമാണ് ഇരിക്കുവാനും രാത്രി കിടക്കുവാനുമുള്ള സാധനങ്ങൾ. വെയ്ക്കാനും ഉണ്ണാനും വെള്ളം എടുക്കുവാനും എല്ലാററിനുംകൂടി കുറെ ചട്ടികളും കലങ്ങളും മാത്രമേ പാത്രങ്ങളായിട്ടുള്ളു. ഒരു കുടി പരിശോധിച്ചുനോക്കിയപ്പോൾ മേൽപ്പറഞ്ഞ സാമാനങ്ങൾക്കു പുറമെ ഉപ്പും മുളകും വെച്ചു സൂക്ഷിക്കുന്നതിലേക്ക ചില പാളകളും കാണുകയുണ്ടായി. അവക്ക കലവറക്ക പ്രത്യേകം സ്ഥലമില്ല. ഉണ്ണുവാനോ ഉടുക്കുവാനോ വല്ലതുമുണ്ടായാൽ അതുകൾ ഒരു കൊട്ടയിലോ വട്ടിയിലോ ആക്കി മേൽപ്പുരയിൽ കെട്ടിനാട്ടിട്ടുള്ള കഴുക്കോലുകളിൽ തൂക്കിയിടുകയാണ്. അവർ പകൽസമയം മിക്കതും പുറത്തുകഴിച്ചുകൂട്ടി രാത്രി കിടക്കുവാൻ മാത്രമേ കുടിൽ ഉപയോഗപ്പെടുത്താറുള്ളു. കുടിലിന്റെ ഒരു മൂക്കിൽ ഒരു അടുപ്പുണ്ടായിരിക്കും. എന്നാൽ വേനൽക്കാലങ്ങളിൽ കുടിലിന്റെ പുറത്തുതന്നെയാണ് ഭക്ഷണം തയ്യാറാക്കുക പതിവ്. അപ്പഴും ചിലർ കല്യാണം ചെയ്തു ഉടനെ താമസിക്കുന്നതിലേക്ക വേറെ കുടിൽ കെട്ടിവരുന്ന സംഗതികളിലൊഴികെ, ഒരു കുടുംബത്തിലെ എല്ലാവരും ഒരു കുടിലിൽ തന്നെയാണ് രാത്രി കിടക്കുന്നത്.

കല്യാണസമ്പ്രദായം.

പ്രായം ചെന്നവർ തമ്മിൽ കല്യാണം ചെയ്യുന്നതാണ് ഉള്ളാടന്മാരുടെയിടയിലുള്ള കല്യാണരീതി. ഇത്ര വയസ്സിന്നുമുമ്പ് ഒരു സ്ത്രീ കല്യാണം ചെയ്യണമെന്ന നിശ്ചയമേ, കല്യാണം ഏതു കാലത്തെക്കെങ്കിലും നീട്ടിയാൽ അതിന്ന സാമുദായികമായി വല്ല ശിക്ഷയോ ഇല്ല. എറണാകുളത്തിന്ന ചുററും പാർത്തുവരുന്ന ഉള്ളാടന്മാർ പ്രായേണ ഈഴവന്മാരെപ്പോലെ പെണ്ണിന് അഞ്ചു വയസ്സു കഴിയുമ്പോൾ ഒരു താലി കെട്ടിവരാറുണ്ട്. എന്നാൽ ഈ ക്രിയ ചെയ്വാൻ താമസിക്കുകയോ ചെയ്യാതിരിക്കുകയോ ചെയ്താൽ അതിന്ന തെററുമില്ല. സാധാരണയായി താലി കെട്ടുന്നതു പെണ്ണിന്റെ മച്ചുനനോ അല്ലെങ്കിൽ അതേ ഗോത്രത്തിൽ അടുപ്പമുള്ള ഏതെങ്കിലും ഒരു യുവാവോ ആയിരിക്കും. അവനെക്കൊണ്ട് അവൾക്ക് ഒരു മുറി കൊടുപ്പാൻ കഴിയുന്നതായാൽ അവന് അവളെ കല്യാണം ചെയ്വാൻ വിരോധവുമില്ല. ഇങ്ങിനെ ചെറുപ്പത്തിൽ താലി കെട്ടുന്ന സമ്പ്രദായമുള്ളേടങ്ങളിൽ കല്യാണസമയം താലി അഴിച്ചു കളയും. സാധാരണയായി ഉള്ളാടന്മാർ ബന്ധുകളിൽനിന്ന കല്യാണം ചെയ്തുവരാറില്ല. എന്നാൽ എറണാകുളം കുമ്പളം ഈ പ്രദേശങ്ങളിൽ ചിലപ്പോൾ അമ്മാമന്റെ മകളെ കെട്ടിവരാറുണ്ട്. കല്യാണത്തിന്ന കക്ഷികളുടെ മാതാപിതാക്കന്മാർ തമ്മിലോ കാര്യസ്ഥന്മാർ മുഖാന്തരമോ ആണ് ഏർപ്പാട ചെയ്യുന്നത്. വിവാഹസംബന്ധത്തിൽനിന്നും ഒഴിവാവുന്നത് എളുപ്പമായ ഒരു കാര്യവും അതു എപ്പോഴെങ്കിലും നടത്താവുന്നതുമാണ്. ഭാര്യ അവിശ്വസ്തയോ ദുർന്നടവടിക്കാരിയോ ആയി കണ്ടാൽ ഭർത്താവ് അവളെ അവളുടെ മാതാപിതാക്കന്മാരുടെ കുടിയിൽ കൊണ്ടെ ചെന്നാക്കിപ്പോരും. ഭാര്യക്ക ഭർത്താവിനെ വേണ്ടെന്ന തോന്നിയാൽ അവൾ മടങ്ങിപ്പോകയും ചെയ്യും.

ഇങ്ങിനെ കല്യാണബന്ധത്തിൽനിന്നും ഒഴിവാകുന്നവർക്ക് യാതൊരു ദൂഷണവുമില്ലാത്തതും പിന്നെയും കല്യാണത്തിന് അവർ സ്വാതന്ത്ര്യമുള്ളവരുമാകുന്നു. വിധവക്ക് ഭർത്താവിന്റെ സഹോദരനെയൊഴിച്ച് വേറെ ആരെയെങ്കിലും കല്യാണം കഴിക്കാം. വിധവാകല്യാണകാര്യത്തിൽ വലിയ ക്രിയകളൊന്നും ചെയ്യുവതന്നതല്ല. അച്ഛന്റെ മരണശേഷം വളർന്നു തന്നത്താൻ കഴിയാറാവുന്നതുവരെ കുട്ടികൾ അമ്മയെ ഒന്നിച്ചു തന്നെ താമസിക്കും. ഒരു ഉള്ളാടന് ഒന്നിലധികം ഭാര്യമാരുണ്ടാവാം. എന്നാൽ ഒരു ഉള്ളാടത്തിക്ക് ഒന്നിലധികം ഭർത്താക്കന്മാർ പാടില്ല. ഒരുവന് ഒന്നിലധികം ഭാര്യമാരുണ്ടാവുമ്പോൾ അധികമായും അവർ ഒന്നിച്ചുതന്നെയാണ് പാർക്കുക. എന്നാൽ മത്സരവും തെററിധാരണയും കൂടാതിരിപ്പാൻ ചിലപ്പോൾ അവരെ പ്രത്യേക കുടിലുകളിൽ പാർപ്പിച്ചുവരുന്നതുമുണ്ട്. കല്യാണത്തിനു മുമ്പു സംയോഗം പാടില്ലാത്തതും അതിനു വിപരീതമായി ചെയ്യുകയാണെങ്കിൽ ഗൌരവമായി വിചാരിക്കുന്നതുമാകുന്നു. കല്യാണം കഴിയാത്ത ഒരു പെണ്ണ് ഗർഭിണിയാകയും സംഗതി പരസ്യമാകയും ചെയ്താൽ എല്ലാവരും കൂടി കാമുകനെ വരുത്തി അവളെ കല്യാണം ചെയ്വാൻ അവനെ നിർബ്ബന്ധിക്കും. അവൻ കൂട്ടാക്കാത്തപക്ഷം ഇരുവർക്കും ഭ്രഷ്ട് കല്പിക്കയും ഒടുവിൽ അവർ ക്രിസ്തുമതത്തിൽ ചേരുവാൻ കാരണമാവുകയും ചെയ്യുന്നതാണ്.

ഒരു ചെക്കന് കല്യാണം കഴിക്കണമെന്നു തോന്നിയാൽ അവന്റെ അച്ഛനും അമ്മാമനും യോഗ്യമാവുന്ന പെണ്ണിന്റെ അച്ഛനമ്മമാരോട് അതിനെപ്പററി സംസാരിക്കും. അവർ സമ്മതിക്കുന്നപക്ഷം ഇരുകക്ഷികളുടെയും മാതാപിതാക്കന്മാരും ബന്ധുക്കളും വധുവിന്റെ കുടിയിൽവെച്ച് കല്യാണത്തിനുള്ള പൂർവ്വസന്ധിക്രമം തീർച്ചപ്പെടുത്തുകയും, വരന്റെ കക്ഷികൾ കല്യാണത്തിനു ചെല്ലുന്ന അതിഥികളുടെ എണ്ണം നിജപ്പെടുത്തുകയും, ഒരു ഉറുപ്പിക മുതൽ അഞ്ചുറുപ്പികവരെ കൂടുന്ന വധൂപ്പണം അപ്പോൾതന്നെ കൊടുക്കുകയും, നല്ലപോലെ സല്ക്കരിച്ചയക്കപ്പെടുകയും ചെയ്യും. പിന്നെ അടുത്തൊരു ദിവസം വധുവിന്റെ മാതാപിതാക്കന്മാരും അമ്മാമനും വരന്റെ കുടിയിലേക്കു ചെല്ലുന്നതും അവിടെ അവർക്കും ഒരു സദ്യ പതിവുള്ളതുമാണ്. കല്യാണദിവസം വരൻ ബന്ധുമിത്രങ്ങളോടുകൂടി വധുവിന്റെ കുടിയിലേക്കു ചെന്ന് അവിടെ കഴിക്കുന്ന സദ്യയിൽ ഊണു കഴിച്ചു ശേഷം അവന്റെ സഹോദരി വധുവിനെ മാലയിടുകയും അവൻ അവളുടെ കഴുത്തിൽ താലി (ഒരു ചരടിന്മേൽ കോർത്ത പിച്ചളമോതിരം) കെട്ടുകയും ചെയ്യും. പിറേറദിവസം കാലത്തു തന്നെ അവൻ അവളെ തന്റെ കുടിയിലേക്കു കൂട്ടിക്കൊണ്ടുപോകുന്നതാണ്. ഒരുമിച്ചുപോകുന്ന ബന്ധുക്കൾക്ക് അവിടെയും സദ്യ കഴിക്കുകയും, ഒരുവട്ടം പാർത്തതിനു ശേഷം ദമ്പതിമാർ വധുവിന്റെ കുടിയിലേക്കു മടങ്ങി അവിടെ രണ്ടുമൂന്നു ദിവസം താമസിച്ചിട്ടു തിരിച്ചുപോകുകയും ചെയ്യും. അപ്പോഴേ കല്യാണത്തിന്റെ എല്ലാ ചടങ്ങുകളും പൂർത്തിയാകുന്നുള്ളൂ.

തിരുവിതാംകൂറിലെ ഉള്ളാടന്മാരുടെ വിവാഹസമ്പ്രദായം വേറെ ഒരു തരത്തിലാണ്. അതിന്റെ ക്രിയാദികൾ നിസ്സാരവും, കൊച്ചിയിലെ ഉള്ളാടന്മാർ ചെയ്തുവരുന്നില്ലെങ്കിലും, ചിലേടങ്ങളിൽ പല താണ ജാതിക്കാരും ചിലപ്പോൾ ആചരിച്ചു

വരുന്നതുമാകുന്നു. അവരിതിലേക്ക് ഇല കൊണ്ടും മററും ചെറുതായ ഒരു വട്ടക്കുടിൽ കെട്ടിയുണ്ടാക്കി അതിനുള്ളിൽ പെണ്ണിനെ കൊണ്ടുചെന്നിരുത്തും. അപ്പോൾ കല്യാണം ചെയ്യുവാനാവശ്യമുള്ള എല്ലാ ചെറുപ്പക്കാരും ഓരോ മുളവടിയുമായി കുടിലിനു ചുററും വന്നുനില്ക്കും. പെണ്ണിന്റെ അച്ഛനോ അല്ലെങ്കിൽ ഏററവുമടുത്ത പുരുഷബന്ധുവോ ഒരു ചെണ്ടയും കൊട്ടിക്കൊണ്ട് അല്പം ദൂരത്തു ഇരിക്കും. ചിലപ്പോൾ മററു ചില വാദ്യങ്ങളുമുണ്ടാവും. വാദ്യം തുടങ്ങുന്നതോടുകൂടി ചില പാട്ടുകളും അതനുസരിച്ചു കുടിലിനു ചുററും കൂടിയിട്ടുള്ള പ്രത്യർത്ഥികൾ നൃത്തവും ആരംഭിക്കും. ഇത് ഏകദേശം ഒരു മണിക്കൂറുനേരം പിടിക്കും. അപ്പോൾ പ്രത്യർത്ഥികളെല്ലാവരും കയ്യിലുള്ള വടിയുടെ തല കുടിലിന്റെ ഉള്ളിലേക്ക് തള്ളുകയാവും. അവിടെ ഒളിക്കപ്പെട്ടിരിക്കുന്നവൾ ആരുടെ വടി പിടിക്കുവാൻ സംഗതിയാവുന്നുവോ അവനാണ് അവളെ കല്യാണം ചെയ്യാനുള്ള ഭാഗ്യം. ഇതുകഴിഞ്ഞു വരനെ തിട്ടപ്പെടുത്തിയാൽ ഒരു സദ്യയുണ്ട്. അതോടുകൂടി ക്രിയകളെല്ലാം അവസാനിക്കുകയും ചെയ്യും. കല്യാണത്തിനുശേഷം ദമ്പതിമാർ, വലിയ ചിലവുകൂടാതെ കെട്ടിയുണ്ടാക്കുന്ന ഒരു പ്രത്യേകകുടിയിൽ പാർക്കുവാൻ തുടങ്ങുന്നതാണ്.

കല്യാണത്തിനു മുമ്പും പിമ്പും സ്ത്രീകളുടെ പാതിവ്രത്യകാര്യത്തിൽ ഉള്ളാടന്മാർ ബഹു നിഷ്കർഷയാകുന്നു. അവരുടെയിടയിൽ അസന്മാർഗ്ഗമെന്ന കാര്യമേ ഇല്ല. പെണ്ണുങ്ങൾ പെലിച്ചികളെപ്പോലെ വേല ചെയ്യാൻ പുറത്തുപോകാറില്ല. ഭാര്യക്കും കുട്ടികൾക്കും വേണ്ടതു ഭർത്താവു പ്രയത്നിച്ചുണ്ടാക്കണം. ഭാര്യ അതു പാകംചെയ്തു കുട്ടികളെ പോററിവളർത്തേണ്ട ചുമതലയേ ഉള്ളു. എറണാകുളത്തിനടുത്തുള്ള ചില ഉള്ളാടപ്പെണ്ണുങ്ങളോട് ചോദിച്ചതിൽ, തങ്ങൾ കാട്ടിൽ പ്രമാണികളുടെ വംശീയന്മാരാകകൊണ്ട് പണിക്കുപോയി തന്നത്താൻ കാറ്റിൽ വരുത്തുന്നതല്ലെന്നു പറഞ്ഞിരിക്കുന്നു.

ഗർഭവും പ്രസവവും

ദാരിദ്ര്യം നിമിത്തം ഗർഭിണികൾക്കു പ്രത്യേകശുശ്രൂഷകളൊന്നുംചെയ്യുവാനില്ല. വല്ല അപകടമോ കഷ്ടതയോ സംഭവിച്ചാൽ അതു ദൈവങ്ങളുടെ കോപംകൊണ്ടാണ്. പ്രസവത്തിനു അല്പം മുമ്പായി 'പുളികുടി' എന്ന ക്രിയ നടത്തിവരാറുണ്ട്. പുളി കൊടുക്കുന്നതു പെണ്ണിന്റെ അമ്മാമനാണ്. അന്നു എല്ലാ ബന്ധുമിത്രങ്ങൾക്കും ഒരു സദ്യയുണ്ട്. പ്രസവത്തിന് ഒരു പ്രത്യേക കുടിൽ കെട്ടിയുണ്ടാക്കി ഏതെങ്കിലും പ്രായം ചെന്ന സ്ത്രീ (സാധാരണ അമ്മതന്നെ) പ്രസവം കാക്കും. പ്രസവം കഴിഞ്ഞ ഉടനെ തള്ളയെയും പിള്ളയെയും ചൂടുവെള്ളത്തിൽ കുളിപ്പിക്കും. തള്ളക്കു ഈഴവന്മാരുപയോഗിക്കുന്ന തരം ഒരു വക പേറുമരുന്നു മൂന്നാഴ്ചവട്ടം കാലത്തും വൈകുന്നേരവും കൊടുത്തുവരാറുണ്ട്. രണ്ടാഴ്ചകാലം അവളുടെ ഭക്ഷണം ചോറും സസ്യക്കറിയുമായിരിക്കും. പുലകാലം 11 ദിവസം മുതൽ 16 ദിവസംവരെ ഓരോ പ്രദേശത്തു ഭേദപ്പെട്ടിരിക്കുന്നതാണ്. അതു കഴിഞ്ഞാൽ അവൾക്കു പ്രധാനകുടിലിന്റെ എറയത്തുവരെ പ്രവേശിക്കാം. അവിടുന്നു രണ്ടാഴ്ചകൂടി കഴിഞ്ഞു കുളിച്ചാൽ മാത്രമേ മററുള്ളവരൊന്നിച്ചു കൂടികഴിവാൻ പാടുള്ളു. കുട്ടികളെ ആറേഴുമാസക്കാലം തള്ളമാർ മുലകൊടുത്തും അതിനുശേഷം ചോറോ കഞ്ഞിയോ കൊടുത്തുമാണ് വളർത്തുന്നത്. പേരിടൽ

സാധാരണയായി 28-ാംദിവസമാകുന്നു. എന്നാൽ ചിലപ്പോൾ 6-ാംമാസത്തോളം നീട്ടിവെക്കാറുമുണ്ട്. അപ്പോൾ നാമകരണവും പുന്നൂന്നൃത്യാഗവും ഒന്നിച്ചു കഴിക്കും. പെൺകുട്ടികളെ മുഖ്യമായുള്ള ഒരു ക്രിയ കാതുകുത്തലാണ്. അതും ഒരു സദ്യദിവസംതന്നെ. ഇതു അഞ്ചാംവയസ്സിലോ ഏഴാംവയസ്സിലോ ആയിരിക്കും. സാധാരണയായി അമ്മായിയോ അല്ലെങ്കിൽ ഏതെങ്കിലും പ്രായംചെന്ന ഒരു സ്ത്രീയോ ആണ് കാതുകുത്തുന്നത്.

അവകാശവും ഗോത്രസംസ്ഥാപനവും.

അവകാശക്രമത്തെപ്പററി കാര്യമായി വിചാരിപ്പാൻ സംഗതിയില്ലാത്തവിധം ഉള്ളാടന്മാർ അത്ര ദരിദ്രന്മാരാകുന്നു. ഒരുവൻ മരിയ്ക്കുമ്പോൾ അവന്നു വല്ല സ്വത്തുക്കളുമുണ്ടാവാൻ സംഗതിയായിരുന്നാൽ അതു ചിലപ്പോൾ സഹോദരീപുത്രനും ചിലപ്പോൾ സ്വപുത്രനുമാണ് ചേരുന്നത്. എല്ലാ സന്തതിയും പെൺവഴിക്കാകി വരുന്നതും ഒരു കുട്ടിക്ക് അതിന്റെ അമ്മയുടെ കുടുംബനാമധേയം നല്കിവരുന്നതുമാണ്. അവരുടെ യോഗങ്ങൾ പഴമക്കാർ കൂടിച്ചേർന്നിട്ടുള്ളതാകുന്നു. അതിൽ 'മൂപ്പൻ' എന്ന ഒരു തലവനും അവന്നു 'പോറാമ്പൻ' എന്ന ഒരു അസിസ്റ്റാന്റുമുണ്ട്. മൂപ്പൻ എല്ലാ കല്യാണം ശേഷക്രിയ മുതലായ കർമ്മങ്ങൾക്കും ഉണ്ടായിരിക്കേണ്ടതും എല്ലാ വഴക്കുകളും തീർച്ചപ്പെടുത്തേണ്ടതുമാകുന്നു. സാധാരണയായി വ്യഭിചാരകാര്യങ്ങളെപ്പററി ആലോചിക്കുന്നതിന്നു മാത്രമേ യോഗം കൂടുക പതിവുള്ളൂ. യോഗത്തിൽ വ്യഭിചാരകാര്യത്തിൽ പെട്ടവരെ ഹാജരാക്കി മൂപ്പൻ വിസ്തരിക്കയും, കക്ഷികൾ കാര്യം സമ്മതിക്കുന്നപക്ഷം അവരെ മഹാരാജാവു തിരുമനസ്സിലെ മുമ്പാകെ ഹാജരാക്കി വിവരം ഉണർത്തിക്കയും, അവിടുന്നു കാരക്കാരിൽ ആണിന്നു പിഴകല്പിക്കയൊ അടിശിക്ഷ കൊടുക്കയൊ ചെയ്യും, പെണ്ണിനെ കാച്ചു വെള്ളമൊ തേങ്ങാപ്പാലൊ കൊടുത്തു പാപത്തിൽനിന്നും മോചിപ്പിക്കയും ചെയ്യും. പിഴ കല്പിക്കുന്ന സന്ദർഭങ്ങളിൽ ആ സംഖ്യകൊണ്ടു കള്ളുവാങ്ങി അവിടെ കൂടുന്ന ഉള്ളാടന്മാർതന്നെ കുടിപ്പാൻ വീതിച്ചു കൊടുക്കുന്നതാണ്. മൂപ്പന് അവന്റെ ബുദ്ധിമുട്ടിന് ഇതുകൂടാതെ ഒരുമുണ്ടും പണവും കിട്ടിവരുന്നുണ്ട്.

മതം.

ഉള്ളാടന്മാരും ആനിമിസ്റ്റുകൾ അല്ലെങ്കിൽ ഭൂതാരാധനക്കാർ തന്നെ. എല്ലാ രോഗങ്ങളും കഷ്ടപ്പാടുകളും ഭൂതങ്ങളുടെ ദോഷദൃഷ്ടിയാൽ ഉളവാകുന്നതാണെന്നും, അതിനാൽ അവരെ പ്രീതിപ്പെടുത്തേണ്ടതാണെന്നും അവർ വിശ്വസിച്ചുവരുന്നു. കരിപ്പിലി, തീക്കുട്ടി, ചാത്തൻ ഈ വക ഭൂതങ്ങളെയാണ് അവർ ആരാധിക്കുന്നത്. അതുകളെ 'കൊട്ടിൽ' എന്നു വിളിക്കപ്പെടുന്ന ഒരു വക മേത്ത കുടിലുകൾക്കകത്ത് അവർ പ്രതിഷ്ഠിക്കുന്ന ചില കല്ലുകളെക്കൊണ്ടു സങ്കല്പിച്ചിരിക്കുന്നു. കന്നിമാസത്തിൽ വെള്ളിയാഴ്ചദിവസം ഇവക്ക് അരിപ്പൊടി, ആട്, കോഴി, കള്ള്, അരി, നാളികേരം, പഴം ഇത്യാദിസാധനങ്ങളെക്കൊണ്ടു പൂജകഴിക്കുന്നുണ്ട്. അപ്പോൾ ഒരു വെളിച്ചപ്പാടു തുള്ളി കല്പിക്കയും സ്ത്രീകളിൽ ദേവതാബാധയുണ്ടെങ്കിൽ ഒഴിക്കയും ചെയ്യും. വെളിച്ചപ്പാടിന്റെ കലി ഏറിയാൽ പൂജാസാധനങ്ങളിൽ പകുതി അവനെടുത്തു ബാക്കിയുള്ളത് അവിടെ കൂടുന്നവർക്ക് വിളമ്പിച്ചുകൊടുക്കും. ഇതുകൾക്കും

മംഗളോദയം

ഫാവ്വൻ

പുസ്തകം 6 മിഥുനമാസം ലക്കം 8

മംഗളം

കളിപ്പാട്ടങ്ങൾക്കൊക്കെ ചാതുർവ്വപാഠികൾ
കളിപ്പന്തടികൾക്കൊപ്പം കളിച്ചലിനി
ഇളപ്പം ചെയ്യിക്കാത്ത സാമസ്യസാര-
ത്തിളപ്പേന്നിമാസികാരക്കിയാലും.

എം. പരമേശ്വരൻ എളയത്.

കാവ്യനിരൂപണം.*

പ്രാചീനഭാരതീയർ പ്രായേണ എല്ലാ വിഷയങ്ങളിലും ഏതാണ്ടൊ വൈശിഷ്ട്യമുണ്ടായിരുന്നു എന്നുള്ളതിന്നു സംശയമില്ല. മറ്റു രാജ്യങ്ങളിൽ പരിഷ്കാരത്തിന്റെ ഉല്പത്തി നഗരങ്ങളിൽനിന്നാണ്; ഭാരതഖണ്ഡത്തിൽ, നേരെ മറിച്ചു, കാട്ടിൽനിന്നാണ്. മറ്റെല്ലാ ദിക്കുകാരും ധനമാണ് യോഗ്യതയ്ക്കു കാരണമായി കരുതുന്നത്. ഇവിടെയാകട്ടെ, പണവും പണ്ടവുമൊന്നും വസ്ത്രംകൂടിയില്ലാത്ത ഭിക്ഷുക്കളെയാണ് പരമയോഗ്യന്മാരായി പരിഗണിച്ചുവരുന്നത്. മറ്റെല്ലാ നാട്ടുകാരും ധർമ്മനിരൂപണത്തിൽ ശാസ്ത്രത്തെ ആശ്രയിച്ചും ആഹാരവിഹാരങ്ങളിൽ സ്വാതന്ത്ര്യ

* ബാബു രവീന്ദ്രനാഥടാഗോർ എഴുതിയ ഒരു ഉപന്യാസത്തിന്റെ തർജ്ജമ

മെട്ടക്കുകയുമാണ് പതിവ്; ഭാരതീയരാകട്ടെ ധർമ്മനിരൂപണത്തിൽ സ്വാതന്ത്ര്യം അവലംബിക്കുകയും ആചാരവിചാരങ്ങളിൽശാസ്ത്രവിധിയെ അനുഗമിക്കുകയുമാണ് ചെയ്യുന്നത്.

ഭാരതീയരുടെ പ്രകൃതി ഇതരരാജ്യക്കാരുടേതിൽനിന്നു വിലക്ഷണമായ ഒന്നാണെന്നു അനേകം സംഗതികളെക്കൊണ്ടു തെളിയുന്നുണ്ട്. പ്രായേണ സകല രാജ്യക്കാരുടേയും ഇടയിൽ ഇതിഹാസകഥകൾ കേൾക്കുന്നതിനുള്ള വാസന സീമാതീതമാകുന്നു. എന്നാൽ, പ്രാചീനഭാരതീയർക്ക് ആ ഗുണം വളരെ കുറവായിരുന്നു. പാശ്ചാത്യരാജ്യങ്ങളിലൊക്കെയും ഇതിഹാസം, ആഖ്യാനം മുതലായ കഥാവിശേഷങ്ങൾ വളരെ ഔത്സുക്യത്തോടെ ശേഖരിച്ചു വരുന്നു. പക്ഷേ, നമ്മുടെ സാഹിത്യത്തിൽ അതിനുള്ള സ്ഥലം വളരെ പരിമിതമാകുന്നു. നമ്മുടെ സാഹിത്യത്തിലും ചില ചില ഘട്ടങ്ങളിൽ ഇതിഹാസം മുതലായവയുടെ സമ്പർക്കം തീരെ ഇല്ലെന്നു പറവതല്ല. എങ്കിലും, അതില്ലാ സാഹിത്യകാരന്മാർക്ക് അതിനിവശമുള്ളതെന്നേ ഉള്ളൂ. വർണ്ണനാതിശയം, തത്ത്വവിചാരം, അവാന്തരപ്രസംഗം, മുതലായവ എടുത്തിട്ടുള്ള സാഹിത്യത്തിലെ കഥാഭാഗങ്ങളെ അലങ്കോലപ്പെടുത്തിയാൽകൂടി നമുക്ക ധൈര്യഭ്രംശം വരുന്നില്ല; നമ്മുടെ ധൈര്യം പ്രശാന്തമായ സമുദ്രമെന്നപോലെ, അതിന്റെ അതിരിനെ അതിക്രമിക്കുന്നില്ല.

ശ്രീമത്ഭഗവൽഗീത വളരെ മാഹാത്മ്യമേറിയ ഒന്നാണെന്നു ആരാണ് സമ്മതിക്കാത്തത്. എന്നാൽ, കുരുക്ഷേത്രത്തിലെ തുമുലയുദ്ധസമയത്ത്, ദീർഘമായ ആ ഗീതാശാസ്ത്രം മുഴുവൻ ശ്രദ്ധയോടുകൂടി കേട്ടു ധരിക്കുവാൻ ഭാരതഖണ്ഡത്തിലുള്ളവർക്കല്ലാതെ ആർക്കെങ്കിലും ശക്തിയുണ്ടോ? രാമായണത്തിൽ കിഷ്കിന്ധാകാണ്ഡവും സുന്ദരകാണ്ഡവും മറ്റുള്ളവർക്കൾ സൗരഭ്യമേറിയവയത്രെ; എന്നാൽ, സീതാഹരണത്തിന്മേൽ ഹിമാലയത്തിനൊക്കുന്നപോലെ രണ്ടു കാണ്ഡങ്ങളെക്കൊണ്ടു സ്ഥാനഹിതമായ കഥാഭാഗത്തെ സഹിപ്പാനുള്ള ശക്തി ഭാരതീയർക്കേ ഉള്ളൂ. അവർ നിശ്ചലമെന്നോ ചിന്തിച്ചും, എടുത്തിട്ടുള്ള ചില ചോദ്യങ്ങൾ ചോദിച്ചും, അങ്ങുമിങ്ങും നോക്കിയും ഇരുന്നുകൊണ്ട്, സുദീർഘങ്ങളായ ഏഴ് കാണ്ഡങ്ങളിലും പതിനെട്ടു പർവ്വങ്ങളിലും സാവധാനത്തിൽ സഞ്ചരിക്കുന്നു; അതുകൊണ്ടവർക്ക് ഒരു ക്ഷീണതയും നേരിടുന്നില്ല.

കഥാശ്രവണത്തിലുള്ള ആഗ്രഹത്തിന്റെ വ്യത്യാസംകൊണ്ട്, കഥകളുടെ സ്വഭാവവും മാറിമാറി വരുന്നു. രാമായണത്തിൽ വ്യസനത്താലും ആനന്ദത്താലും പരിപൂർണ്ണമായ ആറു കാണ്ഡങ്ങളിലെ ആ കഥതന്നെ, ഒടുവിൽ ഒരേ ഒരു കാണ്ഡംകൊണ്ടു ഛിന്നഭിന്നമായിപ്പോയിട്ടുള്ള സ്വർഗ്ഗമായ ഒരു വ്യാപാരമാണോ? യുദ്ധകാണ്ഡം കഴിയുന്നവരെ മനസ്സിരുത്തി നോക്കിയാൽ നാമറിയുന്നതെന്താകുന്നു? സീതാദേവിയുടെ പരമൈശ്വര്യവും അധാർമ്മികനും ദുഷ്ടനുമായ രാവണനെക്കൊന്നു രാമൻ സീതയെ രക്ഷിച്ചു എന്നുമാത്രമാണ്. ഈ ഘട്ടത്തിലെത്തിയപ്പോൾ നമ്മുടെ വ്യസനമെല്ലാം തീർന്നു നാം പരമാനന്ദമനുഭവിക്കുവാൻ തയ്യാറായിക്കഴിഞ്ഞു. പക്ഷേ, അടുത്ത നിമിഷത്തിൽത്തന്നെ കവിയുടെ മനോഭാവം മാറി, അദ്ദേഹം നമുക്കു കാട്ടിത്തന്നതെന്താകുന്നു? പാപിയായ രാവണ

ല്ലോ, ധർമ്മിഷ്ഠനായ രാമൻതന്നെയാണ് സീതാദേവിയുടെ പരമശത്രു എന്നല്ലയോ? ഹാ! അതിഘോരമായ അരണ്യത്തിൽകൂടി സീതയും ചക്രവർത്തി മഹാരാജാവായ തന്റെ പ്രിയഭർത്താവിന്റെ മണിമാളികയിലേയ്ക്കുവരെയുള്ള ക്ലേശത്തിനിടയായില്ല! കടൽനടുക്കവെച്ചു കഠിനമായ കൊടുങ്കാറ്റിൽപ്പെട്ട്, വിപുലങ്ങളായ തിരമാലകളോടു വളരെ നേരം പോരാടി, ഒരുവിധം കരയ്ക്കെത്തിയ ആ സപത്നമയമായ കപ്പൽ, നിമിഷത്തിനുള്ളിൽ കരയിലെ സോപാനശിലകളിൽ തട്ടിത്തകർന്നുപോകയല്ലേ ചെയ്തത്! കഥയെക്കുറിച്ചുകുറച്ചെങ്കിലും സ്നേഹമുള്ള ഒരാൾക്കു, ആകസ്മികമായ ഈ വ്യസനം സഹിപ്പാൻ കഴിയുമോ? വൈരാഗ്യശീലരായ നമ്മൾ മൂലകഥയിൽ പ്രാസംഗികമായും അല്ലാതെയും അനുഭവിച്ചു അനേകം വിഘ്നങ്ങളെ, ക്ഷമയോടെ പൊറുത്തിരുന്നുകൊണ്ടാണ്, കഥയുടെ ഈ വ്യസനപര്യവസാനത്തിൽ നമുക്ക ധൈര്യക്ഷയമുണ്ടാകാത്തത്:

ഇങ്ങിനെതന്നെയാണ് മഹാഭാരതത്തിലും കഥയുടെ സ്ഥിതി. കുരുക്ഷേത്രത്തിൽവെച്ചു കോലാഹലമായി നടത്തിയ കൗരവപാണ്ഡവയുദ്ധത്തിനു സ്വർഗ്ഗാരോഹണപർവ്വത്തോടുകൂടി സ്വർഗ്ഗപ്രാപ്തി സിദ്ധിച്ചു! കഥാപ്രിയന്മാർക്ക് കഥയുടെ അവസാനം കാണ്മാൻ ഉൽക്കണ്ഠയുണ്ടാവുന്ന ഘട്ടത്തിലല്ലാ കഥയുടെ പര്യവസാനം. പുഴമണലിലെ ക്രീഡാഗൃഹംപോലെ അസമയത്തുവെച്ചു തകർന്നിട്ടാണ് കഥ അവസാനിച്ചത്. മഹാഭാരതത്തിലെ കഥാഭാഗത്തെ പരിശീലിപ്പാൻ പുറപ്പെടുന്നവർക്ക് അർജ്ജുനന്റെ ശൌര്യത്തെക്കുറിച്ച് അമിതമായ ബഹുമാനം തോന്നുന്നു. അവരുടെ ഉള്ളിൽ മഹാഭാരതത്തിലെ ശ്ലോകങ്ങളെക്കൊണ്ട്, വ്യാസർ അർജ്ജുനന്റെ അത്യുന്നതമായ വിജയസ്തംഭത്തെ നിർമ്മിക്കുയാണോ ചെയ്യുന്നത് എന്നുതന്നെ സംശയം തോന്നിപ്പോകുന്നു. പക്ഷെ, കുരുക്ഷേത്രത്തിലെ യുദ്ധത്തിനുശേഷം, ഒരിക്കൽ പ്രാകൃതസ്ഥിതിയിലുള്ള ചില കള്ളന്മാർ അർജ്ജുനന്റെ മുമ്പിൽവെച്ചുതന്നെ ശ്രീകൃഷ്ണന്റെ പരിജനങ്ങളെ അപഹരിപ്പാൻ ശക്തരായിത്തീർന്നു. അവർ കരുണാസ്വരത്തിൽ തന്നെ വിളിച്ചു കരയുമ്പോഴും വില്ലാളിയായ ആ അർജ്ജുനന് തന്റെ ഗാണ്ഡീവംപൊക്കിപ്പാൻകൂടി സാധിച്ചതുമില്ല. അത്രശൂരനായ അർജ്ജുനനെ ഈ ചുരുങ്ങിയ നിലയിലാക്കുവാൻ വ്യാസർക്കു കുറച്ചു വരികൾ മാത്രമേ വേണ്ടിവന്നുള്ളു. ഗ്രന്ഥത്തിന്റെ മുമ്പുള്ള ഭാഗങ്ങളെ വായിക്കുന്നവരുടെ മനസ്സിൽ ഗ്രന്ഥകർത്താവ് മഹാവീരനായ അർജ്ജുനനു ഇങ്ങിനെയൊരു പരിണാമം വരുത്തുമെന്ന് ഒരുവിധത്തിലും സംശയമുണ്ടാവുന്നില്ല.

ഇങ്ങിനെ ഒട്ടുവളരെ കാലം കഴിഞ്ഞതിനുശേഷം, മദ്ധ്യകാലത്തിലാണ് കാളിദാസർ മുതലായ മഹാകവികളുടെ കാവ്യങ്ങൾ ഉണ്ടായത്. ഈ കാവ്യങ്ങളുണ്ടാവുന്നതിനുമുമ്പ് ഭാരതീയർ, മനസ്സിനെ വിനോദിപ്പിക്കുന്നതിന് ഏതെല്ലാ ഉപായങ്ങളാണ് ചെയ്തിരുന്നതെന്നു നമുക്ക് നിശ്ചയമില്ല. കാളിദാസരുടെ തേജോമയമായ ആ മണിദീപമാണ് ഒന്നാമതു നമുക്ക് പ്രത്യക്ഷീഭവിച്ചത്. ഇന്നും നമ്മുടെ ഗൃഹത്തിൽ ചൈതന്യമായ ആ ദീപംതന്നെ പ്രകാശിച്ചുകൊണ്ടിരിക്കുന്നു. പണ്ട്, ഉജ്ജയിനിനഗരിയിൽ നമ്മുടെ പിതാമഹന്മാരുടെ മാളികമുകളിൽ കത്തിയിരുന്ന ആ ദീപം ഇന്നും യാതൊരു മങ്ങലും കൂടാതെ വിളങ്ങി

കൊണ്ടിരിക്കുന്നു. കാവ്യനിർമ്മാണത്തിന്റെ പ്രയോജനം ആനന്ദമാണെന്നുള്ള സംഗതി ഒന്നാമതു കണ്ടുപിടിച്ചതുതന്നെ കാളിദാസനാണ്. ഇനി ആ ഉദ്ദേശ്യമായി മേഘസന്ദേശത്തെ എടുക്കുക. പ്രകൃതിയുടെ ഇത്ര പരിപൂർണ്ണമായ ഉദാഹരണം സംസ്കൃതത്തിലെ മറ്റൊരു കാവ്യത്തിലും ഇല്ലെന്നാണെനിക്കു തോന്നുന്നത്............

കാളിദാസന്റെ കുമാരസംഭവവും രഘുവംശവും പുരാണകഥയെ അടിസ്ഥാനപ്പെടുത്തിയ കാവ്യങ്ങൾ തന്നെ. പക്ഷേ, അവയും ഉണ്ടാക്കീട്ടുള്ളതു മനോവിനോദത്തിനായിട്ടു മാത്രമാണ്. അല്ലാതെ അതുകൾ വായിക്കുന്നവർക്ക് സ്വർഗ്ഗപ്രാപ്തിയുണ്ടാവുമെന്നുള്ള പ്രലോഭനം ഇല്ല. ഈ സംഗതിയിൽ ചിലർക്ക് അഭിപ്രായഭേദമുണ്ടായിരിക്കാമെങ്കിലും, ഋതുസംഹാരത്തെ സംബന്ധിച്ചു തർക്ക പക്ഷമുണ്ടാവാനിടയില്ല. അതിനും മോക്ഷസിദ്ധിയ്ക്കും തമ്മിൽ ഒരു സംബന്ധവുമുണ്ടെന്നു ആരും ഉപദേശിക്കയില്ല.

കുമാരസംഭവം തന്നെ പൌരാണികമാണെങ്കിലും, അതിൽ പുരാണകഥയെ അത്ര പ്രധാനമായി ഗണിച്ചിട്ടില്ല. അതിലെ കഥയ്ക്കുള്ള പൌരാണികബന്ധം വളരെ സൂക്ഷ്മവും ശിഥിലവും, കഥതന്നെ അസമാപ്തവുമാകുന്നു. ദേവന്മാർ, ദൈത്യന്മാരുടെ കയ്യിൽനിന്നു രക്ഷിക്കപ്പെട്ടുവോ ഇല്ലയോ എന്നന്വേഷിക്കുന്നതിൽ കവിക്കു തെല്ലുപോലും ഔത്സുക്യമുണ്ടായിട്ടില്ല. ആ സംഗതിയിൽ കവിയെ പ്രേരിപ്പിക്കുവാൻ കൂടി ഒരാളും ഉണ്ടായതായി കാണുന്നില്ല. അതു പോകട്ടെ; അതിനു ശേഷവും, വിക്രമാദിത്യന്റെ വാഴ്ചക്കാലത്തു ശകന്മാർ—ഹൂണന്മാർ മുതലായ മ്ലേച്ഛന്മാരെക്കൊണ്ടു രാജ്യഭാരത്തിനു വലിയ കഷ്ടനഷ്ടങ്ങൾ ഉണ്ടായിട്ടുണ്ട്. അന്നത്തെ കോലാഹലത്തിൽ നായകൻ വിക്രമാർക്കരാജാവായിരുന്നു. ഈ സന്ദർഭം പിടിച്ചിട്ടെങ്കിലും കാളിദാസൻ ദേവാസുരന്മാർ തമ്മിലുള്ള യുദ്ധവും സ്വർഗ്ഗത്തിന്റെ ജീർണ്ണോദ്ധാരണവും കല്പിച്ച് ഒരു കഥയെഴുതാമായിരുന്നു. അങ്ങിനെ ചെയ്തിരുന്നെങ്കിൽ, അതു അന്നത്തെ ജനങ്ങൾക്കു പ്രത്യേകിച്ചും ഉൽക്കണ്ഠയുള്ള ഒരു വിഷയമാകുമായിരുന്നു. പക്ഷേ, അങ്ങിനെയുള്ള ഒരു സാദൃശ്യം ആർക്കും ഉണ്ടായില്ല. എല്ലാ സഹൃദയന്മാർക്കും ദേവന്മാരുടെ ആപത്തിൽ ഉദാസീനതയാണുണ്ടായത്. കാമദഹനം, രതിവിലാപം, ഉമാതപസ്സ് മുതലായ ഒരു വൃത്തത്തിലും, കവിയെ ദേവകാര്യത്തിനു പ്രേരിപ്പിക്കുവാൻ ആർക്കും ഉത്സാഹമുണ്ടായില്ല. ആഖ്യാനഭാഗത്തെ വിട്ടു വർണ്ണനാവിഷയത്തിലാണ് എല്ലാ ജനങ്ങളും കവിയെ പ്രേരിപ്പിച്ചത് എന്നു തോന്നുന്നു. ഇതുപോലെ തന്നെ, രഘുവംശത്തിലും കഥാഭാഗം, വർണ്ണനയെ അപേക്ഷിച്ച് അപ്രധാനമാകുന്നു.

കാളിദാസകാലത്തെ രാജാക്കന്മാർ കഥാശ്രവണതൽപരന്മാരായിരുന്നെങ്കിൽ കാളിദാസന്റെ കൃതികളിൽനിന്ന് അക്കാലത്തെ ചില ചിത്രങ്ങൾ നമുക്കു കിട്ടുമായിരുന്നു. അവന്തിയിൽവെച്ചു, വത്സരാജ്യത്തിൽ ഉദയനരാജാവിന്റെ കഥ പറയുവാൻ സമർത്ഥന്മാരായ ഗ്രാമവൃദ്ധന്മാർ, അഭ്യാഗതന്മാരായ അതിഥികളെ രസിപ്പിക്കുവാനായി പറഞ്ഞിരുന്ന കഥകൾ ഇപ്പോളെവിടെ? ആ ഗ്രാമവൃദ്ധന്മാർ വാസ്തവത്തിൽ ഗ്രാമ്യഭാഷയിൽ തന്നെയായിരിക്കണം കഥ പറഞ്ഞിരുന്നത്. അവർ

ആ ഭാഷയിൽ കെട്ടിയുണ്ടാക്കിയ കാവ്യങ്ങൾ വളരെ ആനന്ദകരവുമായിരുന്നിരിക്കാം. പക്ഷേ, ആ കഥകളുടെ എടവാടുകൊണ്ട് അവക്ക് സാർവ്വപ്രാപ്തി ഉണ്ടായില്ല. അവർ കവിതാശക്തി കുറവായിരുന്നവരെന്നോ, അതുകൊണ്ടാണവരുടെ കാവ്യത്തിനു പ്രസിദ്ധി കിട്ടാത്തതെന്നോ പറവാൻ ഞാൻ തയ്യാറില്ല. അവരിലും പല മഹാകവികൾ ഉണ്ടായിരുന്നിരിക്കാം. ഗ്രാമഭാഷകൾ ഓരോരോ ദിക്കുകളിലേയ്ക്കു പ്രത്യേകം ഉപകരിക്കുന്നവയും ആഭിജാത്യമുള്ളവരാൽ പുറന്തള്ളി നിരുത്തപ്പെട്ടവയും ആയതുകൊണ്ട് അവയ്ക്കു പലപ്പോഴും പല മാറ്റങ്ങളും വന്നിട്ടുണ്ട്. അവയ്ക്കു സ്ഥിരമായ പ്രതിഷ്ഠ ഒരു കാലത്തും കിട്ടുകയുണ്ടായിട്ടില്ല. സാഹിത്യനഗരങ്ങൾ, അനിബദ്ധങ്ങളായ അനേകം കാലാന്തരത്തിൽ ഭൂമിയുടെ ഉള്ളിൽ പെട്ടുപോയിട്ടുണ്ടായിരിക്കണം!

സംസ്കൃതഭാഷ ഒരു കാലത്തും വ്യവഹാരഭാഷയായിരുന്നില്ല. അതുകൊണ്ട്, ആ ഭാഷയിൽ എല്ലാ ഹൃദയഭാവങ്ങളെയും സമ്പൂർണ്ണമായി വരുത്തുവാൻ പ്രയാസമായിരുന്നു. ഇംഗ്ലീഷുകാരുടെ അലങ്കാരത്തിൽ പ്രസിദ്ധമായ 'ലൈറിക്സ്' (Lyrics=ഗീതകവിത) മൃതഭാഷകളിൽ ഉണ്ടാവാൻ വഴിയില്ല. കാളിദാസന്റെ വിക്രമോർവ്വശീയത്തിൽ കാണുന്ന ഗാഥകളിൽ, സംഗീതയോഗ്യമായ ലാഘവമോ സരളതയോ മാധുര്യമോ ഇല്ല. ബംഗാളിയായ ജയദേവൻ സംസ്കൃതഭാഷയിൽ എഴുതീട്ടുള്ള ഗാഥകളും, ബംഗാളത്തെ വൈഷ്ണവകവികളുടെ ബംഗാളിഗാഥകളോടു കിടനില്ക്കുന്നില്ല.

മൃതഭാഷകളിലും ദേശാന്തരഭാഷകളിലും കഥാഗ്രന്ഥങ്ങൾ ഉണ്ടാവുന്നതു ചുരുക്കമാണ്. കാരണം കഥകൾക്കുള്ള ഭാഷകളിൽ ഒരു മാതിരി ലഘുതയും ദ്രുതഗതിയും അത്യാവശ്യമാവുക തന്നെ. ഒരു ഭാഷയ്ക്കു മനോഭാവത്തെ വഹിപ്പാൻ വയ്യായ്കയാൽ ഭാവത്തെപ്പോലെ ഭാഷയെയും മനസ്സു തന്നെ വഹിക്കേണ്ടതായി വരുന്നതുകൊണ്ടു ആ ഭാഷയിൽ ഗാഥകളോ കഥകളോ ഉണ്ടാവുന്നതു ദുർഘടമാണ്.

കാളിദാസന്റെ കാവ്യം, പ്രവാഹരീതിയിൽ, നിയമേന എല്ലാടവും പ്രവഹിക്കുന്നില്ല. അതിലെ ഓരോ ശ്ലോകവും, സ്വതഃ അതാതിൽതന്നെ സമ്പൂർണ്ണമാകുന്നു. വായനക്കാരുടെ ബുദ്ധി ഓരോ ശ്ലോകത്തിലും വിരമിച്ച്, അതിലെ സംഗതികൾ അറിഞ്ഞതിനുശേഷമേ അടുത്ത ശ്ലോകത്തിൽ പ്രവേശിക്കുന്നുള്ളൂ. ഓരോ ശ്ലോകവും മുത്തുമണിപോലെ ദീപ്തവും, മുഴുവൻ കാവ്യം മുക്താഹാരംപോലെ മനോഹരവും ആകുന്നു.

സംസ്കൃതഭാഷയിൽ ശബ്ദങ്ങൾക്ക് അന്യാദൃശമായ വൈചിത്ര്യവും, ധ്വനിക്ക് അസാധാരണമായ ഗാംഭീര്യവും, വാക്യങ്ങൾക്ക് അനന്യസാധാരണമായ ആകർഷണശക്തിയും, സ്വരത്തിന് ആഹ്ലാദകമായ സ്നിഗ്ധതയും ഉണ്ട്. സംസ്കൃതവാഗ്ദേവതയ്ക്ക്; വാക്സാമർത്ഥ്യംകൊണ്ടു തന്നെ വിദ്വാന്മാരെ ഭ്രമിപ്പിച്ചുകളയാമെന്നുള്ള ധൈര്യം കവികളിൽ ജനിപ്പിക്കുന്നതായ ഒരു ദിവ്യമായ മാധുര്യവും ഉണ്ട്. അതുകൊണ്ടു വാക്യത്തിനു സംക്ഷേപവും വിഷയത്തിനു ദ്രുതഗതിയും ആവശ്യമായി വരുന്ന ദിക്കിൽകൂടി ഭാഷയ്ക്കു ധാടികൂടാതെ കഴിപ്പാൻ നിവൃത്തിയില്ലാതെ വരും. അങ്ങിനെയുള്ള ഘട്ടങ്ങളിൽ, വാക്യം വിഷയത്തെ വെളിവാക്കാതെയും വിഷയത്തെക്കാൾ വാക്യത്തിനു കനംകൂടിയും വരും.

മയിൽപ്പീലികൊണ്ടുണ്ടാക്കിയ ആലവട്ടം വീശിയാൽ കാററുകിട്ടുവാൻ പ്രയാസമാണെങ്കിലും, അതിനു വ്യജനവ്യാജേന രാജസഭയിൽ പ്രവേശം ലഭിക്കയും സഭയ്ക്ക് അതുകൊണ്ടു ശോഭാധിക്യമുണ്ടാകയും ചെയ്യുന്നു. അതുപോലെ തന്നെ സംസ്കൃതകാവ്യങ്ങളിലും ഘടനാരീതി ദുർഘടമാണെങ്കിലും, അതിലുള്ള വാഗ്വൈചിത്ര്യം, ഉപമാകൌശലം, വസ്തുനാമനൈപുണ്യം എന്നിവയാൽ രാജസഭയ്ക്ക് സംസ്കൃതകാവ്യങ്ങളെക്കൊണ്ട് അപരിമിതമായ ചമൽക്കാരമുണ്ടാകുന്നു.

കെ. വി. എം.

കേരളവും ദേശനാമങ്ങളും*

(കെ. പി. പത്മനാഭമേനോൻ ബി. എ. ബി. എൽ.)

വടക്ക ഗോകൎണ്ണം, തെക്ക കന്യാകുമാരി, കിഴക്ക പശ്ചിമഘട്ടം, (അഥവാ സഹ്യൻപൎവ്വതനിര) പടിഞ്ഞാറു സമുദ്രം, ഈ നാലതിൎക്കകത്തു വീതികുറഞ്ഞു നീളത്തിൽ സ്ഥിതിചെയ്യുന്ന ഭൂമിക്ക പരശുരാമക്ഷേത്രം, ഭാൎഗ്ഗവക്ഷേത്രം, കൎമ്മഭൂമി, കേരളം, മലബാർ, മലയാളം എന്നിങ്ങിനെ പേർ പറഞ്ഞുവരുന്നു.

ഇവയിൽ ആദ്യത്തെ രണ്ടു പേരുകൾ പരശുരാമബ്രഹ്മൎഷിയാൽ ഈ ഭൂമി സമുദ്രത്തിൽനിന്നു വീണ്ടെടുക്കപ്പെട്ടു എന്നുള്ള ഐതിഹ്യത്തെ സൂചിപ്പിക്കുന്നു. ഈ ഐതിഹ്യം ജനങ്ങളുടെ മനസ്സിൽ വേരൂന്നി അടിയുറച്ചുകിടക്കുന്ന സ്ഥിതിക്ക് അതിനെ അത്ര എളുപ്പത്തിൽ ഇളക്കിക്കളയുവാൻ സാധിക്കുന്നതല്ല. മഹാവിഷ്ണുവിന്റെ അവതാരമായ ശ്രീപരശുരാമൻ പശ്ചിമഘട്ടത്തിന്റെ അടിവാരത്തു നിന്നു സമുദ്രത്തോടു വാങ്ങിനില്ക്കുവാൻ കല്പിച്ചു. ഒരു വിധം ധിക്കാരമെന്നു വിചാരിക്കാവുന്ന ഈ ആജ്ഞയെ സമുദ്രരാജൻ ആദരിച്ചില്ലെന്നു കണ്ടപ്പോൾ മഹൎഷി ക്രുദ്ധനായി ‘ഒരു ക്ഷണനേരംകൊണ്ട് എന്റെ അസ്ത്രപ്രയോഗത്താൽ ഈ സമുദ്രത്തിൽ ഒരു തുള്ളി ജലംപോലുമില്ലാതെ വററിച്ചുകളയും’ എന്നു ഘോഷിച്ചു.

ഈ ശാസനയുടെ ഫലമായി സമുദ്രരാജൻ ആവശ്യപ്പെട്ടേടത്തോളം ദൂരത്തേക്ക മാറിനില്ക്കുകയും അതിന്നിടക്കുള്ള ഭൂമി ക്രുദ്ധനായ മഹൎഷിക്ക കൊടുക്കുകയും ചെയ്തു. ഇങ്ങിനെയാണ് ഭൃഗുവംശജാതനായ പരശുരാമനാൽ ‘പരശുരാമക്ഷേത്രം’ അല്ലെങ്കിൽ ‘ഭാൎഗ്ഗവക്ഷേത്രം’ എന്ന ഭൂമി സമുദ്രത്തിൽനിന്നു വീണ്ടെടുക്കപ്പെട്ടത്.

ഈ അത്ഭുതകൃത്യത്തെ നടത്തിയ സമ്പ്രദായത്തെപ്പററി കഥയുടെ പല പാഠഭേദങ്ങളിൽ പല പ്രകാരത്തിലും പറഞ്ഞുകാണുന്നു. മൂവ്വേഴുവട്ടം ‘മുടിക്ഷത്രിയരെ’ മുടിച്ചതിന്റെ ശേഷം തന്റെ കഠിനപ്രവൃത്തിയെപ്പററി പരിതാപപ്പെട്ട വീരഹത്യാ

*ഇതു [illegible] 1902 സെപ്തമ്പർ മാസത്തെ Indian Antiquary യിൽ പ്രസിദ്ധപ്പെടുത്തീട്ടുള്ളതായ ഒരു ഇംഗ്ലീഷിന്റെ Discursive Notes on Malabar and its place- names തർജ്ജമയാണ്.

പാപനിവൃത്തിക്കായി താനാൽ പിടിച്ചടക്കപ്പെട്ട ഭൂമി മുഴുവനും ബ്രാഹ്മണർക്കായി ദാനം ചെയ്തു എന്നും ആ മഹാബ്രാഹ്മണർ ഉടൻതന്നെ പരശുരാമമഹർഷിയോടു തങ്ങളുടെ ഭൂമി വിട്ടു പുറത്തുപോകേണ്ടതാണെന്നു ആവശ്യപ്പെട്ടു എന്നും ഈ ദുർഘടാവസ്ഥയിൽ മഹർഷി തന്റെ ദേവതാബലത്തെ പ്രകാശിപ്പിച്ചു 'ഗോകർണ്ണം പുക്ക കന്മലയിലിരുന്ന' സഹ്യപർവ്വതത്തിന്റെ അടിവാരത്തിൽ ഗോകർണ്ണം മുതൽ താൻ തെക്കോട്ട് എറിയുന്ന തന്റെ ആയുധമായ വെണ്മഴു ചെന്നു വീഴുന്നേടംവരെ സമുദ്രം പിൻവാങ്ങിനില്ക്കുവാനായി സമുദ്രരാജാവിനോടാജ്ഞാപിച്ചു എന്നും വരുണൻ അപ്രകാരം ചെയ്തു എന്നും ഒരു പാഠം പറയുന്നു. (1)

ഈ ഐതിഹ്യത്തെ തീരെ നിസ്സാരമെന്നു പുച്ഛിച്ചു തള്ളിക്കളഞ്ഞുകൂടാ. അതിൽ വാസ്തവമായ ഒരു സാരം അടങ്ങികിടക്കുന്നുണ്ട്. ഉള്ളിൽ അമർന്നുകിടക്കുന്ന രത്നത്തിന്റെ ശോഭയെ മങ്ങിക്കുവാൻ തക്കവിധം ഒരു ചളിപുരണ്ടുകിടക്കുന്നുണ്ടെന്നുള്ളതിനു സംശയമില്ല. വാസ്തവത്തിൽ അനേകം നൂറ്റാണ്ടുകൾക്കു മുമ്പ് ഈ കരയിൽ ഭൂമിയുടെ അന്തർഭാഗത്ത് സമുദ്രത്തിൽ ജ്വലിച്ചുകൊണ്ടിരിക്കുന്ന ബഡവാനലന്റെ ശക്തിയാൽ ഭൂമിയുടെ ആകൃതിക്കും പ്രകൃതിക്കും വന്നുകൂടിയ യഥാർത്ഥസ്ഥിതിഭേദങ്ങളെ കവികൾ കവിതാചാതുര്യത്തിന്നാവണ്ണം അർത്ഥവാദമായി കഥാരൂപത്തിൽ ഇങ്ങിനെ പ്രതിപാദിച്ചിട്ടുള്ളതാണെന്നാണ് വിചാരിക്കുന്നത്. മലയാളക്കരയിലെ താഴ്ന്ന പ്രദേശങ്ങൾ ഭൂമിയുടെ അന്തർഭാഗത്തുള്ള ശക്തിയാൽ കടൽനിരപ്പിന്റെ ചുവട്ടിൽനിന്ന് ഉയർത്തപ്പെട്ടതാണെന്നു വെളിവാണ്. അടുത്ത കാലത്തുകൂടി പ്രകൃതിയുടെ ശക്തികൊണ്ട് ഉദ്ധാരണം ചെയ്യപ്പെട്ട പല വിസ്തീർണ്ണപ്രദേശങ്ങളും കാണുന്നുണ്ട്. കൊച്ചിനഗരത്തിന്റെ വടക്കുഭാഗത്തു സ്ഥിതി ചെയ്യുന്ന ഉദ്ദേശം 13 നാഴിക നീളവും ഒരു നാഴിക വീതിയുമുള്ള വയ്പ്പ് എന്ന ഇടത്ത് അധികകാലത്തിനുമുമ്പല്ല കടൽവെപ്പുണ്ടായിട്ടുള്ളത്. ഇതിങ്കൽ ഈ ദ്വീപിനെ നൂതനമായി വെപ്പുണ്ടായതെന്നുള്ള അർത്ഥത്തിൽ 'പുതുവയ്പ്പ്' എന്ന പേർ വിളിച്ചുവരുന്നു. ആ ദിക്കുകാർ വയ്പ്പുണ്ടായതായ ക്രി. അ. 1341-ാമാണ്ടു മുതൽ ഒരു പുതിയ കാലത്തെ ഗണിച്ചുപോരുന്നുണ്ട്. അതിനു മുമ്പ് കൊച്ചിനഗരത്തിന്റെ ആ ഭാഗത്തുകൂടി ഒരു ചെറിയ പുഴ ഒഴുകിയിരുന്നതിന്റെ കടലിലേക്കുള്ള വായ ഇരലാം വീതി കുറഞ്ഞതായിരുന്നതിനാൽ വർഷകാലത്ത് പശ്ചിമഘട്ടങ്ങളിൽനിന്ന് ഊക്കോടെ ഒഴുകിവരുന്ന ജലപ്രവാഹത്തിനു കടലിലേക്കു ഒഴിയുവാനുള്ള മാർഗ്ഗം പ്രസിദ്ധപ്പെട്ട കൊടുങ്ങല്ലൂർ അഴിമുഖത്തുകൂടിയായിരുന്നു. എന്നാൽ ക്രി. അ. 1341-ാമാണ്ടിൽ അസാധാരണമായ ഒരു ജലപ്രവാഹം ഉണ്ടാകയാൽ പശ്ചിമഘട്ടങ്ങളിൽനിന്നു തിക്കിത്തിരക്കി തിങ്ങിവിങ്ങി ഒഴുകിവ

1. സ്കന്ദപുരാണം സഹ്യാദ്രിഖണ്ഡം ഉത്തരാർദ്ധം 1-ം, 6-ം, 7-ം അദ്ധ്യായങ്ങൾ. ബ്രഹ്മാണ്ഡപുരാണം, കേരളമാഹാത്മ്യം, 7 വരെ അദ്ധ്യായങ്ങൾ. കേരളോല്പത്തി (മംഗലാപുരത്തു അച്ചടിച്ചത്.) 1-ാം ഭാഗം.

ഒരു പഴയ കേരളോല്പത്തിയിൽ ഇങ്ങിനെ പറഞ്ഞുകാണുന്നു:—

"സമുദ്രം ഒരു കാതത്തു ക്രമേണ ഉൾനോട്ടുള്ള ഉഴക്കവിട്ടു പരിശ്രമമൊട്ടു മറിയപ്പെട്ട സമുദ്രരാജനായ വരുണൻ താനെ താൻ പൊരുളു (സമം നീക്കിയപ്പോൾ അവിടെ കാണപ്പെട്ടത്)."

പ്രാചീനമലയാളം 1-ാം പുസ്തകം 78-ാം ഭാഗം.

ന്ന ജലസമൂഹത്തിന്റെ ഉയർന്ന ഗതിയെ തടുപ്പാൻ ശക്തിയില്ലാതെ കൊച്ചിക്കു നേരെയുള്ള കര പൊട്ടിത്തുറന്നു ജലം സമുദ്രത്തിലേക്കു കഴിയുകയാൽ അതുവരെ കെട്ടുള്ളതായി കിടന്നിരുന്ന നദീമുഖം വിസ്തീർണ്ണപ്പെട്ടു കൊച്ചി ഇന്ത്യയിലുള്ള പ്രധാന തുറമുഖങ്ങളിൽ സുപ്രസിദ്ധമായ ഒന്നായിത്തീർന്നു. ഈ സംഭവത്തിന്റെ സ്വഭാവം കടൽക്കരക്കടുത്തുള്ള താഴ്ന്ന പ്രദേശത്തു കടൽമണലും കക്കയും കൂടി കലർന്നുള്ള ചളിയും പലപ്രകാരത്തിലുള്ള മണ്ണും വെളിപ്പെടുത്തുന്നുണ്ട്. ബ്രിട്ടീഷ് കൊച്ചിയിൽ കുറച്ചു മുമ്പു കാരണജലം എടുക്കുവാനായി ഒരു കിണർ താഴ്ത്തിയ സമയം അടിയിൽനിന്നു കിട്ടിയ മണ്ണിന്റെ പ്രകൃതം നോക്കിയാൽ കൊച്ചിപട്ടണം ഇരിക്കുന്ന ഭാഗം ഭൂമി; അധികകാലത്തിനുമുമ്പ് കടലിന്റെ അടിയിൽ താണുകിടന്നിരുന്നു എന്നുള്ളതു വെളിവാകുന്നതാണ്.

മുമ്പു സമുദ്രം പശ്ചിമഘട്ടത്തിന്റെ താഴ്വരയോളം എത്തിയിരുന്നതായി നാട്ടുകാർ അക്കാലത്തു വിശ്വസിച്ചുവന്നു, എന്ന് പാദർ ബർത്തൊലൊമ്യൊ (Fra Barolomes) എന്ന പാദ്രി പറയുന്നു. ഇതു പ്രകൃത ഐതിഹ്യത്തെ ഉദ്ദേശിച്ചു പറയുന്നതായിരിക്കാം. ഈ ഐതിഹ്യത്തിനു യാതൊരടിസ്ഥാനവുമില്ലെന്നാണ് അദ്ദേഹത്തിന്റെ അഭിപ്രായം. എന്നാൽ ഈ രാജ്യത്തു കാണുന്ന ചില സമനിരപ്പുള്ള പ്രദേശങ്ങൾ കടൽത്തിരകളുടേയും മഴവെള്ളപ്രവാഹത്തിന്റെയും തിരക്കിൽനിന്നുണ്ടായതാണെന്ന് അദ്ദേഹം സമ്മതിക്കുന്നുമുണ്ട്. അദ്ദേഹം ഇങ്ങിനെ പറയുന്നു. "ഇവിടെ ജലപ്രവാഹങ്ങൾ വരുത്തിക്കൂട്ടുന്ന നാശം അനവസ്ഥിതമാണ്. പിതാമഹന്മാർ അധിവസിച്ചുവന്നിരുന്ന സ്ഥലം ഇന്നതാണെന്നു സൂക്ഷ്മത്തോടെ ചൂണ്ടിക്കാണിക്കുവാൻ പൌത്രന്മാരാൽ ഒരിക്കലും സാധിക്കുന്നതല്ല. എന്തുകൊണ്ടെന്നാൽ ആ പ്രദേശത്തിന്റെ സ്വഭാവം ആസകലം മാറിപ്പോയിരിക്കുന്നു." (2). ക്രിസ്ത്വബ്ദത്തിന്റെ ആദ്യത്തിൽ ചങ്ങനാശ്ശേരി മുതൽ പള്ളിപ്പുറംവരെ ഉദ്ദേശം 40 നാഴികയോളം വഴിയുള്ള കായലുകളുടെ കിഴക്കേക്കരവരെ സമുദ്രം വ്യാപിച്ചിരുന്നു എന്നും സമുദ്രത്തിരം ആ കരയോടു ചേർന്നിരുന്നു എന്നും വിചാരിക്കുവാൻ ന്യായമായ സംഗതികളുണ്ട്. കായലുകളുടെ പടിഞ്ഞാറേക്കരെ ഇപ്പോൾ കാണുന്നതും ആലപ്പുഴ കൊച്ചി എന്നീ ഐശ്വര്യസമൃദ്ധിയുള്ള തുറമുഖങ്ങൾ സ്ഥിതിചെയ്യുന്നതുമായ വീതി കുറഞ്ഞ നിലത്തിൽ കിടക്കുന്ന കരപ്പുറമെന്ന ഭൂമി അക്കാലത്ത് ഉണ്ടായിരുന്നോ എന്നുള്ളതു തന്നെ വളരെ സംശയമാണ്. സമുദ്രക്കരയുടെ ഇപ്പോഴത്തെ കിടപ്പുകൊണ്ട് ആ പ്രദേശത്തു കൊടുങ്ങല്ലൂർക്കും കൊല്ലത്തിനും മദ്ധ്യേ സ്ഥിതി ചെയ്തിരുന്നതായി ടാളമി (Ptolemy) പറയുന്ന പട്ടണങ്ങളുടെ ഇപ്പോഴത്തെ സ്ഥാനം അറിവാൻ തരമില്ല. എന്നാൽ അവയിൽ പൊടോപ്പെരൂറ (Podoperoura) സെമ്നെ, (Semne) കൊരൗര (Korthora) എന്ന സ്ഥലങ്ങൾ ഇപ്പോഴത്തെ ഉദയംപേരൂര്, (പോർത്തുഗീസുകാരുടെ ഡയാമ്പർ) ചെമ്പു, കോതാട് എന്ന പ്രദേശങ്ങളായിരിക്കണം. (3)

തിരുവിതാംകൂറിൽ ആലപ്പുഴ സമുദ്രക്കരയിലുള്ള 'മൺതിട്ട'യെ (Mud Bank) പ്പറ്റി ആ രാജ്യത്തു കമർഷ്യൽ ഏജന്റ്

2. *A voyage to the East Indies*, p. 128
3. *The Madras Review*, vol. I. p. 324.

(കച്ചവടവകുപ്പിലെ പ്രധാനി) ആയിരുന്ന മിസ്റ്റർ റോഡ്സായ്പ് (Mr. Rhode) എഴുതിട്ടുള്ള ഒരു റിപ്പോർട്ടിൽ അദ്ദേഹം ഇപ്രകാരം പറയുന്നു. "ഭിക്ഷ ഭൂകമ്പം ഇല്ലാത്തതിനാൽ എത്രനാള കാലത്തു സംഭവിച്ചു എന്നു പറവാൻ എന്നാൽ സാധിക്കുന്നില്ല; എന്നാൽ ഇത്രത്തോളം തിട്ടമായി പറയാം. വടക്കെ കോഴിക്കോട്ടു മുതൽ കൊല്ലത്തുനിന്നു കാച്ചു തെക്കുവരെ ഒരു കാലത്തു സമുദ്രക്കര കടൽനിരപ്പിൽനിന്നു പൊങ്ങിയിരുന്നു. പിന്നെ കുറെ ഏറെ കാലം കഴിഞ്ഞിട്ട് അവിടം മുഴുവൻ കടൽ കയറി മുങ്ങിപ്പോയി. പിന്നെ ഭൂമിയുടെ അടിയിലുള്ള അഗ്നിയുടെ ശക്തിയാൽ പൊങ്ങിവന്നു എങ്കിലും ഏതാനും ഭാഗം വീണ്ടും കടൽ കയറി മുങ്ങിപ്പോയി. വർക്കല തുരവു പണി നടക്കുന്ന കാലത്ത് തുരവിനുള്ളിൽ മരങ്ങളും ആഴമുള്ള ജലത്തിന്റെ അടിയിൽ വസിച്ചുവരുന്നതായി അറിയുന്ന മത്സ്യങ്ങളുടെ ചാടുകളും കണ്ടുകിട്ടിയതുകൊണ്ടാണ് ഞാൻ ഇങ്ങിനെ പറയുന്നത്. മുപ്പതു കൊല്ലങ്ങൾക്കു മുമ്പുവരെ ഒരു കോട്ടയുടെ നഷ്ടശിഷ്ടങ്ങൾ പുറക്കാട്ടുകടലിന്റെ അടിയിൽ കാണുമാറുണ്ടായിരുന്നു. കോഴിക്കോട്ടും വള്ളിലും മാറിച്ച എടുപ്പുകളുടെ നഷ്ടശിഷ്ടങ്ങൾ കടലിന്റെ അടിയിൽ കാണാവുന്നതാണ്."(4)

ഡാക്ടർ ഡേ. (Dr. Day) ഇങ്ങിനെ പറയുന്നു. "പശ്ചിമസമുദ്രക്കരയിൽ കടലിന്റെ ആക്രമണം ഒരു പതിവായി തീർന്നിരിക്കുന്നു എന്നുള്ളത് ഒരു അതിശയസംഗതിയാണ്. പുരാതനകാലംമുതൽക്കെ സുപ്രസിദ്ധമായ ഐതിഹ്യവും ഭൂഗർഭശാസ്ത്രപ്രകാരം ആ പ്രദേശത്തെ പരിശോധിക്കുമ്പോൾ കാണുന്ന ഭൂപ്രകൃതങ്ങളും പണ്ടു സമുദ്രം പശ്ചിമഘട്ടങ്ങളുടെ അടിവരെ വ്യാപിച്ചിരുന്നു എന്നു പ്രത്യക്ഷപ്പെടുത്തുന്നു. മലയാളമൊട്ടും യഥാർത്ഥമായി സമുദ്രത്തിൽനിന്ന് ഉയർപ്പിക്കപ്പെട്ടതാണ്." ക്രി. അ. 1525-മാണ്ടിൽ ഹെർമാൻ ലോപ്പസ്. ഡി. കാസ്റ്റൻഹേഡ് (Herman Lopez de Casten Heda) എന്നാൾ എഴുതിവെച്ചിട്ടുള്ള ഒരു കയ്യെഴുത്തുവിവരണത്തിൽ 2800 കൊല്ലങ്ങൾക്ക് അല്പം മുമ്പുവരെ സമുദ്രം പശ്ചിമഘട്ടത്തിന്റെ അടിയോളം എത്തിയിരുന്നതായി എഴുതികാണുന്നു എന്നുകൂടി ഡാക്ടർ ഡേ. പറയുന്നുണ്ട്. (5)

സമുദ്രം മുമ്പു കായലുകളുടെ കിഴക്കെ കരവരെ വ്യാപിച്ചിരുന്നു എന്നുള്ളത് ആ പ്രദേശത്തുള്ള ചില ദേശനാമങ്ങളുടെ അർത്ഥംകൊണ്ടു പ്രത്യക്ഷപ്പെടുന്നതാണ്. കൊച്ചിയിൽനിന്നും ഉദ്ദേശം 8 നാഴിക വടക്ക് കായലിന്റെ കിഴക്കെ കരയിൽ 'കടക്കര' എന്ന ഒരു പ്രദേശമുണ്ട്. ഇത് കടൽ+കരൈ-കടക്കര എന്നാണെന്നു പറയേണ്ടതില്ലല്ലൊ. അവിടെ നിന്നും അല്പം തെക്കുമാറി ഒട്ടത്താണ് 'എഴിക്കര' ഇത് 'ആഴിക്കര' എന്നായിരിക്കണമെന്നു സംശയമില്ല. ഉ

4 Para 231 of the *Report on the Administration of Travancore* for 1881, 82. (W. Logan).

5 Vol. XXII. *Madras. Journal of Literature and science.* N. S. 6. P P. 260. and 264—1861; *Narakkal or Cochin MudBank*, by Francis Day, Civil Surgeon,Cochin; the *Mud Bank at Narakkal near Cochin its composition as exhibited by the Microscope*, by Lieutenant of Mitchell.

ച്ചാരണഭേദംകൊണ്ട് എഴിക്കരയായി തീൎന്നതാണ്. 'ആഴിക്കര' എന്നാൽ 'കടൽകര' ആണല്ലൊ. അവിടന്ന അല്പം തെക്കുമാറിയാൽ 'കടമക്കുടി'യായി ഇത കടൽ+മുക്കുവ+കുടി അല്ലെങ്കിൽ കടൽ+മക്കൾ+കുടി=കടമക്കുടി. മുക്കുവരുടെ അല്ലെങ്കിൽ മത്സ്യപ്പിടുത്തക്കാരുടെ വസതി എന്നൎത്ഥം. [ചെറുമരെ ചെറുമക്കൾ എന്ന വിളിച്ചുവരുന്നതുപോലെ മുക്കുവരെ കടൽമക്കൾ എന്ന വിളിച്ചുവന്നിരിക്കാം] * ക്രിസ്തുവിന്ന മുമ്പ് 4-ാം നൂറ്റാണ്ടിൽ മെഗാസ്തനിസിന്റെ (Megasthenes) കാലത്ത് സമുദ്രതീരം കായലിന്റെ കിഴക്കെക്കരയായിരുന്ന എന്നുള്ളതു നിശ്ചയമാണ്. അവിടെ 'ഓഫീറ്' എന്ന ഒരു സ്ഥലമുണ്ടെന്ന അദ്ദേഹം പറയുന്നത് കൊച്ചിയിൽനിന്ന് അല്പം കിഴക്ക് ഉൾപ്രദേശത്തു കായൽവക്കത്ത് സ്ഥിതിചെയ്യുന്നതും പെരുമ്പടപ്പു രാജധാനിയിരിക്കുന്നതുമായ 'ഉപ്പുണിത്തുറ' എന്ന സ്ഥലമാണെന്ന മിസ്റ്റർ രമേശചന്ദ്രദത്തൻ അഭിപ്രായപ്പെടുന്നു. (6)

('വള്ള'-'വള്ളം'-'വെച്ചൂർ'-'വള്ളര' എന്ന ദേശനാമങ്ങളുടെ പദാൎത്ഥത്തെ ചിന്തിക്കുക. കായലിന്റെ പടിഞ്ഞാറെക്കരയിലുള്ള ദേശനാമങ്ങളും സമുദ്രത്തിന്റെ പുരാതനകിടപ്പിനെ വിശദപ്പെടുത്തുന്നുണ്ട്. 'ചേറ്റുവായമണപ്പുറം'. 'വള്ള്'-'വള്ളു(ളു)ത്തൂർ'-'കരപ്പുറം' എന്നിതിന്നുള്ള പേരുകളും നോക്കുക.)

(തുടരും)

* [ ] ഈ അടയാളത്തിനുള്ളിൽ കാണുന്നതു ലേഖകൻ എഴുതിയതല്ല; വിശേഷാൽ ചേൎത്തിട്ടുള്ളതാണ്.

6) Dutt's *Ancient India*, Vol. II, P.30

സാഹിത്യശകലങ്ങൾ.

I

അവിമൃഷ്ടകസ്യ.

ആരെന്തൊക്കെ പറഞ്ഞാലും സരസ്വതീപ്രസാദം ഒരു സാരമായിട്ടുള്ള ഒന്നാണ്. ചില യോഗ്യന്മാർ നാലു വേദവും ആറു ശാസ്ത്രവും പതിനെട്ടു പുരാണവും കുത്തിപ്പിഴിഞ്ഞു സാരമെടുത്തു ധാരമുറിയാതെ വൎഷിച്ചുകൊണ്ട് പ്രസംഗിക്കയോ എഴുതുകയോ ചെയ്യുന്നുണ്ട്. അതു കേൾക്കുകയോ വായിക്കുകയോ ചെയ്യുന്നവൎക്ക് ഒടുവിൽ രസാസ്വാദം മതിയായില്ലെന്ന പലപ്പോഴും തോന്നാറുണ്ട്. നേരെമറിച്ച്, ഒരു പഠിപ്പും ബുദ്ധിയും ആലോചനയുമില്ലാത്ത ചിലർ "വായിൽ തോന്നിയതു കോതയ്ക്കു പാട്ട്" എന്ന മട്ടിൽ തട്ടിവിടുന്നത് എത്ര കേട്ടാലും എത്ര തവണ വായിച്ചാലും മതിയായില്ലെന്ന തോന്നുന്നു. ഇവരുടെ പ്രയോഗങ്ങളെടുത്തുനോക്കിയാൽ വയ്യാകരണന്മാർ അക്ഷരച്യുതി പിഴയുണ്ടെന്നും, താൎക്കികന്മാർ വാചകംതോറും അസംബന്ധമുണ്ടെന്നും ആലങ്കാരികന്മാർ യാതൊരു ചമൽക്കാരവുമില്ലെന്നും പറഞ്ഞേക്കാം. പക്ഷെ വായനക്കാരുടെ മനസ്സ് അഗാധമായ ആനന്ദരസത്തിൽ മുങ്ങുന്നതല്ലാതെ പൊങ്ങുന്നതല്ല. ഇതിന 'സരസ്വതീപ്രസാദ'മെന്നല്ലാതെ മറ്റെന്തുപേരാണ്

പാരയേണ്ടതെന്ന് എനിക്കറിഞ്ഞുകൂടാ.

ചിങ്ങമാസത്തിലെ നേന്ത്രക്കായും ചേനയും പിണ്ടിയുമവരാം പച്ചമത്തനും പഴുക്കപ്പയറും കുരുവെട്ടാത്ത വെള്ളരിയും വില്ലാർവട്ടത്തിനാത്തയും പച്ചമുളകും അപ്പോൾതന്നെ തോട്ടത്തിൽനിന്നു പറിച്ചുകൊണ്ടുവന്നു എരിശ്ശേരി, എരുമ്പുളി, കാളൻ, അവീൽ, സാമ്പാറ്, കിഴങ്ങുപിരട്ടി ഇവയൊക്കെ വെച്ചുണ്ടാക്കീട്ട് ഒന്നു വായിൽ വെയ്ക്കാൻ കൊള്ളരുതാതെ ആക്കിത്തീർക്കുന്ന വെപ്പുകാരെത്രയുണ്ട്? വാടിയ ഉണ്ണിപ്പിണ്ടിയും പഴുത്ത ചേമ്പിൻതാളും "തോട്ടം അറുവാൻകാലത്ത് പിച്ചർകലച്ചു" മാണിക്കായും മുള്ളൻചീരയും തകരയും തപ്പിപ്പറിച്ച് അതിന്റെ ഉപ്പിട്ടുപുഴുങ്ങി തേങ്ങയും വെളിച്ചെണ്ണയും തൊട്ടുതെറിപ്പിച്ച് കപ്പിച്ചു മാറിയാലും അതു കൊണ്ടുവന്നു വിളമ്പിയാൽ കൂട്ടുന്നവർ പോരാ പോരാ എന്നു തോന്നത്തക്കവണ്ണം സ്വാദു പുറപ്പെടുവിക്കുന്ന അടുക്കളക്കാരെത്രയുണ്ട്? ഇവർ തമ്മിലുള്ള ഈ ഭേദത്തിനു കൈപ്പുണ്യമെന്നുള്ള പേര് നല്ല ഭാഷയായില്ലെന്നുണ്ടോ?

വിജയത്തിൽ ശേഖരൻ കെട്ടാൻ രാമപ്പണിക്കർ തന്നെ കേമൻ. വെള്ളക്കാട്ടിൽ കുഞ്ഞൻമേനോന്റെ ബാലി കണ്ടിട്ടുള്ളവർക്കറിയാം അതിന്റെ വിശേഷം. കീചകൻ കാണണമെങ്കിൽ ഇനി വിചാരിപ്പകാരന് ഉണ്ടാകണമെന്നു ജനിക്കണം. കാലകേയവധത്തിലർജ്ജുനന് ശങ്കരമേനോനൊന്നു മെച്ചം വേറെയുണ്ട്. അതൊക്കെ ശരിതന്നെ. കിർമ്മീരവധത്തിൽ ധർമ്മപുത്രരുടെ കാര്യത്തിൽ ഇട്ടിരാരിച്ചമേനോൻ തന്നെ മേലെ. അങ്ങിനെയെല്ലാം നോക്കേണ്ടത്. ഇവർക്കൊക്കെ ഓരോരുത്തർക്ക് ഓരോന്നിലെ വിശേഷമുള്ളു. ഒരു വേഷക്കാരനായാൽ എല്ലാ വേഷവും കെട്ടാറായിരിക്കണം. അങ്ങിനെ നോക്കിയാൽ കേശവക്കുറുപ്പിനോട ഇവരാരും നേരാകുമ. നളചരിതത്തിൽ വേർപാടു കഴിഞ്ഞു നളൻ ഇടപ്പെടാത്തനെ കാട്ടാളൻ കെട്ടി വന്നിട്ട് ആട്ടം കഴിഞ്ഞു വേഷം അഴിച്ചിട്ടു! ആളെ അറിഞ്ഞിട്ടുള്ളു. മഹിഷാനന്തിന്റെ മുമ്പിലത്തെ കൊല്ലം ഒരു മണ്ണാത്തിയും ഒരു ലളിതയും കണ്ടതിനും മറന്നിട്ടില്ല. അമ്പത്താറു വയസ്സു കഴിഞ്ഞ ഒരാൾക്കിത്ര കേതപ്രസാദം മുഖത്തുണ്ടാകുമോ? ശൈത്യഗുണം അതിനൊപ്പാനിവിടെയാരു വേഷക്കാരനുണ്ടായിട്ടില്ല. ഒരു ദിവസം നട്ടാപ്പകലുച്ചനേരത്ത് കുടല്ലൂർ കുഞ്ഞിക്കാവുനമ്പൂരിപ്പാട്ടിലേയും വെണ്മണി മഹൻനമ്പൂരിപ്പാട്ടിലേയും ശാസ്ത്രം നിമിത്തം ഉടുത്ത മുണ്ടു തറച്ചു കുത്തി ഒരു മുണ്ടുകൊണ്ട് അരയും മുറുക്കി താനായിരുന്നൊരു കൈലാസോദ്ധരണം ചൊല്ലിയാടിയപ്പോൾ, തൽക്കാലസ്വരൂപമല്ലാതെ മറ്റൊന്നും കണ്ടിട്ടില്ലാത്ത പച്ചപ്പരദേശിയായ ശോകാപോചാര്യ് തല്ലോട്ടിത്തെ കൈലാസവും നോക്കിക്കൊണ്ടു മിഴിച്ചിരുന്നുപോയത് കണ്ടു ചിരിച്ച ആളുകളിന്നുമുണ്ട്. ഇങ്ങിനെ ഏതു വേഷവും കെട്ടി തന്മയത്വം വരുത്തി കാട്ടുക്കാരനെ രസിപ്പിക്കുന്നതിനു "ശേഷ്രി"യെന്നതിനൊക്കാൾ നന്നായിട്ടൊരു പേരു കൊടുക്കാൻ നോക്കിയാൽ "വേഷപ്പകർച്ച"യെന്നു തോന്നും.

'തലയുംമുഖവുംവിശേഷ, മല്ലുംവലയും കണ്ണിന്നു, പല്ലുമുല്ലമൊട്ടു, നാഭിചമ്പകമായ ഒന്നപോലെ, മന്നം നടകണ്ടനിന്നാകം' എന്നൊക്കെ വർണ്ണിച്ചിട്ടുള്ള അംഗമംഗി

യോടുകൂടി 'തങ്കക്കോപ്പിലിറങ്ങിമുങ്ങിവരുന്ന്' താമ്പംഗിമാരിൽ പലരും കാണുന്നവർക്ക് ഒരുകപ്പാടെ കണ്ണിൽ പിടിച്ചില്ലെന്നു തോന്നുന്നതു ദുർല്ലഭമല്ലല്ലൊ. എന്നാൽ കാലത്തെ കുളിച്ചു തലമുടി പകുത്ത് പിന്നോക്കം കെട്ടിയിട്ട് ഭഗവൽപ്രസാദവും ചൂടി 'ഈറൻമുണ്ടുമുടുത്ത് ഇളംകുളിർ കചവും മൂടി' ഒരു വെള്ളച്ചുരട്ടും താലിയും ധരിച്ചു ഗോപുരമിറങ്ങിപ്പോകുന്ന ചില നാടൻ പെങ്കിടാങ്ങളെ കണ്ടാൽ കാണികൾക്ക് അതാണ് കണ്ണിന്റെ പുണ്യോദയമെന്നു തോന്നാറുണ്ടെന്നു ഞാൻ പറയണോ? ഈ അകൃത്രിമമായ കാന്തിപ്രവാഹത്തിന്, അല്ലെങ്കിൽ സൌന്ദര്യവിലാസത്തിന്, അഥവാ നിരോട്ടത്തിന്ന്, 'ലാവണ്യം' എന്നു പറയുന്നതിന്നു പകരം 'അഴക്' എന്നു പറഞ്ഞാൽ 'അയ്യയ്യോ!'—എന്നാകുമോ?

ആദ്ധ്യവും വാരവും വാരടയും ഒക്കെ നല്ല കണക്ക്; ഇഷ്ടീശ്ചാവും ഉണ്ണിവിസ്താരവും മറ്റും ശരിയാക്കീട്ടുണ്ട്; ഒറപ്പും വെടിപ്പും നല്ലവണ്ണം കരുതീട്ടുണ്ട്; തേക്കും വീട്ടിയും പിലാവുമല്ലാതെ ഒരു ചീളുപോലും വെച്ചിട്ടില്ല; വീരാശാരിപ്പണിക്കാരും മക്കളും പണിപ്പുരയിൽ പാഞ്ഞാണ് പണിതത്; കടുക്കയും തൊറോമ്പലും കഷായം വെച്ച വെള്ളമല്ലാതെ കുമ്മായത്തിൽ പച്ചവെള്ളം ഒരു തുള്ളി തൊടീച്ചിട്ടില്ല— തിരുവള്ളക്കാവിലെ കല്ലല്ലാതെ കരു കഷണമില്ല. പണി മുഴുവൻ കഴിഞ്ഞിട്ട് കാണിപ്പയ്യൂർ നമ്പൂരിപ്പാട്ടിന്ന് എഴുന്നള്ളി സകലവും അളന്നുനോക്കീട്ട് ഒരു തോരയുടെ വ്യത്യാസം ഒരു ദിക്കിലും കണ്ടിട്ടില്ല. എന്നു ഇട്ടിക്കോരമേനോൻ പറയും. എന്നാൽ കാണുന്നോരൊക്കെ— 'പുരപ്പണി കേമമായി. ഇനി നാലു പുരുഷാന്തരത്തേയ്ക്കു ഭയമില്ല. കല്ലും മരവും ഇരിമ്പും എത്രാമം വലിച്ചുകേറ്റിട്ടുണ്ടോ? പണമുണ്ടായാലെന്താ പ്രയാസം?' പറഞ്ഞ കാര്യമെല്ലാം ശരിതന്നെ. ആ കിഴക്കുള്ള പഞ്ഞിപ്പുണിക്കാരുടെ പുരയോളം ഭംഗിയായില്ല. അതു ശരിയാണ്; ആ പുര ഇൻകല്ലും മണ്ണുമാണ്; മേൽപുര മിക്കതും മുളയും തന്നെ; എങ്കിലും ഒരുകപ്പാടെ ഉള്ളും പുറവും തളവും മുറിയും കോലായയും എല്ലാംകൂടി അതിനൊന്നു യോജിപ്പും ഭംഗിയും വേറെ തന്നെയാണ്. ഈ അഭിപ്രായം എനിക്കും തോന്നി. ഇതിനെ പണിതവരെക്കൊണ്ടൊക്കെ ഒരു 'കൂറടക്കം' വന്നാലേ അതിനൊന്നു ജീവൻ വീഴുള്ളൂ'— എന്നും പറയും. ഇതു ഇട്ടിക്കോരമേനോനെക്കാൾ പഞ്ഞിപ്പുണിക്കരുടെ പേരിൽ ജനങ്ങൾക്കുള്ള കൂറടക്കമാണെന്നാരെങ്കിലും അനുമാനിച്ചേക്കുമോ?

ഇനി 'കണ്ണുരസം' 'കൈവക്കത്ത്'. 'മുഖഭാഗ്യം' തൊണ്ടശ്രീ? 'ഏകാന്തം' മുതലായ നാടോടിപ്പേരുകൾ അനേകമുണ്ട്. അവയെല്ലാമൊക്കെ ഇതുപോലെ ഓരോ വിവരണം കൊടുക്കുന്നത് ആവശ്യമെങ്കിലും അസാദ്ധ്യമെന്നു വിചാരിച്ച് ഇവിടെ നിറുത്തുന്നു.

ഇത്രയും എഴുതിയപ്പോഴേയ്ക്ക് എന്റെ ബുദ്ധിയൊന്നു മാറി. ഞാനൊരു ഭാഷാപണ്ഡിതനാണെന്നെനിക്കു തോന്നിയതോടുകൂടി മലയാളഭാഷാനിഘണ്ടുവുണ്ടാക്കുന്ന കാര്യത്തിൽ അഭിപ്രായം പറയാതെ കലാശിപ്പിച്ചാൽ നമ്മുടെ പണ്ഡിതസ്ഥാനത്തിന്നു പോരല്ലൊ, എന്നായി

പദാനത്തെ വിചാരം. അതിലും നല്ലൊരഭിപ്രായം തോന്നാതിരുന്നില്ല. അതു പറഞ്ഞു.

ഇന്നേവരെ മലയാളഭാഷയിലുണ്ടായിട്ടുള്ള സകല പുസ്തകങ്ങളും ശേഖരിച്ച് അവയിൽ പ്രയോഗിച്ചിട്ടുള്ള സകല പദങ്ങളും സംഗ്രഹിച്ചു തരം തിരിച്ച് അവക്കെല്ലാമൊക്കെ ശരിയായ അർത്ഥം കൊടുക്കുക. നാടോടിഭാഷയിൽനിന്നു സമ്പാദിക്കാവുന്ന ശബ്ദങ്ങളൊക്കെ സമുച്ചയിച്ച് അവയ്ക്കും തത്തദ്ദേശപ്രസിദ്ധമായ അർത്ഥങ്ങൾ ചേർപ്പെടുത്തുക. പിന്നെ അതെല്ലാംകൂടി ഒന്നാക്കി അച്ചടിക്കുക. എന്നാൽ നല്ല നിഘണ്ടുവായി—പോരെങ്കിൽ പതിരാണു കൂടുമ്പോൾ ഇതിനെ ഒരോന്ന പൊളിച്ചെഴുതുകയും കൂടി ചെയ്യേണ്ടുക. എന്നാൽ യഥാർത്ഥമായി അതല്ലാതെ ഇപ്പോഴും തന്നെ സർവ്വസമ്പൂർണ്ണലക്ഷണമാക്കിത്തീർക്കണമെന്നു വിചാരിക്കുന്നവരുണ്ടെങ്കിൽ അവരെല്ലാവരുംകൂടി ഒരു ഹർജി കൊടുത്തു പ്രപഞ്ചവ്യാപാരത്തെ ഇവിടെ നിറുത്തിവെപ്പിച്ചു ശിവനും വിഷ്ണുവും പ്രസിഡണ്ടുമാരും ബ്രഹ്മാവു ചീഫ് സിക്രട്ടറിയും, സരസ്വതിയും ഗണപതിയും അഡിഷ്യനൽ സിക്രട്ടറിമാരും കല്പകവൃക്ഷം, കാമധേനു, ചിന്താമണി മുതലായവർ ധനസഹായകന്മാരും, വൈശ്രവണൻ ഖജാൻജിയും ആയിട്ടൊരു കമ്മിററി ഏർപ്പെടുത്തി. കാര്യത്തിൽ പ്രവേശിക്കട്ടെ. ശുഭം. തെററാണെന്നാരോടും പറയാൻ പോണ്ട.

ആധുനികമലയാളഭാഷ*

II

മലയാളഭാഷയുടെ അഭിവൃദ്ധിയെ തടയുന്നതിൽ പ്രധാനമായിട്ടുള്ളത്, അഭിവൃദ്ധിവരുത്തുവാൻ അവകാശപ്പെട്ടവരുടെ സ്വാർത്ഥപരത, അല്ലെങ്കിൽ ഉദാസീനത ഈരണ്ടിലൊന്നോ, രണ്ടുംകൂടിയോ തന്നെയാണ് * * * നാം ഭാഷ പഠിക്കേണ്ടതിനുപകരം, ഭാഷ നിർമ്മിക്കാൻ തുടങ്ങിയാൽ അതു നല്ല ഭാഷയായി വരികയില്ല * * *

വാളെടുത്തവരെല്ലാം വെളിച്ചപ്പാടെന്ന ന്യായമനുസരിച്ചു, ഗ്രന്ഥകർത്താക്കന്മാരെപ്പററിയാണ് പറവാനുള്ളത്. ഇവർ വഴിക്കു ഭാഷക്കു വന്നുചേർന്നിട്ടുള്ള ന്യൂനതകൾ ഇന്നിന്നതെല്ലാമാണെന്നോ ഇന്നിന്ന തരത്തിൽ പെട്ടതാണെന്നോ പറയുന്നതല്ല. സംസ്കൃതപദങ്ങളിൽ ഭാഷക്കു യോജിക്കുന്നതും യോജിക്കാത്തതും ഏതെല്ലാമെന്നൊന്നും നോക്കാതെ ഒരു ഇംഗ്ലീഷ് സംസ്കൃതനിഘണ്ടുവിന്റെ സഹായത്തോടുകൂടി ഇംഗ്ലീഷിൽ വാക്യം വിചാരിച്ചു സംസ്കൃതത്തിൽ മലയാളീകരിച്ചാൽ എന്തെല്ലാം ദോഷങ്ങൾ വരുമോ അതെല്ലാം ഭാഷക്കു കിട്ടിട്ടുണ്ടെന്നു ചുരുക്കത്തിൽ പറയാം. * *

സാഹിത്യസമാജം.

ഭാഷകൊണ്ടു കൈകാര്യം ചെയ്യാൻ മലയാളികൾക്കെല്ലാം ഒരുപോലെ അവകാശമുള്ളതുകൊണ്ട് അതിന്റെ കേടുതീർത്തു നന്നാക്കുന്നതിനുള്ള ചുമതലയും അവർക്കെല്ലാം പ്രത്യേകം തന്നെയുണ്ടെങ്കിലും ഒത്തൊരുമിച്ചു പലരുംകൂടി പണിയെടുത്താലല്ലാതെ, ഒന്നോ രണ്ടോ ആളും മാത്രം ശ്രമിച്ചതുകൊണ്ടു കാര്യം സാധിപ്പാൻ കഴിയുന്നതല്ല. മലയാളത്തിലെ ജനങ്ങളെല്ലാംകൂടി ഈ ജോലിക്കു ഇറങ്ങിത്തിരിക്കുമെന്നുള്ളതു സംഭവിക്കാവുന്നതുമല്ല. അതിലേക്ക് ഒരു പ്രത്യേകസംഘം വഴിയായി

* മിസ്റ്റർ കൃഷ്ണവാരിയർ ഇതിനിടെ പ്രസിദ്ധപ്പെടുത്തിയ ഭാഷാവിമർശനത്തിൽനിന്ന.

ട്ടേ പ്രസ്തുതകാര്യം വേണ്ടതുപോലെ നിറവേറുവാൻ നിവൃത്തി കാണുന്നുള്ളു. എന്നുമാത്രമല്ല ആ വഴിയ്ക്കു ശ്രമിയ്ക്കുന്നതാണ് ഉത്തമമെന്നുള്ളതിന്നു ചില ദൃഷ്ടാന്തങ്ങളും ഇപ്പോൾ നമുക്കു സിദ്ധിച്ചിട്ടുണ്ട്. വിദേശഭാഷകളുടെ കയ്യേററം നിമിത്തം തമിൾ തിലുങ്കു മുതലായ സോദരഭാഷകളും മലയാളം പോലെയോ അതിലധികമോ ദുഷിച്ചുകൊണ്ടാണ് ഇപ്പോൾ ഇരിയ്ക്കുന്നത്. ആ വക ദോഷങ്ങളെ പരിഹരിയ്ക്കുന്നതിന്നും ഭാഷാപോഷണത്തിന്നുമായി ഓരോ സംഘം ഏർപ്പെടുത്തി ആ വഴിയ്ക്കാണ് തമിൾഭാഷക്കാരും തിലുങ്കുഭാഷക്കാരും ഇപ്പോൾ ശ്രമിച്ചുവരുന്നതു. * * * * ഭാഷാസംസ്കരണത്തിന്നായി ഏർപ്പെടുത്തുന്ന ഈ മാതിരി സംഘത്തിൽ അഭിജ്ഞന്മാരെപ്പോലെ തന്നെ ഉത്സാഹപൂർണ്ണം തികഞ്ഞിട്ടുള്ള ചിലരും പ്രധാനാംഗങ്ങളായുണ്ടായിരിയ്ക്കണം. എന്നാൽ മാത്രമെ ആ സംഘം നിലനിന്നു വേണ്ടകാര്യം വേണ്ടതുപോലെ നടത്തുവാൻ മതിയാകയുള്ളു.

* * * * *

ആകപ്പാടെ ആലോചിച്ചുനോക്കിയതിൽ കൊച്ചി 1-ാംകൂർ രാമവർമ്മ അപ്പൻതമ്പുരാൻ തിരുമനസ്സിലെ അദ്ധ്യക്ഷതയിൻകീഴിൽ ഈയിടെ ഏർപ്പെടുത്തിട്ടുള്ള 'സാഹിത്യസമാജം' വഴിയ്ക്കുതന്നെ പ്രസ്തുതകാര്യം നിർവ്വഹിയ്ക്കുന്നതു എല്ലാ വിധത്തിലും നന്നായിരിയ്ക്കുമെന്നാണ് തോന്നുന്നത്. മലയാളികൾക്കെല്ലാം പൊതുവായി ഉപയോഗപ്പെടുന്ന ഈ ഭാഷാരാജ്യകാര്യം നിർവ്വഹിയ്ക്കുന്നതിന്നു മദ്ധ്യമലയാളമായ കൊച്ചി തന്നെ തലസ്ഥാനമാക്കുന്നതാണല്ലോ യുക്തം. മററു ഭാഷകളുടെ സംസർഗ്ഗംകൊണ്ടുള്ള ദൂഷ്യം കുറയുന്നതു നിമിത്തം ഭാഷാശുദ്ധി പരിരക്ഷിയ്ക്കുന്നതിന്നുള്ള സൌകര്യവും മദ്ധ്യമലയാളികൾക്കാണല്ലോ അധികം ഉണ്ടാവുന്നതു്. തെക്കും വടക്കുമുള്ള മലയാളികളോടുകൂടി ആലോചിച്ചു ഭാഷയെപ്പററിയേടത്തോളം തള്ളേണ്ടതും കൊള്ളേണ്ടതും നോക്കി മദ്ധ്യസ്ഥനിലയിൽ മദ്ധ്യമലയാളികൾ തീർച്ചപ്പെടുത്തുന്നതു മററുള്ളവർ കൈക്കൊള്ളുന്നതായിരിയ്ക്കുമല്ലോ വല്ലതും.

മലയാളഭാഷയിലുള്ള പ്രസംഗം.

ഭാഷക്കു വന്നുകൂടീട്ടുള്ള ദോഷങ്ങൾ ഇങ്ങിനെയൊരു സംഘംവഴിയ്ക്കു പരിഹരിയ്ക്കാവുന്നതാണെങ്കിലും ഒരു സംഗതിയിൽ മലയാളികളെല്ലാം പ്രത്യേകംതന്നെ മനസ്സുവെയ്ക്കേണ്ടതുണ്ട്. സാധാരണയായി മലയാളഭാഷയിൽ പ്രസംഗിയ്ക്കുന്നതും ചിലപ്പോൾ സംസാരിയ്ക്കുന്നതുതന്നെയും വലിയ കുറവാണെന്നു ചില മാന്യന്മാർ ധരിച്ചിട്ടുള്ളതുപോലെ തോന്നുന്നു. 'ഇംഗ്ലീഷിലാണെങ്കിൽ പ്രസംഗിയ്ക്കാം. മലയാളത്തിൽതന്നെ വേണമെങ്കിൽ എനിയ്ക്കു കഴികയില്ല.' എന്നും മററും തുറന്നു പറവാൻപോലും ചിലർ മടിയ്ക്കുന്നില്ല. ഇങ്ങിനെയൊരു ധാരണനിമിത്തം നമ്മുടെ ഭാഷയ്ക്കു സിദ്ധിയ്ക്കാവുന്ന അനേകഗുണങ്ങൾ തീരെ ഇല്ലാതായിത്തീരുന്നു. ഭാഷയുടെ അഭിവൃദ്ധിമാർഗ്ഗങ്ങളിൽ ഏററവും പ്രധാനമായിട്ടുള്ളതാണ് സഭകളിലും മററുമുള്ള പ്രസംഗങ്ങളെന്നു പറയേണ്ടതില്ലല്ലോ. തമിൾരാജ്യത്തലും മററും പലവിധത്തിലുള്ള യോഗ്യതകളും തികഞ്ഞ മഹാന്മാർ സ്വദേശഭാഷയിൽ പ്രസംഗിയ്ക്കുന്നതു തങ്ങളുടെ കർത്തവ്യകർമ്മവും അഭിമാനഹേതുവുമായിട്ടാണ് ഇക്കാലത്തു 'കരുതിവരുന്നതു എന്തായാലും

സ്വഭാഷയിൽ സ്നേഹമുള്ള മലയാളികൾ മേലിലെങ്കിലും ആവക തൊഴിലൊക്കെ വേണ്ടെന്നുവെച്ച ശ്രമിക്കുന്നതായാൽ നമ്മുടെ ഭാഷയെപ്പറ്റിയേടത്തോളവും ഉൽകൃഷ്ടമായ ഒരു നിലതന്നെ നമുക്ക സിദ്ധിക്കുന്നതാണെന്നു മാത്രം പറഞ്ഞുകൊള്ളുന്നു.

എ. ആർ. രാജരാജവർമ്മ കോയിത്തമ്പുരാൻ
എം. എ.

———o———

ആധുനിക ഭാഷാകവിത.

III

——

ഗതാനുഗതികത്വമാണ് ഭാഷാകവിത്വത്തിൽ ഇപ്പോഴുള്ള ഒരു വലിയ ദോഷം. ചെറിയ കഥകൾ എടുത്തു ഖണ്ഡകാവ്യമായി എഴുതുന്ന സമ്പ്രദായം കൊള്ളാമായിരുന്നു. ആ മാതിരി കവിത ഇപ്പോൾ വേണ്ടതിലധികമായി എന്നാണ് എനിക്കു തോന്നുന്നത്. 'അതി സർവ്വത്ര വർജ്ജയേൽ' എന്നാണ് അഭിയുക്തവചനം...... പുരാണകഥകളെത്തന്നെ തിരിച്ചും മറിച്ചും, മറിച്ചും തിരിച്ചും ഇട്ടടിച്ചുകൊണ്ടിരിക്കുന്നതുകൊണ്ട് എന്തു പ്രയോജനമാണ്? കല്പനാശക്തി ആദ്യമായി പ്രവർത്തിക്കേണ്ടത് ഇതിവൃത്തവിഷയത്തിലാണ്.

ഉള്ളൂർ എസ്സ്. പരമേശ്വര അയ്യർ
എം. എ., ബി. എൽ.

——

സന്തക എന്ന മഹാന്റെ

ജീവചരിത്രവും, ഉപദേശങ്ങളും, മതവിശ്വാസവും.

——

സന്തക, നിഭോമിയ ജപ്പാൻ രാജ്യക്കാരനാണ്. അയാളുടെ ജന്മഭൂമി കായമുറ എന്ന ഒരു ഗ്രാമമാണ്. അയാളുടെ ജനനം ക്രിസ്ത്വബ്ദം 1787-ാമാണ്ടിലാണ്. ക്രിസ്ത്വബ്ദം 1857-ൽ അയാൾ ഇമൈച്ചി എന്ന ദിക്കിൽ വെച്ച മരിക്കുകയും ചെയ്തു. അയാൾ ഒരു നല്ല കുഡുംബത്തിൽ ജനിച്ചവനാണെങ്കിലും അയാളുടെ അപ്പന്റെ ധർമ്മിഷ്ഠതയും ഔദാര്യവും നിമിത്തം കുടുംബസ്വത്തെല്ലാം ക്രമത്തിൽ നശിച്ച കുടുംബക്കാർ നന്നെ കഷ്ടത്തിലകപ്പെട്ടു. സന്തകവിന്ന പതിനാലുവയസ്സായപ്പോൾ അപ്പന്ന കഠിനമായ ഒരു രോഗം ഉണ്ടാവുകയും ആ രോഗത്തിൽ അയാളുടെ അപ്പൻ മരിക്കുകയും ചെയ്തു. അപ്പന്റെ ചികിത്സക്കും മറ്റും വേണ്ടി വീട്ടുസാമാനങ്ങളെല്ലാം വില്ക്കേണ്ടിവന്നു. തന്റെ അമ്മയേയും തന്റെ അനുജന്മാരേയും രക്ഷിക്കേണ്ട ഭാരം സന്തകവിനായിത്തീർന്നു. അയാൾ ദിവസേന അതിരാവിലെ എഴുന്നീറ്റു ദൂരത്തുള്ള മല

യിൽ പോയി വിറക ശേഖരിച്ചുകൊണ്ടുവന്ന് അതു വിററു കിട്ടുന്ന പണംകൊണ്ടും വൈകുന്നേരത്തു വഴയ്ക്കൽ പിരിച്ചു കയറാക്കി അതുകൊണ്ടു ചെരുപ്പുകൾ ഉണ്ടാക്കി അതു വിററുകിട്ടുന്ന പണംകൊണ്ടും കുടുംബച്ചിലവുകൾ നടത്തിവന്നു. ആയാൾക്കു പതിനാറു വയസ്സായപ്പോൾ അമ്മയും ദീനത്തിലകപ്പെടുകയും പത്തു ദിവസത്തിനുള്ളിൽ ദീനം വൎദ്ധിച്ചു അമ്മ കാലഗതിയെ പ്രാപിക്കുകയും ചെയ്തു. അമ്മയുടെ മരണത്തിൽ സന്തകവിനു അളവററ വ്യസനം ഉണ്ടായി. മേലിൽ എങ്ങിനെയാണ് കഴിച്ചുകൂട്ടേണ്ടതു എന്നറിവാൻ കഴിയാതെ ആയാൾതന്റെ രണ്ടു സോദരന്മാരെ ആലിംഗനം ചെയ്തു വിലപിച്ചു. അവരുടെ ബന്ധുക്കൾ കുട്ടികളെ തന്നെ വിട്ടാൽ അവൎക്കു പട്ടിണി പിണയുമെന്ന ആലോചിച്ചു അവരെ സംരക്ഷിക്കേണമെന്നു തീർച്ചപ്പെടുത്തി. മാമ്പി എന്നു പേരായ ഒരു അടുത്ത ബന്ധു സന്തകവിനെ തന്റെ വീട്ടിൽ കൊണ്ടുപോയി താമസിപ്പിച്ചു. കവാക്ക്യനോ എന്നു പേരായ മറെറാരു ബന്ധു സന്തകവിന്റെ അനുജന്മാരെ തന്റെ വീട്ടിലും കൊണ്ടുപോയി താമസിപ്പിച്ചു.

ഇപ്രകാരം അനാഥനായ സന്തക പതിനാറുവയസ്സു മുതലും തന്റെ ബന്ധുവായ മാമ്പി ഒന്നിച്ചു താമസം തുടങ്ങി. മാമ്പി സാക്ഷാൽ നക്ഷത്രസ്സരന്റെ അവതാരമോ എന്നു ശങ്കിക്കത്തക്കവണ്ണം അത്രമാത്രം നിൎദ്ദയനും പിശുക്കനും ആയിരുന്നതിനാൽ സന്തകവിനു വളരെ ബുദ്ധിമുട്ടുകൾ അനുഭവിക്കേണ്ടിവന്നു. ഒരുദിവസം പകൽ മുഴുവനും തന്റെ രക്ഷിതാവിനു വേണ്ടി വേല ചെയ്തതിന്റെശേഷം രാത്രി കിടന്നുറങ്ങുന്നതിനു പകരം സന്തക ഒരു പുസ്തകമെടുത്തു വായിക്കുവാൻ തുടങ്ങി. മാമ്പി ഇതുകണ്ടു ക്രുദ്ധിച്ചു സന്തകവിനെ കഠിനമായി ശകാരിച്ചു. "നീ എന്താണ് ചെയ്യുന്നത്? നിന്നെ പോററി രക്ഷിക്കാൻ വേണ്ടിവരുന്ന ചിലവിനുപുറമെ നിന്റെ വായനയ്ക്കുവേണ്ടി നീ എനിക്ക് എണ്ണച്ചിലവുകൂടി ഉണ്ടാക്കുന്നു. നീ നന്ദിയില്ലാത്തവനാണ്. വീടും സ്വത്തും ഒന്നുമില്ലാതെ അന്യന്മാരുടെ ദയമാത്രം ആധാരമായിട്ടുള്ള നിനക്കു പഠിപ്പുകൊണ്ട് എന്തു പ്രയോജനമാണുള്ളത്? ഈ മാതിരി വഷളത്തം ഇനി മേലിൽ കാട്ടരുത്."

സന്തക കരഞ്ഞുംകൊണ്ടു തന്റെ കുറ്റം സമ്മതിച്ച് അമ്മാമനോടു മാപ്പു ചോദിച്ചു. ആയാൾ മേല്പെട്ടുനോക്കിക്കൊണ്ടു തന്റെ കഷ്ടാവസ്ഥയെപ്പററി ഇങ്ങിനെ വിലപിച്ചു. "ഞാൻ എത്രയും ഭാഗ്യഹീനനാണ്. എന്റെ അച്ഛനമ്മമാർ രണ്ടു പേരും മരിച്ചുപോയി. എന്റെ സ്വന്തപ്രയത്നംകൊണ്ട് ഉപജീവനം കഴിക്കത്തക്ക പ്രായം എനിക്കായിട്ടില്ല. "പരാന്നം പ്രാണസങ്കട"മാണെങ്കിലും അന്യന്മാരെ ആശ്രയിച്ചുതന്നെ കുറേകാലംകൂടി കഴിക്കേണ്ടതായും വന്നിരിക്കുന്നു. എന്നാൽ ഞാൻ എഴുതാനും വായിക്കാനും പഠിക്കാഞ്ഞാൽ എന്റെ ജീവാവസാനംവരെ ഞാൻ മൂഢനായിത്തന്നെ ഇരിക്കേണ്ടിവരുമല്ലൊ. അങ്ങിനെയായാൽ എന്റെ കുടുംബസ്വത്തു വീണ്ടെടുക്കാൻ എനിക്ക് അശേഷംകൂടി വഴിയില്ലാതാവുമല്ലൊ. അമ്മാമൻ ദേഷ്യപ്പെടാതിരിക്കാൻവേണ്ടി ഞാൻ എന്റെ സ്വന്തം ചിലവിന്മേൽതന്നെ പഠിക്കേണം" ഇപ്രകാരം നിശ്ചയിച്ച് ആയാ

ം പുഴവക്കിൽ ആരും കൃഷി ചെയ്യാതെ ഇട്ടിരുന്ന ഒരു തരിശു സ്ഥലം വെട്ടി നേരാക്കി അതിൽ കൃഷി തുടങ്ങി. അതിൽ നല്ല വിളവുണ്ടായി. സന്തോഷത്തോടുകൂടി അയാൾ അതു പട്ടണത്തിൽ കൊണ്ടുപോയി വിററു കുറെ എണ്ണ വാങ്ങി രാത്രിയിൽ വീണ്ടും പഠിപ്പാൻ തുടങ്ങി. മാമ്പിള്ള് ഇത് ഒട്ടും രസമായില്ല. "നിന്റെ സ്വന്തം പണം കൊടുത്തു വാങ്ങിയ എണ്ണ കത്തിച്ചു കഴിക്കുന്നതുകൊണ്ട് എനിക്കു നഷ്ടമൊന്നുമില്ലെന്നുള്ളതു ശരിതന്നെ. എന്നാൽ പഠിപ്പുകൊണ്ട് എന്തു പ്രയോജനമാണ്, നിനക്കുണ്ടാവാൻപോകുന്നത്? നിരർത്ഥകമായ പ്രവൃത്തികൾ ചെയ്യുന്നതിനുപകരം നീ രാത്രിയിൽ കയറുണ്ടാക്കി നിന്റെ ചിലവിനുള്ള വക ഉണ്ടാക്കിക്കൊള്ളണം" അന്നു രാത്രി മുതല്ക്കു സന്തക വയ്ക്കോൽകൊണ്ടു കയറുണ്ടാക്കി പായ ഉണ്ടാക്കിത്തുടങ്ങി. എന്നാൽ ആ വീട്ടുകാർ നല്ലവണ്ണം ഉറങ്ങി എന്നു കണ്ടാൽ അയാൾ അർദ്ധരാത്രിയിൽ ഗൂഢമായി വിളക്കു കൊളുത്തി വെളിച്ചം ആരും കാണാതിരിപ്പാൻവേണ്ടി തന്റെ കുപ്പായംകൊണ്ടു മറച്ചു നേരം വെളുക്കുന്നതുവരെ എഴുത്തും വായനയും ശീലിച്ചുപോന്നു. പകൽസമയത്തു സന്തക മലക്കുപോയി വിറക ശേഖരിക്കുകയോ അല്ലെങ്കിൽ വയലുകളിൽ പോയി പണി എടുക്കുകയോ ചെയ്തുവന്നു. എല്ലായ്പോഴും തന്റെ ശക്തിക്കു ഒത്തതിലധികം പ്രവൃത്തി അയാൾ എടുത്തിരുന്നു. പണി എടുത്തു കിട്ടിയ പണം അയാൾ ഗ്രാമാധികാരി വശം സൂക്ഷിപ്പാൻ കൊടുത്തു സമ്പാദ്യം താൻ ഉദ്ദേശിച്ച സംഖ്യയായാൽ അയാൾ അതു വാങ്ങി ആ ഊരിലെ ദനാഥകൾക്കും ദരിദ്രന്മാർക്കും പങ്കിട്ടുകൊടുക്കും. ആ പണം അയാൾ തന്റെ സ്വന്താവശ്യങ്ങൾക്കു ഒരിക്കലും ഉപയോഗിച്ചില്ല. ദുഃഖമിശ്രമായ തന്റെ ജീവിതത്തിൽ ഈ ധർമ്മംകൊണ്ടുള്ള ഒരു സുഖം മാത്രമേ അവനുണ്ടായിരുന്നുള്ളു.

ഒരു കൊല്ലം ആ ഗ്രാമത്തിനരികത്തുള്ള പുഴയിലെ പ്രവാഹംകൊണ്ടു കൃഷിക്കുപയോഗിച്ചിരുന്ന ഏരിയുടെ വരമ്പു പൊട്ടുകയും ഏരി മുഴുവനും കല്ലും മണ്ണും വന്നു നിറയുകയും ചെയ്തു. ഈ അവസരത്തെ സന്തക നല്ലവണ്ണം ഉപയോഗപ്പെടുത്തി. അയാൾ അദ്ധ്വാനിച്ചു പ്രയത്നിച്ചു തരിശായി കിടന്നിരുന്ന ഏരിയെ കഷിധം കൃഷി ചെയ്യത്തക്കതാക്കിത്തീർത്തു. മററുള്ള കൃഷിക്കാർ അവരുടെ നടീലിന്നു ഉപയോഗിക്കാതെ കളഞ്ഞിരുന്ന ഞാറുകൾ ശേഖരിച്ച് ഏരിയിൽ നട്ടു. അവസരം കിട്ടുമ്പോഴൊക്കെയും അയാൾ ഏരിയിൽ ചെന്നു പണി എടുത്തു. ഒടുക്കം ഏരിയിലെ വിളവു കൊയ്തപ്പോൾ അയാൾക്കു പത്തു പറ നെല്ലോളം കിട്ടി. 'കുറേശ്ശ കുറേശ്ശയായികിട്ടുന്നതു കളയാതെ സൂക്ഷിക്കുന്നതാണ് പണം സമ്പാദിക്കാനുള്ള വഴി പലതുള്ളി പെരുവെള്ളം എന്നുള്ള ചൊല്ലു വാസ്തവമാണ്. ഒരു കാലത്ത് എന്റെ പൂർവ്വന്മാരുടെ സ്വത്തു വീണ്ടെടുത്ത് അവരുടെ പ്രീതി സമ്പാദിപ്പാൻ എനിക്കു കഴിവുണ്ടാകുമെന്ന് ഇപ്പോൾ തീർച്ചയായി' എന്ന് അയാൾ സന്തോഷത്തോടും ആശയോടും കൂടി തന്നെത്താൻപറഞ്ഞു.

പത്തുപറ നെല്ലു കയ്യിലായപ്പോൾ അയാൾ പൂർവ്വാധികമായ ഉത്സാഹത്തോടുകൂടി പണി എടുക്കാൻ തുടങ്ങി വിളവു വ

ഡിപ്പിയ്ക്കാൻ അയാൾ ഓരോ പുതിയ ഉപായങ്ങൾ കണ്ടുപിടിച്ചു. കൊല്ലംതോറും അവന്റെ വിളവു കൂടിക്കൂടി വന്നു. തന്റെ അമ്മാമൻ മനസ്സില്ലാതെ ചെയ്തിരുന്ന സഹായം കൂടാതെതന്നെ അവന്നു് ഉപജീവനം കഴിയ്ക്കാൻ മാർഗ്ഗമുണ്ടായി. ഇത്ര വളരെ കാലം തന്നെ സംരക്ഷിച്ചതിന്നു അമ്മാമനോടു നന്ദിപറഞ്ഞു തന്റെ പൂർവ്വ സ്വത്തു വീണ്ടെടുപ്പാനായി സ്വന്തം ഗ്രാമത്തിലേയ്ക്കു പോവാൻ അനുവാദം കിട്ടണമെന്നു് അയാൾ അമ്മാമനോടു് അപേക്ഷിച്ചു. അമ്മാമൻ ആ അപേക്ഷ സന്തോഷപൂർവ്വം കയ്ക്കൊണ്ടു. വളരെക്കാലം ആരും താമസിയ്ക്കാതെ ഉപേക്ഷിച്ചിട്ടിരുന്ന ആ പഴയ വീട്ടിൽ പുല്ലുകൾ മുള്ളുകളും വള്ളികൾ ധാരാളം പടർക്കുകയും ചെയ്തിരുന്നു. ആ വീടു നന്നാക്കാൻ അയാൾ അതിപ്രയത്നം ചെയ്യാൻതുടങ്ങി. അയാൾ കുറെ കാലം ഏകനായി അവിടെ താമസിച്ചു താപസൻ എന്നപോലെ അദ്ധ്വാനിച്ചു. ക്രമേണ അയാൾ കുറെ പണം സമ്പാദിച്ചു. അനേകവിധമായ കഷ്ടപ്പാടുകൾ അനുഭവിച്ചതിന്റെ ശേഷം തന്റെ പൂർവ്വസ്വത്തുക്കൾ മുഴുവനും വീണ്ടെടുക്കാൻ അയാൾക്കു സാധിച്ചു. പിതൃപൈതാമഹമായ വീട്ടിലെ അടുക്കളയിൽനിന്നു പുറപ്പെടുന്ന പുക പുതുതാക്കപ്പെട്ട വീട്ടിന്റെ മീതെ പൊങ്ങുന്നതു് അയാൾ നോക്കിക്കൊണ്ടു നിന്നപ്പോൾ അതു തന്റെ കാരണവന്മാരുടെ വന്ദ്യപിതൃക്കളുടെ നേരെ തനിയ്ക്കുള്ള കൃതജ്ഞതയേയും ആദരാതിശയത്തേയും അറിയിയ്ക്കാനായി അവരുടെ അടുക്കലേയ്ക്കു പൊങ്ങിപ്പോകുന്ന ഏററവും പരിശുദ്ധമായ ധൂപമാണെന്നു അവന്നു തോന്നി.

ജാപ്പാൻ രാജ്യക്കാർ തങ്ങളുടെ പൂർവ്വന്മാരെക്കുറിച്ചു് അസാമാന്യമായ ഭക്തിയുണ്ടു്. അവരുടെ ഏടയിൽ പിതൃപൂജ ഇന്നും നിലനിന്നു വരുന്നുണ്ടു്. കുടുംബസ്വത്തുക്കൾ അന്യാധീനപ്പെടുത്തുന്നതു് ഏററവും നികൃഷ്ടമായ ഒരു പ്രവൃത്തിയാണെന്നു അവർ വിചാരിച്ചുവരുന്നു. തനിയ്ക്കു ദീനമായപ്പോൾ ചികിത്സിച്ച വൈദ്യന്നു പ്രതിഫലം കൊടുക്കാൻവേണ്ടി സനതകവിന്റെ കുടുംബസ്വത്തുക്കൾ വില്ക്കേണ്ടിവന്നപ്പോൾ തന്റെ പൂർവ്വന്മാരുടെ പിതൃകോപം ഉണ്ടായെങ്കിലോ എന്നു അവന്നു ഭയമുണ്ടായി. പിന്നെ നിർവ്വാഹമില്ലാതെയാണു് അവൻ പൂർവ്വസ്വത്തു വിററതു്. നായന്മാരായ നമ്മുടെ ഇടയിലും കാരണവന്മാരെക്കുടിവെച്ചു വാവു മുതലായ പുണ്യദിവസങ്ങളിൽ പൂജ കഴിയ്ക്കുന്ന പതിവുണ്ടു്. എന്നാൽ പാശ്ചാത്യവിദ്യാഭ്യാസപ്രചാരത്താലും മററു കാരണങ്ങളാലും നമ്മുടെ കാരണവന്മാരുടെ നേരെയുള്ള ഭക്തി വളരെ കുറഞ്ഞുപോയിരിയ്ക്കുന്നു. ജാപ്പാൻരാജ്യക്കാർ പരിഷ്കാരകോടിയിൽ എത്തിയവരാണെങ്കിലും പൂർവ്വന്മാരെക്കുറിച്ചുള്ള അവരുടെ ഭക്തിയ്ക്കു ലേശം ഹാനി വന്നിട്ടില്ല. മലയാളത്തറവാട്ടിലെ കാരണവന്മാർ ഭാര്യാമക്കൾക്കും മററും പണമുണ്ടാക്കാൻവേണ്ടി കുടുംബസ്വത്തുക്കൾ അന്യാധീനപ്പെടുത്താൻ ലേശം മടി കാണുന്നില്ല. ഇങ്ങിനെ ചെയ്യുമ്പോൾ അനന്തിരവന്മാർ കാരണവരുടെ നേരെ ദ്വേഷ്യ ഇടയുന്നു. ഗൃഹച്ഛിദ്രം നിമിത്തം അനേകം തറവാടുകൾ ക്ഷയിച്ചുപോകുന്നു. ഇതിന്നെല്ലാം കാരണം നമുക്കു പൂർവ്വന്മാരുടെ നേരെ ആന്തരമായ ഭക്തി ഇല്ലാത്തതുകൊണ്ടാണു്. നമുക്കു ഈ ഇനത്തിൽ ബുദ്ധിവരുത്തുകൂടാതെ അഹോവൃത്തി

കഴിപ്പാൻ സംഗതിയുണ്ടായതു പൂൎവ്വന്മാരുടെ പ്രയത്നംകൊണ്ടും അവൎക്കു നമ്മുടെ മേലിലുള്ള സ്നേഹവാത്സല്യംകൊണ്ടുമാണെന്നു നാം എപ്പോഴും ഓൎമ്മ വെയ്ക്കേണ്ടതാണ്. അവർ ബുദ്ധിമുട്ടി സമ്പാദിച്ച സ്വത്തുക്കൾ അവർതന്നെ ധ്വംസനം ചെയ്തിരുന്നുവെങ്കിൽ നമ്മുടെ സ്ഥിതി എന്തായിരിക്കും? പൂൎവ്വന്മാർ നമുക്കു ചെയ്ത ഗുണങ്ങളെ മറക്കാതിരിക്കാൻവേണ്ടിയാണ് നമ്മുടെ ഇടയിൽ കാരണവന്മാൎക്കുള്ള പൂജ അടിയന്തരം ഏൎപ്പെടുത്തിട്ടുള്ളത്. അതിന്റെ ഉദ്ദേശം നമ്മുടെ കൃതജ്ഞതാപ്രദൎശനമാണ്. 'പ്രത്യുപകാരം മറക്കുന്നപുരുഷൻ ചത്തതിനൊക്കുമേജീവിച്ചിരിക്കിലും' കാരണവന്മാൎക്കുള്ള പൂജ കേവലം അന്ധവിശ്വാസമാണെന്നു കരുതി ആ ഏൎപ്പാടിനെ നാം തള്ളിക്കളയരുത്. കുടുംബത്തിന്റെ നിലനില്പിന്നും അഭിവൃദ്ധിയ്ക്കും അതു് ഒരു ആണിവേരാണ്. ഈ തത്വം വിസ്മരിക്കാതെ കാരണവന്മാരും അനന്തരവന്മാരും തമ്മിൽ ഏകോപിച്ചു പ്രയത്നിക്കുന്നതായാൽ മലയാള കുടുംബങ്ങൾ ക്ഷയിക്കാതെ കുറെ കാലം കൂടി നിന്നുപോരാൻ വഴിയുണ്ട്. തന്റെ പ്രവൃത്തികൊണ്ടു സന്തക ഈ തത്വത്തെ നല്ലവണ്ണം വെളിപ്പെടുത്തിട്ടുണ്ട്.

തന്റെ പൂൎവ്വസ്വത്തുക്കൾ വീണ്ടെടുത്തശേഷം വിവാഹം ചെയ്യേണമെന്നു അയാളുടെ ബന്ധുക്കൾ നിൎബ്ബന്ധിച്ചുതുടങ്ങി. കുറെ കാലം അയാൾ വിവാഹം ചെയ്വാൻ കൂട്ടാക്കിയില്ല. ഒടുവിൽ അയൽഗ്രാമത്തിലുള്ള ഒരു കൃഷിക്കാരന്റെ മകളെ അയാൾ വിവാഹം ചെയ്തു. ഇവൾ പ്രകൃതിഗുണങ്ങൾകൊണ്ടു സന്തകവിന്നു അനുരൂപയായ ഭാൎയ്യ ആയിരുന്നു. സൽഗുണസമ്പന്നനായ സന്തകവിന്റെ പേരു നാട്ടിലെല്ലാം പരന്നുതുടങ്ങി. ഈ കാലത്തു ഡോവര എന്ന പ്രദേശത്തിന്റെ പ്രഭുവിന്റെ പ്രധാന ഉദ്യോഗസ്ഥൻ 'ഹാരൊറി ജൂറോബി എന്ന ഒരുവനായിരുന്നു. അയാൾ ഒരു പുരാതന ശ്രേഷ്ഠകുടുംബത്തിൽ ജനിച്ചവനാണ്. ഇദ്ദേഹത്തിന്നു സുമാറു മുപ്പതിനായിരപ്പറനെല്ലു് ആദായം വരുന്ന സ്വത്തുക്കൾ ഉണ്ടായിരുന്നു എങ്കിലും ഇദ്ദേഹത്തിന്റെ നോട്ടക്കുറവുകൊണ്ടും മററും അധികകടം ഉണ്ടാവുകയും കടപ്പലിശ ശരിയ്ക്കു കൊടുക്കാൻകൂടി ഇദ്ദേഹത്തിന്നു ഞെരുക്കമാവുകയും ചെയ്തു. സന്തകവിന്റെ യോഗ്യതകളെപ്പററി ഒരു സ്നേഹിതൻ ഹാരൊറിയോടു പറയുകയും സന്തകവി ഭരിച്ചാൽ ഹാരൊറിയുടെ സ്ഥിതി നന്നാക്കാൻ കഴിയുന്നതാണെന്നു മനസ്സിലാക്കുകയും ചെയ്തു. ഈ വിവരം കേട്ടു സന്തോഷിച്ചു ഹാരൊറി ഒരാളെ അയച്ചു തന്റെ കാൎയ്യങ്ങൾ നല്ല സ്ഥിതിയിൽ വരുത്തിയാൽ കൊള്ളാമെന്നു സന്തകവിനോടു അപേക്ഷിച്ചു. സന്തക ആദ്യം ഹാരൊറിയുടെ അപേക്ഷ കൈക്കൊണ്ടില്ല. എങ്കിലും അദ്ദേഹം പിന്നെയും പിന്നെയും നിൎബ്ബന്ധിച്ചപ്പോൾ സന്തക സമ്മതിച്ചു. കുടുംബച്ചിലവുകൾ വളരെ കുറയ്ക്കേണമെന്നും താൻ പറയുന്ന പ്രകാരം കേട്ടു നടന്നാൽ അഞ്ചുകൊല്ലം കൊണ്ടു കടം മുഴുവനും വീട്ടിക്കൊടുക്കാമെന്നും സന്തക പറഞ്ഞു. ഹാരൊറി അപ്രകാരം ചെയ്യാമെന്നു സമ്മതിച്ചു. സന്തക ഹാരൊറി ഒന്നിച്ചു താമസിച്ചു കാൎയ്യം നോക്കിത്തുടങ്ങി. കുടുംബത്തിലെ അനാവശ്യച്ചിലവുകൾ നിൎത്തൽ ചെയ്തു. വരവു ചിലവിന്നു ശരിയായ കണക്കുണ്ടാക്കി. ഹാരൊറി പുറത്തു പോകുമ്പോൾ സന്തക ഭൃത്യന്റെ നി

ലയിൽ അദ്ദേഹത്തിന്റെ ഒന്നിച്ചു പോകം വീട്ടിനുള്ളിലിരിക്കുമ്പോൾ അയാൾ ഉദ്യമത്തിന്നു വേണ്ട ഒത്താശകൾ ചെയ്തു കൊടുക്കും എല്ലാ രാത്രിയിലും ഗൃഹഭരണം രാജ്യഭരണം മുതലായ വിഷയങ്ങളെപ്പറ്റി അയാൾ ഹാരൊൾഡിന്നു ഉപദേശം ചെയ്യും ഇങ്ങിനെ സന്ന്യാസിയുടെ മേൽനോട്ടത്തിൻകീഴിൽ ക്രമേണ കടം ചുരുങ്ങി വന്നു. അയാൾ ഏറ്റുപറഞ്ഞപ്രകാരം അഞ്ചു കൊല്ലംകൊണ്ടു കടം മുഴുവനും കൊടുത്തുതീർത്തു എന്നുമാത്രമല്ല, മൂന്നൂറുസവർണ്ണനാണ്യങ്ങൾ ശേഖരിപ്പിക്കുകയും ചെയ്തു. അതുനിമിത്തം ആ കുടുംബത്തിലുള്ള എല്ലാവർക്കും ഉണ്ടായ സന്തോഷം പറഞ്ഞറിയിക്കാൻ ഞെരുക്കമാണ്. സന്ന്യാസി ആ പണം ഹാരൊൾഡിന്റെയും അദ്ദേഹത്തിന്റെ ഭാര്യയുടെയും വശം കൊടുത്തു ഇപ്രകാരം പറഞ്ഞു. 'ഇതിൽനിന്നു നൂറു സവർണ്ണനാണ്യങ്ങൾ നിങ്ങളുടെ പ്രഭുവിനു വല്ല തിരക്കും ആവശ്യവും വരുമ്പോൾ അദ്ദേഹത്തിനു കൊടുപ്പാനായി സൂക്ഷിച്ചുവെക്കുക. വേറെ ഒരു നൂറു സവർണ്ണനാണ്യങ്ങൾ നിങ്ങളുടെ കുടുംബത്തിന്റെ പുനരുദ്ധാരണത്തിനു വേണ്ടി അത്യുത്സാഹത്തോടുകൂടി യത്നിച്ചു വളരെ കഷ്ടപ്പാടുകൾ അനുഭവിച്ചുപോന്ന നിങ്ങളുടെ ഭാര്യക്കു കൊടുക്കുക. അവർ അതിനെ ആപൽക്കാലങ്ങളിൽ ഉപയോഗിപ്പാനായി സൂക്ഷിച്ചുവെക്കുമെന്നു ഞാൻ വിശ്വസിക്കുന്നു. ബാക്കിയുള്ള നൂറു സവർണ്ണനാണ്യങ്ങൾ നിങ്ങളുടെ ഇഷ്ടംപോലെ ഉപയോഗിക്കാം.'

സന്ന്യാസിയുടെ ഔദാര്യം കണ്ട് ആശ്ചര്യഭരിതനായ ഹാരൊൾഡ് പറഞ്ഞു. 'കടത്തിൽ മുങ്ങി നശിക്കാറായിക്കിടന്നിരുന്ന എന്റെ കുടുംബം നിങ്ങളുടെ പ്രയത്നംകൊണ്ടു മാത്രമാണ് രക്ഷയെ പ്രാപിച്ചത്. നിങ്ങൾക്കു തക്കതായ ഒരു പ്രതിഫലം ചെയ്യാൻ എന്നാൽ അസാദ്ധ്യമാണ്. ഈ മൂന്നൂറു സവർണ്ണനാണ്യങ്ങൾ നിങ്ങളുടെ സ്വന്തം പ്രയത്നംകൊണ്ടുണ്ടായതാകകൊണ്ട് അവ എന്റേതല്ല. നന്ദി കാണിപ്പാനായി അതു മുഴുവനും നിങ്ങൾക്കു തന്നാൽ കൊള്ളാമെന്നാണ് എന്റെ ആഗ്രഹമെങ്കിലും മേലിൽ വല്ല ആപത്തുകളും വരുമ്പോൾ ഉപയോഗിക്കാനായി 200 സവർണ്ണനാണ്യങ്ങൾ സൂക്ഷിക്കുന്നമെന്നു നിങ്ങൾ പറഞ്ഞിരിക്കകൊണ്ട് ഞങ്ങൾ അപ്രകാരം ചെയ്യാം. എന്നാൽ ബാക്കിയുള്ള 100 നാണ്യങ്ങൾ നിങ്ങളുടെ കുടുംബച്ചിലവിലേക്കു ഒരു സഹായധനമായി നിങ്ങൾ സ്വീകരിക്കുന്നമെന്നു ഞങ്ങൾ നിങ്ങളോടു അപേക്ഷിക്കുന്നു. നിങ്ങൾ സ്വന്തം വീട്ടിൽ താമസിച്ചു പ്രയത്നം ചെയ്തിരുന്നുവെങ്കിൽ ഈ കാലത്തിന്നുള്ളിൽ നിങ്ങൾ ഒരു വലിയ ധനികനാവുമായിരുന്നു. അതിനു പകരം എന്റെ കുടുംബസ്ഥിതി നന്നാക്കാൻവേണ്ടി ലേശം മടികൂടാതെ നിങ്ങൾ അഞ്ചു കൊല്ലത്തോളം നിങ്ങളുടെ സ്വന്തം ജോലികളെല്ലാം നിർത്തിവെച്ചു. ഈ ചുരുങ്ങിയ സംഖ്യ നിങ്ങളുടെ പ്രവൃത്തിക്കു തക്കതായ ഒരു പ്രതിഫലമാവുന്നതല്ല.'

സന്ന്യാസി വളരെ സന്തോഷത്തോടുകൂടി മറുപടി പറഞ്ഞു. "ആ പണം ഞാൻ എടുക്കണമെന്നാണ് നിങ്ങളുടെ ആഗ്രഹമെങ്കിൽ ഞാൻ സംശയം കൂടാതെയും നന്ദിയോടുകൂടിയും അതിനെ സ്വീകരിക്കുന്നു. നിങ്ങൾക്ക് ഇതുവരെയുണ്ടായിരുന്ന ബുദ്ധിമുട്ടുകൾ തീർന്നു എങ്കിലും മേലിൽ നടക്കേണ്ടും ക്രമത്തിന് ഒരു ഏർപ്പാടു ചെയ്യാതിരുന്നാൽ നിങ്ങൾ ഇനിയും ബുദ്ധിമുട്ടി

ലകപ്പെട്ടെങ്കിലോ എന്നു വിചാരിച്ചു ഞാൻ നിങ്ങൾക്കാവേണ്ടി ഒരു ചട്ടവട്ടം തെയ്യാറാക്കീട്ടുണ്ട്. ഇനി മേലിൽ ഒരു കൊല്ലത്തെ ചിലവു 25000 പറ നെല്ലിൽ കവിയാൻ പാടില്ല. ബാക്കിയുള്ള 5000 പറ നെല്ല് നിങ്ങളുടെ പ്രഭുവിന്റെ ആവശ്യത്തിന്നോ നിങ്ങൾക്കു വല്ല തിട്ടക്കവും വരുമ്പോഴോ ഉപയോഗിക്കാനായി സൂക്ഷിച്ചുവെയ്ക്കണം. ഇങ്ങിനെ ചെയ്താൽ നിങ്ങളുടെ കുഡുംബം ഉള്ള കാലത്തോളം നിങ്ങൾക്ക് പ്രഭുവിനെ സേവിപ്പാൻ കഴിയും എന്നു മാത്രമല്ല ഈയിടയിലുണ്ടായ കഷ്ടനഷ്ടങ്ങൾ നിങ്ങൾക്കു വീണ്ടും ഉണ്ടാവാതെ കഴിയുന്നതുമാണ്. അതുകൊണ്ട് ഈ ചട്ടവട്ടത്തെ അനുസരിക്കേണമെന്ന് ഞാൻ നിങ്ങളോടപേക്ഷിക്കുന്നു."

ഇങ്ങിനെ പറഞ്ഞ് അയാൾ അവിടെ നിന്നു പോയി ഭൃത്യന്മാരെ എല്ലാവരേയും വിളിച്ചുവരുത്തി അവരോട് താഴെ പറയും പ്രകാരം പറഞ്ഞു. "കഴിഞ്ഞ അഞ്ചുകൊല്ലം മുഴുവനും നമുക്ക് എല്ലാവർക്കും അവശ്യം അനുഭവിക്കേണ്ടിവന്ന കഷ്ടപ്പാടുകളെ യാതൊരു ആവലാതിയും കൂടാതെ നിങ്ങൾ അനുഭവിക്കുകയും എനിക്കുവേണ്ട കാര്യങ്ങൾ ചെയ്തുതരികയും ചെയ്തു. നിങ്ങളുടെ സ്വാമിഭക്തിയെക്കുറിച്ച് എത്രതന്നെ പ്രശംസിച്ചാലും മതിയാവുന്നതല്ല. ഇപ്പോൾ നിങ്ങളുടെ എജമാനന്റെ സ്ഥിതി നന്നായി. എന്റെ ഈ നിസ്സാരമായ ഉദ്യമത്തെ അഭിനന്ദിച്ചുകൊണ്ട് നിങ്ങളുടെ എജമാനൻ എനിക്കു തന്ന നൂറ് പൊന്നുരുപ്പിക എന്റെ പക്കൽ ബാക്കിയുണ്ട്. അദ്ദേഹം ദയയോടുകൂടി തന്ന സമ്മാനത്തെ വാങ്ങാതിരിപ്പാൻ എനിക്കു മനസ്സുവന്നില്ല. കഴിഞ്ഞ അഞ്ചുകൊല്ലം ഞാൻ ചെയ്ത പ്രവൃത്തികൾ എന്റെ സ്വന്താവശ്യത്തിന്നു വേണ്ടിയല്ല. പിന്നെ എന്തിനാണ് ഞാൻ എന്റെ പ്രവൃത്തിക്കു പ്രതിഫലം വാങ്ങുന്നത്? നിങ്ങളുടെ ദൃഢമായ സ്വാമിഭക്തിക്കും ബുദ്ധിമുട്ടുകൾക്കും പ്രതിഫലമായി ഈ പണം ഞാൻ നിങ്ങൾക്കു വീതിച്ചുതരാം. യഥാർത്ഥത്തിൽ ഇതു ഞാനല്ലാ നിങ്ങൾക്കു തരുന്നത്. ഇതു നിങ്ങളുടെ എജമാനൻ നിങ്ങൾക്കു തന്ന സമ്മാനമാണ്. അതുകൊണ്ടു നിങ്ങൾ സന്തോഷത്തോടുകൂടി ഈ സമ്മാനം സ്വീകരിക്കുമെന്നു ഞാൻ വിചാരിക്കുന്നു." ഇങ്ങിനെ പറഞ്ഞ് ആ നൂറു പൊന്നുരുപ്പിക ഭൃത്യന്മാർക്ക് അയാൾ പകുത്തുകൊടുത്തപ്പോൾ അവർക്കുണ്ടായ ആശ്ചര്യവും സന്തോഷവും ഒരുപോലെ ആയിരുന്നു. തങ്ങളുടെ എജമാനന്റെ ദയ അവരുടെ മനസ്സിൽ പതിയുകയും സന്തകവിന്റെ സ്വാർത്ഥരഹിതമായ ഔദാര്യം കണ്ട് അവരുടെ മനസ്സ് അലിയുകയും ചെയ്തു. പിന്നെ സന്തക ഹാരൈറാറിയോട് യാത്ര പറഞ്ഞ് ഒരു പൈപോലും സമ്മാനമായി വാങ്ങാതെ തന്റെ വീട്ടിലേക്കു മടങ്ങിപ്പോയി. പ്രതിഫലേച്ഛ കൂടാതെ അന്യന്മാർക്ക് ഉപകാരം ചെയ്യുന്നതാണ് മഹത്തുക്കളുടെ ലക്ഷണം. പരസങ്കടനിവൃത്തിക്കായിക്കൊണ്ടുതന്നെയാണ് ഇതിനെയുള്ള മഹത്തുക്കൾ ജനിക്കുന്നത്. "പരാർത്ഥഫലജന്മാനോ, നസ്യുർവ്വിന്ധ്യദ്രുമാ ഇവ താപച്ഛിദോമഹാന്തശ്ചേൽ ജീർണ്ണാരണ്യം ജഗൽഭവേൽ." (വഴിപോക്കർക്കു തണലിന്നായി നിരത്തിന്റെ ഇരുവശത്തും വെച്ചുപിടിപ്പിച്ചിരിക്കുന്ന വൃക്ഷങ്ങൾ വെയിലിന്റെ ചൂടിനെ ഇല്ലാതാക്കുന്നതുപോലെ പരോപകാരം ചെയ്യാൻവേണ്ടി ജനിച്ചിട്ടുള്ള മഹത്തുക്കൾ അന്യന്മാരുടെ സങ്കടത്തെ ഇല്ലാതാക്കുന്നു. അവർ അങ്ങിനെ

ചെയ്യില്ലെങ്കിൽ ഈ ലോകം ഒരു ശൂന്യവനമായി തീരും.)

ആ കാലത്ത് ഒക്യൂബൊ എന്ന പേരായ ഡയിമിയൊവിലെ പ്രഭു ഷോഗന്റെ പ്രധാനമന്ത്രിയായിരുന്നു. ഷോഗൻ എന്നുള്ളത് ജപ്പാനിലെ സൈന്യാധിപന്റെ സ്ഥാനപ്പേരാകുന്നു. ക്രി. അ. 1608 മുതൽ 1868-ാമാണ്ടുവരെ 'തൊക്കുഗാവ' വംശക്കാരാണ് ഈ സ്ഥാനം വഹിച്ചുപോന്നിരുന്നത്. ആ കാലം മുഴുവനും ജപ്പാൻരാജ്യം യഥാർത്ഥത്തിൽ ഭരിച്ചിരുന്നത് ഇവർ തന്നെയായിരുന്നു. മഹാശയനും അതിസമർത്ഥനുമായ ഒക്യൂബൊ പ്രഭു ജനങ്ങളുടെ ഇടയിൽ നടപ്പുണ്ടായിരുന്ന ദോഷകരമായ നടപടികളെ പരിഷ്കരിച്ച് അവർക്ക് സമാധാനവും ക്ഷേമവും വരുത്തി തന്റെ രാജ്യത്തിന്ന് ഉന്നതി വരുത്തുവാൻ സദാ യത്നിച്ചുപോന്ന സന്തകുവിന്റെ യോഗ്യതകളെപ്പറ്റി കേട്ടപ്പോൾ അദ്ദേഹത്തിന്ന് അയാളുടെ നേരെ വളരെ നല്ല അഭിപ്രായം ഉണ്ടായി. അയാളെ തന്റെ കീഴിൽ ഒരു പ്രധാന ഉദ്യോഗസ്ഥനായി നിശ്ചയിച്ചു അയാളുടെ ബുദ്ധിസാമർത്ഥ്യത്തെ ജനങ്ങളുടെ ക്ഷേമോദയത്തിന്നു വേണ്ടി ഉപയോഗപ്പെടുത്തേണമെന്ന് അദ്ദേഹത്തിന്ന് ആഗ്രഹമുണ്ടായി. ഈ സംഗതിയെപ്പറ്റി അദ്ദേഹം കീഴുദ്യോഗസ്ഥന്മാരായി ആലോചിച്ചു.

ആക്കാലത്തു ജപ്പാനിൽ ജാതിഭേദം കലശലായിരുന്നു. യഥാർത്ഥയോഗ്യതയേക്കാൾ ജാതിമഹത്വത്തിന്നാണ് ജനങ്ങൾ അധികം വിലവെച്ചിരുന്നത്. മേലുദ്യോഗസ്ഥന്മാർ കീഴുദ്യോഗസ്ഥന്മാരെ തങ്ങളുടെ ഭൃത്യന്മാരെപ്പോലെ വിചാരിച്ചുവന്നിരുന്നു. രാജസേവനായ ഒരുവൻ എത്ര വിഡ്ഢിയായാലും വേണ്ടില്ല അവൻ ബഹുജനങ്ങളുടെ ബഹുമതിക്ക പാത്രമായിരുന്നു. താണതരം ഉദ്യോഗത്തിലുള്ള ഒരുവന് എത്രതന്നെ ബുദ്ധിയും നന്മയും ഉണ്ടായിരുന്നാലും ജനങ്ങൾക്ക് അവനെ ബഹുമാനമുണ്ടായിരുന്നില്ല. ശ്രേഷ്ഠകുലത്തിൽ ജനിച്ചവരുടെയും വലിയ സ്ഥാനമാനങ്ങൾ ഉള്ളവരുടെയും മീതെ ഒരു കൃഷിക്കാരനെ മേലുദ്യോഗസ്ഥനായി നിശ്ചയിച്ച് സ്വജാതിക്കാരുടെ മേന്മ മുഴുവനും അയാളെ ഏല്പിക്കുന്നത് അവിവേകമായിത്തീരുമെന്ന് ഒക്യൂബൊ പ്രഭുവിന്റെ കീഴുദ്യോഗസ്ഥന്മാർ ബലമായി അഭിപ്രായപ്പെട്ടു. ഇങ്ങിനെ ചെയ്യുന്നത് നാട്ടുനടപ്പിന്നു തിരെ വിരോധമായിട്ടുള്ളതാണ്. സന്തകു എത്ര വിവേകമുള്ളവനായിരുന്നാലും മറ്റുള്ള ഉദ്യോഗസ്ഥന്മാർ അയാളുടെ കീഴിലൊതുങ്ങി നടക്കാതിരുന്നാൽ ഇതിൽനിന്ന് ആപത്തല്ലാതെ മറ്റൊന്നും ഉണ്ടാവുന്നതല്ല. കാലത്തെ അനുസരിച്ചുള്ള തന്റെ വർഗ്ഗക്കാരുടെ അഭിപ്രായത്തെ അനുസരിക്കേണ്ടിവന്നതിൽ പ്രഭുവിന്നു വളരെ വ്യസനമുണ്ടായിരുന്നു. തന്റെ ഉദ്ദേശം സാധിക്കുവാനായി അദ്ദേഹം ഓരോ ഉപായങ്ങൾ ചിന്തിച്ചുതുടങ്ങി. "ഇപ്പോഴത്തെ കാലസ്ഥിതികൊണ്ടു ജനങ്ങൾ ഒരുവന്റെ യോഗ്യതയെ പരിഗണിക്കുന്നത് അവന്റെ സ്ഥിതി നോക്കീട്ടാണ്. യഥാർത്ഥയോഗ്യതയെ നോക്കീട്ടല്ല. എങ്കിലും പരീക്ഷിച്ചറിഞ്ഞ യോഗ്യതയെ തിരെ വകവെക്കാതിരിപ്പാൻ ജനങ്ങൾക്ക കഴിയുന്നതല്ല. ജനങ്ങളുടെ ബഹുമതിയെ ബലമായി ആകർഷിക്കത്തക്ക ശക്തി അതിന്നുണ്ട്. എന്റെ കീഴുദ്യോഗസ്ഥന്മാർക്ക് ആർക്കും ചെയ്വാൻ കഴിയാത്ത ഒരു പ്രവൃത്തി ഞാൻ നിനോമിയയെ ഏല്പിച്ചാൽ അയാൾ അതു തീർച്ചയായും നിവൃത്തിക്കും. ആ വിധത്തിൽ അയാൾ ഇ

വരുടെ മത്സരത്തെ ഇല്ലായ്മ ചെയ്യും. അതിനു ശേഷം ഞാൻ കാരിക്കാരുടെ മരണത്ത അയാളെ ഏല്പിച്ചാൽ ആക്ഷേപത്തിനു വഴിയില്ലാതാവും. അയാളെ എൻെറ കീഴിൽ ഉദ്യോഗസ്ഥനാക്കുന്നതിനു ഇത് ഒരു വളഞ്ഞ വഴിയാണെന്നു തോന്നാമെങ്കിലും എൻെറ ഉദ്ദേശം ഫലിക്കാതിരിക്കയില്ല." എന്ന് ക്ലൈബോ പ്രഭു തന്നെത്താൻ വിചാരിച്ചു.

ക്ലൈബോ പ്രഭുവിൻെറ സാമ്പന്ധിയും ഷോഗൻെറ കീഴിൽ ഒരു നാട്ടുവാഴിയുമായി ഉത്സു എന്നു പേരായ ഒരാൾ ഉണ്ടായിരുന്നു. ഷിമോസുകിസ സ്ഥാനത്തിൽ അയാളുടെ വകയായി മൂന്നു ഗ്രാമങ്ങൾ ഉണ്ടായിരുന്നു. ഇവയിൽനിന്ന് അയാൾക്കു സുമാറ് ലക്ഷം പറ നെല്ല് ആദായം കിട്ടിയിരുന്നു. ഈ ഗ്രാമങ്ങളിലെ കൃഷികൾ ലേശം ഫലവത്തില്ലാത്തതും ഗ്രാമവാസികൾ മടിയന്മാരും താന്തോന്നികളും ആയിരുന്നു. സ്വല്പലാഭത്തിനുവേണ്ടി അവർ തമ്മിൽ എപ്പോഴും കലഹങ്ങൾ ഉണ്ടായിക്കൊണ്ടിരുന്നു. ഗ്രാമങ്ങളിലെ ജനസംഖ്യയും ക്രമത്തിൽ ചുരുങ്ങിവന്നു.

(തുടരും)

കെ. കുഞ്ഞുണ്ണിനായർ ബി. എ. ബി. എൽ.

ആയിസ്സക്കുട്ടി ഉമ്മയുടെ ആയുസ്സ്.

"അരക്ഷിതം തിഷ്ഠതി ദൈവരക്ഷിതം."

എന്ന ആപ്തവാക്യത്തെ ചെറുപ്പംമുതൽക്കേ വിശ്വസിച്ചുപോന്ന കുഞ്ഞിണ്ണിഅമ്മക്ക്, ഒരു ശ്രുതിപ്പെട്ട മന്ത്രവാദിയായ ചെമ്പറ എഴുത്തച്ഛൻ എഴുതികൊടുത്തതും "സാർവ്വാപദ്രവനാശനമായി ഭൂതപ്രേതപിശാചജംഭകഭയധ്വംസിയായ' ഒരു തകിട് തൻെറ ദേഹത്തിൽ ആഭരണമായി അണിയുന്നുണ്ടല്ലോ എന്ന ബോധം, വിശേഷവിധിയായി യാതൊരു ആശ്വാസവും ഉണ്ടാക്കിയില്ല. ഒരു പാടത്തിൻെറ നടുവിൽ, മണത്തിട്ടമേൽ കാവല്പുരയിൽ, അർദ്ധരാത്രി സമയം, ഒരു ജീവിയും സഹായത്തിനില്ലാതെ കിടന്നു പ്രസവിക്കേണ്ടിവരുമെന്നു സ്വപ്നത്തിൽപോലും അറിഞ്ഞിരുന്നുവെങ്കിൽ ടിപ്പുസുൽത്താനല്ല അവനിൽ മികച്ച പടയാളികളും സൈന്യങ്ങളും വന്നാൽകൂടി, നന്നമ്പ്രത്താവാട്ടിൽനിന്നു പടിയിറങ്ങി കാടി ഒക്ക പ്രാപിക്കുവാൻ കുഞ്ഞിണ്ണിഅമ്മക്ക ധൈര്യം വരുന്നതല്ലായിരുന്നു.

'അസിതാംഗലോഗമിതഗാത്ര
ഭാസിതകരകണോത്തയന്തി
ഇതരേണഗവാമിയജ്ഞവിഗ്രഹം
പ്രതിശന്തി.........

എന്ന പറഞ്ഞപോലെ ടിപ്പുസുൽത്താനും സേനയും വാളും ഒരു കയ്യിലും, ഖുരാനും മറ്റേ കയ്യിലുമായി സംഹാരരുദ്രനും ഭൂതഗണങ്ങളും എന്ന മട്ടിൽ മംഗലാപുരത്തുനിന്നു തെക്കോട്ടു പുറപ്പെട്ടു കോഴിക്കോട്ട് എത്താറായിരിക്കുന്നു. കോലത്തിരി, കോട്ടയം, കുറുമ്പ്രനാട്, കടത്തനാട് മുതലായ

രാജാക്കന്മാരും, അവരുടെ ഉദ്യോഗസ്ഥന്മാരും ഇടപ്രഭുക്കന്മാരും കുടുംബങ്ങളും, ആശ്രിതന്മാരും ഒക്കെ രാജ്യമാകെ വേണ്ടെന്നു വെച്ചു ചൊവ്വക്കാരൻ കേയിയുടെയും, ഈസ്റ്റിന്ത്യാ കമ്പനിക്കാരുടെയും സഹായത്തോടുകൂടി കപ്പലുകളിലും പത്തേമാരികളിലുമായി പൊന്നുതമ്പുരാന്റെ രാജ്യത്തു പോയി ശരണം പ്രാപിച്ചുതുടങ്ങിയിരുന്നു. കൂട്ടത്തിൽ ഒരു കപ്പൽ പരപ്പനാട്ടു രാജാക്കന്മാരേയും അവരുടെ ഉദ്യോഗസ്ഥന്മാരേയും കയറ്റി തിരുവിതാംകൂറിൽ കൊണ്ടാക്കുവാനായി ബേപ്പൂരഴിമുഖത്ത് എത്തിയിരിക്കുന്നു.

പരപ്പനാട്ടു രാജാക്കന്മാരുടെ കീഴിൽ ഒരു പ്രധാനിയായ ഇടപ്രഭു നന്നമ്പ്ര കുറുപ്പാണ്. ഈ സംഭവകാലത്തു 1784-ൽ പരപ്പനാട്ടു മൂപ്പിന്നു വീരവർമ്മനെന്ന ഒരു തമ്പുരാനായിരുന്നു ഇദ്ദേഹത്തിന്റെ പ്രധാനമന്ത്രി നന്നമ്പ്രക്കുറുപ്പുമായിരുന്നു.

കോഴിക്കോട്ടും, ഏറനാട്ടും, പൊന്നാനിയിലും ഉള്ള മുഹമ്മദീയർ സാമൂതിരിപ്പാട്ടിലേക്കു കീഴടങ്ങി ഒതുങ്ങിക്കൂടിയവരായിരുന്നുവെങ്കിലും, ടിപ്പുസുൽത്താന്റെ മതഭ്രാന്തോടുകൂടിയ ഈ ആക്രമണത്തിൽ, ഈ മുഹമ്മദീയരൊക്കെ മൈസൂർ സൈന്യങ്ങളുടെ ഒറ്റുകാരായിരുന്നു. ടിപ്പുസുൽത്താന്റെ ഈ ആക്രമണത്തിൽ പ്രധാനമായി രണ്ടുദ്ദേശമാണ് സാധിപ്പാനുണ്ടായിരുന്നത്. (1) കേരളീയരെ മുഴുവനും മുഹമ്മദമതം വിശ്വസിപ്പിക്കുക. (2) കൊള്ളചെയ്തും തട്ടിപ്പറിച്ചും കൂട്ടാൻ കഴിവുള്ളേടത്തോളം ധനം സമ്പാദിക്കുക, ഈ രണ്ടു കാര്യമല്ലാതെ രാജ്യം കീഴടക്കി സാർവ്വഭൗമനായിരുന്നു വാഴേണമെന്ന മോഹമേ സുൽത്താനുണ്ടായിരുന്നില്ല.

പൂജ്യബ്രാഹ്മണരായുള്ള ഭൃത്യശൂദ്രന്മാരെയും
ശിക്ഷിപ്പിച്ചു അടിച്ചുപിളർക്കയും
പാൽമലം നീങ്ങാതെ പൈതങ്ങളെയും
[illegible]
[illegible]
[illegible]

കണ്ണുകളെല്ലാം [illegible]
സത്രങ്ങളിൽ ചെന്നു സത്രം വിരോധിച്ചു
ശാസ്ത്രജ്ഞന്മാരെയും ശാസ്ത്രികളെയുമൊക്കെ
ധാത്രീസുരേശന്മാരെയും നിഗ്രഹി-
ച്ചുള്ളവിളിച്ചു വിളിച്ചു പറഞ്ഞുകൊ-
ണ്ടാർത്തു [illegible] ചെയ്തിരുന്നു.

സുൽത്താന്റെ നയം മേൽപ്രകാരം കൊള്ളയിടലും പിടിച്ചുപറിയുമാണെന്നു വന്നപ്പോൾ മംഗലാപുരത്തുനിന്നു തുടങ്ങി കോഴിക്കോട്ടു എത്തുമ്പോഴേക്കും സൈന്യത്തിന്റെ സംഖ്യ ഒന്നിരട്ടിച്ചു. സ്വാമിദ്രോഹികളും രാജദ്രോഹികളുമായ മലയാളികളിൽ ചിലർ തന്നെ സുൽത്താന്റെ ഒറ്റുകാരും, സഹായികളുമായിത്തീർന്നു. ഇങ്ങിനെയുള്ള അവസരത്തിൽ സ്വരാജ്യം വിട്ട് അന്യരാജ്യങ്ങളിലേക്കു ജനങ്ങൾ ശരണം പ്രാപിച്ചതിൽ ആശ്ചര്യപ്പെടുവാനില്ല. നന്നമ്പ്ര രാമക്കുറുപ്പും കുടുംബങ്ങളും നിറുമരുതകോട്ടയിൽ വന്നു താമസിക്കണമെന്നും കപ്പൽ ബേപ്പൂർ തുറയിൽ എത്തിയാൽ അപ്പോൾ എല്ലാവരുംകൂടി നിറുമരുതകോട്ടയിൽനിന്നു ബേപ്പൂർ തുറയിലേക്കു പോകാമെന്നുമായിരുന്നു വീരവർമ്മതമ്പുരാന്റെ നിശ്ചയം.

രാമക്കുറുപ്പിന്റെ തറവാട്ടിൽ ഐശ്വര്യവും സമ്പത്തും യഥേഷ്ടമുണ്ടെങ്കിലും സന്തതി കുറവാണ്. കമ്മണിയമ്മ പ്രസവിച്ചുണ്ടായിട്ടുവേണം സന്തതി വർദ്ധിക്കുവാൻ. മറ്റുള്ള രണ്ടു സ്ത്രീകൾക്ക് പ്രസവിക്കേണ്ടതായ കാലം തെറ്റിയിരിക്കുന്നു. കുറുപ്പിന്റെ മരുമക്കളായ രണ്ടു പേർ വി

വെട്ടത്തു തമ്പുരാന്റെ പടയുമൊത്തു വാൾക്കാരുമാണ്. മുതലുള്ളതെല്ലാം കഴിച്ചിട്ടും നിക്ഷേപിക്കാൻ സാധിക്കാത്തതൊക്കെ വിശ്വസ്തന്മാരായ ചില മുഹമ്മദീയരെ ഏല്പിച്ചും ഏല്പിപ്പാൻ കഴിയുന്നതൊക്കെ കയ്യിലെടുത്തും കരുപ്പം കുടുംബങ്ങളും ഉച്ചയോടുകൂടി നിറംകൈതക്കോട്ടയിലെത്തി. അവിടെ അപ്പോഴേക്കും തമ്പുരാനും അവിടത്തെ അനന്തിരവന്മാരും കോവിലകത്തുള്ളവരും അകമ്പടിക്കാരും ഒക്കെ എത്തിക്കഴിഞ്ഞിരിക്കുന്നു.

നിറംകൈതക്കോട്ടയ്ക്കു കേരളത്തിലെ മററു കോട്ടകൾക്കൊന്നുമില്ലാത്ത ഒരു വിശേഷം പ്രകൃതിതന്നെ കൊടുത്തിട്ടുണ്ട്. ഒരു ഉയർന്ന കുന്ന്, അതിന്റെ മുകളിലും താഴ്വരയിലും ക്ഷേത്രം. ഈ കുന്നിനെ ചുററി മൂന്നു ഭാഗവും വളരെ ആഴമുള്ള പുഴ. കുന്നിന്മേൽനിന്നു നോക്കിയാൽ ഒരു നാലു നാഴിക സമചതുരം മുഴുവൻ കാണാം. ശത്രുക്കളിൽനിന്നു രക്ഷ പ്രാപിക്കുവാൻ ഇത്ര നല്ലതായ ഒരു സങ്കേതം കേരളത്തിൽ എവിടെയും ഇല്ല. ഈ കോട്ടയിലാണ് പരപ്പനാട്ട് തമ്പുരാനും, കുടുംബങ്ങളും, ആശ്രിതന്മാരും, അകമ്പടിക്കാരും ഇപ്പോൾ സങ്കേതം ഉറപ്പിച്ചിട്ടുള്ളത്. ശിവാരാധന പൂജകഴിഞ്ഞു തൊഴുത് എല്ലാവരും തോണികയറി കടൽവണ്ടിപ്പുഴയിൽകൂടി ബേപ്പൂർ പുഴയിൽ ചെന്നു ചേരാമെന്നാണ് തീർച്ചയാക്കീട്ടുണ്ടായിരുന്നത്.

പൂർണ്ണ ഗർഭിണികൾക്കു ക്ഷേത്രത്തിൽ കയറുവാൻ പാടില്ലെന്നുള്ള നിയമം നിമിത്തം കമ്മിണിഅമ്മയെ കോട്ടയ്ക്കരികെ ഒരു ഭവനത്തിൽ നിർത്തിയിരിക്കയായിരുന്നു. സമയം അർദ്ധരാത്രിയായപ്പോഴേക്കും വടക്കുനിന്നും തെക്കുനിന്നും വെടിയുടെ ശബ്ദം കേട്ടുതുടങ്ങി. ടിപ്പുസുൽത്താന്റെ ഒരു വലിയ സൈന്യം നിറംകൈതക്കോട്ട ആക്രമിപ്പാൻ വരുന്നുണ്ടെന്ന കാര്യം തീർച്ചയായി. ഈ സൈന്യത്തെ ജയിച്ച് ഏതൊരു പ്രകാരമാണ് കപ്പലിലേക്ക് എത്തിച്ചേരേണ്ടത് എന്ന ആലോചന മാത്രമായിരുന്നു കോട്ടയിൽ കൂടിയവർക്ക് ഉണ്ടായിരുന്നത്. യോദ്ധാക്കളായ തമ്പുരാക്കന്മാരും മററുള്ളവരും ഒക്കെ ശത്രുക്കളെ എതിർത്തു സ്ത്രീകളെയും വൃദ്ധന്മാരെയും രക്ഷിക്കുവാനുള്ള ആലോചനയായി. നിർബന്ധിച്ചു വിരവിൽ വലിയ തമ്പുരാനും തമ്പുരാട്ടിമാരുമൊപ്പം കുടുംബങ്ങളുമുള്ളടത്തോളം തോണികളിൽ കയറി ബേപ്പൂർ പുഴയിലേക്കു കടക്കേണ്ടതാണെന്നു തീർച്ചയാക്കി. അതിനുള്ള ഒരുക്കങ്ങളും തുടങ്ങി. നേരം സന്ധ്യയായി തുടങ്ങി. മുഹമ്മദീയ സൈന്യങ്ങൾ പുഴയ്ക്കക്കരെ കോട്ടവന്നു വളഞ്ഞുകഴിഞ്ഞു. കാര്യം ഒക്കെ വലിയ പരുങ്ങലിലായി.

നാലു ചെറിയ തോണികൾ നിറയെ ആളുകൾ കയറി കടൽവണ്ടി പുഴമദ്ധ്യത്തിൽ ആയിരിക്കുന്നു. ശേഷം രണ്ടു തോണികളിൽ ആളുകളെ കയററുവാനുള്ള ഉത്സാഹം തുടങ്ങിയിരിക്കുന്നു. അപ്പോഴേക്കും മറുകരയിൽനിന്നു മുഹമ്മദീയ സൈന്യങ്ങൾ തോണിയിലുള്ളവരെ വെടിവെച്ചു തുടങ്ങി. തോണി തുഴയുന്നവരുടെ സാമർത്ഥ്യംകൊണ്ടോ ഭഗവതിയുടെ കടാക്ഷംകൊണ്ടോ എന്നറിഞ്ഞില്ല, ആദ്യത്തെ മൂന്നു തോണിയും വെടിപ്പാട്ട് കടന്നു അപ്പുറം കടന്നിരിക്കുന്നു. ഈ മൂന്നു തോണിയും അതിവേഗത്തോടെ ബേപ്പൂരേക്കു തുഴഞ്ഞുപോയി. ശേഷം പുഴ നടുവിലുണ്ടായിരുന്ന തോണിയും ആളുകളും വെള്ളത്തിൽ ആണ്ടുപോയി. ചിലർ നീന്തി മറുകരയിൽ രക്ഷ പ്രാപിച്ചു. ശേഷമുള്ളവർ മുങ്ങിച്ചത്തു.

ബേപ്പൂർ തുറയിൽ കപ്പൽ വന്നിട്ടുണ്ടെന്നും, നിറുകൈതക്കോട്ടയിലുള്ളവരൊക്കെ കപ്പൽ കയറാനുള്ള ഭാവമാണെന്നും ചാറുകാർ മുഖേന അറിഞ്ഞാണ് മുഹമ്മദീയസൈന്യങ്ങൾ കോട്ടയ്ക്കു നേരെ വന്നത്. തോണിയിലുള്ളവർ എങ്ങോട്ടേയ്ക്കാണ് പോകുന്നതെന്ന മുഹമ്മദീയർക്ക് മനസ്സിലാവാഞ്ഞതിനാൽ അവരെ തൽക്കാലം പിന്തുടർന്നില്ല. കോട്ടയ്ക്കുള്ളിൽ സങ്കേതം പ്രാപിച്ചവരെ പിടികൂടി, അവരെയൊക്കെ കപ്പലിൽ കയറ്റിക്കൊണ്ടുപോവാൻ തക്കംവെച്ചു ദ്രവ്യം കൈക്കലാക്കുവാനുള്ള അത്യാഗ്രഹമാണ് മുഹമ്മദീയസൈന്യങ്ങൾക്ക് മുൻകടന്നു നിന്നിരുന്നത്. ആഴമുള്ള പുഴ കടപ്പാൻ സൌകര്യമില്ലായ്കയാൽ വിഷണ്ണന്മാരായി മുഹമ്മദീയസൈന്യവും കുട്ടിക്കിളികളെപ്പോലെ പരപ്പനാട്ടുകാരും നില്പായി. പരപ്പനാട്ടു നായന്മാരും തമ്പുരാക്കന്മാരും എല്ലാവരെയും കോട്ടയ്ക്കുള്ളിലാക്കി ജീവൻ പോകുന്നതുവരെ മുഹമ്മദീയസൈന്യങ്ങളോട് എതിർപ്പാൻ തീർച്ചയാക്കി. മുഹമ്മദീയർ ഏതുഭാഗത്തിൽക്കൂടിയാണ് പുഴ കടക്കുന്നതെന്ന തിട്ടമില്ലായ്കയാൽ അവിടെയും ഇവിടെയും കാവൽക്കാരെ നിർത്തി. സമയം രാത്രി പന്ത്രണ്ടുമണിയായപ്പോഴേയ്ക്കും മുഹമ്മദീയസൈന്യങ്ങൾ പുഴ കടന്നു കഴിഞ്ഞു. വളരെ മുഹമ്മദീയരെ നായന്മാർ കൊല്ലാതിരുന്നില്ല. എങ്കിലും കപ്പൽമാർഗ്ഗമായി പുറപ്പെട്ടവർ ആയുധം കയ്യിലെടുക്കായ്കയാൽ മുഹമ്മദീയരുടെ തോക്കോടു നേരിടുവാൻ ഒരു നിവൃത്തിയും ഇല്ലാതെ വന്നു. മുഹമ്മദീയർ കോട്ടയിൽ കടന്നപ്പോഴുണ്ടായ ബഹളങ്ങളൊന്നും പറയേണ്ടതില്ല. നിലവിളിയും ആർപ്പുവിളിയും അട്ടഹാസവും വെടിയുടെ ശബ്ദവും കലർന്നു് സ്ഥൈര്യമുള്ളവർ ഉൾക്കമ്പിക്കുടെ കൂട്ടത്തിലും തിരക്കു ഉണ്ടായിരുന്നില്ലെന്നു തന്നെ പറയാം. നായന്മാരും തമ്പുരാക്കന്മാരും മുഹമ്മദീയരോടു ദ്വന്ദ്വയുദ്ധം ചെയ്തു വീരസ്വർഗ്ഗം പ്രാപിച്ചു. അനേകന്മാരെയവർ പരിക്കേല്പിച്ചു. ശേഷമുള്ളവരെ മുഹമ്മദീയർ തടവുകാരാക്കി കോഴിക്കോട്ടേയ്ക്കയച്ചു. ക്ഷേത്രവും, ഭണ്ഡാരവും അയൽപ്രദേശങ്ങളിലുള്ള ഭവനങ്ങളും മുഹമ്മദീയർ കൊള്ളയിട്ടു ജയഭേരിയോടുകൂടി കോഴിക്കോട്ടേയ്ക്കു മടങ്ങി. നിറുകൈതക്കോട്ട മുഴുവനും ശോകത്തിൽ മുങ്ങി. പുലരുമ്പോൾ ആ കപ്പലുടെ കാണ്മാനുണ്ടായിരുന്നത് എത്രയോ ആയിരം ശവശരീരങ്ങളായിരുന്നു. നിറുകൈതക്കോട്ടയിൽ അന്നുണ്ടായിരുന്നതിൽ വിരവിൽ വലിയതമ്പുരാനും നാലഞ്ചുകൂട്ടം തമ്പുരാട്ടിമാരും മറ്റും ചില ആശ്രിതന്മാരും ഒഴികെ ശേഷമുള്ളവരൊക്കെ പടയിൽപെട്ടു. കപ്പലിൽ എത്തിച്ചേർന്നവർ മറ്റുള്ളവരുടെ ദുർദ്ദശയോർത്തു് നന്നെ വ്യസനിച്ചു മനസ്സില്ലാമനസ്സോടെ കപ്പൽമാർഗ്ഗം തിരുവിതാംകൂറിലേക്കു പോകയും ചെയ്തു.

പുത്തൻഗേഹിനിയായ കമ്മിണിയമ്മയെ നിറുകൈതക്കോട്ടയ്ക്കു സമീപം ഒരു വീട്ടിൽ ആക്കിയാണല്ലോ നാം 'പട'വൃത്താന്തം പറഞ്ഞത്. ദീപാരാധനയ്ക്കു കഴിഞ്ഞാൽ തന്നെ കൂട്ടുവാൻ ആളെത്തുമെന്ന ധാരണയിൽ ഒരു മണിവരെ ക്ഷമിച്ചിരുന്ന കമ്മിണിയമ്മ വെടിയുടെ ശബ്ദം കേട്ടപ്പോൾ കലശലായി പരിഭ്രമിച്ചു. എന്തോ ചില ആപത്തുകൾ സംഭവിപ്പാൻ പോകുന്നുണ്ടെന്ന തീർച്ചയാക്കി. കുറെ കഴിഞ്ഞിട്ടും ആരും വന്നതു കണ്ടില്ല. അതിനിടയ്ക്കു പുഴയിലേയ്ക്കു നോക്കിയപ്പോൾ മറുകരയിൽ തീവെട്ടികളും ആയുധപാണികളുമായ മുഹമ്മദീയരെ അണിയണി

യായി കണ്ടു. പുഴയിൽ ഒരു തോണി മറിഞ്ഞു ശവങ്ങൾ ഒലിച്ചുപോകുന്നതും കണ്ടു. ചിലരുടെ മരണക്കളിയും കണ്ടു. ആകപ്പാടെ ഒരു ഭ്രാന്തന്റെ നിലയിലായി. ആരൊക്കെയാണ് മരിച്ചത്, എന്തൊക്കെയാണ് കോട്ടയിൽ നടന്നത്, എന്നറിവാൻ ഒരു മാർഗ്ഗവുമില്ല. എന്തെങ്കിലും ഭക്ഷിക്കുന്നതിന്നു മുമ്പു വീട്ടിൽ നിന്നു പുറത്തിറങ്ങുക തന്നെ എന്നു നിശ്ചയിച്ചു വടക്കോട്ടു നടന്നു. രണ്ടു ഫർല്ലോങ്ങു നടന്നപ്പോൾ വിശാലമായ ഒരു പാടം കണ്ടു. അങ്ങും ഇങ്ങും നോക്കിയാൽ ആരെയും കാണ്മാനില്ല.

'കിട്ടുമെസന്ന്യത്തിലെൻ്റം' [illegible]
ധാത്രീതലങ്ങളിൽ [illegible]
നഷ്ടമായെന്നല്ലനല്ലപെണ്ണുങ്ങളും
ശിഷ്ടജനങ്ങളും നല്ലധനങ്ങളും
ഇഷ്ടിയും പുഷ്ടിയും [illegible]
വൃഷ്ടിയും തുഷ്ടിയും [illegible]
നഷ്ടിപിടിപെട്ടു നാനാജനങ്ങളും
നാട്ടിലും വീട്ടിലും നിന്നു പുറപ്പെട്ടു
കാട്ടിലും മേട്ടിലുമോരോതരം മല.
നാട്ടിലും തോട്ടിലും [illegible]ളിച്ചിരിന്നാർ.

എന്നു പറഞ്ഞതുപോലെ പിറ്റേന്നത്തെ ദിവസം നിറമങ്കതക്കോട്ടയിൽ ചെല്ലാത്ത പരപ്പനാട്ടുകാരൊക്കെ പടവരുന്ന വർത്തമാനം കേട്ടപ്പോഴേക്കും നാടും വീടും ഒക്കെ വേണ്ടെന്നുവെച്ചു കിഴക്കൻ മലകളിലേക്കു ഓടിപ്പോയി ഓടി. കോട്ടയിലല്ലാതെ അയൽപ്രദേശങ്ങളിലൊന്നും ഒരു ജീവിയും ഉണ്ടായിരുന്നില്ല. പല ആലോചനകളോടും നടക്കുന്ന കമ്മിണിയമ്മ എങ്ങു ഭാഗത്തേക്കാണ് പോകുന്നതെന്നു വിവരമില്ലാതെ എത്രയോ ഒരു നാഴികയോളം നടന്നുപോയി. ഉദരം കലശലായി തുടങ്ങി. കണ്ണു കാണാതെയായി. ക്ഷീണം കലശലായി തുടങ്ങി. പ്രസവവേദനയുടെ ആരംഭമാണോ എന്നു ശങ്കതോന്നിത്തുടങ്ങി. ചെല്ലും തോറും പാടത്തിന്നു മദ്ധ്യേ ഒരു മനുഷ്യനിർമ്മിതമായ ഒരു കാവൽപ്പുര നിഴൽപോലെ കാണുമാറുണ്ടോ എന്നു സംശയം തോന്നി. അവിടേക്കു നടന്നു. ഭാഗ്യവശാൽ കൃഷിക്കാർ നെല്ലു കാവലിന്നായി കെട്ടിയിട്ട ഒരു മാളു തന്നെയായിരുന്നു അതു കണ്ടത്. അവിടെ കയറി ചെന്നു. കയ്യിലുണ്ടായിരുന്ന മുണ്ട് അവിടെ വിരിച്ചുകിടന്നു. രണ്ടു മണിക്കൂർ കഴിഞ്ഞപ്പോൾ പ്രസവം കഴിഞ്ഞു. പിന്നെയൊന്നും കമ്മിണിയമ്മക്കു ഓർമ്മയില്ല. നേരം പ്രഭാതമായപ്പോൾ ജീവനില്ലാത്തതായി കിടക്കുന്ന കുട്ടിയേയും വിട്ടു കമ്മിണിയമ്മ പരലോകപ്രാപ്തയാകയും ചെയ്തു. ഈ രാത്രിയിൽ തന്നെ ജീവരക്ഷയ്ക്കായി ഈ പാടത്തുകൂടി ഓടിപ്പോകുന്നവരെ പിന്തുടർന്നു പിടിപ്പാൻ മുഹമ്മദീയർ നടന്നിരുന്നു. എന്നാൽ ഭാഗ്യശക്തിയാലോ നിർഭാഗ്യശക്തിയാലോ കാവൽപ്പുരയിൽ മരിച്ചുകിടക്കുന്ന തള്ളയേയും ഒരു കൊച്ചുകുട്ടിയേയും ആരും കണ്ടില്ല.

നേരം പുലർന്നു പത്തുമണിയായിരിക്കുന്നു. നിറമങ്കതക്കോട്ടയിലും അടുത്ത പ്രദേശത്തും ഒരു ജീവിയെപ്പോലും കാണ്മാനില്ല. വെടിയുടെ ശബ്ദം കേട്ടു പക്ഷിമൃഗങ്ങളും കൂടെ അകലെ പോയിരിക്കുന്നു. കാവൽപ്പുരയിൽ കിടന്ന് ഒരു അനാഥയായ കുട്ടി കാലും കയ്യും കുടഞ്ഞു നിലവിളിക്കുന്നുണ്ട്. ഈ നിലവിളി ഈ വിജനപ്രദേശത്ത് ആരാണ് കേൾക്കുന്നത്!

നിറമങ്കതക്കോട്ടയിൽ എന്തോ ചില സംഭവങ്ങൾ നടന്നതായി പരപ്പനങ്ങാടിക്കാരൻ ചെമ്പൻ ആലിക്കുട്ടി നേരം പ്രഭാതമാകുമ്പോൾ തന്നെ അറിഞ്ഞിരിക്കുന്നു. '[illegible] ധ്വനിയാവിശേഷാത്' എന്നു

ല്ലാം ഇക്കമത്തപ്പാ പടച്ചോൻ' ഉണ്ടാക്കുന്നു. 'ഈ ഹറാമ്പിറന്ന മക്കൾ ഹലാക്കാക്കുന്നു!' എന്നും പറഞ്ഞ്, ആലിക്കുട്ടി പടത്തലവനും അറിവാൻ തിരുമൈതക്കോട്ടയിലേയ്ക്കു യാത്രയായി. അക്കാലത്തു 'ബസ്‌വെപ്പർ' ഒന്നും ഇല്ലാത്ത കാലമാണല്ലോ. നടന്നുകൊണ്ടാണ് ആലിക്കുട്ടി പടത്തലവനെ നേരിട്ടുചെന്ന് അന്വേഷണം നടത്തിക്കളയാമെന്നു വെച്ചത്. ഏകദേശം പത്തുപണിയായപ്പോൾ പാടത്തിന്റെ നടുവിൽ കാവൽപ്പുരയുടെ ഒരു തീണ്ടൽപ്പാട് ദൂരത്തെത്തിയ ആലിക്കുട്ടിയ്ക്ക്, ഒരു കുട്ടിയുടെ നിലവിളി 'നല്ലവണ്ണം' കേൾപ്പാറായിരുന്നു. ഇതൊന്നുമേ 'ഇക്കമത്താ'ണെന്നു മനസ്സിലാവാതെ ആലിക്കുട്ടി വല്ലാതെ പരിഭ്രമിച്ചുവെങ്കിലും സ്ഥലത്തുചെന്നു നോക്കുകതന്നെ എന്നു നിശ്ചയിച്ചു. കാവൽപ്പുരയിൽ എത്തിനോക്കിയപ്പോഴാണ് 'പടച്ചോന്റെ' കളിയൊക്കെ ആലിക്കുട്ടിക്കു മനസ്സിലായത്. കാതിലും കഴുത്തിലും കയ്യിലും സ്വർണ്ണാഭരണങ്ങളണിഞ്ഞു കെട്ടുമണിഞ്ഞ് ഒരു സ്ത്രീ മരിച്ചുകിടക്കുന്നു. ഈ ശവശരീരത്തിനരികെ ജീവശേഷത്തിൻ പ്രഭാവംകൊണ്ടു അഞ്ചാറു മണിക്കൂർ പ്രായം ചെന്ന ഒരു കുട്ടി കാലും കയ്യും കുടഞ്ഞു നിലവിളിക്കുന്നു. ആകപ്പാടെ പ്രകൃത്യാ തന്നെ ദുഷ്ടനല്ലാത്ത ആലിക്കുട്ടി 'പടച്ചോന്റെ' പ്രഭാവത്താൽ ആർദ്രചിത്തനായി. അല്പനേരം സ്തംഭിച്ചുനിന്നു. പിന്നെ നാലുഭാഗവും തിരിഞ്ഞു നോക്കി. ഒരു ഭാഗം ദൂരെ കുന്നിന്മേലുള്ള തിരുമൈതക്കോട്ടക്കേന്ദ്രം കത്തി നശിച്ചതായി കണ്ടു. പാടത്തു കുറെ ദൂരെ തലപോയതും കാലുമുറിഞ്ഞതുമായ ചില ശവശരീരങ്ങൾ കാണ്മാനുണ്ട്. താൻ എന്താണ് പ്രവൃത്തിക്കേണ്ടതെന്നറിയാതെ വിഷണ്ണനായി കുറെ നേരം കഴിച്ചു. ഒടുവിൽ ആ മണത്തിട്ടമേൽ വളർന്നിരുന്ന ഒരു ചെറിയ തെങ്ങിന്മേൽ നിന്നു ഒരു കരിക്കു തള്ളിയിട്ടു താൻ കയ്യിൽ എപ്പോഴും കൊണ്ടു നടക്കാറുള്ള കത്തികൊണ്ട് അതിനുള്ളിൽ നിന്നു കുറെ വെള്ളം എടുത്തു കുട്ടിക്കു കുടിക്കാൻ കൊടുത്തു. കുട്ടിയുടെ കരച്ചൽ നിന്നു, ഉറങ്ങാൻ തുടങ്ങി. ഈ കുട്ടിയെ രക്ഷിക്കേണ്ടതായ ഭാരം തനിയ്ക്കാണെന്നു ആലിക്കുട്ടി തീർച്ചപ്പെടുത്തി, കമ്മിണിയമ്മയുടെ ആഭരണങ്ങളൊക്കെ കൈവശപ്പെടുത്തി. മണത്തിട്ടയിൽ കുഴികുഴിച്ചു കമ്മിണി അമ്മയെ സംസ്കരിച്ചു, കുട്ടിയെയും കൊണ്ട് സ്വദേശത്തേയ്ക്കു പോയി. ഒരു അഗതിയായ 'കാഫിറെ' മുഹമ്മദ് മതത്തിൽ ചേർത്തുവെന്ന കൃതാർത്ഥതയോടെ ഈ കുട്ടിയെ തന്റെ കെട്ടിയവളായ ആമിനുമ്മയെ ഏല്പിച്ചു. കുട്ടിക്കു ആയിശ്ശുകുട്ടിയെന്നു പേരും കൊടുത്തു.

കൊല്ലം പത്തുപന്ത്രണ്ടു കഴിഞ്ഞു. ടിപ്പുസുൽത്താനും ചത്തു. മലയാളജില്ല ഇംഗ്ലീഷ് കമ്പനിയ്ക്കധീനമായി. രാജ്യം വിട്ടുപോയവരൊക്കെ മടങ്ങി എത്തിത്തുടങ്ങി. പരപ്പനാട്ട് വീരവർമ്മ വലിയതമ്പുരാനും രാമക്കുറുപ്പും മടങ്ങിയെത്തീട്ട് രണ്ടു നാലു കൊല്ലമായി. തിരുമൈതക്കോട്ടയെ വിചാരിക്കുമ്പോൾ തമ്പുരാനും രാമക്കുറുപ്പിനും കണ്ണിൽ വെള്ളം നിറയും. ദുഷ്ടനായ തന്റെ അനന്തിരവന്മാർ മരിച്ചതിൽ തമ്പുരാനും, തന്റെ കുലത്തെ നിലനിർത്തേണ്ടവളായ കമ്മിണിയെ രക്ഷിപ്പാൻ തന്നാൽ സാധിച്ചില്ലല്ലോ എന്നു പശ്ചാത്താപം രാമക്കുറുപ്പിനും നന്നേയുണ്ടായിരുന്നു. കമ്മിണിയമ്മ പടയിൽ പെട്ടു മരിക്കാതെ ശേഷിച്ചിട്ടുണ്ടെന്നു സ്വപ്ന

ത്തിൽപോലും വിശ്വസിപ്പാൻ രാമക്കുറുപ്പിന്ന് അവകാശമുണ്ടായിരുന്നില്ല.

ആലിക്കുട്ടി ആകപ്പാടെ ഒരു പ്രാരബ്ധക്കാരനായിരുന്നു. ആയിസ്സക്കുട്ടിക്ക് ഏതാണ്ടു പത്തു വയസ്സു പ്രായമായപ്പോൾ ആലിക്കുട്ടിയുടെ കെട്ടിയവൾ മരിച്ചു. ആയിസ്സക്കുട്ടിയെ വിട്ടുപിരിഞ്ഞു നില്പാൻ അശേഷം നിവൃത്തിയില്ലാത്ത വിധത്തിലായിരിക്കുന്നു ആലിക്കുട്ടിയുടെ സ്ഥിതി. കമ്മിണിഅമ്മയുടെ വക മിക്ക പണ്ടങ്ങളും വിറ്റു മുതലാക്കികഴിഞ്ഞിരിക്കുന്നു. ആകപ്പാടെ ശേഷിപ്പുണ്ടായിരുന്നതു ചെമ്പ്ര എഴുത്തച്ഛൻ സ്വർണ്ണത്തകിടിൽ എഴുതിക്കെട്ടിയ ഒരു പൊൻതകിടുമാത്രമാണ്. ആയതു 'ശൈത്താന്മാർ' ഉപദ്രവം കൂടാതെ കഴിപ്പാൻ ചെറുപ്പം മുതൽക്കെ ആയിസ്സക്കുട്ടി ധരിച്ചുവന്നിരുന്ന ഒരാഭരണമാണ്. ആയിസ്സക്കുട്ടിക്ക് അത്യാവശ്യം വീട്ടുപണികൾ ചെയ്വാൻ പ്രായമായിട്ടുണ്ടെന്നല്ലാതെ കല്ല്യാണത്തിനുള്ള വക തെണ്ടിത്തേടി ഉണ്ടാക്കുവാൻ പ്രായമായിട്ടില്ല. ആലിക്കുട്ടിക്ക പ്രായാധിക്യം ആയിരിക്കുന്നു. ഈ ഘട്ടത്തിൽ ഒരു ദിവസം ആയിസ്സക്കുട്ടിയുടെ തകിടു വില്പാനുള്ള ആലോചനയായി. ഈ പണ്ടം വില്ക്കുന്നതിന്ന് ആലിക്കുട്ടിക്ക് അശേഷം മനസ്സുണ്ടായില്ല. എന്തെങ്കിലും പണയം വെച്ചു തൽക്കാലനിവൃത്തിക്ക വല്ല സംഖ്യയും ഉണ്ടാക്കി കഴിവുവരുമ്പോൾ പണയപ്പാട വീട്ടി, പണ്ടം വീണ്ടെടുക്കാമെന്നുള്ള നിശ്ചയത്തിന്മേൽ തകിടും കയ്യിലാക്കി ആലിക്കുട്ടി പുറത്തേക്കിറങ്ങി. പരപ്പനാട്ടു രാജാക്കന്മാരുടെ ബേപ്പൂർ കോവിലകത്തേക്കു യാത്രയായി.

ബേപ്പൂര് കോവിലകത്തു ചെന്നപ്പോൾ ആലിക്കുട്ടിക്കു തമ്പുരാന്റെ പ്രധാന മന്ത്രി രാമക്കുറുപ്പിനെ കാണ്മാൻ അധികം പ്രയാസമുണ്ടായില്ല. ആലിക്കുട്ടി പരപ്പനാട്ട് സ്വരൂപത്തിലേക്ക് എപ്പോഴും കീഴടങ്ങിയവനാണെന്നും പടക്കാലത്താണെന്നും സ്വാമിദ്രോഹമായി യാതൊന്നും പ്രവൃത്തിച്ചിട്ടില്ലെന്നും, നാടുവിട്ട് ഓടിപ്പോകുമ്പോൾ പണ്ടം തന്നെ ഏല്പിച്ച സാധനങ്ങളൊക്കെ ഒരു ചെറുപോലും കാണാതെ മടക്കിതന്നവൾ മടക്കിക്കൊടുത്തിട്ടുണ്ടെന്നും മറ്റും കുറുപ്പിനെ പറഞ്ഞു മനസ്സിലാക്കി. താൻ തല്ക്കാലം ഒരു പരാധീനക്കാരനാണെന്നും, തള്ളയില്ലാത്ത ഒരു കുട്ടിയെ രക്ഷിക്കേണ്ടതായ ഒരു ഭാരംകൂടിയുള്ളതുകൊണ്ടു കരാ കഴകിലാണെന്നും, തല്ക്കാലം എന്തെങ്കിലും ഒരു സംഖ്യ കടമായി കിട്ടിയാൽ കൊള്ളാമെന്നും അതിന്നു പണയമായി തന്റെ കയ്യിലുള്ള ഒരു പൊൻപണ്ടം വെക്കാമെന്നും മറ്റും പറഞ്ഞു തകിട് കുറുപ്പിന്റെ കയ്യിൽ കൊടുത്തു. സ്വർണ്ണത്തകിടാണെന്ന പരിശോധിച്ചപ്പോഴേക്കും കുറുപ്പ് സ്തംഭിച്ചുനിന്നുപോയി. വളരെനേരം കണ്ണിമയ്ക്കാതെ നിന്നതിന്നുശേഷം ക്രോധതാമ്രാക്ഷനായി ആലിക്കുട്ടിയെ ഒന്നു നോക്കി. ഒടുവിൽ അവനോട് ഒന്നും മിണ്ടാതെ കുറച്ചു അകലെനിന്നിരുന്ന ഒരു നായരോട് ആലിക്കുട്ടിയെ വിട്ടയക്കരുതെന്നു പറഞ്ഞ് തമ്പുരാന്റെ അടുക്കലേക്ക് പോയി.

തകിടിന്റെ മുകളിൽ കമ്മിണിഅമ്മയുടെ പേര് കൊത്തിയിരുന്നുവെന്നുമാത്രമല്ല, ഈ തകിട് ഉണ്ടാക്കുന്ന കാര്യത്തിൽ രാമക്കുറുപ്പ് നേരിട്ടുതന്നെ മുമ്പു ശ്രമം ചെയ്താളായതുകൊണ്ട്, ഇതു കണ്ടപ്പോൾ തന്നെ തന്റെ മരുമകളെ കൊന്നു പണ്ടങ്ങൾ കൈവശപ്പെടുത്തിയത് ആലിക്കുട്ടിയാണെന്ന ബോധം വേഗം വന്നു കഴിഞ്ഞു. ഈ വിവരം തമ്പുരാനെ ഉണർത്തിപ്പാനാണ്

രാമക്കുറുപ്പ് വേഗം തിരുമുമ്പാകെ ചെന്നത്.

ഈ കഥയെ ഇനി അധികം ദീർഘിപ്പിച്ചിട്ട കാൎയ്യമില്ല. ആലിക്കുട്ടിയെ വിചാരണ ചെയ്യുമ്പോൾ മുൻ സംഭവങ്ങളെല്ലാം കുറുപ്പിന്റെ മനസ്സിലായി. ആലിക്കുട്ടിയോട് ആദ്യം തനിക്കുണ്ടായിരുന്ന കോപം മാറി കൃതജ്ഞതയാണ് കുറുപ്പിനുണ്ടായത്. എങ്കിലും തന്റെ വംശവൎദ്ധനക്ക് കാരണഭൂതയായ ഒരു പെൺകുട്ടി പണ്ടു പന്ത്രണ്ടു കൊല്ലകാലം ഒരു മുഹമ്മദീയന്റെ ഭവനത്തിൽ ഇരിക്കേണ്ടിവന്നതിൽ നടന്ന പശ്ചാത്താപവും ജനിച്ചു.

തമ്പുരാൻ വൈദീകന്മാരെ വരുത്തിയും, ആയിസ്സക്കുട്ടിയെ വരുത്തി ചില ശുദ്ധികൎമ്മങ്ങൾ ഒക്കെ കഴിച്ചതും, കുറുപ്പിന്റെ തറവാട് "ചേലാവിൽ ചേന്ന" നായന്മാരുടെ കൂട്ടത്തിൽ ചേൎക്കിയതും ആലിക്കുട്ടിക്ക് മരണംവരെ ചിലവിനു വക കൊടുത്തതും ഒക്കെ വേഗം കഴിഞ്ഞു. ഈ ആയിസ്സക്കുട്ടിയുടെ സന്താനങ്ങൾ ഇപ്പോഴും ഏറനാട്ടുതാലൂക്കിൽ ഉണ്ട്.

എം. ആർ. കെ. സി.

വിദ്യാഭ്യാസസംബന്ധമായ
ചില വിമർശനങ്ങൾ

I

വിദ്യാഭ്യാസസംബന്ധമായി ഒരു ക്ഷോഭം ഇൻഡ്യ ഒട്ടുക്കു ഉണ്ടായിക്കൊണ്ടിരിക്കുന്ന കാലമാണല്ലൊ ഇത്. ചക്രവൎത്തി തിരുമനസ്സുകൊണ്ട് ഈ വിഷയത്തെക്കുറിച്ചു നമുക്കു തന്നിട്ടുള്ള ഉപദേശം നമ്മുടെ ചെവിയിൽ ഇപ്പോഴും മുഴങ്ങിക്കൊണ്ടിരിക്കുന്നു. പ്രാഥമികവിദ്യാഭ്യാസവൎദ്ധനക്കായി മിസ്റ്റർ ഗോഖലെ (Imperial Legislative Council) വൈസരായിയുടെ നിയമനിൎമ്മാണസഭയിലും അതിനു പുറമെയും അശ്രാന്തപരിശ്രമങ്ങൾ ചെയ്തുകൊണ്ടിരിക്കുന്നു. ഇൻഡ്യാഗവൎമ്മെണ്ടും അതിനു കീഴിലുള്ള മറ്റു ഗവൎമ്മെണ്ടുകളും വിദ്യാഭ്യാസവകുപ്പിലേക്കുള്ള ചിലവിനെ അടിക്കടി വൎദ്ധിപ്പിച്ചു വേണ്ടവിധമായ പരിഷ്കാരങ്ങൾ ചെയ്യുന്നതിനു ശ്രമിച്ചുവരുന്നു. നാട്ടുരാജ്യങ്ങളുടെ കൂട്ടത്തിൽ ഒരു ഉപരിനിലയിൽ നില്ക്കുന്ന ബറോഡാ രാജ്യത്തിൽ നിൎബ്ബന്ധിതമായ പ്രാഥമികവിദ്യാഭ്യാസം ഏൎപ്പെടുത്തിയും മറ്റു പ്രകാരത്തിലും വേണ്ട പരിഷ്കാരങ്ങൾ ചെയ്തുകൊണ്ടിരിക്കുന്നു. ഈ രാജ്യത്തെ പിന്തുടൎന്ന മൈസൂർ രാജ്യത്തിലും പരീക്ഷണാൎത്ഥമായിട്ടു നിൎബ്ബന്ധിത വിദ്യാഭ്യാസം ഏൎപ്പെടുത്തുന്നതിനു വേണ്ട ആലോചനകൾ ചെയ്തുവരുന്നു. നമ്മുടെ ഈ തിരുവിതാംകൂറിലും കഴിഞ്ഞ 4-5 കൊല്ലങ്ങൾക്കിടയിൽ വിദ്യാഭ്യാസവകുപ്പിൽ അനേകം ഭേദഗതികൾ വരുത്തി അതിനെ അഭിവൃദ്ധിയിൽ കൊണ്ടുവരുന്നതിനു വേണ്ട ശ്രമങ്ങൾ ചെയ്തിട്ടുണ്ട്. നമ്മുടെ മാതൃഭാഷാഭ്യസനത്തിൽ നാം വേണ്ടപോലെ ശ്രദ്ധിക്കുന്നില്ലെന്നുള്ള ഒരു കുറവിനെ തീൎക്കുന്നതിനു വേണ്ട മാൎഗ്ഗങ്ങൾ കണ്ടുപിടിക്കുവാൻ നമ്മുടെ ഗവൎമ്മെണ്ടു ഇതാ ഒരു ക

ഷിറിയും ഏർപ്പെടുത്തിയിരിക്കുന്നു. ഇവിടെയും പ്രാഥമികവിദ്യാഭ്യാസം നിർബ്ബന്ധിതമാക്കേണമെന്നുള്ള ഉദ്ദേശത്തോടുകൂടി നമ്മുടെ നിയമനിർമ്മാണസഭയിൽ ഒരു ബിൽ കൊണ്ടുവരാൻ ഒരു സാമാജികനു അനുവാദം ലഭിച്ചിരിക്കുന്നു. മൈസൂറിൽ ഏർപ്പെടുത്താനാണെന്നു നിശ്ചയിച്ചിരിക്കുന്നതുപോലെ ഒരു സർവ്വകലാശാല നമ്മുടെ ഈ പട്ടണത്തിലും ഏർപ്പെട്ടുകാണണമെന്നു പലരും ആഗ്രഹിക്കുകയും ചിലർ ആ ആഗ്രഹത്തെ വെളിപ്പെടുത്തുകയും ചെയ്യുന്നു. ഇങ്ങിനെ നാനാപ്രകാരത്തിൽ വിദ്യാഭ്യാസം നമ്മുടെ ആലോചനകളും പ്രവൃത്തികളും വിഷയമായി ഭവിച്ചിരിക്കുന്നു. ഈ സന്ദർഭത്തിൽ* വിദ്യാഭ്യാസസംബന്ധമായി ചില വിമർശനങ്ങൾ ചെയ്യുന്നതു അനാവശ്യമായി വരികയില്ലെന്നു വിശ്വസിക്കുന്നു.

വിദ്യാഭ്യാസംകൊണ്ടു പ്രധാനമായി രണ്ടു കാര്യങ്ങളാണ് സാധിക്കാനുള്ളത്. (1) സദാചാരസമ്പാദനവും, സത്യമായും സമാധാനമായും പൌരജീവിതത്തെ നിർവ്വഹിക്കുന്നതിനുള്ള മാനസികവർദ്ധനവും (2) കാലക്ഷേപരീതി സംബന്ധിച്ച പഴയ മാർഗ്ഗങ്ങളുടെ പരിഷ്കരണവും പുതിയ മാർഗ്ഗങ്ങളുടെ സ്വീകരണവും. എല്ലാ കാലഘട്ടങ്ങളിലും പൌരുഷാവകാശങ്ങൾക്കും സാമുദായികാവകാശങ്ങൾക്കും തമ്മിൽ പ്രാധാന്യതയെ ഉദ്ദേശിച്ചു പ്രബലമായ പിണക്കം നേരിട്ടിട്ടുണ്ട്. കാലത്തിന്റെ തല്ക്കാലവിജ്ഞാനം അനുസരിച്ചു വിദ്യാഭ്യാസത്തിന്റെ വിശദരൂപവും പുരുഷാർത്ഥനീതിയേയോ സമുദായനീതിയേയോ പരമോദ്ദേശ്യകമായി കരുതുകയും ചെയ്തിട്ടുണ്ട്. മനുഷ്യജീവിതം അതിന്റെ മനോമോഹനമായ നിലയെ പ്രാപിക്കണമെങ്കിൽ മേല്പറഞ്ഞ പരസ്പരവിരുദ്ധങ്ങളായ രണ്ടു സംഗതികളും ഉചിതസ്ഥിതമായ ഒരു സംയോഗാവസ്ഥയെ അവലംബിച്ചു പരസ്പരാനുബന്ധകമായി പ്രവർത്തിക്കണം. ഇപ്രകാരമുള്ള ഒരു ജീവിതത്തിന്റെ പരമോദ്ദേശ്യം കേവലം സ്വാതന്ത്ര്യകാരകമായോ പരോപകാരകമായോ മാത്രം കാണപ്പെടാതെ രണ്ടിന്റെയും സവിശേഷമായ ഒരു സമ്മേളനമായി പരിണമിക്കുന്നതാണ്.

ഏതുതരത്തിലുള്ള വിദ്യാഭ്യാസമാണോ മുകളിൽ പറയപ്പെട്ട രണ്ടു സംഗതികളെയും സാധിക്കുന്നത് അതുതന്നെയാണ് ശരിയായിട്ടുള്ള വിദ്യാഭ്യാസം. ഏതൊരു ഗവർമെണ്ടാണോ ഈ തരത്തിലുള്ള വിദ്യാഭ്യാസം എല്ലാ ജനങ്ങൾക്കും ഒന്നുപോലെ, ജാതിമതവ്യത്യാസം കൂടാതെ നല്കുന്നതിനു ശ്രമിക്കുന്നത് അതുതന്നെയാണ് ഏറ്റവും സ്തുത്യർഹമായിട്ടുള്ളത്. ഗവർമെന്റു വിദ്യാഭ്യാസവിഷയത്തിൽ ജാതിമതവ്യത്യാസം പാടില്ലെന്നുള്ള തത്വം നാം ഈ ഇടക്കാലത്തു എങ്കിലും മനസ്സിലാക്കിത്തുടങ്ങിയത് ഏറ്റവും ആശ്വാസജനകം തന്നെ. ഉദ്യോഗം കിട്ടുന്നതിനും വക്കീൽ പണി മുതലായ ചില തൊഴിലുകളിൽ ഏർപ്പെടുന്നതിനും മാത്രം വിദ്യാഭ്യാസം മതിയാകുമെന്നു നാം വിചാരിച്ചുവന്നിരുന്ന കാലമുണ്ടായിരുന്നു. ഇപ്രകാരം വിചാരിക്കുന്ന ആളുകളിൽ ചിലർ നമ്മുടെ ഇടയിൽ ഇപ്പോഴും കണ്ടേക്കാമെങ്കിലും അവരുടെ എണ്ണം വളരെ കുറവായിരിക്കാനേ മാർഗ്ഗമുള്ളു. പുതിയതരം വിദ്യാഭ്യാസമുണ്ടായാൽ കൃഷിക്കാർ പട്ടണങ്ങളിലാകുമെന്നും നിലങ്ങളൊക്കെ തരിശായി കിടന്നു നാടു നശിച്ചുപോകുന്നതിനിടയാകുമെന്നും മറ്റും വിചാരിക്കുന്ന അപൂർവ്വം ചിലർ നമ്മുടെ ഇടയിൽ

* വിദ്യാഭിവൃദ്ധിക്കായി ശ്രമിക്കുന്നവരുടെ വാർഷികയോഗം കൂടിയ ഒരു സഭയിൽ വെച്ചു വായിച്ചതു.

ഇപ്പോഴും ഉണ്ട്. പക്ഷേ ഇങ്ങിനെയുള്ള സംസ്കൃതമനസ്കന്മാരായ യാഥാസ്ഥിതികന്മാരുടെ അഭിപ്രായങ്ങളെ തീരെ ഗണിക്കാതെ നമ്മുടെ ഗവൎമ്മെണ്ടു താഴ്ന്നതരം ജാതിക്കാരുടെ വിദ്യാഭ്യാസത്തിലും വേണ്ടവിധം ശ്രദ്ധിക്കുന്നുണ്ടെന്നുള്ളതു നമുക്കെല്ലാവൎക്കും അറിയാവുന്നതാണല്ലോ. ഒരു മനുഷ്യന്റെ കായകൌശലം മുതലായ ഗുണങ്ങൾ അയാളുടെ പാരമ്പൎയ്യത്തെക്കാൾ അധികം അയാളുടെ സാമുദായികപരിസരത്തിനെ ആശ്രയിച്ചിരിക്കയാണെന്നാണ് പല ശാസ്ത്രജ്ഞന്മാരുടെയും അഭിപ്രായം. അപൂൎവ്വമായി ചില സന്ദൎഭങ്ങളിൽ ഉണ്ടാകുന്ന കുശാഗ്രബുദ്ധികളെ ഒഴിച്ചാൽ ഇതു ഏറെക്കുറെ വാസ്തവമാണെന്നു നമുക്കു തന്നെ അനുഭവത്തിൽ അറിയാമെന്നുള്ളതാണ്. ഇങ്ങനെയുള്ള കുശാഗ്രബുദ്ധികൾ ഉണ്ടാകുന്നതു എപ്പോഴാണ് എങ്ങിനെയാണ് എന്നുള്ളതൊന്നും നമുക്കു മനസ്സിലാക്കാൻ കഴിഞ്ഞിട്ടില്ല. ഷേക്സ്പീയർ, ന്യൂട്ടൺ, നെപ്പോളിയൻ മുതലായ മഹാന്മാരുടെ അസാധാരണസാമൎത്ഥ്യത്തിനുള്ള കാരണം എന്താണെന്നു എങ്ങിനെ മനസ്സിലാക്കും. അതുപോലെയുള്ള മുൻഗാമികളോ പിൻഗാമികളോ കൂടാതെ അവർ തനിയെ സാധാരണ മനുഷ്യരുടെ നിലയിൽനിന്നും പൊങ്ങിയ ഒരു മണ്ഡലത്തിൽ ശോഭിച്ചുകൊണ്ടിരിക്കുന്നു. വിദ്യാഭ്യാസംകൊണ്ടു മാത്രം ഇങ്ങനെയുള്ള ആളുകളെ സൃഷ്ടിക്കുന്നതിനു സാധിക്കയില്ല. അവരെ ഒഴിച്ചാൽ ശേഷമുള്ള സാധാരണ മനുഷ്യർ ഉന്നതസ്ഥിതിയിൽ വരുന്നതിനു വിദ്യാഭ്യാസം ഒരു ഉത്തമമാൎഗ്ഗമായിത്തീരുന്നതാണെന്നുള്ളതിനു സംശയമില്ല. സർ ആൽഫ്രഡ് റസ്സൽ വാലസ് ഇപ്രകാരം പറഞ്ഞിരിക്കുന്നു. 'ഒരു മനുഷ്യന്റെ ബുദ്ധിശക്തിക്കും വികാരസദാചാരഗതികൾക്കും അടിസ്ഥാനമായ സംഗതികൾ ജനനാൽത്തന്നെ അവനിൽ ചേൎന്നിരിക്കുന്നു. എന്നാൽ വിവേകബുദ്ധിയുടേയും വിവേചനശക്തിയുടേയും നിയന്ത്രണംകൊണ്ട് അവയ്ക്കു വളരെ ഭേദഗതികൾ സംഭവിക്കും. ശരിയായ വിദ്യാഭ്യാസം, സമുദായസ്ഥിതി എന്നിവകൊണ്ടും അവ ഒട്ടേറെ പരിഷ്കരിക്കപ്പെടും. കാവ്യമെഴുത്തു, ചിത്രമെഴുത്തു, സംഗീതം എന്നീ വിഷയങ്ങളിൽ പരിജ്ഞാനം കുറവായോ ശൂന്യമായോ ഉള്ള ഒരു കുടുംബത്തിൽ ആകസ്മികമായി മഹാനായ ഒരു കവിയോ, ചിത്രമെഴുത്തുകാരനോ, സംഗീതജ്ഞനോ ജാതനാകുന്നു. പ്രസിദ്ധപ്രകൃതിശാസ്ത്രജ്ഞനായ ഡാൎവിന്റെ ഏറ്റവും സമൎത്ഥനായ പുത്രൻ ഒരു ഗണിതശാസ്ത്രജ്ഞനായിരുന്നു. എന്നാൽ കുശാഗ്രബുദ്ധികളെ ഒഴിച്ചുള്ള എല്ലാവൎക്കും വിദ്യാഭ്യാസംകൊണ്ടു ഒരേ സ്ഥിതിയിൽ വരുന്നതിനു സാധിക്കുമെന്നു ഞാൻ പറയുന്നില്ല. എല്ലാ ആളുകളും പല്ലക്കിൽ കയറിയാൽ പല്ലക്കു ചുമക്കാൻ ആളു വേണമല്ലൊ, പക്ഷേ പല്ലക്കു ചുമക്കുന്നവനും, പല്ലക്കിൽ കയറുന്നവനും ഒരുപോലെയുള്ള വിദ്യാഭ്യാസം ലഭിക്കുന്നതിനു സൌകൎയ്യമുണ്ടായിരുന്നാൽ പല്ലക്കു ചുമക്കുവാൻ മാത്രമേ കൊള്ളുകയുള്ളു എന്നു നാം ഇപ്പോൾ ഗണിച്ചുപോരുന്നവരിൽ ചിലർ പല്ലക്കിൽ കയറാൻ യോഗ്യതയുള്ളവരായും, അതുപോലെ മറിച്ചും കണ്ടേക്കാം. ഒരു മനുഷ്യൻ സ്വയമേവ എത്രതന്നെ സമൎത്ഥനായിരുന്നാലും അയാളുടെ സാമൎത്ഥ്യത്തെ പ്രകടിപ്പിക്കുന്നതിനു സൌകൎയ്യമുണ്ടാകുന്നെങ്കിൽ മാത്രമേ അയാൾ സമൎത്ഥനാണെന്നു ലോകൎക്കു ബോദ്ധ്യം വരികയുള്ളു. ഇങ്ങിനെയുള്ള സൌകൎയ്യമുണ്ടാകുന്നതിനുള്ള ഒരു പ്ര

ധാനമാൎഗ്ഗമാണ് വിദ്യാഭ്യാസം. അതിലേക്കുള്ള സൌകൎയ്യം എല്ലാവൎക്കും ഒരുപോലെ ഉണ്ടാക്കി കൊടുക്കുന്നതാണ്. വിദ്യാഭ്യാസസംബന്ധമായി ഒരു ഗവൎമ്മെന്റു ഒന്നാമതായി ചെയ്യേണ്ടത്. രണ്ടാമതായി വേണ്ടതു, പല തോതിൽ കാണപ്പെടുന്ന മാനസികശക്തികളുടെ വൎദ്ധനവും പലമാതിരി തൊഴിലുകൾക്കും ചേരുന്നവിധവും ജനങ്ങളിൽ ഉദ്ദീപനത്തിനും ഉചിതമെന്ന കാലക്ഷേപമാൎഗ്ഗമായി അനുഷ്ഠിക്കേണ്ടതായ തൊഴിലിനെ സംബന്ധിച്ച ഒരു പ്രാരംഭപാഠവും, പരിചയവും അവൎക്ക് സിദ്ധിക്കത്തക്കവിധത്തിൽ വിദ്യാഭ്യാസരീതിയെ ഏൎപ്പെടുത്തി നടത്തിക്കുന്നതാകുന്നു.

വിദ്യാഭ്യാസംകൊണ്ടുള്ള പ്രധാന ഉദ്ദേശ്യം എന്താണെന്നു മനസ്സിലാക്കാതെ പ്രസംഗിക്കയും പ്രവൎത്തിക്കയും ചെയ്യുന്ന വിദ്യാഭ്യാസതല്പരന്മാർ നമ്മുടെ ഇടയിൽ ധാരാളം ഉള്ളതുകൊണ്ടു ഇതിനെപ്പററി കുറെ വാക്കു പറയുന്നതു അനുചിതമായിരിക്കയില്ലെന്നു വിശ്വസിക്കുന്നു. പൊതുവെയുള്ള വിദ്യാഭ്യാസം സകല ആളുകൾക്കും ഗുണകരമായിട്ടുള്ളതെന്നു പ്രത്യേകം പറയേണ്ടതില്ലാ. കൂലിവേലക്കാരനും കൈത്തൊഴിൽകാരനും, കൃഷിക്കാരനും, എന്നുവേണ്ട, എല്ലാതരം ജോലിക്കാരനും, പൊതുവിദ്യാഭ്യാസമുണ്ടായിരുന്നാൽ അവനവന്റെ തൊഴിൽ ബുദ്ധിപൂൎവ്വമായും ആലോചനാപൂൎവ്വമായും പ്രവൃത്തിക്കുന്നതിനു കഴിയുമെന്നുള്ളതാണെല്ലൊ. വിദ്യാഭ്യാസം തീരെ ആവശ്യമില്ലെന്നു കരുതിപ്പോരുന്ന വേലക്കാൎക്കുകൂടിയും ഇതു സംബന്ധിക്കുന്നതാണ്. ഇതുകൂടാതെ പൊതുവിദ്യാഭ്യാസംകൊണ്ട് ഒരാളിനു മാനസികമായ പരിഷ്കാരവുമുണ്ടാകുന്നതാണ്. മാനസികപരിഷ്കാരംകൊണ്ടു ബുദ്ധിവികാസവും, ദീൎഗ്ഘദൎശിത്വവും സമസ്യകളുടെ നേൎക്ക് അനുകമ്പയും സഹകരണവും, ഗവൎമ്മെന്റിനോടു ആദരവും, വിശ്വാസവും വൎദ്ധിക്കുമെന്നുള്ളതിനു സംശയമില്ലാ. ഇപ്രകാരം തൊഴിൽ സംബന്ധമായും മാനസികമായും ഉള്ള അഭിവൃദ്ധിയെ ഉദ്ദേശിച്ചാണ് കഴിയുന്നെടത്തോളം വിദ്യാഭ്യാസം രാജ്യത്തിലെ എല്ലാ പ്രജകൾക്കും നൽകുന്നതിനു ഓരോ ഗവൎമ്മെന്റും ഉദ്യമിച്ചു വരുന്നത്. എന്നാൽ ഒരു സമുദായത്തിന്റെയും അതിലെ ഓരോ അംഗത്തിന്റെയും ആയ വ്യവസ്ഥാപിതസ്ഥിതികൾ വേണ്ടപോലെ അഭിവൃദ്ധിയിൽ വരണമെങ്കിൽ പല പ്രകാരത്തിലുള്ള തൊഴിലുകളിൽ ഏൎപ്പെട്ടിരിക്കുന്ന ആളുകൾക്ക് പൊതുവെയുള്ള വിദ്യാഭ്യാസത്തോടുകൂടി അവരവരുടെ തൊഴിലുകളിൽ പ്രത്യേകിച്ചുള്ള അഭ്യാസവും അത്യാവശ്യമാണ്. ഇഹലോകത്തിൽ ഇപ്പോൾ പ്രാധാന്യത്തെ അൎഹിക്കുന്നതു ധനമാണല്ലോ. ഒരു മനുഷ്യന്റെയോ ഒരു സമുദായത്തിന്റെയോ ധനസ്ഥിതി മോശമായിരുന്നാൽ അതു മററു മനുഷ്യരുമായോ സമുദായങ്ങളുമായോ ഉള്ള ജീവിതമത്സരത്തിൽ ഒരു വലിയ ന്യൂനതയായി ഭവിക്കുന്നതു നാം കാണുന്നുണ്ടല്ലോ. ഇന്ത്യക്കാർ സാധാരണയായി ഇഹലോകത്തെക്കാൾ പരലോകത്തെപ്പററിയാണ് ചിന്തിക്കുന്നതെന്നുള്ള കാൎയ്യം ഇപ്പോൾ നമ്മിൽ അനേകം പേരിൽ ആരോപിക്കപ്പെടാവുന്നതാണ്. പരലോകത്തെപ്പററിയുള്ള ആലോചനയോടുകൂടി ഇഹലോകത്തെപ്പററി കൂടി ആലോചിക്കാതിരിക്കുന്നതു ഒരു വലിയ തെററാണെന്നുള്ളതു നമുക്കും മററു രാജ്യക്കാൎക്കും തമ്മിലുള്ള വ്യത്യാസംകൊണ്ടു തെളിയുന്നു. അതിനാൽ നാം ഇനിയും ഇപ്പോഴത്തേതിൽ കൂടുതലായി അധോഗതിയെ പ്രാപിക്കാതിരിക്കണ

ങ്കിൽ നമ്മുടെ ധനസ്ഥിതിയെ വർദ്ധിപ്പിക്കുന്നതിനുള്ള മാൎഗ്ഗങ്ങളെക്കണ്ടു പിടിച്ചു പ്രവൃത്തിയിൽ കൊണ്ടുവരുന്നതിനു ശ്രമിക്കേണ്ടതു അത്യാവശ്യമായിട്ടുള്ളതാകുന്നു. ധനസമ്പാദനമാൎഗ്ഗങ്ങളിൽ പ്രധാനമായിട്ടുള്ളവ കൃഷി, കൈത്തൊഴിൽ, കച്ചവടം ഇവയാണല്ലോ. ഈ വക കാൎയ്യങ്ങളിൽ വേണ്ടപോലെ അഭിവൃദ്ധിയുണ്ടാക്കുന്നതിനാണ നാം ഇപ്പോൾ ശ്രമിക്കേണ്ടത്. എല്ലാവിധമായ തൊഴിലിന്നും ശരിയായ നടപ്പിന്നസ്ഥിവാരമായിരിക്കുന്നതു പൊതുവിദ്യാഭ്യാസമാണെന്നു പറഞ്ഞു കഴിഞ്ഞു. പൊതുവിദ്യാഭ്യാസത്തോടുകൂടി തന്നെ ഓരോതൊഴിൽ സംബന്ധിച്ചുള്ള പ്രത്യേകവിദ്യാഭ്യാസവും പ്രചാരത്തിൽ കൊണ്ടുവരുന്നതുകൊണ്ടുമാത്രമേ നമ്മുടെ ധനസ്ഥിതിയിൽ നാം ആഗ്രഹിക്കുന്നേടത്തോളം അഭിവൃദ്ധിയുണ്ടാകയുള്ളു എന്നു നാം പ്രത്യേകം മനസ്സിലാക്കേണ്ടതാണ്.

പരിഷ്കാരദശയിലും ധനസ്ഥിതിയിലും പരമകാഷ്ഠയെ പ്രാപിച്ചിരിക്കുന്ന പാശ്ചാത്യരാജ്യങ്ങളിലെ ഇപ്പോഴത്തെ വിദ്യാഭ്യാസനയം മേല്പറഞ്ഞ ഉദ്ദേശ്യത്തെ ഉത്തരോത്തരം സാധിപ്പിക്കുന്നതായിട്ടാണ് കാണപ്പെടുന്നതു. ഏകദേശം പത്തൊമ്പതാം ശതാബ്ദത്തിന്റെ ആരംഭംവരെ ആ രാജ്യങ്ങളിലും സാഹിത്യവിദ്യാഭ്യാസത്തിനെയാണ് യഥാൎത്ഥവിദ്യാഭ്യാസമെന്നു അതാതു ഗവൎമ്മെണ്ടുകൾ ഗണിച്ചുവന്നിരുന്നത്. ഈ തെറ്റിനെ അവർ കണ്ടുപിടിക്കയും ഇപ്പോൾ അതിനെ പരിഹരിക്കയും ചെയ്തിരിക്കുന്നു. നമ്മുടെ ഇപ്പോഴത്തെ സ്ഥിതി പാശ്ചാത്യരാജ്യങ്ങളുടെ പത്തൊമ്പതാംശതാബ്ദത്തിലെ ആരംഭകാലത്തിലെ സ്ഥിതിയോടു സമമായിട്ടാണ് കാണുന്നത്. ആ കാലത്ത് അവരുടെ വിദ്യാഭ്യാസരീതിയിലുണ്ടായിരുന്ന തെറ്റുകൾ നമ്മുടെ ഇടയിൽ മേലാൽ ഉണ്ടാകാതിരിക്കുന്നതിനു ശ്രമിക്കേണ്ട കാലം ഇതാണ്. നമ്മുടെ വിദ്യാഭ്യാസരീതി ഏതുവിധത്തിലായിരിക്കണമെന്നുള്ളതു പാശ്ചാത്യരാജ്യങ്ങളിലെ ഇപ്പോഴത്തെ വിദ്യാഭ്യാസരീതിയിൽനിന്നും മനസ്സിലാക്കാവുന്നതാകുന്നു.

ഇംഗ്ലണ്ട്, ജൎമ്മനി, അമേരിക്ക, മുതലായ വലിയ രാജ്യങ്ങളിലെ വിദ്യാഭ്യാസരീതികൾ ഏതാണ്ടൊരുപോലെയുള്ളവയായിട്ടാണ് കാണുന്നത്. ഈ കാൎയ്യത്തിൽ വേണ്ടപോലെയുള്ള പരിഷ്കാരങ്ങൾ വരുത്തി വിദ്യാഭ്യാസരീതിയെ പ്രായോഗികമാക്കിച്ചെയ്തതു ഒന്നാമതായി ജൎമ്മനിയാണ്. ജൎമ്മനിയെ തുടൎന്ന് അതേ രീതിയിലുള്ള ഒരു രീതി അമേരിക്കയിലും ഏൎപ്പെടുത്തി. ഈ രണ്ടു രാജ്യങ്ങളുടെയും മുമ്പോട്ടുള്ള ഗതിയെ കണ്ട് ഇംഗ്ലണ്ടും വിദ്യാഭ്യാസവിഷയത്തിൽ കാലത്തിനനുസരിച്ചുള്ള പരിഷ്കാരങ്ങൾ ഈ ഇടകാലത്തു വരുത്തുകയും, ഇപ്പോഴും വരുത്തിക്കൊണ്ടിരിക്കയും ചെയ്യുന്നു. ഈ രാജ്യങ്ങളിലെ വിദ്യാഭ്യാസരീതിയിലെ പൊതുഗുണങ്ങളെന്താണെന്നു നോക്കാം. അവിടങ്ങളിൽ വിദ്യാഭ്യാസത്തെ മൂന്നുതരമായി തിരിച്ചിട്ടുണ്ട്. 1. പ്രാഥമികം (Elementary). 2. പ്രാസ്ഥാനികം (Secondary). 3. ഉൽകൃഷ്ടം.

പാശ്ചാത്യരാജ്യങ്ങളിലെല്ലാം പ്രാഥമികവിദ്യാഭ്യാസം (Elementary Education) നിൎബ്ബന്ധിതമാക്കിട്ടുണ്ട്. ഇംഗ്ലണ്ടിൽ 12 വയസ്സുവരെയും ജൎമ്മനിയിൽ 14 വയസ്സുവരെയും എല്ലാ കുട്ടികളും വിദ്യാഭ്യാസം ചെയ്യുന്നതിനുള്ള നിൎബ്ബന്ധമുണ്ട്. ഇംഗ്ലണ്ടിലും 14 വയസ്സുവരെ വിദ്യാഭ്യാസം

നിൎബ്ബന്ധിതമാക്കുന്നതിന് ഒരു ചട്ടം ഇപ്പോൾ ഏൎപ്പെടുത്തിയിരിക്കുന്നു. ഈ പ്രാഥമികവിദ്യാഭ്യാസം എല്ലാത്തരം ജോലിക്കാരും ഉദ്ദേശിച്ചിട്ടുള്ളതാകകൊണ്ടു മാതൃഭാഷാഭ്യസനമാണ് ഇതിൽ പ്രധാനമായി കരുതിയിരിക്കുന്നത്. ഇതോടുകൂടി കണക്കും, ചരിത്രവും, ഭൂമിശാസ്ത്രവും മറ്റു പൊതുവിഷയങ്ങളും പഠിപ്പിക്കുന്നുണ്ട്. എന്നാൽ സാധാരണയായി പ്രാഥമികവിദ്യാഭ്യാസം കഴിഞ്ഞതിന്റെ ശേഷം കുട്ടികളധികം ആളുകളും വിദ്യാഭ്യാസം നിറുത്തി ഓരോ തൊഴിലുകളിൽ പ്രവേശിക്കുന്നിടയുള്ളതുകൊണ്ടു വളരെ സാധാരണയായിരിക്കുന്ന തൊഴിലുകളെ സംബന്ധിച്ചുള്ള ചില അറിവുകളും കഴിയുന്നിടത്തോളം പ്രായോഗികമായിട്ടു കുട്ടികൾക്കു പ്രാഥമികവിദ്യാലയങ്ങളിൽ നൽകിവരുന്നുണ്ട്. എല്ലാ രാജ്യത്തിലും പട്ടണങ്ങളൊഴികെ ശേഷമുള്ള സ്ഥലങ്ങളിലൊക്കെ പ്രധാനമായിട്ടുള്ള തൊഴിൽ കൃഷിയാണ്. അതിനാൽ പ്രാഥമികവിദ്യാലയങ്ങളിൽ ഒരു വിധമായ കൃഷിവിദ്യാഭ്യാസവുംകൂടി നടത്തിവരുന്നു. ഇതിൽ കുട്ടികൾക്ക് കഴിയുന്നത്ര ഉത്സാഹവും അഭിരുചിയുമുണ്ടാകുന്നതിനായി പാഠശാലയക്കൃഷിനിലങ്ങൾ (School gardens) ഏൎപ്പെടുത്തി ആ വിഷയം നിവൃത്തിയുള്ളിടത്തോളം പ്രായോഗികപാഠങ്ങളോടുകൂടി പഠിപ്പിച്ചുവരുന്നു. പ്രാഥമികവിദ്യാഭ്യാസം കഴിച്ചു പള്ളിക്കൂടം വിട്ടുപോകുന്നതിൽ അധികംപേരും കൃഷിത്തൊഴിലിൽ ഏൎപ്പെടുന്നതിനു ഇടയുള്ളതുകൊണ്ടു ആ സംബന്ധമായ അറിവ് അവൎക്ക് കിട്ടുന്നതായിരുന്നാൽ അവരുടെ തൊഴിലിനെ കുറെക്കൂടി ഭംഗിയായി ചെയ്വാൻ കഴിയുന്നതാണല്ലൊ. അതുപോലെ മരപ്പണി, കൊല്ലവേല മുതലായ കൈത്തൊഴിലിലേൎപ്പെടേണമെന്നുള്ളവൎക്ക് ആ വക തൊഴിലുകളിലും ഒരുവിധമായി അറിവു സിദ്ധിക്കുന്നതിനു പ്രാഥമികവിദ്യാലയങ്ങളിൽ ഏൎപ്പാടുകൾ ചെയ്തിട്ടുണ്ട്.

ഇപ്രകാരം ഓരോ തൊഴിലുകളിൽ ചില്ലറ അറിവു സമ്പാദിച്ചുംകൊണ്ടു പ്രാഥമികവിദ്യാഭ്യാസം കഴിഞ്ഞുപോകുന്നവർ ഓരോരോ തൊഴിലിൽ ഏൎപ്പെട്ടതിന്റെ ശേഷം പൊതുവായും തൊഴിൽസംബന്ധമായുമുള്ള അവരുടെ അറിവിനെ വൎദ്ധിപ്പിക്കുന്നതിനു സൌകൎയ്യമുണ്ടാക്കേണ്ടതായി ജൎമ്മനിയിൽ ആദ്യമായിട്ടും അതിന്റെ ശേഷം അമേരിക്കയിലും ഇംഗ്ലണ്ടിലും Continuation Schools എന്ന നാമധേയത്തിൽ ഒരു തരം വിദ്യാലയങ്ങൾ ഏൎപ്പെടുത്തീട്ടുണ്ട്. തൊഴിലുകളിൽ ഏൎപ്പെട്ടിരിക്കുന്നവരുടെ സൌകൎയ്യത്തിനനുസരിച്ചാണ് ഈ സ്ഥാപനങ്ങൾ നടത്തിപ്പോരുന്നത്. അവർ ജോലിയില്ലാതെയുള്ള സമയങ്ങളിൽ, അതായതു വൈകുന്നേരങ്ങളും, ഒഴിവുദിവസങ്ങളിലും, ആണ് ഈ വിദ്യാലയങ്ങളിൽ പഠിപ്പിക്കുന്നത്. അവയിലെ പാഠവിഷയങ്ങളിൽ പൊതുവിഷയങ്ങളും, കൃഷി, കൈത്തൊഴിൽ മുതലായവയുംപോരി പ്രാഥമികവിദ്യാലയങ്ങളെ അപേക്ഷിച്ചു കൂടുതലായ തോതു ഏൎപ്പെടുത്തിയിരിക്കുന്നു. ജൎമ്മനിയിൽ പല സ്ഥലങ്ങളിലും കുട്ടികൾ 14 വയസ്സിന് പ്രാഥമികവിദ്യാഭ്യാസം തീൎന്നുകഴിഞ്ഞാൽ 3 വൎഷംകൂടി ഈ മാതിരിയുള്ള സ്ഥാപനങ്ങളിൽ പഠിക്കണമെന്നു നിൎബ്ബന്ധമുണ്ട്. ഈ ചട്ടം ഇംഗ്ലണ്ടിലും നടപ്പിൽ വരുത്താൻ ഇപ്പോൾ ആലോചിച്ചുവരുന്നു. പ്രാഥമിക പാഠശാലകളുടേയും മറ്റു പാഠശാലകളുടേയും പ്രധാന ഉദ്ദേശ്യം ജനങ്ങൾക്കു പൊതുവായും തൊഴിൽസംബന്ധമായുമുള്ള വിദ്യാഭ്യാസം താ

ഴ്ന്ന രീതിയിലെങ്കിലും പരക്കെ നാക്കണമെന്നുള്ളതാണ്. വിദ്യാഭ്യാസംകൊണ്ടുള്ള അനേകവിധമായ പ്രയോജനമാണ് ഇതിൽ മുമ്പിട്ടുനില്ക്കുന്നത്.

പ്രാഥമികവിദ്യാഭ്യാസം ജനസമൂഹത്തിൽ ഏറ്റവും താഴ്ന്ന നിലയിലുള്ളവർക്കായിട്ട് ഉദ്ദേശിച്ചിരിക്കുന്നു. അതായത് കൈപ്പണിക്കാർ, കൂലിവേലക്കാർ മുതലായവർ. പ്രാസ്ഥാനികവിദ്യാഭ്യാസം പലതരം തൊഴിലാളികൾ, താഴ്ന്നതരം ഗവർമെൻറുജീവനക്കാർ മുതലായവർക്കാണ്. അതിലേക്ക പ്രത്യേകം പാഠാലയങ്ങൾ ഉണ്ടാക്കുകയും അതിന്റെ ഉദ്ദേശ്യമനുസരിച്ചു പാഠവിഷയങ്ങൾ ഏർപ്പെടുത്തുകയും ചെയ്തിരിക്കുന്നു.

കുറെ കാലങ്ങൾക്കു മുമ്പെ പാശ്ചാത്യരാജ്യങ്ങളിലെ പ്രാസ്ഥാനിക വിദ്യാഭ്യാസ വിഷയങ്ങളിൽ പ്രാധാന്യം, ലാറ്റിൻ, ഗ്രീക്ക് മുതലായ ഭാഷകൾക്കായിരുന്നു. ബുദ്ധിവികാസത്തെയും, ശുദ്ധതയെയും വർദ്ധിപ്പിക്കുന്നതിനു ഈ മാതിരി ഭാഷാപഠനം വളരെ ഉതകുന്നതാണെങ്കിലും വ്യവസായാഭിവൃദ്ധിക്കും നാട്ടിലെ ധനസ്ഥിതിയെ നന്നാക്കുന്നതിനും അതു തീരെ ഉപയോഗമില്ലാത്തതായി കണ്ടതുകൊണ്ടു ആ വക സംഗതികൾക്ക് അടിസ്ഥാനമായിരിക്കുന്ന ശാസ്ത്രാഭ്യസനത്തിന് ഇപ്പോൾ പ്രാധാന്യം കല്പിച്ചിരിക്കുന്നു. ഈ കാര്യത്തിലും വേണ്ട പരിഷ്കാരങ്ങൾ ആദ്യമായി ചെയ്തതു ജർമ്മനിയാണ്. അവിടെ 19-ാംനൂറ്റാണ്ടിന്റെ ആദ്യകാലത്തു പ്രാസ്ഥാനിക വിദ്യാഭ്യാസത്തിന് 'ജിമ്നേഷിയ' എന്നൊരുതരം സ്ഥാപനങ്ങൾ മാത്രമേ ഉണ്ടായിരുന്നുള്ളു. അവയിൽ ലാറ്റിൻഭാഷ സർവ്വപ്രധാനവും ശാസ്ത്രാഭ്യസനം ശൂന്യവുമായിരുന്നു. കുറെ കഴിഞ്ഞപ്പോൾ 'റിയൽജിമ്നേഷിയ' എന്ന വേറൊരു തരം സ്ഥാപനങ്ങളുണ്ടാക്കി. അവയിൽ ലാറ്റിൻഭാഷയ്ക്കും ശാസ്ത്രാഭ്യസനത്തിനും ഏകദേശം തുല്യപ്രാധാന്യമുണ്ടായിരുന്നു. പിന്നെ കുറെ കാലം കഴിഞ്ഞപ്പോൾ വേറൊരു സ്ഥാപനമുണ്ടാക്കി. ഇവയിൽ ലാറ്റിൻ ഭാഷ ശൂന്യവും ശാസ്ത്രാഭ്യസനം സർവ്വപ്രധാനവുമായിത്തീർന്നു. ഈ മൂന്നു തരം സ്ഥാപനങ്ങളും ഇപ്പോൾ ജർമ്മനിയിലുണ്ടെങ്കിലും അധികംപേരും ഈ ഒടുവിൽ പറഞ്ഞതിനെയാണ് പ്രോത്സാഹിപ്പിച്ചു വരുന്നത്. പ്രാസ്ഥാനിക പാഠശാലകളിൽ പൊതുവിഷയങ്ങളും ഫ്രഞ്ച്, ഇംഗ്ലീഷ് മുതലായ അന്യഭാഷകളും, രസതന്ത്രം, തത്വശാസ്ത്രം, ജീവിശാസ്ത്രം മുതലായ ശാസ്ത്രങ്ങളുമാണ് പഠിപ്പിക്കുന്നത്. സാങ്കേതികവിദ്യാഭ്യാസത്തിന് ഈ പള്ളിക്കൂടങ്ങളിൽ ഏർപ്പാടൊന്നുമില്ല. അതിലേക്ക പ്രത്യേകസാങ്കേതികശാലകളുണ്ട്. പക്ഷേ സാങ്കേതികവിദ്യാഭ്യാസത്തിനു സഹായമായി തീരത്തക്കവിധത്തിലാണ് രസതന്ത്രം മുതലായ ശാസ്ത്രങ്ങളെ ഇവിടെ പഠിപ്പിക്കുന്നത്.

ജർമ്മനിയിൽ പ്രാസ്ഥാനികവിദ്യാഭ്യാസത്തിനു പലപ്രകാരത്തിൽ പ്രാധാന്യം കല്പിച്ചിട്ടുണ്ട്. അതു മുഴുവനാക്കി School leaving പരീക്ഷ ജയിച്ചുവെങ്കിൽ മാത്രമെ ഗവർമ്മെണ്ടു ഉദ്യോഗത്തിലും, ഉയർന്നതരം സാങ്കേതികശാലകളിലും സർവകലാശാലകളിലും മറ്റും പ്രവേശനം കിട്ടുകയുള്ളൂ. അതിനാൽ കൂലിവേലക്കാരായിട്ടോ താഴ്ന്നതരം മറ്റു ജോലിക്കാരായിട്ടോ കഴിച്ചുകൂട്ടിയാൽ പോരാ എന്നു ഉദ്ദേശിക്കുന്ന എല്ലാപേരും പ്രാസ്ഥാനിക വിദ്യാഭ്യാസം കഴിച്ചു സർട്ടിഫിക്കേറ്റ് സമ്പാദിക്കേണ്ടത് അത്യാവശ്യമായിട്ടാണിരിക്കുന്നത്. എന്നുമല്ല, എല്ലാ ശേഷിയുള്ള പുരുഷന്മാരും രണ്ടു കൊല്ലം പട്ടാള

ത്തിൽ ചേരണമെന്നുള്ള നിർബ്ബന്ധനിബന്ധനയെ സ്കൂൾലീവിങ്ങ് സർട്ടിഫിക്കേറ്റ് ഉള്ള ആളുകളുടെ കാര്യത്തിൽ കറെ അയച്ചിട്ടുണ്ട്. അതായത് അങ്ങിനെയുള്ളവർ ഒരു വർഷക്കാലം വിദ്യാർത്ഥി ആയി ചേൎന്ന സൈന്യസംബന്ധമായ കാര്യങ്ങൾ പരിചയിച്ചാൽ മതിയാകുന്നതാണ്. രണ്ടു വർഷക്കാലവും പട്ടാളത്തിൽ ചേൎന്ന സേവിക്കുന്നവരെല്ലാം വിദ്യാഭ്യാസം കറവുള്ളവരാണെന്നുള്ള ഒരു ന്യൂനത ഇല്ലാതിരിക്കുന്നതിലേക്കായിട്ടും ചിലർ സ്കൂൾലീവിങ്ങ് സർട്ടിഫിക്കേറ്റ് സമ്പാദിക്കുന്നുണ്ട്. ഏതുപ്രകാരത്തിലായിരുന്നാലും പ്രാഥമിക വിദ്യാഭ്യാസം മറ്റു രാജ്യങ്ങളിലേക്കാൾ ജർമ്മനിയിൽ കൂടുതൽ പ്രചാരത്തിലും അഭിവൃദ്ധിയിലും എത്തീട്ടുണ്ട്. പ്രാഥമിക വിദ്യാഭ്യാസത്തിലെന്നപോലെ ഈ കാര്യത്തിലും ഇംഗ്ലണ്ടു ജർമ്മനിയെ പിന്തുടരുന്നതിന് ഇപ്പോൾ ശ്രമിച്ചുവരുന്നു. പക്ഷെ ജർമ്മനിയിലില്ലാത്തതായ ഒരു നല്ല ഏർപ്പാട ഇംഗ്ലണ്ടിൽ ഇപ്പോഴുണ്ട്. അതായത് അവിടത്തെ ബോർഡിങ്ങ് സ്കൂൾ എന്ന സ്ഥാപനങ്ങളാണ്. ഇവ സ്വാതന്ത്ര്യസദാചാരനിഷ്ഠക്കു ഒരു ഉത്തമമായ മാതൃകയായിട്ടാണ് കണ്ടുവരുന്നത്. കീർത്തിപ്പെട്ട ഭരണാധികാരികൾ, രാജപ്രതിനിധികൾ, രാജ്യതന്ത്രജ്ഞന്മാർ, ഗ്രന്ഥകാരന്മാർ, മുതലായ ആളുകളൊക്കെ ഈ മാതിരി സ്ഥാപനങ്ങളിൽ പഠിച്ചു ശരിയായ മാനസികപരിഷ്കാരം ഉണ്ടായിട്ടുള്ളവരായിരിക്കും. എന്നാൽ ഇവയെപ്പറ്റി ഒരു ന്യൂനത പറയാനുള്ളതു ഇവയിൽ എല്ലാ ആളുകൾക്കും പ്രവേശിക്കാൻ സാധിക്കയില്ലെന്നുള്ളതാണ്. ഈ സ്ഥാപനങ്ങളിൽ പഠിക്കുന്നതിനു സാധാരണയിലധികം ചിലവുള്ളതുകൊണ്ടു വലിയ കുഡുംബത്തിലുള്ളവർക്കും ധാരാളം പണമുള്ളവർക്കും മാത്രമെ ഈ പള്ളിക്കൂടങ്ങളിൽ കുട്ടികളെ അയച്ചു പഠിപ്പിക്കാൻ സാധിക്കയുള്ളു. ഇതുകൊണ്ടു പണമുള്ളവരും വലിയ കുഡുംബത്തിലുള്ളവരും അവരേക്കാൾ താഴ്ന്ന സ്ഥിതിയിലുള്ളവരുമായി സ്വാതന്ത്ര്യമായി പെരുമാറുന്നതിനു നിവൃത്തിയില്ലാതെ തീരുകയും അതുമൂലം ഇവർ തമ്മിലുള്ള അന്തരവും അസ്വാതന്ത്ര്യവും ക്രമേണ വർദ്ധിക്കുന്നതിനു ഇടയാകുകയും ചെയ്യുന്നുണ്ട്. ഈ മാതിരിയുള്ള ദോഷം ജർമ്മനിയിൽ കാണുന്നില്ല. അവിടെ വലിയവനും ചെറിയവനും, പണമുള്ളവനും പണമില്ലാത്തവനും ഒരേ പള്ളിക്കൂടത്തിൽ ചേൎന്ന പഠിച്ചു സമനിലയിൽ അന്യോന്യസഹവാസത്തോടുകൂടി പെരുമാറിക്കൊണ്ടിരിക്കുന്നു. അവിടത്തെ രാജകുഡുംബത്തിലെ അംഗങ്ങളെക്കൂടി ഇപ്രകാരമുള്ള സാധാരണപള്ളിക്കൂടങ്ങളിലയച്ചു പഠിപ്പിക്കുന്നുണ്ട്. പൊതുവെ പറയുന്നതായിരുന്നാൽ ബോർഡിങ്ങ് സ്കൂൾ ഏർപ്പാടുകൊണ്ടു ഒരു വിധത്തിൽ ഗുണവും വേറൊരുവിധത്തിൽ ദോഷവും കാണുന്നുണ്ട്. ഇതു ഏതുപ്രകാരമായിരുന്നാലും ആകപ്പാടെ നോക്കുന്നതായാൽ ജർമ്മനിയിലെ പ്രാഥമികവിദ്യാഭ്യാസം ഇംഗ്ലണ്ടിലുള്ളതിനെക്കാൾ ശ്ലാഘനീയമാണെന്നു മഹാന്മാരായ ചില ഇംഗ്ലീഷുകാർ കൂടി സമ്മതിക്കുന്നുണ്ട്. (തുടരും)

(ഡോക്ടർ, എൻ. കുഞ്ഞൻപിള്ള എം. എ. ബി. എസ്സ്. സി. ഡി. എസ്സ്. സി.)

ശാസ്ത്രീയവിഷയങ്ങൾ

(1) ഉറക്കവും മരണവും

ഇച്ഛാശക്തി, ക്രിയാശക്തി, ജ്ഞാനശക്തി എന്ന വാക്കുകളെപ്പററി ഹിന്ദുശാസ്ത്രവ്യവഹാരം എന്തായിരുന്നാലും ഈ ലേഖനത്തിൽ അതിന്നു കല്പിച്ചിട്ടുള്ള അൎത്ഥം, നമ്മളിൽ യാദൃച്ഛികമായും അല്ലാതെയും ഉണ്ടാകുന്നതായ ശക്തിവിശേഷങ്ങൾ (Voluntary and involuntary motions) എന്നു മാത്രമാണ്. ഇച്ഛാശക്തിയും ജ്ഞാനശക്തിയും തമ്മിൽ വലുതായ അന്തരമില്ലാത്തതുകൊണ്ടു ജ്ഞാനശക്തിയിൽ ഇച്ഛാശക്തി ലയിച്ചിട്ടുണ്ടെന്നു സങ്കല്പിച്ചു് ഇച്ഛാശക്തിയേയും ക്രിയാശക്തിയേയും മാത്രം ഇപ്പോൾ ആലോചിച്ചാൽ മതി.

തലച്ചോറിനെ മുമ്പും പിമ്പും എന്നു രണ്ടായി ഭാഗിച്ചു് അതിൻ മുമ്പിൽനിന്നു പുറപ്പെടുന്ന ശക്തിയൊക്കെ ക്രിയാശക്തിയും പിമ്പിൽനിന്നു പുറപ്പെടുന്നതൊക്കെ ഇച്ഛാശക്തിയുമായിട്ടാണ് പാശ്ചാത്യന്മാർ വിചാരിച്ചുവരുന്നത്. അതായത് ഉന്മേഷനിമേഷങ്ങൾ, ശ്വാസോച്ഛ്വാസങ്ങൾ, ഹൃദയത്തിന്റെ ഇടിപ്പു്, ദഹനം, തുടങ്ങിയുള്ള അനേക ജോലികൾ നമ്മുടെ ദേഹത്തിൽ നടക്കുന്നതു ക്രിയാശക്തിയുടെ ജോലികളാണ്. അറിയുക, കണ്ണും കാലും ഇളക്കുക, നടക്കുക, സംസാരിക്കുക, തുടങ്ങിയുള്ളതൊക്കെ ഇച്ഛാശക്തിയുടെ പ്രവൃത്തിയാണ്. ഈ രണ്ടു ശക്തികൾക്കും നാം എപ്പോഴും അധീനന്മാരാണെങ്കിലും ഇവയുടെ ശക്തികൾ എപ്പോഴും തരം തിരിച്ചറിവാൻ നമ്മാൽ സാധിക്കയില്ലെങ്കിലും, ഇങ്ങിനെ രണ്ടു വകപ്പായി ശക്തിയുടെ വികാരം നമ്മളിൽ ഉണ്ടാകുന്നുണ്ടെന്നു കാൎയ്യം നിൎവ്വിവാദമാണ്.

ഈ ശക്തികളിൽ ഇച്ഛാശക്തിക്കു ദിനംപ്രതി കുറെ സ്വസ്ഥതകൂടാതെ നിവൃത്തിയില്ല. ഇച്ഛാശക്തി സ്വസ്ഥതപ്പെടുമ്പോഴാണ് നാം ഉറങ്ങുന്നുവെന്നു പറയുന്നത്. ക്രിയാശക്തി നാം ഉറങ്ങുമ്പോഴും വ്യാപരിച്ചുകൊണ്ടുതന്നെയിരിക്കുന്നു. നാം ഉറക്കം കഴിച്ചാൽ ഇച്ഛാശക്തിക്കു ബലക്ഷയം വരുന്നുവെന്നു മാത്രമല്ല, ആ ബലക്ഷയം ക്രിയാശക്തിയേയും ബാധിക്കുന്നു. അതാണ് ചില രോഗകാരണമായിത്തന്നെ തീരുന്നത്. പൌരാണികകാലങ്ങളിൽ അപരിഷ്കൃതന്മാരുടെ ഇടയിൽ നടപ്പുണ്ടായിരുന്ന ഒരു ശിക്ഷ, ദോഷിയെ ഉറങ്ങാൻ സമ്മതിക്കാതെ രോഗിയാക്കി കൊല്ലുകയാണ്. ഈ ശിക്ഷക്കധീനനാക്കിയവനെ ജെയിൽപാറാവുകാർ എപ്പോഴും ഉണൎത്തിയിരുത്തും. രണ്ടെട്ടു ദിവസം ഇങ്ങിനെ കഴിയുമ്പോൾ ഈ ദോഷിയുടെ ക്രിയാശക്തി ക്ഷയിച്ചു് അവൻ മരിക്കുന്നു.

ക്രിയാശക്തിയുടെ ഉറക്കമാണ് മരണമെന്നു പറയുന്നത്. ഈ ദീൎഘനിദ്രയും സാധാരണ നിദ്രപോലെ ഉണരാത്തതല്ല. പക്ഷെ എത്രകാലം ക്രിയാശക്തി വ്യാപാരം ചെയ്തിട്ടുണ്ടോ അത്രകാലവും ഉറങ്ങിക്കിടക്കും. അതു മാത്രമെയുള്ളു. ആ ദീൎഘനിദ്ര അവസാനിക്കുന്നതുവരെ ഈ ദേഹത്തെ കേടുകൂടാതെ നിൎത്തുവാൻ സാധിക്കുമെങ്കിൽ വീണ്ടും ജീവൻ വന്നു ക്രിയാശ

ക്തിയും ഇച്ഛാശക്തിയും യോജിച്ച പ്രവൃത്തിയുമെന്നാണ് പാശ്ചാത്യന്മാർ പറയുന്നത്.

നമ്മുടെ യോഗാഭ്യാസികളും ഈ രണ്ടു ശക്തിയെയും നല്ലവണ്ണം അറിഞ്ഞ് അവയെ ജ്ഞാനശക്തികൊണ്ട് ഇഷ്ടം പോലെ വ്യാപരിപ്പിയ്ക്കുന്നു. അതായതു യോഗാഭ്യാസത്തിന്റെ മിടുക്കുകൊണ്ടു ക്രിയാശക്തിയ്ക്ക് ഇടയ്ക്കിടെ ഉറങ്ങുവാൻ അവസരം കൊടുത്തു ആയുസ്സിനെ ദീർഘിപ്പിയ്ക്കുന്നു. ഇങ്ങിനെ ആയുസ്സിനെ ദീർഘിപ്പിപ്പാൻ ശക്തിയുള്ളവർ മഹാത്മാക്കളെന്നു പറയുന്നവരായിരിയ്ക്കാം.

ഈ തത്വം ഒട്ടുകാലും ഈ ബ്രഹ്മാണ്ഡത്തെ തന്നെ സംബന്ധിക്കുന്നതാണ്. സഗുണബ്രഹ്മാവസ്ഥയിൽ ലോകം എത്ര കാലത്തോളം വ്യാപരിക്കുന്നുണ്ടോ അത്രകാലത്തോളം നിർഗ്ഗുണബ്രഹ്മമായി ലോകം പ്രളയത്തിൽ മുങ്ങിക്കിടക്കുമെന്നു പറയുന്നുണ്ടല്ലൊ. ഈ ലോകത്തിൽ മനുഷ്യൻ ബ്രഹ്മാണ്ഡത്തിന്റെ ഒരു വ്യഷ്ടി മാത്രമാണെന്നുള്ള മഹദ്വചനം ഇപ്പോൾ പാശ്ചാത്യന്മാർ ദൃഷ്ടാന്തസഹിതം തെളിയിച്ചുതുടങ്ങിയിരിക്കുന്നു.

—•••—

2. എക്സ് റെയിസ്സ്.

പാശ്ചാത്യന്മാരുടെ ചികിത്സാക്രമത്തിൽ എക്സ് റെയിസ്സുകൊണ്ടുള്ള ദേഹപരിശോധനസമ്പ്രദായം വളരെ പ്രധാനമായി ഗണിച്ചുവരുന്നൊന്നാണ്. ഈ യന്ത്രത്തിന്റെ സഹായത്താൽ നമ്മുടെ ദേഹത്തിനുള്ളിൽ കിടക്കുന്നതൊക്കെയും വെളിവായി പുറമെ കാണ്മാൻ സാധിയ്ക്കും. മാംസംകൊണ്ടുള്ള മറവിനെ ഈ യന്ത്രം കളയുന്നുവെന്നൊ അല്ലെങ്കിൽ മാംസത്തെ കണ്ണാടിക്കു തുല്യമാക്കുന്നുവെന്നൊ വിചാരിയ്ക്കാം. വെടികൊണ്ട് ഒരാളുടെ ദേഹത്തിൽ കിടപ്പുള്ള വെടിയുണ്ട എവിടെയാണെന്നു കണ്ടുപിടിപ്പാനും ഇതുപോലെയുള്ള മറ്റാവശ്യങ്ങൾക്കുമാണ് 'എക്സ് റെയിസ്സ്' ഉപയോഗമായിത്തീരുന്നത്. വെടികൊണ്ട ദിക്കിൽ ഉണ്ട നില്ക്കില്ല. അതു ശരീരത്തിൽ എവിടെയെങ്കിലും കടന്നുകൂടും. അതതു ഇന്ന സ്ഥലത്താണെന്നറിഞ്ഞാൽ അവിടെ കീറി വെടിയുണ്ട പുറത്തെയ്ക്ക് എടുക്കുന്നതാണല്ലൊ. ഈ 'എക്സ് റെയിസ്സ്' വിലാത്തിയിലെ ചില തപ്പാലാപ്പീസ്സുകാർ, വേറെ ഒരു ആവശ്യത്തിന് ഇപ്പോൾ ഉപയോഗിച്ചുതുടങ്ങിയിരിക്കുന്നു. തപ്പാലിൽ വരുന്ന പാർസൽ ലക്കോട്ടു മുതലായതിനുള്ളിൽ, തപ്പാലാപ്പീസ്സുകാരെ തോല്പിച്ചു തപ്പാൽകൂലി ആദായമെടുപ്പാൻ വാച്ച്, മോതിരം, ചങ്ങല മുതലായ സാധനങ്ങൾ വെച്ചയക്കുന്നത് എളുപ്പത്തിൽ പരിശോധിച്ചറിവാൻ ഈ "എക്സ് റെയിസ്സ്" അവരെ സഹായിയ്ക്കുന്നു. പാർസലിന്റെ ഉള്ളിൽ ഇന്ന സാധനങ്ങളൊക്കെയുമുണ്ടെന്നു പാർസലിന്റെ പുറമെ ഈ യന്ത്രം വെച്ചുനോക്കിയാൽ കാണ്മാൻ ഒരു പ്രയാസവുമില്ലത്രെ.

സി. കെ. യം.

—•••—

ശൃംഗാരമണ്ഡനം ഭാണം

(പരതനയ കല്ലൂര് നാരായണൻ മൂസ്സ് അവർകൾ)

നാന്ദി.

ഉല്ലാസത്തോടുദിക്കുംഗിരിയിൽവിലസീടും
ശോണനാളലേന്ദുശോഭാ
സല്ലീലകല്പലെല്ലാംഹരനെവരപെരു-
ശ്രേണിയാൽഭംഗിക്കും
അല്ലത്തിൽപോലിനെത്തുമരഴിയതാവി
ന്നാന്ത്രകാലാകലാപം (ഇ-
മെല്ലപ്പൂതുന്നഗൌരികചഗിരിയുഗളം
മംഗളം ചെയ്കണമേ.

അത്രതന്നെയുമല്ല —

ഗോപ്പസംമേച്ചവൃന്ദാവനമുവിളവനം
ഉന്നിനംകൂലമാകം
ഗോവിന്ദൻപാതടിച്ചുപലപലകളിയാൽ
ക്ഷീണനായ്പ്പോണിട്ടമ്പോടേ
ആവിർമ്മോദാലശോകദൃപതളിതകളാ-
ലാശ്രുവിലിതലോടി
ജ്ജീവിപ്പിക്കുന്നഗോപീജനനിനിരയം
വീക്ഷണം നിത്യവും മേ.

അതുമാത്രമല്ല —

ആയംകാണാതകണ്ണഞ്ചിയതിലമതം
പാൽകലത്തിന്റെകൂട്ടിൽ
തെസപരംകോലിട്ടുകത്തിന്നുമുഖയുടെശരിയാം
ല്ലിനംതാൻവായകാട്ടി
ചോതംക്ഷീരംകുടിച്ചിട്ടടനെയവിടെനി-
ന്നുഗോപീഗൃഹത്തിൽ
ചോതംചോതോഹരാംഗൻചൊടിയൊടുവി
ഞ്ഞണം ചിത്തരംഗേ. (ലസി-

അതുകൊണ്ടും മതിയില്ലാ —

കണ്ടാസ്ലായോധനത്തിൽകളിക്കുംപതി
റായിരത്തെട്ടിലുംതാൻ (നാ-
സഞ്ജാതപ്രേമമാൽസ്സുരസമനസിനം
കേളിയാടിക്രമത്തിൽ
ഞെക്കപ്പെടുന്നിവായ്ക്കുന്നതിനിടയിലൊളി-
ച്ചുനാഥംജ്വരവൃത്യാ
രഞ്ജിപ്പിക്കുന്നരാധാധരമധുരസികം
കണ്ണനെക്കൈതൊഴുന്നേൻ.

(നാന്ദിയുടെ അവസാനത്തിൽ സൂത്രധാ
രൻ പ്രവേശിക്കുന്നു)

സൂത്രധാരൻ — (തൊഴുതുംകൊണ്ട്)

നേത്രമേനൊക്കാതുൾപ്രകാശിക്കും
കാമിനീവരനെത്തിനം
കാമനക്കുലമഴ്യനാ
കാമനംകൈതൊഴുന്നേൻ.

കാമദേവനെപ്പോലെ ആയംതന്നെയി
ട്ടോ ഞാ. ഞ്ചു!

പദാംഗരുനിന്നസംപോരമയോഗ്യനാമിന്ദ്രനെ
മുരാന്തകാരുമെന്നപോലെ ഭവിലിജ്ഞാനം ച-
(ന്നാം
പുരാപൃത്ഥിചരിക്കവാന്നിവനൊമനാംകാര-
(ണാം
പരാക്രമമിതിൽപ്പുരാപാവതെന്നുപാർക്കം-
(വിധേയ-

എന്നാൽ ഇവരുടെ കഥ ഇരിക്കട്ടെ;
ഇവർ കുറെ സ്ത്രീജിതന്മാരായിരിക്കാം. ക
ത്തിയെരിയുന്ന മൂന്നാം തൃക്കണ്ണിൽ കാമ
ദേവനെ ദഹിപ്പിച്ചിരിക്കുന്ന സാക്ഷാൽ
ശ്രീപരമേശ്വരന്റെ കഥ വിചാരിച്ചാൽ
അത്ഭുതം തന്നെ.

ധിക്കാരത്തോടെതിർക്കാക്കുസുമശരമെരിം
മിക്കുംതിരുന്നാം
തൃക്കണ്ണാൽ കൂടെ പാർത്തിക്കിനാഥ ത്വ-
സ്സോനാഥമാലെ ചാപ്പുമൂലം

ഭൃംഗാകാരാത്തിപൂണ്ടപ്രകൃതിയുടലുമ-
ങ്ങേകിയെന്നാലൊട്ടകം
വക്കാണത്തിന്നുപോരിട്ടായതെന്നിജട-
ക്കെട്ടിലുംവന്നുകൂടി.

ആശ്രിതവാത്സല്യം എന്നുള്ള ഗുണം ഈ കാമദേവനെപ്പോലെ ആക്കും ഉണ്ടെന്നു തോന്നുന്നില്ല.

പത്തും പുഷ്പങ്ങൾ, പൊൻകുടം, കളമൊ-
ട്ടൊന്നുപ്പൂവൻവച്ചതും
ചന്തംചേരുന്നൊരു ചക്രവാകയുഗവും,
കരീന്ദ്രകുംഭങ്ങളും
താന്താങ്ങൾക്കപഹരിച്ചപാടുമുഴവൻ
നോക്കുന്നേരം പോർകൊങ്കകൾ-
ക്കെന്തിപ്പോളൊരുതാഴ്ചയിപ്പുലർശരൻ
നിൽപുണ്ടുനല്പിൻബലം.

വളരെ വിസ്തരിച്ചിട്ടാവശ്യമില്ല.

(അടുത്തുനിന്നു തൊഴുതുംകൊണ്ട്)

പാരിൽകീർത്തിപെരുത്തുള്ളിവപുരം
തന്നിൽപ്രസിദ്ധപ്പെടും
പൂരത്തിന്നിഹവന്നു ചേർന്ന പുരുഷാ-
രത്തെപ്പുകഴ്ത്തീടുവാൻ
പോരാഞ്ഞാനൊരുഭാണമിസ്സഭയിൽവെ-
ച്ചാടാൻനിനച്ചീയതി-
ന്നാരംഭിച്ചസദസ്യരിന്നു സദയം
കൊണ്ടാടുവാൻവന്ദനം.

അതുകൊണ്ടു സാമാജികന്മാർ മസകരമായിരിക്കുന്ന ഭാണം ഏതാകുന്നു എന്നഭിപ്രായപ്പെടുവാനും ഈ കൃത്യം വേണ്ടവിധം നിർവഹിക്കുന്നതിന് അനുഗ്രഹിപ്പാനും സവിനയം അപേക്ഷിക്കുന്നു.

(അണിയറയുടെ നേരെ നോക്കീട്ട്)

ആര്യേ! ഇവിടെ വന്നാലും.

(നടി പ്രവേശിക്കുന്നു.)

നടി—എന്തിനാകുന്നു എന്നെ വിളിച്ചത്?

സൂത്ര—ആര്യേ! പറയാം; കേൾക്കുക.

കേടററിസ്സഭയിലിന്നൊരുഭാണമിപ്പോ-
ളാടുന്നതിന്നുനിയുന്നുപ്രയോജനാത്ര!
പാടുള്ളതാമിതുചെയ്യുന്നതിനേറെയായാൽ
നേടാംനമുക്കതിപുഷ്ടിയശസ്സുമർത്ഥം.

നടി—ആര്യ! എന്നാൽ ഏതു ഭാണമാണിവിടെ പ്രയോഗിക്കേണ്ടത്?

(ഒട്ടുപാരം ആകാശത്തിൽ
ചെവിയോർത്തിട്ട്)

ചൊല്ലേറുന്നൊരുകേരളത്തിൽപുകഴിയപഴനെ-
ല്ലിപ്പുരത്തന്നൊരെക്കാ-
ള്ളുന്നൻനാട്ടുകാർക്കിതമിതന്നുനിപാ.
ഒട്ടുവൈദ്യാഗ്രഗണ്യൻ
വിള്ളുന്നൻനാട്യവിദ്യാചതുരതകലര-
ന്നോരുനാരായണാഖ്യ-
സൂത്രപ്രീത്യാരചിത്തപുത്തൻകവിതകൾപോലെ
ന്നായതിൽപ്പെട്ടതാട്ടെ. (ഇ-

(എന്നു ഒന്നുപോലും കേട്ടതായി നടിച്ച്)

നടി—ആര്യ! ഈ സദാവാസികളുടെ വാക്കുകൊണ്ടു കവിയുടെ പേരുമാത്രം മനസ്സിലായതല്ലാതെ ഇന്ന ഭാണം വേണ്ടമെന്ന് ഇനിയും തിട്ടമായിട്ടില്ലല്ലോ.

സൂത്ര—ആര്യേ! കാര്യമൊക്കെ മനസ്സിലായി. നമ്മുടെ ഉദ്ദേശവും ഫലിച്ചു. എന്തുകൊണ്ടെന്നാൽ,

(ഇടക്കം)

കൊച്ചിസാഹിത്യസമാജം

ഒരു സാമാന്യയോഗം.

1089 എടവം 32-ാംനു ഞായറാഴ്ച വൈകുന്നേരം 4½ മണിയ്ക്കു തൃശ്ശിവപേരൂര് മംഗളോദയം കമ്പനി ആപ്പീസ്സിൽ വെച്ചു കൂടിയ കൊച്ചി സാഹിത്യസമാജം വക സാമാന്യയോഗത്തിലെ ആലോചനകളും തീർപ്പുകളും.

സഭയിൽ ഹാജരുണ്ടായിരുന്ന സാമാജികന്മാർ.

കൊച്ചി 10-ാം കൂറ രാമവൎമ്മ അപ്പൻതമ്പുരാൻ തിരുമനസ്സുകൊണ്ട്

മ. രാ. രാ.	സി. അച്യുതമേനോൻ	അവർകൾ	ബി. എ.
"	സി. അന്തപ്പായി	"	ബി. എ.
"	കെ. ഗോവിന്ദൻനമ്പ്യാര്	"	ബി. എ., ബി. എൽ.
"	വി. കെ. കണ്ണൻമേനോൻ	"	
"	സി. കുഞ്ഞിരാമൻമേനോൻ	"	
"	കാറിപ്പാറത്തു കേശവൻനായര്	"	

തീർപ്പുകൾ.

1. ങ്ക:— ഉച്ചാരണം മൂന്നു വിധത്തിൽ (1) ങ്ക, (2) ൻക, (3) ൺക. 'ങ്ക' എന്ന അക്ഷരം സാമാന്യമായിട്ട് ങ്ക എന്ന ശബ്ദത്തെ കുറിക്കുന്നു. ൻക, ൺക, എന്ന ഉച്ചാരണങ്ങളെ കുറിക്കുന്ന ദിക്കുകളിൽ 'ങ്ക' എന്ന് കൂട്ടക്ഷരമായിട്ടും ൻക, ൺക, എന്ന് വിടുത്തിട്ടും എഴുതാവുന്നതാണ്. എന്നാൽ ൻക, എന്നുള്ള പ്രത്യയത്തിൽ വരുമ്പോൾ 'ങ്ക' എന്നു തന്നെ എഴുതേണ്ടതാകുന്നു.

ഉ:— വെൺകൊററക്കുട — വെങ്കൊററക്കുട
ചൺകം — ചങ്കം
അവൻകൾ — അവങ്കൾ

2. മ്പ:— ഉച്ചാരണം മൂന്നു വിധത്തിൽ (1) മ്പ, (2) ൻപ, (3) ൺപ. സാമാന്യമായി മ്പ എന്ന ശബ്ദത്തെ കുറിക്കുന്നു. ൻപ, ൺപ, എന്ന ഉച്ചാരണങ്ങളെ കുറിക്കുന്ന ദിക്കുകളിൽ മ്പ എന്നു കൂട്ടക്ഷരമായിട്ടും ൻപ, ൺപ, എന്നു വിടുത്തിട്ടും എഴുതാവുന്നതാണ്.

ഉ:— അൻപ് — അമ്പ്
അൻപ — അമ്പ
പൈൺപൈതൽ — പൈമ്പൈതൽ

(ങ്ക- എന്ന അക്ഷരത്തിനും മേൽപ്പറഞ്ഞതു ബാധിക്കുന്നതാണ്*. വർഗ്ഗപഞ്ചമങ്ങൾക്കു മറ്റുള്ള വർഗ്ഗാക്ഷരങ്ങളോട് ഇങ്ങനെ സംയോഗത്തിൽ സംശയത്തിനു അവകാശവും ഉള്ളതല്ല. മ. പ.)

2. സമാജത്തിന്റെ ഉദ്ദേശങ്ങളിൽ ഒന്ന് ഒരു നല്ല മലയാളനിഘണ്ടു ഉണ്ടാക്കേണമെന്നാകുന്നു. ബ്രിട്ടീഷ്, കൊച്ചി, തിരുവിതാംകൂർ ഈ ഗവൎമ്മെണ്ടുകൾ ഇങ്ങിനെ ഒരു നിഘണ്ടു ഉണ്ടാക്കേണ്ടതിന്നു ഏൎപ്പാടുകൾ ചെയ്യുവാനന്നതായി അറിയുന്നു. ഈ കാൎയ്യത്തിൽ ഈ സമാജത്തിന്റെ ഒത്താശകൂടി ഉണ്ടായിരിപ്പാൻ മേപ്പടി ഗവൎമ്മെണ്ടുകളോട് അപേക്ഷിക്കേണ്ടതാണെന്നും, ഇതു സംബന്ധമായി മേലാൽ വേണ്ടത് സമാജം പ്രസിഡെണ്ട് ചെയ്യേണ്ടതാണെന്നും തീർച്ചയാക്കി.

3. മംഗളോദയം മാസിക സംബന്ധമായി സമാജത്തിനുള്ള ഭാരം നിവൃത്തി കേണ്ടതിനായി ഒരു ക്ലാർക്കിന്ന 5 ക. വരെ പ്രതിഫലം സമാജഫണ്ടിൽനിന്നു കൊടുക്കുന്നതിന്നു വിരോധമില്ലെന്നും, ലേഖനങ്ങൾ സമ്പാദിക്കുന്നതിന്ന് ഈ ക്ലാർക്ക് പുറമെ പോകേണ്ടിവന്നാൽ യഥാർത്ഥവഴിച്ചിലവു കൊടുക്കാമെന്നും, ഈ നിശ്ചയം കഴിഞ്ഞ കംഭം മുതൽ ബലത്തിൽ പെടുന്നതാണെന്നും തീർച്ചയാക്കി. രാമവൎമ്മ (കപ്പി)

പ്രസിഡെണ്ട്.

———*———

പുതുതായി ചേൎന്ന സാമാജികന്മാർ.

123 മ. രാ. രാ. എം. ശേഷഗിരിപ്രഭു അവർകൾ എം. എ.
മദിരാശി കോളേജ്.

124 „ വിളായിത്തായിൽ കൃഷ്ണൻ വൈദ്യർ അവർകൾ
പുത്തൻതോട്—തൃപ്പൂണിത്തുറ.

——◦◦——

1089 മിഥുനം 28-ാംനു- കൂടി പണം അടച്ച സാമാജികന്മാരുടെ വിവരം.

			മുൻതുക	58	0	0
69	മ. രാ. രാ.	കത്തനാർ വാരിയർ	അവർകൾ	1	0	0
5	„	വി. കെ. കത്തനാർമേനോൻ	„	3	0	0
110	„	സി. വി. രവിവൎമ്മരാജാ	„	1	0	0
43	„	പി. കെ. നാരായണൻ നമ്പീശൻ	„	1	0	0
31	„	അഴകംകരപ്പറമ്പു കരുണാകരൻ നായർ	„	2	0	0
13	„	എ. ഗോപാലമേനോൻ തിരുവനന്തപുരം	„	3	0	0
36	„	കോയിക്കൽ രാമവൎമ്മൻ തിരുമുൽപ്പാട്	„	3	0	0
121	„	കെ. വി. ഗോവിന്ദൻനായർ	„	1	0	0
75	„	ആർ. ഈശ്വരപ്പിള്ള	„	3	0	0
102	„	പന്തളത്തു കേരളവൎമ്മതമ്പുരാൻ	„	3	0	0
73	„	കണ്ടൂർ നാരായണമേനോൻ	„	3	0	0
93	„	കെ. സി. മാനവിക്രമൻ രാജാ	„	3	0	0
34	„	സി. കെ. കേരളവൎമ്മതമ്പാൻ	„	2	0	0
64	„	കാലടി രാമൻ നമ്പ്യാര്	„	2	0	0
23	„	കെ. പി. പത്മനാഭമേനോൻ	„	3	0	0
33	„	വി. നാരായണൻ നായര്	„	3	0	0
122	„	പി. ലക്ഷ്മണൻ നമ്പൂതിരി	„	3	0	0
63	„	ഇ. ഗോപാലമേനോൻ	„	2	0	0
7	„	സി. കുഞ്ഞിരാമമേനോൻ	„	2	0	0
98	„	കെ. പരമേശ്വരക്കുറുപ്പ്	„	2	0	0
			ആകെ	104	0	0

തൃശ്ശിവപേരൂർ
28—1—89 } കെ. ഗോവിന്ദൻ നമ്പ്യാർ
സാഹിത്യസമാജം ഖജാൻജി.

———*———

മദിരാശിഗവൎമ്മെണ്ടിന്റെ മറുവടി.

ഇടവം 32-ാംനു-ത്തെ സമാജയോഗത്തിൽ വെച്ചു തീൎച്ചപ്പെടുത്തിയപ്രകാരം സമാജം പ്രസിഡെണ്ടു മദിരാശിഗവൎമ്മെണ്ടിലേക്ക് അയച്ച എഴുത്തിനു, ഗവൎമ്മെണ്ട് അക്ടിങ്ങ് സിക്രട്ടരി ബഹുമാനപ്പെട്ട, ഡബ്ലിയു ഫ്രാൻസിസ്സ് സായ്പവർകൾ മുഖേന താഴെ കൊടുത്ത മറുവടി സമാജം പ്രസിഡെണ്ടിന്നു കിട്ടിയിരിക്കുന്നു.

ഊട്ടകമണ്ട് 1914 ജൂലായി 1-ാംനു-

'നിങ്ങൾ കഴിഞ്ഞ ജൂൺ 19-ാംനു- അയച്ച എഴുത്തു കയ്പറ്റിയിരിക്കുന്നു. എഴുത്തിൽ പ്രസ്താവിച്ച കാൎയ്യം ഗവൎമ്മെണ്ടിന്റെ ശ്രദ്ധയിൽ പെടുന്നതാണ്.'

സമാജം വക ഒരു പ്രത്യേക പരസ്യം.

സാഹിത്യസമാജനിശ്ചയങ്ങൾക്കനുസരിച്ച് താഴെ പറയുന്ന കേരളീയസാഹിത്യകാരന്മാരുടെ ജീവചരിത്രം സമാജം മുഖേന അച്ചടിച്ചു പ്രസിദ്ധം ചെയ്വാൻ ആലോചിച്ചുവരുന്നുണ്ട്. സാമാജികന്മാരിൽ ആരെങ്കിലും, ഇവരിൽ ആരുടെയെങ്കിലും ജീവചരിത്രം എഴുതുവാൻ ഒരുക്കമുണ്ടെങ്കിൽ വിവരം സമാജം പ്രസിഡെണ്ടിനെ ഉടനെ അറിയിക്കേണ്ടതാണ്. ഈ വക പുസ്തകങ്ങൾ പരിശോധിച്ചു വേണ്ടപ്പെട്ട ഭേദഗതികൾ ചെയ്തു പ്രസിദ്ധം ചെയ്വാൻ സമാജം ഏല്ക്കുന്നതും ഈ വക പ്രസിദ്ധീകരണങ്ങളിൽ നിന്നുണ്ടാവുന്ന ആദായത്തിന്റെ പകുതിയിൽ കുറയാതെ ഒരു സംഖ്യ ഗ്രന്ഥകൎത്താവായ സാമാജികന്നു പ്രതിഫലമായി കൊടുക്കുന്നതുമാണ്. പുസ്തകം എഴുതേണ്ട രീതി ഇംഗ്ലീഷിൽ 'സാഹിത്യകാരന്മാർ' (men of letters) എന്ന ഗ്രന്ഥങ്ങളുടെ സമ്പ്രദായത്തിലാണ്. അധികവിവരം പ്രസിഡെണ്ടിനോട് എഴുതിചോദിച്ചാൽ കിട്ടുന്നതാണ്.

1. തുഞ്ചത്ത് രാമാനുജനെഴുത്തച്ഛൻ
2. കണ്ണശ്ശപ്പണിക്കർ
3. ഉണ്ണായിവാരിയർ
4. ചെറുശ്ശേരി നമ്പൂതിരി
5. കലക്കത്ത കുഞ്ചൻനമ്പ്യാർ
6. ഇരയിമ്മൻ തമ്പി
7. മേല്പുത്തൂർ നാരായണഭട്ടതിരി
8. കോട്ടയം കേരളവൎമ്മതമ്പുരാൻ
9. വെണ്മണി നമ്പൂതിരിപ്പാടന്മാർ
10. കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻതമ്പുരാൻ
11. നടുവത്തച്ഛൻനമ്പൂതിരി
12. ഒ. ചന്തുമേനോൻ

പുറമെ അവർ പൂർവ്വികന്മാരുടെ പ്രേതങ്ങളെയും ആരാധിക്കുന്നുണ്ട്. ഈ വക ഭൂതങ്ങളും പ്രേതങ്ങളും ഉറക്കത്തിൽ പ്രത്യക്ഷമായി അവർക്കാവശ്യമുള്ളതു ചോദിക്കുകയും, ചോദിച്ചതു കൊടുക്കാതിരുന്നാൽ ഓരോ കഷ്ടപ്പാടുകൾ ഉണ്ടാക്കിത്തീർക്കുകയും ചെയ്യുമത്രെ.

ശവസംസ്കാരം

ഉള്ളാടന്മാർക്കു ചുടലകളുണ്ട്. അവർ ശവം സാധാരണയായി അവിടെ കൊണ്ടുപോയി ദഹിപ്പിക്കുകയാണ്. എന്നാൽ ചിലർ കുടികൾക്ക് അല്പം ദൂരെയായി കുഴിച്ചിടുന്ന സമ്പ്രദായവുമുണ്ട്. അവർ 15 ദിവസം പുലയാചരിക്കും. 16-ാം പക്കം കാലത്തു തളിപ്പുൻ ചെന്നു കുടിലും അതിന്റെ ചുററുപാടുകളും അടിച്ചു വൃത്തിയാക്കി പുലകുളിച്ചുവരുന്നവരുടെ മേൽ ചാണകവെള്ളം തളിച്ചു ശുദ്ധമാക്കും. അന്നേദിവസം കുടുംബക്കാരെയെല്ലാം ക്ഷണിച്ചുവരുത്തി ഭക്ഷണവും കൊടുക്കും. ഈ വക സദ്യകൾക്കു ക്ഷണിക്കപ്പെടുന്നവർ സദ്യച്ചിലവിലേക്കു വല്ലതും കാഴ്ച് അരിയോ, കൂട്ടാൻ വെപ്പാനുള്ള സാധനങ്ങളോ, കള്ളോ, പണമോ കൊണ്ടുപോയി കൊടുക്കുക ഉള്ളാടന്മാരുടെയും പുലയന്മാരുടെയും മററു താണ ജാതികളുടെയും ഇടയിൽ ഒരു പതിവാണ്. ഈ വക സാധനങ്ങൾ ഇല്ലിമികളും ചില ധർമ്മശീലന്മാരായ മേൽജാതിക്കാരിൽനിന്നും കിട്ടുന്നതുമാണ്. കല്യാണവസാനത്തിലും ഈ വിധം തന്നെ ഒരു സദ്യ പതിവുണ്ട്. ഒരുവൻ മരിച്ചാൽ ബാധിക്കു മൂപ്പൻ അവന്റെ മരുമകനാണ്. മുമ്പിൽ പറഞ്ഞപോലെ, അവൻ അവന്റെ ധനത്തിന് അവകാശിയാകുന്നതിനാൽ അവകാശം തെളിയിക്കുന്നതിലേക്ക് ഇത് ആവശ്യവുമാകുന്നു.

തൊഴിൽ

കടൽത്തീരത്തുള്ള ഉള്ളാടന്മാർ വഞ്ചി ചെലുത്തുവാനും മരം മുറിക്കുവാനും അറിയാം. എന്നാൽ ഉൾപ്രദേശങ്ങളിൽ പാർക്കുന്നവർ വഞ്ചി ചെലുത്താൻ അറിഞ്ഞുകൂട. അവർ കുറിക്കാടുകളിലോ, ചെറുവൃക്ഷങ്ങളിലോ, ചിലപ്പോൾ ഭൂമിയിൽ തന്നെയോ, ഉണ്ടാവുന്ന തേൻ മുതലായ വനോല്പന്നങ്ങൾ ശേഖരിച്ച് കൺട്രാക്ടന്മാർക്ക് വിററിട്ടാണ് അഹോവൃത്തി കഴിച്ചുകൂട്ടുന്നത്. എന്നാൽ ഇതുകൾ വളരെ കുറച്ചുമാത്രമാകയാൽ സ്വല്പമായ പ്രതിഫലം മാത്രമേ കിട്ടുന്നുള്ളൂ. അതുകൊണ്ട് കൃഷികാലത്ത് ഉഴുക, വിതയ്ക്കുക, നടുക, കൊയ്യുക, വേലികെട്ടുക, കൃഷിക്കാരുടെ കന്നുമേയ്ക്കുക മുതലായ എല്ലാവിധ കൃഷിവേലകളും ചെയ്തുവരുന്നതും അവർക്ക് കുറെ നെല്ലു കൂലി കിട്ടിവരുന്നതുമാണ്. ഇതിനെയൊക്കെയുണ്ടെങ്കിലും കൊല്ലത്തിൽ മിക്ക മാസങ്ങളിലും അവർ പകുതിയും പട്ടിണിതന്നെ. അപ്പോൾ കിട്ടുവാൻ കഴിയുന്ന എന്തുതരം കാട്ടുകിഴങ്ങുകളും മാംസവും ഭക്ഷിക്കും. ഇതിലേക്കു അവർ പലപ്പോഴും മടകളിൽ കോലിട്ടുകുത്തി എലിയെ പിടിക്കുവാൻ ഏർപ്പെട്ടിരിക്കുന്നതുകാണാം. ചിലപ്പോൾ കുളങ്ങളിലും മററും ആമയെ തേടി നടക്കുന്നതും കാണാം. നാട്ടിൽപാർക്കുന്ന ഉള്ളാടന്മാരും ഉള്ളാടത്തികളും, വേലിയങ്കോ മററോ എന്തെങ്കിലും നമ്മ കണ്ടാൽ അതിലിട്ടു കുത്തുന്നതിലേക്ക്, കൂർമ്പിച്ചു തയ്യാറാക്കിയ വടിയും കൊണ്ടാണ് ഇല്ലിമിക്കും പുറത്തു സഞ്ചരിക്കുക. ഈ വക ജന്തുക്കൾക്കു പുറമെ അവർ ചീവീടിനെയും തിന്നുന്നതാണ്. ഇതിനെ പിടിക്കുന്നതിന്ന് കുളങ്ങളുടെയോ തോട്ടുകളുടെയോ വക്കുകളിൽ ഇവർ ഇരയുടെ സ്ഥാനത്തു

കോഴിയുടെയോ ആടിന്റെയോ മറ്റേതെങ്കിലും ജന്തുക്കളുടെയോ ശവം കൊണ്ടുപോയി വയ്ക്കും. എലിയുടെ ഉള്ളിൽ ഉറപ്പുള്ള ഒരു കയറിന്മേൽ കെട്ടിയിടുന്ന ഒരു ഇരുമ്പുകൊക്കി വെച്ചിട്ടുണ്ടായിരിക്കും. കയറിന്റെ മറെറ തല ദൂരെ എവിടെയെങ്കിലും ബന്ധിച്ചിട്ടും ഉണ്ടായിരിക്കും. ഈ വിധം ശട്ടം ചെയ്തിട്ട് എല്ലാവരും ദൂരെ മാറി ഒളിക്കുകയും കുറെ കഴിഞ്ഞാൽ ചീങ്കണ്ണി വന്ന് അതു വിഴുങ്ങുകയും കൊക്കി അതിന്റെ തൊണ്ടയിൽ താഴുകയും തന്മൂലം ഓടിപ്പോകാൻ കഴിയാതെ അതു ബന്ധനസ്ഥനാകയും ചെയ്യുമ്പോൾ അവർ ഓടിച്ചെന്ന് അതിനെ അടിച്ചും വെട്ടിയും കൊല്ലും. അവർ മത്സ്യം പിടിക്കുന്നതു ചൂണ്ടലിട്ടും നഞ്ചു കലക്കിയുമാണ്. മത്സ്യങ്ങൾ വെള്ളത്തിനു മീതെ പൊങ്ങിക്കാണുമ്പോൾ ഉളിചാട്ടിപ്പിടിപ്പാനും വേട്ടയാടിയ മൃഗത്തെ കണ്ടുപിടിപ്പാനും അവർക്കു ബഹു സാമർത്ഥ്യമാണ്. അതിനാൽ കല്യാണം അടിയന്തരാദികൾക്കും മറ്റും മാംസം സമ്പാദിപ്പാൻ പുറപ്പെടുന്ന സുറിയാനിക്രിസ്ത്യാനികൾ ഇവരെ പലപ്പോഴും നായാട്ടിനു കൂട്ടിക്കൊണ്ടുപോകാറുണ്ട്. എന്നാൽ കാട്ട തെളിപ്പാൻ മാത്രമേ ഇവർ ഉദ്യോഗിക്കപ്പെടുന്നുള്ളു. അതിന് ഓരോരുത്തർക്കു ദിവസം മൂന്നണയ്ക്കു നെല്ലും അടിയന്തരകാലത്ത് ഊണും ഉണ്ട്. നായാട്ടിൽ ഒന്നും കിട്ടിയില്ലെങ്കിൽ അന്നു കൊടുക്കുന്ന മൂന്നണക്കൂലിയും ഒരു ദിവസത്തെ ഊണും മാത്രമേയുള്ളു. ഇതുകൂടാതെ അവർ തനിച്ചും നായാട്ടിനു പോകാറില്ലെന്നില്ല. അപ്പോഴെല്ലാം ആയുധമായി ഒരു ഉണ്ടു മാത്രമെ കൈവശം ഉണ്ടാകയുള്ളു. മൃഗങ്ങളെ കടിച്ചുകളഞ്ഞെങ്കിലോ എന്നു ഭയന്നു നായ്ക്കളെ അധികമായി കൊണ്ടുപോകാറില്ല. നായാട്ടിൽ കൊന്ന മൃഗത്തിന്റെ വലത്തെ മുന്തു ഗവർമ്മേണ്ടിലേക്കുള്ളതാണ്. അതിനെ മലവക ഡിപ്പാർട്ടുമെന്റുകാർ വശം ഏല്പിക്കുകയും അവർ ലേലം ചെയ്തു സംഖ്യ താലൂക്കു ഖജനാവിൽ അടയ്ക്കുകയും ചെയ്യും. ഇടത്തെ മുന്തു കൊന്നവനുള്ളതാണ്. അവന്നു തലയും നാവും കൂടി കിട്ടും. തലവന്നും നല്ലതായ ഒരു ഭാഗം വെക്കണം. ബാക്കിയുള്ളതു മുഴുവൻ സംഘത്തിലുള്ളവർ തമ്മിൽ വീതിച്ചെടുക്കും. വീതം വെക്കുന്നതിൽ വല്ല തർക്കവുമുണ്ടായാൽ അതു തീർക്കുവാൻ മൃഗത്തെ കൊന്നവനാണ്. അവന്റെ തീർപ്പിന്നു അപ്പീലുമില്ല.

ഭക്ഷണം.

മുൻപറഞ്ഞപോലെ ഉള്ളാടന്മാർ വിവിധഭക്ഷണം തിന്നാലാണ് കഴിഞ്ഞുവരുന്നത്. അവർ കാലത്തു പണിക്കു പോകുന്നതിനു മുമ്പായി തലേന്നാൾ രാത്രി വെച്ച കഞ്ഞി കുടിക്കും. ഉച്ചക്ക് അപ്പോൾ പാകംചെയ്യുന്ന കഞ്ഞി ഉപ്പും മുളകും കൂട്ടിയും കഴിക്കും. കഞ്ഞിയില്ലെങ്കിൽ അതിനുപകരം കാട്ടിൽനിന്നും കിട്ടുവാൻ കഴിയുന്ന കിഴങ്ങുകളാണ്. രാത്രിയിലേക്കു ചോറും പകൽ കിട്ടുവാൻ കഴിയുന്ന എലിയെയോ ആമയെയോ മത്സ്യമൊ ചീങ്കണ്ണിയെയോ കൊണ്ടുള്ള ഒരു കറിയുമാണ്. മേൽപറഞ്ഞ മാംസങ്ങൾക്കും പുറമെ ആട്, മാൻ, കോഴി ഇതുകളുടെ മാംസവും അവർ ഭക്ഷിക്കും. എന്നാൽ പശു, കാട്ടുപോത്തു, പാമ്പു, കാക്ക ഇതുകളുടെ മാംസം ഭക്ഷിക്കയില്ല.

സാമുദായികനില

സാമുദായിക നിലയെ സംബന്ധിച്ചേടത്തോളം ഉള്ളാടന്മാർ, നായാടികളെപ്പോലെ, നാട്ടിലെ ചണ്ഡാലന്മാരാകുന്നു. അവർ 64 അടിക്കകം അടുത്താൽ ബ്രാഹ്മണർ മുതൽ നായന്മാർ വരെയുള്ള മേൽ

ജാതിക്കാരെ തീണ്ടിയതായി വിചാരിച്ചുവരുന്നു. അതിനാൽ പബ്ളിക്കുറോഡുകളിൽ കൂടി സഞ്ചരിപ്പാനൊ, അങ്ങാടികളിൽ ചെല്ലുവാനൊ, മേൽജാതിക്കാർ പാൎത്തുവരുന്ന പട്ടണങ്ങളുടെ സമീപം അടുക്കുവാനൊ അവൎക്കു കഴിയുന്നില്ല. ഉള്ളാടൻ, നായാടി, പുലയൻ, പറയൻ ഈ ജാതിക്കാരിൽ തന്നെ ചിലർ തമ്മിൽ അടുക്കുകയൊ തൊടുകയൊ ചെയ്താൽ പരസ്പരം ശുദ്ധം മാറുന്നതാണ്. ഉള്ളാടന്മാർ പറയന്മാരെയും പുലയന്മാരെയും ഒഴിച്ചു ബാക്കി മേലെയുള്ള എല്ലാ ജാതിക്കാരെയും ചോറുണ്ണും. പെലിച്ചികളെപ്പോലെ വെലുത്തു പോകുന്നത് അപമാനകരമാണെന്നാണ് ഉള്ളാടപ്പെണ്ണുങ്ങളുടെയും ധാരണ. അവൎക്കു വേണ്ടതൊക്കെയും ഭൎത്താക്കന്മാർ സംഭരിച്ചുകൊള്ളണമത്രെ.

ആകൃതി.

ഉള്ളാടന്മാർ പൊക്കംകുറഞ്ഞവരും കറുത്തവരുമാണ്. അവൎക്കു കറുത്ത കണ്ണുകളും, നീണ്ട വീതികുറഞ്ഞ മുഖങ്ങളും, ചൊവ്വുള്ള മൂക്കുകളും, മദ്ധ്യവലിപ്പമുള്ള ചുണ്ടുകളുമാണ്. അവരുടെ ചെറിയതും പരന്നതുമായ തല, ചുഴിവന്നും കറുത്ത ചിടപിടിച്ച മുടികൊണ്ടു മൂടിയിരിക്കും. യാതൊരുവിധം വകഞ്ഞുവെക്കുകയൊ എണ്ണ തൊട്ടു മിനുക്കുകയൊ ചെയ്യാതെ വളരുന്ന ഈ മുടി അവർ നിറുകയിൽ കെട്ടിവെക്കുന്നു. വസ്ത്രധാരണം ഒപ്പിച്ചാപ്പം തന്നെ. ആണുങ്ങൾ അരയിൽ ഒന്നിനും കൊള്ളാത്ത ഒരു ചെറിയ തുണിക്കഷണം ചുറ്റും. പെണ്ണുങ്ങൾ അരയിൽ ഒരു തുണിക്കഷണം ഒരു ചരടിന്മേൽ കെട്ടിത്തൂക്കുന്നതേയുള്ളു. അവരുടെ കാതു കുത്തിവലുതിയിരിക്കും. എന്നാൽ അതിൽ യാതൊന്നും, ഓലച്ചുരുൾപോലും, ഇടുവാറില്ല. ചിലർ കഴുത്തിൽ പളുങ്കുമാല ധരിക്കുന്നുണ്ടെങ്കിലും ചിലർ ഒരു കറുത്ത ചരടു മാത്രമെ കെട്ടുന്നുള്ളു. ആകപ്പാടെ ഉള്ളാടന്മാർ അത്യന്തം ദയനീയമായവിധം ദരിദ്രവാസികളും അവരുടെ വൃത്തികെട്ട നടവടികൾ അവരെ കാണുക അസഹ്യകരമായി തോന്നിക്കുന്നതുമാകുന്നു.

അദ്ധ്യായം ൮.

പറയന്മാർ.

പറയന്മാർ ജാതികൊണ്ടു പുലയന്മാരിൽ താഴെയാണ്. അവർ കൊച്ചിരാജ്യത്തുള്ള കൃഷിചെയ്യുന്ന അടിമകളിൽ പുലയന്മാരിൽ താഴെയുള്ള ഒരു ജാതിയാകുന്നു. 1901-ലെ കാനേഷുമാരി കണക്കുപ്രകാരം പുരുഷന്മാർ 4646-ഉം സ്ത്രീകൾ 4195-ഉം കൂടി ഇവരുടെ ജനസംഖ്യ 8841 ആകുന്നു. കൊച്ചിരാജ്യത്ത് ഒരു ചതുരശ്രമൈലിന്ന് ഏകദേശം 1-6 പറയൻ വീതമുണ്ട്. അവർ സംസാരിക്കുന്നതു മലയാളത്തിന്റെ ഒരു വകഭേദം തന്നെയാണ്. എഴുത്ത് അറിഞ്ഞുകൂട. വാക്കുകളെല്ലാം അപശബ്ദമായിട്ടാണ് ഉച്ചരിക്കുക. അതിനാൽ മേൽജാതിക്കാൎക്കു മനസ്സിലാവണമെങ്കിൽ വളരെ ബുദ്ധിമുട്ടണം.

പറയൻ എന്ന വാക്ക 'പറ' (ചെണ്ട) എന്ന വാക്കിൽനിന്നുണ്ടായതാണ്.

ഉല്പത്തിയും വൃത്തിയും.

അവൎക്കു ചെണ്ട കൊട്ടുന്നതിൽ വളരെ പ്രീതിയാണ്. അതിനാൽ ശൂദ്രന്മാരുടെ ശ്മശാനത്തേക്കുള്ള ഘോഷയാത്രകൾക്കും കല്യാണങ്ങൾക്കും ഉത്സവങ്ങൾ

ക്കം സാധാരണയായി ഇവരെ ചെണ്ടകൊട്ടുവാൻ വിളിക്കാറുണ്ട്. അവർ ചെണ്ടകൊട്ടുജാതിയിൽ പെട്ടവരാണെന്നും ആ വാദ്യത്തിൽനിന്നാണ് പേർ സിദ്ധിച്ചതെന്നും പറഞ്ഞുവരുന്നുണ്ട്. ഇതു തീരെ ശരിയാണെന്ന് തോന്നുന്നില്ല. എന്തുകൊണ്ടെന്നാൽ ഒരു ആഗന്തുകമായ വൃത്തിയിൽനിന്നും ഇത്രവലിയ ഒരു ജനസംഘത്തിന് പേരുസിദ്ധിച്ചുവെന്നത് തീരെ അസംഭവ്യമാകുന്നു. തമിഴ്‌രാജ്യങ്ങളിൽ അനാവധി കാലമായിട്ട് അവർ ഒന്നൊഴിയാതെ എല്ലാവരും കൃഷിക്കാരാണ് അവരിൽതന്നെ നെയ്ത്തുകാരും തോല്പണിക്കാരും പുല്പായനെയ്ത്തുകാരുമുണ്ട്. പല്ലന്മാരും പള്ളികളും പറയന്മാരും മലപ്രദേശങ്ങളിലെ ആളുകളായിരുന്നുവെന്ന് ഡോക്ടർ ഗുസ്റ്റേവ് ഓപ്പെർട്ട്(Dr. Gustav Oppert) പറഞ്ഞിരിക്കുന്നു. എന്നാൽ ചിലർ ഇതത്ര സമ്മതിക്കുന്നില്ല. കാരണം, അവർ യാതൊരു പ്രകാരത്തിലും മലയോട് സംബന്ധമുള്ളവരായി കാണപ്പെടുന്നില്ല. അവർക്ക് കാട്ടുദൈവങ്ങളെ ആരാധിക്കുന്ന സമ്പ്രദായവുമില്ല. പോരെങ്കിൽ പഴയതമിഴ് ഗ്രന്ഥങ്ങളിൽ നാം ഇപ്പോൾ വിളിച്ചുവരുന്ന പറയന്മാരെ 'പുലയർ' എന്ന് പറഞ്ഞുകാണുന്നുമുണ്ട്. ക്രി. അ. 11-ാം നൂറ്റാണ്ടിൽ കൂടി പറയന്മാർ 'പറയന്മാർ' എന്ന പേരിനാൽ അറിയപ്പെട്ടിരുന്നുവെന്ന് മിസ്റ്റർ ഫ്രാൻസിസ്സ് (Mr Francis) 1901 ലെ സെൻസസ്സ് റിപ്പോർട്ടിൽ കാണിച്ചിട്ടുമുണ്ട്.

പറയൻ എന്ന വാക്കിന് മറ്റെല്ലാ ജാതിയിൽനിന്നും ഉയർന്നവൻ എന്നും അർത്ഥമുണ്ട്. പറയർ ബ്രാഹ്മണരെക്കാൾ ഉയർന്ന സ്ഥാനത്തിന് അവകാശികളാണെന്നു പറഞ്ഞുംകൊണ്ട് തങ്ങളെത്തന്നെ 'ജ്യേഷ്ഠബ്രാഹ്മണർ' എന്നും വിളിച്ചുവരുന്നുണ്ട്. അതിനുപകരം പറയന്മാരേയും മറ്റുതാണജാതിക്കാരേയും ബ്രാഹ്മണസ്ത്രീകൾക്ക് കീഴ്ജാതിയിലുണ്ടായ സന്തതികളാണെന്നോ വിശ്വാമിത്രനെപ്പോലെയുള്ള മഹർഷികൾ തങ്ങൾക്ക് അഹിതം ചെയ്ത ബന്ധുക്കളോ മറ്റോ എങ്കിലുമാണെന്നോ ബ്രാഹ്മണരും പറഞ്ഞുവരുന്നു. വിശ്വാമിത്രൻ തന്റെയും പ്രതിയോഗിയായ വസിഷ്ഠന്റെയും മക്കളെ ശപിച്ചതിൽനിന്ന് ശബരന്മാർ, പുളിന്ദന്മാർ മുതലായ കാട്ടുജാതികളുണ്ടായ സംഗതി ഈ അവസരത്തിൽ സ്മരണീയമാണ്. മറ്റൊരു പുരാണകഥപ്രകാരം വസിഷ്ഠൻ ചക്കിലിജാതിയിൽപെട്ട ഒരു ചണ്ഡാലസ്ത്രീയുടെ ഭർത്താവിനും ഉർവ്വശിക്കുമുണ്ടായ സന്തതിയാണെന്നും ആ സ്ത്രീ അരുന്ധതി ചണ്ഡാളയായിട്ട് ജനിച്ചതാണെന്നും പറഞ്ഞുകാണുന്നുണ്ട്. അവർക്ക് നൂറു പുത്രന്മാർ ജനിക്കയും അതിൽ തൊണ്ണൂററാറു പേരും അച്ഛനെ കീഴ്‌വണങ്ങായ്കകൊണ്ട് 'പറയന്മാരായിപ്പോട്ടെ' എന്നു ശപിക്കുകയും മററു നാലുപേരും ബ്രാഹ്മണരായിത്തീരുകയും ചെയ്തു. ഇവരാണ് പണ്ടത്തെ ദ്രാവിഡന്മാരുടെ പ്രതിനിധികളായിട്ട് ഗണിക്കപ്പെട്ടുപോരുന്നത്. അവർ ജ്യോതിശ്ശാസ്ത്രപ്രകാരമുള്ള ദേശാന്തരവിഭാഗങ്ങളിൽ മുഴുവനും ഉൾപ്പെടുന്നതല്ലത്രെ. പറയന്മാരും പുലയന്മാരും അവർ താമസിക്കുന്ന സ്ഥലങ്ങളിൽ താണതും നിന്ദ്യവുമായ നിലയിലാണ് ഇരിക്കുന്നത്. എങ്കിലും പൂർവ്വമാഹാത്മ്യത്തെ ഓർത്ത് സന്തോഷിക്കയും നാട്ടിലെ ആദ്യത്തെ അവകാശികളായിട്ട് വിചാരിച്ചുവരികയും ചെയ്യുന്നുണ്ട്. ഒരു കാലത്ത് പറയന്മാർ യോഗ്യമായ നിലയിൽ പാർത്തുവന്നിരുന്നുവെന്നും ബ്രാഹ്മണരിൽനിന്നും കിട്ടുവാൻ

മംഗളോദയം.

ഫാവ്യൻ

പുസ്തകം 6 | കർക്കിടകമാസം | ലക്കം 1

മംഗളം.

ആഹാരംപോലുമില്ലാതിരവുപകൽപിഴച്ചൂതെ്യതൊന്നുമില്ല.
ശ്രീഹാരംപോലെലോകോത്തരഗതിയിലണഞ്ഞീടിതോരോമഹാന്മാർ
നീഹാരത്തിനൊരാതപമായ്കളിയാകളിയതൊക്കെയശ്രേയമല്ലേ.
വ്യാഹാരങ്ങൾക്കിനിജ്ഞാനികളുപദേശിച്ചീടേണമേകാന്തസൌഖ്യം.

കെ. കെ. എൻ.

*വർണ്ണവിന്യാസം.

(അരയുകാരവും സംവൃതോകാരവും)

മലയാളസാഹിത്യസമാജങ്ങളുടെയോ ഒക്കെ ശ്രദ്ധയ്ക്കു വിഷയമായിത്തീരേണ്ടുന്ന ചില കാര്യങ്ങൾ ഈ സമാജത്തിന്റേയും ശ്രദ്ധയെ ആകർഷിക്കേണ്ടതാണെന്നു് ഞാൻ വിചാരിക്കുന്നു. സാഹിത്യവിദ്യയിൽ പ്രവേശിക്കുന്നവരെ വല്ലാതെ കുഴപ്പിക്കുന്നവയാണെങ്കിലും, മലയാളഭാഷയുടെ പരിഷ്കാരപ്രതിഷ്ഠയ്ക്കു് അവശ്യം ഗണ്യങ്ങളായിരിക്കുന്ന ചില്ലറ കാര്യങ്ങൾ വ്യാകരണം, സാഹിത്യശാസ്ത്രം എന്നിവകളെ സംബന്ധിച്ചവയാണെന്നു പറയുന്നുണ്ടോ, വിദ്യാർത്ഥികൾക്കല്ലാതെ, മററുള്ളവർക്കു് ഇതിൽ ശ്രദ്ധ ആവശ്യകമല്ലെന്നു് ഉദ്ദേശിച്ചുപോവരുതു്. ഭാഷയെ ശരിയായി ഉപയോഗിക്കുന്നതിനു് വർണ്ണവിന്യാസം, പദവിന്യാസം, പദങ്ങളുടെ വൈചിത്ര്യം, പദശുദ്ധി, വാചകശുദ്ധി, ശൈലീശുദ്ധി ഇത്യാദി പല സംഗതികളിൽ ശാസ്ത്രസമ്പ്രദായങ്ങളെ

* പാലക്കാട്ടു് കൂടിയ ഒമ്പതാം മലയാളിസമാജസമ്മേളനത്തിൽ വായിച്ചതായ ഒരു പ്രബന്ധം.

തിരിച്ചറിക അത്രയും ആവശ്യം തന്നെയാണ്. സാഹിത്യത്തിൽ ഖ്യാതി നേടുവാൻ തക്കതായ ഒരു ഗ്രന്ഥം എഴുതുന്നതായാലും ശരി, ചങ്ങാതികൾ തമ്മിൽ സ്വകാര്യകത്തുകൾ എഴുതുന്നതായാലും ശരി, മേൽപറഞ്ഞ കാര്യങ്ങൾക്ക് ഗൗരവമേറും ഉണ്ടുതന്നെ. ഇവയിൽ ചില സംഗതികളെ ഇവിടെ സംക്ഷിപ്തമായി പറയാം.

ഒന്നാമത്തേത്, വർണ്ണവിന്യാസം: ഇക്കാര്യത്തിൽ, മുഖ്യമായി രണ്ടു സംഗതികളെ സംബന്ധിച്ചാണ് മലയാളികൾ തമ്മിൽ വാദപ്രതിവാദം ചെയ്യുന്നത്. ഡാക്ടർ ഗുണ്ടർട്ടിനെ പിന്തുടർന്ന്, 'അരയുകാരം' എന്നു ചിലരും, 'കേരളപാണിനീയ'ത്തിന്റെ കർത്താവായ രാജശ്രീ എ. ആർ. രാജരാജവർമ്മ കോയിത്തമ്പുരാൻ അവർകളെ പിന്തുടർന്ന് 'സംവൃതോകാരം' എന്ന് മറ്റു ചിലരും വ്യവഹരിച്ചുവരുന്ന 'ഉ്'കാരത്തിന്റെ ഉൾവലിവായ ഒരു വർണ്ണത്തെ കുറിപ്പാൻ പ്രത്യേകം അടയാളം വേണമോ വേണ്ടയോ എന്നാണ് വാദവിഷയങ്ങളിലൊന്ന്. പിന്നെ മറ്റൊന്ന്, താലവ്യസ്വരത്തിനു പിമ്പ് വരുന്ന പ്രത്യയത്തിന്റെ ആദിയിൽ ഇരട്ടിച്ച കകാരം (ക്ക) ഇരുന്നാൽ സന്ധികാര്യമായി യോഗം ചെയ്യേണ്ടതാണോ എന്നാണ്. ഇവയെ വഴിയേ ആലോചിക്കാം.

ഉകാരം രണ്ടുവിധമുണ്ടെന്നു സ്പഷ്ടം: പട്ടു, തരു, തേരു- ഇത്യാദി പദങ്ങളുടെ അന്ത്യത്തിൽ കാണുന്ന ഉകാരം തുറന്നുച്ചരിക്കുന്നതും; അവന്, രണ്ട്, കാട്ടുതേക് —ഇത്യാദി പദങ്ങളുടെ അന്ത്യത്തിൽ കാണുന്ന ഉകാരം ഉൾവലിവോടെ ഉച്ചരിക്കുന്നതും ആണല്ലോ. ഒന്നാമത്തതിനു വിവൃതമെന്നോ, മുറ്റുകാരമെന്നോ പേർ പറയുന്നു. രണ്ടാമത്തതിന് സംവൃതമെന്ന് കേരളപാണിനീയവും, അരയുകാരമെന്ന് ഗുണ്ടർട്ട് പ്രഭൃതികളും പേർ വിളിച്ചിരിക്കുന്നു. അരയുകാരം എന്ന പേർ കേൾക്കുമ്പോൾ, ആ സ്വരത്തിന് മുറ്റുകാരത്തിന്റെ പകുതി മാത്രമാണുള്ളതെന്ന ഭ്രമമുണ്ടായേക്കാം; എന്നാൽ, അതിനെ നീട്ടി ഉച്ചരിച്ചാലും മുറ്റുകാരം ഉണ്ടാകയില്ലെന്ന് സ്പഷ്ടമാകുന്നു. വാസ്തവത്തിൽ, അതിന് പദ്യങ്ങളിലും സംഭാഷണത്തിലും മുറ്റുകാരത്തെപ്പോലെതന്നെ പൂർണ്ണമാത്ര ഉണ്ട്. അതിനാലാകുന്നു അരയുകാരം എന്ന പേരിനു പകരം, സംവൃതോകാരം എന്ന പേര് കേരളപാണിനീയത്തിൽ നടപ്പാക്കിയിരിക്കുന്നത്. പേരെന്തായാലും, ആ ഉച്ചാരണം മുറ്റുകാരത്തിൽനിന്ന് ഭേദപ്പെട്ടതാണെന്ന് നാം സമ്മതിച്ചേ തീരൂ. ഈ ഭേദത്തെ, നാം സംഭാഷണത്തിൽ വ്യക്തമായി വെളിപ്പെടുത്തുന്നുണ്ടെങ്കിൽ, അത്രത്തോളംതന്നെ എഴുത്തിൽ കാണിക്കുന്നില്ലെന്നും സമ്മതിക്കാതെ കഴികയില്ല. ഇതിനുദാഹരണമായി, ഭവിക്കുന്നു എന്നർത്ഥമായ 'ഉണ്ട്' എന്ന പദത്തെ എഴുതുന്ന മട്ടുകളെ നോക്കുക: പഴയ സമ്പ്രദായക്കാര്, അകാരാന്തമായി ഉണ്ട എന്നും; മറ്റു ചിലര്, മുറ്റുകാരാന്തമായി ഉണ്ടു എന്നും; വേറെ ചിലര്, അകാരത്തിന്മീതെ ചന്ദ്രക്കലയോടുകൂടി ഉണ്ട് എന്നും; കേരളപാണിനീയാനുയായികൾ, ഉകാരത്തിന്മേൽ ചന്ദ്രക്കലയിട്ട് ഉണ്ടു് എന്നും ഭിന്നഭിന്നരീതികളിൽ എഴുതുന്നു. ഒന്നാമതു പറഞ്ഞ അകാരാന്തപ്രയോഗം കോഴിക്കോട്ടു തുടങ്ങിയ വടക്കൻ ദേശങ്ങളിലെ അച്ചടിയിൽ ധാരാളം കാണാം: "......ഒരു കൃതാർത്ഥതക്ക നമുക്ക ധാരാളം അവകാശമുണ്ട......" (മിതവാദി, 1914 ജൂൺ ലക്കം 2-ാം പുറം നോക്കുക.) രണ്ടാമതു പറഞ്ഞ മുറ്റുകാരാന്തപ്രയോഗം, മംഗലാപുരം ബാസൽമിഷ്യൻ അച്ചുകൂടത്തിൽ അച്ചടിപ്പിച്ചു നടപ്പാക്കിയിരിക്കുന്ന മലയാളപാഠപുസ്തകങ്ങളിൽ കാണാം: ......"ചെന്നായുടെ ദേഹം നീണ്ടു മെലിഞ്ഞതാകുന്നു......പല്ലുകൾക്കു വളരെ വലിപ്പവും മൂർച്ചയും ഉണ്ടു......നഖങ്ങൾക്കു വളരെ മൂർച്ച ഉണ്ടു......നായെക്കാളും വലിപ്പവും ശക്തിയും ഉണ്ടു........"

(ഈ. മാർസ്ഡന്റെ മലയാളമൂന്നാംപാഠപുസ്തകം 29-ാം പുറം നോക്കുക.) ഇനി, മൂന്നാമത്തെ പാഠത്തെ അകാരോപരി ചന്ദ്രക്കല, മലയാളദേശങ്ങളിലെങ്ങും കാണുന്നുണ്ട്: "...യോഗം വളരെ നല്ല കാര്യങ്ങൾ സാധിച്ചിട്ടുണ്ട്, സംശയമില്ല......പ്രയത്നം ഫലിച്ചുകൊണ്ടുവരുന്നുണ്ട്......നിങ്ങൾ പരിശീലിച്ചിട്ടുണ്ട്......നേതാക്കന്മാരുടെ വിവേകബുദ്ധിക്കാണ് നിങ്ങൾ നന്ദിയുള്ളവരായിരിക്കേണ്ടത്...... (മിതവാദി ടി ലക്കം 1-ാം പുറം),...."നമ്മെ രക്ഷിപ്പാൻ കഴിയാത്ത രാജ്യങ്ങളെ എന്നാൽ എന്തിനാണ് കൈവശമാക്കുന്നത്?....വായുവിലുള്ള കറയിന് അതിനെയോടു കൂടെ....ചോദിക്കാം........" (ഈ. മാർസ്ഡന്റെ ഇന്ത്യാചരിത്രസംക്ഷേപം—46-ാം പുറം നോക്കുക). "........കൊല്ലംപോലെയാണ് വെളിയിട്ടത്;........കിടന്നുറങ്ങുകയാണ്;...." (ടി. 88-ാം പുറം)...."....നെല്ലുംപുല്ല്. മോഷ്ടമഹിതം മോഷമല്ലാത്തത്. പാശംകെട്ട്. പശ്ചിമം പടിഞ്ഞാറ്. മേടകം ... ശിഷ്ടം ... ഉച്ഛിഷ്ടം ചൂടുപുക്ക്. ലഹരി മത്ത്........" (ഈ മാർസ്ഡന്റെ മലയാളനാലാംപാഠപുസ്തകം, 188—189 പുറങ്ങൾ) "....നെയ്യ് കൂടാതെ, എള്ള്, പാൽ,... ..." (ടി അഞ്ചാംപാഠപുസ്തകം 19-ാംപുറം) "....ഉപയോഗിക്കുന്ന വസ്തു ഉപ്പ് തന്നെ. ഉപ്പ് ചേർത്തില്ലെങ്കിൽ,......." (ടി ടി. 25-ാംപുറം) "....ഈ ദേശ്യാധ്യായികളെക്കൊണ്ട് ഞങ്ങൾക്ക് എന്തൊരു പ്രീതിയാണുണ്ടാകുവാനുള്ളത്. ഇവർ യുദ്ധത്തിന്നായി വന്നവരാണ്. ആതതായികളെ കൊല്ലുവാനും പ്രമാണമുണ്ട്...." (തൃശ്ശൂർ ഭാരതവിലാസം അച്ചുക്കൂട്ടത്തിലച്ചടിച്ച 'ശ്രീമദ് ഭഗവദ്ഗീതാഭാഷ്യവ്യാഖ്യാനം-11-ാംപുറം നോക്കുക.) "....എല്ലാവിധത്തിലുള്ള പ്രാസങ്ങൾക്കും സമപ്രാധാന്യം കൊടുക്കണമെന്നാണ് കവിയുടെ നിശ്ചയം എന്നു തെളിയുന്നുണ്ട്...." (കൊല്ലം മനോമോഹനം പ്രെസ്സിൽ അച്ചടിച്ച 'കേരളവിജയം'—അവതാരിക— ൯-ാംഭാഗം നോക്കുക.) നാലാമത്തെ പാഠത്തെ ഉകാരോപരി ചന്ദ്രക്കലയ്ക്ക് ദൃഷ്ടാന്തം ഏറിയതും തിരുവിതാംകൂറിലെ അച്ചടികളിൽ കാണാം: "....സംസ്കൃതത്തിനും സന്ദേശാദിപ്പതിനും ...ചില ശാസ്ത്രഗ്രന്ഥങ്ങളിൽ ചില നക്കങ്ങൾ ചെയ്യുമാറുണ്ട്; അവയെയാണ് പരിഭാഷകൾ എന്നു പറയപ്പെടുന്നത്...." (തിരുവനന്തപുരം പ്രിന്റിങ് കമ്പനി പ്രെസ്സിൽ അച്ചടിച്ച കേരളപാണിനീയം ൧൫-ാം പുറം നോക്കുക.) ഇവ ഉദാഹരണങ്ങളെ കൂട്ടിപ്പിക്കുന്നില്ല. ചിഹ്നവിഷയത്തിൽ ഐകരൂപ്യമില്ലെന്നു തെളിയിപ്പാൻ മാത്രം ഈ ഭാഗങ്ങൾ ഉദ്ധരിച്ചുവെന്നേയുള്ളൂ. മലയാളദേശങ്ങളെ ഉത്തരാർദ്ധം, ദക്ഷിണാർദ്ധം എന്നു വേറുപിരിക്കുന്നതാണെങ്കിൽ, ഉത്തരാർദ്ധത്തിൽ സംവൃതോകാരത്തിന് മുറുകാരമോ അകാരമോ എത്ര ഏറെ ഉപയോഗിക്കുന്നുവോ, ദക്ഷിണാർദ്ധത്തിൽ ഉകാരോപരിയോ അകാരോപരിയോ ചന്ദ്രക്കല അത്രത്തോളം ഏറെ ഉപയോഗിക്കുന്നുണ്ടെന്നു പറയാം. ഉത്തരാർദ്ധത്തിൽ ചന്ദ്രക്കലയെ ദുർല്ലഭമായി മാത്രം പ്രയോഗിക്കുമ്പോലെ, ദക്ഷിണാർദ്ധത്തിൽ മുറുകാരവും അകാരവും ദുർല്ലഭമായിട്ടു പ്രയോഗിക്കാറുള്ളൂ. സമസ്തപദങ്ങളിലും സമസ്തപദമെന്ന രീതിയിൽ കൂട്ടിച്ചേർത്തു വായിക്കേണ്ടുന്ന വാചകങ്ങളിലും, സംവൃതോകാരം മുറുകാരമായി പ്രയോഗിക്കാറുണ്ടെന്ന വിശേഷഗതിയെ ഈ അവസരത്തിൽ വിമർശനം ചെയ്യാൻ ആവശ്യമില്ല. അതെന്തായാലും, സംവൃതോകാരത്തിന് ഇങ്ങിനെ ചിഹ്നവിഷയത്തിൽ ഐകരൂപ്യം ഇല്ലാതിരിക്കുന്നത് ശോചനീയം തന്നെ.

ഏതൊരു ഭാഷയിലെയും അക്ഷരമാല പരിപൂർണ്ണമാകണമെങ്കിൽ, ഒരു ലിപി എപ്പോഴും ഒരേ ഉച്ചാരണത്തെ കുറിക്കണം; അതിനുപുറം, ഒരു ഉച്ചാരണത്തിന് എപ്പോഴും ഒരേ ലിപി തന്നെ ഉപയോഗിക്കയും വേണം. ഈ പ്രമാണത്തെ ചിന്തിച്ചാൽ, മേൽ കാണിച്ച മിശ്രപ്രയോഗങ്ങളോ

ഷയുടെ പരിഷ്കാരത്തിന് യോജിക്കയില്ലെന്ന് നിശ്ചയം തന്നെ. ഉച്ചാരണം അനുസരിച്ച് ലിപി നിയമം ചെയ്യാനാണ് ഭാഷാപരിഷ്കാരേച്ഛുക്കൾ ഉത്സാഹിക്കേണ്ടത്. അങ്ങിനെയൊരു പരിഷ്കാരനിയമം ആവശ്യമല്ലെന്നും, ഇംഗ്ലീഷ് മുതലായ ചില ഭാഷകളിൽ അക്ഷരപരിഷ്കാരം ചെയ്യാൻ പുറപ്പെട്ടിട്ടുള്ളവരുടെ പുതിയ സമ്പ്രദായങ്ങൾ പരിഹാസജനകമായിത്തീർന്നിട്ടേ ഉള്ളൂ എന്നും, ചിലർ വാദിക്കുന്നുണ്ട്. ഇംഗ്ലീഷ്, പറന്ത്രീസ് മുതലായ പാശ്ചാത്യഭാഷകളിൽ ഒരു ലിപി ഒന്നിലധികം ഉച്ചാരണങ്ങളെ കുറിക്കയും, ഒരേ ഉച്ചാരണത്തിന് പല ലിപികളും ലിപിസമൂഹങ്ങളും ഉണ്ടായിരിക്കയും ചെയ്യുന്നതിനാൽ, ആ വിധം ഭിന്നരൂപത്വം മലയാളത്തിനും ആവാമെന്നാണ് അവരുടെ ന്യായം. എന്നാൽ ഒരു സംഗതി അവർ മറന്നുകളയുന്നു: തമിഴ് തുടങ്ങിയ ദ്രാവിഡഭാഷകൾ ഉച്ചാരണം അനുസരിച്ചു തന്നെ അക്ഷരനിയമം ചെയ്തിരിക്കുന്നവയാകുന്നു; ഇംഗ്ലീഷ് മുതലായവ ആ വിധത്തിലുള്ളവയല്ല. നമ്മൾ ക- ല- എന്ന അക്ഷരങ്ങളെ ഉച്ചരിച്ചാൽ അവയെ കുറിപ്പാൻ ക- ല- എന്ന ലിപികളാണുതാനും എഴുതുന്നു. എന്നാൽ, ഇംഗ്ലീഷിലെ 'സ്പെല്ലിങ്ങ്' ഈ രീതിയിലല്ലല്ലോ. 'ഹിക്കപ്പ്' എന്ന ഒരു വാക്കുച്ചരിച്ചാൽ, അതിനെ എഴുതിക്കാണിപ്പാൻ എച്ച്- ഐ- സി- സി- ഒ- യു- ജി- എച്ച് (HICCOUGH) എന്ന അക്ഷരങ്ങളെ ഉപയോഗിക്കേണ്ടിയിരിക്കും. ഈ അക്ഷരസമുദായത്തിലെ ഒടുവിലത്തെ നാലെണ്ണം പ്രത്യേകമെടുക്കുക; അതിന്നു 'കഫ്' എന്നാണ് ഉച്ചാരണം. ഇനിയും, ഒടുവിലത്തെ നാലക്ഷരങ്ങൾ കൂടിയാൽ, ഊ, ഒ, ഓഫ്;—ഇത്യാദി പല മാതിരി ഉച്ചാരണങ്ങൾ ഉണ്ടാവുമെന്ന് മറ്റു ചില പദങ്ങളാൽ തെളിയുന്നു. ഇതിലുമധികം വിശേഷങ്ങൾ പറന്ത്രീസിൽ കാണാം. അവയൊന്നും വിസ്തരിക്കുവാൻ ആവശ്യമുണ്ടെന്നു ഞാൻ വിചാരിക്കുന്നില്ല. ഈ പാശ്ചാത്യഭാഷകളുടെ സമ്പ്രദായം ഇതിനെയിരിക്കുമ്പോൾ, വർണ്ണവിന്യാസകാര്യത്തിൽ ഇംഗ്ലീഷിന്റെ നിയമങ്ങളെ ശരണം പ്രാപിക്കാമെന്നു വിചാരിക്കുന്നവർ അബദ്ധങ്ങളിൽ ചാടുന്നു എന്നു പറയാത്തത് അത്ഭുതം തന്നെ.

ദ്രാവിഡഭാഷകളുടെ സ്വഭാവസംഗതികഥനത്തിന്, ആര്യന്മാരും ദ്രാവിഡജനങ്ങളും തമ്മിലുണ്ടായ പ്രഥമസംഘട്ടനത്തിൽ പിന്നെയുള്ള ഭാഷാചരിത്രം, പല ലക്ഷ്യങ്ങളെ കാണിച്ചു തരുന്നുണ്ട്. ആര്യഭാഷയായ സംസ്കൃതത്തിന്റെ പ്രഭാവഫലമായി ദ്രാവിഡഭാഷകളിൽ പല സംസ്കൃതപദങ്ങൾ കടന്നു ഇടകലർന്നപ്പോൾ, ദ്രാവിഡർ ആ വക പുതിയ പദങ്ങളുടെ ഉച്ചാരണത്തെ തങ്ങളുടെ അക്ഷരമാലയ്ക്കു യോജിക്കത്തക്കവണ്ണം മാററിയതല്ലാതെ, ദ്രാവിഡാക്ഷരങ്ങൾക്ക് പുതിയ ഉച്ചാരണങ്ങളെ വച്ചുകെട്ടുവാൻ തുനിഞ്ഞിരുന്നില്ല. അങ്ങിനെയല്ലായിരുന്നാൽ, ശ്രാദ്ധം, ശാസ്ത്രം, ശംഖം, ക്ഷാരം, ഹിതം, രാജ — ഇത്യാദി സംസ്കൃതപ്രകൃതികൾക്ക് ചാത്തം, ചാത്തിരം, ചങ്ക്, ചാരം, ഇതം, അരചൻ എന്നീ പ്രകാരത്തിലുള്ള വികൃതികൾ ദ്രാവിഡത്തിൽ നടപ്പാവാൻ സംഗതി വരുമായിരുന്നില്ല. ഇതരഭാഷകളിൽ നിന്ന് കൈക്കൊള്ളുന്ന വാക്കുകളെ തത്സമമായിത്തന്നെ ഉച്ചരിക്കയും അതിന്നനുസരിച്ച് എഴുതിക്കാണിക്കയും ചെയ്യേണമെന്ന ആഗ്രഹം പ്രബലപ്പെട്ടതോടുകൂടി അക്ഷരമാലയിലും പരിഷ്കാരം ചെയ്യേണ്ടിവന്നു. അപ്രകാരം ഓരോരോ പരിഷ്കാരങ്ങൾ നമ്മുടെ മലയാളത്തിലും ഓരോരോ കാലങ്ങളിൽ സ്വീകരിച്ചിട്ടുണ്ട്. ഇപ്പോൾ മലയാളത്തിൽ നടപ്പുള്ള അക്ഷരങ്ങളിൽ,

'പന്തിരണ്ടുയിരും, പിന്നെ
പ്പതിനെട്ടായ മെയ്കളും,
കൂടിച്ചേർന്നു താനല്ലോ
കൊടും തമിഴെഴുത്തുകൾ'

എന്നാകുന്നു പ്രമാണം. എന്നാലിനി മറ്റുള്ള ലക്ഷണങ്ങളോ?

> 'ഋ ൠ, ദീർഘലൃവും, പിന്നെ
> അനുസ്വാരം, വിസർഗ്ഗവും
> വർഗ്ഗമദ്ധ്യത്രികോഷ്മാവും,
> അത്ര സംസ്കൃതമാത്രകം.'

എന്ന പ്രമാണത്താൽ, നാം സംസ്കൃതത്തിൽനിന്നു കടം മേടിച്ചവയാണെന്നു പ്രസിദ്ധം. ഇവിടെ അക്ഷരങ്ങൾ എന്ന പദത്തിനു ലിപികളെ ഉദ്ദേശിച്ചിട്ടല്ല, ഉച്ചാരണങ്ങളെ ഉദ്ദേശിച്ചാകുന്നു. സംസ്കൃതവർണ്ണങ്ങൾക്കു് (ഉച്ചാരണങ്ങൾക്കു്) ആവശ്യം പോലെയുള്ള ലിപികൾ നമ്മുടെ ഭാഷയിൽ നിർമ്മിച്ചതു് ഭാഷയുടെ പരിഷ്കാരത്തെ അനുസരിച്ചായിരുന്നു എന്നു്, മലയാളത്തിന്റെ പഴയ ചരിത്രം വെളിപ്പെടുത്തുന്നു. ഈ വാസ്തവം നമ്മുടെ ഓർമ്മയിലിരിക്കട്ടെ.

ഉച്ചാരണം അനുസരിച്ചുള്ള ലിപിപരിഷ്കാരം, മലയാളികൾ പണ്ടു തന്നെ ചെയ്തു തുടങ്ങീട്ടുണ്ടെന്നു് നാം കണ്ടുവല്ലോ. സംവൃതോകാരത്തെ കുറിപ്പാൻ പ്രത്യേകമൊരടയാളം ആവശ്യമാണെന്നു് ഭാഷാപരിഷ്കാരത്തെ കാംക്ഷിക്കുന്നവർ അഭിപ്രായപ്പെടുമ്പോൾ, അങ്ങിനെയൊന്നും ആവശ്യമില്ല, നമ്മുടെ പൂർവന്മാർ ഉപയോഗിച്ചുവന്നിരിക്കുന്ന രീതിയേ നമുക്കാവശ്യമുള്ളൂ, പൂർവന്മാരുടെ സമ്പ്രദായത്തെ ഭേദപ്പെടുത്തുന്നതു് യുക്തമല്ല, എന്നൊക്കെ എതിർവാദങ്ങൾ ചിലർ പുറപ്പെടുവിക്കാറുള്ളതു് അവർ അത്രമേൽ ആദരിക്കുന്ന പൂർവന്മാരുടെ സമ്പ്രദായങ്ങളെപ്പറ്റി വേണ്ടുംവണ്ണം വിചിന്തനം ചെയ്തിട്ടാണോ എന്നറിയുന്നില്ല. ഭാഷയുടെ അഭിവൃദ്ധി അനുസരിച്ചു് ആവശ്യം ചെയ്യേണ്ടുന്ന പരിഷ്കാരം നടപ്പാക്കാൻ പൂർവന്മാർ തന്നെ നമുക്കു് ഉദാഹരണങ്ങളായിത്തീർന്നിരിക്കുന്ന സ്ഥിതിക്കു്, മേൽപറഞ്ഞ ചിലരുടെ എതിർവാദം യുക്തിയുക്തമല്ലെന്നു സ്പഷ്ടമാവുന്നു.

ഉച്ചാരണഭേദത്തെ കുറിപ്പാൻ അടയാളമില്ലാതെ എഴുതിയാലെന്താണു് ദോഷം? ഇതിനെ ചിലർ ചോദിക്കുമായിരിക്കും. ഇതിനുള്ള ഒരു മറുവടി, ആ വക അടയാളമില്ലാതെ എഴുതിയിരിക്കുന്നതോ അച്ചടിച്ചിരിക്കുന്നതോ ആയുള്ള പുസ്തകങ്ങൾ വായിച്ചുപോരുന്ന ഈ നാട്ടിലെ വിദ്യാർത്ഥികളുടെ — പ്രത്യേകിച്ചും ബാലികാബാലകന്മാരുടെ — ഉച്ചാരണവികൃതി തന്നെ. ഉദാഹരണമായി, ഉണ്ടു്, തിന്നു്, എന്നു് — ഇത്യാദി സംവൃതോകാരാന്തങ്ങളായ പദങ്ങളെ, കംഗലാപുരം ബാസൽമിഷ്യൻ അച്ചുകൂടത്തിൽനിന്നു പുറപ്പെടുവിച്ചിരിക്കുന്ന പുസ്തകങ്ങളിൽ മുറ്റുകാരാന്തമായി അച്ചടിച്ചിരിക്കയാൽ, വിദ്യാർത്ഥികൾ ഉണ്ടു, തിന്നു, എന്നു — എന്നിപ്രകാരം മുറ്റുകാരാന്തമായിത്തന്നെ പഠിക്കുന്നു; കോഴിക്കോട് മുതലായ ചില ദേശങ്ങളിൽ അകാരാന്തമായി അച്ചടിക്കയാൽ, അവർ, ഉണ്ട, തിന്ന, എന്ന — ഇങ്ങിനെ അകാരാന്തമായിട്ടും പഠിക്കേണ്ടിവരുന്നു. "....പക്ഷികളുടെ ഇടയിലും പഴങ്ങളും ധാന്യങ്ങളും മാത്രം തിന്നുന്നവയും ഉണ്ടു, ഇറച്ചി തിന്നുന്നവയും ഉണ്ടു...." എന്ന വാക്യങ്ങളിൽ, (ഇ. മാർസ്ഡന്റെ മലയാളം ഒന്നാം പാഠപുസ്തകം, 41-ാം പുറം) 'ഉണ്ടു' എന്ന പദത്തെ മുറ്റുകാരാന്തമായി അച്ചടിച്ചിരിക്കകൊണ്ടു്, വിദ്യാർത്ഥികൾ അതിനു് ഭക്ഷിച്ചു എന്ന അർത്ഥമാണു് അധികം ഗ്രഹിക്ക. വിശേഷിച്ചും, തിന്നുക എന്ന ക്രിയാപദത്തിന്റെ സാമീപ്യത്താൽ, ഉണ്ടു എന്നതിനു് ഭക്ഷിച്ചു എന്ന അർത്ഥം തോന്നുവാൻ അധികം ന്യായവുമുണ്ടു്. പക്ഷെ, പക്ഷികൾ ഉണ്ണുകയില്ലല്ലോ, കൊത്തി തിന്നുകയേ ഉള്ളൂ എന്നും, അതിനാൽ, ഉണ്ടു-വിനു് ഭക്ഷണാർത്ഥം യോജിക്കയില്ലെന്നും സമാധാനം പറയാം. എന്നാൽ, ചെറിയ കുട്ടികൾക്കു്, ഈ ഭേദങ്ങൾ മനസ്സിലാക്കുവാൻ കുറെക്കാലം അടുത്ത പരിചയം ഉണ്ടായാലേ സാധിക്കൂ എന്നു് നാം മറന്നുകൂടുന്നതല്ല. അവരുടെ വിവേചനശക്തി വികസിക്കുന്നതു് ഏതു കാലത്തായിരുന്നാലുംശരി, അ

വർ, അച്ചടിയിൽ കാണുംപോലെ മുററുകാരാന്തമായോ അകാരാന്തമായോ വായിക്കയല്ലാതെ, സംവൃതോകാരാന്തമായി വായിക്കാറില്ലെന്ന് അനുഭവത്താൽ എനിക്ക് ബോധ്യപ്പെട്ടിട്ടുണ്ട്. എന്നല്ല, ഉച്ചാരണത്തെ ശരിപ്പെടുത്തി പറഞ്ഞുകൊടുത്താൽ കുട്ടിയും, പുസ്തകത്തിൽ അച്ചടിച്ചിരിക്കുന്നത് മറെറാവിധമാണെന്നും, വാദ്ധ്യാന്മാർ വായിച്ചു കേൾപ്പിക്കുന്നതും ആവിധമാണെന്നും അവർ സമാധാനം പറകയും ചെയ്യും. ഈ ഉച്ചാരണവികൃതി കണ്ണുശല്യമായിരിക്കുന്നു, എന്നതോ പോകട്ടെ. ബാലികാബാലകന്മാർക്ക് ആദ്യമേ സ്വാഭാവവും ശുദ്ധവും ആയ രീതി അഭ്യസിപ്പിക്കുന്നതിനു പകരം, അസ്വാഭാവവും അശുദ്ധവുമായ രീതി കാട്ടിക്കൊടുത്ത് അയഥാർത്ഥബോധം ഉണ്ടാക്കിയശേഷം, ആ അബദ്ധത്തെ തിരുത്തുവാൻ പുറപ്പെടുന്ന വിദ്യാഭ്യാസസമ്പ്രദായം, അവരുടെ ബുദ്ധിയുടെ ഗതിയെ പിഴപ്പിക്കുമെന്നതു മനശ്ശാസ്ത്രസിദ്ധാന്തമാകുന്നു. അകാരമോ മുററുകാരമോ എഴുതിക്കാണിച്ച് അതിനെ സംവൃതോകാരമായി വായിക്കണമെന്ന് ഉപദേശിക്കുന്നത് ശാസ്ത്രത്തിലെ ശിക്ഷാനിയമപ്രകാരമുള്ള ഒരു കുററമായിത്തീരുകയില്ലായിരിക്കാം; എന്നാൽ അതു വഞ്ചനയുടെ ഒരു വകഭേദംതന്നെയാണ്. ആ വഞ്ചനയിൽ പെട്ടുപോവുന്ന വിദ്യാർത്ഥികൾ, വേറെ സന്ദർഭങ്ങളിൽ മുററുകാരാന്തമായോ അകാരാന്തമായോ ഉച്ചരിക്കേണ്ടിയ പദങ്ങളെ സംവൃതോകാരാന്തമാക്കി വായിക്കുമ്പോൾ, വഞ്ചന ഫലിച്ചു എന്നു തെളിയുകയും ചെയ്യുന്നു. ഇത്തരം വഞ്ചനങ്ങൾ കുട്ടികളുടെ സ്വഭാവസംസ്കാരത്തിന്— സുശീലരചനത്തിന്— ദോഷകാരണമാവുന്നു എന്ന് നാം മറന്നുകൂടുന്നതല്ല. ഈ ആക്ഷേപം നിസ്സാരമാണെന്നും, കുട്ടികൾ സന്ദർഭം അനുസരിച്ച് ഉച്ചാരണം ശരിപ്പെടുത്തി വായിച്ചുകൊള്ളുമെന്നും, അങ്ങിനെയുള്ള ദുർഘടങ്ങൾ സഹിച്ച് ശരിയായ പാഠം എന്തെന്ന് ഗ്രഹിപ്പാൻ ശീലിക്കുന്നതു വഴിക്ക് സ്വഭാവഗുണമാർജ്ജ്യമാണുണ്ടാവുകയെന്നും എതിർകക്ഷിക്കാർ വാദിച്ചേക്കാം. (ഇംഗ്ലീഷ് ഭാഷയിലെ അക്ഷരപരിഷ്കാരത്തെ സംബന്ധിച്ച്, ഒടുവിൽ പറഞ്ഞവിധം ഒരു എതിർവാദം, കുറെക്കാലംമുമ്പ്, ഒരു പണ്ഡിതൻ പുറപ്പെടുവിച്ചിരുന്നതായി ഞാൻ ഓർമ്മിക്കുന്നുണ്ട്.) ഈ കാര്യത്തിൽ ഒരു സംഗതി പ്രത്യേകം ആലോചിപ്പാനുണ്ട്. അർത്ഥമറിഞ്ഞ് പദത്തിന്റെ രൂപം നിർണ്ണയപ്പെടുത്തുക എന്ന മാനസികപ്രവൃത്തി, ലോകപരിചയവും ശബ്ദാഗമനിലയും ഉള്ളവർക്ക് എളുപ്പമായിരിക്കാം; എന്നാൽ, ബാലികാബാലകന്മാർക്ക് ആ മാനസികക്രിയ ദുഷ്കരം എന്നല്ല, അസാദ്ധ്യം എന്നുതന്നെ പറയാവുന്നതാണ്. നമ്മുടെ വിചാരങ്ങളുടെ— അർത്ഥങ്ങളുടെ— ദൃശ്യരൂപങ്ങളാണല്ലോ നാം എഴുതുന്ന പദങ്ങൾ. ആ പദങ്ങൾ മുഖേനയാകുന്നു, കുട്ടികളെന്നല്ല, പാഠ്യശ്രവണം പഠിപ്പില്ലാത്തവരെല്ലാം, അർത്ഥത്തിലെത്തേണ്ടത്. അങ്ങിനെ ഒരർത്ഥത്തിലെത്തുവാനുള്ള മാർഗ്ഗം മറെറാന്നിലേക്കു നടത്തുകയോ വിഭ്രമത്തിന് കാരണമാകുകയോ ചെയ്യുന്നതായാൽ; ഉണ്ണികിടാങ്ങളെന്നുവേണ്ട, എത്ര കിടാങ്ങളും 'പിഴച്ചുകാൽ വയ്ക്കു'ന്നത് സംഭവ്യംതന്നെ. ആകയാൽ, ഉദ്ദിഷ്ടത്തിലെത്തുവാൻ ശരിയായ മാർഗ്ഗം തെളിയിച്ചുകൊടുക്കുകയാണ് വിദ്യാഭ്യാസത്തിൽ കർത്തവ്യം ചെയ്യേണ്ടത്. ഈ തത്വം, സംവൃതോകാരകാര്യത്തിൽ മാത്രമല്ല; വർണ്ണവിന്യാസത്തെ സംബന്ധിച്ച എല്ലാ കാര്യങ്ങളിലും, പദവിന്യാസം, പദശുദ്ധി, മുതലായ മററു കാര്യങ്ങളിലും ആദരണീയമാകുന്നു എന്നുകൂടി ഈ അവസരത്തിൽ പറഞ്ഞുകൊള്ളുന്നു.

അതിരിക്കട്ടെ. ഉച്ചാരണം അനുസരിച്ച് ചിഹ്നപരിഷ്കാരം ചെയ്യേണ്ടതാണെന്ന് സിദ്ധമെങ്കിൽ, ആ പരിഷ്കാരം സംവൃതോകാരത്തിനും ആവശ്യകം ആകുന്നു എന്നും സമ്മതിക്കേണ്ടിവരുന്നു. എന്നാൽ, സ്വരങ്ങളെക്കുറിക്കുന്ന ചിഹ്നങ്ങളി

ൽ ഇങ്ങിനെയൊരു പരിഷ്കാരം വിഹിതമല്ലെന്നു പറയുന്നവരുണ്ടാവാം. കുറെകാലം മുമ്പുവരെ, മലയാളത്തിൽ എ കാരത്തിനും ഒ-കാരത്തിനും അവയുടെ ദീർഘങ്ങൾക്കും, എ- ഒ- എന്ന രണ്ടു ലിപികളും, ൌ, ൊ, ോ എന്ന സങ്കേതങ്ങളും മാത്രമേ നടപ്പുണ്ടായിരുന്നുള്ളുവല്ലോ. അക്കാലങ്ങളിൽ, 'ചെമ്പു' 'ചേമ്പു' ചെമ്പായിട്ടുതന്നെ നടന്നിരുന്നു; അതുപോലെ, 'കൊല്ലം', 'കോല്ലം' കൊല്ലമായിരുന്നു. ഇപ്പോഴും പലർ പഴയ സമ്പ്രദായത്തിൽതന്നെ എഴുതിവരുന്നുണ്ട്. എ-കാര-ഒകാരങ്ങളുടെ ഹ്രസ്വദീർഘങ്ങളെ വകതിരിച്ചു കാണിപ്പാൻ ലിപിപരിഷ്കാരം ചെയ്തതുകൊണ്ടു മന്ത്രങ്ങൾക്ക്—വേദമന്ത്രമായും മറ്റും വിഷയകവചങ്ങളിൽ എഴുതി ഒടുങ്ങുന്ന മന്ത്രങ്ങൾക്ക്—ഫലം കുറഞ്ഞുപോവുന്നു എന്നും കൂടി ചിലർ ആക്ഷേപം പറഞ്ഞുവരുന്നുണ്ട്. ഈ പരിഷ്കാരം പൂർവ്വന്മാർ ചെയ്തതല്ല; ആധുനികന്മാരുടെ കൃതിതന്നെയാണ്. സംവൃതോകാരചിഹ്നം പൂർവ്വാചാരവിരുദ്ധമാണെന്നു വാദിക്കുന്ന ആധുനികന്മാർകൂടിയും, എ-കാര-ഒകാരങ്ങളുടെ വിഷയത്തിൽ ചെയ്തിട്ടുള്ള കെട്ടുപുള്ളിയാപ്പാട് മുതലായ പരിഷ്കാരങ്ങളെ ഉപയോഗിപ്പാൻ മടിക്കുന്നില്ല. എന്നാൽ പിന്നെ, എന്താണ് മുറ്റുകാരത്തെയും അരയുകാര(സംവൃതോകാര)ത്തെയും വേർതിരിച്ചു കാണിപ്പാനുള്ള ആവശ്യത്തെ ഇവർ നിരാകരിച്ചിരിക്കുന്നത്? ഇതിനുള്ള മുഖ്യകാരണം ഉച്ചാരണത്തിലുള്ള ഭിന്നരീതിത്വം ആകുന്നു എന്നു പറയാം. തിരുവിതാംകൂർകാരും, കൊച്ചിക്കാരും, മലബാർകാരും, മേല്പറഞ്ഞ പദാന്ത്യസ്വരത്തെ ഒരേ രീതിയിലല്ലാ ഉച്ചരിക്കുന്നത്. തീരെ തെക്കുള്ളവർ, [illegible], എകാരത്തിന്റെ ഉൾവലിവാക്കി ഉച്ചരിക്കുന്നു; അതിനിപ്പുറത്തുള്ളവർ ഉകാരത്തിന്റെ ഉൾവലിവായും, ചിലർ അകാരത്തിന്റെ സംവൃതമായും; വടക്കേ മലയാളികൾ ഇകാരത്തിന്റെ സംവൃതമായും ഉച്ചരിക്കയാണു നടപ്പ്. ഈ ഭേദം നിമിത്തം അടയാളവിഷയത്തിലും യോജിക്കാതെ നില്ക്കുന്നു. എന്നാൽ, ഉച്ചാരണവിശേഷങ്ങൾ എങ്ങിനെയുമിരിക്കട്ടെ: എന്തുച്ചാരമാണ് ശബ്ദത്തിന്റെ രൂപപ്രകാരം ശരിയായിട്ടുള്ളത്? കെട്ട്, തേയ്, വാക്-ഇത്യാദി പദങ്ങൾ സംവൃതസ്വരമായി അവസാനിക്കുന്നുവെങ്കിലും, ചില പ്രത്യയങ്ങളുടെ യോഗത്തിൽ—കെട്ടുകൾ, തേയുകൾ, വാക്കുകൾ, എന്നിങ്ങനെ പൂർവ്വകാരാന്തമായി കാണുന്നതുകൊണ്ട്, അവയിലെ അന്ത്യസ്വരം ഉകാരത്തിന്റെ വകഭേദമെന്നു തെളിയുന്നു. ആ സ്ഥിതിക്ക്, ഉകാരചിഹ്നത്തെ വിശേഷിപ്പിച്ചു കാണിക്കയാണ് യുക്തമെന്നും സിദ്ധമാവുന്നു. അതിനാലാണ് 'കേരളപാണിനീയ'കർത്താവ് ഉകാരോപരി ചന്ദ്രക്കല എന്ന സമ്പ്രദായം സ്വീകരിച്ചിരിക്കുന്നത്. ഈ ചന്ദ്രക്കല, അല്ലെങ്കിൽ മീത്തൽ എന്താണ്? പ്രത്യേകമൊരു വർണ്ണത്തിന്റെ അടയാളമാണോ? അങ്ങിനെയല്ലെന്നും, സ്വരത്തിന്റെ ഉൾവലിവിനെ കുറിക്കുക മാത്രമേ അതുകൊണ്ടു ഉദ്ദേശിച്ചിട്ടുള്ളു എന്നും ആകുന്നു ഉകാരോപരി ചന്ദ്രക്കലയുപയോഗിക്കുന്നവരുടെ സങ്കല്പം. ഉകാരത്തിന്റെ മീതെ ചേർക്കുമ്പോൾ, ഉകാരത്തിന്റെ ഉൾവലിവിനെ കാണിക്കും; അകാരത്തിന്റെ മീതെയാണെങ്കിൽ, അകാരത്തിന്റെ ഉൾവലിവിനെ സൂചിപ്പിക്കും, എന്നു വിശേഷമുള്ളൂ. എന്നുമാത്രമല്ല, കേവലവ്യഞ്ജനങ്ങളെ കാണിക്കുന്നതിനു നമ്മൾ അകാരം ചേർന്ന വ്യഞ്ജനലിപികളുടെ മീതെ ചന്ദ്രക്കലയിടുന്ന സമ്പ്രദായം സാധാരണവുമാണല്ലോ. എന്നാൽ, ചന്ദ്രക്കലയുടെ ഉദ്ദേശ്യം കേൾപ്പാനുള്ളതല്ല, സംവൃതോകാരത്തെ അടയാളപ്പെടുത്തുക മാത്രമാണ്, എന്ന അഭിപ്രായത്തോടു കൂടി വാക്കിനു മറ്റുള്ളവർ അകാരോപരി മീത്തലിടുന്നത്. അവർ കേവലവ്യഞ്ജനത്തെ സ്വരവ്യതിരിക്തമാക്കിക്കാണിപ്പാനും, സം

വൃത്താകാരത്തെ സൂചിപ്പിപ്പാനും ഒരേ അടയാളമുപയോഗിക്കുന്നതിൽ യുക്തിഭംഗമുണ്ടെന്ന് അറിയാത്തപ്രകാരം പ്രവൎത്തിക്കുന്നു. അതെങ്ങിനെയുമിരിക്കട്ടെ. ചന്ദ്രകലയുടെ ഉദ്ദേശം കേവലം സ്വരസംവരണമായാലും ശരി, സംവൃതോകാരചിഹ്നമായാലും ശരി, ഈ സ്വരവിശേഷത്തെ വകതിരിച്ചു കാണിപ്പാനുള്ള ശ്രമം, മലയാളത്തിന്റെ പൂൎവ്വസമ്പ്രദായം കൈവിടുവാൻ വൈമനസ്യമുള്ള മഹാന്മാരിലുംകടന്നിട്ടുണ്ടെന്നു സന്തോഷിക്കേണ്ടിയിരിക്കുന്നു. ഇതിലേക്ക്, കോഴിക്കോട്ടു മുതലായ വടക്കൻ നഗരങ്ങളിലെ വൎത്തമാനപത്രങ്ങളിലും, പത്രഗ്രന്ഥങ്ങളിലും, പാഠപുസ്തകങ്ങളിലും മറ്റും ലക്ഷ്യങ്ങൾ കാണുന്നുണ്ട്. ചില ഉദാഹരണങ്ങൾ മുമ്പുപകുതിയിൽ കാണിച്ചിട്ടുണ്ടല്ലോ. അച്ചുകൂടക്കാരോ, പത്രപ്രവൎത്തകന്മാരോ ഗ്രന്ഥകൎത്താക്കന്മാരോ ഇങ്ങിനെ ഒരു പരിഷ്കാരം ആവശ്യകമെന്നു സമ്മതിച്ചിരിക്കുന്നതായി തെളിയുന്നുണ്ടെങ്കിലും, ചിലർ ഉപയോഗിച്ചും, ഉപയോഗിക്കാതെയും, നാനാരീതിയിൽ എഴുതുകയും അച്ചടിക്കയും ചെയ്യുന്നതുകൊണ്ട് പ്രമാണസ്ഥിരതയില്ലാതാവുന്നു എന്ന് വ്യസനിക്കേണ്ടതായിരിക്കുന്നു. ഈ വിഷയത്തെ ഇനിയധികം വിസ്തരിക്കുന്നതുവിഹിതമല്ലെന്നു വിചാരിക്കുന്നതിനാൽ, ഇനി മറ്റു വിഷയങ്ങളെപ്പറ്റി വിചിന്തനം ചെയ്യാം.

(ശേഷം)

കെ. രാമകൃഷ്ണപിള്ള.

കേരളവും ദേശനാമങ്ങളും

(തുടൎച്ച)

(കെ. പി. പത്മനാഭമേനോൻ ബി. എ. ബി. എൽ.)

മലയാളരാജ്യത്തെപ്പറ്റിയുള്ള പുരാതനവിവരണങ്ങളിൽ കൊച്ചിയെക്കുറിച്ചു യാതൊന്നും പറഞ്ഞുകാണുന്നില്ല. മദ്ധ്യകാലത്തെ ദിക്സഞ്ചാരികളിൽ നിക്കോളോകാണ്ടി (Nicolo conti ക്രി.അ. 1440) യാണ് ആദ്യമായി ഇതിനെ 'കൊച്ചിം' (7) എന്ന പേരോടുകൂടി പറയുന്നതു്. ഇതു കൊച്ചി അഴി തുറന്ന് ഒരു നൂറുകൊല്ലം കഴിഞ്ഞതിനുശേഷമാണ്. പോൎത്തുഗീസുകാർ ഇൻഡ്യയിൽ എത്തിയ കാലത്തിനു ശേഷമാണ് കൊച്ചിത്തുറമുഖത്തിനു പ്രാധാന്യത സിദ്ധിച്ചതു്. അതിൽപിന്നെ കൊച്ചി മലയാളത്തുറമുഖങ്ങളിൽ ഏറ്റവും മുഖ്യമായ ഒന്നായി. ബാൎബോസയും (Barbosa) റാമുസ്യോവിലെ സമ്മറിയോ ഡി. റെഗ്നി Sommario den Regni Ramusio) എന്നതിന്റെ ഗ്രന്ഥകൎത്താവും ഡി ബാരോസ്സും (D'barros) ഈ തുറമുഖത്തിന്റെ പേർ 'കൊച്ചിൻ' എന്നു പറയുന്നുണ്ട്. എന്നാൽ ലിസ്ബൺ പട്ടണത്തിൽ അച്ചടിപ്പിച്ചിട്ടുള്ള ബാൎബോസയുടെയും കാണ്ടിയുടെയും ഗ്രന്ഥങ്ങളിൽ 'കൊച്ചിൻ', 'കോസി.', 'കൊച്ചിം', എന്നിങ്ങിനെ പേർ പറഞ്ഞുകാണുന്നു. ഗട്ട്ഷിർലെസ്പിൻജർ (Guts ·ch in of Spinger) എന്ന ഗ്രന്ഥകാരനും ഈ പേരുകൾ തന്നെയാണ് പറയുന്നതു്. ജി. ബാൽബി (G. Balbi) 'കൊച്ചി എന്നു

7. Majar's *India in the 15th. century.*

ശരിയായി പറയുന്നുണ്ടു്. (8) ക്രിസ്ത്വബ്ദം 15-ാം നൂറ്റാണ്ടിൽ നിക്കോളകോണ്ടിയും 17-ാം നൂറ്റാണ്ടിൽ പദ്രെപൗളിനോപാതിരിയും (Fr. Piolino) ഈ നഗരത്തിനു 'കൊച്ചി' എന്ന പേരുണ്ടായതു് അതിനടുത്തു് ഒഴുകുന്ന ചെറിയ നദി കാരണമാണെന്നു പറയുന്നു. (കൊച്ചിക്കു സംസ്കൃതത്തിൽ പറയുന്ന പേർ ബാലാപുരി എന്നാണ്) പുരാതനരീതിക്കു് സഞ്ചാരികൾ കൊച്ചിയെപ്പറ്റി മൗനമായിരിക്കുന്നതും ഇപ്പോൾ ശരിതെളിഞ്ഞതോടുകൂടി ഒന്നാമതായി ക്രി. വ. 1440-ൽ നിക്കോളകോണ്ടി ആ നഗരത്തെപ്പറ്റി പറഞ്ഞുകാണുന്നതും മാർക്കോപോളോ ടോളമിയുടെയും 'പെരിപ്ലസ്സിന്റെയും' (The Pereplus) കാലത്തിനുശേഷമായിരിക്കാം ഈ പ്രദേശമുണ്ടായതു് എന്നുള്ള ഊഹത്തിനു് ആസ്പദമാണെന്നു വരുന്നു. അഴി തുറന്നു് ഒരു നൂറ്റാണ്ടുകാലത്തിനുശേഷമേ കൊച്ചിയെപ്പറ്റി ഒന്നാമതായി പ്രസ്താവിച്ചുകാണുന്നുള്ളു എന്നതു് ഒരു സാരമായ സംഗതിയാണു്. ഇക്കാലത്തിനുള്ളിൽ ആ തുറമുഖത്തിനു പ്രാധാന്യമുണ്ടാകുവാൻ ധാരാളം സമയമുണ്ടായി.

തമിഴ്ചരിത്രസാഹിത്യങ്ങളിൽ പുരാതനകാലത്തു കന്യാകുമാരിക്കു തെക്കോട്ടു ഭൂമി നീണ്ടുകിടന്നിരുന്നതായി 1800 കൊല്ലങ്ങൾക്കു മുമ്പു തെക്കുള്ളവക്കു മാറ്റമുണ്ടായിരുന്നു എന്നും കന്യാകുമാരിക്കു തെക്കു് 'കുമരിക്കോടു്' എന്ന ഒരു പർവ്വതവും 'പഹ്റുളി' എന്ന പേരായ ഒരു നദി ഒഴുകിക്കൊണ്ടിരുന്നതായ ഒരു വിസ്തീർണ്ണപ്രദേശവും ഉണ്ടായിരുന്നു എന്നും പറഞ്ഞുകാണുന്നു. ഒടുക്കൽ സമുദ്രം അതിയായി കോപിച്ചതോടുകൂടി 'കുമരിക്കോടു്' എന്ന മലയും 'പഹ്റുളി'നദി ഒഴുകിക്കൊണ്ടിരുന്ന പ്രദേശവും ഇല്ലാതെയായി.

ഇതിനോടടുത്ത പ്രദേശത്തു സമുദ്രത്തിന്റെ ആക്രമണത്താൽ ഭൂമി മുങ്ങിപ്പോയതായി പിന്നെയും കാണുന്നുണ്ടു്. സിലോൺ ദ്വീപിന്റെ തെക്കുപടിഞ്ഞാറേക്കരയിൽ ക്രിസ്ത്വബ്ദത്തിനു ഇരുന്നൂറുകൊല്ലത്തോളം മുമ്പു് ഇതുപോലെ ഒരു സംഭവം ഉണ്ടായി എന്നു് ആ ദ്വീപിനെപ്പറ്റി ബൌദ്ധന്മാർ എഴുതിവെച്ചിട്ടുള്ള വിവരണങ്ങളിൽ കാണുന്നുണ്ടു്. (9) 11 നാഴിക നീളമുള്ള രാമേശ്വരമെന്ന ദ്വീപു് ഇൻഡ്യയുമായി ബന്ധത്തിൽ നിന്നു ഒന്നരനാഴിക മാത്രമേ വിട്ടുകിടക്കുന്നുള്ളു. മൂന്നുനാലു ശതാബ്ദങ്ങൾക്കു മുമ്പു് ഇവ രണ്ടിനെയും കൂട്ടിമുട്ടിക്കുന്നതായി ഒരു കരിങ്കൽ ചിറ ഉണ്ടായിരുന്നു. 15-ാം നൂറ്റാണ്ടിൽ സമുദ്രം ആക്രമിച്ചു് ആ ചിറയെ തട്ടിക്കളഞ്ഞു എന്നു പറയുന്നു. (10) ഇതു് ഏതുവരെ ശരിയായിരിക്കാമെന്നുള്ളതു് ഇൻഡ്യാക്കരയുടെ തെക്കെ അറ്റത്തുള്ള (Point Raman) രാമർ എന്ന കുന്നിന്റെ ചെരിവിലുള്ള കരയിലുള്ള നില കാണിക്കുന്നുണ്ടു്. അവിടെയുള്ള കല്ലുകളുടെ ഭൂപ്രകൃതിശാസ്ത്രപ്രകാരമുള്ള സമീപത്തു രാമേശ്വരംവരെ വിട്ടുവിട്ടു കിടക്കുന്ന വലിയ കരിങ്കല്ലുകളും കാണാവുന്നതാണു്. രാമേശ്വരം ക്ഷേത്രത്തിലെ റിക്കാർട്ടുകളും ഈ അഭിപ്രായത്തെ ബലപ്പെടുത്തുന്നുണ്ടു്. 15-ാം നൂറ്റാണ്ടിന്റെ അന്ത്യംവരെയും രാമേശ്വരം ദ്വീപും ഇൻഡ്യാഖണ്ഡവും ഒരു വീതികുറഞ്ഞ ചിറമൂലം കൂട്ടിത്തൊട്ടു കിടന്നിരുന്നു എന്നും ചില പ്രത്യേക വിശേഷ ഉത്സവദിവസങ്ങളിൽ രാമേശ്വരത്തുനിന്നു സ്വാമിയെ ഇക്കരെ ഉണ്ടായിരുന്ന ഒരു ക്ഷേത്രത്തിലേക്കു് എഴുന്നള്ളിച്ചുകൊണ്ടു വരാറുണ്ടെന്നും ആ ക്ഷേത്ര റിക്കാർട്ടുകളാൽ നമുക്കു് അറിയാം.(11) ആഡംസ്സ്ബ്രിഡ്ജ് (Adam's Bridge) എന്ന മണൽതിട്ട രാമേശ്വരത്തെ

8. Yuk's *Cathay and the way thither.* P. 455,

9. *The Madras Revoew*, P. 225 *etaseg.*

10 ഇതുണ്ടായി അധികം ശതാബ്ദങ്ങൾക്കു ശേഷം South Indian Railway കമ്പനിക്കാർ ഇവിടെ ഒരു തീവണ്ടിപ്പാലം പണിചെയ്തു രണ്ടു കരകളേയും കൂട്ടിയോജിപ്പിച്ചിരിക്കുന്നു.

11. *The Gazetteer of Southern India*, P. 385.

യും സിലോണെയും തമ്മിൽ കൂട്ടിമുട്ടിയ്ക്കുന്നു. ശ്രീരാമസ്വാമിയുടെ വാനരസൈന്യങ്ങളാൽ സേതുബന്ധനം ചെയ്യപ്പെട്ടതായി പറയുന്നതു് ഇവിടെ ആയിരിക്കാം.

ശ്രീപരശുരാമമഹർഷിയുടെ യഥാർത്ഥസ്ഥിതിയെ മറച്ചിരിക്കുന്ന ഐതിഹ്യപരിവേഷത്തെ നീക്കിനോക്കുന്നതായാൽ ഒരിക്കൽ ഈ ഭൂമിയിലേയ്ക്കു് ആദ്യമായി വന്നു കുടിയേറിയ ആര്യന്മാരുടെ നേതാവു് അദ്ദേഹമായിരുന്നു എന്നു കാണാം. കേരളഭൂമിയെ സമുദ്രത്തിൽനിന്നു വീണ്ടെടുക്കുന്നതിൽ പ്രയോഗിച്ചതായി പറയുന്ന അമാനുഷശക്തി അദ്ദേഹത്തിന്റെ ദിവ്യതയെ ആശ്രയിച്ചിരിക്കുന്നു. ഇങ്ങിനെ ഒരാൾ ഉണ്ടായിരുന്നുവോ എന്നു തന്നെ ചില പണ്ഡിതന്മാർക്കു സംശയമുണ്ടു്. അദ്ദേഹം മഹാവിഷ്ണുവിന്റെ ഒരു അവതാരമെന്നാണ് വെച്ചിരിക്കുന്നതു്. അദ്ദേഹത്തിന്റെ കാലം എന്നായിരുന്നു എന്നു ഏകദേശംപോലും നിർണ്ണയിക്കുവാൻ തരമില്ല. അദ്ദേഹത്തിന്റെ പേർ വാഹിയായ ശ്രീരാമനും അദ്ദേഹവും തമ്മിൽ കണ്ടെത്തിയപ്പോൾ അവർ തമ്മിൽ കലഹമുണ്ടായി എന്നും രാമായണത്തിൽ പറയുന്നതും പരശുരാമൻ ക്ഷത്രിയവംശത്തെ നിശ്ശേഷം നശിപ്പിച്ചു എന്നു പറയുന്നതും മറ്റും അവാസ്തവങ്ങളായ വെറും കെട്ടുകഥകളാണെന്നു മിസ്റ്റർ ടാൽബോയിസ് വീലർ (Mr-Tabeys Wheeler) അഭിപ്രായപ്പെടുന്നു.(12)

എന്നാൽ രമേശദത്തന്റെ അഭിപ്രായം പരശുരാമനെ സംബന്ധിച്ചുള്ള കഥയിൽ ചില ചരിത്ര വാസ്തവങ്ങൾ അന്തർഭവിച്ചു കിടക്കുന്നുണ്ടു് എന്നാണു്. അദ്ദേഹം ഇപ്രകാരം പറയുന്നു. 'പരശുരാമൻ ക്ഷത്രിയവംശത്തെ 21-പ്രാവശ്യം നശിപ്പിച്ചു. ഒടുവിൽ രാമായണത്തിലെ വീരപുരുഷനായ ക്ഷത്രിയ രാമനാൽ പരാജിതനായി. പുരോഹിതന്മാരായ ബ്രാഹ്മണരും യോദ്ധാക്കളായ ക്ഷത്രിയരും തമ്മിൽ യഥാർത്ഥത്തിൽ ഉണ്ടായിരുന്ന സ്പർദ്ധയേയും കലഹത്തേയും ഈ കഥ ചൂണ്ടിക്കാണിക്കുന്നു എന്നു വിചാരിക്കാം. ഈ മത്സരം കാവ്യങ്ങളിലും ഉപനിഷത്തുകളിലും കാണുന്നുണ്ടു്.' എന്നാൽ പരശുരാമൻ വൈദിക കാലത്തിനുശേഷം ഉണ്ടായ ഒരു ദേഹമാകയാൽ അദ്ദേഹത്തിന്റെ കാലം വളരെ പുരാതനമെന്നു കല്പിച്ചുകൂടാ. 'മഹാഭാരതം അനുശാസനപർവ്വം 52-ാം അദ്ധ്യായത്തിൽ ജമദഗ്നി എന്ന ബ്രാഹ്മണന്റെ പുത്രനായ പരശുരാമനു് ക്ഷത്രിയഗുണങ്ങൾ ഉണ്ടാകുവാൻ സംഗതി എന്താണെന്നു യുധിഷ്ഠിരൻ ചോദിക്കുന്നു. ഋഗ്വേദത്തിൽ ജമദഗ്നിയുടെ പേരു പറയുന്നുണ്ടെങ്കിലും അദ്ദേഹത്തിന്റെ പുത്രനായ പ്രസിദ്ധപ്പെട്ട പരശുരാമന്റെ പേർ അതിലൊരിടത്തും കാണുന്നില്ല എന്നുള്ളതു് കാര്യമായ സംഗതിയാണു്. അതുകൊണ്ടു് അദ്ദേഹത്തിന്റെ പേർ നവീനമായി നിർമ്മിച്ചതായിരിക്കണം. പരശുരാമനും ക്ഷത്രിയരും തമ്മിൽ ഉണ്ടായി എന്നുപറയുന്ന യുദ്ധങ്ങൾ മഹാകാവ്യകാലത്തു (ക്രി-മു: 400-1000) ജാതിഭേദം ഉണ്ടായിക്കൊണ്ടിരിക്കുമ്പോൾ ധീരന്മാരായ പുരോഹിതന്മാരും ഗർവ്വിഷ്ഠന്മാരായ രാജാക്കന്മാരും തമ്മിലുണ്ടായിട്ടുള്ള ശത്രുതയെ മൂലമാക്കിവെച്ചു പറയുന്നവയായിരിക്കണം.'(13)

ക്രിസ്ത്യാനികളുടെ കാലഗണന പ്രകാരം പ്രളയത്തിനുശേഷം ഒരായിരം കൊല്ലങ്ങൾക്കുള്ളിൽ ആയിരിക്കാം പരശുരാമന്റെ കാലമെന്നു് റെവറണ്ടു് വില്യം ടെയിലർ (Rev. William Taylor) ഊഹിക്കുന്നു. തന്നാൽ മറ്റൊരിടത്തു്(14) പ്രതി

---

12. *History of India*, Vol. II. P. 67.

13. *Ancient India*, Vol. I. PP. 212-153
Hunter's *Indian Empire*, P. 104.

14. *Translation of Historical Manuscripts*, Vol. I. P. 153.

വാദിക്കപ്പെട്ടിട്ടുള്ള ഗണിതശാസ്ത്രതത്വങ്ങൾ ശരിയാണെങ്കിൽ പ്രളയത്തിനുശേഷം 500 കൊല്ലം കഴിഞ്ഞു രണ്ടായിരം കൊല്ലങ്ങൾക്കകത്തു ഉത്തരാർദ്ധ ഗോളത്തിൽനിന്ന് ജലസമൂഹത്തിന്റെ ഒരു വലിയ പിൻവാങ്ങൽ ഉണ്ടായിരിക്കുവാൻ സംഗതിയുണ്ട്. ചോഴമണ്ഡലക്കരയെക്കാൾ മലയാളക്കര അധികം താണിരുന്നില്ലെങ്കിൽ ആ കാലത്തു തന്നെ ഇവിടെനിന്നും ഒരു വലിയ പിൻവാങ്ങൽ ഉണ്ടാവേണ്ടതാണ്.(15)

കേരളത്തിന്റെ ചരിത്രത്തെ പ്രതിപാദിക്കുന്ന മലയാള ഭാഷയിലുള്ള കേരളോല്പത്തി പ്രകാരം കേരളത്തിന് 'കർമ്മഭൂമി' എന്നുകൂടി പേരുണ്ട്. അവിടെയുള്ള രക്ഷാമോക്ഷമാർഗ്ഗം കർമ്മം മാത്രമാണ്. മലയാളഭൂമി സ്വതേ പവിത്രഭൂമിയല്ല. അവിടെയുള്ളവർ സൽകർമ്മങ്ങളെക്കൊണ്ട് മോക്ഷം നേടേണ്ടതാണ്. മലയാളത്തിൽ കിടന്നു മരിക്കുന്നവർ വരും ജന്മത്തിൽ കഴുതകളായി ജനിക്കുന്നു എന്നും ഈ അപകടത്തിൽനിന്ന് രക്ഷപ്പെടുവാനുള്ള പരിഹാരം സൽകർമ്മങ്ങൾ ചെയ്യുക മാത്രമാണെന്നും പറയുന്നു. അതുകൊണ്ട് ആ ഭൂമിയെ പരശുരാമൻ ബ്രാഹ്മണർക്ക് ദാനം കൊടുത്തപ്പോൾ കേരളനിവാസികളുടെ ആത്മരക്ഷയ്ക്കു വേണ്ടതായി തന്നാൽ ഏർപ്പെടുത്തപ്പെട്ട കർമ്മങ്ങളെ ശരിയായും സത്യമായും നടത്തിക്കൊള്ളണമെന്ന് ശ്രീപരശുരാമമഹർഷി കേരളബ്രാഹ്മണരോട് നിഷ്കർഷയായി ആജ്ഞാപിച്ചു. ബ്രാഹ്മണർ അനുഷ്ഠിക്കേണ്ടതായി നിശ്ചയിച്ചിട്ടുള്ള സൽകർമ്മങ്ങളുടെ ഗുണഫലം മറ്റുള്ളവർക്കുകൂടി സിദ്ധിക്കുന്നു. അതുകൊണ്ട് കേരളത്തിലുള്ള മറ്റു വർഗ്ഗക്കാരുടെ സൽഗതി ബ്രാഹ്മണർ വിധിക്കപ്പെട്ടിട്ടുള്ള കർമ്മങ്ങളുടെ ശരിയായ അനുഷ്ഠാനത്തെ ആശ്രയിച്ചിരിക്കുന്നു. കേരളത്തിലെ ഭൂമി മുഴുവൻ ബ്രാഹ്മണർക്ക് ദാനം ചെയ്തു ക്ഷേത്രങ്ങളുടെ രക്ഷക്കും വൈദികകർമ്മങ്ങളെ ശരിയായി ചെയ്യുവാനായിട്ടുമാണെന്ന് കേരളോല്പത്തി തികച്ചും പറയുന്നുണ്ട്. ഇതിനെ വിശദമാക്കിയിട്ടില്ലെന്നായ ഭൂമിസ്വീകാരം ഒരു വിശിഷ്ടകൃത്യമാണ്.(16) ഭൂദാനപാപത്തെ കൃത്യമായി അനുസരിച്ചുനടക്കാത്തപക്ഷം അതിന്റെ ഗുണാനുഭവികൾക്ക് ഭൂമിനിശ്ചയത്തെ നിരോധിക്കണമെന്ന് നിർബ്ബന്ധിക്കുവാൻ നിയമപ്രകാരം അവകാശമുണ്ട്. ഭൂമിയിന്മേൽ മറ്റാരുടെയും തൊട്ടുകൂടാത്തതായുള്ള സ്വാതന്ത്ര്യമവകാശം തങ്ങൾക്കുണ്ടെന്നുള്ള മലയാളബ്രാഹ്മണരുടെ വാദം ഒരു കണ്ണനോട്ടംപോലും നിലനിൽക്കത്തക്കതല്ല.

പരശുരാമക്ഷേത്രത്തിന്റെ വിസ്തീർണ്ണത്തെയും അതിർത്തികളെയും പറ്റി പല പുരാണത്തിൽ പലവിധം പറഞ്ഞുകാണുന്നു.

'സ്കന്ദപുരാണ'ത്തിൽ ഉൾപ്പെട്ട 'സഹ്യാദ്രി'ഖണ്ഡത്തിന്റെ ഉത്തരാർദ്ധം 1-ാം അദ്ധ്യായത്തിൽ താഴെ പറയുന്നവിധം കാണുന്നു.

'വൈതരണ്യാദക്ഷിണേതു
സുബ്രഹ്മണ്യാത്തഥോത്തരേ
സഹ്യാത്സാഗരപര്യന്തം
ശൂർപ്പാകാരം വ്യവസ്ഥിതം
ശതയോജനമായാമം
വിസ്താരേത്രിണിയോജനം'

ഈ ഭൂമി വൈതരണി (കലിംഗത്തിൽ) നദിക്കു തെക്ക് സുബ്രഹ്മണ്യത്തിനു വടക്ക് സഹ്യപർവ്വതം മുതൽ കടൽവരെ ഒരു മുറത്തിന്റെ ആകൃതിയിൽ 100 യോജന നീളത്തിലും 3 യോജന വീതിയിലും കിടക്കുന്നു.

ടി 'സഹ്യാദ്രിഖണ്ഡ'ത്തിന്റെ ഉത്തരാർദ്ധം 6-ാം അദ്ധ്യായത്തിൽ പരശുരാമൻ സമുദ്രനിഷ്കാസനം ചെയ്തുണ്ടാക്കിയ ഭൂമി

15. Do. Vol. II. P. 65.

16 കേരളോല്പത്തി PP. 12,13.

* ഒരു യോജന എന്നതു 10 നാഴിക വഴിയാണ്.

യിൽ സപ്തകൊങ്കണങ്ങൾ അടങ്ങിയിരിക്കുന്നതായി പറയുന്നു. അതാവിതു(1) കേരളം (2) തുളംഗം (3) സൌരാഷ്ട്രം (4) കൊങ്കണം (5) കരഹാടം (6) കണ്ണാടം (7) ബർബ്ബരം ഈ ഭൂമിയുടെ ആകെ വിസ്തീർണ്ണം 100 യോജന നീളവും 5 യോജന വീതിയും ആകുന്നു.

ടി. 7-ാം അദ്ധ്യായത്തിൽ അതിന്റെ അതിർത്തിയെപ്പററി ഇപ്രകാരം പറഞ്ഞുകാണുന്നു.

'സഹ്യപർവ്വതമാരഭ്യയോജനത്രിതയാവധി_
കന്യാകുമാരികാചക്രനാസികാത്ര്യംബകഃ
(പരം.'

സഹ്യപർവ്വതം ഇടത്തി 3 യോജന വീതിയിൽ കന്യാകുമാരി മുതൽ നാസികാത്ര്യംബകം വരെയാകുന്നു അതിന്റെ കിടപ്പ്. അത് ആറു യോജന നീളമുള്ളതും മുൻപറഞ്ഞ ഏഴ് ഭാഗങ്ങളോടുകൂടിയതും ആകുന്നു.

'കേരളമാഹാത്മ്യം' (ഭൂഗോളപുരാണാന്തർഗതം) 4-ാം അദ്ധ്യായത്തിൽ ശ്രീപരശുരാമൻ വരുണനോടു താമസിക്കുവാൻ സ്ഥലം ആവശ്യപ്പെട്ടപ്പോൾ സമുദ്രം 'പശ്ചിമസമുദ്രത്തിൽ പരശുവിനെ ഇട്ടുകൈകൊണ്ടെറിഞ്ഞാൽ അതു ചെന്നു വീഴുന്നേടത്തോളം ഭൂമിയെ പരിപാലിച്ചുകൊള്ളുകവേണ്ടൂ' എന്നു പറഞ്ഞു എന്നും ആ ഭൂമിക്ക ദശയോജനാവിസ്തീർണ്ണവും ശതയോജനദൈർഘ്യവും ഉണ്ട് എന്നും പറഞ്ഞുകാണുന്നു.

'മലയാദ്രിമാഹാത്മ്യം' എന്ന ഗ്രന്ഥത്തിൽ ഈ മലയാളഭൂമിയുടെ അതിർത്തിയെ കുറിച്ച് ഇങ്ങിനെ പറഞ്ഞിരിക്കുന്നു.

മലയക്രോഡഭൂമേസ്തു സീമാതത്വം നിബോധ മേ
(താ_
പയസ്വിന്യുത്തരസ്യാന്തു ദക്ഷിണേതുകുമാ
(രികാ
പൂർവ്വസീമാതു ഗിരിരാണ്മലയഃ പശ്ചിമേംബു
(ധിഃ

വടക്കു കാഞ്ഞിരോട്ടുപുഴയും തെക്കു കന്യാകുമാരിയും കിഴക്കു മലയപർവ്വതവും പടിഞ്ഞാറു സമുദ്രവും. (തുടരും)

വിദ്യാഭ്യാസസംബന്ധമായ
ചില വിമർശനങ്ങൾ.

(തുടർച്ച)

II

ആരീതിയിൽതന്നെ ജർമ്മനിയിലെ ഉൽകൃഷ്ടവിദ്യാഭ്യാസവും ഉന്നതസ്ഥിതിയിൽ നിൽക്കുന്നു. ഉൽകൃഷ്ടവിദ്യാഭ്യാസം എന്നു പറയുന്നത് സാധാരണയായി സർവ്വകലാശാലാവിദ്യാഭ്യാസത്തെയാണ്. സർവ്വകലാശാലകളുടെ വാസ്തവമായ ഉദ്ദേശ്യം പ്രധാനമായിട്ടു രണ്ടാണ്. 1. ലൌകികവ്യാപാരങ്ങളിലേർപ്പെട്ട ഉൽകൃഷ്ടകൃത്യങ്ങളുടെ നിർവഹണത്തിന് ഉതകുന്നതായ കർത്തൃനിർമ്മാണം. 2. ലൌകികവ്യാപാരവിഷയങ്ങളിൽ പ്രത്യേകം നൂതനമായ അറിവിനെ ഉളവാക്കുന്ന വിധമുള്ള പരിശോധനകളും പരീക്ഷണനിരീക്ഷണങ്ങളും നടത്തുന്നതിന് [illegible] ഉണ്ടാക്കിക്കൊടുക്കുക.

ഈ രണ്ടു ഉദ്ദേശങ്ങളെയും സാധിക്കുന്ന സ്ഥാപനത്തെ മാത്രമേ സർവ്വകലാശാലയായി ഗണിക്കാൻ തരമുള്ളൂ. ഇത്തരമുള്ള സർവ്വകലാശാലകൾ പാശ്ചാത്യരാജ്യങ്ങളിൽ, വിശേഷിച്ചും ജർമ്മനിയിൽ കാണുന്നു

ണ്ട്. ഇൻഡ്യൻസൎവ്വകലാശാലകൾ പരിഷ്കൃതലോകത്തിന്റെ ജ്ഞാനാഭിവൃദ്ധിക്കുതകുന്ന ശാസ്ത്രീയപരിശോധനകൾക്കായി വല്ല പ്രോത്സാഹനമോ വിദ്യാൎത്ഥികൾക്കവേണ്ട സൌകൎയ്യമോ നൽകുന്നതായി കാണപ്പെടുന്നില്ല. ശാസ്ത്രീയപരിശോധന എന്നുവെച്ചാൽ എന്താണെന്നുകൂടി അറിയാൻപാടില്ലാതെയാണ് നമ്മുടെ യുവാക്കൾ സൎവ്വകലാശാലാബിരുദധാരികളായി ധനസമ്പാദനമാൎഗ്ഗത്തിലുള്ള ജീവിതരംഗത്തിൽ പ്രവേശിക്കുന്നതു്. വക്കീൽപണി വൈദ്യം മുതലായ ചില തൊഴിലുകളിൽ ഏൎപ്പെട്ട് അവർ ധാരാളം വൈദഗ്ദ്ധ്യം സമ്പാദിക്കുകയും കീൎത്തിയും ധനവും നേടുകയും ചെയ്യുന്നുണ്ടെന്നു നമുക്കറിയാം. എന്നാൽ ഇൻഡ്യയിൽ സൎവ്വകലാശാലകൾ ഏൎപ്പെട്ടിട്ട് ഏകദേശം 50 കൊല്ലത്തിനു മേലായെങ്കിലും ഇത്രയും കാലത്തിനിടയിൽ ഒരു ബോസും ഒരു റായിയും ഒഴിച്ചാൽ ശാസ്ത്രസംബന്ധമായവിഷയങ്ങളിൽ Researches നടത്തി നൂതനമായ അറിവു കണ്ടുപിടിക്കാൻ ശ്രമിച്ചവരായും ശ്രമിക്കുന്നവരായും പറയത്തക്കവരാരുമില്ലെന്നുള്ളതുതന്നെ ഇപ്പോഴത്തെ നമ്മുടെ സൎവ്വകലാശാലാവിദ്യാഭ്യാസത്തിന്റെ ഒരു പ്രധാനന്യൂനതയെ വെളിപ്പെടുത്തുകയല്ലെ ചെയ്യുന്നതു്. ഇൻഡ്യൻയുവാക്കൾക്കു കല്പനാശക്തി, സൂക്ഷ്മവിവേചനം മുതലായി ശാസ്ത്രപരിശ്രമങ്ങൾക്കു ആവശ്യമുള്ള ഗുണങ്ങളില്ലെന്നും മററും നമ്മിൽ ചിലർ ആരോപിക്കപ്പെടാറുള്ളതു് തീരെ അടിസ്ഥാനമില്ലാത്തതാണെന്നുള്ളതിനു മതിയായ തെളിവു നമ്മുടെ നാട്ടുകാരനായ ഒരു മഹാൻ ഈ വിഷയത്തിൽ നേടീട്ടുള്ള ജയവും കീൎത്തിയും മതിയാകുന്നതാണ്. ചെടികളിലുള്ള ഇന്ദ്രിയവ്യാപാരത്തിനെ സംബന്ധിച്ച് ഇദ്ദേഹം (ഡാക്ടർ ബോസ്) കണ്ടുപിടിച്ചിട്ടുള്ള സംഗതികൾ പാശ്ചാത്യരാജ്യങ്ങളിലെ കീൎത്തിപ്പെട്ട ശാസ്ത്രജ്ഞന്മാരെക്കൂടി അതിശയിപ്പിക്കുന്നുണ്ട്. സൌകൎയ്യവും പ്രോത്സാഹനവും ഉണ്ടായിരുന്നാൽ ...രകം ബോസുകൾ ഇൻഡ്യയിലുണ്ടാകും എന്നുള്ളതിനു സംശയമില്ല.

പാശ്ചാത്യരാജ്യങ്ങളിലെ സൎവ്വകലാശാലകളിൽ ഏതുപ്രകാരമാണ് ശാസ്ത്രീയപരിശ്രമങ്ങളെ പ്രോത്സാഹിപ്പിക്കുന്നതെന്നു നമുക്കു നോക്കാം. ഈ വിഷയത്തിൽ ജൎമ്മൻ സൎവ്വകലാശാലകളാണ് പ്രഥമസ്ഥാനത്തെ അൎഹിക്കുന്നതു്. അതുകൊണ്ടു അവയെപ്പററിത്തന്നെ നമുക്കു ആലോചിക്കാം.

ജൎമ്മനിയിൽ സെക്കണ്ടറി പരീക്ഷ ജയിച്ചിട്ടുള്ളവൎക്കു മാത്രമേ സൎവ്വകലാശാലകളിൽ പ്രവേശനം സിദ്ധിക്കയുള്ളു. അവിടത്തെ Secondery School വിദ്യാഭ്യാസം വളരെ ഉയൎന്ന തരത്തിലുള്ളതാണെന്നു ഇതിനു മുമ്പുതന്നെ ഞാൻ പ്രസ്താവിച്ചിട്ടുണ്ട്. ഇവയിൽക്കൂടി കടന്നുപോകുന്ന ഒരുവന് ഇംഗ്ലണ്ട്, ഇൻഡ്യ മുതലായ രാജ്യങ്ങളെ അപേക്ഷിച്ചു എത്രയും ഉപരിയായ രീതിയിലുള്ള ഒരു സാമാന്യവിദ്യാഭ്യാസം ലഭിക്കുന്നുണ്ട്. തന്നിമിത്തം ഒരു ജൎമ്മൻവിദ്യാൎത്ഥി തന്റെ സൎവ്വകലാശാലാജീവിതത്തിന്റെ പ്രാരംഭംമുതൽക്കുതന്നെ താൻ കലാവിദ്യകളെ സംബന്ധിച്ച പ്രത്യേകപഠനം ആരംഭിക്കുന്നു. സൎവ്വകലാശാലകൾ വിജ്ഞാനസമ്പാദനത്തിനുള്ള സ്ഥാനങ്ങളാണ്. അതിനു മുമ്പിൽ സാമാന്യവിദ്യാഭ്യാസം മാത്രമേ ഉണ്ടായിരിക്കയുള്ളൂ. എന്നാൽ ചില ബ്രിട്ടിഷ് സൎവ്വകലാശാലകളിൽ, ഉദാഹരണമായിട്ടു എഡിൻബറോ സൎവ്വകലാശാലയിൽ, സാമാന്യവിദ്യാഭ്യാസത്തിനുംകൂടി ചില സൌകൎയ്യങ്ങളുണ്ട്. അവിടത്തെ പ്രാഥമികവിദ്യാഭ്യാസനിബന്ധനകൾ അത്രതന്നെ പരിപൂൎത്തിയിൽ വന്നിട്ടില്ലാത്തതുകൊണ്ട് ഏതെങ്കിലും പ്രത്യേകതൊഴിലിൽ പ്രവേശിപ്പാൻ ഉദ്ദേശിക്കുന്ന ഒരു വിദ്യാൎത്ഥിക്കു സൎവ്വകലാശാലയിൽ ചെന്നുതന്നെ അതിലേക്കു ആവശ്യമുള്ള സാമാന്യവിദ്യാഭ്യാസം പൂൎത്തിയാക്കേണ്ടിവരുന്നു. ഇങ്ങനെയുള്ള സാമാന്യവിദ്യാഭ്യാസത്തിനെ ഉദ്ദേശിച്ചാണ് എഡിൻബറോ സൎവ്വകലാശാലയിൽ എം. എ. ഡിഗ്രി സ്ഥാപിച്ചി

രിക്കുന്നത്. സാധാരണയായി മിക്ക വിദ്യാൎത്ഥികളും ഈ ഡിഗ്രി ആദ്യമായി സമ്പാദിക്കുകയും അതിനുശേഷം ഏതെങ്കിലും വിഷയത്തിൽ പ്രത്യേകപഠനം സാധിച്ചു അതിൽ ഒരു പ്രത്യേകഡിഗ്രിയും കൂടി സമ്പാദിക്കുകയും ചെയ്തുവരുന്നു. എഡിൻബറോവിലെ എം. ഏ. ഡിഗ്രിയെപ്പററി നമ്മുടെ ഇടയിൽ ചിലൎക്കു പൂൎവ്വാതോന്നിയേക്കാം. പുതിയ ഒരു സംഗതി നോക്കുന്നതായിരുന്നാൽ അതിനെ പഠിക്കേണ്ടതുണ്ടെങ്കിലും മറെറാരു സംഗതിയിൽ അതിനെക്കാളധികം ശ്രദ്ധിക്കേണ്ടതുണ്ട്. എം. ഏ. ഡിഗ്രി, ബി. ഏ. ഡിഗ്രി സിദ്ധിച്ചതിന്റെ ശേഷം സിദ്ധിക്കുന്നതാകുന്നതാണ് നമ്മിൽ മിക്കപേരുടെയും ധാരണ. എഡിൻബറോവിൽ ബി. ഏ. ഡിഗ്രിയേ ഇല്ലാ. ഇവിടത്തെ സൎവ്വകലാശാലയിൽനിന്നും ഒന്നാമതായി നല്കുന്ന ഡിഗ്രി എം. ഏ. എന്നതാണ്. പാശ്ചാത്യപരിഷ്കാരത്തിന്റെ കേന്ദ്രമായിരുന്ന എല്ലാസൎവ്വകലാശാലകളിലും ബി. ഏ. യും, എം. ഏ. യും ഡിഗ്രികളുണ്ടായിരുന്നു. ക്രമേണ. ഇതിൽ അനേകം ഭേദഗതികളും വന്നുകൂടി. ജൎമ്മനിയിൽ ബി. ഏ. യും, എം. ഏ. യും വേണ്ടെന്നുവെച്ചിട്ടു പി. എച്ച്. ഡി. എന്നൊരു ഡിഗ്രിയെ പുതുതായി സൃഷ്ടിച്ചു. എഡിൻബറോവിൽ ബി. ഏ. വേണ്ടെന്നു വെച്ചു. ഓക്സ്ഫോൎഡിലും കേംബ്രിഡ്ജിലും ബി. ഏ. യും എം. ഏ. യും കളയാതെ വെച്ചുകൊണ്ടിരിക്കുന്നു. പുതുതായി ലണ്ടൻ സൎവ്വകലാശാല ഏൎപ്പെടുത്തിയപ്പോൾ അവിടെ ബി. ഏ. യും എം. ഏ. യും ഏൎപ്പെടുത്തി. അതിനെ പിന്തുടൎന്നു നമ്മുടെ സൎവ്വകലാശാലകളിലും ഈ രണ്ടു ഡിഗ്രികളും സ്ഥാപിച്ചു. നമ്മുടെ സൎവ്വകലാശാലകളിലും അവിടത്തെ ഡിഗ്രികളെയും പേരി മാത്രം നമുക്ക് അറിവുള്ളതുകൊണ്ട് ബി. ഏ. പാസ്സാകാതെ ചിലപ്പോൾ മെട്രിക്കുലേഷൻ കൂടി ജയിക്കാതെ എം. ഏ. ഡിഗ്രി എടുക്കാൻ സിദ്ധിക്കുന്നതെങ്ങിനെയെന്നു നമുക്കു അത്ഭുതപ്പെടാതിരിക്കാൻ മാൎഗ്ഗമില്ലാ. എന്തായാലും എഡിൻബറോ എം. ഏ. യുള്ള ഒരു പ്രധാനഗുണം പല വിഷയങ്ങളിൽ ഒരു വിധമായെങ്കിലുമൊരറിവുണ്ടായതിനു മേലെ ആ ഡിഗ്രി ലഭിക്കയുള്ളുവെന്നുള്ളതാണ്. അതിലെല്ലാ ഒരു വിഷയത്തിലും തികവായിട്ടുള്ള അറിവാവശ്യപ്പെട്ടിട്ടില്ലാ. ഒരു ദോഷമായിട്ടു പറയാനുള്ളതു ഇതൊന്നു മാത്രമെയുള്ളൂ. പക്ഷെ ഉയൎന്നതരം വിദ്യാഭ്യാസം ആവശ്യപ്പെടുന്നവരാരും എം. ഏ. ഡിഗ്രി മാത്രംകൊണ്ടു തൃപ്തിപ്പെടുകയില്ല. വേറെ ഏതെങ്കിലും ഒരു പരീക്ഷയ്ക്കുള്ളതിനെ ഒരു ആരംഭമായ പ്രാരംഭമായിട്ടു മാത്രമേ കരുതിവരുന്നുള്ളൂ. എം. ഏ. ഡിഗ്രി മാത്രം സമ്പാദിച്ചുകൊണ്ടു നടന്നാൽ ഉദ്യോഗം കിട്ടാൻ പ്രയാസമുണ്ട്. എഡിൻബറോവിലെ സാധാരണ എം. ഏ യെ മദ്രാസ് സൎവ്വകലാശാലയിലെ സാധാരണ ബി. ഏ. യോടു സാദൃശ്യപ്പെടുത്താവുന്നതാണ്.

നമ്മുടെ സെക്കണ്ടറി പാഠശാലകളിലെ പഠനരീതി പൊതുവിദ്യാഭ്യാസത്തിനാവശ്യമുള്ള തോതിൽ എത്തീട്ടില്ല. ഈ ഇടക്കാലത്തെങ്ങും എത്തുമെന്നു വിചാരിക്കാൻ നിവൃത്തിയുമില്ല. അതിനാലായിരിക്കെ ഇവിടത്തെ ബി. ഏ. പരീക്ഷയ്ക്കുള്ള പഠനം സെക്കണ്ടറി പാഠശാലകളിലേതിന്റെ തുടൎച്ച പൊതുവിദ്യാഭ്യാസത്തിനുതകുന്നതായിരിക്കണം. ഇപ്രകാരമാണ് എഡിൻബറോവിലെ എം. ഏ. Course നടത്തിവരുന്നതു്. നമ്മുടെ ബി. ഏ. Course ഈ ഉപാദ്ധ്യക്ഷത്തെ സാധിക്കുന്നില്ലെന്നുമാത്രമല്ലാ അതിനു നേരെ വിപരീതമായിട്ടുണ്ട് ഇരിക്കുന്നതും Covege Course ന്റെ ആരംഭം മുതൽ നാം പ്രത്യേക വിദ്യാഭ്യാസവകുപ്പിലേക്കാണ് കടക്കുന്നതു്. സൎവ്വകലാശാലകൾ ഉത്ഭവിച്ച കാലത്തു എഫ്. ഏ. ക്കും ബി. ഏ. ക്കും ഈ മാതിരി പ്രത്യേക വിദ്യാഭ്യാസം തീരെയില്ലായിരുന്നു. കുറെ കഴിഞ്ഞപ്പോൾ ബി. ഏ. ക്കു അതിനെ ഉൾപ്പെടുത്തി. ഇപ്പോൾ എഫ്. ഏ

കൂടി വിജ്ഞാനസമ്പാദനം വേണമെന്നായി. ഇനി കുറെ കഴിയുമ്പോൾ Higgh School ൽ തന്നെ ഈ സമ്പ്രദായം തുടങ്ങുമായിരിക്കും. പ്രത്യേക വിദ്യാഭ്യാസവും വിജ്ഞാനസമ്പാദനവും ആവശ്യമാണ്. നല്ലതുമാണ്. പക്ഷെ ശരിയായ സാമാന്യവിദ്യാഭ്യാസം സമ്പാദിപ്പതിനുമുമ്പ് പ്രത്യേക വിദ്യാഭ്യാസം ഉണ്ടാകരുതില്ല അതുകൊണ്ടു ഉദ്ദേശിക്കുന്ന ഗുണം സിദ്ധിപ്പിക്കുള്ളൂ.

ജൎമ്മനിയിൽ പ്രാഥമികവിദ്യാഭ്യാസം എത്രയും സ്തുത്യൎഹമായ നിലയിൽ ഇരിക്കുന്നതു നിമിത്തം അവിടത്തെ സൎവ്വകലാശാലകളിൽ ആരംഭം മുതൽക്കു പ്രത്യേക വിദ്യാഭ്യാസം ഉണ്ടാകുന്നതുകൊണ്ടു ഗുണമല്ലാതെ ദോഷമില്ല. ഇങ്ങിനെ വിദ്യാഭ്യാസം നിർബന്ധിതമായിരിക്കുന്നതുകൊണ്ടാണ് അവിടെ ശാസ്ത്രപരീക്ഷണങ്ങൾ ധാരാളം നടന്നുകൊണ്ടിരിക്കുന്നതു്. സൎവ്വകലാശാലയിൽനിന്നും ഡിഗ്രി വേണമെന്നുദ്ദേശിക്കുന്നവരൊക്കെ എന്തെങ്കിലും ഒരു വിഷയത്തിൽ പ്രത്യേക പഠനം സാധിച്ചു അതിൽ ചില ഗണനീയമായ ശാസ്ത്രപരീക്ഷകൾ നടത്തി ഒരു സ്വതന്ത്രമായ ഉപന്യാസം എഴുതാതെയിരിക്കാൻ നിവൃത്തിയില്ല. സൎവ്വകലാശാലാബിരുദത്തെ വിദ്യാഭ്യാസത്തിന്റെ ഒരു ചിഹ്നമായിട്ടു കരുതുകയും വിദ്വാന്മാരെ പ്രത്യേകം ബഹുമാനിക്കയും ചെയ്യുക പതിവുള്ളതുകൊണ്ടു നിവൃത്തിയുള്ളവരൊക്കെ ഡിഗ്രിക്കായി ശ്രമിക്കാതിരിക്കയില്ല. ജൎമ്മനിയിൽ സാധാരണ ആളുകളെ വിളിക്കുന്നതു് ഹേർ എന്ന സ്ഥാനം കൂടി ചേൎത്താണ്. ഇതിനോടുകൂടി ഡാക്ടർസ്ഥാനം കൂടി ചേൎത്തു Her Doctor എന്നു വിളിക്കാൻ ഇടയാവുന്നതു ഒരു വലിയ കാൎയ്യമായിട്ടാണ് വച്ചിരിക്കുന്നതു്. ആണ്ടുതോറും അനേകായിരം ആളുകൾ സൎവ്വകലാശാലകളിൽ ചേൎന്നു ഡിഗ്രി കിട്ടണമെന്നുള്ള ഉദ്ദേശ്യത്തോടുകൂടി പല വിഷയങ്ങളിൽ ശാസ്ത്രപരീക്ഷണങ്ങൾ നടത്തുന്നുണ്ട്. ഇങ്ങിനെ പരിശ്രമിക്കുന്നവരിൽ ചിലൎക്കൊക്കെ ഡിഗ്രി കിട്ടുകയും ചെയ്യും. ഡിഗ്രി എടുത്തുകൊണ്ടു പലരും പല പ്രകാരത്തിൽ പോകുന്നുണ്ട്. എന്നാൽ ഡാക്ടർസ്ഥാനം ലഭിക്കാൻ ആളുകൾ എങ്ങിനെ കൊതിക്കുന്നുവോ അതിനെക്കാളും കൂടുതലായിട്ടാണ് ഡാക്ടർസ്ഥാനം സിദ്ധിച്ചിട്ടുള്ളവർ സൎവ്വകലാശാലകളിലെ പ്രൊഫസൎമാരാകാൻ ശ്രമിക്കുന്നതു്. പ്രൊഫസൎമാൎക്കു മറ്റു ഉദ്യോഗസ്ഥന്മാരെക്കാൾ മാസപ്പടി വളരെ കുറവാണെങ്കിലും പ്രൊഫസർ ആകാനുള്ള ആഗ്രഹം അവൎക്കു ഒട്ടും ചില്ലറയല്ല. ആ പ്രൊഫസൎമാൎക്കു അത്രത്തോളം ബഹുമാനമുണ്ട്. ഇതുകൊണ്ടുള്ള ഒരു പ്രത്യക്ഷഗുണം നാട്ടിലെ ബുദ്ധിമത്തുക്കളിൽവെച്ചു അഗ്രഗണ്യന്മാരായവരും ഉപാദ്ധ്യായവൃത്തിയിൽ പ്രവേശിക്കുന്നു എന്നുള്ളതാകുന്നു. ഇതു അത്യന്തം ആശാസ്യമായ ഒരു സംഗതിയുമാണ് എന്തുകൊണ്ടെന്നാൽ നാട്ടിലെ അത്യുന്നതന്മാരും ഭാവിശ്രേയസ്സിനു കാരണഭൂതന്മാരാകേണ്ട യുവാക്കന്മാരുടെ നേതൃത്വം അവരിൽ ആണല്ലൊ ചേൎന്നിരിക്കുന്നതു്. സൎവ്വകലാശാലാപണ്ഡിതന്മാർ ആകാനുള്ള ആഗ്രഹം ഡാക്ടർ ഡിഗ്രി ലഭിക്കുന്നവൎക്കെല്ലാമുണ്ടാകുമെങ്കിലും അപൂൎവ്വം ചിലൎക്കേ അതു സാധിക്കയുള്ളൂ. ഡാക്ടർ ഡിഗ്രി എടുക്കുന്നവരിൽ ഒന്നാംതരം ഉപന്യാസം എഴുതിയുള്ളവരെ സൎവ്വകലാശാലകളിൽ വീണ്ടും അവരുടെ വിഷയങ്ങളിൽ ശാസ്ത്രപരീക്ഷകൾ നടത്തുന്നതിനു സമ്മതിക്കും. ഇങ്ങിനെ കുറെക്കാലം പരിശ്രമിച്ചു വീണ്ടും ഒരു ഉപന്യാസം എഴുതി അതു നല്ലതാണെന്നു കാണുന്നപക്ഷം ആയാളെ ഒരു പ്രൈവെട്ട് ഡോസന്റ് ആയി നിയമിക്കും. ഇതിനു പ്രത്യേകിച്ചു ശമ്പളമൊന്നുമില്ല. എങ്കിലും ദിവസം ഒന്നരമണിക്കൂറു ജോലി ചെയ്യേണ്ടിയിരിക്കും. ശേഷം സമയമൊക്കെ അയാൾ തന്റെ ശാസ്ത്രീയപരിശ്രമങ്ങൾക്കായി വിനിയോഗിച്ചുകൊണ്ടിരിക്കും. ഇങ്ങിനെ കുറെ കഴിഞ്ഞു വീണ്ടും ശരിയായ ഒരു ഉപന്യാസം എഴുതി പ്രസിദ്ധപ്പെടുത്തുന്ന

തായിരുന്നാൽ അയാളെ ഒരു Lecturer ആയിട്ടു നിയമിക്കും. ഇതിലേയ്ക്കു അയാൾക്കു സാപ്ലെമെന്റുവും കാണും. ഒരു ദിവസത്തിൽ ഒരു മണിക്കൂറിലധികം പ്രസംഗം ഉണ്ടായിരിക്കയില്ല. ശേഷമുള്ള സമയമൊക്കെ വീണ്ടും അയാൾ പ്രസ്തുതപരിശ്രമങ്ങളിൽ തന്നെ ഏർപ്പെട്ടിരിക്കും. ഇങ്ങിനെ കുറെ സംവത്സരം കഴിഞ്ഞു തന്റെ വിഷയത്തിൽ ധാരാളം പരീക്ഷകൾ നടത്തി വേറെ വിധം പരിശ്രമിച്ചു ഒരുവിധം കീർത്തി സമ്പാദിക്കുന്നതായിരുന്നാൽ അയാളെ ഒരു Assistend Profsor ആക്കും. വീണ്ടും കൂടുതൽ കീർത്തി സമ്പാദിച്ചു തന്റെ വിഷയത്തിൽ ആചാര്യൻ അല്ലെങ്കിൽ പ്രമാണികൻ ആയി ഗണിക്കപ്പെടുന്നതായിരുന്നാൽ അയാൾക്കു ഒരു പരിപൂർണ്ണപണ്ഡിതൻ ആകാൻ ഭാഗ്യം ലഭിക്കും. എത്ര വർഷങ്ങൾ സ്വപരിശോധനകൾ നടത്തി എത്രത്തോളം വെളിപ്പെട്ടിട്ടാണ് അവിടെ ഒരാൾക്കു ഒരു Professor ആകാൻ കഴിയുന്നതു്. നമ്മുടെ രാജ്യത്തിൽ ഇതു എത്രയോ എളുപ്പത്തിൽ കഴിയുന്നു. അവിടെ അദ്ധ്യാപകൻ ആയിക്കഴിഞ്ഞാൽ തന്റെ അറിവും സാധിച്ചു ഇനി ഒന്നും വേണ്ട, സാധാരണയായി കുട്ടികളേയും പഠിപ്പിച്ചു കാലം കഴിച്ചുകൂട്ടാം എന്നു അവർ വിചാരിക്കുന്നുണ്ടെന്നു, അതില്ല. പ്രൊഫസർക്ക് ആഴ്ചയിൽ 6-8 മണിക്കൂറു പഠിപ്പിക്കാനുള്ള ജോലി കാണും. ശേഷമുള്ള സമയമൊക്കെ അദ്ദേഹം തന്റെ പഴയ പരിശ്രമത്തിലാണ് ഏർപ്പെട്ടിരിക്കുന്നതു്.

(തുടരും)

(ഡോക്ടർ, എൻ. കണ്ണൻപിള്ള എം. എ. ബി. എസ്സ്സി. പി. എച്ച് ഡി.)

സന്തക് എന്ന മഹാന്റെ

ജീവചരിത്രവും, ഉപദേശങ്ങളും, മതവിശ്വാസവും.

(തുടർച്ച)

ക്രി. അ. 1898-ാമാണ്ടിൽ 150 വീടുകൾ ഉണ്ടായിരുന്ന ഈ ഗ്രാമങ്ങളിൽ 1818 മുതൽ 1830 വരെയുള്ള കാലത്തു് 150 വീടുകൾ മാത്രമെ ഉണ്ടായിരുന്നുള്ളൂ. ജനങ്ങളെല്ലാം ദാരിദ്ര്യത്തിൽ മുങ്ങിയിരുന്നു. അവരുടെ ഉദാസീനതകൊണ്ടു വയലുകളിലെല്ലാം പുല്ലു നിറയുകയും വീടുകൾ കുറുക്കന്മാർക്കും മറ്റും വാസസ്ഥാനമായിത്തീരുകയും ചെയ്തു. ഈ കാരണങ്ങളാൽ ഉണ്ടുവിന്റെ ഭൂസ്വത്തും ലക്ഷം പവനുണ്ടായിരുന്നതു 25,000 പവനോളമേ ചുരുങ്ങിവന്നു. ഉണ്ടുവും കടംനിമിത്തം വളരെ ബുദ്ധിമുട്ടിലകപ്പെട്ടുവശായി.

തന്റെ സംബന്ധിയുടെ കഷ്ടാവസ്ഥയെപ്പറ്റി കൃഷ്ണോ പ്രഭുവിന്നു വളരെ സമാധാനക്കേടുണ്ടായി. ഇങ്ങിനെ പരിശ്രമശീലന്മാരാക്കിത്തീർത്ത അവരുടെ തോന്നിവാസത്തെ ഒതുക്കണമെന്നായിരുന്നു അദ്ദേഹത്തിന്റെ ആഗ്രഹം. അദ്ദേഹം ഒന്നുപോലെ പലപ്രാവശ്യവും തന്റെ ഉദ്യോഗസ്ഥന്മാരിൽ പ്രാപ്തിയുള്ളവരെ തിരഞ്ഞെടുത്തു് ഈ ഗ്രാമങ്ങളെ പുഷ്ടിയിലാക്കാൻ വേണ്ടി അനേകായിരം പവനും അവർ പക്കൽ കൊടുത്തു് അവരെ ചുമതലപ്പെടുത്തി അയച്ചിരുന്നു എങ്കിലും അവരിൽ ചിലർ കള്ളത്തരക്കാരായ ഈ ഗ്രാമക്കാരുടെ വലയിലകപ്പെടുകയും മറ്റു ചിലർ തങ്ങളുടെ അധികാരത്തെ ദുരുപയോഗിക്കുകയും ചെയ്തതിനാൽ അവരുടെ യത്നങ്ങളെല്ലാം നിഷ്ഫലമായതേയുള്ളൂ. അവരിൽ ചിലർ

തക്കതായ ശിക്ഷ കിട്ടുകയും മററുള്ളവർ പ്രഭുവിനെ ഭയപ്പെട്ട ദേശാന്തരം പോവുകയും ചെയ്തു. ഒടുവിൽ പ്രഭുവിന്നു തന്റെ ഉദ്യോഗസ്ഥന്മാരിലാരെയും ഈ ക്ലിഷ്ടമായ ജോലിയിൽ പ്രവേശിപ്പിക്കാൻ സാധിച്ചില്ല.

തന്റെ ശ്രമങ്ങളെല്ലാം പിന്നേയും പിന്നെയും നിഷ്ഫലമായതിനെപ്പററി പ്രഭുവിന്നു വളരെ വ്യസനമുണ്ടായി. ഈ ഗ്രാമങ്ങളെ പൂർവ്വസ്ഥിതിയിലാക്കാൻ സാമാന്യനായ ഒരുവനാൽ സാദ്ധ്യമല്ലെന്ന് അദ്ദേഹത്തിന്നു ബോദ്ധ്യംവന്നതുകൊണ്ട് അദ്ദേഹം സനതകവിന്റെ സഹായം ആവശ്യപ്പെടുവാൻ തീർച്ചയാക്കി. "അവന്റെ അസാധാരണബുദ്ധിവൈഭവംകൊണ്ട് അവൻ തീർച്ചയായും ഈ കാര്യം നേടും. എന്റെ ആളുകൾക്ക് ഈ കാര്യത്തിൽ ശ്രമംചെയ്യാൻകൂടി ധൈര്യം കാണുന്നില്ല. ഈ ജോലിയിൽ പ്രവേശിച്ച ക്ലിഷ്ടന്മാരായ ആ ഗ്രാമക്കാരുടെ എടയിൽ സമാധാനവും ഐശ്വര്യവും ഉണ്ടാക്കാൻ സനതകവിന്നു സാധിച്ചാൽ അവന്റെ സർവ്വോൽകൃഷ്ടമായ ബുദ്ധിവൈഭവത്തെക്കുറിച്ചു വാദത്തിന്നുതന്നെ വഴിയില്ലാതാവുന്നതാണ്. പിന്നെ ഞാൻ പ്രധാനമന്ത്രിസ്ഥാനം അവനെ എല്പിച്ചാൽ ആർക്കും ന്യായമായ ആക്ഷേപത്തിന്നു വഴിയുണ്ടാവില്ല" എന്നു പ്രഭു മനസ്സിൽ വിചാരിച്ചു. പിന്നെ അദ്ദേഹം ആ മൂന്നു ഗ്രാമങ്ങളും പുനരുദ്ധാരണം ചെയ്യാൻ സനതകിനെ അധികാരപ്പെടുത്തി ഒരു കല്പന കൊടുത്തു. എന്നാൽ ഇത്ര വലുതായ ഒരു കാര്യം നിർവ്വഹിക്കാൻ തനിക്കു ശക്തിയില്ലെന്നുപറഞ്ഞ് അയാൾ കല്പന മടക്കി. എങ്കിലും പ്രഭു വിടാതെ ആവശ്യപ്പെട്ടതിനാൽ ഒടുക്കം സനതക പ്രഭുവിന്റെ കല്പന അനുസരിക്കാൻ സമ്മതിച്ചു. ആ ഗ്രാമങ്ങളുടെ പുനരുദ്ധാരണത്തിന്നുവേണ്ടി പ്രഭു കുറെ പണം കൊടുക്കാൻ ശ്രമിച്ചപ്പോൾ സനതക പറഞ്ഞു: "പണംകൊണ്ട് ആ സ്ഥലം നന്നാക്കാൻ ശ്രമിക്കുന്നതായാൽ അതിന്ന് എത്രായിരം പണം വേണ്ടിവരുമെന്നു കണക്കാക്കാൻ പ്രയാസമാണ്. കീഴ്ക്കടെ ഈ ഊരുകൾ നന്നാക്കാൻ അങ്ങുന്ന് ആളെ എല്പിക്കുമ്പോഴൊക്കെയും അവന്റെ പക്കൽ അനവധി പണവും കൊടുത്തിരുന്നു. ഇതുതന്നെയാണ് അവരുടെ ശ്രമങ്ങൾ പിന്നെയും പിന്നെയും ഫലിക്കാതിരുന്നതിന്റെ കാരണം. ഇനിമേലിൽ ഒരുകാര്യസ്ഥന്റെ പക്കൽ ഒരു കാശുപോലും കൊടുത്തുപോകരുത്" യാതൊരു ധനസഹായവും കൂടാതെ തന്റെ ഉദ്ദേശം പൂർത്തിയാകുന്നത് എങ്ങിനെയാണെന്നു കൗതുകത്തോടെ പ്രഭു ചോദിച്ചപ്പോൾ സനതക മറുപടി പറഞ്ഞു. "അവിടത്തെ ഉദ്യോഗസ്ഥന്മാർ പക്കൽ പണം കൊടുത്തേല്പിക്കുമ്പോൾ ആ പണം കിട്ടുവാനായി ജനങ്ങൾ ഉത്സാഹിച്ചുതുടങ്ങും. സ്ഥലത്തിലെ ഉദ്യോഗസ്ഥന്മാർ പണം അപഹരിക്കുന്നുണ്ടെന്ന് ഊരുകാർക്ക് ശങ്ക തുടങ്ങും. ഉദ്യോഗസ്ഥന്മാർ ഊരുകാരുടെമേൽ കുററങ്ങൾ ആരോപിച്ചുതുടങ്ങും. ഈ രണ്ടുകൂട്ടരുംതമ്മിലുള്ള അവിശ്വാസവും സ്പർദ്ധയും നിമിത്തം പുനരുദ്ധാരണത്തിന്നുള്ള യത്നമെല്ലാം നിഷ്ഫലമാവുകയും കാര്യസ്ഥിതി പണ്ടത്തേക്കാൾ മോശമാവുകയും ചെയ്യും. ഈ അനർത്ഥമെല്ലാം പണംകാരണമാണ് വന്നുകൂടുന്നത്."

"ശരിതന്നെ. എന്നാൽ ധനസഹായം കൂടാതെ നിങ്ങൾക്ക് എന്തെങ്കിലും ചെയ്യാൻ കഴിയുമോ?" എന്നു പ്രഭു ചോദിച്ചു.

"തരിശുനിലം കൃഷിചെയ്യുന്നതിന്നാണെങ്കിൽ അതിനുള്ള ശക്തിയെത്തന്നെ നാം ഉപയോഗപ്പെടുത്തണം. അതുപോലെത്തന്നെ ദാരിദ്ര്യം ഇല്ലാതാക്കുന്നതിന്നു ദാരിദ്ര്യത്തിന്നുള്ള ശക്തിതന്നെ നാം ഉപയോഗിക്കണം. "[illegible]" എന്നല്ലെ പ്രമാണം." എന്നു സനതക മറുപടി പറഞ്ഞു.

"തരിശുനിലത്തിന്നുള്ള ശക്തിയെ നിങ്ങൾ എങ്ങിനെയാണ് ഉപയോഗപ്പെടുത്തുന്നത്" എന്നു പ്രഭു ചോദിച്ചു.

സനതക മറുപടി പറഞ്ഞതാവിത്:—

ഒരു പറ തരിശുനിലം കൃഷി ചെയ്താൽ രണ്ടു പറ നെല്ലുണ്ടാവുമെന്നു നുക്ക വിചാരിക്കുക. അതിൽ പകുതി ഭക്ഷണത്തിന്നു ഉപയോഗപ്പെടുത്താം. ബാക്കി നെല്ലു ബീജങ്ങളാക്കാം അധികം തരിശുനിലം കൃഷി ചെയ്യാനായി ഉപയോഗിക്കാം. ഇതിനെ കൊല്ലന്തോറും ചെയ്യുവന്നാൽ എത്ര തരിശുസ്ഥലമെങ്കിലും കാലക്രമം കൊണ്ടു വെട്ടി നേരാക്കി കൃഷിക്കുപയോഗമുള്ളതാക്കിത്തീർക്കാൻ കഴിയും. നമ്മുടെ രാജ്യം സ്ഥാപിക്കപ്പെട്ട കാലം മുതല്ക്കു തന്നെ നമ്മുടെ പൂർവ്വന്മാർ നിലങ്ങൾ കൃഷി ചെയ്യുവന്നിട്ടുള്ളതു പണം കടം വാങ്ങീട്ടല്ല. ഒരു ധനസഹായവും കൂടാതെ നിലത്തിനുള്ള സ്വന്തം ശക്തി ഉപയോഗപ്പെടുത്തിയതുകൊണ്ടാണ് നമുക്ക് ഇപ്പോൾ കാണുന്ന അഭിവൃദ്ധിയുണ്ടായത്. അതുകൊണ്ടു നമ്മുടെ പൂർവ്വന്മാരുടെ നല്ല പഴയ രീതികളെ നാം ശരിയായി അനുസരിക്കുന്നതായാൽ അവിടത്തെ രാജ്യത്തിന്റെ തരിശുനിലങ്ങളും മറ്റും നന്നാക്കുവാൻ വളരെ പ്രയാസമുണ്ടാവുമെന്ന് എനിക്കു തോന്നുന്നില്ല.

"ഉൽസുകഗ്രാമത്തിന്റെ ആദായം ഒരു ലക്ഷം പറ നെല്ലായിട്ടാണ് കണക്കാക്കി വരുന്നത് എങ്കിലും അതു യഥാർത്ഥത്തിൽ 25,000 പറ നെല്ലു മാത്രമേ ഉള്ളൂ. അതുകൊണ്ടു പുനരുദ്ധാരണം പൂർത്തിയാവുന്നതുവരെ 25,000 പറ നെല്ലു മാത്രമേ ആദായമായി കണക്കാക്കാൻ പാടുള്ളൂ. ബുദ്ധിമുട്ടുള്ള കാലങ്ങളിൽ നാം കരെ കഷ്ടപ്പാടുകൾ സഹിച്ച് ഉത്സാഹത്തോടുകൂടി പഴയ സമ്പ്രദായപ്രകാരം കൃഷി ചെയ്താൽ യാതൊരു ധനസഹായവും കൂടാതെ ഈ ഊരുകൾക്കു സമാധാനവും സമൃദ്ധിയും ഉണ്ടാക്കിക്കൊടുപ്പാൻ നമുക്കു സാധിക്കുന്നതാണ്. അവിടുന്ന് ഈ ചുമതല എന്നെ ഏല്പിച്ചാൽ പത്തു കൊല്ലം കൊണ്ടു ഞാൻ ഈ കാര്യം സഫലമാക്കിക്കൊള്ളാം. എന്നാൽ ഒരു വൈഷമ്യം ഉണ്ട്. നിലങ്ങൾ വളരെ മോശസ്ഥിതിയിലായതുകൊണ്ട് അവ മുഴുവനും നല്ലവണ്ണം കൃഷി ചെയ്താൽ കൂടി അവയ്ക്കു കിട്ടേണ്ടത് ഉദ്ദേശിച്ച പാട്ടത്തിൽ പകുതിയിലധികം അവയിൽ നിന്ന് ഉടമസ്ഥന്ന് കിട്ടുന്നതല്ല. ഉടമസ്ഥൻ മുമ്പു വെച്ചിട്ടുള്ള പാട്ടം മുഴുവനും കടയിൽ ആവശ്യപ്പെടുന്നതായാൽ നമ്മുടെ പ്രയത്നമെല്ലാം വ്യർത്ഥമാവുകയും മുമ്പിൽ സംഭവിച്ചപോലെ തന്നെ ജനങ്ങൾ വീണ്ടും ദാരിദ്ര്യത്തിലകപ്പെടുകയും ചെയ്യും. അതുകൊണ്ട് ഉൽസുകഗ്രാമം അവർക്കു കിട്ടേണ്ടുന്ന മുഴുവൻ പാട്ടവും കേലിൽ ആവശ്യപ്പെടാൻ വിചാരിക്കുന്നുണ്ടെങ്കിൽ നാം ഇപ്പോൾ വൃഥാ സമയം കളഞ്ഞത് അധ്വാനിക്കുന്നതു മോശമായാവും. ആ സ്ഥിതിക്ക് അവർക്ക് ഇത്ര പാട്ടം കിട്ടുന്നതായാലും വേറെ ഒരു വസ്തു അതിന്നു കൊടുക്കുന്നതാണ് അധികം നല്ലത്."

പ്രഭു പറഞ്ഞു: "നിങ്ങൾ പറയുന്നതു വളരെ ശരിയായിട്ടുള്ളതാണ്. അവർക്ക് ഇതിലും വിലയേറിയ ഒരു വസ്തു കൊടുക്കാൻ പ്രയാസമുള്ളതല്ല. എങ്കിലും ഈ ഊരുകളിലെ നിലങ്ങൾ നേരാക്കി ഇടുവാൻ എനിക്കു മനസ്സു വരുന്നില്ല. അതുകൊണ്ട് അവയെ നന്നാക്കിത്തീർക്കുന്ന ഭാരം ഞാൻ നിങ്ങളെ ഏല്പിക്കുന്നു. ഈ കാര്യത്തിൽ നിങ്ങളുടെ ഇഷ്ടംപോലെ ചെയ്യുന്നത് എനിക്കു പൂർണ്ണസമ്മതമാണ്. നിങ്ങൾക്ക് എന്തൊക്കെയും നല്ലതെന്നു തോന്നുന്ന ഏർപ്പാടുകൾ ചെയ്തുകൊൾക. പോരാതെ വരുന്ന പകുതി പാട്ടത്തെ സംബന്ധിച്ചു നിങ്ങൾക്കു ഒട്ടും സമാധാനക്കേട് വേണ്ട. വസ്തുക്കളെല്ലാം നല്ല സ്ഥിതിയിലാവുന്നതിന്റെ ശേഷം പോരാതെ വരുന്ന സംഖ്യകൾ ഞാൻ ഉൽസുവിന്നു വകവെച്ചു കൊടുത്തുകൊള്ളാം. ഇനി നിങ്ങൾ ഈ ഊരുകളിലേക്കു പോയാലും നിങ്ങളുടെ ബോധം നല്ലവണ്ണം നോക്കണം. നിങ്ങളുടെ രാജ്യത്തിന്റെ ക്ഷേമത്തിനു വേണ്ടി ഈ ഊരുകളിൽ സമാധാനവും സമൃദ്ധിയും ഉണ്ടാക്കിത്തീർക്കുക. അതിനെ ചെയ്യുന്നതുകൊണ്ടു നിങ്ങൾ എ

കൻറ സമാധാനക്കേടും ഇല്ലാതെ ചെയ്യുന്നതാണ്". സന്തകു ആ ചുമതലയെ കയ്യേറ്റു.

III

കഡ്ഡാവരയിലെ പ്രഭു വകകൾക്കു ഈ ഉദ്യോഗം സ്വീകരിച്ചു ശേഷം സന്തകു തന്നെത്താൻ വിചാരിച്ചു. "സാമുരായികളിലുള്ള ഉന്നതകുലം ഭിക്ഷാടനാവസ്ഥയിലായിരിക്കുന്നു. ആ ദിക്കുകാർ ദുഷ്ടന്മാരും കപടന്മാരും ആയതുകൊണ്ടു വളരെ യോഗ്യന്മാർക്കു കൂടി അവരെ പരിഷ്കരിച്ചു നന്നാക്കാൻ കഴിഞ്ഞിട്ടില്ല. എങ്കിലും എന്റെ ജീവിതം മുഴുവനും ഈ ജോലിക്കായി ഉഴിഞ്ഞുവച്ചു ഞാൻ നിർവ്യാജമായി അതിനു വേണ്ടതൊക്കെ ചെയ്താൽ എന്റെ ഉദ്യമം സഫലമാവാതിരിപ്പാൻ കാരണമില്ല. എന്നാൽ വേറെ ഒരു സംഗതി കൂടി ആലോചിപ്പാനുണ്ട്. ഞാൻ എത്രയും ദരിദ്രമായ ഒരു കുടുംബത്തിൽ ജനിച്ചു. എന്റെ ബാല്യദശയിൽ തന്നെ ഞാൻ ഒരു അനാഥനായി വശായി എങ്കിലും പിന്നീട് അന്യാധീനപ്പെട്ടിരുന്ന കുടുംബസ്വത്തു വീണ്ടെടുത്ത് എന്റെ പൂർവ്വന്മാരുടെ പിതൃപ്രീതി സമ്പാദിപ്പാൻ എനിക്കു സാധിച്ചു. അതിനു ശേഷം എന്റെ പ്രഭുവിന് എങ്ങിനെയോ എന്നെപ്പറ്റി കേൾക്കാനിടവന്നു. ഉൽസ്യകുടുംബവും വക ഉടസ്വത്തുക്കളും നന്നാക്കേണ്ട ഭാരം അദ്ദേഹം എന്നെ ഏല്പിച്ചു. ഇതു ഞാൻ ഒട്ടും വിചാരിക്കാത്തതാണ്. ഞാൻ ഇപ്പോഴും എന്റെ പ്രഭുവിന്റെ കല്പന അനുസരിക്കുന്നതായാൽ എന്റെ വീട്ടുകാര്യങ്ങളെല്ലാം വീഴ്ചയാവുകയും തന്നിമിത്തം എന്റെ പിതൃക്കൾ എന്റെ നേരെ അപ്രീതിയുണ്ടാവുകയും ചെയ്യും. നേരെ മറിച്ചു ഞാൻ എന്റെ പുത്രധർമ്മം നിർവ്വഹിക്കുന്നതായാൽ എന്റെ പ്രഭുവിന്റെ നേരെ ഞാൻ സ്വാമിഭക്തിയില്ലാത്തവനായിത്തീരും. ഈ രണ്ടു മാർഗ്ഗങ്ങളും തമ്മിൽ കൂട്ടി യോജിപ്പിക്കാൻ എത്ര അസാദ്ധ്യമായിട്ടാണ് കാണപ്പെടുന്നത്. ഈശ്വരാ! ഈ ധർമ്മസങ്കടത്തിൽ ഞാൻ എങ്ങനെയാണ് പ്രവൃത്തിക്കേണ്ടത്?" അയാൾ കൈകൂപ്പിക്കൊണ്ടു മാറത്തടിച്ചു കുറെ നേരം ഗാഢാലോചനയിലിരുന്നു. പിന്നെ പെട്ടന്ന് ഇങ്ങിനെ ഉച്ചരിച്ചു. "ഞാൻ എന്തിനാണ് കുഴങ്ങുന്നത്? സ്വാമിഭക്തിയും പിതൃഭക്തിയും യഥാർത്ഥത്തിൽ രണ്ടല്ല. ഒന്നുതന്നെയാണ്. പൂർണ്ണമായ പിതൃഭക്തിയിൽ സ്വാമിഭക്തിയും ഉത്തമമായ സ്വാമിഭക്തിയിൽ പിതൃഭക്തിയും അടങ്ങിയിട്ടുണ്ട്. ഞാൻ ധാരാളം പണം സമ്പാദിച്ച് എന്റെ കുടുംബത്തിനു വളരെ പുഷ്ടി വരുത്തി യഥാവിധി പിതൃക്കളെ ആരാധന ചെയ്താലും ഞാൻ പ്രഭുവിന്റെ നേരെ ചെയ്യേണ്ടതായ കൃത്യം ചെയ്യാതിരുന്നാൽ ഞാൻ പുത്രനെന്നുള്ള ധർമ്മം നിർവ്വഹിച്ചതായി എന്റെ പിതൃക്കൾ ഗണിക്കയില്ല. എന്നാൽ അനേകം ജനങ്ങളുടെ കഷ്ടപ്പാടുകൾ ഇല്ലായ്ക ചെയ്തു ഞാൻ എന്റെ പ്രഭുവിന്റെ മനസ്സിനു സമാധാനം വരുത്തുന്നതായാൽ എന്റെ കുടുംബം നശിപ്പാനിടവന്നാൽ കൂടി എന്റെ പൂർവ്വന്മാർക്കു തൃപ്തിയായും എന്റെ നേരെ നല്ല പ്രീതിയുണ്ടാവുന്നതാണ്."

ഇപ്രകാരം മനസ്സിനു സമാധാനം വന്നതിന്റെ ശേഷം അയാൾ തന്റെ പൂർവ്വന്മാരുടെ ശവകുടീരത്തിൽ പോയി നമസ്കരിച്ചു തന്റെ നിശ്ചയം അവരെ അറിയിച്ചു. പിന്നെ വീട്ടിൽ ചെന്ന് അയാൾ ഭാര്യയോടു പറഞ്ഞു "പ്രഭു എന്നെ ഏല്പിച്ച ജോലി വളരെ ഗൌരവമായിട്ടുള്ളതാണ്. അത് അത്ര എളുപ്പത്തിൽ സാധിക്കാൻ ആർക്കും കഴിയുന്നതല്ല. എന്റെ വീട്ടുജോലികളെല്ലാം തീരെ ഉപേക്ഷിച്ച് ഏകാഗ്രമനസ്സോടുകൂടി ഞാൻ ഈ ജോലിയിൽ പ്രവേശിക്കണം. എന്റെ കൂടെച്ച് അനേകവിധമായ കഷ്ടതകളും അനുഭവിക്കാൻ നിനക്കു മനസ്സുള്ള പക്ഷം നീ ഇവിടെ സുഖിയിരിക്കൂ; എന്റെ കൂടെ വരിക. അതിനു മനസ്സില്ലാത്ത പക്ഷം നീ എ

ന്നെ വിട്ടു പിരിഞ്ഞു നിന്റെ അച്ഛന്റെ വീട്ടിൽ പോയി താമസിച്ചാലും".

ഭാര്യ ഉത്തരം പറഞ്ഞു. "നിങ്ങൾ എന്താണ് പറയുന്നത്? ഒരു സ്ത്രീക്ക വിവാഹം കഴിഞ്ഞാൽ പിന്നെ അവൾ ഒരിക്കലും പിതൃഗൃഹത്തിലേക്ക തിരിച്ചു പോകുന്നില്ല. എന്റെ അച്ഛനമ്മമാരെ പിരിഞ്ഞു പോരുമ്പോൾ തന്നെ എന്റെ ഭർത്താവിന്റെ ജീവിതത്തിൽ പങ്കുകൊള്ളുവാൻ ഞാൻ മനസ്സുകൊണ്ട് ഉറച്ചിരിക്കുന്നു. ഭർത്താവിന്റെ ഒപ്പം എന്തു കഷ്ടപ്പാടുകൾ അനുഭവിക്കാനും ഞാൻ ഒരുങ്ങിയിരിക്കുന്നു. നമ്മുടെ പ്രഭുവിന്റെ കല്പനയെ സംബന്ധിച്ചേടത്തോളം നിങ്ങൾ ഒരു മഹത്തായ കൃത്യം നിർവ്വഹിക്കുവാനാണ് പോകുന്നത്. അതിന്ന കഴിയുന്ന സഹായം ചെയ്യുവാൻ എനിക്കു യോഗം ഉണ്ടായാൽ ഞാൻ ഭാഗ്യവതി തന്നെയാണ്. എന്റെ ജീവിതവും ഞാൻ അതിലേക്കായിത്തന്നെ ഉഴിഞ്ഞുവെച്ചു എല്ലാ കഷ്ടപ്പാടുകളും സന്തോഷത്തോടുകൂടി സഹിച്ചുകൊള്ളാം. അതുകൊണ്ടു ഫിലൊസൂകിയിലേക്കു ഞാനും നിങ്ങളൊന്നിച്ചു വരുമെന്ന നിങ്ങൾ ഉറച്ചോളൂ."

ഭാര്യയുടെ തീർപ്പിനെപ്പറ്റി സന്തകിന്ന് അതിയായ സന്തോഷമുണ്ടായി. പിന്നെ അയാൾ തന്റെ വീടും സാമാനങ്ങളും വയലുകളും വിറ്റു പണമാക്കി ക്രി-അ- 1821-ാമാണ്ടിൽ തന്റെ ഭാര്യയേയും മൂന്ന വയസ്സു പ്രായമായ ഏകപുത്രനേയും കൂട്ടിക്കൊണ്ടു മടങ്ങിവരാത്ത വിധത്തിൽ തന്റെ പിതൃപൈതാമഹമായ വീടുവിട്ടു പോരുകയും ചെയ്തു.

അവിടെ നിന്ന സാക്കരമാക്കിയിലേക്ക 160 നാഴിക ദൂരമുണ്ടായിരുന്നു. അവൎക്ക കുറെ ദിവസം വഴിയാത്ര ചെയ്യേണ്ടിവന്നു. യാത്രയുടെ അവസാനദിവസം അവർ 'മനായമുറ' ഊരിൽ നിന്ന മൂന്ന നാഴിക ദൂരത്തുള്ള ഒരു ദിക്കിലെത്തിയപ്പോൾ ആ ഊരിന്റെയും മറ്റും ഗ്രാമാധികാരികൾ അയാളെ എതിരേല്പാൻ വന്നു. അവർ അയാളെ താണുകുമ്പിട്ടു. അയാളെ കണ്ടതിൽ തങ്ങൾക്കുള്ള സന്തോഷമാകെ കാണിച്ചു വിനയത്തോടുകൂടി അവർ ബോധിപ്പിച്ചു. "ഡൊബാരയിലെ പ്രഭു ഞങ്ങളുടെ ഊരുകളിൽ ക്ഷേമം വരുത്താനായി അങ്ങയെ കല്പിച്ചയച്ച വിവരം ഞങ്ങൾക്ക് അറിവു കിട്ടിയിരിക്കുന്നു. അച്ഛനമ്മമാർ വീടുവിട്ടു കുറച്ചു കാലം പുറമെ താമസിച്ചു തിരിച്ചുവരുമ്പോൾ അവരുടെ മക്കൾ എത്ര സന്തോഷത്തോടുകൂടി അവരെ എതിരേറ്റു സല്ക്കരിക്കുമോ അത്ര സന്തോഷത്തോടുകൂടി ഞങ്ങൾ അങ്ങയെ ഉപചാരം ചെയ്യുന്നു. ഞങ്ങൾ വളരെ ദിവസമായി അങ്ങയുടെ വരവിനെ കാക്കുന്നു. അങ്ങയുടെ പ്രീതി സമ്പാദിക്കുന്നമെന്ന അനുഗ്രഹം മാത്രമേ ഞങ്ങൾക്കുള്ളൂ. ഈ ദൂരയാത്രകൊണ്ട് അങ്ങേക്കു ക്ഷീണമുണ്ടായിരിക്കും. അങ്ങേക്കു വേണ്ടി ഞങ്ങൾ തയ്യാറാക്കിക്കൊണ്ടുവന്നിട്ടുള്ള മദ്യവും മറ്റു ഭക്ഷണപദാർത്ഥങ്ങളും സ്വീകരിക്കുവാൻ ഞങ്ങൾ അപേക്ഷിക്കുന്നു."

സന്തക് അവരുടെ സല്ക്കാരത്തെക്കുറിച്ചു സന്തോഷം ഭാവിച്ചു ഇങ്ങിനെ പറഞ്ഞു. "നിങ്ങൾ യഥാർത്ഥത്തിൽ വളരെ ദയയുള്ളവരാണ്. എനിക്കു ക്ഷീണമില്ലെങ്കിലും എന്റെ പ്രഭുവിന്റെ ആജ്ഞാപാലനം ചെയ്യാൻ എനിക്കു ശക്തിയില്ലാത്തതുകൊണ്ടു ഞാൻ ഇവിടെ വന്നതാണ്. സാക്കരമാക്കിയിൽ കഴിയുന്നത്ര വേഗത്തിൽ എത്തിച്ചേരണമെന്നാണ് എന്റെ ആഗ്രഹം. അതുകൊണ്ടു നിങ്ങൾ ബുദ്ധിമുട്ടേണ്ട." പിന്നെ അയാൾ പട്ടണത്തിലേക്ക യാത്ര തുടരുകയും ചെയ്തു. ദൂരയാത്രകൊണ്ടുള്ള ക്ഷീണം തീർക്കാനായി ഭക്ഷണദ്രവ്യങ്ങളോടുകൂടി വന്നു വളരെ ആദരവോടുകൂടി അയാളെ എതിരേറ്റ ഗ്രാമാധികാരികളുടെ നേരെ ഇങ്ങിനെ അനാദരവു കാണിപ്പാൻ കാരണമെന്താണെന്ന അയാളോടു പിന്നീടു ചോദ്യം ചെയ്തപ്പോൾ സന്തക് താഴെ പറയുംപ്രകാരം ഉത്തരം പറയുകയുണ്ടായി.

"ആദ്യം തന്നെ മുഖസ്തുതി പറയാനായി പുറപ്പെടുന്ന ആളുകൾ ഉപായികളും സ്വാർത്ഥതല്പരന്മാരും ആകുന്നു. നേരസ്ഥന്മാരും നിഷ്കപടന്മാരും ആയവർ ആവശ്യം വേണ്ടിവന്നാൽകൂടി ഒരു കാര്യത്തിൽ മുമ്പിട്ടു നില്ക്കാൻ അത്ര ശ്രമിക്കുന്നതല്ല. ഈ സൂത്രക്കാർ തങ്ങളുടെ മേലധികാരികളെ മുഖസ്തുതിചെയ്തു ചതിക്കുകയും തങ്ങളുടെ കീഴിലുള്ളവരെ ബുദ്ധിമുട്ടിച്ച് അവരുടെ വക്കലുള്ള പണം അപഹരിക്കുകയും ചെയ്യും. ഞാൻ വരുന്ന വിവരം അറിഞ്ഞു. അവരുടെ കള്ളത്തൊഴിലുകളെ ഞാൻ കണ്ടുപിടിച്ചെങ്കിലോ എന്നു ഭയപ്പെട്ടും അവർ എന്റെ നേരെ ഭയഭക്തി നടിക്കുന്നു. എന്നാൽ അന്തരത്തിൽ തങ്ങളുടെ കള്ളത്തരങ്ങൾ ഗൂഢമായി ഫലിപ്പിപ്പാനുള്ള വഴികളാണ് അവർ ആലോചിക്കുന്നത്. ഇതുവരെ അയക്കപ്പെട്ട ഉദ്യോഗസ്ഥന്മാരെല്ലാവരും ഈ വക്കരുടെ പിരട്ടിലകപ്പെട്ട വഞ്ചിതന്മാരായിപ്പോയി. ഇവരെ വിശ്വസ്തന്മാരെന്നു തെറ്റിദ്ധരിച്ചു അവർ എല്ലാ കാര്യങ്ങളിലും ആദ്യംമുതല്ക്കുതന്നെ ഇവരോടു ആലോചിച്ചുതുടങ്ങി. അവരുടെ സകല പ്രയത്നങ്ങളും നിഷ്ഫലമായി വരാനുള്ള കാരണം ഇതുതന്നെയാണ്. ദുഷ്ടന്മാർക്ക് അഭിവൃദ്ധിയും ശിഷ്ടന്മാർക്ക് അതൃപ്തിയും ഉണ്ടായി. ഈ സ്ഥിതിയിൽ അവർ ഉദ്ദേശിച്ചുവന്ന കാര്യം പൂർത്തിയാക്കാൻ അവർക്ക് എങ്ങിനെ സാധിക്കും? ഈ ഗ്രാമാധികാരികളുടെ തന്ത്രം എനിക്കു മനസ്സിലായി. അവർ എന്റെ നേരെ കാണിച്ച ആദരവു കപടമായിട്ടുള്ളതാണ്. അവരുടെ കള്ളസൂത്രങ്ങളിൽ ഞാൻ അകപ്പെടുകയില്ല. അതൊന്നും എന്റെനേരെ ഫലിക്കുകയുമില്ല. നല്ല മര്യാദക്കാരും നിഷ്കപടന്മാരും ആയവരെ ഞാൻ തിരഞ്ഞുപിടിച്ചു അവർക്കു എന്റെ സഹായം ആവശ്യം വേണ്ടിവരുന്നവർക്കു തൻകാര്യം നോക്കാൻ പ്രാപ്തിയില്ലാത്തവർക്കും എന്നാൽ കഴിയുന്ന ഒത്താശകൾ ഞാൻ ചെയ്തുകൊടുക്കും."

IV

സാക്കരമൊക്കിയിലെ കച്ചേരിസ്ഥലത്തിന്റെ മേൽപ്പുര കേടുവന്നും ചുമരുകൾ ഇടിഞ്ഞും തൂണുകൾ ദ്രവിച്ചും കിടന്നിരുന്നു. നിലത്തെല്ലാം പുല്ലു മുളച്ചിരുന്നു. അതിന്റെ ഉള്ളിൽ കാട്ടുപ്രാണികൾ കുടികൊണ്ടിരുന്നു. ഇതു ആ ഗ്രാമക്കാരുടെ പൊതുവിലുള്ള സ്ഥിതിയുടെ ഒരു സൂചകമായിരുന്നു. കൃഷിസ്ഥലങ്ങൾ മൂന്നിൽ രണ്ടുഭാഗവും കാടുപിടിച്ചുപാഴായികിടന്നിരുന്നു. ജനങ്ങൾ കുടികൊണ്ടിരുന്ന വീടുകൾക്കു ഏറ്റവും സമീപമുള്ള വയലുകളിൽ മാത്രമേ കൃഷി ചെയ്തിരുന്നുള്ളു. അവയിൽകൂടി ജനങ്ങളുടെ ശ്രദ്ധക്കുറവുകൊണ്ടു കള വന്നു മൂടി വിളവുതന്നെ മോശസ്ഥിതിയിലായിത്തീർന്നു.

സന്തക ആദ്യത്തിൽതന്നെ കച്ചേരിസ്ഥലം വെടിപ്പുവരുത്തി അതിൽ താമസം തുടങ്ങി. പിന്നെ ആ ഊരുകളെ പുനരുദ്ധാരണം ചെയ്യാൻ വേണ്ടത്തക്ക ഒരു ചട്ടവട്ടം ഉണ്ടാക്കി. അയാൾ ദിവസേന അതിരാവിലെ എഴുനീറ്റു വൈകുന്നേരംവരെ ഓരോ വീടുകളിൽ പോയി അതിൽ താമസിക്കുന്നവരുടെ സ്വഭാവങ്ങളെയും സ്ഥിതികളെയും നല്ലവണ്ണം ശ്രദ്ധവെച്ചു മനസ്സിലാക്കി. അയാൾ വയലുകളുടെ അതിർത്തിയെ പരിശോധിക്കുകയും തരിശുസ്ഥലങ്ങളുടെ അളവു എടുക്കുകയും നിലങ്ങളുടെ തരവും സ്വഭാവവും കൃഷിക്കുള്ള ജലസൗകര്യവും മനസ്സിൽ കുറിക്കുകയും ചെയ്തു. വേനൽകാലത്തിലെ അത്യുഗ്രമായ ചൂടും ശൈത്യകാലത്തിലെ അസഹ്യമായ തണുപ്പും മഴയും മഞ്ഞും ലേശം ഗണ്യമാക്കാതെ അയാൾ ആ ഊരുകളിലെ എല്ലാ സ്ഥലങ്ങളും നടന്നു പരിശോധന കഴിച്ചിരുന്നു. ഒടുക്കം അയാൾ അറിയാത്ത ഒരു മടി സ്ഥലംപോലും അവിടെ ഉണ്ടായിരുന്നില്ല.

അയാൾ പ്രയത്നക്കാരെ ഉത്സാഹിപ്പിക്കുകയും അഗതികളെ സഹായിക്കുകയും മന്ദബുദ്ധികൾക്കും തെറ്റിനടക്കുന്നവർക്കും അ

റിവുണ്ടാക്കിക്കൊടുക്കുകയും ചെയ്തു. വയലുകളിലേയ്ക്കു വെള്ളം തിരിച്ചുവിടുന്നുള്ള ചാലുകൾ മുതലായവയെ പരിഷ്കരിച്ചും ഉത്തമരീതിയിൽ കൃഷി ചെയ്യേണ്ടമാതിരികളെ ജനങ്ങൾക്കു പഠിപ്പിച്ചും തരിശുസ്ഥലങ്ങളെ കൃഷി ചെയ്യാൻ താൻതന്നെ ജനങ്ങളെ സഹായിച്ചും മററനേകവിധത്തിലും ആ പ്രദേശത്തിൽ സമാധാനവും സമൃദ്ധിയും വരുത്താൻ അയാൾ സ്വതന്ത്രമായി പ്രയത്നിച്ചു. ഏററവും ദരിദ്രനായ ഒരുവനെപ്പോലെ അഹോവൃത്തി കഴിച്ചു അയാൾ പലവിധ ബുദ്ധിമുട്ടുകളും അനുഭവിച്ചുവന്നു. ഏററവും വിലകുറഞ്ഞ പരുത്തിനൂൽകൊണ്ടു നെയ്ത വസ്ത്രങ്ങളാണ് അയാൾ ധരിച്ചിരുന്നത്. അവ കീറിപ്പൊളിഞ്ഞു തീരെ ധരിപ്പാൻ പാടില്ലാതാകുന്നതുവരെ അയാൾ അവയെ ധരിക്കും. വെറും ചോറും ഒരു കോപ്പ സൂപ്പും മാത്രമായിരുന്നു അയാളുടെ ഭക്ഷണം. പുറത്തിറങ്ങി സഞ്ചരിക്കേണ്ടിവരുമ്പോൾ വെള്ളച്ചോറും ഒരുമാതിരി ഉപ്പുമാവും കഴിക്കും. ഉത്സവകാലമാണെങ്കിലും അയാൾക്കു ഭക്ഷണദ്രവ്യങ്ങൾ കൊടുത്താൽ അയാൾ താഴെ പറയുംപ്രകാരം പറഞ്ഞ് അവയെ വാങ്ങുകയില്ല. "നിങ്ങളുടെ വളരെക്കാലമായുള്ള മടികൊണ്ടും അശ്രദ്ധകൊണ്ടും നിങ്ങൾ നന്ന ദരിദ്രസ്ഥിതിയിലായിരിക്കുന്നു. നിങ്ങളെല്ലാവരും നല്ല സ്ഥിതിയിലാവുന്നതുവരെ ഞാൻ നിങ്ങൾ കഴിക്കുന്നതിനേക്കാൾ നല്ലഭക്ഷണം കഴിക്കുകയോ നിങ്ങളുടെ ഉടുപ്പുകളേക്കാൾ നല്ല ഉടുപ്പുകൾ ധരിക്കുകയോ ചെയ്യുന്നതല്ല."

സന്തക പകൽ മുഴുവനും വയലുകളിലോ ജനങ്ങളുടെ വീടുകളിലോ പ്രവൃത്തിയെടുത്തു രാത്രി വളരെ അതിക്രമിച്ചതിന്റെ ശേഷം വീട്ടിലേയ്ക്കു മടങ്ങിച്ചെല്ലും. ഒന്നു മണിക്കൂറുമാത്രം കിടന്നുറങ്ങിയതിന്റെശേഷം പിന്നേയും എണീട്ടു പിറേറദിവസത്തേക്കുള്ള ജോലികൾ നോക്കിത്തുടങ്ങും. ബഹു കൃത്യമുള്ളവനായിരുന്നതുകൊണ്ടു തന്റെ ജോലികളെല്ലാം അയാൾ വേഗത്തിലും പ്രയാസംകൂടാതെയും നടത്തി. അതുകണ്ടു മടിയന്മാരായ ആ ഗ്രാമക്കാരെല്ലാം വളരെ ആശ്ചര്യപ്പെട്ടു. അയാൾ അത്യധ്വാനം ചെയ്തു ഗുണപ്പെടുത്തിയ കാര്യങ്ങളും അയാൾ സഹിച്ച കഷ്ടപ്പാടുകളും എണ്ണിപ്പറവാൻ അസാദ്ധ്യമാണ്. അയാൾ എത്രത്തോളം നിർവ്യാജമായി പണിയെടുത്തിരുന്നു എന്നു ഈശ്വരനുമാത്രം അറിയാവുന്നതാണ്.

അല്പബുദ്ധികളായവർ മേലിൽ വരാൻപോകുന്ന സംഗതികളെ മുൻകൂട്ടിക്കാണ്മാൻ കഴിയില്ലെന്നുള്ള തത്വം പലപ്പോഴും യഥാർത്ഥമായിട്ടുള്ളതാണ്. അതുകൊണ്ട് അവർ താല്ക്കാലികമായ ലാഭങ്ങളെപ്പററി കലഹിക്കയും തങ്ങളുടെ സഹോദരന്മാരുടെ ഭാഗ്യത്തെക്കുറിച്ചു അസൂയപ്പെടുകയും ഗുണംചെയ്യുന്നവരെ ബുദ്ധിമുട്ടിക്കുകയും കെടുകാര്യങ്ങൾ ചെയ്തു ലാഭമുണ്ടാക്കാൻ ശ്രമിക്കുകയും ചെയ്യുന്നു. കുടിലന്മാരും ദുഷ്ടന്മാരുമായ ഈ ഗ്രാമക്കാർ സന്തകയിന്റെ കല്പനകളെ അനുസരിക്കുന്നതായി പുറമെ കാട്ടിക്കൂട്ടി എങ്കിലും ഗൂഢമായി അയാളുടെ ചട്ടവട്ടങ്ങളെ തകരാറിലാക്കാൻ അവർ കഴിയുന്നതു യത്നംചെയ്തു. അയാൾ എന്തെങ്കിലും ഒരു കാര്യം ചെയ്യാൻ ഉത്സാഹിച്ചാൽ അവർ അതിന്നു എന്തെങ്കിലും പ്രതിബന്ധങ്ങൾ ഉണ്ടാക്കിത്തീർക്കും. അല്ലെങ്കിൽ അയാളുടെ പ്രവൃത്തികളെ നിരർത്ഥമാക്കിത്തീർക്കാൻ അവർ അറിവില്ലാത്ത ആളുകളെ പ്രോത്സാഹിപ്പിക്കും. തരിശുഭൂമികളെ കൃഷിചെയ്യാൻ അയാൾ ഉത്സാഹിച്ചാൽ തെളിഞ്ഞനിലങ്ങൾ തന്നെ തങ്ങൾക്കു വേണ്ടതിലധികം കൃഷിചെയ്യാനുണ്ടെന്നു പറഞ്ഞ് അതിനെ മുടക്കുവാൻ അവർ ശ്രമിക്കും. അയാൾ അന്യദിക്കുകളിൽനിന്നു കൃഷിക്കാരെ വരുത്തി അവരെ അവിടെ സ്ഥിരമായിത്താമസിപ്പിക്കുന്നതിന്നുവേണ്ടി അവർക്കു നിലവും അതു കൃഷിചെയ്യാൻ വേണ്ട പണിക്കോപ്പുകളും മററു സാധനങ്ങളും കൊടുത്താൽ സ്വാർത്ഥപരന്മാരായ ഈ ഗ്രാമക്കാർ അവരെ

ബുദ്ധിമുട്ടിക്കുകയും അവമാനിക്കുകയും ചെയ്ത് അവരെ അവിടെ ഇരിക്കപ്പൊറുതിയില്ലാതാക്കും. വയലുകളുടെ അതിർത്തികളെ ശരിപ്പെടുത്താനായി അയാൾ ശ്രമിച്ചാൽ അവർ ആധാരങ്ങളും മറ്റു റിക്കാർട്ടുകളും ഒളിച്ചുവെച്ചു അതെല്ലാം നശിച്ചുപോയി എന്നു പറഞ്ഞു വയലുകളുടെ അതിർത്തികളെ ശരിപ്പെടുത്താൻ അസാദ്ധ്യമാക്കിത്തീർത്തു.

പ്രബലന്മാർ സാധുക്കളെ ഉപദ്രവിക്കുകയും ധനവാന്മാർ അവർക്കു കിട്ടേണ്ടുന്ന കടത്തിന്നുവേണ്ടി സാധുക്കളായ സമീപവാസികളുടെ നല്ല നിലങ്ങൾ കൈവശപ്പെടുത്തി അവരെ കഷ്ടത്തിലാക്കുകയും ചെയ്തു. ഈ കൂട്ടർ തന്നെ തരിശുസ്ഥലങ്ങളും പേരിൽ പതിയാത്ത സ്ഥലങ്ങളും ഗൂഢമായി കൃഷിചെയ്തു സർക്കാരിലേക്കുള്ള നികുതി കൊടുക്കാതെ കഴിപ്പാൻവേണ്ടി ഗൂഢമായിത്തന്നെ വിളവെല്ലാം കൊയ്തെടുത്തു. അവർ സ്വന്തം വയലുകളിൽ വളം ചേർക്കാതെ നിലങ്ങളുടെ ചീത്തത്തം കൊണ്ടാണ് വിളവുണ്ടാകാത്തത് എന്നും നികുതി ചുരുക്കിക്കിട്ടാത്തപക്ഷം തങ്ങൾ വളരെ കഷ്ടത്തിലാവുമെന്നും ആക്ഷേപം പുറപ്പെടുവിച്ചു. ജനങ്ങൾ നിയമലംഘനം ചെയ്യുന്നു എന്നു ഗ്രാമമുഖ്യന്മാരും ഗ്രാമാധികാരികൾ അന്യായമായി പ്രവൃത്തിക്കുന്നു എന്നു ജനങ്ങളും ആവലാതി പറഞ്ഞു. ചില കൌശലക്കാർ സാധുക്കളെക്കൊണ്ടു ഗ്രാമക്കോടതികളിൽ അനേകം ഹരജികൾ കൊടുപ്പിച്ചു. ഈ ഹരജികൾ വിചാരണചെയ്യുന്നതിന്നു സന്തകവിന്റെ സമയം മുഴുവനും പോകുമെന്നും അങ്ങിനെയായാൽ പുതിയ ചട്ടവട്ടങ്ങൾ ഏർപ്പെടുത്താൻ അയാൾക്കു സൌകര്യമോ ശക്തിയോ ഉണ്ടാവില്ലെന്നും വിചാരിച്ചാണ് അവർ ഇപ്രകാരം ചെയ്യിച്ചത്.

എന്നാൽ സന്തക പുലച്ചു കോടതിയിൽ ചെന്നു ജനങ്ങളുടെ സങ്കടങ്ങൾ കേട്ട് അവരുടെ സങ്കടങ്ങൾക്കു നിവൃത്തിയുണ്ടാക്കിക്കൊടുത്തു. ജനങ്ങൾക്കു വേണ്ട ഉപദേശങ്ങൾ അയാൾ രാത്രിയിൽ കൊടുത്തു. പകലെല്ലാം അയാൾ തന്റെ ജോലിയിലേർപ്പെട്ടു. ജനങ്ങൾ തമ്മിലുള്ള കലഹത്തിന്റെ കാരണങ്ങൾ അയാൾ അന്വേഷിച്ചു മനസ്സിലാക്കി. ശിഷ്ടന്മാരെ അയാൾ ഉത്സാഹിപ്പിച്ചു. നന്മതിന്മകളെ വിവേചനം ചെയ്തു ദുഷ്ടന്മാർക്കു മനസ്സിലാക്കിക്കൊടുത്തു നല്ലവഴിക്കു നടക്കണമെന്നു അയാൾ അവരെ ബോദ്ധ്യപ്പെടുത്താതെ അവരെ ശിക്ഷിച്ചില്ല. ഇപ്രകാരം ചെയ്തതിന്റെ ഫലമായി ഗ്രാമക്കോടതികളിൽ വരുന്ന സങ്കടഹരജികളുടെ എണ്ണം അല്പകാലത്തിന്നുള്ളിൽ വളരെ കുറഞ്ഞുവശായി.

സന്തകവിന്ന് എത്രയോ അധികം കാര്യങ്ങളിൽ മനസ്സിരുത്തി പ്രവൃത്തിപ്പാനുണ്ടായിരുന്നതുകൊണ്ട് അയാളുടെ ആരോഗ്യത്തിന്നു ഹാനിവരുന്നതല്ലേ എന്നു ഭയപ്പെട്ട് മേധാവിയായുള്ള അയാളുടെ സഹായത്തിനായി തന്റെ കീഴുദ്യോഗസ്ഥന്മാരിൽ ചിലരെ അയച്ചുകൊടുത്തു. ഉത്സുകനും 'ഷുഷിയാഗൊയാമ' എന്നൊരാളെ അയച്ചുകൊടുത്തു. ഇയാൾ സത്യസന്ധനും അറിവുള്ളവനും സന്തകവിന്റെ ചട്ടവട്ടങ്ങളിൽ നല്ല വിശ്വാസം ഉള്ളവനും ആയിരുന്നു. അതുകൊണ്ട് അവർ തന്റെ ജോലികൾ സമാധാനത്തോടുകൂടി നടത്തിവന്നു. എന്നാൽ അവൻ ഏറ്റവും ആരോഗ്യം കുറഞ്ഞവനായിരുന്നതുകൊണ്ടും സാക്കരോക്കിയിൽ താമസം തുടങ്ങിട്ട് അഞ്ചാറുകൊല്ലങ്ങൾ കഴിയുന്നതിനു മുമ്പായി മരിച്ചുപോയി.

(തുടരും)

കെ. കുഞ്ഞുണ്ണിനായർ ബി. എ. ബി. എൽ.

———൦൦൦———

സാഹിത്യശകലങ്ങൾ

വെങ്കൊററക്കട.

മംഗളോദയത്തിന്റെ കഴിഞ്ഞ മിഥുനം ലക്കത്തിൽ ചേർത്തിരുന്ന സാഹിത്യസമാജത്തിലെ (ങ്ക, മ്പ എന്ന കൂട്ടക്ഷരങ്ങളെ സംബന്ധിച്ച) തീർപ്പിൽ ഉദാഹരണത്തിനായി സ്വീകരിച്ച പദസമുദായത്തിൽ 'വെങ്കററക്കട' എന്ന പദപ്രയോഗം സാധുവോ? ഇതു 'വെങ്കൊററക്കട' എന്നല്ലേ വേണ്ടത്?

വെങ്കററക്കട—വെൺ-കററ-കട എന്നു ഇതിന്റെ അംഗവിഭാഗം ചെയ്യുമ്പോൾ 'കററ' എന്ന പദം കടയ്ക്കു വിശേഷണമായി നില്ക്കുന്നു. ഇതിന്നു കററക്കുഴൽ, കററക്കാർ, കററവൻ എന്നീ മൂന്നു വിധത്തിൽ പ്രയോഗം കാണുന്നുണ്ട്. ഈ മൂന്നർത്ഥത്തിലും ഈ പദം കടയെ വിശേഷിക്കുന്നതല്ല.

വെങ്കൊററക്കട—ഇതിലെ 'കൊററ' എന്ന പദം 'കൊ' എന്ന ഭക്ഷണാർത്ഥവാചിയായ ധാതുവിന്റെ രൂപമാണ്. ഇതിന്റെ നാമരൂപമായി 'കൊററവൻ' എന്നു തമിഴിൽ സുലഭമായും മലയാളത്തിൽ ദുർല്ലഭമായും പ്രയോഗിച്ചുവരുന്നു.

ഇതിനാൽ 'വെൺ (വെളുത്ത) കൊററ (ഭുക്കിയമായ) കട=വെങ്കൊററക്കട' എന്നതിന്നു സാധുത്വം സിദ്ധിക്കുന്നു. ഇതിൽ സാഹിത്യവിജ്ഞന്മാർക്കു വല്ല അഭിപ്രായഭേദമുണ്ടെങ്കിൽ അവയെ പ്രകാശിപ്പിപ്പാനപേക്ഷ.

എൻ. വി. നാരായണൻനായർ.

ഒരു സംശയം.

കുഞ്ചൻനമ്പ്യാരുടെ നളചരിതം തുള്ളലിൽ നിന്നെടുത്തു ഇയ്യാണ്ടത്തെ മദ്രാസ് യൂനിവേഴ്സിററി മെട്രിക്കുലേഷൻ പരീക്ഷയ്ക്കുള്ള മലയാള പാഠപുസ്തകത്തിൽ ചേർത്തിരിക്കുന്നതും, ഇയ്യിടെ കഴിഞ്ഞ കൊച്ചി മലയാളപണ്ഡിതപരീക്ഷയുടെ ചോദ്യക്കടലാസ്സിൽ കൊടുത്തിരുന്നതും ആയ താഴെ എഴുതുന്ന പദ്യങ്ങളുടെ ശരിയായ അർത്ഥം അറിയേണ്ടതു് അത്യാവശ്യമായി വന്നിരിക്കകൊണ്ടു് വിദ്വാന്മാരിൽ ആരെങ്കിലും ആ ഭാഗങ്ങളുടെ അർത്ഥം അടുത്ത മംഗളോദയത്തിൽ പ്രസിദ്ധപ്പെടുത്തിക്കണ്ടാൽ കൊള്ളാമെന്നപേക്ഷിക്കുന്നു.

1. സാഹിത്യസമാജം.
2. കൊച്ചി, തിരുവിതാംകൂർ, മദ്രാസ് യൂനിവേഴ്സിററി ഇവയിലെ മലയാളപാഠപുസ്തകക്കമ്മററി മെമ്പർമാരും, മലയാളപരീക്ഷകന്മാരും,
3. കോളേജുകളിലെയും ഹൈസ്കൂളുകളിലെയും മലയാളപണ്ഡിതന്മാർ, ഇവരോടു പ്രത്യേകിച്ചും അപേക്ഷിക്കുന്നു.

പദ്യങ്ങൾ *

കരുണാമൃതരുചിവദനന്മാരാൻ
തരുണാരുണസന്നിഭകരനാദൻ
തരുണാംബുജമിഴിനായനാർസ്വരമ–
തരുണാസമധനവിതരണശീലൻ

കരുണാകലശജലധരണാവാസൻ
ഹരിണാങ്കകലാധരിണാവാസൻ
ഹരിണാങ്കോടക ചരിണീശോഭിത–
മരണായാംച്ചുവിഹരിണാസദൃശൻ

ചരണാംബുജയുഗശരണാഗതജന–
ശരണായിതനാവകരണാധരണൻ

---

* ഇതിൽ അർത്ഥത്തിന്നു സംബന്ധമില്ലാത്ത ഭാഗങ്ങളുംകൂടി ചേർത്തിരിക്കുന്നതു് വൃത്തഭംഗം വരാതെ വിശദീകരിപ്പാൻ മാത്രമാകുന്നു. എന്നാൽ അവയിലും ചിലതിന്റെ സമാസവ്യാഖ്യാനത്തിലും മറ്റും പല സംശയങ്ങളുമുണ്ടു്. അതുകൊണ്ടു് സമഗ്രമായി എല്ലാ ഭാഗങ്ങളിലും വിഗ്രഹിച്ചു് പദാർത്ഥം എഴുതുന്നതായാൽ വലിയ ഉപകാരം.

മരണംഭവഭയഹരണോദികരൻ
കരുണാകരമുഖ്യകരുണാശരണൻ
ധരണിപതികുലധരണീയരുടെ
ധരണിധരിച്ചൊരു ധരണീപാലൻ
ധരണിവിലസിതതരണീമാനസ
ഹരണിക്രുതതനുധരണിമന്നൻ
അളകാപതിസമാനോന്നതവിഭവൻ

അളകാഞ്ചിതസ്ഫുടനിടിലകലാപൻ
നളക്രുബാണനെക്കാൾ തിസുഭഗൻ
നളിനനേത്രസ്വരൂപനുമാണ്ണാ,
നളിനാകാന്തിസ്വപാദകമനൻ
കളമധുരാകൃതിഭിതിധനനായ്ന്നൻ
കളകളതരധനാലംകാരഭൂഷണ-
ലളിതകളേബരനാരികുമാരൻ
ജയിയെത്തു പരമേശപരമേശ്വരൻ.

ശാസ്ത്രീയവിഷയം

ചിത്രമെഴുത്ത്.

അറുപത്തുനാലു കലാവിദ്യയിൽ ഒന്നായ ചിത്രമെഴുത്ത്, ഒരു ശാസ്ത്രമായി പഠിച്ചുവന്നവരിൽ ഒന്നാമതായി ചീനരാജ്യക്കാരെയാണ് ഗണിച്ചുപോരുന്നത്. പിന്നെ ഗ്രീക്കുകാർ മുതലായ പാശ്ചാത്യന്മാരാണത്രെ ഈ വിഷയത്തിൽ പാണ്ഡിത്യം സിദ്ധിച്ചിട്ടുള്ളവർ. വാസ്തവത്തിൽ പാശ്ചാത്യന്മാരുടെ ഈ അഭിപ്രായങ്ങൾക്കു യാതൊരു അടിസ്ഥാനവുമില്ലെന്നു തന്നെ പറയണം. ബാണാസുരന്റെ മകളായ ചിത്രലേഖ അനിരുദ്ധന്റെ ചിത്രം വരച്ച് ഉഷയെ തൃപ്തിപ്പെടുത്തിയ കഥകളൊക്കെ പുരാണമായി തള്ളുന്നതായാൽകൂടി, ഹിന്ദുക്കൾ ചിത്രമെഴുത്ത് ഒരു ശാസ്ത്രമായി എത്രയോ മുമ്പുതന്നെ പഠിച്ചുപോന്നിരുന്നുവെന്നു കാണിപ്പാൻ അധികം പ്രയാസമൊന്നുമില്ല.

വാത്സ്യായന കാമശാസ്ത്രത്തിന് ഒരു വ്യാഖ്യാനമെഴുതിയ യശോധരൻ, ഒന്നാമദ്ധ്യായത്തിൽ ചിത്രമെഴുത്തിന്റെ ആറു അംഗങ്ങളെ പറഞ്ഞുകാണുന്നുണ്ട്.

രൂപഭേദാഃ പ്രമാണാനി,
ഭാവലാവണ്യയോജനം
സാദൃശ്യം,വർണ്ണികാഭംഗ-
ഇതി ചിത്രം ഷഡംഗകം.

രൂപഭേദം (പലതര രൂപങ്ങളുടെ ജ്ഞാനം) പ്രമാണം (അളവും ആകൃതിയും) ഭാവം, (ജീവസ്സ്) ലാവണ്യയോജനം (യോജിച്ച ഭംഗി) സാദൃശ്യം (യോജിപ്പ്) വർണ്ണികാഭംഗം (ഓരോ നിറങ്ങൾ എവിടെ കൊടുക്കേണമെന്ന ജ്ഞാനം). ഇതിനെ ആറു അംഗങ്ങളായി ഹിന്ദുക്കളുടെ ചിത്രമെഴുത്തിനുള്ളതെന്നാണ് യശോധരൻ പറയുന്നത്. വാത്സ്യായനന്റെ കാലം ക്രിസ്ത്വബ്ദം 200-ാം ആണ്ടിനും, ക്രിസ്ത്വബ്ദത്തിനു മുമ്പു 671 മാണ്ടിനും ഉള്ളിലാണെന്നാണ് വെച്ചിട്ടുള്ളത്. വാത്സ്യായനൻ തന്നെ തന്റെ കാമശാസ്ത്രം എഴുതിയിട്ടുള്ളത് സൂത്രാത്മം, ആഗമം മുതലായ ചില ഗ്രന്ഥങ്ങൾ പരിശോധിച്ചിട്ടാണെന്നും ആ വക ഗ്രന്ഥങ്ങളിൽ അടങ്ങിയതിനു പുറമെ വല്ലതും തന്റെ കാമശാസ്ത്രത്തിൽ ഉണ്ടെങ്കിൽ അതു് ഇന്ത്യയിൽ അക്കാലത്തു ജീവിച്ചിരിപ്പുള്ള ചില പണ്ഡിതന്മാരിൽ നിന്നു ഗ്രഹിച്ചതാണെന്നും പറയുന്നുണ്ട്. ചീനയിൽ ചിത്രമെഴുത്ത് ഒരു ശാസ്ത്രമായി പഠിപ്പിച്ചത് ഷീ, ഹൊ എന്നാളാണ്. ഇദ്ദേഹം ജീവിച്ചിരുന്ന കാലം ക്രിസ്ത്വബ്ദം 6-ാം നൂറ്റാണ്ടിലാണ്. ഇദ്ദേഹവും ചിത്രമെഴുത്തിനു ആറു അംഗങ്ങളുണ്ടെന്നാണ് എഴുതീട്ടുള്ളത്. ബുദ്ധമത സിദ്ധാന്തങ്ങൾ ഇന്ത്യയിൽനിന്നു കൊണ്ടുപോയ ചീനക്കാർക്ക് ചിത്രമെഴുത്ത് സംബന്ധമായ സിദ്ധാന്തങ്ങൾ ഇന്ത്യയിൽനിന്നു കിട്ടിയതല്ലെന്നു പറവാൻ ഒരു വഴിയും കാണാനില്ല. ചീനക്കാരെ ചിത്രമെഴുത്തു ഒരു ശാസ്ത്രമായി ആദ്യം പഠിച്ചവരെന്ന് മേൽസംഗതികളാൽ ഒരിക്കലും പറയാൻ പാടില്ല. ഈ ചിത്രമെഴുത്തിന്റെ കാര്യത്തിൽ പല ഗ്രന്ഥങ്ങളും ഇന്ത്യയിൽ കാണുന്നതാണ്. ഇതിനെപ്പറ്റി ആരും അന്വേഷണം ചെയ്തതായി കാണുന്നില്ല.

ശൃംഗാരമണ്ഡനം ഭാണം.

(തുടർച്ച)

(പരേതനായ തജ്ജൂർ നാരായണൻമൂസ്സ് അവർകൾ.)

സാഹിത്യവിഷയത്തിലും മററും നിരന്തരപരിശ്രമത്താൽ അസാധാരണമായ പാണ്ഡിത്യംകൊണ്ട് അത്യുന്നതപദവിയെ പ്രാപിച്ചിരിക്കുന്ന വിദ്വജ്ജനങ്ങളാലും, വിശേഷിച്ച് കേരളത്തിൽ പ്രസിദ്ധപ്പെട്ടവരും സംഗീതസാഹിത്യാദിവിദ്യകളിലുള്ള നൈപുണ്യത്താൽ സിദ്ധിച്ചിരിക്കുന്ന നാഗരികതകൊണ്ട് അന്യദേശ്യവനിതകളെ ജയിക്കുന്നവരും സൌന്ദര്യം സഹജമാകകൊണ്ടു സകലജനസാധാരണമാണെങ്കിലും, തന്നെത്താൻ സ്വതസ്സിദ്ധമായ പ്രകാശം വേണ്ടുംപോലെ തെളിച്ചു പട്ടം ചെത്തിയാൽ പുറത്തെ പ്രകാശിക്കുന്നതുപോലെ, വൃത്തികൊണ്ടും ചേഷ്ടകൊണ്ടും ജനനസിദ്ധമായ ലാവണ്യത്തെ പ്രകാശിപ്പിക്കാവുന്നതുകൊണ്ട് ആ വിഷയത്തിൽ വേണ്ടവിധം പ്രവർത്തിക്കുന്നവരും, യുവാക്കളുടെ ഹൃദയമാകുന്ന ഇരുമ്പിനെ ആകർഷിക്കുവാനുള്ള അയസ്കാന്തമോ എന്നു സംശയം ജനിപ്പിക്കുന്ന ശൃംഗാരസമുദ്രത്തിലെ മന്ദഹാസകടാക്ഷാദികളാൽ അലങ്കരിക്കപ്പെട്ടവരുമായ വാരവിലാസിനികളാലും നിറയപ്പെട്ടിരിക്കുന്ന ഈ രംഗഭൂമിയിൽവെച്ചു മൂസ്സതവർകൾ ഉണ്ടാക്കീട്ടുള്ള “ശൃംഗാരമണ്ഡനം” എന്ന പേരായ ഭാണം അഭിനയിക്കുന്നതുപോലെയുള്ള യോഗ്യത മറെറാരു ഭാണത്തിനും സിദ്ധിക്കുന്നതല്ല. അതുകൊണ്ടു സാമാജികന്മാർ ഈ സന്ദർഭത്തെ അഭിപ്രായപ്പെടുകകൊണ്ട് അത്യന്തം സന്തോഷിക്കുന്നു.

ആര്യേ! ഭവതി ഈ വസന്തകാലത്തെക്കുറിച്ചു വിശേഷമായ ഒരു ഗാനം ചെയ്തു സാമാജികന്മാരെ സന്തോഷിപ്പിക്കു.

നടി—മാകന്ദപുഷ്പമകരന്ദരസം നുകർന്ന
ഭൃംഗാളികോകിലകലംകലധ്വാനത്തിൽ
ഓരോന്നുവിട്ടുപിരിയുന്ന മാനമെല്ലാം
ലോകന്നമോഹനതിലസുന്ദവസന്തകാലം

സൂത്ര—ആര്യേ! പാട്ടു വളരെ രംഗിയായി. എന്നു മാത്രമല്ല കാര്യവും വാസ്തവമാകുന്നു.

മന്ദാക്ഷംധ്യാനകാംക്ഷമന്ദതമൂതൽ-
ക്കോമളോത്തടസ്ഥനങ്ങളാൽ
കന്നൽക്കണ്ണികൾപാട്ടിലായിവരുവാൻ
പാരംപ്രയാസംപരം
ഇന്നിപ്പുന്നതമാമലച്ചുവുകളാൽ-
ക്കാരോറ്റപ്പൂവാർലറവും
കന്നിക്കൊന്നാതകന്നുഭാണവപത്താ-
പത്തോൽകഴഞ്ഞിതാ.
എന്നുമാത്രമല്ല ഇതാ ഇപ്പോൾ,
അന്യോന്യപ്രണയപ്രകോപമതിനാൽ
വേറിട്ടുപോയീടിനോ-
രന്യൂനാശകലന്ദമ്പതികളെ
ത്തമ്മിൽ ചേർപ്പിച്ചുടൻ
പിന്നെച്ചെറ്റുവിടുന്നിതാ ചിലവധൂ-
ജനങ്ങളെച്ചപ്പയായ്
ത്തൊന്നുംധന്യയുവാക്കളോട്ടുവിടുന്നു-
ട്ടുപ്പോലെവസന്താനിലാ.

(അണിയറയിൽ)

പത്രിവർഗ്ഗം ചിലയ്ക്കുന്നു
മിത്രോദയമടുത്തുപോയ്
രാത്രിയൊരുകലംകഴിച്ചു
യാത്രയ്ക്കൊരുങ്ങുകാം.

നടി—(കേട്ടതായി നടിച്ച്) ആര്യ്യ! ഇത് എവിടെനിന്നാണ് കേൾക്കുന്നത്? ആരായിരിക്കും.

സൂത്ര—(ആലോചിച്ചിട്ട്) ആര്യേ! ഭവതിയുടെ സഹോദരനും എന്റെ സ്യാലനുമാകയാൽ പ്രിയമിത്രവുമായ ‘നടനായകൻ’ എന്ന പേരായ യുവാവ് വിടവേഷത്തെ അംഗീകരിച്ച് അണിയറയിൽ നിന്നു പ്രഭാതത്തെ വർണ്ണിക്കയാകുന്നു. അതുകൊണ്ടു നമുക്കും അയാളെ സഹായിപ്പാൻ പോവുക. (എന്നു രണ്ടാളും പോയി.)

പ്രസ്താവന കഴിഞ്ഞു.

(അനന്തരം വിടൻ പ്രവേശിക്കുന്നു)

വിടൻ — (തന്നെത്താൻ നോക്കി പ്രകാശം)

ഞൊറിച്ചാർത്തിയ കട്ടിമുണ്ടുപകുതി-
ക്കുപ്പായവും തൊപ്പിയും
പുത്തൻപൊൻകസവിട്ട ശാലുവിലയേ-
റീടുന്നൊരീമാതിരം
കണ്ണഞ്ചും ചെപ്പുകടുക്കനൊന്നിവധരി-
ച്ചുന്മേഷമോടിന്നു ഞാൻ
ഉലാത്താൻപോണൊരു കോടികണ്ടലർശരൻ
നാണിച്ചൊളിക്കും ധ്രുവം.

(നാലുപുറത്തും നോക്കി സന്തോഷത്തോടുകൂടി)

ഈ പ്രഭാതസമയം എത്ര മനോഹരമായിരിക്കുന്നു!

ലാക്കായ്മാസ്സുരനിസ്സൃതസ്സുരതി-
ഷ്ണുനാഗ്നി ശരച്ചടിതൻ
വാക്കാൽപ്പുത്രനിയുക്താശുക്രമിയിൽ
പ്രാചീ സഖിയാൽ
ചൊൽക്കെഴും [illegible]
സോമാനാമഭിക്കേപായി-
ദൃശ്യങ്ങൾ [illegible]
മണ്ടുന്നവിട്ടംബരം.

അത്രയുമല്ല;

താംബൂലംതീരമൊന്നുതെളുക്കിവിടിവിൽ
കെട്ടഴിഞ്ഞും കുഴഞ്ഞും
പൂമാലതെല്ലുവാടിത്തുപൂടവയുടെമടി-
ക്കുത്തഴിഞ്ഞും കിഴിഞ്ഞും
കാമാതങ്കം കവിഞ്ഞും കണ്ണപരമൊട്ടുപിരി-
ഞ്ഞുള്ളികാത്തും കരഞ്ഞും
തമ്മിൽക്കണ്ടും പിരിഞ്ഞും തരുണികളുഷസാ
ഭ്രാന്തരോടൊന്നിരുന്നു.

എന്നാൽ ഈ പ്രഭാതത്തിൽത്തന്നെ ഈ തെരുവിലേക്ക് ഇറങ്ങുകതന്നെ. അതിനിടയിൽ 'നയനാനന്ദിനി' നഗരത്തിൽ നിന്നു വന്നിരിക്കുന്ന പ്രിയസുഹൃത്തായ 'സുശീലന്റെ' അഭിലാഷവും കൂടി സാധിപ്പിക്കുവാൻ യത്നം ചെയ്യാം. സുശീലന്റെ അവസ്ഥയെക്കുറിച്ച് അദ്ദേഹത്തിന്റെ സ്നേഹിതനായ 'മദനകേസികൻ' ഇന്നലെ എന്നോട് ഇങ്ങിനെ പറഞ്ഞിരിക്കുന്നു. അല്ലയോ പ്രിയമിത്രമേ! നമ്മുടെ പരമബന്ധുവും വിദ്വൽകുലശിരോമണിയും സുഭഗനുമായിരിക്കുന്ന 'സുശീലൻ' എന്നു പേരായ യുവാവ് ഇപ്പോൾ ഇവിടെ നടന്നുവരുന്ന 'പൂരം' എന്നു പറയുന്ന വിശേഷപ്പെട്ട കാഴ്ച കാണുന്നതിന്നായി വന്നിരിക്കയാണല്ലൊ. ആ സമയം ഓരോരോ കാഴ്ചകളും കണ്ടു സഞ്ചരിക്കുന്നതിനിടയിൽ ശ്രീമൂലസ്ഥാനമെന്നു പറഞ്ഞുവരുന്ന പ്രധാനസ്ഥലത്തുള്ള

അശോകതരുവാടിയിലെ [illegible]-
അശോകസമോദയാമണിക്കൂ [illegible]
വിശോകസമോദവിലെടഞാനംകൂടെഇരുന്നു ചേർന്ന (ൾ

വിശേ : പ്രസിദ്ധതമനിൽമധ്യേകിത്ത!

അതിൽപ്പിന്നെ ഞങ്ങൾ തമ്മിൽ പിരിയാതെ കണ്ടുതന്നെ കുറെ നേരം മനോഹരങ്ങളായ കാഴ്ചകളും കണ്ട് അവിടത്തന്നെ ഇരുന്നു.

അതിനിടയിൽ [illegible] ചെയ്തി (നാ-
യതിലുവരുടനൊട്ടും [illegible]
[illegible]
[illegible].

ഇങ്ങിനെ പരമാനന്ദമഗ്നന്മാരായിരിക്കുന്ന സമയത്താണ് 'ഭ്രമരവാടിക'യിലെ 'രൂപവതി' എന്നു പേരായ സ്ത്രീയൊവും സുശീലന്റെ സമീപത്തായി വന്നുചേർന്നത്. സർവ്വാംഗസുന്ദരിയായ ആ സുന്ദരിയെ കണ്ട സമയം തന്നെ സുശീലന്റെ പ്രകൃതം ഒന്നു മാറി.

എന്തിപ്പോളിടിമിന്നലൊപ്പനിലനി-
ന്നിട്ടനൃത്തദ്രവം
ചന്തത്തോടിഹധാരയായ്പ്പുതിസമേ
പാരാതെപായുന്നതോ?
അന്തഃക്ഷോഭവശാലതല്ലുതലയിൽ
പിത്തം മുഴുത്തീവിധം
ഭ്രാന്ത്യാ കണ്ണുകൾ മഞ്ഞളിച്ചയിസഖേ!
തോന്നുന്നതോ സാമ്പ്രതം?

എന്നും മറ്റും പറഞ്ഞുതുടങ്ങി. അന്നുമുതൽക്കാലം കുറെ ആശ്വാസവാക്കുകളെക്കൊണ്ടു ഞാൻതന്നെ കഴിയും സമാധാനപ്പെടുത്തി. അതിൽപിന്നെ പൂരം കാണുവാൻ നടന്ന ബുദ്ധിമുട്ടു നിൽക്കുന്നില്ല.

ആപാദചൂഡമഥ രൂപവതിയ്ക്കു ചേരും
രൂപാവലോകനവശേന സുശീലനപ്പോൾ
അത്ഭുതമെന്നകഥയെയാക്കമാന്മനാഗ-
വ്യാപാരമൂലകതാരിലൊരാധിയായി.

പിന്നെ പൂരം കഴിഞ്ഞു് അരുമണിയോടുകൂടി എല്ലാവരും പിരിഞ്ഞുപോകുന്ന സമയമായപ്പോൾ,

മന്ദാക്ഷാഞ്ചിതമന്ദഹാസമധികം
ശുകപ്രസന്നാനനം
മന്ദം താഴ്ത്തിമനോഹരാംഗിമണിനാ-
ളങ്കംകലാനിരാവും
കന്നൽപ്പൂർകളിയാടിടുന്ന പടലാ-
പാംഗങ്ങളാൽ പിന്തിരി-
ഞ്ഞന്നവൾ നടയാളമന്ദകളുകം
നോക്കിയ്ക്കുമിച്ചീടിനാൾ.

അതിൽപിന്നെ സുശീലന്റെ കഥ വളരെ ശോചനീയമായിരിയ്ക്കുന്നു.

തെണ്ടും കോകിലകൂജിതം ചെവികളിൽ
പെട്ടാൽ, നിശാനായകൻ
വാട്ടംപൂണ്ടുമിളാംഗമാസകലവും,
മാലേയമന്ദാനിലൻ
തട്ടുമ്പോൾ നെടുവീർപ്പുവിട്ടുകരയും
പിന്നെപ്പിടിയ്ക്കുംവൃഥാ
കാട്ടും ദുസ്സഹതാപമോടിവവിയോ-
ഗാതങ്കമാരത്തിനാൽ.

അതുകൊണ്ടു ഞാൻതന്നെ സുശീലന്റെ ഈ ദുസ്സഹവിരഹാവസ്ഥയെ പരിഹരിയ്ക്കുവാൻ തക്കതായ യത്നം ചെയ്യു വേഗത്തിൽ അതിനുപായപ്പെടുത്തിയാൽ കൊള്ളാമെന്നു് അദ്ദേഹത്തിന്റെ അപേക്ഷയുള്ളതുകൊണ്ടു് ഈ വിവരം മുഴുവനും ഞാനൊടു പറവാനായിട്ടു വന്നതാണെന്നു 'കരുണാസികൻ' എന്നോടു പറഞ്ഞപ്പോൾ ഇന്നു രാത്രി് എട്ടുമണിയോടുകൂടി സുശീലനൊന്നിച്ചു വിവാദ പരാജമൊക്കെകൊണ്ടു 'രൂപവതി'യുടെ ഗൃഹത്തിൽ വരുവാൻ മനോരസികനെ ഏല്പിക്കുകയും ചെയ്തു. ഞാൻ മുമ്പിൽതന്നെ നിങ്ങളുടെ വരവും കാത്തു രൂപവതിയുടെ മല്ലികാരാമത്തിൽ ഒന്നായിരിയ്ക്കാമെന്നു പറഞ്ഞു പിരിഞ്ഞിരിയ്ക്കുന്നു. അതുകൊണ്ടു് ഇക്കുചാടികയിൽപോയി രൂപവതിയുടെ അന്തർഗ്ഗതവുംകൂടി അറിയണം.

(ചുററിനടന്നു ചെവിയോർത്തുകൊണ്ടും സന്തോഷത്തോടുംകൂടി)

ഈ പ്രഭാതസമയത്തിൽ കർണ്ണാനന്ദകരമായ കളകളം കേൾക്കുന്നതെവിടെനിന്നായിരിയ്ക്കും? (മനസ്സിലായി) 'ഗാനവിനോദിനി' എന്ന പേരോടുകൂടിയ വിലാസിനീമന്ദിരത്തിന്റെ സമീപമായിരിയ്ക്കുന്നതുകൊണ്ടു് അവിടെനിന്നാണു് കേൾക്കുന്നതു്. പെൺപള്ളിക്കൂടങ്ങളിൽ പാട്ടഭ്യസിപ്പിയ്ക്കുന്ന ജോലിയുള്ളതുകൊണ്ടു് ഇപ്പോൾ കുട്ടികളെ അഭ്യസിപ്പിയ്ക്കുന്ന സമയമായിരിയ്ക്കും. എന്നാൽ ഇപ്പോൾ വളരെ നർമ്മാലാപങ്ങൾക്കും മറ്റും സൌകര്യമുള്ള സമയമല്ലെങ്കിലും ഇവരെ കാണാതെ പോയാൽ അതൊരു ശകുനപ്പിഴയായിത്തീരും. അതുകൊണ്ടു് അകത്തേയ്ക്കു കടക്കുകതന്നെ.

(അകത്തേയ്ക്കു കടന്നതായി നടിച്ചു്)

ഈ സംഗീതശ്രാവണത്തിന്റെ സമ്പ്രദായം വിശേഷംതന്നെ.

സൈപരംതാമ്പൂരമീട്ടിനൽക്കളരവം
പൊങ്ങുന്നൊരി സ്വരായിയിൽ
ശാരീരശ്രുതിചേർത്തുകൊണ്ടയിലിമ-
ന്നത്യാദരാലിനിവർ
ചരണം തൊടിയന്നപാടവമൊടും
പാടുന്ന പെൺകുട്ടികൾ-
ക്കോരോതരുവയന്നമയൂനാ
തെരാന്നതിക്കുന്നിതാ.

ഈ പലതരത്തിലുള്ള കുട്ടികളുടെ കാരോരോവിധത്തിലുള്ള പാട്ടും കേൾക്കുവാൻ നല്ല രസമുണ്ടു്.

വല്ലംപാടുന്നസപ്തസ്വരമിഹചില-
രഭ്യസിയ്ക്കുന്നുചിലർ
കർണ്ണാനന്ദംവരുത്തുംകൃതികളുമിടയിൽ
ജാവളികീർത്തനങ്ങൾ
പൂർണ്ണാമോദേന പാടുന്നൊപരമിഹചിലരും
പല്ലവീജാലമേവം
വർണ്ണിപ്പാനാവതില്ലിന്നിവരുടെചാതുര്യ-
മോടിയുംഹന്ത! ചിത്രം.

(തുടരും)

—oOo—

കാരണമില്ലാത്ത ചില സ്വാതന്ത്ര്യങ്ങൾക്ക് അവകാശികളായിരുന്നുവെന്നും മനസ്സിലാക്കുവാൻ ലക്ഷ്യങ്ങളുണ്ട്. മേൽക്കോട്ടയിലും ബെയിലൂര വൈഷ്ണവ ഭജ്ജകാരന്മാരുടെ ക്ഷേത്രത്തിലും ഹോളിയന്മാരെന്ന കർണ്ണാടകപറയന്മാർ കൊല്ലത്തിൽ മൂന്നുദിവസം കടക്കാൻ അവകാശമുണ്ടെന്നതന്നെയല്ല തഞ്ചാവൂർ ജില്ലയിൽ ചേർന്ന തിരുവാരൂരെ പ്രസിദ്ധപ്പെട്ട രഥോത്സവത്തിൽ പറയന്മാരുടെ തലവൻ ദേവനൊന്നിച്ച് 'ചൗരി'യോടുകൂടി ആനപ്പുറത്തു കയറുന്നതുമാണ്. ഒരു മുഹമ്മദീയ ആക്രമണത്തിൽ വിഷ്ണുവിന്റെ അവതാരത്തെ സങ്കല്പിക്കുന്ന ബിംബം രക്ഷിച്ചുകയാൽ ചിങ്കല്പേട്ട ജില്ലയിൽചേർന്ന, പെരുമ്പുത്തൂർ എന്ന സ്ഥലത്തുള്ള പറയർക്കും ഇപ്രകാരംതന്നെ ചില സ്വാതന്ത്ര്യങ്ങളുണ്ട്. മദ്രാസ്സിലുള്ള ജോർജ്ജ്ടൌണിലെ 'ഏഗത്താൾ' എന്ന കുലദേവതയുടെ കഴുത്തിൽ ആണ്ടുതോറും താലി ചാർത്തി മണവാളസ്ഥാനം വഹിക്കുവാനുള്ള അവകാശം ഇന്നും ഒരു പറയൻ നടത്തിവരുന്നുണ്ട്. കാഞ്ചീപുരം, കുംഭകോണം, ശ്രീവില്ലിപുത്തൂർ എന്ന സ്ഥലങ്ങളിലെ രഥോത്സവങ്ങളിൽ ബ്രാഹ്മണരൊന്നിച്ചു രഥം വലിപ്പാനും അവരെ അനുവദിച്ചിട്ടുണ്ട്. അവരുടെ സ്പർശനത്താൽ കയറോ രഥമോ അശുദ്ധപ്പെടുന്നതായി വിചാരിച്ചുവരുന്നില്ല. അവരുടെയിടയിൽ പ്രസിദ്ധന്മാരായ കവികളും ഭക്തന്മാരും ഉണ്ടായിട്ടുണ്ട്. അതിൽവെച്ച് 'കുറൾ' എന്ന തമിഴ പ്രബന്ധത്തിന്റെ കർത്താവായ തിരുവള്ളുവർ നയനാരും ഉടപ്പിറന്നവൾ ഔവ്വായി 'വൈഷ്ണവർ ആഴ്വ' എന്ന കവിതാവിദഗ്ദ്ധയുമാണ് ഇവരിൽ പ്രധാനികൾ. ശിവഭക്തനായ നന്ദനാർ പ്രസിദ്ധനാണല്ലോ. മറ്റെല്ലാവരെക്കാളും നല്ലപോലെ പറയന്മാർ വില്ലേജ് അതിർത്തികൾ അറിയുമെന്ന ചില തമിഴ്ജില്ലകളിൽ ഇപ്പോഴും വിശ്വാസമുണ്ട്. അതിർത്തിക്കല്ലുകൾകാറിക്കൂട്ടുകളാലോ ചെടികളാലോ മറയപ്പെട്ടിരിക്കയോ ഇല്ലാതിരിക്കു, തന്നെയോ ചെയ്താൽ ശരിയായ അതിർത്തി കാണിപ്പാൻ അവർ അതിവിദഗ്ദ്ധന്മാരാണത്രെ. അതിനാൽ ചിലേടങ്ങളിൽ അതിർത്തിതർക്കമുണ്ടാവുമ്പോൾ ഒരു പറയന്റെ തലയിൽ ഒരു കുടം വെള്ളംവെച്ച് അതിർത്തിയിൽകൂടെ നടത്തിക്കുന്നത്. * ഇതിന്ന് ഈ തൃപ്തികരമായ സമാധാനം അവർ മറ്റെല്ലാവരേക്കാളും അധികകാലത്തെ പരിചയം ഈ രാജ്യത്തുള്ളതുകൊണ്ടാണെന്നാണ് പറഞ്ഞിരിക്കുന്നത്.

---

* Census of India Vol XIII madras page 245.

ഈ വക സംഗതികളിൽനിന്നും വളരെക്കാലംമുമ്പു മുതല്ക്കു ഇവിടെ പാൎത്തുവന്നവർ തുടങ്ങിയിട്ടുള്ളവരാണെന്നും, ദ്രാവിഡന്മാരുടെ പ്രതിനിധികളാണെന്നും, ചില പരിഷ്കൃതജാതിക്കാരുടെ വിജയത്താൽ ഈ താണനില പ്രാപിപ്പാൻ സംഗതിയായെന്നും ഊഹിക്കാം.

കൊച്ചിയിലെ നാട്ടുപ്രദേശങ്ങളിൽ ഇല്ലി മിക്കയിടത്തും ഇപ്പോഴും പറയന്മാരെ കണ്ടുവരുന്നുണ്ട്. അവർ തമിഴ്ജില്ലകളിൽനിന്നും വളരെക്കാലംമുമ്പെ ഇവിടെ വന്ന പാൎപ്പാക്കിയ പറയന്മാരുടെ താവഴിക്കാരായിരിക്കണം. അവരിൽ അനവധി ജനം കാട്ടിലും കുറെ ജനം നാട്ടിലും വന്ന പാൎപ്പാക്കി. ഈ രണ്ടു കൂട്ടക്കാരും തമ്മിൽ ചില സമ്പ്രദായവ്യത്യാസങ്ങളുമുണ്ട്. മലയിൽ താമസിക്കുന്നവർ ഫലമൂലാദികൾ ഭക്ഷിച്ചും നാട്ടിലുള്ളവർ പശുമാംസം മുതലായതു ഭക്ഷിച്ചും ജീവിച്ചുപോരുന്നു. കാട്ടിലുള്ളവർ മരവുരിയും മൃഗങ്ങളുടെ തോലുമാണ് ഉടുപ്പിന്റെ സ്ഥാനത്തു ഉപയോഗിച്ചിരുന്നത്. ഇപ്പോഴും എല്ലാവരും സാധാരണ മുണ്ടുതന്നെ ഉടുത്തുതുടങ്ങിയിരിക്കുന്നു. ഇവരുടെ താമസം ചെറിയ കുടിലുകളിലാകുന്നു. തമിഴ്ജില്ലകളിലെന്നപോലെ തന്നെ കേരളത്തിലും ഇവരിൽ മഹാപുരുഷന്മാരുണ്ടായിട്ടുണ്ട്. അവർ രണ്ടുപേരുടെ ജീവചരിത്രം താഴെ കൊടുക്കുന്നതു രസകരമായിരിക്കും.

പണ്ടൊരിക്കൽ വ്യാകരണമഹാഭാഷ്യകാരനായ പതഞ്ജലിയുടെ ശിഷ്യനായി 'വ്യാഘ്രപാദൻ' എന്ന പേരായിട്ടു ഒരു സന്യാസി അവന്തി(മാൾവ)രാജ്യത്തിൽ വാണിരുന്നു, എന്തോകാരണവശാൽ 'ബ്രഹ്മരാക്ഷസനായിപ്പോകട്ടെ' എന്നു ശപിക്കുകയും അപേക്ഷിച്ചപ്പോൾ വ്യാകരണശാസ്ത്രംമുഴുവനും ഒരു യുവാവിനെ പഠിപ്പിച്ചുകഴിഞ്ഞാൽ ശാപമോക്ഷം വരുമെന്നു കല്പിക്കുകയും ചെയ്തു. ഒരു ശിഷ്യനെ കിട്ടാതെ ബ്രഹ്മരക്ഷസനായിട്ടു വളരെ കാലം ഒരു വൃക്ഷത്തിന്റെ ചുവട്ടിൽ, വരുന്നവരോടൊക്കെ 'പചേർനിഷ്ഠായാംകിംരൂപം' എന്നു ചോദിക്കുകയും ഉത്തരം പറയാതിരുന്നാൽ ഉപദ്രവിക്കുകയും പതിവായിരുന്നു. ഒരിക്കൽ ചന്ദ്രഗുപ്തൻ എന്നുപേരായ ഒരു ബ്രാഹ്മണബാലൻ തക്കതായ ഗുരുവിങ്കൽനിന്നു വിദ്യാഭ്യാസം ചെയ്വാനാഗ്രഹിച്ചുകൊണ്ടു ദേശംതോറും സഞ്ചരിക്കുന്നവനായിരുന്നു. യോഗ്യനായ ആരെയും കണ്ടുകിട്ടാൻ കഴിഞ്ഞില്ല. വളരെ വിഷാദത്തോടും നിരാശയോടുംകൂടി ഈ വൃക്ഷത്തിന്റെ ചുവട്ടിൽ ഭാഗ്യവശാൽ വന്നിരിപ്പാൻ ഇടവന്നു. അപ്പോൾ അയാൾക്കു ആശ്ചൎയ്യമുണ്ടാകത്തക്കവിധത്തിൽ രാക്ഷസൻ മുൻപറഞ്ഞ ചോദ്യംചോദിച്ചു. ബാലൻ ശരിയായ ഉത്തരം പറയുന്നതുകേട്ടു 'ആരാണ്, എങ്ങോട്ടാണ്' എന്ന് അദ്ദേഹത്തിനോടു ചോദിച്ചു. ബ്രാഹ്മണൻ വാസ്തവം അറിയിച്ചു. ഒടുവിൽ ആ ബ്രാഹ്മണബാലൻ ശിഷ്യനായി സ്വീകരിക്കപ്പെടുകയും ചെയ്തു. അദ്ദേഹം ഗുരു കൊടുത്ത ഔഷധത്തിന്റെ ശക്തികൊണ്ടു ഭക്ഷണവും ഉറക്കവുമുപേക്ഷിച്ച് വൃക്ഷത്തിന്റെ മുകളിലിരുന്നു ഓലകൾ ഓരോ

ലെ പഠിച്ച് അല്പദിവസംകൊണ്ടു വ്യാകരണശാസ്ത്രത്തിൽ വിദഗ്ദ്ധനായിത്തീർന്നു. ഗുരു അദ്ദേഹത്തിനെ അനുഗ്രഹിച്ച് 'വെള്ളത്തിൽകൂടി നടക്കരുത്' എന്ന നിബന്ധനയോടുകൂടി അയച്ചു. തനിക്കു ശാപമോക്ഷം ലഭിക്കയും ചെയ്തു. ഗുരുവിന്റെ ആജ്ഞയെ പരീക്ഷിപ്പാനായി ശിഷ്യൻ ഒരു പ്രാ നദി കടക്കുവാൻ ഒരുങ്ങി. വല്ല അപകടവും സംഭവിക്കുന്നതായാൽ തന്നെ രക്ഷിക്കണമെന്ന് അവിടെ കുളിച്ചിരുന്ന സ്ത്രീകളോട് അപേക്ഷിക്കയും ചെയ്തു. അയാൾ പുഴയിൽ മുങ്ങിപ്പോകുന്നതു കണ്ടിട്ട് ഒരു ശൂദ്രകന്യക ചെന്ന് അയാളെ രക്ഷിച്ചു. തന്റേടമുണ്ടായപ്പോൾ സന്തോഷിച്ച് എന്താണ് വരംവേണ്ടത് എന്നു ചോദിച്ചു. അവൾ അദ്ദേഹത്തിന്റെ ഭാര്യയായിരിപ്പാൻ അനുവദിക്കണമെന്ന് അപേക്ഷിച്ചു. അതിനനുവദിച്ചു ബ്രാഹ്മണ ക്ഷത്രിയ വൈശ്യജാതികളിൽനിന്ന് വിവാഹം ചെയ്തതിനു ശേഷം ഒടുവിൽ അവളെയും വേളികഴിച്ചു. ഈ നാലു ഭാര്യമാരിൽ യഥാക്രമം വരരുചി (ജ്യോതിശ്ശാസ്ത്ര പണ്ഡിതൻ), വിക്രമാദിത്യൻ, ഒരു ഭർത്തൃഹരി ഇങ്ങിനെ നാലു പുത്രന്മാരുണ്ടായതിന്റെ ശേഷം ആ ബ്രാഹ്മണൻ ഗോവിന്ദസ്വാമി എന്ന നാമധേയത്തോടുകൂടി സന്യാസാശ്രമം പ്രാപിച്ച് സ്വർഗ്ഗാരോഹണംചെയ്തു. വരരുചി അവന്തിരാജ്യം കുറേക്കാലംവാണു. വിക്രമാദിത്യനു പ്രായം ചെന്നപ്പോൾ രാജ്യഭാരം അദ്ദേഹത്തിൽ സമർപ്പിച്ചു. ഒരിക്കൽ ഒരു പേരാലിൻ ചുവട്ടിൽ ദേവവന്ദനംചെയ്തുകൊണ്ടിരിക്കുമ്പോൾ രണ്ടു ഗന്ധർവ്വന്മാർ തമ്മിൽ ആ വൃക്ഷത്തിന്റെ മുകളിലിരുന്ന് സംഭാഷണം ചെയ്യുന്നതുകേട്ടു. അതിന്റെ സാരം രാജാവ് ഒരു പറയകന്യകയെ വിവാഹംചെയ്യുമെന്നായിരുന്നു. രാജാവ് വ്യസനിച്ച് ഗന്ധർവ്വന്റെ ഉപദേശപ്രകാരം ആ കന്യകയെ ഒരു പെട്ടിയിലാക്കി തലയിലൊരാണിയും തറച്ച് നദിയിൽഒഴുക്കി. ഒരു ബ്രാഹ്മണൻ ആ പെട്ടി പിടിച്ച് വലിച്ചുകേറ്റി തുറന്നുനോക്കിയപ്പോൾ ഒരു സുന്ദരിയായ കന്യകയായിരുന്നു. അവളെ തന്റെ മകളെപ്പോലെ രക്ഷിച്ചുപോന്നു. ഒരു ദിവസം ആ ബ്രാഹ്മണൻ അതിഥിയെ അന്വേഷിച്ചുനടക്കുമ്പോൾ വരരുചിയെ കാണുകയും ഭക്ഷണത്തിന് ക്ഷണിക്കുകയും ചെയ്തു. പതിനെട്ട്കറിവെച്ച് ആറുബ്രാഹ്മണരെ ഭക്ഷണംകഴിപ്പിച്ച ശേഷമേ അദ്ദേഹം ഭക്ഷിക്കുള്ളൂ എന്ന നിശ്ചയത്തിന്മേൽ ആ ക്ഷണം സ്വീകരിക്കാമെന്ന് പറഞ്ഞു. അതിഥി പ്രാർത്ഥിച്ചതുപോലെ സാധിക്കുവാൻ നിവൃത്തിയില്ലാത്തതിനാൽ ആ ഗൃഹസ്ഥൻ പരിഭ്രമിച്ചുവശായി. അപ്പോൾ ആ കന്യക അദ്ദേഹത്തെ സമാധാനപ്പെടുത്തി കുളിച്ചുവരുമ്പോൾ ആവശ്യപ്പെട്ടപ്രകാരം ശട്ടംകെട്ടിക്കൊള്ളാമെന്ന് പറഞ്ഞു. കന്യക ഒരു നെടിയിലവെച്ചു പതിനെട്ടുകറിക്കുപകരം ഇഞ്ചിത്തയിരും വൈശ്വം കഴിച്ച് ബാക്കി ഹവിസ്സും അതിൽ വിളമ്പി. ഇത് ആറുബ്രാഹ്മണർ ഭക്ഷണം കഴിച്ച് ശേഷത്തിനു തുല്യമാകുന്നു. ഇതു ക

ണപ്പോൾ അതിഥിക്ക് വളരെ സന്തോഷമായി, ഗൃഹസ്ഥനോടൊന്നിച്ചു ഭക്ഷണംകഴിച്ചു. ഇതൊക്കെ ആ കന്യകയുടെ വിദ്യയാണെന്നറിഞ്ഞ് ഇവളെ തനിക്ക് ദാനം ചെയ്താൽ കൊള്ളാമെന്ന് അപേക്ഷിക്കുകയും, ഗൃഹസ്ഥൻ അപേക്ഷകൈക്കൊള്ളുകയും ചെയ്തു. വരരുചി ആ കന്യകയെ വിവാഹംചെയ്ത് സുഖമായിരുന്നു. ഒരു ദിവസം അവരുടെ പൂർവ്വകഥയെപ്പറ്റി സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ ഭാര്യയുടെ തലയിൽ ഒരാണി തറച്ചിരിക്കുന്നത് കാണുകയും അപ്പോൾ താൻ പെട്ടിയിലാക്കി ഒഴുക്കിയ പറയകന്യകയാണ് തന്റെ ഭാര്യയായിതീർന്നത് എന്നറികയുംചെയ്തു.

വിധിതടുക്കുവാൻ സാധിക്കയില്ലല്ലോ എന്ന് സമാധാനിച്ച് പുണ്യതീർത്ഥങ്ങളിൽ സ്നാനംചെയ്തും പുണ്യക്ഷേത്രങ്ങളിൽ ദർശനംകഴിച്ചും ശേഷിച്ച ജീവകാലത്തെ നയിക്കുവാൻ ഉറച്ചു. ഒടുവിൽ അദ്ദേഹം കേരളത്തിൽവരികയും അവിടെവെച്ച് തന്റെ ഭാര്യ പന്ത്രണ്ടു പുത്രന്മാരെ പ്രസവിക്കയും ചെയ്തു. അതിൽ ഒരു കുട്ടിയെ ഒഴികെ ബാക്കി എല്ലാവരെയും. വഴിയിൽ ഉപേക്ഷിക്കുകയും ഉപേക്ഷിക്കപ്പെട്ടകുട്ടികളെ ഓരോ ജാതിക്കാർ എടുത്തുവളർത്തുകയും ചെയ്തു. അവരെല്ലാവരും വളരെ ബുദ്ധിമാന്മാരായിരുന്നതുകൊണ്ടും പലവിധത്തിലുള്ള അത്ഭുതകർമ്മങ്ങൾ ചെയ്തിരുന്നതുകൊണ്ടും വിഷ്ണുവിന്റെ അവതാരമായിട്ടാണ് ഗണിക്കപ്പെട്ടുപോന്നിരുന്നത്. ഇവരാണ് 'പറച്ചിപെറ്റപന്തിരുകുലം' ഇവരുടെ ചരിത്രം കേരളത്തിൽ എല്ലാവർക്കും അറിവുള്ളതുമാണ്. പാക്കനാർ എന്ന മഹാപുരുഷൻ ഇവരിൽ ഒരുവനായിരുന്നു.

ഒരിക്കൽ കുറെ ബ്രാഹ്മണർകൂടി കാശിക്കുപോകാൻ തീർച്ചയാക്കിയപ്പോൾ പാക്കനാരെക്കണ്ടു. കാശിക്ക് ഈ യാത്രയിൽ മോക്ഷപ്രാപ്തിയുണ്ടാകുന്നതല്ലെന്ന പറഞ്ഞ് അയാൾ അവരെ മുടക്കുവാൻ നോക്കി. എന്നാൽ അവർ പോകാൻ തീർച്ചപ്പെടുത്തിട്ടുള്ളതായി കാണുകയാലും അവരുടെ യാത്ര നിഷ്ഫലമാണെന്നു കാണിച്ചുകൊടുപ്പാനുള്ള ആഗ്രഹത്താലും അയാൾ കുടിലിനടുത്തുള്ള ഒരു ചെറിയ കുളത്തിൽനിന്നും ഒരു താമരപ്പൂവ് പറിച്ച് അവർപക്കൽകൊടുത്തിട്ട്, ഗംഗയിൽനിന്നും ഒരു കൈ പൊങ്ങിക്കാണുമെന്നും, അപ്പോൾ ഇത് ഗംഗാദേവിക്കായി പാക്കനാർ കൊടുത്തയച്ചിട്ടുള്ളതാണെന്നും പറഞ്ഞ് കൊടുക്കണമെന്നും പറഞ്ഞേല്പിച്ചു. അവർ പറഞ്ഞപോലെചെയ്ത് മടങ്ങിവന്നുവിവരം അറിയിച്ചു. അപ്പോൾ അവരെ കുളത്തിലേക്ക് കൂട്ടിക്കൊണ്ടുപോയി. "അല്ലയോ ഗംഗേ, ഞാനയച്ച പൂവ് മടക്കിത്തരണെ" എന്നപേക്ഷിച്ചു. അത്തൽക്ഷണം ആയാളുടെ കയ്യിലേക്ക് തിരിച്ചുവന്നു. ഇതിന്റെ സാരം ആ മഹാനദിയിൽ ഉള്ളതുപോലെതന്നെ പരിശുദ്ധമായ ഗംഗ ഇവിടെയുമുണ്ടെന്നും അതിനാൽ അതിലേക്കുവേണ്ടി അത്രത്തോളം പോകേണ്ടെന്നുമാണ്. ഇതുതന്നെ സ്വഭാവമായ മറ്റൊരു കഥയും താഴെ ചേർക്കുന്നു.

പാക്കനാർ കൊട്ട, മുറം, മുതലായതുണ്ടാക്കിവിറ്റിട്ടാണ് ദിവസം കഴിച്ചിരുന്നത്. ഒരുദിവസം വില്പാൻകഴിയാത്തതായ്



കാടന്മാരും നായാട്ടും

മംഗളോദയം

ഫാൻ

പുസ്തകം 6 | ചിങ്ങമാസം | ലക്കം 10

മംഗളം

കളിക്കടമിഴിക്കയക്കന്നികൾ കെട്ടിയീശന്റെയും
കളിസ്ഥലമതിന്നകത്തിരമെത്തിടുന്നാകാവിധം
തെളിച്ചുവിളയാടിടുന്നമലമാമലപ്പുത്രിതൻ
ഒന്നാളിപ്പുതമപ്പണിടുംപദമലർക്കൂപ്പുന്നു ഞാൻ.

അമ്പലപ്പുഴ മഹാദേവശർമ്മാ.

അമരസിംഹകവി

അമരസിംഹനെന്ന പേരായ കവിശ്രേഷ്ഠൻ ഭാഷാപണ്ഡിതന്മാർക്ക് വളരെക്കാലമായി പരിചയമുള്ള ഒരാളാണ്. അദ്ദേഹത്തിന്റെ നാമലിംഗാനുശാസനമെന്ന പേരായ അഭിധാനത്തെ ഉപകരിക്കാതെ സംസ്കൃതഭാഷയൊന്നും ഒരാൾക്കുണ്ടായിട്ടുണ്ടെന്നു പറഞ്ഞാൽ ഞാൻ വിശ്വസിക്കയില്ല. വിദ്വാന്മാർക്കും വിദ്യാർത്ഥികൾക്കും നാമലിംഗാനുശാസനം വളരെ ഉപകാരം ചെയ്യുന്നുണ്ടെന്നു നിസ്സംശയം അഭിപ്രായപ്പെടുന്നു.

വിശ്വമേദിന്യാദികൾ തുടങ്ങി ഒട്ടധികം കോശഗ്രന്ഥങ്ങൾ പിന്നീടുണ്ടായിട്ടുണ്ട്. ഇവയൊക്കെ കേവലം നാനാർത്ഥശാസനമോ കേവലം ലിംഗാനുശാസനമോ ആയ കോശങ്ങളായിട്ടാണ് ഉപയോഗമുണ്ടാകുന്നത്. എന്നാൽ നാമലിംഗാനുശാസനം രണ്ടും അടങ്ങിയിരിക്കുക കാരണമായി അമരകോശം സർവ്വോപകാരമുള്ളതാണ്. അതുകൊണ്ടാണ് ഈ കോശത്തിനു സർവ്വശ്രേഷ്ഠത്വം സിദ്ധിച്ചത്. ഇപ്രകാരമുള്ള ഈ ഗ്രന്ഥത്തിന്റെ നിർമ്മാതാവായ അമരസിംഹൻ ഏതു ജാതിയനാണ് എന്നും, ഏതൊരു രാജ്യത്തി

മാണ് ഇദ്ദേഹം ജീവിച്ചതെന്നും നിണ്ണയിക്കുന്നത് പ്രായേണ അശക്യമായിരിക്കുന്നു. എന്നിരുന്നാലും വിദ്വാന്മാരുടെ വിനോദത്തിന്നായി, എന്റെ ബുദ്ധിക്കനുസരിച്ച കുറച്ചൊന്നു പറയാം.

ദേവസാമാന്യനാമാനുകൃതിയാൽ ദേവവിശേഷനാമാംശത്തിൽ ബുദ്ധനെന്ന ലേഖനത്തിൽ "അമരസിംഹോഹി പാപീയാൻ സർവ്വഭാഷ്യമചൂചുരൽ" എന്നു പ്രാചീനന്മാർ ഉപഹാസോക്തിയിൽ പറഞ്ഞുകാണുന്നതുകൊണ്ട് ബൌദ്ധത്വം സുസ്പഷ്ടമാകുന്നുണ്ട്. കൂടാതെ 'വിക്രമ'സമകാലീനനാണെന്നു പ്രമാണപ്രകാരം ഉദാഹരിച്ചും കാണുന്നുണ്ട്.

'ധന്വന്തരിക്ഷപണകാമരസിംഹശങ്കു-
വേതാളഭട്ടഘടഖർപ്പരകാളിദാസഃ
ഖ്യാതോവരാഹമിഹിരോനൃപതേസ്സഭായാം
രത്നാനിവൈവരരുചിന്നവവിക്രമസ്യ'.

ഈ ശ്ലോകം ജ്യോതിർവ്വിദാഭരണഗ്രന്ഥത്തിൽ കണ്ടതാണ്. 'വിക്രമ'സമകാലീനനായ മഹാകവി കാളിദാസനു വളരെ കാലം കഴിഞ്ഞതിന്നുശേഷം ജീവിച്ചിരുന്ന കാളിദാസനെന്ന ദൈവജ്ഞന്റെ കവനമാണല്ലോ ആ ഗ്രന്ഥം. ഈ ദൈവജ്ഞമഹാശയന്റെ കാലത്തുകൂടി വിക്രമസഭ്യന്മാരായി പ്രസിദ്ധന്മാരായ പ്രാചീനവിദ്വാന്മാരുടെ കൂട്ടത്തിൽ അമരസിംഹനുണ്ടായിരുന്നുവെന്നു സിദ്ധാന്തിച്ചിരിക്കുന്നു. അതുകൊണ്ടു ഈ തെളിവിന്നായി അധികം പ്രമാണങ്ങളെ ഞാൻ തേടിപ്പിടിക്കുന്നില്ല. കൂടാതെ "ഇന്ദ്രശ്ചന്ദ്രഃ കാശകൃത്സ്നാപിശലീ ശാകടായനഃ പാണിന്യമരജൈനേന്ദ്രാ ജയന്ത്യഷ്ടാദിശാബ്ദികാഃ" എന്ന ശ്ലോകമനുസരിച്ച് അമരസിംഹകവി, പാണിനീസമന്മാരായവരുടെ സമകാലീകനാണെന്നു പറയപ്പെടുന്നു. ഈ ശ്ലോകം പാണിനിയുടെ സമകാലികനായ ചന്ദ്രാചാര്യൻ ഉണ്ടാക്കിയതുമാണ്.

നേപാളരാജ്യത്തിൽ കാന്തിയെന്ന പേരോടെ ഒരു രാജധാനിയുണ്ട്. ജനങ്ങൾ അതിനെ കാഷ്ഠമണ്ഡപം (കട്മണ്ഡു) എന്നു വിളിച്ചുവരുന്നു. ആ രാജധാനിക്കു കിഴക്കായിട്ടു വാഗ്മതിയെന്നും മണിമല എന്നും പേരായ രണ്ടു നദികളുടെ സംഗമസ്ഥാനം മുതൽ വൃദ്ധനീലകണ്ഠം (ബുഢാനീലകണ്ഠം) വരെ അഞ്ചുയോജന സ്ഥലവ്യാപ്തിയുള്ള വിശാലം എന്നു പേരായ നഗരം വിക്രമാബ്ദം 12-ാംനൂറ്റാണ്ടിനു മുമ്പ് ഉണ്ടായിരുന്നു. 13-ാംആണ്ടിൽ ഉണ്ടായ വലുതായ ഒരു അഗ്നിബാധയാൽ ഈ നഗരം നശിച്ചുപോയതായി പ്രാചീന വംശാവലികൊണ്ടു കാണുന്നു. ഇപ്പോഴും ആ പ്രദേശത്തു കൃഷിക്കായും മറ്റും കിളക്കുമ്പോൾ ഒരു നഗരം അവിടെ ഉണ്ടായിരുന്നുവെന്നു കാണിപ്പാൻ തക്കവണ്ണം ഭവനങ്ങളുടെ ഭാഗങ്ങളും മറ്റു പല ഉപകരണങ്ങളും കാണാറുണ്ട്. അമരസിംഹൻ ജനിച്ചത് ഈ നഗരത്തിലാണ്. അതുകൊണ്ടു 12-ാം ആണ്ടിന്നുമുമ്പാണ് അമരസിംഹൻ ജീവിച്ചിരുന്നതെന്നു വരുന്നു. ഇപ്പോഴും കാഷ്ഠമണ്ഡപത്തിന്നു അല്പം കിഴക്കായി ഇച്ഛാമതിയെന്നു പേരായ ഒരു ശാഖാനദിയുടെ കിഴക്കേ തീരത്തു ശ്രീനീലസരസ്വതിയുടെ ഒരു കോവിലുണ്ട്. ഈ സരസ്വതിയെ ആരാധിച്ചാണ് അമരസിംഹൻ വിദ്വൽശിരോമണിയായിത്തീർന്നത്. ശ്രീനീലസരസ്വതീക്ഷേത്രത്തിന്റെ മുന്നിൽ കിടക്കുന്ന ഒരു ശിലയിൽ അമരസിംഹൻ ഉണ്ടാക്കീട്ടുള്ള ഒരു സ്തുതി എഴുതീട്ടുണ്ട്. എന്നാൽ കാലപ്പഴക്കം നിമിത്തം ആ ശ്ലോകങ്ങളും നല്ലവണ്ണം വായിപ്പാൻ കഴിയുന്നതല്ല, എങ്കിലും ചില ഊ

ഹത്തിനു വഴിയുണ്ട്. അവിടുന്നു അധികം ദൂരത്തല്ലാതെ ബൌദ്ധമതക്കാരുടെ ഒരു വിഹാരവും കാണ്മാനുണ്ട്. ആ വിഹാരത്തിലാണ് അമരസിംഹൻ തന്റെ ജീവിതകാലം കഴിച്ചുകൂട്ടിയതെന്നു കേട്ടുകേൾവിയുണ്ട്. വേദാന്തമതസ്ഥാപകനായ ശ്രീശങ്കരാചാൎയ്യസ്വാമികൾ ഈശ്വരദർശനാർത്ഥം ഇവിടെ വന്നിരുന്നപ്പോൾ കോവിലിന്റെ വാതിൽ അടച്ചിരുന്നു. അതു കണ്ടിട്ടു ശങ്കരാചാൎയ്യർ ഇങ്ങിനെ ഒരു ശ്ലോകം ചൊല്ലി.

ഐശ്വര്യമമരത്തോസി
കാമനാദ്ദൃശ്യവർത്തസേ
ഉപസ്ഥിതേഷ്വബൌദ്ധേഷു
മദധീനാ തവസ്ഥിതിഃ.

ഈ ശ്ലോകം ചൊല്ലിക്കഴിഞ്ഞപ്പോൾ പശുപതി തന്നത്താൻ പ്രത്യക്ഷനായി. അതിനുശേഷം ഈശ്വരദർശനം കഴിച്ച് സ്വാമികൾ മടങ്ങി അമരസിംഹനെ കണ്ട് അദ്ദേഹവുമായി വാദം നടത്തി. അമരസിംഹൻ ഒരു തിരശ്ശീലക്കുള്ളിലും സ്വാമികൾ പുറത്തും നിന്നായിരുന്നു വാദം നടത്തിയത്. വാദം ഒരുവാരം നടന്നു. എന്നാൽ ജയമോ പരാജയമോ ആൎക്കും ഉണ്ടായില്ല. അപ്പോൾ സംശയംതോന്നി ആചാൎയ്യസ്വാമികൾ തിരശ്ശീല നീക്കിനോക്കിയപ്പോൾ അമരസിംഹൻ ഒന്നും മിണ്ടാതെ നില്ക്കുന്നതായും ഒരു കുടത്തിൽ ആവാഹിച്ച് വെച്ച സരസ്വതി സംസാരിക്കുന്നതായും കണ്ടു. ഉടനെ സ്വാമികൾ:—

"എടി പാപി! നീ എന്നെ ഉപേക്ഷിച്ച് ഒരു ബൌദ്ധനെ സ്വീകരിച്ചിരിക്കുന്നുവോ?" എന്നു ചോദിച്ചപ്പോൾ സരസ്വതി അവിടെനിന്നു മറഞ്ഞു. പിന്നീടുണ്ടായ വാദത്തിൽ അമരസിംഹൻ തോല്ക്കുകയും അമരസിംഹൻ ലജ്ജകൊണ്ടു പട്ടിണികിടന്നു മരിക്കുകയും ചെയ്തു. അതിനുശേഷം എല്ലാവൎക്കും ഉപകാരമുള്ള അമരകോശമൊഴികെ അമരസിംഹകവിയുടെ മറ്റുള്ള ഗ്രന്ഥങ്ങളെല്ലാം തീയിട്ടു ചുട്ടു. ഈ ഒരു ഇതിഹാസം നേപ്പാളരാജ്യത്തുള്ള എല്ലാ ബൌദ്ധസന്ന്യാസികളും ഒരു വിധത്തിൽ പറയുന്നു. പക്ഷെ ശങ്കരാചാൎയ്യസ്വാമിയുടെ ദിഗ്വിജയം സംക്ഷേപമായി പറയുന്ന ശങ്കരവിജയം എന്ന കാവ്യത്തിൽ അവിടുന്ന് നേപ്പാളത്തിൽ പോയതായി കാണുന്നില്ല; എങ്കിലും നേപ്പാള ഭൂപാലവംശാവലീവൎണ്ണനയടങ്ങിയ പഴയ റിക്കാൎട്ടുകളെക്കൊണ്ടും പശുപതിനാഥക്ഷേത്രത്തിലുള്ള പഴയ ശിലാരേഖകളെക്കൊണ്ടും താമ്രശാസനങ്ങളെക്കൊണ്ടും ആചാൎയ്യസ്വാമികൾ നേപ്പാളരാജ്യം സന്ദൎശിച്ചതായി തെളിയുന്നുണ്ട്. അതുകൊണ്ട് ശങ്കരാചാൎയ്യരുടെ ജീവകാലമായ വിക്രമാബ്ദം 650-മാണ്ടിൽ തന്നെ അമരസിംഹനും ജീവിച്ചിരുന്നതായി വിചാരിക്കാം.

സി.

—:o:—

* സംസ്കൃതഭാഷയിൽ എഴുതിയ ഒരു ഉപന്യാസത്തിന്റെ തർജമ.

കേരളവും ദേശനാമങ്ങളും

(കെ. പി. പത്മനാഭമേനോൻ ബി. എ. ബി. എൽ.)

(തുടർച്ച)

'കേരളോൽപത്തി'യിൽ മലയാളഭൂമി നൂററുപത്തു കാതമെന്നു പറഞ്ഞുകാണുന്നു. പരശുരാമക്ഷേത്രമെന്നു പറയുന്ന ഭൂമി ബ്രോച്ച് (Broach) അല്ലെങ്കിൽ 'ഭൃഗുകച്ഛം' എന്ന സ്ഥലം മുതൽ കന്യാകുമാരി വരെക്കും ഉണ്ടെന്നും ഒരു പക്ഷമുണ്ട്.]

കേരളത്തിന്റെ വിസ്തീർണ്ണത്തെപ്പററി ചിന്തിക്കുമ്പോൾ അവിടം രണ്ടുപ്രാവശ്യം ഖണ്ഡങ്ങളായി വിഭജിച്ചുവെക്കുകയുണ്ടായി എന്നു 'കേരളമാഹാത്മ്യ'ത്തിൽ പറയുന്നതിനെ ഓർമ്മപ്പെടുത്തേണ്ടതാണ്. ഒരിക്കൽ ബ്രാഹ്മണരുടെ വാഴ്ചക്കാലത്ത് അവരാലും പിന്നെ അവരാൽ രാജ്യഭാരത്തിന്നു പുറത്ത് എടുക്കപ്പെട്ടു എന്നു പറയുന്ന പെരുമാക്കന്മാരിൽ ഒരാളാലും ആണ് അങ്ങിനെ വിഭജിക്കപ്പെട്ടത്. ആദ്യത്തെ തിരിച്ചുവെയ്പിനെപ്പററി 'മലനാട് അല്ലെങ്കിൽ മലയാളം എന്ന രാജ്യത്തെ നാലുഭാഗങ്ങളാക്കി തിരിച്ചു' എന്നു 'കേരളോൽപത്തി'യിൽ പറയുന്നു. അതായതു:—

1. തുളുരാജ്യം— പെരുമ്പുഴ മുതൽ ഗോകർണ്ണംവരെ. ഇതു മിക്കവാറും ഇപ്പോഴത്തെ തെക്കും വടക്കും കന്നടജില്ലകൾ കൂടിയ പ്രദേശമാണ് എന്നു പറയാം.

2. കൂപരാജ്യം— പെരുമ്പുഴ മുതൽ പുതുപ്പട്ടണം വരെ. ഇതു കോട്ടപ്പുഴയുടെ വടക്കു ഉത്തരകോലത്തിരി രാജവംശമായ തെക്കൻകൂറുകാരുടെ രാജ്യമായിരുന്നു. ഇപ്പോഴത്തെ വടക്കെ മലയാളത്തിൽനിന്നു കുറുമ്പ്രനാട്ടുതാലൂക്കിൽ തെക്കെ പകുതി കഴിച്ചുള്ള ഭാഗം ഇതോടു യോജിക്കുന്നു.

3. കേരളരാജ്യം— പുതുപട്ടണം മുതൽ കന്നേററിവരെ. ഇതു ഉത്തരതിരുവിതാംകൂർ, കൊച്ചി, കുറുമ്പ്രനാട് താലൂക്കിന്റെ തെക്കെ പകുതി ഉൾപ്പെടെയുള്ള ഇപ്പോഴത്തെ തെക്കെ മലയാളവും കൂടിയ പ്രദേശമാണ്.

4. മൂഷികരാജ്യം— കന്നേററിമുതൽ കന്യാകുമാരിവരെ. ഇതു ഇപ്പോഴത്തെ ദക്ഷിണതിരുവിതാംകൂറാണ്.

രണ്ടാമതു വിഭജിച്ചതു 'ആര്യപ്പെരുമാളാ'ണ്. അദ്ദേഹം രാജ്യം മുഴുവനും ചുററിനടന്നു നോക്കി അതിനെ നാലംശങ്ങളായി ഭാഗിച്ചു എന്നു പറയുന്നു.

1. തുളുരാജ്യം— ഗോകർണ്ണം മുതൽ പെരുമ്പുഴവരെ.

2. കേരളരാജ്യം—പെരുമ്പുഴ മുതൽ പുതുപ്പട്ടണം വരെ.

3. മൂഷികരാജ്യം—പുതുപ്പട്ടണം മുതൽ കന്നേററി വരെ.

4. കൂപകരാജ്യം— കന്നേററി മുതൽ കന്യാകുമാരിവരെ.

ഇങ്ങിനെ ഭാഗിച്ചുള്ള രണ്ടാവശ്യത്തിനും മാത്രമായിരുന്നു എങ്കിലും കന്യാകുമാരി മുതൽ ഗോകർണ്ണം വരെ വ്യാപിച്ചുകിടക്കുന്നു എന്നു മലയാളികൾ വിശ്വസിക്കുന്ന കേരളഭൂമിയുടെ നാലിൽ ഒരു അംശത്തിന്നു മാത്രമേ 'കേരളം' എന്ന പേര കൊടുത്തു കാണുന്നുള്ളു എന്നതു ഒരു സാരമായ സംഗതിയാണ്.

ഈ ഭൂമിക്ക 'കേരളം'* എന്ന പേര ഉണ്ടാകുവാനുള്ള കാരണത്തെപ്പററി പലരും പലവിധത്തിൽ അഭിപ്രായപ്പെടുന്നു. ഇവരുടെ ഇടയിൽ അധികം ബോദ്ധ്യമുള്ള

* ഒരു കാതം നാലുനാഴിക വഴിയാണ്.

[ ] ഈ അടയാളത്തിനുള്ളിൽ കാണുന്നതു ഗ്രന്ഥത്തിൽ ഇല്ലാത്തതും വിശേഷാൽ ചേർത്തതും ആകുന്നു.

തായ രണ്ടുപക്ഷത്തെപ്പററി ഇവിടെ ചിന്തിക്കാം. മലയാളരാജ്യം വാണിരുന്ന പ്രസിദ്ധനും യോഗ്യനുമായ 'കേരളൻ' എന്ന പെരുമാളുടെ പേരിൽനിന്നു ഈ രാജ്യത്തിന്നു 'കേരളം' എന്ന നാമധേയം സിദ്ധിച്ചു എന്നു ചിലർ വിചാരിക്കുന്നു. എന്നാൽ കാലംകൊണ്ടു നോക്കുന്നതായാൽ ഈ അഭിപ്രായം അത്ര ശരിയായിരിക്കുന്നില്ലെന്നു ബോദ്ധ്യം വരുന്നതാണ്. എന്തുകൊണ്ടെന്നാൽ പെരുമാക്കന്മാരുടെ ആഗമനത്തിന്നു എത്രയോ മുമ്പുതന്നെ ഈ രാജ്യത്തിന്നു 'കേരളം' എന്നു പേരുണ്ടായിരുന്നു. 'കേരളോല്പത്തി'യിൽ പറയുംപ്രകാരം രാജ്യം ഭരിക്കുന്നതിന്നു ക്ഷത്രിയപുരുഷന്മാരെ നിശ്ചയിക്കുന്ന സമ്പ്രദായം ശരിയായി നടക്കുന്നില്ലെന്നു കണ്ടപ്പോൾ 64 ഗ്രാമക്കാരും തിരുനാവായയിൽ ഒത്തുകൂടി ഒരു രാജാവിനെ തിരഞ്ഞെടുക്കുവാൻ നിശ്ചയിക്കുകയും അതിന്നായി അവരിൽ നാലു ഗ്രാമക്കാരെ അധികാരപ്പെടുത്തുകയും ചെയ്തു. അവർ പശ്ചിമഘട്ടങ്ങളുടെ കിഴക്കെ ഭാഗത്തുള്ള 'കേയപുരം' എന്ന രാജ്യത്തു ചെന്ന് അവിടത്തെ രാജാവായ 'കേയപെരുമാൾ' അല്ലെങ്കിൽ 'ചേരമാൻ കേരളൻ' എന്നാളെ കേരളരാജാവായി തിരഞ്ഞെടുത്തു. അദ്ദേഹത്തെ 'ഭൂമാൻ ഭൂപായം പ്രാപ്യ' എന്ന കലിദിവസത്തിന്നു ശരിയായ ക്രി. അ. 216-ാമാണ്ടു കേരളത്തിൽ കൊണ്ടുവന്ന് ഒന്നാമത്തെ പെരുമാളായി വാഴിച്ചു.(1) എന്നാൽ ചുരുങ്ങിയ പക്ഷം ക്രിസ്തുവിന്നു മൂന്നു ശതാബ്ദങ്ങൾക്കു മുമ്പിൽതന്നെ, എന്നുവേണ്ട, ചരിത്രകാലങ്ങൾക്കു മുമ്പുതന്നെ എന്നു പറയാം, ഈ രാജ്യത്തെ 'കേരളം' എന്നു വിളിച്ചുവന്നു എന്ന് ഇതിന്നുമുമ്പു പ്രസ്താവിച്ചിട്ടുണ്ടല്ലോ.

മറെറാരഭിപ്രായം 'നാളികേരം' എന്ന സംസ്കൃതപദത്തിന്റെ ഉത്തരാർദ്ധമായ 'കേരം' എന്ന പദത്തിൽനിന്നു 'കേരളം' എന്നുണ്ടായി എന്നും. ഇവിടെ നാളികേരവൃക്ഷങ്ങൾ സമൃദ്ധിയായി ഉള്ളതുകൊണ്ട് ഈ രാജ്യത്തെ 'കേരളം' എന്നു പേർ പറവാൻ സംഗതിയായി എന്നും ആണ്. (2) പുരാതനകാലം മുതൽക്കെ മലയാളത്തിൽ നാളികേരവൃക്ഷങ്ങൾ സമൃദ്ധിയായി ഉണ്ടായിരുന്നുവെങ്കിലും ക്രി. അ. 1-ാം നൂററാണ്ടിൽ ഉണ്ടായ 'പെരിപ്ലസ്' എന്ന ഗ്രന്ഥത്തിൽ പൂർവ്വപശ്ചിമദേശങ്ങൾ തമ്മിൽ നടത്തിപ്പോന്ന വ്യാപാരത്തിൽ പെട്ട സാധനങ്ങളെ പറയുന്നേടത്തു നാളികേരത്തെ പററിയോ അതിനെക്കൊണ്ടുണ്ടാകുന്ന മററു സാധനങ്ങളെ പററിയോ യാതൊന്നും പറഞ്ഞുകാണുന്നില്ല. നാളികേരത്തെ 'ഇന്ത്യയിലെ വലിയ ഫലം (The Great Nut of India) എന്നു വർണ്ണിച്ചുപറകയും പല പാശ്ചാത്യഗ്രന്ഥകർത്താക്കന്മാരും നാളികേരവൃക്ഷത്തെക്കൊണ്ടും അതിന്റെ ഭാഗങ്ങളെക്കൊണ്ടും ഒരു കപ്പൽ പണിതു അതിന്റെ പാമരപ്പായ മുതലായ അനുസാരികൾ ഉണ്ടാക്കി അതിലുള്ളവർക്കാവശ്യമായ അപ്പം, മദ്യം, ജലം, എണ്ണ, ചുരുക്ക, പഞ്ചസാര മുതലായ സാധനങ്ങൾ അതിൽ നിറക്കുവാൻ സാധിക്കുന്നതാണെന്നു പറയുന്നു. (3)

'പെരിപ്ലസ്സി'ന്റെ കാലത്തു മലയാളരാജ്യത്തു നാളികേരം സമൃദ്ധിയായി ഉണ്ടായിരുന്നുവെങ്കിൽ ബുദ്ധിമാന്മാരായ ഗ്രീക്ക് വ്യാപാരികളുടെ ദൃഷ്ടിയിൽ ആ വൃക്ഷവും അതിൽനിന്നുണ്ടാകുന്ന സാധനങ്ങളും എത്തുപെടാതിരിക്കുവാൻ മാർഗ്ഗമില്ല. 'ഫോട്ടിയോ' (Photio) എന്ന ആൾ എഴുതീട്ടുള്ള 'ടിസിയസ്സി'നാൽ രചിക്കപ്പെട്ട 'ഇൻഡിക്ക' (Indika of Klesias) എന്ന ഗ്രന്ഥത്തിന്റെ (ഉദ്ദേശം ക്രി. മു. 400) ചുരുക്കത്തിൽ താലവൃക്ഷങ്ങളേയും (Palm trees and their dates) അവയുടെ ഫല

(1.) Logan's Malabar, Vol. I. p. 223. കേരളോല്പത്തി.

(2.) Days Land of the Perumals.
(3.) Doctor day, Fro Bartolomes. മുതൽപേർ.

ങ്ങളേയും കുറിച്ചു പറയുന്നേടത്ത് ഈ ഫലങ്ങൾ 'ബാബിലോണി'ലുള്ളവയേക്കാൾ മൂന്നിരട്ടി വലിപ്പമുള്ളതെന്നു വിവരിക്കുന്നു. മേൽ പറഞ്ഞ പുസ്തകത്തിന്റെ മറാഠാളാൽ ഉണ്ടാക്കപ്പെട്ട ചുരുക്കത്തിൽ ഈ വൃക്ഷത്തിന്റെ ഫലങ്ങൾ "എല്ലാ ഫലങ്ങളിലും വെച്ചു വലുതാണ്" എന്നു പറഞ്ഞുകാണുന്നു. ഇതു നാളികേരവൃക്ഷത്തേയും അവയുടെ ഫലങ്ങളേയും ഉദ്ദേശിച്ചു പറയുന്നതാണെന്നു വിചാരിക്കാം. 'കാസ്മാസ്സ് ഇൻഡികൊപ്ലീസ്റ്റസ്സ്' (Kosmos Indikopleustes ക്രി. അ. 525-547) എന്ന ആൾ അദ്ദേഹത്തിന്റെ 'ടൊപ്പൊഗ്രാഫ്യക്രിസ്ത്യാന്യാ' (Topographia Christania) എന്ന ഗ്രന്ഥത്തിൽ 'ആർഗെലിയ' (Argellia) എന്ന പേരോടുകൂടി നാളികേരവൃക്ഷത്തിന്റെ വിശദമായും ശരിയായും ഉള്ള ഒരു വിവരണം കൊടുത്തിട്ടുണ്ട്. ആ വിവരണംകൊണ്ട് 'ആർഗെലിയ' (Argellia) എന്നതു സംസ്കൃതത്തിലെ 'നാളികേരം' അല്ലെങ്കിൽ നാരികേലം' എന്ന പദത്തിന്റെ ഒരു പ്രകൃതരൂപം മാത്രമാണെന്നും അതു 'തെങ്ങിനെ' ഉദ്ദേശിച്ച് ഉപയോഗിച്ചിട്ടുള്ളതാണെന്നും സംശയം കൂടാതെ പറയാം. (4) 'പെരിപ്ലസ' എന്ന ഗ്രന്ഥത്തിന്റേയും 'ടൊപ്പൊഗ്രാഫ്യക്രിസ്ത്യാനാ' എന്ന ഗ്രന്ഥത്തിന്റേയും കാലങ്ങൾക്കിടയിലായിരിക്കാം ഈ വൃക്ഷം മലയാളത്തിൽ വന്നെത്തിയത് എന്നു വിചാരിക്കുന്നതിൽ വല്ല തെറ്റുമുണ്ടാകുമെന്നു തോന്നുന്നില്ല. 'സിലോൺ'=സിംഹളം=ഈഴം എന്ന ദിക്കിൽ നിന്നു 'തിയ്യർ' അല്ലെങ്കിൽ 'ചീപർ' അല്ലെങ്കിൽ 'ഈഴവർ' എന്നവരാൽ നാളികേരവൃക്ഷത്തെ മലയാളത്തിൽ ആദ്യമായി കൊണ്ടുവരപ്പെട്ടു എന്നു മിസ്റ്റർ ലോഗൻസായ്പ് വിചാരിക്കുന്നു. ഇവർ മലയാളത്തിൽ വന്നു കുടിപാർത്തപ്പോൾ 'തെൻ'+'കായ്'+'മരം'= 'തെക്കൻ കായ മരം' അല്ലെങ്കിൽ 'തെങ്ങ്'മരം എന്ന വൃക്ഷം അവർ കൂടെ കൊണ്ടുവന്നു എന്നാണ് അദ്ദേഹം പറയുന്നത്. (5) ക്രി. അ. 9-ാം നൂറ്റാണ്ടിൽ സുറിയാനി ക്രിസ്ത്യാനികൾക്കു നൽകപ്പെട്ടതാണെന്നു വിചാരിച്ചുവരുന്ന താമ്രശാസനത്തിൽ തിയ്യരെ ഒരു പ്രത്യേക സംഘമായി പറയുന്നു. [അവർക്കു തെങ്ങുകയറ്റത്തിനു 'തളപ്പവകാശം' കൊടുത്തിട്ടുള്ളതായും ഈ ശാസനത്തിൽ പറയുന്നുണ്ട്.] ഈ സ്ഥിതിക്ക് ഈ ശാസനം ഉണ്ടായ കാലത്തു നാളികേരവൃക്ഷത്തെ ഈ ദിക്കിൽ ധാരാളമായി നട്ടുണ്ടാക്കി കൃഷിചെയ്തിരുന്നു എന്നു വിചാരിക്കാം. ഈ മുൻപറഞ്ഞ സംഗതികൾ സാരമായുള്ളവയാണെന്നു വരുന്ന പക്ഷം ക്രിസ്തുവിനു മൂന്നു ശതാബ്ദങ്ങൾക്കു മുമ്പുതന്നെ കേരളം എന്ന നാമം ധരിച്ചുവന്നിരുന്ന ഈ രാജ്യത്തിനു 'പെരിപ്ലസ്സി'ന്റെയും 'ടൊപ്പൊഗ്രാഫിയ'യുടെയും കാലമായ ക്രി. അ. ഒന്നും ആറും നൂറ്റാണ്ടുകൾക്കു മദ്ധ്യേ ഇവിടെ വന്ന് എത്തിയതായി വിചാരിക്കുന്ന നാളികേരവൃക്ഷങ്ങളുടെ സമൃദ്ധികൊണ്ടാണ് 'കേരളം' എന്ന പേര് ഈ രാജ്യത്തിനുണ്ടായത് എന്നു വിശ്വസിക്കുവാൻ കുറെ പ്രയാസമായി തീരുന്നു.

'കേരളം'; യൽ (യാതൊന്ന്) 'കേ' (ജലേ) 'രളതി' (രാജതി) യാതൊന്നു വെള്ളത്തിൽ ശോഭിക്കുന്നുവോ അതു കേരളം.

4. Cathay and the way Thither, vol. 1. p. 176. Yale and Burnells' Hobson jobson. കൂടി നോക്കുക.

5. Logan's Malabar Manual Vol. 1 p. 143.

ങ്ങിനെയും ഒരു അഭിപ്രായം കാണുന്നുണ്ട്.(6)

ഇനി 'മലബാർ,' 'മലയാളം' എന്നീ പേരുകളെ പറ്റി വിചാരിക്കാം. 'അൽ ബിരൂണി' (Al Biruni) ക്രി. അ. 970–1039) എന്ന അറബിക്കാരനാണ് ഈ രാജ്യത്തിന് ആദ്യമായി 'മലബാർ' എന്ന പേർ പറഞ്ഞുകാണുന്നത്. അയാൾക്കു മുമ്പ് 'കോസ്മോസ് ഇൻഡിക്കൊപ്ലൂസ്റ്റസ്' എന്ന ഈജിപ്റ്റ്കാരനായ വ്യാപാരി കച്ചവടാവശ്യത്തിനായി ചെയ്ത കപ്പൽയാത്രകളിൽ പടിഞ്ഞാറെ സമുദ്രതീരത്തു 'മാലി' എന്ന പേർ പറയുന്ന ഒരു ഭൂഭാഗത്തു വരികയുണ്ടായി. അവിടെ കുരുമുളകു ധാരാളമായി വിളഞ്ഞിരുന്നു എന്നും കുരുമുളകുവ്യാപാരം സമൃദ്ധിയായി നടന്നിരുന്നു എന്നും അയാൾ പറയുന്നു. 'മലബാർ' എന്ന പദം 'മാലി' എന്നതിൽ നിന്നുണ്ടായതാണെന്നും 'മലബാർ' എന്നുവെച്ചാൽ 'കുരുമുളക ഉണ്ടാകുന്ന രാജ്യം' എന്നാണെന്നും പ്രസിദ്ധ ചരിത്രകാരനായ 'ഡോക്ടർ റോബെർട്ട്സൺ' (Dr. Robertson) അഭിപ്രായപ്പെടുന്നു. (7) എന്നാൽ 'കാർമലീത്താ പാതിരിയും മലയാളത്തിൽ, പ്രത്യേകിച്ചു തിരുവിതാംകൂറിൽ, അധികകാലം താമസിച്ചിരുന്ന ആളും ആയ 'പാവുലിനൊ ഡാ സാൻബർത്തൊലൊമിയൊ' പാതിരി (Fr. Paolina da Sa Bartolomeo) എന്ന പണ്ഡിതൻ ഈ രാജ്യത്തിന്റെ പേർ 'മലനാട്' എന്നായിരുന്നു എന്നും അതിനെ പല പ്രകാരത്തിൽ പ്രകൃതഭേദപ്പെടുത്തി ഒടുവിൽ "മലബാർ എന്നാക്കിത്തീർത്തതാണെന്നും പറയുന്നു. 'മലബാർ' (Malabar) എന്ന പദം അറബിഭാഷയിലെ 'മാലി' (Malc) എന്നും 'ബാർ' (Barr) എന്നും ഉള്ള പദങ്ങൾ കൂടി ചേർന്നുണ്ടായതാണെന്ന 'ഫാദർ റാളിൻ' (Fr. Raulin) അഭിപ്രായപ്പെട്ടിട്ടുള്ളതിനു യാതൊരടിസ്ഥാനവും ഇല്ലെന്നും ആണ് ബർത്തോലൊമിയൊ പാതിരിയുടെ പക്ഷം. (8) 'സിസിലി' (Sicily) രാജാവായിരുന്ന രണ്ടാമത്തെ 'റോജർ' (Roger II) (ക്രി. അ. 1153–1154) ന്റെ രാജധാനിയിൽ ഭൂഗോളശാസ്ത്രകാരനായിരുന്ന 'അൽ ഇഡ്രിസി' (Al Idrisi) എന്ന മഹമ്മദീയനും 'അബുൽഫീഡ' (Abul Feda ക്രി. അ. 1273—1331) എന്ന മഹമ്മദീയനും ഈ രാജ്യത്തെ 'അൽമാനിബാർ' (Al-manibar) എന്നും, 'അൽകാസ്വീനി (Al Kazwini) ക്രി. അ. 1263—1275) 'ഇബ്നൻ ബതൂത്ത' (Ibu Batuta) ക്രി. അ. 1342—1347) എന്നവർ 'അൽമാലിബാർ' (Al-Malibar) എന്നും എഴുതിക്കാണുന്നു. യൂറോപ്പുകാരായ ചില സഞ്ചാരികളും ഇതുപോലെ ഭേദഗതിയായി ഈ പേർ എഴുതിക്കാണുന്നുണ്ട്.

പുരാതന ഭൂഗോള ശാസ്ത്രകാരന്മാരും ചില സഞ്ചാരികളും ഈ പദത്തെ പ്രകൃത ഭേദപ്പെടുത്തി എഴുതി പോന്നതിനെ ഒരു നോട്ടത്തിൽ തിരിച്ചറിയാനായി ആ ഭേദഗതികളെ താഴെ കാണിക്കുന്നു.

മഹമ്മദീയർ

അൽബിറൂണി (Al Biruni) 970–1039. മിലിബാർ (Melibar)

അൽ ഇഡ്രിസി (Al Idrisi) 1153—മനിബാർ (Manibar)

റാഷിഡുദ്ദീൻ (Rashiduddin) 1247—1331 മാനിബാർ (Manibar)

അൽകാസ്വീനി (Al Kazwini) 1263—1275 മാലിബാർ (Malibar)

അബുൽഫീഡ് (Abulfeda) 1273—1331, മാനിബാർ (Manibar)

6 കേരളോൽപത്തി. പ്രാചീനമലയാളം 1-ാം പുസ്തകം.

7. Historical Disquisition concerning Ancient India.

8. A Voyage to the East Indies p. 102.

ഇബ്നൽബാററൂററ് (Ibu balutai) 1342—1347, മാലിബാർ (Malibar)

ബാക്വി (Bakui) (കാലംനിശ്ചയമില്ല) മാലിബാർ (Malibar)

'വാൻഹാമ്മർ' (Van Hammer) എന്നാളുടെ 'ബംഗാൾ എഷ്യാറ്റിക്' സൊസൈററിയുടെ 'ജർണൽ' (Bengal Asiatic Society's journal) എന്ന പത്രഗ്രന്ഥത്തിൽ തർജ്ജിമചെയ്തു പ്രസിദ്ധപ്പെടുത്തീട്ടുള്ളതും എതുകാലത്തിലെന്നോ ആരാം എന്നു നിശ്ചയമില്ലാത്ത ഒരു ഇൾക്കിക്കാരനാൽ എഴുതപ്പെട്ടതുമായ ഒരു വിവരണത്തിൽ 'മവ്വിബാർ' (Mouebar), 'മവ്വബാർ' (Muabar) എന്നിങ്ങിനെയും എഴുതി കാണുന്നുണ്ട്.

യൂറോപ്പുകാർ (ക്രിസ്ത്യാനികൾ)

മാർക്കോപോളോ (Marco polo) 1271 1294, മെലിബാർ (Melibar) ഫ്രയർ ഒഡൊറിക്ക് (Friair Odoric) 1286-1330, മിനിബാർ (Minibar) മാരിഗ്നോല്ലി (Marignolli) 1290-1355, മിനിബാർ (Minibar) ജോൺ ഓഫ് മോൺടികോർവിനൊ (John of MonteCorvino) 1291, മിനാബാർ (Minabar) ഫ്രയർ ജോർഡാനസ്സ് (Frair Jordanus) 1320, മൊലിബാർ (Molibar) നിക്കോളൊ കോൺടി (Nicolo Conti) 1419, മെലിബാറിയ (Melibaria) ഫ്രാമൌറൊ (Fra Mouro) 1440, മെലിബാർ (Melibar)

'അൽമനിബാർ' (AlMani bar) എന്ന രാജ്യം 'ഹൊണോവാർ' (Honowar) മുതൽ 'കുമാരി' (Kumahri) വരെയുണ്ട് എന്ന് 'അബൂൾഫിദ' പറയുന്നു. എന്നാൽ 'റാഷിദുദ്ദീൻ', 'സിന്ദാബൂർ' (Sindabur) അല്ലെങ്കിൽ 'ഗോവ' (Goa) യെ കൂടി ഇതിൽ ഉൾപ്പെടുത്തുന്നു. 'അൽബിറൂണി' ഈ രാജ്യം 'കാരോഹാ' Karoha (ഇതിന്റെ ഇപ്പോഴത്തെ സ്ഥലനാമം അറിവാൻ തരമില്ല.) മുതൽ 'കൌളം' (Kaulam) അല്ലെങ്കിൽ കൊല്ലം (Quilon) വരെ മുന്നൂറു 'പരസംഗസ്' (Parasangs) നീളമുണ്ടെന്നു പറയുന്നു. 'അൽ ഇദ്രിസിയുടെ' 'മാനിബാർ' 'ഹൊണോർ' മുതൽ 'കൌളം' വരെയാണ്. 'ഇബ്ൻബാററൂററ' 'സിന്താബൂർ' (ഗോവ) മുതൽ 'കൌളം' അല്ലെങ്കിൽ കൊല്ലംവരെക്ക രണ്ടുമാസത്തെ വഴിയുണ്ടെന്നു പറയുന്നു. അവിടന്ന് ഒരു കാലം കഴിഞ്ഞതിനുശേഷം മലബാറിന്റെ അതൃത്തികൾ വടക്ക് 'എഴിമല' (Mt D'Ely) യുടെയും 'മംഗലാപുരത്തിന്റെയും' മദ്ധ്യംമുതൽ തെക്ക 'കൌളം' (കൊല്ലം) വരെ ആയിരുന്നു എന്നു സാധാരണ വിചാരിച്ചുവന്നു. മദ്ധ്യകാലത്ത്, 'മൂഷികം' എന്ന പേർ പറഞ്ഞു വന്നിരുന്ന 'കൊല്ലം' മുതൽ 'കന്യാകുമാരി' വരെയുള്ള ദേശം മലയാള രാജ്യത്തിന്റെ ഒരു ഭാഗമായി വിചാരിച്ചില്ലെന്നു കാണുന്നതാണ്.

(തുടരും)

വിദ്യാഭ്യാസസംബന്ധമായ

ചില വിമർശനങ്ങൾ

(തുടർച്ച)

III

ഇപ്രകാരം സർവ്വകലാശാലയിലേക്കു കടക്കുന്ന സകല വിദ്യാർത്ഥികൾ, Pemonstratus, Lecturers, Assistant Professors, Professors, ഇവരെല്ലാപേരും ഓരോരോ വിഷയങ്ങളിൽ പരിശോധനകൾ നടത്തിക്കൊണ്ടിരിക്കുന്നു. ഈ വിധം ജർമ്മനിയിലുള്ള 12 സർവ്വകലാശാലകളിൽ ദിവസം പ്രതിയും പുതുതായി അറിവു കണ്ടുപിടിക്കുന്നതിനു എത്രയോ ആയിരം ആളുകൾ വേല ചെയ്തുകൊണ്ടിരിക്കുന്നു. ഇത്രത്തോളം പ്രാബല്യത്തിലല്ലെങ്കിലും ഇംഗ്ലീഷ് സർവ്വകലാശാലകളിലും ഈ മാതിരി പരിശോധനകൾ ധാരാളമാളുകൾ നടത്തിവരുന്നുണ്ട്. ഇൻഡ്യായിൽ മാത്രം ഒരു ബോർഡും ഒരു റാബിയും കഴിച്ചാൽ ഈ ജോലിയിൽ ഏർപ്പെട്ടിട്ടുള്ളവർ വേറെ ആരും ഇല്ല. ഇതാകുന്നു നമ്മുടെ സർവ്വകലാശാലകളിലും കാളേജുകളിലും നടപ്പിലിരിക്കുന്ന വിദ്യാഭ്യാസരീതിയുടെ ഒരു പ്രധാനന്യൂനത.

വിദ്യാർത്ഥികളിൽ സ്വാശ്രയത്വവും വിശാലബുദ്ധിയും ഉളവാക്കി പരിഷ്കാരവൃദ്ധിയിൽ ഭാഗഭാക്കുകളാക്കുന്ന വിധമുള്ള സമാലോചനാശീലത്തെ അവരിൽ അങ്കുരിപ്പിക്കുന്ന സംഗതിയിൽ ഏതല്പാലപത്വം നമുക്കു നേരിട്ടുകൊണ്ടിരിക്കുന്ന അപജയമാണ് മറ്റൊരു വലുതായ ന്യൂനത.

Oxford, Cambridge മുതലായ സർവ്വകലാശാലകളിൽ അദ്ധ്യാപകരും വിദ്യാർത്ഥികളും ഒരുമിച്ചുതാമസിച്ചു സകല കാര്യങ്ങളിലും യോജിച്ചുപ്രവർത്തിക്കുന്നതുകൊണ്ട്, അന്യോന്യാനുകമ്പ, അന്യോന്യവിശ്വാസം, വിശാലമനസ്കത മുതലായ ഗുണങ്ങൾ അവരിൽ സ്വയമേവ ഉണ്ടാകുന്നുണ്ട്. പാശ്ചാത്യരാജ്യങ്ങളിലെ മററു സർവ്വകലാശാലകളിൽ ഉപാദ്ധ്യായന്മാരും വിദ്യാർത്ഥികളും ഒരുമിച്ചു താമസിക്കുന്ന സമ്പ്രദായം ഇല്ലെങ്കിലും മേല്പറഞ്ഞ ഗുണങ്ങൾ വിദ്യാർത്ഥികളിൽ ജനിപ്പിക്കുന്നതിലേക്കു അവിടങ്ങളിലും ധാരാളം സൌകര്യമുണ്ട്.

വിദ്യാർത്ഥികളിൽ സദാചാരനിഷ്ഠയെ ജനിപ്പിക്കുന്ന സംഗതികളിൽ ഏററവും പ്രധാനമായി കരുതേണ്ടതു ഉപാദ്ധ്യായന്മാരുടെ പെരുമാററവും നടപടിയും അക്കൂട്ടരോടുള്ള മാനനീയതയുമാകുന്നു.

പാശ്ചാത്യരാജ്യങ്ങളിൽ, വിശേഷിച്ചും ജർമ്മനിയിൽ പണ്ഡിതന്മാർക്ക് വിദ്യാർത്ഥികളുടെമേൽ വലുതായ അധികാരവും സ്വേച്ഛാശക്തിയും ഉണ്ട്. ഇതു മുഴുവനും സ്നേഹബഹുമാനങ്ങളെയും ഗുണശക്തിയെയും അടിസ്ഥാനപ്പെടുത്തിയിരിക്കുന്നു.

ജർമ്മനിയിൽ ഒരാൾക്ക് ഒരു പണ്ഡിതൻ ആകാൻ എത്രപടി കടക്കണം, എത്രകാലം ചെല്ലണം, എന്നുള്ളതിനെപ്പററി ഞാൻ മുമ്പു പ്രസ്താവിച്ചുവല്ലോ. ആ വിധ വൈതരണികളെല്ലാം കഴിഞ്ഞു (അവർ അപ്രകാരം വിചാരിക്കുന്നില്ല) Professor സ്ഥാനത്തിലേക്കു എത്തുമ്പോൾ ഒരാളുടെ ജീവിതകാലത്തിൽ ഏകദേശം മുക്കാൽഭാഗവും കഴിഞ്ഞിരിക്കും. തലയും നരച്ചു പല്ലും കൊഴിഞ്ഞു 60-ാം വയസ്സിൽ കായാതെ പ്രായവുംചെന്ന ആളുകളാണ് സാധാരണമായി അവിടെ Professor ആയി കാണുന്നതു. അവരെക്കണ്ടാൽ നാട്ടുപുറങ്ങളിൽ ചിലപ്പോൾകാണുന്ന നര

ച്ചു താടിമീശക്കാരായ പാതിരിമാരെപ്പോലെയിരിക്കും. ഇപ്രകാരം വെളിയിലുള്ള കാര്യത്തിലും അതുപോലെതന്നെ ശാന്തസ്വഭാവം സൌമ്യത ഇവയിലും മറ്റു മനോഗുണങ്ങളിലും അവർ ഏറക്കുറെ സാദൃശ്യതയുണ്ട്. ഇതുകൂടാതെ ഓരോ Professor അവനവന്റെ വിഷയത്തിൽ വലിയ പാണ്ഡിത്യം സമ്പാദിച്ചു പ്രാമാണ്യം സിദ്ധിച്ചിട്ടുള്ളവരും ആയിരിക്കും. അവരുടെ പ്രായാധിക്യവും സൌജന്യം, ശാന്തത, ബുദ്ധിവികാസത മുതലായ ഗുണങ്ങളും അവരുടെ വിഷയങ്ങളിൽ അവർക്കുള്ള അസാധാരണ പാണ്ഡിത്യവും മറ്റും ആലോചിച്ചുനോക്കുമ്പോൾ അവരെക്കുറിച്ചു ഏവനും അവരുടെ നേർക്ക് ഭക്തിബഹുമാനസ്നേഹാദികൾ തോന്നാതിരിപ്പാൻ നിവൃത്തിയില്ല. അവരുടെ നടവടിയും ആചാരവും യാതൊരാളെ കളങ്കപ്പെടുത്താത്തതായിരിക്കും. അവർ എല്ലാ വിദ്യാർത്ഥികളെയും താരതമ്യഭേദമെന്ന്യേ സമമായി വിചാരിക്കും. അവർ നിസ്സാരവും നീചവും ആയ തൊട്ടങ്ങളിലും മനസ്സുകളിലും നിന്ന് എത്രയോ ഉപരിയായിരിക്കും. അവർക്ക് ഓരോതരം ചാപല്യങ്ങളും ക്ഷിപ്രശമിതങ്ങളായ കോപവേഗങ്ങളും പ്രകടനങ്ങളും കൂടാതെ വിദ്യാർത്ഥികളുടെ ഇടയിൽ വ്യവസ്ഥിതിയെ പരിപാലിക്കാൻ കഴിയും.

അവർ 'ഉണരുന്ന കൊമ്പൻ ഒരു വിളി' വിളിച്ചതുപോലെ മൂക്കിൽ വിരൽവെച്ചു തല പൊന്തിച്ചു വട്ടം തിരിഞ്ഞു 'ആടിക്കൂട്ടത്തെപ്പൂഴം' എന്ന മട്ടിൽ വിദ്യാർത്ഥികളെ നടുക്കിക്കാൻ ഉദ്ദേശിക്കുന്നില്ല. എന്നു മാത്രമല്ല വിദ്യാർത്ഥികളുടെ മനോഗുണമായ പ്രസരിപ്പിന്റെയും നിഷ്കപടതയുടെയും ഫലമായുണ്ടാകുന്ന നിർദ്ദോഷങ്ങളായ സ്വാതന്ത്ര്യങ്ങളേയും വിനോദങ്ങളേയും അവർ എത്രമാത്രം അനുകമ്പയോടും ആർദ്രതയോടും കൂടി സ്വീകരിക്കും. ഇതിനു ഒരുദാഹരണം പറയാം. എഡിൻബറോവിൽ ഒരു Profssor ഉണ്ടായിരുന്നു. സർവകലാശാലയിൽ പഠിത്തം ആരംഭിക്കുന്ന ദിവസം സാധാരണ Professors lecture ചെയ്യുകപതിവില്ല. ഇദ്ദേഹം ആദ്യത്തെ ദിവസവും lecture ചെയ്യണമെന്നുള്ള ഉദ്ദേശത്തോടുകൂടി ക്ലാസിൽ കയറും. വിദ്യാർത്ഥികൾ lecture നെ തടയുന്നതിനായി ബൂട്ട്സുകൊണ്ടു നിലത്തു ചവിട്ടി ശബ്ദമുണ്ടാക്കും. Profssor-ക്കു ദേഷ്യം വരും. മുകളറ്റത്തെ ബെഞ്ചിലിരിക്കുന്നവരാണ് ശബ്ദമുണ്ടാക്കുന്നതെന്നു പറഞ്ഞ് അവരെ വെളിയിൽ പോകുന്നതിനു ആജ്ഞാപിക്കും. അവർ സന്തോഷത്തോടുകൂടി വെളിയിൽ പോകും. എന്നിട്ടും ശബ്ദം നില്ക്കുകയില്ലാ. വെറുതെയിരുന്നവരെ വെളിയിലാക്കിയല്ലോ എന്നു വ്യസനിച്ചുകൊണ്ടു അടുത്ത ബെഞ്ചിൽ ഇരിക്കുന്നവരാണ് ശബ്ദമുണ്ടാക്കുന്നവർ എന്നു തീർച്ചപ്പെടുത്തി അവരെ വെളിയിലയക്കും. എന്നിട്ടും ശബ്ദം നിൽക്കുകയില്ലാ. എന്നതിനു, കാൽമണിക്കൂറുകൊണ്ടു ക്ലാസ്സു മുഴുവനും വെളിയിലാകും; Lecture വേണ്ടെന്നു വെച്ചു പ്രൊഫസർ മടങ്ങും. പിറ്റേ ദിവസം മുതല്ക്കേ പതിവുള്ള Lecture നടക്കും. ക്ലാസ്സിൽ ശബ്ദവുമില്ല. തലേദിവസം നടന്നതിനെപ്പറ്റി പ്രൊഫസർക്കും വിദ്യാർത്ഥികൾക്കും ഒരു വിചാരംപോലുമില്ല. ആദ്ദേഹം അവിടെ പ്രൊഫസർ ആയിരുന്ന കാലം മുഴുവൻ എല്ലാ വർഷത്തിലും ആരംഭദിവസത്തെ Lecture ഇങ്ങിനെ പരിണമിക്ക പതിവായിരുന്നുവെന്നു പറഞ്ഞുകേട്ടിട്ടുണ്ട്. ഗൌരവമായിട്ടു വിചാരിക്കുന്നതായിരുന്നാൽ ഗുരുവിനെ നിന്ദിക്കുന്നതും വ്യവസ്ഥിതിക്കു വിരോധമായതുമായ ഒരു പ്രവൃത്തിയാണിത്. വിദ്യാർത്ഥികളെ സർവകലാശാലയിൽ നിന്നു നിർദ്ദാക്ഷിണ്യമായി dismiss ചെയ്വാൻ കൂടി മതിയാകാത്ത ഒരു കാരണമാണിതു. പക്ഷെ പ്രൊഫസർ ആകട്ടെ വിദ്യാർത്ഥികളാകട്ടെ ഇതു ഒരു നിർദ്ദോഷമായ വിനോദമായിട്ടല്ലാതെ മറ്റൊരു പ്രകാരത്തിൽ ഗണിക്കുന്നില്ല. ഇതിനെ നേരംപോക്കുകൾ അനുവദിക്കപ്പെടാമെന്നുള്ള സന്ദർഭങ്ങളിൽ അനുവദിക്കുന്നതുകൊണ്ട് ഇംഗ്ലീഷ് സർവ

കലാശാലകളിൽ വ്യവസ്ഥിതി പരിപാലിക്കുന്നില്ലെന്ന് ആരും പറയുകയില്ല. കുട്ടികൾക്കു discipline ഇല്ലാതെ വരുന്നില്ല. ലോകത്തിന്റെ നാനാഭാഗങ്ങളും വ്യാപിച്ചു അനേകം രാജ്യങ്ങളെ കീഴടക്കി ശ്രേയസ്സുമായ വിധത്തിൽ ഭരിച്ചുകൊണ്ടു പോകുന്ന ഇംഗ്ലീഷുകാർ discipline ഇല്ലെങ്കിൽ പിന്നെ ആർക്കാണുള്ളത്?

പാശ്ചാത്യരാജ്യങ്ങളിലെ സർവകലാശാലകളിൽ പ്രൊഫസ്സേർസ് വിദ്യാർത്ഥികളോടുകൂടി സ്വാതന്ത്ര്യമായി സഹവാസം ചെയ്യുകയും ചിലപ്പോൾ അവരുടെ നേരംപോക്കുകളിലും കൂടി പങ്കു കൊള്ളുകയും മറ്റും ചെയ്യുന്നതിനാൽ അവരുടെ ഗുണോൽകർഷവും അവരുടെ ഉത്സാഹതയും വിദ്യാർത്ഥികളുടെ മനസ്സിനെ ആകർഷിച്ചു അനുകരണപദ്ധതിയിൽ ആക്കിത്തീർക്കുകയും അവരിൽ ശരിയായിട്ടുള്ള സദാചാരനിഷ്ഠയെ ഉളവാക്കുകയും ചെയ്യുന്നതിന് ഇടയാകുന്നു. ഇതുപോലെ ഗുണകരമായ ഒരു മാർഗ്ഗമാണ് അവിടങ്ങളിലെ വിദ്യാർത്ഥികൾ തങ്ങളിലുള്ള സഹവാസം സ്സും സത്രങ്ങൾ ഇല്ലാത്തുള്ള സർവകലാശാലകൾ College കൾ ഇവകളിൽ വിദ്യാർത്ഥികൾ തങ്ങളിൽ സഹവാസത്തിനുള്ള മാർഗ്ഗങ്ങൾ കളിനിലം, വാദപ്രതിവാദസമാജങ്ങൾ, സാമുദായികസംഘങ്ങൾ മുതലായവ തന്നെയാണ്. പക്ഷെ ഈ സ്ഥാപനങ്ങൾകൊണ്ട് അവിടങ്ങളിൽ ഉദ്ദേശിച്ചിരിക്കുന്ന ഫലം കിട്ടുന്നുണ്ട്. ഇവിടെ അതുണ്ടോ എന്നു സംശയിക്കേണ്ടിയിരിക്കുന്നു. ഇന്ത്യൻ സർവകലാശാലകളിൽ വിദ്യാർത്ഥികളുടെ വകയായി അനേകം സമാജങ്ങളുണ്ട്. ഇവയുടെ പ്രധാന ഉദ്ദേശം വാദപ്രതിവാദങ്ങൾ നടത്തണമെന്നും പ്രസംഗം ചെയ്യണമെന്നും മാത്രമല്ല. ഇതും അവയുടെ ഉദ്ദേശങ്ങളിൽ ചേർന്നതുതന്നെ. പക്ഷെ അവയുടെ പ്രധാന ഉദ്ദേശ്യം സമാജാംഗങ്ങളിൽ ഐകമത്യം, സഹോദരഭാവം, മുതലായ ഗുണങ്ങൾ ജനിപ്പിക്കണമെന്നാണ്. ഇതിനെ സാധിപ്പിക്കുന്നതിനായി സമാജാംഗ സാമുദായികസമ്മേളനാ മുതലായതു നടത്തപ്പെടുന്നു. ഇംഗ്ലീഷു സർവകലാശാലകളിലും സമാജങ്ങൾ മൂലം സാമുദായികസമ്മേളനവും മറ്റും നടത്തി വിദ്യാർത്ഥികളുടെ ഇടയിൽ സൌഹാർദ്ദം ഉണ്ടാക്കുന്നുണ്ട്. അവിടെയുള്ള സമാജങ്ങൾ സാമുദായിക സംഗതിക്കുള്ള പ്രാധാന്യം സാഹിത്യസംഗതിക്കും നൽകുന്നുണ്ട്. അവിടെയുള്ള വിദ്യാർത്ഥികളിലധികം പേരും രാജ്യതന്ത്രവിഷയത്തെയാണ് പ്രധാനമായി പഠിച്ചിരിക്കുന്നത്. ഒരു കാലത്തു പാർല്ലിമെന്റു മെമ്പറും മന്ത്രിസഭാംഗവും മറ്റുമാകണമെന്നാണ് അവരുടെ ഉദ്ദേശം. ഈ ഉദ്ദേശമുള്ളതുകൊണ്ടു വാദപ്രതിവാദങ്ങൾ നടത്തുന്നതിനും പ്രസംഗം ചെയ്യുന്നതിനും അവിടത്തെ വിദ്യാർത്ഥികൾ പ്രത്യേകം താല്പര്യപ്പെടുന്നുണ്ട്. ചില സന്ദർഭങ്ങളിൽ ഈ കൂട്ടർ വിദ്യാർത്ഥികളാണെന്നുള്ള കാര്യം മറന്നു തങ്ങൾ പാർല്ലിമെണ്ടു മെമ്പറും മന്ത്രിസഭാംഗവും മറ്റും ആയിപ്പോയി എന്നു വിചാരിക്കാറുണ്ട്. വാദപ്രതിവാദസംഘം വകയായി ചിലപ്പോൾ പാർല്ലിമെണ്ടിൽ നടക്കുന്ന മാതിരി വാദപ്രതിവാദങ്ങൾ നടത്തുക പതിവുണ്ട്. അപ്പോൾ ആ സമാജം ഒരു ചെറുതരം പാർല്ലിമെണ്ടു സഭയായിട്ടുതന്നെ തീരും. അതിലെ മെമ്പ്രന്മാരൊക്കെ അപ്പോഴത്തെ ഗവർമ്മെണ്ടിന് അനുകൂലമായും പ്രതികൂലമായും രണ്ടു കക്ഷിയായി തിരിയും. ഗവർമ്മെണ്ടു കക്ഷിയിൽ ഒരാൾ പ്രധാനമന്ത്രി ആയും മറ്റു ചിലർ ഓരോരോ ഡിപ്പാർട്ടുമെണ്ടു മന്ത്രിമാരായും പ്രതികൂലകക്ഷിയിൽ ഒരാൾ തലവനായും മറ്റു ചിലർ അവരുടെ ലേഫ്റ്റനന്റ്സ് ആയും സംഘത്തിലെ സ്ഥിരം പ്രസിഡണ്ട്, സ്പീക്കർ എന്നു പറയുന്ന അഗ്രാസനാധിപതി ആയും തിരഞ്ഞെടുക്കപ്പെടും. വാദപ്രതിവാദം നടത്തുന്നതു സാധാരണ രാത്രിയിലായിരിക്കും. എല്ലാ പേരും വൈകുന്നേരം ധരിക്കേണ്ടതായ പ്രത്യേക ഉടുപ്പുകൾ ധരിച്ചിരിക്കും. രണ്ടുഭാഗങ്ങളുമുള്ളവർ പേപ

വും കെട്ടി ഫാളിന്റെ രണ്ടു വശത്തായി കാലേക്കൂട്ടി വന്നിരിപ്പാകും. അപ്പോഴേയ്ക്കും സ്പീക്കർ വരുന്നതായി വിളിച്ചറിയിക്കും. ഉടനെ എല്ലാവരും എഴുന്നേറ്റു സ്പീക്കർ കസേരയിൽ ഇരിക്കുന്നതുവരെ നില്ക്കും. ഇതിന്റെ ശേഷം പാർല്ലിമെണ്ടിൽ നടക്കുന്ന മാതിരി മുറയ്ക്കു ജോലി തുടങ്ങും. അകപ്പാടെ ഇതെല്ലാം കണ്ടുകഴിഞ്ഞാൽ പാർല്ലിമെണ്ടിൽ ഒരു വലിയ വാദപ്രതിവാദം നടക്കുന്നതു കണ്ടതിനു സമമാകും. ഈ വിധത്തിൽ ഇംഗ്ലീഷു വിദ്യാർത്ഥികൾ സമാജങ്ങൾ നടത്തിക്കൊണ്ടു പോകുന്നുണ്ട്.

നമ്മുടെ കാളേജ് ഡേ, ഓണം ഡേ, മുതലായവയ്ക്കു സദൃശമായുള്ള ആഘോഷങ്ങളും പാശ്ചാത്യരാജ്യങ്ങളിലുണ്ട്. എന്നാൽ ഇവയിൽ പങ്കുകൊള്ളുന്നവരുടെ ഉദ്ദേശ്യങ്ങളും നടവടികളും ഇവിടെയുള്ളവയിൽനിന്നും വളരെ വ്യത്യാസപ്പെട്ടിരിക്കുന്നു. ഈ മാതിരി സമ്മേളനങ്ങൾ മൂലം അവിടങ്ങളിൽ ഉപാദ്ധ്യായന്മാരും വിദ്യാർത്ഥികളും തമ്മിൽ സൌഹാർദ്ദം വളരുന്നു. അവിടത്തെ ജീവിതഘട്ടങ്ങളേയും തത്സംബന്ധമായ ചടങ്ങുകളേയും സംബന്ധിച്ച് എല്ലാവർക്കും ഒരു ഐകമത്യവും ന്യായബുദ്ധിയും ഉണ്ടാകുന്നു. നമ്മുടെ സമ്മേളനങ്ങളിൽ പ്രസംഗിക്കുന്നതാണല്ലോ ഏറ്റവും പ്രധാനമായ ഒരു വകുപ്പ്. സമുദായാഭിവൃദ്ധിയ്ക്കും ഐകമത്യത്തിനുമല്ലാ ഇതു പലപ്പോഴും ഗുണത്തിനേക്കാൾ അധികം ദോഷത്തെയാണ് ചെയ്യുന്നത്. ഈ മാതിരി പ്രസംഗങ്ങൾ മൂലം വാസ്തവമായ ഉദ്ദേശ്യങ്ങൾ മറന്നു് എത്രയും ക്രൂരമായവിധത്തിൽ ജാതിമതമത്സരങ്ങൾ വളരുന്നു.

മേല്പറഞ്ഞവിധമുള്ള ധീരശാന്തന്മാരായ പണ്ഡിതന്മാരുടെ പ്രസംഗങ്ങളും ആശാസ്യമായ സഹവാസസമ്മേളനങ്ങളുംകൊണ്ടു യൂറോപ്യൻ സർവ്വകലാശാലകളിലെ വിദ്യാർത്ഥികൾക്കു അത്യന്തം അഭിലഷണീയമായ ബുദ്ധിവികാസം ജനിക്കുന്നതിനും തന്നിമിത്തം സ്വതന്ത്രികമായ ജീവിതമത്സരങ്ങളിൽ അവർക്ക് നിസ്തുലമായ വിജയം ലഭിക്കുന്നതിനും ഇടവരുന്നു.

'വിദ്യാദദാതിവിനയം
വിനയാദ്യാതിപാത്രതാം;
പാത്രത്വാദ്ധനമാപ്നോതി
ധനാദ്ധർമ്മംതതഃസുഖം.'

മനുഷ്യജീവിതത്തിലെ ഉപരി ഘട്ടങ്ങളുടെ സ്വീകരണത്തിനു തക്കതായ പാണ്ഡിത്യവും മനഃപരിഷ്കാരവും ഉള്ളവർ തന്നെ വേണ്ടതാണ്. ഈ രണ്ടു സംഗതികളും സ്വാർത്ഥമായി സാധിപ്പിക്കുന്നവയെന്നുള്ളതാണ് പാശ്ചാത്യസർവ്വകലാശാലകളുടെ പ്രധാനമഹിമ.

ക്രമത്തിലധികം നിങ്ങളുടെ വിലയേറിയ സമയത്തെ ഞാൻ അപഹരിച്ചുവെന്നു തോന്നുന്നു. ഇനിയും നിങ്ങളെ മുഷിപ്പിക്കാതെ ഈ ഉപന്യാസത്തെ ഇവിടെ അവസാനിപ്പിച്ചേക്കാം. ഞാൻ ഇവിടെ പ്രതിപാദിച്ചിട്ടുള്ളതിൽ പ്രധാനമായിട്ടുള്ള സംഗതികൾ ഇവയാകുന്നു.

1. പ്രാഥമികവിദ്യാഭ്യാസമെങ്കിലും ജാതിമതവ്യത്യാസം കൂടാതെ എല്ലാവർക്കും നല്കപ്പെടേണ്ടതാണ്.

2. വിദ്യാഭ്യാസത്തെ മൂന്നായി തരം തിരിക്കാം. Elementary, Secondary & Higher. ഒന്നാമത്തേതു ജനസാമാന്യത്തിനും, രണ്ടാമത്തേതു അതിൽ അല്പം ഉയർന്നുള്ള ഇടത്തരക്കാർക്കും, മൂന്നാമത്തേതു ധനികന്മാർക്കും ഉദ്ദേശിക്കപ്പെട്ടിട്ടുള്ളതാകുന്നു.

3. പ്രാഥമികവിദ്യാഭ്യാസം, കൈത്തൊഴിൽവേലക്കാർ കൂലിവേലക്കാർ മുതലായ താഴ്ന്ന തരം ജോലിക്കാരെ ഉദ്ദേശിച്ചിരിക്കുന്നതാകകൊണ്ട് അവർക്കു പൊതുവിദ്യാഭ്യാസവും അതോടുകൂടി അവരവരുടെ തൊഴിലുകളിൽ കുറെച്ചു അഭ്യാസവും ആവശ്യമാകുന്നു.

4. പ്രാഥമികവിദ്യാലയങ്ങളെ 'തുടർന്ന ഇങ്ങിനെയുള്ളവർക്കു പൊതുവായും സാങ്കേതികമായുമുള്ള വിദ്യാഭ്യാസം Bontinuation Schools ന്റെ രീതിയിൽ പ്രത്യേക

സ്ഥാപനങ്ങളുണ്ടാക്കി അവ മൂലം നൽകാവുന്നതാണ്.

5. സെക്കണ്ടറി സ്കൂളിൽ പൊതുവിദ്യാഭ്യാസവും ശാസ്ത്രസംബന്ധമായ പഠിത്തവും കലർന്നിരിക്കേണ്ടതാണ്. ഇതു കഴിഞ്ഞു പോകുന്നവർ താഴ്ന്ന തരം ഗവൺമെണ്ട് ഉദ്യോഗങ്ങൾക്കോ അതുപോലെയുള്ള മറ്റു ജോലികൾക്കോ അല്ലെങ്കിൽ ഉയർന്ന തരം വിദ്യാലയങ്ങളിലോ പ്രവേശിക്കുന്നതിനു യോഗ്യതയുള്ളവരായിരിക്കുന്നതാണ്.

6. ഉയർന്ന തരം വിദ്യാഭ്യാസം സാധാരണയായി സർവ്വകലാശാലകളിലും കാളേജുകളിലും നടത്തിവരുന്നു. ഇതിന്റെ ഉദ്ദേശ്യം വിദ്യാർത്ഥികളെ ശാസ്ത്രീയപരിശ്രമങ്ങളിൽ പ്രോത്സാഹിപ്പിച്ചു കൂടുതൽ അറിവു കണ്ടുപിടിക്കുന്നതിനു മാർഗ്ഗമുണ്ടാക്കുകയും ഉയർന്ന തരം ഉദ്യോഗങ്ങൾക്കു സ്ഥാനങ്ങൾക്കും ജനങ്ങളെ തയ്യാർ ചെയ്യുകയും ആകുന്നു.

7. ഈ ഒടുവിൽ പറഞ്ഞ വിധം ആളുകളെ തയ്യാർ ചെയ്യുന്നതിന് അവർക്ക് അറിവ് ഒന്നു കൊടുക്കുക മാത്രമല്ലാ മനഃപരിഷ്കാരത്തിനെ ഉണ്ടാക്കി കൊടുക്കുകയും കൂടി ചെയ്യേണ്ടതാണ്. ഇതിലേക്കു ഉപാദ്ധ്യായന്മാർ തങ്ങളുടെ ഗുണോൽകൃഷ്ടംകൊണ്ടും ഉത്സാഹംകൊണ്ടും വിദ്യാർത്ഥികളെ സ്വാധീനപ്പെടുത്തി അവരിൽ സൽഗുണങ്ങളെ വർദ്ധിപ്പിക്കയും, വാദ്ധ്യാന്മാരും വിദ്യാർത്ഥികളും തമ്മിൽ സ്വാതന്ത്ര്യമായി സംഭാഷണസമ്മേളനങ്ങൾ ഉണ്ടാക്കി അവരുടെ കൃത്യനിഷ്ഠ, സദാചാരതല്പരത എന്നിവയെ വളർത്തുകയും ചെയ്യേണ്ടതാണ്.

ഈ പറഞ്ഞിട്ടുള്ള സംഗതികൾ പാശ്ചാത്യരാജ്യങ്ങളിലെ വിദ്യാഭ്യാസരീതിയുടെ പ്രധാന ഗുണങ്ങളാണ്. വിദ്യാഭ്യാസവിഷയത്തിൽ ആ രാജ്യക്കാരെ പിന്തുടരാൻ ശ്രമിക്കുന്ന നമ്മൾ ഈ സംഗതികളെ പ്രത്യേകം ഓർമ്മയിൽ വച്ചിരിക്കണം.

നമ്മുടെ ഇപ്പോഴത്തെ വിദ്യാഭ്യാസം അധികവും സാഹിത്യവിഷയമാണ് പ്രായോഗികമല്ലാ എന്ന് ഒരു കുറവുണ്ട്. നമ്മുടെ സെക്കണ്ടറി എഡ്യൂക്കേഷനിൽ ശാസ്ത്രങ്ങൾക്കു വേണ്ടപോലെ പ്രാധാന്യം കൊടുത്തിട്ടില്ലെന്നു വേറൊരു കുറവുണ്ട്. നമ്മുടെ സർവ്വകലാശാലകളിൽ കൂടി കടന്നു പോകുന്നവരോ ബിരുദലാഭാനന്തരമുള്ള പഠനത്തിലും പരിശോധനകളിലും ഏർപ്പെടുന്നില്ലെന്നു ഇനിയുമൊരു കുറവുണ്ട്. ഇതിനു എല്ലാറ്റിനും പുറമെ സർവ്വകലാശാലയിൽനിന്നും വലിയ ബിരുദങ്ങൾ സമ്പാദിച്ചിട്ടും പുച്ഛസ്വഭാവമായ ഈർഷ്യാകലഹങ്ങളിലും ജാതിമതാചാരമത്സരങ്ങളിലും അകപ്പെട്ടു മുഴുകിപ്പോകയും അവയെ ജയിക്കുന്നതിനുള്ള ശക്തി അധികം പേരിലും ഇല്ലാതിരിക്കയും ചെയ്യുന്നുവെന്നു മറ്റൊരു കുറവുമുണ്ട്. നമ്മുടെ വിദ്യാഭ്യാസത്തിലുള്ള ഈ ന്യൂനതകളെ തീർക്കുന്നതിനു നാം ശ്രമിക്കേണ്ട കാലം അടുത്തിരിക്കുന്നു. അപ്രകാരം ഏതാണ്ടൊക്കെ നാം ശ്രമിക്കുന്നുമുണ്ട്. ഈ ന്യൂനതകളെ എല്ലാം പെട്ടെന്നു മാറ്റുന്നതിനു സാധിക്കുന്നതല്ലാ. അതു കാലക്രമംകൊണ്ടു സാധിക്കേണ്ട ഒരു കാര്യമാണ്. പക്ഷേ അപ്പോഴപ്പോൾ ചെയ്യുന്ന ശ്രമങ്ങൾ നിഷ്ഫലമായിപ്പോകാതിരിക്കേണമെങ്കിൽ നാം ഒരു ഉത്തമാദർശത്തെ സ്ഥിരമായി മുമ്പിൽ വെച്ചുകൊണ്ട് അതിന്റെ നിവൃത്തിക്കായി പ്രയത്നിക്കണം. അപ്രകാരമല്ലാതെ ഓരോരോ സമയത്ത് ഓരോരുത്തർക്ക് തോന്നുന്ന മാതിരി വിദ്യാഭ്യാസത്തെ പരിഷ്കരിക്കുന്നതിനു ശ്രമിക്കുന്നത് ഒരിക്കലും ശ്രേയസ്കരമായിത്തീരുകയില്ലാ. നമ്മുടെ മാതൃഭാഷാഭ്യസനത്തിലുള്ള ന്യൂനതകൾ കണ്ടുപിടിച്ചു അവയെ പരിഹരിക്കാനുള്ള മാർഗ്ഗങ്ങൾ ചൂണ്ടിക്കാണിക്കാനായി ഇന്നത്തെ പൂജ്യനായ അഗ്രാസനാധിപതിയുടെ ആദ്ധ്യക്ഷത്തിൽതന്നെ മഹാരാജാവു തിരുമനസ്സിലെ ഗവർമെന്റിൽനിന്നും ഒരു കമ്മിറ്റി ഏർപ്പെടുത്തിയിട്ടുണ്ടല്ലോ. വെറും 'ജ്ഞാനലബ്ധിവിശേഷണ

ഒരു സൃഷ്ടിക്കുന്നതിന് ഉദ്ദേശിക്കാതെ ജനങ്ങൾക്കു പ്രത്യക്ഷമായ ഗുണഫലം ഉള്ളതായും ഉയർന്നതരം വിദ്യാഭ്യാസത്തിന് ഒരു ചുവടായും തീരുന്ന ഒരുതരം വിദ്യാഭ്യാസരീതിയെ ഉല്ലാസിപ്പിക്കുന്നതിനു കമ്മിററിക്കാർ ശ്രമിക്കണമെന്നുള്ള എന്റെ താഴ്മയായ അനുഗ്രഹത്തോടുകൂടി ഈ ഉപന്യാസത്തെ അവസാനിപ്പിച്ചുകൊള്ളുന്നു.

(ഡാക്ടർ, എൻ. കുഞ്ഞൻപിള്ള എം. എ. ബി. എസ്സി. പി. എച്ച്ഡി.)

ജയപരാജയം.*

ജയപരാജിത എന്ന് ഒരു രാജകന്യകയുടെ പേരാണ്. ഉദയനാരായണമഹാരാജാവിന്റെ മകളായ അവളെ രാജസഭയിലെ കവി ശേഖരൻ ഒരിക്കലും കണ്ടിട്ടുണ്ടായിട്ടില്ല. അയാൾ ഒരു ദിവസം ഒരു പുതിയ കാവ്യമുണ്ടാക്കി രാജസഭയിൽ കൊണ്ടുപോയി വായിച്ചു കേൾപ്പിക്കുമ്പോൾ അയാളുടെ കണ്ഠസ്വരം സാമാന്യത്തിലധികം ഉറക്കെയായിരുന്നു. അത്യുന്നതമായ ആ മാളികയുടെ മുകളിലെ ജാലകങ്ങളിൽ കാവ്യവായന കേൾക്കുവാൻ അദൃശ്യമായി വന്നിരിക്കുന്ന ചില വനിതാമണികളുടെ ചെവിയിൽപ്പെടത്തക്കവിധം ഉച്ചത്തിൽ ആ കണ്ഠസ്വരം ഉച്ചരിച്ചു. അയാൾ അപ്പോൾ, തനിക്കു തീരെ പരിചയമില്ലാത്ത ഏതോ ഒരു ശുഭഗ്രഹം വിളങ്ങിക്കൊണ്ടിരിക്കുന്ന അപ്രത്യക്ഷമായ ഒരു നക്ഷത്രലോകത്തിലേക്കു തന്റെ സംഗീത വൈഖരിയെ നയിക്കുകയാണോ എന്നു കാണികൾക്കു തോന്നി.

ഈ സംഭവത്തിനുശേഷം ചിലപ്പോൾ അയാൾക്കു ഒരു നിഴലാട്ടം കാണുന്നതുപോലെയും, ചില സമയങ്ങളിൽ കാൽത്തളകളുടെ കിലുക്കം കേൾക്കുന്നതുപോലെയും തോന്നി. അയാൾ പലപ്പോഴും വിചാരിച്ചു— 'ഹാ! ഭംഗിയേറിയ ആ ചരണങ്ങൾ എത്ര മനോഹരമായിരിക്കുന്നു. അവയെ അവലംബിച്ചിരിക്കുന്ന ആ കനകനൂപുരങ്ങൾ എത്ര മധുരമായി ഗാനം ചെയ്യുന്നു! അവ നിലത്തു വെക്കുമ്പോൾ എത്ര ഭംഗിയോടും എത്ര അനുഗ്രഹത്തോടും എത്ര കരുണയോടും കൂടിയാണ് ഭൂമിയിൽ സ്പർശിക്കുന്നതു!' ഇങ്ങിനെ വിചാരിക്കുകൊണ്ട് ആ ചരണകമലങ്ങൾ മനസ്സിൽ പതിയുകയാൽ, കവി ആ സ്ഥാനത്തു ചെന്നിരിക്കയും ആ നൂപുരശിഞ്ജിതത്തിന്റെ രീതിപിടിച്ചു തന്റെ ഗീതങ്ങളെ നിബന്ധിക്കുകയും ചെയ്തു. എന്നാൽ, താൻ ആരുടെ നിഴലാണ കാണുന്നതെന്നോ, ആരുടെ നൂപുരധ്വനിയാണ കേൾക്കുന്നതെന്നോ ഉള്ള സംശയമോ ആലോചനയോ അയാളുടെ ഹൃദയത്തിൽ കടന്നതേയില്ല.

രാജകന്യകയുടെ പരിചാരിക മഞ്ജരി കുളിക്കാൻപോകുന്ന വഴി ശേഖരകവിയുടെ വീട്ടിന്റെ മുൻവശത്തു കൂടെയാണ്. മഞ്ജരി കുളത്തിലേക്കു പോകുമ്പോഴും വരുമ്പോഴും ശേഖരനുമായി കുറച്ചുനേരം സംസാരിക്കാതെ മടങ്ങുക പതിവില്ല. പുറമെ വിശേഷിച്ചാരും ഇല്ലാത്ത ദിവസങ്ങളിൽ രാവിലെയും വൈകുന്നേരവും വീട്ടിനകത്തു തന്നെ പോയി കുറച്ചുനേരം സംസാരിച്ചിരിക്കാറുണ്ട്. അവൾ പോയിരുന്നതൊട്ടും പ്രത്യേകം കുളത്തിൽ പോയിട്ടു കാര്യമെന്താണെന്നു നിശ്ചയമില്ല. അഥവാ 'വല്ല കാര്യവും ഉണ്ടെന്നുവന്നാലും, അവൾ

* ബാബു രവീന്ദ്രനാഥ ടാഗോർ എഴുതിയ ഒരു കഥയുടെ ഭാഷാന്തരമാണിത്.

കളത്തിലേക്കുള്ള യാത്രയിൽ— അപ്പോൾ മാത്രം— വിശേഷവിധിയായി വസ്ത്രാഭരണങ്ങൾ കൂട്ടുന്നതിനും കണ്ണങ്ങളിൽ ഭംഗിയേറിയ മാന്യമൊട്ടുകൾ അണിയുന്നതിനും മതിയായ കാരണമൊന്നും പറയാനുണ്ടെന്നു തോന്നുന്നില്ല.

ജനങ്ങൾ കണ്ണാകണ്ണികയാ ഓരോന്നു പറയാനും കണ്ടേട്ടുമ്പോൾ പുഞ്ചിരിയിടുവാനും തുടങ്ങി. ഈ വിഷയത്തിൽ ജനങ്ങളുടെ പേരിൽ ഒരു കുറ്റവും ഇല്ല. മഞ്ജരിയെ കാണുമ്പോൾ ശേഖരനെ പരമാനന്ദമുണ്ടാകുന്നു. അതു മറച്ചുവെക്കുവാൻ അയാൾ അത്രമാത്രം ശ്രമിക്കുന്നതുമില്ല. അവളുടെ പേർ മഞ്ജരി എന്നാണല്ലൊ. സാധാരണ സമ്പ്രദായത്തിൽ പെണ്ണുങ്ങളുടെ ഗുണദോഷനിരൂപണം ചെയ്യുന്നവർക്ക് ആ പേര് ഒട്ടും പോരാത്തതല്ല. എന്നാൽ, ശേഖരൻ കവിയാകയാൽ കുറച്ചു കവിത കൂടി കൂട്ടി 'വസന്തമഞ്ജരി' എന്നാണ് അവളെ പറയുക പതിവ്. അതു കേൾക്കുന്നവരൊക്കെയും 'ഇതെന്തു കഥയാണ്' എന്നു പറഞ്ഞു തുടങ്ങി. എന്നു തന്നെയല്ല, കവിയുടെ വസന്തവർണ്ണനകളിൽ 'മഞ്ജുളവഞ്ജുളമഞ്ജരി' എന്നു തുടങ്ങിയ അനുപ്രാസപ്രയോഗങ്ങളും പലയിടങ്ങളിൽ സ്ഥാനം പിടിച്ചു. എന്തിനധികം പറയുന്നു? ആളുകൾ കേട്ടുകേൾപ്പിച്ച് ഈ വർത്തമാനം രാജാവിന്റെ ചെവിയിലും എത്തി.

രാജാവു തന്റെ സഭാകവിയുടെ ഈ രസികത്വം കേട്ടു സന്തോഷിച്ച്, കവിയുമായി ഒരു വിനോദസംഭാഷണത്തിന്നുള്ള വട്ടം കൂട്ടി. രാജാവ് ചിരിച്ചുംകൊണ്ടു ചോദിച്ചു— 'എന്താ, ഇതും വസന്തരാജസഭയിൽ ഗാനം ചെയ്ക മാത്രമേ ഉള്ളൂ എന്നുണ്ടോ?' ഇതിനു കവിയുടെ മറുപടി 'അല്ലാ, പുഷ്പമഞ്ജരിയുടെ മധുരസം നുകരുകയും ചെയ്യാറുണ്ട്' എന്നായിരുന്നു. ഈ ചോദ്യോത്തരങ്ങൾ കേട്ടു സഭാവാസികളൊക്കെ ഉറക്കെ ചിരിക്കുകയും അനുസരിക്കയും ചെയ്തു. പക്ഷേ പുറത്തുള്ള ഈ വിനോദംപോലെ അകായിൽനിന്നു രാജകന്യകയായ അപരാജിത മഞ്ജരിയെയും പരിഹസിക്കുന്നുണ്ടായിരിക്കുമെന്നു ഞാൻ വിചാരിക്കുന്നു. എന്നാൽ അവൾക്കു അത്ര രസമായിരിക്കയില്ല.

ഇങ്ങിനെ തന്നെ, നേരം പൊളിയും എടുകലൻകൊണ്ടാണ് മനുഷ്യരുടെ ജീവിതം കഴിഞ്ഞുകൂടുന്നത്. ജീവിതത്തിൽ ഒരു ഭാഗം ദൈവം സൃഷ്ടിക്കുന്നു; ഒരു ഭാഗം മനുഷ്യർ നിർമ്മിക്കുന്നു; ഒരു ഭാഗം താനേ ഉണ്ടാവുകയും ചെയ്യുന്നു. യഥാർത്ഥത്തിൽ മനുഷ്യജീവിതം, അനേക സാധനങ്ങൾ കൂട്ടിച്ചേർത്തിയ ഒരു വസ്തുപോലെയാണ്. അതു സത്യവും അസത്യവും, വാസ്തവവും അവാസ്തവവും ആകുന്നു.

കവി എത്രയോ ഗാനങ്ങൾ പാടുന്നുവോ, അവ മാത്രം സത്യവും സമ്പൂർണ്ണവും ആകുന്നു. ഗാനത്തിനു വിഷയമായിട്ടുള്ള രാധയും കൃഷ്ണനും ആണ്— ആ കഥാപുരുഷനും ആ കഥാനായികയും തന്നെ— അനാദിയായ അവരുടെ ആ ദുഃഖവും അനന്തമായ ആ സുഖവും തന്നെ. ആ ഗീതത്തിൽ തന്നെ തന്റെ സ്വന്തകഥയും അന്തർഭവിച്ചിരിക്കുന്നു. അതിന്റെ വാസ്തവം അമരാപുരിയിലെ നരപതിതൽ പുരവാസികൾ വരെയുള്ള എല്ലാവരും അവരവരുടെ മനസ്സിൽവെച്ചു പരീക്ഷിച്ചറിയുകയും ചെയ്തിട്ടുണ്ട്. കവിയുടെ ഗീതങ്ങൾ നാട്ടുകാരുടെ ഇടയിൽ വളരെ പ്രസിദ്ധമായിത്തീർന്നു. ചന്ദ്രോദിച്ചു നിലാവു പരന്നുതുടങ്ങുകയോ, നനുത്ത തെക്കൻകാറ്റു വീശിത്തുടങ്ങുകയോ ചെയ്യുമ്പോൾ എത്ര പൂങ്കാവനങ്ങളിൽ നിന്നാണ്, എത്ര തെരുവീഥികളിൽ നിന്നാണ്, എത്ര ശാലകളിൽ നിന്നാണ്, എത്ര മണിമാടങ്ങളിൽ നിന്നാണ് ശേഖരകവിയുടെ കൃതിയായ ഗാനങ്ങൾ പുറപ്പെട്ടു തുടങ്ങുന്നതെന്ന് ഒരു കണക്കുമില്ല. എന്തിനേറെ പറയുന്നു? കവിയുടെ കീർത്തിയെ ഇത്ര മാത്രമെന്നു പരിച്ഛേദിപ്പാൻ വയ്യതന്നെ.

ഈ നിലയിൽ വളരെ നാളുകൾ ക

രിക്കുന്നു. കവി കവിതയുണ്ടാക്കുന്നു. രാജാവു കേൾക്കുന്നു. സഭയിൽവെച്ചു സഭ്യന്മാർ സ്തുതിക്കുന്നു—മഞ്ജരി കളത്തിലേക്കു പോകുന്നു— അന്തഃപുരവാതായനങ്ങളിൽനിന്ന് എടുത്ത് ഒരു നിഴൽ കാണുന്നു—ചിലപ്പോൾ നൂപുരങ്ങളുടെ കിലുക്കം കേൾക്കുകയും ചെയ്യുന്നു—

* * * * *

ഇങ്ങിനെയിരിക്കുന്ന കാലത്തു, ദക്ഷിണദിക്കുകാരനായ ഒരു കവി ദിഗ്വിജയത്തിനായി സഞ്ചരിക്കുംമദ്ധ്യേ, ഉദയനാരായണന്റെ സഭയിലെത്തി, ശാർദ്ദൂലവിക്രീഡിതത്തിലുള്ള ഒരു ശ്ലോകംകൊണ്ടു രാജാവിനെ വാഴ്ത്തി സ്തുതിച്ചു. ഈ കവീന്ദ്രൻ സ്വദേശത്തുനിന്നു പുറപ്പെട്ട്, വഴിമദ്ധ്യത്തിലുള്ള അനേകം രാജകവികളെ തോല്പിച്ചു വരുന്ന വരവാണ്. അഭ്യാഗതനായ ഈ കവി സഭയിലെത്തിയപ്പോൾ രാജകവി ആദരവോടുകൂടി സ്വാഗതം പറഞ്ഞു. അതിന്നു ദിഗ്വിജയിയായ പുണ്ഡരീകന്റെ പ്രതിവചനം 'യുദ്ധം ദേഹി' എന്നായിരുന്നു.

ശേഖരൻ വലിയ കുടുക്കിലായി. രാജാവിന്റെ മാനം എങ്ങിനെയെങ്കിലും രക്ഷിക്കണമല്ലൊ. യുദ്ധം യാചിക്കുന്നവന്ന് അതു കൊടുക്കാതിരിക്കുന്നതു ധർമ്മമല്ല—, മാനത്തിന്നും പോരാ. തനിക്കാണെങ്കിൽ, കാവ്യയുദ്ധം എന്നു പറയുന്നത് എങ്ങിനെയാണെന്നുള്ള ജ്ഞാനം തന്നെ ഇല്ലതാനും. അതുകൊണ്ട് ശേഖരന്നു വലിയ ഭയവും വിചാരവുമായി. രാത്രി ഉറക്കം വന്നതേയില്ല. കീർത്തിമാനായ പുണ്ഡരീകന്റെ ആ നെടിയ ദേഹവും ഉയർന്ന നാസികയും അഹങ്കാരം പൊഴിയുന്ന മസ്തകവും മാത്രം, ചിത്രത്തിലെഴുതിവെച്ചതുപോലെ, എല്ലായിടത്തും ശേഖരന്നു കാണമാറായി.

നേരം പ്രഭാതമായപ്പോൾ രാജകവി ഹൃദയം ഇടിച്ചുംകൊണ്ട് യുദ്ധസ്ഥലത്തെത്തി. പുലരുന്നേരത്തു തന്നെ സഭാമണ്ഡപം കാണികളെക്കൊണ്ടു നിബിഡമായിത്തീർന്നു. നഗരം മുഴുവൻ വലിയ കോലാഹലമായി. മററുള്ള രാജകാര്യങ്ങൾ സകലവും നിർത്തിവെക്കപ്പെട്ടു.

ശേഖരകവി വളരെ മനസ്സിളക്കത്തിലും ഒരുവിധം മനഃപ്രസാദം തോന്നിക്കുന്ന ഒരു പുഞ്ചിരി തൂകിക്കൊണ്ട്, തന്റെ എതിരാളിയായ പുണ്ഡരീക കവിയോട് നമസ്കാരപൂർവ്വം സംഭാഷണത്തിന്നൊരുങ്ങി. പുണ്ഡരീകനാകട്ടെ, അതി നിന്ദയോടുകൂടി, ഇംഗിതമാത്രത്താൽ പ്രത്യഭിവാദനം ചെയ്തു, സഭാവാസികളെ നോക്കി ഒന്നു ചിരിച്ചു.

ശേഖരൻ ഒരിക്കൽ അന്തഃപുരത്തിലെ ജാലകങ്ങളിലേക്കു നോക്കിയപ്പോൾ, അവയിൽനിന്നു കൌതൂഹലപരവശരായ അനേകം കാർവേണിമാരുടെ നീലനയനങ്ങൾ ഇമവെട്ടാതെ സഭാജനങ്ങളുടെ നേരെ പ്രവഹിക്കുന്നതായി കണ്ടു. കവി, തന്റെ മനസ്സിനെ ഏകാഗ്രതയിൽ നിർത്തി ഇഷ്ടലോകത്തിലേക്കു നയിച്ചിട്ട് തന്റെ ജയലക്ഷ്മിയെ വന്ദിച്ചു. അയാൾ മനസ്സുകൊണ്ട് ഇങ്ങിനെ പറഞ്ഞു— "എനിക്കിന്നു ജയം സിദ്ധിക്കുമെങ്കിൽ, അല്ലയോ ദേവി അപരാജിതേ! അവിടത്തെ നാമധേയം അന്വർത്ഥമായിരിക്കും."

ഈ അവസരത്തിൽ പെരുമ്പറ, മദ്ദളം, പടഹം മുതലായ വാദ്യങ്ങൾ മുഴക്കപ്പെട്ടു. ഗംഭീരമായ ശംഖനാദം ആകാശദേശം മുഴുവൻ മുഖരമാക്കിച്ചെയ്തു. സഭാമണ്ഡപത്തിലിരിക്കുന്നവരൊക്കെയും ജയശബ്ദം പുറപ്പെടുവിച്ചുകൊണ്ട് എഴുന്നീററു. ഉദയനാരായണമഹാരാജാവ്, ശരൽപ്രഭാതത്തിലെ ധവളമേഘശകലംപോലെ ധീരഗതിയായി സഭയിൽ വന്നു സിംഹാസനത്തെ അലങ്കരിച്ചു.

പുണ്ഡരീകൻ എഴുന്നേററു സിംഹാസനത്തിന്റെ മുമ്പിൽ ചെന്നു നിന്നു. അപ്പോൾ, സഭ്യന്മാർ നിറഞ്ഞ ആ സഭ നിശ്ശബ്ദമായിത്തീർന്നു. വിശാലമൂർത്തിയായ പുണ്ഡരീകൻ, മാറിടം മുമ്പോട്ടു തള്ളി കഴുത്തു കുറച്ചൊന്നു ചരിച്ചു മേല്പോട്ടു പൊക്കിക്കൊണ്ട്, അതി ഗംഭീരമായ സ്വരത്തിൽ ഉദയനാരായണന്റെ സ്തുതിപാഠം ആ

രംഭിച്ചു. ആ കണ്ഠസ്വരം, കടലിൽ കല്ലോലമാലപോലെ, സഭാമന്ദിരത്തിൽ പലവിധം നാലുപാടുമുള്ള സ്ഥലങ്ങളിലും ഭിത്തികളിലും ചെന്ന് അതിവേഗത്തിൽ അലച്ചു. ആ വേഗത്താൽ കാണികളുടെ ഉരഃകവാടം കിടന്നിളകിത്തുടങ്ങി. ഹാ! എന്തു കൌശലം—, എന്തു വൈദഗ്ദ്ധ്യം—, ഉദയനാരായണന്റെ നാമത്തിന് എത്ര വിധം വ്യാഖ്യാനം—, നാമാക്ഷരങ്ങളുടെ വിന്യാസം എത്ര വിധം—, എത്ര വൃത്തം—, എത്ര യമകം—, അസാദ്ധ്യം തന്നെ!

പുണ്ഡരീകൻ സ്തുതിപാഠം ഉപസംഹരിച്ച് യഥാസ്ഥാനം ഇരുന്നു. കുറച്ചുനേരത്തേയ്ക്കു സഭാഗൃഹം നിശ്ശബ്ദമായും നിശ്ചലമായും ഭവിച്ചു. സദസ്യരൊക്കെയും ആശ്ചര്യപരതന്ത്രരായി മൌനമവലംബിച്ചു ഗംഭീരഭാവത്തിൽ ഇരുന്നു. ദൂരത്തുനിന്നു വന്നിട്ടുള്ള വിദ്വാന്മാർ വലത്തുകൈ പൊക്കിക്കൊണ്ട് അത്യുച്ചത്തിൽ അഭിനന്ദനം പറഞ്ഞു.

സിംഹാസനസ്ഥനായ രാജാവ് ശേഖരന്റെ മുഖത്തേക്ക് ഒരു നോട്ടം നോക്കി. ശേഖരൻ, സ്നേഹകലിതഗൂഢമന്ദഹാസത്തോടുകൂടി കടാക്ഷസങ്കോചങ്ങളെത്തോന്നിക്കുന്ന ദൃഷ്ടിയെ രാജാവിന്റെ നേരെ ചലിപ്പിച്ചുകൊണ്ട് സാവധാനത്തിൽ എഴുന്നേറ്റു. പണ്ടു രാമഭദ്രൻ, ജനങ്ങളെ ബോദ്ധ്യപ്പെടുത്താൻവേണ്ടി ഭാര്യയെ അഗ്നിപരീക്ഷയ്ക്കു കല്പിച്ചപ്പോൾ ജാനകിയും ഇതുപോലെയുള്ള അവലോകനത്തോടുകൂടിയായിരിക്കാം സ്വാമിയുടെ സിംഹാസനസവിധത്തിൽ അഭിമുഖമായി നിന്നതെന്നു ഞാൻ വിചാരിക്കുന്നു. കവിയുടെ ദൃഷ്ടി രാജാവിനോടു നിർല്ലജ്ജമായി ഇങ്ങിനെ ഉണർത്തിച്ചു—“ഇയ്യുള്ളവൻ അവിടുത്തെ സ്വന്തമാണ്. അവിടുത്തേക്കു ലോകസമക്ഷത്തുവെച്ചു പരീക്ഷിക്കണമെന്നുണ്ടെങ്കിൽ പരീക്ഷിക്കാം പക്ഷേ—” ഇത്രയുമായപ്പോഴയ്ക്കു നയനങ്ങൾ അധോമുഖമായി. അപ്പോൾ പുണ്ഡരീകൻ സിംഹംപോലെ ഉത്ഥാനം ചെയ്തു. ശേഖരനാകട്ടെ, നായാട്ടുകാരാൽ വളയപ്പെട്ട ഹരിണമെന്നപോലെ നിലപാടായി. ഹാ, എന്തു ചെറുപ്പം—, സ്ത്രീകളുടെ മാതിരി ലജ്ജയും സ്നേഹവും പൊഴിയുന്ന മുഖം—, കവിൾത്തടം നല്ല പാണ്ഡുവർണ്ണം—, ശരീരത്തിനു വല്ലപ്പോഴും വരുന്ന കമ്പ്—; മനസ്സിൽ എന്തെങ്കിലും വികാരം തട്ടുമ്പോഴേക്ക് ഈ ശരീരം വീണക്കമ്പിപോലെ വിറച്ചുപോകുമെന്നു കാണുന്നവർ സംശയിച്ചുപോകും.

ശേഖരൻ മുഖം കുറഞ്ഞൊന്നു പൊക്കിയുംകൊണ്ടു അതിമൃദുവായ സ്വരത്തിൽ സ്തുതിപാഠം ആരംഭിച്ചു. ആദ്യം ചൊല്ലിയ ശ്ലോകം ആർക്കും നല്ലവണ്ണം കേൾക്കുവാൻ കഴിഞ്ഞില്ലെന്നാണ് തോന്നുന്നത്. ക്രമത്തിൽ മുഖം നിവിർന്നു. ആയാൾ എവിടെ ദൃഷ്ടി പതിച്ചുവോ അവിടേക്ക് സദസ്യരൊക്കെയും പോരെങ്കിൽ സഭാഭിത്തിയുംകൂടി ഭാവാവേശത്താൽ അനുഗമിച്ചുവോ എന്നു തോന്നി. സ്ഫുടമധുരമായ കണ്ഠസ്വരം ഉരുകിമറിഞ്ഞുംകൊണ്ട്, അഗ്നിജ്വാലപോലെ മേല്പോട്ടു പൊങ്ങിത്തുടങ്ങി. കവി, ആദ്യം രാജാവിന്റെ കുലമായ ചന്ദ്രവംശത്തിൽപ്പിറന്ന പൂർവ്വന്മാരുടെ കഥയെ എടുത്തു. പിന്നെ ക്രമത്തിൽ ചില യാഗങ്ങളും, യുദ്ധങ്ങളും, ദാനങ്ങളും, പരാക്രമങ്ങളും, അത്ഭുതകൃത്യങ്ങളും എന്നിവയെ വർണ്ണിച്ച്, ഉപക്രാന്തമായ ആ രാജകഥയെ വർത്തമാനകാലത്തേയ്ക്കു കൊണ്ടുവന്നു. ഒടുവിൽ, വളരെ ദൂരം ഓടിവലഞ്ഞ ആ ദൃഷ്ടിയെ പിന്തിരിച്ചു രാജാവിന്റെ മുഖത്തു തന്നെ നിർത്തി. കവി, തന്റെ സ്തുതിയുടെ ഭാഷകൊണ്ടും വൃത്തംകൊണ്ടും, രാജ്യവാസികളായ പ്രജകളിലുള്ള അനിർവ്വചനീയമായ പ്രീതിയെ മൂർത്തീകരിച്ചു, സഭാമദ്ധ്യത്തിലേയ്ക്കു കൂട്ടിക്കൊണ്ടുവന്നുവോ എന്നു തോന്നി. അനേകായിരം പ്രജാജനപ്രവാഹങ്ങൾ അതിദൂരത്തുനിന്നു അതിവേഗത്തിൽ ഒഴുകിവന്നു, രാജപിതാമഹന്മാരുടെ ആ പഴയ പ്രാസാദത്തെ വലുതായ ഗീതധ്വനികൊണ്ടു നിറച്ചതുപോലെയും, ആ ഗീതം പ്രാസാദത്തിന്റെ ഓരോ പടവുകളിലും സ്പർശിക്കുകയും പുൽകുകയും ചുംബിക്കുകയും ചെയ്ത്, ഒടുക്കം അന്തഃപുര

ജാലകങ്ങളുടെ നേരെ പൊങ്ങി രാജലക്ഷ്മികളാകുന്ന പ്രാസാദദേവികളുടെ ചേവടികളിൽ വീണു ഭക്തിശ്രദ്ധാപൂർവ്വം നമസ്കരിച്ചു, പിന്നീട് അവിടെനിന്നു മടങ്ങി രാജസവിധത്തിൽ എത്തി ഉല്ലാസപൂർവ്വം അനേകം പ്രാവശ്യം സിംഹാസനത്തിനു പ്രദക്ഷിണം വെച്ചതുപോലെയും തോന്നി.

അനന്തരം കവി പറഞ്ഞു:— "മഹാരാജാവേ! ശബ്ദത്തിൽ ഞാൻ തോറ്റു. അതു സമ്മതിക്കയും ചെയ്യാം. എന്നാൽ, ഉക്തിയിൽ എന്നെ തോല്പിപ്പാൻ ആരാണുള്ളത്?" ഇത്രയും പറഞ്ഞു ശേഖരൻ ശരീരം വിറച്ചുകൊണ്ട് ഉപവേശിച്ചു. ആ സ്ഥിതി കണ്ടപ്പോൾ സഭ്യരൊക്കെയും കണ്ണീർ നിറഞ്ഞ നയനങ്ങളോടുകൂടി "ജയ വിജയീഭവ" എന്ന ധ്വനികൊണ്ട് ആകാശത്തെ ശബ്ദായമാനമാക്കിച്ചെയ്തു.

സഭ്യരുടെ ഈ അറിവില്ലായ്മയെ, ധിക്കാരസൂചകമായ ഒരു മന്ദസ്മിതത്താൽ നിസ്സാരമായിത്തള്ളി പുണ്ഡരീകൻ വീണ്ടും എഴുന്നേറ്റു. ഗർവിഷ്ഠനായ പുണ്ഡരീകൻ ഗർജ്ജിച്ചുകൊണ്ട് ഇങ്ങിനെ ചോദിച്ചു:— "എന്ത്, എന്താണ് ശബ്ദത്തെക്കാൾ ഉൽകൃഷ്ടമായിട്ടുള്ളത്?" ഈ ചോദ്യം കേട്ടപ്പോഴേയ്ക്കുതന്നെ എല്ലാവരും സ്തംഭിച്ചുപോയി. പിന്നെ അദ്ദേഹം തന്റെ അത്യുന്നതമായ പാണ്ഡിത്യത്തെ അനേകപ്രകാരത്തിൽ പ്രകടിപ്പിച്ചുംകൊണ്ടു "ലോകത്തിൽ എല്ലാറ്റിലും വെച്ച് ഉൽകൃഷ്ടമായിട്ടുള്ളതു ശബ്ദമാണ്" എന്ന വിഷയത്തെ, നിഗമാഗമവേദവേദാന്താദികളെ പ്രമാണമായെടുത്തു സ്ഥാപിപ്പാൻ തുടങ്ങി. "ശബ്ദം മാത്രമേ സത്യമായിട്ടുള്ളൂ. അതുതന്നെ പരബ്രഹ്മം. ബ്രഹ്മവിഷ്ണുമഹേശ്വരന്മാരായ ത്രിമൂർത്തികളും ശബ്ദത്തിന് അധീനരാകുന്നു. അതിനാൽ ശബ്ദത്തെക്കാൾ വലുതായി മറ്റൊന്നുമില്ല. ബ്രഹ്മാവ് ചതുർമ്മുഖനായിരുന്നിട്ടുകൂടി ശബ്ദരാശിയെ സമാപിപ്പാൻ ശക്തനാകുന്നില്ല. പഞ്ചാനനന് അഞ്ചുമുഖമുണ്ടായിരുന്നിട്ടും ശബ്ദത്തിന്റെ അന്തം കാണ്മാൻ കഴിയുന്നില്ല. അതിനാൽ, മൗനമവലംബിച്ചു ധ്യാനത്തിലിരുന്നു, ശബ്ദതത്വത്തെ ചിന്തിക്കയത്രേ ചെയ്യുന്നത്." ഇപ്രകാരം പുണ്ഡരീകൻ പാണ്ഡിത്യത്തിന്മേൽ പാണ്ഡിത്യത്തെയും ശാസ്ത്രത്തിന്മേൽ ശാസ്ത്രത്തെയും കൊണ്ടുവന്നു പ്രകടിപ്പിച്ചു, ശബ്ദത്തിനായി ഒരു വലിയ സിംഹാസനം പണി ചെയ്ത് അതിന്മേൽ ശബ്ദത്തെ ഇരുത്തി. എന്നിട്ട് പിന്നെയും, ഇടിമുഴക്കംപോലുള്ള സ്വരത്തിൽ ചോദിച്ചു:— "എന്ത്, എന്താണ് ശബ്ദത്തെക്കാൾ മേലെയുള്ളത്?" പുണ്ഡരീകൻ അഹംകാരത്തോടുകൂടി ചുറ്റും നോക്കി; ഒരാളും ഈ ചോദ്യത്തിനു മറുപടി പറഞ്ഞില്ലെന്നു കണ്ടപ്പോൾ ധീരഭാവത്തോടുകൂടി ആസനസ്ഥനായി. എല്ലാ വിദ്വാന്മാരും "സാധു സാധു" എന്നും, "ധന്യോ ധന്യോസി" എന്നും ഉറക്കെ ഉച്ചരിച്ചു. രാജാവ് ആശ്ചര്യപരതന്ത്രനായിത്തീർന്നു. കവിയായ ശേഖരൻകൂടി, പുണ്ഡരീകനുള്ള വലിയ വൈദഗ്ദ്ധ്യത്തിന്റെ അടുത്തു താൻ വളരെ നികൃഷ്ടനാണെന്നു വിചാരിച്ചു. അന്നത്തെ സഭയും പിരിഞ്ഞു. ശംഖനാദം ദിക്കാസകലം മുഴങ്ങിത്തുടങ്ങി.

* * * * *

പിറ്റേന്നു, ശേഖരൻ സഭയിൽവെച്ചുന്ന സംഗീതം ആരംഭിച്ചു. വൃന്ദാവനത്തിലെ വേണുഗാനമാണ് തുടങ്ങിയത്. വേണുഗാനം ചെയ്യുന്നത് ആരാണെന്നോ എവിടെനിന്നാണെന്നോ ഗോപസ്ത്രീകൾക്ക മനസ്സിലായില്ല. മലയാനിലൻ കുഴലൂതുകയാണെന്ന് ആദ്യം തോന്നി. മറ്റൊരിക്കൽ, വടക്കെ ഗോവർദ്ധനഗിരിയുടെ ശിഖരത്തിൽനിന്നാണ് ഗീതസ്വരം വരുന്നതെന്നും സംശയം തോന്നി. പിന്നെയൊരിക്കൽ, ഉദയഗിരിയുടെ കൊടുമുടിയിലിരുന്ന് ആരോ അങ്ങോട്ടു ചെല്ലുവാനായി വിളിക്കയായിരിക്കുമോ എന്ന ശങ്ക തോന്നി. അടുത്ത നിമിഷത്തിൽ, അസ്തമയപർവ്വതത്തിന്റെ ഉപത്യകയിലിരുന്ന് ആരോ കരാൾ വിരഹശോകത്താൽ നിലവിളിക്കയായിരിക്കണമെന്നു ഊഹംതോന്നി. ഒടുക്കം

കാളിന്ദീനദിയുടെ ഓരോ തിരമാലയിൽനിന്നുമാണോ ഈ ഗീതസ്വനം പുറപ്പെടുന്നതെന്നു വിചാരമുണ്ടായി. പിന്നീട്, ഓരോ പൂക്കളിൽനിന്നും നികുഞ്ജങ്ങളിൽനിന്നും തടാകങ്ങളിൽനിന്നും, എന്നുവേണ്ടാ മുകളിൽനിന്നും ചുവട്ടിൽനിന്നും, അകത്തുനിന്നും പുറത്തുനിന്നും ഒക്കെ മനോഹരമായ ആ വേണുനാദം പുറപ്പെട്ടു. അതു പുറപ്പെടുവിക്കുന്നതാരാണെന്നുമാത്രം അറിഞ്ഞില്ല. ആ വേണുസ്വനം എന്തിനായിട്ടാണെ വിളിക്കുന്നതെന്നും ആർക്കും അറിവാൻ കഴിഞ്ഞില്ല, എല്ലാവരുടേയും കണ്ണുകൾ അശ്രുപരിപൂർണ്ണമായിത്തീർന്നു.

സദസ്യരും സഭാപതിമാരും എന്നല്ല, സ്വപക്ഷവും പരപക്ഷവും, കീർത്തിയും അകീർത്തിയും, ഉത്തരവും പ്രത്യുത്തരവും, ജയവും പരാജയവും, ചുരുക്കിപ്പറയുന്നതായാൽ സർവ്വവും വിസ്മരിച്ച്, നിർജ്ജനമായ തന്റെ ഹൃദയമാകുന്ന ഏകാന്തനികുഞ്ജത്തിലിരുന്നുകൊണ്ടാണോ ശേഖരകവി ആ വേണുഗാനം ചെയ്യുന്നതെന്നു തോന്നിപ്പോകും. അപ്പോൾ അദ്ദേഹത്തിന്റെ മനസ്സിൽ തോഴിയായിരുന്ന ഒരു സങ്കല്പത്തിന്മാത്രമേ ഉണ്ടായിരുന്നുള്ളു. മനസ്സിനു മാത്രം, കമലകോമളങ്ങളായ ചരണങ്ങളുടെ ഒരു നൂപുരധ്വനി കേൾക്കാറായി. കവി, മോഹാലസ്യപ്പെട്ടവനെപ്പോലെ തന്റെ ഗീതത്തെ അവസാനിപ്പിച്ചിട്ട് ഇരുന്നപ്പോൾ; ആ സഭാമന്ദിരത്തിന്റെ അന്തർഭാഗം അനിർവചനീയമായ ഒരു മാധുര്യത്താലും അത്യന്തമഹത്തായ ഒരു വിഷാദവൈകല്യത്താലും, പരിപൂർണ്ണമായിത്തീർന്നു. ഇപ്പോൾ 'ധന്യ ധന്യ' എന്നു പറയുവാൻ ഒരാൾക്കും ശക്തിയുണ്ടായില്ല.

സാമാജികന്മാരുടെ മനസ്സിനു പെട്ടെന്നുണ്ടായ ഈ മാററം ഒന്നു നിലച്ചപ്പോൾ, പുണ്ഡരീകൻ സിംഹാസനത്തിന്റെ മുമ്പിൽനിന്നെഴുന്നീറ്റുകൊണ്ടു ചോദിച്ചു:— 'ആരാണ് രാധ എന്നുവെച്ചാൽ? കൃഷ്ണൻ എന്നു പറയുന്നതും ആരാണ്?' ഈ ചോദ്യം ചോദിച്ചിട്ടു പുണ്ഡരീകൻ നാലുപുറത്തേയ്ക്കും ഒന്നു നോക്കി; ശിഷ്യരുടെ നേരെ തിരിഞ്ഞു ചിരിച്ചുകൊണ്ടു, വീണ്ടും അതുതന്നെ ചോദിച്ചു. അനന്തരം തന്റെ അസാമാന്യമായ പാണ്ഡിത്യത്തെ പ്രകടിപ്പിച്ചുകൊണ്ടു തന്നെത്താൻ സമാധാനം പറയുവാൻ തുടങ്ങി— 'രാധ എന്നു വെച്ചാൽ പ്രണവം—അതായത് ഓംകാരം—കൃഷ്ണൻ എന്നു പറയുന്നതു ധ്യാനയോഗം—ത്രികൂടത്തിലുള്ള ബിന്ദുവത്രെ വൃന്ദാവനം—' ഈ വ്യാഖ്യാനത്തിനായി പുണ്ഡരീകൻ ഇഡ, പിംഗള, സുഷുമ്ന, നാഭിപത്മം, ഹൃൽപത്മം, നാഭിരന്ധ്രം എന്നിവയേയും അതുപോലെയുള്ള മറ്റു ശബ്ദങ്ങളേയും കൊണ്ടുവന്നു. രാകാരത്തിനും ധാകാരത്തിനും, കൃഷ്ണശബ്ദത്തിന്റെ കകാരംമുതൽ ണകാരംവരെയുള്ള ഓരോ അക്ഷരത്തിനും, തിരിച്ചും മറിച്ചും വ്യാഖ്യാനിച്ചപ്പോൾ എത്രയെത്ര വിധത്തിൽ ഭിന്നഭിന്നങ്ങളായ അർത്ഥങ്ങൾ വരുമെന്നു നിരൂപിക്കയും ചെയ്തു. ആയാൾ തന്റെ വ്യാഖ്യാനത്തെ ഇങ്ങിനെ തുടർന്നു—'കൃഷ്ണൻ എന്നുവെച്ചാൽ ധർമ്മം, രാധ എന്നതു് അഗ്നി— കൃഷ്ണൻ വേദം, രാധ ഷഡംഗങ്ങൾ—കൃഷ്ണൻ ശിക്ഷ, രാധ ദീക്ഷ—രാധ മീമാംസ, കൃഷ്ണൻ തർക്കം—രാധ ഉത്തരപ്രത്യുത്തരം, കൃഷ്ണൻ ജയലാഭം' ഇത്രയും പറഞ്ഞിട്ടു രാജാവിനേയും പണ്ഡിതന്മാരേയും മന്ദഹാസപൂർവ്വം ഒന്നു നോക്കി പുണ്ഡരീകൻ യഥാസ്ഥാനം ഇരുന്നു. രാജാവ് പുണ്ഡരീകന്റെ അത്ഭുതശക്തിയാൽ, തീരെ മോഹിതനായി. സഭ്യന്മാരായ വിദ്വാന്മാർക്കും അത്രമാത്രമായ ആശ്ചര്യം തോന്നി. രാധാകൃഷ്ണന്മാരുടെ ഈ പുതിയ വ്യാഖ്യാനം പുറപ്പെട്ടതോടുകൂടി മുമ്പുണ്ടായിരുന്ന വേണുഗാനവും കാളിന്ദീകല്ലോലവും പ്രണയപാരവശ്യവും അകലത്തു തെറിച്ചു. ശിശിരവസന്തകാലത്തുണ്ടായ അതിലളിതമായ ഹരിതവർണ്ണത്തെ തേച്ചുകളഞ്ഞ് ഒരാൾ ശോഭയോ തേപ്പാലത്തെ മാതിരി ആയി. ശേഖരൻ തന്റെ അത്രയും ദിവസത്തെ എല്ലാ ഗീതികളും വിഫലപ്പെട്ടുപോയെന്നുതന്നെ വി

ചാരിച്ചു. ഇനിയും തന്റെ ഗാനം തുടൎന്നു കളയാമെന്നു വെച്ചാൽ അതിന്നു ശക്തിയും ഇല്ല. അന്നത്തെ സഭയും പിരിഞ്ഞു.

* * * * *

പിറേറദിവസം സഭയിൽ പുണ്ഡരീകൻ വ്യസ്തം, സമസ്തം, ദ്വിവ്യസ്തം, ദ്വിസമസ്തം, ആദ്യന്തരം, മദ്ധ്യോത്തരം, അന്തോത്തരം, വാക്യോത്തരം, ശ്ലോകോത്തരം, വചനഗുപ്തം, ക്രിയാഗുപ്തം, കാരണഗുപ്തം, മാത്രാച്യുതകം, ച്യുതദത്താക്ഷരം, അൎത്ഥഗൂഢം, ശ്ലേഷോപമാംശം, വ്യാജോക്തി, പ്രഹേളിക, ചക്രബന്ധം, പത്മബന്ധം, എന്നുതുടങ്ങി അനേകപ്രകാരത്തിൽ അത്ഭുതമായ ശബ്ദസാമൎത്ഥ്യത്തെ പ്രദൎശിപ്പിച്ചു. അതെല്ലാം കേട്ടു സാമാജികന്മാരൊക്കെയും ആശ്ചൎയ്യത്താൽ നിശ്ചലന്മാരായിത്തീൎന്നു. ശേഖരൻ ഉണ്ടാക്കിയ കാവ്യങ്ങളെല്ലാക്കയും വളരെ സരളവും പ്രസന്നവുമാണ്. സ്വഗൃഹാദികൾ ഉണ്ടാകുമ്പോഴും ഉത്സവാവസരങ്ങളിലും സാധാരണക്കാരൊക്കെയും അവ വായിക്കാറുണ്ട്. എന്നാൽ ശേഖരന്റെ കാവ്യത്തിന്നു ഗുണമൊന്നുമില്ലെന്നു ഇന്നു അവൎക്കെല്ലാം ബോദ്ധ്യമായി. അവർ വിചാരിച്ചാൽത്തന്നെ അതുപോലുള്ള കാവ്യങ്ങൾ വേണമെങ്കിൽ ഉണ്ടാക്കുവാൻ കഴിയും. അങ്ങിനെ ചെയ്യാതിരിപ്പാനുള്ള കാരണം, പ്രധാനമായി, അതിന്നു മോഹമില്ലായ്കയും പരിചയക്കുറവും എടയില്ലായ്കയുമാണ്. ആ കഥകളൊന്നും പുതിയവയോ കഠിനമായവയോ അല്ലല്ലോ. എന്നല്ല, അവയിൽനിന്നു ജനങ്ങൾക്കു പറയത്തക്ക അറിവുകളൊന്നും കിട്ടാനുമില്ല. എന്നാൽ, ഇന്നിപ്പോൾ അവൎക്കു കേൾക്കുവാനിടയായ കാവ്യം അങ്ങിനെയൊന്നുമല്ല. അതു അത്യത്ഭുതമായിരിക്കുന്നു. ഇന്നലെ കേട്ട പ്രസംഗത്തിൽത്തന്നെ വളരെ ആലോചിപ്പാനും പലസംഗതികൾ പഠിപ്പാനും വകയുണ്ടായിരുന്നു. എല്ലാംകൂടി നോക്കിയപ്പോൾ പുണ്ഡരീകമഹാകവിയുടെ പാണ്ഡിത്യത്തിന്റെയും പാടവത്തിന്റെയും മുമ്പിൽ, തങ്ങളുടെ കവിയെ വെറും ബാലനൊപ്പമെയല്ലാതെ സാധാരണയിൽ കവിത്വനിലയിൽ വിചാരിക്കുവാൻ ആരുമുണ്ടായില്ല. ഇപ്രകാരം സഭ്യരുടെ ഉള്ളിൽ ഉദിച്ച അഭിപ്രായത്തെ പുണ്ഡരീകൻ അതിവേഗത്തിൽ മനസ്സിലാക്കി. മത്സ്യങ്ങൾ വാലിട്ടവെട്ടുമ്പോൾ വെള്ളത്തിനുള്ളിൽ ഉണ്ടാവുന്ന എത്രയും ചെറുതായ ചലനത്തെപ്പോലും, താമരക്ക് എളുപ്പത്തിൽ അറിവാൻ കഴിയുമല്ലോ.

ഇന്ന് ഒടുക്കത്തെ ദിവസമാണ്. ഇന്നാണ് ജയപരാജയങ്ങളെ നിശ്ചയിക്കേണ്ടതു. സിംഹാസനസ്ഥനായ രാജാവ്, തന്റെ സഭാകവിയുടെ നേരെ തീക്ഷ്ണമായി ഒന്നു നോക്കി. ആ നോട്ടത്തിന്റെ അഭിപ്രായം എന്തെന്നാൽ—"നീ ഇന്ന് ഒന്നും ഉത്തരംപറയാതെ ഇങ്ങനെ പോകരുത്. തീൎച്ചയായും കഴിയുന്ന വിധത്തിൽ ശ്രമിച്ചു നോക്കണം" എന്നാണ്. ശേഖരൻ വളരെ തളൎന്നഭാവത്തിൽ എഴുന്നീറ്റ് ഇങ്ങിനെ പറഞ്ഞു—"മഹാദേവി, സിതകമലവാസിനി, വീണാധാരിണി, നീ കമലവനത്തെ ദൂരെ വിട്ടേച്ച് മരുഭൂമിയിലേക്കു ചെല്ലുകയാണെങ്കിൽ, അമൃതപാനത്തിന്നായി നിന്റെ പാദപത്മത്തെ ആശ്രയിച്ചിരിക്കുന്ന ഭക്തന്മാരുടെ ഗതി എന്തായിരിക്കും?" ഈ വാക്കു കവി പറഞ്ഞതു മുഖം കുറഞ്ഞൊന്നു പൊക്കിയിട്ടായിരുന്നു. അപ്പോൾ, അന്തഃപുരവാതായനത്തിന്നരികെ, ഭഗവതി വീണയും കയ്യിലെടുത്തു നയനവും താഴ്ത്തി വന്നിരിക്കുന്നതായി അയാൾക്കു തോന്നി.

അനന്തരം പുണ്ഡരീകൻ ധൃതഗതിയിൽ എഴുന്നീറ്റ് ഉറക്കെ ഒന്നു ചിരിച്ചുകൊണ്ട്, ശേഖരവാദത്തിന്റെ ഒടുവിലെ രണ്ടക്ഷരം എടുത്തു ദ്രുതമായി ചൊല്ലാൻ തുടങ്ങി. പുണ്ഡരീകൻ പറഞ്ഞു—"ഭാരതിന്നു കമലത്തിനോട് എന്തു സംബന്ധമാണുള്ളത്? സംഗീതം ഇത്രവളരെ ശീലിച്ചിട്ടുകൂടി ഈ ജീവന് എന്തുഫലമാണ് സിദ്ധിച്ചിട്ടുള്ളത്? വാസ്തവത്തിൽ സരസ്വതിയുടെ അധിഷ്ഠാനമായിട്ടുള്ളതു പുണ്ഡരീകൻതന്നെയാണ്. ആ സാധ്വീസരസ്വതി ഈ

മഹാരാജാവിന്റെ വാഴ്ചക്കാലത്ത് എന്തു കാര്യമാണ് ചെയ്യുന്നതാവോ? അല്ലെങ്കിൽ ആ ദേവിയെ പരോപഹാസ്യയാക്കിത്തീർത്ത് ഇങ്ങിനെ അപമാനിക്കുന്നതെന്തുകൊണ്ടാണ്?"

ഇതുകേട്ടിട്ട് സകലപണ്ഡിതന്മാരും പൊട്ടിച്ചിരിച്ചു. വലിയ പണ്ഡിതന്മാരല്ലാത്തവരും ചിരിക്കുന്നതിൽ പങ്കുകൂടാതിരുന്നില്ല. പാമരന്മാരിൽപ്പോലും ഈ നേരമ്പോക്ക നല്ലവണ്ണം അറിഞ്ഞവർ ചിരിക്കുവാൻ തുടങ്ങി. ഈ പരിഹാസത്തിനു മതിയായ സമാധാനം കൊടുക്കണമെന്നുള്ള വിചാരത്തിന്മേൽ, രാജാവ് തീക്ഷ്ണമായ അർക്കകിരണങ്ങൾപോലെ ഉഗ്രമായ ഒരു നോട്ടംകൊണ്ട് തന്റെ കവിയെ ഉത്തേജിപ്പിക്കുവാൻതുടങ്ങി. ശേഖരനാകട്ടെ അതൊന്നും വിചാരിക്കാതെ നിശ്ചലനായിരിക്കുന്നു.

ഇതു കണ്ടപ്പോൾ രാജാവ് ശേഖരന്റെപേരിൽ വളരെ കോപിച്ച് സിംഹാസനത്തിൽനിന്നു താഴെ ഇറങ്ങി, തന്റെ കണ്ഠത്തിൽ അണിഞ്ഞിട്ടുള്ള മുത്തുമാല അഴിച്ച് പുണ്ഡരീകന്റെ മാറിൽ അണിയിച്ചു. സഭാവാസികളൊക്കയും "ധന്യോധന്യഃ" എന്നുപറഞ്ഞു. ഈ അവസരത്തിൽ, അന്തഃപുരത്തിൽനിന്നു ചില കങ്കണവലയനൂപുരാദികളുടെ ശബ്ദം കേൾക്കപ്പെട്ടു. ഇതുകേട്ടതോടുകൂടി ശേഖരൻ ആസനത്തിൽനിന്നെഴുന്നേറ്റ് മന്ദമന്ദം സഭാഗൃഹത്തിൽനിന്നു പുറത്തേക്കുപോയി.

* * * * *

കറുത്ത ചതുർദ്ദശി — നേരം രാത്രി — കുരിരുട്ട് — പരിമളവാഹിയായ മലയാനിലൻ വീട്ടുതോറും വീശിനടക്കുന്നു. ശേഖരൻ വീട്ടിനുള്ളിൽവെച്ചു തന്റെ വക സകല പുസ്തകങ്ങളും അലമാരയിൽനിന്നെടുത്ത് തന്റെ മുമ്പിൽ കൂട്ടംകൂട്ടമായി കൂട്ടിയിരിക്കുന്നു: ആ ഗ്രന്ഥസമുദായത്തിൽനിന്നു താനുണ്ടാക്കിയവ മാത്രം തിരഞ്ഞെടുത്തു വേറെ വെച്ചിരിക്കുന്നു. വളരെ ദിവസങ്ങളിലായി ശേഖരൻ വളരെ ഗ്രന്ഥങ്ങൾ ഉണ്ടാക്കീട്ടുണ്ട്. അവയിൽ ചിലതു താൻതന്നെ മറന്നുപോയിരിക്കുന്നു. അതുകളെ അഴിച്ച് അദ്ദേഹം അവിടവിടെയായി ചില ഭാഗങ്ങൾ വായിച്ചുനോക്കി. അതെല്ലാം കന്നിനം കൊള്ളരുതാത്തവയാണെന്ന് അദ്ദേഹത്തിനു തോന്നി. ദീർഘമായ ഒരു നിശ്വാസത്തോടുകൂടി ശേഖരൻ പറഞ്ഞു — "അഹോ! ഇത്ര കാലം ജീവിച്ചിരുന്നിട്ട് നേടിയ സമ്പാദ്യം ഇതു മാത്രമോ? ചില മനസ്സുകളും ചില പദങ്ങളും ചില വാക്യങ്ങളും തന്നെയോ?" ശരിതന്നെ; പക്ഷേ അവയിൽ അനിർവ്വാച്യമായ സൌന്ദര്യവും ഹൃദയംഗമമായ ഭാവവും അന്തർഭവിച്ചിട്ടുണ്ടെന്ന് അദ്ദേഹത്തിന് അപ്പോൾ അറിവാൻ കഴിഞ്ഞില്ല. രോഗം പിടിപെട്ടുവന്ന രോഗിക്ക് ഭോജ്യവസ്തുക്കളൊന്നും രുചിക്കാത്തതുപോലെ, നിർവ്വിണ്ണനായ കവിക്ക് കയ്യിൽ കിട്ടിയ പുസ്തകങ്ങളൊക്കെയും ഹീനമായാണെന്നു തോന്നി. രാജാവായിട്ടുള്ള സ്നേഹവും ലോകത്തിലുള്ള കീർത്തിയും ഹൃദയത്തിലുള്ള ആശയും, എല്ലാംകൂടി സകലവും അന്ധകാരാവൃതമായ തന്റെ മനസ്സിൽ ശൂന്യമായിത്തോന്നി. പിന്നെ, ഓരോന്നായി എല്ലാ ഗ്രന്ഥങ്ങളും കയ്യിലെടുത്തു ചീന്തി ജാജ്വല്യമാനമായ അഗ്നിയിൽ ഹോമിച്ചുതുടങ്ങി. "മഹാപ്രതാപരായ രാജാക്കന്മാർ അശ്വമേധയാഗങ്ങൾ അനുഷ്ഠിക്കാറുണ്ട്. ഞാനിപ്പോൾ കാവ്യമേധമാണ് ചെയ്യുന്നത്" എന്നു തന്നെത്താൻ ചിരിച്ചുകൊണ്ടു പറഞ്ഞു. അടുത്ത നിമിഷത്തിൽത്തന്നെ മറിച്ചും തോന്നി. "മാ ഈ ഉപമ മാത്രം പറ്റിയില്ല. [illegible] സർവ്വദിക്കിലും ഒന്നു വിജയിയായി മടങ്ങിവരുമ്പോഴാണല്ലോ അശ്വമേധം ചെയ്യാറു പതിവ്. ഞാനാകട്ടെ, നേരെമറിച്ച്, തീരെ തോറ്റിരിക്കുമ്പോഴാണ് ഇതു ചെയ്യുവാൻ ആരംഭിച്ചത്. കാര്യമുമ്പാണ് ഇതനുഷ്ഠിച്ചിരുന്നതെങ്കിൽ ചേരുമായിരുന്നു."

ക്രമേണ, ഓരോന്നായി എല്ലാ ഗ്രന്ഥങ്ങളും അഗ്നിക്കിരയായി. അനന്തരം കവി ശൂന്യമായ കൈകൾ പൊക്കിവിലപിച്ചു—

"അല്ലയോ അപരിജ്ഞാതേ! നിന്നിൽ തന്നെയാണ് എല്ലാം ഭേദിച്ചത്? എല്ലാം ഇത്രയും കാലം കാത്തിരുന്നതെന്തിനായി? എല്ലാ വാസ്തുക്കളും ഞാൻ നിന്നിൽ ദർശിക്കയായിരുന്നു. ഇന്നത്തെ ഭേദം അവസാനത്തേതാകുന്നു. ഹേ! വഹ്നിജ്വാലിനിയായ മോഹിനി! വളരെക്കാലമായി നീ എന്റെ മനസ്സിൽ ജ്വലിച്ചുകൊണ്ടിരിക്കയാണല്ലോ. ഞാൻ സമ്പൂർണ്ണനായിരുന്നെങ്കിൽ എനിക്കിപ്പോഴും നല്ല പ്രിയമുണ്ടാകുമായിരുന്നു. പക്ഷേ ഞാൻ ശുഷ്കതൃണമാണ്. അതുകൊണ്ടുതന്നെയാണ് ഇങ്ങിനെ ഭസ്മശേഷനായി ഭവിച്ചത്." ശേഖരൻ ഇങ്ങിനെ വിലപിക്കുമ്പോഴും രാത്രികൾ ക്രമേണ മൂപ്പുകൂടി വന്നു. അയാൾ, വീട്ടിലെ ഗവാക്ഷങ്ങളെല്ലാം തുറന്നിട്ടു. അയാൾ സന്ധ്യാസമയത്തുതന്നെ മല്ലിക മുതലായി തനിക്ക പ്രത്യേകം ഇഷ്ടപ്പെട്ട ചില ധവളപുഷ്പങ്ങളും ഇറുത്തുവെച്ചിട്ടുണ്ടായിരുന്നു. അതൊക്കെ വാരി ഇപ്പോൾ ശയ്യമേൽ വിതറി, നാലുഭാഗത്തും വിളക്കുകൾ കൊളുത്തിവെച്ചു. അനന്തരം ഏതോ ഔഷധത്തിന്റെ കറ സേവിക്കയും ഉടനെതന്നെ ശയ്യയിൽ വന്നു കിടക്കുകയും ചെയ്തു. അതോടുകൂടി, ശരീരത്തിന്റെ സന്ധിബന്ധങ്ങളെല്ലാം അയയുവാനും കണ്ണു ചിമ്മുവാനും തുടങ്ങി.

അതാ നൂപുരത്തിന്റെ കിലുക്കം കേട്ടുതുടങ്ങി. കേശപാശത്തിൽ പെരുമാറുന്ന മനോഹരമായ പരിമളം ദക്ഷിണാനിലനോടുകൂടി അകത്തേക്കു വരുന്നു. കവി, അടഞ്ഞ കണ്ണുകളോടുകൂടി ചോദിച്ചു—'ദേവി! ഈ ഭക്തന്റെ പേരിൽ ഇപ്പോഴെങ്കിലും കനിവുണ്ടായിരിക്കുന്നുവോ? ഇത്ര നാളായിട്ട് തീരെ ദുർല്ലഭയായിത്തീർന്ന ദേവി ഇപ്പോൾ പ്രത്യക്ഷീഭവിച്ചിരിക്കുന്നുവോ?' ഇതിനനന്തരമായി 'അല്ലയോ കവി! ഞാനിതാ വന്നിരിക്കുന്നു' എന്ന് അതിമധുരമായ ഒരു കണ്ഠധ്വനി കേൾക്കുമാറായി. ശേഖരൻ അത്യാശ്ചര്യത്തോടുകൂടി കണ്ണുതുറന്നു നോക്കിയപ്പോൾ, ശയ്യാസമീപത്ത് ലോകൈകസുന്ദരിയായ ഒരു രമണി സ്ഥിതിചെയ്യുന്നതായി കണ്ടു. കണ്ണീർ തുളുമ്പി വീണിട്ട് കണ്ണുകൊണ്ടു വ്യക്തമായി കാണ്മാൻ സാധിച്ചില്ല. ആ സമയത്തു, തന്റെ ഉള്ളിലുള്ള ആ മനോരാജ്യത്തിനു പുറത്തുവന്ന് ആസന്നമരണനായിരിക്കുന്ന തന്റെ മുഖത്തു നോക്കി നില്ക്കുന്നതായി അയാൾക്കു തോന്നി. ആ സ്ത്രീ പറഞ്ഞു— 'ഞാൻ രാജകന്യകയായ അപരാജിതയാണ്.' അതു കേട്ടപ്പോൾ കവി വളരെപ്പണിപ്പെട്ട് ഉത്ഥാനം ചെയ്തു. അപ്പോൾ രാജകന്യക പറഞ്ഞു:—'അങ്ങയുടെ കാവ്യത്തിൽ രാജാവു ചെയ്തതു വേണ്ടപോലെ ആലോചിക്കാതെകണ്ടാണ്. വിജയം ലഭിച്ചത് അങ്ങേക്കുതന്നെയാകുന്നു. അതിനാൽ, അല്ലയോ കവി! ഞാൻ അങ്ങയെ വിജയമാലയണിയിക്കുവാനായി വന്നിരിക്കയാണ്.'

ഇങ്ങിനെ പറഞ്ഞിട്ട് അപരാജിത, താൻതന്നെ കെട്ടിയുണ്ടാക്കിയ മനോഹരമായ ഒരു പൂമാല തന്റെ കഴുത്തിൽനിന്നഴിച്ച് കവിയുടെ കഴുത്തിൽ അണിയിച്ചു. അതോടുകൂടി, കവി മരണവേദനയാൽ ആക്രാന്തനായി ശയ്യമേൽ വീണു.

കെ. വി. എം.

സന്തക് എന്ന മഹാന്റെ

ജീവചരിത്രങ്ങളും ഉപദേശങ്ങളും

(തുടർച്ച)

ക്യൂബോ പ്രഭു അയച്ച പരിചാരകന്മാരിലൊരുവൻ വലിയ ചതിയനായിരുന്നു. സൽഗുണസമ്പന്നനായ സന്തകുവിന്റെ നേരെ അവനു കഠിനദ്വേഷം ഉണ്ടായിരുന്നതുകൊണ്ടു അയാളുടെ യത്നങ്ങളെ നിഷ്ഫലമാക്കാൻ അവൻ കഴിയുന്നത്ര ശ്രമിച്ചു. സന്തകു ഓരോ കാര്യാലോചന ചെയ്യുമ്പോഴും അവൻ ദുർന്യായങ്ങളും പറഞ്ഞു കാര്യങ്ങൾ മുടക്കുകയും ഗ്രാമങ്ങളിൽ പോയി സന്തകുവിന്റെ കല്പനകൾ അനുസരിക്കരുതെന്നു ജനങ്ങളോടു താക്കീതു ചെയ്യുകയും തന്റെ കല്പനകൾ അനുസരിക്കാത്തവരെ ശിക്ഷിക്കുമെന്നു ഭീഷണിപ്പെടുത്തുകയും ചെയ്തു. ഗ്രാമജനങ്ങൾ അവനെ പേടിയുള്ളവരായിരുന്നതുകൊണ്ടു് അവർ അവന്റെ കല്പനകളെ അനുസരിച്ചു. കുടിലന്മാരായ സന്തകുവിന്റെ ശത്രുക്കൾ ഈ ലാക്കുനോക്കി ഈ ദുഷ്ടനെ സ്തുതിച്ചു. സന്തകുവിന്റെ പുതിയ ചട്ടവട്ടങ്ങൾ വിഫലമാക്കുന്നതിൽ അവനെ കഴിയുന്നതും സഹായിച്ചു. ഇങ്ങിനെ അവർ ഗ്രാമക്കാരുടെ ഇടയിലുള്ള ശിഷ്ടന്മാരെ അനാദരിക്കുകയും ദുഷ്ടന്മാരെ അനുകൂലിക്കുകയും സന്തകുവിനു എതിരായി നിന്നു. പലപ്പോഴും കല്പിച്ചിരിക്കുമ്പോൾ അയാളെയും അയാളുടെ പ്രയത്നങ്ങളെയും പരിഹസിക്കുകയും ചെയ്തു.

സന്തകു വളരെ വ്യസനിച്ചു. ചിലപ്പോൾ നല്ല വാക്കു പറഞ്ഞും ധർമ്മമാർഗ്ഗം ഇന്നതാണെന്നു അവനു കാണിച്ചുകൊടുപ്പാൻ ശ്രമിച്ചും മറ്റു ചിലപ്പോൾ ന്യായത്തോടുകൂടി ശാസിച്ചും അവന്റെ വിരോധം ഇല്ലായ്മചെയ്യാൻ അയാൾ ചെയ്ത ശ്രമങ്ങളെല്ലാം വ്യർത്ഥമായതേയുള്ളു. അവന്റെ നടവടി പിന്നെപ്പിന്നെ അധികം വഷളായിത്തീർന്നു.

സന്തകു ദീർഘാലോചനചെയ്തിട്ടു ഇങ്ങിനെ വിചാരിച്ചു. 'ഇയാളുടെ സ്ഥാനവലിപ്പം നിമിത്തം എനിക്കു ഇയാൾക്കു എതിരായി ഒന്നും ചെയ്യാൻ കഴിയുന്നതല്ല. അതില്ലായിരുന്നെങ്കിൽ ഇയാളെ എന്റെ പാട്ടിലാക്കാൻ ഞെരുക്കമുണ്ടായിരുന്നില്ല. എന്നാൽ ഇയാൾക്കു സ്ഥാനവലിപ്പമുള്ളതുകൊണ്ടു ഇയാൾ എന്നെ അപമാനിക്കയും ജനങ്ങളെക്കൊണ്ടു തന്റെ ആജ്ഞകൾ നടത്തിച്ചു എന്റെ ഏർപ്പാടുകളെ നിഷ്ഫലമാക്കിത്തീർക്കാൻ ഇയാൾക്കു സാധിക്കയും ചെയ്യുന്നു. ഇയാളെ എന്റെ അഭിപ്രായത്തോടുകൂടി യോജിപ്പിക്കാൻവേണ്ടി ഞാൻ എന്റെ സമയം മുഴുവനും കളഞ്ഞാൽ എന്റെ ജോലികൾ നടക്കയില്ല. അതുകൊണ്ടു 'ചതികൊണ്ടിവനെയടക്കണമിന്നു'കയല്ലാതെ നിവൃത്തിയൊന്നുമില്ല.'

പിന്നെ സന്തകു തന്റെ ഭാര്യയോടു പറഞ്ഞു 'ഇയാൾക്കു് അരികൊണ്ടുണ്ടാക്കുന്ന മദ്യത്തിൽ അതിയായ ആസക്തിയുള്ളതിനാൽ ദിവസേന രാവിലെ ഇയാൾ എണീക്കുമ്പോഴേക്കു നീ നല്ല ചൂടുള്ള മദ്യവും വിശേഷപ്പെട്ട ഭക്ഷണപദാർത്ഥങ്ങളും കൊണ്ടുപോയിക്കൊടുക്കുക. അവൻ ഈ ദിക്കിൽ എത്തിയതിൽപിന്നെ വളരെ ബുദ്ധിമുട്ടി പണി എടുക്ക നിമിത്തം അവനു ക്ഷീണമുണ്ടായിരിക്കുമെന്നും നീ കൊണ്ടുചെന്ന മദ്യവും മറ്റും കഴിച്ചാൽ ക്ഷീണം തീർന്നു നല്ല സുഖമാവുമെന്നും മറ്റും അവനോടു പറക. ഇങ്ങിനെ ചെയ്തു് അവനെ സന്തോഷിപ്പിക്കാനായി ഞാൻ നിന്നെ ഏല്പിച്ചിരിക്കുന്നു എന്നും അവനോടു

പാക. പിന്നെ മത്സ്യവും നല്ല ഭക്ഷണദ്രവ്യങ്ങളും വേണ്ടുവോളം കൊടുത്തു പകൽ മുഴുവനും അവനെ സേവിപ്പിക്കുക. എന്റെ കൃത്യങ്ങൾ നിവൃത്തിക്കാൻ ഞാൻ ഈ ഒരു വഴി മാത്രമേ കാണുന്നുള്ളൂ. അതുകൊണ്ടു നീ ഞാൻ പറഞ്ഞവിധത്തിൽ നിന്നു ഒരണുപോലും തെറ്റാതെ ചെയ്യണം.'

ഭൎത്താവു പറഞ്ഞപ്രകാരം സന്തകുവിന്റെ ഭാൎയ്യ അവനു് ഏറ്റവും വിശേഷമായ മത്സ്യവും രുചികരമായ ഭക്ഷണദ്രവ്യങ്ങളും കൊടുത്തു. അവനു വളരെ സന്തോഷമായി. പകൽ മുഴുവനും മത്സ്യപിടിച്ചും വിനോദവും തന്നെ കഴിഞ്ഞു. പിറ്റെ ദിവസവും അവൾ ഇതേമാതിരി ആഹാരപദാൎത്ഥങ്ങൾ തെയ്യാറാക്കിക്കൊടുത്തു. പിന്നെ ദിവസന്തോറും സന്തകുവിന്റെ ഭാൎയ്യ കൊണ്ടുവന്ന മത്സ്യവും ഭക്ഷണപദാൎത്ഥങ്ങളും കഴിച്ചു് അന്യചിന്ത കൂടാതെ അവർ കാലക്ഷേപം കഴിച്ചു. അവർ ഉടമകാരുടെ വീടുകളിൽ പതിവായി പോയിരുന്നതു നിൎത്തൽ ചെയ്തു. ദുഷ്ടന്മാരും ഏഷണിക്കാരും ആയ ജനങ്ങൾ അവനെ പലപ്പോഴും കാണാൻ വന്നിരുന്നു എങ്കിലും അവനു് ഒരിക്കലും നല്ല ബോധം ഉണ്ടായിരുന്നതുകൊണ്ടു് അവരുടെ ദുരാലോചനകളിൽ ചേരുവാൻ അവനു തരമായില്ല.

സാധുക്കളെ സഹായിച്ചും തരിശു സ്ഥലങ്ങളെ കൃഷിചെയ്തുനന്നാക്കിയും തോപ്പുകൾ വെച്ചപോലെ ആ ഗ്രാമക്കാരുടെ സ്ഥിതി നന്നാക്കാൻ ശ്രമിച്ചും സന്തകു പിന്നെയും പ്രയത്നം ചെയ്തുതുടങ്ങി. ഒടുക്കം സന്തകുവിന്റെ പ്രയത്നങ്ങൾ ഫലപ്രദങ്ങളായി കണ്ടുതുടങ്ങിയപ്പോൾ അയാളുടെ വിരോധികൾ ലജ്ജിക്കുകയും തന്റെ പൂൎവ്വദുഷ്ടതയെപ്പറ്റി പശ്ചാത്താപിക്കുകയും ചെയ്തു് പിന്നീടു ജനക്ഷേമത്തിന്നുവേണ്ടി വളരെ ശുഷ്കാന്തിയോടുകൂടി യത്നിക്കുകയും സന്തകുവിനു വേണ്ട ഒത്താശകൾ ചെയ്തുവരികയും ചെയ്തു.

V

ഉത്സവകാര്യം വക സ്വത്തുക്കൾ നന്നാക്കേണ്ടതിന്നു പണമൊന്നും സന്തകു വാങ്ങിയിരുന്നില്ലെന്നു മുമ്പു പ്രസ്താവിച്ചിട്ടുണ്ടല്ലോ. സന്തകു തന്റെ സ്വന്തം സ്വത്തുക്കൾ വിറ്റുകിട്ടിയ പണം അതിലേക്കായി ഉപയോഗിച്ചു. സ്വല്പംകൊണ്ടു തുടങ്ങി അതിങ്കലുള്ള സഹജമായ വൎദ്ധനശക്തികൊണ്ടുതന്നെ അതിനെ വൎദ്ധിപ്പിക്കുന്നതായ പണത്തെ നല്ല വഴിയെ അയാൾ അനുസരിച്ചു.

തന്റെ കീഴിലുള്ള ഗ്രാമങ്ങളിലെ ജനസംഖ്യ വൎദ്ധിപ്പിക്കാനായി അന്യദേശങ്ങളിൽനിന്നു് അയാൾ ആളുകളെ ക്ഷണിച്ചുവരുത്തി. ഈ പരദേശികളുടെ നേരെ അയാൾ വളരെ ദയകാണിച്ചു. തന്റെ സ്വന്തം കുട്ടികളേയും അന്യന്മാരേയും ഒരേ മാതിരി ദയയോടുകൂടി വിചാരിക്കുന്നതു് അത്ര ശരിയല്ലെന്നു ചിലർ ആക്ഷേപം പറഞ്ഞപ്പോൾ സന്തകു ഇങ്ങിനെ ഉത്തരം പറഞ്ഞു. 'മാതാപിതാക്കന്മാരും കുട്ടികളും തമ്മിൽ സഹജമായ ഒരു സ്നേഹബന്ധം ഉണ്ടു്. അന്യന്മാർ തമ്മിൽ അതില്ല. അതുകൊണ്ടു പുതുതായി വന്ന ഈ കൂട്ടർ ഇവിടെ സ്ഥിരമായി കുടിപാൎക്കുന്നതോ അല്ലെങ്കിൽ ഇവിടംവിട്ടു തിരിയെ പോകുന്നതോ നാം അവരുടെ നേരെ കാണിക്കുന്ന ദയയുടെ താരതമ്യംപോലെ ഇരിക്കുന്നതാണു്. എന്നു തന്നെയല്ല ഇവരുടെ ഇടയിൽ വളരെ പേർ അലഞ്ഞുനടക്കുന്നതിൽ മോഹമുള്ളവരാണു്. അവരെ ഇവിടെ സ്ഥിരമായി പാൎപ്പിക്കണമെങ്കിൽ നമ്മുടെ സ്വന്തം കുട്ടികളുടെ നേരെ നാം കാണിക്കുന്ന ദയയേക്കാൾ ഇരട്ടി ദയ നാം ഇവരുടെ നേരെ കാണിക്കണം.'

ഈ ഉത്തരത്തിൽ നിന്നു പുതുതായി വന്നവരുടെ നേരെ സന്തകുവിന്റെ ആചരണം എത്രത്തോളം നന്നായിരുന്നു എന്നു നമുക്കു ഗ്രഹിച്ചുകൂടുന്നതാണു്. അന്യന്മാരുടെ നേരെ ഇത്ര ദയയുണ്ടായിരുന്ന സന്തകുവിനു് ആ ഗ്രാമങ്ങളിലെ സ്വദേശികളുടെ നേരെ എത്ര അധികം ദയയുണ്ടായിരുന്നിരിക്കണം. തങ്ങളുടെ ദാരിദ്ര്യത്തി



ഒരു കാട്ടിലെ കാഴ്ച

ന്റെ ആധിക്യം നിമിത്തം ആരെങ്കിലും വീടുവിട്ടു പോരേണ്ടതായിവന്നാൽ സനതക അവൎക്കു വീടും നിലവും നെല്ലും വസ്ത്രവും കൃഷിക്കോപ്പുകളും കൊടുക്കുകയോ നികതി വിട്ടുകൊടുക്കുകയോ ചെയ്യും. എന്നുതന്നെയല്ല വീട്ടിലിരുന്നു പ്രവൃത്തി എടുത്തു് ഉപജീവനം കഴിപ്പാൻ വേണ്ടുന്ന സഹായങ്ങളെല്ലാം അയാൾ അവൎക്കു ചെയ്തു കൊടുത്തു.

എന്നാൽ ചിലരെ സംബന്ധിച്ചേടത്തോളം അവരെ അയാൾ എത്ര അധികം സഹായിച്ചുവോ അത്ര അധികം അവരുടെ ബുദ്ധിമുട്ടുകളും വൎദ്ധിച്ചുവന്നു. ദാരിദ്ര്യത്തിൽനിന്നു കരകയറുന്നതിനു പകരം അവർ അധികമധികമായ കഷ്ടതയിൽ അകപ്പെട്ടതേയുള്ളു. ഈ താഴ്ക്കാരുടെ സ്ഥിതിയെപ്പറ്റി സനതകവിന്നു വളരെ വ്യസനമുണ്ടായി. സനതക ഇങ്ങിനെ വിചാരിച്ചു: 'ഉണങ്ങിപ്പോയ മരങ്ങൾക്കു എത്രതന്നെ വളം ചേൎത്താലും അവ തളിൎക്കയില്ല. ഇളയ മരങ്ങളെ ശുശ്രൂഷ ചെയ്തു രക്ഷിച്ചാൽ അവ വളരെ വേഗത്തിൽ വളരുന്നതാണ്. ദുഷ്ടന്മാരുടെ അക്രമമായ നടപടികൾ ദിനംപ്രതി വൎദ്ധിച്ചുവരുന്നതിനാൽ അവരുടെ നാശം അടുത്തിരിക്കുന്നു. അവരുടെ ബുദ്ധിമുട്ടുകൾ തീൎത്തു് അവരെ സുഖികളാക്കിത്തീൎത്താൽ നാം അവരുടെ നാശം ദ്രുതിപ്പെടുത്തുകമാത്രമാണ് ചെയ്യുന്നതു. അങ്ങിനെ ചെയ്യുന്നതു യഥാൎത്ഥത്തിൽ ദ്രോഹമായി പരിണമിക്കുന്നതാണ്. ഉന്നദോഷം പാരാതെ കൊടുത്തു് ആദ്യം തന്നെ അവരുടെ മനസ്സിനെ നന്നാക്കുവാൻ കഴിയുകയും പിന്നെ അവർ തങ്ങളുടെ തെറ്റുകളെ ഓരോന്നായി ഉപേക്ഷിക്കുന്നതു നമുക്കു ബോദ്ധ്യപ്പെട്ടതിന്റെ ശേഷം നാം അവരെ സഹായിക്കുകയും ചെയ്താൽ ആ പുതിയ മരങ്ങൾക്കു വളം ഇടുന്നതുപോലെയും ദോഷരഹിതവും ശാശ്വതവുമായ ഉപകാരവും ആയിത്തീരുന്നതാണ്. എന്നാൽ എത്രതന്നെ നല്ല ഉപദേശം ചെയ്തിട്ടും തങ്ങളുടെ ചീത്ത നടവടികളെ ഉപേക്ഷിച്ചു മൎയ്യാദയ്ക്കു നടക്കാൻ ഒരുങ്ങാത്തവൎക്കു സഹായം ചെയ്തിട്ടു് ഒരു ഫലവും ഇല്ല. അവരുടെ നാശം പൂൎത്തിയാവുന്നതുവരെ നമുക്കു കാത്തിരിക്കാനേ തരമുള്ളു. അതിനുശേഷം അവരുടെ അവകാശിയായി ദായാദികളിൽനിന്നു നല്ലൊരുവനെ തിരഞ്ഞെടുക്കണം. ഇവർ പുതിയ വൃക്ഷങ്ങളെപ്പോലെ ആവുന്നതാണ്. ദയയാകുന്ന വളംകൊണ്ടു് ഇവരും നല്ല സ്ഥിതിയിലാവുമെന്നതിനു സംശയമില്ല.

ബുദ്ധിമുട്ടുള്ളവൎക്കു ധനസഹായം ചെയ്യുന്നതിനു മുമ്പായി സനതക അവരുടെ സ്വഭാവത്തെ നല്ലവണ്ണം ശോധിച്ചു മനസ്സിലാക്കി. അയാൾ ശുഷ്കാന്തിയോടുകൂടി അവൎക്കു നല്ല ഉപദേശം കൊടുത്തു. അതനുസരിച്ചു് അവർ നല്ലവഴിക്കു നടക്കാൻ തുടങ്ങിയാൽ അയാൾ അവൎക്കു സഹായം ചെയ്തുകൊടുക്കും. എന്നാൽ തങ്ങളുടെ ചീത്ത നടവടികളെ മാറ്റാൻ ശ്രമിക്കാത്തവൎക്കു എത്രതന്നെ ദാരിദ്ര്യം ഉണ്ടായിരുന്നാലും വേണ്ടില്ല അയാൾ ഒരു സഹായവും ചെയ്തില്ല.

സനതകവിന്റെ ഏൎപ്പാടായ ദയാപൂൎവ്വമായ ഭരണം ശരിയായി നടത്തി ആ ഗ്രാമങ്ങളെ സമൃദ്ധിയുള്ളതാക്കിത്തീൎക്കണമെങ്കിൽ എല്ലാ ദരിദ്രന്മാൎക്കും ഒരുപോലെ ധനസഹായം ചെയ്യേണ്ടതാണെന്നു് ഒഡാവരയിൽനിന്നു വന്ന ഉദ്യോഗസ്ഥന്മാർ ശഠിച്ചുപറഞ്ഞു. എന്നാൽ അൎഹതയില്ലാത്ത സാധുക്കളെ സഹായിക്കുന്നതുകൊണ്ടു ഗുണത്തേക്കാൾ അധികം ദോഷമാണു് ഉണ്ടാവുക എന്നു സനതക മറുപടി പറഞ്ഞു. ദീൎഘദൎശിയായ അയാളുടെ നീതിചാതുൎയ്യത്തെ മനസ്സിലാക്കാൻ കഴിയാത്ത ആ ഉദ്യോഗസ്ഥന്മാൎക്കു അയാളുടെ ചട്ടവട്ടങ്ങളെപ്പറ്റി ദിനംപ്രതി അതൃപ്തി വൎദ്ധിച്ചുവന്നു. സനതകവിന്റെ പ്രവൃത്തിമൂലം ഊരുകളിൽ സമൃദ്ധിയുണ്ടാവുന്നതിനു പകരം ദാരിദ്ര്യമാണു് അധികമായിത്തീരുന്നതെന്നു് അവർ പരക്കെ ഘോഷിച്ചു. താൽക്കാലികമായ ധനസഹാ

യം കിട്ടാത്തതുകൊണ്ടു ചില സാധുക്കൾക്കു അയാളുടെ നേരെ അതൃപ്തിയുണ്ടായി.

ഈ വൃത്തത്തിൽ സന്തക ഗ്രാമങ്ങളെ ബുദ്ധിമുട്ടിക്കുന്നു എന്നും മറ്റും പല കളവായ കാര്യങ്ങളും ചുമത്തി കൊണ്ടു പ്രഭുവിന്റെ ഉദ്യോഗസ്ഥന്മാരിൽ ചിലർ രാജധാനിയിലെ മേലധികാരിമാൎക്കു ഗൂഢമായി കത്തെഴുതയച്ചു. ഈ ദോഷാരോപണങ്ങളിൽ എത്രത്തോളം യഥാൎത്ഥമുണ്ടെന്നറിവാനായി പ്രഭു രാജധാനിയിലേക്കു വരുവാനായി സന്തകവിന്നു കല്പനകൊടുത്തു. അയാൾ ഉടനെ അവിടെചെന്നു പ്രഭുവിന്റെ ചോദ്യങ്ങൾക്കു ഇങ്ങിനെ മറുവടിപറഞ്ഞു. "സാക്ഷരാക്കിയിൽ പോയതിന്റെ ശേഷം എന്റെ ജോലി നല്ലവണ്ണം നടത്തി നാട്ടുകാൎക്കു ക്ഷേമം വരുത്തേണം എന്നു ഏകവിചാരത്തോടുകൂടി ഞാൻ എന്നാൽ കഴിയുന്നവണ്ണം ബുദ്ധിമുട്ടി പണി എടുത്തിട്ടുണ്ട്. എന്നെ ഏല്പിച്ചിരിക്കുന്ന ചുമതല മുഴുവനാവാതെ ഏതാണ്ടൊരു ഭാഗം മാത്രം കഴിഞ്ഞിരിക്കുന്ന ഈ വൃത്തത്തിൽ ഈ മാതിരി ദോഷാരോപണങ്ങൾ ചെയ്വാൻ അവരുടെ ആളുകൾക്കു തോന്നിയതു എന്റെ ഭാഗ്യദോഷം എന്നുമാത്രമല്ല അവരുടെയും കൂടി ദൗൎഭാഗ്യം എന്നേ പറവാനുള്ളു. മറ്റുള്ളവരെ കുറ്റപ്പെടുത്താനോ എന്റെ പ്രവൃത്തികൾ ദോഷരഹിതങ്ങളാണെന്നു സ്ഥാപിക്കാനോ ഞാൻ ആഗ്രഹിക്കുന്നില്ല. അതുകൊണ്ടു എന്നെ ഈ ജോലിയിൽനിന്നു ഒഴിവാക്കി എന്നെ കുറ്റംപറയുന്ന ആളുകളുടെ ഉദ്യോഗസ്ഥന്മാരെ എനിക്കുപകരം വെക്കാനായി ഞാൻ അപേക്ഷിക്കുന്നു. ഗ്രാമങ്ങളുടെ ക്ഷേമം ഒന്നുമാത്രമാണു എന്റെ പരമോദ്ദേശ്യം. അവരുടെ ആൾക്കാൎക്കു അതു ചെയ്വാൻ സാധിച്ചാൽ ഞാൻ ഏറ്റവും കൃതാൎത്ഥനായി."

ഈ ഉത്തരം കേട്ട ഉടനെ സന്തക ഏറ്റവും സ്വാമിഭക്തിയുള്ളവനാണെന്നും അയാളുടെമേൽ ചുമത്തപ്പെട്ട കാര്യങ്ങൾ കളവായിട്ടുള്ളതാണെന്നും പ്രഭുവിന്നു ബോദ്ധ്യമായി. തനിക്കുവേണ്ടി ഇത്രകഷ്ടം ബുദ്ധിമുട്ടി പണി എടുത്തതിന്നു അനുമോദം അയാളോടു നന്ദിപറഞ്ഞതു വീണ്ടും ഇങ്ങിനെ പറഞ്ഞു. "നിങ്ങളുടെ വിശ്വാസയോഗ്യതയെപ്പററി എനിക്കു ലേശം സംശയമില്ല. സാധാരണന്മാൎക്കു നിങ്ങളുടെ മഹത്തായ ആശയങ്ങളെ ധരിപ്പാൻ ശക്തിയില്ലാത്തതുകൊണ്ടു അവർ നിങ്ങളെ തെറ്റിദ്ധരിക്കയും നിങ്ങളുടെമേൽ കളവായ കാര്യങ്ങൾ ചുമത്തുകയും ചെയ്യുന്നു. അടിസ്ഥാനമില്ലാതെ നിങ്ങളെ കുറ്റപ്പെടുത്തിയതിന്നു ഞാൻ അവരെ ശിക്ഷിക്കും."

സന്തക പറഞ്ഞു:- എന്നാൽ അവർ ദുഷ്ടതയോടുകൂടി ഒന്നും പ്രവൃത്തിച്ചിട്ടില്ല. അവരുടെ ദൃഷ്ടിയിൽ ഈ ദോഷാരോപണങ്ങളൊന്നും കളവായിട്ടുള്ളതല്ല. എന്റെ ഏൎപ്പാടുകളെ നല്ലവണ്ണം ഗ്രഹിക്കാത്തതുകൊണ്ടു അവ ജനങ്ങൾക്കു ദോഷകരമായി പരിണമിച്ചെങ്കിലോ എന്നു അവൎക്കു വാസ്തവത്തിൽ ഭയമുണ്ടായി. എജമാനപ്രീതിയനുസരിച്ചു നടക്കണമെന്നു മാത്രമേ അവരും യഥാൎത്ഥത്തിൽ വിചാരിച്ചിട്ടുള്ളു. അതുകൊണ്ടാണു ഇപ്പോൾ ഞാൻ അവരെ കുറ്റപ്പെടുത്തി എന്റെ പ്രവൃത്തിയെ നീതീകരിപ്പാൻ തുനിയാത്തതു. അങ്ങ് അവരെ ശിക്ഷിച്ചാൽ അതിന്നു കാരണക്കാരൻ ഞാനായതുകൊണ്ടു എന്നെത്തന്നെ ഞാൻ നിന്ദിച്ചു ഞാൻ എന്റെ ജോലി രാജിവെക്കും. അവരെ ആശ്വസിപ്പിച്ചു ഉത്സാഹത്തോടുകൂടി പ്രവൃത്തി എടുക്കാൻ ഉത്സാഹിപ്പിച്ചാലും. അവർ ഇപ്പോഴത്തെ ജോലിയിൽ തന്നെ കുറെ വിശ്വാസവും കൂടി ഇരിക്കട്ടെ. എന്നാൽ എതിരാകാതെ അവൎക്കു എന്റെ ഉദ്ദേശങ്ങളെല്ലാം മനസ്സിലാക്കാൻ കഴിയും".

സന്തകവിന്റെ സ്വഭാവഗുണം കണ്ടു പ്രഭുവിന്നു വളരെ സന്തോഷം തോന്നി. പിന്നെ അയാളെ ദ്വേഷ്യം പറഞ്ഞവരുടെ നേരെ നോക്കി ഇങ്ങിനെ പറഞ്ഞു. 'അല്പബുദ്ധികളായ നിങ്ങൾക്കു നിസ്വാൎത്ഥിയുടെ അഗാധമായ ബുദ്ധിവൈഭവത്തെ എങ്ങിനെ ഗ്രഹിപ്പാൻ കഴിയും? അയാ

ളുടെ മേൽ കുറ്റം ചുമത്തിയതു തീരെ തെറ്റാണ്. അതിനു നിങ്ങൾക്കു നല്ല ശിക്ഷ തരേണ്ടതാണ്. എങ്കിലും നിരപരാധിയായ ഞങ്ങളുടെ മേൽ യാതൊരു കുറ്റവും ചുമത്താതെ നിങ്ങൾക്കു അനുകൂലമായിനിന്നു ഞങ്ങളുടെ പടിപ്പുരകളെല്ലാം പൂർത്തിയാകുന്നതുവരെ അയാളെ ഒന്നിച്ചു പ്രയത്നിക്കാൻ നിങ്ങളെ അനുവദിക്കണമെന്ന് അയാൾ ആവശ്യപ്പെട്ടതുകൊണ്ടു ഞാൻ ഇത്തവണ നിങ്ങൾക്കു മാപ്പുതരുന്നു. എന്നാൽ മേലിൽ നിങ്ങൾ ഈ മാതിരി പ്രവൃത്തിച്ചാൽ ഞാൻ നിങ്ങളെ കഠിനമായി ശിക്ഷിക്കാതിരിക്കയില്ല.'

ആ ഉദ്യോഗസ്ഥന്മാരും പേടിച്ചുവിറച്ചു. എന്നാൽ സന്തകവിന്റെ ഔദാര്യം കണ്ട് അവരുടെ മനസ്സിനു വളരെ ആർദ്രതയുണ്ടായി. അന്നുമുതൽക്ക് അവർ നിർവ്യാജമായി സന്തകവിനു വേണ്ട ഒത്താശകളെല്ലാം ചെയ്തുകൊടുത്തു.

VI

മുൻപ്രസ്താവിക്കപ്പെട്ട സംഭവം സന്തകവിനു വലിയ വ്യസനകാരണമായിത്തീർന്നു. അയാൾ ഇപ്രകാരം വിചാരിച്ചു. 'ഞാൻ ഈ ദിക്കിൽ വന്നിട്ടു കുറെ കാലമായി. ഈ ദിക്കുകാർക്കു സമാധാനവും ക്ഷേമവും വരുത്താൻവേണ്ടി ഞാൻ നിരന്തരമായി പ്രയത്നം ചെയ്തിട്ടുണ്ട്. കുടിലന്മാരായ ശത്രുക്കളുടെ കപടോപായങ്ങൾകൊണ്ട് എന്റെ ശ്രമങ്ങൾ ഫലിക്കുന്നില്ല. എന്നെ സഹായിക്കാൻവേണ്ടി അയക്കപ്പെട്ട ഉദ്യോഗസ്ഥന്മാരും കൂടി എന്നെ വിശ്വസിക്കാതെ എനിക്കു എതിരായി നിന്ന് എന്നെപ്പറ്റി ഓരോ ദൂഷ്യങ്ങൾ പ്രഭുവിനോടു പറയുന്നു. കാലക്രമത്തിൽ എന്റെ ചട്ടവട്ടങ്ങൾ ഗുണപ്രദങ്ങളായി കലാശിക്കുമെന്നുള്ളതിനു സംശയമില്ല. എങ്കിലും പ്രത്യക്ഷമായും പരോക്ഷമായും ഉള്ള വിരോധികളുടെ ആധിക്യംകൊണ്ട് എന്റെ ഉദ്യമം സഫലമാവാൻ എത്ര കാലം വേണ്ടിവരുമെന്നു പറവാൻ സാധിക്കുന്നതല്ല. എനിക്കു ഈ കാര്യം പൂർത്തിയാക്കാൻ സാധിക്കില്ലെന്നു സമ്മതിച്ച് എന്റെ പണി രാജി കൊടുക്കുന്നത് എത്ര എളുപ്പമാണ്. ഹാ കഷ്ടമേ! അതിനെ ചെയ്താൽ എന്റെ പ്രഭുവിന്റെ ആജ്ഞാലംഘനം ചെയ്തു ഞാൻ ഒരു വിശ്വാസഘാതകിയായിത്തീരുമല്ലോ. എനിക്കു വേണ്ടത്ര മനശ്ശുദ്ധിയും ഈശ്വരാധീനവും ഇല്ലാത്തതുകൊണ്ടാണ് ഈ സങ്കടങ്ങളെല്ലാം കാരണമെന്നു ഞാൻ ശങ്കിക്കുന്നു. യഥാർത്ഥമായ മനശ്ശുദ്ധിയും ദൈവാധീനവും ഉള്ളവന് ഒന്നും തന്നെ അസാധ്യമായിട്ടുള്ളതല്ല."

ഈ വിചാരത്തോടുകൂടി സന്തക അവിടെനിന്നു സമീപപ്രദേശത്തിലുള്ള ക്ഷേത്രത്തിൽ പോയി അവിടെ 21 ദിവസം ഉപവാസം ചെയ്തു ഭജിച്ചു. (വളരെ ആളുകൾ ഭജനത്തിന്നായി പോകുന്ന ഒരു പ്രസിദ്ധപ്പെട്ട ക്ഷേത്രമാണ് പ്രസ്തുതക്ഷേത്രം. ഭജനകാലം മുമ്പു 21 ദിവസമായിരുന്നത് ഇപ്പോൾ 7 ദിവസം മാത്രമേയുള്ളു.) തന്റെ പ്രഭുവിന്റെ മനോരഥം പൂർത്തിയാകുന്നതിനു ജനങ്ങൾക്കു ക്ഷേമം വരുത്തേണമെന്നു അയാൾ സദാ പ്രാർത്ഥിച്ചു. മനശ്ശുദ്ധി വരുത്താൻ വേണ്ടി അയാൾ ദിവസേന പല പ്രാവശ്യവും പച്ചവെള്ളത്തിൽ കുളിച്ചു രാപ്പകൽ ഒരുപോലെ പ്രാർത്ഥന ചെയ്തുകൊണ്ടിരുന്നു. അയാളുടെ നോമ്പ് അവസാനിക്കുന്നതായ 21-ാം ദിവസം അയാളുടെ നിഷ്കളങ്കത നിമിത്തം തന്റെ അനുഗ്രഹം സാധിക്കുമെന്നു സന്തകവിനു ദർശനമുണ്ടായി എന്ന് ഒരു ജനശ്രുതിയുണ്ട്. എന്നാൽ അതിനെപ്പറ്റി സന്തക ആരോടും ഒന്നും പറയുകയുണ്ടായിട്ടില്ല.

നോമ്പ് അവസാനിച്ച ദിവസം അയാൾ കാച്ചി കഞ്ഞി കുടിച്ചു പാരണ കഴിച്ചു. ഒരു ദിവസംകൊണ്ട് അയാൾ 50 നാഴിക ദൂരം നടന്നു സാക്കമോക്കിയിൽ മടങ്ങി എത്തി. ഈ അത്ഭുതപ്രവൃത്തി കണ്ട് എല്ലാവരും ആശ്ചര്യപ്പെട്ടു. "മൂന്ന് ആഴ്ചവട്ടം ശുദ്ധോപവാസം ചെയ്തതിന്റെ ശേഷം ഏറ്റവും ബലമുള്ള ഒരുവനുകൂടി

വളരെ കുറച്ചു ദൂരം മാത്രമേ നടക്കാൻ സാധിക്കയുള്ളൂ. പിന്നെ എങ്ങിനെയാണ് 50 നാഴിക നടക്കാൻ സാധിക്കുന്നത്? ഇതു തീൎച്ചയായും ഒരത്ഭുതകൃത്യമാണ് എന്നു ജനങ്ങൾ പറഞ്ഞുതുടങ്ങി. അന്നുമുതല്ക്കു സന്തക ഒരു അമാനുഷനാണെന്നു ജനബോദ്ധ്യം ഉണ്ടായി. അയാളുടെ കൂട്ടാളികളുടെ വിരോധവും ക്രമേണ കുറഞ്ഞുതുടങ്ങി. സന്തകവിനേയും അയാളുടെ ചട്ടവട്ടങ്ങളേയും കുറിച്ച് അവൎക്കു നല്ല അഭിപ്രായം തോന്നിത്തുടങ്ങി. അയാൾക്കു എതിരായി നില്ക്കാതെ അവർ കഴിയുന്ന ഒത്താശകളെല്ലാം ചെയ്തുകൊടുത്തതുകൊണ്ട് അയാളുടെ പരിഷ്കാരങ്ങൾ കോട്ടം വരാതെ അഭിവൃദ്ധിയെ പ്രാപിച്ചുതുടങ്ങി. ഒരുവൻ എത്രതന്നെ യോഗ്യനും സമൎത്ഥനുമായിരുന്നാലും ഈശ്വരാധീനം കൂടാതെ ഒരു കാൎയ്യവും അവനു സാധിക്കയില്ല എന്നുള്ളതിനു സന്തകവിന്റെ ഈ പ്രവൃത്തി ഒരു ഉദാഹരണമാണ്.

VII.

നൊവഗൊറിയിൽ സുമാർ 150 ഏക്കർ വിസ്തീൎണ്ണമുള്ള ഒരു കാടുണ്ടായിരുന്നു. 80 കൊല്ലത്തോളം അതിൽ യാതൊരു പ്രയത്നവും ചെയ്യാതിരുന്നതുകൊണ്ട് അതിനെ വെട്ടിത്തെളിയിക്കാൻ ആ ഗ്രാമക്കാൎക്കു സാധിച്ചില്ല. സന്തക മറ്റുള്ള ദിക്കുകളിൽനിന്നു കൂലിക്കാരെ വരുത്തി മൂന്നു മാസങ്ങൾകൊണ്ട് ആ കാടെല്ലാം വെട്ടിത്തെളിയിച്ചു. ആ കാലത്തു കൂലിക്കാർ എത്തുന്നതിനുമുമ്പായി സന്തക ദിവസേന രാവിലെ കാട്ടിൽ ചെല്ലും. പകൽ മുഴുവനും കൂലിക്കാരുടെ ഒപ്പം നിന്നു അവരവൎക്കുള്ള ജോലികളെ തിരിച്ചു കൊടുത്തു പണി എടുപ്പിക്കും. കൂലിക്കാരെല്ലാവരും പണി പിരിഞ്ഞു പോയ ശേഷം മാത്രമേ അയാൾ അവിടെനിന്നു തന്റെ വീട്ടിലേക്കു മടങ്ങുകയുള്ളൂ. അയാളുടെ മനോസാമൎത്ഥ്യവിശേഷം നിമിത്തം കൂലിക്കാരെല്ലാവരും അയാൾ വിചാരിച്ച മാതിരി പണി എടുത്തിരുന്നു. അയാളുടെ കീഴിൽ 50 കൂലിക്കാർ 100 കൂലിക്കാരുടെ പണി എടുക്കും. കാടെല്ലാം ഇത്ര വേഗം തെളിയിച്ചതു കണ്ട് എല്ലാവൎക്കും അത്ഭുതം തോന്നി. സന്തക താൻതന്നെ കൂലിക്കാരുടെ ഒപ്പം പണി എടുത്തതുകൊണ്ടും വേലക്കാരുടെ സ്വഭാവത്തെയും പ്രാപ്തിയേയും തന്റെ ബുദ്ധിശക്തികൊണ്ടു വിവേചനം ചെയ്തു സൂക്ഷ്മമായി ഗ്രഹിച്ച് ഏറവും മിടുക്കന്മാരെ ഏറവും ബാദ്ധ്യതയുള്ള ജോലികളിൽ ഏൎപ്പെടുത്തുകയും സാമൎത്ഥ്യം കുറഞ്ഞവരെ അവരുടെ ശേഷിക്കൊത്ത ജോലികളിൽ ഏൎപ്പെടുത്തുകയും ചെയ്തതുകൊണ്ടാണ് ഇത്ര വേഗം തരിശു നീക്കി കാടു തെളിയിക്കാൻ അയാൾക്കു സാധിച്ചത്. സന്തക പ്രയത്നശാലികളെ പ്രശംസിച്ചും മടിയന്മാരെ ഉപദേശിച്ചും തന്റെ ആൾക്കാരെ പ്രവൃത്തി എടുപ്പിച്ചിരുന്നതു വലിയ സേനാധിപന്മാർ തങ്ങളുടെ സൈന്യങ്ങളെ നയിക്കുന്നതുപോലെയായിരുന്നു എന്നു പറയപ്പെട്ടിരുന്നു.

ഒരു വേലക്കാരൻ തന്റെ കൂട്ടാളികളെക്കാൾ എത്രയോ അധികം പ്രയത്നം ചെയ്തിരുന്നു. അവന്റെ അതിപ്രയത്നംകൊണ്ട് അവന്റെ ദേഹം മുഴുവനും വിയൎത്തിരുന്നു. ഇവന്റെ അത്യദ്ധ്വാനം മൊവയിൽനിന്നു വന്ന ഒരു ഉദ്യോഗസ്ഥന്റെ ശ്രദ്ധയെ ആകൎഷിക്കുകയും അയാൾ അവന്റെ പ്രവൃത്തിയെ സന്തകവിന്റെ ദൃഷ്ടിയിൽ കൊണ്ടുവന്ന് അവനെ പ്രത്യേകം സമ്മാനിക്കേണ്ടതാണെന്നും അങ്ങിനെ ചെയ്ത് ഇവനെപ്പോലെ പ്രയത്നം ചെയ്വാൻ മറ്റുള്ളവരെയും ഉത്സാഹിപ്പിക്കേണ്ടതാണെന്നും സന്തകവിനോടു പറഞ്ഞു. സന്തക അവൻ പണി എടുക്കുന്ന സ്ഥലത്തു രണ്ടുമൂന്നു പ്രാവശ്യം പോയി അവന്റെ പണി നോക്കിക്കണ്ടിരുന്നു. എന്നാൽ സന്തക അവനോട് ഒരു നല്ല വാക്കെങ്കിലും പറയാത്തതിനാൽ ആ ഉദ്യോഗസ്ഥനു വളരെ ആശ്ചൎയ്യമുണ്ടായി. കുറെ നേരം കഴിഞ്ഞു സന്തക വീണ്ടും അവൻ പണി എടുത്തിരുന്ന സ്ഥലത്തുപോയി ക്രൂരതയോടുകൂടി അവനോട് ഇങ്ങിനെ പറഞ്ഞു:—

"എന്നെ വഞ്ചിക്കാൻ വേണ്ടി മാത്രമാണ് നീ ഇത്ര ബുദ്ധിമുട്ടി പണി എടുക്കുന്നത്. ഞാൻ അടുത്തുനില്ക്കുമ്പോൾ നീ മറ്റെല്ലാവരെക്കാൾ അധികം പണി എടുക്കുന്നു. എന്നാൽ ഞാൻ വേറെ ഒരു ദിക്കിൽ പോയാൽ നീ സ്വസ്ഥനായി നില്ക്കുന്നു. മനുഷ്യന്റെ ശക്തിക്ക് ഒരതിരുണ്ട്. നീ ഇപ്പോൾ അദ്ധ്വാനിക്കുന്നപോലെ ഇടവിടാതെ അദ്ധ്വാനിച്ചാൽ ഒരു ദിവസംകൊണ്ട് നിന്റെ കാര്യം കലാശിക്കുമല്ലോ. നിനക്ക് ദിവസം മുഴുവനും ഇതേമാതിരി പണി എടുക്കാനാകുമെങ്കിൽ ഞാൻ നിന്റെ അടുത്തുനിന്നു നീ പണി എടുക്കുന്നതു നോക്കിക്കൊണ്ടുനില്ക്കാം. ഞാൻ പറയുന്നതു ശരിയല്ലെന്നു നിനക്ക് എന്നെ ബോദ്ധ്യപ്പെടുത്താമോ?"

അവൻ സംഭ്രമാകുലനായി സനതകവിന്റെ കാല്ക്കൽ വീണു നമസ്കരിച്ചു. ഒരക്ഷരംപോലും ഉത്തരം പറവാൻ ശക്തനായില്ല." സനതക പിന്നേയും പറഞ്ഞു. "നിന്റെ കള്ളപ്പണി കണ്ടു മറ്റുള്ളവരും കള്ളപ്പണി ചെയ്വാൻ ഉത്സാഹിച്ചുതുടങ്ങും. എന്നെ വഞ്ചിക്കാൻ ശ്രമിക്കുന്നവരാരും എന്റെ കീഴിൽ പണി എടുക്കേണ്ട ആവശ്യമില്ല. ഒരു നിമിഷംപോലും നീ ഇവിടെ പണി എടുക്കേണ്ട. നീ പൊയ്ക്കോൾക." അവൻ തന്റെ അപരാധം ക്ഷമിക്കേണമെന്നും തന്റെ മേൽ ദയ വേണമെന്നും വളരെ താഴ്മയോടുകൂടി അപേക്ഷിച്ചതുകൊണ്ടു സനതക അവനു മാപ്പു കൊടുത്തു. സനതക ഒരു സൂക്ഷ്മഗ്രാഹിയാണെന്ന് ഈ സംഭവത്താൽ ജനങ്ങൾക്കു നല്ലപോലെ ബോദ്ധ്യം വന്നു.

60 വയസ്സായ വേറെ ഒരു വേലക്കാരൻ സനതകവിന്റെ കീഴിൽ പണി എടുത്തിരുന്നു. മുറിച്ചിട്ട മരങ്ങളുടെ കമ്പികളും വേരുകളും പുഴക്കിക്കളയുകയായിരുന്നു അവന്റെ ജോലി. അവൻ അനായാസം കൂടാതെ പണി എടുത്തിരുന്നു. പണി നിർത്തി കുറച്ചു വിശ്രമിക്കുന്നുമെന്ന് വല്ലവരും അവനെ നിർബ്ബന്ധിച്ചാൽ അവൻ പുഞ്ചിരിയോടുകൂടി ഇങ്ങിനെ ഉത്തരം പറയും. 'ചെറുപ്പക്കാർ ഇടക്കിടക്കു വിശ്രമിച്ചാലും അവർക്ക് ഒരു മുഴുവൻദിവസത്തെ പണി എടുക്കാൻ സാധിക്കുന്നതാണ്. എന്നാൽ എന്റെ വാർദ്ധക്യംകൊണ്ട് എനിക്കു ശക്തി കുറഞ്ഞിരിക്കുന്നതിനാൽ ഞാൻ ഇടക്കിടക്കു വിശ്രമിക്കുന്നതായാൽ എന്റെ ജോലി ഒരിക്കലും കലാശിക്കുന്നതല്ല.'

മറ്റുള്ള വേലക്കാർ എടുത്തിരുന്ന വേലയുടെ മൂന്നിൽ ഒരു ഭാഗം മാത്രമേ ഈ കിഴവൻ പണി എടുത്തിരുന്നുള്ളു എന്നും അധികം ബുദ്ധിമുട്ടുള്ള പണി എടുക്കാൻ മടിച്ചിട്ടാണ് അവൻ വേരുകൾ പുഴക്കി സമയം കളഞ്ഞിരുന്നത് എന്നും അവന്റെ പ്രവൃത്തി നോക്കി നിന്നിരുന്ന ഒരു ഉദ്യോഗസ്ഥനു തോന്നി. ഒന്നിനും കൊള്ളരുതാത്ത ഈ കിഴവനെ എന്തിനാണ് നിർത്തിയിരിക്കുന്നത് എന്നതിനെപ്പറ്റി ആ ഉദ്യോഗസ്ഥൻ ആശ്ചര്യപ്പെടുകയും സനതകവിനു വന്ന ഈ ഒരു തെറ്റിനെപ്പറ്റി അവൻ ഗൂഢമായി സനതകവിനെ അപഹസിക്കുകയും ചെയ്തു. ഒടുവിൽ പണി എല്ലാം അവസാനിക്കുകയും കാടു തെളിയുകയും ചെയ്തു. സനതക എല്ലാവരോടും നന്ദി പറഞ്ഞു പുറംദിക്കുകളിൽനിന്നു വരുത്തിയ കൂലിക്കാരെ മടക്കി അയച്ചു. എന്നാൽ ഈ കിഴവനോടു സനതക തന്റെ കച്ചേരിയിലേക്കു വരാൻ പറഞ്ഞു. അവന്റെ ദിക്ക് ഏതാണെന്നു സനതക അവനോടു ചോദിച്ചു.

അവൻ ഉത്തരം പറഞ്ഞു. "ഞാൻ കസമാ എന്ന ദിക്കിലെ ഒരു കൃഷിക്കാരനാണ്. എന്റെ കുടുംബം വളരെ ദാരിദ്ര്യസ്ഥിതിയിലുള്ളതാണ്. എനിക്കു പ്രാപ്തിയായ ഒരു മകനുണ്ട്. നിങ്ങൾക്കു കൂലിക്കാർ ആവശ്യമുണ്ടെന്നു കേട്ടു കൃഷികാര്യമെല്ലാം മകനെ ഏല്പിച്ച്, അല്പവൃത്തി വല്ലതും സമ്പാദിക്കാൻ വേണ്ടി ഞാൻ ഇവിടേക്കു വന്നതാണ്. ഞാൻ കിഴവനും ബലഹീനനും ആയതുകൊണ്ടു നിങ്ങൾ എന്നെ പറഞ്ഞയക്കുന്നതിനുപകരം നല്ല ശേഷിയുള്ളവർക്കു കൊടുക്കുന്ന കൂലി തന്നെ എനിക്കും

തന്ന് എന്നെ പണിക്ക കൂട്ടിയതിൽ നിങ്ങൾ എന്റെ നേരെ വലുതായ ദയ കാണിച്ചിരിക്കുന്നു."

പിന്നെ സന്തകപന്ത്രണ്ടു പൊന്നുറുപ്പികകൾ എടുത്ത് അവൻ മററുള്ള വേലക്കാരേക്കാൾ അധികം ശുഷ്കാന്തിയോടുകൂടി പണി എടുത്തതിനുള്ള സമ്മാനമാണെന്നു പറഞ്ഞ് അയാൾ ആ കിഴവനു കൊടുത്തു. അത്യാശ്ചര്യത്തോടും ബഹുമാനത്തോടുംകൂടി അവൻ ആ പണം വാങ്ങി. എന്നാൽ ഉടനെതന്നെ അതു മടക്കിക്കൊടുത്ത് അവൻ ഇപ്രകാരം പറഞ്ഞു-

"നിങ്ങൾ എന്റെ നേരെ അതിയായ ദയ കാണിച്ചിരിക്കുന്നു. ഞാൻ നിശ്ചയമായും ഈ സമ്മാനത്തിന് അർഹനല്ല. സാധാരണയായി ഒരു നല്ല വേലക്കാരൻ ഒരു ദിവസം എടുക്കുന്ന പണി ദുർബ്ബലനായ എന്നെക്കൊണ്ടു ചെയ്യാൻ കഴിഞ്ഞിട്ടില്ല. എന്നിട്ടും നിങ്ങൾ എനിക്ക മുഴുവൻകൂലി തന്നിരുന്നു എന്നു ഞാൻ മുമ്പു പറഞ്ഞിട്ടുണ്ടല്ലോ. എനിക്ക ന്യായമായി കിട്ടാവുന്നതിലധികം കൂലി തന്നിട്ടും നിങ്ങൾ ഇപ്പോൾ ഈ വലിയ സമ്മാനം എനിക്ക വെറുതെ തരുന്നു. അത് ഒരുവിധത്തിലും എനിക്ക വാങ്ങാൻ പാടുള്ളതല്ല."

കെ. കാരുണ്ണിനായർ ബി. എ. ബി. എൽ.

ബൃഹത്സംഹിത.

ഒന്നാം അദ്ധ്യായം.

ബൃഹത്സംഹിതയെന്ന് ഭാഷാ-
യാക്ഷരമെന്നുള്ളുന്നാളണം
കദംബയും ഭാരതിയും
'ശക്രസേവ്യാർഗജാസ്യന്മാർ'.

ഉദകിയ പൊന്നതിർകതിർനിര-
യോടായിരമുടയഹരിപാദമണ്ണം
ഉലകുകളുവാക്കും സവിതാ-
വഖിലാത്മാവാരാവുജ്ജയിച്ചീടുന്നു. 1

അതിമുനിമൊട്ടോതിയ
വിപുലതരഗ്രന്ഥമായതിന്നർത്ഥം
നോക്കിയതൊളുതിനാൽതി-
ലഘുതരമാവണ്ണം വിട്ടുതെളിവായി 2

'പഴയതുമുനിമൊഴിന്നിതു'
'നന്നല്ലിതുമനുഷ്യവാക്യ'മെന്നേവം
പൊയ്യരുതൊത്താൽ വർണ്ണത്തിൻ
വ്യത്യാസാൽഭേദമെന്നുമന്ത്രത്തിൽ. 3

'അഗ്നുമദേവനീസുതനുടെ
വാസര'മെന്നായ് ജയമെനിച്ചൊന്നാലും
'കജരിന്നനിഷ്ട'മെന്നായ
നരരോതുകിലുംവിശേഷമെന്തിവിടെ? 4

ഗ്രഹമാലികളുത്തീർത്തരഹോ-
ഗ്രഹങ്ങളെനോക്കിഞാൻക്രമത്താലേ,
തെളിവൊടുതീർക്കുന്നേനിതു
ചെറുതായുത്സാഹമുണ്ടിനിക്കതിനാൽ 5

ഇതുളായിതന്നപോലിതു
ജലത്തിലന്നുനല്ലവിശേഷകരൻ
തെജസഹൈമസപർള്ള-
ശകലീണധനത്തിൽത്തിനാശചന്ദ്രാക്കൻ. 6

ദ്രവ്യാദികളുലകിൻവേ-
രെന്നുകണാദൻ,പ്രധാനമിതികപിലൻ
ചിലർകാലമെന്നുചൊന്നാർ,
സ്വഭാവമെന്നന്യർ,കാർമ്മമെന്നാപരർ. 7

അതിവിസ്താരമേതിൎയ്യി-
പ്രസംഗവാദാൎത്ഥനിൎണ്ണയംകഠിനം
ജ്യോതിശ്ശാസ്ത്രാംഗങ്ങളെ-
യല്ലേതാനിവിടെനിൎണ്ണയിച്ചതു. 8

ജ്യോതിശ്ശാസ്ത്രമനേകഭേദവിഷയം
സ്കന്ധത്രയത്തിൽ
ചൊല്ലുംസംഹിതയെന്നതൊന്നതിലൊരു ച-
ച്ചുന്നാലതിൻഭേദമാ
ഇശ്ശാസ്ത്രഗ്രഹചാരസംഗണിതമാം
'തന്ത്ര'ത്ര്യവും,'ഹോര'യാ-
യിട്ടുംജാതകവുംവെടുന്നിതപരം
'ശാഖാ'ത്രയാംസ്കന്ധവും. 9

വക്രാനുവക്രാദികളും'പഞ്ചാ-
സിദ്ധാന്തികാ'ഖ്യേകരണേകഥിച്ചേൻ
യാത്രാവിവാഹങ്ങളോടൊത്തുമെന്നും
സവിസ്തരംഹോരയിൽഞാനുരച്ചേൻ. 10

സപ്രശ്നവയോഗഗ്രഹസംഭവജ്ഞാ-
പ്രശ്നപ്രതിപ്രശ്നകഥാദിയേയും
നിസ്സാരവുംവിട്ടുമസാരമുള്ള
സത്യാത്മമോതുന്നസമസ്തവുംഞാൻ. 11

ഇങ്ങിനെ ബൃഹത്സംഹിതയിൽ
ഉപനയനം' എന്ന ഒന്നാമദ്ധ്യായം.

അനന്തരം 'സാംവത്സരസൂത്രം' എന്ന
രണ്ടാമദ്ധ്യായം.

ജ്യോതിശ്ശാസ്ത്രജ്ഞനാംമൎത്ത്യൻ
സൽകുലത്തിൽപിറന്നവൻ
കാഴ്ചയിൽനന്നലോകൎക്കും-
ക്കേറാവുംപ്രിയനായവൻ. 1

ശത്രുമിത്രസമൻസത്യ-
വാക്കസൂയവെടിഞ്ഞവൻ
ചനിതവേഷൻഗംഭീരോ-
ദാത്തഘോഷൻസുദേഹവാൻ. 2

നാനാവിശ്ലൻസമാംസമൊത്തു
മുള്ളസന്ധികളുംപൂണ്ടവൻ
താനംഗങ്ങളിലൊന്നിനും
വൈകല്യമണയാത്തവൻ. 3

കൈകാൽനഖങ്ങളും,കൺ,താടി,
തല,കണ്ണങ്ങളും,പല്ലുകൾ,
നൊറിയെന്നുള്ളിവയെല്ലാ
മേറാമംഗികലന്നവൻ

"ക്രൂസിതാകൃതിയോഷാഢ്യാൻ
ഗ്ഗുണവാൻശോഭനാകൃതി
എവമല്പോക്തമിതിനെ
സാമുദ്രജ്ഞയറിഞ്ഞവർ." 4

സഭയിൽധൈൎയ്യമുള്ളൊന്നു
നന്നായിപ്പറയുന്നവൻ
ബോധ്യാത്മതസംശുദ്ധി
പൂണ്ടവൻപ്രതിഭാനവാൻ. 5

സമസ്തനല്ലശാസ്ത്ര-
ത്തിംഗിതജ്ഞാനമുള്ളവൻ
സാത്വികൻദേശകാലജ്ഞൻ
ദേവപൂജനതൽപരൻ. 6

സദാചാരികളാൽമാന്യ-
നുപവാസവ്രതോദ്യതൻ
സ്ത്രീസേവ,ചൂതെന്നിത്യാദി
വ്യസനങ്ങളാൽവെടിഞ്ഞവൻ. 7

അഭിചാരസ്നാനവിദ്യാ
ശാന്തിപൌഷ്ടികകോവിദൻ
ഉല്പാതശാന്തിവിജ്ഞന്യം
ചോദിച്ചാൽപറയുന്നവൻ. 8

കാലബോധകദണ്ഡാദി
യന്ത്രംതീൎത്തുംയഥാവിധി
ഗ്രഹണംഗ്രഹയുദ്ധാദി
ഫലമോരോന്നുചൊല്ലിയും. 9

നാട്ടിലുള്ളതുമുണ്ടാക്കി-
ത്തനാമംശംവളൎത്തവൻ

അനേകസംഹിതാ,ഹോരാ
ഗണിതഗ്രന്ഥബോധവാൻ. 10

ബ്രാഹ്മ,പൌലിശ,വാസിഷ്ഠ,
സൌര,രോമക,മെന്നിവ
സിദ്ധാന്തങ്ങളെനന്നായി-
ട്ടൻപുംബോധിച്ചിരിപ്പവൻ. 11

കാലഭാഗങ്ങളായീടും
യുഗവർഷായനങ്ങളും
ഋതുമാസങ്ങൾപക്ഷങ്ങ-
ളഹോരാത്രങ്ങളും പുനഃ. 12

യാമം,മുഹൂർത്തവും,പിന്നെ
നാഴികാ ച വിനാഴികാ
പ്രാണ,ത്രുടി,ത്രുട്യംശങ്ങ-
ളിവയുംതിരിയുന്നവൻ. 13

വിലിപ്താദികളുംഗങ്ങ-
ളൊക്കംക്ഷേത്രമറിഞ്ഞവൻ
സൌരസാവനനാക്ഷത്ര
ചാന്ദ്രമാസങ്ങൾനാലിനും 14

അധിമാസാ,വമോൽപത്തി
തൻമൂലവുമറിഞ്ഞവൻ
യുഗവർഷങ്ങൾമാസങ്ങൾ
ദിനഹോരകളെന്നിവ, 15

കാക്കനാഥർ,ഷഷ്ടിവർഷ
മെന്നിവറ്റിൻതുടക്കവും
സമാപ്തിയുംതെറ്റുകൂടാ-
തെല്ലാംനന്നായറിഞ്ഞവൻ. 16

സൌരാദിമാസങ്ങൾക്കുള്ള
സംക്രാസംക്രതത്വവും
യോഗ്യായോഗ്യതത്വവുംനന്നാ-
യ്പ്രതിപാദിക്കുവാൻപടു 17

സിദ്ധാന്തഭേദംചിലതു-
ണ്ടെന്നാലുമയനാവധൌ
സമമണ്ഡലമൌപാസ-
ന്ത്യയോഗാദ്യുദിതാംശകം. 18

പ്രത്യക്ഷമായിച്ഛായാംബു-
യന്ത്രദ്യുന്നതങ്ങളാൽ
നന്നായൊപ്പിച്ചുകാണിപ്പാ-
നേറവുംവമ്പിയന്നവൻ. 19

സ്ഫുടാദികംഖേചരന്മാ-
രയനാംശക്ഷിനോന്നതം
ശീഘ്രമന്ദംനീചമുച്ച-
മിവറ്റിൻഹേതുകണ്ടവൻ. 20

സ്പഷ്ടേന്ദുഗ്രഹണത്തിങ്കൽ
സ്പർശവുംമോക്ഷവുംതഥാ
ദിക്പ്രമാണസ്ഥിതികളും
വിമർദ്ദംവർണ്ണമേവവും. 21

താരാഗ്രഹങ്ങൾതൻയുദ്ധം
സമാഗമങ്ങളെന്നതും
ഭൂമിയിൽ തങ്ങളൊന്നായ്വരച്ചീടാൻ
വമ്പുപാടവംകലർന്നവൻ. 22

ഗ്രഹങ്ങൾക്കൊക്കെവെവ്വേറെ
യുണ്ടാംഭ്രമണയോജനം
കക്ഷ്യാഖ്യായോജനാളിതിൻ
പ്രമാണമറിയുന്നവൻ. 23

ഭൂഗണഭ്രമണകസം-
സ്ഥാനാദ്യക്ഷാവലംബകാദികളതിൻ
ദിവസവ്യാസം, ചരദല-
കാലംരാശ്യുദയമെന്നിവയും. 24

ഛായാനാഡീകരണ-
പ്രഭൃതികൾനക്ഷത്രകാലകരണങ്ങൾ
ഇവയറിവോർപലരാചാര്യ-
പ്രഗല്ഭപ്രകടീകൃതോക്തിമതിസാരൻ. 25

പൊന്നുവരുത്തുരച്ചും
മെച്ചംകാണിച്ചീടുന്ന വർണ്ണംതാൻ.

ശാസ്ത്രസ്യവിമലതകൊണ്ട്
നന്നായ്‌ച്ചൊല്ലുന്നവൻസ്വതന്ത്രജ്ഞൻ. 26

(വിദ്യാന്തരങ്ങളിലെന്ന പാഠത്തിട്ടുണ്ട്.)

"ശാസ്ത്രാർത്ഥമറിഞ്ഞോതാ
ചോദ്യത്തിന്നുചൊല്ലിടാസമാധാനം
ചെയ്യും പ്രശിഷ്യപാഠവു-
മവനെങ്ങിനെശാസ്ത്രവിത്താകും?" 27

"ഗ്രന്ഥാർത്ഥവുംഗണിതവും
യഥാർത്ഥമല്ലാതെയാക്കിടുംമൂഢർ
മുത്തച്ഛന്മാർതൻമുമ്പതി-
ലജ്ജയെച്ചെയ്യുന്നതുമാത്രമാകും." 28

"ഹോരാർത്ഥവുംഗണിതവും
മായാജാലയന്ത്രസംപ്രയോഗത്താൽ
ലഘുവായറിഞ്ഞവർതൻ
വാക്കൊരുനാളുംവിഫലമാകാ." 29

(ആർത്ഥവിജ്ഞാനപൂർവ്വം പാഠത്തിട്ടുണ്ട്.)

"ലോകപാലന്മാർപവനാവേശപാശാദ്യാദി-
വിന്യാസമറിയലുംകടലുംകടകം (ജ്ഞൻ
ഇച്ചൊന്നകാലപുരുഷാവ്യക്തമൊന്നുമെന്നു
സഞ്ചാരത്തിനാലുള്ളവിധിച്ചവർകൾകടകം.")

ഹോരാശാസ്ത്രരാശിഹോരാ-
ദ്രേക്കാണങ്ങൾനവാംശകം
ദ്വാദശത്രിംശാംശങ്ങ-
ളുവാദിതൻബലാബലം. 31

ഗ്രഹങ്ങൾക്കുള്ളദിക്സ്ഥാന
കാലചേഷ്ടകളാലിഹ
നാനാപ്രകാരമായിട്ടം
ബലാബലനിരൂപണം. 32

വാതകഫാദിപ്രകൃതികൾ
ധാതുദ്രവ്യങ്ങൾജാതിചേഷ്ടാദി
ഇവതൻപരിഗ്രഹമതു
ഗർഭാധാനം പ്രസവകാലം. 33

വിസ്മയകരമുളവാക്കുന്ന-
കഥനംസദ്യോജാതിപ്രമാദിച്ചും
ആയുർദ്ദായദശാന്ത-
ർദ്ദശാഷ്ടവർഗ്ഗങ്ങൾരാജയോഗങ്ങൾ. 34

ചന്ദ്രയോഗദ്വിഗ്രഹാദി
യോഗങ്ങൾപലമാതിരി
നാഭസാദികയോഗങ്ങൾ
ഇവയുള്ളഫലങ്ങളും. 35

ആശ്രയംശാവമാലോകം
നിർയ്യാണംഗമനംപുനഃ
ജന്മാന്തരകാലപ്രശ്ന
ശുഭാശുഭനിമിത്തകം. 36

വിവാഹംമുതലായുള്ള
കർമ്മങ്ങളുടെയഥോചിതം
നടത്തിടേണ്ടുംക്രമവും
കാണിക്കുന്നയഥാവിധി. 37

തിഥിവാരങ്ങൾകരണം
നക്ഷത്രങ്ങളിതൊക്കെയും
മുഹൂർത്തലഗ്നയോഗാംശ-
സ്വപ്നസംപാപ്പങ്ങളുംതഥാ. 38

ജയസ്നാനംഗ്രഹഗണ-
ശുദ്ധപാവകലക്ഷണം
ഹസ്തിശേഷംഗിതസേനാവാക്-
ചേഷ്ടിതംമുതലായതും. 39

ഗ്രഹദേവശാലുള്ള
ഷാഡ്ഗുണ്യോപായഭേദവും
മംഗലാമംഗലദ്രവ്യ-
സംഖ്യാവുംശകുനങ്ങളും. 40

സേനാനിവേശത്തിനുള്ള
നിലംജലനയുന്നവും
യഥാകാലമന്ത്രിയന്ത്ര-
ടവികാദിപ്രയോഗവും. 41

പരദുർഗ്ഗംപിടിച്ചീടാ-
നുപായങ്ങളനേകവും
പറഞ്ഞിട്ടുണ്ടുസാദ്ധ്യായം
പണ്ടുള്ളോർചൊന്നരീതിയിൽ 42

മതിയതിലെഗതിയവിധവും
ലോകംതന്നിൽപരത്തിയതുവിധവും
ഉള്ളിൽപകർന്നവിധവും
ശാസ്ത്രമെഴുംമർത്ത്യനോതിയാലൊക്കം.

സംഹിതാശാസ്ത്രപാഥോധി-
പാരംതന്നിലണഞ്ഞവൻ
പൂർവ്വകർമ്മഫലംസർവ്വം
ചിന്തിപ്പാൻപടുവായവൻ. 44

സ്കന്ധത്രയത്തിലൊന്നാം
സംഹിതാശാസ്ത്രമായതിൽ
സൂർയ്യാദികളുപർയ്യന്ത-
ഗ്രഹചാരഫലങ്ങളും. 45

ചാരങ്ങളിൽഗ്രഹങ്ങൾക്കു
ചേരുംപ്രകൃതിയെന്നതും
രോരോവികൃതിയുംബിംബ-
മാനവുംവർണ്ണഭേദവും. 46

കിരണദ്യുതിസംസ്ഥാനാ-
സ്തമനാദ്യുദയങ്ങളും
ദക്ഷിണോത്തരമദ്ധ്യാദ്ധ്വ-
മാർഗ്ഗമാർഗ്ഗാന്തരങ്ങളും. 47

വക്രാനുവക്രനക്ഷത്ര-
ഗ്രഹസംയോഗചാരവും
മറ്റുള്ളവകളുംകൊണ്ടു
ഭവിപ്പുന്നഫലങ്ങളും. 48

ഇരിപത്തെഴുനാൾക്കൂടി
കൂർമ്മാകാരേണനിൽക്കയാൽ
ദേശംതോറുംഭാരതത്തി-
ലുണ്ടാമോരോഫലങ്ങളും. 49

അഗസ്ത്യസപ്തർഷിമാരെ-
ഗ്രഹകേതുകളുംതഥാ
നക്ഷത്രവ്യൂഹവുംതാരാ-
ഗ്രഹശൃംഗാടകാദിയും. 50

ഗ്രഹയോധനവുംചന്ദ്ര-
ഗ്രഹസംയോഗമെന്നതും
ഗ്രഹവർഷാധിപത്യാദി-
കൊണ്ടുണ്ടാംഫലമായതും. 51

വർഷകാലമറിഞ്ഞീടാൻ
ഗർഭലക്ഷണവുംപുനഃ
രോഹിണീസ്വാതിപൂരാട-
മിവയോടിന്ദുയോഗവും. 52

സദ്യോവർഷണചിഹ്നാപ്പ-
വള്ളികൾക്കുള്ളലക്ഷണം
പ്രതിസൂർയ്യന്റെചിഹ്ന-
മെന്നുള്ളിവകളുംപുനഃ. 53

പരിവേഷത്തിന്റെചിഹ്നം
പരിധിയിലുള്ളലക്ഷണം
വായുചിഹ്നംകൊള്ളിമീന്റെ
ചിഹ്നംദിഗ്ദാഹലക്ഷണം. 54

ഭൂകമ്പലക്ഷണംസന്ധ്യാ-
രാഗാദമിവയൊക്കെയും
ഗന്ധർവ്വനഗരത്തിന്റെ
ലക്ഷണംപാംസുലക്ഷണം. 55

നിർഘാതചിഹ്നവുംപിന്നെ
ക്രമത്തിന്നർഘകാണ്ഡവും
ഇന്ദ്രധ്വജേന്ദ്രചാപങ്ങൾ-
ക്കുള്ളോരോലക്ഷണങ്ങളും. 57

വാസ്തുവിദ്യയുമംഗത്തിൻ
വിദ്യയുംകാകവിദ്യയും
അന്തരാഖ്യമതാംചക്രം
മൃഗചക്രവുമങ്ങിനെ. 57

ശ്വചക്രമെന്നതുംപിന്നെ
വായുചക്രങ്ങളുംതഥാ
പ്രാസാദദേവപ്രതിമാ-
ലക്ഷണത്തിൽപ്രതിഷ്ഠയും. 58

വൃക്ഷായുർവ്വേദവുംവെള്ളം
കിട്ടുവാനുള്ളുപായവും
നീരാജനാഖ്യക്രിയയും
ഖഞ്ജനത്തിന്റെ ചിഹ്നവും. 59

ദിവ്യാദിത്രിവിധോല്പാത-
ശമനത്തിൻപ്രകാരവും
മയൂരചിത്രകം പുഷ്യ-
സ്നാനം വാളിന്റെലക്ഷണം. 60

ഭൂപാലമകുടാദിക്കു
ചേരും ചിഹ്നമതൊക്കെയും
കോഴിയോടാമപശ്വാവും-
മാട്ടും കുതിരയാനയും. 61

ഇവതൻലക്ഷണം പുംസ്ത്രീ
ലക്ഷണങ്ങളതൊക്കെയും
അന്തഃപുരത്തിന്റെചിന്താ
പിടകാലക്ഷണം തഥാ. 62

ഉപാനദ്വസനച്ഛേദ-
ഫലം ചാമരലക്ഷണം
ദണ്ഡശയ്യാസനങ്ങൾക്ക
ചേരും വിവിധലക്ഷണം. 63

വജ്രാദിരത്നജാതത്തിൻ
പരീക്ഷാദീപലക്ഷണം
ദന്തകാഷ്ഠാദികൊണ്ടുണ്ടാം
ഫലമെന്നിവ സർവ്വവും. 64

സാമാന്യമായ്ഖഗത്തിന്നു-
മോരോരുതൽക്കാരാവും
വിശേഷിച്ചുവരീടുന്നു-
മുണ്ടാവുന്നതതൊക്കെയും. 65

അന്യകർമ്മങ്ങൾകൈവിട്ടും
താല്പര്യത്തോടുകൂടിയും
പ്രതിക്ഷണം മനം വെച്ചു
ദൈവജ്ഞർ പാർത്തുകൊള്ളണം. 66

രാവും പകലുമുണ്ടാകും
നിമിത്തങ്ങളെയൊക്കെയും
അറിവാനൊരുവൻതന്നെ
ഇനിയൊന്നാൽകഴിഞ്ഞിടാ. 67

അതിനാൽമനവാർന്നനായ്
ഒരിക്കൽശ്ശ്യാന്യാസതതൻ
സഹായത്തിന്നുദൈവജ്ഞ-
ന്മാരെനാൽവരെയാക്കണം. 68

നാലാമവരിൽവച്ചേക-
നിന്ദ്രാഗ്ന്യാശകൾനോക്കണം
തെക്കും നിരൃതിതൻദിക്കും
നോക്കണമപരൻ സദാ. 69

പടിഞ്ഞാറും വായുകോണും
മൂന്നാമൻനോക്കിനില്ക്കണം.
വടക്കുമീശാനകോണും
നോക്കണം പിന്നെയുള്ളവൻ. 70

ഏവരെല്ലാരുമോർസൂക്ഷ്മ-
സൂക്ഷ്മമായ്ത്താൻനോക്കിടുകിലോ
ഉൽക്കാദിദിവ്യപാതാന്ത-
ഭൗമങ്ങളറിയാമുടൻ. 71

വർണ്ണസ്നിഗ്ദ്ധപ്രമാണാകാ-
രാദികൊണ്ടുമപശ്ശേഷം
ഗ്രഹതാരോപരാഗാദി-
കൊണ്ടുമുണ്ടായിടും ഫലം. 72

(ഗർഗ്ഗമഹർഷിയും പറഞ്ഞിട്ടുണ്ട്)

"സർവ്വോപാംഗാംഗഗണിത-
ഹോരാതന്ത്രങ്ങളൊപ്പവും
പൂജിക്കാത്തൊരുഭൂപാലൻ
നഷ്ടനായിവരും ധ്രുവം. 73

എല്ലാംവിട്ടനഘനാരം
കാട്ടിൽവാഴും മുനീന്ദ്രരും
ജ്യോതിസ്തത്വജ്ഞനോടായി
ച്ചോദിക്കുന്നു ശുഭാശുഭം. 74

ആദിത്യനില്ലാത്തനഭസ്സുപോലെയും
പ്രദീപമില്ലാതെയൊരാത്രിപോലെയും
ദൈവജ്ഞനില്ലാത്തനൃപശ്രീയും
മാർഗ്ഗത്തിലെല്ലാംകുരുടൻകണക്കെ. 57

ദുർമ്മന്ത്രതിഥിനക്ഷത്രാ-
യനത്വംപാദികളൊക്കെയും
ദൈവജ്ഞനില്ലെന്നുവെച്ചാൽ
തകരാറായ്ഭവിച്ചിടും. 76

അതുകൊണ്ടരികിൽപാർപ്പി-
ച്ചീടണംദൈവജ്ഞവര്യരെ
ജയശ്രീകീർത്തിഭോഗാദി-
ശ്രേയസ്സിച്ഛിച്ചിടുംനൃപർ. 77

ജ്യോതിഷ്യനില്ലാത്തദേശത്തു
ഭൂതികാമൻവസിക്കൊലാ
കണ്ണാകുമിവനില്ലാട-
ത്തന്ധകാരാപാരമാകുമേ. 78

നരകത്തിൽപതിച്ചീടാ
ജ്യോതിശ്ശാസ്ത്രംപഠിച്ചവൻ
ദൈവജ്ഞനവമിച്ചീടും
ബ്രഹ്മലോകപ്രതിഷ്ഠയും. 79

ഉഗ്രനാമാത്മജൻമാരുട-
നാദിത്തീടുന്നരുന്ധൻ
പൂജ്യൻശ്രാദ്ധാഗ്രഭക്തൃത്ഥ-
നഗ്ഗുണംപെട്ടിപാവനൻ. 80

മ്ലേച്ഛന്മാർയവനാ-
ദിശ്ശാസ്ത്രംനല്ലവണ്ണമവരിൽ
ഋഷിവൽപൂജ്യരാമവർ
ദൈവജ്ഞൻവിപ്രനെന്തേമാചിക്കണോ. 81

ഇന്ദ്രജാലാദിയായീടും
മായയുള്ളവർക്കലമോ
സേവാവൃത്തികളുള്ളതിൽ
കേറീടുന്നവർക്കലമോ. 82

മാതൃഭിന്നപ്രതാരണ-
മറിയിപ്പവർക്കലമോ
കർണ്ണയക്ഷിപിശാചാദി
സേവാർദ്ദൈവമൊക്കലമോ. 83

കാര്യമൊപ്പിച്ചുകൊണ്ടെല്ലാം
കഥിപ്പവനൊട്ടാതമേ
ചോദിക്കുമ്പോളായഥാർത്ഥത്തിൽ
ജ്യോതിശ്ശാസ്ത്രജ്ഞനല്ലവൻ. 84

ജ്യോതിഷ്യൻതാനെന്നശാസ്ത്രത്ത-
യറിയാതെനടിപ്പവൻ
പങ്ക്തിദൂഷകൻപാപി
നിന്ദ്യൻനക്ഷത്രസൂചകൻ. 85

നക്ഷത്രസൂചകന്മാരാ-
മവരോളുന്നതിൽപരം
പരിഹാസങ്ങൾചെയ്യുന്നോൻ
നരകത്തിൽപതിച്ചിടും. 86

പടികൾപാരമോടിട്ടും
പ്രാർത്ഥിച്ചാൽകിട്ടുമായവം
ഘുണാക്ഷരംപോലെയൊരക്ഷം
ചിലപ്പോൾഫലഭാവിതം. 87

സമ്പത്തുചോദ്യംചെയ്യുന്നോ-
നശാസ്ത്രീയകഥാപ്രിയൻ
ശാസ്ത്രൈകദേശത്താൽമത്തൻ
ത്യാജ്യൻരാജാവിനാൽധ്രുവം. 88

ഗണിതം,സംഹിതാ,ഹോരാ-
യിവമൂന്നുമറിഞ്ഞവൻ
ജയാർത്ഥിഭൂപനാൽപൂജ്യൻ
സ്വീകർത്തവ്യനസംശയം. 89

സഹസ്രമന്യകന്മാർ
നാലായിരമിതൊക്കെയും
ദേശകാലജ്ഞനാംജ്യോതിഷ്യ-
നേകൻചൊല്ലുന്നചൊല്ലിടാ. 90

ദേശപൃച്ഛിചിന്തിത-
ദേശ്യക്ഷിതദൃഷ്ടാദികൾതന്നെയും
എല്ലാംനോക്കിപ്പോകും
ശശിതാർനക്ഷത്രസംഗമംകേട്ടാൽ. 91

സകീർത്തിനേടാൻ,സമ്പലക്ഷ്മീശ-
ശ്രേയസ്സിനായ്നൽഗ്രന്ഥകന്നപാത്താൽ
ഉണ്ടെന്നുകാമംചെയ്തുമാത്രമിസ്യ-
മിത്രാദികൾക്കുംഭവമെന്തുയില്ലാ. 92

ഇങ്ങിനെ ‘സാംവത്സരസൂത്ര’മെന്ന
രണ്ടാമദ്ധ്യായം കഴിഞ്ഞു.

ശൃംഗാരമണ്ഡനം ഭാണം

(തുടർച്ച)

(പരേതനായ [illegible] നാരായണൻകുട്ടി അവർകൾ)

ഹേ! ഗാനവിനോദിനി എന്നെക്കണ്ടപ്പോഴെല്ലാം എഴുന്നീറ്റ പായ എടുത്തിട്ടിരിപ്പാൻ സൽക്കരിക്കുന്നു.

ഭവതിക്കു കാലം ഭവിക്കട്ടെ. (ഇരുന്നതായി നടിച്ച്)

ഭവതിയും യഥാസ്ഥാനം ഇരിക്കാത്തതെന്താണ്? ഞാൻ ഇവിടെ നില്ക്കുന്നല്ലോ; എന്നെ കണ്ടതുകൊണ്ടു പ്രകൃതം വിടേണ്ടാ, അഭ്യാസം മുറയ്ക്കു നടന്നോട്ടെ.

സ്ത്രീകൾക്കു ഭവാനെ കണ്ടാൽ പ്രകൃതം വിട്ടു പ്രാകൃതവുംകൂടി വന്നുകൂടുന്നതു സാധാരണയാണല്ലോ. എന്താ ഭവതി പറയുന്നത്? ഭവതിക്കു ഫലിതം പറഞ്ഞു ജയിക്കുവാൻ നല്ല സാമർത്ഥ്യമുണ്ടെന്നു് എനിക്കു മുമ്പുതന്നെ അറിയാം.

(ചെല്ലം എടുത്തുവെച്ചു മുറുക്കുവാൻ സൽക്കരിക്കുന്നു.)

(മുറുക്കിയതായി നടിച്ച്)

നാഗവല്ലിയുടെ നല്ല പല്ലവം
പൂഗവും പുകലചൂർണ്ണവും പ്രിയേ!
രാഗമേറെയുളവാക്കിടുന്നൊരീ-
യോഗമിന്നുരസമേകിടുന്നു മേ.

ഭവാൻ പറഞ്ഞതു ശരിയാണ്. രാഗമുള്ള യോഗം രസമുള്ളതു തന്നെ. പക്ഷെ അതിനു സംഗതി വരണമല്ലോ എന്നോ? ഭവതിക്ക് ആരിലാണിപ്പോൾ അത്ര [illegible] അനുരാഗം തോന്നിയിരിക്കുന്നത്? ഞാൻ വേണമെങ്കിൽ ആളെ പറഞ്ഞാൽ ഇപ്പോൾ കൂട്ടിക്കൊണ്ടുവരാം. അതെന്തു്? അതിനു സാമർത്ഥ്യമുണ്ടെന്നു് എനിക്കു നല്ല നിശ്ചയമുണ്ട്. അതുകൊണ്ടല്ല ഞാൻ ഈ പ്രകൃതം കൈക്കൊണ്ടുവന്നത്. പക്ഷെ ഇപ്പോൾ പറഞ്ഞത് എന്റെ കാര്യമല്ല എന്നോ ആഗ്രഹത്തോടുകൂടി വിചാരം.

രൂപവതിയുടെ സംഗതിയായിരിക്കുമോ? ഇവർ തമ്മിൽ വളരെ സ്നേഹമാണെന്ന് എനിക്കറിയാം.

(ബദ്ധപ്പാടോടുകൂടി)

എന്നാൽ ആരുടെ കാര്യമാണ് ഭവതി പറഞ്ഞത്.

ഞാൻ പറഞ്ഞത് ഈ പട്ടണത്തിൽ പ്രസിദ്ധപ്പെട്ട ഇക്ഷുവാടികയിലെ രൂപവതി എന്ന പേരായ എന്റെ പ്രിയസഖിയുടെ കാര്യത്തെക്കുറിച്ചാണ് എന്നോ.

(അതിസന്തോഷത്തോടുകൂടി) രൂപവതിക്ക് ആരിലാണ് അനുരാഗം പറയൂ. കേൾക്കട്ടെ. സ്ത്രീകളുടെ കാര്യം സ്ത്രീകളോട് ചോദിച്ചാൽ സൂക്ഷ്മം അറിയാമല്ലോ.

കന്നൽനേർമിഴികൾതൻമനസ്സി-
കന്നൽനേർമിഴികൾതാനറിയുന്നു
പന്നഗങ്ങളുടെകാലുകളെല്ലാം
പന്നഗങ്ങളറിയുന്നതുപോലെ.

എനിക്കറിവുള്ളേടത്തോളം ഭവാനോടറിയുകകൊണ്ടു പറയാം. എന്തോ ദ്രുപവതിക്കു കുറച്ചു സുഖക്കേടാണെന്നു് ഈ പാട്ടുപാടുവാൻ വരുന്നവരിൽ ദ്രുപവതിയുടെ ചെറിയമ്മയുടെ പ്രിയപുത്രിയായ 'മധുരമൊഴി' എന്നു പേരായ ഇക്കുട്ടി പറഞ്ഞുകേട്ടു നാലു ദിവസം മുമ്പിൽ ദ്രുപവതിയെ കാണ്മാനായി ഞാൻ അവിടെ പോയിരുന്നു. കണ്ടാൽ കഷ്ടം തോന്നും. ഒരു ഭൂതം ബാധിച്ചമാതിരിയായിരിക്കുന്നു.

മിണ്ടില്ലാരോടുമെന്നല്ലരിയചികുരഭാ-
ത്യന്നിരന്തം തോഴിമാരെ-
ക്കൊണ്ടാലപ്പോൾ ചെയ്യും കളികൾമുതലാ-
യുള്ള കൃത്യങ്ങളൊന്നും
വേണ്ടുംവണ്ണം നടത്തില്ലവളൊരുവിജനം
തന്നിലുന്നിദ്രയായി-
ക്കൊണ്ടെന്തോ ചിന്ത ചെയ്യുന്നിതു ചപലകളി-
ല്ലുന്നവാറുള്ളനേരാൽ. (മി-

എന്താണെന്നോ പറയുന്നത്? എന്നാൽ ഈ ഭൂതബാധയ്ക്കു ചുരുക്കത്തിൽ ഒരു മന്ത്രവാദവും കൂടി ഞാൻ പറയാം.

പ്രണയപേശലബാലവനായന്ത്രവും
മണിതമഞ്ജുളമംഗളമന്ത്രവും
നണമൊടൊത്തധരംബലിയും പരം
ഗുണകരം കുസുമായുധബാധയിൽ.

ഭവാൻ പറഞ്ഞ മന്ത്രവാദം നല്ലവണ്ണം ഫലിക്കുന്നതാണ്. പക്ഷെ ഒഴിവു കണ്ടവരെക്കൊണ്ടു ചെയ്യിക്കാഞ്ഞാൽ ഫലിക്കയില്ലല്ലോ എന്തോ? ഓ! ശരിതന്നെ. അവളെയാണ് ഒഴിവു കണ്ടിരിക്കുന്നത്.

വിദ്യകൊണ്ടു ജഗൽപ്രസിദ്ധനും സുഭഗനും വിദേശീയനുമായ 'സുശീലൻ' എന്നു പേരായ ഒരു പുരുഷരത്നത്തെ ഭവാനും പരിചയമുണ്ടായിരിക്കുമെന്നോ?

ശിവശിവ! അദ്ദേഹവും ഞാനും തമ്മിൽ വലിയ പ്രാണസ്നേഹിതന്മാരാണല്ലോ. അദ്ദേഹത്തെയായിരിക്കുമോ ദ്രുപവതി കാമിച്ചിരിക്കുന്നത്. എന്നാൽ അനുരാഗം സൽപാത്രത്തിൽ ചേർന്നതുകൊണ്ടു ഞാൻ ഏറ്റവും സന്തോഷിക്കുന്നു. എന്തുകൊണ്ടെന്നാൽ,

കണ്ടാൽ കാമനൊടൊത്ത കാന്തികലയും
കല്യാണകായാഭയും
കൊണ്ടാടുന്നൊരു വിദ്യയും സരസവാക്-
ചാതുര്യമാധുര്യവും
ഉണ്ടായിട്ടു സുശീലനൊത്തൊരു പുമാ-
നിപ്പാരിലില്ലിപ്പുമാൻ
കൊണ്ടൽക്കാറണിവേണി ദ്രുപവതിയോ-
ടൊത്തീടുവാനുത്തമൻ.

എന്നാൽ അതു ഭവാൻ തന്നെ ഉത്സാഹിച്ചു നേരെയാക്കിയാൽ കൊള്ളാമെന്നു ഞാനുംകൂടി പ്രിയസഖിക്കു വേണ്ടി ശിപാർശി ചെയ്യുന്നു. ഇന്ന് ഈ മധുരമൊഴി പാടുവാൻ വന്നപ്പോൾ ദ്രുപവതിയുടെ ഒരു എഴുത്തുംകൂടി കൊണ്ടുവന്നിട്ടുണ്ട്. ആ എഴുത്തുംകൂടി ഭവാനെ കാട്ടിത്തരാം. (എന്നു പറഞ്ഞ് എഴുത്തു കൊടുക്കുന്നു. വാങ്ങി സ്വകാര്യമായി വായിക്കുന്നതായി നടിച്ച്) (പ്രകാശം)

കഞ്ജമുഖാഞ്ചിതവിലോചനമാരി-
ലജ്ജകൊണ്ടു പറകില്ലപുമാനെ
ഇജ്ജനങ്ങളൊരു ഗൂഢമറിഞ്ഞാൽ
സജ്ജമാക്കിടുമതെൻ കുലധർമ്മം.

ഓ! ഭവതിയുടെ ജോലി മിനക്കെടുത്തുന്നവല്ലേ. ഞാൻ പിന്നെ വരാം. എന്നെ മറക്കാതിരിപ്പാൻ അപേക്ഷയെന്നോടു ഭവതി കളിച്ചാലും കൂടി ഞാൻ മറക്കുമോ. ഇന്നാളത്തെ കഥ വിചാരിച്ചു നോക്കൂ.

കണ്ടിവാർകുഴലി! കാമലീലയതിലാശ-
യാനിശയിലെകടാ
പണ്ടു നിൻ കണവനുള്ള നാളിവിടെ വന്നു
ഞാനതിതകൗതുകാൽ
ശുണ്ഠിയുള്ളൊരവനന്നറിഞ്ഞു ദുരഗാത്രി
നിൻറകുളവന്നനാം
ഉണ്ടുപേടയൊതുമിച്ചു ചേർന്നിരമിച്ചു-
തോൾചവിട്ടുമെങ്കിലോ?

(തുടരും)

ലക്ഷണത്തിനൊന്നുമില്ലാതെ മടങ്ങിപ്പോകുമ്പോൾ അയാളുടെ അടുത്തുള്ള മുതലാളൻ ഇതറിഞ്ഞിട്ടു തല്ക്കാലം കയ്യിലുണ്ടായിരുന്ന കാച്ചു പാൽകുടിക്കാൻകൊടുത്തു. അയാൾ അതു നന്ദിയോടു സ്വീകരിച്ച് എന്തെങ്കിലും ആപത്തുണ്ടായാൽതന്നെ വിചാരിച്ചുകൊൾവാനും പറഞ്ഞു. ഈ മുതലാളിക്ക് ഒരു മകളുണ്ടായിരുന്നു. അവൾ ഒരു ദിവസം പാമ്പുകടിച്ച് മരിക്കാറായതായിരുന്നു അപ്പോൾ അച്ഛനു പാക്കനാർ പറഞ്ഞിട്ടുള്ളത് ഓർമ്മവന്നു. ഉടനെ അയാളെ വിചാരിച്ചു. അയാൾ അപ്പോഴക്കും എവിടുന്നെന്നറിയാതെ കാട്ടിലെത്തി വിഷം എറക്കി അവളെ രക്ഷിച്ചു. പാക്കനാരുടെ കുടിയും അതിനടുത്ത് അയാളുടെ വിഗ്രഹംവെച്ച് കുടുംബക്കാർ പൂജിച്ചുവരുന്ന മറെറാരു കുടിയും പട്ടാമ്പി റെയിൽവെസ്റ്റേഷന് അരുനാഴിക വടക്കായുള്ള തൃത്താല എന്ന സ്ഥലത്ത് ഇപ്പോഴും കാണ്മാനുണ്ട്.

അയാളുടെ സഹോദരന്മാരിൽ ഒരുവനെപ്പററിയുള്ള വേറൊരു കഥയുംകൂടി ഇവിടെ പറയാം. അയാളുടെ പേര് നാരായണഭ്രാന്തൻ എന്നായിരുന്നു. അയാൾ ഭ്രാന്തനാണെന്നാണ് നടിച്ചിരുന്നതു. വലുതായ കല്ലുകൾ ചുവട്ടിൽനിന്നും കുന്നുകളുടെ മുകളിലേയ്ക്കു ഉരുട്ടിക്കേറും. അവിടെചെന്നാൽ താഴത്തേയ്ക്കുതന്നെ പിടിച്ചു തള്ളും. എന്നിട്ട് അതു ഉരുണ്ടുരുണ്ടു പോകുമ്പോൾ കണ്ട് കൈകൊട്ടിച്ചിരിക്കും. യോഗ്യനായ ഒരു ബ്രാഹ്മണപണ്ഡിതന്റെ മകനാണെങ്കിലും അയാൾ എല്ലാജാതിക്കാരുമായി ഒന്നുപോലെ കഴിഞ്ഞിരുന്നു. ഒരില്ലത്ത് ഒരു നമ്പൂരി തന്റെ പുത്രന്റെ ഉപനയനത്തിനു മുഹൂർത്തം നിശ്ചയിക്കണമെന്നപേക്ഷിച്ചു. അയാൾ അപ്പോൾ കർക്കടകമാസത്തിൽ കറുത്തവാവുനാൾ രാത്രി 12 മണിക്കു മുഹൂർത്തമുണ്ടെന്നും ആ സമയം താനും അവിടെ എത്തുമെന്നും പറഞ്ഞു. ഇതു മഹാ അശുഭകരമായ ഒരു സമയമായതുകൊണ്ടു അദ്ദേഹത്തിനു വലിയ പശ്ചാത്താപമുണ്ടായി. ആ ദിവസം വന്നപ്പോൾ പറഞ്ഞപോലെ ഭ്രാന്തൻ സമയത്തിനു ശരിയായി എത്തി. സമയമടുത്തു എന്നുവെച്ചു ആ കുടുംബക്കാർ, അപ്പോൾ അസമയം ശുഭകരമായി നിനയ്ക്കപ്പെടുവാൻ കാരണമെന്തെന്നും മററും ചോദിച്ചു. അയാളപ്പോൾ ഗൃഹസ്ഥന്റെ മുഖത്തേയ്ക്കുവിളിച്ചു ആകാശത്തേയ്ക്കുനോക്കുവാൻ പറഞ്ഞു. അവിടെ നോക്കിയപ്പോൾ എല്ലാ ഗ്രഹങ്ങളും ശോഭയോടെ പ്രകാശിച്ചുകൊണ്ടിരിക്കുന്നതും ബൃഹസ്പതിതന്നെ പൂർണ്ണരൂപൻ ആകുന്നതും പ്രത്യക്ഷമായിരുന്നു. അവർക്കപ്പോൾ അത്യന്തം സന്തോഷമായി. കുട്ടിക്ക് ഉടനെ പൂണൂലിടുകയും ചെയ്തു. പാക്കനാരും സഹോദരന്മാരും ചെയ്തിട്ടുള്ള അത്ഭുതകർമ്മങ്ങൾ ഇമ്മാതിരിയുള്ളവയാണ്.

കല്യാണസമ്പ്രദായം

പറയരുടെയിടയിൽ സഗോത്രക്കാർ തമ്മിൽ കല്യാണംകഴിച്ചുകൂടാ എന്നു നിർബ്ബന്ധമുണ്ട്. മാതാപിതാക്കന്മാരുടെ ചോല്യാച്ചയിൽ നാലും ആറും പടലകൾക്കുള്ളിലുള്ളവരുടെ സന്താനങ്ങൾ തമ്മിലും കല്യാണം പാടില്ല. എങ്കിലും അമ്മവഴിയുള്ള അമ്മാമന്റെ മകളെ കല്യാണംചെയ്യാം. അമ്മയുടെ സഹോദരിമാരുടെ മകളെ പാടില്ലതാനും. പെൺകുട്ടികളുടെ കല്യാണം അവർ ഋതുവായാലും ഇല്ലെങ്കിലും സാധാരണയായി പന്ത്രണ്ടുമുതൽ പതിനാറുവയസ്സിനുള്ളിൽകഴിക്കും. കല്യാണക്കളിദിവസം പെണ്ണിനും അവളുടെ ഏഴു തോഴിമാർക്കും എണ്ണ തേച്ചുകൂട. ചില ദിക്കിൽ കെട്ടുകഴിഞ്ഞിട്ട മൂന്നാംദിവസത്തിന്നു കന്തമന്ന പെൺകുട്ടിയെ വരന്റെ ഗൃഹത്തിലേയ്ക്കയയ്ക്കാറുണ്ട്. ഞായർ, ചൊവ്വ, വെള്ളി ഈയാഴ്ചകളിൽ ഒരു ദിവസമായിരിക്കും കല്യാണഘോഷം നടത്തുന്നത്. പണ്ടുപണ്ടെ ഇവരുടെയിടയിൽ ശൈശവവിവാഹം നടപ്പുണ്ട്. വിവാഹകാര്യത്തിൽ വധൂവരന്മാരുടെ സമ്മതം ലേശം നോക്കുന്നതല്ല. അതിനുള്ള ബാദ്ധ്യസ്ഥ

ന്മാർ മാതാപിതാക്കന്മാരാകുന്നു. പെൺകുട്ടി പത്തോ പന്ത്രണ്ടോ വയസ്സായാൽ താലികെട്ടുകല്യാണം കഴിയും. കെട്ടുന്നവൻ കന്യകയുടെ അച്ഛന്റെ മരുമകനോ അടുത്ത ചാർച്ചക്കാരനോ മറ്റോ ആയിരിക്കും. കല്യാണം നാലുദിവസം കഴിഞ്ഞാൽ പിന്നെ രണ്ടു മുണ്ടും നാലണയുംകൊടുത്ത് കെട്ടിയ പുരുഷനെ പിരിച്ചയയ്ക്കും. പിന്നെ അവർതമ്മിൽ യാതൊരു ബന്ധവുമില്ല. ചാർച്ചക്കാർക്കും മറ്റും സദ്യയുംപതിവുണ്ട്.

വിവാഹത്തിനു പെൺകെട്ട് എന്നു പറയാറുണ്ട്. പെണ്ണിനെ ചോദിക്കുന്നതു പുരുഷന്റെ കുടുംബക്കാരാണ്. കല്യാണത്തിനുമുമ്പുള്ള ഏർപ്പാടുകൾ പുലയന്മാരുടെയും മറ്റു താണജാതിക്കാരുടെയും സമ്പ്രദായത്തെ അനുസരിച്ചുതന്നെയാണ്. കല്യാണം തീർച്ചയാക്കുന്നദിവസം കന്യകയുടെ മാതാപിതാക്കന്മാർക്ക് ഒരു റുപ്പികയും രണ്ടു മുണ്ടും കൊടുക്കണം. കല്യാണത്തിനു നല്ലദിവസം തിങ്കളാഴ്ചയും, ഞായറാഴ്ച ദിവസവുമാണെന്നാണ് അവരുടെ വിശ്വാസം. കല്യാണത്തിന്റെ അലെന്നാൾ മണവാളനും കൂട്ടരും കന്യകയുടെ ഗൃഹത്തിൽ വന്നുചേരും. അവരെ കഞ്ഞിയും കള്ളും മറ്റും കൊടുത്ത് സല്ക്കരിക്കണം. പിറേറദിവസം കുളികഴിഞ്ഞ് വെളുത്ത വസ്ത്രവും ആഭരണങ്ങളും ധരിച്ച് വന്നിരിക്കുന്ന പെൺകുട്ടിയുടെ കഴുത്തിൽ നല്ല നേരം നോക്കി താലികെട്ടും. ചെമ്പുമോതിരമാണ് താലിക്കുപകരം ഉപയോഗിച്ചുവരുന്നതു. കെട്ടുകഴിഞ്ഞാൽ പിന്നെ സദ്യയുണ്ടാകയായി. കള്ള് ഒഴിച്ചുകൂടാത്ത ഒന്നാണെങ്കിലും സദ്യയ്ക്കു മാംസം ഉപയോഗിക്കാറില്ല. അതുകഴിഞ്ഞാൽ അവരുടെ വാദ്യം ഒന്നുരണ്ടു മണിക്കൂറുനേരമുണ്ട്. രാത്രി പ്രത്യേകിച്ച് ഈ വക ഘോഷങ്ങളുണ്ടായിരിക്കും. കെട്ടും രണ്ടുദിവസത്തെ സദ്യയും കന്യകയുടെ വീട്ടിൽവെച്ചാണ് നടത്തുന്നതു. മൂന്നാംദിവസം വരനും കൂട്ടരും വധുവിനോടുകൂടെ അയാളുടെ വീട്ടിലേക്കു മടങ്ങും. ഇവിടെവെച്ച് വധുവിന്റെ കൂട്ടരെയും നല്ലവണ്ണം സല്ക്കരിക്കണം. ചിലദിക്കിൽ കല്യാണച്ചിലവിൽ പകുതി വരന്റെ മാതാപിതാക്കന്മാർ കൊടുക്കാറുണ്ട്. ഒരുവനു എത്ര സ്ത്രീകളെയെങ്കിലും കല്യാണംകഴിക്കാം. ഭാര്യമാർക്ക് സ്വന്തമായി യാതൊരു സ്വത്തുമില്ല. അവർ കേവലം ഭർത്താക്കന്മാരുടെ അടിമകളെപ്പോലെയാണെങ്കിലും അവർക്കു ജീവനത്തിനു എല്ലായ്പോഴും ഭർത്താവിന്റെ ആശ്രയംവേണം. തന്നെത്താൻ കൂലിപ്പണിചെയ്തു സമ്പാദിച്ചുകൊള്ളും. അക്ഷരം അറിയാത്ത ഈ വകക്കാർ അധികവും ഏകപത്നീവ്രതം ശീലിക്കുന്നവരാണ്. മക്കളെ പോറ്റുന്നതു അവരുടെ ബുദ്ധിയും സ്വത്തും അനുസരിച്ചിരിക്കും. ഒരു സ്ത്രീക്ക് രണ്ടിലധികം ഭർത്താക്കന്മാർ പാടില്ലെന്നു നിർബന്ധമുണ്ട്. വ്യഭിചാരം അവരുടെയിടയിൽതന്നെ അപൂർവ്വമാണ്. സ്ത്രീകൾ പുരുഷന്മാരെപ്പോലെതന്നെ പാടുപെടുന്നതുകൊണ്ടും ഭക്ഷണത്തിനുള്ള അലഭ്യതകൊണ്ടും അവർക്ക് ആവക ദുഷ്പ്രവൃത്തികളിൽ മനസ്സുചെല്ലാറില്ല. ഒരു പാമരന് തന്റെഭാര്യയെ തെളിവില്ലെങ്കിൽ തള്ളിക്കളയാം. അയാൾക്കു ഭാര്യയുടെപണവും കല്യാണദിവസം ധരിച്ചുകൊടുത്തിരിക്കുന്നതും തിരിച്ചുകിട്ടും. ഭാര്യയുടെ മാതാപിതാക്കന്മാർക്കൊക്കെയും ഭർത്താവിന്റെ ദുഃസ്വഭാവമോ ഹീനക്കാരനെന്നോ തോന്നിയാൽ അയാളെപിരിച്ചയച്ച് അവളെ വേറെ ഒരാൾക്കു കെട്ടിക്കൊടുക്കാം. കല്യാണത്തിന് കൊടുത്തപണം ഭർത്താവുമടക്കിക്കൊടുക്കേണ്ടതില്ലെന്നുമാത്രമല്ല ഭാര്യയുടെസ്വത്തിന്റെ പകുതിക്ക് അയാൾ അവകാശിയുമാണ്.

വിധവകളെവീണ്ടും കല്യാണം കഴിപ്പിക്കുന്നസമ്പ്രദായം ധാരാളം നടപ്പുണ്ട്. അച്ഛനമ്മമാരുടെ സമ്മതമുണ്ടെങ്കിൽ ഒരു വിധവയ്ക്ക് ആരെയെങ്കിലും കല്യാണം ചെയ്യാം. പക്ഷെ ഒരു കൊല്ലം വിധവയായിരുന്നിട്ടുമാത്രമേ അപ്രകാരംചെയ്യാൻപാടുള്ളൂ. അവൾക്ക് മക്കളുള്ളതുകൊണ്ട് കല്യാണംചെയ്യുന്നതിന് മനസ്സില്ലെങ്കിൽ ഭ

ത്തൃഗൃഹത്തിൽതന്നെ താമസിക്കാം. അമ്മയെയും മക്കളെയും മറ്റുള്ളവർ നല്ലവണ്ണം നോക്കിരക്ഷിക്കണം. യുവതിയായ ഒരു വിധവയെ കല്യാണംചെയ്യുന്നവൻ അവളുടെമക്കൾക്കു ചിലവിനുകൊടുക്കണം. അവൾക്കു ഭർത്താവിന്റെ സോദരന്മാരെ കല്യാണംചെയ്തുകൂട. എങ്കിലും പുരുഷന് ഭാര്യയുടെസോദരിയെ കല്യാണംചെയ്യാം. ഭാര്യക്ക് അവളുടെപൂർവ്വഭർത്താവിങ്കൽനിന്നും ലഭിച്ചതായസ്വത്തിന് പുതിയഭർത്താവ് അവകാശിയല്ല.

ഗർഭവും പ്രസവവും

കടിഞ്ഞൂൽ ഗർഭമായി എഴോ എട്ടോ മാസമായാൽ ഭാര്യയെ മാതാക്കന്മാരുടെ ഗൃഹത്തിലേക്കയക്കും. അവരുടെ മാടത്തിന്റെ അരികത്തുണ്ടാക്കിയിരിക്കുന്ന ചെറിയകുടിലിലാണ് പ്രസവിച്ചാൽ അവളെ ഒരാഴ്ചയോളം കിടത്തുന്നത്. മാടത്തിൽ കിടക്കുമ്പോൾ അവൾക്ക് യാതൊരു പാത്രമൊ സാമാനമൊ തൊടുവാൻപാടില്ല. ഭക്ഷണം കൊടുക്കുന്നതുതന്നെ വേറൊരു സ്ത്രീയായിരിക്കും. കാലത്തുകഞ്ഞിയും വൈകുന്നേരം ചോറുമാണ് അവളുടെഭക്ഷണം. ഉലുവയും കൊത്തമ്പാലരിയും വേവിച്ച് കഞ്ഞിയിൽചേർത്തു കൊടുക്കുമാത്രമാണ് പ്രസവത്തിനുള്ളചികിത്സ. പത്താംദിവസം ആ കുടുംബത്തിലെ പുരുഷന്മാരാരെങ്കിലും തങ്ങളുടെമൂപ്പനോട് കറുപ്പുവെള്ളവും പാലും മേടിച്ച് ആ സ്ത്രീയുടെയും കുട്ടിയുടെയും മേൽ തളിക്കും. അതു കഴിഞ്ഞാൽ അവൾക്ക് പ്രധാന മാടത്തിന്റെ ഉമ്മറത്തുവരെ ചെല്ലാം. പിന്നെ അഞ്ചു ദിവസംകൂടികഴിഞ്ഞാൽ കുളിച്ചു മാടത്തിനുള്ളിൽകടന്നു എല്ലാം തൊടാം. പ്രസവിച്ചുകിടന്നിരുന്ന കുടിൽ ഉടനെതന്നെ ചുട്ടുകളയും. പ്രസവിച്ചിട്ട് ആദ്യം പതിനഞ്ചുദിവസം ഭർത്താവും പിന്നെ ഇരുപത്തെട്ടാം ദിവസംവരെ മാതാപിതാക്കന്മാരും കൊടുക്കണം. അവൾ പിന്നെ ഭർത്താവിന്റെ ഗൃഹത്തിലേയ്ക്കുതന്നെ പോകുന്നു. ചാർച്ചക്കാർക്കും മറ്റും അവിടെവെച്ച് ഒരു സദ്യകഴിക്കണം. അന്നുതന്നെയാണ് കുട്ടിക്ക് പേരിടുന്നതു. പിന്നത്തെ പ്രസവമൊക്കെ ഭർത്തൃഗൃഹത്തിൽ വെച്ചുതന്നെയാകുന്നു.

ഭരണാധികാരവും ജാതിക്കൂട്ടവും.

സ്വത്തിന് അവകാശം മരുമക്കത്തായവഴിക്കാണ്. വയസ്സുമൂത്ത പുരുഷനാണ് കുടുംബത്തിലെ ഭരണാധികാരി. അവരുടെയിടയിൽ ജാതിക്കൂട്ടം പതിവുണ്ട്. വ്യഭിചരിക്കുക, കന്യകയ്ക്കു ഗർഭമുണ്ടാക്കുക, സ്വജാതിക്കാർക്ക് വിരോധിക്കപ്പെട്ടിട്ടുള്ള വേറെ വല്ല അനീതി പ്രവൃത്തികൾ മുതലായ പ്രധാനകാര്യങ്ങളിൽ കുടുംബത്തിലെ കാരണവന്മാർ ഒരുമിച്ചുകൂടി ആലോചന നടത്തും. അവർ സാവധാനത്തിലെ കാര്യം തീർച്ചപ്പെടുത്തുകയുള്ളു. തീർച്ചപ്പെടുത്തിയാൽപിന്നെ യാതൊരാവലാധിയും കേൾക്കുന്നതല്ല. ഈ പ്രദേശത്തെ മിക്ക പറയന്മാരും അത്യുഗ്രമൂർത്തിയായ കാളിഭക്തന്മാരാണ്. കുറ്റക്കാരത്തിയെക്കൊണ്ട് കാളിയുടെമുമ്പിൽ സത്യം ചെയ്യിക്കും.

മന്ത്രവാദം

അവർ ശകുനങ്ങളിലും വെളിച്ചപ്പാട് അധിവാസമുണ്ടായി തുള്ളിക്കളിക്കുന്നതിലും ബഹുവിശ്വാസമാണ്. വല്ല ആപത്തും പിണഞ്ഞുപോയാൽ അവരെ ചെന്നു കാണുകയായി. മലയാളത്തിലുള്ള പറയന്മാർ ക്ഷുദ്രപ്രവൃത്തിക്ക് കേളികേട്ടവരാണ്. പ്രാണഭയം നേരിടുന്നതായാൽ കൂടി ഈ ഗൂഢസംഗതികളെ അവർ പുറത്താക്കുകയില്ല. നാട്ടുപുറങ്ങളിൽ കളവുപോയാലും ദേവതോപദ്രവമുണ്ടായാലും ശത്രുനിഗ്രഹത്തിലും ഇവരുടെ സഹായത്തിനപേക്ഷിക്കാറുണ്ട്. ഈ വകസംഗതികളിൽ അവർക്കു നല്ല ആദായവും കിട്ടും. ഒരു വീട്ടിൽനിന്നും വല്ലതും കളവുപോയാൽ ഉടനെതന്നെ പറയ മന്ത്രവാദിയെ വിവരം അറിയിക്കും. കളവു കണ്ടുപിടിക്കാമെന്നു പറഞ്ഞാൽ ആ സൂത്രക്കാരനായ മന്ത്രവാദിക്കു ഒരു പറ നെല്ലും നാലുചക്രവും

കൊടുക്കണം. അതുകൊണ്ട് അവൻ കുറെ പഴവും ഒന്നുരണ്ടുനാളികേരവും കുറെ കള്ളും കർപ്പൂരവും അരിപ്പൊടിയുംവാങ്ങി കളിച്ച് ഉമ്മറത്ത് പ്രതിഷ്ഠിച്ചിരിക്കുന്ന അവന്റെ ഇഷ്ടദേവതയായ കുട്ടിച്ചാത്തനു നിവേദിക്കും. അതു കഴിഞ്ഞാൽ പിടിയിന്മേൽ മണി കോർത്തിട്ടുള്ള വാളും ഇരിമ്പുചിലമ്പും എടുത്തു സേവാമൂർത്തി തന്നെ തുള്ളിക്കുന്നതിനുവേണ്ടി ഒച്ച പൊങ്ങാതാവുന്നതുവരെ സ്തോത്രം ചെയ്യും. കള്ളനെ ഭയപ്പെടുത്തിട്ടോ ഉപദ്രവിച്ചിട്ടോ കളവുമുതൽ മടക്കിക്കിട്ടുന്നതിനു കുട്ടിച്ചാത്തൻ അവനെ സഹായിക്കുമെന്നാണ് അവന്റെ പൂർണ്ണമായ വിശ്വാസം. അവന്റെ ദേവത പ്രസാദിച്ചതുകൊണ്ടു കളവുമുതൽ കണ്ടെത്തുകയോ അല്ലെങ്കിൽ സൂത്രത്തിൽ ഉടമസ്ഥന്റെ വീട്ടിൽതന്നെ തിരിയെ കൊണ്ടുവന്നു വെപ്പിക്കുകയോ ചെയ്യുമത്രെ. ഉടമസ്ഥന്നു പിന്നെയും മുതൽ മടക്കിക്കിട്ടീയില്ലെങ്കിൽ രണ്ടാമതും മന്ത്രവാദിയെ അറിവിക്കും. അപ്പോൾ ശൂണിയെടുത്തു തന്റെ ദേവതയെ ശകാരിക്കുകയാണ് അവന്റെ പിന്നത്തെ പ്രാർത്ഥന. ആ തവണ ഉദ്ദേശിച്ച കാര്യം നിശ്ചയമായും സാധിക്കുമെന്ന് അവൻ വിശ്വസിക്കുന്നു. കളവുമുതൽ മാത്രമേ കിട്ടേണ്ടു എങ്കിൽ അവർ സൌമ്യമായിട്ടാണ് പ്രാർത്ഥിക്കുക കള്ളനെ ശിക്ഷിപ്പിക്കണമെങ്കിൽ പ്രാർത്ഥന ഉഗ്രപ്പിച്ചതുകൊണ്ടു മതിയാകുന്നതാണത്രെ. എന്നാൽ കളവുചെയ്തവനു ഭ്രാന്തുപിടിക്കുകയും മൂക്കിൽകൂടെ ചോര വരികയും ചെയ്യും. പ്രാർത്ഥനാമൂർത്തിയുടെ ഉപദ്രവത്തിനു പ്രതിവിധി ചെയ്യുവാൻ വളരെ പ്രയാസമുണ്ട്. അയാളെ കഠിനമായി ഉപദ്രവിച്ചുപോയാൽ പിന്നെ അതു മാറുന്നതിന്ന് ആ ദേവത മന്ത്രവാദിയെ സഹായിച്ചു എന്നും ഇല്ലെന്നും വരാം. സ്വതേ ഉപദ്രവിക്കുവാൻ വാസനയുള്ള അവരുടെ മന്ത്രമൂർത്തിയുടെ കോപത്തെ ശമിപ്പിക്കുന്നതിനു പിന്നീടു അനവധി ബലികളും ആരാധനകളും ചെയ്യേണ്ടിവരുമെന്നും, പതിവായി കഴിച്ചുവരുന്നതോ പ്രാർത്ഥിക്കപ്പെട്ടതോ ആയ വഴിപാട് കഴിക്കായ്കയാലുണ്ടാകുന്ന ദേവതകളുടെ കഠിനകോപം നിമിത്തമാണ് സകല രോഗങ്ങളും ഉണ്ടാകുന്നത് എന്നുമാണ് ഈ പാമരജനങ്ങളായ പറയന്മാരുടേയും അയൽവാസികളുടേയും വിശ്വാസം. ആർക്കെങ്കിലും രോഗമോ ദേവതബാധയോ പിടിപെട്ടാൽ അവർ ഒരു ഗണികനെക്കൊണ്ടു പ്രശ്നം വെപ്പിക്കുകയും പിന്നീട് ആ പ്രശ്നത്തിൽ കണ്ട മന്ത്രവാദിയെ വരുത്തുകയും, അവൻ ഒരു ഓലക്കഷണമോ, ചെമ്പോ വെള്ളിയോ കൊണ്ടുള്ള തകിടോ എടുത്തു യന്ത്രം എഴുതി മന്ത്രം ജപിച്ച് അതിനെ ചുരുട്ടി ഒരു ചരടിന്മേൽ ബന്ധിച്ചു സ്ത്രീയാണെങ്കിൽ കഴുത്തിലും പുരുഷനാണെങ്കിൽ അരയിലും ധരിപ്പിക്കുകയും ചെയ്യും. ഈ അനുഷ്ഠാനക്രിയകൊണ്ടു രോഗമോ ദേവതബാധയോ നീങ്ങിപ്പോകുമത്രെ. പറയന്മാർ പലവിധ മാരണക്രിയകളും ചെയ്യുവരുന്നതാണ്. അവരാൽ പരിചയിക്കപ്പെടുന്ന ഒരു വക ആഭിചാരകൃത്യത്തിലാണ് 'ഒടിവിദ്യ' എന്നു പറഞ്ഞുവരുന്നത്. ഈ വിദ്യയിൽ സാമർത്ഥ്യമുള്ളവർ കാള, പശു, നായ, പൂച്ച മുതലായി ഏതെങ്കിലും മൃഗസ്വരൂപമായി വേഷം മാറിയും അദൃശ്യമായും സഞ്ചരിക്കുവാൻ കഴിവുള്ളവരായിരിക്കും. ഗർഭിണികളെ നടപ്പാതിരക്കു പുറത്തേക്കാകർഷിച്ചുകൊണ്ടുപോയി അവരുടെ ഗർഭാശയത്തിലെ ബീജപിണ്ഡത്തെ പുറത്തെടുത്ത് ആ സ്ഥാനത്തു വേറെ വല്ലതും നിറച്ചു വിടുന്നതിനും ഇവർ ത്രാണിയുള്ളവരാണത്രെ. മാരണം ചെയ്തു അടിച്ചിപ്പിക്കുന്നതിനും കൊല്ലുന്നതിനും മനുഷ്യരെ വശീകരിച്ച് അദൃശ്യരായി പതിയാതെ ഒരിടത്തുനിന്നു മറ്റൊരിടത്തേക്കു പ്രയാസം കൂടാതെ കൊണ്ടുപോകുന്നതിനും അവർ കഴിവുള്ളവരാണെന്നു പറയുന്നു. ഈ വക മാരണം ചെയ്യലും പകരം ചോദിക്കലും കലശലായി ഉണ്ടായിട്ടുണ്ടെന്നുള്ളതിലേക്കു

ഒടിവിദ്യ



ശ്രീ

കേരളവൎമ്മ വലിയ കോയിത്തമ്പുരാൻ തിരുമനസ്സുകൊണ്ടു.

ചരമം.

സ്വത്വമാണ് സ്നേഹത്തിന്റെ ബീജം. സ്വത്വവൃദ്ധി എത്രത്തോളം വർദ്ധിക്കുന്നുവോ അത്രത്തോളം സ്നേഹബന്ധവും വർദ്ധിച്ചുവരുന്നതാണ്. വിശ്വാസത്തോടു വേർപിരിഞ്ഞാൽ സ്നേഹം നിലനില്ക്കുന്നതല്ല. അപ്രകാരമുള്ള സ്നേഹത്തിന്റെ പരമകാഷ്ഠയാണ് ഭക്തിയെന്നു പറയുന്നത്. തന്നെക്കാൾ ഉൽകൃഷ്ടനാണെന്നു തോന്നുന്ന ദിക്കിലേ ബഹുമാനത്തിനു കാരണമുണ്ടാവുകയുള്ളു. അകൃത്യം ചെയ്യുന്നതിലുള്ള ശങ്കയാണ് ബഹുമാനത്തിൽനിന്നുണ്ടാകുന്ന ഭയം. ഇങ്ങിനെയുള്ള ഭയഭക്തിവിശ്വാസങ്ങൾക്ക് ഏതൊരാളാകുന്നുവോ പാത്രമായിത്തീരുന്നത് ആ മഹാപുരുഷനാകുന്നു ലോകത്തിന്റെ യഥാർത്ഥനേതാവ്.

അവകാശവഴിക്കും ഗാത്രഗുണവൈശിഷ്ട്യംകൊണ്ടും കേരളഭാഷാകുടുംബത്തിലെ കാരണവരായി വളരെക്കാലം വാണ് ആ കുടുംബത്തിന്റെ യോഗക്ഷേമം വഴിപോലെ കാത്തുരക്ഷിച്ച് ആ തറവാടിനെ അവിഭക്തസ്ഥിതിയിൽ പുലർത്തിക്കൊണ്ടുപോന്ന **കേരളവർമ്മ വലിയ കോയിത്തമ്പുരാൻ തിരുമനസ്സിലെ** അപ്രതീക്ഷിതമായ ദേഹവിയോഗത്താൽ ഭാഷാകുടുംബത്തെ ബാധിപ്പിച്ചിരിക്കുന്ന സങ്കടം ഈ അവസരത്തിൽ വാക്കുകളെക്കൊണ്ട് അറിയപ്പെടുത്തേണ്ട ആവശ്യം ഒന്നും കാണുന്നില്ല. ആയതിനു ഞങ്ങളെക്കൊണ്ട് ആവുന്നതുമല്ല.

അദ്ദേഹത്തിന്റെ അക്ഷയ്യമായ യശശ്ശരീരം കൈരളീഭാഷാകുടുംബത്തെ മേലിലും പരിപാലിച്ചുപോരുമെന്നുള്ള വിശ്വാസത്തിൽ മാത്രമേ തല്ക്കാലം ഒരു സമാധാനം കാണുന്നുള്ളു.

പതി കേരളദേവനസ്തമി-
ച്ചതിനാൽ കൈരളി! മാഴ്കിടായ്ക നീ
മൃതിയാർക്കു വരാത്തതൂഴിയിൽ
കൃതികൾക്കാത്മയശസ്സുജീവിതം.

അപ്പൻതമ്പുരാൻ,
കൊച്ചി സാഹിത്യസമാജം
പ്രസിഡണ്ട്.

മംഗളോദയം.

൧൦൮൭

പുസ്തകം 6. | കന്നിമാസം. | ലക്കം 11.

മംഗളം

ഓരോരോ ചാകർത്തിയിൽപ്പലതുമായോരോതരം ജ്ഞാനവി-
ത്തോരോന്നായി വിതച്ചു വൃദ്ധിവരുമാറാക്കിപ്പുകച്ചത്തിനെ
നേരോടും നിലയോട്ടുകാത്തുപകരിച്ചീടും കളംപോന്നയായ്
പേരോടും ഉദ... യുയർന്നിടേണമേ മേൽക്കുമേൽ.

കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻതമ്പുരാൻ.

ബൃഹത്സംഹിത.

അനന്തരം "ആദിത്യചാര"മെന്ന

മൂന്നാമദ്ധ്യായം.

ആയില്യംമേൽമുറിമുത-
ലയനംസൂര്യന്നാദക്ഷിണംപിന്നെ
കേട്ടുത്തരായണം-
മെന്നല്ലോ കേട്ടുകേളിപണ്ടൊന്നു. 1

പരാശരാദിമുനിമാർ
തീർത്തിട്ടുള്ളാഗമങ്ങളിൽ
ഇപ്രകാരം പറഞ്ഞിട്ടു-
ണ്ടെളുതകാണേവമാദിനാൾ. 2

ഇപ്പോഴാകട്ടെ കർക്കടകംമുതൽ
... വിക്രമത്തിലിവരണ്ടും
പ്രകൃതിവിട്ടുമാറിയെങ്കിൽ
പ്രത്യക്ഷപരീക്ഷണങ്ങളാൽതെളിയും. 3

സൂര്യന്റെ ലക്ഷണം
ദൂരസ്ഥിതിചിഹ്നവധങ്ങളുകൊണ്ടോ
നിഴൽഫലിതമണ്ഡലത്തിൽ
ചെല്ലുകപോക... ലക്ഷണംകൊണ്ടോ. 4

അയനത്തിന്നാരംഭം.
മേഷസംക്രമമധികസ്യക്ഷൂരയറിയാം
ഇതിനെനവിളഗമാന്ത-
ന്നാരംഭം തന്നിലുംതെളിഞ്ഞറിയാം. 5

മകരത്തിൻമുമ്പിലിനൻ
തിരികിലോത്തരായണത്തിങ്ങാരംഭം
കർക്കടകത്തിൻമുമ്പില-
തായാൽ ദക്ഷിണായനത്തിങ്ങാരംഭം. 6

സസ്യക്ഷേമകരൻരവി
മകരത്തിൽപോയ്തിരിച്ചുവെന്നാകിൽ
ഇത്തിന്നെതാൻപ്രകൃതിസ്ഥർ
വിരുതഗതിമയനമാർന്നുനാം. 7

തപാച്ചാരമെന്നതാമുഗ്രഹ-
മെപ്പൊഴുതാരത്തിനാശനമാകാച്ചാൽ
ഏഴ്ഗ്രഹപാതാക്കാപ-
ത്തെബിലക്ഷ്മങ്ങളുപമനിദാരിദ്ര്യാൽ. 8

താമസകീലകമെന്നാഥി-
സുതരാംദൃഷ്ടത്തിലുണ്ടാകുന്നതിൽ
ഫലിക്കിലവകയുടെചില്ല-
സ്ഥാനാകാരങ്ങളാൽഫലംചൊല്ലു. 9

ഇവരുള്ളമെക്കിഗ്രഹ-
ദിഗ്ഗാഗണത്തിലാശുമോരൽക്കം
കാകകബന്ധപ്രായമെന്ന-
ള്ളപമാരാകിലുള്ളമെഡിച്ചിലും. 10

ഇവർതന്നെദയഗണം
പൊടിയാൽകായുംജലംകലങ്ങീടും
ഗിരിതരുശിഖരമടത്തി-
ച്ചരൽചാരിയും ചണ്ഡതാതർവീശും.

തമഗണനുള്ളവിചരിതം
ദിപ്പത്തൊപ്പഗന്ധമുഞ്ഞമോരിശാപം
ഉകമ്പനമാടിടിവെട്ട-
ന്നിത്ത്യാല്ലുല്ലാതമിങ്ങനാം. 12

താമസകീലകരാഹു-
കാളൂഴനാറിലുള്ളിലുദിതമായെങ്കിൽ
ഈയുള്ളൊരുഫലംഗ്രഹ-
ഭ്രതാനല്ലാതെതാറ്റചൊല്ലുന്നു. 13

ഉൽക്കകളെയെവിടെതൻ
ബിംബത്തിൽകണ്ടിടുന്നതെങ്ങിനെയോ
അങ്ങിനെയെല്ലാംതിപാതാ-
ശ്ശേഷമാകവ്യസനമെന്നുചിന്തേയം. 14

സമസ്തങ്ങളുമോക്ഷി-
ച്ചടികലവുംകുണ്ഡുകൊണ്ടുമൊരുമോടി
മാംസഭോജയശിശുക്കളെ
യെന്തിപ്പാകംതെരത്തിമേനാളിൽ 15

നേട്ടവിപ്പിട്ടല്ലുജലം
നിറയുംനയനങ്ങളൊത്തുസത്തുക്കൾ
ചോരപ്പതായ്ത്താരായ്
ചാടച്ചകായംകലങ്ങികാണാകം. 16

വിജയപരന്തുപചീഡിതരായ്
ചാടപ്പൊഴുംവെറുത്തുമനുജന്മാർ
നിഷ്കൃപ്പൃജനമറിതം
ഉപകൃതമിക്കതൻമെന്നചൊല്ലീടും. 17

ശാർമാതപാളുസംഖ്യാപു-
മംജ്ഞ്ലുകൊടുക്കയിപ്പുധാരാളം
ആരുകൂടെചാരുതാംസമൃദ്ധ്യാ
ചിലചിലദേശത്തിൽമാത്രമുണ്ടാകും. 18

സൂര്യനിപുണമാച്ചിഹ്നം
മന്ധകാരത്തിലെങ്കിലുപമരണം
വ്യാധിയെങ്ങും കബന്ധ-
കൃതിയിലതെന്നാകിൽവന്നിടും. 19

തമ്പൂരമെയശുണാകം
കാകാകാരത്തിലാണെതന്നാകിൽ
ഉർമിക്കമൃതചിപ്പിട-
മാപത്തിന്നാമന്നിപാരയാണെങ്കിൽ. 20

ഗോപാലകനായവനും
കടുകൊടി, വെൺചാമരങ്ങൾ, ഗജം, മരം
ഇവപോലെയാണെന്നാകിൽ
ധരണീശനന്യനായ്ഭവിച്ചീടും. 21

തിപ്പൊരി, പുകയിത്യാദികൾ
തന്നാകാരത്തിലാണെന്നാകിൽ
അഗ്നിക്കിൽ വന്നിടും ബുദ്ധ-
ജനങ്ങൾ തന്നാശമുണ്ടാകും. 22

ചന്ദ്രനാകിൽ ദുർഭിക്ഷം
നക്ഷത്രങ്ങൾക്കാണെങ്കിൽ നൃപനാശം
സിതമെങ്കിൽ ദ്വിജനാശം
ക്ഷത്രിയനാശം ചുവന്നതാണെങ്കിൽ. 23

മഞ്ഞനിറത്തിലതെന്നാൽ
വൈശ്യന്മാരുടെ വിനാശമുണ്ടാകും
ആയതു കറുത്തതെങ്കിൽ
ശൂദ്രവിനാശം ഭവിച്ചീടും. 24

രവിമണ്ഡലത്തിലതായ
ദിക്കിൽ കാണുന്നതിൽ മഹോല്പാതം
സങ്കടമിഹ ലോകങ്ങൾക്കു-
ണ്ടിഭവശിക്കെന്നവന്നീടും. 25

സേനാപതിയെക്കൊല്ലാ-
മേ ചുമ്പിച്ചിട്ടുള്ള പംക്തിയാം സൂര്യൻ
മഞ്ഞളപ്പനാൽ നരപതി-
സുതനെ, വെളുത്താകിൽ പുരോഹിതനെ.

ഉദയം പ്രസ്ഥം സൂര്യകരം
പലനിറമൊപ്പമുൾവണ്ണമായ്ചേർന്നാൽ
അസ്ത്രശസ്ത്രനിപാതാൽ
വ്യാകുലമാകും ജഗത്തൊക്കം. 27

ചോരാക്രാന്തമായോധനാ-
ക്കെന്നിവയുണ്ടാക്കീടുമദോഷം
ഉടനെതാർക്ഷഗതനായ്
പെയ്യാലില്ലാതെയാകെപ്പാം. 28

ദിവസകരൻ ചുമ്പിച്ചാ
കപിലനിറം തൊട്ടുകൂടിയാവന്നാൽ
ഉലകിൽകല്യാണഫലം
വന്നിടും ശിശിരകാലത്തിൽ. 29

പച്ചനിറംകൈക്കൊണ്ടോ
കുങ്കുമവൽപീതമായോ പിച്ചോ
തീക്ഷ്ണതീചി ഭവിച്ചാൽ
വസന്തകാലത്തു ശുഭഫലം നൽകം. 30

അല്പം വെളുത്തനിറമോ
പൊൻനിറമോപ്പൂണ്ടുകൊണ്ടുവന്നീടിൽ
വേനൽക്കാലം തന്നിൽ
സൂര്യൻ ശുഭം ഫലം കൊടുത്തീടും. 31

ഇളവെള്ളയായനിറമോ
പൊൻനിറമതല്ല വെള്ളയാം നിറമോ
പൂണ്ടുനാലാദിത്യൻ
വർഷാകാലത്തിൽ ശുഭമേനൽകം. 32

കുങ്കുമാഭമായ്പൂണ്ടാൽ
ശരത്തിലർക്കൻ ശുഭം ഫലം നൽകം
ഹേമന്തത്തിൽ ശ്വേത-
ല്ലോഹിതനിറംപൂണ്ടമാസൂര്യൻ ശുഭമേൻ. 33

സന്ധ്യാരുചികളിലാതിയ
വണ്ണങ്ങളിലേതെന്നായാലും
വർഷാകാലം തന്നിൽ
സ്നിഗ്ദ്ധൻ സൂര്യൻ ശുഭം നൽകം. 34

രൂക്ഷതപൂണ്ടുവെളുത്താൽ
ദ്വിജരെക്കൊല്ലും, ചുവക്കിൽ സൂര്യൻ
ക്ഷത്രിയരെ, മഞ്ഞയായാൽ
വൈശ്യന്മാരെ, കറുക്കിലന്ത്യജരെ. 35

ദോഷവിരോധം നൽകം
സുരചാപവിഭിന്നമണ്ഡലൻസൂര്യൻ
ഉടനേ മഴപെയ്യിക്കും
വർഷാകാലത്തിൽ വിമലകരനായാൽ. 36

മത്സ്യച്ചംനിലച്ചം
വാകപ്പൂപോലെയുംവർണ്ണമായീടിൽ
ഉടനേ മഴപെയ്യിക്കും
വർഷാകാലത്തിൽ വാസവാധീശൻ 37

മയിലിൻ്റെപീലിതന്നിൽ
ചേതംകണ്ണിന്റെവർണ്ണമായീടിൽ
മഴയൊരുപാതിയാണ്ടു-
ണ്ടാക്കുകയില്ലദിനനാഥൻ. 38

സസ്യങ്ങൾക്കുഹിതം-
ട്ടുണ്ടാക്കും ഭാസ്കരൻകറുത്തെന്നാൽ
പാകത്തിന്നിളമായാൽ
പരചക്രഭയത്തെയുണ്ടാക്കും. 39

ഏതൊരുനക്ഷത്രത്തിൽ
ഛിദ്രത്തോടൊത്തുഭാനുവിൽകാണു-
ന്നതാൽക്രൂരവിലാസാ-
ലേതഹനായവർനശിച്ചീടും. 40

ഉദയാസ്തമയങ്ങളൊഴി-
ച്ചേതൊരുകാലത്തിലെങ്കിലുംസൂര്യൻ
ശശരക്തരക്തനായാ-
ലുണ്ടാകുമുലകിൽകലഹമതോർ 41

കുല്ലികൾകൂട്ടത്തോടെ-
ത്തിന്നുവിനൊപ്പംസൂര്യനായെന്നാൽ
രാജവധമുടനെയുണ്ടാം
മറ്റൊരുവൻനൃപനാകയുംചെയ്യും. 42

കിരണങ്ങൾവൃത്തമാകിട-
മൊടിടങ്ങുമുറിഞ്ഞപോലെ ചണ്ഡകരൻ
കുല്ലികളില്ലാതായാൽ
ജനങ്ങൾക്കുനാശമുണ്ടാക്കും. 43

തോരണതുല്യാകാരം
പൂണ്ടെന്നാകിൽപുരംനശിപ്പിക്കും
ഛത്രാകാരംപൂണ്ടാൽ
ദേശവിനാശത്തെയുണ്ടാക്കും. 44

കൊടിവില്ലിവതന്നാകൃതി
പൂണ്ടാൽപൃഥ്വാവുയുദ്ധമുണ്ടാക്കും
ഇളകികൊണ്ടായാലും
രൂക്ഷതപൂണ്ടാലുമപ്പലംതന്നെ. 45

ദിനപതിതൻബിംബത്തിൽ
കറുത്തതാംരേഖകണ്ടുവെന്നാകിൽ
സചിവൻനൃപനെക്കൊല്ലും
ഭണ്ഡാരംകൊള്ളുവാനമെന്നുമാം. 46

ഉൽക്കാശനിവില്ലുകളു-
ദയാസ്തമയസ്ഥനായദിനപതിയെ
താഡിച്ചാൽനൃപമരണം വ-
ന്നീടുംപരനൃപതിവശ്യംചേരും. 47

പ്രതിദിവസംദിവസകരൻ
പരിവേഷത്തോടുകൂടിനിന്നാലും
സന്ധ്യാദ്വിതയത്തിങ്കൽ
പരിവേഷത്തോടുകൂടിയെന്നാലും. 48

ഉദയംമുതലസ്തമയം
വരെയൊരുരക്തനായിയെന്നാലും
മറ്റൊരുവനായ്‌വരിക്കും
മഹീതലാധീശത്വമെന്നാം. 50

സന്ധ്യാദ്വയത്തിലായുധ-
സദൃശങ്ങളാംകൂടിടുന്നകിൽ
മറ്റൊരുവനെയാക്കീടും
മഹീതലത്തിന്റെനായകനായ്. 51

പോത്തുംശ്വഗാംസ്വരംമൊട്ടകം-
ഖണ്ഡമിവപോലെയുള്ളമേഘങ്ങൾ
ഇങ്ങിനെതന്നെമറ്റു-
ലാദിത്യൻഭീതിയെജനിപ്പിക്കും. 51

അർക്കാംശുതാപകരണ-
മതിപീഡയെയനുഭവിച്ചനക്ഷത്രം
പിന്നീടുശുഭമാകും
തീയിൽവരുകന്നുവർണ്ണങ്ങൾപോലെ. 52

പ്രതിസൂൎയ്യൻസൂൎയ്യൻതാൻ
വടക്കുനിന്നാലുടനുഗ്രഹാവൎഷം
തെക്കുനിൽക്കാറുണ്ടോ-
മുഖയെസ്ഥിതനെന്നിലംബുഭയം. 53

ഉപരാഗരൂപേണനിന്നാൽ
ജനനാശംചെയ്യില്ലാണെങ്കിൽ
പ്രതിസൂൎയ്യൻവെയിലേൽക്കും
തനുവാനക്കാന്തികേക്കു സമമല്ലേ. 54

കാരണമില്ലാതെക്കൂർ
ഗഗനസ്ഥാൎക്കെതകെത നായാലും
ദൃഢരുജോജ്ഞനാകില്ല.
മൃത്യുശവിനാശമുണ്ടാക്കും. 55

ദൃഷ്ടതയൊത്തുകരുത്തും
നിലച്ചുംവിവിധമാനിയപ്പെട്ടും
നിന്നീടുന്നാദിത്യൻ
ജനനാശത്തെജ്ജനിപ്പിക്കും. 56

അധികൃതനുവൎണ്ണച്ഛിഹ്നമാ-
നമലവപുസ് സ്വച്ഛമണ്ഡലൻവി
ളക്കിലിവൻതനുമംഗളം
സ്പഷ്ടവിചുപാമലധീശ്വരിധീതി. 57

ഇങ്ങിനെ ശ്രീഹിതസംഹിതയിൽ
"ആദിത്യാചാരം"
എന്ന മൂന്നാമദ്ധ്യായം കഴിഞ്ഞു.

(തുടരും)

കൊടുങ്ങല്ലൂർ കൊച്ചുണ്ണിത്തമ്പുരാൻ.

വൎണ്ണവിവൎണ്ണനം.

'ചെമപ്പ്' 'ചുവപ്പ്' രണ്ടും ശരി. ഇവയെപ്പറ്റി സംവാദം വളരെക്കാലം ഇപ്പോഴും നടക്കുന്നതേയുള്ളു. ഇതിനു ഞാൻ വീണ്ടും ഒരു മദ്ധ്യസ്ഥന്റെ നിലയിൽ ആലോചനാസിദ്ധമായ എന്റെ ഒരു അഭിപ്രായം മഹാജനസമക്ഷത്തിൽ അറിയിക്കാമെന്നു കരുതുന്നു. ഇതെത്ത് എഴുത്തച്ഛൻ എഴുതിയതും കൊല്ലം 1026-ൽ അച്ചടിച്ചതുമായ ശ്രീമഹാഭാഗവതം ദശമസ്കന്ധത്തിലെ 'വത്സസ്തേയ'ത്തിൽ:—

"കേചന വെളുത്തവർ
കേചന കറുത്തവർ
കേചന 'ചുവന്ന'വർ
കേചന ചിത്രവൎണ്ണന്മാർ" എന്നും,

1028-ൽ അച്ചടിച്ച ശ്രീമഹാഭാരതത്തിലെ സംഭവപൎവ്വത്തിലുള്ള ദേവയാനീചരിതത്തിൽ:—

"കണ്ണുകൾ 'ചുവപ്പി'ച്ചു
ദേഹവുംവിറപ്പിച്ചു
ചണ്ഡദീധിതിയുടെ
മണ്ഡലംതൊഴുംപോലെ" എന്നും,

"മുഖവും 'ചുവപ്പി'ച്ചു
ദേഹവുംവിറപ്പിച്ചു
പൊട്ടിച്ചെറിഞ്ഞിതു
ഭൂഷണങ്ങളെല്ലാം" എന്നും,

ഉദ്യോഗപൎവ്വത്തിലെ 'ഭഗവദ്ദൂതി'ൽ:—

"കണ്ണുകൾ 'ചുവന്നു' കൈ
ഞെരിച്ചു പല്ലുംകടി-
ച്ചുൎണ്ണാജനൊത്രനാട
ഭീമഘനനാദംചൊന്നാൻ" എന്നും,

970-ൽ കയ്യെഴുതിയ അദ്ധ്യാത്മരാമായണം ഗ്രന്ഥത്തിൽ അയോദ്ധ്യാകാണ്ഡത്തിലെ കൈകേയിയുടെ ക്രോധത്തിൽ:—

“നേത്രങ്ങൾ ‘ചുവപ്പി’ച്ചു കൈകേയിയും
ധാത്രീപതിശ്രേഷ്ഠനോടു ചൊല്ലീടിനാൾ”

എന്നും,

1072-ൽ അച്ചടിച്ച മാർക്കണ്ഡേയപുരാണത്തിലെ ഘോരനരകവർണ്ണനത്തിൽ:—

“ഉഗ്രികളഗ്നിപോലെ വെയ്യുന്ന ചുവപ്പിച്ച
കണ്ണുങ്ങളാലെ ചാട്ടീടുന്ന ദൂതന്മാരാരോതം”

എന്നും,

കുഞ്ചൻനമ്പ്യാർ എഴുതിയതും 1085-ൽ അച്ചടിച്ചതുമായ കൃഷ്ണാർജ്ജുനവിജയത്തിൽ സന്ധ്യാവന്ദനവേളയിൽ കൃഷ്ണന്റെ കയ്യിലെ അർഘ്യജലത്തിൽ ‘ഗയ’നെന്ന ഗന്ധർവ്വന്റെ കുതിരയുടെ വായിൽ നിന്നു നുര വീണപ്പോൾ ശ്രീകൃഷ്ണനുണ്ടായ ക്രോധത്തിൽ:—

“തിരുമിഴിയൊന്നു ‘ചുവന്നു’മറിഞ്ഞു
തിരുവുടലൊന്നു വിറച്ചു ചിരിച്ചു” എന്നും,

അതിൽ തന്നെ നാരദന്റെ ഏഷണികേട്ട ബലഭദ്രനുണ്ടായ കോപത്തിൽ:—

“തിരുമിഴിയൊന്നു ‘ചുവന്നു’മറിഞ്ഞു
കലിയുമെടുത്തുപിടിച്ചു കരത്തിൽ” എന്നും

ചെറുശ്ശേരി നമ്പൂരി എഴുതിയതും 1002-ലെ കയ്യെഴുത്തു ഗ്രന്ഥരൂപത്തിലുള്ളതുമായ ‘കൃഷ്ണഗാഥ’യിൽ, കംസൻ ദേവകിയെ വെട്ടാൻ ഭാവിച്ചപ്പോൾ ഉണ്ടാകുന്ന ലോകരുടെ വ്യസനപാരവശ്യത്തിൽ:—

“കൈതവമീടിനാർ കൺ ചുവത്തീടിനാർ
കയ്യലച്ചീടിനാർ കേഴ്‌വിനോരും”

എന്നും മറ്റും പുരാതന കാലത്തു തന്നെ പ്രയോഗിച്ചിട്ടുള്ളത് അടിസ്ഥാനത്തോടുകൂടിയാണെന്നു പറയുന്നതിനു സംസ്കൃതധാതുക്കളുടെ പുസ്തകത്തിലെ ‘ശോണ’ ധാതു സഹായിക്കുന്നില്ലെങ്കിൽ മേൽ പറയപ്പെട്ട പുരാണേതിഹാസാദികളിൽ തന്നെ പറയുന്ന ‘ചെന്തൊണ്ടി’ ‘ചെന്താമര’ ‘ചെങ്കതിരോൻ’ ‘ചെമ്പരത്തി’ ‘ചെങ്കണ്ണ്’ ‘ചെന്തെങ്ങ്’ മുതലായ പ്രയോഗങ്ങൾക്കു ദ്രാവിഡത്തിലെ ‘ചെ’ (ചെം) മൂലധാതു നല്ലവണ്ണം സഹായിക്കുന്നുണ്ട്. ‘കേരളപാണിനീയ’ത്തിലെ 177-ാം സൂത്രത്തിന്റെ ഭാഷ്യത്തിൽ (വൃത്തിയിൽ) ‘ചെം’ ധാതുവിൽനിന്നു ‘ചെമ്മ’ ‘ചെപ്പ്’ ‘ചെമപ്പ്’ ‘ചെവ്വ്’ എന്നുള്ള ശബ്ദങ്ങൾ ഉണ്ടായതായും, 181-ാം സൂത്രത്തിന്റെ ഉദാഹരണത്തിൽ ‘ചെകപ്പു-ചെമ്പൻ’ ‘ചുകപ്പു-ചോപ്പൻ’ എന്നു വരുന്നതായും കാണിച്ചിരിക്കുന്നു. ഇവ ഇതിനെ നല്ലവണ്ണം താങ്ങുകയും ചെയ്യുന്നു. 1868-ൽ അച്ചടിച്ചതും പുസ്തകരൂപമായതുമായ ‘പടിക്കാചത്തമ്പുരാൻ’ പാടിയ തമിഴ് ‘തനിപ്പാടത്തിരട്ടിയ’

“കന്റ്റു ‘ചിവന്തു’മൂരിയ
കനേതിക്കലചിയിലെ
തോയ്ന്തു ‘ചിവന്തു’മിന്നാർ
നെടുംകൺകടൈയാൽപലരുൽ,
ആയ്ന്തു ‘ചിവന്തു’പാ
വാണാർനെഞ്ചമതിനാൽ,
ഈന്റു ‘ചിവന്തു’കാൽ ചീത
കാതിളതകമ്മേ.” എന്നും,

“ചിന്നഞ്ചിറുചിലെള്ളും ചെങ്കോട്ട
ചിലെള്ളും ‘ചിവന്ത’ചിലെള്ളും,
പൊന്നിൻമണിചിലെള്ളുംപ്പലോ

കമെങ്കും പുകഴ്പ്പിനെള്ളെ,
ചെവാണാഴുഴൽകിൻറച്ചുരുന്നൈ
വെൻറചെങ്കചൎപ്പിനെള്ളെ,
വനക്കിളിപ്പിനെള്ളെ, ചെന്തിർ
ക്കനത്തിക്കമൊപ്പിനെള്ളെയേ" എന്നും,

"മത്തിയമം 'ചിവപ്പ്' നിറം" എന്നും മറ്റും കാണുന്നു. ഇങ്ങനെ തമിഴിലുള്ള 'ചിവന്ത' 'ചിവപ്പ്' മുതലായ പ്രയോഗത്തിലെ 'ഇ'കാരത്തിനു ഗുണം വന്നു 'എ'കാരമാകുമ്പോഴും മൂലദ്രാവിഡധാതുവോടു ഒട്ടി 'ചെമപ്പ്'ആയിത്തീരുന്നതാണെന്നുള്ള യുക്തി ഒട്ടും തള്ളത്തക്കതല്ല. ഇതുകൂടാതെ തമിഴിൽ "അടേ 'ചെമല'പ്പയലേ എന്നെടാ സമാചാരം?" "ഇന്ത വസ്തുവെല്ലാം 'ചെവന്തു' പോച്ച്" എന്നാദിയായ തമിഴരുടെ വാമൊഴിയും സ്വീകാര്യമാണല്ലോ. അതുകൊണ്ടു 'ചെമപ്പ്' എന്ന പ്രയോഗം മൂലദ്രാവിഡധാതുവോടും 'ചുവപ്പ്' എന്നതു് സംസ്കൃതധാതുവോടും അടുത്തുള്ളവയാണെന്നു ഊഹിക്കുന്നതു് തെറ്റായി വരുവാൻ നിവൃത്തിയില്ല. ജനകസ്ഥാനത്തിരിക്കുന്ന 'സംസ്കൃതത്തി'ന്റെയും, ജനനീസ്ഥാനത്തിരിക്കുന്ന 'തമിഴി'ന്റെയും സംസർഗ്ഗത്താൽ ഇന്നും പോഷിച്ചുകൊണ്ടിരിക്കുന്ന (ജനകജനനീമതമായ) ഈ കേരളഭാഷാ 'സാഹിത്യ'ലോകത്തിനു് ഈ രണ്ടു ഭാഷകളെ രണ്ടിനേയും മറക്കാൻ പാടില്ലാത്തതാണെന്നുള്ളതുകൊണ്ടായിരിക്കുന്നു പൂർവ്വാചാര്യന്മാർ മുതല്ക്കേ മേൽ വിവരിച്ച രണ്ടു വിധത്തിലും പ്രയോഗിച്ചു വരുന്നുള്ളതു്. ഇവിടെ 'ചെമപ്പ്' 'ചെവപ്പ്' 'ചെകപ്പ്' 'ചെന്താമര' മുതലായ പദങ്ങൾ ഉപയോഗിക്കുന്നവരെ 'ദ്രാവിഡധാതുപക്ഷക്കാ'രെന്നും, 'ചുവപ്പ്' 'ചുമപ്പ്' 'ചുകപ്പ്' 'ചോപ്പ്' മുതലായ പദങ്ങൾ ഉപയോഗിക്കുന്നവരെ 'സംസ്കൃതധാതുപക്ഷക്കാ'രെന്നും പറയാമെന്നല്ലാതെ 'ഒന്നു ശരി' 'മറ്റേതു തെറ്റ്' എന്നു പറയാൻ പാടില്ലാത്തതിനാൽ 'ചെമപ്പും' 'ചുവപ്പും' തുല്യാവസ്ഥയിൽ ശരിയായി നില്ക്കുന്നതാണെന്നതിനെ സമ്മതിക്കാതെ കഴികയില്ല.

കല്യാണഞ്ഞൂരി വീട്ടിൽ എൻ. കുഞ്ഞുപിള്ള.

കേരളവും ദേശനാമങ്ങളും

(കെ. പി. പത്മനാഭമേനോൻ ബി. എ. ബി. എൽ.)

ജനറൽ കന്നിങ്ഹാം (Genaral-Cunnigham) എന്നാൾ അദ്ദേഹത്തിന്റെ 'പുരാതനഇന്ത്യയുടെ ഭൂവിവരണം' (Geography of Ancient India) എന്ന ഗ്രന്ഥത്തിൽ ചീനക്കാരനായ 'ഹ്യൂൻസാങ്' (Hiuen Tsiang) ക്രി. അ. 629-645-എന്ന ഭിക്ഷുസഞ്ചാരിയാൽ പറയപ്പെട്ടിട്ടുള്ള 'മൊ-ലൊ-ക്യു-ച്ച'(Mo-lo-kiu-cha) 'മലകൂട'(Malakuta) മലകൂടമല്ലെങ്കിൽ 'മലയകൂട'മെന്ന പ്രദേശം മലയാളരാജ്യമാണെന്ന് പറയുന്നു. 'മൊ-ലൊ-ക്യു-ച്ച' എന്ന വാക്കിന്റെ പൂർവ്വാർദ്ധം 'മല' എന്ന ദ്രാവിഡപദമാണെന്നും, ഉത്തരാർദ്ധം തമിഴ് രേഖകളിൽ കണ്ടുവരുന്ന 'കൂറ്' (ഭാഗം)

എന്നതിനോടും അല്ലെങ്കിൽ 'കൊല്ലം' (മുളിയുടെ തൊലി) എന്നതിനോടും യോജിപ്പിക്കുന്നു എന്നു ഡാക്ടർ 'ഹുൽട്ട്ഷ്' (Dr Hutzsch) അഭിപ്രായപ്പെടുന്നു. [കഛം എന്ന സംസ്കൃതപദത്തിനോടും സാദൃശ്യം കാണുന്നുണ്ട്. cf ഭൃഗുകഛം Broach] അദ്ദേഹത്തിന്റെ പക്ഷത്തിൽ 'മൊ-ലൊക്യൂ-ച്ച' അല്ലെങ്കിൽ 'മലകൂട്ട' എന്നതു 'മലനാട്' അല്ലെങ്കിൽ 'മലൈനാട്' (മലയാളം) എന്നുള്ളതുതന്നെയാണ്. എന്നാൽ 'ഹയ്യൻസാംഗ്' 'മലകൂട്ട' എന്നതിനെ ദ്രാവിഡരാജ്യത്തിന്റെ തെക്കുപുറമാണെന്നും അതിന്നു അയ്യായിരം 'ലി' (9) (li) ചുററളവുണ്ടെന്നും പറയുന്ന സ്ഥിതിക്ക് മലയാളത്തിനു പുറമെ കാവേരിനദിക്കപ്പുറമുള്ള മധുരസംസ്ഥാനത്തിന്റെ തെക്കേഭാഗം മുഴുവനുംകൂടി അതിൽ ഉൾപ്പെട്ടിട്ടുണ്ടായിരുന്നു. (10) മലയപർവ്വതങ്ങളിന്മേൽ ചന്ദനമരവും കർപ്പൂരമരവും ഉണ്ട് എന്നുള്ളത് ആ ചൈനാക്കാരനായ ഭിക്ഷു തന്നെ പറയുന്നുണ്ട്. സംസ്കൃതത്തിലും മലയാളത്തിലും 'മലയ' എന്നതു പർവ്വതങ്ങൾക്കു പറഞ്ഞുവരുന്ന പേരാണ്. മലയപർവ്വതങ്ങളിലെ ഉൽപ്പന്നസാധനങ്ങൾകൊണ്ടു 'ചന്ദനത്തിനു' 'മലയജം' എന്നും പേരുണ്ടായി.

'ഹയ്യൻസാംഗ്' 'മലകൂട്ട'യുടെ തലസ്ഥാനം കാഞ്ചീപുരത്തുനിന്നു മൂവ്വായിരം 'ലി' തെക്കാണെന്നു പറയുന്നു. അപ്പോൾ അവിടം കന്യാകുമാരിക്കപ്പുറം സമുദ്രത്തിൽ ആയിത്തീരുമെന്നു ജനറൽ കണ്ണിങ്ഹാം ആക്ഷേപിക്കുന്നു. എന്നാൽ 'ഹയ്യൻസാംഗ്' പറയുന്ന 'ചിമോള' (Chimola) എന്ന പ്രദേശം (ഇതു 'മലകൂട്ട'യുടെയോ പേരാണെന്നു 'ഹയ്യൻസാംഗി'ന്റെ ചൈനാക്കാരനായ പ്രസാധകൻ ഒരു ഭാഗത്തിൽ അഭിപ്രായപ്പെടുന്നു (തമിഴിലെ 'കുമാരി', അല്ലെങ്കിൽ 'കന്യാകുമാരി'തന്നെയാണെന്നു മിസ്റ്റർ ബീൽ (Mr. Beal) വിചാരിക്കുന്നു. (11) ഈ ഭാഗം സമുദ്രക്കര തെക്കോട്ടു കന്യാകുമാരിയിൽനിന്നു കുറെ അധികം തെക്കോട്ടു നീണ്ടുകിടന്നിരുന്നു എന്നുള്ളതിന് രേഖ ഉണ്ടായിരിക്കുമല്ലോ. ചീന ജാപ്പാൻകാരുടെ ഇന്ത്യാ ഭൂപടത്തിൽ 'മലകൂടത്തിനു' മററൊരു പേർ പറഞ്ഞുകാണുന്നതു 'ഹയി-ആൻ-മെൻ' (Hai-an men) എന്നാണ്. ഇതു 'ടോളമി'യുടെ അയ്യോയി (Aioi) എന്ന ദേശനാമത്തോടു ഏകദേശം സാദൃശ്യമുണ്ട്. 'അയ്യോയി' എന്നത് 'സർപ്പം' എന്ന അർത്ഥമുള്ള സംസ്കൃതത്തിലെ 'അഹി' എന്ന പദമായിരിക്കാമെന്നും 'കേരളോല്പത്തി'യിൽ പറയുംപ്രകാരം നാഗന്മാർ ബ്രാഹ്മണരെ കേരളത്തിൽനിന്നു ഓടിച്ചുകളഞ്ഞു എന്നുള്ള ഐതിഹ്യത്തെ ഈ പദം സൂചിപ്പിക്കുന്നു എന്നും പ്രൊഫെസ്സർ വിൽസൺ (Prof: Wilson) വിചാരിക്കുന്നു.

'ജേർണൽ ആഫ് ദി റോയൽ ഏഷ്യാററിക്ക് സൊസൈററി (Journal of the Royal Asiatic Society (12) എന്ന പത്രഗ്രന്ഥത്തിൽ, ഇന്ത്യയുടെ പടിഞ്ഞാറേ

(9) ലി, എന്നത് 1079.12 അടി ദൂരം ആകുന്നു.

(10) Indian Antiquery Vol 8. p. 329.

(11) Ancient Geography of India Vol. I. p. p 559-552.

(12) Vol III.

കാരെക്ക ആദ്യം വന്നെത്തിയ അറബികളും ആഫ്രിക്കാക്കാരും സമുദ്രത്തിനക്കരെനിന്നും മുവ്വാബാറിലേക്ക (Muabbar) വന്നു' എന്നു, മിസ്റ്റർ സി. പി. ബ്രൌൺ (C. P. Brown) പറയുന്നു. മലബാർ എന്ന വാക്ക് ഉണ്ടായതു മുവ്വാബാർ എന്ന ആദ്യം സ്വദേശി ഭാഷയിൽ എഴുതിയപ്പോൾ എഴുത്തുകാരന്റെ വിചാരപൂർവ്വമല്ലാതെ വന്നുപോയ കൈതെറ്റിന്റെ ഫലമായിട്ടാണെന്നു അദ്ദേഹം വിചാരിക്കുന്നു. ഇന്ത്യായുടെ കിഴക്കെ കരയിലും സമുദ്രത്തിനക്കരെയുള്ളവർ വരികയുണ്ടായി. അതു കാരണം ചോഴമണ്ഡലക്കരയും മലബാർ എന്നു തെറ്റായി പറഞ്ഞുപോരാറുണ്ട്. ഇന്ത്യാ ചരിത്രകാരകനായ ഓറം (Orme) എന്നാൾ ചോളമണ്ഡലക്കരയിലുള്ള തമിഴരെ 'മലബാർസ്' (Malabars) എന്നും തമിഴ്ഭാഷയെ 'മലബാറിസ്സ്' (Malabarese) എന്നും പറയുന്നു.13 ചോളമണ്ഡലക്കരക്ക 'മലബാർ' എന്നു തെറ്റായി പേർ പറഞ്ഞുവന്ന കാരണത്താൽ ക്രി. അ. 1810-ൽ ഉത്തരദേശത്തുനിന്നു വന്ന 'മാലിക്കാഫർ' (Malik kafur) എന്ന മഹമ്മദീയന്റെ ആക്രമണത്തിൽ പശ്ചിമസമുദ്രതീരംകൂടി ഉൾപ്പെട്ടുപോയി എന്നു തെറ്റിദ്ധരിക്കുവാൻ സംഗതിയായി. ഈ കാലത്തു കിഴക്കെ കരയ്ക്കു 'മാർക്കോപ്പോളോ'വും 'ഇബ്നുബതൂത്തായും' ഉപയോഗിച്ചുവന്ന പേര 'വഴി' എന്നർത്ഥമുള്ള 'മാബാർ' (Ma'abar) എന്ന പേരമായിരുന്നു. മലയാളരാജ്യവുംകൂടി മഹമ്മദീയരുടെ ആക്രമണത്തിൽ പെട്ടുപോയി എന്നുള്ള വിചാരം ഈ സംഗതിയിൽനിന്നു ജനിച്ചതായിരിക്കാം. 'റാഷീഡുദ്ദീൻ', 'അൽബിറൂണി' മുതലായവരുടെ അഭിപ്രായത്തിൽ ചോളപാണ്ഡ്യരാജ്യങ്ങൾ ഉൾപ്പെടെ പടിഞ്ഞാറേക്കരയിലുള്ള 'കൊല്ലം' മുതൽ കിഴക്കേക്കരയിലുള്ള 'നെല്ലൂർ'വരെക്കും 'മാഅബാർ' എന്ന പ്രദേശം വ്യാപിച്ചിരുന്നു14. 'റിട്ടർ'(Ritter) എന്നാൾ 'മാഅബാർ' എന്നതു പടിഞ്ഞാറേക്കരയാണെന്നു പറയുന്നു. ഈ പ്രദേശം മലയാളക്കരയുടെ തെക്കെ അറ്റമായി 'ഇബ്ൻ ബത്തൂത്ത' വെച്ചിരുന്നുവെന്നു 'ലാസ്സൻ' (Lassen) പറയുന്നുണ്ട്. ഈ വിചാരങ്ങളുടെ അഭിപ്രായങ്ങളിലുള്ള തെറ്റിനെ 'കർണ്ണൽയൂൾ' (Colonel Yule) ചൂണ്ടികാണിക്കുന്നുണ്ട്. 'മാഅബാർ' എന്ന പേർ തെക്കെപടിഞ്ഞാറേക്കരക്കോ തെക്കെകിഴക്കെ കരക്കോ പ്രത്യേകിച്ചുള്ളതല്ലെന്നും തെക്കെ അറ്റത്തെ കോമറിനു മുഴുവനും ഒരുപോലെ പറയാവുന്നതാണെന്നുമാണ് 'പ്രൊഫിസർ കൺട്രസ്മാന്റെ' (Prof Kuntsman) അഭിപ്രായം. എന്നാൽ ഈ അംശത്തിനു 'മാഅബാർ' എന്ന പേർ എതൊരു കാലത്തെങ്കിലും ഉപയോഗിച്ചുവന്നതായി കാണുന്നില്ല. 'കർണ്ണൽയൂൾ' ഇങ്ങിനെ പറയുന്നു. 'അബ്ദുറസാഖ്' ശരിയായി അഭിപ്രായപ്പെട്ടപ്രകാരം കന്യാകുമാരിമുതൽക്കുള്ള തെക്കെകിഴക്കെ കരക്കു മാത്രമാണ് ഈ പേര് എന്റെ അറിവിൽ പെട്ടേടത്തോളവുമുള്ള എല്ലാ രേഖകളിലും കണ്ടിട്ടുള്ളത്'(15)

13 'മലബാറിസ്സ്, എന്ന മുൻകാലത്തു യൂറോപ്യരായ ക്രിസ്ത്യാനികൾ പറഞ്ഞുവന്നതു മലയാളക്കരയിലും ചോഴമണ്ഡലക്കരയിലും ഉണ്ടായിരുന്ന മുക്കുവരെ ഉദ്ദേശിച്ചാണ്. അതു കപ്പക്കാർ പറഞ്ഞുപോന്നതും എന്നാൽ ഭീമ തെറ്റായിട്ടുള്ളും ആകുന്നു.

14. Cathay. p. 219.

15. I bid Vol. I. p. 81. note Gildmuster p.p. 56—i85.

'മലബാർ' എന്ന പദത്തെപ്പററി മിസ്റ്റർ സി. പി. ബ്രൌൺ എന്നാളുടെ അഭിപ്രായത്തെക്കുറിച്ചു സ്വല്പംകൂടി പറയാം. മുൻപറഞ്ഞപ്രകാരം എഴുത്തുകാരുടെ വന്നതായി വിചാരിക്കുന്ന തെററിനെ ചൂണ്ടികാണിച്ചതിന്നശേഷം മിസ്റ്റർ ബ്രൌൺ ഇങ്ങിനെ പറയുന്നു. 'ആ പ്രദേശത്തുള്ള തമിഴർ 'എയിൻ' (Ain) അല്ലെങ്കിൽ സുറിയാനിഭാഷയിലെ 'ബെ' (B) എന്ന അക്ഷരത്തിന്റെ ശബ്ദം ശരിയായി ഉച്ചരിപ്പാൻ അറിഞ്ഞുകൂടാ. അതുകൊണ്ടു 'മ അബാർ' എന്ന പദത്തെ ഉച്ചാരണത്തിൽ മയപ്പെടുത്തി 'മാപ്പിള്ള' എന്നാക്കി.' ചുരുക്കി പറയുന്നതായാൽ ഈവിധം ഒരു ധാതുപാഠം ഉണ്ടാക്കിക്കൊണ്ടുവരുന്നതിൽ കാണിച്ചിട്ടുള്ള പാടവം എത്രയും ആശ്ചര്യകരമായിരിക്കുന്നു. മബ്ബാർ എന്ന പദത്തിന്ന ഒടുവിൽ പറയുന്ന പ്രകൃതിഭേദം എതുവിധത്തിൽ വന്നുകൂടി എന്നറിവാൻ കുറെ പ്രയാസമാണ്. തെററായ ഉച്ചാരണഭേദംകൊണ്ടോ അക്ഷരമാററംകൊണ്ടോ 'മലബാർ' എന്ന പദത്തെയോ 'മ അബാർ' എന്ന പദത്തെയോ 'മാപ്പിള' എന്നാക്കിത്തീർപ്പാൻ ഒരുവിധവും തരമില്ല.

'മാപ്പിള' എന്ന പദത്തിന്റെ ആഗമം 'മലബാർ', 'മ അബാർ' എന്ന പദങ്ങളോടു ഒരുവിധവും സംബന്ധപ്പെട്ടിരിക്കുന്നില്ല. ക്രിസ്ത്യാനികളേയും മഹമ്മദീയരേയും ഉദ്ദേശിച്ചു മാപ്പിള എന്ന പദം ഭേദംകൂടാതെ ഉപയോഗിച്ചുവരാറുണ്ട്. എന്നാൽ വടക്കൻദിക്കുകളിൽ മഹമ്മദീയരെ മാത്രമേ 'മാപ്പിള'മാർ എന്നു പറയാറുള്ളു. തിരുവിതാംകൂർ നായന്മാരെ 'പിള്ള' എന്ന സ്ഥാനപ്പേര കൂട്ടിവിളിക്കുന്നതുപോലെ ബഹുമാനസൂചകമായി 'മഹാ+പിള്ള' = 'മാപ്പിള്ള' എന്നു പറയുന്നതാണെന്നു ചിലർ വിചാരിക്കുന്നു. 'പിള്ള' എന്ന സ്ഥാനപ്പേർ നായന്മാർക്കുമാത്രം ഉള്ളതല്ലെന്നും ബ്രാഹ്മണർക്കുകൂടി ഉപയോഗിച്ചിരുന്നുവെന്നും കന്നടിയിൽ താമ്രശാസനത്തിൽ കാണുന്നുണ്ട്. അതിൽ ദാനം സിദ്ധിച്ച ആളുടെ പേർ 'ചേരമാൻ പെരുമാൾ രാജാവിനാൽ സ്ഥാപിക്കപ്പെട്ട പഴയ ബ്രാഹ്മണഗ്രാമത്തിൽ വസിക്കും യജുർവേദി, ശ്രീവത്സഗോത്ര, ബ്രാഹ്മണർ, ഗോപാലപിള്ള' എന്നെഴുതികാണുന്നു.(16) ആദ്യം വന്ന മഹമ്മദീയർക്കോ പക്ഷേ അതിന്നു മുമ്പുതന്നെ വന്നെത്തിയിരുന്ന ക്രിസ്ത്യാനികൾക്കോ ബഹുമാനസൂചകമായി പറഞ്ഞുവന്ന ഒരു സ്ഥാനപ്പേരായിരിക്കാം 'മഹാപിള്ള' അല്ലെങ്കിൽ 'മാപ്പിള' എന്ന പദം എന്നു മിസ്റ്റർ ലോഗൻ വിചാരിക്കുന്നു. മഹമ്മദീയരെ സാധാരണ 'ജോനകമാപ്പിള'മാരെന്നും ക്രിസ്ത്യാനികളെ 'നസ്രാണിമാപ്പിള'മാരെന്നും ആണ് പറഞ്ഞുവരുന്നത്. 'ജോനകർ' എന്നതു 'യവനകർ' അല്ലെങ്കിൽ 'ഗ്രീക്കുകാർ' ആണെന്നു ചിലർ പറയുന്നു. ഇപ്പോൾ നമ്മുടെ അറിവിൽ പെട്ടതിൽ വെച്ചു പഴക്കത്തിലുള്ളതായ 'പയ്യന്നൂർപാട്ട്' എന്ന മലയാളപദ്യത്തിൽ ചില കപ്പൽക്കാരെ 'ചോനവർ' എന്നു പറഞ്ഞുകാണുന്നുണ്ട്. അറബിവ്യാപാരികൾക്കു കീഴ്ജാതിസ്ത്രീകളിൽ തൽക്കാലബന്ധത്തിൽ ഉണ്ടായ സന്തതികളാണ് ഈ കരയിലുള്ള ജോനകമാപ്പിളമാരെന്നു ചിലർ പറയുന്നു. കിഴക്കേ കരയിൽ ഇതുപോലെയുള്ളവരെ 'ലബ്ബമാർ' എന്നാണ് പേർ വി

---

16. History of Travancore. p. 36.

ളിച്ചുവരുന്നത്. അവരെ 'തുലുക്കർ' (Turks) അല്ലെങ്കിൽ 'യോനകർ' (Yavanas) എന്ന തമിഴന്മാർ വിളിച്ചുവരുന്നതായി ബിഷോപ്പ് കാൾഡ്വെൽ പറയുന്നു.

ഡാക്ടർ 'ഡെ'യുടെ അഭിപ്രായത്തിൽ 'മാപ്പിള' എന്ന പദത്തിന്റെ ആഗമം 'മാ=അമ്മ+പിള്ള=കുട്ടി=അമ്മയുടെ കുട്ടി. എന്നാൽ അച്ഛനില്ലാത്ത കുട്ടി എന്നർത്ഥം. (17) ഇക്കരയിലുള്ള ഹിന്ദു മഹമ്മദീയർ (മുസൽമാൻവേദത്തെ സ്വീകരിച്ചുപോരുന്നവർ) ഈ പദത്തെ ഉപയോഗിച്ചുകൂടാ എന്നുവെച്ചു നിരസിക്കുന്നു. 'മാ=അമ്മ+ പിള്ള=പട്ടിക്കുട്ടി' ഇതിനെ 'മാപ്പിള' എന്നതായി എന്നും അത് ആക്ഷേപസൂചകമായി പറയുന്നതാണെന്നും ഒരു കാദി അഭിപ്രായപ്പെട്ടതായി ഡങ്കൻ (Duncan) പറയുന്നുണ്ട്. 'ഏഷ്യാറ്റിക് റിസർച്ചസ്സ്'(18) (Asiatic Researches) എന്ന പത്രഗ്രന്ഥത്തിൽ ഈ വാക്ക് 'മഹാ' (Maha) അല്ലെങ്കിൽ 'മോഹായി' (Mohai=Mocha) 'പിള്ള=കുട്ടി=മാപ്പിള. എന്നാൽ 'മോഹായി' (Mohai) അല്ലെങ്കിൽ 'മോക്ക' (Mocha) യിലെ കീഴ്ജാതിക്കാരായ നാട്ടുകാരുടെ കുട്ടികൾ എന്നർത്ഥമാകുന്നു എന്ന് 'മക്ലീൻ' (Maclean) പറയുന്നു. മിസ്റ്റർ പേർസി ബാഡ്ജർ (Mr. Percy Badger) അദ്ദേഹത്തിന്റെ 'വർത്തിമാ' (Varthema) എന്ന പുസ്തകത്തിൽ ഒരു കുറിപ്പായി ഈ പദത്തിന്റെ ആഗമത്തെ കാണിച്ചിരിക്കുന്നത് സംതൃപ്തമായിട്ടുള്ളതും മിക്കവാറും ശരിയായിട്ടുള്ളതും ആണെന്നു വിചാരിക്കാം. അദ്ദേഹം ഇതിനെ പറയുന്നു. 'മാപ്പിള എന്ന പദം 'ഭൂമിയെ കൃഷിചെയ്യുക' എന്ന അർത്ഥമായ 'ഫ്'ല' (fa'lah) എന്ന ധാതുവിൽനിന്നുണ്ടായ 'മഫ്ളി' (Maflih) എന്ന അറബിവാക്കിൽനിന്നു ജനിച്ചു എന്നാണ് എനിക്കു തോന്നുന്നതു. ആ വാക്കിന്റെ പദാർത്ഥം 'ഐശ്വര്യമുള്ള അല്ലെങ്കിൽ ജയമുള്ള' എന്നാണ്. ഇന്ത്യയുടെ പടിഞ്ഞാറെക്കരെ വിദേശീയരായ മുസൽമാന്മാർ ചെന്നുചേർന്നു ഐശ്വര്യാവസ്ഥയെ പ്രാപിച്ചതു നോക്കുമ്പോൾ ഈ പേർ അവർക്കു സിദ്ധിക്കുവാൻ വഴി ഉണ്ട്. അല്ലെങ്കിൽ 'കൃഷിക്കാരൻ' എന്നർത്ഥമുള്ള 'മഫ്ളി' (Maflih) എന്ന പദത്തിൽനിന്നുണ്ടായി എന്നും വരാം. അങ്ങിനെയാണെങ്കിൽ വ്യാപാരികളും കൃഷിക്കാരുമാണെന്നു 'ബുക്കാനൻ' (Buchanan) പറയുന്ന ആ കൂട്ടർ 'മാപ്പിള' എന്ന പേർ പറയുന്നത് വളരെ ശരിയായിരിക്കുന്നു. അറബികളുടെ എടയിൽ ആ പദത്തെ ഈ അർത്ഥത്തിൽ സാധാരണ ഉപയോഗിച്ചുവരാറില്ലെങ്കിലും അതു 'ഫലാ' (Falah) എന്ന ധാതുവിൽനിന്നുതന്നെ ജനിച്ചതായ 'ഫെല്ല' (Fella'h) എന്ന പദത്തോടു ചേർന്നിരിക്കുന്നു.' (19)

മലയാളികൾ അവരുടെ രാജ്യത്തിനു സ്വദേശഭാഷയിൽ പറയുന്ന പേർ 'മലയാളം' എന്നാണ്. ചിലർ ഈ പദം 'കുന്നുകളും നിരകളും' എന്ന അർത്ഥമുള്ള 'മല=കുന്നു+ആഴം=തിര' എന്നതിൽ നിന്നുണ്ടാ

17. Land of the Perumals p. 366.

18. Vol V. p. 28:

19. Page 123. (But see Vol. XXX. p. 501 f., Indian Antiquiry for a discussion on "Mappilla")

യി എന്നും (+) ചിലർ 'മഴ' എന്ന വാക്കിൽനിന്നുണ്ടായി എന്നും പറയുന്നു. (20) 'മലബാർ' എന്ന വാക്കിന്റെ രണ്ടംശത്തിലും അന്യദേശഭാഷയിൽനിന്നു ഉണ്ടായതായിരിക്കാമെന്നു മിസ്റ്റർ 'ലോഗൻ' വിചാരിക്കുന്നു. (21) അദ്ദേഹത്തിന്റെ അഭിപ്രായം ഈ വാക്കിന്റെ ആദ്യത്തെ അംശമായ 'മല' എന്നുള്ളത് തീർച്ചയായി ഒരു ദ്രാവിഡപദവും 'ബാർ' (Bar) എന്നത് പക്ഷെ 'ഭൂഖണ്ഡം എന്നർത്ഥമുള്ള അറേബിയാഭാഷയിലെ 'ബാർ' (Barr) എന്നോ പേർഷ്യൻഭാഷയിലെ രാജ്യം എന്നർത്ഥമുള്ള 'ബാർ' (Bar) എന്നോ ആയിരിക്കാമെന്നും ആകുന്നു. ഈ രാജ്യത്തിന്നു തദ്ദേശവാസികൾ പറഞ്ഞുവരുന്ന പേർ രാജ്യസ്വഭാവത്തെ സൂചിപ്പിക്കുന്നു. അതു 'മല+ആഴം' (ആളം)=മലയാളം.' 'മല' എന്നതു കുന്നു ആഴം അല്ലെങ്കിൽ 'ആളം' എന്നതു കുന്നുകളുടെ അടിവാരത്തിലുള്ള ഭൂമി' എന്നർത്ഥം. ഈ പ്രദേശത്തെ ഇറ്റാലി (Italy) യിലെ 'പീഡ്മൺട്' (Piedmond) എന്ന പ്രദേശത്തോടുപമിക്കാം. 'മലവാരം' എന്ന പദത്തിന്നും ഇതുതന്നെയാണ് അർത്ഥം. 'മലവാര' എന്നതിൽനിന്ന 'മലബാർ' എന്നുണ്ടായി എന്നു വിചാരിക്കുന്നതു അധികം എളുപ്പവും യുക്ത്യനുസരണവും ആയിരിക്കും. 'ബവയോരഭേദഃ' എന്ന പ്രമാണപ്രകാരം ബ, വ എന്ന അക്ഷരങ്ങൾ തമ്മിൽ മാറി വരാവുന്നതാണ്. 'ഗ്രിംസ്‌ലാ' (Grimms Law) എന്ന പ്രമാണവും ഇതിനെ അനുസരിക്കുന്നു. നാട്ടുകാർ 'മലബാർ' എന്നും 'മലവാർ' എന്നും വ്യത്യാസംകൂടാതെ പറഞ്ഞുപോന്നിരിക്കാം. (22) അന്യദേശത്തുനിന്നു ഇവിടെ വന്നവർ നാട്ടുകാർ അവരുടെ രാജ്യത്തിന്നു പറഞ്ഞുപോന്ന പേർതന്നെ വിളിക്കുകയോ ആ പേർതന്നെ അല്പം പ്രകൃതഭേദത്തോടുകൂടിയോ ഉച്ചാരണഭേദത്തോടുകൂടിയോ പറഞ്ഞുവരികയോ ചെയ്തിരിക്കാം.

(+) cf [illegible]

20. Sewell, Voll II. 110.
21. Logan's Malabar Vol. I. p.I

22. ഇതുപോലെതന്നെ 'നക്കവാരം' എന്നു 'നിക്കോബർ' (Nicobar) എന്നായിതീർന്നു

തിരുവിതാംകൂറിലെ സംഘടക ധന വൈശ്യർ

ഒരു ഐതിഹ്യം

(പണ്ഡിറ്റ്. സി. ശിവരാമപ്പിള്ള)

പൂർവ്വകാലങ്ങളിൽ 'കാവേരിപ്പട്ടണം' എന്ന കീർത്തിപ്പെട്ട ഒരു നഗരം കാവേരിതീരത്തിൽ ഉണ്ടായിരുന്നു അതിലും അടുത്തുണ്ടായിരുന്ന ഏഴു ഗ്രാമങ്ങളിലുമായിരുന്നു 'ധനവൈശ്യ'രുടെ വാസം. അക്കാലത്തു കാവേരിപ്പട്ടണം ഒരു രാജ്യസ്ഥാനമായിരുന്നു. അവിടത്തെ ധനവൈശ്യരിൽ 'ശോണഗിരി' എന്നൊരു ധനവ്യാപാരി

തന്റെ ധനസമൃദ്ധികൊണ്ടും ബുദ്ധിവൈഭവംകൊണ്ടും അരചരുമുതൽ ഉൾപ്പെട്ടിട്ടുള്ള സകലരുടെയും സ്നേഹഭാജനമായിത്തീർന്നിരുന്നു. ഒരു വ്യാപാരി തനിയ്ക്കുകിട്ടിയ (WD എന്ന ആകൃതിയിലുള്ള) ഒരു മുത്തിനെ രാജാവിനു കാഴ്ചവെച്ചു. അതിൽ അടുത്തൊരു ദ്വാരം ഉണ്ടായിരുന്നതിനാൽ ചരടു കോർത്തുകൊണ്ടു വരാനായി മന്ത്രിയെ രാജാവ് ഏല്പിച്ചു. മന്ത്രി അതിൽ തോറ്റു. ഉടനെ രാജാവു ബുദ്ധിമാനായ ശോണഗിരിയെ വരുത്തി നൂൽ കോർക്കാൻ പാടില്ലാത്ത മുത്ത് നിങ്ങൾതന്നെ കൊണ്ടുപൊയ്ക്കൊള്ളേണം എന്ന് കല്പിച്ചു. ശോണഗിരി നൂലിടുന്ന കാര്യം ഞാൻ സാധിച്ചുകൊള്ളാം എന്നുപറഞ്ഞു മുത്തുംകൊണ്ടുപോയി. അയാൾ വീട്ടിലെത്തി രണ്ടുമൂന്നുദിവസം പ്രയത്നപ്പെട്ടിട്ടും സാധിക്കാതെ വ്യസനാക്രാന്തനായി മൂന്നാം ദിവസം രാത്രി ഊണും കഴിക്കാതെയിരുന്നതുകണ്ട് വ്യാപാരിയുടെ മകൾ 'തങ്കം' "അച്ഛൻ ഉണ്ണണം നൂൽ കോർക്കുന്ന ജോലി ഞാൻ നിർവ്വഹിച്ചുകൊള്ളാം" എന്നുപറഞ്ഞു മുത്തു കൈവശപ്പെടുത്തി. വ്യാപാരി തങ്കത്തിന്റെ വാക്കിനെ വിശ്വസിച്ചില്ലെങ്കിലും ഊണും കഴിച്ച് ഉറങ്ങുകയുംചെയ്തു.

തങ്കവും ഊണുകഴിച്ചു. മുത്തിലെ ദ്വാരത്തിനു തക്കതായ ഒരു ചരടെടുത്ത് ഒരറ്റത്തു ശർക്കരതേച്ച് ആ ഭാഗം ദ്വാരം മുത്തിന്റെ ഒരറ്റത്തു ചെലുത്തി ചരടിന്റെ മറ്റേ അറ്റത്തു ഒരു കെട്ടുംകെട്ടി എറുമ്പുള്ള സ്ഥലത്തുവച്ചിട്ടു ചെന്നുറങ്ങുകയും ചെയ്തു പോൽ.

പിറ്റേദിവസം രാവിലെ എഴുന്നേറ്റു ചെന്നു നോക്കിയപ്പോൾ തങ്കം വിചാരിച്ചതുപോലെ നൂൽ മുത്തിന്റെ മൂന്നു വളവുകളും കടന്ന് മറുവശത്തെത്തിയിരുന്നു. ശർക്കരക്കു ഗന്ധത്താൽ ആകർഷിക്കപ്പെട്ട എറുമ്പുകൾ ശർക്കരയെ ഗ്രഹിച്ചു മുത്തിൽ ദ്വാരത്തിന്റെ ഒരു ഭാഗത്തുകൂടി അകത്തു കടന്ന് ശർക്കര പിടിച്ചിരുന്ന നൂലിനെ കടിച്ചുവലിച്ചുംകൊണ്ട് അടഞ്ഞിട്ടില്ലാത്ത ദ്വാരത്തിൽകൂടി തിരിയെ വെളിയിലെത്തിയപ്പോൾ നൂലിൽ ഉണ്ടായിരുന്ന കെട്ടു നിമിത്തം അതിനെ കൊണ്ടുപോകാൻ സാധിക്കാത്തതിനാൽ ശർക്കരയെ തിന്നുവച്ചിട്ടു പോയിരിക്കണം.

പ്രസന്നമുഖത്തോടുകൂടി തങ്കം ചരടിട്ട മുത്തിനെ അച്ഛന്റെ മുമ്പിൽകൊണ്ടുവച്ചു. ശോണഗിരി സന്തോഷിച്ചു ഉടൻതന്നെ അരമനയിൽ കാട്ടിയെത്തി. മന്ത്രിക്കു ആശ്ചര്യവും രാജാവിനു സന്തോഷവും ഉണ്ടാകത്തക്കവിധത്തിൽ തന്റെ പുത്രിയുടെ ബുദ്ധിസാമർത്ഥ്യത്തെ തിരുമനസ്സറിയിച്ചു. രാജാവിനു 'തങ്ക'ത്തെ വേളികഴിക്കണമെന്നു നിർബ്ബന്ധമായി. അതുകേട്ടപ്പോൾ വ്യാപാരി വിഷമിച്ചു. എങ്കിലും ആലോചിച്ച് അറിയിക്കാമെന്നു സമാധാനം പറഞ്ഞിട്ടു വീട്ടിലേക്കു മടങ്ങുകയും ചെയ്തു.

ഇന്നത്തെപ്പോലെ അന്നും അവരുടെ പെൺകുട്ടികളെയും സമുദായാചാരങ്ങളും ഇന്നവിധം വേണമെന്നു തീർച്ചപ്പെടുത്തുന്നതു ഊർക്കൂട്ടം (ഒരു സ്ഥലത്തുള്ള സ്വജാതിക്കാരുടെ സമ്മേളനം) ആകുന്നു. പ്രസ്തുതവിവാഹകാര്യം സമുദായശുദ്ധിയെ ബാധിക്കുന്നതാകയാൽ ഊർക്കൂട്ടം കൂടിത്തീരുമാനിക്കാൻ ശോണഗിരിയും സ്നേഹിതന്മാരും തീർച്ചയാക്കി. അവരുടെ അമ്പലത്തിന്റെ മൂർത്താഗമനായിരുന്ന കല്ലിത്തെരുവിൽ എല്ലാപേരും (ഇന്നത്തേയും അവരുടെ പരിവാരസഹിച്ച്) ഒരു ദിവസം രാത്രികൂടി. ആ

ലോചനകഴിഞ്ഞ് അവിടെ തീരുമാനിച്ചതു ഇപ്രകാരമാണ്. 'തങ്കത്തെ വിവാഹിതയായ രാജാവിന്നു കൊടുക്കാൻ പാടില്ല. ആ കാര്യം നിമിത്തം അദ്ദേഹം നമ്മെ ഉപദ്രവിക്കാനിടയുള്ളതിനാൽ നാമെല്ലാവരും നാടുവിട്ട് നാളെ രാത്രിതന്നെ പോകണം. ഋതുവായി വീട്ടിലിരിക്കുന്ന പെൺകുട്ടിയെ വെളിയിൽ ഇറക്കി നടത്തിക്കുന്നതു ആചാരവിരുദ്ധമാകയാൽ 'തങ്ക'ത്തെ കൊന്നുവച്ചുവേണം നാം പോകാൻ'. ഈ തീർപ്പു ശോണഗിരിയേയും മറ്റും എങ്ങിനെ ബാധിച്ചിരിക്കുമെന്ന് പറയേണ്ടതില്ലല്ലോ. കൂട്ടം പിരിഞ്ഞു. ഈ വ്യാപാരി വ്യസനത്തോടുകൂടി വീട്ടിലെത്തി വിചാരമാറ്റങ്ങളും പലതും ആലോചിച്ചു വെളുപ്പിച്ചു. പകൽ മുഴുവനും ശോണഗിരിക്കു സംഭ്രമമായിക്കഴിഞ്ഞു. സന്ധ്യയായപ്പോൾ കരപ്രധാനികൾ നാലുപേർ ശോണഗിരിയുടെ വീട്ടിലെത്തി. കൊല്ലാൻ താമസമെന്തെന്നു ചോദ്യവും തുടങ്ങി. ശോണഗിരി അവരോടു തങ്കത്തിന്റെ ജീവിതത്തെ എങ്ങനെ അവസാനിപ്പിക്കാൻ നിശ്ചയിച്ചിരിക്കുന്നു എന്നു ചോദിച്ചതിന് 'അതു നിങ്ങളുടെ മനസ്സുപോലെ' എന്ന് അവർ മറുപടിയും പറഞ്ഞു. ശോണഗിരി തങ്കത്തെ വിളിച്ച് ഗൗരീവ്രതം (പൊന്നിട്ട നോമ്പു എന്നു അവരുടെ സ്ത്രീകൾ ഇന്നും പറയുന്നു ഭക്തിശ്രദ്ധയോടുകൂടി ആചരിക്കുന്ന ഗൗരീവ്രതം) മുടങ്ങിവരുന്നതുകൊണ്ടു നിനക്കാവശ്യമുള്ള ഉടുപ്പുകൾ എടുത്തുകൊള്ളുക എന്നു പറഞ്ഞു നിലവറയുടെ താക്കോൽ കൊടുത്തേല്പിച്ചിട്ടു കരപ്രധാനികളോടു 'തങ്കത്തെ നിലവറയിലിട്ടടച്ചു കളഞ്ഞാൽ അവളുടെ മരണവേദന ഞാൻ കാണാതെ കഴിക്കാം' എന്നു പറഞ്ഞു കേൾപ്പിച്ചു. സമ്മതിച്ചു അർദ്ധരാത്രം വീട്ടിനുള്ളിൽ ചെന്നപ്പോൾ തങ്കം നിലവറയ്ക്കകത്തു ആഭരണം അണിയുകയായിരുന്നു. ആ കന്യാരത്നമാകിൽ മരത്താൻ നിലവറയുടെ ചുമരു തുരന്നു കൈവശപ്പെടുത്തിട്ടു കുട്ടികളെയും വിളിച്ചുകൊണ്ടു പോകുകയും ചെയ്തു. അദ്ദേഹം പ്രഭാതത്തോടായി ശോണഗിരി വണ്ടിക്കാരനോടും പരിചാരകന്മാരോടും കൂടി ആവശ്യമുള്ള ദ്രവ്യങ്ങളെ ചുമട്ടുകാരുകളുടെ പുറത്താക്കി യാത്രയായി. മകളെക്കാണാതെ ശോണഗിരിയുടെ മാർഗ്ഗം അന്വേഷിച്ചപ്പോൾ, 'അവളെ നിലവറയ്ക്കകത്താക്കി സൂക്ഷിച്ചിരിക്കുന്നു. രാജാവു നമ്മുടെ ജാതിക്കാരെ കൊല്ലാൻ നിശ്ചയിച്ചിരിക്കുന്നതിനാൽ എല്ലാവരും നാടുവിട്ടോടാൻ തീർച്ചയാക്കിയിരിക്കയാണ്' എന്നു പറഞ്ഞു വ്യാപാരി അവരെ സമാധാനപ്പെടുത്തി. മുഗ്ദ്ധയായ ആ സ്ത്രീ, പാവം! വിശ്വസിക്കയും ചെയ്തു. അർദ്ധരാത്രിയായപ്പോൾ ആ ദിക്കിലെ ധനവൈശ്യരൊക്കെയും യാത്രയാരംഭിച്ചു. അണിയണിയായി ചുമട്ടുകാരുകളും കൂട്ടുകയുണ്ടായിരുന്നു.

കാട്ടുവഴിപോലും തെളിഞ്ഞിട്ടില്ലാത്ത അക്കാലത്തു വണിക്പ്രമുഖന്മാർ പല ദേശങ്ങളിലും സഞ്ചരിച്ചു ജീവിച്ചിരുന്നതിനാൽ കാടും മലയും കടന്നു പല താവളങ്ങളിലും തങ്ങിയും ഒരുമാസം കൊണ്ടു സഞ്ചരിച്ചു നാഞ്ചിനാട്ടു 'കോട്ടാർ' എന്ന ദിക്കിലെല്ലാവരുമെത്തി അവിടെ വസിക്കാനായി പാളയമടിച്ചു. വിഘ്നം വരായതിനാൽ തങ്ങളുടെ ഭരദേവതകളായ ഗണപതി, നാഗർ (സർപ്പം) എന്നിവകൾക്ക് വിശേഷപൂജയും നടത്തി. അപ്പോൾ അവർ പൂജിച്ചു മലർകളെപ്പെട്ടു. ഗണപതി ബിംബം ഭൂമിയിൽ ഉറച്ചുപോയപ്പോൾ, തനിക്കു ഗണപതിയെക്കാണാതായ ശോ

ണ്ടാശിരിയും മററു ചിലരും അവിടെത്തന്നെ താമസമുറപ്പിച്ചു ശേഷംപേർ മതക്കൂപ്പിച്ചു 'നാഗര്' വിഗ്രഹവും കൊണ്ട് യാത്രയെ തുടർന്നു. താമസിയാതെ 'ഉടുപ്പറെ' എന്ന സ്ഥലത്തെത്തി. അന്നു ആയില്യം നക്ഷത്രവും ഞായറാഴ്ചയുമായിരുന്നതിനാൽ മഹാദേവനെ വിശേഷമായി പൂജകഴിച്ചു. നാഗര് അവിടെയും ഉറച്ചുപോയി. അതിനാൽ വന്നവരൊക്കെ അതിനടുത്തുതന്നെ താമസിക്കാനും തീർച്ചയാക്കി. മഹാദേവനെക്കൂടാതെ എങ്ങിനെ അവർ പോകും?

അചിരാൽതന്നെ അവിടത്തെ രാജാവ് ദയാലുവാണെന്നറിഞ്ഞ് അന്നത്തെ തലസ്ഥാനമായ തിരുവഞ്ചിക്കോട്ടെത്തി വിലയേറിയ കാഴ്ചകൾ വെച്ച് രാജാവിനെ കണ്ടു. സന്തുഷ്ടനായ അദ്ദേഹം അവരുമായി സംഭാഷണംചെയ്തുകൊണ്ടിരിക്കെ പ്രസംഗവശാൽ അവർ വ്യാപാരികളാണെന്നറിഞ്ഞു വളരെ ദയയോടുകൂടി തിരുവഞ്ചിക്കോട്ടുതന്നെ താമസിക്കണമെന്നു അവരെ നിർബ്ബന്ധിച്ചു. മാതൃഭൂമിയിൽ തങ്ങൾ ഏഴ് ദിക്കുകളിലായി താമസിച്ചതുപോലെ ഇവിടെയും തങ്ങൾക്ക് ഏഴു ഗ്രാമങ്ങൾ അനുവദിക്കണമെന്നു അവർ പ്രാർത്ഥിച്ചതിനെ തിരുവുള്ളമുണ്ടായി സമ്മതിക്കയാൽ അവർ ഏഴ് ദിക്കുകളിലായി താമസം ഉറപ്പിക്കയും ചെയ്തു. ഇവരാണ് ധനവൈശ്യർ.*

* ഏഴുദിവസം ശിവപൂജ കഴിച്ച സ്ഥലത്തിനു ഏഴുകരയെന്നു പേരുള്ളതായും അതിനടുത്തുള്ള ഏഴ് സങ്കേതങ്ങളിലായി അവർ താമസിച്ചതിനാലാണ് അവർക്കു 'സപ്തഗ്രാമക ധനവൈശ്യ'രെന്നു പേരുണ്ടായതെന്നും പറയുന്നു.

പാലാഴി

ജഗൽസൃഷ്ടിസ്ഥിതിവിധാന വിധാതാക്കളായ ത്രിമൂർത്തികളുടെയും ശക്തിസങ്കേതസ്ഥാനമാകുന്നു ആര്യപുരാതനന്മാർ ഉൽഘോഷിച്ചിരിക്കുന്ന പാലാഴിയെക്കുറിച്ചു കേട്ടറിവില്ലാത്തവർ നമ്മുടെ വായനക്കാരിൽ ആരുംതന്നെ ഉണ്ടായിരിക്കുന്നതല്ല. എന്നാൽ നീലാഴിയെ മാത്രം നേരിട്ടു കണ്ടറിവുള്ള നമുക്ക് പാലാഴിയെന്നൊന്ന് പരമാർത്ഥത്തിൽ ഉണ്ടെന്നു എങ്ങിനെ വിശ്വസിക്കാം. അകിട്ടിലെപ്പാൽ ആഴിയാകുമോ? അത് ആര്യന്മാരുടെ കപോലസൃഷ്ടിയെന്നേ പറയാൻ പാടുള്ളൂ. അപ്രകാരമായാൽ ലോകോദ്ധാരണാർത്ഥം സങ്കല്പനാശക്തിയെ അതിശില്പമാംവണ്ണം പ്രയോഗിച്ചിരിക്കുന്ന അവർ ക്ഷീരാബ്ധിയെ നിർമ്മിച്ചതു മനുഷ്യജാതിയുടെ നിലയെപ്പറ്റി ശൈശവദശയിൽ സന്തുഷ്ടങ്ങളുടെ ഹൃദയത്തെ ഈശ്വരമാഹാത്മ്യത്തിലേക്ക് ആകർഷിക്കുന്നതിനായി ചെയ്ത അഘടിതഘടനാപ്രകടനം മാത്രമായാകുന്നുള്ളോ? അതല്ല അതെന്നൊന്ന് പക്ഷി പലതെന്ന മട്ടിലുള്ള ആര്യന്മാർ അതോടുകൂടി അമൂല്യങ്ങളായ വല്ല സൽപ്രദേശങ്ങളെയും നിക്ഷേപിച്ചിട്ടുണ്ടോ? നമ്മുടെ അപൗരുഷേയങ്ങളെ യഥാർത്ഥാനുപ്രവിശ്യ വിവേചിച്ചാൽ മാത്രമേ പ്രസ്തുതസൃഷ്ടിയും അവരുടെ സ്വാഭാവികസങ്കല്പോല്ലാസനവൈഭവങ്ങൾക്ക് ഒരു കൂടുതൽസാക്ഷിയാകുകയുള്ളൂ; അല്ലാത്തപക്ഷം ശിശുക്കളെ ഉറക്കുന്നതിനു മാതാക്കന്മാർ പാടിക്കേൾപ്പിക്കുന്ന ധാത്രികഥയുടെ നിലയിൽ ഇതും വരുമെന്നുമാത്രമല്ല ഉൽകൃഷ്ടഗ്രന്ഥങ്ങൾ ഇതിനു നൽകിയിരിക്കുന്ന സ്ഥാനം നിമിത്തം ദുഷ്പ്രസ്ഥ്യങ്ങളായി

ഭവിക്കയും ചെയ്യും. അതിനാൽ പാലാഴിയെക്കുറിച്ച് ഒന്നു പര്യാലോചിക്കാം.

അവിടെ നാം കാണുന്നതെന്തെല്ലാം? പാൽ നിറഞ്ഞ 'കല്ലോലോല്ലസിത'മായ ഒരു സമുദ്രം. ക്ഷീരാബ്ധിവാസനെന്നു സ്തുതിക്കപ്പെട്ട ശ്രീനാരായണൻ. നാരായണന്റെ നാഭിയിൽനിന്നുണ്ടായ താമരയിൽ ബ്രഹ്മാവു്. ശ്രീപതി പൂജിക്കുന്ന 'ശങ്കരഭഗവാൻ.'

സമുദ്രം.

ഓരോന്നും എന്തെന്തിനെ സൂചിപ്പിക്കുന്നു? പാലിൽകവിഞ്ഞതായ ഭാഗ്യമില്ലെന്നൊരു ചൊല്ലു പണ്ടുപണ്ടേ നമ്മുടെയിടയിൽ പരന്നിരിക്കുന്നു. ആയുർവ്വേദവും ഈ പൂർവ്വോക്തിയുടെ അന്തരത്തെ സമ്പൂർണ്ണാഹാരമെന്നു സ്ഥിരീകരിക്കുന്നുണ്ടു്. ആ സ്ഥിതിക്കു നമ്മുടെ പൂർവ്വികന്മാർ ക്ഷീരാബ്ധിയെ ഐശ്വര്യത്തിന്റെ പരമകാഷ്ഠയെന്നല്ലാതെ മറ്റെന്തായി സങ്കല്പിച്ചിരിക്കാനിടയുണ്ടു്? അതിനെ മഥനം ചെയ്തിട്ടാണല്ലോ കാമധേനു പ്രഭൃതികളെ അവർ എടുത്തിരിക്കുന്നതും.

ഐശ്വര്യപരമകാഷ്ഠയുടെ ഒരു ചിഹ്നമായി നിർമ്മിച്ചിരിക്കുന്ന പാലാഴിയിൽ മംഗലദേവതാകാമുകൻ ശയിച്ചിരിക്കുന്നു. ഐശ്വര്യാർത്ഥികൾ സേവിക്കുന്നതും ഈ ശ്രീപതിയെയാണ്. നാരായണനും ലക്ഷ്മിയുമാണല്ലോ ഐശ്വര്യമൂർത്തികൾ. പാലാഴിനാഥന്റെ നാഭിയിൽനിന്നും അസാധാരണമായ ഒരു താമര വളർന്നു പിടിച്ചു മേല്പോട്ടു കേറിച്ചെന്നിരിക്കുന്നു. അതിന്റെ മുകളിലാണ് സൃഷ്ടികർത്താവിനെ പ്രതിഷ്ഠിച്ചിരിക്കുന്നത്. സൃഷ്ടികർത്താവുതന്നെ വിദ്യാമൂർത്തിയും. ഇത്ര ബുദ്ധിപൂർവ്വം വിദ്യാമൂർത്തിയെ വലിച്ചുകേറ്റി മുകളിലാക്കിയ ആര്യന്മാരുടെ മതം എന്തായിരിക്കും?

വിദ്യയുടെ ഉത്ഭവം ഐശ്വര്യത്തിൽനിന്നാണെന്നും അതാവശ്യം വിദ്യ സമ്പാദിക്കുന്നതിനു ധനം ഒഴിച്ചുകൂടാത്ത ഒരു സാധനമാണെന്നും വിദ്യ വർദ്ധിച്ചുകഴിഞ്ഞാൽ ഐശ്വര്യത്തെയും അതു് അധഃകരിക്കുമെന്നും അല്ലയോ അതിൽ സൂചിപ്പിച്ചിരിക്കുന്നതു്? ഒന്നാം സർവ്വഗോപമംഗളമെന്നും അതറിയാതെ യാതൊന്നും എങ്ങും തന്നെയില്ലെന്നും ബോധിപ്പാൻ ആ മൂർത്തിയെ ചതുർമ്മുഖനാക്കിയിരിക്കുന്നു. വിദ്യയാൽ സാധിക്കാത്തതൊന്നുമില്ലെന്നു പറയാതെ വിദ്യാമൂർത്തിയെത്തന്നെ സൃഷ്ടികർത്താവും ആക്കിയിരിക്കുന്നു. 'കിംകിം നസാധയതി കല്പലതേവ വിദ്യാ' എന്ന ശ്ലോകപാദത്തിന്റെ മൂലപാഠമാണിതു്. ഈ മൂർത്തിയുടെ ശക്തി വാണിയാണ്. വാണിയുടെ വസതി ഭക്തന്റെ നാവും. ഇതിൽ നിന്നും നാമെന്തറിയുന്നു? വിദ്യയുടെ വാസം വാക്കാണ് എന്നല്ലേ? വാക്പാടവമില്ലാത്ത പണ്ഡിതം അതു കുടത്തിലടച്ച വിളക്കോ അഥവാ മൂകൻ കണ്ട സ്വപ്നമോ ആയിത്തീരുകയേ ഉള്ളൂ എന്നല്ലേ?

സൃഷ്ടികർത്താവു വിദ്യാമൂർത്തിയാണെങ്കിലും രക്ഷാധികാരി ശ്രീപതിയാണ്. ഐഹികാനന്ദസാധനം ധനമെന്നല്ല നാം അനുഭവത്തിലും കാണുന്നതു്. ആര്യന്മാരുടെ അഭിപ്രായവും അതുതന്നെയെന്നു ശ്രീപതിക്കു രക്ഷാധികാരസ്ഥാനം നൽകി അവർ കാണിച്ചിരിക്കുന്നു.

ഐശ്വര്യത്തിൽ കിടന്നുരുളുന്ന കൊമ്പന്മാർ ശങ്കരനെ പൂജിക്കുന്നതായി കാണുന്നല്ലോ. ഭാഗ്യാധിഷ്ഠാനമൂർത്തി മറ്റൊരു ദേവനെ പൂജിക്കുന്നതെന്തിനു്? ആര്യന്മാർ

ഇതുകൊണ്ടു നമ്മെ ധരിപ്പിക്കുന്നതെന്താണ്? ധനംകൊണ്ടു നേരെ സുഖം ലഭിക്കാവുന്നതല്ലെന്നും, ധനം സുഖസമ്പാദനസാധനം മാത്രമെന്നും, സുഖം വേണമെന്നുള്ളവർ ശങ്കരനെ സേവിക്കണമെന്നുമല്ലേ? ഇതിൽ ഒന്നുകൂടി ആലോചിക്കാനുണ്ട്. മനോഗതികളുള്ള ഗുരുക്കന്മാർ എത്രമാത്രം സൂക്ഷ്മമായി ഗ്രഹിച്ചിരിക്കുന്നു. ഐശ്വര്യത്തിന്റെ മുമ്പിൽ ആരാധനയില്ലാ ലക്ഷ്യമേ വരൂ എന്നു സൂചിപ്പിക്കുന്നതു നോക്കുക. ശ്രീപതി വാഹനസ്ഥം കൊണ്ടാണ് ശങ്കരനെ പൂജിക്കുന്നത്. ഹസ്തങ്ങൾ ഒന്നും കണ്ടപോലെ തന്നെയെന്നു വാദിക്കുന്ന സമബുദ്ധികളും പാശ്ചാത്യന്മാരും നമ്മോടു യോജിക്കയില്ലായിരിക്കും. എങ്കിലും നാം വാഹനസ്ഥത്തിന് പതിത്വം കല്പിക്കുന്നുവെന്നു സമ്മതിക്കാതിരിക്കാൻ നിവൃത്തിയില്ല. 'എട്ടു പക്ഷം കൊണ്ടുപോയി അമ്പലത്തിൽ വഴിപാടിനു കൊടുത്താല്ലോ വാടാ' എന്നു ഇതുപോലെ പറഞ്ഞുവരുന്ന ആളുകളെ ആക്ഷേപിക്കാനുണ്ടോ? സ്വയമുദ്ധിതമെന്നു ബോധിക്കയില്ലായിരുന്നു.

പിന്നെ ശങ്കരനെ ആരാധിച്ച് സത്യമായ സുഖം സിദ്ധിക്കുമ്പോൾ ദോഷകോപം പോലുമില്ലാതെ ചിന്തയറ്റു ജീവാത്മാക്കൾ നിശേഷങ്ങളായി ലയിച്ചു നിമിത്തം ശങ്കരനെ അവർ സാക്ഷാൽകാരത്തിലുമാക്കി.

ഒരു കാര്യം കൂടി നമ്മുടെ ശ്രദ്ധയെ ബലാൽ ആകർഷിക്കുന്നുണ്ട്. വിദ്യയ്ക്കും ഐശ്വര്യത്തിനും ഗ്രന്ഥികളോടു കൂടിയിരിക്കുന്ന ആനന്ദത്തിനെ മാത്രം നാം ഏകാകിയായിട്ടാണല്ലോ കാണുന്നത്? ഈ വൈപരീത്യത്തിന്റെ ഫലമെന്താണ്? ആനന്ദത്തിനു സഹധർമ്മിണി അനുകൂലിക്കയില്ലെന്നു മാത്രമല്ല പ്രതിബന്ധമായും തീരും എന്നു കാണിക്കുകയല്ലയോ? സർവ്വഗുണസമ്പൂർണ്ണയായ സഹധർമ്മിണിയോടുകൂടി കാലയാപനം ചെയ്യുന്നതാണ് സർവ്വോൽകൃഷ്ടമായ സുഖമെന്നു കരുതിപ്പോരുന്ന നാം ഈ തത്വത്തെ എങ്ങനെ സമ്മതിക്കും? അല്പം ആലോചിച്ചാൽ സുഖം അന്യവസ്തുക്കളിലല്ല സ്ഥിതി ചെയ്യുന്നതെന്നു ബോദ്ധ്യമാകും. എന്നാൽ മനസ്സു ലയിക്കുന്നതിനു മറ്റൊരു വസ്തു വേണമെന്നുള്ള പക്ഷക്കാർ കാലപാശവശരായ ഒന്നിനെ ആശ്രയിക്കുന്നതിനേക്കാൾ കാലാന്തകനായ ജീവനാഥനെ സേവിക്കയല്ലേ ശ്രേഷ്ഠതരം? അതല്ലയോ ആനന്ദകരം? തന്നിൽ താനേ ലയിക്കുന്ന ആനന്ദത്തിനു പിന്നെയൊന്നിനെന്തിന്? അതുകൊണ്ടാണ് ആര്യന്മാർ ആനന്ദത്തിനെ ഏകാകിയാക്കിയിരിക്കുന്നത്.

ഇങ്ങനെ 'ധനമോ വിദ്യയോ ശ്രേഷ്ഠതരം' എന്നും വാദിക്കുന്നവർ തങ്ങളായ സമാധാനം; ഐശ്വര്യത്തിൽ കടന്നു മറിയുന്നവനും ഈശ്വരനെ ആരാധിക്കണമെന്നുള്ള സദുപദേശം; എന്നു വേണ്ട ഇവിടെ പറഞ്ഞിട്ടുള്ളതും ആലോചിക്കേണ്ടതുമായ ചാണക്കിട്ട തങ്കംപോലെ തെളിയുന്ന അനവധി തത്വങ്ങളും നമുക്കായി നമ്മുടെ പൂർവ്വികന്മാർ പാലാഴിയിൽ നിക്ഷേപിച്ചിരിക്കുന്നു. ഇപ്രകാരം അവിടവിടെയായി എത്രയോ തത്വങ്ങളെ സംഗ്രഹിക്കുന്ന ഗ്രന്ഥങ്ങളുടെ കഥകളെയാണ് നാം 'ബാലമാല' എന്നു പുച്ഛിക്കുന്നതു—മനുഷ്യർ പിള്ളാരെക്കാളും വിമർശനാധികാരമുള്ള ശ്രോതാക്കളായി വിചാരിക്കയും അവരുടെ ശ്രദ്ധേയമായി ആശിക്കയും പ്രശംസയായി പ്രയത്നിക്കയും ചെയ്യേണ്ടതാണെന്നു ഒരു

നവീന പാശ്ചാത്യപണ്ഡിതന്മാർ അഭിപ്രായപ്പെടുന്നു. അതിൽ സൂചിപ്പിച്ചിരിക്കുന്ന മനുഷ്യധർമ്മങ്ങളെ ആര്യന്മാർ എത്ര സൂക്ഷ്മമാംവണ്ണം നിർവ്വഹിച്ചിരിക്കുന്നു? മഹത്തായ ഉപദേശങ്ങളെ ചെറിയ നീതികഥകളിൽ ഘടിപ്പിച്ചു ലോകബഹുമാനത്തെ അർഹിക്കുന്ന അവരുടെ രചനകൾ വിശാലഹൃദയന്മാരുടെ പര്യാലോചനക്കു വിഷയമാകണമെന്ന് ആശിച്ചുകൊണ്ടു ഈ ചെറിയ ലേഖനത്തെ അവസാനിപ്പിക്കുന്നു.

അയോദ്ധ്യ

പാട്ടത്തിൽ ബാലകൃഷ്ണമേനോൻ

അയോദ്ധ്യാപുരി ഭാരതഖണ്ഡത്തിലെങ്ങും ശ്രുതിപ്പെട്ടതും രസകരമായ അനവധി കാഴ്ചകളുള്ളതും ആകുന്നു. സാധാരണമായി വിനോദത്തിനുവേണ്ടി ദേശസഞ്ചാരം ചെയ്യുന്നവർ അവിടെ പോകാറില്ലെങ്കിലും, നാനാഭാഗങ്ങളിൽനിന്നും വരുന്ന അനേകം ഭക്തന്മാരാൽ പ്രതിദിനം ഇതു സന്ദർശിക്കപ്പെടുന്നുണ്ട്. മുഹമ്മദന്മാർക്കു മെക്കയും, ക്രിസ്ത്യാനികൾക്കും യഹൂദന്മാർക്കും ജെറുസലവും എന്നപോലെ, ഹിന്ദുക്കൾക്കത്യാവശ്യമായ മാഹാത്മ്യമുള്ളതാണ് അയോദ്ധ്യാനഗരം എന്നുള്ളതിനു വാദമായ പക്ഷമില്ല.

പുരാതനകാലത്തിൽ, ഇതു ഒരു വലിയ പട്ടണമായിരുന്നു. ഇതിനു തൊണ്ണൂറ്റിആറു ചതുരക്രോശികളോളം വിസ്താരമുണ്ടായിരുന്നുവെന്നാണ് സാധാരണ പറഞ്ഞുവരുന്നത്. മനുവാണ് തങ്ങളുടെ സ്ഥാപകനെന്നു പ്രതിവാദിക്കുന്ന സൂര്യവംശക്കാരുടെ രാജ്യമായ കോസലത്തിന്റെ തലസ്ഥാനമായിരുന്നു ഇതെന്നു ഊഹിക്കുവാൻ പല കാരണങ്ങളുമുണ്ട്. വളരെക്കാലം കോസലരാജ്യത്തെ ഭരിച്ചതിന്റെ ശേഷം, അവർ അവിടംവിട്ടു രാജപുത്താനായിലും മറ്റും അധിവസിച്ചു. ഏതായാലും, ഉദയപുരം, ജോധപുരം ആദിയായ രാജ്യങ്ങളെ ഭരിക്കുന്ന രാജാക്കന്മാരുടെ ഉത്ഭവവും ചരിത്രവും ഈ വിധമാണെന്നാകുന്നു ഇപ്പോൾ ഊഹിച്ചുവരുന്നത്. അശോകരാജാവിന്റെയും, അദ്ദേഹത്തിന്റെ പിൻഗാമികളുടേയും കാലങ്ങളിൽ ഇവിടെ ബുദ്ധമതത്തിനു വളരെ പ്രചാരമുണ്ടായിരുന്നുവെന്നുള്ളതിനു പല തെളിവുകളുമുണ്ട്. വിക്രമാദിത്യൻ ബ്രാഹ്മണരുടെ ശക്തിയെ അവിടെ പിന്നെയും സ്ഥാപിച്ചു. വിക്രമന്റെ വംശത്തെ പിന്തുടർന്നു ജൈനമതക്കാരായ 'ശ്രീവാസ്തും കദ്രാഡ'ക്കാരായിരുന്നു. ഇപ്രകാരം ഈ നഗരത്തിനു ബുദ്ധമതം ജൈനമതം മുതലായവയുടെ സഖ്യത്തെ സമ്പാദിക്കുവാൻ സാധിച്ചു. എന്നാൽ ശ്രീരാമചന്ദ്രന്റെ ദൈവികമായ മാഹാത്മ്യത്താലാണ് ഇതിനു ഇത്ര അധികം പ്രാധാന്യവും ശ്രേഷ്ഠതയും സിദ്ധിച്ചിട്ടുള്ളത്. അയോദ്ധ്യയിൽ അക്കാലങ്ങളിൽ ഉണ്ടായിരുന്ന നിസ്തുലങ്ങളായ വിസ്മയങ്ങളെപ്പറ്റി രാമായണത്തിൽനിന്നു നമുക്കു നല്ലവണ്ണം ഗ്രഹിപ്പാൻ സാധിക്കുന്നതാകുന്നു. അതിന്റെ അസാധാരണമായ ഭംഗിയും, കനകത്തിന്റെ സുലഭതയും, ഉന്നതങ്ങളായ കോട്ടകളാൽ അതു പരീതമായിരുന്നു എന്ന വസ്തുതയും, തന്നിവാസികളുടെ സൽസ്വഭാവവും ധനസമൃദ്ധിയും സൌഖ്യവും മറ്റും നമുക്കെല്ലാവർക്കും നിശ്ചയമുള്ളതാണല്ലോ. പ്രധാനപ്പെട്ട കച്ചവടസ്ഥല

ങ്ങളാലും, രത്നമയങ്ങളായ ശ്രേണീയ ഭവനങ്ങളാലും പരിപൂർണ്ണമായ രാജവീഥികൾ ആ നഗരത്തിലെല്ലാം ഉണ്ടായിരുന്നു. അവിടെ സുഭിക്ഷമായി ധാന്യങ്ങളും, കരിമ്പിന്റെ രസമുള്ള വെള്ളവും, സുലഭമായുണ്ടായിരുന്നതിനാൽ, ക്ഷാമദേവത അതിനെ ഒട്ടുംതന്നെ ബാധിച്ചിരുന്നില്ല. ഇതുകൂടാതെ സൗരഭികളും കോമളങ്ങളും ആയ കുസുമങ്ങളുള്ള മനോമോഹനമായ ഉദ്യാനങ്ങളും, നൃത്യങ്ങളും, സ്ത്രീകൾക്ക വേണ്ടി നാനാശാലകളിലും നിർമ്മിച്ചിട്ടുള്ള വിനോദസ്ഥലങ്ങളും ഉണ്ടായിരുന്നു. ഇവയെല്ലാം പുറമെ, യാഗാദികർമ്മങ്ങളെ ചെയ്യുന്നതിൽ നിപുണതയും, പാണ്ഡിത്യം നാസ്തികമായ സ്വഭാവം ആദിയായവയാൽ പ്രശോഭിതന്മാരായിരുന്ന ബ്രാഹ്മണരും, സ്തുതിപാഠകന്മാരും രാജസേവകന്മാരും അനേകം ആ നഗരത്തെ അലങ്കരിച്ചിരുന്നു. ജീവിതധാരണത്തിന്നു ഉപയുക്തമായ സാധനങ്ങളെ ഉണ്ടാക്കുന്നതിന്നു സമർത്ഥന്മാരായ കൈവേലക്കാർ മുതലായവരും; ലക്ഷ്മീദേവിയുടെ നൃത്താരംഗമായിരുന്ന ഈ നഗരത്തിന്റെ നേരെ ഗതിയായ അസൂയയുണ്ടായിരുന്നു. ശത്രുരാജാക്കന്മാരുടെ ഉപദ്രവങ്ങളിൽനിന്നു രക്ഷപ്രാപിക്കുന്നതിന്നു ബലവാന്മാരും രണനിപുണന്മാരും ആയ സൈന്യങ്ങളും ഉണ്ടായിരുന്നതിനാൽ, നഗരവാസികൾക്ക സദാ പരമാനന്ദംതന്നെയായിരുന്നു. ഏകദേശം അറുപതിനായിരം വയസ്സു പ്രായമുണ്ടായിരുന്ന ദശരഥമഹാരാജാവായിരുന്നുവല്ലോ ഈ രാജ്യത്തെ ഭരിച്ചിരുന്നതു. മനുഷ്യരെക്കാൾ എത്രയോ അധികം പ്രഭാവവും തേജസ്സും ഉണ്ടായിരുന്ന ആ തിരുമേനിക്ക സന്താനങ്ങളില്ലാതിരുന്നതിനാൽ, യാഗം കഴിച്ചതും മറ്റും ഇവിടെ പ്രസ്താവിക്കേണമെന്നില്ല. രാമായണത്തെ പാരായണം ചെയ്യിട്ടില്ലാത്ത ഹിന്ദുക്കളേയോ, അതിലെ കഥ അല്പമെങ്കിലും ആസ്വദിക്കാത്ത ഇതരമതക്കാരേയോ ഹിമാലയപര്യന്തം മുതൽ കന്യാകുമാരിവരെയും കാണ്മാൻ കഴിയുന്നതല്ലെന്നു സധൈര്യം പ്രസ്താവിക്കാവുന്നതാണ്. ഇന്ത്യയിൽ എവിടെ ചെന്നുനോക്കിയാലും, ശ്രീരാമൻ ഈശ്വരനാണെന്നു വിശ്വസിക്കാത്ത ഹിന്ദുക്കളെ തിരഞ്ഞാലും കാണ്മാൻ സാധിക്കയില്ല. അങ്ങിനെയിരിക്കെ, ശ്രീരാമന്റെ ജന്മഭൂമിയായ അയോദ്ധ്യ ഇത്ര അധികം മാഹാത്മ്യമുള്ളതാണെന്നു ഹിന്ദുക്കളെല്ലാം വിശ്വസിക്കുന്നതിലും, അനവധി ഭക്തന്മാർ ഇവിടെ വന്നു ഭജിക്കുന്നതിലും എന്തൊരത്ഭുതമാണുള്ളത്? എന്നുമാത്രമല്ല, പുരാതനകഥകളിൽ രസമുള്ളവർക്കെല്ലാം ഇതു ബഹു കൌതുകകരമായി തോന്നാതിരിക്കയില്ല.

തീവണ്ടിമാർഗ്ഗമായി 'ഫിസബാദ്' എന്ന സ്ഥലത്തെത്തിയതിനുശേഷം, എല്ലായ്പോഴും പൊടിപാറിക്കൊണ്ടിരിക്കുന്ന ഒരു നിരത്തിൽകൂടി നാലുനാഴിക ദൂരംപോയാൽ അയോദ്ധ്യയിൽ ചെല്ലാം. അതിൽകൂടി പോകുന്തോറും കുരങ്ങന്മാരുടെ സംഖ്യ ക്രമേണ വർദ്ധിക്കുന്നതു കാണുമ്പോൾ ഏവനും ആശ്ചര്യം തോന്നാതിരിക്കയില്ല. നിരത്തിൽനിന്നു ഭവനങ്ങളുടെ ഉപരിഭാഗംവരെ കുരങ്ങന്മാർ ഉള്ളതിനാൽ, ഇവ മാത്രമേ ആ സ്ഥലത്തിൽ ഉള്ളൂവെന്നു ഒരുവൻ ആദ്യം സംശയിച്ചുപോകുവാനിടയുണ്ട്. ബ്രഹ്മാവിന്റെ അപേക്ഷയനുസരിച്ചു ദേവന്മാർ ശ്രീരാമനെ സഹായിക്കുന്നതിന്നു വേണ്ടി വാനരന്മാരെ സൃഷ്ടിച്ചതാണെന്നാലോചിക്കുമ്പോൾ, ഇപ്പോഴും ഇവിടെ

കാണുമാറുള്ള കരഞ്ഞാന്മാരെ ജനങ്ങൾ യാതൊരുവിധത്തിലും ഉപദ്രവിയ്ക്കാതിരിക്കുന്നതു ഒട്ടുംതന്നെ ആശ്ചര്യജനകമല്ല. പർവ്വതശിഖരങ്ങളോളം വലിപ്പമുണ്ടായിരുന്നതും, സ്വേച്ഛാനുസാരം രൂപത്തെ മാറ്റുവാൻ സാധിച്ചിരുന്നതും, ഗംഭീരമായ കരിമ്പാറകളെ കയ്യുകൊണ്ടു പറിച്ചെറിയുവാനും വായുമണ്ഡലത്തിലേക്കു കുതിച്ചുചാടി മേഘപടലത്തെ പിടിക്കുവാനും, സമുദ്രങ്ങളെ ചാടികടക്കുവാനും മറ്റും കഴിവുണ്ടായിരുന്നതും ആയ വാനരവീരന്മാരുടെ അൽഭുതവിക്രമങ്ങളെപ്പറ്റി നാമെല്ലാം കേട്ടിട്ടില്ലയോ? കോട്ടയുടെ ആകൃതിയിലുള്ള 'ഹനുമാൻകോട്ട' എന്നപേരായ ക്ഷേത്രത്തിലാണ്, ശ്രീരാമഭക്തശിരോമണിയായ ആ വാനരോത്തമനെ പ്രത്യേകമായി ഭജിക്കുന്നത്. ഈ കോവിലിന്റെ ചുമരുകളിന്മേൽ കരഞ്ഞാന്മാർ തിക്കിത്തിരക്കി നില്ക്കുന്നതു കാണാം. അവയിൽ ചിലതു ഉപദ്രവികളായിരിക്കുന്നതിനാൽ, അവയോടു വളരെ സൂക്ഷിച്ചു പെരുമാറേണ്ടതാകുന്നു. ഇവിടെ വരുന്ന അപരിചിതന്മാരെ ഇവയുടെ ആക്രമങ്ങളിൽനിന്നു വിമുക്തരാക്കുന്നതിനു കൂട്ടരുടെ ആവശ്യമുണ്ടാകാറുണ്ട്. വിസ്തൃതമായ മണൽപ്രദേശത്തിൽകൂടി ഒഴുകുന്ന 'ഗോഗ്രം' നദിയെയാണ് സാധാരണയായി ജനങ്ങൾ ഒന്നാമതു സന്ദർശിച്ചുവരുന്നത്. ശ്രീരാമൻ സ്നാനംചെയ്തിരുന്നതിനാൽ അപരിമേയ മാഹാത്മ്യമുള്ള 'രാമഘട്ട'ത്തിൽ ചെല്ലുന്നതിനു, വളരെ വിസ്താരമുള്ള മണൽപ്രദേശത്തെ ചവിട്ടികടന്നേപോകാതെ നിവൃത്തിയില്ല. 'സ്വർഗ്ഗദ്വാരം' എന്നുകൂടി പേരുള്ള ഈ പുണ്യസ്ഥലത്തിൽ അനവധി ഭക്തന്മാർ പ്രതിദിവസം സ്നാനം ചെയ്യുന്നുണ്ട്. ചിലർ രാത്രി മുഴുവനും രാമായണം വായിച്ചു മറ്റുള്ളവർക്ക് അർത്ഥം പറഞ്ഞുകൊടുക്കുന്നതു് ഇവിടെ പലരിക്കലും കാണാം. നദിയുടെ തീരത്തിൽ നില്ക്കുന്ന പഴയതും, അപ്പോഴും പുതിയതും ആയ ക്ഷേത്രങ്ങളേയും, മുഹമ്മദന്മാരുടെ ചില പള്ളികളേയും ഇവിടെനിന്നു നല്ലവണ്ണം കാണ്മാൻ സാധിക്കുന്നതാകുന്നു. അവയുടെ മനോഹാരിത്വം അതിശയനീയമെന്നേ പറവാനുള്ളൂ. രാത്രിയെത്തുമായി ചെന്നാൽ കഠിനമായി ഭയപ്പെടുത്തുന്നതും, ആളുകളിലും ചാടികളിക്കുന്നതും ആയ കുരങ്ങന്മാരുള്ള ഒരു വിശാലമായ സ്ഥലം ആ ക്ഷേത്രങ്ങളുടെയും മറ്റും മുന്നിലായി സ്ഥിതി ചെയ്യുന്നുണ്ട്. നഗരത്തിന്റെ മദ്ധ്യഭാഗത്തിൽ 'വിക്ടോറിയാരാജ്ഞി'യുടെ മനോഹരമായ പ്രതിമ നില്ക്കുന്നുണ്ട്. അതു ഒരു ഉയർന്ന സ്ഥലത്തിൽ വളരെ അഴകുള്ളതും മുത്തുപോലെ വെളുത്തതും ആയ 'മാർബിൾ' കല്ലുകൊണ്ട് ഉണ്ടാക്കിവെച്ചിരിക്കുന്നതാകുന്നു. അതിന് ആ കല്ലുകൊണ്ടുതന്നെ ഉണ്ടാക്കിയതായ ഒരു അതിവിശേഷമായ കൂടിയുമുണ്ട്. വളരെ പുരാതനമായതും ജീർണ്ണിച്ചിരിക്കുന്നതും ആയ ഈ നഗരത്തിൽ നവീനസമ്പ്രദായത്തിൽ ഈ കമനീയരൂപത്തെ നിർമ്മിച്ചതിനെക്കുറിച്ചു സമാലോചിക്കുമ്പോൾ, ചിലർക്കു ഒരു വേള അത്ഭുതം തോന്നുമായിരിക്കാം. എന്നാൽ, ഹിന്ദുക്കളുടെ നയനങ്ങൾക്കു ഈ നഗരി പരിപാവനമായിട്ടുള്ളതാണെന്നു തോന്നിയിരുന്നതിനാൽ, ഏതൽപ്രതിമക്കുവേണ്ടി ധനം ശേഖരിച്ചതിനുശേഷം, അയോദ്ധ്യ, ലക്നൊ എന്ന പട്ടണങ്ങളാണ് അതു ഉണ്ടാക്കുവാൻ തടസ്ഥങ്ങളെന്നു തന്നിവാസികൾ ഐകകണ്ഠ്യേന തീർച്ചയാക്കി. ഇതിനെതിരിലായി ബുദ്ധന്റെ ബിംബത്തെ പ്രതിഷ്ഠിച്ചിട്ടുള്ള ഒരു ക്ഷേത്രം ഉണ്ട്. ബുദ്ധമതപ്രചാരത്തിന്റെ അവശിഷ്ടങ്ങളിൽ ഇതു ഒന്നാണെന്നു പ്രത്യേകിച്ചു പ്രസ്താവിക്കേണ്ടതെന്നില്ലല്ലോ.

എന്നാൽ അയോദ്ധ്യയിലുള്ള മുഖ്യപ്രദേശങ്ങളിൽവെച്ച് ഏറ്റവും മാഹാത്മ്യമേറിയതു 'ജന്മസ്ഥാന'മാകുന്നു. ഇവിടെ വെച്ചായിരുന്നു ശ്രീരാമൻ ഭൂലോകത്തെ ഒന്നാമതു സന്ദർശിച്ചത്. ഇതു ഒരു നിലകളുള്ള ഒരു സ്ഥലമാകുന്നു. ഇതിന്റെ ചുമരിന്മേൽ ആ മഹാത്മാവിന്റെ ജനനവൃത്താന്തത്തെ കൊത്തിയുണ്ടാക്കിയിട്ടുണ്ട്. ഇവി

ടെക്ക ചെല്ലുന്നതാവും പ്രതിനിമേഷം അധികരിക്കുന്ന ശക്തിയോടുകൂടി ഈശ്വരഭക്തി അന്തഃകരണത്തിൽ ഉജ്വലിക്കാതിരിക്കയില്ല. ഇതിനടുത്തു മുഹമ്മദന്മാരുടെ ഒരു പള്ളിയുണ്ട്. ഇതു മുമ്പു ഹിന്തുക്ഷേത്രമായിരുന്നു. വാസ്തവത്തിൽ അവിടെ ഹിന്തുക്കളും മുഹമ്മദന്മാരും ഭജിച്ചിരുന്നു. അതിന്റെ മുറ്റത്തു ശ്രീരാമന്റെ അടുക്കളയാണെന്നു പറഞ്ഞുവരുന്ന ഒരു സ്ഥലമുണ്ട്. രണ്ടു മതക്കാരും കൂടി ഒരേ ക്ഷേത്രത്തിൽ ഭജിച്ചിരുന്നതിനാൽ, 1855-ൽ ഒരു വലിയ കലഹമുണ്ടാവുകയും, എഴുപത്തഞ്ചു മുഹമ്മദന്മാർ പ്രാണത്യാഗം ചെയ്യേണ്ടിവരികയും ചെയ്തു. സമീപത്തിലുള്ള ഒരു ശ്മശാനസ്ഥലത്തിലാണ് അവരുടെ ശവങ്ങളെ കുഴിച്ചിട്ടിരിക്കുന്നത്. ബ്രിട്ടീഷ് കോയ്മ, കലഹങ്ങളെ മേലിൽ നാമാവശേഷമാക്കുന്നതിനുവേണ്ടി, ഒരു വേലി കെട്ടിയുണ്ടാക്കിയതിനാൽ, അതിനുള്ളിൽ മുഹമ്മദീയന്മാർ പ്രാർത്ഥനാദികളെ ചെയ്യുകയും അതിനുപുറമെ ഹിന്തുക്കൾ രാമദേവനെ ഭജിക്കുകയും ചെയ്യാൻ തുടങ്ങി. പക്ഷേ രണ്ടു കൊല്ലങ്ങൾക്കു മുമ്പ്, രണ്ടുകൂട്ടരുംകൂടി പിണങ്ങുകയും ശണ്ഠകൂടുകയും, മൂന്നു ഹിന്തുക്കൾക്കും മൂന്നു മുഹമ്മദന്മാർക്കും ഇഹലോകത്തെ വെടിയേണ്ടിവരികയും ചെയ്തു. ഈ രണ്ടു മതക്കാർക്കും തമ്മിൽ എന്നും സമാധാനമുണ്ടായിരിപ്പാൻ ഈ വേലി മതിയാവുന്നതല്ലെന്നുള്ളതു സംശയമില്ലാത്തതാണ്.

അയോദ്ധ്യയിൽ ഇപ്പോഴുള്ള രാജകുമാരനു പ്രായപൂർത്തി വന്നിട്ടില്ലാത്തതിനാൽ, ബ്രിട്ടീഷ് കോയ്മ രാജ്യസംബന്ധമായ സകല കാര്യങ്ങളേയും നടത്തുകയും, അദ്ദേഹത്തിനു വളരെ കടമുള്ളതു തീർക്കയും ചെയ്യുന്നു. വളരെ വിസ്താരമുള്ള മതിലാൽ ചുറ്റപ്പെട്ടതും, വെളുത്ത കല്ലുകൊണ്ടു പണിചെയ്തിട്ടുള്ളതും ആയ ഒരു ഭംഗിയുള്ള അരമനയിലാണ് അദ്ദേഹം നിവസിക്കുന്നത്. കോവിലകത്തിന്റെ മിക്ക ഭാഗങ്ങളിലും ജനങ്ങൾ അധിവസിക്കുന്നില്ലെന്നു എവനും തോന്നുന്നതാകുന്നു. പലതരത്തിലുള്ള ചെടികളും മരവും ഇതിനെ ചുററും നട്ടുനനച്ചുണ്ടാക്കിയിട്ടുണ്ട്. ഇതിനടുത്തു പഴയ രാജധാനിയുടെ അവശിഷ്ടങ്ങൾ കാണാവുന്നതാകുന്നു. അതിന്റെ ഉന്നതമായ ഗോപുരം അനേകം ചിത്രങ്ങളാലും മറ്റും മനോഹരമാകുംവണ്ണം അലംകൃതമായിരുന്നു. മഹാവിഷ്ണുവിന്റെ അവതാരമായ ശ്രീരാമചന്ദ്രന്റെ ജന്മഭൂമിയായ അയോദ്ധ്യാനഗരം ഹിന്തുക്കൾക്കെല്ലാം അനിർവ്വചനീയമായ മാഹാത്മ്യമുള്ളതാണെന്നുവരികിലും, ഇപ്പോൾ ഇതു സ്വപ്നസദൃശം അനുഭവിച്ചുകൊണ്ടിരിക്കയാണെന്നു പ്രസ്താവിക്കാതെ നിവൃത്തിയില്ല.

ഹിന്തുക്കളും ഭൂതദയയും

പുത്തേഴത്തു രാമമേനോൻ ബി. ഏ

ഒരു വിദേശീയനു ഇന്ത്യയെക്കുറിച്ചുള്ള അഭിപ്രായം എന്താണെന്നു അറിയേണ്ടതാണ്. കാലവർഷങ്ങളാൽ ഉണ്ടാകുന്ന വെള്ളപ്പൊക്കത്താലും, എടക്കിടക്കുണ്ടാകുന്ന ക്ഷാമബാധയാലും, അപ്പൊഴപ്പൊഴുണ്ടാകുന്ന പ്ലേഗു മഹാമാരിയാലും മറ്റു പകച്ചവ്യാധികളാലും, മനുഷ്യർ സ്വസ്ഥവാസംചെയ്യുന്നതിനു നിവൃത്തിയില്ലാതെയും, പുലി കരടി മുതലായ ദുഷ്ടമൃഗങ്ങളാലും, പാമ്പ്, തേള് മുതലായ വിഷജന്തുക്കളാലും, കൊതു, പുഴു മുതലായവകളാലും നിറയപ്പെട്ടതായും, വേദാന്തികൾ, സന്യാസികൾ, ജ്യോതിഷക്കാർ എന്നുള്ളതിയ പല പ്രത്യേക വർഗ്ഗക്കാരോടും ഏക സങ്കേതസ്ഥാനമായും ഉള്ള ഒരു വിശേഷപ്പെട്ട രാജ്യമാകുന്നു ഇന്ത്യാ എന്നു വിശ്വസിക്കുന്ന പാശ്ചാത്യന്മാർ ഇന്നും ധാരാളം ഉണ്ട്. പക്ഷെ ഇന്ത്യാക്കാർക്ക് സഹജമായുള്ള ഭൂതദയനിമിത്തം സകലവിധ ജീവജന്തുക്കൾക്കും സ്വസ്ഥവാസം ചെയ്യാവുന്ന ഒരു പുണ്യസ്ഥലമാണ് ഇന്ത്യാ എന്നു അവർ അറിയുന്നില്ലതാനും. പ്രാണിഹിംസയും മാംസഭക്ഷണവും ധാരാളം ഉള്ള അന്യരാജ്യങ്ങളോടുകൂടി താരതമ്യപ്പെടുത്തി നോക്കുന്നതായാൽ ഇന്ത്യാരാജ്യം ജന്തുലോകത്തിനു പരഹിംസയിൽനിന്നു അഭയം പ്രാപിക്കുവാനുള്ള ഏകരാജ്യമാണെന്നു കാണപ്പെടാതിരിക്കയില്ല. ഇരുപതു നൂറ്റാണ്ടുകളായി ഇന്ത്യയിൽ പ്രചരിച്ചു വരുന്ന പരിഷ്കാരശക്തി അതിന്റെ യാതൊരു പരിവർത്തനത്തിലും പരിണാമത്തിലും ഭൂതദയ എന്ന വിശിഷ്ടഗുണത്തെ വിസ്മരിച്ചിട്ടില്ല. മനുഷ്യരിൽ നിന്നു അധികം ഉപദ്രവവും ഹിംസയും ഏല്ക്കാതെ പക്ഷിമൃഗാദികൾ ഇന്ത്യയിൽ സ്വസ്ഥവാസം ചെയ്യുന്നുണ്ട്. ഇന്ത്യയിൽ നൂറോ ഇരുനൂറോ നാഴിക സഞ്ചരിച്ചാലും കല്പിച്ചുകൂട്ടി ചെയ്യപ്പെടുന്ന പ്രാണിഹിംസകൾ ഒരു വിദേശീയനു കാണ്മാൻ സാധിക്കയില്ല തീർച്ചതന്നെ. ഹിന്തുക്കളുടെ നീതിശാസ്ത്രം വളരെ മുമ്പുതന്നെ മനുഷ്യരും മൃഗങ്ങളും തമ്മിലുള്ള അന്യോന്യബന്ധത്തെ തൃപ്തികരമായ വിധത്തിൽ തീർച്ചപ്പെടുത്തീട്ടുണ്ട്. സമുദായം മൃഗങ്ങളുടെ അവകാശങ്ങളേയും അധികാരങ്ങളേയും ബഹുമാനിക്കുന്നുണ്ട്. മൃഗങ്ങളെല്ലാം സുഖദുഃഖങ്ങൾ അറിയുന്നതിനു ശക്തിയില്ലാത്ത വെറും ജീവയന്ത്രങ്ങൾ ആണെന്നു ഹിന്തുശാസ്ത്രം പഠിപ്പിക്കുന്നില്ല. അവയുടെ സുഖദുഃഖങ്ങളിൽ പങ്കുകൊള്ളുവാനും അവയുടെ മാനസിക ശാസ്ത്രതത്വങ്ങളെ അറിയുവാനും ഹിന്തുക്കൾ സദാ ജാഗരൂകന്മാരാണ്. ഹിന്തുക്കൾ ഈ സംഗതിയിൽ വേണ്ടതിൽ കുറെ അധികം താല്പര്യം കാണിക്കുന്നില്ലെ എന്നു സംശയിക്കുവാനുള്ളു. പലപ്പോഴും അവർ മൃഗാദികളുടെ ക്ഷേമത്തെയും സ്വാ

* Much indebted to the Modern Review for this article

തന്ത്ര്യത്തെയും മനുഷ്യരുടേതിനേക്കാൾ അധികം വിലവെക്കുന്നതാണ്. എങ്കിലും മററു ചില രാജ്യക്കാർ കേവലം നിസ്സാരമാക്കിതള്ളിയിരിക്കുന്ന ഈ വിഷയത്തിൽ മനഃപൂർവ്വമായുള്ള നിർദ്ദാക്ഷിണ്യം വരാതിരിക്കുവാൻ ഇത്രയും ആവശ്യമായിരിക്കും. മനുഷ്യർ ഇക്കാലങ്ങളിൽ പ്രത്യേകിച്ചും, ശോചനീയമായ വിധത്തിൽ, മൃഗാദികളെ സംബന്ധിച്ചേടത്തോളം, തന്നിഷ്ടക്കാരും, വകയുള്ളവരും, നിഷ്കരുണന്മാരും, ആയിരിക്കുന്ന സ്ഥിതിക്ക് ഭൂതദയ നിലനില്ക്കണമെങ്കിൽ അതിനു വേണ്ടതിൽ ഏറിട്ടു അധികം പ്രാമാണ്യം കൊടുത്താലും അത് അധികമായി എന്നു വരുന്നതല്ല.

ഹിന്തു സമുദായത്തിനു ഒരു വിശിഷ്ടമായ അലങ്കാരമായിത്തീർന്നിരിക്കുന്ന ഈ അത്ഭുതാവസ്ഥ സാധിച്ചിട്ടുള്ളത് അലംഘനീയങ്ങളായ നിയമപരമ്പരകളുടെ ശക്തികൊണ്ടല്ല. 'ഒരു പൌരന്മാർക്കു വിദ്യാഭ്യാസമുണ്ടാകുന്നത് ഏതുമൂലം നിയമനിബന്ധനകളേക്കാൾ ഗുണകരമാകുന്നു' എന്ന് പറയുന്നതിൽ വളരെ പരമാർത്ഥമുണ്ട്. ബലശക്തികൊണ്ടു ഒരു മനുഷ്യന്റെ മാനസികവികാരങ്ങളെ നിയന്ത്രണംചെയ്യുവാൻ തീരെ സാധിക്കുകയില്ല. ഇന്ത്യാമാതാവിന്റെ മനസ്സ് ദയ, ദാക്ഷിണ്യം, മുതലായ വിശിഷ്ടഗുണങ്ങളുടെ വിളഭൂമിയാകുന്നു. ഇന്ത്യക്ക് നിയമങ്ങളിലും പോല്ലീസിന്റെ ശക്തിയിലും അധികം വിശ്വാസം ഇല്ല. ഭയത്തേക്കാൾ പ്രബലതരമായ ശക്തി സ്നേഹത്തിനാണെന്നു ഇന്ത്യാക്കാർ വളരെ മുമ്പുതന്നെ ധരിച്ചിട്ടുണ്ട്. ദിവ്യങ്ങളായ മാതൃകകളെ മുൻനിറുത്തികൊണ്ട് ഉപയുക്തങ്ങളായ ഉദാഹരണങ്ങളോടുകൂടി സ്നേഹപുരസ്സരം പഠിപ്പിക്കുന്ന ഗുരുക്കന്മാരുടെ സദാചാരനൈർമ്മല്യം ഹിന്തുവിദ്യാർത്ഥികളെ ആജീവനാന്തം സൽപ്രവൃത്തിതല്പരന്മാരാക്കുന്നു. പക്ഷിമൃഗാദികളെ ഇഹലോകവാസത്തിൽ മനുഷ്യർ ചങ്ങാതിമാരെപ്പോലെ കരുതി അവയോടെല്ലാം ദയയോടുകൂടി വർത്തിക്കേണ്ടതാണെന്നുള്ള പാഠം അവർ നന്നെ ചെറുപ്പത്തിൽതന്നെ പഠിക്കുകയും, ആ പദ്ധതിയിൽനിന്നു അവർ ആയുസ്സുകാലം മുഴുവനും തെററാതെ അനുഷ്ഠിക്കയും ചെയ്യുന്നു.

ക്രിസ്തുവർഷത്തിനു ഏകദേശം നാനൂറു വർഷങ്ങൾക്കുമുമ്പ് ഈ വിദ്യാഭ്യാസരീതി ഇന്ത്യയിൽ തുടങ്ങീട്ടുണ്ടെന്നു പറയാം. അന്നുമുതൽക്ക് ഇന്നുവരെ അതിനു പറയത്തക്ക ഉടവൊന്നും തട്ടീട്ടില്ല. പാരമ്പര്യം, ഐതിഹ്യം, സാധാരണ നടപടി, മുതലായവയുടെ അപാരമായ ശക്തിയാൽ ലോകത്തിൽ മറെറാരിടത്തും കാണപ്പെടാത്ത ഒരു സാമുദായികനടപടിവിശേഷം ഇന്ത്യയിൽ ഇന്നും കാണപ്പെടുന്നുണ്ട്. ഒരു ഹിന്തു ജനിച്ചതു തുടങ്ങി, പക്ഷിമൃഗാദികളോട് സ്നേഹമുള്ളവനാകുന്നു. ഭൂതദയ അവനിൽ ഉണ്ടാകുന്നതു പഠിപ്പിന്റെയോ ദീർഘാലോചനയുടേയോ ഫലമായിട്ടല്ല. ഹിന്തുസമുദായത്തിലെ ഒരു അംഗമെന്ന നിലയിൽ ആ മനോവികാരത്തിനു അവൻ ജനനാൽതന്നെ അവകാശിയാകുന്നു. ഭൂതദയയുടെ ശക്തിയാലും, പ്രശംസനീയങ്ങളായ മാതൃകകളുടെ വൈശിഷ്ട്യത്താലും വ്യാപരിക്കപ്പെട്ട ഒരു സമുദായത്തിൽ ജനിച്ചു വളർന്നുവന്ന ഒരു ഹിന്തുവിനു ജന്തുഹിംസ വിചാരഗോചരം കൂടി അല്ലാതാകുകയും, പ്രാണപീഡ പ്രാണവേദനപോലെ ആയിത്തീരുകയുംചെയ്യുന്നു.

ജന്തുവാത്സല്യം ഇന്ത്യയിൽ ഇത്രയും

ശക്തിയോടുകൂടി ആദ്യന്തിൽതന്നെ ഉണ്ടാകുന്നതിന്നു പല കാരണങ്ങളും ഉണ്ട്. ഇന്ത്യയിൽ പ്രകൃതീദേവിതന്നെ ദയ, ദാക്ഷിണ്യം, സഹജീവസ്നേഹം, മുതലായ ദിവ്യപാഠങ്ങൾ ദിവസേന പഠിപ്പിക്കുന്നുണ്ട്. ഇന്ത്യ ഒരു ഉഷ്ണഭൂമിയാണെങ്കിലും ഇവിടത്തെ ചൂട് അസഹനീയമല്ല. ചൂടും വെളിച്ചവും ധാരാളം കിട്ടുന്ന ഉഷ്ണഭൂമികളിൽ, പ്രകൃതി, സ്വതതന്നെ ശൈത്യാധിക്യമുള്ള അന്യ രാജ്യങ്ങളെ അപേക്ഷിച്ച് അധികം സുഖകരവും ആഹ്ലാദകരവും ആകുന്നു. ശീതരാജ്യങ്ങളിൽ, പ്രകൃതി, ജീവലോകത്തിന്നു ഗുണത്തെക്കാൾ അധികം ദോഷത്തെയാണ് ചെയ്യുന്നതു. വാതിലടച്ച് ഗൃഹത്തിനുള്ളിൽ തീ കായേണ്ടിവരുന്ന ശൈത്യരാജ്യങ്ങളിലേയും, സുഖമായി പുറത്തു നടന്ന് ഉണൎച്ച കൊടുക്കുന്ന കാറ്റും ചൂടും അനുഭവിക്കാവുന്ന ഉഷ്ണരാജ്യങ്ങളിലേയും, കാലാവസ്ഥകൾക്ക തമ്മിൽ എത്ര വ്യത്യാസമുണ്ട്!! ഇവിടെ ഉഷസ്സിൽ തന്നെ സൂൎയ്യൻ മനോഹരങ്ങളായ കരമാലകളാൽ സകല ജീവജാലങ്ങളേയും ഉണൎത്തുന്നു. പിന്നെയും ഉണരാത്ത മടിയന്മാരുണ്ടെങ്കിൽ അവരുടെ ഭവനങ്ങളുടെ നാലു പുറവും പലവിധം പക്ഷികൾ ഉത്സാഹത്തോടുകൂടി പാറി അവരുടെ മാധുൎയ്യമുള്ള പാട്ടുകൊണ്ടു സകലൎക്കും ഉത്സാഹവും ഉണൎച്ചയും ഉണ്ടാക്കുന്നു. പുഴകളിലെല്ലാം അച്ഛസ്ഫടികപ്രകാശമുള്ള ശുദ്ധജലം എന്നും നിറഞ്ഞൊഴുകുന്നു. അവയിൽ എല്ലാ നാട്ടുകാൎക്കും ആൎക്കും സുഖമായി കളിക്കുന്നതിന്നു വിരോധമില്ല. വളരെ ബുദ്ധിമുട്ടി വെള്ളം ചൂടുപിടിപ്പിച്ച് ഒരു മുറിക്കകത്തു വെച്ച് ആരും കാണാതെ കളിക്കേണ്ടുന്ന ആവശ്യം ഇന്ത്യയിൽ ഇല്ല. വൃക്ഷലതാദികൾ എന്നും പൂത്തു തളിൎത്തു ഫലപരിപൂൎണ്ണങ്ങളായി നില്ക്കുന്നു. അനേകായിരം പക്ഷികൾ അവിടവിടെ കൂട്ടംകൂട്ടി മുട്ടയിട്ടു കുഞ്ഞുങ്ങളോടുകൂടി ജീവിതസുഖം അനുഭവിക്കുന്നു. തോട്ടങ്ങൾ എല്ലാം സുഗന്ധമുള്ള പലതരം പുഷ്പങ്ങളാൽ പ്രശോഭിതങ്ങളാകുന്നു. പുഷ്പങ്ങൾക്ക ഇന്ത്യയിൽ എന്നുംതന്നെ ക്ഷാമമില്ല. ചെമ്പകം, പിച്ചകം, തുളസി, അശോകം മുതലായ പുഷ്പങ്ങൾ ദൈവഭക്തന്മാരായ ജനങ്ങൾ സ്വാമിപൂജകൾക്ക് ഉപയോഗിക്കുന്നു. സഭകളിലും കല്യാണങ്ങളിലും മുല്ലമാലകളും മറ്റു പുഷ്പമാല്യങ്ങളും ധാരാളം കാണാം. വിവിധവൎണ്ണങ്ങളോടുകൂടിയ പുഷ്പങ്ങളാൽ തരുണീമണികളുടെ കേശഭാരങ്ങൾ അലങ്കരിക്കപ്പെടുന്നു. വൃക്ഷങ്ങൾ ക്ഷീണിച്ച വഴിയാത്രക്കാൎക്ക തണലും, നാട്ടുകാൎക്ക വീട്ടുപണിക്കുള്ള മരവും, അടുക്കളയിലേക്കാവശ്യമുള്ള വിറകും പ്രദാനം ചെയ്യുന്നു. പല മരങ്ങളുടേയും ഇലകൾകൂടി ഓരോ ആവശ്യങ്ങൾക്കായി ഉപയോഗപ്പെടുത്തുന്നു. പക്ഷികളാണ് ഇന്ത്യയിലെ വലിയ ഭാഗവതന്മാർ. കുയിൽ മുതലായ പക്ഷികളുടെ മധുരഗീതം ആരെ ആണ് സന്തോഷഭരിതനാക്കിത്തീൎക്കാത്തത്. വിശേഷപ്പെട്ട തൂവലുകളോടുകൂടിയ പല പക്ഷികളും പുരകളുടെ മുകളിൽ ഇരുന്നു ചിറകുകൾ പരത്തി ആടുന്നതു കാണാം. തത്ത, പ്രാവ് മുതലായവ കൂട്ടമായി പലപ്പോഴും വൃക്ഷശാഖകളിന്മേലും പുരപ്പുറത്തും സഗൌരവം, നിൎഭയം വസിക്കുന്നു. മയിലുകൾ ഇന്ത്യയിൽ ധാരാളം ഉണ്ട്. അവയുടെ സ്വൎണ്ണവൎണ്ണങ്ങളോടുകൂടിയ തൂവലുകൾ കണ്ട് അവയെ 'ഭൂമിയിലെ മഴവില്ല്' എന്നു പല കവികളും, വൎണ്ണിച്ചിരിക്കുന്നു. കാടുകളിൽ മാൻ മുതലായ ജന്തുക്കൾ നിൎഭയം ഓടി കളിക്കു

ന്നു. കരടന്മാർ കൂട്ടമായി കണ്ടതൊക്കെ കടിച്ചുംകൊണ്ടു സഞ്ചരിക്കുന്നു. കൃഷിക്കാൎക്ക് നിലം ഉഴുന്നതിന്നു നല്ല കൊമ്പൻകാളകളുണ്ട്. സമൃദ്ധിയായി പാൽ നൽകുന്നതിന്നു ശീലഗുണത്തോടുകൂടിയ അനേകായിരം പശുക്കളുണ്ട്. രാത്രിയിൽ വീടു കാക്കുന്നതിന് യജമാനസ്നേഹമുള്ള നായ്ക്കളുണ്ട്. എവിടെ നോക്കിയാലും പ്രകൃതിയിൽ സൌന്ദൎയ്യവും സമ്പത്തും നിറഞ്ഞുകാണുന്നു. ചില അവസരങ്ങളിൽ പ്രകൃതിദേവി കോപിച്ച്, കൊടുങ്കാറ്റ്, വെള്ളപ്പൊക്കം, മുതലായവകളാൽ ജനങ്ങളെ പീഡിപ്പിക്കുകയും പലവിധത്തിലും നാശമുണ്ടാക്കുകയും ചെയ്യുമെങ്കിലും, അങ്ങിനെ ഉള്ള കാലങ്ങൾ അപൂൎവ്വവും, അക്കാലങ്ങളിൽ ഉണ്ടാകുന്ന കഷ്ടനഷ്ടങ്ങൾ നല്ല കാലങ്ങളിലെ സുഖലാഭങ്ങളെ അപേക്ഷിച്ച് ഏറ്റവും നിസ്സാരങ്ങളും ആകുന്നു. വാത്സല്യാതിരേകത്തോടുകൂടിയ ഒരു ജനനിയാലെന്നപോലെ പ്രകൃതി എന്നും മനോഹരമായിത്തന്നെ കാണപ്പെടുന്നു. സകലരും പ്രകൃതിയെ സ്നേഹബഹുമാനങ്ങളോടുകൂടി വന്ദിക്കുകയും ചെയ്യുന്നു.

ഇനി നമുക്കു ശൈത്യാധിക്യമുള്ള ഒരു രാജ്യത്തിലെ സ്ഥിതി എന്താണെന്നു ആലോചിച്ചുനോക്കാം. ഹാ! എന്തു വ്യത്യാസമാണ് നാം അവിടെ കാണുന്നത്!! അവിടെ മനുഷ്യർ പ്രകൃതിശക്തിക്കു വിരോധമായി പ്രവൃത്തിക്കുന്നതിന്നു നിൎബ്ബന്ധിതന്മാരാകുന്നു. അസുഖവും ആപത്തും ആണ് രാജ്യസ്ഥിതിയിൽനിന്നുണ്ടാകുന്നത്. വെള്ളം ഉറച്ചുപോകുന്നു. മഞ്ഞുകട്ടകൾ ഉരുകാതെ കിടക്കുന്നു. അല്പം വിറക വേണമെങ്കിൽ ഭൂമിയുടെ അഗാധത്തിൽ കുഴിച്ചു കല്ക്കരി കുത്തി എടുക്കണം. ദേഹത്തിന്നു സുഖത ഉള്ളതും അവശ്യം ആവശ്യവുമായ ചൂട്, ചുറ്റുമുള്ള തണുപ്പുനിമിത്തം പോകാതിരിക്കണമെങ്കിൽ ഒരു മനുഷ്യൻ അതിന്നായി എപ്പോഴും പരിശ്രമിച്ചുകൊണ്ടിരിക്കണം. മാംസം, മദ്യം, മുതലായവയുടെ സഹായത്തോടുകൂടിയും, എപ്പോഴും തീ കായുന്നതുകൊണ്ടും ആകുന്നു ശരീരത്തിലെ ചൂടു നിലനില്ക്കുന്നത്. പുഴകളിൽവെള്ളമുണ്ടെങ്കിൽ, അതു മുഴുവനും ഉറച്ചതാണ്. ചിലർ അതിന്മേൽ വണ്ടികളിൽ കേറി സവാരി ചെയ്യുന്നതിനല്ലാതെ കുളിക്കുവാനോ കുടിക്കുവാനോ നദികൾ ശീതകാലങ്ങളിലും ഉപയോഗപ്പെടുന്നില്ല. വൃക്ഷങ്ങൾ, ഇലകൾ കൊഴിഞ്ഞു പച്ചയില്ലാതെ വെറും തടികൾ ആകുന്നു. ഹേമന്തകാലത്തു പക്ഷികളെല്ലാം തണുപ്പുകൊണ്ടു ചത്തുപോകുന്നു. ചാവാത്തവ നാടുവിട്ടു ചൂടുള്ള മറ്റു രാജ്യങ്ങളിലേക്കു പറന്നുപോകുന്നു. പുഷ്പങ്ങൾ വളരെ അപൂൎവ്വമാണ്. ധനവാന്മാൎക്കല്ലാതെ വാങ്ങി ഉപയോഗിക്കുന്നതിന്നു നിവൃത്തിയില്ലാത്ത വിധത്തിൽ അവക്കു വളരെ വിലയുണ്ട്. ആകാശം മിക്കപ്പോഴും സ്വച്ഛനീലിമ പൂണ്ട സ്വഭാവപ്രകാശമുള്ളതായി കാണപ്പെടുന്നില്ല. വളരെ കാലത്തേക്ക് സൂൎയ്യൻ അദൃശ്യനാകുന്നു. ചന്ദ്രൻ വിളറി മങ്ങിയ ഒരു ഗോളമായി മാത്രമേ കാണപ്പെടുന്നുള്ളു. കൃഷിക്കാരൻ വളരെ ദേഹപീഡ അനുഭവിക്കുന്നു. എന്നാൽതന്നെ കിട്ടുന്ന ആദായം നിസ്സാരവും അനിശ്ചിതവുമാകുന്നു. ഒരു മഞ്ഞു പെയ്താൽ കൃഷിക്കാരന്റെ ആശകളെല്ലാം ചുവടോടെ മറിഞ്ഞുപോകും. വേനൽക്കാലം ക്ഷണഭംഗുരമാകുന്നു. ഒരു കൊല്ലത്തിൽ മുക്കാൽ ഭാഗവും, പ്രകൃതി, സമ്പത്തും, സൌന്ദൎയ്യവും, സൌമ്യതയും, സ്നേഹവും ഇല്ലാത്ത ഒ

ത ക്രൂരരാക്ഷസിയെപ്പോലെ ആണ് ആരംഭത്തിൽ കാണപ്പെടുന്നത്. ഇപ്രകാരമുള്ള ഒരു രാജ്യത്തു പ്രകൃതിയുടെ മാഹാത്മ്യവും മഹിമയും അറിയുന്നതിന് ആർക്കും എളുപ്പത്തിൽ സാധിക്കുന്നതല്ല. കുറെ അനുഭവിച്ചാലോചിച്ചാലല്ലാതെ ജീവലോകത്തിന്റെ ഐക്യത അറിയുവാൻ പ്രയാസമാകുന്നു.

ഉഷ്ണമേഖലയിലെ രാജ്യങ്ങളിൽ പ്രശാന്തരമണീയമായ പ്രകൃതീദേവി സകല സ്ത്രീപുരുഷന്മാരോടും ജീവലോകത്തിന്റെ സൂക്ഷ്മമായ തത്വം 'ഐക്യത'യാണെന്നു വിളിച്ചു പറയുന്നു. പരമമായ ഒരു ഉദ്ദേശ്യത്തിനുവേണ്ടിയാണ് സകല ജീവികളും വർത്തിക്കുന്നതു എന്നു പ്രകൃതി പഠിപ്പിക്കുന്നു. മനുഷ്യരുടെ കായികമായും മാനസികമായും ഉള്ള പലേ ആവശ്യങ്ങൾ നിറവേറ്റുന്നതിനു സഹായിക്കുന്ന ജന്തുലോകത്തിനും സസ്യലോകത്തിനും മനുഷ്യരുമായി ഗാഢബന്ധമുണ്ടെന്നു പ്രകൃതിയുടെ പ്രവൃത്തിയിൽനിന്നു വിശദമാകുന്നു. പക്ഷിമൃഗാദികളും വൃക്ഷലതാദികളും മനുഷ്യർക്ക് ആവശ്യമുള്ള ഭക്ഷണം, ഉടുപ്പ്, വിറക്, വീട്, മുതലായവ പ്രദാനം ചെയ്യുന്നു. അതിനും പുറമെ സകല കലാവിദ്യകൾക്കും, സാഹിത്യങ്ങൾക്കും ശാസ്ത്രങ്ങൾക്കും ആദ്യകാരണങ്ങളും വിഷയങ്ങളും അവയാകുന്നു. മനുഷ്യനും പക്ഷിമൃഗാദികളും ഒന്നിച്ചാണ് ഉഷ്ണരാജ്യങ്ങളിൽ നിവസിച്ചു പോരുന്നത്. ഇതാലോചിക്കുമ്പോൾ ലോകചരിത്രത്തിൽ വളരെ ആദ്യകാലംതുടങ്ങി മൃഗങ്ങൾ, പക്ഷികൾ, വൃക്ഷങ്ങൾ, സൂര്യചന്ദ്രന്മാർ, നക്ഷത്രങ്ങൾ മുതലായവ മനുഷ്യരുടെ ഭക്തിപുരസ്സരമുള്ള നിത്യാരാധനകൾക്കു പാത്രങ്ങളായിത്തീർന്നതിൽ അശേഷം അത്ഭുതപ്പെടുവാനില്ല. ഇന്ത്യാക്കാർക്ക് വളരെ ദൈവന്മാർ ഉണ്ടെങ്കിൽ അതിനും, പല പക്ഷികളും മൃഗങ്ങളും വൃക്ഷങ്ങളും ചെടികളും അവരുടെ ആരാധനകൾ അനുഭവിക്കുന്നുണ്ടെങ്കിൽ അതിനും കാരണം ഇതുതന്നെയാകുന്നു. ഉഷ്ണരാജ്യങ്ങളിൽ അവർ സദാ ഉള്ള പൂർണ്ണതേജസ്സോടും ചൈതന്യത്തോടുംകൂടി വിളങ്ങിക്കൊണ്ടിരിക്കുന്ന സൂര്യചന്ദ്രന്മാരെയോ പൂത്തുതളിർത്തു ഫലപുഷ്പങ്ങളോടുകൂടി നില്ക്കുന്ന വൃക്ഷലതാദികളെയോ ഭയരഹിതന്മാരായി സസന്തോഷം ഇര തേടി നടക്കുന്ന മൃഗാദികളെയോ മാധുര്യത്തോടുകൂടി പാടിക്കൊണ്ടു പറക്കുന്ന പക്ഷികളെയോ കണ്ടാൽ മനസ്സിനു എന്തെന്നില്ലാത്ത ഒരു ആഹ്ലാദമുണ്ടായി, സൃഷ്ടികർത്താവിന്റെ മഹാമഹിമയെപ്പറ്റി ആലോചിക്കയും അദ്ദേഹത്തിന്റെ സർവ്വശക്തിക്കു ജീവനുള്ള ഉദാഹരണങ്ങളായി നില്ക്കുന്ന ഈ വസ്തുക്കളോടു ഭക്തിബഹുമാനം തോന്നുകയും ചെയ്യാത്ത ഒരു മനുഷ്യനുണ്ടെങ്കിൽ അവന്റെ മനസ്സും ആത്മാവും സാധാരണക്കാരുടേതിൽ നിന്നു അധികം വ്യത്യാസപ്പെട്ടതാണെന്നു പറയാതെ നിവൃത്തിയില്ല.

ജീവിതായോധനത്തിനു വാസ്തവത്തിൽ ശീതരാജ്യങ്ങളിൽ ഉള്ളപോലെ ക്ലേശവും ഭയങ്കരതാപവും ഉഷ്ണരാജ്യങ്ങളിൽ ഇല്ലെന്നു പറയാം. പ്രകൃതി വാത്സല്യമുള്ള ഒരു മാതാവാകുന്നു. രാജ്യം ഫലപുഷ്ടിയുള്ളതാകകൊണ്ട് അതിദ്ധ്വാനം കൂടാതെ നമുക്കാവശ്യമുള്ളതെല്ലാം കിട്ടുന്നു. നാമൊന്നും ചെയ്യാതെ തന്നെ അതാതു കാലങ്ങളിൽ കായ്കനികൾ സമൃദ്ധിയായി വളരുന്നു. നെല്ല്, ഗോതമ്പ് മുതലായ ധാന്യങ്ങൾ ആവശ്യമുള്ളേടത്തോളം എല്ലാ കാലങ്ങളിലും ഉ

ണ്ടാകുന്നതു്. വാസ്തവത്തിൽ നമ്മുടെ ഇന്ത്യ 'പാലും തേനും ഒഴുകുന്ന' ഒരു വിശിഷ്ട രാജ്യമാകുന്നു. മനുഷ്യർ ഭാഗ്യവാന്മാരാണെങ്കിൽ അവർ ദയാലുക്കളും ആയിരിക്കും. വിപരീതങ്ങളും വിരോധങ്ങളും ആയ ശക്തികൾ നിശ്ശേഷം നശിക്കയും മനുഷ്യർക്കു സകലവിധ സമ്പൽസമൃദ്ധിയും ഉണ്ടാകയും ചെയ്യുമ്പോൾ അവർ ജീവലോകത്തിന്റെ ഐക്യതയെക്കുറിച്ചു ആലോചിക്കാതിരിക്കയില്ല. അതിനൊന്നാണു് മനുഷ്യരുടെ ഘടനയും വ്യാപാരശക്തിയും. ദാരിദ്ര്യവും തന്നിമിത്തമുണ്ടാകുന്ന ആഗ്രഹവും മത്സരത്തിന്നും ക്രൂരതക്കും കാരണങ്ങളാകുന്നു. മനുഷ്യർ തമ്മിൽ തമ്മിൽ തന്നെ മത്സരിക്കുകയും വെറുക്കുകയും ചെയ്യുമ്പോൾ അവർ മറ്റു ജീവജാലങ്ങളോടു കരുണയും ദയയും കാണിക്കയില്ല തീർച്ചതന്നെ. പൌരാണികകാലത്തും അതിനിപ്പുറത്തും ഇന്ത്യയിൽ സമ്പൽസമൃദ്ധിയും സമാധാനവും മിക്ക കാലങ്ങളിലും ഉണ്ടായിരുന്നു. സമുദായത്തിലെ ഈ ക്ഷേമാവസ്ഥ ഹിന്ദുക്കളിൽ സഹജീവിസ്നേഹവും ഉദാരതയും ഉണ്ടാക്കുന്നതിനു മതിയായ ഒരു കാരണമായിത്തീൎന്നു.

മനുഷ്യർ ഉദാരതയുള്ളവരായിരിക്കേണമെങ്കിൽ, സമാധാനവും സ്വാതന്ത്ര്യവും അവർക്കുണ്ടായിരിക്കേണ്ടതു് അത്യാവശ്യമാകുന്നു. കലഹപ്രിയന്മാരായി, മത്സരബുദ്ധികളായിരിക്കുന്ന ജനങ്ങളോടു ഉദാരതയെക്കുറിച്ചു പ്രസംഗിക്കുന്നതുകൊണ്ടും, അതിന്റെ ആവശ്യകതയെപ്പറ്റി പ്രതിപാദിക്കുന്നതുകൊണ്ടും, യാതൊരു ഫലവും ഉണ്ടാകുന്നതല്ല. സാമുദായികകലഹങ്ങളാൽ സമാധാനമില്ലാതെയും, രാജ്യപരിപാലകന്മാരുടെ ക്രൂരതയാൽ ജനങ്ങൾക്കു ക്ഷേമമില്ലാതെയും, ഉള്ള രാജ്യങ്ങളിൽ ഇത്തരം ഉൽകൃഷ്ടമാതൃകകൾ ഉണ്ടായാൽ തന്നെ അവ അധികം കാലം നിലനില്ക്കുന്നതല്ല. നാം സന്മാർഗ്ഗനടപടികളായി ഗണിച്ചുപോരുന്ന സകലഗുണങ്ങളും സൂക്ഷ്മത്തിൽ അന്യോന്യം വളരെ ദൃഢബന്ധമുള്ളവയും, അവയുടെ എല്ലാ നിലനില്പിന്നും പ്രോത്സാഹനത്തിന്നും സമാധാനവും സമ്പൽസമൃദ്ധിയും രാജ്യത്തുണ്ടായിരിക്കേണ്ടതും, ആകുന്നു. അന്യനാട്ടുകാരുടെ ആക്രമണങ്ങളിൽ നിന്നും, ആന്തരകലഹങ്ങളിൽ നിന്നും, സ്വാതന്ത്ര്യമുണ്ടായിരുന്ന കാലങ്ങളിലാണു് ഇന്ത്യയിൽ ഈ വിശിഷ്ടമാതൃകകൾ പരിപുഷ്ടിയോടുകൂടി വളൎന്നുവന്നിട്ടുള്ളതു്. ഇന്ത്യാരാജ്യം ഒട്ടുവളരെ ചെറിയ ചെറിയ നാട്ടുകളായി ഭാഗിക്കപ്പെട്ടും, അവയെല്ലാം ഓരോ ഹിന്ദുരാജാക്കന്മാരുടെ പരിപാലനയാൽ സമാധാനത്തിൽ പോഷിക്കപ്പെട്ടും, പോന്നു. നിസ്സാരങ്ങളായ മതവ്യത്യാസങ്ങളെ അടിസ്ഥാനമാക്കി, മനുഷ്യർ സഹജമായ ദയയും ജീവലോകത്തിന്റെ ഐക്യതയും തീരെ മറന്നു, അന്യോന്യം കലഹിച്ചു കത്തിക്കലകളിൽ ഏർപ്പെടുന്നതിന്നു ഹിന്ദുക്കൾ ഒരിക്കലും തുനിഞ്ഞിട്ടില്ല. അന്യമതങ്ങളെ വിശാലമനസ്കതയോടുകൂടി ഹിന്ദുക്കൾ സ്നേഹിക്കുന്നു. എല്ലാ മതങ്ങളും സൂക്ഷ്മത്തിൽ ഒന്നാണെന്നു ഹിന്ദുക്കൾ വിശ്വസിക്കുന്നു. അതുകൊണ്ടു യൂറോപ്പു മുതലായ രാജ്യങ്ങളിൽ ഉണ്ടായിട്ടുള്ളപോലെ നികൃഷ്ടങ്ങളും, നിഷ്ഠുരങ്ങളും ആയ കലഹങ്ങൾക്കു ഇന്ത്യ ഈ കാലങ്ങളിൽ ഒരിക്കലും അടിമപ്പെട്ടിട്ടില്ല. സഹജീവിസ്നേഹവും ജന്തുലോകത്തോടു ദയയും ഉണ്ടാകുന്നതിനു് ഇനി എന്താണു് വേണ്ടതു്?

ദാരിദ്ര്യത്തിൽനിന്നു വിമുക്തന്മാരാ

യി, മനസ്സമാധാനത്തോടുകൂടി, സമ്പൽസമൃദ്ധി അനുഭവിക്കുമ്പോഴും, മനുഷ്യരുടെ ബുദ്ധിയും, ആലോചനാശക്തിയും, നവയൗവ്വനത്തിലിരിക്കുകയും തദവസരങ്ങളിൽ അവർ ജീവിതോദ്ദേശത്തെ കുറിച്ചും, ജന്തുലോകവാസത്തിന്റെ സൂക്ഷ്മസ്ഥിതിയെ കുറിച്ചും, അതിന്റെ പരമമായ അവസാനത്തെപ്പറ്റിയും, ദീർഘമായി ആലോചിക്കയും, അപ്പോഴും അവർക്ക് പ്രപഞ്ചതത്വം ബുദ്ധിഗോചരമാകകയും; അങ്ങിനെ അവർ തത്വജ്ഞാനികളായിത്തീരുകയും ചെയ്യുന്നു. സത്യം, ന്യായം, മുതലായ വിശിഷ്ടഗുണങ്ങൾക്ക് അന്നത്തെ ആളുകൾ വിളക്കുകളായിരുന്നു. പത്തൊമ്പതാം നൂറ്റാണ്ടിനു മുമ്പ് ഒരിക്കലും ഒരിടത്തും ആരും അറിഞ്ഞിട്ടില്ലാത്ത ദിവ്യങ്ങളായ നീതിശാസ്ത്രതത്വങ്ങൾ അന്നത്തെ ഋഷിപുംഗവന്മാർ ജനങ്ങളെ പഠിപ്പിച്ചിരുന്നു. അവരിൽനിന്നു പാരമ്പര്യസ്വത്തായി നമുക്ക് സിദ്ധിച്ചിട്ടുള്ള ആ ഗ്രന്ഥപരമ്പരകളെ നാം ഇന്നും ബഹുമാനിച്ച് ആരാധിച്ചുപോരുന്നു. ഋഷിപ്രോക്തങ്ങളായ ദിവ്യവാക്യങ്ങളിൽ എല്ലാറ്റിലും മുന്നിൽ നില്ക്കുന്നതും, പിൻപീടുണ്ടായിട്ടുള്ള വിവിധമതങ്ങൾക്കും അടിസ്ഥാനമായിട്ടുള്ളതും, ഇന്നും നാം ഭക്തിബഹുമാനപുരസ്സരം നമ്മുടെ ഒരു ഉത്തമമാതൃകയായി അംഗീകരിച്ചിട്ടുള്ളതും, ആയ തത്വം 'അഹിംസാപരമോധർമ്മഃ' എന്ന സാരഗർഭമായ ശ്ലോകപാദമാകുന്നു. 'നീ, നിന്നെത്തന്നെ ആദ്യം അറിയുക', 'ജനങ്ങളുടെ സത്യസന്ധതയാണ് ഒരു രാജ്യത്തിന്റെ ഉന്നമനത്തിനു കാരണം', 'നിന്റെ അയൽവക്കക്കാരനെ നിന്നെപ്പോലെ തന്നെ സ്നേഹിക്കുക,' എന്നു തുടങ്ങി ഓരോ ലോകഗുരുക്കന്മാർ ഓരോ അവസരങ്ങളിൽ പഠിപ്പിച്ചിട്ടുള്ളതും ഇക്കാലത്തു ലോകം മുഴുവനും അറിയപ്പെട്ടിട്ടുള്ളതും ആയ അനശ്വരങ്ങളായ ദിവ്യതത്വങ്ങളുടെ കൂട്ടത്തിൽ 'അഹിംസാപരമോധർമ്മഃ' എന്ന മൂലവാക്കുകൾക്ക് തീർച്ചയായും പ്രധാനമായ ഒരു സ്ഥാനമുണ്ട്.

ഹിന്ദുനീതിശാസ്ത്രങ്ങളിലെ കാതലായ തത്വം ഇതുതന്നെ ആകുന്നു. ജീവലോകത്തിന് ഐക്യതയുണ്ടെന്നും, സകല ജീവജാലങ്ങൾക്കും സമാവകാശം ഉണ്ടെന്നും അവർ വിശ്വസിച്ചുപോന്നു. അതല്ലാതെ, മനുഷ്യർ മാത്രം യജമാനന്മാരും, മറ്റുള്ളവയെല്ലാം അവരുടെ ആവശ്യനിവൃത്തിക്കുവേണ്ടി മാത്രമുള്ളവയും ആണെന്നും ഹിന്ദുശാസ്ത്രജ്ഞന്മാർ ഒരിക്കലും പഠിപ്പിച്ചിട്ടില്ല. സൃഷ്ടികർത്താവിന്റെ അപാരമായ ശക്തിവൈശിഷ്ട്യത്തിന്റെ പരമകാഷ്ഠയാണ് മനുഷ്യൻ എന്ന് അവർ വിശ്വസിച്ചിരുന്നുവോ എന്നു സംശയമാണ്. തേനീച്ചകളെയും ഉറുമ്പുകളെയും അവക്കു വേണ്ടിത്തന്നെ അല്ലാതെ മനുഷ്യർക്കുവേണ്ടിയാണ് ഉണ്ടാക്കിട്ടുള്ളതെന്ന് ഹിന്ദുനീതിശാസ്ത്രജ്ഞന്മാർ പറയുന്നില്ല. പ്രപഞ്ചതത്വത്തെ അവർ അറിഞ്ഞിട്ടുള്ളത് അപ്രകാരമല്ല. സമത്വം, സമാവകാശം, ഐക്യത, ഒരുമയോടുകൂടി ഒരു ആവശ്യപൂരണത്തിനുവേണ്ടിയുള്ള പ്രയത്നം, ഇവയാണ് ജീവലോകത്തിന്റെ രഹസ്യങ്ങൾ. എല്ലാ ജീവികൾക്കും അതിന്റെ സുഖവും സന്തോഷവും അനുസരിച്ചു പ്രവൃത്തിക്കുന്നതിനു സ്വാതന്ത്ര്യമുണ്ടെന്നാണ് അവർ വാദിക്കുന്നത്. 'എല്ലാ പുഷ്പവും അതിന്റെ വാസനാവിശേഷത്തെ അനുഭവിക്കുന്നുണ്ടെന്ന് ഞാൻ വിശ്വസിക്കുന്നു' എന്നു പറഞ്ഞിട്ടുള്ള 'വെർഡ്സ്വർത്ത്' എന്ന ആംഗ്ലേയകവി ഒരു ഹിന്ദുതത്വജ്ഞാനിയു

ടെ ആശയങ്ങളെയാണ് വെളിപ്പെടുത്തീട്ടുള്ളത്. 'അഹിംസാ'ന്യായത്തെ പക്ഷിമൃഗാദികളോടു മാത്രമല്ല വൃക്ഷലതാദികളോടുംകൂടി ഹിന്ദുക്കൾ ശീലിക്കാറുണ്ട്. അതിനെ ആകുന്ന പ്രകൃതിദേവി ഇന്ത്യയിൽ ദിനംപ്രതി പാർപ്പിക്കുന്ന പക്ഷങ്ങളെ ഹിന്ദുശാസ്ത്രജ്ഞന്മാർ ക്രോഡീകരിച്ച് നിയമപരമ്പരകളാക്കിത്തീർത്തിട്ടുള്ളത്. ഇതരയ ഇന്ത്യയിലെപ്പോലെ ഭൂമിയിൽ മറ്റെങ്ങും കാണപ്പെടുന്നില്ല. അനേകവിധത്തിലുള്ള മാററങ്ങളും, പരിണാമങ്ങളും ഇന്ത്യയിൽ ഇതിനശേഷം ഉണ്ടായിട്ടുണ്ടെങ്കിലും, 'അഹിംസാപരമോധർമ്മഃ' എന്ന തത്വം ഹിന്ദുക്കൾ ഇതുവരെ മറിക്കലും മറന്നിട്ടില്ല.

(ഇടയം)

സഭാകമ്പം.

ജനസമൂഹത്തിൽവെച്ചു ധൈര്യമവലംബിച്ചു സംസാരിച്ചു പരിചയമില്ലാത്തതിനാൽ അങ്ങിനെ വല്ല സമയത്തും സംസാരിക്കേണ്ടിവരുന്ന അവസരങ്ങളിൽ തന്റെ സ്വാന്തം അപ്രാപ്തിമൂലം ഉണ്ടാകുന്ന അപമാനം ഹേതുവായിട്ടോ അതല്ലെങ്കിൽ താൻ പറയുന്നതെന്താണെന്നു ശ്രദ്ധിച്ചുകേട്ടു നിരൂപണംചെയ്യാൻ തയ്യാറായിരിക്കുന്ന അനേകം ജനങ്ങളെ ഒന്നായി കാണുമ്പോൾ ഉണ്ടാകുന്ന അധൈര്യം ഹേതുവായിട്ടോ ഉണ്ടാകുന്നതും പലപ്പോഴും ഇളപ്പനിപോലെ വിറയലായി പരിണമിക്കുന്നതും ആയ ഒരുതരം മനശ്ചാഞ്ചല്യത്തിനാണ് സഭാകമ്പം എന്ന പേർ സാധാരണയായി കൊടുത്തുവരുന്നത്. എന്നാൽ സഭാകമ്പമെന്നുപറഞ്ഞാൽ ഈ വിധം ഇളക്കൽ മാത്രമല്ല വേറെ അനേകം അസാമാന്യഗുണദോഷങ്ങളും അടങ്ങിയിരിക്കുന്നുണ്ടെന്നു ഈ പ്രബന്ധത്തിൽനിന്നു മനസ്സിലാവുന്നതാണ്.

വലിയ വലിയ പരീക്ഷകൾ പാസ്സായി വന്ന് ഉദ്യോഗത്തിൽ പ്രവേശിച്ചതിനുശേഷംകൂടി ഒരു സഭയിൽവെച്ചു നാലുവാക്കു വേണ്ടവിധത്തിൽ പറയുവാൻ പ്രാപ്തിയില്ലാത്ത മഹാന്മാർ, (ഇവിടെ ഉണ്ടോ എന്നറിഞ്ഞുകൂടാ) നമ്മുടെ നാട്ടിൽ വളരെ അപൂർവ്വമാണെന്നു തോന്നുന്നില്ല. ഗവർമ്മെണ്ടുജോലിയിൽ പ്രവേശിച്ചു കാറുള്ളവരെ മറിക്കുവാൻ ജനങ്ങൾക്കെത്രത്തോളമാഗ്രഹമുണ്ടെന്നു, വേറെ ഉദ്യോഗമുള്ളപ്പോൾകൂടി സർക്കാർപണിക്കുവേണ്ടി തലകുത്തിമറിയുന്ന ജനങ്ങളുടെ സംഖ്യയെടുത്തുനോക്കിയാൽ അറിയാവുന്നതാണ്. പ്രായംചെന്നു ജോലി നോക്കുവാൻ അപ്രാപ്തരാകുമ്പോൾ പെൻഷ്യൻകിട്ടുമെന്നുള്ള ഒരൊററ വിചാരത്തിന്മേലാണ് എല്ലാവരും ഗവർമ്മെണ്ടുദ്യോഗത്തിനുവേണ്ടി ശ്രമിക്കുന്നതെന്നു തോന്നുന്നില്ല. സർക്കാർപണിനോക്കുന്നതിൽ എന്തോ പ്രത്യേകിച്ച് ഒരു ബഹുമാനവും യശസ്സും ഉണ്ടെന്നുള്ള വിചാരവും ഇതിന്ന് ഒരു മുഖ്യകാരണമായിട്ടാണ് എനിക്കു തോന്നുന്നത്. അതുകൊണ്ടു താൻ മററുള്ളവരുടെ ദൃഷ്ടിയിൽ ബഹുമാനിക്കത്തക്ക ഒരാളാണെന്നു തോന്നേണ്ടതിന്ന് എല്ലാവരും ഒരുപോലെ

ആഗ്രഹിക്കുന്ന ഒരു സംഗതിയാണ്. ഇപ്രകാരമായിരുന്നാലും അനേകം ജനങ്ങൾ ഒന്നിച്ചുകൂടുന്ന ഒരു സഭയിൽ അഗ്രാസനാധിപത്യം സ്വീകരിക്കുന്നത് എത്ര വളരെ ബുദ്ധിമുട്ടുള്ള ഒരു പദവിയാണെന്നു കരുതാതെ അതിന്നു കഴികയില്ലെന്നു പറയുന്ന പിശുക്കുകളായ മനുഷ്യരെ ഞാൻ അനേകം കണ്ടിട്ടുണ്ട്. ഇതിന്നെല്ലാം കാരണഭൂതമായിരിക്കുന്നതു മുഖ്യമായിട്ട സഭാകമ്പം എന്ന ദുഷ്ടദേവതയാകുന്നു. ചെകിത്താനോ പിശാചോ വിചാരിക്കത്തക്കതായ യാതൊരു ശക്തികളും ഇല്ലെന്നും, ഈ ശക്തിതന്നെ ഉണ്ടോ എന്നുള്ളതു സംശയമാണെന്നും വിചാരിക്കുന്നവരും പാശ്ചാത്യപരിഷ്കാരനിപുണന്മാരും ആയ പരിഷ്കാരികൾക്കുകൂടി സഭാകമ്പം എന്ന ദുഷ്ടദേവതയെ ബഹു പേടിയാണ്.

ഇതിനൊന്നാണ് നിവാരണമാർഗ്ഗം എന്നു വളരെക്കാലം ആലോചിച്ചതിന്നശേഷം എല്ലാ വിദ്യാലയങ്ങളിലും സഭകൾ ഏർപ്പെടുത്തുന്നതാണ് ഏറ്റവും നല്ലതെന്നു പണ്ഡിതന്മാർ തീർച്ചയാക്കുകയും അതനുസരിച്ച് സകല പാഠശാലകളിലും സഭകൾ നിർമ്മിക്കുകയും ചെയ്തു. ഇപ്രകാരം ഒരു നിശ്ചയം ചെയ്തതു വളരെ നല്ലതുതന്നെ. പക്ഷെ ഈ വിധത്തിലുള്ള എല്ലാ സഭകൾകൊണ്ടും ഉദ്ദേശകാര്യം സാദ്ധ്യമാകുന്നുണ്ടോ എന്നു സംശയിക്കേണ്ടിയിരിക്കുന്നു. ഒരു സഭ ശരിയായി കഴിഞ്ഞുകൂടണമെങ്കിൽ എത്രമാത്രം അഭിനയം കഴിക്കേണമെന്നു കാര്യദർശിക്കു നല്ലപോലെ അറിയുന്നതാകുന്നു. ഒന്നാമത്തെ ജോലി സഭാദ്ധ്യക്ഷാപഹരണമാണ്. ഈ ജോലിക്കു നല്ല കൌശലവും ചൊടിയും ഇല്ലാത്ത ആളുകൾ പുറപ്പെട്ടാൽ ചിലപ്പോൾ നാടകം നിവൃത്തിവരാതെ വരുന്നതായും അതല്ലെങ്കിൽ അതിവഷളായി വല്ലവിധത്തിലും കട്ടിക്കൂട്ടേണ്ടതായും വരും. സഭാദ്ധ്യക്ഷാപഹരണം നന്നായിട്ടില്ലെങ്കിൽ പിന്നെയുള്ള യാതൊരു വിനയങ്ങളും കാണുവാൻ യോഗപ്പാതലിൽ ആളുകൾ ഉണ്ടാകുന്നതല്ല

വളരെ യത്നിച്ചിട്ട് ഒരു സഭയാരംഭിച്ചുവെന്നു വിചാരിക്കുക. സഭാദ്ധ്യക്ഷന്റെ പ്രാരംഭപ്രസംഗം കഴിഞ്ഞാൽ പ്രബന്ധവായനയോ പ്രസംഗമോ മറ്റോ ഉണ്ടാവും. പ്രബന്ധത്തിൽ വേണ്ടതും വേണ്ടാത്തതും കുത്തിക്കയറ്റീട്ടുണ്ടാകുന്നതിനാൽ പ്രബന്ധവായന കഴിഞ്ഞ ഉടനെ അതൊന്നോ ഒരു ബ്രഹ്മാണ്ഡപുരാണമായിരുന്നുവെന്നല്ലാതെ സഭാംഗങ്ങൾക്കു യാതൊരു ഗന്ധവും ഉണ്ടാകുന്നതു പതിവല്ല. അതവിടെയിരിക്കട്ടെ. ബ്രഹ്മാണ്ഡപുരാണം വായന കഴിഞ്ഞുവെന്നു വിശ്വസിക്കുക. ഇനിയല്ലെ കാര്യദർശിയുടെ കഷ്ടങ്ങൾ കാണേണ്ടത്. സാധാരണ സഭയിൽ സംസാരിക്കുവാനായി അഞ്ചോ ആറോ ആളുകൾ കരാറെടുത്തിട്ടുണ്ടാവും. ചില സമയങ്ങളിൽ ഇവർകൂടി തങ്ങളുടെ ജോലി നിറവേറ്റുവാനായി മടിക്കുന്നു. അപ്പോഴാണ് കാര്യദർശിവിലാപത്തിന്റെ ആരംഭം. സഭാദ്ധ്യക്ഷൻ അംഗങ്ങളുടെ അഭിപ്രായം പറയുവാൻ അവസരം കൊടുത്തിട്ട് ഏകദേശം സമയം പത്തു മിനിട്ടായി. ആരും ചെന്നു സംസാരിക്കുന്നതു കാണുന്നില്ല. കാര്യദർശി പരിഭ്രമത്തോടു കൂടി ആരെയെങ്കിലും ചെന്നു പിടികൂടും. കുത്തിയിളക്കുവാൻ എത്രതന്നെ ശ്രമിച്ചാലും ചിലപ്പോൾ ആരും ഇളകിയില്ലെന്നും വരാം. അതല്ലാ അദ്ദേഹം ഒരുമാതിരി സാമർത്ഥ്യമുള്ള ആളാണെങ്കിൽ വളരെ നേരം കാടിളക്കിയാലെ

കിലും വല്ലവരും പുറത്തു ചാടും. കാൎയ്യദൎശികളുടെ ശീഘ്രപ്രയത്നത്തിന്റെ ഫലമായി ചിലരെല്ലാം എണീറ്റു പുറപ്പെട്ടുവെന്നിരിക്കട്ടെ. അതുവരെ അതിധൈൎയ്യവാനാണെന്നു നാട്യമുണ്ടായിരുന്ന രാമൻമേനോനു മേലാസകലം ഒരു രോമാഞ്ചം; കുഞ്ഞുരാമന് ഉൽക്കണ്ഠാധിക്യത്താൽ ദേഹമൊക്കെ വിയൎപ്പ്; വേലുനായരുടെ കാലിന്നാണ് വിറയൽ; കോരുമേനോന് 'എന്തുവേണമെന്നറിയാത്ത ചിന്ത. കണ്ണുണ്ണിനായർ 'വിളക്കുകളിൽ കരിപാറുന്നുണ്ടോ? വിളക്കിത്തലും നടിപ്പുകളും കിടക്കിടെ നോക്കി വിറപ്പുകളും കടകടെയുള്ള വിയൎപ്പുകളും. മുണ്ടുപിടിച്ചു മണ്ടിനടന്നാൽ എന്റെ നടത്തം പാൎത്തുകൊണ്ടിരിക്കുന്ന കണ്ടവരൊക്കെ നാളുകളെല്ലാം കൈകൊട്ടിക്കൊണ്ടാൎത്തു ചിരിച്ചു.' വേറെ ചിലർ 'മഹാഭയിട്ട ചരക്കനാവകളും ദോഷമകന്നവരൊത്തു പാൎത്ത ദ്ദേശം ശേഷമുള്ളോരുകൾ കേട്ടു നമ്മെക്കൊണ്ടു ഭ്രമം കേട്ടിച്ചുകളഞ്ഞോ? ഞങ്ങളുടെ ഘനാധ്യക്ഷന്മാരെ നിരൂപണം ചെയ്ത ദുഷിച്ചു നമ്മെ നശിപ്പിച്ചുകളഞ്ഞോ എന്തെങ്കിലും ഗതിയാലോ നാം ഫലംവരാ കുവള്ള പരിഹസിച്ചുൾക്കൂടുംടു ഞെട്ടിപ്പോയ അപമാനപ്പെടുത്തുകയാൽ' എന്നു വിചാരിച്ചു ഭയപ്പെട്ടു മണ്ടിത്തെ നില്ക്കുമ്പോൾ 'അത്രനിന്നാലുമഗതിച്ചു ലജ്ജമാരേ മെത്രയുംമോഹംനാക്കുന്നതിന്നി പാത്രമെന്നുള്ളതും സന്ദേഹമില്ലെടോ' എന്നു സഭയിലുള്ളവർ വിളിച്ചുപറയാതിരുന്നാൽ ഭാഗ്യമായി. ഇതൊന്നും ലക്ഷ്യമാക്കാതെ ചിലർ ചാടിക്കയറി കൎണ്ണകഠോരമായ പ്രസംഗങ്ങളാൽ 'കൎണ്ണവധം' ആദ്യംമുതൽ അവസാനംവരെ കഴിച്ചിട്ടേ പിൻമാറുകയുള്ളൂ. ഈ വിധത്തിലുള്ള മരണഗോഷ്ടികളെല്ലാം കാണ്മാനിടയാകുന്നത് സഭാകമ്പമല്ലയോ? സഭാകമ്പമെന്ന പാശത്താൽ ബന്ധിതരാകയാലല്ലയോ നാക്കാലിയിന്മേൽ സഭാംഗങ്ങളും ഇടിവെട്ടുകൊണ്ട പാമ്പലെയിരിക്കുന്നത്. താൻ എന്തെല്ലാം കാൎയ്യങ്ങളെപ്പറ്റി പറയേണമെന്നു വിചാരിച്ചിരുന്നുവോ ആ സംഗതികളൊന്നും വേണ്ടസമയത്തിൽ തോന്നുകയില്ല. തോന്നുന്ന സംഗതികളെല്ലാം പറഞ്ഞറിയിക്കുവാൻ തന്നെ പ്രയാസം. താനെന്തെല്ലാമസംബന്ധങ്ങളാണ് പ്രകടിപ്പിച്ചിട്ടുണ്ടായിരിക്കണമെന്നു വിചാരിച്ചു ഭ്രമിക്കുന്നതായാൽ കഴിഞ്ഞ സംഗതികളൊന്നും പരിഭ്രമംകൊണ്ടു ഓൎമ്മതന്നെ ഉണ്ടാകയില്ല. ഈ വിധത്തിൽ സഭാകമ്പം എത്ര ജനങ്ങളെയാണിട്ടുതട്ടുന്നത്?

സഭാകമ്പത്തെ വേറെ ചില വേഷങ്ങളിലും ചിലപ്പോൾ കാണാം. സഭയിൽ വെച്ചുണ്ടാകുന്ന കമ്പത്തെപ്പറ്റിയാണ് മുൻ പ്രസ്താവിച്ചിട്ടുള്ളത്. ഇനി സഭക്കുവേണ്ടി എന്തും ചെയ്യും. സഭ എന്നു കേട്ടാലും സന്തോഷം; സഭയിൽ കേറി പ്രസംഗിച്ചാൽ ജന്മസാഫല്യമായി എന്നു വിചാരിച്ചു മറ്റുള്ള ജോലികളെല്ലാം മറന്നു സഭാഭ്രാന്തന്മാരായി നടക്കുന്ന ഒരു തരം കമ്പക്കാരുണ്ട്. സഭ എവിടെയുണ്ടോ അവിടെയൊക്കെ ഇവർ ഹാജരുണ്ടാവും. ചെല്ലുന്നദിക്കിലൊക്കെ എന്തെങ്കിലും വിശേഷമുണ്ടാക്കാതിരിക്കയുമില്ല. താൻ വല്ല വിഡ്ഢിത്തവും പറഞ്ഞാൽ സഭ്യന്മാർ കൈകൊട്ടി ബഹളംകൂട്ടുന്നതു കണ്ടു തന്റെ പ്രസംഗം കേട്ടിട്ടുള്ള സന്തോഷംകൊണ്ടു കൈകൊട്ടിത്തന്നെ പ്രോത്സാഹിപ്പിക്കയാണെന്നു വിചാരിച്ച് അയാളും ബഹുരസത്തോടുകൂടി ഗോഷ്ടികളും ചിരിയും കാണിക്കും. കൈ

കൊട്ടൽ മുഴങ്ങുന്തോറും അവരുടെ ഗോഷ്ഠികളും വർദ്ധിക്കും. ഈപ്രകാരം ഇംഗ്ലണ്ടിൽ ഉണ്ടായ ഒരു സംഭവം ഇവിടെ എടുത്തുകാണിക്കുന്നത് അനാവശ്യമായിരിക്കയില്ലെന്നു വിചാരിക്കുന്നു.

ലിങ്കൺഷയർ എന്ന ദിക്കിൽനിന്നു പൊതുജനസഭയിലേക്കു ഒരു പ്രതിനിധിയെ തിരഞ്ഞെടുക്കുവാനുണ്ടായിരുന്നു. ലിങ്കൺഷയറിലെ പൌരന്മാരെല്ലാം ഒന്നിച്ചുകൂടി ഒരു സഭയിൽ വെച്ചാണ് പ്രതിനിധിയെ തിരഞ്ഞെടുക്കപതിവ്. വില്യംസ് എന്നും ജെയിംസ് ലോക് എന്നും രണ്ടാളുകൾ തമ്മിലായിരുന്നു മത്സരം. സഭ കൂടുന്നതിനു ഏകദേശം അഞ്ചാറു മാസം മുമ്പുമുതൽ വളരെ പ്രയത്നിച്ചു അനേകം നിഘണ്ടുക്കളെല്ലാം പരിശോധിച്ചു ദീർഘമായ പ്രസംഗം ചെയ്വാൻ തയ്യാറായിട്ടാണ് വില്യംസ് സഭയിലേക്കു ചെന്നതു. തന്നെ പ്രതിനിധിയായി തിരഞ്ഞെടുക്കുമെന്നുള്ള പൂർണ്ണവിശ്വാസത്തോടുകൂടി വളരെ വിലപിടിച്ച കുപ്പായങ്ങളിട്ടു മിനുങ്ങിയിരുന്ന വില്യംസിനെ കണ്ടാൽതന്നെ സാമാന്യക്കാരെല്ലാം ചിരിവന്നുപോകും. അദ്ദേഹം പ്രസംഗിക്കുവാൻ കയറിയപ്പോൾ ഹാളിൽ മുഴുവൻ അതികേമമായ കൈകൊട്ടലും ലഹളയും ഉണ്ടായി. തന്നെ കണ്ടമാത്രയിൽ ജനങ്ങൾക്കിത്ര സന്തോഷമുണ്ടാകുന്നതെങ്കിൽ തന്റെ പ്രസംഗം കേൾക്കുമ്പോൾ അവർക്കെത്ര തൃപ്തിയാകുമെന്നായിരുന്നു വില്യംസിന്റെ വിചാരം. പ്രസംഗത്തിന്റെ ഇടക്കെല്ലാം കേൾപ്പിൻ കേൾപ്പിൻ എന്ന നിലവിളിയും, ഹുറാ, ഹുറാ, എന്ന ശബ്ദവും, കൈകൊട്ടലും തുടരെത്തുടരെ ഉണ്ടായിരുന്നതിനാൽ താൻ വിജയിയാകുമെന്ന പൂർണ്ണവിചാരത്തോടുകൂടിയായിരുന്നു വില്യംസ് പ്രസംഗം നിർത്തിയതു. ജെയിംസ്ലോക് സംസാരിച്ചപ്പോൾ ഈ മാതിരിയിലുള്ള ഘോഷമൊന്നും ഉണ്ടാകാതെ ജനങ്ങളെല്ലാം മൌനം ദീക്ഷിച്ചിരുന്നു. അദ്ദേഹത്തിന്റെ പ്രസംഗം നന്നായിട്ടില്ലെന്നുള്ളതിനു ഒരു ലക്ഷ്യമായിട്ടാണ് വില്യംസ് കരുതിയതു്. വോട്ടെടുത്തു ജനങ്ങളുടെ അഭിപ്രായം പുറത്തുവന്നപ്പോഴാണ് നമ്മുടെ പ്രാസംഗികനു കാര്യമെന്നു മനസ്സിലായതു. അദ്ദേഹത്തിന്റെ ബട്ട്ലറും വേറെ രണ്ടു ഭൃത്യന്മാരും അല്ലാതെ വില്യംസിനു ആരും വോട്ടുചെയ്തിട്ടുണ്ടായിരുന്നില്ല. ഈ വിധത്തിലാണ് സഭാശൂരന്മാർ വിഡ്ഢികളായിത്തീരുന്നതു. ഒന്നാമത്തെ പ്രാവശ്യം പരാജയം അനുഭവിച്ചതിനുശേഷംകൂടി തലക്കു വെളിവു വരാത്തവരുടെ കാര്യമാണ് വളരെ കഷ്ടം.

സഭയിലെ മറ്റുള്ള ചില അംഗങ്ങൾ പ്രവൃത്തിക്കുന്നതുപോലെ താനും ചെയ്യാത്തതു വളരെ അപമാനകരമാണെന്നു വിചാരിക്കയാൽ എത്രപേർ കുണ്ടിൽ ചാടുന്നുണ്ട്. സഭയുടെ വകയായി ഒരു വിരുന്നു കഴിക്കുന്നതിലേക്കു അതിധനികനായ ഒരാൾ നൂറുറുപ്പിക കൊടുത്തതു കണ്ടിട്ടു അഷ്ടിക്കുകൂടി കഷ്ടിയായിരിക്കുന്നവനൊരാൾ താൻ അമ്പതുറുപ്പികയെങ്കിലും കൊടുക്കാതിരിക്കുന്നതു കുറവാണെന്നു വിചാരിച്ചു വിററിട്ടോ കട്ടിട്ടോ തട്ടിപ്പറിച്ചിട്ടോ എതു വിധത്തിലെങ്കിലും പണം കൊടുക്കുന്നതും ചിലപ്പോൾ നമുക്കു കാണാം. ഇപ്രകാരം തന്റെ അവസ്ഥയറിയാതെ 'അരിമണിയൊന്നുകൊറിപ്പാനില്ല തരിവളയിട്ടുകിലുക്കാൻമോഹം' എന്നതു അനുസരിച്ചു ചാടിത്തുള്ളുന്നതും ഒരുതരം സഭാകമ്പംതന്നെയോ.

എന്നി മൂന്നുവിധത്തിലുള്ള സമാകമ്പം അല്ലെങ്കിൽ സമയുടെ കമ്പം എന്നതിനെപ്പറ്റി രണ്ടുവാക്കു പറയട്ടെ. ഇല്ലാത്ത സംഗതികൾ ഉണ്ടെന്നു വിചാരിക്കുകയോ, അസാദ്ധ്യമായവയെ സാദ്ധ്യമുള്ളവയായി കരുതുകയോ, ലോകപരിചയത്തിനു വിപരീതമായി അഭിപ്രായപ്പെടുകയോ മറ്റും ചെയ്യുന്നതായാൽ അവയൊക്കെ ശുദ്ധ കമ്പമാണെന്നു നാം പറയാറുണ്ട്. അതുപോലെതന്നെ അന്യരാജാക്കന്മാരുടെ ഭരണത്തിൻകീഴിൽ ഇരിക്കുന്നകാലത്തോളം ഒരു രാജ്യത്തിനു അഭിവൃദ്ധിയെ പ്രാപിക്കുവാൻ കഴിയാത്തതിനാൽ ഇംഗ്ലീഷുകാരെ ഇന്ത്യയിൽനിന്നു ഓടിച്ചുകളയണമെന്നും, ജാതിവ്യത്യാസംകൊണ്ടു യാതൊരു ഗുണവും ഇല്ലാത്തതിനാൽ അതു തീരെ ഇല്ലാതാക്കുവാൻ നാം ശ്രമിക്കേണമെന്നും, മറ്റു മനുഷ്യരെക്കാൾ അധികം ധനവാനായിരിക്കുന്നതു തട്ടിപ്പറിക്കു തുല്യമായിരിക്കുന്നതിനാൽ ലോകത്തിലുള്ള എല്ലാവരും ഒരുപോലെ ധനികന്മാരായിരിക്കേണ്ടതാണെന്നും, സ്ത്രീകളും പുരുഷന്മാരും മനുഷ്യരാകയാൽ രാജ്യഭരണത്തിലും മറ്റെല്ലാ സാമുദായിക വിഷയങ്ങളിലും സ്ത്രീപുരുഷന്മാർക്കു ഒരുപോലെ സ്വാതന്ത്ര്യം ഉണ്ടായിരിക്കേണ്ടതാണെന്നും, ലോകത്തിലുള്ള എല്ലാ മതങ്ങളിലും വെച്ചു ഏറ്റവും നല്ലതു ക്രിസ്തുമതമാകയാൽ ഒരു കാലത്തു മറ്റെല്ലാ മതങ്ങളും നശിച്ചു ക്രിസ്തുമതം മാത്രം ബാക്കിയായിത്തീരുമെന്നും മറ്റും മറ്റോ സഭകളിൽ വെച്ചു പ്രാസംഗികന്മാർ അഭിപ്രായപ്പെടുകയും അതനുസരിച്ചു നിയമങ്ങൾ പാസ്സാക്കുകയും ചെയ്യുന്നതു ശുദ്ധ കമ്പമല്ലാതെ വേറെയെന്താണ്. സഭയിൽ പറയുന്നതു ഒരുവിധം, പുറമെ പോയാൽ പ്രവൃത്തിക്കുവാൻ സാധിക്കുന്നതു വേറൊരു വിധം. പൂച്ചയുടെ കഴുത്തിൽ മണി കെട്ടണമെന്നു സഭയിൽ വെച്ചു തീർച്ചയാക്കിട്ടു അതു സാധിക്കുന്ന കാര്യമാണോ അല്ലയോ എന്ന് ആലോചിക്കയുമില്ല. കെട്ടുകല്യാണം വേണ്ടെന്നു നായർസമാജങ്ങളിൽ വെച്ചു അഭിപ്രായപ്പെടും; പുറത്തു പോയാൽ ആരും ആ ചട്ടം നിറുത്തുകയുമില്ല. നമ്പൂരിമാരെക്കൊണ്ടും പട്ടന്മാരെക്കൊണ്ടും സംബന്ധം ചെയ്യിപ്പിക്കരുതെന്നു എല്ലാവരും കൂടി തീർച്ചയാക്കും; കാര്യം വരുമ്പോൾ ആദ്യം തലവനാണ് നിശ്ചയത്തിനു വിരോധമായി ചെയ്യുവാൻ. ഇതൊക്കെ ഒരുതരം സമാകമ്പം തന്നെയാണ്- മൂത്ത കമ്പം എന്നുവേണം പറയുവാൻ.

ഇല്ല, സമാകമ്പം അവസാനിച്ചിട്ടില്ല. പാശ്ചാത്യപരിഷ്കാരത്തിന്റെ വരവിനോടുകൂടി വേറെയൊരുതരം സമാകമ്പവും നമ്മുടെയിടയിൽ പടർന്നു പിടിക്കുന്നുണ്ടെന്നു ദിനംപ്രതി പ്രധാന പട്ടണങ്ങളിൽ മുളച്ചുപൊങ്ങി അധികം താമസിയാതെ, മൂക്കുന്നതിനു മുമ്പുതന്നെ വാടിപ്പോകുന്ന പരിഷ്കാരവർദ്ധിനി സഭകളുടേയും, സമുദായപരിഷ്കരണസഭകളുടേയും, മതസംബന്ധമായ സഭകളുടേയും അസംബന്ധമായ സഭകളുടേയും എണ്ണം കണക്കാക്കി നോക്കിയാൽ ഏകദേശം അറിയാവുന്നതാണ്. 1720-ാം ആണ്ടിൽ ഇംഗ്ലണ്ടു രാജ്യത്തു ചരിത്രപ്രസിദ്ധമായ ഒരു സംഗതിയുണ്ടായി. 'തെക്കെ കടലിലെ പോള' പൊട്ടിയ കഥ എല്ലാവരും കേട്ടിരിക്കണം. തെക്കെക്കടലിലെ രാജ്യങ്ങളുമായി കച്ചവടം ചെയ്താൽ വളരെ ലാഭമുണ്ടാകുന്നതാണെന്നു കണ്ടിട്ടു കുറെ ധനികന്മാരെല്ലാംകൂടി ഒരു വലിയ കമ്പനി കൊല്ലന്തോറും അഭിവൃദ്ധിയെ പ്രാ

ചിച്ചുവരുന്നതു കണ്ടിട്ടു അതേ ഉദ്ദേശത്തോടുകൂടി അനേകം കമ്പനികൾ സ്ഥാപിക്കപ്പെടുകയാൽ ഇവർ തമ്മിലുള്ള മത്സരം നിമിത്തം കച്ചവടമെല്ലാം നശിച്ചു 'മുതലാളികൾ ഇരപ്പാളികളാകയും' മററും സംഭവിച്ചതു നാമെല്ലാവരും ഓർമ്മവെക്കേണ്ടതാത്യാവശ്യമാണ്. നമ്മുടെയിടയിൽ ഇപ്പോഴുള്ള സഭാകമ്പം [പ്ലേഗുരോഗം ഈ പോളപൊട്ടിയതുപോലെ കലാശിക്കുമോയെന്നു ഭയപ്പെടേണ്ടിയിരിക്കുന്നു. തിരിഞ്ഞോട്ടുനോക്കിയാലും സഭ—ചെറിയ മനുഷ്യരുടെ സഭ- വലിയ മനുഷ്യരുടെ സഭ- ചെറിയ വലിയമനുഷ്യരുടെ സഭ- സാഹിത്യ സഭ- മാന്യസാഹിത്യ സഭ (ഇങ്ങിനെയൊന്നു ഇയ്യിടെ നമ്മുടെ കോളേജ്ജിൽ തുടങ്ങിയിട്ടുണ്ട്. താഴ്ന്നജാതിക്കാരെ ഉയർത്തുവാനുള്ള സഭ- ഉയർന്നജാതിക്കാരെ താഴ്ത്തുവാനുള്ള സഭ- പാട്ടുസഭ- ഊട്ടുസഭ- കാപ്പി സഭ- ആറുസഭ- ഈസഭ- സഭസഭ- സഭസഭ സഭസഭ— ഈ വിധത്തിലുള്ള സഭകളുടെ സംഖ്യയെടുക്കാനാരംഭം മലയാളപട്ടണത്തിൽ ഒരോവീട്ടുകാർക്കും ഓരോ പ്രത്യേക സഭയുണ്ടെന്നു കാണുന്നതായാൽ വളരെ അത്ഭുതപ്പെടുവാനുണ്ടെന്നു തോന്നുന്നില്ല. സഭകൾ കൂടുന്നതുകൊണ്ടു യാതൊരു ഗുണവുമില്ലെന്നു ഞാനൊരിക്കലും പറയുന്നില്ല. ഒരു യോഗം സ്ഥാപിക്കുന്നതായാൽ അതിന്നൊന്നെങ്കിലും ഒരു പ്രധാന ഉദ്ദേശം ഉണ്ടായിരിക്കണം. അതൊന്നും കൂടാതെ "ഒരു നമുക്കൊരു സഭയില്ലെങ്കിൽ മഹാമോശം" എന്നുള്ള വിചാരത്തോടുകൂടി യോഗങ്ങൾ സ്ഥാപിപ്പാൻ ഇടവരുന്നതായാൽ അതിന്നു യാതൊരവസാനവും കാണുകയില്ലെന്നു മാത്രമല്ല പ്രത്യേകിച്ചു യാതൊരു ഗുണവും സിദ്ധിക്കുന്നതുമല്ല. ചില യോഗങ്ങൾ ജനനത്തോടുകൂടിത്തന്നെ മരിക്കുന്നു. ചിലതു മരണാശൌചം കഴിക്കുമെന്നുള്ള ഉദ്ദേശത്തോടുകൂടി ജനിച്ചു രണ്ടോ മൂന്നോ കൊല്ലത്തോളം യാതൊരുപകാരവും ചെയ്യാതെ തിന്നുകളിച്ചു ആളുകളുടെ സമയമെല്ലാംകളയുന്നു. ഒടുക്കം കോലാഹലത്തോടുകൂടി പരലോകത്തെപ്രാപിക്കുന്നു. മറ്റു ചില യോഗങ്ങൾക്കു ജനനം മാത്രമേയുള്ളു മരണമില്ല. ജനിച്ചതിന്നശേഷം എവിടെപ്പോയെന്നു ആർക്കും അറിഞ്ഞുകൂടാ. ഇനിയും പലവികൃതിവേഷങ്ങളോടുകൂടിയ യോഗങ്ങൾ നമ്മുടെ യിടയിലുണ്ട്. ഇവയെല്ലാം ദുസ്സഹമായ സഭാകമ്പമാകുന്നു. കമ്പംവിളയാത്ത നാട്ടിൽ ഈ കൊള്ളക്കാരെക്കൊണ്ടു യാതൊരുപദ്രവവുമില്ല.

—————:o:—————

ശൃംഗാരമണ്ഡനംഭാണം.

(തുടൎച്ച)

പരേതനായ തൈക്കാട്ട നാരായണൻമൂസ്സ് അവർകൾ.

ഇതിലും ലഘുവായ സംഗതിയാൽ തന്നെ ഒരിക്കലും മാറുകില്ല.

പൂൎവ്വംപ്രത്യേകസംബന്ധകഥകളില്ലാതവരാം
നാടകാദ്യപാലയെന്നി-
സാരപ്പെട്ടുള്ള കാൎയ്യങ്ങളാവധിയകല-
ത്തുന്നവരൊത്തുചേരം
നാരീപ്രവൃത്തിയിൽവെച്ചിട്ടൊരുവരെയൊരു
ത്തനുകരങ്ങൾചേൎക്കുന്നു (ഭാര-
ത്തെത്തെതാനമെന്നാകിലുമൊരുകറിക-
ണ്ടിട്ടില്ല നമായിട്ടൊരു.

എന്നാൽ പിന്നെ കാണാം (എന്നു പറഞ്ഞു പിന്തിരിഞ്ഞുപോകുന്നതായി നടിച്ചു)

ആവൂ! ബന്ധുകാൎയ്യം ഒരു പ്രയാസം കൂടാതെ സാധിച്ചുവല്ലോ. ഞാൻ ഒരു ബുദ്ധിമുട്ടേണ്ടിവരുമോ എന്നു വിചാരിച്ചു. ഇപ്പോൾ സാധാരണസ്ത്രീകളുടെ സമ്പ്രദായം ഒക്കെ ഒന്നു മാറീട്ടാണ് കാണുന്നത്.

ധനംകൊണ്ടൊക്കുമ്പോൾ
ധനാപേക്ഷവിടാത്തകണ്ടവർ
തനിക്കായ്കൈകാൎയ്യം
തണ്ണെയുതീരായിവരണം.
വിനാശിപ്പാനൊരോ
വിടപന്മാരെയെത്തിടണമിവ-
ൎക്കാംഗാൻവന്നാലും
ശരിയായവചനംതന്നെശരണം.

എന്നാൽ ഉപവതിക്കു വിദ്യാഭ്യാസംകൊണ്ടു ബുദ്ധിവികാസം എന്നുള്ള ഗുണം നല്ലവണ്ണം ഉള്ളതുകൊണ്ടു ഇവക ദുസ്സ്വഭാവങ്ങൾ ഒന്നും ബാധിച്ചിട്ടില്ല.

(കുറച്ചു ചുററിനടന്ന നോക്കീട്ട്)

ആരാണീവഴിയിൽവെച്ചു തമ്മിൽ കലഹിക്കുന്നത്. അതിൽ ഒരാൾ അടികൊണ്ടു ഓടിപ്പോകുന്നതു കാണുന്നുണ്ട്. ആളെ മനസ്സിലായില്ല. അടിച്ചു വിട്ടോൻ അവിടെ നില്ക്കുന്നുണ്ട്. അടുത്തുചെന്നു,

ചോരക്കണ്ണുന്റാലുംത്തുമാനകുടില-
ഭ്രൂവല്ലിവല്ലാതെതാരി-
നേരാഞ്ഞുള്ളോരുനാട്ടുക്കാരമുഖിത-
ഞെന്നൊള്ളനാട്യങ്ങളും
തീരെക്കുറച്ചുവിട്ടുള്ളൊരുവരസേവും
ഒരുകരകൊണ്ടുവാക്കൊരോ-
ടാടികളുടെനേരെപ്പാരിരുന്നി-
ണ്ടെത്തുന്നകുത്തുഭാഷാ.

അല്ലാ ഇതെന്തുകഥ? 'സ്വതന്ത്രൻ' അല്ലേ ഇത്? ഇവിടെ എന്തായിരുന്നു പോലീസ്സ്? ആ ഓടിപ്പോയതാരാണ്?

ഈ 'ചിത്രാകഷ്ണി'യെ ഞാൻ അറിയില്ല. ഇവർക്ക ഒരു നാടകന്ന സകല ചിലവും കൊടുത്തുപോരുന്നത്. അതിനിടയിൽ ബ്രാഹ്മണർ എന്ന പേരുമാത്രം വഹിക്കുന്ന 'സംയോഗപട്ട' എന്ന പേരായ ഒൎമ്മേതി അവരോടുകൂടി ചേൎന്നുക പതിവായിരിക്കുന്നു. ഇന്ന് എന്റെ കണ്ണിന്നറെ

ടെ കണ്ടുകിട്ടി. അതുകൊണ്ടു ഒന്നു കൊടുത്തുവിട്ടു. എന്നാൽ എനിക്കു കുറെ ബദ്ധപ്പാടുള്ളതുകൊണ്ടു പോകുവാൻ അനുവദിക്കണം എന്നോ? പൊയ്ക്കൊള്ളൂ.

കഷ്ടം! കഷ്ടം! ഓരോരുത്തരുടെ പ്രാരബ്ധകർമ്മം വിചാരിച്ചാൽ അവസാനമില്ല.

അച്ഛിഭ്രാതൃമുഖ്യരൈകവശരാമെഴും
കാളുംനശിപ്പിച്ചിതാ
മച്ചിൽപെട്ടൊരുപൂച്ചയോടുകിടയായ്
വീട്ടിൽകടത്തിപ്പുരം
പച്ചത്തണ്ണികടിക്കുവാൻപായിസഖി-
ല്ലെന്നല്ലവല്ലാതെയായ്
പിച്ചുംകേറിനടന്നിടുന്നകഠിനം
കാമാന്ധർബുദ്ധികൾ.

(ആകാശത്തേക്കു നോക്കീട്ടു് വിത്താകൾ ണിയോടു നേരിട്ടു പറയുമ്പോലെ)

സംബന്ധമെന്നനിലയിൽപണമുള്ളതെ- (ല്ലാം
ചെമ്മേപിടുങ്ങിപ്പടുവങ്കരൊടിപ്പ്രകാരം (നീ
തമ്മിൽപിണക്കിയൊടുവിൽകലപാതകം
നിർമ്മിച്ചിടൊല്ലനിശിനിർമ്മലഗാത്രിയാളേ!

(എന്നുപറഞ്ഞു പിന്നെയും കാല്ക്കു പുറിനടന്നിട്ടു) (പിച്ചകമാലകൊണ്ടു എറുകൊണ്ടതായി നടിച്ചു മേല്പോട്ടു നോക്കീട്ടു വിചാരം)

'കാമതിലക' ഈ ഗ്രാമത്തിൽ ഉത ന്ന ഇന്നലെ പറഞ്ഞപ്രകാരം എന്നെ കാണാഞ്ഞുകൊണ്ടു പരിഭവം നിമിത്തം പിച്ചകമാലകൊണ്ടു എറിഞ്ഞു ചിരിക്കുന്നു.

ഇവളുടെ സമ്പ്രദായം:—

അഞ്ചെമ്പാദ്യോധനത്തിൻകഥയതുകണി-
ഞ്ഞാത്തവ്യഭിചാരിമേന്ദ്രർ (കാ
കൊഞ്ചുമ്പോളായവർതൻപണമതുവല്ല-
നോതുടൻസമ്മതിപ്പും (തെ-
ഞ്ചെമ്പോലന്യരോടൊത്തഥശരസമരം
ചെയ്യുവാൻലാക്കുവന്നാ-
ലഞ്ചുംപത്തുംപിടുങ്ങും,ധനമതുതിരിയെ.
നാൾക്കുതാനംബുഗതിയിൽ?

എന്തായാലും ഇപ്പോൾതന്നെ ഒന്നു കണ്ടു പൊയ്ക്കളയാം (എന്നു പറഞ്ഞു അകത്തേക്കു കടക്കുന്നതായി നടിച്ചു)

(പ്രകാശം)

മുഖകമലമിതെന്തുമങ്ങിവാനും
നഖരപദംകളുർകൊങ്കയിൽപെടാനും
അഖിലധീശിപുകഴ്ന്നനിന്റെജാരൻ
സുഖമൊടുരാത്രിയിലത്രവന്നിതെന്നോ.

അങ്ങു വരാമെന്നു പറഞ്ഞിട്ടു ഞാൻ എത്രനേരം ഈ വാതിലും തുറന്നിട്ടു കാത്തിരുന്നു. പിന്നെ ഉറക്കം കാണാഞ്ഞപ്പോൾ ഇങ്ങിനെ ഓരോരോ അപരാധങ്ങളും എന്നോ, ഇതു സ്ത്രീകളുടെ സ്വഭാവമാകുന്നു.

താല്പര്യത്തോടുവന്നൊരുത്തനരികിൽ
താണങ്ങുകൂട്ടംവിധൌ
സ്വല്പംപിഴ്വലിയാതതിന്നനസഖി-
ച്ചീടാൻമടിക്കുംപരം
എത്രപ്രാണതിലുമായവർപുനരഹോ
കാഴ്ചാനതംകൊണ്ടുടൻ
പൊയ്പോയാലതിനുള്ളമുള്ളുകഠിനം
കാന്തേ!കഥിക്കുന്നതോ.

എന്നാൽ കുറെ ബദ്ധപ്പാടുള്ള ഒരു വസ്തുകാര്യം നിവൃത്തിപ്പാനുള്ളതുകൊണ്ടു ഭവതി എന്നെ ഇപ്പോൾ വിട്ടയക്കണം. ഭവതിയെ പാതൃസിപ്പിക്കുന്ന ഗായകൻ ഇതാവരുന്നു. അതുകൊണ്ടു ഇതിലധികമൊന്നും ഇപ്പോൾ തർക്കമുള്ള സമയമല്ലല്ലോ. (എന്നു പറഞ്ഞു കൈ കുതറി വിടുവിച്ചതായി നടിച്ചു്)

വൃദ്ധന്മാരാമനേന്ദ്രുകൾ
ഭഃഖരാഗംനടിച്ചുനീ

തദ്ധനാംശൈകകലാക്ഷീടാൻ
ബുദ്ധിവൈഭക സപ്ത്വദാ.

എന്നാൽ ഞാൻ ഇപ്പോഴം ഇരുന്നരട്ടെ.
(രാത്രി ഇന്നലത്തെപ്പോലെയായി
ട്ടുള്ളോ എന്തോ?)
എന്ത് തീർച്ചയായിട്ടും കാണാം.
(എന്നു പറഞ്ഞു പിന്നെയും ചുററിനടന്നു നോക്കീട്ട്) അയ്യേ! ഇപ്രദേശം എത്ര മനോഹരമായിരിക്കുന്നു.

നല്ലോരാരാമമാരാലതമന്നായരികിൽ
തിരമേശണ്ണുതെക്കായ്
ചൊല്ലാൻനിട്ടനാമകതപ്രിയപുരമുരപോ-
ലപ്പുറത്തുഗ്രമേവൻ
സോല്ലാസംവാഴ്മദേശപേശപരപ്പുരമൂരട്ടെ-
ഇതുട്ടുമ്മരൊത്തുകണ്ടോ-
ലെല്ലാംസൌകർഷമുള്ളിച്ചിട്ടയുടെനികടം
പാർപ്പവാൻതക്കദേശം

എന്നു മാത്രമല്ല:—
വൃത്താമേണ്ടുനാരികിൽകടവുകളുമിലം
വെട്ടുകല്ലിട്ടുകെട്ടി-
ത്തിൺതിട്ടനെത്രയല്ലിസ്സുടികമയജലം
മജ്ജനംചെയ്യുവാനും
പാർത്താലൊട്ടല്ലുകത്തളമരനിരവിരി-
ഞ്ഞുള്ളൊരിത്താമരപ്പൂ
നൽത്തേനൊണ്ടെങ്ങളിഞ്ഞുംമുരളുമൊരുതവം
കണ്ണുമോദപ്രദംമേ.
(ചങ്ങലകിലുക്കം കേട്ടതായി നടിച്ചു തിരിഞ്ഞുനോക്കീട്ട്)

അമ്പ! ഈ ആനകളേതാകുന്നു. ഇവയിൽ ഈ ചെറിയ കുട്ടിയൊന്നാന്തരമാകുന്നു.
വെളുവെളെവിലസുന്നകൊമ്പുരണ്ടും
വളുവൊടുമംഗിയില്ലുമൊന്നയന്നും
കളിയൊടുചെവിയാട്ടിവാലുവീശി-
ക്കളമിതാകളിയാടിവന്നിടുന്നു.

ഭേരം ഒരു വലിയ കൊമ്പനാം പിന്നാലെ വരുന്നുണ്ട്.

ചാരത്വശ്വംകലമന്നാപുഷ്പരസാഹാ-
രത്താൽ നാളമല്ലാടനം
താൻചെയ്യാൻതുനിയുന്നഹന്ത!കലിയോ?
നാലുണ്ടുപാദങ്ങളും
തങ്ങളുംപ്രാസവുമുണ്ടുപാർക്കിലധുനാ
നല്ലവൃത്തമോ?വൈത്യനോ?
ഖന്ദരിക്കംപെടിവ്യംഹണേപുനരിതാ
ചെയ്യുന്നതിന്താവളും.

ഇതു പണ്ടാരവക പരമാനാമൻതന്നെ. ഇതു കണ്ടുംകൊണ്ടു നിന്നാൽ നേരം പോകുന്നത് അറികയില്ല.

(ചിറയിൽ ഇറങ്ങി സ്നാനകൃത്യം നിർവ്വഹിച്ചതായും ഉടനെ ക്ഷേത്രത്തിൽ പ്രവേശിച്ചതായും നടിച്ച്)

ഭക്തപ്രിയ!ഭവൽപാദ
ഭക്തനാമഹമന്വഹം
സക്തിവിട്ടുനമിക്കുന്നേൻ
മുക്തിയേകീടുവാൻവിഭോ!
(എന്നു നമസ്കരിച്ച് ഉത്സവപ്പുരയിലേക്കു നോക്കീട്ട്)

ഉണ്ണിപ്പിണ്ടിയതിനടുചാക്കമടലും
കുട്ടിക്കലവറയാവും
തണ്ണിപ്രായമതായുമിങ്കിവിചമ-
ച്ചപ്പുംതൊടീക്കാരുടൻ
ഉണ്ണാനായ്‌വരുന്നവർക്കിഹവിള-
മ്പീടുംവിളമ്പർപരം
ദണ്ഡപ്പെട്ടൊരുരുമ്മിയത്തൊടുപുരാ
രാജാജ്ഞയാലിന്നയാൽ.

അമ്പ! ഇപ്പോഴത്തെ സമ്പ്രദായം എത്ര ഭേദപ്പെട്ടിരിക്കുന്നു. ഈ രാമവർമ്മ ജി. സി. എസ്സ്. ഐ. വലിയ തമ്പുരാൻ തിരുമനസ്സിലെ ബുദ്ധിഗുണവും കാര്യപ്രാ

ച്ചിയും അസാധാരണംതന്നെയാകുന്നു. ഇപ്പോഴത്തെ ഭക്ഷണത്തിന്റെ ഒരു വെടിപ്പു നോക്കൂ.

ഇമ്പപ്പൊടുതല്ലിട്ടു പഴയരി-
ച്ചോറുംരസം ചേർന്നിട്ടും
സാമ്പാറുംപുന്നെയ്പ്പിലിട്ടുള്ളമത-
ച്ചുപ്പേരി സംഭാരവും
സമ്പ്രീത്യാവിനയത്തൊടൊത്തനവധി
നൽകുന്നതെല്ലാമിതിൽ
സമ്പാദ്യത്തിനപേക്ഷ നോക്കിലവരെ-
ത്തിരപ്പിരിക്കുംഗുണം.

ഇതു മാത്രമല്ല അവിടത്തെ ബുദ്ധിശക്തിയെ വെളിപ്പെടുത്തുന്നത്. ഈ തീവണ്ടി നടപ്പാക്കിയ കഥ തിരുമനസ്സിലെ പ്രഥമപ്രശംസാർഹമായിരിക്കുന്ന ഒരു മഹത്കൃത്യമായി വിചാരിക്കേണ്ടതാകുന്നു.

ബ്രിട്ടീഷിൽക്കണ്ടതാദ്യന്നയനിധിശ്രേണ്യാ
വണിക്പാലവർഗ്ഗൻ (ൻ
ശട്ടംകെട്ടുന്നപടിന്നീടിവിടെയുമുടൻ-
പ്പാക്കിടുംമാടഭൂപൻ
മുട്ടാതിഷ്ടന്നുഷ്ടീനടപടിവിപതി-
തപ്പെടുത്തിട്ടിന്നീം
നാട്ടിൽക്ഷേമംവരുത്തുന്നതിനതിവിരുതൻ
രാമവർമ്മക്ഷിതീന്ദ്രൻ.

എന്നാൽ ഇവിടെനിന്നു പുറത്തേക്കിറങ്ങുകതന്നെ. (എന്നു പറഞ്ഞു പുറത്തേക്കിറങ്ങിയതായി നടിച്ച്)

(നേരെ മുമ്പിലേക്ക് ആകലെ
യായി നോക്കീട്ട്)

ഈ ഒന്നാം തരം രണ്ടു കുതിരകളെപ്പൂട്ടിയ വണ്ടിയിൽ കയറി വരുന്നതാരാകുന്നു. ഓ! മനസ്സിലായി. ദിവാൻ രാജഗോപാലാചാര്യരുടെ വരവാണ്.

സൂക്ഷ്മാംശങ്ങളറിഞ്ഞുള്ളവധിയോ-
ടൈശ്വര്യവസ്തുക്കിട്ട-
ന്നിഷ്ടാംശങ്ങളൊരൊടൊക്കിയിന്നശരിയ-
ല്ലെന്നല്ലപായം വിധൌ
പൊയ്ത്തല്ലുമ്പതമെന്തെയമതിയെ-
ക്കൊള്ളുന്നലോകംവേഗമു-
ണ്ടാർത്തുശ്രീകലയന്നരാജസചിവൻ
പോകുന്നപോകുന്നിത്.

എന്നു പറഞ്ഞു വഴി തിരിഞ്ഞു നിന്നു സലാം കൊടുത്തു. പിന്നേയും ചുറ്റി നടന്ന് ഈ അതിവിശേഷമായ പരിമളം എവിടെ നിന്നാണ് പുറപ്പെടുന്നത്. നേരെ മുമ്പിലേക്ക നോക്കീട്ട്,

അതിസൌഭാഗ്യവതിയായ ഈ സ്ത്രീ ആരാകുന്നു ഹേ! മനസ്സിലായി. കേരളത്തിൽ എന്നു മാത്രമല്ല പരദേശങ്ങളിൽ കൂടി പ്രസിദ്ധപ്പെട്ടിരിക്കുന്ന സംഗീതവിദുഷിയായ 'വിലാസവതി' ഉദ്യാനോദ്യാനം കഴിഞ്ഞു മടങ്ങി വരികയാണെന്നുതോന്നുന്നു. അമ്പ! ഒരു സൌഭാഗ്യം.

ക്രോടവ്യാളിവാലിവിട്ടടിതൊഴു-
ഭാഗ്യൈഴംധന്യർ
തീയംകോമകയൽമേനികാന്തി-
നാണിച്ചീടുംവാണിയും
മാരപ്രേയസിമത്സരംവെടിയുമ-
ക്ഷ്മീകഴിംഗൌരവം
തീരെപ്പോയിടുമാഴിമാതൃശ്രിയു-
ത്താഹന്തകേഴുംഗുണം.

॥ षष्टिपूर्तिसर्गः ॥

अवनिमेवमवत्यवनीश्वरे सुनयशालिनि सत्सचिवादृते ।
जनपदौघ इतस्त्वतिनाकतामुपगतोऽपगतोदयदुर्नयः ॥ १ ॥

भरतभूमिरतीवबुधादृता भृगुजभूरियमत्र विशेषतः ।
इह च माटमहीति महाजनाः परमितारमितारमधियोऽब्रुवन् ॥ २ ॥

क्वचन धूमरथागमनोदितः क्षितिपरिष्कृतिसञ्जनितः क्वचित्
नृवरमारवनावनजोऽन्यतो धनचयो न च योऽक्षिगण्यताम् ॥ ३ ॥

पठनपाठनपाटवशालिभिर्विविधबालकपाठकमण्डलैः ।
शुशुभिरे परितः पठनालयाः क्षितिभृताऽतिभृतादरमीक्षिताः ॥ ४ ॥

नृवरशासनतो भुवि पत्रिका वहनकृत्वरतैरधिकारिभिः ।
अधिकदूरमनायि धनादिरप्यरमितोऽरमितोऽत्र जनेषु कः ॥ ५ ॥

विपुलशैलवनोदरतः क्वचित् प्रगुणदारुचयान् समुपानयन् ।
शकटरिङ्गतनोच्छिखिनान्वहं विचलितोऽचलितोऽपरां श्रियम् ॥ ६ ॥

तत इतो वत जन्ममहीश्वरैः प्रभुभिरत्र चिराय विमर्दिताः ।
नरपतिर्जनता बहुधाऽधिनोन्नियमतोऽयमतोऽर्थ्ययशा बभौ ॥ ७ ॥

निजभुवोऽपि यथेच्छमितस्ततो वितरणेऽनिपुणेष्वथ जन्मिषु ।
मदविदूषितहृत्स्वपि तेष्वभून् सुजनताजनतापहरी क्रमात् ॥ ८ ॥

द्रविणलक्षशतौघचयव्ययैः क्वचन साध्यतयात्र विनिश्चिते ।
जलधिपोतपथेऽप्ययमुद्यमं व्यतनुता तनुताण्डवभूःश्रियाम् ॥ ९ ॥

यदि स माटमहीशमहापुरीं जलधिपोतपथः समुपागतः ।
अलकया किमतः परमुल्लसद्विभवया भवयाच्यफलश्रिया ॥ १० ॥

भरणतोऽस्य गुणैरिति वत्सरे सपदि सप्तदशे समुपागते ।
वयसि षष्टितमे नृपतिर्मुदा पदमदादमदार्तिनिषूदनः ॥ ११ ॥

सुचिरमत्र कुले नृवराः पुरा न खलु पस्पृशुरीदृशमिदं वयः ।
इह नृपेऽस्य तु पूर्तैरिति प्रजा भुवि गता विगताधि समुज्जगुः ॥ १२ ॥

तत इतो मिळितेषु सदस्सु किं शुभमपूर्व इहेश्वरजन्मभे ।
तनुम इत्यसकृत् सुधियः ससंभ्रमममंदममंसत संगताः ॥ १३ ॥

कतिचिदर्थिजनौदनशापनं दिशिदिशि क्षितिवल्लभजन्मभे ।
विधिवदेव विधेयमिति स्फुटं निजगदुर्जगदुज्वलसद्गुणाः ॥ १४ ॥

सकलदेवकुलार्चनसत्क्रियाः परित एव तदात्र महीतले ।
वितनुमो वयमित्यवदन् प्रजाकुशलकौशलकौतुकिनोऽपरे ॥ १५ ॥

भुवि नृपोऽपि महोऽपि बलेदृशो ह्यनपूर्व इति स्मृतयेऽस्य तु ।
प्रतिकृतिः प्रभुणात्र निधीयतामिति परेऽविपरेण हृदाब्रुवन् ॥ १६ ॥

विविधमेवमुपाहितनिश्चयैरधिकृतैः प्रभुभिश्च महाजनैः ।
प्रकटिताजनि राज्ञि कृतज्ञता सुकृतिसाकृतिसार्थनमस्कृते ॥ १७ ॥

अवनिभुज्जननर्क्षदिनोदये विविधवित्तचयव्यय उत्सवः ।
अभवदत्र नृणां यदितः कृता क्षितिरनीतिरनीतिजनोज्झिता ॥ १८ ॥

जनपदेष्वपि निस्तुलमुत्तमं नृपशुभार्थिजनौघ इहाकरोत् ।
जनपतिश्च धनेश इवात्तनोत्त्ययमर्ति यमतीन्द्रमुखान्यतः ॥ १९ ॥

कनकरूप्यकरत्नविवर्षणं नरवराम्बुधरेऽत्र चिकीर्षति ।
मुखरभावमगुर्बुधचातका नवरसा वरसारगिरः स्वयम् ॥ २० ॥

बहुशुभेऽथ महे भरतावनिर्नपरमत्र कुतूहलशालिनी ।
अभवदाङ्गलभूरपि भूमिपः स हि तदाहितदानलसद्यशाः ॥ २१ ॥

सचिववर्यनियोगकृतोऽथ पुर्यवनिखण्डशतेष्वधिकारिणः ।
नृपपदाहितभक्तिकमेत्य संव्यदधतादधतापि महोत्सवान् ॥ २२ ॥

[क्रमशः]

एम्. कुञ्ञपारशवः

മംഗളോദയം

൧൦൯൦

പുസ്തകം 6 } ഇടവമാസം { ലക്കം 12

മംഗളം.

യോഗാനന്ദാലഴിഞ്ഞും ഗിരിജയുടെ മുഖേ വിസ്മരിച്ചും പകച്ചും
വേഗാൽമേല്പോട്ടുയർന്നും സപദി കൃതിയിൽ ഹസിച്ചും സ്മരൻവിൽ കലക്കെ
കോപംപൂണ്ടും ദഹിച്ചോരളവു കനിവിനാൽ കൂമ്പിയും തൽപ്രിയാസ-
ന്താപത്തിൽ ബാഷ്പമാർന്നും വിലസിതഹരനേത്രങ്ങൾ കാക്കട്ടെ നമ്മേ.

സി. കുഞ്ഞൻകർത്താവ്.

വൈദികകാലത്തെ

യുദ്ധസമ്പ്രദായം

(കെ.വി. എം.)

ആര്യന്മാരുടെ യുദ്ധശാസ്ത്രം, യജുർവ്വേദത്തിന്റെ ഒരു അംഗമായ ധനുർവ്വേദത്തിലാണ് അടങ്ങിയിരിക്കുന്നത്. ധനുർവ്വേദം ഇപ്പോൾ നാമാവശേഷമായിപ്പോയതുകൊണ്ട് അതിനെ സംബന്ധിച്ച പരിപൂർണ്ണമായ അറിവു കിട്ടുവാൻ വഴിയില്ലാതെയായിരിക്കുന്നത്. എങ്കിലും, ചില വൈദികസൂക്തങ്ങളിൽ അക്കാലത്തെ ആര്യന്മാരുടെ യുദ്ധസമ്പ്രദായങ്ങളെ അല്പാല്പമായി പറഞ്ഞുകാണുന്നുണ്ട്. അവയിൽനിന്ന്, അന്ന് യുദ്ധത്തിന് അസ്ത്രം മുതലായ ഏതെല്ലാം ഉപകരണങ്ങൾ ഉപയോഗിച്ചിരുന്നുവെന്ന് അറിവാൻ കഴിയുന്നതാണ്.

ഋഗ്വേദസംഹിതയിലെ ഒരു ഭാഗത്തു (6-75) യുദ്ധത്തിനെ സംബന്ധിച്ച 19 ഋക്കുകൾ ഉണ്ട്. അവയിൽ പ്രാചീനയുദ്ധത്തിന്റെ പല തത്വങ്ങളും അന്തർഭവിച്ചിരിക്കയാൽ അവ താഴെ തർജ്ജമ ചെയ്തു ചേർക്കുന്നു:—

'യുദ്ധത്തിന്നായി യോദ്ധാവ്, അല്ലെങ്കിൽ രാജാവ് കവചം ധരിച്ചുപോകുമ്പോൾ അദ്ദേഹത്തിന്റെ രൂപം കാർമേഘത്തിന്നു തുല്യമായിത്തീരുന്നു. അല്ലയോ രാജാവേ! അങ്ങ് ശത്രുക്കളിൽനിന്ന് ക്ഷതം ശരീരത്തിലേല്ക്കാതെ നിന്നു പൊരുതി അവരെ ജയിപ്പതാക. അതിന്നു, കവചത്തിന്റെ അപരിമിതമായ ശക്തി അങ്ങയെ രക്ഷിക്കട്ടെ.' ൧.

'നാം വില്ലുകൊണ്ടു ശത്രുക്കളുടെ പശുക്കളെ ജയിക്കണം. വില്ലുകൊണ്ടു തന്നെ യുദ്ധത്തിൽ വിജയം നേടണം. മദമേറിയ ശത്രുസേനകളെയും വില്ലുകൊണ്ടു തന്നെ ജയിക്കണം. നമ്മുടെ വില്ലു ശത്രുവിന്റെ ഉദ്യമത്തെ വിഫലമാക്കട്ടെ. നാം വില്ലുകൊണ്ടു എല്ലാ ദിക്കുകളേയും ജയിക്കുമാറാകട്ടെ.' ൨.

'യുദ്ധാവസരത്തിൽ ശരങ്ങൾ ലക്ഷ്യമാക്കി പുറപ്പെടുമ്പോൾ, വില്ലിന്മേൽ പററിക്കിടക്കുന്ന ഞാണ് സ്ത്രീ ഭർത്താവിനെ എന്നപോലെ ശരത്തെ ആലിംഗനം ചെയ്തുകൊണ്ട്—ഇഷ്ടം പറയുവാനെന്നപോലെ വില്ലാളിയുടെ കർണ്ണങ്ങളിൽ ചെല്ലുകയും ശബ്ദിക്കുകയും ചെയ്യുന്നു.' ൩.

'മനസ്സിണങ്ങിയ സ്ത്രീ ഭർത്തൃസമീപത്തെ വിട്ടുപിരിയാത്തതുപോലെ ധനുഷ്കോടികൾ (വില്ലിന്റെ കടകൾ) വില്ലിനെ വിട്ടുപിരിയാതെ, അമ്മ മകനോടെന്നപോലെ വില്ലാളിയോടു പെരുമാറുന്നു. എന്നല്ലാ, അവ ഒരു കലുഷവും കൂടാതെ ശത്രുക്കളുടെ നേരെ; ചീറി അവരെ ഹിംസിക്കുകയും ചെയ്യുന്നു.' ൪.

'ആവനാഴി അസംഖ്യം പേരുടെ(ശരങ്ങളുടെ) അച്ഛനാകുന്നു. അതിന്നു ശരങ്ങളാകുന്ന അനേകം പുത്രന്മാരുണ്ട്. യുദ്ധം ചെയ്യുമ്പോൾ ആവനാഴി 'വിശ്വാ' ശബ്ദം പുറപ്പെടുവിക്കുന്നു. ഇതു യോദ്ധാവിന്റെ പുറത്തു കിടന്നുകൊണ്ട് അമ്പുകളെ അയച്ച് ശത്രുസേനകളെ ജയിക്കുന്നു.' ൫.

'നല്ല സാരഥി രഥത്തിലിരുന്ന് തന്റെ മുമ്പിൽ നില്ക്കുന്ന കുതിരകളെ തനിക്കിഷ്ടപ്പെട്ട സ്ഥലത്തേക്കു കൊണ്ടുപോകുന്നു. കുതിരകളുടെ പുറത്തുള്ള കയറുകൾ കുതിരകളെ തേരാളിയുടെ ഇഷ്ടംപോലെ നടത്തുന്നു. അല്ലയോ ജനങ്ങളേ! ആ കയറുകളുടെ മഹിമയെ നിങ്ങൾ സ്തുതിക്കുവിൻ.' ൬.

'കുതിരകൾ കുളമ്പിട്ടടിച്ച് ഭൂമിയിൽനിന്നു പൊടിപുറപ്പെടുവിച്ചുകൊണ്ട് അതിവേഗത്തിൽ ഹേഷാരവം ചെയ്യുന്നു. ഓടാതെനിന്നു ശത്രുക്കളോടേററ് അവരെ ഹിംസിക്കയും ചെയ്യുന്നു.' ൭

'യോദ്ധാവിന്റെ വില്ലു, ശരം മുതലായ ആയുധങ്ങളെ വഹിക്കുന്ന രഥമെന്ന വാഹനം— അല്ലെങ്കിൽ ശത്രുക്കളെ ജയിച്ചിട്ട് ആ തേരിൽ കയറുന്ന ധനം അഗ്നിക്കു ഹവിസ്സെന്നപോലെ വൃദ്ധികരമാകുന്നു. നമുക്കു മനഃസ്വാസ്ഥ്യത്തോടുകൂടി ആ രഥത്തിൽ സുഖമായിട്ടിരിക്കാം.' ൮.

'രഥം രക്ഷിക്കുന്ന കാവൽക്കാർ ശത്രുക്കളുടെ ചോറു മുടിക്കുന്നു; മറ്റുള്ളവർക്കു ചോറുകൊടുക്കുകയും ചെയ്യുന്നു. ആപൽക്കാലത്തു ജനങ്ങൾ അവരെ ആശ്രയിക്കുന്നു. അവർ, ശക്തിയും ആയുധവും സേനയും ശരങ്ങളുമുള്ളവരും വീര്യശാലികളും അവധ്യന്മാരുമാകുന്നു.' ൯.

'അല്ലയോ സത്യനിഷ്ഠന്മാരും ത്യാഗശീലന്മാരുമായ ബ്രാഹ്മണരേ, പിതൃക്കളേ,

നിങ്ങൾ ഞങ്ങളെ രക്ഷിക്കുവിൻ. യാതൊരു പാപവുമില്ലാത്ത ഭൂമിയും ആകാശവും ഞങ്ങൾക്ക സുഖമുണ്ടാക്കിത്തരട്ടെ. പൂഷാവ് (പോഷകദേവൻ) ഞങ്ങളെ ദുരിതത്തിൽനിന്ന രക്ഷിക്കട്ടെ; ഞങ്ങളുടെ പാപകാരിയായ ശത്രുവിന്റെ ബലം ക്ഷയിക്കട്ടെ.' ൧൦.

'ഈ ശരം നല്ലതായ വാജത്തെ (ശരപക്ഷത്തെ) ധരിക്കുന്നു. ഇതിന്റെ പല്ല (അഗ്രഭാഗം) മൃഗത്തിന്റെ കൊമ്പാകുന്നു. അല്ലെങ്കിൽ ശത്രുക്കളെ മാൎഗ്ഗണം ചെയ്തുകൊണ്ടിരിക്കുന്നു. ഞാണുകൾ ഒറപ്പിൽ കെട്ടിവിടുമ്പോൾ ഇതു ശത്രുപക്ഷത്തിൽ ഓടിച്ചെന്ന വീഴുന്നു. ഏതു യുദ്ധത്തിൽ മനുഷ്യർ ഒരുമിച്ചും വെവ്വേറായും സഞ്ചരിക്കുന്നുവോ അതിൽ നമുക്ക ശരങ്ങൾ മംഗളം നൽകട്ടെ.' ൧൧.

'അല്ലയോ ശരമേ, നീ ഞങ്ങളുടെ നാലുപുറത്തും നില്ക്കുക ഞങ്ങളുടെ ശരീരം കല്ലുപോലെ ഉറപ്പുള്ളതായിത്തീരട്ടെ. സോമൻ ഞങ്ങളുടെ പക്ഷത്തിൽ നില്ക്കട്ടെ. അദിതിയും ഞങ്ങൾക്ക സുഖം തരട്ടെ.' ൧൨.

'അല്ലയോ അശ്വങ്ങളെ നടത്തുന്ന ചമ്മട്ടി! സാരഥിമാർ നിന്നെക്കൊണ്ടു കുതിരകളുടെ തുടയിലും ജഘനത്തിലും അടിക്കുന്നു. ഇങ്ങിനെയിരുന്നുകൊണ്ടു നീ യുദ്ധത്തിൽ കുതിരകളെ നടത്തുക.' ൧൩.

'കയ്യു (ഹസ്തഘ്നം) ഹസ്തത്രാണം—മണിബന്ധത്തിൽകിടന്ന ഞാണിന്റെ അടികൊള്ളുകയാലാണ് ഈ പേരു വന്നതെന്ന സായണവ്യാഖ്യാനം. ആശ്വലായനഗൃഹ്യസൂത്രത്തിൽ ഇതിന്ന തലം എന്നും പേരു പറയുന്നു. (ആശ്വ-ഗൃ-സൂ- 8—12—2) ഞാണിന്റെ അടിതട ഇതു സർപ്പാകൃതിയിൽ കയ്യിന്മേൽ ചുററിക്കിടക്കുന്നു. ഇതു സർവ്വജ്ഞാനവും തികഞ്ഞും പൌരുഷം കളയാതെയും ധന്വിയെ രക്ഷിക്കുന്നു' ൧൪.

'യാതൊരു ഇഷു വിഷം തേച്ചുപെട്ടതായും കൊമ്പുകെട്ടിയ അഗ്രഭാഗത്താൽ അസഹ്യശക്തിയുള്ളതായും ഇരുമ്പുകൊണ്ടുണ്ടാക്കിയ ശിരസ്സിനോടുകൂടിയും ഇരിക്കുന്നുവോ ആ വലിയ ആയുധത്തിന്ന് ഇതാ നമസ്കാരം.' ൧൫.

'അല്ലയോ മന്ത്രശക്തിയാൽ മൂൎച്ചകൂട്ടിയ അസ്ത്രമേ! ശത്രുഹിംസയിൽ സാമൎത്ഥ്യമേറിയ ആയുധമേ! നീ വില്ലാളിയുടെ പ്രയോഗത്തിനാൽ അതിവേഗത്തിൽ ശത്രുക്കളുടെ ചേരിയിൽ ചെന്നെത്തണമേ. ശത്രുക്കളെ ഒരാളെയും ബാക്കിവെയ്ക്കാതിരിക്കയും ചെയ്യേണമേ.' ൧൬.

'യാതൊരു യുദ്ധത്തിൽ ബാണങ്ങൾ വിശിഖങ്ങൾ (മുണ്ഡിതങ്ങൾ) ആയിട്ടു കുമാരന്മാരെന്നപോലെ ചെന്നുവീഴുന്നുവോ ആ യുദ്ധത്തിൽ ബ്രഹ്മണസ്പതിയും അദിതിയും നമുക്ക ശുഭം തരട്ടെ.' ൧൭.

'അല്ലയോ രാജാവേ! അങ്ങയുടെ മൎമ്മങ്ങളെ ഞാൻ വൎമ്മങ്ങളെക്കൊണ്ടു (ചട്ടകളെക്കൊണ്ടു) ഇതാ ആച്ഛാദനം ചെയ്യുന്നു. അനന്തരം സോമൻ എന്ന രാജാവ് അങ്ങയുടെ മെയ്യിൽ അമൃതം തളിക്കട്ടെ. വരുണനും അങ്ങേക്ക് അനല്പമായ സുഖത്തെ ദാനം ചെയ്യട്ടെ. അങ്ങ് ഹോമങ്ങൾ ചെയ്യുമ്പോൾ ദേവന്മാർ അങ്ങയോടൊപ്പം സന്തോഷിക്കട്ടെ.' ൧൮.

“ദൂരെനിന്നുകൊണ്ടു ഞങ്ങളെ ഹിംസിക്കുവാൻ പുറപ്പെട്ടിരിക്കുന്ന ശത്രുവിനെ ദേവന്മാരെല്ലാവരും കൂടി ഹിംസിക്കട്ടെ. ശത്രുക്കളുടെ മന്ത്രശക്തിയുള്ള ശരങ്ങ

കളെപ്പോലും തടുക്കുന്ന ചട്ടയും നുകങ്ങളല്ലോ.” എന്ന്.

ഈ പറഞ്ഞ പതിനഞ്ചു മന്ത്രങ്ങളാണ് ഋഗ്വേദത്തിൽ കാണുന്നത്. യുദ്ധാവസരത്തിൽ ഈ മന്ത്രങ്ങളെ എങ്ങിനെയാണ് ഉപയോഗിക്കേണ്ടതെന്ന ഗൃഹ്യസൂത്രങ്ങളിൽ വിധിച്ചിട്ടുണ്ട്. (ആശ്വലായനഗൃഹ്യസൂത്രം 3-21-1—11; 29-19.) രാജാവ് യുദ്ധത്തിനൊരുങ്ങിയാൽ പുരോഹിതൻ ‘ആ ത്വാഹാർഷമന്തരധീതി —’ എന്ന മന്ത്രം ജപിച്ച് (ഋഗ്വേദം 10—173—1) രാജാവിനെ പുറപ്പെടുവിക്കണം. ആ മന്ത്രത്തിന്റെ അർത്ഥം ഇങ്ങിനെയാണ് — ‘രാജാവേ, അങ്ങയെ ഞാൻ രാജ്യത്തിന്നാഥനായിട്ടുകൊണ്ടുവന്നിരിക്കയാണ്. അങ്ങ് ഞങ്ങളുടെ സ്വാമിയായിട്ടിരിക്കണം — ഉറപ്പോടുകൂടി രാജ്യഭാരം ചെയ്യണം — എല്ലാ പ്രജകൾക്കും അങ്ങയുടെ പേരിൽ പ്രതിപത്തിയുണ്ടായിരിക്കട്ടെ — അങ്ങയുടെ കയ്യിൽനിന്നു രാജ്യം ഒരിക്കലും പോകാതെയിരിക്കട്ടെ.’ ഈ മന്ത്രം ജപിച്ചുകഴിഞ്ഞാൽ പുരോഹിതൻ മുൻപറഞ്ഞ സൂക്തത്തിലെ ഒന്നാമത്തെ മന്ത്രം ജപിച്ച് ചട്ടയും രണ്ടാമത്തേതു ജപിച്ച് വില്ലും രാജാവിന്നു കൊടുക്കണം. മൂന്നാമത്തെ മന്ത്രം ചൊല്ലിക്കൊടുത്തു രാജാവിനെക്കൊണ്ടു ജപിപ്പിക്കേണ്ടതാണ്. നാലാമത്തേതു പുരോഹിതൻ തന്നെത്താൻ ജപിച്ചാൽ മതി. അഞ്ചാമത്തെ മന്ത്രം ജപിച്ചു രാജാവിന്നു ആവനാഴികൊടുക്കണം. എന്നാൽ തേരോടിക്കുവാനുള്ള സമയമായി. അപ്പോൾ പുരോഹിതൻ ആറാമത്തെ മന്ത്രം ജപിക്കണം. കുതിരകളെ ഓടിക്കുമ്പോൾ ഏഴാമത്തെ മന്ത്രം ജപിക്കണം. എട്ടാമത്തേതു രാജാവ് ശസ്ത്രങ്ങളെ നോക്കുമ്പോഴും പതിനാലാമത്തെ കയ്യുറ കെട്ടുമ്പോഴും ജപിക്കേണ്ടതാണ്. പതിനാറാമത്തെ മന്ത്രം രാജാവ് ശസ്ത്രങ്ങളെ ആവനാഴിയിൽ ഇടുമ്പോൾ ആണ് ജപിക്കേണ്ടത്. പതിനേഴാമത്തെ മന്ത്രത്തെ ഭടന്മാർ യുദ്ധംചെയ്തുതുടങ്ങുമ്പോൾ പുരോഹിതൻ തന്നെത്താൻ ജപിക്കുകയോ രാജാവിന്നു ജപിക്കുവാനായി പറഞ്ഞുകൊടുക്കുകയോ ചെയ്യണം. എട്ടാമത്തെ മന്ത്രം ഇതിന്നായിട്ടുള്ള ഹോമം തുടങ്ങുമ്പോഴും കഴിയുമ്പോഴും ജപിക്കുവാനുള്ളതാകുന്നു.

ഋഗ്വേദത്തിലെ ഈ ഭാഗംകൊണ്ട്, വൈദികകാലത്തെ യുദ്ധസമ്പ്രദായം എന്താണ് മനസ്സിലാക്കാവുന്നതാണ്. യോദ്ധാവ്, ശത്രുക്കളുടെ അസ്ത്രങ്ങളേല്പുവാൻ കഴിയാത്തവിധത്തിൽ ഉറപ്പുള്ള ഒരു ചട്ട ധരിച്ചിട്ടാണ് യുദ്ധത്തിന്നു പോവുക. കുതിരകളെ പൂട്ടിയ രഥമാണ് വാഹനം. രഥത്തിൽ സമർത്ഥനായ ഒരു സാരഥിയും താഴെ രഥം രക്ഷിക്കുന്നവരായ കാവല്ക്കാരും ഉണ്ടായിരിക്കും. രഥരക്ഷകന്മാരായ കാവല്ക്കാർ അവശ്യന്മാരാകുന്നു. സാരഥിയുടെ കയ്യിൽ ചമ്മട്ടിയും കുതിരകളുടെ കടിഞ്ഞാണും ഉണ്ടായിരിക്കും. യോദ്ധാവിന്നുള്ള ആയുധം വില്ലും ശരവും തന്നെ. വില്ലിന്ന പരിപൂർണ്ണമായ ശക്തിയും ഉറപ്പുള്ള ഞാണും ഉണ്ടായിരിക്കും. ശരങ്ങൾ സൂക്ഷിക്കുവാനായി ഒരു ആവനാഴി യോദ്ധാവിന്റെ പുറത്തു തൂങ്ങിക്കിടക്കും. ശരത്തിന്റെ ശക്തി മുഴുവനും മന്ത്രത്തെ അവലംബിച്ചാണ് കിടന്നിരുന്നത്. ദൈവപ്രീതിക്കായി യുദ്ധത്തിന്റെ ആരംഭത്തിലും അവസാനത്തിലും ചില ഹോമങ്ങൾ ചെയ്യേണ്ടതുണ്ട്. പുരോഹിതൻ എപ്പോഴും യോദ്ധാവിന്റെകൂടെ ഉണ്ടായിരിക്കും.

മേൽകാണിച്ചതിൽനിന്നു, വൈദികകാലത്തെ യോദ്ധാക്കന്മാർ കായികശക്തി

യേക്കാൾ പ്രധാനമായി ഗണിച്ചിരുന്നതു മാനസികശക്തിയെ ആണെന്നു കാണാവുന്നതാണ്. വൈദികകാലത്തിനുശേഷം കായികശക്തിക്കു പ്രാധാന്യം കൂടി വരികയും പൌരാണികകാലത്ത് അതു മൂർദ്ധന്യാവസ്ഥയിലെത്തുകയും ചെയ്തു. യുദ്ധത്തിനു പല ഗുണങ്ങളുടെയും സഹായത്തിനായിട്ടു കു, കുന്തം, ഈട്ടി, കപ്പാം മുതലായ അനേകമാതിരി ആയുധങ്ങൾ ഉപയോഗത്തിൽ വരുത്തുക, മുതലായി കാലോചിത പരിഷ്കാരങ്ങൾ ക്രമേണ വരുത്തിവന്നു. ഹിന്ദുക്കളുടെ യുദ്ധസമ്പ്രദായങ്ങളോടു മറ്റുള്ളവരുടേതു താരതമ്യപ്പെടുത്തിനോക്കിയാൽ മാനസികശക്തിയുടെ സഹായത്താൽ സിദ്ധിക്കാവുന്ന മന്ത്രാദികൾ കഴികെ മറ്റെല്ലാം പ്രായേണ ഓരോരോ വിധത്തിലായി വിവിധരാജ്യക്കാരുടെയിടയിൽ പ്രചാരത്തിലിരുന്നതായിക്കാണാം. എന്നാൽ, ഇക്കാലത്തു ഈ വകയ്ക്കെല്ലാം പ്രാധാന്യം കുറയുകയും അതു സ്ഥാനത്തു വേറൊരു ശക്തി വന്നെത്തുകയും ചെയ്തിരിക്കുന്നു. അതായതു പ്രകൃതിശക്തി തന്നെ. ഇപ്പോൾ യൂറോപ്പിൽ നടക്കുന്ന ഭയങ്കരസമരത്തിൽ പ്രകൃതിശാസ്ത്രത്തിന്റെ സഹായത്താൽ ഉണ്ടാക്കപ്പെട്ട വാഹനങ്ങൾ, വെടിയുണ്ടകൾ, എറുണ്ടകൾ മുതലായവയാണ് പ്രധാനമായവയെന്ന് എല്ലാവർക്കും അറിയാമല്ലോ. പ്രകൃതിശാസ്ത്രത്തെ അവലംബിച്ച് ഈ വക ഉപകരണങ്ങൾ ഉണ്ടാക്കി ഉപയോഗിച്ചുതുടങ്ങിയതുകൊണ്ടു കായികവും മാനസികവുമായ ശക്തികൾ രണ്ടും അപ്രധാനമായിത്തീരുകയും വലിയ വലിയ നാശങ്ങൾ ഉണ്ടാവുകയും ചെയ്യുന്നു.

വൈദികകാലത്തെ യുദ്ധസമ്പ്രദായങ്ങൾ വിവരിക്കുവാനായി എഴുതുന്ന ഈ ഉപന്യാസം ഇനിയും ദീർഘിപ്പിച്ചിട്ടു പ്രയോജനമുണ്ടെന്നു തോന്നുന്നില്ല. വേദം അനാദിയാണെന്നു ഹിന്ദുക്കളുടെ വിശ്വാസം. ഈ വിശ്വാസത്തിന്റെ പ്രാമാണ്യം എന്തിനായായാലും, ഇതിൽ കാണിച്ച യുദ്ധസമ്പ്രദായങ്ങളിൽനിന്ന് അതു വളരെ വളരെ പ്രാചീനമാണെന്നു തെളിയുന്നുണ്ട്. വൈദികമതതത്വത്തെ വിശ്വസിക്കുന്നവരായ ഹിന്ദുക്കളുടേയും അവരിൽനിന്നന്യരായ അപരജാതിക്കാരുടെയും യുദ്ധത്തിന്റെ ഉറവ് വേദത്തിൽപ്പ്രാരംഭിച്ചതാണെന്നു സമ്മതിക്കാതെ കഴികയില്ല. അതിനാൽ ഇക്കാലത്തും പരമ്പരയായി ഉള്ള ഒരു പ്രാചീനവാസന അവരിൽ ഉണ്ടായിരിക്കുന്നു. വളരെക്കാലത്തെ വ്യവധാനം നിമിത്തവും പ്രതികൂലശക്തികളുടെ പ്രാബല്യം നിമിത്തവും ഇപ്പോൾ തീരെ നിഷ്പ്രയോജനമായിത്തീർന്നിട്ടുണ്ടെങ്കിലും, പരമ്പരയാ ആര്യന്മാരുടെ രക്തത്തിൽ ലയിച്ചുകിടക്കുന്ന ഈ വാസനാശക്തിയെ ആലോചിച്ചുനോക്കിയാൽ, പ്രകൃതിശക്തി പ്രധാനമായ ഇപ്പോഴത്തെ യൂറോപ്യൻയുദ്ധത്തിൽക്കൂടി പ്രതിപക്ഷികളുടെ വെടിയുണ്ടകളെ ഗണ്യമാക്കാതെ കടന്നുചെന്നു ശത്രുസൈന്യത്തെ ആട്ടിയോടിക്കുവാൻ ഇന്ത്യൻസൈന്യങ്ങൾക്കു ശക്തിയുണ്ടായതിനെപ്പറ്റി ആശ്ചര്യപ്പെടുവാനില്ല.

പാഠപുസ്തകങ്ങൾ.

(കെ. നാരായണമേനോൻ.)

1. ശിശുപാഠം.

ഏതു ഭാഷയിലും ആദ്യപാഠങ്ങൾ എഴുതുന്നതിനാണു് അധികം പ്രയാസം. സ്കൂൾ പുസ്തകങ്ങൾ എഴുതുന്നതിൽ ഏററവും പ്രയാസമുള്ളതു ശിശുപാഠമാകുന്നു. അതിലും വിശേഷിച്ചു മലയാളത്തിൽ ഒരു ശിശുപാഠം എഴുതുന്നതിനു നേരിടുന്നതു പോലെയുള്ള വൈഷമ്യം അന്യഭാഷകളിലില്ല. ഈ വൈഷമ്യങ്ങൾക്കു മുഖ്യമായ കാരണങ്ങൾ ഒന്നു് അക്ഷരാവലിയുടെ പ്രത്യേകസമ്പ്രദായവും ബാഹുല്യവും, മറെറാന്നു പുതിയ രീതിയെ അനുസരിച്ചും സുഖവഴിയും ആയിരിക്കേണമെന്ന സിദ്ധാന്തവും ആകുന്നു. പഠിക്കാനെളുപ്പമായ അഭിപ്രായം മാത്രമേ അനുഭവയോഗ്യമായിരിക്കയുള്ളൂ. അഭിപ്രായത്തെ ആസ്വാദ്യമാക്കി അനുഭവം വരുത്തുവാൻ പ്രയാസമാണു്. മലയാളത്തിൽ ഒരു ശിശുപാഠം എഴുതേണ്ടുന്ന സംഗതിയെ സംബന്ധിച്ച അഭിപ്രായവും അനുഭവവും ഒന്നിനോടൊന്നു വിരുദ്ധമായിട്ടാണു് കണ്ടുവരുന്നതു്. പാശ്ചാത്യരീതിയെ അനുസരിച്ചാണു് അഭിപ്രായങ്ങൾ. ഭാഷയുടെ പ്രത്യേക സമ്പ്രദായംകൊണ്ടു് അനുഭവം അഭിപ്രായത്തോടു യോജിക്കുന്നതുമല്ല. ചിത്രങ്ങൾ കൊണ്ടു കുട്ടികൾക്കു് അക്ഷരങ്ങൾ മനസ്സിലാവണം എന്നൊരു സാമാന്യവിചാരം വിദ്യാഭ്യാസതല്പരന്മാരുടെ ഇടയിൽ കടന്നുകൂടീട്ടുണ്ടു്. ഈ വിചാരം സുഖസാദ്ധ്യമൊ ദുസ്സാദ്ധ്യമൊ അസാദ്ധ്യമൊ എന്നു് അനുഭവസ്ഥന്മാർ മാത്രമേ അറിഞ്ഞുകൂടു.

മലയാള അക്ഷരങ്ങളെ മുഴുവൻ ചിത്രങ്ങൾ കൊണ്ടു പ്രദർശിപ്പിക്കുവാൻ തക്കവണ്ണം കുട്ടികൾ കണ്ടിട്ടുള്ള ജന്തുക്കളുടേയൊ സാധനങ്ങളുടേയൊ ചിത്രങ്ങളില്ല. അതിലും വിശേഷിച്ചു ദേശഭാഷാവ്യത്യാസംകൊണ്ടു വസ്തുക്കൾക്കു നാമഭേദവുമുണ്ടു്. അതുകൊണ്ടു മലയാളരാജ്യത്തുള്ള സകലഭാഗങ്ങളിലും പൊതുവെ ഉപയോഗിക്കത്തക്കതായ ഒരു ശിശുപാഠം നിർമ്മിക്കുന്നതു തീരെ പ്രയാസമാകുന്നു. എന്നാൽ ഈ ചില വൈഷമ്യങ്ങൾ കുറക്കുന്നതിനു മലയാളരാജ്യത്തെ മൂന്നായി തിരിച്ചു ഗണിച്ചുപോരുന്നതുപോലെ തന്നെ അതാതു വിഭാഗത്തിനു പററുന്ന വിധം ഓരോ ശിശുപാഠം ഉണ്ടാക്കുന്നതാണു് അധികം നല്ലതു്. അതുകൊണ്ടു മദ്ധ്യകേരളത്തിലെ ഭാഷാരീതിയെ അനുസരിച്ചു ഒരു ശിശുപാഠമാണു് നമുക്കു് ആവശ്യം.

ഉച്ചാരണവും എഴുത്തും ഒരേ സമയത്തു തന്നെ സുഖസാദ്ധ്യമാകുന്ന അക്ഷരാവലിയുള്ള ഭാഷ ഇല്ലെന്നുതന്നെ പറയാം. നമുക്കു വളരെ പരിചയമുള്ളതും നാം പല സംഗതികളിലും മാതൃകയായി അനുകരിച്ചു പോരുന്നതുമായ ഭാഷ ഇപ്പോൾ ഇംഗ്ലീഷാണു്. ഈ വൈഷമ്യം അതിലുമുണ്ടു്. ഇരുപത്താറു് അക്ഷരങ്ങൾ മാത്രമുള്ള ഇംഗ്ലീഷിൽ ഇത്ര വൈഷമ്യങ്ങൾ ഉള്ളപ്പോൾ, അഞ്ഞൂറിൽ ചില്വാനം ചെമ്പുണ്ടായിട്ടുംകൂടെ അക്ഷരങ്ങൾക്കു ദാരിദ്ര്യമാണെന്നു് അച്ചുകൂടക്കാർ നിലവിളി

ക്കുന്ന ഒരു ഭാഷയുടെ സ്ഥിതി പ്രത്യേകം പറയാതെ തന്നെ അറിയാമല്ലോ. 'അ' കാരം ഉച്ചരിക്കുവാൻ വളരെ എളുപ്പമാണ്. പക്ഷെ എഴുതുവാൻ അത്ര പ്രയാസമുള്ള അക്ഷരങ്ങൾ വേറെ അധികമില്ല. എന്നാൽ ഇതിനും ഒരു നിവൃത്തിമാർഗ്ഗമുണ്ട്. മലയാളത്തിൽ എഴുത്തിന്റെ കാര്യത്തിൽ ഏറ്റവും നിഷ്പ്രയാസമായ അക്ഷരം 'റ'കാരമാകുന്നു. സൂക്ഷ്മം ആലോചിച്ചാൽ മറ്റുള്ള അക്ഷരങ്ങൾ മുഴുവൻ അതുകൊണ്ടു വരുത്താവുന്ന ആകൃതിഭേദങ്ങൾ മാത്രമാണ്. അതുകൊണ്ടു സ്വഭാവി വേണമെന്ന അഭിപ്രായക്കാരുടെ ഉദ്ദേശത്തെ നിവൃത്തിക്കുവാൻ കുട്ടികളെ ആദ്യമായി അകാരം ഉച്ചരിക്കുവാനും റകാരം എഴുതുവാനും പഠിപ്പിക്കുന്നതല്ലേ നല്ലത്? ചിത്രം വേണമെന്ന നിർബ്ബന്ധമുള്ളതിനാൽ, ഈ അക്ഷരങ്ങൾ വരുന്ന ഒരു സാധനത്തിന്റെ ചിത്രം, ചിത്രത്തിൽ കാണുമ്പോൾ കുട്ടികൾക്ക് അതു മനസ്സിലാവില്ലെങ്കിലും, ഒരിക്കൽ പറഞ്ഞുകൊടുത്താൽ പിന്നീട് ആ ചിത്രം കാണുമ്പോൾ അക്ഷരത്തെ കുറിച്ച് ഒരു സ്മരണ ഉണ്ടാകുന്നതുകൊണ്ട്, അതിന്റെ ആകൃതി ബുദ്ധിയിൽ സ്ഥിരപ്പെടുവാൻ മാത്രമായിട്ടെങ്കിലും ഒരു ചിത്രത്തെ ആസ്പദമാക്കുന്നതല്ലേ ഭേദം? 'അറ' എന്ന് ഒരു ചിത്രം കൊടുത്താൽ കുട്ടിക്ക് 'അ'കാരം ഉച്ചരിക്കുവാനും 'റ'കാരം എഴുതുവാനും പ്രയാസമില്ല. അതുപോലെ തന്നെ 'നരം' എന്ന വേറെ ഒരു ചിത്രംകൂടെ ഉണ്ടെങ്കിൽ 'ര' കാരം എഴുതുവാനും ശീലിപ്പിക്കാം. ഇങ്ങിനെ ഒരേ സമയത്തു തന്നെ ഉച്ചാരണവും എഴുത്തും പ്രയാസമില്ലാത്ത രീതിയിൽ തുടങ്ങുന്നതാണെങ്കിൽ അത് ആഗ്രഹിക്കത്തക്ക ഒരു മാർഗ്ഗമല്ലേ? അകാരത്തിൽ റ, ര, ന, ത ഈ നാലു ലിപികളുടെയും സംയോഗമുള്ളതിനാൽ ആദ്യമേതന്നെ അകാരം എഴുതി ശീലിപ്പിക്കാൻ ഒരുങ്ങുക ഇല്ലെന്നില്ല. അതുകൊണ്ടു 'റ'കാരത്തിന്റെ ആകൃതിഭേദങ്ങൾ വരുത്തുവാൻ ക്രമമായി ശീലിപ്പിച്ചതിനു ശേഷം അകാരം എഴുതിച്ചാൽ മതി. അതുതന്നെ 'റ'കാരത്തിൽനിന്നു പ്രയാസം കൂടാതെ സാധിക്കാവുന്ന "ര, ന, ത, വ" മുതലായ അക്ഷരങ്ങൾ വരുന്ന ചിത്രങ്ങൾകൊണ്ട് ആ അക്ഷരങ്ങൾ പഠിപ്പിച്ചതിനു ശേഷമായാൽ തീരെ പ്രയാസം കുറയും. ഇങ്ങിനെ സ്വരാക്ഷരങ്ങളോടു ചേർന്നുവരുന്നതും പ്രായേണ പ്രയാസം കുറഞ്ഞു വരുന്നതുമായ വ്യഞ്ജനാക്ഷരങ്ങളുള്ള ചിത്രങ്ങൾ മൂലം ക്രമമായി സ്വരാക്ഷരങ്ങൾ പഠിപ്പിച്ചു കഴിയുമ്പോഴേക്കും ഉച്ചാരണത്തിനും എഴുത്തിനും കുട്ടികൾക്കു ലാഘവം സിദ്ധിക്കുന്നതാണ്.

പ്രയാസം കുറഞ്ഞതിൽനിന്നു പ്രയാസം കൂടിയതിലേക്കു പോകണം എന്ന ആധുനിക സിദ്ധാന്തം സ്വീകാര്യമാണ്. നിർഭാഗ്യവശാൽ ലിപികൾ ഉണ്ടായ കാലത്തു നമ്മുടെ പൂർവ്വന്മാർ ഇങ്ങിനെ ഒരു സിദ്ധാന്തം അവരുടെ അനുഗാമികൾക്കുണ്ടാകുമെന്ന് ആലോചിക്കാത്തതിനാലാണ് ഇപ്പോൾ ഇത്ര കഷ്ടപ്പാടിനു സംഗതിയായത്. എങ്കിലും സ്വരങ്ങൾ മിക്കതും ആധുനികന്മാരുടെ അഭിപ്രായത്തിനു യോജിക്കുന്നുണ്ട്. വ്യഞ്ജനങ്ങൾ അങ്ങിനെ അല്ലതാനും. അതുകൊണ്ട് ആ കാര്യത്തിൽ നവീനസമ്പ്രദായം സാധിക്കേണമെങ്കിൽ പൂർവ്വനിശ്ചയത്തിൽനിന്ന് അല്പം വ്യതിചലിക്കേണ്ടിവരും.

ഇനി വേറെ ഒരു വിചാരസംഗതിയുണ്ട്. കുട്ടികൾ എളുപ്പമായി ഉച്ചരിക്കുവാൻ കഴിയുന്ന അക്ഷരങ്ങളുള്ള വാക്കുകൾ മുതൽ തുടങ്ങണമെന്നും അവ ചിത്രംമൂലം മനസ്സിൽ പതിഞ്ഞ് വായിക്കുവാൻ മാത്രം തല്ക്കാലം പഠിച്ചാൽ മതി എന്നുമാണ് ഒരു പക്ഷം. മലയാളിയുടെ ഒരു കുട്ടി ആദ്യംതന്നെ നിഷ്പ്രയാസമായി ഉച്ചരിച്ചു ശീലിക്കുന്ന ഒരു വാക്ക് 'അമ്മ' എന്നാണ്. കുട്ടി ഇംഗ്ലീഷ്കാരനാണെങ്കിൽ അതു 'മമ്മ'യാവും. ഇങ്ങിനെ അനുനാസികവും ഓഷ്ഠ്യവും കൂടെ ചേർന്നുവരുന്ന 'മ'കാരമാണ് കുട്ടികൾക്കു പൊതുവേ വ്യഞ്ജനാക്ഷരങ്ങളിൽ നിഷ്പ്രയാസമായത് എന്നു ഏതു ഭാഷ പരിശോധിച്ചാലും അറിയാം. 'റ' കാരം ഉച്ചരിക്കുന്നതിനു 'മ' കാരത്തെക്കാൾ പ്രയാസമുള്ളതുകൊണ്ടു എഴുത്തിന്റെ കാര്യം അല്പം ഒന്നു നീട്ടിവെക്കാമെന്നാണ് വാദം. ഈ വാദത്തിന്റെ സാധുത്വത്തെക്കുറിച്ചു ആലോചിക്കുമ്പോൾ, ശിശുപാഠം പഠിക്കുന്ന കുട്ടിയുടെ പ്രായം എന്താണെന്നും വിദ്യാഭ്യാസ ഡിപ്പാർട്ടുമെണ്ടിലെ നിയമപ്രകാരം ആ കുട്ടി എന്തെല്ലാം അവശ്യം പഠിക്കേണ്ടിയിരിക്കുന്നു എന്നും ഓർക്കേണ്ടതാകുന്നു. നമ്മുടെ ഇടയിൽ സാധാരണ ഒരു കുട്ടി, ജനനാൽതന്നെ സംസാരിക്കേണ്ടും അവയവങ്ങൾക്കു ന്യൂനതയില്ലാത്തതാണെങ്കിൽ, ഏകദേശം നാലു വയസ്സു കഴിയുമ്പോഴേക്കും മിക്ക വാക്കുകളും വ്യക്തമായി ഉച്ചരിച്ചുതുടങ്ങും. നേരെ മറിച്ചു, ഉച്ചാരണവൈകല്യം ഉണ്ടെങ്കിൽ, അതു ആ കുട്ടി കേട്ടുപരിചയിച്ച ശബ്ദവൈകല്യംമൂലം സംഭവിച്ചതാണെന്നു വിചാരിക്കാതെ നിവൃത്തിയില്ല. നാലു വയസ്സിനു ശേഷമേ ഒരു കുട്ടിക്കു ശിശുപാഠം പഠിക്കുവാനുള്ള ശരിയായ കാലം വരുന്നുള്ളു. ഒരു കൊല്ലംകൊണ്ടു കുട്ടിയുടെ ഉച്ചാരണവൈകല്യം തീർത്തു ശബ്ദശുദ്ധി വരുത്തുവാൻ പ്രയാസമില്ല. ആ കാര്യം അപ്പോൾ സാധിച്ചാൽ മതിതാനും. എന്തുകൊണ്ടെന്നാൽ, ക്രമമായി വീഴ്ചകൂടാതെ പഠിച്ചുപോകുന്ന ആ കുട്ടിക്കു പതിനാറു വയസ്സു തികയാതെ സ്കൂൾ ഫൈനൽ പരീക്ഷക്കു ചേരുവാൻ തരമില്ല. അതുകൊണ്ടു ഉച്ചാരണവിഷയത്തിൽ നമ്മുടെ കുട്ടികളെ സംബന്ധിച്ചിടത്തോളം സാധാരണയായി വിചാരിക്കുന്നതുപോലെ വൈഷമ്യം ആരംഭത്തിലില്ല. ശിശുതരത്തിൽ ഒരു കൊല്ലത്തിനകം ഇരുപതു വരി ഇംഗ്ലീഷ്പദ്യം ചൊല്ലുവാൻ പഠിപ്പിക്കണമെന്നാണ് നിശ്ചയം. 'റ' കാരം മുതലായ ചില വ്യഞ്ജനാക്ഷരങ്ങൾ എല്ലാ കുട്ടികളും ഒരുപോലെ നിഷ്പ്രയാസേന ഉച്ചരിക്കാത്തതുകൊണ്ടു എഴുതുവാൻ എളുപ്പമുള്ള ആ അക്ഷരങ്ങൾ ആദ്യമേ തുടങ്ങി, തെറ്റു വരികെങ്കിലും, എഴുത്തും വായനയും ഒരേ കാലത്തുതന്നെ തുടങ്ങരുതോ എന്നു വാദിക്കുന്നവർ 'റ' കാരത്തെക്കാൾ മലയാളികൾക്കു പ്രയാസമേറിയ 'എഫ്' എന്ന ശബ്ദം പഠിപ്പിച്ചുപോരുന്ന വാസ്തവം വിസ്മരിക്കുന്നതു ധർമ്മമല്ല. ഫൈവ്, സിക്സ്, ഫിഫ്റ്റീൻ, സിക്സ്റ്റീൻ മുതലായ ശബ്ദങ്ങൾ ശിശുതരത്തിൽ നിന്നു പുറപ്പെടുവിക്കുന്ന സമിതിക്കു മലയാളാക്ഷരങ്ങളായ 'റ'കാരാദിവ്യഞ്ജനങ്ങൾ കഠിനമായിപ്പോകുന്നതു ഇക്കാലത്തെ ശിശുക്കളുടെ മാതാപിതാക്കന്മാർ ആംഗ്ലേയഭാഷാപരിജ്ഞാനമുള്ളവരായതുകൊണ്ടു അവരുടെ സന്താനങ്ങളും പരമ്പരയായി മാതൃഭാഷയിൽ പ്രയാസപ്പെടുകയാണെന്നോ? വാസ്തവം അങ്ങിനെയല്ല. ഇതെല്ലാം വെറും ഭ്രമമാണ്. ശിശുക്കളുടെ പരിചയംകൊണ്ടും സഹജമായ ന്യൂനതകൊണ്ടും ചില സംഗതികളിൽ ശബ്ദവൈകല്യമോ വൈഷമ്യമോ നേരിടുന്നത് ഒരു സാമാന്യനിയമമാക്കുവാൻ പാടില്ല. ഒരു തമിഴന്റെ 'നാറ'വും 'കഷ്ട'വും ഇല്ല; 'നാത്ത'വും 'കഷ്ഠ'വും ആണ്. ഒരു തുളുനാടന് 'അര' എപ്പോഴും 'അദ'യാണ്; 'അരം' 'അദം'വുമായിരിക്കും. നമ്മുടെ ചില കുട്ടികൾക്ക് 'മരം' എപ്പോഴും 'മല'മാണ്; അ

ഇതുപോലെതന്നെ മാറും. ചിലർ 'പന്ത്' പലപ്പോഴും 'പന്തു' ആയിരിക്കും. 'മഴ' 'മഷി'യായിട്ടും 'മഷി' 'മഴി'യായിട്ടും തിരിയുന്നതു നമുക്കു അനുഭവമല്ലേ? ഇങ്ങിനെ വരുന്ന ദിക്കിൽ കുട്ടിയെ പഠിപ്പിക്കുക തന്നെവേണം. അതു ഉപാദ്ധ്യായന്റെ ചുമതലയുമാണ്. കുട്ടികൾ എന്തക്ഷരം പുറപ്പെടുവാനാണു പ്രയാസം കാണുന്നത്, ആ അക്ഷരത്തിന്റെ ഉത്ഭവസ്ഥാനം ഉപാദ്ധ്യായൻ തന്നെ മനസ്സിലാക്കി നാക്ക് ഈ സ്ഥലത്തു മുട്ടിച്ചോ മുട്ടിക്കാതെയോ, ആവശ്യംപോലെ, ശബ്ദിച്ചു കാണിച്ചുകൊടുത്തു പഠിപ്പിക്കേണ്ടതാകുന്നു. ഇങ്ങിനെ ചെയ്യാതെ, കുട്ടി സ്വയമേവ നിഷ്പ്രയാസമായി ഉച്ചരിക്കുന്ന ശബ്ദങ്ങൾകൊണ്ടു മാത്രം പഠിപ്പിച്ചാൽ മതി എന്നു വിചാരിക്കുന്നതായാൽ, ശബ്ദശുദ്ധിയും മറ്റും ഉണ്ടായി മാതൃഭാഷയിൽ അല്പമെങ്കിലും ഒരു പരിചയം വരണമെങ്കിൽ, ആ കുട്ടിയുടെ വിദ്യാഭ്യാസകാലമെല്ലാം ദീർഘിക്കാതെ നിവൃത്തിയില്ല. ഉൽകൃഷ്ടവിദ്യാഭ്യാസം സിദ്ധിക്കുവാൻ ഔത്സുക്യമുള്ള വിദ്യാർത്ഥികളെ സംബന്ധിച്ചു ആലോചിക്കുമ്പോൾ ഈ അഭിപ്രായം സ്വീകരിക്കാം. പക്ഷെ നമ്മുടെ ഇടയിൽ ഭൂരിപക്ഷവും പ്രാഥമിക പാഠശാലകൾകൊണ്ടു വിദ്യാഭ്യാസം പൂർത്തിയാക്കേണ്ടവരാണെന്നുള്ള വാസ്തവം വിസ്മരിക്കത്തക്കതല്ല. അതുകൊണ്ടു നാലാംക്ലാസിലെ പഠിപ്പു കഴിയുമ്പോഴേക്കു, അതായതു അഞ്ചു കൊല്ലംകൊണ്ടു, ഈ പ്രാഥമികപാഠശാലകളിലെ വിദ്യാർത്ഥികളായ ഭൂരിപക്ഷക്കാർ ഒരു വിധം എഴുത്തുവായനം വായിച്ചു കാര്യങ്ങൾ ഗ്രഹിക്കുവാനും മേലിൽ സ്വന്തം ശ്രമംകൊണ്ടു ജ്ഞാനവൃദ്ധിയും അഭിരുചിയും വർദ്ധിക്കുവാനും ഉതകുന്നവിധം പാഠപുസ്തകങ്ങൾ ക്രമപ്പെടുത്തി എഴുതേണ്ടതാകുന്നു. ഇപ്പോഴത്തെ ശിശുപാഠം മുതൽ മേലുള്ള പുസ്തകങ്ങൾ പഠിച്ച് ഏഴാംക്ലാസിൽ വന്നുചേരുന്ന ഒരു കുട്ടിക്കു മലയാളം വായിക്കുവാനോ ഒരു മാസികയോ മറ്റോ വായിച്ചു കാര്യം ഗ്രഹിക്കുവാനോ സാധിക്കാത്തതിനു കാരണം എന്ത്? സ്വഭാഷയിലുള്ള ഭ്രമമില്ലാത മറ്റൊന്നുമല്ല.

നമ്മുടെ ഇടയിൽ ശബ്ദകാഠിന്യത്തെയും മറ്റും കുറിച്ചു ഭയപ്പെടുന്നവർ വേറൊരു വാസ്തവവും കൂടെ ഓർക്കണം. തിരുവിതാംകൂറിലെ ശിശുക്കളും ഈ രാജ്യങ്ങളിലെ ശിശുക്കളും ജന്മനാൽ ഒരേ ഒരു പ്രത്യേകസൃഷ്ടിവിശേഷങ്ങളല്ലെന്നു ധരിക്കേണ്ടതാണ്. തിരുവിതാംകൂറിലെ നാലാം ക്ലാസ്സിൽ പഠിക്കുന്ന ഒരു കുട്ടിക്കു നമ്മുടെ ഏഴാം ക്ലാസ്സിൽ പഠിക്കുന്ന ഒരു കുട്ടിയേക്കാൾ നല്ലവണ്ണം മലയാളം അറിയാമെന്നതു പരസ്യമായ ഒരു സംഗതിയാകുന്നു. അവിടത്തെ കുട്ടികൾക്കും ഇവിടത്തെ കുട്ടികൾക്കും അദ്ധ്യയനകാലത്തിനു അറുപതു മാസവും ആയിരത്തെണ്ണൂറു ദിവസവും തന്നെയാണ്. എന്നാൽ പ്രത്യക്ഷമായ വ്യത്യാസം പാഠപുസ്തകങ്ങളിലാണ് ഇരിക്കുന്നതു. ഈ വ്യത്യാസം വന്നതു വിചാരത്തിലുമാകുന്നു. തിരുവിതാംകൂറിൽ അനുഭവത്തിൽ നിന്നു അഭിപ്രായം ബലപ്പെട്ടു; ഇവിടെ ബലപ്പെട്ട അഭിപ്രായത്തെ അനുഭവപ്പെടുത്താൻ ആലോചിക്കുന്നു. ഇതാകുന്നു വിചാരത്തിലുള്ള വ്യത്യാസം. അതുകൊണ്ടു നമുക്കു അത്യാവശ്യമായ ഒരു ശിശുപാഠം മേല്പറഞ്ഞവിധം ഒരു കൊല്ലം ധാരാളമായി പഠിപ്പിക്കത്തക്കതും അതു പഠിച്ചു കഴിയുമ്പോൾ കുട്ടിക്കു ശബ്ദശുദ്ധിയും അക്ഷരജ്ഞാനവും സിദ്ധിക്കത്തക്കതുമായിരിക്കണം.

ശിശുപാഠത്തിലും മററും വേറെ ഒരു ന്യൂനത കണ്ടുവരുന്നുണ്ട്. ‘അതു ഒരു പശു ആകുന്നു.’ എന്ന വാചകത്തിൽ സന്ധി മുറിച്ച് എഴുതിയിരിക്കുന്ന ഉദ്ദേശം ഉച്ചാരണസൗകര്യമാണത്രെ. സംസ്കൃതത്തിന്റെ പിന്നാലെ വരുന്ന സ്വരം സന്ധി ചേൎത്തു ശബ്ദിക്കുന്നതാണ് അധികം ഭംഗിയും സൗകര്യവും. അതുപോലെതന്നെ ഉകാരത്തിന്റെ പിന്നിൽ വരുന്ന അകാരത്തെയും വകാരാഗമത്തോടുകൂടി ഉച്ചരിക്കുന്നതാണ് നല്ലത്. ‘പശു ആകുന്നു’ എന്നതിൽ ഓരോ പദത്തിലും അക്ഷരം അധികം ഇല്ലെന്നാണ് സമാധാനം. പക്ഷേ, യോജിക്കുന്ന രണ്ടു സ്വരങ്ങളെ സന്ധിപ്പിക്കാതെ മിനിപ്പിച്ചു ശബ്ദിക്കുന്നതാണ് അധികം പ്രയാസം. ‘അതു ഒരു’ എന്നത് ‘അതൊരു’ എന്നും ‘പശു ആകുന്നു’ എന്നതു ‘പശുവാകുന്നു’ എന്നും ഉച്ചരിക്കുന്നതാണ് ഭംഗിയും സൗകര്യവും. ഇത് അല്പം പ്രയാസമാണെന്നു തോന്നുന്നെങ്കിൽ, ആ വാചകം ഒരു കുട്ടിയെകൊണ്ടു വേഗം വായിപ്പിച്ചാൽ സ്വാഭാവികമായി ശബ്ദങ്ങൾ പുറപ്പെടുന്നത് എങ്ങിനെയാണെന്നു മനസ്സിലാവും.

ഇപ്പോൾ ഇവിടങ്ങളിൽ നടപ്പുള്ള ശിശുപാഠങ്ങളെ സംബന്ധിച്ചു വേറെ ഒരു ആക്ഷേപം സാധാരണയായി കേൾക്കുന്നത് അവയിൽ ഒരു കൊല്ലം പഠിപ്പിക്കുവാനുള്ള സംഗതികളില്ലെന്നാണ്. ഇതു വളരെ വാസ്തവവുമാകുന്നു. എന്റെ അനുഭവം പറയുകയാണെങ്കിൽ, ഇപ്പോഴത്തെ ശിശുപാഠം ആറുമാസം പഠിപ്പിക്കുവാനുള്ള സംഗതി ഇല്ലാതെയാണിരിക്കുന്നത്. അതുകൊണ്ടു ചൎവ്വിതചൎവ്വണംകൊണ്ടു ബാക്കിയുള്ള കാലം കഴിക്കേണ്ടിവരുന്നു. ഈ പിഷ്ടപേഷണം വളരെ ദോഷകരമായും തീരുന്നുണ്ട്. ഒരു വാക്കോ വാക്യമോ ശതാവൃത്തി കേട്ടുകഴിയുമ്പോഴേക്കും കുട്ടിയുടെ ദൃഷ്ടി അതിൽനിന്നു പോകയും തന്മൂലം അക്ഷരങ്ങളിൽ മനസ്സിരിക്കാതെ ശബ്ദപ്രധാനമായിത്തീരുകയും ചെയ്യുന്നതുകൊണ്ടു പഠിച്ച പാഠങ്ങളിൽ കഴിഞ്ഞ അക്ഷരങ്ങൾ വേറെ പുസ്തകങ്ങളിൽ കാണുമ്പോൾ കുട്ടിക്ക് അവയെ കൂട്ടിവായിക്കേണ്ടത് എങ്ങിനെയാണെന്ന് അറിവാൻ പാടില്ലാതെവരുന്നു. ശിശുപാഠത്തിൽ പഠിച്ച വാക്കുകൾതന്നെ വേറെ ഒന്നിൽ കണ്ടു വായിക്കുന്നെങ്കിൽ ‘മുരിങ്ങയുടെ ചുവട്ടിൽ’ പോകാതെ നിവൃത്തിയില്ലെന്നമട്ടിലായിത്തീരുന്നത് ആവശ്യമുള്ള ജാഗ്രത അനാവശ്യമായിരിക്കുന്നതിനാൽ ഉണ്ടാകുന്ന ആലസ്യം മൂലമാകുന്നു. ഒരു കൊല്ലം പഠിക്കുവാൻമാത്രം സംഗതികൾ ഉണ്ടായിരുന്നാലേ ഈ ദോഷം തീരുകയുള്ളു. കുട്ടികൾക്കു പാഠങ്ങളിൽ ഉത്സാഹം ജനിക്കണമെങ്കിൽ കുറച്ചു ചില കഥകളും അടങ്ങിയിരിക്കണം. അതില്ലാതെ ഓരോ മുറിവാക്യങ്ങൾകൊണ്ടു മാത്രം നിറഞ്ഞ ഒരു ശിശുപാഠം കുട്ടികൾക്ക് അല്പദിവസംകൊണ്ട് അവലുണ്ണുന്നപോലെയാവും. ഈ ശിശുക്കളെ കഥകൾ വായിപ്പിക്കുന്നത് എങ്ങിനെയാണ് എന്ന സംശയവും സാധാരണയാകുന്നു. ഒരു കഥ എഴുതുമ്പോൾ അതേവരെ കഴിഞ്ഞിട്ടുള്ള അക്ഷരങ്ങൾകൊണ്ട് അവർ കേട്ടിട്ടുള്ള വാക്കുകൾ ഉണ്ടാക്കി വാചകമാക്കി എഴുതിയാൽ ആ വൈഷമ്യം തീരും. ഇതു വളരെ പ്രയാസമുള്ള ഒരു കാര്യമാണെങ്കിലും സാധിക്കാവുന്നതാകുന്നു. കുട്ടികൾക്ക് ആ പാഠത്തിൽ ഒരു താല്പര്യം ജനിക്കേണ്ടതിനായി ഉ

പാഠ്യായൻ ഒന്നാമത് അതിൽ വരുന്ന കഥ കുട്ടികളോടു പറയണം. അതിനുശേഷമേ അവരോട് ആ പാഠം വായിക്കുവാൻ പറയാവൂ. ഇതിനായുള്ള പാഠങ്ങൾ രണ്ടുദിവസംകൊണ്ടോ മൂന്നുദിവസംകൊണ്ടോ തീൎന്നാലും മതി. കുട്ടികൾ പ്രകൃത്യാ കഥകൾ കേൾക്കുവാൻ താല്പൎയ്യമുള്ളവരാകയാൽ ഈ തരം പാഠങ്ങളിൽ അവൎക്ക പ്രത്യേകം ഒരു പ്രതിപത്തി ജനിക്കുകയും തന്മൂലം അവയെ വായിച്ചു മനസ്സിലാക്കാൻ അവർ ശ്രമിക്കുകയും ആ ശ്രമം പ്രായേണ അവരുടെ സാഹിത്യജ്ഞാനത്തിനുള്ള വഴിയായിത്തീരുകയും ചെയ്യും. നേരെമറിച്ചു, അവൎക്ക വൈമനസ്യം ജനിക്കത്തക്കവിധം പാഠങ്ങൾ പഠിപ്പിച്ചുതുടങ്ങുന്നതാണ് ഇപ്പോൾ നാം നമ്മുടെ വിദ്യാശാലകളിൽ കണ്ടുവരുന്ന മാതൃഭാഷാവൈമുഖ്യത്തിനുള്ള മുഖ്യകാരണം. അതുകൊണ്ടു ഈ ന്യൂനതയെ പരിഹരിക്കേണ്ടത് അത്യാവശ്യമാകുന്നു.

ശേഷം ഇനിയും.

ബൃഹത്സംഹിത.

ചന്ദ്രചാരം.

നാലാമദ്ധ്യായം.

(കൊടുങ്ങല്ലൂർ കൊച്ചുണ്ണിത്തമ്പുരാൻ)

രവിതൻരശ്മികളാൽകീഴ്
നില്ക്കും ചന്ദ്രന്റെപാതിസിതമെന്നും
സ്വച്ഛായയാസിതമപരം
വെയിലേല്ക്കുംകുടമതിൻപകുതിപോലെ. 1

രാവിരുൾകളയുന്നജല-
സ്വച്ഛശശിയിൽകടന്നരവികിരണം
കണ്ണാടിയിൽകലർന്നു
വീട്ടിനകത്തിരുൾകളഞ്ഞിടുംപോലെ. 2

സൂര്യാധോഭാഗംവി-
ട്ടിന്ദുകീഴ്ക്കോട്ടുപോയിടുംതോറും
ശുക്ലാസികൾകാണുമേതി-
തൻകീഴ്ഭാഗംക്രമേണവെളുക്കുന്നു. 3

അതലിനാൽതിഥിസൂര്യനിൽനി-
ന്നിന്ദുചലിക്കുന്നോരകലുകയാൽ
തെളിയേറുന്നു,കുടത്തിൻ-
മറുപുറമപരാഹ്നവേളയിൽപ്പോലെ. 4

ഉത്രാടം,പൂരാടം,
മൂലംതൃക്കേട്ടയെന്നിവറ്റിന്റെ
ദക്ഷിണഭാഗത്തൂടെ-
ക്കുമുദിനീകാമുകൻഗമിച്ചീടിൽ. 5

കാടുകൾ,വിത്തുവിത്തുകൾ,
ജലചരജീവികൾ,നാശിക്കുമിവയെല്ലാം
ഉത്തരഭാഗത്തൂടെ-
ശ്ശുഭമിതിലിതപ്പോന്നതാകെവരുമിഹം. 6

അനിഴം,രോഹിണിയിവറ്റിൻ
തെക്കൂടെനടന്നു ചന്ദ്രനെന്നാൽ.
നന്നല്ലജഗതിക്കാം
നന്നുവടക്കൂടെയാണതെന്നാകിൽ. 7

ശാഖ്യമ്മകമെന്നിവതൻ
നടുവിൽക്കൂടിഗ്ഗമാംശശിയെന്നാൽ
ശുഭഫലമത്തിഭാഗ-
ത്തുടെയതാണെങ്കിലുംശുഭംതന്നെ. 7

രേവതിമുതലാമൃക്ഷ-
ങ്ങളോടുചേർന്നവിധുമുമ്പായി
സമമായുദിതമതലാം
പന്ത്രണ്ടൃക്ഷങ്ങളോടുചേരുന്നു. 9

ജ്യേഷ്ഠമുതല്ക്കുമ്പത്തു
നാളുകളോടൊത്തിട്ടുമപിമ്പായി
താരങ്ങളോടിങ്ങിനെയാ-
ണിക്കാലത്തിങ്കലിന്ദുസംയോഗം. 10

തലതെല്ലുയർന്നുനടുവിന
വിസ്താരപ്പെട്ട ചന്ദ്രകലവന്നാൽ
തോണിക്കാർക്കിനാശം
ശേഷംലോകർക്കശേഷവുംകുശലം. 11

ഇച്ചന്ദ്രാകൃതിയെ-
ത്തന്നിഹചേരുന്നപേരുചൊല്ലീടാം
'നൌസംസ്ഥാനാം'നന്നാ-
യാകാരംതോണിപോലെയാവുകയാൽ.

'ലാംഗല'മെന്നാമൊന്നര
ശൃംഗേപകുതിപ്പൊങ്ങിയെന്നാകിൽ
നാശമുഴുന്നവർക്കു-
പതിമാർക്കുമെന്നിയെസുഭിക്ഷം. 13

തെക്കെത്തലപകുതിയുയ-
ർന്നാലതുദുഷ്ടലാംഗലാഖ്യം
പാണ്ഡ്യനൃപനാശമായതി-
ലുണ്ടാംയുദ്ധത്തിനായ്ബലോദ്യോഗം. 14

ഇരുശൃംഗസമശൃംഗനായാൽ
ക്ഷേമസുഭിക്ഷങ്ങളുമേറ്റമുണ്ടാം
ഇവയെല്ലാമൊരുമാസം
പ്രതിപദിനാസന്നിഭങ്ങളായീടും. 15

വടിപോലെശശിയുദിച്ചാൽ
പീഡകൾഗോക്കൾക്കസംഭവിച്ചീടും
നൃപകലഹദണ്ഡനാകം
'ദണ്ഡസംസ്ഥാനാ'മിധാനമിതിനലകിൽ. 16

ശശിവില്ലുപോലെയായാൽ
പോരുകളുണ്ടാമെയസ്ഥനാമരേ
തെക്കുവടക്കായതനായ്-
വന്നാൽ'യുഗ'മാണതിൽധരാകമ്പം. 17

യുഗരൂപത്തിൽതെക്കേ-
ത്തലമാത്രംതെല്ലുയർന്നുവെന്നാകിൽ
അതു'പാർശ്വശായി'തടയും
മഴ,നാശംസാർത്ഥവാഹകർക്കും. 18

ഒരുശൃംഗംപാരമുയ-
ർന്നധോമുഖമേറാതേവമാസ്ഥനാൽ
'ആവർജ്ജിത'മതിലുണ്ടാ-
മസുഭിക്ഷംഗോധനത്തിനാശം. 19

മതിതന്നാൽവലയമേറി-
ക്കൂടാളുണ്ടായിരിക്കയെന്നാകിൽ
'കുണ്ഡ'മതിൽമണ്ഡലേശ-
ന്മാർക്കുണ്ടാംസ്ഥാനവിഭ്രംശം. 20

ഇസ്ഥാനങ്ങളെവിട്ടി-
ട്ടുത്തരശൃംഗോന്നതത്വമുണ്ടായാൽ
ഉളവാക്കുമുഡുകുലേശൻ
ക്ഷേമം,മഴ,സസ്യവൃദ്ധിയെന്നിവയെ. 21

ഇങ്ങിനെതാൻതെക്കേത്തല
പൊങ്ങിക്കാണായിചന്ദ്രനെന്നാകിൽ
ദുർഭിക്ഷഭയംപാരം
ലോകത്തിങ്കൽഭവിച്ചീടും. 22

ലീനൈകശൃംഗനായിയു-
മൊരുതലതാനായിയുന്നവെന്നുവിനെ
സമ്പൂർണ്ണനായിയുമധോ-
മുഖനായിയുമീക്ഷിക്കുന്നവൻചാകം. 23

സംസ്ഥാനവിധിയുരച്ചേൻ
മതിതൻരൂപങ്ങളെക്കഥിപ്പനിനി
സ്ഥൂലൻദുർഭിക്ഷകരൻ
ചന്ദ്രൻസുമഹാൻസുഭിക്ഷകരൻ. 24

മദ്ധ്യനതൻവൃദ്ധ്യൻ
സംക്രാന്തിക്കുൾഭയപ്രദൻചന്ദ്രൻ
മദ്ദളസമാനരൂപൻ
ക്ഷേമസുഭിക്ഷങ്ങളെച്ചെയ്കും. 25

വിന്ധ്യിന്റെ ദിക്കിൽ ചന്ദ്രൻ
ഉപരിലക്ഷ്മീവിപുലമിയന്നെപ്പോഴും
ഹന്തൃത്തിസ്ഫുരിക്കുന്ന
ശൃംഗങ്ങൾ ഭീമമായ് നിന്നിരുന്നാൽ. 26
രോഹിണീശകടം ഭേദിച്ചിടുകിൽ
ഭൂമണ്ഡലം ദുഃഖിതമായിടും
ശോകാഗ്നിയാൽ ദഗ്ദ്ധയാകും
പ്രജകളെല്ലാം നശിച്ചീടുമല്ലോ. 27
ദക്ഷിണഭാഗത്തുദിക്ക
യുണ്ടാകുമ്പോൾ സോമജോഹനവിധാനേന
അംഗിരസോഹതശൃംഗൻ
ശ്രേഷ്ഠക്ഷിതിനാഥനിഗ്രഹം ചെയ്യും. 28
ശുക്രസമാഹതശൃംഗൻ
സപ്തരൂപനോടൊപ്പം ഹിംസിക്കും
ഫലമിത്ഥം ശുക്ലപക്ഷ
യാത്രയ്ക്കു ശുഭമാം ഫലം പോലെയത്രേ. 29
പാഞ്ചാലമംഗിരസ്സു കല്പ്പുസമാഭമത്ര-
ന്റെ പാളകകേകയകല്ലൂതാകമോന്നാർ
സോമശിനഭംഗമദ്ധ്യമൂന്നം പൂമിനൃപേഷു. 30
മാസാൽനാശിക്കുമേ ധൂപാർസിതമിന്നായോ
ഗാന്ധാര സൗവീരക സിന്ധുജീരം.
കൈലാസപിഴ്ചാതിദ്രവിഡരാചകന്മാർ
ധാന്യങ്ങളെന്നുള്ളിവപത്തുമാസം
നശിക്കുമെല്ലാർക്കുമതിന്നായാൽ. 31
ഉദ്യോഗസ്ഥന്മാർപല-
വാഹനമോടൊത്തു ഭൂതലേശന്മാർ
തൈക്ഷ്ണഗത്താലോയ്യകമിക്കി-
മാളുവകൊള്ളിടഗണവരിപ്പനാർ. 32
കരുമത്സ്യപുരുഷത്ത്യധീശ-
ക്ഷത്രിയവരിവരണനന്ത്തിടുന്നാശം
ശശിയധികമിന്നായാൽ
സിതമാന്യക്കന്താനവിട്ടുണ്മാസം. 33
പ്രാഗീശന്മാർമന്ത്രികൾ
കിതൈയിക്ഷയമുള്ളന്നായനായ്യന്മാർ
ഇവരെഹനിക്കുംകളിർമതി
ലേമാസംശേദിഷിപ്പിന്നാലെങ്കിൽ 34

ബുധമിന്നാൽശശിവെള്ളം-
തടമധുരമാമഗന്ധപീഡയെപ്പോഴും
മാറുള്ളടിക്കിലൊക്കെ
ഭൂതഗസമമായ്കവിച്ചിടുംകാലം. 35
കേതുമാലോഗ്രസ്ഥിക്കു-
പ്രാണാംശൻകേള്ളിന്നാംചന്ദ്രൻ
ശൈത്യോപഴിവിച്ചാരോ-
പദ്രവവുംപോരമുണ്ടാകും. 36
ഗ്രഹന്യൂനവിന്ദൽക്കാഹതി
യെതായനാശംതന്നിൽവന്നകൂടുന്ന
അനാവൃംപിന്നാലുപരി
നി ഭയമായ്നാശമുണ്ടാകും. 37
കന്യനിലൻ ഭക്ഷായെന്ന.
നാളസ്ഥിയിതുകന്നവൻപ്രമോദംശൻ
ശ്രാവണിപല്ലന്ന ഭൂമൗശി
ചെയ്യുന്നാ ചാരമോശരീക്കും. 38
ഭവാനിയതന്നതുടപ്പരാവിൽ
ശിലാ ഭക്ഷത്ക്രമതചത്തപോലെ
ഹിരണ്യകന്യകാരനായി
ഹിരാംശുവെങ്കിൽവിപ്പമേകം. 39
നാനാമദ്ധ്യമപക്ഷം
വരിച്ചാൽപൃഥിയാവുമുണ്ടാകും
ക്ഷേമമതുപ്രജകളി.
ലതാരൽപദ്മംകയികിൽക്ഷയമാം. 40
ഭയവുംവൃദ്ധിയുമില്ല-
പ്പോതിമന്നതിരാനാശികളിൽ
ക്ഷയവൃദ്ധികളുണ്ടാകാ
വിപരീതം ശുക്ലപക്ഷത്തിൽ. 41
വെള്ളാമ്പൽ,ധൂളി,ചിസമിപ
പോലെവെളുത്തതിഹിമക്രമത്താലേ
വരിച്ചും ക്ഷീണിച്ചും
വികാരമില്ലാതെയുള്ള ഗതിപൂണ്ടും. 42
അവികൃതമണ്ഡലശോഭിക്കിൽ
പൂർണ്ണചന്ദ്രസമാനനാമേഹിനീനാഥൻ
വിജയംജഗത്തിലെല്ലാം
സകലമനുഷ്യർക്കുമുണ്ടാകും. 43

ഇതിനെ ബൃഹത്സംഹിതയിൽ
'ചന്ദ്രചാര'മെന്ന
നാലാമദ്ധ്യായം കഴിഞ്ഞു.
(തുടരും)

ഹിന്ദുക്കളും ഭൂതദയയും

(തുടൎച്ച)

(പുത്തേഴത്തു രാമമേനോൻ)

ലോകത്തിലെ പ്രധാനപ്പെട്ട പല വലിയ മതങ്ങളിൽ ഒന്നായ ബുദ്ധമതത്തിന്റെ ആദിസ്ഥാപകനായ 'ബുദ്ധമഹർഷി' അഹിംസ എന്ന പരമമായ ധൎമ്മത്തെ അതിശക്തിയോടുകൂടി ആജീവനാന്തം പഠിപ്പിച്ചുകൊണ്ടിരുന്നു. ബുദ്ധമതത്തിന്റെ പ്രതാപത്തോടും പ്രചാരത്തോടുംകൂടി ഈ തത്വത്തിന് ഒരു നൂതനശക്തിയും മുഖ്യതയും സിദ്ധിച്ചു. ബുദ്ധമതസിദ്ധാന്തങ്ങളെക്കുറിച്ചും ബുദ്ധമഹർഷി 'അഹിംസ' എന്ന ദിവ്യപാഠത്തിനു കൊടുത്തിട്ടുള്ള പ്രാമാണ്യത്തെക്കുറിച്ചും ഇവിടെ വിസ്തരിക്കേണമെന്നു വിചാരിക്കുന്നില്ല. ഭൂതദയ ഇന്ത്യയിൽ ഒരു സാമാന്യനിയമമാകുന്നതിനു വല്ലതും പോരാതെ ഉണ്ടായിരുന്നു എങ്കിൽ അതു ബുദ്ധമതത്തിന്റെ ആവിൎഭാവത്തോടുകൂടി വേണ്ടതിൽ അധികം സിദ്ധിച്ചു എന്നതിന് സംശയമില്ല. അമാനുഷികന്മാരായ അപൂൎവ്വശക്തികളോടുകൂടിയ ഋഷീശ്വരന്മാരുടെ ദൃഷ്ടാന്തങ്ങളാലും ഉപദേശങ്ങളാലും ആകുന്നു ഇന്ത്യയിൽ ഭൂതദയ ഉണ്ടായിട്ടുള്ളതും വളൎന്നുവന്നിട്ടുള്ളതും. ഇതുതന്നെ ആകുന്നു അതിന് ഇവിടെ ഇത്ര പ്രാമാണ്യവും പ്രാബല്യവും വരുവാൻ കാരണം. മനുഷ്യരുടെ സകലവിധ പ്രയത്നങ്ങളും ഫലപ്രദങ്ങളായി, പ്രബലതരങ്ങളായി, തീരുന്നത് അവകളുടെ പ്രേരകന്മാരുടെ സ്വഭാവനൈൎമ്മല്യത്തിനും ബുദ്ധിവിശേഷത്തിനും സ്വാത്മപരിത്യാഗശീലത്തിനും അനുസാരമായാകുന്നു. ഇവയൊന്നുമില്ലാത്ത നേതാക്കന്മാരാൽ നടത്തപ്പെടുന്ന പൊതുജനോദ്യമങ്ങൾ നിഷ്ഫലങ്ങളായേ പ്രായേണ കണ്ടുവരുന്നുള്ളൂ. ഹിന്ദുസമുദായത്തിലെ ആദ്യനേതാക്കന്മാർ സ്വാത്മപരിത്യാഗികളായ ഋഷിപുംഗവന്മാരായിരുന്നതുകൊണ്ടു മാത്രമാണ് ഇക്കാലത്തും അവരുടെ ഏൎപ്പാടുകളും നിയമങ്ങളും നിലനില്ക്കുന്നത്. സാമുദായികപരിഷ്കാരികളെന്നും, സ്വദേശാഭിമാനികളെന്നും, നടിച്ചു ചില നവീനപദ്ധതികളിൽക്കൂടി മനുഷ്യരെ ആനയിപ്പിക്കുവാൻ ഉത്സാഹിക്കുന്ന പരിഷ്കാരേച്ഛുക്കൾ ഈ തത്വം ഒരിക്കലും മറക്കരുതാത്തതാകുന്നു. അവരുടെ പ്രേരകന്മാരുടെ തന്നിഷ്ടത്തിൽ മാത്രം അടിയുറച്ചിരിക്കുന്ന പൊതുജനോദ്യമങ്ങൾ സഫലീകൃതങ്ങളാകുമെന്നു ലോകചരിത്രം തെളിയിക്കുന്നില്ല.

മൃഗാസ്പത്രികൾ ഇന്ത്യയിലാണ് ആദ്യമായി ഉണ്ടായിട്ടുള്ളത്. ക്രിസ്തുവൎഷത്തിനു കുറഞ്ഞതു മുന്നൂറു വൎഷങ്ങൾക്കുമുമ്പു തന്നെ രാജ്യത്തെങ്ങും മൃഗങ്ങൾക്കുവേണ്ടി ഏൎപ്പെടുത്തിട്ടുള്ള ആശുപത്രികൾ ധാരാളം ഉണ്ടായിരുന്നു. രോഗം പിടിപെട്ടു ക്ലേശിക്കുന്ന മൃഗങ്ങളെ ശുശ്രൂഷിക്കുന്നതിനു സ്നേഹവാത്സല്യങ്ങളോടുകൂടി ഒരുങ്ങിയിരുന്ന സ്ത്രീപുരുഷന്മാർ ഇന്ത്യയിൽ അന്നു ക്ഷാമമുണ്ടായിരുന്നില്ല. ജന്തുസ്നേഹം ഇപ്രകാരമുള്ള ശക്തിയോടും മാഹാത്മ്യത്തോടുംകൂടി എത്ര മുമ്പു തുടങ്ങി ഇന്ത്യയിൽ പ്രചരിച്ചുവരുന്നു! സഹജീവി സ്നേ

ഹത്തോടുകൂടി യുദ്ധത്തിൽ മുറിവേററ യോദ്ധാക്കളെ പരിപാലിക്കുന്നതിന് ഒരു 'റെഡ്ക്രോസ് സൊസൈററിയിൽ' യൂറോപ്പിലുണ്ടായതു കഴിഞ്ഞ നൂററാണ്ടിൽ മാത്രമാണെന്ന് ആലോചിക്കുമ്പോൾ പൌരാണികേന്ത്യയുടെ പരിഷ്കാരസമൃദ്ധ്യം എത്ര വിസ്മയനീയമാണെന്നു സ്പഷ്ടമാകുന്നതാകുന്നു.

പക്ഷികൾ, മൃഗങ്ങൾ, ഇഴജന്തുക്കൾ പുഴുക്കൾ എന്നുവേണ്ട ജീവനുള്ള സകലതും അനുകൂലമായി ഇന്ത്യയിൽ കഴിയുന്ന ഭൂതദയ അനുഭവിച്ച് ആശ്വസിക്കുന്നുണ്ട്. സകല ജീവികളോടും ഇന്ത്യക്കാർ ഒരുപോലെ ദയയും കരുണയും ഉള്ളവരാകുന്നു. 'കൊണ്ടൽക്കോളാൽ കലിതകളികം പീലിയെല്ലാം പരത്തി, കൊണ്ടക്കേകിപ്രവരനഴകോടാട്ടമാടുന്നഭംഗി' കണ്ട് ആനന്ദിച്ചിട്ടുള്ളതല്ലാതെ നിരുപദ്രവികളായ മയിലുകളെ ഹിന്ദുക്കൾ ഒരിക്കലും വേട്ടയാടീട്ടില്ല. യൂറോപ്യൻ ധീരന്മാരുടെ ആഗമനത്തിനു മുമ്പ് അവയ്ക്ക് എപ്പോഴെങ്കിലും മനുഷ്യരിൽ നിന്നു പ്രാണഭയം നേരിട്ടിട്ടുണ്ടോ എന്നു സംശയമാണ്. സർക്കാരിൽനിന്നു നിശ്ചയിച്ചിട്ടുള്ള ചില നിയമങ്ങളുടെ ശക്തികൊണ്ടല്ലാ ഹിന്ദുക്കൾ ഈ ക്രൂരകൃത്യത്തിൽ നിന്നു പിൻവലിച്ചിട്ടുള്ളത്. അവർക്ക് സഹജമായിട്ടുള്ള ജന്തുസ്നേഹവും, പ്രകൃതിയിലെ വിശിഷ്ടവസ്തുക്കൾ കണ്ടാനന്ദിക്കുന്നതിനുള്ള ഒരു പ്രത്യേകാഗ്രഹവും ആകുന്നു അതിനു കാരണങ്ങൾ. ദേഹാലങ്കാരങ്ങളിൽ അനാവശ്യമായും അത്യധികമായും ഭ്രമിക്കുന്ന സ്ത്രീകളുടെ ശിരോഭൂഷണത്തിനായും മററും മാത്രം ഇന്ത്യയിൽ യാതൊരു ജീവികളും ഒരിക്കലും പ്രാണവേദന അനുഭവിക്കേണ്ടി വന്നിട്ടില്ല. ഇന്ത്യയിൽ മിക്ക ഭവനങ്ങളിലും പ്രാവ് മുതലായ പക്ഷികൾക്കു സുഖവാസം ചെയ്യുന്നതിനു കൂടുകളും മററും പുരകളിൽ തീർത്തുവെക്കാറുണ്ട്. അവയ്ക്ക് അല്പാല്പം ധാന്യങ്ങൾ ഇടക്കിടക്ക് വിതറികൊടുക്കുന്നതിൽ മാതാപിതാക്കന്മാർ തങ്ങളുടെ കുട്ടികളെ പ്രോത്സാഹിപ്പിക്കാറും ഉണ്ട്. ചെറിയ കുട്ടികൾക്ക് അമ്മമാർ ചോറുകൊടുക്കുന്ന അവസരങ്ങളിൽ അടുത്തുവരുന്ന കാക്കകൾക്കും കൂടി കുറേശ്ശ കൊടുക്കുന്നതിന് ആ ചെറിയ കുട്ടികൾപോലും അസ്പഷ്ടവാക്കുകൾ പാത്രം ചൂണ്ടിക്കാണിക്കുന്നത് എന്റെ അനുഭവത്തിൽ പെട്ടിട്ടുള്ള ഒരു സംഗതിയാകുന്നു. ചെറുപക്ഷികളുടെ മുട്ടകൾ കക്കുന്നതിന്നോ അവയെ കല്ലെറിഞ്ഞോ മററോ ഉപദ്രവിക്കുന്നതിന്നോ, ഹിന്ദുബാലന്മാർ ഒരിക്കലും ഇറങ്ങുന്നതല്ല. വാസ്തവത്തിൽ പക്ഷിമൃഗാദികളെ പിടിച്ച് ഇണക്കി കൂട്ടിൽ വളർത്തുന്നതു തന്നെ മിക്ക ഹിന്ദുക്കൾക്കും വിരോധമാകുന്നു. ഭൂതദയാമാത്രത്താൽ പ്രേരിതന്മാരായി പല ഹിന്ദുക്കളും പണം കൊടുത്തും മററും, മററുള്ളവർ തടവുകാരാക്കിയിരിക്കുന്ന പക്ഷികളെ സ്വതന്ത്രരാക്കുന്നതു സർവ്വസാധാരണമാണ്. അത്രക്കുണ്ട് ഇന്ത്യയിൽ ഭൂതദയക്ക് ശക്തിയും പ്രചാരവും.

പാമ്പുകളും സർപ്പങ്ങളും തീരെ ഉപദ്രവം ചെയ്യാത്ത ജന്തുക്കളല്ല തീർച്ചതന്നെ. സർപ്പദംശനത്താൽ ഉണ്ടാകുന്ന മരണങ്ങൾക്കും ഇന്ത്യയിൽ അവസാനമില്ല. എന്നിട്ടുംകൂടി സർപ്പങ്ങളെ എത്ര ഭക്തിയോടുകൂടിയാണ് ഹിന്ദുക്കൾ കരുതിപ്പോരുന്നത്. വീടുകളുടെ മുററങ്ങളിലും, എന്നുവേണ്ട, സ്വന്തം ശയനമുറികളിലും കൂടി അപൂർവ്വം ചിലപ്പോൾ കാണപ്പെടുന്ന സർപ്പങ്ങളെ ഒരിക്കലും ഒട്ടും ഉപദ്രവിക്കാതെ പുറമെ ആട്ടി നാടുകടത്തുകയാണ് നാം ചെയ്തുവരുന്നത്. വീട്ടിനടുത്തു കാണപ്പെടുന്ന സർപ്പങ്ങളെ സാവധാനത്തിൽ ആട്ടി കൺ

കടങ്ങളിലാക്കി ദൂരെ കാടുകളിൽ കൊണ്ടു വിടുന്ന സമ്പ്രദായം നമുക്കു നിത്യപരിചയമുള്ളതാണല്ലൊ.

ഹിന്തുക്കളുടെ അപാരമായ ഭൂതദയക്കു് ഉത്തമമായ ദൃഷ്ടാന്തം അവർ പശുക്കളോടു കാണിച്ചുപോരുന്ന സ്നേഹവാത്സല്യമാകുന്നു. ഗോവധം ബ്രഹ്മഹത്യയെപ്പോലെതന്നെ അശേഷം ക്ഷന്തവ്യമല്ലാത്ത പാപമെന്നു വിശ്വസിക്കപ്പെടുന്നു. പശുക്കളെ സ്വന്തം മാതാവിനെപ്പോലെ ഹിന്തുക്കൾ ഗണിച്ചുവരുന്നു. ഉത്തമങ്ങളായ മൃഗങ്ങളോടു മനുഷ്യർ സഹജീവിസ്നേഹമുണ്ടാകണമെന്നു് ഇതിൽനിന്നു് സ്പഷ്ടമാകുന്നു. ഹിന്തുശാസ്ത്രജ്ഞന്മാർ പശുവിനു, ഹനിക്കപ്പെടുവാൻ വയ്യാത്തതു് എന്നർത്ഥമായ 'അഘ്ന്യ' എന്ന പേർ കൊടുത്തിട്ടുണ്ടു്. മനുഷ്യർക്കു് ഏറ്റവും ഉപയോഗമുള്ള ഈ വിശിഷ്ടജീവിയുടെ സ്വജീവസംരക്ഷണത്തിനുവേണ്ടി എന്തും ചെയ്യാൻ അവർ എപ്പോഴും ഒരുക്കമാണു്. അവയെ നിഷ്ഠുരമായും ഉപദ്രവിക്കുന്നവരോടു് അവയുടെ ജീവനെ യാചനകൊണ്ടൊ, ശക്തികൊണ്ടൊ, വീണ്ടെടുക്കുവാൻ ഇപ്പോഴും ഹിന്തുക്കൾ സദാ സന്നദ്ധന്മാരാണു്. ഗോവധത്താൽ ഒരു ഹിന്തു തന്റെ സമുദായത്തിൽനിന്നു ബഹിഷ്കരിക്കപ്പെടുന്നു. കേവലം സംസ്കൃതന്മാരല്ലാത്ത ഹിന്തുക്കൾകൂടി 'ഗോമാംസം' എന്നു കേട്ടാൽ ചെവി രണ്ടും പൊത്തി ഓടാതിരിക്കയില്ല. ഗോമാംസഭക്ഷണംകൊണ്ടു് ഒരു ഹിന്തുവിന്റെ ജാതി പൊയ്പ്പോകുന്നു. ഒരു പർവ്വതം കുടയാക്കിപ്പിടിച്ചിട്ടുകൂടി ഭഗവാൻ ശ്രീകൃഷ്ണൻ ഗോരക്ഷ ചെയ്തിട്ടുണ്ടു്. പശുക്കളോടു അതിസ്നേഹവാത്സല്യമുള്ള ഹിന്തുക്കളും, അതൊന്നുമില്ലാത്ത അന്യമതസ്ഥന്മാരും തമ്മിൽ ഈ ഒരു കാരണത്തിന്മേൽ മാത്രം അനേകങ്ങളായ കലഹങ്ങൾ ഉണ്ടായിട്ടുള്ളതിനു ചരിത്രലക്ഷ്യങ്ങൾ ധാരാളം ഉണ്ടു്. അബലകളേയും തീർത്ഥയാത്രക്കാരേയും ശത്രുക്കളിൽനിന്നു രക്ഷിക്കുന്നതിനു യൂറോപ്പിലെല്ലാം മദ്ധ്യകാലങ്ങളിൽ 'നൈറ്റ് എറാന്റ്സ്' (Knight Errants) എന്നു വിളിക്കപ്പെട്ടിരുന്ന ഒരു വർഗ്ഗം യോദ്ധാക്കന്മാരുണ്ടായിരുന്നു. അക്കാലങ്ങളിലും അതിനു മുമ്പും ഇന്ത്യയിൽ ഉണ്ടായിരുന്ന ധീരോദാത്തന്മാരായ ഹിന്തുയുവാക്കന്മാർ ഗോരക്ഷണത്തിനാണു് ധൈര്യത്തോടും സ്വമതസ്നേഹത്തോടുംകൂടി പ്രയത്നിച്ചിട്ടുള്ളതു്. ബ്രിട്ടീഷ് ചക്രവർത്തിയുടെ കീഴിലായതിനുശേഷം കൂടി ഇന്ത്യയിൽ ഗോവധം സർക്കാരിനാൽ വിരോധിക്കപ്പെട്ടിരിക്കുന്നു. മിക്ക പുരാണഹിന്തുരാജാക്കന്മാരുടെയും നാണ്യമുദ്രകളും കൊടിയടയാളങ്ങളും പശുക്കളായിരുന്നു. ഒരു ഹിന്തുവിന്റെ നിലയിൽ തനിക്കുള്ള കർത്തവ്യകർമ്മങ്ങളിൽ ഒട്ടും അപ്രധാനമല്ലാത്തതു ഗോരക്ഷണമാണെന്നു്, പാശ്ചാത്യപരിഷ്കാരത്തിനു പ്രചാരം സിദ്ധിച്ചിട്ടുള്ള ഇക്കാലത്തുകൂടി, പ്രവൃത്തികൊണ്ടില്ലെങ്കിൽ വാക്കുകൊണ്ടെങ്കിലും, ഏതു ഹിന്തുയുവാവു പ്രത്യക്ഷപ്പെടുത്താതിരിക്കയില്ല.

ഇതിലുമധികം അത്ഭുതം തോന്നത്തക്ക സംഗതികൾ ഇനിയും ഉണ്ടു്. ദിവസേന പ്രഭാതത്തിൽ ചിലർ ഉറുമ്പിൻകൂട്ടിലും മറ്റും ധാന്യങ്ങൾ വിതറാറുണ്ടു്. പുഴകളിലും കുളങ്ങളിലും ഉള്ള മത്സ്യങ്ങൾക്കു് ഓരോ വഴിപാടായി ഉരുളകഴിക്കുന്നതു് എല്ലാവർക്കും അറിവുള്ളതായിരിക്കും. ദേവാലയങ്ങളിൽ പ്രദക്ഷിണം വെയ്ക്കുന്ന വൃദ്ധന്മാരും വൃദ്ധകളും തങ്ങളുടെ ചവിട്ടേറ്റു ഉറുമ്പുകളോ വല്ല ചെറുജന്തുക്കളും ചത്തുപോയാലോ എന്നു ഭയപ്പെട്ടു വളരെ ജാഗ്രതയോടുകൂടി നിലത്തുനോക്കി നടക്കുന്നതു ഞാൻ പലപ്പോഴും കണ്ടിട്ടുണ്ടു്. തന്റെ സ്വന്തം ദേഹത്തിന്റെ ഒരു മൂലക്കൽ ഉണ്ടായിരുന്ന കടന്നൽക്കൂടിനു തീ കൊടുത്തു്, അവയെ നശിപ്പിക്കേണ്ടതു് ആവശ്യവും അതിനെ ചെയ്യാതിരിക്കുന്നതു ആപൽക്കരവും ആണെന്നു കണ്ടവരെല്ലാം തീർച്ചപ്പെടുത്തിട്ടും, അതു ജന്തുഹിംസയാകയാൽ മാത്രം അപ്രകാരം പ്രവൃത്തിക്കാതിരുന്ന ഒരു താപസശ്രേഷ്ഠനെക്കുറിച്ചു ഞാൻ കേട്ടിട്ടുണ്ടു്. "തിങ്ങൾ സ്വയമായി [illegible] ക്കളെ

മാറുള്ളവരെ അപ്രകാരം ചെയ്യാൻ അനുവദിക്കയും ചെയ്യ്' എന്നാണെന്നു തോന്നുന്നു ഹിന്ദുനീതിശാസ്ത്രങ്ങളിലെ മുഖ്യതത്വം.

ഹിന്ദുപുരാണങ്ങളിലും ചരിത്രങ്ങളിലും നോക്കിയാൽ, എത്രയും കഷ്ടപ്പെട്ട് നിരാശന്മാരായ അവസരങ്ങളിൽപോലും, ഹിന്ദുക്കൾ സാധാരണ ഭൂതദയ വിട്ടു പ്രവൃത്തിച്ചിട്ടില്ലെന്നുള്ളതിനു ധാരാളം ദൃഷ്ടാന്തങ്ങൾ കാണാവുന്നതാണ്. തന്റെ പട്ടിയോടുകൂടിയല്ലാതെ വിമാനത്തിൽ കേറുകയില്ലെന്നു ശഠിച്ച ധർമ്മപുത്രരുടെ കഥ എല്ലാവരും കേട്ടിരിക്കുമല്ലോ. ഇപ്രകാരമുള്ള അനേകം കഥകൾ ഉണ്ട്. അവയെല്ലാം അങ്ങിനെതന്നെ വിശ്വസിക്കണമെന്നു ഞാൻ പറയുന്നില്ല. എങ്കിലും ഹിന്ദുക്കൾക്ക് ഭൂതദയയും സഹജീവിസ്നേഹവും എത്ര വളരെ ഉണ്ടായിരുന്നു എന്നു ഈ കഥകളിൽനിന്നു അറിയാമിരിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു.

പക്ഷിമൃഗാദികളുടെ രാഗാദി നടവടിവിശേഷങ്ങളെക്കുറിച്ചു വിസ്തരിച്ചു എഴുതപ്പെട്ടിട്ടുള്ള കഥകളും മറ്റും ഹിന്ദുസാഹിത്യത്തിൽ ധാരാളം ഉണ്ട്. മൃഗകഥകളുടെ (Beast Tales) ഉത്ഭവംതന്നെ ഇന്ത്യയിൽനിന്നാകുന്നു. പതിനേഴാം നൂറ്റാണ്ടിൽ യൂറോപ്പിലെ ഒരു വലിയ തത്വജ്ഞാനിയായിരുന്ന 'ഡെസ്കാർട്ട്' (Descartes) 'മൃഗങ്ങളെല്ലാം സുഖദുഃഖങ്ങളും വേദനയും അറിയുന്നതിനു ശക്തിയില്ലാത്ത വെറും 'ജീവയന്ത്രങ്ങൾ' ആണെന്നു പ്രസംഗിച്ചിരുന്നു. അദ്ദേഹത്തിന്റെ ശിഷ്യന്മാരിൽ ഒരുവൻ ഒരിക്കൽ ഒരു നായയെ കഠിനമായി പ്രഹരിച്ചു. അതു നിലവിളികൂട്ടുവാൻ തുടങ്ങിയപ്പോൾ അടുത്തു നിന്നിരുന്ന ഒരു സ്നേഹിതനോടു ഇപ്രകാരം പറഞ്ഞു. 'അതു വെറുതെ നിലവിളിക്കുന്നതാണ്. കസേര മേശ മുതലായ വസ്തുക്കളെപ്പോലെ അതിനും വേദന അറിയുന്നതിനു ശക്തിയില്ല. ജീവനുണ്ടെന്നുമാത്രമേ ഉള്ളൂ. ഇപ്രകാരമുള്ള സംഗതികൾ പഠിച്ചുവളർന്നിട്ടുള്ള ബാലന്മാർക്ക ആസക്തിയും ഭൂതദയയും സഹജീവിസ്നേഹവും ഇല്ലെങ്കിൽ അത്ഭുതപ്പെടുവാനില്ല. കുട്ടികളുടെ മനസ്സിൽ ഭൂതദയയും ജന്തുസ്നേഹവും ഉറപ്പിച്ചു വളർത്തുന്നതിനു 'മൃഗകഥകൾ' എത്രമാത്രം ഉപകരിക്കുമെന്നു നമുക്ക വേണ്ടപോലെ അറിവായിട്ടുണ്ട്. പക്ഷികളും മൃഗങ്ങളും വെറും യന്ത്രങ്ങളല്ലെന്നും, അവക്കു മനസ്സും ശരീരവും സുഖദുഃഖങ്ങളും, സുഖദുഃഖവിവേചനാശക്തിയും ഉണ്ടെന്നും മൃഗകഥകൾ കുട്ടികളെ പഠിപ്പിക്കുന്നു. അതു പരോപകാരശീലത്തെ [illegible] ചെയ്യുന്നു. ഭൂതദയ ഉണ്ടാകണമെങ്കിൽ ഈ അറിവും ധാരണയും അത്യന്താപേക്ഷിതമാണെന്നു പറയേണ്ടതില്ലല്ലോ.

'മൃഗകഥകളുടെ' ഉത്ഭവം ഇന്ത്യയിൽനിന്നാണെന്നു ഞാൻ മുമ്പു പ്രസ്താവിച്ചുവല്ലോ. 'പഞ്ചതന്ത്രകഥ'കളാണ് ആദ്യത്തെ മൃഗകഥകൾ. മിക്ക ഭാഷകളിലേക്കും പഞ്ചതന്ത്രം തർജമ ചെയ്യപ്പെട്ടിട്ടുണ്ട്. പാശ്ചാത്യരാജ്യങ്ങളിലെല്ലാം 'ഈസോപ്പിന്റെ കഥകൾ' എന്ന പേരുകൊണ്ടറിയപ്പെടുന്ന പുസ്തകം വാസ്തവത്തിൽ നമ്മുടെ പഞ്ചതന്ത്രകഥകളാണെന്നു വിശ്വസിക്കുന്നതിൽ വലിയ അബദ്ധമുണ്ടെന്നു തോന്നുന്നില്ല. കാലദേശാവസ്ഥകൾക്കനുസാരമായ ചില മാറ്റങ്ങൾ, പഞ്ചതന്ത്രം, ഈസോപ്പിന്റെ കഥകളായി പരിണമിച്ചപ്പോൾ അതിനു വന്നിട്ടുണ്ടെന്നു സമ്മതിക്കുന്നതിനും വിരോധമില്ല. ഇന്ത്യയിലല്ലാതെ 'ഡെക്കാർട്ടി'നെപ്പോലുള്ള തത്വജ്ഞാനികളുടെ രാജ്യങ്ങളിൽ ഇത്തരം ഒരു ഗ്രന്ഥമുണ്ടാകുന്നത് കുറച്ചു അസംഭാവ്യമാണെന്നു വിശ്വസിക്കേണ്ടിയിരിക്കുന്നു. സ്നേഹവാത്സല്യങ്ങളോടുകൂടി പക്ഷിമൃഗാദികളുടെ നടവടിക്രമങ്ങളെ സൂക്ഷ്മമായി പരിശോധിക്കുന്നതുകൊണ്ടല്ലാതെ ഇപ്രകാരം സാരഗർഭങ്ങളായ കഥകൾ എഴുതുവാൻ ഒരുവന്നു തീരെ സാധിക്കുന്നതല്ല. മൃഗപക്ഷികളെല്ലാം വെറും ജീവയന്ത്രങ്ങളാണെന്നോ, ഈ ഭൂമിയിലുള്ള സകല ചരാചരങ്ങളു

യും മനുഷ്യരുടെ സുഖനിവൃത്തിയ്ക്കുവേണ്ടി മാത്രം സൃഷ്ടിച്ചിട്ടുള്ളതാണെന്നോ, മറ്റോ വിശ്വസിച്ച്, അവയെ അനാവശ്യമായും അനുപൂർവ്വമായും ഉപദ്രവിയ്ക്കയും ഹിംസിപ്പെടുത്തുകയും ചെയ്യുന്ന ജനങ്ങൾക്ക് ഇത്തരം ഗ്രന്ഥങ്ങൾ നിർമ്മിക്കുന്നതിന്നു മാത്രം ഭൂതദയയോ ജന്തുപ്രീതിയോ ഉണ്ടായിരുന്നിടാത്തതാകുന്നു. അതാണ് 'മൃഗകഥ'കളുടെ തുടക്കം ഇന്ത്യയിൽനിന്നാണെന്നു വിശ്വസിക്കുന്നതിന്നു കാതലായ കാരണമായി ഞാൻ കരുതുന്നത്.

ഹിന്ദുശാസ്ത്രജ്ഞന്മാർ 'ആത്മാവി'നെക്കുറിച്ചു വിശ്വസിച്ചു പഠിപ്പിച്ചുവന്നിട്ടുള്ള അഭിപ്രായങ്ങളും സംഗതികളും കൂടി ഇന്ത്യയിൽ കഥകളുടെ പ്രചാരത്തെ സഹായിച്ചിട്ടുണ്ട്. മൃഗങ്ങൾക്കും ആത്മാവുണ്ടെന്നും ആത്മികമായ്ത്തീർന്നതിന്റെ ഫലന്നായാൽ ഉണ്ടാകുന്ന ഗുണകർമ്മങ്ങളുടെ പല മാറ്റങ്ങളും കഴിഞ്ഞ് ആ ആത്മാവുതന്നെ ഒരുകാലത്തിൽ മനുഷ്യാത്മാവായിത്തീരുന്നതെന്നും ആണല്ലോ ഹിന്ദുക്കളുടെ വിശ്വാസം. 'ഡാർവിൻ' എന്ന പാശ്ചാത്യ ശാസ്ത്രപണ്ഡിതൻ ഇയ്യിടെ മാത്രം കണ്ടുപിടിച്ചിട്ടുള്ള 'ഇവല്യൂഷൻ' എന്ന ഉല്പത്തിക്രമത്തെത്തന്നെ അല്ലയോ ഒട്ടേറെ നൂറ്റാണ്ടുകൾക്കുമുമ്പു ഹിന്ദുതത്വജ്ഞന്മാർ അവരുടെ പുനർജ്ജന്മവാദംകൊണ്ടു തെളിയിച്ചിട്ടുള്ളതെന്നു സംശയിക്കേണ്ടിവരുന്നു. മൃഗങ്ങൾക്കും തങ്ങളെപ്പോലുള്ള ആത്മാവുണ്ടെന്നുള്ള വിശ്വാസം ഹിന്ദുക്കളുടെ ഇടയിൽ ഭൂതദയ വർദ്ധിക്കുന്നതിന്നും, സകല ജീവജാലങ്ങളെയും സമതാസ്ഥിതിയിൽ ഐക്യതയിൽ കൊണ്ടുവരുന്നതിന്നു സഹായിക്കുന്നതിന്നും, ബലവത്തരമായ കാരണമായിത്തീർന്നു.

മനുഷ്യരും മൃഗങ്ങളും തമ്മിൽ അസാമാന്യമായ അന്തരമില്ലെന്നു ഹിന്ദുക്കളെ ബോദ്ധ്യപ്പെടുത്തുവാൻ ഉതകിയ മറ്റൊരു സംഗതി വിഷ്ണുഭഗവാന്റെ ദശാവതാരകഥകളാകുന്നു. ഭഗവാന്റെ അവതാരങ്ങളിൽ ചിലതു മത്സ്യം, കൂർമ്മം, വരാഹം മുതലായ ജന്തുക്കളായിട്ടാണല്ലോ. ശ്രീകൃഷ്ണനായും ശ്രീരാമനായും അവതരിച്ചിട്ടുള്ള ദിവ്യചൈതന്യമൂർത്തിതന്നെ മത്സ്യമായും ആമയായും അവതരിച്ചിട്ടുണ്ടെങ്കിൽ, അദ്ദേഹം മനുഷ്യരും ഇതരജീവികളും തമ്മിൽ ഭിന്നിപ്പെടുവാൻ പാടില്ലാത്ത അന്തരമില്ലെന്നു തെളിയിക്കയും, ജീവലോകത്തിന്റെ ഐക്യതയെ സ്ഥിരപ്പെടുത്തുകയും അല്ലേ ചെയ്യുന്നത്? ഇങ്ങനെയുള്ള ദിവ്യതത്വങ്ങളടങ്ങിയ പുരാണങ്ങൾ വായിക്കുന്ന ഹിന്ദുക്കൾക്ക് എങ്ങിനെ ആണ് ഭൂതദയ, സഹജീവിസ്നേഹം മുതലായ ദിവ്യമനോവ്യാപാരങ്ങൾ ഇല്ലാതെ വരുന്നത്.

സസ്യഭുക്കാവുന്നതാണ് ഭൂതദയയുടെ ഒടുക്കത്തെ ഒരു പരമകാഷ്ഠയായി ഗണിച്ചുവരുന്നത്. ഒരുത്തൻ ഒരു യോഗിയോ, വേദാന്തിയോ ആകുന്നതിന്നു തുടങ്ങുമ്പോൾ, അവൻ മാംസഭുക്കായിരുന്നുവെങ്കിൽ, തീരെ സസ്യഭുക്കായിത്തീരുന്നതാണ് ഒന്നാമത്തെ പടവ്. നമ്മുടെ ഭക്ഷണത്തിന്നു കൊന്നുതിന്നുന്നതിനുള്ള ജന്തുക്കളാണ് ആടുമാടുകളെല്ലാമെന്നു വിശ്വസിക്കുന്ന കാലത്തോളം അവയോടു യഥാർത്ഥമായ സ്നേഹവും ദയയും ഉണ്ടാകുമോ എന്നു സംശയമാണ്. 'ഭക്ഷകന്മാർ നിങ്ങളും ഭോജനം ഞങ്ങളും, കർത്താവ് സഹിതമുണ്ടാകണം' എന്നു പഞ്ചതന്ത്രക്കാരൻ പറഞ്ഞിട്ടുള്ളതു ഇവിടെ ഓർക്കേണ്ടതാകുന്നു. ഇതാണ് മാംസഭക്ഷണവും ഭൂതദയയും ഒന്നിച്ചു ഒത്തുചേരുകുന്നത് അസാദ്ധ്യമാണെന്നു പറയുന്നതിന്റെ താല്പര്യം.

ഇനിയും വിസ്തരിച്ചു പ്രബന്ധം ദീർഘിപ്പിക്കുന്നില്ല. കണ്വൻ മുതലായ ഋഷിമാരുടെ ആശ്രമങ്ങളിൽ പശു, മാൻ, പുലി, സിംഹം, മനുഷ്യർ ഇവയെല്ലാം സഹോദരഭാവത്തോടുകൂടി സ്വൈരവാസം ചെയ്തിരുന്നതായി പുരാണങ്ങളിൽ പ്രസ്താവിച്ചുകാണുന്നു. 'ഐസ്‌ലാണ്ട്' മുതലായ രാജ്യങ്ങളിൽ കപ്പൽ സഞ്ചാരികൾ ആദ്യം ചെന്ന കാലത്തു— അക്കാലത്തു

അവിടെ വേറെ മനുഷ്യരില്ല— അവിടെ കടൽക്കരയിൽ കണ്ട ജന്തുക്കളെല്ലാം അവരെക്കണ്ടു ഭയപ്പെട്ട് ഓടിപ്പോയില്ലെന്നും പിൻകാലങ്ങളിൽ ഓരോ ആവശ്യങ്ങൾക്കായി അവയെ മനുഷ്യർ വേട്ടയാടാൻ തുടങ്ങിയപ്പോഴാണ് അവ മനുഷ്യരെ വെറുക്കുവാൻ തുടങ്ങിയതെന്നും, ഇപ്പോൾ ഒരു കപ്പലിൻെറ നിഴലെങ്ങാനും സമുദ്രത്തിൽ കണ്ടാൽ അവയെല്ലാം ആബാലവൃദ്ധം ഓടി ഒളിച്ചുകളയുമെന്നും മറ്റുമുള്ള സംഗതികൾ ഇവിടെ പ്രസ്താവയോഗ്യമാണ്. ഇതിൽനിന്നു മനുഷ്യനും ഇതരജീവികളും തമ്മിൽ ഇപ്പോഴുള്ള സംബന്ധം മുഴുവനും പ്രകൃത്യാ ഉള്ളതല്ലെന്നും കാര്യമെല്ലാം മനുഷ്യരുടെ തന്നിഷ്ടം പ്രമാണിച്ചുള്ള നിഷ്ഠുരതയുടെ ഫലമാണെന്നും ഊഹിക്കാവുന്നതാണ്. ഇതു ശരിയാണെങ്കിൽ ആ ബന്ധത്തിലുള്ള ദോഷങ്ങളെല്ലാം പരിഹാര്യങ്ങളുമായിരിക്കണം. മേൽപറയപ്പെട്ട സംഗതികളുടെ ഗൂഢതത്വം മനസ്സിലാക്കി, അതുപ്രകാരം ശരിയാംവണ്ണം അനുഷ്ഠിക്കുന്നതായാൽ, പുരാണങ്ങളിൽ വിവരിച്ചിട്ടുള്ള വിധം വിസ്മയനീയമായ ഒരു ക്ഷേമാവസ്ഥ എന്നുകൊണ്ടു സംഭവിച്ചുകൂടാ എന്നു എനിക്കു പലപ്പോഴും തോന്നീട്ടുണ്ട്. അതു തീരെ അസാദ്ധ്യമല്ലെങ്കിൽ ക്രിയയായും അങ്ങിനെ ഒന്ന് ആയിരിക്കുന്ന പ്രപഞ്ചശക്തിയുടെ പരമമായ പരിണാമം. ആ ഉന്നതപദവിയെ ഉദ്ദേശിച്ചു സകലതും പരിശ്രമിക്കുന്നതാണെന്നു ഞാൻ വിചാരിക്കുന്നു. ഭൂമി മുഴുവനും കണ്വമഹർഷിയുടെ ആശ്രമംപോലെ ആയിത്തീരുന്ന ഒരു കാലമുണ്ടെങ്കിൽ, അന്നു, പരമകാരുണികനായ ജഗദീശ്വരൻെറ പ്രപഞ്ചസൃഷ്ടിയിൽനിന്നുള്ള സംതൃപ്തിയും കൃതാർത്ഥതയും പരിപൂർണ്ണമാകുമെന്ന് ആശിക്കുവാൻ അവകാശമുണ്ട്. ജൂതന്മാരും, ക്രിസ്ത്യാനികളും ഒരുപോലെ വിശ്വസിക്കുന്ന 'ഐസായ' എന്ന പുരാതന ജൂതതത്വജ്ഞാനിയും ഇപ്രകാരമുള്ള ഒരു കാലത്തെ കുറിച്ചു പ്രസ്താവിച്ചിട്ടുള്ളതുകൊണ്ടു മിക്ക മതക്കാരും ഇതിനൊടുള്ള ഒരു പരമാവസാനത്തെക്കുറിച്ചു വിശ്വസിക്കുന്നതായി തെളിയുന്നുണ്ടല്ലോ. ഈ അവസാനസമുൽകർഷത്തെ ഉദ്ദേശിച്ചു കഴിയുന്നതു പ്രവൃത്തിച്ചു കൃതാർത്ഥത നേടുന്നതിനു സകലരും ഉത്സാഹിക്കേണ്ടതാകുന്നു.

സന്തക എന്ന മഹാൻെറ

ജീവചരിത്രവും മതവിശ്വാസവും ഉപദേശങ്ങളും.

(കെ. കരുണ്ണിനായർ ബി. എ. ബി. എൽ)

സന്തകപറഞ്ഞു 'നിങ്ങൾ എന്നെ വാഴ്ത്താൻ മടിക്കരുത്. ഞാൻ വളരെ ആളുകളെക്കൊണ്ടു പണി എടുപ്പിച്ചിട്ടുണ്ട്. യാതൊരു യോഗ്യതയും ഇല്ലാത്ത ഒരുവനെ കണ്ടാലോചനയും കൂടാതെ ഞാൻ സമ്മാനം കൊടുക്കണമെന്നു നിങ്ങൾ വിചാരിക്കുന്നുവോ? നിങ്ങൾ എൻെറ ശ്രദ്ധയെ ആകർഷിക്കാൻ ഒരു ശ്രമവും ചെയ്തിട്ടില്ലെങ്കിലും ഞാൻ കുറെ കാലമായി നിങ്ങൾ പണി എടുക്കുന്നതു നോക്കി നിന്നിരുന്നു. കാര്യ സമയത്തിനുള്ളിൽ അധികം പണി എടുത്തതായി കാട്ടിക്കൂട്ടുവാൻ വേണ്ടി മിക്ക വേലക്കാരും എളുപ്പമുള്ള ജോലികൾ തിരഞ്ഞെടുത്തു മറ്റുള്ളവർ ഒഴിച്ചു കളയുന്നതും കഠിന്യം വേഗം പൂർത്തിയാക്കിക്കൂടാത്തതുമായ ജോലിയിലേർപ്പെട്ടു നിങ്ങൾ ഇടവിടാതെ പണി എ

ടുത്തുവന്നു. വാൎദ്ധക്യം നിമിത്തം തനിക്ക നല്ലായ വേലക്കാരന്റെ പണി എടുക്കാൻ കഴിയുന്നതല്ലെന്നും സമയം വെറുതെ കളവാൻ പാടില്ലെന്നും വിചാരിച്ചു നിങ്ങൾ അനദ്ധ്യായം കൂടാതെ പണി എടുത്തിരുന്നു. നിങ്ങൾ അനാവധി കുറ്റികൾ പുഴക്കിക്കളഞ്ഞിട്ടുണ്ട്. നിങ്ങൾ അതിനെ ചെയ്യുന്നതുകൊണ്ടാണ് കാട് ഇത്ര വേഗം തെളിയിക്കാൻ ഞങ്ങൾക്ക കഴിഞ്ഞത്. നിങ്ങൾ ചെയ്ത അഭിപ്രായത്തെ ഞാൻ അറിഞ്ഞത് നിങ്ങളെ സമ്മാനിക്കാതെ മറ്റുള്ളവരുടെ കൂട്ടത്തിൽ തന്നെ നിങ്ങളേയും ഗണിക്കുന്നതായാൽ ബാക്കിയുള്ളവർ തങ്ങളുടെ ശക്തിക്കൊത്തവിധം പ്രയത്നം ചെയ്വാൻ എന്തു പ്രോത്സാഹനമാണ് ഉണ്ടാകുന്നത്? നിങ്ങളുടെ ദാരിദ്ര്യംകൊണ്ടു കുറച്ചു പണം സമ്പാദിക്കാൻ വേണ്ടിയാണ് ഇവിടെക്ക വന്നതു എന്നു നിങ്ങൾ പറയുന്നു. എന്നിട്ടും നിങ്ങളുടെ അദ്ധ്വാനത്തിന്നനുരൂപമായ ഒരു സമ്മാനം ഞാൻ തരുമ്പോൾ നിങ്ങൾ വാങ്ങുന്നില്ല. നിങ്ങളുടെ സത്യസന്ധതയും നിഷ്കപടതയും കണ്ടു ഈശ്വരൻ കനിഞ്ഞു നിങ്ങൾക്ക തന്ന സമ്മാനമാണെന്ന കരുതി നിങ്ങൾ ഇതു സ്വീകരിച്ചാലും. നിങ്ങളുടെ സ്ഥിതി നന്നാക്കുന്നതിന്നും നിങ്ങളുടെ വയസ്സു കാലത്തെക്ക ഒരു മൂലധനവുമായും നിങ്ങൾ ഈ പണം സ്വീകരിക്കുന്നതായാൽ എനിക്ക വളരെ സന്തോഷമുണ്ടാവുന്നതാണ്.'

ആനന്ദഭരിതനായ ആ കിഴവന്റെ സന്തോഷാശ്രുക്കൾ അവന്റെ ചുക്കിച്ചുളിഞ്ഞ കവിൾത്തടങ്ങളിൽ കൂടി ധാരമുറിയാതെ ഒഴുകിത്തുടങ്ങി. തൊണ്ട ഇടറി തന്റെ കൃതജ്ഞതാസൂചകമായ ഒരു വാക്ക പോലും പറയാൻ കഴിയാതെ അവൻ കൈ കൂപ്പിക്കൊണ്ടു സന്തകുവിനെ താണു തൊഴുതു. പിന്നെ ആ സമ്മാനം സ്വീകരിച്ചു. ഭാഗ്യവശാൽ തനിക്കസിദ്ധിച്ച ആ സമ്പത്തു കുഡുംബക്കാരോടുകൂടി അനുഭവിക്കാനായി അവൻ വീട്ടിലെക്ക പുറപ്പെട്ടു പോയി.

ഈ അവസരത്തിൽ കൈസ്സോ പ്രഭുവിന്റെ പരിചാരകന്മാർക്കും ബുദ്ധജനങ്ങൾക്കും ആ കിഴവന്റെ സൌഭാഗ്യത്തെപ്പറ്റി നല്ലവണ്ണം ഗ്രഹിപ്പാൻ കഴിഞ്ഞു. സന്തകു നല്ല ഉൾക്കാഴ്ചയുള്ളവനാണെന്നും ആയാൾ ശിഷ്യന്മാരേയും നിഷ്കളങ്കന്മാരേയും പ്രോത്സാഹനം ചെയ്യുന്ന രീതി ഏറ്റവും നല്ലതാണെന്നും അവർക്ക വീണ്ടും ബോദ്ധ്യം വരികയും ചെയ്തു.

VIII

സാക്കമോക്കിയിൽ മൂന്നു ഊരുകളുള്ളതിൽ യൊക്കോട്ടു എന്ന ഊര് ഏറ്റവും മോശസ്ഥിതിയിലായിരുന്നു. അതിൽ മുമ്പുണ്ടായിരുന്ന വീടുകളിൽ ഇപ്പോൾ പകുതി മാത്രമ ശേഷിച്ചിരുന്നുള്ളു. ആ ഊരിലെ വയലുകളെല്ലാം കാടുപിടിച്ചു കിടന്നിരുന്നു. ഗ്രാമക്കാരിൽ മിക്കവാറും ദാരിദ്ര്യത്തിൽ മുങ്ങിയിരുന്നു. സന്തകു അവരെ ഏറ്റവും ദയവോടു കൂടി സംരക്ഷിച്ചുപോന്നു.

ആ ഊരിലെ അധികാരി എൻസോ എന്നു ഒരുവനായിരുന്നു. അവൻ സ്വതെ ഒരു സമൎത്ഥനല്ലായിരുന്നു എങ്കിലും വിശ്വാസയോഗ്യനും സത്യസന്ധനുമായിരുന്നു. കുറെ തലമുറകളായി അവന്റെ കുഡുംബക്കാരാണ് ആ ഊരിലെ അധികാരിസ്ഥാനം വഹിച്ചിരുന്നത്. അവരുടെ വീടു വളരെ ജീൎണ്ണസ്ഥിതിയിലായിരുന്നു. വീടു പുതുതായി പണിയിക്കുവാൻ വേണ്ടി എൻസോ വളരെക്കാലമായി സാമാനങ്ങൾ ശേഖരിക്കയും കുറെശ്ശെ കുറേശ്ശയായി പണം ശേഖരിക്കയും ചെയ്തിരുന്നു. വീട്ടുപണിക്ക വേണ്ട സംഖ്യയിൽ ഇരുപതു പൊന്നുരൂപ്പിക ഇനിയും പോരാതിരുന്നതുകൊണ്ടു അവൻ ആ സംഖ്യ സന്തകുവിനോടു കടം ചോദിച്ചു.

സന്തകു പറഞ്ഞു. 'കഷ്ടം! കഠിനദാരിദ്ര്യത്തിൽ മുങ്ങിപ്പോയിരുന്ന നിങ്ങളുടെ ഊരുകാർക്ക ക്ഷേമം വരുത്താൻ സദാ ബദ്ധശ്രദ്ധനായിരിക്കേണ്ട നിങ്ങൾ സ്വന്തകുഡുംബക്ഷേമം മാത്രം ഉദ്ദേശിച്ചു പ്രവൃത്തിക്കയാണോ വേണ്ടത്. അതു ശരിയാണെ

ന്നു നിങ്ങൾ വിചാരിക്കുന്നുവോ? ഗ്രാമകാര്യങ്ങൾ നല്ലപോലെ നോക്കുകയും ഗ്രാമനിവാസികളെ നല്ലവണ്ണം ഭരിക്കുകയും തെററിനടക്കുന്നവരെ സദുപദേശംകൊണ്ടു നല്ലവഴിക്കു നടത്തിക്കുകയും ദുഷ്ടന്മാരെ ശാസിക്കുകയും മടിയന്മാരെ ഉത്സാഹിപ്പിക്കുകയും സാധുക്കളെ സഹായിക്കുകയും അനാഥകളെ ആശ്വസിപ്പിക്കുകയും ജനങ്ങൾ ദുർന്നടപ്പുകളിൽ ഏർപ്പെടാതെ നിയമങ്ങൾ അനുസരിച്ചു നടക്കുന്നുണ്ടോ എന്നു ശ്രദ്ധിവെക്കുകയും കൃഷികാര്യങ്ങളിൽ അവരെക്കൊണ്ടു നല്ലവണ്ണം പരിശ്രമിപ്പിക്കുകയും നികുതി കൃത്യസമയത്തിൽ അവരെക്കൊണ്ടു അടപ്പിക്കുകയും സങ്കടക്കാരുടെ സങ്കടങ്ങൾക്കു ഉപശാന്തിവരുത്തിക്കൊടുക്കുകയും ആകുന്നു ഒരു ഗ്രാമാധികാരിയുടെ മുറകൾ. വളരെ തലമുറയായിട്ടു നിങ്ങളുടെ പൂർവ്വന്മാർ ഈ ഊരിലെ നാധികാരിസ്ഥാനം വഹിച്ചുവരുന്നു. അതിന്റെ ഭാവിശ്രേയസ്സു മുഴുവൻ നിങ്ങളെ അവലംബിച്ചാണു് ഇരിക്കുന്നതു്. ജനങ്ങൾ കഴിമടിയന്മാരായിത്തീർന്നിരിക്കുന്നു. അവർ വലിയ ദാരിദ്ര്യത്തിലും ആയിരിക്കുന്നു. ചിലർ തീരെ ക്ഷയിച്ചുകൂട്ടത്തിലായി. വളരെ പേർ അവരുടെ ജന്മഭൂമിയായ ഈ ഊരുവിട്ടു അന്യദിക്കുകളിൽ പോയി അഹോവൃത്തി കഴിക്കുന്നു. വയലുകൾ മിക്കതും പാഴായി കിടക്കുന്നു. ആകെയുള്ള വീടുകളിൽ പകുതിയും ഇടിഞ്ഞുപൊളിഞ്ഞു കിടക്കുന്നു. ബാക്കിയുള്ള വീട്ടുകാർക്കു് ഉപജീവനത്തിനു വഴിയില്ലാതെയും ഇരിക്കുന്നു. ഈ ഊരിൽ നിന്നു വസൂലാവുന്ന നികുതി വളരെ ചുരുങ്ങിവന്നതുകൊണ്ടു് ഉന്നതകുടുംബക്കാർക്കു് അവരുടെ ആദായംകൊണ്ടു ചിലവിനു മതിയാവുന്നില്ല. വലിയ സംസ്ഥാനമായ ചിമോസ്ക്രിയിൽ നിങ്ങളുടെ ഊരിനെപ്പോലെ ദാരിദ്ര്യം ബാധിച്ച ഊരു് വേറെ കാണുന്നതേയില്ല. ഇതെല്ലാംകൊണ്ടും നിങ്ങളുടെ മനസ്സിനു വേദനയില്ലെങ്കിൽ ഗ്രാമാധികാരസ്ഥാനം വഹിപ്പാൻ നിങ്ങൾ അർഹനല്ല. ഗ്രാമകാര്യങ്ങൾ നല്ലവണ്ണം നടത്തിച്ചും വയലുകളെല്ലാം നല്ലവണ്ണം കൃഷിചെയ്യിച്ചും ജനങ്ങൾക്കു ക്ഷേമം വരുത്തിയാൽ അതുകൊണ്ടുള്ള ഖ്യാതി ശരിയായിട്ടും ഗ്രാമാധികാരിക്കു കിട്ടുന്നതാണു്. എന്നാൽ നിലങ്ങൾ പാഴിലായിട്ടും ദാരിദ്ര്യം വർദ്ധിച്ചു ജനങ്ങളുടെ ഇടയിൽ ദുർന്നടപ്പു വർദ്ധിച്ചും വന്നാൽ അതുകൊണ്ടുള്ള ദൂഷ്യവും അവനുതന്നെ ഇരിക്കുന്നതല്ലേ? ഇവിടത്തെ മോശസ്ഥിതി ഉടമസ്ഥനു വ്യസനകാരണമായിത്തീർന്നിരിക്കുന്നു. അദ്ദേഹം വളരെ നാളായി ഊരിന്റെ സ്ഥിതി ഗുണപ്പെടുത്താൻ കഴിയുന്ന പ്രയത്നങ്ങളെല്ലാം ചെയ്തുനോക്കി എങ്കിലും എല്ലാം വൃഥാവിലായതേ ഉള്ളൂ. ഒടുവിൽ അദ്ദേഹം മഹാപ്രഭുവിനോടു സഹായം അപേക്ഷിച്ചു. നിങ്ങളുടെ സ്ഥിതി നന്നാക്കാൻ കൃപയോടുള്ള പല വഴികളും നോക്കി എങ്കിലും ഊരുകാരുടെ സ്ഥിതി മോശമായിത്തീർന്നതേയുള്ളൂ. എന്റെ പ്രഭുവിന്റെ കല്പനപ്രകാരം ഞാൻ ഇവിടെ വന്നതിന്റെശേഷം ഈ ഊരിനും ജനങ്ങൾക്കും സുഖംവരുത്താൻ വേണ്ടി ഏർപ്പാടുകൾ ഒരുപോലെ അനുഷ്ഠിച്ചിട്ടുണ്ടെന്നു നിങ്ങൾക്കു നല്ലവണ്ണം അറിയാമല്ലോ. ജനക്ഷേമത്തെപ്പററി പ്രഭുവിനു ഇത്ര താല്പര്യം ഉള്ളപ്പോൾ ഗ്രാമാധികാരിയായ നിങ്ങൾ ഇത്ര ഉദാസീനത കാണിക്കുന്നതു് എന്തുകൊണ്ടാണു്? നിങ്ങൾ ദാക്ഷിണ്യമുള്ളവനായിരുന്നുവെങ്കിൽ പ്രഭുവിന്റെ ധർമ്മശീലത കണ്ടു നിങ്ങളുടെ മനസ്സിളകുകയും പ്രജകൾക്കു ക്ഷേമം വരുത്താൻ ഉപേക്ഷകാണിച്ചതിനെക്കുറിച്ചും ഊരു് ഇത്ര മോശസ്ഥിതിയിലാവാൻ അനുവദിച്ചതിനെക്കുറിച്ചും നിങ്ങൾ പശ്ചാത്താപപ്പെടുകയും ചെയ്യുമായിരുന്നു. നിങ്ങളുടെ ഏതാനും സുഹൃത്തുക്കൾ വിട്ടു നിങ്ങളുടെ ചിലവുകൾ എന്നാവും ചുരുക്കിപ്പിടിച്ചു കൂട്ടുപാടുകൾ നടത്താൻ മുമ്പനായിനിന്നു നിങ്ങൾ നമ്മുടെ പ്രഭുവിന്റെ ക്ലേശങ്ങൾ ലഘൂകരിപ്പാനും ഗ്രാമാധികാരിയുടെ മുറകൾ ശരിയായി നടത്താനും ശ്രമി

ള്ളേണ്ടതായിരുന്നു. ഇതിനെ സൂക്ഷിച്ചുവെച്ചു പണംകൊണ്ടു നിങ്ങൾ സാധുക്കളെ സഹായിക്കുകയും തരിശായി കിടക്കുന്ന സ്ഥലങ്ങൾ കൃഷിച്ചു ഉപയോഗപ്പെടുത്തുകയും മററനേകവിധത്തിൽ ഊരിന്റെ സ്ഥിതി നന്നാക്കാൻ പരിശ്രമിക്കുകയും ചെയ്യേണ്ടതായിരുന്നു.'

'അതിനുപകരം നിങ്ങളുടെ പുരാതനഭവനം പൊളിച്ച് നിങ്ങളുടെ സ്വന്തസുഖത്തിനുവേണ്ടി ഒരു പുതിയ ഭവനം കെട്ടുവാൻ നിങ്ങൾ ആഗ്രഹിക്കുന്നു. സ്വാർത്ഥപരമായ ഈ ആഗ്രഹം നിറവേറ്റാൻവേണ്ടി നിങ്ങൾ കടം വാങ്ങാനും ഇച്ഛിക്കുന്നു. ഇതു കൂനിന്മേൽകുരു എന്ന കൂട്ടത്തിൽ ആവില്ലേ? ഇതിനെപ്പററി നമ്മുടെ പ്രഭു അറിഞ്ഞാൽ നിങ്ങൾ സ്വാമി ഭക്തിയുള്ളവനാണെന്നു അദ്ദേഹത്തിനു വിചാരിക്കാൻ വഴിയുണ്ടോ? ഇതു ഗ്രാമവാസികൾ അറിഞ്ഞാൽ നിങ്ങൾ അവരുടെ ശത്രുവാണെന്നു കരുതി അവർ ഈർഷ്യയോടുകൂടി നിങ്ങളെ ദൂഷ്യം പറയാതിരിക്കുമോ? അപ്പോൾ നിങ്ങളുടെ പുതിയ ഭവനം എത്രതന്നെ ഭംഗിയുള്ളതായിരുന്നാലും അതിൽ മനസ്സമാധാനത്തോടും സൌഖ്യത്തോടുംകൂടി നിങ്ങൾക്കു താമസിക്കാൻ കഴിയുമോ? നിങ്ങളുടെ വീടിനു പഴക്കംകൊണ്ടു കുറെ കേടുപാടുകൾ വന്നിട്ടുണ്ടെങ്കിലും അതു താമസിക്കാൻ പാടില്ലാത്തവിധത്തിൽ ആയിട്ടില്ലല്ലോ. നിങ്ങളുടെ അയൽവക്കക്കാരുടെ വീടുകൾ നോക്കുക. കാററും മഴയും അകത്തു കടക്കാത്ത വീടുകൾ എത്ര ദുർല്ലഭമാണ്? ഈ വീടുകളും നിങ്ങളുടെ വീടുകളുമായി അജഗജാന്തരം വ്യത്യാസമില്ലേ? എങ്കിലും നിങ്ങൾ പണം കടം വാങ്ങാൻ വേണ്ടി എന്റെ അടുത്തുവന്നതിനെക്കുറിച്ചു ഞാൻ സന്തോഷിക്കുന്നു. എന്തുകൊണ്ടെന്നാൽ നിങ്ങളെ ഉപദേശിക്കാൻ എനിക്കു മറെറാരുവിധത്തിലും കിട്ടാത്തതായ ഒരവസരം ഇപ്പോൾ കിട്ടിയല്ലോ. എന്റെ വാക്കുകൾ ശരിയാണെന്നു നിങ്ങൾക്കു തോന്നുന്നുണ്ടെങ്കിൽ നിങ്ങളുടെ ഭവനം പുതുതാക്കണമെന്നുള്ള ആലോചന നിർത്തിവെക്കുക. നിങ്ങൾ എന്നോടാവശ്യപ്പെട്ട പണം ഞാൻ കടം തന്നു എന്നു മനസ്സിൽ വിചാരിച്ചാലും. അതു അഞ്ചുകൊല്ലംകൊണ്ടു നിങ്ങൾ വീട്ടിത്തരണം. വീടുപണി കഴിക്കാതെ നിങ്ങൾക്കു ഈ പണം മടക്കിത്തരാൻ സാധിക്കില്ലെങ്കിൽ വീടുപണി അവസാനിപ്പിച്ചതിന്റെശേഷം നിങ്ങൾക്കു അങ്ങിനെചെയ്യാൻ കഴികയില്ലെന്നത് നിശ്ചയം തന്നെ. കടംവീട്ടാൻ സാധിക്കില്ലെന്നു അറിഞ്ഞുംകൊണ്ട് നിങ്ങൾ പണം കടം വാങ്ങുന്നതായാൽ നിങ്ങളുടെ പ്രവൃത്തി ചതിയാണ്. എന്നാൽ വീടുപണി കഴിച്ചു എന്റെ കടംവീട്ടാൻ നിങ്ങൾക്കു സാധിക്കുമെങ്കിൽ വീടുപണി കഴിക്കാതെ അതേ സംഖ്യ തരുവാൻ നിങ്ങൾക്കു പ്രയാസമുള്ളതല്ലല്ലോ. അതുകൊണ്ടു കടം വാങ്ങാതെ തന്നെ അഞ്ചുകൊല്ലംകൊണ്ടു 20 പൊന്നുരുപ്പിക എന്റെ പക്കൽ തരുവാൻ ശ്രമിച്ചാലും. നിങ്ങൾ അങ്ങിനെ ചെയ്താൽ നിങ്ങൾക്കു സ്വന്തം നിലയിൽ സാധുക്കളെ സഹായിക്കാനോ തരിശുസ്ഥലങ്ങൾ കൃഷിക്കുപയോഗപ്പെടുത്താനോ കഴിയുന്നതല്ലെങ്കിലും നിങ്ങളുടെ പണംകൊണ്ടു നിങ്ങൾക്കുവേണ്ടി അതെല്ലാം ഞാൻചെയ്യാം. എന്നാൽ അതു നിങ്ങൾനേരിട്ടുചെയ്യുന്ന ഉപകാരംപോലെതന്നെയാണ്.”

'നിങ്ങളുടെ ഊരുകാർ കഷ്ടപ്പെട്ടപ്പോൾ നിങ്ങൾ മുമ്പനായിനിന്നു അവരുടെ കഷ്ടപ്പാടുകളിൽ പങ്കുകൊള്ളേണ്ടതു നിങ്ങളുടെ മുറയാണ്. അവർക്കു സമ്പൽസമൃദ്ധിയുണ്ടാകുമ്പോൾ ഒരു പുതിയ വീടു പണിചെയ്യിക്കണമെന്നുള്ള നിങ്ങളുടെ ആഗ്രഹം ന്യായമായിരിക്കും. അപ്പോൾ ആ ആഗ്രഹം സാധിപ്പിച്ചുതരാമെന്നു ഞാൻ ഏല്ക്കുന്നു. അങ്ങിനെയാണെങ്കിൽ ജനങ്ങൾക്കു നിങ്ങളുടെ നേരെ വല്ല വിരോധവും തോന്നാനോ വല്ലവർക്കും നിങ്ങൾ സ്വാർത്ഥതല്പരനാണെന്നു വിചാരിപ്പാനോ വഴിയില്ലാതാവും. നിങ്ങൾ എന്റെ ഉപദേശം കൈക്കൊള്ളാതിരുന്നാൽ നിങ്ങളുടെ

ജനസ്വാധീനം ക്ഷണത്തിൽ ക്ഷയിക്കുകയും ജനങ്ങൾ നിങ്ങളെ ദ്വേഷിക്കുകയും പുതിയ വീട്ടിൽ മനസ്സമാധാനത്തോടുകൂടി താമസിപ്പാൻ നിങ്ങൾക്കു അസാദ്ധ്യമായി വരികയും ചെയ്യുന്നതാണ്.'

സന്തകവിന്റെ ഉപദേശം എർസോവിന്റെ ഹൃദയത്തിൽ നല്ലവണ്ണം പതിയുകയും അവൻ വീട്ടുപണിക്കുള്ള കരാറുകളെല്ലാം ഉടനെ നിർത്തൽ ചെയ്യുകയും ചെയ്തു. അവൻ അത്യന്തപരിശ്രമം ചെയ്തു താൻ കൊടുക്കാൻ ഏറ്റിരുന്ന പണം കൊല്ലംതോറും പലിശയോടുകൂടി സന്തകവക്കൽ കൊടുത്തു എന്നുമാത്രമല്ല തന്റെ സ്വന്തം വകയായ വളരെ മരങ്ങൾ മുറിപ്പിച്ചു് അവവിറ്റുകിട്ടിയ പണം സന്തകവിനു ദാനമായ്കൊടുക്കുകയും ചെയ്തു.

പിന്നീടു ആ ഊര് പൂർവ്വസ്ഥിതിയിൽ വന്നു് അവിടെ എല്ലാ കുടുംബക്കാർക്കും സുഖമായി താമസിപ്പാൻ ഓരോ വീടുകൾ ഉണ്ടാവുകയും അവർക്കു ക്ഷേമവും തൃപ്തിയും വരികയും ചെയ്തപ്പോൾ സന്തക ആയിരം പൌണ്ടുവീതം ചിലവു ചെയ്തു മൂന്നുനിലയുള്ള വീടുകളേക്കാൾ എത്രയോ വിശേഷമായ ഒരു ഭവനം പണിചെയ്യിച്ചു് അതു എർസോവിനു കൊടുത്തു. ഇതിൽ ഗ്രാമാധികാരിക്കും ഗ്രാമനിവാസികൾക്കും ഒരുപോലെ സന്തോഷം ഉണ്ടായി. തങ്ങളുടെ നന്മക്കുവേണ്ടി ഗ്രാമാധികാരി സന്തകവക്കൽ പണം കൊടുത്തിരുന്നതിനെപ്പററി അവർക്കു് അറിവുണ്ടായിരുന്നതുകൊണ്ടു യാതൊരാൾക്കും ഇതിനെക്കുറിച്ചു അസൂയയുണ്ടായില്ല. സന്തക പിന്നെ രണ്ടു വീടുകൾ കൂടി പണിചെയ്യിച്ചു് അവയെ എർസോവിന്റെ കുടുംബത്തിൽ മുതിർന്നവരായ രണ്ടുപേർക്കു കൊടുത്തു. ഗ്രാമാധികാരിക്കു് അളവററ സന്തോഷവും നന്ദിയും ഉണ്ടായി എന്നു പറയേണ്ടതില്ലല്ലോ.

IX

മനായമം എന്ന ദിക്കിൽ കിഷീമൻ എന്നു പേരായ ഒരു ധനികനായ കൃഷിക്കാരൻ താമസിച്ചിരുന്നു. അവൻ സമ്പന്നനും കടുപ്പസ്വഭാവക്കാരനും ഒരു ലുബ്ധനും ആയിരുന്നു. ആദ്യംമുതല്ക്കേ അവൻ സന്തകവിനെ നിന്ദിക്കുകയും ജനങ്ങൾ അയാളെ ബഹുമാനിക്കാതിരിക്കാൻ വേണ്ടുന്ന ശ്രമങ്ങൾ ചെയ്യുകയും ചെയ്തു. അവൻ പാട്ടുപാടിയും വീണ വായിച്ചും സമയം വെറുതെ കളയുകയും സന്തകവിന്റെ ഉപദേശങ്ങളെക്കുറിച്ചു തനിക്കുള്ള വെറുപ്പിനെ പലവിധത്തിലും പ്രത്യക്ഷമാക്കിക്കാണിക്കുകയും ചെയ്തു. ഏഴു കൊല്ലത്തോളം അവൻ ഇങ്ങിനെ വൃഥാ കാലക്ഷേപം ചെയ്യുന്നതിനെ വിലക്കാതെ സന്തക ക്ഷമിച്ചിരുന്നു. സന്തകവിന്റെ പുതിയ ഏർപ്പാടുകൾ ക്രമേണ ഫലാന്വിതങ്ങളായിക്കാണുകയും അയാളുടെ ഗുണഗണങ്ങൾ അധികമധികം പ്രകാശിച്ചുതുടങ്ങിയതുകൊണ്ടു അയാൾ യോഗ്യനാണെന്നു സമ്മതിക്കേണ്ടിവരികയും ചെയ്തപ്പോൾ കിഷീമൻ ഒരുദിവസം തന്നെത്താൻ വിചാരിച്ചു.

'ഈ സ്ഥലം പരിഷ്കരിച്ചു നന്നാക്കാൻവേണ്ടി രാജധാനിയിൽനിന്നു കീഴ്ക്കടെ പല ഉദ്യോഗസ്ഥന്മാരെ അയക്കപ്പെട്ടിട്ടുണ്ടെങ്കിലും അവരിൽ ഒരാൾക്കെങ്കിലും ഒരു കൊല്ലം തികച്ചു ഇവിടെ ഇരിക്കാൻ കഴിഞ്ഞിട്ടില്ല. ചിലർ പണി രാജിവെച്ചുപോവുകയും മററു ചിലർ മര്യാദകെട്ട പ്രവൃത്തികൾ ചെയ്തു ചാടിപ്പോവുകയും ചെയ്തു. എന്തു ഏർപ്പാടുകൾ ചെയ്താലും സന്തകവിന്റെ ഗതിയും ഇപ്പടിയാവുമെന്നു ഞാൻ വിചാരിച്ചിരുന്നു. എന്നാൽ ഓരോ ദിവസം ചെല്ലുന്തോറും അയാളുടെ ശ്രമം അധികമധികം ഫലിച്ചുകാണുന്നതുകൊണ്ടു അടുത്ത കാലത്തു ഈ ഊരുകളെല്ലാം നല്ല സ്ഥിതിയിൽ വരുമെന്നു തീർച്ചയാണ്. അതുകൊണ്ടു സന്തകവിനു എതിരായി പ്രവൃത്തിച്ചുകൊണ്ടു കാലക്ഷേപം കഴിച്ചാൽ താമസംകൂടാതെ അതിനുള്ള ശിക്ഷ ഞാൻ അനുഭവിക്കേണ്ടിവരും. കീഴ്ക്കടെയുള്ള എന്റെ തെററുകൾക്കു അയാളോടു മാപ്പു ചോദിച്ചു അയാൾക്കുവേണ്ട ഒത്താശകൾ

ചെയ്താൽ മേലിൽ അലട്ടുകൂടാതെ കഴിക്കാം.'

സനതകവിൻെറ പ്രവൃത്തി വളരെ ശ്ലാഘനീയമാണെന്നു താരിക്കു ബോദ്ധ്യംവന്നിരിക്കുന്നു എന്നും അയാൾക്കു വേണ്ട ഉത്താരകൾ ചെയ്യുവാൻതന്നെ അനുവദിക്കേണമെന്നും സനതകവിനോടു പറയാനായി അവൻ ഒരാളെ അയച്ചു. തൻെറ നേരെ അവൻ കീഴ്ക്കടെ കാണിച്ച വിരോധത്തെപ്പററി ഒരു വാക്കുപോലും പറയാതെ സനതക അവൻെറ അപേക്ഷയെ സന്തോഷപൂർവ്വം കൈക്കൊണ്ടു. കിഷീമൻ ഉടനെ തന്നെ കച്ചേരി സ്ഥലത്തു പോയി സനതകവിൻെറ ഏർപ്പാടുകളുടെ പൊതുവായുള്ള രീതിയെപ്പററിയും സമ്പ്രദായത്തെപ്പററിയുമുള്ള സനതകവിൻെറ ഉപദേശങ്ങൾ ശ്രദ്ധവെച്ചു കേട്ടു.

സനതക ഉപദേശിച്ച മഹത്തായ തത്വങ്ങൾ കിഷീമൻെറ മനസ്സിൽ നല്ലവണ്ണം പതിഞ്ഞതുകൊണ്ടു അവൻ ദിവസംതോറും ജനക്ഷേമത്തിനുവേണ്ടി അദ്ധ്വാനിച്ചുതുടങ്ങി. എന്നാൽ ഗ്രാമക്കാരൊക്കെ അവനെ വിശ്വാസമില്ലാതിരുന്നതുകൊണ്ടു അവൻ പറയുന്നതൊന്നും അവർ വകവെച്ചില്ല. അതുകൊണ്ടു അവനു വളരെ വ്യസനമുണ്ടായി. ഇതുകണ്ടു സനതക അവനു പിന്നെയും ഉപദേശം കൊടുത്തു.

സനതക പറഞ്ഞു 'നിങ്ങളുടെ കീഴ്ക്കടെയുള്ള നടവടികളെപ്പററി പശ്ചാത്തപിച്ചു നിങ്ങൾ ഇപ്പോൾ പൊതുജനക്ഷേമത്തിനു വേണ്ടി നിഷ്പ്രയാസമായി പരിശ്രമിക്കുന്നുണ്ടെങ്കിലും ജനങ്ങൾക്കു നിങ്ങളുടെ സ്വഭാവത്തിന്നുണ്ടായ മാററത്തെ മനസ്സിലാക്കാൻ കഴിയാത്തതുകൊണ്ടാണ് അവർ നിങ്ങളെ വിശ്വസിക്കാത്തത്. സ്വാർത്ഥബുദ്ധി തീരെ വിട്ടുകളയാൻ വളരെ ഞെരുക്കമാണെങ്കിലും നിങ്ങൾ അതിനെ ഉപേക്ഷിക്കാത്തപക്ഷം ജനങ്ങൾ നിങ്ങളെ വിശ്വസിക്കുന്നതല്ല.'

സനതക പറയുംപോലെ നടന്നുകൊള്ളാമെന്നു കിഷീമൻ ഏല്ക്കുകയും തൻെറ സ്വാർത്ഥബുദ്ധി വിട്ടുകളയേണ്ടതിന്നു താൻ ആദ്യമായി ചെയ്യേണ്ടതു് എന്താണെന്നു അയാളോടു ചോദിക്കുകയും ചെയ്തു.

സനതക ഉത്തരം പറഞ്ഞു. 'നിങ്ങൾ സമ്പാദിച്ച പണമെല്ലാം സാധുക്കൾക്കായി കൊടുക്കുക. നിങ്ങളുടെ സകല സമ്പത്തുക്കളും വിററുകിട്ടുന്ന പണവും അവർക്കുതന്നെ കൊടുക്കുക. സ്വാർത്ഥവിചാരമെല്ലാം തീരെ കളഞ്ഞ് തൻെറ സ്വത്തെല്ലാം ദരിദ്രന്മാരുടെ രക്ഷക്കായി വിനിയോഗിച്ച തൻെറ ജീവിതം മുഴുവനും ഒരു നല്ല കാര്യം നിർവഹിക്കുന്നതിനു ഉപയോഗിക്കുന്നതിനേക്കാൾ മഹത്തായ കൃത്യം എന്താണുള്ളതു്?

'യാംതാതപൂരാനിഷ്ഠീപിച്ചുവസിക്കയോ [ളം
അളളതൊരാംഹ്യൂള്ളതുകൾജീവിക്കുന്നു
അല്പ്രാതൊരുത്തൻ പരോപകാരി ജീവിക്കുന്നു
സത്പുരുഷനായവർതന്നെ സാധുതയായവർത [ന്നേ'

നിങ്ങളുടെ ഇതേവരെയുള്ള പ്രവൃത്തി നിങ്ങളുടെ സ്വന്തം ലാഭവും സുഖവും മാത്രം ഉദ്ദേശിച്ചായിരുന്നു എന്നു വെളിപ്പെടുന്നു. പരോപകാരം ചെയ്യാതെ സ്വാർത്ഥം മാത്രം ഉദ്ദേശിച്ചു് പ്രവൃത്തിക്കുന്നതു് മൃഗധർമ്മമാണു്.

'ലോകത്തിൽപറക്കുന്നപതത്രങ്ങൾകിളി (കളും
കേവലംതന്നെത്താനേപോററിരക്ഷിക്കുന്നി [ല്ലേ'

ഉൽകൃഷ്ടമായ മനുഷ്യജന്മം ലഭിച്ചിട്ടു് കേവലം മൃഗങ്ങളെപ്പോലെ കാലക്ഷേപം ചെയ്യുന്നതു് എത്ര കഷ്ടമായ അവസ്ഥയാണു്? നിങ്ങൾ എൻെറ ഉപദേശം കേട്ടുകൊണ്ടു് കേവലം മൃഗപ്രായമായ ജീവിതം വെടിഞ്ഞു് പരഹിതകാംക്ഷിയായി മേലിൽ സൽപ്രവൃത്തികളിൽ ഏർപ്പെടുന്നതായാൽ സ്വാർത്ഥവിചാരംകൊണ്ടു് ദൂഷിതമായ നിങ്ങളുടെ 'ചേതോദർപ്പണത്തിൻെറ മാലിന്യമെല്ലാം തീർന്നു' നിങ്ങൾ നിർമ്മലഹൃദയനായിത്തീരും. പിന്നെ നിങ്ങൾ

ടെ പ്രവൃത്തിഗുണംകണ്ട് ജനങ്ങളുടെ മനസ്സലിയുകയും അവക്ക് നിങ്ങളിൽ നല്ല വിശ്വാസം ജനിക്കുകയും ചെയ്യുമെന്നുള്ളതിന്ന് ലേശം സംശയമില്ല.'

കിഷീമൻ ഈ വാക്കുകളെ സന്തോഷസന്താപമിശ്രിതമായ ഭാവത്തോടുകൂടി കേട്ടു. താൻ എന്താണ് പ്രവൃത്തിക്കേണ്ടതെന്ന പെട്ടെന്ന് തീച്ചപ്പെടുത്താൻ അവന്ന കഴിഞ്ഞില്ല. ധമ്മമാഗ്ഗം അനുസരിച്ച് പ്രവൃത്തിക്കേണമെന്ന അവന്ന് മോഹമുണ്ടായി എങ്കിലും സനതകയിന്റെ ഉപദേശപ്രകാരം നടന്നാൽ തന്റെ കുഡുംബം കഷ്ടത്തിലായെങ്കിലൊ എന്ന അവന്ന് ഭയമുണ്ടായി.

സനതക വീണ്ടുംപറഞ്ഞു. 'നിങ്ങളുടെ കുഡുംബം കഷ്ടസ്ഥിതിയിലാകയില്ലെ എന്ന വിചാരിച്ചാണൊ നിങ്ങൾ സംശയിക്കുന്നത്. നിങ്ങൾ എന്റെ ഉപദേശപ്രകാരം നിവ്വ്യാജമനസ്സോടുകൂടി നിങ്ങളുടെ സ്വത്തെല്ലാം വിട്ട് സാധാരണ ജനങ്ങളുടെ രീതിയുപേക്ഷിച്ച് പ്രവൃത്തിക്കുന്നതായാൽ നിങ്ങൾ പട്ടിണികിടന്ന് ബുദ്ധിമുട്ടുന്നത് ഞാൻ അലസമായികണ്ടു നില്ക്കുമെന്നാണൊ നിങ്ങൾ വിചാരിക്കുന്നു. നിങ്ങൾ ചെയ്യേണ്ട മുറകൾ നിങ്ങൾ ചെയ്യണം. എന്റെ മുറ ഞാൻ ചെയ്യും. തങ്ങളുടെ സ്വന്തകാരണംകൊണ്ട് ഊണും വീടും ഇല്ലാത്തവക്കുകൂടി ഞാൻ സഹായിച്ച് പണം സമ്പാദിക്കാനുള്ള വഴിയുണ്ടാക്കിക്കൊടുക്കുന്നു. നിങ്ങളുടെ സവ്വസ്വവും ഉപേക്ഷിച്ച് നിങ്ങളുടെ പ്രഭുവിന്നും സഹജീവികൾക്കുംവേണ്ടി അനന്യചിന്തയോടുകൂടി നിങ്ങൾ പരിശ്രമംചെയ്യുന്നതായാൽ ഇത്ര ധമ്മബുദ്ധി പ്രദശിപ്പിച്ചവന്റെ സങ്കടവേളയിൽ ഞാൻ സഹായംചെയ്യാതിരുന്നാൽ എന്റെ മുറ ഞാൻ ചെയ്തതായി വിചാരിക്കപ്പെടുമൊ? സ്വാത്മമോഹിതനായി കേവലം മൃഗധമ്മം അനുസരിച്ച് നിങ്ങൾ കാലക്ഷേപം ചെയ്യുന്നതിൽ എനിക്കുള്ള വ്യസനംകൊണ്ട്. ഞാൻ നിങ്ങൾക്ക ധമ്മമാഗ്ഗത്തെ ഉപദേശിച്ചുതന്നതാണ്.'

തന്റെ ഹൃദയം വലിഞ്ഞൊഴുകുന്ന അപാരമായ ദയയോടും വിഷാദത്തോടുംകൂടി സനതക ഇപ്രകാരം പറഞ്ഞത് കിഷീമന്റെ മനസ്സിൽ വല്ലാതെകൊണ്ടു. താൻ ചെയ്യാൻപോകുന്നത് ഇന്നതാണെന്ന് അവൻ അപ്പോൾതന്നെ തീച്ചപ്പെടുത്തി ഇങ്ങിനെപറഞ്ഞു. 'നിങ്ങൾ ദയവുചെയ്ത് സന്മാഗ്ഗരീതിയെ എനിക്ക ഉപദേശിച്ചുതന്നു. അതനുസരിച്ച് ഞാൻ നേരായ മാഗ്ഗത്തിൽകൂടി നടന്നുകൊള്ളാം'

അവൻ ഉടനെതന്നെ വീട്ടിൽചെന്ന് തന്റെ നിശ്ചയത്തെപ്പറ്റി കുഡുംബക്കാരോട് പറഞ്ഞു അവർ അമ്പരന്നുപോയി. ചിലർ കരഞ്ഞുതുടങ്ങി. അതു കണ്ടപ്പോൾ കിഷീമന്റെ മനസ്സിന്നു ഇടഇളക്കമായി. തന്റെ വീട്ടിലുള്ള സ്ത്രീകൾ തന്റെ നിശ്ചയത്തെ അനുസരിക്കില്ലെന്നും അവരെ പറഞ്ഞു ബോദ്ധ്യപ്പെടുത്താൻ അസാദ്ധ്യമായിട്ടുള്ളതാണെന്നും സനതകയിനോട് പറയാനായി അവൻ ആളെ അയച്ചു.

സനതക വളരെ വ്യസനത്തോടുകൂടി മറുപടിപറഞ്ഞു 'ഈ കാര്യത്തിൽ സ്ത്രീകളാണൊ പിഴച്ചത്? അവർ ഒരിക്കലും തെറ്റുകാരല്ല. ആരാന്റെ അപരാധം എന്തിനാണ് വാരിയന്റെ പുറപ്പാത്ത് ഇടുന്നത്. മനസ്സിന്നു ലേശം ഉറപ്പില്ലാത്ത കിഷീമൻതന്നെയാണ് ഇതിൽ തെറ്റുകാരൻ അവന്റെ മനസ്സ് സ്വാത്മമാകുന്ന കാമ്മേഘത്താൽ മൂടപ്പെട്ടിരിക്കുന്നു. കഠിനഹൃദയന് ധമ്മമാഗ്ഗത്തിൽകൂടി നടക്കാൻ ഞെരുക്കമാണ്. ഇത്ര അല്പബുദ്ധിയായ ഒരുവന്ന് അത്ര മഹത്തായ ഉപദേശം കൊടുത്തതിൽ തെറ്റുകാരൻഞാൻതന്നെയാണ്. പോത്തിന്റെ ചെവിയിൽ വീണവായിച്ചാൽ വല്ല ഫലവും ഉണ്ടാവുമൊ?

കിഷീമന്റെ ആൾ മടങ്ങിച്ചെന്ന് സനതക പറഞ്ഞതെല്ലാം അവനോടുപറ

ഞ്ഞു. അവന്റെ മുഖത്ത് ശോകരസം സ്ഫുരിച്ചു. തന്റെ കുഡുംബക്കാർ തെറ്റുകാരല്ലെന്നും ഏറ്റവും ചപലമായ തന്റെ മനസ്സിനെയാണ് കുറ്റപ്പെടുത്തേണ്ടതെന്നും അവന് സമ്മതിക്കേണ്ടിവന്നു. പിന്നെ മനസ്സിനെ ദൃഢമായി ഉറപ്പിച്ച് അവൻ തന്റെ സ്വത്തെല്ലാം വിറ്റുതുടങ്ങി. വിറ്റു കിട്ടിയ ഒരു പൊന്നുറുപ്പിക സന്തകവിന്റെ വക്കൽകൊടുത്ത് അവൻ ഇങ്ങിനെ പറഞ്ഞു 'സാധുക്കളെ ഏതുവിധത്തിലാണ് സഹായിക്കേണ്ടതു എന്ന് എന്നെപ്പോലെയുള്ള മൂഢാത്മാക്കൾക്ക് എങ്ങിനെ അറിയാൻ കഴിയും? ദയവുചെയ്ത് ഈ പണവുംകൂടി നിങ്ങളുടെ അധീനത്തിലുള്ള ധനത്തോടുകൂടി ചേർത്ത് നിങ്ങൾക്ക് ഏറ്റവും നല്ലതെന്നുതോന്നുന്നവിധത്തിൽ ഉപയോഗിച്ചാലും'

അവന്റെ നിർവ്യാജതയെപ്പറ്റി സന്തക പ്രശംസിച്ച് അവൻ കൊടുത്ത പണം സ്വീകരിക്കുകയും തരിശായികിടന്നിരുന്ന ചില സ്ഥലങ്ങൾ വെട്ടിത്തെളിയിക്കാൻ പറഞ്ഞു അവന്റെ സഹായത്തിന്നായി കുറെ കൂലിക്കാരെ അയച്ചുകൊടുക്കുകയും ചെയ്തു. ക്ഷണകാലംകൊണ്ട് അവൻ വളരെ ഏക്രസ്ഥലം തരിശുനീക്കി കൃഷിചെയ്യത്തക്കതാക്കിത്തീർത്തു. അതിന്നശേഷം സന്തക ആ തെളിഞ്ഞനിലമെല്ലാം കിഷീമന്റെ പേരിൽ പതിച്ചുകൊടുത്ത് ഇപ്രകാരം പറഞ്ഞു. 'ഈ നിലങ്ങൾ നിങ്ങൾക്ക് മുമ്പുണ്ടായിരുന്നവയേക്കാൾ ഇരട്ടി നല്ലതാണ്. ഈ കൊല്ലംമുതല്ക്കു നിങ്ങൾ അതിൽ കൃഷിചെയ്യാം. നിങ്ങളുടെ പഴയനിലങ്ങൾക്ക് നിങ്ങൾ അധികമായ നികുതി കൊടുത്തുവന്നിരുന്നു. എന്നാൽ ഈ നിലങ്ങൾക്ക് വളരെ കാലത്തിന്നു നിങ്ങൾ നികുതിയൊന്നും കൊടുക്കേണ്ട ആവശ്യമില്ല. ലാഭം കിട്ടാതിരുന്ന നിങ്ങളുടെ പഴയനിലങ്ങൾ വിറ്റ് നിങ്ങൾ സാധുക്കളെ സഹായിച്ചു. ഇനി ലാഭമുള്ള ഈ നിലം കൃഷിചെയ്താൽ നിങ്ങളുടെ ആദായം ഇരട്ടിക്കുന്നതാണ്. ഇപ്രകാരം ഇരുഭാഗക്കാർക്കും ലാഭമുണ്ടാകുന്നു. ആർക്കും നഷ്ടവുമില്ല.'

ഏറ്റവും മുൻകാഴ്ചയോടുകൂടിയ സന്തകവിന്റെ ഏർപ്പാടിന്റെ ഫലോദയം കണ്ട്, കിഷീമന് വളരെ ആശ്ചര്യമുണ്ടായി. അവൻ പുതിയ വയലുകൾ കൃഷിചെയ്യാൻ പൂർവ്വാധികമായ പരിശ്രമങ്ങൾ ചെയ്തുതുടങ്ങി. സന്തകവിന്റെ സദുപദേശപ്രകാരം നടന്നതുകൊണ്ട് അവൻ ജനങ്ങളുടെ വിശ്വാസത്തിന്നും ബഹുമതിക്കും പാത്രമായിത്തീരുകയും അല്പകാലംകൊണ്ട് അവൻ പണ്ടത്തേക്കാൾ എത്രയോ അധികം ധനികനായിത്തീരുകയും ചെയ്തു.

X

ക്രിസ്ത്വബ്ദം 1838-ാമാണ്ടിലെ വേനൽകാലത്ത് നല്ല തണുപ്പും മഴയും ഉണ്ടായി. ഒരു ദിവസം സന്തക ഒരു കിഴങ്ങു തിന്നപ്പോൾ അതിന്റെ സ്വാദ് സാധാരണപോലെ അല്ലാത്തതായിക്കണ്ട് തന്നെത്താൻ പറഞ്ഞു. 'ഇപ്പോൾ വേനൽ ഇടതിരുവുള്ള എങ്കിലും ഈ കിഴങ്ങിന്റെ സ്വാദ് കഴിഞ്ഞ ശരൽകാലത്ത് പറിച്ച കിഴങ്ങിന്റെ സ്വാദുപോലെതോന്നുന്നുണ്ട്. ഈ കൊല്ലത്തിൽ വേനൽകാലം ഉണ്ടാവില്ലെന്ന് തന്നെയാണ് ഇതുകൊണ്ട് സൂചിപ്പിക്കുന്നത്. നെല്ല് മുതലായ ധാന്യങ്ങൾ നല്ലവണ്ണം വിളയുകയില്ല. അവയെല്ലാം വളരെ മോശസ്ഥിതിയിലായിരിക്കും. ഈ വരാൻ പോകുന്ന ആപത്തിനെ തടുക്കാൻവേണ്ടി മുൻകൂട്ടി ഭക്ഷണദ്രവ്യങ്ങൾ ശേഖരിക്കാഞ്ഞാൽ ജനങ്ങളെല്ലാം പട്ടിണികിടക്കേണ്ടിവരും' പിന്നെ താഴെ പറയുംപ്രകാരം ഒരു വിളംബരം സന്തക ആ മൂന്നു ഗ്രാമക്കാരേയും കൊട്ടി അറിയിച്ചു. 'കാലക്കേടുകൊണ്ട് ഇക്കൊല്ലത്തെ വിളവുകളെല്ലാം നശിച്ചുപോകുന്നതാണ്. ക്ഷാമനിവാരണത്തിന്നുവേണ്ടുന്ന മുൻകരുതലുകൾ നാം ചെയ്യണം. എല്ലാകുഡുംബക്കാർക്കും, കാൽ ഏക്ര നിലത്തിന്നുള്ള നികുതി ഞാൻ ഈ കൊല്ലത്തിൽ വിട്ടുകൊടുക്കുന്നതാണ്. പ

ട്ടിണികൂടാതെ കഴിക്കാൻവേണ്ടി ഉടനെ ആ സ്ഥലത്ത് നിങ്ങൾ തിനവിതക്കണം. ഇത് അത്യാവശ്യമായിട്ടുള്ളതാണ്. എല്ലാ കൃഷിക്കാരും ഈ വിധം ചെയ്യാൻ പ്രത്യേകം ശ്രദ്ധവെക്കണം'.

ഇതുകേട്ടപ്പോൾ ആളുകൾ ചിരിച്ചുതുടങ്ങി. 'സന്തക മിടുക്കനാണെങ്കിലും ധാന്യങ്ങളുടെ ഭാവിസ്ഥിതിയെപ്പററി ആർക്കെങ്കിലും എങ്ങിനെ പറയാൻ കഴിയും? എല്ലാകൃഷിക്കാരും കാൽ എക്ര സ്ഥലത്ത് തിനവിതയ്ക്കുന്നതായാൽ ഈ മൂന്നു ഗ്രാമങ്ങളിലുംകൂടി എത്രതിനയുണ്ടാവുമെന്നതിന്നു കണക്കില്ല. അതെല്ലാം നാം എവിടെയാണ് സൂക്ഷിക്കേണ്ടതു. എന്നാലും പാവപ്പെട്ടവരും കൂടി ഭക്ഷിക്കാത്ത ഒരു ധാന്യം കൃഷിചെയ്തിട്ട് എന്താണ് പ്രയോജനം? ഇത് എന്തൊരു അസംബന്ധമായ വിളംബരമാണ്?' എന്ന് ജനങ്ങൾ തമ്മിൽ പറഞ്ഞുതുടങ്ങി. എങ്കിലും കാൽ എക്ര സ്ഥലത്തിന്റെ നികുതി വിട്ടുകിട്ടിയതുകൊണ്ടും ആ സ്ഥലത്ത് തിന കൃഷിചെയ്തുകൊള്ളണമെന്നു പ്രത്യേകം കല്പനയുണ്ടായിരുന്നതുകൊണ്ടും കല്പന ലംഘിച്ചാലുണ്ടാവുന്ന ഭവിഷ്യത്തിനെ ഭയപ്പെട്ടും എന്തെങ്കിലുമാവട്ടെ എന്നുവെച്ചു ജനങ്ങൾ വൈമനസ്യത്തോടുകൂടി തിനകൃഷിചെയ്തുതുടങ്ങി.

വേനൽക്കാലം മുഴുവനും മഴയും തണുപ്പുമായിരുന്നു കഴിഞ്ഞതു. സന്തക മുൻകൂട്ടി കണ്ടപ്രകാരം എല്ലാദിക്കിലും വിളവുകൾ നാശമായി. ദ്വീപിന്റെ വടക്കൻദിക്കുകളിൽ മുഴുവനും ക്ഷാമം ബാധിച്ചു. അസംഖ്യം ജനങ്ങൾ പട്ടിണിതന്നെ ആഹാരമായിത്തിന്നു. എന്നാൽ സന്തകവിന്റെ മുൻകാഴ്ചയുടെ ഫലമായി സാധാരണ ഭക്ഷണദ്രവ്യങ്ങളുടെ കുറവു തിനകൊണ്ടു തീർന്നതുകൊണ്ടു ആ മൂന്നു ഗ്രാമക്കാർ ബുദ്ധിമുട്ടുകൾ അനുഭവിക്കേണ്ടിവന്നില്ല. ഇത്ര മുൻകാഴ്ചയുള്ള ഭരണകർത്താവിന്റെ മേലെ ജനങ്ങൾക്ക് അതിയായ നന്ദിതോന്നി. അയാളുടെ വിളംബരത്തെപ്പററി പിറുപിറുത്തിരുന്നവരെല്ലാം തങ്ങൾ പ്രതികൂലം കാണിച്ചതിനെപ്പററി മനസ്താപപ്പെട്ടു.

(ഇരുതാ)

ജാതി അല്ലെങ്കിൽ വർണ്ണം

(വി. കെ. എം.)

ഗുണങ്ങളുടേയും കാര്യങ്ങളുടേയും താരതമ്യം നോക്കി താനാണ് ചാതുർവ്വർണ്യം സൃഷ്ടിച്ചതെന്ന് ഭഗവാൻ ശ്രീകൃഷ്ണൻ ഉപദേശിക്കുന്നു. ബ്രഹ്മാവിന്റെയോ മററോ ദേഹത്തിൽ ഓരോരോ ഭാഗത്തിൽ നിന്നാണ് ബ്രാഹ്മണ ക്ഷത്രിയ വൈശ്യ ശൂദ്രർ ഉണ്ടായതു എന്നു വേറെ സ്ഥലത്തു പറയുന്നു. കണ്ണു 'ചിമ്മി' വിശ്വസിക്കുന്നവരല്ലാത്തവർ ഈ രണ്ടാമത്തെ പക്ഷത്തെ വിശ്വസിപ്പാൻ തെല്ലു ഞെരുക്കമുണ്ടായേക്കാം. കൂടാതെ ഒരു ദേഹത്തിന്റെ രൂപവും മററു ഭാഗങ്ങളും തമ്മിൽ എത്രകണ്ടു മാഹാത്മ്യവ്യത്യാസമുണ്ടാകാം. തലക്കു കാലിനോടു തൊട്ടാൽ അശുദ്ധിയുണ്ടോ? ഒരു അവയവത്തിൽനിന്നു പുറപ്പെട്ട കൂട്ടർ തമ്മിൽതന്നെ ഇപ്പോൾ കാണുന്നപ്രകാരം ഗുണദോഷകാര്യത്തിലും മററും വ്യത്യാസം ന്യായമോ? ഗുണകാര്യങ്ങളാകുന്നു വർണ്ണവ്യത്യാസത്തിന്നു ഹേതു എങ്കിൽ ഒരേപോലെയുള്ള ഗുണകാര്യങ്ങളോടുകൂടിയവർ എല്ലാം ഒരു ജാതിയാകേണ്ടതല്ലയോ? ഇതു ഒഴിച്ചു വർണ്ണമാണ് വർണ്ണത്തിന്നു ഹേതു എങ്കിൽ മററും

അനവസ്ഥിതമല്ലല്ലൊ. മുൻകാലങ്ങളിൽ കാരണങ്ങൾ എന്തുതന്നെയായിരുന്നാലും ഈ കാലം കാരണം ജന്മമല്ലെങ്കിൽ ജനനവും ആചാരവുമാണെന്നു പറയുന്നതായാൽ അതിനും വൈപരീത്യങ്ങൾ കാണുന്നു. ജനനത്തെപ്പറ്റി ഒരു ആക്ഷേപം എത്രയും ചതുരത്തിൽ പറയാം. സജ്ജനങ്ങൾ മുഷിയാതിരിപ്പാനപേക്ഷ.

ഒരു ബ്രാഹ്മണൻ അയാളുടെ അമ്മയുടെ ഭർത്താവിന്റെ ബീജമല്ലെന്നു പ്രത്യക്ഷം വിഷമമുള്ള കാര്യമാണെന്നു വെക്കുക. ഈ ബ്രാഹ്മണൻ (നമ്പൂതിരി അല്ലെങ്കിൽ പട്ടര്) മരണപര്യന്തം ബ്രാഹ്മണനായി കഴിയുന്നു. ക്ഷേത്രത്തിൽ കടക്കുന്നു. ശാന്തി കഴിക്കുന്നു. ദാനം വാങ്ങി അനുഗ്രഹിക്കുന്നു. ബ്രാഹ്മണസ്ത്രീയെ വിവാഹം ചെയ്ത് സന്താനമുണ്ടാക്കുന്നു. ഈ സന്താനം ബ്രാഹ്മണനാണെന്നു പറയേണ്ടതില്ലല്ലോ. ചുരുക്കം ചിലപ്പോൾ ഈ ബ്രാഹ്മണന്റെ അമ്മക്കു വ്യഭിചാരം ആരോപിക്കയും തെളിയുകയും വ്യഭിചാരം ആരംഭിച്ചതിന്റെ ശേഷമാണ് ഈ യോഗ്യൻ ഉൽപ്പാദിച്ചതെന്നു കാണുകയും കീഴ്നാളിൽ ഉണ്ടായിട്ടില്ലാത്ത ഒരു സംഗതിയല്ലല്ലോ. ജനിച്ച സമയവും പിന്നെ അനേക സംവത്സരവും ബ്രാഹ്മണനെന്നു അനുഭവിക്കപ്പെട്ട ഈ സാധു വഴിയെ മറ്റൊരാളുടെ കാര്യദോഷത്തിന്റെ ശിക്ഷ അനുഭവിക്കുന്നതു ന്യായമോ? എങ്കിലും ഈ സാധുവിനെ ശിക്ഷിക്കുന്നുവല്ലോ. ഈ വിദ്വാൻ ഭ്രഷ്ടനാകും മുമ്പു ചെയ്ത പൂജാദികളും വാങ്ങിയ പ്രതിഗ്രഹങ്ങളും അയാളോടുകൂടി ഭക്ഷിച്ച ബ്രാഹ്മണരുടെ കഥയും ഓർക്കുക.

ആകപ്പാടെ വിചാരിക്കുമ്പോൾ ഈ ക്രിസ്ത്വാബ്ദം ഇരുപതാംനൂറ്റാണ്ടിൽ ജാതിക്കു കാരണം ഉല്പത്തിസ്ഥാനവുമല്ലാ ഗുണകാര്യങ്ങളുമല്ല. വർണ്ണവുമല്ല. ഗുണം അല്ലേ അല്ല. ഇതു നിഷേധിക്കുന്നവർ മനോവഞ്ചകന്മാരാണ്. ഉല്പത്തിസ്ഥാനമാണ് ഹേതു എങ്കിൽ ചാതുർവർണ്ണ്യമല്ലാതെയുള്ള. ഒരിക്കൽ ഒരു പ്രമാണി വാരിയര് യോഗ്യനായ ഒരു യൂറോപ്യനെ കാണ്മാൻ പോയി. എന്താണ് ജാതി എന്നു ചോദിച്ചതിനു വാരിയർ എന്നു മറുപടി പറഞ്ഞു. അതുകൊണ്ടു തൃപ്തനാകാതെ ബ്രാഹ്മണനാണോ എന്നു സായ്പ് ചോദിച്ചു. അല്ല എന്നു ഉത്തരം കേട്ടപ്പോൾ ക്ഷത്രിയനോ എന്നു ചോദിച്ചു. അതുമല്ല എന്നു പറഞ്ഞാറെ വൈശ്യനോ ശൂദ്രനോ എന്നു ക്രമേണ ചോദിച്ചു. രണ്ടും അല്ല എന്നു കേട്ട സമയം 'വർണ്ണാനാം പഞ്ചധാതപനോശ്രുതം' എന്നു സായ്പ് പറഞ്ഞുവത്രെ. ഇതു വാരിയരുടെ മുഖത്തുനിന്നു തന്നെ ഇതു എഴുതുന്ന ഞാൻ ഗ്രഹിച്ചതാകുന്നു. ഇങ്ങിനെ നോക്കിയാൽ ശ്രീമദ്വൈഷ്ണവർ മാധ്വൻ സ്മാർത്തൻ തെങ്കല വടകല മങ്ങടി വടമർ ചോഴിയർ നമ്പൂതിരി എമ്പ്രാൻ ഇപ്രകാരം തമ്മിൽതമ്മിൽ കൊള്ളാത്ത ആയിരം മാതിരി ബ്രാഹ്മണരും ഇതുപോലെതന്നെ ക്ഷത്രിയ വൈശ്യ ശൂദ്രരും അസംഖ്യവും അസംബന്ധവുമല്ലയോ?

ഇനി കർമ്മംകൊണ്ടാണ് ജാതി നിശ്ചയിക്കുന്നതെന്നിരിക്കട്ടെ. കർമ്മങ്ങൾ ഒന്നായിട്ടും ജാതി വെവ്വേറെയായിട്ടും കാണുന്നുവല്ലൊ. അതും കൂടാതെ വിശ്വാമിത്രനും മറ്റും സിദ്ധിച്ച പ്രകാരം എന്തുകൊണ്ടു ഒരു ജാതിയിൽനിന്നു ശ്രേഷ്ഠമെന്നു വെച്ച മറ്റൊരു ജാതിയിലേക്കു കയറാം ഉണ്ടാകുന്നില്ല? കർമ്മവൈകല്യത്തിനു ശിക്ഷയായിട്ടു അധഃപതനം മാത്രമല്ല ഇപ്പോൾ കാണുന്നുള്ളു. കേറുവാനുള്ള അധികാരം പാതിരിക്കും തങ്ങൾക്കും മാത്രമേ കണ്ടുവരുന്നുള്ളു. ഇവർ വിചാരിച്ചാൽ അറുപതിനാലും അധികവും അടിയകളെ ആചാരവും പറഞ്ഞു ഇന്നലെ വരെ മാറി നില്ക്കേണ്ടിയിരുന്ന ചെറുമർ മുതലായവർക്കു അടുത്തുവരുവാനും സമന്മാരെപ്പോലെ നടപ്പാനും സ്വാതന്ത്ര്യം കൊടുപ്പാൻ കഴിയുന്നത് നിത്യാനുഭവമല്ലയോ. ബ്രാഹ്മണർക്കാകട്ടെ അധഃപതന ശിക്ഷ വിധിപ്പാൻ മാത്രമെ അധികാരം കാണുന്നുള്ളു.

പിന്നെ എന്താണു ജാതി എന്നു വെ

ച്ചാൽ. പറയാം വെളുത്ത മണൽ ഒരു കൈയിലും കറുത്തതു മറ്റൊരുകൈയിലും തരികണൽ വേറിട്ടും നേരിയതുവേറിട്ടും ഇങ്ങിനെ കണ്ടു കമാരി ജനാർദ്ദനം തുടങ്ങിയ സ്ഥലങ്ങളെച്ചിൽ ഇന്നും കണ്ടുവരും പ്രകാരം അന്യോന്യ സംഘട്ടനത്താലോ അന്യോന്യ ലയനത്താലോ മറ്റു കാരണത്താലോ കാലക്രമേണ ചിലർ തമ്മിൽ കൂടി. മറ്റു ചിലർ മറ്റൊരേടത്തും കൂടി. ഇങ്ങിനെ പല സംഘങ്ങളായിത്തീർന്നു. ഇവർ തങ്ങളിൽ വഴിയെ 'സൌന്ദര്യത്തിനു' തുടങ്ങി തങ്ങടെ തങ്ങടെ ആചാരങ്ങളും നടപടികളുമാകുന്ന അധിക ശ്രേഷ്ഠങ്ങൾ എന്നതക്കായി. ചിലപ്പോൾ ബാഹ്യയായിട്ടും ചിലപ്പോൾ ഒരു കൂട്ടർ ജയിച്ചും മററവർ തോറ്റും കലാശിച്ചു. ഇപ്രകാരം ചില സംഘക്കാർ അന്യോന്യം ഇഷ്ടരായും മറ്റു ചിലർ ദ്വേഷികളും അഥവാ താഴ്ന്നവരും ആയി. ഇഷ്ടന്മാർ തമ്മിൽ തമ്മിൽ ചേർന്നു ഭക്ഷണവും അന്യോന്യം വിവാഹവും പാടുണ്ടായി. മീതെയുള്ളവരുടെ അന്നം കീഴിലുള്ളവർ ഭക്ഷിക്കാമെന്നും വിപരീതം പാടില്ലെന്നും താഴെയുള്ളവരെ തൊടുകയോ അടുക്കുകയോ ചെയ്യുമ്പോഴാൽ മീതെയുള്ളവർ കുളിക്കണമെന്നുംവെച്ചു. ഇങ്ങിനെ പലപല ജാതിയുണ്ടായിത്തീർന്നു.

ഏറി ഇവരുടെ കർമ്മാചാരങ്ങളെക്കുറിച്ചും ചിന്തിക്കാം. ഇതുകൾ എന്തെല്ലാമെന്നുവെച്ചാൽ 1 വേദോച്ചാരണത്തിനും ഗായത്രിക്കും അധികാരം. 2. പൂണുനൂൽ അല്ലെങ്കിൽ യജ്ഞോപവീതം. 3. തൊട്ടാലോ അടുത്താലോ സ്നാനം. 4 മത്സ്യമാംസങ്ങളും മദ്യവും ഉപയോഗിക്കുക 5 ജനിച്ചാലും മരിച്ചാലും പുല അല്ലെങ്കിൽ അശൌചം 6 സ്ത്രീകളുടെ ആർത്തവകാലാന്തസ്നാനം. 7 ചൌളം സീമന്തം തുടങ്ങിയ ക്രിയകൾ 8. വിവാഹമുണ്ടോ ഇല്ലയോ 9. അതു പെണ്ണു തിരളുംമുമ്പു വേണമോ. വിധവാവിവാഹമുണ്ടോ 10. ശവം ദഹിപ്പിക്കയോ സമാധിക്കയോ സ്ഥാപിക്കുന്നത് ഇരുത്തിയോ കിടത്തിയോ. 11 ശ്രാദ്ധം ഉണ്ടോ 12. ക്ഷേത്രങ്ങളോ മന്ത്രങ്ങളോ ഇങ്ങിനെ പലതുമുണ്ട്. ചില കൂട്ടർ തങ്ങൾക്കു പുല പത്തോ പന്ത്രണ്ടോ മാത്രമെയുള്ളൂ എന്നത് ഒരു വലിപ്പമായി വിചാരിക്കുന്നു. ചിലർ മത്സ്യമാംസം ഭക്ഷിക്കയില്ല. മദ്യം സേവിക്കയുമില്ലത്രെ. ചിലർ മദ്യം ആവാം. ചിലർ മത്സ്യം മാത്രം ഭക്ഷിക്കും. ചിലർ മാംസം മാത്രം. ചിലർ മദ്യം മാത്രം ശീലിക്കയില്ല. ചിലർ മൂന്നും സ്വീകരിക്കുന്നു. എന്നാലും 'കാൽ മീതെ'യാണത്രെ. കൌളികന്മാരായ ബ്രാഹ്മണരെ അറിയുന്നു.

അശൌചം ചുരുങ്ങുന്തോറും യോഗ്യത വർദ്ധിക്കയാണെങ്കിൽ അശൌചമേ ഇല്ലാത്തവർ സർവ്വോപരിയാകണമല്ലോ. അത് എന്തുപോലെ എന്ന പറയാം. പണ്ടൊരു തിരുവിതാംകൂർ മഹാരാജാവിന്നു അഭ്യാസിയായിട്ട് ഒരു നമ്പൂതിരിസേവകൻ ഉണ്ടായിരുന്നു. ഒരു ദിവസം ഞാണിന്മേൽ കളിക്കാരിയായ അഭ്യാസങ്ങൾ ഒരുവൻ തിരുമുമ്പാകെ കാണിച്ചു കൂട്ടത്തിൽ വളയത്തിൽ ചാട്ടം എന്ന അഭ്യാസവും കാട്ടി. അതു കണ്ടപ്പോൾ മഹാരാജാവു നമ്പൂതിരിയെ നോക്കി അപ്രകാരം ചാടാമോ എന്ന ചോദിച്ചു. ഓ-ഹൊ എന്നു നമ്പൂതിരി ഉണർത്തിച്ചു. വളരെ ആശ്ചര്യം ഉണ്ടായി. ഉടനെ നമ്പൂതിരി അരയും തലയും മുറുക്കി വളയം തന്റെ മാറിന് ഉയരത്തിൽ പിടിപ്പിച്ചു തെല്ലു അകലെ നിന്നു ഓടിവന്നു എങ്കിലും പെട്ടെന്നു നിന്നിട്ടു വളയം പിടിച്ചിരുന്നവരോട് അതു കുറച്ചുകൂടെ വട്ടം ചെറുതാക്കാൻ കല്പിച്ചു. അവർ ചെറുതാക്കി. കാണികളുടെ വിസ്മയം വലുതായി. മുമ്പത്തെപ്രകാരം നമ്പൂതിരി മുണ്ടും ചാടിട്ടി പാഞ്ഞ് അടുത്തു. പക്ഷേ ചാടിയില്ല. വളയം പിന്നെയും ചെറുതാക്കാൻ കല്പിച്ചു. ആശ്ചര്യം! ആശ്ചര്യം! ചുരുക്കിപ്പറയട്ടെ. ഒടുവിൽ ഓരോ നമ്പൂതിരിയുടെ ഒരു കയ്യു കടത്തി കൊള്ളാൻ മാത്രമായിത്തീർന്നു. അതിനുശേഷം നമ്പൂതിരി വളയം പിടിച്ചു നിന്നിരുന്നവരോടു വളയം എടുത്തുകളവാൻ പറഞ്ഞു. സംഗതി ചോദിച്ചതിനു ന

ന്യൂതിരിയുടെ സമാധാനമല്ലെ രസം. വളയം വേണമെന്നില്ല. ഇല്ലാതെ തന്നെ ചാടാം.' വളയം ചെറുതാകുംതോറും ചാട്ടത്തിന്റെ വലിപ്പം വർദ്ധിക്കുമെങ്കിൽ വളയമേ ഇല്ലാത്ത ചാട്ടം എത്ര യോഗ്യത! ഇതുപോലെ പുല നീളുംതോറും മാഹാത്മ്യം അധികമാണെങ്കിൽ പുലയെ ഇല്ലാത്താൽ എന്തു പാപമാണ്! മലയാളത്തിൽ ചിലേടത്തു ഒരു വീട്ടുകാർക്ക് പുലയായാൽ അവസാനംവരെ താമസിപ്പാൻ നിവൃത്തി ഇല്ലാത്തവർക്ക് എപ്പോഴെങ്കിലും തളിച്ചു പോകാമെന്നു ഒരു നടപ്പുള്ളതായി അറിയുന്നു.

യജ്ഞോപവീതംകൊണ്ടു ജാതി തെളിയുമോ എന്നു ചിന്തിക്കുമ്പോൾ അതും ഇല്ല. വേദാദ്ധ്യയനത്തിന് അവകാശമില്ലാത്ത പലരും ബ്രാഹ്മണരായിട്ടു നടക്കുന്നുണ്ട്. ഇതുപ്രകാരം വിധവാവിവാഹം ചൗളം സീമന്തം ഇതുകളിലുള്ള സംസ്കാരങ്ങൾ, ദായഭാഗം ഈ വകകളിലൊക്കെ അവ്യാപ്തിയോ അതിവ്യാപ്തിയോ കാണാം. ചൗളം സീമന്തം ഇതുകളെ അനുഷ്ഠിക്കുന്ന ചിലർ ദ്വിജൻ ആയാൽ ബ്രാഹ്മണർ, ക്ഷത്രിയർ, വൈശ്യർ അല്ലാതെ ചിലരെ നാം അറിയുന്നില്ലയോ. സ്മൃതികൾക്കനുസരിച്ചു വിവാഹകർമ്മം ചെയ്തിട്ടും മരുമക്കത്തായക്കാരായി തന്നെ കഴിയുന്നവരെയും ബ്രാഹ്മണക്ഷത്രിയന്മാരെയും നാമറിയില്ലയോ. ഇതിനെ പറവാൻ ആരംഭിച്ചാൽ അവസാനമില്ല. കർമ്മമല്ല ജാതിവ്യത്യാസത്തിനു സാരമായ കാരണം എന്നതിലേക്ക് ഒരു ഉദാഹരണം കൊടുക്കാം. രണ്ടു ജാതികളിലും വിവാഹം ഒരുപോലെ. രണ്ടിലും [illegible] ഇല്ല്യം. രണ്ടിലും ഇരുത്തിയാണ് ശവസംസ്കാരം. രണ്ടുകൂട്ടരും മത്സ്യമാംസാദി ഉപയോഗിക്കയില്ല. ഇതിനൊക്കെയാണെങ്കിലും ഈ രണ്ടുകൂട്ടരും തമ്മിൽ ഗണ്യമായ ഭേദം ഉണ്ട്. അന്യോന്യം സഹഭോജനമില്ല. പെണ്ണിനെ കൊടുക്കയില്ല. തൊട്ടാൽ കുളിപോലും ഉണ്ട്. [illegible] ഒരു കൂട്ടർ ശൂദ്രരാണെന്നും മറ്റവർ ബ്രാഹ്മണരോ ക്ഷത്രിയരോ ആണെന്നുംകൂടി വരുന്നു.

ഈ വക ആചാരവ്യത്യാസങ്ങളും മറ്റും വിവരമായി അറിവാനും കൂട്ടത്തിൽ അനേക വിചിത്രനടവടികൾ കൂടി ഗ്രഹിപ്പാനും വേണ്ടി തൽക്കാലം മദിരാശിസംസ്ഥാനത്തിലെ ചില ജാതിക്കാരുടെ സമ്പ്രദായങ്ങൾ താഴെ ചേർക്കാം. നിഷ്പക്ഷപാതികളായ വായനക്കാർ ഇതിൽനിന്നു യുക്ത്യാനുസാരം അഭിപ്രായങ്ങളും സിദ്ധാന്തങ്ങളും ഗ്രഹിക്കുമെന്നു വിശ്വസിക്കുന്നു.

'അടികൾ' (അടികകൾ അല്ലെങ്കിൽ ഇത്ത്യർ) ഇവർ അമ്പലവാസികളിൽ ചേർന്നവരാണത്രെ. ഇവരെപ്പറ്റി താഴെ പറയുംപ്രകാരം പൂർവ്വകഥയുണ്ട്. ശ്രീശങ്കരാചാര്യർ ചില ബ്രാഹ്മണർ ജാതിനിയമനിഷ്ഠ എത്രത്തോളമുണ്ടെന്നു പരീക്ഷിപ്പാൻ വേണ്ടി അവരോടുകൂടി ഒരു മദ്യപീടികയിൽ കയറി കള്ളു മദ്യം സേവിച്ചു. വലിയ ആളുകളെ ബാധിക്കാനില്ലാത്ത നിയമങ്ങൾ തങ്ങൾക്ക് ബാധകമാണെന്ന് ഓർക്കാതെ ഈ ബ്രാഹ്മണർ ഇതൊരു തരമെന്നു നിശ്ചയിച്ചു അവരും മദ്യം സേവിച്ചു. അവിടുന്നു ആചാര്യസ്വാമി ഒരു മൂശാരിയുടെ ആലയിൽ ചെന്നു ഉരുകി ഇരുന്ന ഓടാവെള്ളം കുടിച്ചു. ഒരു മൂർ ബ്രാഹ്മണർക്കും വെച്ചുകാട്ടി. അവർ കുടിപ്പാൻ ശക്തരായില്ല. തങ്ങൾ അടികൾ (ദാസന്മാർ) ആണല്ലോ എന്നു ബോധിപ്പിച്ചു. അന്നുമുതൽ പതിതന്മാരായി. ഈ കാലം അവർ മദ്യപൂജ സ്വീകരിക്കുന്ന ഭദ്രകാളി മുതലായവരുടെ ക്ഷേത്രങ്ങളിൽ ശാന്തിക്കാരായി. ഇവർ മന്ത്രവാദം ശീലിക്കും. ഉപനയനസംസ്കാരമുണ്ട്. പൂണൂലും ഉണ്ട്. സീമന്തമില്ല. ഗായത്രി 10 ഉരു ജപിക്കാം (എത്ര ജപിച്ചാൽ ആരാണ് ചോദിപ്പാൻ അവരോ) പുല പതിനൊന്നാകുന്നു. സ്വജനങ്ങൾ തന്നെയത്രെ പുരോഹിതന്മാർ. സ്ത്രീകൾക്കു മാറുമറക്കയില്ല. കുട [illegible] വേണ്ടാ.

അകമുടയാൻ ഇവർ തമിഴ്ജില്ലകളിലെല്ലാമുണ്ട്. കൃഷിയാണ് പ്രവൃത്തി,

മധുരജില്ലയിൽ പലരും മാവർ ജമിൻദാരന്മാരുടെ വീട്ടുപണിക്കാരാണ്. ഇവർക്കു പുല 15 ദിവസമാകുന്നു. 16-ാം ദിവസം 'കർമ്മാന്തരം' ശവം ദഹിപ്പിക്കയും കഴിച്ചിടുകയും ഉണ്ട്. പുണ്യാഹമുണ്ട്.

അഗരു. ഗഞ്ജാം വിശാഖപട്ടണം ഈ ജില്ലകളിലാകുന്നു. മുഖ്യപ്രവൃത്തി വെറ്റിലകൃഷി. വിവാഹം പതിവായിട്ടു തിരണ്ടതിൽപ്പിന്നെയാകുന്നു. ശവം ദഹിപ്പിക്കുകയാണ്, പുരോഹിതൻ ബ്രാഹ്മണനത്രെ.

ആഗസ. ഇവർ ദക്ഷിണ കന്നടത്തിലാണ്. പ്രവൃത്തി അലക്കാകുന്നു. 3 കൂട്ടമുണ്ട്. 1, കൊങ്കണക്രിസ്ത്യാൻ. 2. കന്നാടകം, ൩. തുളുവോർ. മരുമക്കത്തായക്കാരന്മാരാണ്. കന്നാടകം സംസാരിക്കുന്നവർ മക്കത്തായികളും ഉണ്ട്. ഇവർ പൂജിക്കുന്നത് അഴുക്കവസ്ത്രം പുഴുങ്ങുന്ന കലത്തെയാകുന്നു. ഭൂതങ്ങളെ ബലികൊടുക്കും. ഇവർക്കു മദ്യ സാമാന്യമാണ്. പെണ്ണു തിരണ്ട വർത്തമാനം ഭർത്താവിനെ ചെന്നറിയിക്കേണ്ടത് ഈ ജാതിക്കാരുടെ അവകാശമത്രെ. കുട്ടി ജനിച്ചാൽ ഏഴാം ദിവസം വണ്ണാത്തിയാക്കിച്ചി അതിന്റെ അരയിൽ ഒരു ചരട് കെട്ടണം. പുലക്കാർക്ക് മാററു കൊടുക്കണം. ഇവരുടെ ആചാരങ്ങൾ ബണ്ടുമാരുടേതുതന്നെയാകുന്നു. പുനര് വിവാഹത്തിങ്കൽ സ്ത്രീപുരുഷന്മാരുടെ കൈകൾ കൂട്ടിപ്പിടിച്ചതിന്മീതെ ധാരാജലം ഒഴിക്കുന്ന പ്രവൃത്തി പെണ്ണിന്റെ അച്ഛന്റെയോ അമ്മാമന്റെയോ ആകുന്നു.

(തുടരും)

സാഹിത്യശകലങ്ങൾ.

ഒരു സംശയനിവൃത്തി.

കാരിപ്പുറത്ത് കേശവൻനായർ.

(മംഗളോദയത്തിന്റെ കർക്കടകം ലക്കത്തിൽ മിസ്റ്റർ കുറെഴത്ത് പരമേശ്വരമേനോൻ എഴുതിയിരുന്നതിനുള്ള മറുവടി.)

കരുണാമൃതരുചിവദനൻ.

കരുണാമൃതരുചിയായ അമൃതരുചിയെപ്പോലെയുള്ള വദനത്തോടുകൂടിയവൻ. കരുണാമൃതരുചി=കരുണാമൃതമാകുന്ന രുചിയോടുകൂടിയത്. കരുണാമൃതം=കരുണയാകുന്ന അമൃതം. രുചി=കാന്തി. അമൃതരുചി=ചന്ദ്രൻ. വദനം=മുഖം. (അമൃതുപോലെ കരുണ തൂകിക്കൊണ്ടിരിക്കുന്ന ഒരു ചന്ദ്രനെപ്പോലെ അത്ര ഹൃദയംഗമമായ മുഖത്തോടുകൂടിയവൻ എന്ന് അർത്ഥം. അലങ്കാരിത്വത്തിനു പുറമെ ജീവകാരുണ്യംകൂടെ പ്രത്യക്ഷമാക്കുന്നതാകയാൽ നളന്റെ മുഖം ചന്ദ്രനെക്കാൾ വിശിഷ്ടമെന്നു ഭാവം. 'കരുണാമൃതരുചി' എന്നാണെങ്കിൽ ഇത്രയും സാഹസം കൂടാതെ കഴിക്കാം. പൂർണ്ണചന്ദ്രനോടു സമാനമായ മുഖത്തോടുകൂടിയവൻ എന്നാവാമല്ലോ. ഒരേ അർത്ഥത്തിൽതന്നെ താഴെ ഒന്നു 'തരുണം' കൂടെ വന്നിട്ടുള്ളതുകൊണ്ട് ആദ്യത്തേതും അങ്ങിനെ ആകുന്നതിനു വിരോധവും തോന്നുന്നില്ല.)

തരുണാരുണഗണനിഭകരസാരൻ.

തരുണാരുണന്മാരുടെ (ബാലസൂര്യന്മാരുടെ ഗണം (കൂട്ടം)പോലെ ഗുരുവായ (മഹത്തായ) കരസാരത്തോടു (കൈക്കരുത്തോടു, പ്രതാപത്തോടു)കൂടിയവൻ (അനേകം ബാലസൂര്യന്മാർ ഒന്നിച്ചാൽ എങ്ങിനെയോ അങ്ങിനെ പ്രതാപമുള്ളവൻ.)

സുരവരതരുസമധനവിതരണശീലൻ

സുരവരതരു=കല്പകവൃക്ഷത്തോട്. സമം (തുല്യം) ആയ ധനവിതരണ

ശീലത്തോട് (ധനദാനശീലത്തോട്)കൂടിയവൻ. (കല്പവൃക്ഷംപോലെ ദാനശീലൻ.)

ഹരിണാന്തകബലഹരിണാവാസൻ.

ഹരിണാന്തകന്റെ (സിംഹത്തിന്റെ) ബലത്തിന്റെ ഹരിണാവാസം (സമുദ്രം, ഹരിണന്റെ=വിഷ്ണുവിന്റെ ആവാസം=ഗൃഹം എന്ന് അക്ഷരാർത്ഥം) ആയിട്ടുള്ളവൻ ('ശൌര്യജലധി' എന്നും മറ്റും പ്രയോഗിക്കാറുള്ളതുപോലെ ബലജലധി, സിംഹംപോലെ പരാക്രമശാലി എന്ന സാരം.)

ചരണാംബുജയുഗശരണാഗതജനശരണായിതന

വകരണാധരൻ.

ചരണാംബുജയുഗത്തെ ശരണാഗതന്മാരായ (ശരണം പ്രാപിച്ചവരായ) ജനങ്ങൾക്ക് ശരണായിതമായ (ശരണമായിത്തീർന്ന) നവകരണങ്ങളെ ധരിച്ചിട്ടുള്ളവൻ (ആശ്രിതന്മാർക്ക് അഭയം കൊടുക്കുന്നവൻ)

* മരണോത്ഭവഭയഹരണാദികരൻ.

മരണോത്ഭവമായ (മരണത്തിൽനിന്നുണ്ടാവുന്ന) ഭയത്തിന്റെ ഹരണം (ഹരിക്കൽ, നിരാകരണം) ആദിയായവയെ ചെയ്യുന്നവൻ. (അജ്ഞാനം നിമിത്തം ഉണ്ടാകാവുന്ന മരണഭയത്തേയും മറ്റും അദ്ധ്യാത്മവിദ്യാദാനംകൊണ്ടു പ്രജകളിൽനിന്ന് അകററിയവൻ എന്ന സാരം. ശത്രുക്കളിൽനിന്നു നേരിടാവുന്ന മരണഭയത്തെ ഇല്ലാതെ ചെയ്യുവൻ എന്നായാലും മതി)

കരുണാകരഗുരുകരുണാശരണൻ.

കരുണാകരന്റെ (കൃപാനിധിയായ ഈശ്വരന്റെ) ഗുരുവായ (മഹത്തായ) കരുണാശരണം (ആശ്രയം) ആയിട്ടുള്ളവൻ (ഭഗവൽഭക്തൻ)

ധരണീപതികുലധരണീയാർഹ.

ധരണീപതികുലം (രാജസമൂഹം) ധരണീയം (ധരിക്കപ്പെടേണ്ടത്) ആയിട്ടുള്ളവൻ (രാജാക്കന്മാരെ വഹിക്കുന്നവൻ, അനന്തരഗതികൾ)

ധരണി=നാഡി. (ഹൃദയം)

ധരിച്ച=മനസ്സിലാക്കിയ.

ധരണീപാലൻ=രാജാവ്. (അശേഷ ഹൃദയം പഠിച്ച രാജാവ് എന്നു ചുരുക്കം; രാജാധിരാജന്മാരുടെ ഭക്തിയെപ്പോലുമടക്കി ഭരിക്കുന്നവൻ എന്നും അർത്ഥം ഉണ്ടാകാം.

* അളകാഞ്ചിതസ്ഫുടനിടിലകലാധരൻ.

അളകാഞ്ചിതമായി (കുറുനിരകളെക്കൊണ്ട് മനോഹരമായി) സ്ഫുടമായി (വിശാലമായി) ഇരിക്കുന്ന നിടിലകലാധരനോട് (നിടിലമാകുന്ന=നെററിയാകുന്ന കലാധരനോട്=ചന്ദ്രനോട്, അർദ്ധചന്ദ്രനോട്.) കൂടിയവൻ

* കളതരകളധൌതാംബരഭൂഷണലളിതകളേബരൻ

കളതരമായ (മനോഹരതരമായ) കളധൌതാംബരംകൊണ്ടും (സ്വർണ്ണമയമായ വസ്ത്രംകൊണ്ടും) ഭൂഷണങ്ങളെക്കൊണ്ടും (ആഭരണങ്ങളെക്കൊണ്ടും) ലളിതം (സുന്ദരം) ആയ കളേബരത്തോട് (ശരീരത്തോടു)കൂടിയവൻ.

ഇങ്ങിനെ 'സ്ഥിതസ്യ ഗതി' എന്ന ന്യായത്തെ അനുസരിച്ച് ശ്ലേഷിച്ചെങ്കിലും അർത്ഥം കല്പിക്കാമെന്നു തോന്നുന്നു. ഇതിലധികം നന്നായിട്ടുള്ള വ്യാഖ്യാനാന്തരം കാണുന്നതുവരെ ഇതുകൊണ്ടു തൃപ്തിപ്പെടുവാനേ നിവൃത്തിയുള്ളൂ. മിസ്റ്റർ പരമേശ്വരമേനോൻ കാണിച്ച വരികളിൽ ഏതാനും ചിലതു ഞാൻ വിവരിക്കാതെ വിട്ടുകളഞ്ഞിട്ടുണ്ട്. അവയിൽ ചിലതു ഇതുകൊള്ളുന്നതു മലയാളത്തിൽ പരിശോധിക്കുന്ന പാഠപുസ്തകത്തിൽ ഉള്ളതാകയാൽ വൃഥാ സാഹസം ചെയ്യാതെ വിട്ടുകളയാണ്. മറ്റുള്ളവ സുഗമങ്ങളാകയാലും ഉപേക്ഷിച്ചു.

2. വെൺകാറകൊട എന്നല്ല വെൺകൊററക്കുട എന്നതാണ് വേണ്ടതെന്നു തോന്നുന്നു.

---

* 'മരണംഭവഭയ' എന്ന് ഇരിക്കുന്നപ്രകാരം ഞാൻ ഗണിച്ചിട്ടില്ല.

* 'സ്ഥിതം' എന്നതിനു 'ഉദ' എന്നു മറ്റൊരു പാഠമുണ്ടെന്ന് ഓർമ്മിപ്പാൻ വഴിയുണ്ട്.

* 'കളകളധൌതാംബരം' എന്ന പാഠപ്രകാരം യാതൊരു ഗതിയും കാണുന്നില്ല.

കല്ലൂർ നമ്പൂതിരിപ്പാട്ടിലെ 'കൊടവച്ചപാമ്പ്' ഒരു ഉദാഹരണവുമാണല്ലൊ.

ഒടിവിദ്യ അഭ്യസിപ്പാൻ ആഗ്രഹിക്കുന്ന പറയൻ ഗുരുവിനെ ചെന്നു വണങ്ങി വിദ്യയെ അർത്ഥിക്കും. ഗുരു കഴികഴിവു പറഞ്ഞ് ആദ്യം അവനെ മടക്കി അയപ്പാൻ നോക്കും. എന്നാൽ അവൻ തന്റെ ഉദ്ദേശത്തിൽ സ്ഥൈര്യം കാണിച്ചാൽ വിദ്യ ഉപദേശിക്കുന്നതിന് അവൻ പാത്രമാണൊ എന്നു തീർച്ചപ്പെടുത്തുന്നതിന്നായി അർദ്ധരാത്രിയിൽ അവനെ കാട്ടിൽ കൊണ്ടുപോയി നിർത്തും. ഗുരു അവനറിയാതെ അവിടെനിന്നും മാറി ഭയങ്കരമായ മൃഗരൂപത്തിൽ അവന്റെ നേരെ ചാടിവീണ് ഭയപ്പെടുത്തുവാൻ ശ്രമിക്കും. അവൻ അപ്പോഴും ധൈര്യമവലംബിച്ചിരിക്കണം. കാട്ടുമൃഗങ്ങളുടെ ക്രൂരശബ്ദം കേട്ടു ഒന്നൊ രണ്ടൊ രാത്രി അവിടെ കൂസാതെ കഴിച്ചുകൂട്ടുകയും വേണം. ഇതിന്നു പല പരീക്ഷകൾ കൊണ്ടു യോഗ്യനാണെന്നു കണ്ടാൽ ഗുരു അവനെ ശിഷ്യനായി സ്വീകരിക്കും. പിന്നെ ഒരു ദിവസം മനാക്കി കല്പടിക്കൊട്ടു നീലിക്കു പൂജ കഴിച്ചു മദ്യമാംസാദികൾ ഭക്ഷിച്ചു ഈ ആഭിചാരവൃത്തിക്കു വേണ്ട ശക്തിമത്തായ 'പിള്ളതൈലം, അങ്കോലതൈലം' ഇവയെ ശേഖരിപ്പാൻ പഠിപ്പിക്കും. ആറൊ ഏഴൊ മാസം ചെന്ന കടിഞ്ഞൂൽ ഗർഭത്തിലെ പ്രജയാണ് പിള്ളതൈലത്തിലെ മുഖ്യ അംശം. സ്ത്രീ ഉത്തമജാതിക്കാരിയായിരിക്കണം. അർദ്ധരാത്രിയിൽ മന്ത്രവാദി മാടത്തിൽ നിന്നും പുറപ്പെടും. പകൽ കണ്ടു നിശ്ചയിച്ചു വെച്ചിട്ടുള്ള സ്ത്രീയുടെ ഭവനത്തിനു ചുറ്റും ഗുരുതികടുക്ക കലക്കിക്കൊണ്ടു നിലത്തു ചക്രം വെട്ടി ദേവീമന്ത്രവും ജപിച്ചു നടക്കും. ശകുനപ്പിഴയുണ്ടെങ്കിൽ കാര്യം മറ്റൊരു ദിവസത്തേക്കു നീട്ടും. നിർദ്ദേശിക്കപ്പെട്ട സ്ത്രീ മന്ത്രതന്ത്രങ്ങളുടെ ശക്തികൊണ്ടു തന്നെ പുറത്തു വന്നു മന്ത്രവാദിയുടെ പാട്ടിലാവും. വാതിലുകൾ എത്രവിധം ബന്ധിക്കപ്പെട്ടിരുന്നാലും പുറത്തേക്കു വഴി കിട്ടുന്നതുവരെ അവൾ വാതിലൂടെ തലമുട്ടും. അവൻ അവളെ ഒരു ഗൂഢസ്ഥലത്തു കൊണ്ടുപോയി നഗ്നയാക്കി മലർത്തിക്കിടത്തി ചോരക്കിണ്ടി ഗർഭാശയത്തിനു നേരെ വയ്ക്കും. അപ്പോൾ ഗർഭപാത്രം വിടന്ന് കുട്ടി ഒരു ക്ഷണത്തിൽ പുറത്തു വരും. അവൻ അതിനെ നിലം തൊടാതെ എടുക്കും. നിലം തൊട്ടാൽ ഫലം കുറയും. പിള്ളയെ എടുത്താൽ മരുമരുന്നിട്ടു ഗർഭപാത്രം പൂർവ്വസ്ഥിതിയിൽ തന്നെ ആക്കും. മരുമരുന്നായി ഉപയോഗിക്കുന്നത് ഏതൊ ഒരു ചെടിയുടെ ഇലയാണ്. ചിലപ്പോൾ ചപ്പും ചവറും നിറക്കുവാനും മതി. എന്നാൽ സ്ത്രീ പെട്ടെന്നു മരിച്ചുപോകും. കുട്ടിയെ കഷണം കഷണമാക്കി നുറുക്കി ഉണക്കി പുകയത്തു വെക്കും. പിന്നെ ഒന്നൊ രണ്ടൊ ദ്വാരമുള്ള ഒരു പാത്രത്തിലാക്കും. ചുവട്ടിൽ വേറെ ഒരു പാത്രവും ഉണ്ടാവും. ഒന്നുംകൂടി വെള്ളം നിറച്ചിട്ടുള്ള ഒരു വലിയ പാത്രത്തിൽ ഇറക്കി അടുപ്പിൽ വെച്ചു മാംസക്കഷണങ്ങൾ നല്ലവണ്ണം വേവുന്നവണ്ണം പുക കുറഞ്ഞ വിറകു കത്തിക്കും. ഒന്നു രണ്ടു മണിക്കൂറിനുള്ളിൽ അതിൽനിന്നു സ്രവിക്കുന്ന ഒരുമാതിരി ദ്രാവകം ചുവട്ടിലെ പാത്രത്തിൽ വീഴും. ആ ദ്രാവകമാണ് പിള്ളതൈലം. ഈ തൈലത്തിൽനിന്നു കുറെ എടുത്തു മനുഷ്യരുടെ തലമുടികൊണ്ടുള്ള സൂക്ഷ്മചൂർണ്ണത്തിൽ ചേർത്തു ഒരു യോഗവും ഉണ്ടാക്കിവെക്കും. യോഗംകൊണ്ടു നെററിയിന്മേൽ ഒരു പൊട്ടു തൊട്ടു തൈലം ദേഹത്തിലെ ചില പ്രത്യേക അംഗങ്ങളിൽ പുരട്ടിയാൽ യഥേഷ്ടം വേഷം മാറുവാൻ സാധിക്കുമെന്നാണ് പറയുന്നത്. അങ്കോലവൃക്ഷത്തിന്റെ ഒരു പ്രത്യേക ഫലത്തിൽ നിന്നാണ് അങ്കോലതൈലം എടുക്കുന്നത്. കായയുള്ള കാലത്തു സാധാരണയായി ഫലങ്ങൾ കൊണ്ടു നിറഞ്ഞിരിക്കും. അവയിൽ ഒന്നു കറുത്ത പക്ഷത്തിൽ മരത്തിന്റെ കടക്കൽ വന്നു സ്ഥാനത്തേക്കു തന്നെ മടങ്ങിപ്പോകുമത്രെ. മാത്തനൊ കാപ്പിരിയൊ

സഹായിച്ചാൽ ഈ ഫലത്തെ കരസ്ഥമാക്കാം. സാമർത്ഥ്യമുള്ളവനു അതുകളിൽ കയറുവാൻ ഭാവിക്കുമ്പോഴും പിടിച്ചു കൈവശമാക്കുവാനും കഴിയും. അതു കൈവശമായാൽ ഏഴ് മണിക്കൂറിനുള്ളിൽ തൈലമെടുക്കണം. പിള്ളത്തൈലം എടുക്കുന്ന മാതിരിയിൽ തന്നെയാണ് ഇതിന്റെയും തൈലം എടുക്കുന്നത്. ഇതുകൊണ്ടു നെറ്റിയിന്മേൽ പൊട്ടു തൊട്ടാലും വേഷം മാറുവാൻ കഴിയും.

ശത്രുവിനെ കൊല്ലുവാൻ ആരെങ്കിലും ആവശ്യപ്പെട്ടാൽ നല്ല പ്രതിഫലം വാങ്ങി അർദ്ധരാത്രി സമയത്തു പറഞ്ഞുകൊടുക്കപ്പെട്ടവനെ മന്ത്രതന്ത്രങ്ങളുടെ ശക്തികൊണ്ടു, മാന്ത്രികമാക്കി പുറത്തു വരുത്തി അടിച്ചോ തൊഴിച്ചോ കൊന്നുകളയും. ഈ ക്രൂരകൃത്യത്തിനു ഇറങ്ങീട്ടു മത്തനായി പോകുന്ന വഴിക്കു യദൃച്ഛയാ നേരിടുന്നവരെയും അവർ തല്ലിയോടിക്കും. ഒടിയന്മാർ ഇഷ്ടപ്രകാരം വേഷം മാറുവാൻ സാധിക്കുമെന്നു സാധാരണ ജനങ്ങൾക്കു വിശ്വാസമുണ്ടെങ്കിലും വാസ്തവം അങ്ങിനെയല്ല. എന്നാൽ ചിന്തയുടെ ഭാവംകൊണ്ടോ, മായകൊണ്ടോ, അഥവാ പകിട്ടുകൊണ്ടോ കാഴ്ചയിൽ അങ്ങിനെ തോന്നുന്നു എന്നു മാത്രമേയുള്ളു. അപരിഷ്കൃതന്മാരായ ഇതരരാജ്യക്കാരുടെയിടയിലും ഈ മാതിരി വിശ്വാസങ്ങളുണ്ട്. കാഫരിൽ മന്ത്രവാദികൾ മൃഗസ്വരൂപമായി വേഷം മാറുമത്രെ. ലൊയാണ്ടക്ക് (Loanda) സമീപമുള്ള ഒരു പ്രധാനിക്കു സിംഹസ്വരൂപമെടുത്തു ഇഷ്ടമുള്ള മൃഗത്തെ കൊന്നു പൂർവ്വരൂപത്തെ തന്നെ പ്രാപിക്കുവാൻ കഴിയുമെന്നു ലിവിംഗ്സ്റ്റൺ (Livimgstone) എന്ന മഹാൻ പറഞ്ഞിരിക്കുന്നു. മദ്ധ്യ അമേരിക്കയിലെ മേയന്മാരുടെയിടയിലുള്ള ആഭിചാരവൃത്തിക്കാർ ആവശ്യംപോലെ വേഷം മാറുവാൻ കഴിവുള്ളവരാണെന്നു പറയുന്നു. ഈ വിശ്വാസം അവർക്ക് ഇപ്പോഴുമുണ്ട്. എന്നാൽ ഈ അഭിപ്രായത്തെ ഖണ്ഡിക്കുന്നവരുമുണ്ട്. ഭയങ്കരമായ കാട്ടുമൃഗങ്ങളുടെ ക്രൂരസ്വഭാവങ്ങളെ അനുകരിച്ചു മന്ദഗതിയോടുകൂടി സഞ്ചരിക്കുമ്പോഴും വേഷം മാറി നടക്കുന്നവരാണെന്ന് ജനങ്ങൾക്കു തോന്നിപ്പോകുന്നതാണ്. എന്നാൽ അപ്രകൃതമായി ക്രൂരതയും ഭയ[illegible]വും ഒരേസമയത്തു തന്നെ പ്രദർശിപ്പിച്ചുകൊണ്ടിരിക്കുന്ന ഇവരുടെ ചാതുര്യം എളുപ്പത്തിൽ വെളിപ്പെട്ടതാകാം. ഇവരുടെ പ്രവൃത്തികളെ വലിയ മന്ത്രവാദികൾ ഇഷ്ടമാക്കയും ചെയ്യുന്നുണ്ട്.

വള്ളുവനാട്, പാലക്കാട് ഈ താലൂക്കുകളിലും കൊച്ചിരാജ്യത്തിന്റെ വടക്കേഭാഗത്തുള്ള നാട്ടുപുറങ്ങളിലും ഏകദേശം ഇരുപത്തഞ്ചു കൊല്ലത്തിനു മുമ്പു പറയന്മാർ ഈ ഒടിവിദ്യ പരിചയിച്ചിരുന്നു. തീരെ നിന്നുപോയി എന്നു ഇപ്പോഴും പറഞ്ഞുകൂട. എന്നാൽ ഒടിവിദ്യകൊണ്ടു മനുഷ്യരെ കൊല്ലുകയോ ഗർഭിണികളെ ഉപദ്രവിച്ചു പിള്ളയെ എടുക്കുകയോ വല്ലതും ചെയ്യുന്നതായി ഇപ്പോൾ യാതൊരു കേൾവിയുമില്ല. ഗവർമ്മെണ്ടു ഉദ്യോഗസ്ഥന്മാരെയും ജന്മികളെയും മുതലാളന്മാരെയും ഉള്ള ഭയമാണ് ഈ പ്രവൃത്തിക്ക് ഇപ്പോൾ ഉത്സാഹം കുറഞ്ഞുകാണുന്നത്. [illegible] ഉയർന്ന ജാതിക്കാരും ഈ കാര്യത്തിൽ വളരെ ഉത്സാഹിപ്പിച്ചിരുന്നുവെന്നു ക്രിമിനാൽ കോടതിയിലെ റിക്കാർട്ടുകളിൽനിന്നും അറിയാവുന്നതാണ്. പറയന്മാർ ഈ വിദ്യ വളരെ ഗൂഢമായിട്ടാണ് വെച്ചിരിക്കുന്നത്. ചോദിച്ചാൽ മൌഢ്യം നടിക്കുന്നതല്ലാതെ ശിക്ഷ പേടിച്ചു യാതൊന്നും പുറത്തു പറയാറില്ല.

ഈ സംഗതി സംബന്ധിച്ചു ഒരു മേലേപ്പട്ട പെൻഷ്യൻ ഉദ്യോഗസ്ഥനും ജന്മിയുമായ ആൾ പറഞ്ഞ ഒരു വാസ്തവകഥ ഇവിടെ പ്രസ്താവിക്കുന്നത് അനുചിതമായിരിക്കില്ല. വള്ളുവനാട്ടിലെ ഒരു നായർ വില്ലേജ് ഉദ്യോഗസ്ഥനു രണ്ടു വിശേഷമായ കാളകളുണ്ടായിരുന്നു. എത്ര വില തന്നാലും അതിലൊന്നു തനിക്കു കൊടുക്കണമെന്നു ഒരു മാപ്പിള അയാളോട് ആവ

ശ്യപ്പെട്ടു. അയാൾക്ക് ആ കാളകളെ വിട്ടു പിരിയുവാൻ വളരെ ഖേദിപ്പായിരുന്നതിനാൽ മാപ്പിള ആവശ്യപ്പെട്ടപ്രകാരം ചെയ്യാൻ മനസ്സുണ്ടായിരുന്നില്ല. എന്നാൽ അതിനെ ഏതുപ്രകാരമെങ്കിലും കൈവശപ്പെടുത്തണമെന്നു മാപ്പിള നിശ്ചയിച്ചു. പക്ഷെ കാളകളെ തൊഴുത്തിനകത്താക്കി വാതിൽപൂട്ടുകപതിവായിരുന്നതിനാൽ അത്ര വേഗത്തിൽ അതിനെ തട്ടിക്കൊണ്ടു പോകാൻ കഴിഞ്ഞില്ല. എങ്കിലും അയാൾ അതിനവസരവും നോക്കിക്കൊണ്ടുതന്നെയിരുന്നു. ഒരു ദിവസം ഉടമസ്ഥൻ പുറത്ത് എവിടെക്കൊ പോയിരുന്നു. രാത്രി താമസിച്ചെ തിരിയെ എത്തുകയുള്ളു. ഈ തക്കം കണ്ട് മാപ്പിള മറ്റു ചിലരോടും കൂടി എത്തി തൊഴുത്തിന്റെ പൂട്ട് കുത്തിത്തുറന്ന് കാളയെ കൊണ്ടു പോവാൻ ഉത്സാഹിച്ചു. ഇതിനു ഏർപ്പെട്ടിരിക്കുമ്പോൾ ഒരു പറയനും അവന്റെ ഭാര്യയും കൂടി ആ വീട്ടിന് പ്രദക്ഷിണംവെച്ചുകൊണ്ടു ക്ഷുദ്രപ്രയോഗം ചെയ്യുന്നതായി കണ്ടു. അവർ കള്ളന്മാരെ കണ്ടതുമില്ല. കുറച്ചു കഴിഞ്ഞപ്പോൾ വീട്ടിൽ നിന്നും ഒരു സ്ത്രീ എണീറ്റു വന്നു പുറത്തുകടന്നു. കള്ളന്മാർ കുറെ കൂടെ കാത്തുകൊണ്ടുതന്നെ മിണ്ടാതിരുന്നുവെങ്കിൽ പറയൻ ഉദ്ദേശിച്ചകാര്യം മുഴുവൻ നടത്തുമായിരുന്നു. അവർ അപ്പോഴേക്കും നേരിട്ടുചെന്ന് അവനെ പിടിച്ച് ഒരു മരത്തിന്മേൽ കെട്ടി വിവരം വീട്ടുകാരെ വിളിച്ച് അറിയിച്ചുകൊടുത്തു. ആദ്യം കള്ളന്മാരുടെ ചതിപ്രയോഗമാണെന്നു വിചാരിച്ച് ആരും കതകുതുറന്നു പുറത്തു വന്നില്ല. എങ്കിലും കുറെ കഴിഞ്ഞ് ധൈര്യം അവലംബിച്ച് പുറത്തു വന്നപ്പോൾ സംഗതികളെല്ലാം മനസ്സിലായി. അപ്പോൾ പറയനെ പിടിച്ച് നല്ല അടിഅടിച്ച് പറഞ്ഞയക്കുകയും കള്ളന്മാർക്ക് ആവശ്യമുള്ള കാളയെ സമ്മാനമായി കൊടുക്കുകയും ചെയ്തു.

തമിഴ് പ്രദേശങ്ങളിലെ പറയർ ശിവനെയും വിഷ്ണുവിനെയും ആരാധിക്കുന്നവനാണെങ്കിലും അവരുടെ പ്രധാന ദൈവം ഭഗവതിയുടെ ഒരു അവതാരഭേദമാണ്. അതായത് ഉഗ്രമൂർത്തിയായ ഭഗവതി തന്നെ. കാളിക്ക് അവർ പല പേരുകളും കല്പിച്ചിട്ടുണ്ടു. ആ പ്രദേശങ്ങളിൽ പറയർക്ക് ഹിന്ദുക്കളുടെ ക്ഷേത്രം സംബന്ധിച്ച പല അവകാശങ്ങളും പദവികളും സിദ്ധിച്ചിട്ടുണ്ടെന്നുള്ളത് മുമ്പു പ്രസ്താവിച്ചിട്ടുണ്ടല്ലൊ? മൈസൂരിൽ ഓരോ ഗ്രാമദേവതയുടെ പൂജകനും ഒരു പറയൻ തന്നെയാണ്. വൈഷ്ണവ മതത്തിനു പ്രചാരം വരുത്തിയ ശ്രീ രാമാനുജാചാര്യർ ഇവരെ കൊല്ലത്തിൽ മൂന്നുദിവസം ക്ഷേത്രത്തിൽ കടപ്പാൻ അനുവദിച്ചിട്ടുണ്ട്. കാരണം ചെൽവപ്പിള്ളയുടെ ബിംബം അദ്ദേഹത്തിനു കാട്ടികൊടുത്തതുകൊണ്ടാണ്. പ്രസിദ്ധപ്പെട്ട ജഗന്നാഥ ക്ഷേത്രത്തിന്റെ ഉത്ഭവം ഒരു പറയൻ മുഖാന്തരമാണെന്നു പറയാം. അവരുടെയിടയിൽ ഇനിയും പല ഭക്തന്മാരുണ്ടായിട്ടുണ്ട്.

മലയാളം കൊച്ചി തിരുവതാംകൂർ രാജ്യങ്ങളിൽ പറയന്മാർക്ക് ഈ ഭാഗ്യം സിദ്ധിച്ചതായി കാണുന്നില്ല. എന്നാൽ മതവിഷയത്തിൽ തമിഴ് പ്രദേശങ്ങളിലെ പറയരോട് ഏകദേശം അടുത്തിട്ടുതന്നെയാണ്. ശിവനെയും കാളിയെയും ഇവർ ആരാധിക്കുന്നുണ്ടെങ്കിലും സ്വന്തം വകയായി ക്ഷേത്രങ്ങളൊന്നുമില്ല. പറയരുടെ ഉന്നതിയെ കാണിക്കുന്ന പുള്ളിറിമോക്ഷം കഥ കൂടി ഈ സന്ദർഭത്തിൽ സംഗ്രഹിച്ചെഴുതുന്നതു അവിഹിതമായിരിക്കില്ലെന്നു വിശ്വസിക്കുന്നു.


ത്രേതായുഗത്തിൽ സംബാരനെന്ന ഒരു പറയനും പുള്ളിറി എന്ന ഭാര്യയും ഒരു കാട്ടിൽ പാർത്തുകൊണ്ടിരുന്നു. ഒരു ദിവസം അവർ ഒരു ജീർണ്ണിച്ച അമ്പലത്തിന്റെ സമീപത്തു കൂടി കടന്നു പോയപ്പോൾ അവിടം ദീപാരാധനാസമയമായിരുന്നു

ഒരു ശിവലിംഗം കണ്ടുകിട്ടുവാനും സംഗതിയായി. ഉടനെ അതെടുത്തുകൊണ്ടുപോയി സൂക്ഷിച്ചു വെച്ച് ശ്മശാനത്തിൽ നിന്നു എടുത്ത ഭസ്മം തൊടുവിക്കുവാനും മാംസം വെച്ചു പൂജ കഴിച്ചു ഭജിച്ചു വരുവാനും തുടങ്ങി. അങ്ങിനെയിരിക്കെ ഒരു ദിവസം ശിവലിംഗത്തിന്മേൽ തൊടുവിപ്പാൻ ഭസ്മമുണ്ടായില്ല. അപ്പോൾ എന്തു വേണമെന്നു പറയൻ ഭാര്യയോടാലോചിച്ചു. അതിഭക്തയായ ആ സ്ത്രീ നിത്യപൂജ മുടക്കുവാൻ പാടില്ലെന്നുള്ള നിർബ്ബന്ധംകൊണ്ടു, വേറെ പ്രകാരത്തിൽ ഭസ്മത്തിനു മാർഗ്ഗമില്ലാത്തതിനാൽ, തന്നെ ദഹിപ്പിച്ചിട്ടും കർമ്മം മുടക്കാതിരിക്കണമെന്നപേക്ഷിച്ചു. പറയന് ഇതു വലിയ വ്യസനകരമായ ഒരു കാര്യമായിരുന്നു. എങ്കിലും പൂജ ഒരിക്കലും മുടക്കരുതെന്നുള്ള സിദ്ധാന്തവും തന്റെ ഭക്തിയുടെ ദൃഢതയും ഹേതുവാൽ ഭാര്യയുടെ അപേക്ഷപ്രകാരം തന്നെ ചെയ്ത് അന്നത്തെ പൂജയും ക്രമമായി നടത്തി. പൂജയും കഴിഞ്ഞു പതിവുംപടി, അല്പം മുമ്പായി താൻ ചെയ്ത കൃത്യത്തെ ഓർക്കാതെ, പ്രസാദം കൊടുക്കുന്നതിലേക്കു ഭാര്യയെ വിളിക്കുകയും അവൾ ജീവനോടും ഗാത്രത്തോടും കൂടി പതിവുംപടി വന്നു പ്രസാദം വാങ്ങി കഴിക്കുകയും ചെയ്തു. അതിനുശേഷം കുറെക്കൂടെ ഭക്തിയോടും ശ്രദ്ധാന്തിയോടുംകൂടി അവർ പൂജ കഴിക്കുവാൻ തുടങ്ങി. ഇതു കണ്ടു അത്യന്തം സന്തുഷ്ടനായി ശിവൻ അവരുടെ മുമ്പാകെ പ്രത്യക്ഷമായി മോക്ഷം കൊടുക്കുകയും ചെയ്തു.


പറയന്മാരിൽ ചിലർ സംവരന്റെയും പാക്കനാരുടെയും കഥകൾ മനസ്സിലാക്കീട്ടുള്ളതും, ഈ വിധം ഭക്തന്മാർ തങ്ങളുടെ കൂട്ടത്തിൽ ജനിച്ചു മോക്ഷം പ്രാപിച്ച സംഗതി അവർക്കൊക്കെ അഭിമാനഹേതുകമായി നിനച്ചുവരുന്നതുമാകുന്നു.

പാക്കട്ടിയും ചാത്തനും ഇവർ ഉപാസിക്കുന്ന ചില്ലറ മൂർത്തികളാണ്. മറ്റു ജാതിക്കാരും ഈ മൂർത്തികൾക്കു വഴിപാടു കഴിച്ചു വരാറുണ്ട്. ഇപ്പോഴുള്ള പറയന്മാർ മുഴുവനും ഭദ്രകാളിയെ ആരാധിച്ചു വരുന്നവരാണ്. നാട്ടുപുറങ്ങളിലുള്ള എല്ലാദേശങ്ങളിലും ചെറിയ ഭഗവതിഅമ്പലങ്ങൾ കാണാം. ഈ ഭഗവതിമാരെ അവർക്ക് അത്യന്തം ഭക്തിയും വിശ്വാസവുമാണ്. പനി, വസൂരി, നടപ്പുദീനം മുതലായ ദീനങ്ങളുണ്ടാവുമ്പോഴും എന്തെങ്കിലും ആപത്തുകളിൽ അകപ്പെടുമ്പോഴും അവരുടെ ശാന്തിക്കായി ഈ വക ക്ഷേത്രങ്ങളിൽ പ്രത്യേകം വഴിപാടുകളും ആരാധനകളും നടത്തിവരുന്നതുമാണ്. കൊടുങ്ങല്ലൂർ ഭഗവതി ഇവരുടെ കുലദേവതയാകുന്നു. അവിടെ നടത്തുന്ന ഭരണിഅടിയന്തരത്തിൽ അവർ പങ്കുകൊള്ളുവാൻ ചെല്ലുകപതിവാണ്. അടിയന്തരത്തിനു കുറച്ചു ദിവസം മുമ്പു മുതൽക്ക് ഒരുവൻ വെളിച്ചപ്പാട് വേഷംകെട്ടി വാളും ചിലമ്പുമായും വാദ്യഘോഷത്തോട് കൂടിയും നായർ വീടുകളിൽ പോയി വെളിച്ചപ്പാടിലേക്കുള്ള നെല്ല് സമ്പാദിക്കും. വേല ദിവസം വെളിച്ചപ്പാടും വേറെ 20-30 ആൾകമ്പടിക്കാരും കൂടി ചെന്ന് കാവിന്റെ അല്പം ദൂരെയായി കെട്ടിയുണ്ടാക്കുന്ന പന്തലിൽ വെച്ച് വാദ്യഘോഷങ്ങളോടുകൂടി ഇളക്കുകയും ചാടുകയും ഓരോതരം വേഷം കെട്ടുകയും ചെയ്യും. ഈ വിധം അന്നത്തെ രാവുപകൽ മുഴുവൻ കളിച്ചും ആർത്തു ഉറഞ്ഞും കള്ളുകുടിച്ചും തകൃതിയും കഴിച്ചുകൂട്ടി പിറ്റേന്നാൾ രാവിലെ തന്നെ മടങ്ങുകയും ചെയ്യും.

എല്ലാ ഒന്നാന്തിയ്യതികളിലും കാരണവന്മാർക്ക് കലശം കഴിക്കുന്ന ഒരു സമ്പ്രദായവും ഇവരുടെയിടയിലുണ്ട്. ഇതിലേക്ക് ഒരു നെടിയിലയിൽ വറുത്ത മത്സ്യവും മാംസവും, അരി, വറുത്ത ധാന്യം, പഴം, നാളികേരം, പപ്പടം മുതലായ സാധനങ്ങളും കള്ളും ഒരു കത്തുന്ന വിളക്കിന്റെ മുമ്പിൽ വെച്ച് എല്ലാവരും കുറെ നേരം ധ്യാനത്തോടു കൂടി കഴിച്ചതിനു ശേഷം "അല്ലയോ കാരണവന്മാരെ, ഞങ്ങൾ അത്യന്തം അദ്ധ്വാനിച്ച് നിങ്ങൾക്കായൊരുക്കിയിരിക്കുന്ന ഈ സാധനങ്ങൾ സ്വീക




കാടന്മാർ
(കൊച്ചി).



നാട്ട് മലയന്മാർ
(കൊച്ചി).



ഉള്ളാടന്മാർ.



കാടന്മാർ.

കേരള സാഹിത്യ
അക്കാദമി